# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 13, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്
**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

291/2021

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 36
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 36
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 89

**II അടിയന്തരപ്രമേയം**

പദ്ധതി പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ .. 428
(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

1) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം
   – ശ്രീ. സി. ദിവാകരൻ .. 447

2) ആസിഡ് ആക്രമണം
   – ശ്രീ. അനൂപ് ജേക്കബ് .. 450

**IV സബ്മിഷൻ**

(1) കടലാക്രമണം
   – പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. 458

(2) കോസ്റ്റൽ പോലീസ് സ്റ്റേഷൻ .. 462
   – ശ്രീ. കെ. വി. അബ്ദുൾ ഖാദർ

(3) വാഹനാപകട മരണത്തിലെ ദുരൂഹത .. 463
   – ശ്രീ. പി. ടി. തോമസ്

(4) ക്ഷേത്ര കലാപീഠം .. 464
   – ശ്രീമതി സി. കെ. ആശ

(5) മിനിമം വേതനം .. 466
   – ശ്രീ. സി. കൃഷ്ണൻ

(6) ബസ് സർവ്വീസ് .. 468
   – ശ്രീ. പാറക്കൽ അബ്ദുല്ല

(7) സീപോർട്ട് - എയർപോർട്ട് റോഡ് .. 470
   – ശ്രീ. അൻവർ സാദത്ത്

(8) മേൽപ്പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം .. 471
   – ശ്രീ. വി. ടി. ബൽറാം

പേജ്

(9) ഫ്ലാറ്റുടമകൾക്ക് സംരക്ഷണം .. 476
— ശ്രീ. എം. സ്വരാജ്

(10) വന്യമൃഗങ്ങളുടെ ആക്രമണം .. 480
— ശ്രീ. കെ. ഡി. പ്രസേനൻ

(11) സസ്യ ഉദ്യാന സംരക്ഷണം .. 482
— ശ്രീ. വി. കെ. സി. മമ്മത് കോയ

**V മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ .. 484

**VI റിപ്പോർട്ടുകളുടെ സമർപ്പണം**

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച
സമിതിയുടെ പതിനാറാമത് റിപ്പോർട്ട് .. 496

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് .. 496

**VII ക്രമപ്രശ്നം**

ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിൽ കാലതാമസം
— ശ്രീ. പി. സി. ജോർജ് .. 496

**റൂളിംഗ്**

**VIII ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 498

ധനാഭ്യർത്ഥന നമ്പർ IX– വാഹന നികുതികൾ .. 499

ധനാഭ്യർത്ഥന നമ്പർ XXXIII– മത്സ്യബന്ധനം .. 503

ധനാഭ്യർത്ഥന നമ്പർ XLI– ഗതാഗതം .. 506

**IX പ്രത്യേക പരാമർശം**

ജി.പി.എസ്. ഘടിപ്പിക്കുന്നതിന് സാവകാശം .. 601

**X നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള
മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ
സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും)
ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും
അനന്തരഘട്ടങ്ങളും .. 619

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 13, വ്യാഴം*

വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2019 ജൂൺ മാസം 13-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *151

### ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

1 (*151) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പരിഷ്കാരങ്ങൾമൂലം പൊതുജനങ്ങൾക്ക് പുതുതായി ലഭ്യമാക്കിയ സേവനങ്ങൾ വിശദമാക്കുമോ;

(സി) സർക്കാർ ആശുപത്രികൾ നല്ല നിലവാരത്തിലേയ്ക്ക് ഉയർത്തിയെന്ന് അവകാശപ്പെടുമ്പോഴും പൊതുജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളെ പല സേവനങ്ങൾക്കും ആശ്രയിക്കേണ്ടിവരുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളെ കൂടുതൽ രോഗീസൗഹൃദമാക്കുന്നതിനും എല്ലാത്തരം ചികിത്സാ സൗകര്യങ്ങളും താലൂക്ക് തലംവരെയുള്ള സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കി ജനങ്ങളുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) വളരെ സമഗ്രവും അടിസ്ഥാനപരവുമായ പരിഷ്കാരങ്ങളാണ് ആരോഗ്യ മേഖലയിൽ ഈ സർക്കാർ ലക്ഷ്യമിടുന്നത്. പ്രാഥമികതലം മുതൽ ത്രിതീയതലം വരെയുള്ള ആരോഗ്യസ്ഥാപനങ്ങളെ ആധുനികവും രോഗീസൗഹൃദവുമാക്കി മാറ്റാനുള്ള പരിശ്രമങ്ങൾ ഇതിനകം ആരംഭിച്ച് കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കി രോഗീസൗഹൃദമാക്കുക, ആധുനീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് 'ആർദ്രം പദ്ധതി' ആരംഭിച്ചത്. അതിന് അടിസ്ഥാന സൗകര്യവികസനങ്ങൾ നടത്തുകയും അധിക തസ്തിക സൃഷ്ടിച്ച് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു കുടുംബത്തിലെ എല്ലാവർക്കും, എല്ലാവിധ അസുഖങ്ങളുടെയും പ്രാഥമിക ചികിത്സയും, ആരോഗ്യ പരിചരണവും ഈ കേന്ദ്രങ്ങളിൽ വച്ചുതന്നെ ഉറപ്പാക്കുക എന്നുള്ള ലക്ഷ്യത്തിലേയ്ക്ക് നാം നീങ്ങുകയാണ്. കേരളത്തിൽ ഇന്നിപ്പോൾ വലിയ ആരോഗ്യപ്രശ്നങ്ങളായി മാറിയിട്ടുള്ള വിവിധ ജീവിതശൈലീ രോഗങ്ങൾക്ക് പരിഹാരം കാണുക എന്നതും പ്രധാനപ്പെട്ട ലക്ഷ്യമാണ്. രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നത് ഇതിന്റെ ഭാഗമായിട്ടാണ്. അത്തരം ക്ലിനിക്കുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ആസ്ത്മ തുടങ്ങിയ പ്രശ്നങ്ങളും മാനസികാരോഗ്യ പ്രശ്നങ്ങളും കീഴ്ത്തട്ടിൽതന്നെ അഡ്രസ് ചെയ്യുന്നതിനും അത്തരം ആളുകൾക്ക് ആശ്വാസം നൽകുന്ന സംവിധാനവും കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നീക്കിയിരിക്കുകയാണ്. ലബോറട്ടറികൾ ധാരാളമായി ഇല്ലാത്തതിന്റെ പ്രയാസം ജനങ്ങൾ അനുഭവിച്ചിരുന്നു. സ്വകാര്യ ലാബുകളിലൊക്കെ പരിശോധന വളരെ ചെലവേറിയതായി മാറിയിരിക്കുന്നു. അതുകൊണ്ട് സാധാരണ അസുഖങ്ങൾക്കെല്ലാം പരിശോധന നടത്താനുള്ള ലബോറട്ടറി ഒരു പഞ്ചായത്തടിസ്ഥാനത്തിൽ തന്നെ ഉണ്ടാകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നതും ലാബ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ച് ലാബ് സർവ്വീസുകൾ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്. കുടുംബാരോഗ്യമേഖലയിലെ സേവനസമയം വൈകിട്ട് 6 മണിവരെ

ദീർഘിപ്പിച്ചതിനാൽ ബഹുജനങ്ങൾക്ക് ഏറ്റവും നല്ല ഗുണകരമായുള്ള അവസ്ഥ ഉണ്ടാകുകയാണ്. എല്ലാ പഞ്ചായത്തിലും വരുന്നതോടുകൂടി ബഹുജനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഡോക്ടർമാരുടെയും തസ്തികകൾ ഇതിന്റെ ഭാഗമായി കൂടുതലായി ക്രിയേറ്റ് ചെയ്തിട്ടുമുണ്ട്. സഭയിൽ അക്കാര്യം പറഞ്ഞിട്ടുണ്ട്.

രോഗികൾക്ക് സൗകര്യം ഉണ്ടാകുന്നതിനുവേണ്ടി ടോക്കൺ സംവിധാനം ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി വിപുലമായി നടത്തിവരികയാണ്. എന്നാൽ എല്ലാ സ്ഥലങ്ങളിലും ഇ-ഹെൽത്ത് നടപ്പിലായിട്ടില്ല. ഇ-ഹെൽത്ത് പദ്ധതി ഇല്ലാത്ത സ്ഥലത്ത് ടോക്കൺ നൽകുന്നതിന് ശാസ്ത്രീയമായിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഇവയെല്ലാം അതിന്റെ പരിസരത്ത് ഒരുക്കിക്കൊണ്ടിരിക്കുകയാണ്. നഴ്സുമാർ വഴിയുള്ള പ്രീ-ചെക്കപ്പ് വളരെ ഫലപ്രദമായി ഇത്തരം ആശുപത്രികളിൽ വരുന്നുണ്ട്. ആശുപത്രികളിൽ സ്വകാര്യതയുള്ള പരിശോധനാ മുറികൾ, ജീവിതശൈലീരോഗങ്ങൾക്കുള്ള ക്ലിനിക്കുകൾ ഇതെല്ലാംതന്നെ ജനങ്ങൾക്ക് വളരെ ആശ്വാസപ്രദമായി മാറുന്നുവെന്നുള്ളതാണ് അനുഭവം. ഇതിന്റെ കൂടെത്തന്നെ രോഗപ്രതിരോധ ത്തിനുള്ള സംവിധാനങ്ങൾ, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ആയുഷ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടുകൂടി ആരോഗ്യമേഖലയിൽ നടപ്പിലാക്കിവരികയാണ്. റീഹാബിലിറ്റേഷനും സാന്ത്വനപരിചരണത്തിനുമുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അനുബന്ധത്തിൽ* വിശദമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യ വർഷം 170 കുടുംബാരോഗ്യകേന്ദ്രങ്ങൾക്കാവശ്യമായ 830 തസ്തികകൾ സൃഷ്ടിക്കുകയും അവ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുകയും ചെയ്തിട്ടുണ്ട്. ഇതിനപ്പുറം ടാർജറ്റിൽ 60-ൽ ഏറെ സ്ഥാപനങ്ങൾ കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഇപ്പോൾ മാറിയിട്ടുണ്ട്. 230 സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഇപ്പോൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അടുത്ത ഘട്ടത്തിൽ 504 സ്ഥാപനങ്ങളെക്കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിക്കുകയും അതിന് പശ്ചാത്തല സൗകര്യങ്ങളുണ്ടാക്കുന്നതിന്റെ പ്രവർത്തനങ്ങൾക്ക് ആരോഗ്യ വകുപ്പ് നൽകുന്ന തുക കൊടുത്തുകഴിഞ്ഞു. ലാബ് സെറ്റ് ചെയ്യുന്ന പ്രവർത്തനം നടക്കുകയാണ്. ഇതിന്റെ പോസ്റ്റ് ക്രിയേഷൻ യാഥാർത്ഥ്യമാകുന്നതോടുകൂടി അത്രയും സ്ഥാപനങ്ങൾകൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ സാധിക്കും. തുടർന്ന് വളരെ ചുരുക്കം കേന്ദ്രങ്ങൾ മാത്രമേ കുടുംബാരോഗ്യ കേന്ദ്രങ്ങളായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാറാനുണ്ടാകുകയുള്ളൂ. അതോടുകൂടി ആരോഗ്യമേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. പി.എച്ച്.സി.-ൽ മാത്രമല്ല സബ്സെന്ററുകൾ മെച്ചപ്പെടുത്തുന്ന കാര്യവും ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടുകൂടി കേരളത്തിലെ സബ്സെന്ററുകൾ നവീകരിക്കുന്നതിനും വൃത്തിയുള്ളതാക്കി മാറ്റുന്നതിനും 7 ലക്ഷം രൂപവീതം നൽകുകയാണ്. അതിൽ ആദ്യം 200 സബ്സെന്ററുകൾക്ക് നൽകാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ നവീകരണ പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു സ്റ്റാഫ് നഴ്സിന്റെ അധിക തസ്തികയും ഈ സബ്സെന്ററിലേയ്ക്ക് അനുവദിക്കുന്നതാണ്. അതിലൂടെ സബ്സെന്ററിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുമെന്നാണ് കാണുന്നത്. ഇതുവഴി കീഴ്ത്തട്ടിൽ നല്ല രീതിയിലുള്ള പരിശോധനയും ഇടപെടലും നടക്കുമെന്നാണ് പറയാനുള്ളത്. താലൂക്കാശുപത്രികൾ നവീകരിക്കുന്നതിനെ ക്കുറിച്ച് മുൻപ് സഭയിൽ പറഞ്ഞതാണ്. അതിൽ 28 താലൂക്ക് ഹോസ്പിറ്റലുകൾ കിഫ്ബിയിൽ ഉൾപ്പെടുത്താനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 6 എണ്ണത്തിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും പണം അനുവദിച്ചത് സംബന്ധിച്ച് അനുബന്ധത്തിൽ* ചേർത്തിട്ടുമുണ്ട്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ജില്ലയിൽ 2 താലൂക്കാശുപത്രികളാണ് ആദ്യം പരിഗണിച്ചത് അതോടൊപ്പം 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചു. മറ്റുള്ള താലൂക്കാശുപത്രികളിൽ പ്ലാൻ ഫണ്ടിൽ നിന്നും മറ്റും ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്ന പ്രവർത്തനവും നടപ്പിലാക്കുന്നുണ്ട്. ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എന്ന മാനദണ്ഡമാണ് എടുത്തിട്ടുള്ളത്. അതുപോലെ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആശുപത്രികളും നവീകരിക്കുന്നതിനുള്ള തീരുമാനം എടുത്തുകഴിഞ്ഞു. എറണാകുളം ജനറൽ ഹോസ്പിറ്റൽ, കണ്ണൂർ ജില്ലാ ഹോസ്പിറ്റൽ തുടങ്ങിയ ഹോസ്പിറ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിൽ കിഫ്ബി ഫണ്ട് മാത്രമല്ല പ്ലാൻഫണ്ട് ഉപയോഗിച്ചുതന്നെ പലതരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. മിക്ക ആശുപത്രികളിലും ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുക എന്നുള്ളത് വിശദമായി അനുബന്ധത്തിൽ* ചേർത്തിട്ടുണ്ട്. ഈ മൂന്ന് വർഷത്തിനിടയിൽ എം.ആർ.ഐ. സ്കാൻ, സി.ടി സ്കാൻ അതുപോലെ മറ്റുതരത്തിലുള്ള ഉപകരണങ്ങൾ വാങ്ങി മെഡിക്കൽ കോളേജുകളിൽ നൽകിയിട്ടുണ്ട്. സെക്കന്ററി തലത്തിൽ ശ്രദ്ധിക്കുന്നതിന്റെ ഭാഗമായി ജില്ലാതല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആശുപത്രികളിൽ കാർഡിയോളജി, നെഫ്റോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നുള്ളത് നേരത്തെതന്നെ പറഞ്ഞിട്ടുള്ളതാണ്, എന്നാൽ അന്ന് നമുക്ക് അത് കൊടുക്കാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിച്ചുകൊണ്ട് ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് സൂപ്പർസ്പെഷ്യാലിറ്റി കൊടുക്കാൻ തയ്യാറായിട്ടുണ്ട്. എട്ട് ജില്ലാ ആശുപത്രികളിൽ കാത്ത്ലാബ് അനുവദിക്കുകയും പത്തനംതിട്ടയിലും കൊല്ലത്തും രണ്ട് ജില്ലാ ആശുപത്രികളുടെ കാത്ത്ലാബ് പ്രവർത്തനസജ്ജമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ബാക്കിയുള്ള സ്ഥലത്ത് കാത്ത്ലാബുകളുടെ പ്രവർത്തനം ആരംഭിക്കുകയാണ്. ഈ ഗവൺമെന്റ് വന്ന ആദ്യ ഘട്ടത്തിലാണ് എറണാകുളം ജനറൽ ഹോസ്പിറ്റലിലെ കാത്ത്ലാബ് ഉദ്ഘാടനം ചെയ്തത്. പാലക്കാട് ജില്ലയിൽ നേരത്തെതന്നെ പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭാഗമായി ഒരു കാത്ത്ലാബ് ഉണ്ടായിരുന്നു. ഇപ്പോൾ ബാക്കിയുള്ള എല്ലാ ജില്ലാ ആശുപത്രികളിലും ഇത് നടപ്പിലാക്കാൻ തുടങ്ങുകയാണ്. കാർഡിയോളജി വിഭാഗത്തിൽപ്പെട്ട സ്പെഷ്യലിസ്റ്റുകളെ ഇപ്പോൾ അപ്പോയിന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ജില്ലാതലത്തിൽ സ്ട്രോക്ക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനവും നടത്തിക്കൊണ്ടിരിക്കുകയാണ്. ഓങ്കോളജി വിഭാഗം ശക്തമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ പുതിയ ഓങ്കോളജി സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 105 തസ്തികകൾ ഇതിനുവേണ്ടി അധികമായി സൃഷ്ടിക്കുകയും ഓങ്കോളജി, ഓങ്കോ പതോളജി തുടങ്ങിയ വിഭാഗങ്ങളിലെ തസ്തികകളായി നൽകുകയും ചെയ്തിട്ടുണ്ട്. കാൻസർ ട്രീറ്റ്മെന്റിന്റെ കാര്യത്തിൽ വളരെ മെച്ചപ്പെട്ട സമീപനം സ്വീകരിച്ചു. എറണാകുളം കാൻസർ സെന്ററിന് 385 കോടി രൂപ അനുവദിക്കുകയും നിർമ്മാണപ്രവർത്തനം നടക്കുകയും ചെയ്യുകയാണ്. മലബാർ കാൻസർ സെന്റർ, എറണാകുളം കാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ തുടങ്ങിയവയിലൂടെ കാൻസറിന്റെ സമ്പൂർണ്ണ രജിസ്ട്രി ഉണ്ടാക്കാനുള്ള പ്രവർത്തനം നടത്തിവരുന്നു. കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ച നടത്തി ആക്ഷൻ പ്ലാൻ രൂപീകരിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് ആകെയുള്ള കാൻസർ രോഗികളെ സംബന്ധിച്ച വിവരം റിപ്പോർട്ട് ചെയ്യാൻ പരിശ്രമിക്കുകയാണ്. സ്ട്രോക്ക് യൂണിറ്റിന്റെ കാര്യത്തിൽ വിദേശ രാജ്യങ്ങളടക്കം സ്ഥാപിക്കാൻ താൽപ്പര്യം കാണിച്ചിട്ടുണ്ട്.

സസ്റ്റെയിനബിൾ ഡെവലപ്മെന്റ് ബോർഡിന്റെ ഭാഗമായി കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന് അശ്വമേധവും അതുപോലെ ക്ഷയരോഗ നിർമ്മാർജ്ജനത്തിനായി പ്രത്യേക പദ്ധതികളും നടത്തുന്നുണ്ട്. ആരോഗ്യ മേഖലയിൽ 'ഇ-ഹെൽത്ത്' പദ്ധതി വളരെ നല്ല രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്.

മി. സ്പീക്കർ: സർക്കാരിന്റെ എല്ലാ കാര്യങ്ങളുമാണ് ചോദ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. സർക്കാർ നിലവിൽ വന്നശേഷം ആരോഗ്യമേഖലയിൽ വന്ന പരിഷ്കാരങ്ങളെന്തൊക്കെയെന്നാണ് ചോദിച്ചിരിക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിലുള്ള ആശുപത്രികളിൽ ജില്ലാ കാൻസർ കെയർ പ്രോഗ്രാം നടപ്പിലാക്കിയതുവഴി ജില്ലാ/ജനറൽ ആശുപത്രികളിൽ കീമോതെറാപ്പി സൗകര്യം രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ മെഡിക്കൽ കോളേജിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചും എം.ആർ.ഐ. ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചും പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചും പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചും മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചു. ഇതുകൂടാതെ കണ്ണൂർ പരിയാരത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന RSBY, CHIS, CHIS PLUS, കാരുണ്യ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 1-4-2019 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങൾക്കും കൂടി വർഷംതോറും 5 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയാണ് ഉറപ്പുവരുത്തുന്നത്.

സംസ്ഥാനത്ത് കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 1-1-2019-ൽ പ്രാബല്യത്തിൽ വന്നു. ഇതിൻ പ്രകാരം 9 ജില്ലകളിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. ആദ്യഘട്ടത്തിൽ മോഡേൺ മെഡിസിൻ സ്ഥാപനങ്ങളുടെ (ദന്ത ചികിത്സ ഉൾപ്പെടെ) രജിസ്ട്രേഷനാണ് നടക്കുന്നത്. മറ്റ് ചികിത്സാ സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ കൂടി ഉടനടി അരംഭിക്കുന്നതാണ്.

ആരോഗ്യ മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ വഴി ആകെ 1 കോടി 33 ലക്ഷം പേരെ സ്ക്രീനിംഗിന് വിധേയമാക്കുകയും പുതുതായി 8.9 ലക്ഷം പ്രമേഹ രോഗബാധിതരെയും 10.1 ലക്ഷം രക്താദിസമ്മർദ്ദം ഉള്ളവരെയും 3.08 ലക്ഷം പ്രമേഹവും രക്താദി സമ്മർദ്ദവും ഉള്ളവരെയും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്ത് 14 ജില്ലാ ആശുപത്രികളിലും 100 എഫ്.എച്ച്.സി.-കളിലും ശ്വാസ് ക്ലിനിക്, 14 ജില്ലാ ആശുപത്രികളിലും 16 എഫ്.എച്ച്.സി.-കളിലും റെറ്റിനോപ്പതി ക്ലിനിക്, 8 ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് ക്ലിനിക് എന്നിവ പ്രവർത്തനസജ്ജമാക്കി രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകിവരുന്നു. ഇതുകൂടാതെ സംസ്ഥാനത്ത് പ്രവർത്തന സജ്ജമായ 23 കാൻസർ ക്ലിനിക്കുകൾ വഴി 62,000 പേർക്ക് കീമോതെറാപ്പി നൽകുകയും മൂവായിരത്തിലധികം പുതിയ കാൻസർ കേസ്സുകൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം വൈകിട്ട് 6 വരെ ദീർഘിപ്പിക്കുകവഴി ജനങ്ങൾക്ക് അധിക സമയം സേവനം നൽകാൻ കഴിയുന്നുണ്ട്. അധിക ഡോക്ടർമാരുടെയും, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരുടെയും സേവനം ലഭ്യമാക്കുകവഴി നഴ്സ് പ്രിചെക്ക്, എൻ.സി.ഡി ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ട് രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്ക്, ഡിപ്രഷനും മാനസികാരോഗ്യ പരിചരണത്തിനുമുള്ള ആശ്വാസം ക്ലിനിക്, സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി തുടങ്ങിയ സേവനങ്ങളും ലാബ് സൗകര്യവും കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കിവരുന്നു.

രോഗീസൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ടോക്കൺ സംവിധാനം, മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യം, ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്ലെറ്റ് സൗകര്യങ്ങൾ, സ്വകാര്യതയുള്ള പരിശോധനാമുറികൾ തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒ.പി പരിവർത്തനത്തിന്റെ ഭാഗമായി മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ ആശുപത്രികളിലും ലഭ്യമാക്കി വരികയാണ്.

ആൻജിയോപ്ലാസ്റ്റി, കാത്ത്ലാബ് സൗകര്യങ്ങളോടെ ഹൃദ്രോഗ ചികിത്സയും മറ്റ് പ്രധാന സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാതല ആശുപത്രികളിലും, ഡയാലിസിസ് സൗകര്യങ്ങളടക്കം കൂടുതൽ സ്പെഷ്യാലിറ്റി പരിചരണങ്ങൾ താലൂക്കതല ആശുപത്രികളിലും ലഭ്യമാക്കാൻ കഴിയുന്നുണ്ട്. ആശുപത്രികളിലെ മാതൃ-ശിശുപരിചരണ വിഭാഗങ്ങളും നവജാത ശിശു പരിചരണ യൂണിറ്റുകളും എൻ.എച്ച്.എം. സഹായത്തോടുകൂടി ശക്തിപ്പെടുത്തിക്കൊണ്ടും മെച്ചപ്പെട്ട സേവനങ്ങൾ നൽകാനും മാതൃമരണനിരക്കും ശിശുമരണനിരക്കും കുറയ്ക്കുന്ന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനും കഴിയുന്നുണ്ട്.

ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം, ഹൃദ്യം പദ്ധതി തുടങ്ങിയവ വഴി നവജാത ശിശുക്കളുടെ മരണനിരക്കും രോഗാതുരതയും കുറയ്ക്കാൻ കഴിയുന്നുണ്ട്. വിവിധ ജീവിത ശൈലീരോഗങ്ങൾ ഉള്ളവരെ നേരത്തെ കണ്ടെത്തി ചികിത്സ ലഭ്യമാക്കാനും ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങിയ സങ്കീർണ്ണതകൾ കുറയ്ക്കാനും കഴിയുന്നതാണ്. ജില്ലാ കാൻസർ കെയർ പ്രോഗ്രാം മുഖേന ആർ.സി.സി., എം.സി.സി, എം.സി.എച്ച്. എന്നിവിടങ്ങളിലെ തിരക്ക് കുറയ്ക്കാനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ അതത് ജില്ലകളിൽ ലഭ്യമാക്കാനും കഴിയുന്നുണ്ട്. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ജീവനക്കാർക്കുള്ള പരിശീലന പരിപാടികളും ലഭ്യമാക്കുകവഴി ഗുണമേന്മയുള്ള ചികിത്സാ സേവനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്.

നിലവിൽ സർക്കാർ ആശുപത്രികളിലൂടെ സൗജന്യ വിതരണം നടത്തുന്ന അവശ്യ മരുന്നുപട്ടികയിൽ ഉൾപ്പെട്ട ജനറിക് മരുന്നുകൾക്കും അനുബന്ധ സാമഗ്രികൾക്കും പുറമെ അവശ്യമരുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ സ്പെഷ്യാലിറ്റി - സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ രോഗ ചികിത്സയ്ക്ക് അത്യന്താപേക്ഷിതവുമായി വരുന്ന വിലകൂടിയ ചിലയിനം മരുന്നുകൾ പ്രിസ്ക്രിപ്ഷനിലൂടെ പുറത്തുനിന്നു വാങ്ങുവാൻ എഴുതി നൽകാറുണ്ട്. ഈ സാഹചര്യം ഒഴിവാക്കി രോഗികൾ വഹിക്കേണ്ടതായ ചെലവ് പരമാവധി കുറയ്ക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഇത്തരം രോഗചികിത്സയ്ക്ക് അത്യന്താപേക്ഷിതമായ മരുന്നുകളുടെ പട്ടിക വിദഗ്ദ്ധ ഡോക്ടർമാരുടെ യോഗം ചേർന്ന് തയ്യാറാക്കി ടി മരുന്നുകളെ സ്പെഷ്യാലിറ്റി ജനറിക് മരുന്നുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തികവർഷം മുതൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ വഴി സൗജന്യമായി വിതരണം നടത്തിവരുന്നു. ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തിയും സേവനങ്ങളെ പുനർനിർണ്ണയിച്ചും സംസ്ഥാനത്ത് ആർദ്രം പദ്ധതി ആരംഭിച്ചതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് മുന്നിൽക്കണ്ട് ദർഘാസ് വ്യവസ്ഥകൾ പാലിച്ചുകൊണ്ടുതന്നെ വാർഷിക ഇൻഡന്റിന്റെ അളവിന്മേൽ 25% മരുന്നുകൾ കൂടി അധികമായി സംഭരിച്ച് അധിക ആവശ്യകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സർക്കാർ ആശുപത്രികളെയും മറ്റ് ആരോഗ്യ സംവിധാനങ്ങളെയും സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുകൾ വഴി ഘട്ടംഘട്ടമായി ശക്തിപ്പെടുത്തി വരികയാണ്. ഇതുവഴി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങൾ കൂടുതൽ ലഭ്യമാക്കാനും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം കുറച്ചുകൊണ്ടുവരാനും കഴിയുന്നുണ്ട്. ഒരു ദീർഘകാല പ്രവർത്തന പരിപാടിയുടെ ഭാഗമായി മാത്രമേ ഈ ലക്ഷ്യത്തിലെത്താൻ കഴിയുകയുള്ളൂ.

(ഡി) എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളെയും രോഗീ സൗഹൃദമാക്കുന്നതിനും അതിന്റെ ഭാഗമായി താലൂക്കുതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

ആർദ്രം മിഷന്റെ ആദ്യവർഷം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് പുറമേ രണ്ടാം വർഷം തെരഞ്ഞെടുത്ത 504 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. ബാക്കിയുള്ള മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 2019-20-ലെ എൻ.എച്ച്.എം. പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കൽ ഇതിനകം പൂർത്തിയാക്കുകയും (കോട്ടയത്ത് അഡീഷണൽ വർക്കുകൾ അവസാന ഘട്ടത്തിലാണ്) ജില്ലാ ആശുപത്രികളിലെ ഒ.പി. പരിവർത്തനങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. ഓരോ ജില്ലയിലെയും രണ്ടുവീതം താലൂക്കുതല ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കാനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരികയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഒരു ചോദ്യം ചോദിച്ചതിന് 28 പേജുള്ള ഉത്തരമാണ് നൽകിയിരിക്കുന്നത്. ആരോഗ്യ സ്ഥാപനങ്ങൾ ആധുനികവും രോഗീ സൗഹൃദവുമാക്കി മാറ്റാനുള്ള പരിശ്രമം ആരംഭിച്ച് അത് തുടർന്നു-കൊണ്ടിരിക്കുകയാണെന്നാണ് ഈ 28 പേജ് ഉത്തരത്തിന്റെ ഉള്ളടക്കം. രജനി എന്ന സ്ത്രീക്ക് കാൻസർബാധയുണ്ടോ എന്ന് കണ്ടെത്തുന്നതിനുവേണ്ടി കോട്ടയം മെഡിക്കൽ കോളേജിൽ പതോളജിക്കൽ ടെസ്റ്റ് ചെയ്തു. ടെസ്റ്റ് ഒരിടത്ത് കൊടുത്തു, അവിടെനിന്നുള്ള റിസൽട്ട് കിട്ടിയെന്നാണ് പറയുന്നത്. ആ ടെസ്റ്റിന്റെ റിസൽട്ട് കാത്തിരിക്കാതെ തുടർ ചികിത്സയിലേയ്ക്ക് പോയ ഡോക്ടർക്കെതിരെ എന്ത് നടപടിയെടുത്തുവെന്നുള്ളത് സ്വാഭാവികമായും ജനങ്ങൾക്ക് സംശയമാണ്. ഇവിടെ, CrPC 336, 337 അനുസരിച്ച് രണ്ട് ഡോക്ടർമാർക്കെതിരെ നടപടി എടുത്തുവെന്നാണ് അങ്ങ് പറഞ്ഞതായി ഞാൻ മാധ്യമങ്ങളിലൂടെ വായിച്ചത്. CrPC 336, 337 പ്രകാരം കേസ്സെടുക്കുകയും ഡിപ്പാർട്ട്മെന്റൽ എൻക്വയറിക്കുവേണ്ടി ഡി.എം.ഇ.-യെ ചുമതലപ്പെടുത്തുകയും ചെയ്യാം. ഡി.എം.ഇ. കുറേക്കാലമായി ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. എന്നിട്ടും ഒരു നടപടിയും എടുക്കാത്ത ഡി.എം.ഇ.-യെ വീണ്ടും ഇതിന്റെ അന്വേഷണം ഏൽപ്പിക്കുമ്പോൾ സ്വാഭാവികമായും ഈ രോഗികൾക്ക് എന്ത് പരിരക്ഷയാണ് കിട്ടുന്നത്? രജനി എന്ന സ്ത്രീ മുഖ്യമന്ത്രിയെ പോയി കണ്ടല്ലോ, അവരുടെ തലയിൽ മുടിയില്ല, വളരെ വിഷമമാണ്. മുഖ്യമന്ത്രിയെ കണ്ടപ്പോൾ...

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ. ചോദ്യോത്തരവേളയിൽ ഇങ്ങനെ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത് ശരിയല്ല. ഉപചോദ്യം ചോദിക്കൂ.. പ്ലീസ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഹായം കൊടുക്കേണ്ടത് ആരാണ്; തെറ്റായ ചികിത്സ നൽകിയ ഡോക്ടറിൽനിന്ന് തുക ഈടാക്കണം. അതാണ് ഗവൺമെന്റ് ചെയ്യേണ്ടത്. കാരണം ഒരു ഡോക്ടറുടെ തെറ്റായ ചികിത്സ... (ബഹളം)...

മി. സ്പീക്കർ: അങ്ങയുടെ ചോദ്യമെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 28 പേജല്ലേ ഉത്തരമായി നൽകിയിരിക്കുന്നത്.

മി. സ്പീക്കർ: നിങ്ങൾ അങ്ങനെയല്ലേ ചോദ്യം ചോദിച്ചിരിക്കുന്നത്. സർക്കാരിന്റെ മൂന്ന് വർഷത്തെ എല്ലാ പദ്ധതികളും നേട്ടങ്ങളും ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെയൊരു അബദ്ധം പറ്റിപ്പോയി. ഇങ്ങനെ ചെയ്യുമെന്ന് പ്രതീക്ഷിച്ചില്ല. ഈ കണക്കിന് സർക്കാരിന്റെ 5-ാം വർഷത്തിന്റെ അവസാനം ഇങ്ങനെയൊരു ചോദ്യം ചോദിച്ചാൽ എന്തുണ്ടാകും? ഉത്തരം പറയാൻ ഒരു ദിവസം മുഴുവൻ വേണ്ടിവരും. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്, അങ്ങ് ചോദ്യം ചോദിക്കൂ. എല്ലാവർക്കും ഉപചോദ്യം ചോദിക്കാനുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ ചോദ്യം വളരെ ബ്രീഫാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ശ്രീമതി രജനി വന്നു കണ്ടു. മുഖ്യമന്ത്രി അവരുടെ ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകുമെന്ന് പറഞ്ഞതായി അവർ തന്നെ മാധ്യമങ്ങളോട് സംസാരിച്ചു. ആ സഹായം ഈ സംസ്ഥാനത്തെ ജനങ്ങൾ എന്തിനാണ് സഹിക്കുന്നത്; കുറ്റം ചെയ്ത ഡോക്ടറിൽനിന്നും ഈടാക്കേണ്ടതല്ലേ? അതിനുള്ള നടപടി എടുക്കണ്ടേ? നമ്മുടെ ചികിത്സയുടെ താളം തെറ്റിയിരിക്കുകയാണ്. .... (ബഹളം) ......

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് ദയവായി ചോദ്യം ചോദിക്കൂ...... ഇല്ലെങ്കിൽ അടുത്ത ആളിനെ വിളിക്കേണ്ടിവരും. പ്ലീസ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് ഭീഷണിയല്ലേ, അങ്ങയെപ്പോലെ സമുന്നതനായ ഒരാൾ ഒരംഗത്തോട് അങ്ങനെ പറയാമോ; ചോദ്യം എന്നുപറയുന്നത് ഒരംഗത്തിന്റെ റൈറ്റാണ്. അതിന് പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് എന്താണ് അറിയേണ്ടത്, അത് ചോദിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ഒരു പ്രധാനപ്പെട്ട പ്രശ്നം ഉണ്ടായതുകൊണ്ടാണല്ലോ 28 പേജിൽ ഉത്തരം നൽകിയത്. ഞാനതിൽ ഒരു പ്രധാനപ്പെട്ട കാര്യം മാത്രമേ ചോദിക്കുന്നുള്ളൂ. ഇവിടെ രോഗമില്ലാത്ത ഒരു രോഗിക്ക് കീമോതെറാപ്പി നൽകിയ ഡോക്ടർക്കെതിരെയുള്ള നടപടിയെന്താണ്; ആ ഡോക്ടർ ചെയ്ത പ്രവൃത്തിക്കെതിരെ ഡിപ്പാർട്ട്മെന്റ് എന്ത് നടപടിയെടുത്തുവെന്നതാണ് എന്റെ ചോദ്യം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മാധ്യമങ്ങളുള്ളതുകൊണ്ട് ചോദ്യോത്തരവേള നാട്ടുമുഴുവൻ കാണുന്നുണ്ട്. അതുകൊണ്ട് അത് സ്വയം സംസാരിച്ചുകൊള്ളുമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. ഈ സർക്കാർ വന്നതിനുശേഷം ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്നാണ് ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചിട്ടുള്ളത്. ആ പരിഷ്കാരങ്ങൾ എനിക്ക് പറയാതിരിക്കാൻ സാധിക്കില്ല, അത് പറഞ്ഞുവരുമ്പോൾ കുറേ പേജുണ്ട്, അതിന് അസൂയപ്പെട്ടിട്ട് കാര്യമില്ല. ഞാൻ ഉത്തരം പറയാൻ അധികസമയം എടുത്തെങ്കിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദ്യം ചോദിക്കാതെ എത്ര സമയമെടുത്തുവെന്നതും നാടാകെ കാണുന്നുണ്ട്. പതിനായിരക്കണക്കിന് രോഗികൾ ചികിത്സ തേടിവരുന്ന സ്ഥാപനങ്ങളാണ് ഗവൺമെന്റ് ആതുരാലയങ്ങൾ. ചിലപ്പോൾ മെഡിക്കൽ നെഗ്ലിജൻസ് സംഭവിക്കാറുണ്ട്, ചിലപ്പോൾ ഇതുപോലുള്ള പിശകുകളും സംഭവിക്കാറുണ്ട്. അതൊന്നും സംഭവിക്കണമെന്നല്ല പറയുന്നത്, കർശനമായി നിയന്ത്രിക്കപ്പെടേണ്ട സംഗതി തന്നെയാണ്. എന്നാൽ കോട്ടയം മെഡിക്കൽ കോളേജുപോലുള്ള പ്രസിദ്ധമായ ഒരു മെഡിക്കൽ കോളേജിൽ നിരന്തരമായി ഇത്തരത്തിൽ അപകടങ്ങൾ സംഭവിക്കുന്നു എന്നൊന്നും ഈ നാട്ടിൽ ആരും പറയില്ല. ശ്രീമതി രജനിയുടെ കാര്യത്തിലുണ്ടായത് വളരെ വ്യക്തമായി പറഞ്ഞതാണ്. അങ്ങനെയൊരു ആക്ഷേപം വന്ന വിവരം അറിഞ്ഞയുടൻതന്നെ അന്വേഷണം നടത്തുന്നതിനും അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന കീമോ നടത്താൻ വിധിക്കപ്പെട്ടിരുന്ന ഡോക്ടറെ സസ്പെൻഡ് ചെയ്തുകൊണ്ട് അന്വേഷണത്തിന് അപ്പോൾത്തന്നെ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ആ നടപടിയാണ് ഡിപ്പാർട്ട്മെന്റിന് എടുക്കാൻ സാധിക്കുന്നത്. ക്രിമിനൽ കേസ് ആരോഗ്യ വകുപ്പ് എടുക്കേണ്ടതല്ല. അവർ പോലീസിൽ കേസ് നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികളുണ്ടാകുകയും ചെയ്യും. ഒരു കാര്യംകൂടി എനിക്ക് പറയാനുണ്ട്. ശ്രീമതി രജനി ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടു, അവരെ

സഹായിക്കുന്നതിന് വളരെ അനുഭാവപൂർവ്വം മുഖ്യമന്ത്രി തീരുമാനിച്ചിട്ടുണ്ട്. അതിനുശേഷം ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ എന്റെയടുത്തും ശ്രീമതി രജനി വന്നിരുന്നു. അവർ വരുന്നതിനുമുമ്പ് ഈ സംഭവം അറിഞ്ഞയുടൻതന്നെ ഞാൻ അവരുമായി ഫോണിൽ ബന്ധപ്പെടുകയും കാര്യങ്ങൾ നേരിട്ട് തിരക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്തിരുന്നു. ഇനി എന്തു ചികിത്സവേണമെങ്കിലും അതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ ബ്രെസ്റ്റ് കാൻസറിന്റെ ചികിത്സയ്ക്കായി ധാരാളം ആളുകൾ വരാറുണ്ട്. ബ്രെസ്റ്റ് കാൻസർ ചികിത്സിച്ച് മാറ്റാൻ സാധിക്കും. വളരെ പെട്ടെന്നുതന്നെ കീമോതെറാപ്പി ചെയ്യുകയാണെങ്കിൽ കാൻസർ പടരാതെ രോഗിയെ രക്ഷിക്കാൻ കഴിയും. ശ്രീമതി രജനി വന്നത് സമീപത്തുള്ള ഒരു ലാബിലെ റിസൽട്ടുമായിട്ടാണ്. സ്വകാര്യ ലാബുകൾ നിരവധിയുണ്ട്. ഞാൻ ഒരു സ്വകാര്യ ലാബിനെയും അംഗീകരിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. പക്ഷെ, കീമോ റിസൽട്ടിലും ബ്രെസ്റ്റിലുള്ള മുഴ കാൻസറസ് ആണെന്ന് സാക്ഷ്യപ്പെടുത്തിയിരുന്നു, അതുപോലെതന്നെ ബയോപ്സി റിസൽട്ടിലും ഉണ്ടായിരുന്നു. കീമോ പെട്ടെന്ന് ആരംഭിച്ചാൽ ഇത് പടരില്ല എന്ന സദുദ്ദേശ്യത്തോടുകൂടിയാണ് അങ്ങനെ ചെയ്തതെന്ന് അവർ പറയുന്നു. എങ്കിലും അത് തെറ്റാണ് എന്ന് ആരോഗ്യ വകുപ്പ് അവരെ ബോധ്യപ്പെടുത്തുകയും നമ്മുടെ പതോളജി ലാബിലെ റിസൽട്ടിനുവേണ്ടി കാത്തിരിക്കുകയുംവേണം എന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ കാത്തിരിക്കുമ്പോൾ ചിലപ്പോൾ വൈകാറുണ്ടെങ്കിൽ ഉത്കണ്ഠപ്പെടേണ്ടതില്ല, പതോളജി ലാബിൽനിന്നുള്ള റിസൽട്ട് കുറച്ചു വൈകിയാലും അത് കിട്ടുന്നതുവരെ കാത്തുനിന്നിട്ടുമാത്രമേ കീമോ ആരംഭിക്കാവൂ എന്നുള്ളത് ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഈ മുഴ പിന്നീട് സർജറിയിലൂടെ നീക്കം ചെയ്തിട്ടുമുണ്ട്. കാൻസറസ് ആകാനുള്ള സാധ്യതയെല്ലാം മാമോഗ്രാഫി ചെയ്ത റിപ്പോർട്ടിലുണ്ട്. പക്ഷെ അങ്ങനെയൊരു അശ്രദ്ധയുണ്ടാകാൻ പാടില്ല എന്നുള്ളതുകൊണ്ടുതന്നെ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാധാരണ ഉയർന്ന ആശുപത്രികളൊക്കെ അവരുടെതന്നെ ടെസ്റ്റിനെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. ഇവിടെ അനാവശ്യമായ ധൃതി ഉണ്ടായി എന്നുള്ളത് വസ്തുതയാണ്. അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ളത് ആരോഗ്യ വകുപ്പുമന്ത്രി നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇതൊരു അനുഭവപാഠമായി എടുത്ത് ഏതെങ്കിലുമൊരു റിപ്പോർട്ട് കണ്ടയുടനെ ചികിത്സ ആരംഭിക്കുകയെന്നുള്ളതല്ല, ഏത് രോഗമായാലും അവരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി, അവർക്ക്

ബോധ്യപ്പെട്ടുകൊണ്ട് ചികിത്സ ആരംഭിക്കുകയാണ് വേണ്ടത്. ഇതാണ് സാധാരണ ഉയർന്ന ആശുപത്രികളിൽ സ്വീകരിക്കാറുള്ള നടപടി. ഇക്കാര്യത്തിൽ നിർഭാഗ്യകരമായ ഒരു കാര്യമാണ് സംഭവിച്ചത്. ആ യുവതിയുടെ ഭാവി അനശ്ചിതത്വത്തിലായിരിക്കുകയാണ്. അവർക്ക് എല്ലാ സംരക്ഷണവുമുണ്ടാകുമെന്ന് പറഞ്ഞിട്ടുണ്ട്. അവിടത്തെ കളക്ടറോട് ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ശേഖരിക്കാൻ ചീഫ് സെക്രട്ടറിയെ ഇന്നലെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിച്ചതിനുശേഷം ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങുപറഞ്ഞ ഉത്തരം ഞാൻ സ്വാഗതം ചെയ്യുകയാണ്. അതേസമയം ഇന്നലെയും ഒരു സംഭവമുണ്ടായി. 'കാൻസർ, വീണ്ടും രണ്ടുതരം പരിശോധനാഫലം. കാൻസർ രോഗമുണ്ടെന്ന് ആർ.സി.സി., ഇല്ലെന്ന് കോട്ടയം മെഡിക്കൽ കോളേജ്'- ഇന്നത്തെ ദീപിക പത്രത്തിലുള്ള വാർത്തയാണ്. നേരെ തലതിരിച്ച് വരികയാണ്. Something is wrong. എവിടെയോ ഗുരുതരമായ വീഴ്ചയുണ്ട് എന്നുതന്നെയാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. ഞാൻ ചോദിക്കുന്നത്, ജില്ലാ ആശുപത്രികളിൽ വെന്റിലേറ്ററില്ലാത്ത സ്ഥിതി തുടർന്നാൽ എന്താകും? നമ്മുടെ ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രികളിലും സി.എച്ച്.സി.-കളിലും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയെന്താണെന്ന് ഞാൻ ചോദിക്കാത്തത് ഉത്തരത്തെ ഭയപ്പെട്ടാണ്. ഇനി എന്താണ് വരാൻ പോകുന്നതെന്ന് അറിയില്ലല്ലോ. അതിനുള്ള നടപടിയെടുക്കുകയും ആ നടപടി ഈ സഭയെ അറിയിക്കുകയും വേണം എന്ന് ഞാൻ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇത് ചോദ്യമാണോ; പ്രസ്താവനയാണ് താങ്കൾ നടത്തിയതെങ്കിലും ഞാനതിന് മറുപടി പറയാം. നമ്മുടെ ജില്ലാ ആശുപത്രികളിലൊക്കെ ഈയൊരു പ്രശ്നമുണ്ടായിരുന്നു. അത് എത്രയോ വർഷക്കാലമായി നിലനിൽക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ജില്ലാ ആശുപത്രികളിൽ അത്യന്താധുനിക സൗകര്യങ്ങളുണ്ടാക്കാൻ തുടങ്ങിയത്. അക്കാര്യം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതിന് നന്ദി പറയുന്നു. ആ പോരായ്മ ഇപ്പോൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കോഴിക്കോട് 'നിപ' വന്നത് നമുക്കെല്ലാവർക്കുമറിയാം. പക്ഷേ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിന്നുകൊണ്ട് അതിനെ നിയന്ത്രണവിധേയമാക്കി. എവിടെനിന്നാണ് 'നിപ' വന്നതെന്ന സംശയം ഇപ്പോഴും നിലനിൽക്കുകയാണ്.

കോഴിക്കോട് 'നിപ' ഉണ്ടായപ്പോൾ അത് നിയന്ത്രണവിധേയമായിയെന്ന് അവകാശപ്പെടുകയും അതിന്റെ തുടർനടപടിയായി 'നിപ' വവ്വാലിൽനിന്നാണോ; ഏതെങ്കിലും പഴത്തിൽ നിന്നാണോ വന്നത് എന്നുള്ള അന്വേഷണം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതിന്റെയും ഗുരുതര ഭവിഷ്യത്താണ് വീണ്ടും 'നിപ' വരാനുള്ള സാഹചര്യമുണ്ടായത്. 'നിപ' നിയന്ത്രണവിധേയമാണ്; ആശങ്ക വേണ്ടെന്ന് പറയുന്നു. കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ ആശങ്ക വേണ്ടായെന്ന് പറയുകയും പിന്നീട് കഴുത്തോളം വെള്ളം വരികയും ചെയ്തുവെന്ന് പറഞ്ഞതുപോലെയാണ് വീണ്ടും 'നിപ' കേരളത്തിലുണ്ടായിരിക്കുന്നത്. അത് മന്ത്രിയുടെയോ മറ്റാരുടെയോ കുഴപ്പം കൊണ്ടൊന്നുമല്ല.

മി. സ്പീക്കർ: പ്രസ്താവന നടത്താതെ ചോദ്യം ചോദിക്കൂ, പ്ലീസ്......

ശ്രീ. അൻവർ സാദത്ത്: സർ, 'നിപ'-യുടെ ഉറവിടം എവിടെനിന്നാണ്, എങ്ങനെയാണ് ഇത് സംഭവിച്ചതെന്ന് ഗവൺമെന്റോ ആരോഗ്യ വകുപ്പോ സ്പെസിഫിക്കായി അന്വേഷിച്ച് കാരണം കണ്ടെത്താത്തതുകൊണ്ടാണ് വീണ്ടും 'നിപ' ഉണ്ടായതെന്ന ആശങ്ക ജനങ്ങളുടെ ഇടയിലുണ്ട്. നിപയുടെ ഉറവിടം കണ്ടുപിടിക്കുന്നതിന് ഇക്കാര്യത്തിൽ വേണ്ട രീതിയിലുള്ള നടപടികളുമായി മുന്നോട്ടുപോകുന്നുണ്ടോ എന്നാണ് അറിയേണ്ടത്.

മി. സ്പീക്കർ: ഒരു ചോദ്യത്തിന് വ്യക്തത വരുത്താനാണ് ഉപചോദ്യം ചോദിക്കുന്നത്. കസേരയിൽ ഇരുന്നുവെന്നും പറയാം; ഞാൻ അവിടെ ചെന്നപ്പോൾ ഒരു കസേരയുണ്ടായിരുന്നു. ആ കസേരയ്ക്ക് നാല് കാലുണ്ടായിരുന്നു; അത് ഉറപ്പുവരുത്തിയതിനുശേഷം ഞാൻ ഇരുന്നു എന്നും പറയാം. അങ്ങനെ ദീർഘിപ്പിക്കേണ്ട കാര്യമില്ല. ചോദ്യം ചോദിക്കുമ്പോൾ കാര്യം മാത്രം പറഞ്ഞാൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പ്രപഞ്ചത്തിൽ പലതരത്തിലുള്ള വൈറസുകളും ഫംഗസ്സുകളുമൊക്കെയുണ്ട്. നന്നായി പരിശോധിക്കുകയാണെങ്കിൽ ഓരോ ഘട്ടത്തിലും ഇവയിൽ ചിലത് മേധാവിത്വം വഹിക്കുകയും പെരുകുകയും അത് പല രോഗകാരികളായി മാറുകയും ചെയ്തിട്ടുണ്ട് എന്നുകാണാം. അപ്പോഴെല്ലാം മനുഷ്യസമൂഹവും ശാസ്ത്രജ്ഞൻമാരും ഇടപെടുകയും അതിന് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. വളരെ ദീർഘമായൊരു ഉത്തരം പറയാൻ കഴിയാത്തതുകൊണ്ടുതന്നെ ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് കടക്കുന്നില്ല. ഒരു കാലത്ത് ചികിത്സിച്ചാൽ മാറാത്ത അസുഖമായിരുന്നു വസൂരി രോഗം. ഈ അസുഖം വന്ന് ധാരാളം ആളുകൾ മരിച്ചിട്ടുണ്ട്. പിന്നീട് എയ്ഡ്സ് വന്നു. അതിപ്പോൾ ഒരുപരിധിവരെ നിയന്ത്രണ വിധേയമാക്കി, ചികിത്സയൊക്കെ നൽകി ആളുകളെ ജീവിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഘട്ടത്തിൽ കാൻസർ

വരുമ്പോൾ മരിച്ചുപോകുമെന്നൊരവസ്ഥ തന്നെയായിരുന്നു. അതുപോലെ ന്യൂലി എമർജിംഗ് ആയി വന്നിട്ടുള്ളൊരു വൈറസാണ് 'നിപ'. അതെവിടെ വരുമെന്ന് നമുക്ക് പ്രവചിക്കാൻ സാധിക്കില്ല. അറിഞ്ഞിടത്തോളം മലേഷ്യയിലും ബംഗ്ലാദേശിലും സിലിഗുരിയിലുമൊക്കെയായി ആറ് സ്ഥലത്താണ് 'നിപ' ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ വർഷം കോഴിക്കോട്ടും 'നിപ' വൈറസ് വന്നു. അത് നമ്മളാരും അറിഞ്ഞിട്ടല്ല വന്നത്. അതെങ്ങനെ വന്നുവെന്ന് ശാസ്ത്രജ്ഞൻമാർക്കുമാത്രമേ പരിശോധിക്കാൻ സാധിക്കുകയുള്ളൂ. അവർ അത് പരിശോധിച്ചിരുന്നു. കോഴിക്കോട് നിന്നും കണ്ടെത്തിയ ഫ്രൂട്ട് ഈറ്റിംഗ് വൗവ്വാലിൽ 'നിപ' വൈറസുണ്ടായിരുന്നു എന്നുതെളിയിക്കപ്പെടുകയും അതുവഴിയാണ് 'നിപ' വന്നതെന്ന നിഗമനത്തിലുമാണെത്തിയിട്ടുള്ളത്. പിന്നീട് 'നിപ' വരുമോയെന്ന് ചോദിച്ചപ്പോൾ രണ്ടാമത് വരാൻ സാധ്യതയുണ്ട്, കരുതിയിരിക്കണമെന്നാണ് ഉയർന്ന ശാസ്ത്രജ്ഞരടക്കം പറഞ്ഞത്. ആരോഗ്യ വകുപ്പ് അത്ര ഭംഗിയായി കരുതിയിരുന്നതുകൊണ്ടാണ് ഇത്തവണ ആദ്യത്തെ കേസിൽത്തന്നെ അത് കണ്ടുപിടിച്ചപ്പോൾ മറ്റൊരാളിലേയ്ക്കും പകരാതെയും ആ രോഗിയുടെ ജീവൻ നഷ്ടപ്പെടാതെയും സംരക്ഷിക്കാൻ സാധിച്ചത്. അത് ആരോഗ്യ വകുപ്പിന്റെ സമർത്ഥമായ ഇടപെടലിന്റെ ഭാഗമായിട്ടാണ്. അതിന് കക്ഷിരാഷ്ട്രീയ ഭേദമില്ലാതെ എല്ലാപേരുടെയും പിന്തുണയുണ്ടായിട്ടുണ്ടെന്നുള്ളതിൽ ഞാൻ അവരോടും എല്ലാ ജനപ്രതിനിധികളോടും വീണ്ടും നന്ദി പറയുകയാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കേരളത്തിലെ നിരവധി അപകടങ്ങളിൽ ധാരാളം ആളുകൾ ഓരോ ദിവസവും മരണപ്പെടുന്നുണ്ട്. മരണപ്പെടുന്നവരുടെ മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനെത്തിക്കുമ്പോൾ വൈകിട്ട് നാലുമണി ആയിക്കഴിഞ്ഞാൽ അന്ന് പോസ്റ്റ്മോർട്ടം ചെയ്യാൻ കഴിയില്ലെന്നുപറഞ്ഞ് മോർച്ചറിയിൽ സൂക്ഷിക്കുന്ന പതിവുണ്ട്. വെളിച്ചത്തിന്റെയും മറ്റും പ്രശ്നങ്ങളുള്ളതുകൊണ്ടാണ് രാത്രിയിൽ പോസ്റ്റ്മോർട്ടം നടത്തില്ലെന്ന് പറയുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ അതുമൂലം മരണപ്പെട്ട ആളിന്റെ ബന്ധുമിത്രാദികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഇത്രയധികം സാങ്കേതികവിദ്യ വികസിച്ച ഈ കാലഘട്ടത്തിൽ തീർച്ചയായും മൃതദേഹങ്ങൾ രാത്രി സമയങ്ങളിലും പോസ്റ്റ്മോർട്ടം ചെയ്യുന്നതിനുള്ള നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പകൽ സമയത്തുതന്നെ പോസ്റ്റ്മോർട്ടം ചെയ്യണമെന്നതായിരുന്നു ഇതുവരെയുള്ള നിബന്ധന. പലയിടത്തേയും മോർച്ചറികളെല്ലാം വളരെ പ്രാകൃതമായിരുന്നു. അപൂർവ്വം ചില

സ്ഥലങ്ങളിൽ മാത്രമാണ് കുറച്ച് വൃത്തിയും വെടിപ്പും ആധുനികസൗകര്യങ്ങളുമുള്ള മോർച്ചറികളുണ്ടായിരുന്നത്. ആശുപത്രി നവീകരണത്തിന്റെ ഭാഗമായി ഇപ്പോൾ മോർച്ചറികൾ നവീകരിക്കുകയാണ്. ജില്ലാ ആശുപത്രികളിലുള്ള മോർച്ചറികളെല്ലാം പൊളിച്ചുമാറ്റി അത്യന്താധുനിക മോർച്ചറികൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ പകൽ സമയത്ത് പോസ്റ്റ്മോർട്ടം ചെയ്യണമെന്ന നിബന്ധന ഇതുവരെ നിലനിന്നിരുന്നു. അത്യന്താധുനിക സൗകര്യം വരുമ്പോൾ കൂടുതൽ സമയം ഉപയോഗിച്ച് പോസ്റ്റ്മോർട്ടം നടത്താൻ കഴിയുമെന്നുള്ളതുതന്നെയാണ് വസ്തുത.

ശ്രീ. വി. ടി. ബൽറാം: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഒരു പദ്ധതിയാണ് 'ശ്രുതിതരംഗം'. ഈ വർഷം അതിനുവേണ്ടി എട്ടുകോടി രൂപയോളം നീക്കി വച്ചിട്ടുണ്ടെന്ന് അങ്ങ് കഴിഞ്ഞ ദിവസം ഫെയ്സ്ബുക്ക് പോസ്റ്റുമിട്ടിരുന്നു. പക്ഷേ ഇതുമായി ബന്ധപ്പെട്ട വലിയൊരു പ്രശ്നം, ഇതിന്റെ തുടർചികിത്സയ്ക്കുള്ള പണം ഉൾക്കൊള്ളിക്കുന്നില്ലായെന്നുള്ളതാണ്. ഇപ്പോൾ അത് പരിഹരിച്ചിട്ടുണ്ടെന്നറിഞ്ഞു, നല്ല കാര്യമാണ്. ഒരു കുട്ടിക്ക് ഗവൺമെന്റ് മേഖലയിലാണെങ്കിൽ അഞ്ചര ലക്ഷത്തോളം രൂപയും സ്വകാര്യ മേഖലയിലാണെങ്കിൽ അതിനെക്കാൾ എത്രയോ ഇരട്ടിയുമാണ് ചെലവ് വരുന്നത്. പക്ഷെ ഇതിന്റെ അർഹതയ്ക്കുള്ള വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ളത് കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയെന്നാണ്. രണ്ട് ലക്ഷം രൂപ വരുമാനമുള്ള ഒരാൾക്ക് അതിൽനിന്ന് ചികിത്സാ ചെലവിന് പണം നീക്കി വയ്ക്കാൻ കഴിയില്ല. അഞ്ച് ലക്ഷം രൂപയെങ്കിലും വരുമാനമുണ്ടെങ്കിൽ മാത്രമേ ഒരു ലക്ഷം രൂപയെങ്കിലും ചികിത്സയ്ക്കുവേണ്ടി മാറ്റിവയ്ക്കാൻ കഴിയൂ. അഞ്ച് ലക്ഷം രൂപ കുടുംബ വരുമാനമുള്ള ആളുകൾക്കുപോലും അഞ്ചര ലക്ഷം രൂപ സ്വന്തംനിലയ്ക്ക് കണ്ടെത്തി ചികിത്സ നടത്താൻ കഴിയില്ല. അതുകൊണ്ട് വരുമാന പരിധി എടുത്തുകളഞ്ഞല്ലാതെ ഇതുകൊണ്ട് കാര്യമായിട്ടുള്ള പ്രയോജനമുണ്ടാകില്ല. ആയിരക്കണക്കിന് കുട്ടികളുണ്ടെങ്കിലും ഗവൺമെന്റ് ഓരോ വർഷവും ഇതുകൊണ്ട് ഗുണം നൽകാൻ ഉദ്ദേശിക്കുന്നത് നൂറോ നൂറ്റിയിരുപതോ കുട്ടികൾക്കാണ്. പ്രശ്നം പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. അർഹതപ്പെട്ട നിരവധി ആളുകൾ ഇതിന്റെ പരിധിക്കുപുറത്തുപോവുകയാണ്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട വരുമാനപരിധി എടുത്തുകളയാൻ അല്ലെങ്കിൽ ക്രീമിലെയറിൽ വച്ചിട്ടുള്ളതുപോലെ വരുമാന പരിധി എട്ടോ പത്തോ ലക്ഷം രൂപയായി ഉയർത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഗവൺമെന്റ് ഏറ്റവും അധികം ശ്രദ്ധിച്ചിട്ടുള്ളൊരു മേഖലയാണ് കോക്ലിയർ ഇംപ്ലാന്റ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡോ. എം. കെ. മുനീറിന്റെ മുൻകയ്യോടുകൂടി ആരംഭിച്ചിട്ടുള്ള

വളരെയധികം ശ്രദ്ധേയമായൊരു പദ്ധതിയായിരുന്നു 'ശ്രുതിതരംഗം'. ഈ ഗവൺമെന്റ് വരുന്ന സമയത്ത് അതിനെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപടികൾ എടുത്തിട്ടുണ്ട്. അഞ്ച് വയസ്സുവരെയുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് നടത്തുന്നതായിരുന്നു ഈ പദ്ധതി. Early detection- നുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേണ്ടത്ര അതിൽ വന്നിരുന്നില്ല. അതുകൊണ്ടുതന്നെ 'കാതോരം' എന്നൊരു പദ്ധതി അതിന്റെ അനുബന്ധമായി ചേർത്തുകൊണ്ട് ജനിച്ചയുടനെതന്നെ കുഞ്ഞിന്റെ ഫേബർ ടെസ്റ്റ് നടത്താനുള്ള സംവിധാനം ഇപ്പോൾ ഡിസ്ട്രിക്ട് ഹോസ്പിറ്റലിൽ ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങിക്കൊണ്ട് ആരംഭിച്ചിരിക്കുകയാണ്. ശ്രുതിതരംഗത്തിനുശേഷം കോക്ലിയർ ഇംപ്ലാന്റ് ചെയ്തുകഴിഞ്ഞാൽ പ്രൊസസർ കേടായാൽ പിന്നെ രണ്ടാമത് കൊടുക്കുമായിരുന്നില്ല. അത് നഷ്ടപ്പെട്ടാൽ പോയതുതന്നെ. അതുകൊണ്ട് ശ്രുതിതരംഗത്തിന്റെ ശേഷമുള്ള പദ്ധതിയായി 'ധ്വനി' എന്ന പദ്ധതി ആരംഭിച്ചുകൊണ്ട് പ്രൊസസർ വീണ്ടും കൊടുക്കുകയും അതിന്റെ ഗ്യാരന്റി പീരീയഡ് വർദ്ധിപ്പിക്കുകയും ചെയ്തു. അത് വലിയ അനുഗ്രഹമാണെന്ന് അതിന്റെ അനുഭവസ്ഥർ വന്ന് നന്ദി അറിയിക്കുന്നുണ്ട്. വരുമാന പരിധി വർദ്ധിപ്പിക്കുകയെന്നത് ഞാൻ മാത്രം വിചാരിക്കേണ്ട കാര്യമല്ല. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയും അതിനൊരു ഘടകമാണ്. എങ്കിലും അത്തരത്തിലുള്ള കുടുംബങ്ങൾ വരുമ്പോൾ 'വി കെയർ' പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വളരെ പാവപ്പെട്ട കുടുംബങ്ങളാണെന്ന് മറ്റ് സർട്ടിഫിക്കറ്റുകൾമൂലം ബോധ്യമായാൽ അവർക്കും ഈ ആനുകൂല്യം ലഭ്യമാക്കാനുള്ള സമീപനം ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും നന്നായി മുന്നോട്ടുപോയിട്ടുള്ളൊരു പദ്ധതിയാണ് കോക്ലിയർ ഇംപ്ലാന്റും കേൾവിശക്തി പുനഃസ്ഥാപിക്കാനുള്ള പരിപാടിയും.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഇപ്പോൾ ജില്ലാ ആശുപത്രിവരെയുള്ള ആശുപത്രികളിലാണ് കാത്ത്‌ലാബുകൾ അനുവദിക്കപ്പെടുന്നത്. അതിനാൽ അടിയന്തര ചികിത്സ ലഭ്യമാക്കേണ്ട ഹാർട്ടറ്റാക്കുപോലുള്ള അസുഖങ്ങൾ വരുമ്പോൾ അടിയന്തര ശ്രദ്ധ കൊടുക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. വൈക്കം താലൂക്കാശുപത്രിയിൽനിന്ന് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കും കോട്ടയം ജില്ലാ ആശുപത്രിയിലേയ്ക്കും ഏതാണ്ട് 42 കിലോമീറ്റർ ദൂരമുണ്ട്. ആയതിനാൽ റിമോട്ടായിട്ടുള്ള പ്രദേശങ്ങളിൽ ഹാർട്ടറ്റാക്കുപോലുള്ള അസുഖങ്ങൾക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ചികിത്സാ സൗകര്യങ്ങൾ വികേന്ദ്രീകരിക്കാൻ അത്യന്താധുനിക അല്ലെങ്കിൽ അതിസങ്കീർണ്ണമായിട്ടുള്ള പ്രക്രിയകൾ താഴെത്തലത്തിലുള്ള ചെറിയ ഹോസ്പിറ്റലുകളിലടക്കം വ്യാപിപ്പിക്കുകയെന്നത് അസാധ്യമാണ്. അതിനാവശ്യമായ സൗകര്യങ്ങളും കാര്യങ്ങളുമെല്ലാം വേണം. ദൂരത്തിന്റെ കാര്യം ഒന്നുകൂടി ആലോചിക്കണം. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ജില്ലാതലത്തിലും താലൂക്കുതലത്തിലും ലഭ്യമായാൽ രോഗികളെ അവിടെ എത്തിക്കുന്നതിനിടയിലുള്ള കാര്യം എങ്ങനെ പരിഹരിക്കാം എന്നതിനാണ് സമ്പൂർണ്ണ ട്രോമാകെയർ സിസ്റ്റം ഈ ഗവൺമെന്റ് ആരംഭിക്കുന്നത്. അതുവഴി നമുക്ക് ഏറ്റവും സൗകര്യപ്രദമായ ആംബുലൻസുകൾ സജ്ജമാക്കാം. ആംബുലൻസുകളുടെ ടെണ്ടർ നടന്നുകഴിഞ്ഞു. വരുന്ന ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ ആദ്യമായി ടോട്ടൽ ട്രോമാകെയർ സിസ്റ്റം കൊണ്ടുവരികയാണ്. അങ്ങനെയൊരു സിസ്റ്റം ഇവിടെ ഉണ്ടായിരുന്നില്ല. അതിന് എല്ലാ ജീവനക്കാരെയും ഡോക്ടർമാരെയുമടക്കം പരിശീലിപ്പിക്കുകയാണ്. പൊതുജനങ്ങൾക്ക് ലെവൽഫോർ തലത്തിലുള്ള പരിശീലനം കൊടുക്കാനുള്ള സംവിധാനങ്ങളും ഇപ്പോൾ തുടങ്ങുകയാണ്. അത് നിലവിൽവന്നുകഴിഞ്ഞാൽ ഒരു രോഗിക്ക് ബുദ്ധിമുട്ടുണ്ടാകുമ്പോൾ വളരെപെട്ടെന്ന് ട്രാൻസ്ഫർ ചെയ്യാനും പ്രധാന ആശുപത്രികളിൽ എത്തിക്കാനും സാധിക്കും. ഹാർട്ടറ്റാക്കുണ്ടാകുമ്പോൾ തുടക്കത്തിൽ സി.പി.ആർ. കൊടുക്കുകയാണെങ്കിൽ രോഗിക്ക് ബുദ്ധിമുട്ടില്ലാത്ത അവസ്ഥ വരും. അതിനുള്ള പരിശീലനവും കൊടുക്കേണ്ടതുണ്ട്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലൂടെ പരിശ്രമിച്ചാൽ മാത്രമേ നമുക്ക് ജീവൻ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. അല്ലാതെ കാത്ത്ലാബ് താഴെയുള്ള സി.എച്ച്.സി.-യിലേയ്ക്ക് കൊണ്ടുവരികയെന്നത് സാധിക്കാത്ത കാര്യമാണ്.

ശ്രീ. അനിൽ അക്കര: സർ, മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിലവിലുള്ള ജീവനക്കാരെ സഹായിക്കാനാണ് എച്ച്.ഡി.എസ്. ഉൾപ്പെടെയുള്ള ജീവനക്കാരെ വയ്ക്കുന്നത്. അവരെ ഉപയോഗിച്ചുകൊണ്ടാണ് മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലുമൊക്കെ കൂടുതൽ രോഗികൾക്ക് സഹായങ്ങൾ ചെയ്തുകൊടുക്കാൻ കഴിയുന്നത്. അവർക്ക് തുച്ഛമായ വേതനം മാത്രമാണ് കൊടുക്കുന്നത്. മിനിമം വേജസ് നൽകണമെന്നതാണ് സർക്കാർ നയം. എന്നാൽ മെഡിക്കൽ കോളേജാണെങ്കിലും ജില്ലാ ആശുപത്രിയാണെങ്കിലും അവർക്ക് മിനിമം വേജസ് പോലും കൊടുക്കുന്നില്ല. അവിടെ തോന്നിയതുപോലെ കമ്മിറ്റി കൂടി ചെറിയൊരു വേതനമാണ് നൽകുന്നത്. നയവും നിയമവുമൊക്കെ നിലനിൽക്കുന്ന സാഹചര്യത്തിൽ എച്ച്.ഡി.എസ്. ജീവനക്കാർക്ക് മിനിമം വേജസ് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അത്യാവശ്യമായി വരുന്നതുകൊണ്ടാണ് എച്ച്.ഡി.എസ്.-ൽ നിന്ന് ആളുകളെ എടുക്കുന്നത്. ഓരോ ആശുപത്രിയുടെയും എച്ച്.ഡി.എസ്.-ന്റെ വരുമാനത്തിന്റെ സ്ഥിതി അനുസരിച്ച് വേതനം കൊടുക്കുന്നുണ്ട്. ചിലയിടത്ത് കൂടുതൽ വേതനം നൽകുന്നുണ്ട്. ചിലയിടത്ത് അത്രത്തോളം കൊടുക്കാൻ എച്ച്.ഡി.എസ്.-ൽ ആവശ്യമായ തുകയുണ്ടാകില്ല. കാരുണ്യ, സമ്പൂർണ്ണ ആരോഗ്യ സുരക്ഷാ പദ്ധതിയൊക്കെ പൂർണ്ണമായും നടപ്പിലാക്കാൻ തുടങ്ങുമ്പോൾ സ്വാഭാവികമായും KASP-ൽ നിന്നൊക്കെയുള്ള വരുമാനം ഉപയോഗപ്പെടുത്തിക്കൊണ്ട് എച്ച്.ഡി.എസ്. മുഖേന കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ ഇത്തരത്തിലുള്ള താൽക്കാലിക ജീവനക്കാരെ നിശ്ചയിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## അഗ്നിസുരക്ഷാ സംവിധാനത്തെക്കുറിച്ച് പരിശോധന

2 (*152) ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. ജെയിംസ് മാത്യു:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാര ശാലകളിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന വൻ തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ വ്യാപാര സ്ഥാപനങ്ങളിലെയും മറ്റ് ബഹുനില കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാ സംവിധാനത്തെക്കുറിച്ച് പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഫയർ ഓഡിറ്റിംഗിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ ഭൂരിഭാഗം കെട്ടിടങ്ങളിലും മതിയായ അഗ്നിസുരക്ഷാ സംവിധാനമില്ലെന്ന് കണ്ടെത്തിയിരുന്നോ; എങ്കിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(സി) അഗ്നിശമന രക്ഷാസേനയുടെ പ്രവർത്തനം ശാക്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട് നാഷണൽ ബിൽഡിംഗ് കോഡ് അനുശാസിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഫയർഫോഴ്സ് ആക്ട് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഉണ്ട്. അതോടൊപ്പം പരമ്പരാഗത പ്രവർത്തന രീതിയിൽ നിന്നും വ്യത്യസ്തമായി അഗ്നിപ്രതിരോധ നടപടികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അഗ്നിബാധകൾ ഒഴിവാക്കുന്നതിനും തീപിടുത്തമുണ്ടാകുന്നപക്ഷം അഗ്നിശമന സംവിധാനങ്ങളുടെ പര്യാപ്തത ഉറപ്പുവരുത്തുന്നതിനുമായി വ്യാപാര ശാലകൾ, ഉയർന്ന മന്ദിരങ്ങൾ, ആശുപത്രി പോലെയുള്ള സ്ഥാപനങ്ങൾ, സിനിമാ തിയേറ്ററുകൾ തുടങ്ങി വിവിധ കെട്ടിടങ്ങളിൽ പരിശോധനകൾ നടത്തുകയും അവിടത്തെ സുരക്ഷാ ജീവനക്കാർക്കും താമസക്കാർക്കും മറ്റും സുരക്ഷ സംബന്ധിച്ച ബോധവൽക്കരണവും പരിശീലനവും നൽകിവരുന്നുണ്ട്.

(ബി) ഇതിനകം പരിശോധന നടത്തിയ 8611 കെട്ടിടങ്ങളിൽ 4095 കെട്ടിടങ്ങളിലും മതിയായ അഗ്നിശമന സുരക്ഷാ സംവിധാനങ്ങളില്ലെന്ന് കണ്ടെത്തിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും അപാകതകൾ പരിഹരിച്ചിട്ടുണ്ടോ എന്നറിയുന്നതിന് രണ്ടാംഘട്ട പരിശോധനകൾ ആരംഭിക്കുകയും ചെയ്തു. സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയേയും അറിയിച്ചിട്ടുണ്ട്.

(സി) അഗ്നിരക്ഷാ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ജില്ലാതല സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ദുരന്ത നിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർമാരുടെ സേവനം വകുപ്പ് ഉപയോഗപ്പെടുത്തിവരുന്നു.

ഡോക്ടർമാർ, എഞ്ചിനീയർമാർ, അദ്ധ്യാപകർ, പാരാമെഡിക്കൽ സർവ്വീസിൽനിന്ന് വിരമിച്ചവർ, പ്രത്യേക മേഖലയിൽ കഴിവുള്ളവർ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, എൻ.എസ്.എസ്. വോളണ്ടിയർമാർ എന്നിങ്ങനെ നാനാമേഖലയിൽ നിന്നുള്ളവരുടെ സേവനം അപകടഘട്ടങ്ങളിൽ ഉപയോഗപ്പെടുത്താൻ കഴിയും. ഇതിനായി കേരള സാമൂഹ്യാധിഷ്ഠിത ദുരന്ത പ്രതികരണ സേന (സിവിൽ ഡിഫൻസ് ഫോഴ്സ്) രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ആധുനികവൽക്കരണത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 28 കോടി രൂപയായിരുന്ന പദ്ധതി വിഹിതം 2018-19-ൽ 65 കോടി രൂപയായി ഉയർത്തി. 2019-20-ൽ ഇത് 70 കോടി രൂപയാണ്.

രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വകുപ്പിന് ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ജലാശയ അപകടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്ക് ഉതകുംവിധം ഫോർട്ട് കൊച്ചി കേന്ദ്രീകരിച്ച് അഡ്വാൻസ് വാട്ടർ റെസ്ക്യൂ ട്രെയിനിംഗ് സെന്റർ, വലിയ അപകടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് എന്നിവയും സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനുപുറമേ ഉയരമുള്ള കെട്ടിടങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് ടേൺ ടേബിൾ ലാഡർ വാങ്ങുന്ന നടപടികളും പുരോഗമിച്ചുവരുന്നു.

(ഡി) കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള വ്യവസ്ഥകളും നാഷണൽ ബിൽഡിംഗ് കോഡിലെ ആവശ്യമായ വ്യവസ്ഥകളും ഉൾപ്പെടുത്തി കാര്യക്ഷമമായ അഗ്നിരക്ഷാ സേവന നിയമം നടപ്പാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

ശ്രീ. ഐ. ബി. സതീഷ്: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഇന്ത്യയ്ക്കാകെ മാതൃകയായി പ്രവർത്തിച്ചുവരികയാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റിന് അഗ്നിരക്ഷാ വകുപ്പിന്റെ സേവനം വിനിയോഗിച്ച് നീന്തൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാനാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ തിരുവനന്തപുരത്ത് മണക്കാട് സ്കൂളിനോടുചേർന്ന് നഗരസഭയുടെ ആഭിമുഖ്യത്തിലുള്ള ഒരു പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല ഫയർ ഫോഴ്സ് വഹിച്ചുപോരുന്നു. ഫയർ ഫോഴ്സിന്റെ സേവനം ആവശ്യപ്പെടുന്ന മറ്റ് സ്ഥലങ്ങളിൽ ആ കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, പ്രധാന വ്യാപാര കേന്ദ്രങ്ങളായ ചാല, മിഠായിത്തെരുവ്, കൊച്ചി മുതലായ സ്ഥലങ്ങളിൽ അഗ്നിബാധയുണ്ടായ സാഹചര്യത്തിൽ ഇത്തരം കമ്പോള സ്ഥലങ്ങളിൽ രാത്രികാല പട്രോളിംഗ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഫയർ ഫോഴ്സ് പട്രോളിംഗ് നടത്തുന്ന ഒരു സമ്പ്രദായമില്ല. അപകടം കേട്ടാൽ ആ ഭാഗത്തേയ്ക്ക് പെട്ടെന്നുതന്നെ ഓടിപ്പോകാനുള്ള സംവിധാനമാണ് ഇപ്പോഴുള്ളത്. രാത്രികാല പട്രോളിംഗ് പ്രായോഗികവുമല്ല.

ശ്രീ. ജെയിംസ് മാത്യു: സർ, അഗ്നിശമന പ്രവർത്തനങ്ങൾക്ക് സിവിൽ ഡിഫൻസ് ഫോഴ്സ് രൂപീകരിക്കാൻ തീരുമാനിച്ച സർക്കാരിനെ അഭിനന്ദിക്കുകയാണ്. അഗ്നിബാധയുണ്ടാകുന്ന സന്ദർഭങ്ങളിൽ അവിടെയെത്തുന്ന അഗ്നിശമന സേനയ്ക്ക് നേരിടേണ്ടിവരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ഒരു യൂണിറ്റ് സംഭരിച്ച് കൊണ്ടുവരുന്ന വെള്ളം ശരാശരി 4000 ലിറ്റർ മാത്രമാണ്. റെഗുലേറ്റ് ചെയ്ത് പമ്പ് ചെയ്താൽ 5-10 മിനിട്ടുകൊണ്ട് വെള്ളം തീർന്നുപോകുന്നതാണ് ആ സംഭരണശേഷി. തുടർന്ന് വെള്ളം ശേഖരിക്കുന്നതിന് 15-20 മിനിട്ടോ ചിലപ്പോൾ അതിലധികമോ വേണ്ടിവരും. ഒന്നിലധികം യൂണിറ്റുകൾ പോകുമ്പോൾപോലും ഇതേ പ്രയാസം ആവർത്തിക്കപ്പെടുന്നു. ഇപ്പോൾ കുടിവെള്ളം മിക്കവാറും എല്ലാ പ്രദേശങ്ങളിലും ടാങ്കർ ലോറിയിൽ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. അവരെക്കൂടി സിവിൽ ഡിഫൻസ് ഫോഴ്സിൽ ഉൾപ്പെടുത്തുകയും ഏതെങ്കിലുമൊരു പ്രദേശത്ത് അഗ്നിബാധയുണ്ടായ വിവരം അറിഞ്ഞാൽ അവർക്ക് ഓട്ടോമാറ്റിക്കായി ഒരു അലെർട്ട് പോകുകയും ആ പ്രദേശത്തേയ്ക്ക് വരാൻ നിരവധി ടാങ്കർ ലോറികൾ തയ്യാറാവുകയും ചെയ്യും. അഗ്നിശമന സേനയുടെ യൂണിറ്റിൽ വെള്ളമെടുക്കാനുള്ള മോട്ടോറും പമ്പ്സെറ്റുമുണ്ട്. ഈ ടാങ്കർ ലോറികൾ ഉപയോഗിച്ച് അത് പ്രയോജനപ്പെടുത്താൻ സാധിക്കും. അതോടൊപ്പം വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈനിൽ ഹൈഡ്രന്റുകൾ സ്ഥാപിച്ചുകൊണ്ട് തൊട്ടടുത്തുള്ള വാട്ടർ അതോറിറ്റിയുടെ ലൈനിൽനിന്നും വെള്ളം ശേഖരിക്കാൻ സാധിക്കും. രണ്ടോ മൂന്നോ യൂണിറ്റ് ഉപയോഗിച്ചാൽപ്പോലും സാധിക്കാത്ത കാര്യം ഒരു യൂണിറ്റോ രണ്ട് യൂണിറ്റോ ഉപയോഗിച്ച് വളരെ എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്നതാണ്. സിവിൽ ഡിഫൻസ് ഫോഴ്സിൽ ഇവരെക്കൂടി ഉൾപ്പെടുത്തി അതിനെ വിപുലീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അഗ്നിശമന സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രായോഗികമായ ഒരു നിർദ്ദേശമാണിത്. ആ നിർദ്ദേശവുമായി ബന്ധപ്പെട്ട് തുടർനടപടികൾ ആലോചിക്കാവുന്നതാണ്. സിവിൽ ഡിഫൻസ് ഫോഴ്സിന്റെ ഭാഗമായി മറ്റ് ആളുകൾക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ കാര്യങ്ങൾ വേഗംതന്നെ പ്രാവർത്തികമാക്കാനും നടപടികൾ സ്വീകരിക്കുകയാണ്. അതിന്റെ ഭാഗമായി ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ ടാങ്കർ ലോറികളുടെ സഹായവും സ്വീകരിക്കാനുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, അഗ്നിസുരക്ഷാ സംവിധാനം കേരളത്തിൽ വളരെ ശക്തമാണ്. കാട്ടുതീയും ഉരുൾപൊട്ടലും മണ്ണിടിച്ചിലും മറ്റ് ദുരന്തങ്ങളും ഏറിവരുന്ന മണ്ഡലമാണ് ബാലുശ്ശേരി. കുനർപ്പുഴയുടെ കൈവഴിയായ മഞ്ഞപ്പുഴയുടെ തീരത്ത് റീ-സർവ്വേ 59-ൽ 50 സെന്റ് സ്ഥലം ലഭ്യമാക്കിയെന്നറിയിച്ചിട്ട് മാസങ്ങളായി. പരിശോധിച്ച് കാലതാമസം വരാതെ അതിന് അനുവാദം തരുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു പുതിയ രീതി വന്നുകൊണ്ടിരിക്കുന്നുണ്ട്. അതായത് ഫയർ സ്റ്റേഷൻ വേണം, പോലീസ് സ്റ്റേഷൻ വേണം എന്നെല്ലാം ആവശ്യങ്ങളുണ്ടാകും. സ്ഥലം ആദ്യം കണ്ടെത്തും, വേണമെങ്കിൽ കെട്ടിടവും എടുക്കും. പക്ഷെ അവിടെ അനുവദിച്ചിട്ടുണ്ടാകില്ല. അനുവദിക്കാത്ത സ്ഥലത്ത് അങ്ങനെയൊരു സമ്മർദ്ദ തന്ത്രം ഉപയോഗിക്കുന്നത് ശരിയായ രീതിയല്ല. കൃത്യമായ പഠനം നടത്തി ആവശ്യമായ സ്ഥലത്ത് അനുവദിക്കുന്ന നില നമുക്ക് സ്വീകരിക്കാം. അങ്ങനെ കുറേ അനുവദിച്ചിട്ടുമുണ്ട്. ഇനിയും അനുവദിക്കാനുള്ള നടപടി സ്വീകരിച്ചുപോകുന്നുണ്ട്. പ്രസ്തുത സ്ഥലം ആ പട്ടികയിൽ ഉൾപ്പെടുന്നതാണെങ്കിൽ അവിടെയും ആവശ്യമായ നടപടികളുമായി മുമ്പോട്ടുപോകും.

ശ്രീ. എം. നൗഷാദ്: സർ, അഗ്നിശമന സേനയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. അതിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അത്യന്താധുനിക സൗകര്യങ്ങളുൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ നടത്തുകയാണ്. അഗ്നിശമന സേനയിലെ ജില്ലാ ഓഫീസർമാരുടെ റാങ്ക് പോലീസിലെ സർക്കിൾ ഇൻസ്പെക്ടറുടെ റാങ്കിൽ മാത്രമാണ്. ആ റാങ്കിംഗ് അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള ഡിപ്പാർട്ട്മെന്റിന്റെ ഫയൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ സർക്കാരിന്റെ നിലപാട് എന്താണ്?

ശ്രീ. പിണറായി വിജയൻ: സർ, ഫയർഫോഴ്സ് സാധാരണ നിലയ്ക്കുള്ള ഫോഴ്സാണെങ്കിലും മറ്റ് ഫോഴ്സുകളിൽനിന്ന് വ്യത്യസ്തമായി റാങ്കിംഗിലെല്ലാം വ്യത്യാസമുണ്ടെന്നത് വസ്തുതയാണ്. ആ കാര്യം സർക്കാർ ഗൗരവമായിത്തന്നെ പരിഗണിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് ഫയർഫോഴ്സിനെ ശക്തിപ്പെടുത്തേണ്ടത് ഏറ്റവും ആവശ്യമായ കാര്യമാണ്. കഴിഞ്ഞ ദിവസം കരുനാഗപ്പള്ളിയിലും തിരുവനന്തപുരത്തും തീപിടുത്തമുണ്ടായി. ഇതിന്റെയെല്ലാം

പ്രധാനപ്പെട്ട പ്രശ്നം നാഷണൽ ബിൽഡിംഗ് കോഡ് കർശനമായി നടപ്പാക്കാൻ കഴിയാതിരിക്കുന്നതുകൊണ്ടാണ്. അത് നടപ്പാക്കാനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സ്കൈ ലിഫ്റ്റ് പോലെയുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി സ്വീകരിക്കുമോ; എയർപോർട്ടിലൊക്കെ അപകടമുണ്ടായാൽ അവിടെ പ്രത്യേക സൗകര്യങ്ങളുണ്ട്. ഹൈറൈസ്ഡ് ബിൽഡിംഗിൽ തീപിടുത്തമുണ്ടായാൽ എയർപോർട്ടിലെ ലിഫ്റ്റാണ് നമ്മൾ കൊണ്ടുവരാറുള്ളത്. അതുപോലെയുള്ള ഉപകരണങ്ങൾ സംസ്ഥാന അഗ്നിശമന സേനയ്ക്ക് വാങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ അടുത്തകാലത്ത് ചില സ്ഥലത്ത് കെട്ടിടങ്ങളിൽ തീപിടുത്തം ഉണ്ടായത് നമ്മളെയെല്ലാവരെയും വേദനിപ്പിച്ച കാര്യങ്ങളാണ്. നേരത്തെയുള്ള മറുപടിയിൽ പറഞ്ഞതുപോലെ 8611 കെട്ടിടങ്ങളിൽ പരിശോധന നടത്തിയപ്പോൾ 4095 കെട്ടിടങ്ങളിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. ഇത്തരത്തിലുള്ള കെട്ടിടമാകുമ്പോൾ തീപിടിച്ചാൽ പെട്ടെന്ന് അവിടെ നിന്നുതന്നെ ചെയ്യാൻ സാധിക്കുന്ന സുരക്ഷാ സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയ 1340 എണ്ണത്തിൽ സുരക്ഷാ സംവിധാനങ്ങൾ പ്രവർത്തനക്ഷമമായിരുന്നില്ല. ഒരു കാലത്ത് കെട്ടിടം പണിതപ്പോൾ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി. പക്ഷെ അത് കാലാകാലം പ്രവർത്തനക്ഷമമാണോയെന്ന് നോക്കുന്നില്ല. ഇങ്ങനെയൊരു പ്രശ്നം ഇതിലുണ്ട്. കെട്ടിടങ്ങളുടെ പഴക്കം കാരണവും മറ്റ് അശ്രദ്ധകൾ കാരണവും തീപിടുത്തങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം കാര്യങ്ങൾകൂടി ഇതിലൊരു ഘടകമാണ്. അഗ്നിസുരക്ഷാ സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെയുള്ള നടപടികളും നമുക്ക് സ്വീകരിക്കാവുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സംസ്ഥാനത്ത് വ്യാപാര സ്ഥാപനങ്ങളിലെ തീപിടുത്തം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പ്ലാസ്റ്റിക് സാധനങ്ങൾ തീപിടിക്കുന്ന സാഹചര്യത്തിൽ വേഗത്തിൽ തീ അണയ്ക്കുന്നതിന് ഉപയോഗിക്കുന്ന Aqueous film forming foam ഫയർ സ്റ്റേഷനുകളിൽ വേണ്ടത്ര ഇല്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പ്ലാസ്റ്റിക് കത്തുമ്പോൾ വെള്ളം ഉപയോഗിച്ച് തീ അണയ്ക്കാൻ സാധ്യമല്ലാത്ത ഇത്തരം സാഹചര്യം നിലനിൽക്കെ പ്രസ്തുത foam എല്ലാ ഫയർ സ്റ്റേഷനുകളിലും ആവശ്യത്തിന് കരുതി വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ചില അനുഭവങ്ങളാണ് നമ്മെ കൂടുതൽ നടപടികളിലേയ്ക്ക് നീക്കുന്നത്. അത്തരം ചില അനുഭവങ്ങൾ ഉണ്ടായതിന്റെ ഭാഗമായി കൂടുതൽ നടപടികൾ സ്വീകരിക്കാൻ ഫയർഫോഴ്സ് തയ്യാറാകുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഫയർ സ്റ്റേഷനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങൾ പലയിടത്തും ഇല്ല. ജലാശയങ്ങളിൽ രക്ഷാപ്രവർത്തനം നടത്തേണ്ട rubber dinghy പല സ്റ്റേഷനുകളിലുമില്ല. മലപ്പുറം ജില്ലയിലെ ഏഴ് സ്റ്റേഷനുകളിൽ നാല് സ്റ്റേഷനുകളിൽ മാത്രമാണ് rubber dinghy ഉള്ളത്. കാലവർഷം ശക്തിപ്പെടാൻ പോവുകയാണ്. അപ്പോൾ മരങ്ങൾ കടപുഴകി വീണാൽ മരം മുറിക്കാനുള്ള chainsaw എന്ന ചെറിയ ഉപകരണംപോലും എല്ലാ സ്റ്റേഷനിലും നിലവിലില്ല. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ അഗ്നിശമന രക്ഷാസേനയുടെയും ഫയർ സ്റ്റേഷന്റെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെങ്കിൽ ആവശ്യമായ ഉപകരണവും വാഹനവും ഈ സ്റ്റേഷനുകളിൽ ഉറപ്പുവരുത്താൻ സാധ്യമാകണം. അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിരവധി സുരക്ഷാ ഉപകരണങ്ങൾ അഗ്നിസുരക്ഷാ സേനയ്ക്ക് ഇപ്പോൾ വാങ്ങിയിട്ടുണ്ട്. ഇനിയും ആവശ്യമുള്ളവ വാങ്ങുന്നതിനുള്ള നടപടികൾ സ്വാഭാവികമായും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കഴിഞ്ഞ വെള്ളപ്പൊക്കത്തിനു ശേഷം ധാരാളം ആധുനികവത്കരണം ഈ വകുപ്പിൽ നടന്നിട്ടുണ്ട്, അതിൽ സന്തോഷമുണ്ട്. എന്റെ നാട്ടിലെ ഫയർ സ്റ്റേഷൻ ഞാൻ പരിശോധിക്കാറുണ്ട്. അവിടെ ഒരുവിധം എല്ലാ ഉപകരണങ്ങളും ലഭിച്ചിരിക്കുന്നതിൽ ഞാൻ നന്ദി പറയുകയാണ്. എന്റെ ചോദ്യം, ഫയർ സ്റ്റേഷനിൽ രണ്ട് വാഹനമുള്ളപ്പോൾ സ്വാഭാവികമായി ഒരു ഡ്യൂട്ടിയിൽ ഒരു ഡ്രൈവറെ വരാറുള്ളൂ. ഫയർ ഓഫീസർമാർക്ക് വാഹനമോടിക്കുന്നതിനുള്ള അനുവാദം മുമ്പുണ്ടായിരുന്നു. പരിശീലനം നേടിയ ആളുകളാണ് അവർ. സമീപകാലത്ത് അത് തടഞ്ഞുകൊണ്ട് ഡ്രൈവർ മാത്രമേ വാഹനമോടിക്കാൻ പാടുള്ളൂ എന്ന ഉത്തരവിറങ്ങിയിട്ടുണ്ട്. അതുകൊണ്ട് ഒരു ഫയർ എഞ്ചിൻ തീ അണച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരു ഫയർ എഞ്ചിന് വെള്ളവുമായി പോകാൻ സാധിക്കുന്നില്ല. അതുപോലെ മറ്റൊരുസ്ഥലത്ത് അതേസമയത്ത് അപകടമുണ്ടായാൽ അങ്ങോട്ടുപോകാനും സാധിക്കുന്നില്ല. ഇങ്ങനെയൊരു പരിമിതി ഫയർ സ്റ്റേഷനുകളെ ബാധിച്ചിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശീലനം ലഭിച്ച മറ്റ് ഫയർ ഉദ്യോഗസ്ഥർക്കും വാഹനം ഓടിക്കാം എന്ന നിലയിൽ ഉത്തരവിൽ മാറ്റം വരുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, വാഹനം ഉണ്ടായിരിക്കുകയും ഡ്രൈവർ ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടെങ്കിൽ, എന്താണ് അവസ്ഥ എന്ന് പരിശോധിക്കാം. ആ സാഹചര്യത്തിൽ ബഹുമാന്യനായ അംഗം പറഞ്ഞ കാര്യവും ഗൗരവമായി പരിശോധിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, മത്സ്യസംസ്കരണ ശാലകളിൽ നിന്നും അമോണിയ പോലുള്ള വാതകങ്ങൾ ചോരുന്നത് ഇപ്പോൾ നിത്യ സംഭവമാണ്. അവിടെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പരിശോധനയ്ക്ക് പുറമേ അഗ്നിശമന രക്ഷാസേനയും അടിയന്തരമായി ഇത്തരം സ്ഥാപനങ്ങൾ പരിശോധിക്കുകയും പ്രതിരോധ നടപടികൾക്കാവശ്യമായ സംവിധാനമൊരുക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകാനും തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അഗ്നിശമന രക്ഷാസേനയുടെ പരിശോധന ഇടവിട്ട് അവിടെയുണ്ടാകുന്നില്ല. മറ്റ് ചില പരിശോധനകളാണുണ്ടാകുന്നത്. അക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് പരിശോധിക്കാം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവനന്തപുരത്ത് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ചുറ്റുപാടും വളരെ സുരക്ഷിതത്വം പാലിക്കേണ്ട മേഖലയാണ്. അവിടെ അടുത്തകാലത്തായി വടക്കേനടയിലും കിഴക്കേനടയിലും പഴവങ്ങാടിയിലും തീപിടുത്തമുണ്ടായി. വളരെ അപകടകരമായ സ്ഥിതിവിശേഷമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ കോട്ടയ്ക്കകത്ത് മുഴുവനും ഹെറിറ്റേജ് ബിൽഡിംഗുകളാണുള്ളത്. അതുകൊണ്ട് അവിടെ ആധുനിക സജ്ജീകരണങ്ങൾ ചെയ്യാൻ കഴിയില്ല. പലപ്പോഴും വൈദ്യുതി ലൈനിൽ നിന്നാണ് തീ പിടിക്കുന്നത്, അവിടെ ക്ഷേത്രവുമുണ്ട്. സുരക്ഷിതത്വം പാലിക്കേണ്ട ഒരു മേഖലയാണ്. അക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഹെറിറ്റേജ് ബിൽഡിംഗ് മുഴുവൻ പുതുതായി വയറിംഗ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നതാണ് ഒരഭ്യർത്ഥന. അതോടൊപ്പം എവിടെ തീപിടുത്തമുണ്ടായാലും ഫയർ ഫോഴ്സിലെ ഉദ്യോഗസ്ഥർ ജീവൻ തൃണവത്ഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ അവരെ അഭിനന്ദിക്കുന്നു. പക്ഷെ ഇവിടെ പറഞ്ഞതുപോലെ നമുക്കാവശ്യമായ ഉപകരണങ്ങളില്ല. തീ അണയ്ക്കുന്നതിന് ചെറിയ വാഹനങ്ങളിൽ വെള്ളവുമായി എത്തുന്നു. അവസാനം തീ അണയ്ക്കാൻ ആശ്രയിക്കേണ്ടി വരുന്നത് എയർപോർട്ടിലുള്ള FLF Panther എന്ന വാഹനത്തെയാണ്. അതിൽ വെള്ളം മാത്രമല്ല, വാതകങ്ങൾ ഉൾക്കൊള്ളിച്ച് പമ്പ് ചെയ്യുന്ന സംവിധാനമാണുള്ളത്. പഴവങ്ങാടിയിൽ ചെല്ലം അമ്പ്രല്ലാമാർട്ടിൽ തീ പിടിച്ചപ്പോൾ ഫയർ ഫോഴ്സ്

ജീവനക്കാർ അവരുടെ ജീവൻ പണയം വച്ചുകൊണ്ട് പ്രവർത്തനം നടത്തിയിട്ടും തീ അണയ്ക്കാൻ സാധിച്ചില്ല. വളരെ ഇടുങ്ങിയ പ്രദേശമാണ്. അവസാനം മുഖ്യമന്ത്രിയുടെ ഓഫീസുമായി ഞാൻ ബന്ധപ്പെട്ട് എയർപോർട്ടിൽനിന്നും പ്രസ്തുത വാഹനം എത്തിച്ചശേഷം മാത്രമാണ് തീ അണയ്ക്കാൻ സാധിച്ചത്. ഈ സാഹചര്യത്തിൽ ഫയർ ഫോഴ്സ് അടിയന്തരമായി FLF Panther എന്ന വലിയ വാഹനം ആദ്യം തിരുവനന്തപുരത്തും പിന്നീട് മറ്റെല്ലാ പ്രധാന ജില്ലാ കേന്ദ്രങ്ങളിലും വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ശ്രീപത്മനാഭ സ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ കാര്യത്തിൽ പെട്ടെന്ന് ഒരു നടപടിയിലേയ്ക്ക് നീങ്ങാൻ കുറച്ച് പ്രയാസമുണ്ടാകും. അത് അവരുമായി ചർച്ച ചെയ്തിട്ട് നടപടിയിലേയ്ക്ക് നീങ്ങേണ്ടതാണ്. എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച പ്രത്യേക വാഹനം ഫയർഫോഴ്സ് വാങ്ങിക്കുന്ന കാര്യത്തിൽ, ചില അനുഭവങ്ങളാണല്ലോ പുതിയ അനുഭവത്തിലേയ്ക്ക് നീങ്ങുന്നതിന് ഇടയാക്കുന്നത്. അതിനും ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

## തീരദേശ കപ്പൽ ഗതാഗതം

3 (*153) ശ്രീ. കെ. ആൻസലൻ:

ശ്രീ. എം. മുകേഷ്:

ശ്രീ. കെ. ജെ. മാക്സി :

ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹാർദ്ദവും ചെലവുകുറഞ്ഞതുമായ ഗതാഗത മാർഗ്ഗമെന്ന നിലയിൽ തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) ജലഗതാഗതം അനാകർഷകമാക്കുന്ന വേഗതയില്ലായ്മ പരിഹരിച്ച് യാത്രക്കാരെ ആകർഷിക്കുവാൻ ഹൈഡ്രോഫോയിൽ ബോട്ട് സർവ്വീസ് ആരംഭിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളുടെ വികസനത്തിന് കിഫ്ബി ഫണ്ടുപയോഗിച്ചും പി.പി.പി. അടിസ്ഥാനത്തിലും ഉൾപ്പെടെ നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, (എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ച് ചരക്ക്/യാത്രാ ഗതാഗതം ഗണ്യമായ തോതിൽ വികസിപ്പിക്കുന്നതിനാണ് സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഇത് പ്രാരംഭഘട്ടത്തിൽ കൊല്ലത്തും, പിന്നീട് ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലും നടപ്പാക്കിവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. അഴീക്കൽ തുറമുഖത്ത് കോസ്റ്റൽ ഷിപ്പിംഗ് ഓപ്പറേഷൻ 24-2-2019-ന് ഫ്ലാഗ് ഓഫ് ചെയ്തു. 2030-ഓടെ നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 50% തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നൽകിവന്നിരുന്ന ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം മുതൽ 2019-20 വരെ ഏകദേശം 1650 കണ്ടെയ്നറുകൾ ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കൈകാര്യം ചെയ്തിട്ടുണ്ട്.

സ്ഥിരമായ കസ്റ്റംസ് ക്ലിയറൻസ് സംവിധാനമായ ഇ.ഡി.ഐ., പ്ലാന്റ് ക്വാറന്റൈൻ ലാബും മറ്റ് സൗകര്യങ്ങളും, ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ്, തുറമുഖത്തെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലത്ത് 100 മീറ്റർ നീളമുള്ള ബർത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ബേപ്പൂർ തുറമുഖത്ത് 175 മീറ്റർ നീളമുള്ള കോസ്റ്റൽ ബർത്തും കൊല്ലത്ത് നിലവിലുള്ള ബർത്തിന്റെ നീളം വർദ്ധിപ്പിക്കുന്നതിനുള്ള ഡീറ്റെയിൽഡ് ഡിസൈൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ നീക്കം സുഗമമാക്കുന്നതിനുവേണ്ടി രണ്ട് ട്രെയിലർ ട്രക്കുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി Azhikkal Port Ltd എന്ന Special Purpose Vehicle രൂപീകരിച്ച് Detailed Project Report തയ്യാറാക്കുന്നതിന് M/s HOWE Engineering Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി റെയിൽ/റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള പഠനങ്ങൾ നടത്തുന്നതിന് Indian Port Rail Corporation Limited (IPRCL)-നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) കൊച്ചി-തിരുവനന്തപുരം, കൊച്ചി-കോഴിക്കോട് റൂട്ടിൽ യാത്രാകപ്പൽ/ ഹൈഡ്രോഫോയിൽ സർവ്വീസ് നടത്തുന്നതിനായി മെസേഴ്സ് സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് 2016-17 സാമ്പത്തിക വർഷം അനുമതി നൽകിയിരുന്നു. സർവ്വീസ് നടത്തുന്നതിന് തുറമുഖങ്ങളിൽ ആവശ്യമായ സൗകര്യങ്ങളും സേവനങ്ങളുമാണ് തുറമുഖ വകുപ്പ് ലഭ്യമാക്കേണ്ടത്. സർവ്വീസ് നടത്തുന്നതിന് ആവശ്യമായ കപ്പലുകൾ വാങ്ങുന്നതും, കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയവുമായി ബന്ധപ്പെട്ട അനുമതികൾ നേടേണ്ടതും സ്വകാര്യ സംരംഭകന്റെ ചുമതലയാണ്. എന്നാൽ നാളിതുവരെ ടി സംരംഭകൻ ഈ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(സി) അഴീക്കൽ തുറമുഖ വികസനത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി Azhikkal Port Ltd എന്ന സ്ഥാപനത്തെ Special Purpose Vehicle രൂപീകരിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക രേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക പഠനം പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും M/s.HOWE Engineering Ltd എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അഴീക്കൽ തുറമുഖ വികസനത്തിന് 496 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. കേന്ദ്ര പദ്ധതിയായ സാഗർമാലയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള നടപടികളും ആലോചിക്കുന്നുണ്ട്. പൊന്നാനി തുറമുഖം പൊതുസ്വകാര്യ പങ്കാളിത്തത്തിൽ സ്വിസ് ചലഞ്ച് മാതൃകയിൽ വികസിപ്പിക്കുന്നതിന് സ്വകാര്യപങ്കാളിയായ മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (എം.പി.പി.എൽ.), ചെന്നൈ എന്ന സ്ഥാപനം കരാറിൽ ഏർപ്പെട്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ പുരോഗതി കൈവരിച്ചിട്ടില്ല.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഏറെ യാത്രാ അസൗകര്യങ്ങളുള്ള കേരളം പോലൊരു സംസ്ഥാനത്ത് നിലവിൽ ഒരു കോടിയിലധികം വാഹനങ്ങളോടുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു കാലത്ത് ചരക്കുനീക്കത്തിന് ജലഗതാഗതത്തെയാണ് നമ്മൾ ഉപയോഗപ്പെടുത്തിയിരുന്നത്. ചരക്കുനീക്കവുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരത്തിലൊരു പ്രവർത്തനവുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ അഭിവാദ്യം ചെയ്യുകയാണ്. വിവിധ ഏജൻസികളുടെ അന്വേഷണങ്ങളും മറ്റ് നിരവധി നടപടിക്രമങ്ങളുമുള്ളതിനാൽ ഇത്തരം പദ്ധതികൾ പലപ്പോഴും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല. അത് പരിഹരിക്കുന്നതിനും വേഗതയിലാക്കുന്നതിനും വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, തുറമുഖ പ്രദേശവുമായി ബന്ധപ്പെട്ടുകൊണ്ട് ജനപ്രതിനിധികൾ ഉൾപ്പെടെ ഉദ്യോഗസ്ഥതലത്തിലുള്ള യോഗങ്ങൾ ഇതിനകം വിളിച്ചുചേർത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ജനപ്രതിനിധികളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും അവരുടെ ആവശ്യകതയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും തുടർന്നും യോഗങ്ങൾ ചേരുന്നതും അതിന്മേൽ സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഒരു കാലത്ത് തിരുവിതാംകൂറിലെ ചരക്കുഗതാഗതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായിരുന്നു തെക്കൻ കേരളത്തിലെ പൂവാർ തുടങ്ങിയ ഭൂപ്രദേശങ്ങൾ. അതിലേറ്റവും പ്രധാനമാണ് വിഴിഞ്ഞം മദർ പോർട്ട്. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ വേഗതയിലാക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, നോൺ-മേജർ തുറമുഖവുമായി ബന്ധപ്പെട്ട പ്രവർത്തനം നടത്തുന്നതിന് രൂപീകരിച്ച മാരിടൈം ബോർഡ് ഇത്തരം കാര്യങ്ങൾ പരിഗണിക്കുന്നതാണ്. പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ സർക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതാണ്.

<u>ശ്രീ. എം. മുകേഷ്</u>: സർ, കൊല്ലം തുറമുഖത്തെ പാസഞ്ചർ ടെർമിനലിന്റെ പണി പൂർത്തീകരണ ഘട്ടത്തിലാണെന്ന് അങ്ങ് സൂചിപ്പിച്ചു. ലക്ഷദ്വീപിലേയ്ക്കും മറ്റുമുള്ള യാത്രാക്കപ്പൽ സർവ്വീസ് യാഥാർത്ഥ്യമാകുന്നതിന് സ്ഥിരമായ എമിഗ്രേഷൻ സൗകര്യമുണ്ടാകേണ്ടതുണ്ട്. ഇതിന് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭ്യമാക്കണം. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടി ഏത് ഘട്ടത്തിലാണ്?

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, കൊല്ലം തുറമുഖ സന്ദർശനവേളയിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കൂടി സാന്നിദ്ധ്യമുണ്ടായിരുന്നുവല്ലോ. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കസ്റ്റംസ് ക്ലിയറൻസ് സംവിധാനമായ ഇ.ഡി.ഐ., പ്ലാന്റ് ക്വാരന്റൈൻ ലാബ്, എമിഗ്രേഷൻ ചെക്ക് പോസ്റ്റ് തുടങ്ങി തുറമുഖത്തെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടികളൊക്കെ കൊല്ലത്തും സ്വീകരിക്കുന്നതാണ്. ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ വേഗതയിൽ പൂർത്തീകരിക്കാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ വന്നതോടുകൂടി കൊച്ചി തുറമുഖമില്ലാതായിരിക്കുകയാണ്. ഒരു കാലഘട്ടത്തിൽ കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വലിയ പങ്ക്

വഹിച്ചതാണ് കൊച്ചി തുറമുഖം. കേരളത്തിന്റെ പരമ്പരാഗത ഉല്പന്നങ്ങളായിട്ടുള്ള കയർ ഉല്പന്നങ്ങളും കശുവണ്ടിയും തേയിലയുമെല്ലാം കയറ്റി അയച്ചിരുന്ന തുറമുഖമാണ് കൊച്ചി തുറമുഖം. ഇന്ന് ആ തുറമുഖം ഒന്നുമല്ലാതായിരിക്കുകയാണ്. എന്റെ ചോദ്യം, കൊച്ചി തുറമുഖത്തുനിന്ന് കൊല്ലം-തങ്കശ്ശേരി വഴി മാലിദ്വീപ്, ശ്രീലങ്ക എന്നിവിടങ്ങളിലേയ്ക്ക് ചരക്കുഗതാഗതം ആരംഭിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കൊച്ചി തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള മറ്റു രാജ്യങ്ങളുമായി ബന്ധപ്പെട്ട സർവ്വീസിനെക്കുറിച്ച് ഉത്തരവാദപ്പെട്ട അധികൃതരുമായി ചർച്ച നടത്തുന്നതുമാണ്.

ശ്രീ. കെ. ദാസൻ: സർ, യാത്രക്കാരുടെ സൗകര്യം പരിഗണിച്ച് ഹൈസ്പീഡ് ഹൈഡ്രോഫോയിൽ സർവ്വീസ് അടുപ്പിക്കാനുള്ള മിനി തുറമുഖങ്ങൾ ആരംഭിക്കുമോ; കോഴിക്കോട് നിന്നും കൊച്ചി വഴി തിരുവനന്തപുരത്തേയ്ക്ക് ഈ ഹൈസ്പീഡ് സർവ്വീസ് ആരംഭിക്കുമോ; ബേപ്പൂർ തുറമുഖത്തെ ഇക്കാര്യത്തിനായി പരിഗണിക്കുമോ; ബേപ്പൂർ, കൊച്ചി, വിഴിഞ്ഞം തുറമുഖങ്ങളിലെ യാത്രക്കാർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത് ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെയുള്ള സർവ്വീസുകൾ ആരംഭിക്കുന്നതിനുമുമ്പ് സാങ്കേതിക, ഭൗതിക, പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടി പരിഗണിക്കേണ്ടതായിട്ടുണ്ട്. തീരദേശ നിവാസികളും തൊഴിലാളികളും ഇതിൽ ചില നിർദ്ദേശങ്ങളും ആശങ്കകളും ഉന്നയിച്ചിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ടുമാത്രമേ ഈ സർവ്വീസ് ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയൂ. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഇക്കാര്യങ്ങളിൽ കാലതാമസം ഉണ്ടാവുകയില്ല.

ശ്രീ. കെ. എം. ഷാജി: സർ, തീരദേശ കപ്പൽ ഗതാഗതത്തിന് സമാനമാണ് എല്ലാ രാജ്യങ്ങളിലും ഇപ്പോൾ കാണുന്ന ബാർജുകൾ. പ്രത്യേകിച്ച് മ്യാൻമർ പോലുള്ള രാജ്യങ്ങളിൽ 500 ലോഡഡ് വെഹിക്കിൾ യാത്ര ചെയ്യുന്ന ബാർജുകളുണ്ട്. റോഡുകളിലെ ട്രാഫിക്, പൊല്യൂഷൻ, ഫ്യൂവൽ ഇതിൽ നിന്നുമെല്ലാം രക്ഷപ്പെടുത്തുന്നതുകൊണ്ട് കേരളത്തിന് ഇത് അനുയോജ്യമാണ്. ഇതിനെക്കുറിച്ച് ഒരുപാട് പഠനങ്ങൾ നടന്നിട്ടുണ്ട്. ഇങ്ങനെയൊരു നീക്കം നടത്താനുള്ള സാദ്ധ്യതയുണ്ടോ; അല്ലെങ്കിൽ അത് പരിശോധിക്കുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഇത്തരം വിഷയങ്ങൾ തുറമുഖ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. യാത്രാ-വ്യാപാര ബന്ധങ്ങൾ കണക്കിലെടുത്തുകൊണ്ട് തുറമുഖ വകുപ്പും പുതുതായി രൂപീകൃതമായിട്ടുള്ള മാരിടൈം ബോർഡും ഇതിനെക്കുറിച്ച് ബന്ധപ്പെട്ടവരുമായും ബഹുമാനപ്പെട്ട ജനപ്രതിനിധികളുമായും ഉത്തരവാദപ്പെട്ട അധികൃതരുമായും ചർച്ച നടത്തുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരങ്ങളിലെല്ലാം പോർട്ടുകൾ പ്രധാനമായും വ്യാപാരത്തിന് ഉപകാരപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനെ സംബന്ധിച്ചിട്ടാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ദീർഘമായ കടലോരമുണ്ട്. ആ കടലോരങ്ങളിലും പോർട്ടുകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ടൂറിസം ഡെവലപ്മെന്റിന് സഹായകമായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുമോ; ഉദാഹരണത്തിന് തിരുവനന്തപുരത്ത് നിന്നും ചെന്നൈയിലേയ്ക്കും മറ്റുമൊക്കെ പല നഗരങ്ങളെയും ബന്ധപ്പെടുത്തിക്കൊണ്ട് പോകുന്നതായ ഒരു സ്കീമിനെക്കുറിച്ച് ആലോചിച്ചാൽ അത് നമ്മുടെ ടൂറിസം ഡെവലപ്മെന്റിന് സഹായമായിരിക്കും. അതിനെക്കുറിച്ച് ചിന്തിക്കാൻ തയ്യാറാകുമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ടൂറിസം വികസനവുമായി ബന്ധപ്പെട്ടതാണ് നമ്മുടെ തുറമുഖ വികസനത്തിന്റെ സമഗ്രത. ഇപ്പോൾത്തന്നെ ബേപ്പൂരിൽനിന്ന് ലക്ഷദ്വീപിലേയ്ക്കുള്ള യാത്രാക്കപ്പൽ ഉൾപ്പെടെ ചരക്കുകപ്പലുകളുടെ വർദ്ധനവ് ധാരാളം ടൂറിസ്റ്റുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വികസന പദ്ധതികളുടെ ഭാഗമാണ്. ആ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു തുറമുഖങ്ങളും ടൂറിസം വകുപ്പുമായും ടൂറിസം മേഖലയുമായും ബന്ധപ്പെട്ടുകൊണ്ട് ചർച്ച നടത്തി ഈ സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

## ലോക കേരളസഭയെ ഫലപ്രദമാക്കാൻ നടപടി

4 (*154) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടിന്റെ വികസനത്തിന് ലോകത്തെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സമ്പാദ്യത്തോടൊപ്പം അവരുടെ വിവിധ മേഖലകളിലുള്ള വൈദഗ്ദ്ധ്യം കൂടി പ്രയോജനപ്പെടുത്തുന്നതിനായി ലോക കേരളസഭയെ ഫലപ്രദമാക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

(ബി) ലോക കേരളസഭയുടെ സെക്രട്ടേറിയറ്റിന്റെയും വിഷയാടിസ്ഥാനത്തിലുള്ള മേഖലാ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം വിശദമാക്കാമോ;

(സി) അവിദഗ്ദ്ധ തൊഴിലാളികൾ ഉൾപ്പെടെ മടങ്ങിവരുന്ന പ്രവാസികളുടെ എണ്ണം വർദ്ധിച്ചുവരുന്നതും ഇവരുടെ തൊഴിൽ പരിചയം ഉപയോഗപ്പെടുത്താൻ കഴിയുന്ന സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുന്നില്ല എന്നതും കണക്കിലെടുത്ത് പ്രവാസികളുടെ പ്രശ്നം പരിഹരിക്കാൻ എല്ലാ ജില്ലകളിലും പ്രവാസിക്ഷേമ സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, (എ&ബി) ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന മലയാളികളുടെ വിവിധ മേഖലകളിലുള്ള വൈദഗ്ദ്ധ്യം നാടിന്റെ വികസനത്തിനുവേണ്ടി പ്രയോജന പ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ലോക കേരളസഭ രൂപീകരിച്ചിട്ടുള്ളത്. 2018 ജനവരി 12, 13 തീയതികളിൽ നടന്ന ലോക കേരളസഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന തീരുമാനങ്ങളിൽ മുഖ്യമായതായിരുന്ന ലോക കേരളസഭ സെക്രട്ടേറിയറ്റ് രൂപീകരിക്കുക എന്നത്. 31-7-2018-ലെ സ.ഉ.(കൈ)നമ്പർ 2/2018/നോർക്ക പ്രകാരം ഒരു സ്വതന്ത്ര സംവിധാനമായി ലോക കേരളസഭ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ട്. ലോക കേരളസഭയുടെ സംഘാടനം, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുക, എൻ.ആർ.ഐ. കലോത്സവങ്ങൾ സംഘടിപ്പിക്കുക, ലോക കേരളസഭയോടനുബന്ധിച്ചും അല്ലാതെയും കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക, ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കാണുക എന്നീ ചുമതലകളോടെയാണ് ലോക കേരളസഭ സെക്രട്ടേറിയറ്റ് രൂപീകരിച്ചത്. ലോക കേരളസഭ സെക്രട്ടേറിയറ്റിന്റെ സെക്രട്ടറി ചീഫ് സെക്രട്ടറിയും ജനറൽ കൺവീനർ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമാണ്.

ലോകത്തെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സമ്പാദ്യത്തോടൊപ്പം അവരുടെ വിവിധ മേഖലകളിലുമുള്ള വൈദഗ്ദ്ധ്യം കൂടി നാടിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ

രൂപീകരിച്ചിട്ടുണ്ട്. അതത് മേഖലകളിൽ വിദഗ്ദ്ധരായ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച 48 ശിപാർശകൾ ലോക കേരളസഭ സെക്രട്ടേറിയറ്റിന് കൈമാറിയിരുന്നു. ഈ ശിപാർശകളെ നിക്ഷേപ സാദ്ധ്യതകൾ, ക്ഷേമ പദ്ധതികൾ, വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തൽ, സാംസ്കാരികം എന്നിങ്ങനെ നാലായി തരംതിരിച്ച് താഴെക്കാണുന്ന 10 ശിപാർശകൾ ലോക കേരളസഭ സെക്രട്ടേറിയറ്റ് കണ്ടെത്തിയിട്ടുണ്ട്.

1. വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിനുവേണ്ടിയുള്ള ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി.
2. എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
3. എൻ.ആർ.ഐ. ബാങ്ക്.
4. വൃദ്ധ സദനങ്ങൾ, ഭവന പദ്ധതികൾ, റോഡ്/ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ പദ്ധതികൾക്കായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി.
5. നോർക്ക റൂട്ട്സിൽ വനിതാ എൻ.ആർ.ഐ. സെൽ.
6. വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനുവേണ്ടി എയർപോർട്ടുകളിൽ Migration Facilitation Centre, പാസ്പോർട്ട് ഓഫീസുകളിൽ Pre Embankment Orientation Centre.
7. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിന്മേൽ പഠനം നടത്തുന്നതിനുവേണ്ടി ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം.
8. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International Migration Centre രൂപീകരിക്കുക.
9. മേഖലാ അടിസ്ഥാനത്തിൽ എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ നടത്തുക.
10. പ്രവാസികളുടെ സാഹിത്യ സൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം ആരംഭിക്കുക.

മേൽപ്പറഞ്ഞവയിൽ എൻ.ആർ.ഐ. ബാങ്ക് രൂപീകരിക്കുക, എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ എന്നിവ ഇപ്പോൾ നടപ്പാക്കുന്നില്ല. മറ്റ് ശിപാർശകൾ നടപ്പാക്കുന്നതിന്റെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

(സി) 2018-ലെ പ്രഥമ ലോക കേരളസഭാ സമ്മേളനത്തിലെ തീരുമാനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും പ്രവാസികളുടെ പ്രശ്നങ്ങളുടെ സത്വര പരിഹാരത്തിനായി ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് കൺവീനറായുമുള്ള പ്രസ്തുത കമ്മിറ്റിയിൽ ജില്ലാ പോലീസ് മേധാവി, നോർക്ക റൂട്ട്സിന്റെ പ്രതിനിധി, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പ്രതിനിധി, തിരികെവന്ന പ്രവാസികളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു വനിത ഉൾപ്പെടെ മൂന്ന് പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഈ കമ്മിറ്റി ഓരോ മാസവും കൃത്യമായി യോഗം ചേർന്ന് പ്രവാസികളുടെ പരാതികൾ കേൾക്കുകയും തുടർനടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അയയ്ക്കുകയും ചെയ്തുവരുന്നു.

എന്നാൽ എല്ലാ ജില്ലകളിലും പ്രവാസിക്ഷേമ സമിതി രൂപീകരിക്കുന്ന വിഷയം പരിഗണനയിലില്ല.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഏഴ് വിഷയ മേഖലാ സ്റ്റാൻഡിംഗ് കമ്മിറ്റികൾ 48 ശിപാർശകൾ സമർപ്പിക്കുകയും പത്തെണ്ണം അംഗീകരിക്കുകയും ചെയ്തുവെന്ന് അങ്ങിവിടെ വ്യക്തമാക്കി. ഇപ്പോൾ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മാത്രമാണ് ഗൾഫ് നാടുകളിൽ സെന്ററുകളുള്ളത്. തുടർപഠനത്തിനുള്ള സംവിധാനങ്ങൾ അവിടെയില്ല. അതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അത് പ്രത്യേകം പരിശോധിക്കേണ്ട കാര്യമാണ്. പരിശോധിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രണം

5 (*155) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ബാബു:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരിക്കുകയും തത്സമയം തന്നെ ഉപഭോക്താക്കൾ അമിത വില നൽകാൻ നിർബന്ധിതരാകുകയും ചെയ്യുന്ന സ്ഥിതി രാജ്യത്താകെ നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വില നിയന്ത്രണത്തിനായി നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) അരിയുൾപ്പെടെയുള്ള ഭക്ഷ്യ ധാന്യങ്ങൾക്ക് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതും അനിയന്ത്രിതമായ ഇന്ധന വില വർദ്ധനവും സംസ്ഥാനത്ത് ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധനവിന് വഴിയൊരുക്കാതിരിക്കാനായി ഭക്ഷ്യ വകുപ്പ് നടത്തിവരുന്ന ഭക്ഷ്യധാന്യ സംഭരണ വിതരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) പൊതുവിതരണ ശൃംഖലയെ ശാക്തീകരിച്ചുകൊണ്ടും വിലസ്ഥിരതാ ഫണ്ട് ഉപയോഗിച്ചുകൊണ്ടും നടത്തിവരുന്ന വില നിയന്ത്രണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ & ബി) സബ്സിഡി നിരക്കിൽ പതിനാലിന അവശ്യ സാധനങ്ങൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ 10 മുതൽ 20% വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ ശബരി ബ്രാൻഡിലും എം.ആർ.പി.-യെക്കാൾ ശരാശരി 5 മുതൽ 30% വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) സാധനങ്ങളും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ കാലയളവിൽ നിലവിലുള്ള

വില്പനശാലകൾക്ക് പുറമെ, പത്യേക ചന്തകളും സംഘടിപ്പിച്ചുവരുന്നു. സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സുതാര്യമായ പർച്ചേസ് രീതികൾക്ക് പുറമെ നാഫെഡ് മുതലായ കേന്ദ്ര സർക്കാർ ഏജൻസികളിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നു.

(സി) പൊതു വിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും കാർഡുടമകൾക്ക് ഭക്ഷ്യ ധാന്യം കൃത്യമായ അളവിലും തൂക്കത്തിലും ലഭ്യമാക്കുന്നതിനും വാതിൽപ്പടി വിതരണം ആരംഭിച്ചു. വിലസ്ഥിരതാ ഫണ്ട് ഉപയോഗിച്ച് നാഫെഡിൽ നിന്നും തുവരപ്പരിപ്പ്, കടല, ചെറുപയർ, ഉഴുന്ന് എന്നിവ വാങ്ങി മിതമായ നിരക്കിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്തു വരുന്നതുവഴി ഭക്ഷ്യ സാധനങ്ങളുടെ വില നിയന്ത്രണം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**ജനസൗഹൃദ പോലീസ്**

6 (*156) <u>ശ്രീ. ജോർജ് എം. തോമസ്:</u>
<u>ശ്രീമതി പി. അയിഷാ പോറ്റി:</u>
<u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ; ഈ മികവ് നിലനിർത്തുന്നതിനായി ജനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ പോലീസ് സംവിധാനം ശാക്തീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) പോലീസിന്റെ ഭാഗത്തുനിന്നും ഒറ്റപ്പെട്ടുണ്ടാകുന്ന ദുഷ്ചെയ്തികൾ കർശനമായി തടഞ്ഞുകൊണ്ട് സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് അഭിമാനക്ഷതമുണ്ടാകാതെ പോലീസിന്റെ സേവനം തേടാവുന്ന തരത്തിൽ പോലീസിന്റെ ഇടപെടൽ ജനസൗഹൃദമാക്കിത്തീർക്കാൻ പരിശീലനഘടനയിൽ വേണ്ട രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇവയുടെ മെച്ചമെന്തെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം സംസ്ഥാനത്ത് ക്രൈം കേസ്സുകളുടെ (IPC കേസുകൾ, SLL കേസ്സുകൾ) എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്.

ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി സ്കൂൾ, കോളേജ്, റസിഡന്റ്സ് ഏരിയകൾ എന്നിവിടങ്ങളിൽ കുറ്റകൃത്യങ്ങളെക്കുറിച്ചും അത് തടയുന്നതിനെ സംബന്ധിച്ചും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. മറ്റു സംസ്ഥാനത്തുനിന്നും കടന്നുവന്ന് കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർ, അപരിചിതർ എന്നിവരുടെ വിവരങ്ങൾ ശേഖരിക്കാനും, മയക്കുമരുന്ന്, മദ്യം എന്നിവയുടെ ലഭ്യതയുള്ള ഉറവിടം കണ്ടെത്താനും ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ലോകത്തിലെ ഏറ്റവും അധികം പേർ പിന്തുടരുന്നതും ജനങ്ങളുടെ ഏറ്റവും നല്ല പങ്കാളിത്തമുള്ളതുമായ Police Facebook Page ആയി കേരള പോലീസിന്റെ ഔദ്യോഗിക Facebook പേജ് മാറിയിട്ടുണ്ട്. ഈ പേജ് മുഖേന വിവിധ വിഷയങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകുവാൻ സാധിക്കുന്നു. പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടൽ (THUNA) സംവിധാനം വഴി പൊതുജനങ്ങൾക്ക് ഓൺലൈനായും പരാതി നൽകുവാനുള്ള സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ 6 പോലീസ് സ്റ്റേഷനുകളെ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുണ്ട്. 54 പോലീസ് സ്റ്റേഷനുകളെയും കൂടി ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളായി ഉയർത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് അവരുടെ അഭിമാനത്തിന് ക്ഷതമേൽക്കാതെ പോലീസിന്റെ സേവനം തേടാനും ലഭ്യമാക്കുവാനും ആവശ്യമായ നടപടികളും പരിശീലന പരിപാടികളും പോലീസ് സേനയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ പാഠഭാഗങ്ങൾ പോലീസ് സബ് ഇൻസ്പെക്ടർമാരുടെയും പോലീസ് കോൺസ്റ്റബിൾമാരുടെയും അടിസ്ഥാന പരിശീലനത്തിനുള്ള സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരിശീലനത്തിൽ കാലാനുസൃതമായി മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പാക്കിയ Cyber Crime Prevention Against Women and Children (CCPWC) എന്ന പദ്ധതിയുടെ ഭാഗമായി പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.

പോലീസിന്റെ ഭാഗത്തുനിന്നുമുള്ള മോശം പ്രവണതകൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ Behavioural Training പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്.

മികച്ച പൊലീസ് സേവനം ഓരോ പൗരന്റേയും അവകാശമാണെന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകളും, മികച്ച പോലീസ് സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും നൽകിവരുന്നുണ്ട്.

(സി) ഉണ്ട്. പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 100 പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിന് 2018-19 സാമ്പത്തിക വർഷം 500 ലക്ഷം രൂപയും, 50 പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റാന്റേർഡ് ആക്കി മാറ്റുന്നതിന് 2019-20 സാമ്പത്തിക വർഷം 500 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

വിവര വിനിമയ സാങ്കേതികവിദ്യ പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ട് മികച്ച കേസന്വേഷണവും ക്രമസമാധാന പാലനവും പഴക്കം ചെന്ന പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പുതുക്കി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ മികച്ച സേവനം സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ മുഖേന കൈവരിക്കാൻ സാധിക്കുന്നതാണ്.

## ആശുപത്രികളുടെ നവീകരണം

7 (*157) ശ്രീ. രാജു എബ്രഹാം:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ജില്ലാ ആശുപത്രികൾ നവീകരിക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) എല്ലാ ജില്ലാ ആശുപത്രികളിലും കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) വിവിധ ഫണ്ടുകൾ ഉപയോഗിച്ച് സർക്കർ ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റു നവീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. " Major Constructions Under D.H.S" എന്ന പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ വിവിധ തരത്തിലുള്ള പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ, തുടർ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപയ്ക്ക് മുകളിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും എം.എൽ.എ., എം.പി. ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തനതു ഫണ്ടുപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ, കിഫ്ബി ഫണ്ടുപയോഗിച്ചുള്ള ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നിലവിലുള്ള ആശുപത്രി കെട്ടിടങ്ങളുടെ പരിപാലനവും അറ്റകുറ്റപ്പണികളും നടത്തിവരുന്നു.

കൂടാതെ 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കേരളമൊട്ടാകെയുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എൻ.എച്ച്.എം. മുഖേന 315.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഒ. പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിന് 213.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടികളും ആർദ്രം മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കാനുള്ള പ്രത്യേക പ്രവർത്തനങ്ങളും (ഒ.പി. ട്രാൻസ്ഫർമേഷൻ) നടത്തിവരുന്നു.

കോട്ടയം, തിരുവനന്തപുരം, വയനാട്, തൃശ്ശൂർ മെഡിക്കൽ കോളേജുകൾ, മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ, വിവിധ ജില്ലകളിലെ ജില്ല/ജനറൽ/താലൂക്ക് ആശുപത്രികൾ തുടങ്ങിയവയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഏകദേശം 5000 കോടി രൂപയുടെ ഭരണാനുമതി നൽകി തുടർ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. മെഡിക്കൽ കോളേജുകളുടെ ഒ.പി. പരിവർത്തനത്തിനായി 51.81 കോടി രൂപ അനുവദിച്ചു. നിലവിലുള്ള 8 മെഡിക്കൽ കോളേജുകളിൽ 7 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

(ബി) അംഗീകൃത ഏജൻസികൾ മുഖേന കിഫ്ബി ധനസഹായത്തോടുകൂടി ആശുപത്രികളുടെ നവീകരണ പ്രവർത്തങ്ങൾക്കുള്ള മാസ്റ്റർ പ്ലാൻ വിവിധ സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി തയ്യാറാക്കിവരുന്നു. വിവിധ ജില്ലാ ആശുപത്രികളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ജില്ലാ ആശുപത്രി, കണ്ണൂർ - 57,52,00,000

2. ജില്ലാ ആശുപത്രി, മാവേലിക്കര - 126,55,00,000

3. ജില്ലാ ആശുപത്രി, കൊല്ലം - 183,00,00,000

4. ജില്ലാ ആശുപത്രി, ചെങ്ങന്നൂർ - 97,70,90,200

(സി) ജില്ല/ജനറൽ ആശുപത്രികളിൽ ഘട്ടംഘട്ടമായി കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ആരംഭിക്കുന്നതിനുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. <u>ജില്ലാ ആശുപത്രി, പാലക്കാട്</u>

   കാർഡിയോളജി - ചീഫ് കൺസൾട്ടന്റ് - 1
   കാർഡിയോളജി - കൺസൾട്ടന്റ് - 1
   നെഫ്രോളജി - കൺസൾട്ടന്റ് - 1
   ന്യൂറോളജി കൺസൾട്ടന്റ് - 1

2. <u>ജനറൽ ആശുപത്രി, എറണാകുളം</u>

   കാർഡിയോളജി - കൺസൾട്ടന്റ് - 2
   നെഫ്രോളജി - കൺസൾട്ടന്റ് - 1
   ന്യൂറോളജി കൺസൾട്ടന്റ് - 1

3. <u>ജനറൽ ആശുപത്രി, തിരുവനന്തപുരം</u>

   നെഫ്രോളജി - കൺസൾട്ടന്റ് - 1
   ന്യൂറോളജി കൺസൾട്ടന്റ് - 1
   യൂറോളജി കൺസൾട്ടന്റ് - 1

4. <u>ജനറൽ ആശുപത്രി, പത്തനംതിട്ട</u>

   ന്യൂറോളജി കൺസൾട്ടന്റ് - 1

5. ജില്ലാ ആശുപത്രി, കൊല്ലം

യൂറോളജി കൺസൾട്ടന്റ് - 1

6. ജനറൽ ആശുപത്രി, തലശ്ശേരി

യൂറോളജി കൺസൾട്ടന്റ് - 1

ആർദ്രം രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ഭക്ഷണ പദാർത്ഥങ്ങളിലെ മായം തടയാൻ കർശന നടപടി**

8 (*158) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണപദാർത്ഥങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ എടുത്തിരിക്കണമെന്ന നിബന്ധന സംസ്ഥാനത്ത് സമ്പൂർണ്ണമായി പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) സർക്കാരിന്റെ കർശനമായ ഇടപെടലിന്റെ ഭാഗമായി മത്സ്യം, മാമ്പഴം ഉൾപ്പെടെയുള്ള പഴങ്ങൾ തുടങ്ങിയവയിൽ രാസവസ്തുക്കൾ ചേർക്കുന്നത് നിയന്ത്രിക്കാനായിരുന്നെങ്കിലും ഇപ്പോൾ വീണ്ടും ഇത്തരത്തിൽ രാസവസ്തുക്കൾ ചേർത്ത ആഹാരപദാർത്ഥങ്ങൾ വിൽക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഇതിനെതിരെ കൂടുതൽ കർശന നടപടി സ്വീകരിക്കുമോ;

(സി) വെളിച്ചെണ്ണ, പാൽ തുടങ്ങിയവയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്തതായി കണ്ടെത്തിയ നിരവധി ബ്രാന്റുകൾ നിരോധിച്ചിരുന്നുവെങ്കിലും അതേ വ്യാപാരികൾ തന്നെ വേറെ ബ്രാന്റിൽ മായം കലർന്ന വെളിച്ചെണ്ണയും പാലും മറ്റുല്പന്നങ്ങളും വിപണനം നടത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ഡി) സമീപകാലത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധനയുടെ കൂടി വെളിച്ചത്തിൽ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടലുകൾ നടത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) 2006-ൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും 2011-ൽ ഭക്ഷ്യസുരക്ഷാ റൂൾസും അനുബന്ധ റഗുലേഷനുകളും നിലവിൽ വരികയുണ്ടായി. ഇതിൽ ഭക്ഷ്യസുരക്ഷാ (ലൈസൻസിംഗ് & രജിസ്ട്രേഷൻ) 2011 പ്രകാരമാണ് ഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനത്തിലും വിതരണത്തിലും, സംഭരണത്തിലും, പാക്കിംഗിലും വില്പനയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ലൈസൻസും, ചെറുകിട വ്യാപാരികൾക്ക് രജിസ്ട്രേഷനും നൽകുന്നത്. ടി നിയമപ്രകാരം സംസ്ഥാനത്തെ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള ഭക്ഷ്യ സംരഭകരെ രജിസ്ട്രേഷൻ/ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് സമ്പൂർണ്ണമാക്കാനും ഈ നിയമം അനുശാസിക്കുന്ന പ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയ ജില്ലയായി കൊല്ലം ജില്ലയെ 2018-ൽ പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളും സമ്പൂർണ്ണ ലൈസൻസ്/രജിസ്ട്രേഷൻ നേടിയ ജില്ലകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നതിന്റെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ മേളകൾ നടന്നുവരുന്നു. കൂടാതെ ഫുഡ് ബിസിനസ്സ് സ്ഥാപനങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തി രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാത്തവർക്ക് നോട്ടീസ് നൽകി രജിസ്ട്രേഷൻ/ലൈസൻസ് നൽകിവരുന്നു. 9-6-2019 വരെ സംസ്ഥാനത്ത് 6,1740 ലൈസൻസുകളും 2,90,220 രജിസ്ട്രേഷനും നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ചേർത്ത ആഹാര പദാർത്ഥങ്ങൾ വിൽക്കുന്നുവെന്ന് ലാബ് പരിശോധനയിൽ നിന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.

മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി' ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മത്സ്യ മാർക്കറ്റുകളിലും മത്സ്യ വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്.

കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ, ലേലസ്ഥലങ്ങൾ, മത്സ്യമാർക്കറ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്.

പ്രസ്തുത പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ അടങ്ങിയ മത്സ്യം വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. 'ഓപ്പറേഷൻ സാഗർ റാണി' യുമായി ബന്ധപ്പെട്ട് നാളിതുവരെ 1580 പരിശോധനകൾ നടത്തുകയും മത്സ്യത്തിന്റെയും ഐസിന്റെയും 966 സർവ്വെയലൻസ് സാമ്പിളുകളും 28 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാമ്പിളുകളുടെ പരിശോധനയിൽ 7 സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായും 8 സാമ്പിളുകൾ ആരോഗ്യത്തിന് ഹാനികരവുമാണെന്ന് (Unsafe) കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 7 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 8 പ്രോസിക്യൂഷൻ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മാർക്കറ്റിൽ ലഭ്യമായ മാമ്പഴം ഉൾപ്പെടെയുള്ള പഴങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ 89 മാമ്പഴ സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചു. ഒന്നിലും തന്നെ കാർബൈഡ് മുതലായ രാസവസ്തുക്കൾ കലർന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയ 166 വെളിച്ചെണ്ണ ബ്രാൻഡുകൾ 2018-ൽ മാത്രം നിരോധിച്ചിട്ടുണ്ട്. ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ വെളിച്ചെണ്ണ ബ്രാൻഡുകൾ നിരോധിക്കുമ്പോൾ ഇതേ വെളിച്ചെണ്ണ അതേ വ്യാപാരികൾ വേറെ ബ്രാൻഡ് നെയിമുകളിൽ വിപണനം നടത്തുന്ന എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇത് തടയുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് ബ്രാൻഡ് രജിസ്ട്രേഷൻ നിർബന്ധമാക്കി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

പാലിന്റെ കാര്യത്തിൽ ഇത്തരം വസ്തുതകൾ സമീപകാലത്ത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ 6 മാസകാലയളവിൽ പാലിന്റെയും പാലുൽപ്പന്നങ്ങളുടേയും 128 സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധന നടത്തിയതിൽ 6 സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുകയും

ആയതിന്റെയടിസ്ഥാനത്തിൽ ഒരു പ്രോസിക്യൂഷൻ കേസ്സും 5 അഡ്ജ്യൂഡിക്കേഷൻ കേസും ഫയൽ ചെയ്തിട്ടുണ്ട്. 5 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളിലായി 11000 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഓഫീസ് പരിശോധനകൾ കൃത്യമായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ നേതൃത്വത്തിൽ ജില്ലാ ഓഫീസുകളിലും ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുടെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളിലും പരിശോധനകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പരിശോധനകൾ ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ നിരീക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**പകർച്ചവ്യാധി പ്രതിരോധത്തിന് സ്ഥിരം സംവിധാനം**

9 (*159) <u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും മികച്ച പൊതുജനാരോഗ്യ സംവിധാനമുള്ള സംസ്ഥാനത്ത് ഇടക്കിടെയുണ്ടാകുന്ന എച്ച് 1 എൻ 1, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, അപൂർവ്വ സാംക്രമിക രോഗങ്ങളായ നിപ, വെസ്റ്റ്നൈൽ, ചെള്ളുപനി എന്നിവ ഭീഷണിഉയർത്തുന്ന സാഹചര്യത്തിൽ സർക്കാർ-സ്വകാര്യ ആശുപത്രികളെ ഏകോപിപ്പിച്ചുകൊണ്ട് പകർച്ചവ്യാധി പ്രതിരോധത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) വൈറസ് രോഗ വ്യാപനം ദ്രുതഗതിയിൽ തടയുന്നതിനായി രോഗത്തിന് കാരണമായ വൈറസുകളെ എളുപ്പത്തിൽ തിരിച്ചറിയുന്നതിന് സംസ്ഥാനത്തിനുണ്ടായിരുന്ന അപര്യാപ്തത മറികടക്കാൻ പുതുതായി സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ഏറെ പ്രയോജനപ്രദമാകുമെന്ന് കരുതുന്നുണ്ടോ;

(സി) സർക്കാർ ആശുപത്രികളിലെ ലബോറട്ടറി സൗകര്യം വർദ്ധിപ്പിക്കാൻ ചെയ്തിട്ടുള്ള കാര്യങ്ങൾ അറിയിക്കാമോ; ഈ സർക്കാർ അധികാരത്തിലെത്തിയ തിനുശേഷം ലാബ് ടെക്നീഷ്യൻമാരുടെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) എച്ച് 1 എൻ 1, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, എലിപ്പനി, നിപ, വെസ്റ്റ് നൈൽ, കരങ്ങുപനി, ചെള്ളുപനി, ജലജന്യരോഗങ്ങൾ തുടങ്ങിയ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് വിവിധ വകുപ്പുകളേയും ഏജൻസികളേയും സർക്കാർ - സ്വകാര്യ ആശുപത്രികളേയും പൊതുജനങ്ങളേയും ഏകോപിപ്പിച്ച് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന കർമ്മപരിപാടി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ സർക്കാർ എല്ലാ വർഷവും നടപ്പിലാക്കുന്നുണ്ട്. ഇത് സ്ഥിരം സംവിധാനമായി തുടർന്നുപോരുന്നു. ആരോഗ്യ വകുപ്പിന്റെ ഇത്തരം പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനവുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു. രോഗവിവര റിപ്പോർട്ടിംഗ്, ചികിത്സ, പ്രതിരോധം നിയന്ത്രണം തുടങ്ങിയവയിൽ സർക്കാർ - സ്വകാര്യ ആശുപത്രികളെ ഏകോപിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഐ.എം.എ., ഐ.എ.പി., ക്യൂ.പി.എം.പി.എ. തുടങ്ങിയ ആരോഗ്യരംഗത്തെ അസോസിയേഷനുകളുടെ പങ്കാളിത്തത്തോടെ മാർഗ്ഗരേഖകൾക്കനുസരിച്ചുള്ള ചികിത്സ, ബോധവത്കരണം, പരിശീലനം തുടങ്ങിയവും നടത്തിവരുന്നു. ദ്രുതകർമ്മസേനകൾ, സംസ്ഥാന/ജില്ലാതലങ്ങളിൽ യോഗം ചേർന്ന് രോഗവിവരങ്ങളും രോഗം പൊട്ടിപ്പുറപ്പെടുന്ന സ്ഥലങ്ങളിൽ അവയുടെ നിയന്ത്രണവും കാര്യക്ഷമമാക്കുവാൻ സഹായിക്കുന്നു. സംയോജിത രോഗനിരീക്ഷണ പരിപാടി (ഐ.ഡി.എസ്.പി.)-യിലൂടെ സർക്കാർ ആശുപത്രികളെ കൂടാതെ സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള റിപ്പോർട്ടുകൾ ലഭ്യമാക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇത് കൂടാതെ ലബോറട്ടറി നിരീക്ഷണം, കൊതുക് നിരീക്ഷണം, രോഗചികിത്സ, പ്രതിരോധ ചികിത്സ, രോഗനിയന്ത്രണം, പ്രാണി നിയന്ത്രണം, ബോധവത്കരണം, മേൽനോട്ടം വിലയിരുത്തൽ തുടങ്ങിയവയ്ക്ക് സ്ഥിരം സംവിധാനം ആരോഗ്യ വകുപ്പിൽ നിലവിലുണ്ട്.

(ബി) ഉണ്ട്

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം നവകേരള കർമ്മമിഷന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-2018 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ലബോറട്ടറി സൗകര്യം ഏർപ്പെടുത്തിയിരുന്നു. ആർദ്രം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ജില്ലാ ആശുപത്രികൾ ഉൾപ്പെടെ 473 ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പത്തനംതിട്ട, മലപ്പുറം, വയനാട് എന്നിവിടങ്ങളിൽ പുതുതായി മൂന്ന് പബ്ലിക് ഹെൽത്ത് ലാബുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## അന്നപൂർണ്ണ പദ്ധതി പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ

10 (*160) ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. ആന്റണി ജോൺ:

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ അന്നപൂർണ്ണ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പ്രതിമാസം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്നും അറിയിക്കുമോ;

(ഡി) ഈ പദ്ധതിയിൽ കൂടുതൽ ഉപഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ & ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ അന്നപൂർണ്ണ സംസ്ഥാനത്ത് 1-4-2000 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവിന് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി ലഭിക്കുന്നതാണ്.

(സി&ഡി) അറുപത്തിയഞ്ചോ (65) അതിനു മുകളിലോ പ്രായമുള്ള സ്വന്തമായോ, കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിച്ച് തരുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം അപേക്ഷകൻ എന്നാണ് കേന്ദ്ര സർക്കാരിന്റെ നിബന്ധന. ഇതനുസരിച്ച് സംസ്ഥാനത്തിന് 44980 പേർക്ക് ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. ക്ഷേമ പെൻഷൻ ഉൾപ്പെടെ യാതൊരു

പെൻഷനും ലഭിക്കാത്തവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. സംസ്ഥാനത്ത് ടി പദ്ധതിയുടെ നിലവിലെ ഉപഭോക്താക്കൾ 5726 മാത്രമാണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയായ 'അഗതി രഹിത കേരളം' പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ 65 വയസ്സിന് മുകളിൽ പ്രായമുള്ളവരും യാതൊരുവിധ പെൻഷൻ ആനുകൂല്യങ്ങളും ലഭിക്കാത്ത ആശ്രയ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നു. ഈ ലിസ്റ്റിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത ആശ്രയ വിഭാഗക്കാരെക്കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ആ വകുപ്പിൽ നിന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. ടി പദ്ധതിയുടെ ചെലവിന്റെ 80 ശതമാനം കേന്ദ്രവും 20 ശതമാനം സംസ്ഥാനവുമാണ് വഹിക്കുന്നത്.

**ആരോഗ്യരംഗത്തെ നൂതന പദ്ധതികൾ**

11 (*161) ശ്രീ. ആർ. രാജേഷ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി അശ്വമേധം എന്ന പേരിൽ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിനായുള്ള സർവ്വേ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തെ ക്ഷയരോഗ വിമുക്തമാക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധം ലക്ഷ്യമാക്കി ഈ സർക്കാർ ആവിഷ്കരിച്ചുവരുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സംഘടിപ്പിച്ചിട്ടുണ്ട്.

കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടുക എന്ന ലക്ഷ്യത്തോടെ 'അശ്വമേധം ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ'

സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷമായി നടന്നുവരുന്നു. വർഷത്തിൽ എത്രപേർക്ക് പുതുതായി കുഷ്ഠരോഗം സ്ഥിരീകരിച്ചു എന്ന നിരക്കും എല്ലാവർഷവും മാർച്ച് 31-നുള്ള കണക്കനുസരിച്ച് 10000 പേരിൽ എത്രപേർക്ക് കുഷ്ഠരോഗത്തിനുള്ള ചികിത്സയെടുക്കുന്നു എന്ന നിരക്കും വ്യത്യാസമില്ലാതെ തുടരുന്നുവെങ്കിലും കുട്ടികളിൽ കുഷ്ഠരോഗം വർദ്ധിച്ചതും, പ്രകടമായ വൈകല്യങ്ങൾ ഉണ്ടായതിനുശേഷം മാത്രം ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചതും രോഗാരംഭത്തിൽ കണ്ടുപിടിക്കാതെ പകർച്ചാശേഷി കൂടിയ മൾട്ടിബാസിലറി ടൈപ്പ് ആയതിനുശേഷമാണ് രോഗാവസ്ഥ കണ്ടുപിടിക്കുന്നതെന്നുമുള്ള വസ്തുതകൾ കണക്കിലെടുത്താണ് 'അശ്വമേധം കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ' സംഘടിപ്പിച്ചിട്ടുള്ളത്.

(ബി) അശ്വമേധം കേസ് ഡിറ്റക്ഷൻ ക്യാമ്പയിന്റെ ഒന്നാംഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പരിശീലനം ലഭിച്ച ഒരു പുരുഷ വോളന്റിയറും ഒരു ആശാവർക്കറും അടങ്ങുന്ന ടീം ക്യാമ്പയിൻ കാലയളവിൽ (2018 ഡിസംബർ 5 മുതൽ 18 വരെ) അവരവർക്കു നിർദ്ദേശിച്ചിട്ടുള്ള ഏരിയയിലെ മുഴുവൻ വീടുകളും സന്ദർശിക്കുകയും കുഷ്ഠരോഗത്തിന് സമാനമായ ലക്ഷണമുള്ളവരെ സൂപ്പർവൈസർമാർ മുഖാന്തരം രോഗനിർണ്ണയത്തിന് വിധേയമാക്കുകയുമുണ്ടായി. ഇപ്രകാരം 56732 സന്നദ്ധ പ്രവർത്തകർ 5725 സൂപ്പർവൈസർമാരുടെ മേൽനോട്ടത്തിൽ 6251587 വീടുകൾ സന്ദർശിക്കുകയും 22113795 ആളുകളെ പരിശോധിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി 194 കുഷ്ഠരോഗബാധിതരെ കണ്ടുപിടിക്കാനും ചികിത്സ ആരംഭിക്കുവാനും സാധിച്ചു. ഇതിൽ 114 കുഷ്ഠരോഗബാധിതരെ അംഗവൈകല്യം സംഭവിക്കുന്നതിനുമുമ്പ് കണ്ടു പിടിക്കുവാനും ചികിത്സ ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്. 2018-19 വർഷത്തിൽ ആദിവാസി സമൂഹത്തിൽ നിന്നും കണ്ടുപിടിക്കപ്പെട്ട 28 കുഷ്ഠരോഗബാധിതരിൽ 23 പേരെയും അശ്വമേധം ക്യാമ്പയിനിലൂടെയാണ് കണ്ടെത്തിയത്. 2018-19 വർഷത്തിൽ 705 കുഷ്ഠരോഗബാധിതരെ കണ്ടെത്തുന്നതിനും ചികിത്സയ്ക്കു വിധേയമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. അശ്വമേധ ക്യാമ്പയിനിന്റെ രണ്ടാംഘട്ടത്തിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, വയനാട് എന്നീ ജില്ലകളിൽ ഏപ്രിൽ 29 മുതൽ രണ്ടാഴ്ചക്കാലം നടത്തിയ ക്യാമ്പയിനിൽ 26592 സന്നദ്ധപ്രവർത്തകർ 2759 സൂപ്പർ വൈസർമാരുടെ മേൽനോട്ടത്തിൽ 2761435 വീടുകൾ സന്ദർശിക്കുകയും 9335239 ആളുകളെ പരിശോധിക്കുകയും 34 കുഷ്ഠരോഗബാധിതരെ കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേരളത്തിന്റെ സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗമുക്ത കേരളത്തിനായി "ടി.ബി. എലിമിനേഷൻ മിഷൻ" എന്ന പേരിൽ ഒരു കർമ്മപദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായത്തോടെയാണ് മിഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ ഇതിവൃത്തം ക്ഷയരോഗ വിമുക്തമായ "എന്റെ ഗ്രാമം എന്റെ പഞ്ചായത്ത് എന്റെ മുനിസിപ്പാലിറ്റി" എന്നതാണ്.

ക്ഷയരോഗനിർമ്മാർജ്ജനത്തിനായുള്ള 2017 മുതൽ 2020 വരെ നീണ്ടുനിൽക്കുന്ന ഊർജ്ജിത കർമ്മപദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ആകെയുള്ള ക്ഷയരോഗ ബാധിതരെ കണ്ടെത്തുന്നതിനും ക്ഷയരോഗനിർമ്മാർജ്ജനത്തിനുമായി ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ മറ്റ് വകുപ്പുകളെയും സ്വകാര്യ മേഖലയെയും സാമൂഹ്യ സന്നദ്ധപ്രവർത്തകരെയും ഏകോപിപ്പിച്ചുകൊണ്ട് "ക്ഷയരോഗമുക്തമായ എന്റെ കേരളം" എന്ന ലക്ഷ്യം മുൻനിർത്തിയുള്ള സംഘടിത കർമ്മ പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്.

**കേരള ടി.ബി. എലിമിനേഷൻ മിഷന് നാല് ഘട്ടങ്ങളാണുള്ളത്.**

ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും അതാത് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ നേതൃത്വം നൽകുന്ന ക്ഷയരോഗ നിർമ്മാർജ്ജന കർമ്മസേന രൂപീകരിക്കുകയും പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകർ ഓരോ വീട്ടിലും എത്തി ക്ഷയരോഗത്തെക്കുറിച്ചുള്ള അവബോധം നൽകുകയും ക്ഷയരോഗ ബാധയ്ക്ക് വിദൂര സാധ്യതയെങ്കിലുമുള്ള ഓരോരുത്തരെയും കണ്ടെത്തി വേണ്ടതായ സൗജന്യ പരിശോധനകൾ നടത്തി, ക്ഷയരോഗം സ്ഥിരീകരിക്കപ്പെട്ടവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിവരുന്നു. ഒന്നാംഘട്ട സർവ്വേയിൽ സംസ്ഥാനത്തെ 7428864 വീടുകളിൽ സർവ്വേ നടത്തുകയും 63070 പേരെ പരിശോധനയ്ക്കായി റഫർ ചെയ്യുകയും ഇതിൽ 26487 പേരെ ക്ഷയരോഗ പരിശോധന നടത്തി 325 പേർക്ക് ക്ഷയരോഗം കണ്ടെത്തുകയും ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിലുള്ള ചിട്ടയായ തുടർപ്രവർത്തനങ്ങൾ വഴി "ക്ഷയരോഗ മുക്തകേരളം" എന്ന ലക്ഷ്യം കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ കേരള ക്ഷയരോഗനിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി നടന്നുവരുന്നു.

ക്ഷയരോഗനിർമ്മാർജ്ജനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരോഗ്യപ്രവർത്തകർ ക്ഷയരോഗ സാധ്യത അധികമായുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളവരെ മൂന്ന് മാസത്തിലൊരിക്കൽ സന്ദർശിച്ച് രോഗലക്ഷണങ്ങൾ നിർണ്ണയിക്കുന്ന പ്രവർത്തനങ്ങൾ (ആക്ടീവ് കേസ്

ഫൈൻഡിംഗ് ക്യാമ്പയിൻ) ഏപ്രിൽ 2019 മുതൽ 410 പഞ്ചായത്തുകളിൽ ഇതിനോടകം തുടങ്ങിയിട്ടുണ്ട്. ഒരു പ്രദേശത്തെ ജനങ്ങളിൽ നിന്നും സ്ക്രീനിംഗ് നടത്തി ക്ഷയരോഗബാധയ്ക്ക് സാദ്ധ്യതയുള്ള വിഭാഗത്തെ (Vulnerable population) കണ്ടെത്തി, അവർക്ക് മൂന്ന് മാസത്തിലൊരിക്കൽ ക്ഷയരോഗ പരിശോധന നടത്തുന്നതുവഴി ആ പ്രദേശത്തെ ക്ഷയരോഗ വ്യാപനം നിയന്ത്രിക്കുവാൻ സാധിക്കുന്നു. എല്ലാ വിഭാഗം ജനങ്ങളെയും ക്ഷയരോഗ പരിശോധന നടത്തുമ്പോൾ ഉണ്ടാകുന്ന സമയനഷ്ടവും ധനനഷ്ടവും കുറയ്ക്കാനും, കൂടുതൽ ലക്ഷ്യാധിഷ്ഠിതമായ മാസത്തിലൊരിക്കലുള്ള ക്ഷയരോഗ പരിശോധനയാണ് രണ്ടാംഘട്ടത്തിൽ ചെയ്യുന്നത്.

രണ്ടാംഘട്ടത്തെത്തുടർന്ന് ഡിസംബർ 2022 വരെ നീണ്ടുനിൽക്കുന്ന മൂന്നാംഘട്ടത്തിൽ ക്ഷയരോഗം വരാൻ സാധ്യതയുള്ളവരുടെ എണ്ണത്തിൽ കുറവ് വരുത്തുക എന്ന ലക്ഷ്യത്തോടുകൂടി ക്ഷയരോഗ സാധ്യത വർദ്ധിപ്പിക്കുന്ന പ്രമേഹം, ദീർഘകാല ശ്വാസകോശ രോഗങ്ങൾ, പുകവലി, പോഷകാഹാരക്കുറവ് എന്നിവ നിയന്ത്രിക്കുവാനും കുറയ്ക്കുവാനുമുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്. ദീർഘകാല ശ്വസകോസ രോഗനിയന്ത്രണത്തിനായി "ശ്വാസ്" പദ്ധതിയും സർക്കാർ ആരംഭിച്ചിട്ടുണ്ട്. ടി.ബി. എലിമിനേഷന്റെ നാലാംഘട്ടമായ ലേറ്റന്റ് ടി.ബി. ട്രീറ്റ്മെന്റ് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ലേറ്റന്റ് ടിബി ട്രീറ്റ്മെന്റ് ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിന്റെ സാങ്കേതിക അനുമതിയും സഹായവും കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആദ്യപടിയായി ഇടുക്കി വയനാട് ജില്ലകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ജീവിതശൈലീരോഗങ്ങൾ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ, ജനറൽ ആശുപത്രികളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിത ശൈലീരോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. രോഗനിർണ്ണയത്തോടൊപ്പം തന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനായി 'അമൃതം ആരോഗ്യം' എന്ന ജീവിത ശൈലീരോഗ നിയന്ത്രണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആർദ്രംമിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ 6 ദിവസവും ജീവിതശൈലീ ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ പ്രീ ചെക്ക്

ക്ലിനിക്കുകളിലൂടെ നടത്തിവരുകയും ചെയ്യുന്നു. കൂടാതെ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽനിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യബോധവൽക്കരണവും നടത്തിവരുന്നു. ജീവിത ശൈലീരോഗങ്ങൾ ക്കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ല, ജനറൽ, താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറികെയർ യൂണിറ്റുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, സി.ഒ.പി.ഡി. ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളുടെ വ്യാപ്തിയും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനായി 'കിരൺ' എന്ന പേരിൽ ഒരു ബൃഹത് സർവ്വേയും ആരംഭിച്ചിട്ടുണ്ട്.

## റേഷൻ വാങ്ങാൻ പോർട്ടബിലിറ്റി സംവിധാനം

12 (*162) ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പുതിയ റേഷൻ കാർഡുകളുടെ വിതരണം പുനരാരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള കടയിൽ നിന്നും റേഷൻ വാങ്ങാൻ സാധിക്കുന്ന പോർട്ടബിലിറ്റി സംവിധാനം സംസ്ഥാനത്തൊട്ടാകെ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് ഒരിടത്തും റേഷൻ കാർഡ് ഇല്ലാത്തവർ അവർക്ക് സ്വന്തമായി കാർഡില്ലെന്നോ, ആയവർ ഏതെങ്കിലും കാർഡുകളിൽ ഉൾപ്പെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന ജനപ്രതിനിധികളുടെ ശിപാർശ കത്തിനുപകരം അപേക്ഷകന്റെയും ഉൾപ്പെടുത്തേണ്ട കുടുംബാംഗങ്ങളുടെയും ആധാർ അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും.

അപേക്ഷകന്റെ വിലാസം സ്ഥിരീകരിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളിൽ താഴെപ്പറയുന്ന ഏതെങ്കിലും ഒന്ന് ഹാജരാക്കാവുന്നതാണ് :

a) തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ അടച്ച പ്രോപ്പർട്ടി ടാക്സ് രസീതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

b) ഇലക്ട്രിസിറ്റി ബില്ലിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

c) കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള രസീതിന്റെ സ്വയം സക്ഷ്യപ്പെടുത്തിയ പകർപ്പ്

d) ലാന്റ് ഫോൺ ബില്ലിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

e) എൽ. പി. ജി. ലഭ്യമായ വൗച്ചർ, ബില്ലിന്റെ പകർപ്പ്

f) ഗസറ്റഡ് ഓഫീസർ ആണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന

g) നോൺ ഗസറ്റഡ് ഓഫീസർ ആണെങ്കിൽ ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ.- യുടെ സാക്ഷ്യപത്രം

h) പൊതുമേഖലാ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം

i) അംഗീകൃത ദേശസാൽകൃത ബാങ്കിന്റെ ഫോട്ടോ പതിപ്പിച്ച പാസ്സ് ബുക്കിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

j) ആധാർ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

k) ഇലക്ടൽ ഐ.ഡി.- യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

l) സാധുവായ വാടക കരാർ

മേൽ പ്രസ്താവിച്ച രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽപ്പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതും ആയത് അപേക്ഷകന്റെയോ കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന മറ്റ് മുതിർന്ന അംഗങ്ങളുടെ പേരിലോ ഉള്ളതായിരിക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത രേഖകൾ അപേക്ഷ സമർപ്പിക്കുന്ന തീയതി തൊട്ട് 3 മാസത്തിന് മുമ്പ് വരെയുള്ളവ മാത്രമേ പരിഗണിക്കുകയുള്ളൂ.

അപേക്ഷകർക്ക് അവരുടെ വീടിന് സമീപത്തെ അക്ഷയകേന്ദ്രങ്ങൾ വഴി എളുപ്പത്തിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സിറ്റിസൺ ലോഗിൻ വഴി 24 മണിക്കൂറും ഓൺലൈനായി റേഷൻ കാർഡ് സംബന്ധിച്ച അപേക്ഷകൾ പൊതു ജനങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്.

(ബി) 2018 ആഗസ്റ്റ് 4 മുതൽ ഓൺലൈനായി റേഷൻ കാർഡിന് അപേക്ഷിക്കാവുന്ന സംവിധാനം സംസ്ഥാനത്തുടനീളം നിലവിൽ വന്നു. അപേക്ഷകന് നേരിട്ടും (സിറ്റിസൺ ലോഗിൻ) അക്ഷയ സെന്ററുകൾ മുഖേനയും ഓൺലൈൻ അപേക്ഷ നൽകാൻ സാധിക്കും.

(സി) ഉണ്ട്. റേഷൻ കാർഡുകൾ സംബന്ധിച്ച എല്ലാ അപേക്ഷകളും 25-6-2018 മുതൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സ്വീകരിച്ചു തുടങ്ങി. കഴിഞ്ഞ നാല് വർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ ഒന്നും സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ അക്ഷയ/സിറ്റിസൺ ലോഗിൻ വഴിയും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന സംവിധാനം (പോർട്ടബിലിറ്റി) 2018 മേയ് മാസം മുതൽ സംസ്ഥാനത്തുടനീളം നിലവിൽ വന്നിട്ടുണ്ട്. ഈ സംവിധാനം വഴി 2019 മേയ് മാസത്തിൽ 16.3% കാർഡുടമകൾ റേഷൻ വാങ്ങിയിട്ടുണ്ട്.

## മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാൻ നടപടി

13 (*163) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിൽ മാതൃ-ശിശു മരണനിരക്ക് എത്രയാണ്; സംസ്ഥാനത്തെ മാതൃമരണനിരക്ക് അടുത്ത വർഷത്തോടെ മുപ്പതായി കുറയ്ക്കുന്നതിനും ശിശുമരണനിരക്ക് ആറിലേക്ക് താഴ്ത്തുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഹൈ ഡിപ്പൻഡന്റ് യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഇവകൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടം എന്തെല്ലാമാണ്; ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് ഇൻഫന്റ് ഡെത്ത് ഓഡിറ്റ് നടത്തുന്നുണ്ടോ; എങ്കിൽ ഇതിൻപ്രകാരമുള്ള കണ്ടെത്തലുകൾ അറിയിക്കുമോ; ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) നീതി ആയോഗിന്റെ കണക്ക് പ്രകാരം 2014-16- ൽ ഇന്ത്യയിലെ മാതൃ മരണ നിരക്ക് ഒരു ലക്ഷം പ്രസവത്തിൽ 130 ആണ്. കേരളത്തിൽ ഇത് 46 ആണ്.

സംസ്ഥാനത്തെ മാതൃ മരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് മിഷനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും, കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജിയുടെ സാങ്കേതിക നവീകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി കേരളത്തിൽ നടപ്പിലാക്കിവരുന്നു. ഇത് പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവ മുറിയിൽ ജോലി ചെയ്യുന്ന മറ്റു ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകുകയും, ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, സിസേറിയൻ കിറ്റ് എന്നിവ ആശുപത്രികളിൽ ലഭ്യമാക്കി വരുകയും ചെയ്യുന്നു. ആശുപത്രികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകുന്നു. മാതൃ മരണത്തിന്റെ കാരണം കണ്ടുപിടിക്കുന്നതിനായി മാതൃ മരണ ഓഡിറ്റ് നടപ്പിലാക്കുകയും, ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം പ്രകാരം 2017-ൽ ശിശുമരണ നിരക്ക് ഇന്ത്യയിൽ ശരാശരി 33 ആണ്. എന്നാൽ കേരളത്തിലെ ശിശുമരണ നിരക്ക് 10 ആണ്. ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ജന്മനാ ഹൃദയ വൈകല്യമുള്ള കുട്ടികളെ കണ്ടെത്താനും അവരുടെ ശസ്ത്രക്രിയ ഉറപ്പുവരുത്താനുമായി ഹൃദ്യം പദ്ധതി ആരംഭിച്ചു. മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കാനും, ലേബർ റൂമുകളുടെ നിലവാരം മെച്ചപ്പെടുത്താനും ലക്ഷ്യ സ്റ്റാൻഡേർഡ്സ് നടപ്പിലാക്കിവരുന്നു. ശലഭം പദ്ധതിയും ഈ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നുണ്ട്. പ്രസവം നടക്കുന്ന ആശുപത്രികളിൽ ആധുനിക മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകുന്നു.

പ്രസവം നടക്കുന്ന ആശുപത്രികളിൽ NBCC (New Born Care Corner)-യും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (New Born Stabilization Unit), SNCU (Special New Born Care Unit)-യും ആരംഭിച്ചിട്ടുണ്ട്.

മാതൃ-മരണ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടി മെഡിക്കൽ കൊളേജ് ആശുപത്രികളിലെ ഗൈനക്കോളജി വിഭാഗത്തിൽ ഇമകോൾ എന്ന പദ്ധതി പ്രകാരം ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റു ജീവനക്കാർക്കും വിദഗ്ദ്ധ പരിശീലനം നൽകി വരുന്നുണ്ട്. ഗൈനക്കോളജി വിഭാഗത്തിൽ എല്ലാ മാസവും നിയർ മിസ് ഓഡിറ്റ്, CMRD, പെരിനേറ്റൽ ഓഡിറ്റ്, ഇൻഫെക്ഷൻ കൺട്രോൾ സ്കീമുകൾ, ORRT (Obstetrics Rapid Response Team) എന്നിവ നടപ്പിലാക്കി പ്രവർത്തന അവലോകനം നടത്തുന്നുണ്ട്. ഗൈനക്കോളജി വിഭാഗങ്ങളിൽ അത്യാധുനിക സൗകര്യമുള്ള മെഡിക്കൽ ഇന്റെൻസീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മാതൃ മരണ നിരക്ക് കുറയ്ക്കുകയാണ് ഇവകൊണ്ട് ലക്ഷ്യമാക്കുന്നത്.

(ബി) മാതൃ-മരണ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ഹൈഡിപ്പെൻഡന്റ് യൂണിറ്റുകൾ (എച്ച്. ഡി. യു.) താഴെ ചേർത്തിരിക്കുന്ന ആശുപത്രികളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം; വിക്ടോറിയ ആശുപത്രി, കൊല്ലം; ജില്ലാ ആശുപത്രി കോഴഞ്ചേരി; കോട്ടയം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി; ജില്ലാ ആശുപത്രി, മാനന്തവാടി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ്ഃ ഐ.എം.സി.എച്ച്. കോഴിക്കോട്.

2018-19 കാലയളവിൽ ഒബ്സ്റ്റട്രിക് ഹൈബ്രിഡ് ഐ.സി.യു.- തിരുവനന്തപുരം, എസ്. എ. ടി. ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജ്, ഐ.എം.സി.എച്ച്. കോഴിക്കോട് എന്നിവിടങ്ങളിലും, ഒബ്സ്റ്റട്രിക് എച്ച്.ഡി.യു.-സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം; വിക്ടോറിയ ആശുപത്രി, കൊല്ലം; ജില്ലാ ആശുപത്രി മാനന്തവാടി; ജില്ലാ ആശുപത്രി, കോഴഞ്ചേരി; സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ്; സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി എന്നിവിടങ്ങളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള 7,26,48,270 രൂപയുടെ ഭരണാനുമതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

2019-20 -ൽ കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ പുതുതായി ആരംഭിച്ച ഒബ്സ്റ്റട്രിക് ഐ.സി.യു. വിലേയ്ക്കും; സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ആലപ്പുഴ; താലൂക്ക് ആശുപത്രി, തിരൂരങ്ങാടി; ജില്ലാ ആശുപത്രി, തിരൂർ; താലൂക്കാശുപത്രി, താമരശേരി; ജില്ലാ ആശുപത്രി, കണ്ണൂർ; ജനറൽ ആശുപത്രി, തലശ്ശേരി; താലൂക്ക് ആശുപത്രി തളിപ്പറമ്പ്; ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ എച്ച്.ഡി.യു.-വിലേയ്ക്കും ഉപകരണങ്ങൾ വാങ്ങുന്നതിനായി 3,81,97,401 രൂപയുടെ ഭരണാനുമതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

(സി) പ്രത്യേക ഒബ്സ്റ്റട്രിക് ഐ.സി.യു. എല്ലാ മെഡിക്കൽ കോളേജുകളിലും എല്ലാ ജില്ലാ ആശുപത്രികളിലും/പ്രസവം നടക്കുന്ന ആശുപത്രികളിലും എച്ച്. ഡി. യു. സംവിധാനം ആരംഭിക്കുന്നത് വഴി ഗർഭിണികളായ അമ്മമാർക്ക് ജീവന് ഭീഷണിയാകുന്ന പ്രസവസംബന്ധമായ സങ്കീർണ്ണതകൾ നേരിടാനും പ്രത്യേക സേവനങ്ങൾ ഏറ്റവും എളുപ്പത്തിൽ ലഭ്യമാകുന്നതിനും സാധിക്കുന്നു. തന്മൂലം മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുവാനും, ശിശുക്കളിലെ രോഗ നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും സാധ്യമാകുന്നു. ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും പ്രസ്തുത പദ്ധതിയുടെ പ്രത്യേക പരിശീലനം പദ്ധതി നടപ്പാക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

(ഡി) 11-4-2017-ലെ G.O. (Ms) No. 51/2017/H&FWD പ്രകാരം സംസ്ഥാനത്ത് ശിശു-മരണ ഓഡിറ്റ് നടത്തുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ജില്ലകൾ ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിന്റെ സഹകരണത്തോടെ ശിശു മരണ ഓഡിറ്റുകൾ ചെയ്തുവരുന്നു. ഇത്തരത്തിൽ ഓഡിറ്റ് ചെയ്യുമ്പോൾ കുട്ടിയുടെ മരണത്തിലേക്ക് നയിച്ച കാരണങ്ങൾ, മരണം ഏത് സാഹചര്യംമൂലം സംഭവിച്ചു എന്നിങ്ങനെ എല്ലാ തലത്തിലും ഓഡിറ്റ് നടത്തുപ്പെടുന്നു. ഓഡിറ്റിന് ശേഷം ഏതൊക്കെ അസുഖങ്ങൾ ബാധിച്ചാണ് കുട്ടികൾ മരണമടഞ്ഞത് എന്ന വിശദാംശം ലഭ്യമാകുക വഴി ഭാവിയിൽ അത്തരം അസുഖങ്ങൾ/സാഹചര്യംമൂലം കുട്ടികൾ മരണപ്പെടുന്നത് തടയുന്നതിനുള്ള ഇടപെടലുകൾ കൃത്യമായി നടത്തുവാൻ സാധിക്കുന്നു.

ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതി വളരെ വിജയകരമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ടിംഗ് പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതിലേക്കായി എല്ലാ പ്രസവാശുപത്രികളിലേക്കും ഒരു കമ്പ്യൂട്ടർ ടാബ് നൽകിയിട്ടുണ്ട്. കൂടാതെ ജന്മനായുള്ള ഹൃദ്രോഹം നേരത്തെ കണ്ടെത്തുന്നതിനായി പ്രധാന പ്രസവാശുപത്രികളിൽ പൾസ് ഓക്സി മീറ്റർ നൽകിയിട്ടുണ്ട്. ന്യൂ ബോൺ സ്ക്രീനിംഗ് പദ്ധതിയുടെ കഴിഞ്ഞ വർഷത്തെ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

192126 കുട്ടികളെ വിസിബിൾ ബർത്ത് ഡിഫെക്ട് സ്ക്രീനിങ്ങിനും, 79646 കുട്ടികളെ പൾസ് ഓക്സിമീറ്റർ സ്ക്രീനിങ്ങിനും. 54558 കുട്ടികളെ കേൾവി പരിശോധനയ്ക്കും (ഓട്ടോ അക്വാസ്റ്റിക് എമിഷൻ), 82629 കുട്ടികളെ ഇൻബോൺ എറേഴ്സ് ഓഫ് മെറ്റബോളിസം/രക്ത പരിശോധനയ്ക്കും വിധേയമാക്കി.

**വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും**

14 (*164) ശ്രീ. എം. മുകേഷ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇവരുടെ സംരക്ഷണത്തിനായി എല്ലാ ജില്ലകളിലും പകൽ വീടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വയോജനങ്ങളുടെ ക്ഷേമത്തിനായി ഹെൽപ്പ് ലൈൻ, കോൾ സെന്ററുകൾ, അലെർട്ട് സിസ്റ്റം എന്നിവ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വയോജനങ്ങൾക്കായി നടപ്പാക്കിയ വയോമിത്രം പദ്ധതിയ്ക്ക് ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) സംസ്ഥാനത്ത് നിലവിൽ 358 ഗ്രാമപഞ്ചായത്തുകളിലായി 464 പകൽ വീടുകൾ നിലവിലുണ്ട്. പകൽ വീടുകൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ആയത് നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വയോജനങ്ങളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നിലവിലുള്ളതിനാൽ ഹെൽപ്പ് ലൈൻ, കോൾ സെന്ററുകൾ, അലെർട്ട് സിസ്റ്റം എന്നിവ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി നടപ്പാക്കിയ വയോമിത്രം ഉൾപ്പെടെ വിവിധ പദ്ധതികളെ മുൻനിർത്തി 2017-ലെ കേന്ദ്രസർക്കാരിന്റെ "വയോശ്രേഷ്ഠ സമ്മാൻ" പുരസ്കാരം ലഭിച്ചിട്ടുണ്ട്.

**പേവിഷബാധയ്ക്കെതിരെ ബോധവൽക്കരണം**

15 (*165) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് സൗജന്യമായിട്ടും പേ വിഷബാധയേറ്റ് മരണം സംഭവിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ചികിത്സ തേടുന്നതിലുള്ള അജ്ഞതയും അനാസ്ഥയും പേവിഷബാധയേറ്റുള്ള മരണങ്ങൾ തടയുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ടോ;

(സി) പേ വിഷബാധയ്ക്കെതിരെ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പേ വിഷ ബാധയ്ക്കെതിരെയുള്ള ആന്റി റാബിസ് വാക്സിൻ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ് ഗുരുതരമായ കടിയേൽക്കുന്നവർക്ക് നലകുന്ന Equine Anti Rabies Immunoglobulin (Serum) താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. എങ്കിലും പേ വിഷ ബാധയേറ്റ് 2018-ൽ 9 പേരും 2019 ജനുവരി മുതൽ ജൂൺ 7 വരെ 5 പേരും മരണ മടഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് നിരന്തരമായി ബോധവത്കരണം നടത്തി വരുന്നുണ്ടെങ്കിലും ചികിത്സ തേടുന്നതിലുള്ള അജ്ഞതയും അനാസ്ഥയുംമൂലം പേ വിഷ ബാധയേറ്റുള്ള മരണങ്ങൾ തടയുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. പട്ടി, പൂച്ച, എലി മുതലായ ജീവികൾ കടിച്ചാൽ യഥാസമയം പേ വിഷബാധക്കെതിരെയുള്ള വാക്സിൻ എടുക്കേണ്ടത് അത്യാന്താപേക്ഷിതമാണ്. ചില ആളുകൾ ഈ വിഷയത്തിലെ അജ്ഞത മൂലം ഇത് വളരെ നിസരമായി കാണുകയും വാക്സിനേഷന് വിധേയരാകാതിരിക്കുകയും ചെയ്യുന്നുണ്ട്. പേ വിഷബാധയേറ്റ

മൃഗങ്ങളുടെയും മറ്റു ജീവികളുടെയും കൂടി സമ്പർക്കം ഉണ്ടാകുന്നവർ തുടക്കത്തിൽ പ്രത്യേക രോഗ ലക്ഷണങ്ങൾ ഒന്നും കാണിക്കാത്തതിനാൽ പലപ്പോഴും രോഗ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ട ശേഷമായിരിക്കും പേവിഷബാധയെക്കുറിച്ച് ബോധവാനാകുന്നത്. ചികിത്സിക്കുന്ന ഡോക്ടറോട് വിവരങ്ങൾ വെളിപ്പെടുത്താത്തതും, ചികിത്സ വൈകുന്നതിനും രോഗം മൂർച്ഛിക്കുന്നതിനും മരണത്തിനും കാരണമായിത്തീരുന്നുണ്ട്.

(സി) പേവിഷബാധയ്ക്കെതിരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ആശാവർക്കർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകർ വീടുകൾ തോറും ബോധവത്കരണം നടത്തുന്നുണ്ട്. കൂടാതെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ സ്കൂളുകളിലും അംഗൻവാടികളിലും ബോധവത്കരണ ക്ലാസ്സുകൾ നൽകിവരാറുണ്ട്. ഇത് കൂടാതെ ഡോക്ടർമാർക്കും, സ്റ്റാഫ് നഴ്സ്മാർക്കും പേവിഷബാധ ചികിത്സയെപ്പറ്റിയും വാക്സിനേഷനെപ്പറ്റിയും പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാർ പേവിഷബാധ പ്രതിരോധം സംബന്ധിച്ച് ബോധവത്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയകൾ മുഖാന്തരവും പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയും സർക്കാർ ബോധവത്കരണം നടത്തിവരുന്നുണ്ട്.

## ലീഗൽ മെട്രോളജി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

16 (*166) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) അളവിലും തൂക്കത്തിലുമുള്ള നിയമലംഘനങ്ങൾ ചിത്രങ്ങളായോ വീഡിയോ ആയോ സന്ദേശങ്ങളായോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങളും പരാതികൾ നല്കുന്നതിനും അവയ്ക്ക് പരിഹാരമുണ്ടാക്കുന്നതുൾപ്പെടെയുള്ള സംവിധാനങ്ങളും വേഗത്തിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഡി) വകുപ്പിനെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സംശയ നിവാരണത്തിനും പരാതി നൽകുന്നതിനുമായി കോൾ സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) പത്ര-ദൃശ്യ നവമാധ്യമങ്ങളിലൂടെ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>):

(എ) പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും ലീഗൽ മെട്രോളജി ഇൻസ്പെക്ടറാഫീസുകൾ അനുവദിക്കുകയും 63 സ്ഥിരം തസ്തികകളും 42 ദിവസവേതന തസ്തികകളും സൃഷ്ടിക്കുകയും ചെയ്തു. 14 പുതിയ വാഹനങ്ങൾ അനുവദിച്ചു. വകുപ്പിന്റെ 41 വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ച സംശയ ദൂരീകരണത്തിനും പരാതികൾ നൽകുന്നതിനുമായി ടോൾ ഫ്രീ നമ്പർ, കാൾ സെന്റർ, 'സുതാര്യം' മൊബൈൽ ആപ്പ് എന്നിവ ആരംഭിച്ചു.

(ബി) 'സുതാര്യം' എന്ന മൊബൈൽ അപ്ലിക്കേഷനിലൂടെയും ഇ-മെയിൽ മുഖേനയും അളവിലും തൂക്കത്തിലുമുള്ള നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ വീഡിയോ ആയോ സന്ദേശങ്ങളായോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ എത്തിക്കുന്നതിന് സാധിക്കുന്നതാണ്.

(സി) പരാതികൾ നൽകുന്നതിനായി 'സുതാര്യം' എന്ന മൊബൈൽ അപ്ലിക്കേഷൻ, കാൾ സെന്റർ, ജി.പി.എസ്. അധിഷ്ഠിത വാഹനങ്ങൾ എന്നിവ നിലവിലുണ്ട്. കൂടാതെ വെബ്സൈറ്റ് (lmd.kerala.gov.in) ഇ-മെയിൽ (clm.lmd@kerala.gov.in) ടെലിഫോൺ എന്നിവ മുഖേനയും പൊതുജനങ്ങൾക്ക് പരാതികൾ നൽകാവുന്നതാണ്. ടി പരാതികൾ വേഗത്തിൽ പരിഹരിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

(ഡി) ഉണ്ട്. കേരള സംസ്ഥാന ഐ.ടി. മിഷന്റെ കോമൺ കോൾ സെന്ററാണ് വകുപ്പ് ഉപയോഗിച്ചുവരുന്നത്. ഇതിലൂടെ വകുപ്പിനെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സംശയനിവാരണത്തിനും പരാതി നൽകുന്നതിനും സാധിക്കുന്നതാണ്. 0471-155300/9400198198 എന്നിവയാണ് കോൾ സെന്ററിൽ ബന്ധപ്പെടാനുള്ള നമ്പറുകൾ.

(ഇ) നവ മാധ്യമങ്ങളായ ഫെയ്സ്ബുക്ക്, ട്വിറ്റർ എന്നിവയിൽ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് വിവരങ്ങൾ നൽകിയിട്ടുണ്ട്.

Facebook ID:- Department of Legal Metrology@clmkerala facebook.com/clmkerala

Twitter ID:- Legal Metrology, Kerala@CMetrology അച്ചടി മാധ്യമങ്ങളിലും, FM റേഡിയോയിലും വകുപ്പിന്റെ പരസ്യങ്ങൾ നൽകുന്നുണ്ട്.

**റേഷൻ വാങ്ങാത്ത കാർഡ് ഉടമകൾ**

17 (*167) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ട ആളുകൾ അനുവദിക്കപ്പെട്ട റേഷൻ വിഹിതം വാങ്ങാൻ തയ്യാറാകാത്തതിനാൽ മുൻഗണനാ ലിസ്റ്റിന് പുറത്തുനിൽക്കുന്ന അർഹതപ്പെട്ടവർക്ക് ധാന്യം നിഷേധിക്കപ്പെടുന്ന അവസ്ഥ സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധാർ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇ-പോസ് സംവിധാനം ഭക്ഷ്യവിതരണത്തിൽ വരുത്തിയ മാറ്റങ്ങൾ ഈ മേഖലയിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് ഏതളവുവരെ സഹായകമായെന്ന് അറിയിക്കുമോ;

(സി) ഏത് റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാമെന്ന പരിഷ്കാരം, റേഷൻ വാങ്ങുന്ന ആളുകളുടെ എണ്ണത്തിലും അളവിലും വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പതിനഞ്ച് ശതമാനം റേഷൻ കാർഡ് ഉടമകൾ റേഷൻ വാങ്ങുന്നില്ലെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; ആയത് എന്തുകൊണ്ടാണെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 3 മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡുതല പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. റേഷൻ വാങ്ങാത്തവരെ കണ്ടെത്തി മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് അർഹതയനുസരിച്ച് മുൻഗണനാ വിഭാഗത്തിലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇ-പോസ് അധിഷ്ഠിത റേഷൻ വിതരണം നടപ്പിൽ വരുത്തിയശേഷം യഥാർത്ഥ ഗുണഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. 97% കാർഡുടമകളും ആധാർ ആതന്റിക്കേഷൻ/OTP മുഖേനയാണ് റേഷൻ കൈപ്പറ്റുന്നത്. സ്റ്റോക്കിന്റെ ലഭ്യത, ഗുണഭോക്തൃവിഹിതം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി അറിയാൻ സാധിക്കും.

(സി) പോർട്ടബിലിറ്റി സംവിധാനം കൂടി ഇ-പോസ് സംവിധാനത്തോടൊപ്പം നിലവിൽ വന്നതിനാൽ സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാൻ സാധിക്കും. ഇത് കാർഡുടമകൾക്ക് വലിയ സഹായകരമായി. 16.3% കാർഡുടമകൾ ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്. റേഷൻ വാങ്ങുന്ന ആളുകളുടെ എണ്ണത്തിലും അളവിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) ഉണ്ട്. സംസ്ഥാനത്ത് 15%-ലധികം പേർ റേഷൻ വാങ്ങുന്നില്ല. പൊതുവിഭാഗത്തിൽപ്പെടുന്ന റേഷൻ വാങ്ങാത്തവരുടെ വിഹിതം ഉപയോഗിച്ച് ഓരോ മാസവും റേഷൻ വിഹിതം വർദ്ധിപ്പിക്കാൻ സാധിക്കുന്നുണ്ട്. മുൻഗണനാ/എ.എ.വൈ. വിഭാഗത്തിൽപ്പെടുന്ന തുടർച്ചയായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി ഫീൽഡുതല പരിശോധന നടത്തി വരികയാണ്. ഇവർക്ക് നോട്ടീസ് നൽകി മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

**വൻകിട അടിസ്ഥാന വികസന പദ്ധതികൾ**

18 (*168) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>
<u>ശ്രീ. കാരാട്ട് റസാഖ്:</u>
<u>ശ്രീ. കെ.സുരേഷ് കുറുപ്പ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഏറ്റെടുത്തു നടത്തിയ വൻകിട അടിസ്ഥാന വികസന പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വ്യവസായ വികസനത്തിന് ഏറെ പ്രയോജനകരമായതും മുൻ സർക്കാർ നിർത്തിവച്ചിരുന്നതുമായ കൊച്ചി-മംഗളൂരു ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(സി) പരിസ്ഥിതി മലിനീകരണം വളരെ കുറഞ്ഞ പ്രകൃതിവാതകം, പൈപ്പ് ലൈൻ കടന്നുപോകുന്ന ജില്ലകളിൽ വീടുകൾക്കും വാഹനങ്ങൾക്കും ലഭ്യമാക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത് നടപ്പാക്കി വരുന്ന വൻകിട അടിസ്ഥാന വികസന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പദ്ധതികളുടെ പുരോഗതി സമയാസമയങ്ങളിൽ അവലോകനം ചെയ്യുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകളിലേയും, നിർവ്വഹണ വകുപ്പുകളിലേയും/ഏജൻസികളിലേയും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്ന പദ്ധതി ചെലവ് അവലോകന യോഗങ്ങളിൽ പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പുരോഗതി ചീഫ് സെക്രട്ടറി നടത്തുന്ന സെക്രട്ടറിമാരുടെ പ്രതിമാസ യോഗത്തിലും പ്രത്യേകമായും വിലയിരുത്താറുണ്ട്.

(ബി) മുടങ്ങിക്കിടന്ന ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ കൊച്ചി-മാംഗ്ലൂർ (409 കി.മീ), കൊച്ചി-കോയമ്പത്തൂർ-ബംഗലൂരു പൈപ്പ് ലൈൻ (98 കി.മീ) എറണാകുളം ഉൾപ്പെടെ 7 വടക്കൻ ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈൻ 408 കി.മീ (99%) വെൽഡിംഗ് പൂർത്തീകരിച്ചു. കൊച്ചി-കോയമ്പത്തൂർ-ബംഗലൂരു പൈപ്പ് ലൈൻ 38 കി.മീ (38.77%) വെൽഡിംഗ് പൂർത്തീകരിച്ചു. ആകെ 446 കി.മീ (88%) പൂർത്തീകരിച്ചു. 2019 ജൂലൈ 31-നകം കമ്മീഷൻ ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(സി) വീടുകളിലേയ്ക്ക് പാചക ആവശ്യത്തിനായി പൈപ്പുകളിലൂടെ പ്രകൃതി വാതകം എത്തിക്കുന്ന പദ്ധതി (പി.എൻ.ജി.) ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം ജില്ലയിൽ ആരംഭിച്ചു. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, ആലപ്പുഴ, തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പദ്ധതി തുടങ്ങാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാഹനങ്ങൾക്കുള്ള ഇന്ധനം (സി.എൻ.ജി.) ലഭ്യമാക്കുന്നതിനായി സ്റ്റേഷനുകളും എറണാകുളം ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു. കൊച്ചി-മംഗലാപുരം പൈപ്പ് ലൈൻ കടന്നു പോകുന്ന എല്ലാ പ്രദേശങ്ങളിലേയും വീടുകളിലും വാഹനങ്ങളിലും പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനാവശ്യമായ ടാപ്പ്-ഓഫ് സംവിധാനം എല്ലാ ജില്ലകളിലും ഗെയിൽ പൂർത്തിയാക്കിക്കഴിഞ്ഞു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളുടെ തുടർപഠനം

19 (*169) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ചിൽഡ്രൻസ് ഹോമുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികളുടെ തുടർപഠനം ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ചിൽഡ്രൻസ് ഹോമുകളിൽ താമസിച്ച് പഠിക്കുന്നവരിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ കുട്ടികളുടെ വിശദാംശങ്ങൾ ലഭ്യമാണോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഉപരിപഠനത്തിന് യോഗ്യരായ കുട്ടികൾക്ക് പ്രസ്തുത സ്ഥാപനത്തിനടുത്തുള്ള സ്കൂൾ, കോളേജുകളിൽ അഡ്മിഷൻ ഉറപ്പുവരുത്തി തുടർ വിദ്യാഭ്യാസത്തിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സർക്കാർ ചിൽഡ്രൻസ് ഹോമുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് പത്താം തരം, പ്ലസ് ടു എന്നീ ക്ലാസ്സുകൾക്കുശേഷം കുട്ടികളുടെ ആഗ്രഹപ്രകാരം യഥാക്രമം പ്ലസ് വൺ കോഴ്സുകളിലേയ്ക്കും വിവിധ ഡിഗ്രി/ഡിപ്ലോമ/ടെക്നിക്കൽ കോഴ്സുകളിലേയ്ക്കും അഡ്മിഷൻ ലഭ്യമാക്കുന്നുണ്ട്. അഡ്മിഷൻ ലഭ്യമാകാത്ത സാഹചര്യങ്ങളിൽ സ്പെഷ്യൽ ഓർഡർ പ്രകാരം വിവിധ കോഴ്സുകളിൽ അഡ്മിഷൻ ലഭ്യമാക്കുന്നുണ്ട്. കൂടാതെ നിർഭയ സെല്ലിന് കീഴിൽ പ്രവർത്തിക്കുന്ന ഷെൽട്ടർ ഹോമുകളിലെ സ്കൂളിൽ പഠിക്കുന്ന മിടുക്കരായ അന്തേവാസികൾക്ക് സുഗമമായ പഠനം നടത്തുന്നതിനായി 'തേജോമയ ഹോം', സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കുട്ടികളുടെ താൽപ്പര്യപ്രകാരം തുടർവിദ്യാഭ്യാസത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി ക്ഷേമ പദ്ധതികൾ

20 (*170) ശ്രീ. കെ. ബാബു:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ബി. സത്യൻ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലാദ്യമായി ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി പ്രത്യേക നയം നടപ്പിലാക്കിയ സംസ്ഥാനമെന്ന നിലയിൽ ഇവർക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിപുലമായ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ വിഭാഗക്കാർക്ക് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായം നൽകി വരുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഇവർക്കായുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ട്രാൻസ്ജെൻഡർ വിഭാഗക്കാർക്കായി ചുവടെപ്പറയുന്ന ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:

1. തിരിച്ചറിയൽ കാർഡ് വിതരണം
2. സമന്വയ തുടർ വിദ്യാഭ്യാസ പദ്ധതി
3. ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്
4. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി.
5. സംരംഭകത്വ വികസന പരിശീലന പദ്ധതി
6. എച്ച്.ഐ.വി. സീറോ സർവൈലൻസ് സെന്റർ
7. 24 x 7 ഹെൽപ്പ് ലൈൻ (No. 1800 425 12147)
8. ബ്യൂട്ടീഷൻ പരിശീലന പദ്ധതി

9. തയ്യൽ മെഷീൻ വിതരണ പദ്ധതി
10. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം
11. എസ്. ആർ. എസ്. കഴിഞ്ഞ ട്രാൻസ്ജെന്റർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി
12. വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി
13. ഡ്രൈവിംഗ് പരിശീലനം
14. ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി
15. ബോധവത്കരണ പരിപാടികൾ
16. കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോം.
17. ട്രാൻസ്ജെൻഡർ കലോത്സവം
18. ട്രാൻസ്ജെൻഡർ കായികമേള
19. അഡ്വക്കസി ക്യാമ്പയിൻ
20. നൈപുണ്യ വികസന പരിശീലന പരിപാടി
21. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം
22. പി. എസ്. സി. പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകി.
23. ഡ്രൈവിംഗ് ലൈസൻസിനായുള്ള അപേക്ഷാഫോമുകളിൽ ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തി.
24. ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സൗഹൃദ ടോയിലറ്റുകൾ സ്ഥാപിക്കാൻ അനുമതി നൽകി.

(ബി) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം 2235-60-200-64 (P) ശീർഷകത്തിൽ 450 ലക്ഷം രൂപയും 2235-60-200 92 (P) ശീർഷകത്തിൽ 60 വയസ്സിന് മുകളിലുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 500 ലക്ഷം രൂപ ബഡ്ജറ്റിൽ വിലയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ക്ഷേമ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പ്രായോഗികത

ഉറപ്പുവരുത്തുന്നതിനുമായി വിപുലമായ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മേൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാന ജസ്റ്റിസ് ബോർഡ്, ജില്ലാ ജസ്റ്റിസ് ബോർഡുകൾ, ട്രാൻസ്ജെൻഡർ സെൽ എന്നിവയുടെ സഹായ സഹകരണങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ളതും വിശ്വാസ്യതയുള്ളതുമായ NGO/CBO കളെ ക്ഷേമപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഉപജീവനം കണ്ടെത്തുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50,000 രൂപ ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടം എന്ന നിലവിൽ വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ അർഹരായ 62 വ്യക്തികൾക്ക് സ്വയം തൊഴിൽ ധനസഹായ പദ്ധതിയുടെ ഒന്നാംഗഡു തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തി രണ്ടാംഗഡു തുക വകുപ്പ് വിതരണം ചെയ്തുവരുന്നു. കൂടാതെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സന്നദ്ധരായ 10 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 3 ലക്ഷം രൂപ വീതം ലോൺ അനുവദിക്കുന്നതിനായി 30 ലക്ഷം രൂപ വനിതാ വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ടി പദ്ധതി വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള കേന്ദ്രീകൃത സംവിധാനമെന്ന നിലയിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ട്രാൻസ്ജെൻഡർ സെൽ രൂപീകരിക്കുകയും 26-2-2018 മുതൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഒരു പ്രോജക്ട് ഓഫീസറും 2 പ്രോജക്ട് അസിസ്റ്റന്റുമാരും, ഒരു ഓഫീസ് അറ്റൻഡന്റും ഉൾപ്പെടെ 4 ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട കരാർ ജീവനക്കാരാണ് ട്രാൻസ്ജെൻഡർ സെല്ലിൽ പ്രവർത്തിച്ചുവരുന്നത്.

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

21 (*171) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യഗവേഷണരംഗത്തെ നൂതന പരിഷ്കാരങ്ങളും വിവരങ്ങളും ഗവേഷണ ഫലങ്ങളും ലഭ്യമാക്കുന്ന ഗ്ലോബൽ വൈറസ് നെറ്റ് വർക്കിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) നിപ വൈറസ് പോലുള്ള രോഗഹേതുക്കളും അപകടകാരികളുമായ വൈറസിനെയും ബാക്ടീരിയയെയും തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യരംഗത്തെ പുരോഗതിക്കും പകർച്ചവ്യാധികൾ പോലെയുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഏതൊക്കെ തരത്തിൽ സഹായകരമാകുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) കോഴിക്കോട് ജില്ലയിൽ നിപാ വൈറസ് ബാധയുണ്ടായ പശ്ചാത്തലത്തിൽ കേരളത്തിൽ ലോകനിലവാരത്തിലുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയും തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുകയും ചെയ്തു. ഇതിന്റെ രണ്ടാം ഘട്ടത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഗ്ലോബൽ വൈറസ് നെറ്റ് വർക്ക് (GVN) എന്ന സംഘടനയിൽ അംഗത്വമെടുക്കുവാനുമുള്ള പ്രക്രിയകൾ പുരോഗമിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രഗത്ഭരായ വൈറോളജിസ്റ്റുകളെ കണ്ടെത്തി നിയമനം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി പുരോഗമിക്കുകയാണ്.

(ബി) നിപ വൈറസ് പോലുള്ള രോഗഹേതുക്കളേയും അപകടകാരികളായ വൈറസിനെയും ബാക്ടീരിയയെയും തിരിച്ചറിഞ്ഞ് രോഗം സ്ഥിരീകരിക്കുന്നതിന് പര്യാപ്തമായ ലബോറട്ടറി സൗകര്യങ്ങൾ ആരോഗ്യ വകുപ്പിനുണ്ട്. ഡെങ്കിപ്പനി, ചിക്കുൻഗുനിയ എന്നീ രോഗങ്ങളുടെ വൈറസുകളെ തിരിച്ചറിയുവാനുള്ള സൗകര്യം സംസ്ഥാനത്തെ 33 സെന്റിനൽ സർവയലൻസ് ലാബുകളിൽ ലഭ്യമാണ്. നിപ, വെസ്റ്റ് നൈൽ, എച്ച് 1 എൻ 1, റൂബല്ല, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, കുരങ്ങുപനി തുടങ്ങിവയുടെ വൈറസുകളെ തിരിച്ചറിയുവാനുള്ള സൗകര്യം ആലപ്പുഴയിലെ നാഷണൽ വൈറോളജി യൂണിറ്റിലുണ്ട്. എലിപ്പനി, സ്ക്രബ്‌ടൈഫസ് എന്നീ രോഗങ്ങളുടെ രോഗാണുക്കളെ തിരിച്ചറിയാൻ മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി ലാബുകളിലും ജില്ലാ/റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിൽ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, ജപ്പാൻ ജ്വരം, എച്ച് 1 എൻ 1, എലിപ്പനി, സ്ക്രബ്‌ടൈഫസ്, സിക്ക, ഹെപ്പറ്റൈറ്റിസ് എ തുടങ്ങി നിരവധിതരം രോഗാണുക്കളെ തിരിച്ചറിയുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ ഉണ്ട്.

ആരോഗ്യ വകുപ്പ് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി ആരോഗ്യജാഗ്രതാ പരിപാടികളും ദേശീയ ആരോഗ്യപരിപാടികളും സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളുടേയും, ഏജൻസികളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തി രോഗം പരത്തുന്ന പ്രാണികളുടെ നശീകരണം സാധ്യമാക്കുന്നു. രോഗനിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, പ്രാണിനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നു.

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജീകരിക്കുന്നത് ആരോഗ്യരംഗത്തെ പുരോഗതിക്കും വൈറസ്മൂലമുള്ള പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനുമുള്ള സജ്ജീകരണങ്ങളാണ്. രോഗനിർണ്ണയം, വൈറസിന്റെ ജനിസുകളുടെ വിശകലനം, ബൃഹത്തായ ഗവേഷണ നിരീക്ഷണങ്ങൾ നടത്തുവാനുള്ള ആധുനിക സജ്ജീകരണങ്ങൾ എന്നിവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ ഉണ്ടാകും. സമയബന്ധിതമായി പകർച്ച വ്യാധികൾ നേരിടുവാൻ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം സഹായകരമാവുകയും പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ സാമ്പിളുകൾ അയച്ച് നിർണ്ണയം നടത്തുവാൻ എടുക്കുന്ന കാലതാമസം ഒഴിവാക്കുവാനും സാധിക്കും. കേരളത്തിലെ മെഡിക്കൽ കോളേജുകളും, ആശുപത്രികളും ബന്ധിപ്പിക്കുന്ന ആധുനിക നെറ്റ്വർക്കിംഗ് സംവിധാനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സജ്ജീകരിക്കുന്നതുവഴി കേരളത്തിലെവിടെയെങ്കിലും ഏതു അടിയന്തര സാഹചര്യം ഉണ്ടായാലും ജനങ്ങളെ ബോധവത്കരിക്കുവാനും ത്വരിതമായി നേരിടുവാനും സാധിക്കുന്നതാണ്. ഗ്ലോബൽ വൈറസ് നെറ്റ്വർക്കിന്റെ ഭാഗമാകുന്നതു വഴി ലോക പ്രശസ്തരായ വൈറോളജിസ്റ്റുകളുടെ സേവനവും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി വഴി നമ്മുടെ ആരോഗ്യമേഖലയ്ക്ക് ലഭ്യമാകും.

**ഭക്ഷ്യ സുരക്ഷാനിയമം**

22 (*172) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. വി. ജോയി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാനിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഭക്ഷ്യസുരക്ഷാനിയമം നടപ്പാക്കുന്നതിനുള്ള പരിഗണനാ വിഷയങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭക്ഷ്യവസ്തു നിർമ്മാണ, വിതരണ, വില്പന മേഖലകളിൽ പ്രവർത്തിക്കുന്നവർ രജിസ്ട്രേഷനോ ലൈസൻസോ ഉള്ളവരാണെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി ഓരോ ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരും 14 ജില്ലകളിലായി 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരും നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യ സുരക്ഷാ ഓഫീസർമാരും കൂടാതെ 12 നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 141 ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് പി.എസ്.സി. മുഖാന്തരം പുതുതായി നിയമന ഉത്തരവ് നൽകുകയും അതിൽ 117 പേർ നിയമപ്രകാരമുള്ള മൂന്നുമാസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കി ഭക്ഷ്യ സുരക്ഷാ ഓഫീസുകളിൽ പ്രവർത്തിക്കുന്നു.

ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് NABL അക്രെഡിറ്റേഷനുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. കൂടാതെ പത്തനംതിട്ടയിൽ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ,

മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ/ പ്രോസിക്യൂഷൻ/ അഡ്ജ്യുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശോധനകളിൽ ഗുണനിലവാരമില്ലാത്തതും ആരോഗ്യത്തിന് ഹാനികരവുമാണെന്ന് കണ്ടെത്തുന്ന അവസരങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006-ൽ പരാമർശിക്കുന്ന പ്രകാരം ഭക്ഷ്യവസ്തുക്കൾ തിരിച്ച് വിളിക്കൽ (സെക്ഷൻ 28), ഇംപ്രൂവ്മെന്റ് നോട്ടീസ് (സെക്ഷൻ 34) എന്നീ വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യ വശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും, ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി SNF@School എന്ന പദ്ധതി കഴിഞ്ഞ വർഷം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 297 സ്കൂളുകളിൽ നടപ്പിലാക്കി. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് മാതൃകാ ഗ്രാമപഞ്ചായത്ത് പദ്ധതി. ഇത് 2018-19 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട 120 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി.

മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി' ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മത്സ്യമാർക്കറ്റുകളിലും മത്സ്യ വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും ലേലസ്ഥലങ്ങൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്. ഓപ്പറേഷൻ സാഗർ റാണിയുമായി ബന്ധപ്പെട്ട് നാളിതുവരെ 1580 പരിശോധനകൾ നടത്തുകയും മത്സ്യത്തിന്റെയും ഐസിന്റെയും 966 സർവയലൻസ് സാമ്പിളുകളും 28 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാമ്പിളുകളുടെ പരിശോധനയിൽ 7 സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായും 8 സാമ്പിളുകൾ ആരോഗ്യത്തിന് ഹാനികരവുമാണെന്ന് (Unsafe) കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 7 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും 8 പ്രോസിക്യൂഷൻ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ 72 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 4 സർവയലൻസ് സാമ്പിളുകളും ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 39 സാമ്പിളുകളിൽ കൃത്രിമ നിറങ്ങളായ ടാർട്സീൻ, സൺസെറ്റ് എല്ലോ, ബ്രില്ല്യന്റ് ബ്ലൂ, റോഡമീൻ, കാർമോയിസീൻ തുടങ്ങിയ കൃത്രിമ നിറങ്ങൾ കണ്ടെത്തിയതിനാൽ Unsafe ആയി പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. ഇവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമ പ്രകാരമുള്ള പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ "BHOG" (Blissful Hygienic Offering to God) എന്ന പദ്ധതി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന ആരാധനാലയങ്ങൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ 1652 ആരാധനാലയങ്ങൾ ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. കേരളത്തിലെ തട്ടുകടകളെയുൾപ്പെടുത്തി തെരഞ്ഞെടുത്ത കേന്ദ്രങ്ങൾ Clean Street Food Hub-കളായി പ്രഖ്യാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങളെ ആകർഷിക്കത്തക്ക തരത്തിൽ വൃത്തിയുള്ളതും മേന്മയുള്ളതുമായ ഭക്ഷണശാലകൾ സൃഷ്ടിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. FSSAI നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

ജൈവ ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട് FSSAI 2018-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഫലവത്തായി നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്ത് അടിയന്തരമായ സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷാ പ്രവർത്തനം നടത്തുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തന സജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

സംസ്ഥാനത്തുടനീളം 2018 നവംബർ മുതൽ 2019 ഏപ്രിൽ വരെയുള്ള 6 മാസം ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ ഭക്ഷ്യ വസ്തുക്കളുടെ 2253 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധന നടത്തിയതിൽ 118 എണ്ണം "Unsafe" ആയും 90 എണ്ണം

"Substandard" ആയും 107 എണ്ണം "Misbranded" ആയും പരിശോധനാ ഫലം ലഭിച്ചിട്ടുണ്ട്. ടി കാലയളവിൽ 86 പ്രോസിക്യൂഷൻ കേസ്സുകളും 177 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും രജിസ്റ്റർ ചെയ്യുകയും 98 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളിലായി 35,56,500 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള പരിഗണനാ വിഷയങ്ങൾ നിശ്ചയിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിയും (SLAS) ജില്ലാ തലത്തിൽ ഡിസ്ട്രിക്ട് ലെവൽ അഡ്വൈസറി കമ്മിറ്റിയും 20-5-2019 (DLAS) G.O. (Rt.)No.1179/2019/H&FWD പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) 2006-ൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും 2011-ൽ ഭക്ഷ്യ സുരക്ഷാ റൂൾസും അനുബന്ധ റഗുലേഷനുകളും നിലവിൽ വരികയുണ്ടായി. ഇതിൽ ഭക്ഷ്യ സുരക്ഷാ (ലൈസൻസിംഗ് & രജിസ്ട്രേഷൻ) 2011 പ്രകാരമാണ് ഭക്ഷ്യപദാർത്ഥങ്ങളുടെ ഉത്പാദനത്തിലും വിതരണത്തിലും, സംഭരണത്തിലും, പാക്കിംഗിലും, വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ലൈസൻസും, ചെറുകിട വ്യാപാരികൾക്ക് രജിസ്ട്രേഷനും നൽകുന്നത്. ടി നിയമപ്രകാരം സംസ്ഥാനത്തെ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള ഭക്ഷ്യ സംരഭകരെ രജിസ്ട്രേഷൻ/ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് സമ്പൂർണ്ണമാക്കാനും ഈ നിയമം അനുശാസിക്കുന്ന പ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പ് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയ ജില്ലയായി കൊല്ലം ജില്ലയെ 2018-ൽ പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളും സമ്പൂർണ്ണ ലൈസൻസ്/രജിസ്ട്രേഷൻ നേടിയ ജില്ലകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നതിന്റെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ മേളകൾ നടന്നുവരുന്നു. കൂടാതെ ഫുഡ് ബിസിനസ്സ് സ്ഥാപനങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തി രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാത്തവർക്ക് നോട്ടീസ് നൽകി രജിസ്ട്രേഷൻ/ലൈസൻസ് നൽകിവരുന്നു. 9-6-2019 വരെ സംസ്ഥാനത്ത് 61740 ലൈസൻസുകളും 290220 രജിസ്ട്രേഷനും നൽകിയിട്ടുണ്ട്.

## സൈബർ പോലീസ് സ്റ്റേഷനുകൾ

23 (*173) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ തട്ടിപ്പുകൾക്ക് ഉപയോഗിക്കുന്ന ഡാർക്ക് നെറ്റ് സൈറ്റുകൾ നിരീക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിൽ ഉള്ളതെന്ന് അറിയിക്കുമോ;

(സി) പോലീസ് സാങ്കേതിക വിഭാഗങ്ങളെ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ഡിജിറ്റൽ മൊബൈൽ റേഡിയോ സിസ്റ്റം ആരംഭിക്കുമോ; ആയതിന്റെ ഗുണഫലങ്ങൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്. നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന സൈബർ ക്രൈം പൊലീസ് സ്റ്റേഷന് പുറമെ സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 17-4-2018-ലെ സ. ഉ. (കൈ) നമ്പർ 68/2018/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എറണാകുളം സൈബർ പോലീസ് സ്റ്റേഷൻ 11-5-2019-ലും, തൃശ്ശൂർ സൈബർ പോലീസ് സ്റ്റേഷൻ 15-5-2019-ലും ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ അനുവദിച്ച സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നിലവിലുള്ള വിവര വിനിമയ പ്രോട്ടോക്കോളുകൾ ഉപയോഗിക്കാതെ പ്രത്യേകതരം സോഫ്റ്റ്‌വെയറുകളും അംഗീകൃത ടൂളുകളും (authorization tool) ഉപയോഗിച്ച് മാത്രം കടന്നെത്താൻ കഴിയുന്ന രഹസ്യ നെറ്റ്‌വർക്കുകൾ ഉൾപ്പെട്ടതാണ് ഡാർക്ക് നെറ്റ്. ഓൺലൈൻ തട്ടിപ്പുകൾക്ക് ഉപയോഗിക്കുന്ന ഇത്തരം ഡാർക്ക് നെറ്റ് സൈറ്റുകൾ നിരീക്ഷിക്കുന്നതിനു വേണ്ടി ഒരു സ്പെഷ്യൽ ലാബ് കേരള പോലീസിന്റെ സൈബർ ഡോമിൽ പ്രവർത്തിക്കുന്നു. ഇതിനുവേണ്ടിയുള്ള ആപ്ലിക്കേഷനുകൾ സോഫ്റ്റ്‌വെയറുകളും ഉപയോഗിച്ചു വരുന്നു.

(സി) പോലീസ് സേനയുടെ മികവ് മെച്ചപ്പെടുത്തുന്നതിനും സേവനങ്ങൾ മികവുറ്റ രീതിയിൽ ലഭ്യമാക്കുന്നതിനും സാങ്കേതികരംഗത്തെ അനിവാര്യമായ മുന്നേറ്റങ്ങൾ സ്വായത്തമാക്കുവാനും വിവര സാങ്കേതിക മേഖലയിൽ പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായും സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതിയാണ് Police Technology Centre. സാങ്കേതിക വദ്യയുമായി ബന്ധപ്പെട്ട യൂണിറ്റുകളും അനുബന്ധ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരാനാണ് ടെക്നോളജി സെന്റർ രൂപീകരണം വഴി ലക്ഷ്യമിടുന്നത്. ടെലികമ്മ്യൂണിക്കേഷൻ വിംഗ്, ICT വിംഗ്, പോലീസ് ഡാറ്റാ സെന്റർ, പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ, സോഷ്യൽ മീഡിയ അനാലിസിസ് ലാബ്, ഫോട്ടോഗ്രാഫിക് ബ്യൂറോ, സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം, സൈബർ ഫോറൻസിക് ട്രെയിനിംഗ് ലാബ് മുതലായവ ടെക്നോളജി സെന്ററിന് കീഴിൽ ഉൾക്കൊള്ളിക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. തിരുവനന്തപുരത്തെ പൂന്തുറയിലാണ് പ്രസ്തുത സെന്റർ ആരംഭിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

(ഡി) സംസ്ഥാനത്ത് ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം ആരംഭിക്കുന്നതിലേയ്ക്കായി പൈലറ്റ് പ്രോജക്ട് തൃശ്ശൂർ ജില്ലയിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇതിനുപുറമേ ഈ വർഷം പാലക്കാട് ജില്ലയിൽ കൂടി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

വിവിധ വകുപ്പുകളുടെ വാർത്താവിനിമയം (പോലീസ്, എക്സൈസ്, ജയിൽ, ഫോറസ്റ്റ്, ഫയർ ഫോഴ്സ്, റവന്യൂ മുതലായവ) ഏകോപിപ്പിക്കുവാനും ഗ്രൂപ്പുകളായി തിരിക്കുവാനും ഈ സംവിധാനത്തിലൂടെ സാധിക്കും. ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ രംഗം കൂടുതൽ രഹസ്യ സ്വഭാവമുള്ളതാക്കുവാനും അനധികൃതമായി ഇത്തരം വയർലെസ് സെറ്റുകൾ ഉപയോഗിക്കുന്നവരുടെ ലൊക്കേഷനും വിവരങ്ങളും കൺട്രോൾ റൂമിൽ അറിയുവാനും സാധിക്കും. ഡിജിറ്റൽ മൊബൈൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റത്തിലൂടെ വോയ്സും ഡാറ്റായും ഒരേ സമയം അയയ്ക്കുവാൻ സാധിക്കും.

**ടി. ബി. രോഗനിയന്ത്രണം**

24 (*174) <u>ശ്രീ. ആർ. രാമചന്ദ്രൻ:</u>
<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>
<u>ശ്രീ. കെ. രാജൻ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടി.ബി. രോഗികളെ കണ്ടെത്തുന്നതിന് പ്രത്യേക യജ്ഞം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ചുരുങ്ങിയ സമയത്തിനുള്ളിൽ കഫത്തിലെ ടി.ബി. ബാക്ടീരിയയെ കണ്ടെത്തുന്നതിനുള്ള നൂതന ഉപകരണം ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് വികസിപ്പിച്ചെടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത ടി.ബി. സ്ക്രീനിംഗ് ഡിവൈസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയിക്കുമോ; ഏത് സാങ്കേതിക വിദ്യയാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നത് എന്നറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) കേരളത്തിന്റെ സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗമുക്ത കേരളത്തിനായി "ടി.ബി. എലിമിനേഷൻ മിഷൻ" എന്ന പേരിൽ ഒരു കർമ്മ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ സാങ്കേതിക സഹായത്തോടെയാണ് മിഷൻ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ ഇതിവൃത്തം ക്ഷയരോഗവിമുക്തമായ "എന്റെ ഗ്രാമം എന്റെ പഞ്ചായത്ത് എന്റെ മുനിസിപ്പാലിറ്റി" എന്നതാണ്.

ക്ഷയരോഗനിർമ്മാർജ്ജനത്തിനായുള്ള 2017 മുതൽ 2020 വരെ നീണ്ടു നിൽക്കുന്ന ഊർജ്ജിത കർമ്മപദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാനത്ത് ആകെയുള്ള ക്ഷയരോഗ ബാധിതരെ കണ്ടെത്തുന്നതിനും ക്ഷയരോഗനിർമ്മാർജ്ജനത്തിനുമായി ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ മറ്റ് വകുപ്പുകളേയും സ്വകാര്യ മേഖലയേയും സാമൂഹ്യ സന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ചുകൊണ്ട് "ക്ഷയരോഗമുക്തമായ എന്റെ കേരളം" എന്ന ലക്ഷ്യം മുൻനിർത്തിയുള്ള സംഘടിത കർമ്മ പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്.

കേരള ടി.ബി. എലിമിനേഷൻ മിഷന് നാല് ഘട്ടങ്ങളാണുള്ളത്.

ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും അതാത് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ നേതൃത്വം നൽകുന്ന ക്ഷയരോഗ നിർമ്മാർജ്ജന കർമ്മസേന രൂപീകരിക്കുകയും പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകർ ഓരോ വീട്ടിലും എത്തി ക്ഷയരോഗത്തെക്കുറിച്ചുള്ള അവബോധം നൽകുകയും ക്ഷയരോഗ ബാധയ്ക്ക് വിദൂര സാധ്യതയെങ്കിലും ഉള്ള ഓരോരുത്തരേയും കണ്ടെത്തി വേണ്ടതായ സൗജന്യ പരിശോധനകൾ നടത്തി, ക്ഷയരോഗം സ്ഥിരീകരിക്കപ്പെട്ടവർക്ക്

സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നു. ഒന്നാംഘട്ട സർവ്വേയിൽ സംസ്ഥാനത്തെ 7428864 വീടുകളിൽ സർവ്വേ നടത്തുകയും 36070 പേരെ പരിശോധനയ്ക്ക് ആയി റഫർ ചെയ്യുകയും ഇതിൽ 26487 പേരെ ക്ഷയരോഗപരിശോധന നടത്തി 325 പേർക്ക് ക്ഷയരോഗം കണ്ടെത്തുകയും ചികിൽസയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിലുള്ള ചിട്ടയായ തുടർപ്രവർത്തനങ്ങൾ വഴി "ക്ഷയരോഗ മുക്തകേരളം" എന്ന ലക്ഷ്യം കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ കേരള ക്ഷയരോഗ നിർമ്മാർജ്ജനയജ്ഞത്തിന്റെ ഭാഗമായി നടന്നുവരുന്നു.

ക്ഷയരോഗനിർമ്മാർജ്ജനത്തിന്റെ രണ്ടാംഘട്ടപ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരോഗ്യപ്രവർത്തകർ ക്ഷയരോഗ സാധ്യത അധികമായുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളവരെ മൂന്ന് മാസത്തിലൊരിക്കൽ സന്ദർശിച്ച് രോഗലക്ഷണങ്ങൾ നിർണ്ണയിക്കുന്ന പ്രവർത്തനങ്ങൾ (ആക്ടീവ് കേസ് ഫൈൻഡിംഗ് ക്യാമ്പയിൻ) ഏപ്രിൽ 2019 മുതൽ 410 പഞ്ചായത്തുകളിൽ ഇതിനോടകം തുടങ്ങിയിട്ടുണ്ട്. ഒരു പ്രദേശത്തെ ജനങ്ങളിൽ നിന്നും സ്ക്രീനിംഗ് നടത്തി ക്ഷയരോഗബാധയ്ക്ക് സാദ്ധ്യതയുള്ള വിഭാഗത്തെ (vulnerable population) കണ്ടെത്തി, അവർക്ക് മൂന്ന് മാസത്തിലൊരിക്കൽ ക്ഷയരോഗ പരിശോധന നടത്തുന്നതുവഴി ആ പ്രദേശത്തെ ക്ഷയരോഗ വ്യാപനം നിയന്ത്രിക്കുവാൻ സാധിക്കുന്നു. എല്ലാ വിഭാഗം ജനങ്ങളേയും ക്ഷയരോഗ പരിശോധന നടത്തുമ്പോൾ ഉണ്ടാകുന്ന സമയനഷ്ടവും ധനനഷ്ടവും കുറയ്ക്കാനും, കൂടുതൽ ലക്ഷ്യാധിഷ്ഠിതമായി മാസത്തിലൊരിക്കൽ ക്ഷയരോഗബാധയുണ്ടോ എന്ന് പരിശോധിക്കുകയാണ് രണ്ടാംഘട്ടത്തിൽ ചെയ്യുന്നത്.

രണ്ടാംഘട്ടത്തെത്തുടർന്ന് ഡിസംബർ 2022 വരെ നീണ്ടുനിൽക്കുന്ന മൂന്നാംഘട്ടത്തിൽ ക്ഷയരോഗം വരാൻ സാധ്യതയുള്ളവരുടെ എണ്ണത്തിൽ കുറവ് വരുത്തുക എന്ന ലക്ഷ്യത്തോടുകൂടി ക്ഷയരോഗ സാധ്യത വർദ്ധിപ്പിക്കുന്ന പ്രമേഹം ദീർഘകാല ശ്വാസകോശ രോഗങ്ങൾ, പുകവലി, പോഷകാഹാരക്കുറവ് എന്നിവ നിയന്ത്രിക്കുവാനും കുറയ്ക്കുവാനുമുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്. ദീർഘകാല ശ്വാസകോശരോഗ നിയന്ത്രണത്തിനായി "ശ്വാസ്" പദ്ധതിയും സർക്കാർ ആരംഭിച്ചിട്ടുണ്ട്. ടി. ബി. എലിമിനേഷന്റെ നാലാംഘട്ടമായ 'ലേറ്റന്റ് ടി. ബി. ട്രീറ്റ്മെന്റ് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. ലേറ്റന്റ് ടി. ബി. ട്രീറ്റ്മെന്റ് ഇന്ത്യയിലൊരു സംസ്ഥാനത്തും ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിന്റെ സാങ്കേതിക അനുമതിയും സഹായവും കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് ആദ്യപടിയായി ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് വികസിപ്പിച്ചെടുത്തു ടി. ബി. ബാക്ടീരിയ കണ്ടെത്തുന്നതിനുള്ള പുതിയ ഉപകരണം ഇപ്പോൾ ക്ലിനിക്കൽ വാലിഡേഷൻ സ്റ്റേജിലാണെന്നും ആയതിനാൽ ഡയഗനോസ്റ്റിക് കമ്പനിയുമായുള്ള ധാരണാപത്രം പ്രകാരം കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയില്ല എന്ന വിവരം ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം**

25 (*175) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം കർശനമായി നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ പൊതുവിതരണ സമ്പ്രദായം വഴിയുള്ള പഞ്ചസാര വിതരണം നിർത്തലാക്കിയതും മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതും സംസ്ഥാനത്തെ ഉപഭോക്താക്കളെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനായി ആധുനികരീതിയിലുള്ള ഗോഡൗണുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമൂലം പൊതുവിതരണ സമ്പ്രദായത്തിൽ വന്ന മാറ്റങ്ങൾ താഴെപ്പറയുന്നവയാണ് :

1. റേഷൻ കാർഡുടമകൾക്ക് അർഹമായ റേഷൻ കൃത്യമായ അളവിൽ വിതരണം ചെയ്യുന്നു.
2. പൊതുവിതരണരംഗം അഴിമതി മുക്തമാക്കുന്നതിന് സാധിച്ചു.
3. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പൊയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.

4. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്ന എന്നുറപ്പാക്കുന്നു.
5. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.
6. റേഷൻ കാർഡുകൾ കിട്ടുന്നതിന് ഓൺലൈനായി അപേക്ഷിക്കാവുന്ന സംവിധാനം നിലവിൽ വന്നു.
7. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നു.
8. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.
9. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്. എം. എസ്. സന്ദേശം നൽകിവരുന്നു.
10. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.
11. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.
12. റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
13. റേഷൻ വ്യാപാരികൾക്ക് 1-12-2018 മുതൽ പുതിയ കമ്മീഷൻ പാക്കേജ് നടപ്പിലാക്കി ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
14. സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന സംവിധാനം (പോർട്ടബിലിറ്റി) നിലവിൽ വന്നിട്ടുണ്ട്.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ, സ്വതന്ത്ര ചുമതലയുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ എന്നിവ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളുടെ അവലോകനം ചെയ്യുന്നതിനുള്ള സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് റിപ്പോർട്ട് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് 2019 ജൂണിൽ സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാനമൊട്ടാകെ സോഷ്യൽ ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്.

(ബി) 2016-2017 സാമ്പത്തിക വർഷംവരെ കേന്ദ്രത്തിൽ നിന്ന് പ്രതിമാസം 4103 MT പഞ്ചസാരയ്ക്കാണ് സബ്സിഡി ലഭ്യമായത്. ഇത് ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന എ.എ.വൈ./മുൻഗണനാ വിഭാഗങ്ങൾക്ക് പഞ്ചസാര വിതരണം നടത്തിയിരുന്നു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വന്നതോടുകൂടി പഞ്ചസാരയ്ക്കുള്ള സബ്സിഡി എ.എ.വൈ. വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തുകയും എ.എ.വൈ. വിഭാഗത്തിന് പ്രതിമാസം കാർഡൊന്നിന് 21 രൂപ/കിലോഗ്രാം നിരക്കിൽ വിതരണം നടത്തിവരുകയും ചെയ്യുന്നു. 595.8 MT പഞ്ചസാരയ്ക്കാണ് നിലവിൽ സബ്സിഡി ലഭ്യമാകുന്നത്.

2016-2017 സാമ്പത്തിക വർഷത്തിന്റെ ആദ്യ 2 പാദങ്ങളിൽ യഥാക്രമം 27960 KL, 26568 KL എന്ന അളവിലാണ് മണ്ണെണ്ണ ലഭ്യമായത്. 3, 4 പാദങ്ങളിൽ 16908 KL വീതവും 2017-2018 സാമ്പത്തിക വർഷത്തിൽ ആദ്യ 2 പാദങ്ങളിൽ 15456 KL വീതവും തുടർന്ന് 13908 KL വീതവുമാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. മണ്ണെണ്ണ വിഹിതം കുറഞ്ഞത് അനുസരിച്ച് വൈദ്യുതീകരിച്ച കാർഡുകളുടെ പ്രതിമാസ വിഹിതം 1/2 ലിറ്ററായി കുറയുകയും വൈദ്യുതീകരിക്കാത്ത കാർഡുകളുടെ വിഹിതം മാറ്റമില്ലാതെ (4 ലിറ്റർ/കാർഡ്) തുടരുകയും ചെയ്യുന്നു. മണ്ണെണ്ണയുടെ നീക്കി ബാക്കി വഴി ലഭ്യതയുണ്ടാകുന്നത് അനുസരിച്ച് വൈദ്യുതീകരിച്ച കാർഡുകൾക്ക് 1 ലിറ്റർ നിരക്കിലും വിതരണം നടത്തുന്നുണ്ട്.

(സി) സപ്ലൈകോയിൽ ഭക്ഷ്യ ധാന്യങ്ങൾ സംഭരിക്കുന്നതിനായി ആധുനിക രീതിയിലുള്ള ഗോഡൗണുകളുടെ നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഗോഡൗൺ | നിലവിലെ സ്ഥിതി |
|---|---|
| 1 | 2 |
| വലിയതുറ – 3 | കെട്ടിടത്തിന്റെ കോൺക്രീറ്റ്, ബ്രിക്ക് ട്രസ് വർക്ക്സ്, ഫ്ലോറിംഗ് എന്നിവ പൂർത്തീകരിച്ചു. ഷീറ്റിടൽ, റോളിംഗ് ഷട്ടർ, ഓഫീസിന്റെ പ്ലംബിംഗ്, ഇലക്ട്രിക് വർക്കുകൾ എന്നീ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. |

| 1 | 2 |
|---|---|
| കൊല്ലം | ടോപോഗ്രഫി, സോയിൽ സർവേ എന്നിവ പൂർത്തീകരിച്ചു. ഗോഡൗൺ നിർമ്മാണത്തിനായി റീ-ഇ-ടെണ്ടർ 6-3-2019-ൽ തുറക്കുകയും നിരക്കുകൾ സംബന്ധിച്ച PMC യുടെ അന്തിമ വിശകലനത്തിനുശേഷം കുറഞ്ഞ നിരക്ക് (5.49 കോടി) രേഖപ്പെടുത്തിയ M/s Lee Builders-നെ നെഗോസിയേഷന് ക്ഷണിക്കുകയും നിരക്കുകൾ കുറച്ച് 5.46 കോടി രൂപയ്ക്ക് ടി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സന്നദ്ധരാകുകയും ചെയ്തിട്ടുണ്ട്. വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| തിരുവല്ല - 1 | വർക്ക് ഓർഡർ നൽകി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. land filing പൂർത്തീകരിച്ചു. Piling ആരംഭിച്ചു. |
| ഇടപ്പള്ളി | സോയിൽ ടെസ്റ്റിംഗ്, ടോപ്പോഗ്രഫിക്കൽ സർവ്വേ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. റെയിൽവേയുമായി റോഡിനുള്ള അനുമതി പരിഹരിക്കേണ്ടതുണ്ട്. |
| കൊച്ചി | M/s HITES നെ PMC ആയി നിയമിച്ചു. Topographical and Contour Survey പൂർത്തീകരിച്ചു. |
| തിരുവല്ല - 2 | M/s HITES നെ PMC ആയി നിയമിച്ചു. 21-3-2019-ൽ നടത്തിയ ടെണ്ടറിൽ ഒരാൾ മാത്രമാണ് പങ്കെടുത്തത്. റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. |
| വലിയതുറ - 1 | വലിയതുറയിലെ പുതിയ ഗോഡൗണിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് പകരം നടപടിക്രമം ഏർപ്പെടുത്തിയതിന് ശേഷം മാത്രമേ ഗോഡൗൺ നമ്പർ 1 നവീകരണത്തിന് വർക്ക് ടെണ്ടർ ചെയ്യുവാൻ സാധ്യമാകൂ. |

## പോലീസുകാരുടെ പോസ്റ്റൽ ബാലറ്റുകളിലെ തിരിമറി

26 (*176) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ പോസ്റ്റൽ ബാലറ്റുകളിൽ വ്യാപക തിരിമറി നടന്നുവെന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യത്തെക്കുറിച്ച് ഇന്റലിജൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെ യാണെന്ന് വെളിപ്പെടുത്തുമോ;

(സി) പോലീസ് അസോസിയേഷൻ നേതാക്കൾ ഭീഷണിപ്പെടുത്തി പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ കൈക്കലാക്കിയെന്ന ആക്ഷേപം വസ്തുതാപരമാണോ; എങ്കിൽ ഈ കാര്യത്തിലുള്ള അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്

(ബി&സി) പോസ്റ്റൽ ബാലറ്റ് ക്രമക്കേട് സംബന്ധിച്ചുള്ള ആക്ഷേപത്തിന്മേൽ ഇന്റലിജൻസ് മേധാവി പ്രാഥമിക അന്വേഷണം നടത്തി, ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് ശിപാർശ ചെയ്ത് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ക്രൈംബ്രാഞ്ച്, ഐ.ആർ. ബറ്റാലിയനിലെ കമാണ്ടോ പൊലീസ് ഉദ്യോഗസ്ഥനെ പ്രതിയാക്കി ക്രൈം നമ്പർ 355/CB/TSR/D/2019 u/s 136(d) (f) & (g) of Representation of People Act 1951 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതിനെ തുടർന്ന് ടിയാനെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി വകുപ്പുതല അച്ചടക്ക നടപടിക്ക് ഉത്തരവായിട്ടുള്ളതാണ്. ഈ വിഷയത്തിലെ മറ്റ് ആരോപണങ്ങളും ക്രൈംബ്രാഞ്ച് അന്വേഷിച്ചു വരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെളിവാകുകയുള്ളൂ.

**ഐ.ടി. മേഖലയിലെ വികസനം**

27 (*177) ശ്രീ. ബി. സത്യൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. വി. ജോയി:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഐ.ടി നയത്തിനനുസൃതമായി ഐ.ടി. പാർക്കുകൾ കൂടുതൽ ആകർഷകമാക്കുന്നതിനും വികസിപ്പിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി സൃഷ്ടിക്കാൻ കഴിഞ്ഞ തൊഴിലവസരങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) തിരുവനന്തപുരവും എറണാകുളവും ബംഗളൂരു മാതൃകയിലുള്ള ഐ.ടി. ഹബ്ബാക്കിത്തീർക്കാൻ സഹായകരമായ രീതിയിൽ വൻകിട വിദേശ കമ്പനികളെ ആകർഷിക്കാൻ സാധ്യമായിട്ടുണ്ടോ;

(സി) കൊച്ചി സ്മാർട്ട് സിറ്റിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) സർക്കാരിന്റെ ഐ.ടി. നയത്തിനനുസൃതമായി ഐ.ടി. പാർക്കുകൾ കൂടുതൽ ആകർഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഗവൺമെന്റ് ഐ.ടി. പാർക്കുകളിൽ, പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനയും ഏകദേശം 175 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചുകൊണ്ട് 774 കമ്പനികളിൽ നിന്നും പുതുതായുള്ള ഏകദേശം 15922 തൊഴിലവസരങ്ങൾ ഉൾപ്പെടെ ഏകദേശം 98550 പേർക്ക് പ്രത്യക്ഷമായും, ഇതിന്റെ മൂന്നിരട്ടി പരോക്ഷമായുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരവും, എറണാകുളവും, ബംഗളൂരു മാതൃകയിലുള്ള ഐ. ടി. ഹബ്ബാക്കി തീർക്കാൻ സഹായകരമായ രീതിയിൽ വൻകിട വിദേശ കമ്പനികളെ ആകർഷിക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി ഗവൺമെന്റ് ഐ. ടി. പാർക്കുകളിൽ നിസ്സാൻ, ടോറസ് ഗ്രൂപ്പ്, എച്ച് & ആർ ബ്ലോക്ക്, ടെറാനറ്റ്, അപോളിസ്, ബ്രിഗേഡ് വേൾഡ് ട്രെയിഡ് സെന്റർ, റാക്ക് ബാങ്ക്, ട്രാൻസേഷ്യ തുടങ്ങിയ വിദേശ കമ്പനികളും ആഗോളതലത്തിൽ പ്രവർത്തിക്കുന്ന വൻകമ്പനികളായ ലുലു, ടെക് മഹിന്ദ്ര തുടങ്ങിയ കമ്പനികളും പുതുതായി അവരുടെ വ്യവസായ സംരംഭങ്ങൾ ഐ.ടി. പാർക്കുകളിൽ ആരംഭിച്ചിട്ടുണ്ട്.

(സി) സ്മാർട്ട് സിറ്റി കൊച്ചിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആദ്യം പൂർത്തീകരിച്ച 6.5 ലക്ഷം ച.അടി ഐ.ടി. കെട്ടിടത്തിൽ ഏകദേശം 3000-ൽ പരം ജീവനക്കാർ 35-ൽ പരം ഐ.ടി. കമ്പനികളിലായി പ്രവർത്തിക്കുന്നു.

രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള കോ-ഡെവലപ്പേഴ്സിന്റെ ഐ.ടി. കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി നടന്നുവരുന്നു. ഏകദേശം 55 ലക്ഷത്തോളം ച.അടി വിസ്തീർണ്ണമാണ് ഇതിൽ ലക്ഷ്യമിടുന്നത്. 2021-ഓടു കൂടി പ്രസ്തുത കെട്ടിടങ്ങൾ പ്രവർത്തനമാകുമ്പോൾ സ്മാർട്ട് സിറ്റിയിൽ ഏകദേശം 55000 പുതിയ ഐ.ടി. ജീവനക്കാർക്ക് തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു.

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

28 (*178) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണങ്ങൾക്ക് നാശനഷ്ടമുണ്ടായതിനാൽ അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തീകരിക്കുന്നതിന് സമയം നീട്ടിത്തരണമെന്ന് അദാനി പോർട്സ് പ്രൈവറ്റ് ലിമിറ്റഡ് ആവശ്യപ്പെട്ടതിൻമേൽ കൈക്കൊണ്ട തീരുമാനം അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): (എ) തുറമുഖ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് പുലിമുട്ട് നിർമ്മാണമാണ് നിർണായക പ്രവൃത്തിയായി കണക്കാക്കുന്നത്. പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ കണ്ടെത്തുന്നതിന് അദാനി കമ്പനിക്കുണ്ടായ കാലതാമസം തുറമുഖത്തിന്റെ സമയഭബന്ധിതമായ പൂർത്തീകരണത്തെ ബാധിച്ചതായി ഇന്റിപെന്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരാർ പ്രകാരം പദ്ധതിക്ക് ആവശ്യമായ പാറ കണ്ടെത്തേണ്ടത് അദാനി കമ്പനിയുടെ ചുമതലയാണ്. ഇതിലേക്കാവശ്യമായ സർക്കാർ സഹായം വേണ്ട ഘട്ടങ്ങളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്ന നടപടികൾ സർക്കാർ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. പദ്ധതിക്ക് വേണ്ട റെയിൽ, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

(ബി) 2017 നവംബറിലെ ഓഖി ചുഴലിക്കാറ്റിൽ ഡ്രെഡ്ജറുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ അവ നന്നാക്കി പണികൾ പുനരാരംഭിക്കാൻ കാലതാമസം നേരിട്ടുവെന്നും അതിനാൽ പദ്ധതിയുടെ നിർമ്മാണ കാലയളവ് 16 മാസം ദീർഘിപ്പിച്ചു നൽകണമെന്നും നിർമ്മാണ കമ്പനി ആവശ്യപ്പെടുകയുണ്ടായെങ്കിലും പദ്ധതിയുടെ Independent Engineer (IE) ഈ അവകാശവാദം പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അദാനി കമ്പനിയുടെ ആവശ്യം സർക്കാർ നിരസിക്കുകയുണ്ടായി.

## പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണം

29 (*179) ശ്രീ. സജി ചെറിയാൻ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീമതി. വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള സമഗ്രപദ്ധതിയുടെ കരട് തയ്യാറായിട്ടുണ്ടോ; മുഖ്യ പുനർനിർമ്മാണ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ആവർത്തിച്ചേക്കാവുന്ന പ്രകൃതി ദുരന്തങ്ങൾ ജനങ്ങളുടെ ജീവനും സ്വത്തിനും ഏല്പിക്കുന്ന ആഘാതം കഴിയുന്നത്ര കുറയ്ക്കുന്നതിനും പശ്ചാത്തലസൗകര്യങ്ങൾ പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ പര്യാപ്തമായ വിധത്തിൽ പുനർനിർമ്മിക്കുന്നതിനും വിദേശ മലയാളികളിൽ നിന്നും അന്താരാഷ്ട്ര ഏജൻസികൾ ഉൾപ്പെടെയുള്ളവരിൽ നിന്നും ധനസമാഹരണം സാധ്യമാക്കുന്നതിനുമുള്ള മാർഗ്ഗം പരിശോധിച്ചിട്ടുണ്ടോ;

(സി) കേരളത്തിന്റെ കാലാവസ്ഥയും പ്രകൃതിഘടനയും കണക്കിലെടുത്ത് നദീതീരവാസികളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രയോജനപ്രദമെന്ന് വിലയിരുത്തിയിട്ടുള്ള പുഴയ്ക്ക് വഴിയൊരുക്കുന്ന പദ്ധതി (റൂം ഫോർ റിവർ) ഉൾപ്പെടെയുള്ള അതിജീവനത്തിന്റെ വിദേശ പരിസ്ഥിതി സൗഹൃദ മാതൃകകൾ അനുവർത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP)-യുടെ കരട്, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തുകയും 21-5-2019-ൽ ചേർന്ന മന്ത്രിസഭായോഗം പ്രസ്തുത രേഖയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു.

പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി ലക്ഷ്യമിടുന്നത്. ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ട

കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP -യിൽ ഉൾപ്പെടുന്നു.

സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗപരിപാലനവും ക്ഷീരവികസനവും, ഫിഷറീസ്, ജീവനോപാധികൾ, ഭൂമി, എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

- സംസ്ഥാന ബഡ്ജറ്റ് - ബഹുവിധ ഏജൻസികൾ (ലോക ബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KFW മുതലായ ഏജൻസികൾ
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കീഴിൽ കൂടുതൽ വകയിരുത്തൽ
- കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി സമാഹരണം.
- NIDA വഴി നബാർഡ് ഫണ്ടിംഗ്
- ഹഡ്കോയും മറ്റു വായ്പകളും.

പ്രളയാനന്തര പുനർനിർമ്മാണത്തിന് തുക കണ്ടെത്തുന്നതിനായി, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) വിവിധ ഫണ്ടിംഗ് ഏജൻസികൾക്കുമുൻപാകെ അവതരിപ്പിച്ച് പദ്ധതികൾക്ക് സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നെതർലാൻഡിൽനിന്നുള്ള വിദഗ്ധസംഘം 2019 മാർച്ച് മാസം, കേരളം സന്ദർശിക്കുകയും കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വൈദഗ്ധ്യമുള്ള നെതർലാൻഡിന്റെ അനുഭവം പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം 2019 മേയ് 9-ന് Room for River Project സന്ദർശിക്കുകയും വിദഗ്ധരുമായി ചർച്ച നടത്തുകയും ചെയ്തു. ഇതിന്റെ തുടർനടപടികൾ നടന്നുവരുന്നു.

## നഗരപ്രദേശങ്ങളിലെ മാഫിയാ സംഘങ്ങൾ

30 (*180) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് നഗര പ്രദേശങ്ങളിൽ ഗുണ്ടാ-മയക്കുമരുന്നു മാഫിയാ സംഘങ്ങളുടെ പ്രവർത്തനം വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഘങ്ങൾ തമ്മിലുള്ള കുടിപ്പകയുടെ ഫലമായി ക്രൂരമായ കൊലപാതക സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) അടുത്തകാലത്തായി ഗുണ്ടാ-മയക്കുമരുന്ന് മാഫിയാ സംഘങ്ങൾ ഉൾപ്പെട്ട കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലയിൽ 2017-ൽ ഗുണ്ടാ മയക്കുമരുന്ന് മാഫിയാ സംഘങ്ങൾ ഉൾപ്പെട്ട മൂന്ന് കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മാഫിയ പ്രവർത്തനങ്ങൾ, മോഷണം, പിടിച്ചുപറി, ഗുണ്ടാ ആക്രമണം എന്നിവ തടയുന്നതിനായി പോലീസ് പട്രോളിംഗ് സംവിധാനം രാത്രികാലങ്ങളിലടക്കം ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പൊതുജനങ്ങളുടെ ജീവനും, സ്വത്തിനും ഭീഷണി ഉയർത്തിക്കൊണ്ട് ഗുണ്ടാ ആക്രമണം പോലെയുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ KAAPA പ്രകാരവും മറ്റും ശക്തമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് മയക്കുമരുന്ന് മാഫിയക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സംസ്ഥാന തലത്തിൽ Kerala Anti-Narcotic Special Action Force (KANSAF), ജില്ലകളിൽ ഇതിനോടനുബന്ധിച്ച് District

Anti-Narcotic Special Action Force (DANSAF)-ഉം രൂപീകരിച്ചിട്ടുണ്ട്. കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉത്പാദനം, വിതരണം, കടത്തൽ, കച്ചവടം, ഉപയോഗം എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ മുൻകൂട്ടി അറിയാനും ശേഖരിക്കാനും കണ്ടെത്തിയാൽ കർശന നിയമ നടപടികൾ സ്വീകരിക്കാനും ലക്ഷ്യമിട്ടാണ് KANSAF/DANSAF രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നത്.

ഇതിനുപുറമെ ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവുകൾ നടത്തി മുൻ കരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥിരം കുറ്റവാളികൾക്കെതിരെ CrPC 151, 107 എന്നീ വകുപ്പുകൾ പ്രകാരം നടപടികളും സ്വീകരിക്കുന്നുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതു -സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച ആസൂത്രണ ബോർഡ് നിർദ്ദേശങ്ങൾ

1 (1866) ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സേവന മേഖലകൾ പൊതു-സ്വകാര്യ പങ്കാളിത്തത്തിന് വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പൊതു-സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച നയം രൂപീകരിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(സി) ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി അധിക വിഭവസമാഹരണത്തിന് ആസൂത്രണ ബോർഡ് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) പൊതു സ്വകാര്യ പങ്കാളിത്തം സംബന്ധിച്ച നയം രൂപീകരിക്കുന്നതിനുള്ള കരട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആസൂത്രണ ബോർഡ് സമർപ്പിച്ചിരുന്നു. നിർദ്ദേശത്തിന്റെ വിശദവിവരം താഴെകൊടുക്കുന്നു.

കരട് നിർദ്ദേശത്തിൽ പൊതു-സ്വകാര്യ പങ്കാളിത്ത നയത്തിന്റെ ലക്ഷ്യങ്ങൾ, അടിസ്ഥാന സൗകര്യ മേഖലകളുടെ ലിസ്റ്റ്, സ്ഥാപനപരമായ ഘടനാസംവിധാനം, പദ്ധതി കണ്ടെത്തുന്നതിനും അംഗീകരിക്കുന്നതിനുമുള്ള പ്രക്രിയ, പൊതു-സ്വകാര്യ സംരംഭങ്ങൾ നിരീക്ഷിക്കൽ, ഗവൺമെന്റ് പിന്തുണയുടെ വിവിധ വശങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരുന്നു. നിലവിലുള്ള ആസ്തികളെ പരിപാലിക്കുന്നതോടൊപ്പം പുതിയ അടിസ്ഥാന സൗകര്യ ആസ്തികൾ സൃഷ്ടിക്കുന്നതിനും ഈ നയം ലക്ഷ്യമിടുന്നു. പി.പി.പി. പദ്ധതികളിൽ കേന്ദ്ര സർക്കാരിന്റെ നിർവ്വചനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പി.പി.പി. എംപവേർഡ് കമ്മിറ്റി, പി.പി.പി. അപ്പെക്സ് കമ്മിറ്റി എന്നിവയുടെ രൂപീകരണത്തിന് ഇതിൽ ശിപാർശ ചെയ്തിരുന്നു. 25 കോടി രൂപ മുതൽ 200 കോടി രൂപ വരെ നിക്ഷേപം വേണ്ടിവരുന്ന പി.പി.പി. പദ്ധതികൾ പരിശോധിച്ച് അംഗീകരിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനും സെക്രട്ടറിമാർ അംഗങ്ങളുമായ എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും 20 വർഷ കാലയളവും 200 കോടി രൂപയിൽ കൂടുതൽ മുതൽമുടക്കും ആവശ്യമായ പി.പി.പി. പദ്ധതികൾ പരിശോധിച്ച് അംഗീകരിക്കുന്നതിനായി മുഖ്യമന്ത്രി ചെയർമാനായുള്ള അപ്പെക്സ് കമ്മിറ്റി രൂപീകരിക്കുന്നതിനും ഇതിൽ നിർദ്ദേശിച്ചിരുന്നു. പി.പി.പി. രീതി സംബന്ധിച്ച് വിശാല നയ രൂപരേഖ അപ്പെക്സ് കമ്മിറ്റി പുറപ്പെടുവിക്കുന്നതിനും കരട് നിർദ്ദേശത്തിൽ ശിപാർശ ചെയ്തിരുന്നു.

(സി) അധികവിഭവ സമാഹരണത്തിന് മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന ആസൂത്രണ ബോർഡിനോട് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ ബോർഡ് സമർപ്പിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഫിനാൻഷ്യൽ മാർക്കറ്റിൽനിന്നും വിഭവ സമാഹരണത്തിന് 29-12-2014-ലെ സ.ഉ.(പി)നമ്പർ 583/2014/ധന. പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

## ശമ്പള പരിഷ്കരണം

2 (1867) ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുമെന്ന വാഗ്ദാനം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ 2019 ജൂലൈ മാസം മുതൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്കരണം സംബന്ധിച്ച കമ്മീഷനെ നിയമിക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനം കൈക്കൊള്ളാത്തത് എന്തുകൊണ്ടാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉറപ്പുനൽകിയിട്ടുണ്ട്.

## സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

3 (1868) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാര്യക്ഷമതയോടെ പ്രവർത്തിക്കാത്ത എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി.) മുഖേന പരിശീലനം നൽകിവരുന്നു.

സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 1-1-2018 മുതൽ ഗവ. സെക്രട്ടേറിയറ്റിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയത് കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. എല്ലാ വകുപ്പുകളിലും 6 മാസത്തിനകവും സിവിൽ സ്റ്റേഷനുകളിൽ 3 മാസത്തിനകവും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കാൻ 6-5-2019-ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു. പ്രസ്തുത ചട്ടങ്ങളിൽ വരുത്തേണ്ട ചില ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും സിവിൽ സർവ്വീസ് ആധുനികവൽക്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ച നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## കേരളവും നെതർലാൻഡ്സുമായുള്ള സഹകരണ സാധ്യതകൾ

4 (1869) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ നെതർലാൻഡ്സ് സന്ദർശനത്തിന്റെ ഫലമായി കൃഷി, വനപരിപാലന മേഖലകളിൽ കേരളവും നെതർലാൻഡ്സും തമ്മിൽ സഹകരണസാധ്യതകൾ ഉണ്ടായിട്ടുണ്ടോ;

(ബി) കൃഷി, വനപരിപാലനം തുടങ്ങിയ മേഖലകളിൽ ഏതൊക്കെ തരത്തിലുള്ള സഹകരണമാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എന്തൊക്കെ തുടർനടപടികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കാർഷിക മേഖലയുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ഡച്ച് സർക്കാരിന്റെ സഹകരണത്തോടെ പച്ചക്കറി-പുഷ്പ വിളകളുടെ മികവിന്റെ കേന്ദ്രം വയനാട് ജില്ലയിലെ അമ്പലവയലിൽ സ്ഥാപിക്കുന്നതിന് ധാരണയായിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. ഇതുസംബന്ധിച്ച് പദ്ധതി വിശദാംശങ്ങൾ നെതർലാൻഡ്സ് സർക്കാരിന്റെ അഭിപ്രായങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റീ-ബിൽഡ് കേരള പ്രവർത്തന നിർദ്ദേശങ്ങൾ

5 (1870) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർ നിർമ്മാണത്തിന് റീ-ബിൽഡ് കേരള പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നതെന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, കൂടുതൽ കാര്യക്ഷമമായതും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, നൂതന സാങ്കേതിക വിദ്യകളുടെ പ്രയോഗം, നീതിപൂർവ്വവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമത ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചുകൊണ്ട് കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. മേൽപ്പറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽനിന്നും നിർവ്വഹണയോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതിയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയാണ് RKDP. ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP-യിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായിട്ടാണ് കേരള പുനർനിർമ്മാണ വികസന പരിപാടി രൂപപ്പെടുത്തിയിട്ടുള്ളത്.

സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പ്രളയാനന്തരം പുനർനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)-യിൽ അതിജീവനക്ഷമതയുള്ള കേരളത്തിന്റെ പുനർനിർമ്മാണത്തിനു ചാലകമാകേണ്ട നയമാറ്റങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും പ്രതിപാദിക്കുന്നു. വിവിധ മേഖലകളെ പ്രളയം എങ്ങനെ ബാധിച്ചുവെന്നും ഓരോ മേഖലയിലും പുനർനിർമ്മാണം എങ്ങനെ നടപ്പാക്കണമെന്നും കൃത്യമായി പ്രതിപാദിക്കുന്ന തോടൊപ്പം മുൻഗണന നൽകി നടപ്പിലാക്കേണ്ട പുനർനിർമ്മാണ പ്രവർത്തനങ്ങളും വിശദമായി വിവരിക്കുന്നു. ഇതുസംബന്ധിച്ചുള്ള 18 സാങ്കേതിക പഠനങ്ങളും വിലയിരുത്തലുകളും ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത നയരേഖയിൽ സാമ്പത്തിക, സ്ഥാപനതലത്തിലും പ്രവർത്തനതലത്തിലുമുള്ള തയ്യാറെടുപ്പുകൾ എന്നിവ വിശദീകരിക്കുന്നു. സംസ്ഥാന ബഡ്ജറ്റ്, കേന്ദ്രസർക്കാരിന്റെ പ്രകൃതിദുരന്ത സഹായം, പ്രളയ സെസ്സ്, വിവിധ വായ്പകൾ, ബോണ്ടുകൾ തുടങ്ങി വിവിധ തലങ്ങളിലുള്ള സാമ്പത്തിക സമാഹരണ മാർഗ്ഗങ്ങൾ ഇതിൽ വിവരിക്കുന്നു. RKDP-യിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സമയക്രമവും മറ്റ് വിശദാംശങ്ങളും നിർവ്വചിച്ചിട്ടുണ്ട്. RKDP നടപ്പാക്കലുമായി ബന്ധപ്പെട്ട് ആദ്യഘട്ടം മുതൽ വേണ്ട സമഗ്രവും ഫലപ്രദവുമായി Monitoring and Evaluation സംവിധാനത്തെപ്പറ്റിയും RKDP-യുടെ കീഴിൽ വരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനാവശ്യമായ വിവിധ തലങ്ങളിലുള്ള സൂചകങ്ങളെപ്പറ്റിയും ഇതിനായി നടപ്പിലാക്കേണ്ട സ്ഥാപനതല ക്രമീകരണങ്ങളും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും പ്രസ്തുത നയരേഖയിൽ പ്രതിപാദിക്കുന്നു.

## മന്ത്രിസഭാ തീരുമാനങ്ങൾ

6 (1871) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ട ഏതെങ്കിലും മന്ത്രിസഭ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകൾ യഥാസമയം പുറപ്പെടുവിക്കാത്ത സ്ഥിതി വിശേഷമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഷയത്തിലുള്ള മന്ത്രിസഭ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവുകളാണ് ഇനിയും പുറപ്പെടുവിക്കാൻ ബാക്കിയുള്ളത്; വിശദമാക്കുമോ;

(സി) അജണ്ടയ്ക്ക് പുറത്തുള്ള ഇനമായി എത്ര വിഷയങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്;

(ഡി) ഇതിൽ എത്ര ഇനത്തിലാണ് അനുകൂലതീരുമാനം കൈക്കൊണ്ടിട്ടുള്ളത്; എത്ര എണ്ണം മന്ത്രിസഭ അനുകൂല തീരുമാനം കൈക്കൊള്ളാതെ നിരസിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി ആവശ്യമുള്ള തീരുമാനങ്ങളിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതിനാൽ അത്തരം തീരുമാനങ്ങളിന്മേലും പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്ന സമയത്തുള്ള തീരുമാനങ്ങളിന്മേലും യഥാസമയം ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടാകാറുണ്ട്.

(ബി) 29-5-2019 വരെ നടന്ന 169 മന്ത്രിസഭായോഗങ്ങളിലായി ആകെ 3057 തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. അതിൽ ഇനിയും ഉത്തരവ് പുറപ്പെടുവിക്കാൻ ബാക്കിയുള്ള തീരുമാനങ്ങളുടെ വിശദാംശങ്ങൾ വിവിധ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.

(സി&ഡി)) 29-5-2019 വരെ നടന്ന 169 മന്ത്രിസഭായോഗങ്ങളിലായി മുൻകൂട്ടി തയ്യാറാക്കിയ അജണ്ടയിൽ ഉൾപ്പെടാത്ത 556 ഇനങ്ങളിൽ തീരുമാനമായിട്ടുണ്ട്. അജണ്ടയ്ക്കുപുറത്തുള്ള ഇനമായി മന്ത്രിസഭായോഗം പരിഗണിക്കുന്ന വിഷയങ്ങളിൽ തീരുമാനമാകുന്നവ മാത്രമേ മന്ത്രിസഭായോഗ നടപടിക്കുറിപ്പിൽ ഉൾപ്പെടുത്താറുള്ളൂ.

## മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം

7 (1872) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം ഏത് ഏജൻസിയുടെ സഹായത്തോടെയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ ചെലവായി; ഇതിന്റെ ചെലവ് സംബന്ധിച്ച് സി. ആന്റ് എ.ജി. ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആഡിറ്റ് റിപ്പോർട്ടിലെ പരാമർശം എന്തായിരുന്നു;

(സി) മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം-ന്റെ മേൽനോട്ടം വഹിച്ചത് ആരായിരുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി.)യുടെ സഹായത്തോടെയാണ് മോഡേണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കിയത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാന സർക്കാർ രൂപീകരിച്ച എം.ജി.പി. മിഷൻ ആണ് പദ്ധതിയുടെ മേൽനോട്ടം വഹിച്ചത്.

**പ്രളയത്തിൽ നാശനഷ്ടങ്ങളുണ്ടായ പ്രദേശങ്ങൾ**

8 (1873) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളുണ്ടായ പ്രദേശങ്ങൾ, നദികളുടെയും പുഴകളുടെയും ജലാശയങ്ങളുടെയും തീരങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്നവരുടെ വീടുകൾക്കും കൃഷി സ്ഥലങ്ങൾക്കും സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി ഈ മൺസൂൺ സീസണിന്റെ പശ്ചാത്തലത്തിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ വിവിധ വകുപ്പുകൾ ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ 10-5-2019-ന് സംസ്ഥാന തലത്തിൽ കാലവർഷ-തുലാവർഷ തയ്യാറെടുപ്പ് യോഗം നടത്തി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. സംസ്ഥാനത്ത് Incident Response System 9-5-2019-ലെ സ.ഉ. (സാധാ) നമ്പർ

280/2019/ഡി.എം.ഡി. പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും, 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണം എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി പല ജില്ലകളിലും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ യോഗം അതാത് എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്തിട്ടുള്ളതും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പ്രകൃതിക്ഷോഭം കൂടുതൽ സാധ്യതയുള്ള സ്ഥലങ്ങളെ സംബന്ധിച്ച് വില്ലേജ് തലത്തിൽ വിവരശേഖരണം നടത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്.

നദികൾ, പുഴകൾ, ജലാശയങ്ങൾ എന്നിവയുടെ തീരങ്ങളിൽ താമസിച്ചിരുന്നതും പ്രളയത്തിൽ വീട്, കൃഷി എന്നിവ നഷ്ടപ്പെട്ടതുമായ വ്യക്തികളെ സ്ഥലത്തുനിന്നും മാറ്റി താമസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വെള്ളപ്പൊക്കംമൂലം നശിച്ച തോടുകൾ ആഴം കൂട്ടി കയർ ഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വഭിത്തി സംരക്ഷിക്കാൻ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും കൃഷി ഓഫീസർമാർക്കും നിർദ്ദേശം നൽകി.

**മന്ത്രിമാരുടെ വിദേശ സന്ദർശനം**

9 (1874) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയടക്കം ഏതെല്ലാം മന്ത്രിമാർ എത്ര പ്രാവശ്യം വിദേശയാത്ര നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രാജ്യങ്ങൾ എപ്പോഴാണ് സന്ദർശിച്ചതെന്നും ഇതിന് ചെലവായ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ സന്ദർശനത്തിലും അനുഗമിച്ച ആളുകൾ ആരൊക്കെയായിരുന്നുവെന്നും ഓരോരുത്തരുടെയും ഔദ്യോഗിക കർത്തവ്യം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ സന്ദർശനത്തിലും വിവിധ രാജ്യങ്ങളിൽ പങ്കെടുത്ത പരിപാടികളെക്കുറിച്ചും പ്രസ്തുത പരിപാടികളുടെ സംഘാടകരെക്കുറിച്ചുമുള്ള വിശദാംശം നൽകാമോ;

(ഇ) ഓരോ സന്ദർശനത്തിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നുവെന്നും ഇതുകൊണ്ട് നാളിതുവരെ കൈവരിച്ച നേട്ടങ്ങളും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന നേട്ടങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന് സന്ദർശനം കൊണ്ട് ലഭ്യമായ സഹായ സഹകരണങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - എഫ്) വിവരം ശേഖരിച്ചുവരുന്നു.

**പുതിയ തസ്തികകൾ**

10 (1875) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സർവ്വീസിൽ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; കാറ്റഗറി തിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**ആശ്രിത നിയമനം**

11 (1876) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികകളിൽ നടത്തിയ ആശ്രിത നിയമനങ്ങൾ വകുപ്പ് തിരിച്ച് വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഇ-ഓഫീസ് സംവിധാനം**

12 (1877) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഓഫീസ് സംവിധാനത്തെക്കുറിച്ച് ജില്ലാ കളക്ടർമാരുടെ അഭിപ്രായം സംസ്ഥാന ഐ.റ്റി. മിഷൻ ആരാഞ്ഞിരുന്നോ; എങ്കിൽ അവർ നൽകിയ റിപ്പോർട്ട് എന്താണ്; വിശദമാക്കുമോ;

(ബി) യാത്രാവേളകളിൽ പ്രസ്തുത സോഫ്റ്റ്‌വെയർ ഫലപ്രദമല്ലായെന്ന് ഏതെങ്കിലും ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ടോ;

(സി) യാത്രാവേളകളിൽ ഇ-ഓഫീസ് സംവിധാനം ഫലപ്രദമാക്കുവാനുള്ള വി.പി.എൻ. സംവിധാനം ഒരുക്കുന്നതും പരിപാലിക്കുന്നതും ഏത് ഏജൻസിയാണ്;

(ഡി) എൻ.ഐ.സി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മാറ്റി സ്വകാര്യ കമ്പനിക്ക് ഇ-ഓഫീസ് കരാർ നൽകുന്നതിനെക്കുറിച്ച് ഐ.റ്റി. മിഷന്റെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിരുന്നോ;

(ഇ) എങ്കിൽ പ്രസ്തുത ചർച്ചകളിൽ ഇ-ഓഫീസ് സംവിധാനത്തിന്റെ ന്യൂനതകളായി ചൂണ്ടിക്കാണിച്ചത് എന്തൊക്കെ കാര്യങ്ങളാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(സി) യാത്രാവേളകളിൽ ഇ-ഓഫീസ് സംവിധാനം ഫലപ്രദമാക്കുവാനുള്ള വി.പി.എൻ. സംവിധാനം ഒരുക്കുന്നത് സ്റ്റേറ്റ് ഡാറ്റ സെന്റർ ആണ്. സ്റ്റേറ്റ് ഡാറ്റ സെന്ററിന്റെ പരിപാലന ചുമതല Sify എന്ന ഏജൻസിക്കാണ്.

(ഡി) ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ ആയത് പരിശോധിച്ച് പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറിതല കമ്മിറ്റി 17-7-2017-ലെ സ.ഉ.(സാധാ) നമ്പർ 161/2017/ITD പ്രകാരം രൂപീകരിച്ചിരുന്നു. 26-7-2017-ൽ കൂടിയ പ്രസ്തുത സമിതിയാണ് സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസ്സിംഗ് സോഫ്റ്റ്‌വെയർ ഓപ്പൺ മാർക്കറ്റിൽനിന്നും വാങ്ങുന്നതിന് ശിപാർശ ചെയ്തത്. പ്രസ്തുത സമിതിയുടെ യോഗങ്ങളിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ പ്രതിനിധികളും പങ്കെടുത്തിട്ടുണ്ട്.

(ഇ) ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന്റെ വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, പല ദിവസങ്ങളിലും പൂർണ്ണമായോ ഭാഗികമായോ ഇ-ഓഫീസിന്റെ സേവനം ലഭിക്കാതിരിക്കുക എന്നിവയാണ് പ്രധാന ന്യൂനതകൾ. മറ്റ് ന്യൂനതകൾ താഴെപ്പറയുന്നവയാണ്.

1. മലയാളം ടൈപ്പിംഗിനുള്ള ബുദ്ധിമുട്ട്

2. നോട്ടിംഗിലും ഡ്രാഫ്റ്റിംഗിലുമുള്ള അലൈൻമെന്റ് പ്രശ്നം

3. പേജ് നാവിഗേഷനിലുള്ള ബുദ്ധിമുട്ട്

4. വിവിധ മാനുവലുകൾ പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിക്കാത്ത അവസ്ഥ

5. ഒരു ഫയലിൽതന്നെ വിവിധതരം നമ്പരുകൾ ഉള്ളതുകൊണ്ട് ആയത് പിന്നീട് കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്

6. ഫയലുകളും തപാലുകളും സെർച്ച് ചെയ്ത് കണ്ടുപിടിക്കുന്നതിനുള്ള ബുദ്ധിമുട്ട്

7. ഒരു ചെറിയ കാര്യം ചെയ്യുന്നതിനുതന്നെ വളരെയധികം മൗസ് ക്ലിക്കുകൾ ആവശ്യമായി വരുന്ന അവസ്ഥ

8. സോഫ്റ്റ്വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലപ്പഴക്കം

9. ഫയൽ ഓപ്പണാകുന്നതിനുള്ള കാലതാമസം

10. മറ്റ് വകുപ്പുകളിലേയ്ക്കും സെക്ഷനുകളിലേയ്ക്കും ഫയലുകൾ സ്ഥിരമായി ട്രാൻസ്ഫർ ചെയ്തുനൽകാൻ സാധിക്കാത്ത അവസ്ഥ

11. കോടതി കേസ്സുകൾ, നിയമസഭാ ചോദ്യങ്ങൾ, നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ തുടങ്ങിയ പ്രധാന വിഷയങ്ങൾ ക്രോഡീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സംവിധാനമില്ലായ്മ.

**സ്വകാര്യ സ്ഥാപനങ്ങൾ മുഖേന ഫയൽ വിവരങ്ങൾ കൈമാറുന്ന തീരുമാനം**

13 (1878) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ഫയൽ നീക്ക സംവിധാനമായ ഇ-ഓഫീസ് നിലവിൽ മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുവാൻ നടപടികൾ എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ ഇ-ഓഫീസ് സംവിധാനം ചെയ്തുവരുന്ന എൻ.ഐ.സി.-യിൽ നിന്നും പ്രസ്തുത സേവനം മാറ്റുന്നതിന് കാരണം എന്തെല്ലാമാണ്;

(സി) സർക്കാരിന്റെ പക്കലുള്ള രഹസ്യ സ്വഭാവം അടങ്ങുന്നതുൾപ്പെടെയുള്ള ഫയലുകളുടെ വിവരങ്ങൾ സ്വകാര്യ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ ഓഫീസുകളിലെ ഫയൽ നീക്ക സംവിധാനമായ ഇ-ഓഫീസ് സ്വകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ എൻ.ഐ.സി. മുഖേന നടപ്പിലാക്കുന്ന ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന് വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, സോഫ്റ്റ്‌വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലപ്പഴക്കംമൂലമുള്ള സാങ്കേതിക പ്രശ്നങ്ങൾ തുടങ്ങി നിരവധി പോരായ്മകളുള്ളതിനാൽ ആയതുമാറ്റി പുതിയ ഒരു സംവിധാനം കൊണ്ടുവരുന്നതിനു തീരുമാനിക്കുകയും ടെൻഡർ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

## ഇ-ഓഫീസ് സോഫ്റ്റ്‌വെയർ

14 (1879) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ഇ-ഓഫീസ് സോഫ്റ്റ്‌വെയർ പൂർണ്ണമായും ഉപേക്ഷിച്ച് പുതിയ സോഫ്റ്റ്‌വെയർ രൂപം നൽകുന്നതിനുള്ള ചുമതല സ്വകാര്യകമ്പനിക്ക് നൽകുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സെക്രട്ടേറിയറ്റിലെ അമ്പത്തിനാല് വകുപ്പുകളിലും പതിനാല് കളക്ടറേറ്റിലും നടപ്പിലാക്കിയ നിലവിലെ സോഫ്റ്റ്‌വെയർ പിൻവലിക്കുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) പുതുതായി സോഫ്റ്റ്‌വെയർ രൂപീകരിക്കുന്നതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; ഈ പദ്ധതിയുടെ നിർവ്വഹണത്തിന് ഏത് വകുപ്പിനെ / സർക്കാർ ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; സ്വകാര്യ കമ്പനിയെ സോഫ്റ്റ്‌വെയർ രൂപീകരിക്കുന്നതിനായി ചുമതലപ്പെടുത്തുമ്പോൾ നിർബന്ധമായും മുൻകൂട്ടി നിശ്ചയിക്കേണ്ട പ്രതിവർഷ ആവർത്തന/ മെയിന്റനൻസ് ചെലവ് കണക്കാക്കിയിട്ടുണ്ടോ; ആയത് വിശദമാക്കുമോ;

(ഡി) നിലവിലെ ഇ - ഓഫീസ് പദ്ധതിയുടെ പൂർത്തീകരണത്തിനായി എത്ര കോടി രൂപയാണ് നാളിതുവരെ ചെലവഴിച്ചത്; ഫീൽഡ് ഡിപ്പാർട്ട്മെന്റുകളിലും പഞ്ചായത്ത്, വില്ലേജ് തലങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ അവസാനഘട്ടമെത്തിയപ്പോൾ നിലവിലെ സോഫ്റ്റ്‌വെയർ ഉപേക്ഷിച്ച് പുതിയ സോഫ്റ്റ്‌വെയറിന് രൂപം നൽകുമ്പോഴുള്ള ഭീമമായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഇ) നിലവിലെ സോഫ്റ്റ്‌വെയറിൽ എന്തെങ്കിലും അപ്ഡേഷൻ ആവശ്യമുണ്ടെങ്കിൽ ആയത് നടപ്പാക്കുന്നതിന് ശ്രമിച്ചിട്ടുണ്ടോ; വിശദമാക്കുമോ; നിലവിലെ സോഫ്റ്റ്‌വെയറിന് എന്തെങ്കിലും അപാകതയുണ്ടെങ്കിൽ വ്യക്തമാക്കുമോ; എങ്കിൽ അപാകത എപ്രകാരമാണ് ബോദ്ധ്യപ്പെട്ടിട്ടുള്ളത്; അപാകത വിലയിരുത്താൻ ഏതെങ്കിലും സ്ഥാപനത്തെ/ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; അതിൻപ്രകാരം ഏതെങ്കിലും പഠനറിപ്പോർട്ട്/ നിർദ്ദേശം നൽകിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; പുതുതായി സോഫ്റ്റ്‌വെയർ രൂപീകരിക്കുമ്പോൾ ഉദ്യോഗസ്ഥർക്കുണ്ടാകുന്ന ബുദ്ധിമുട്ട് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(എഫ്) പുതിയ സോഫ്റ്റ്‌വെയർ വരുമ്പോൾ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾ പുതുതായി ആരംഭിക്കേണ്ടിവരുമോ; വിശദമാക്കുമോ; ഇ - ഓഫീസ് വഴി ഇതുവരെ സൃഷ്ടിക്കപ്പെട്ട ഫയലുകളുടെ സ്ഥിതി എന്താകുമെന്ന് വ്യക്തമാക്കുമോ; സ്വകാര്യ കമ്പനികൾ നിർമ്മിക്കുന്ന സോഫ്റ്റ്‌വെയർ സർക്കാർ വകുപ്പുകൾ ഉപയോഗിക്കുന്നതിലെ ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഓഫീസുകളിലെ ഫയൽ നീക്ക സംവിധാനമായ ഇ-ഓഫീസ് സ്വകാര്യ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ എൻ.ഐ.സി. മുഖേന നടപ്പിലാക്കുന്ന ഇ-ഓഫീസ് സോഫ്റ്റ്‌വെയറിന് വേഗതക്കുറവ്, കുറഞ്ഞ ഉപയോക്തൃ സൗഹൃദം തുടങ്ങി നിരവധി പോരായ്മകളുള്ളതിനാൽ ആയതു മാറ്റി പുതിയ ഒരു സംവിധാനം കൊണ്ടുവരുന്നതിന് തീരുമാനിക്കുകയും ടെൻഡർ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇ-ഓഫീസിന്റെ വേഗതക്കുറവ്, പല ദിവസങ്ങളിലും പൂർണ്ണമായോ ഭാഗികമായോ ഇ-ഓഫീസ് ലഭിക്കാതിരിക്കുക, വിവിധ മാന്വലുകൾ പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിക്കാതിരിക്കുക, കുറഞ്ഞ ഉപയോക്തൃ സൗഹൃദം, ഇ-ഓഫീസിന്റെ രണ്ടാം പതിപ്പ് തയ്യാറാക്കി തരാൻ എൻ.ഐ.സി.-യോട് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാതിരിക്കുക, സോഫ്റ്റ്‌വെയറിൽ ഉപയോഗിച്ചിരിക്കുന്ന സാങ്കേതിക വിദ്യയുടെ കാലപ്പഴക്കംമൂലമുള്ള സാങ്കേതിക പ്രശ്നങ്ങൾ മുതലായ കാരണങ്ങളാണ് പുതിയ സോഫ്റ്റ്‌വെയർ കണ്ടെത്തുന്ന നടപടികളിലേയ്ക്ക് നയിച്ചത്.

(സി) ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ടെൻഡർ നടപടികൾ പൂർത്തിയായതിനുശേഷമേ എത്ര രൂപയാണ് പ്രതിവർഷം ആവർത്തന/മെയിന്റനൻസ് ചെലവ്, ഏജൻസി തുടങ്ങിയ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(ഡി) 2013 മുതൽ 2019 മാർച്ച് വരെ 32,47,45,387 രൂപ ഇ-ഓഫീസ് പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറുമ്പോഴുള്ള ചെലവ്, ടെൻഡർ നടപടികൾ പൂർത്തിയായശേഷം മാത്രമേ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

(ഇ&എഫ്) ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19-1-2017-ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് സംസ്ഥാനതല അപ്പക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി.-യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവ് പ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി.-ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച് മാസത്തിൽ ഇ-ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25-3-2017-ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്നും വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18-4-2017-ന് മുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി. നൽകാതിരിക്കുകയോ ചെയ്ത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറി തല കമ്മിറ്റി 17-7-2017-ലെ സ.ഉ.(സാധാ) നമ്പർ 161/2017/TD പ്രകാരം രൂപീകരിച്ചിരുന്നു. 26-7-2017-ൽ കൂടിയ പ്രസ്തുത സമിതിയുടെ ആദ്യ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ പ്രോസസ്സിംഗ് സോഫ്റ്റ്‌വെയർ ഓപ്പൺ മാർക്കറ്റിൽനിന്നും വാങ്ങുന്നതിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഡിജിറ്റൽ വർക്ക് സ്പേസ് സൊല്യൂഷനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചത് (മിനിട്ട്സിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) സോഫ്റ്റ്‌വെയർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിഷ്ക്കരിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ട്രെയിനിംഗ്, ഹാൻഡ് ഹോൾഡ് സപ്പോർട്ട് എന്നിവ നൽകാനാണുദ്ദേശിക്കുന്നത്. ഇ-ഓഫീസ് വഴി സൃഷ്ടിക്കപ്പെട്ട ഫയലുകളും തപാലുകളും പൂർണ്ണമായും പുതിയ സിസ്റ്റത്തിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യണമെന്നത് ടെൻഡർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായാൽ മാത്രമേ ഏജൻസി സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

## സർക്കാർ ഓഫീസുകളിൽ ഇ-ഫയൽ

15 (1880) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഇ-ഫയൽ നീക്കത്തിനുള്ള സോഫ്റ്റ്‌വെയർ ഏത് ഏജൻസിയാണ് തയ്യാറാക്കി നൽകിയിട്ടുള്ളത്;

(ബി) സർക്കാർ ആവശ്യപ്പെട്ടപ്പോഴൊക്കെ പ്രസ്തുത ഏജൻസി സോഫ്റ്റ് വെയർ പരിഷ്ക്കരിച്ച് നൽകിയിട്ടുണ്ടോ;

(സി) ഇതിന്റെ ഏറ്റവും പുതിയ പതിപ്പ് പ്രസ്തുത സ്ഥാപനം സർക്കാരിന് നൽകിയിട്ടുണ്ടോ;

(ഡി) ഇ-ഫയൽ സംവിധാനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനത്തിൽ നിന്നും മാറ്റി സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദീകരിക്കുമോ?

ഉത്തരം

(എ) NIC തയ്യാറാക്കിയ ഇ-ഓഫീസ് സോഫ്റ്റ്‌വെയറാണ് സംസ്ഥാന സർക്കാർ ഓഫീസുകളിൽ ഫയൽ പ്രോസസ്സിംഗിനായി ഉപയോഗിക്കുന്നത്.

(ബി) ഇല്ല.

(സി & ഡി) ഇ-ഓഫീസിലെ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് വെർഷൻ 2.0 തയ്യാറാക്കണമെന്ന് എൻ.ഐ.സി.-ക്ക് നിരവധി തവണ നിർദ്ദേശം നൽകിയെങ്കിലും എൻ.ഐ.സി. ആയതിന് തയ്യാറാകാത്ത സാഹചര്യത്തിലാണ് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുള്ള പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചത്. ടെണ്ടർ നടപടികൾ പൂർത്തിയായാൽ മാത്രമേ ഏജൻസി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

**ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

16 (1881) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴുവൻ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എന്നുമുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സംവിധാനം നടപ്പിൽ വരുത്താൻ ഏത് കമ്പനി/ സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) ഓരോ ഓഫീസിലും ഈ സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ വേണ്ട ഫണ്ട് ചുമതലപ്പെടുത്തുന്ന കമ്പനികൾ തന്നെയാണോ വഹിക്കുന്നത്;

(ഡി) പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ചെലവിലേയ്ക്ക് ഓഫീസുകൾക്ക് പ്രത്യേകമായി പണം അനുവദിച്ച് നൽകുമോ;

(ഇ) എല്ലാ ഓഫീസുകളിലും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) എല്ലാ വകുപ്പുകളിലും 6 മാസത്തിനകവും സിവിൽ സ്റ്റേഷനുകളിൽ 3 മാസത്തിനകവും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വകുപ്പുകൾക്ക് / സ്ഥാപനങ്ങൾക്ക് മെഷീനുകൾ നേരിട്ടോ കെൽട്രോൺ മുഖേനയോ വാങ്ങി സ്ഥാപിക്കുവാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്.

(സി) ഓരോ ഓഫീസിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനാവശ്യമായ ചെലവ് അതാത് വകുപ്പുകളാണ് വഹിക്കുന്നത്.

(ഡി) ഇതിനായി പ്രത്യേകം ഫണ്ട് വകുപ്പുകൾക്ക് അനുവദിച്ച് നൽകിയിട്ടില്ല.

(ഇ) എല്ലാ സർക്കാർ ഓഫീസുകളിലും എപ്രകാരം ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിൽവരുത്തേണ്ടതെന്നത് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## സെക്രട്ടേറിയറ്റിലെ പഞ്ചിംഗ് സംവിധാനം

17 (1882) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ജീവനക്കാർക്ക് ഡ്യൂട്ടി ദിവസങ്ങളിൽ വൈകി എത്തുവാനുള്ള സമയപരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജീവനക്കാർക്ക് കോമ്പൻസേറ്ററി ഓഫ് അനുവദിക്കുന്ന ചട്ടങ്ങളിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജീവനക്കാർക്ക് ആഴ്ചയിൽ ഒന്നിടവിട്ട ദിവസങ്ങളിൽ അനുവദിച്ച വന്നിരുന്ന ഫ്ലെക്സി ടൈം ഒഴിവാക്കി മാസത്തിൽ 180 മിനിട്ട് എന്ന നിരക്കിൽ അനുവദിച്ച വന്ന ഗ്രേസ് ടൈം ഒരു മാസത്തിൽ 300 മിനിറ്റ് ആയി ഉയർത്തിയിട്ടുണ്ട്.

(സി) കോമ്പൻസേറ്ററി ഓഫ് അനുവദിക്കുന്നത് സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം

18 (1883) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏത് ഏജൻസി വഴിയാണ് ഇത്തരം നിയമനങ്ങൾ നടത്തുന്നത്;

(സി) റിയാബ് വഴി നടത്തിയിരുന്ന നിയമനങ്ങൾ പുതിയ സെലക്ഷൻ ബോർഡിനെ ഏല്പിക്കുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്;

(ഡി) റിയാബ് വഴി നടത്തിയ നിയമനങ്ങൾ സുതാര്യമല്ല എന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ;

(ഇ) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ തസ്തികയാണ് ഒഴിഞ്ഞ് കിടക്കുന്നത്; അതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) റിയാബ് വഴി നിയമിച്ചപ്പോൾ ഏർപ്പെടുത്തിയ പൊതുമാനദണ്ഡങ്ങൾ വേണ്ടായെന്ന് വച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ് എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ, ഫംഗ്ഷണൽ ഡയറക്ടർമാർ എന്നിവരെ നിയമിക്കുന്നതിനായി കേന്ദ്ര പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ മാതൃകയിൽ ജസ്റ്റിസ് കെ.കെ. ദിനേശൻ (റിട്ട. ഹൈക്കോടതി ജഡ്ജി) ചെയർമാനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി പ്ലാനിംഗ്, വ്യവസായ വകുപ്പുകളുടെ സെക്രട്ടറിമാർ, റിയാബ് ചെയർമാൻ എന്നിവരാണ് പ്രസ്തുത ബോർഡിലെ മറ്റ് അംഗങ്ങൾ. പ്രസ്തുത ഉന്നതതല നിയമനങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ അടങ്ങിയ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 28-5-2019-ലെ PLGEA-BPE3/146/2018-PLGEA നമ്പർ സർക്കുലറിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) നിലവിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് വഴിയാണ് നിയമനങ്ങൾ നടത്തുന്നത്.

(സി) മാനേജിംഗ് ഡയറക്ടർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഫംഗ്ഷണൽ ഡയറക്ടർ മുതലായ ഉന്നതതല നിയമനങ്ങൾ മാത്രമാണ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് വഴി നടത്തുന്നത്. ഇത്തരം ഉന്നതതല നിയമനങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടുതൽ സുതാര്യവും കുറ്റമറ്റതും ആക്കുന്നതിനുവേണ്ടിയാണ് 2016-ലെ ക്യാബിനറ്റ് തീരുമാന പ്രകാരം പ്രസ്തുത തസ്തികകൾക്ക് സെലക്ഷൻ ബോർഡ് കേന്ദ്ര പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ മാതൃകയിൽ പുനഃസംഘടിപ്പിച്ചത്.

(ഡി) ഇല്ല.

(ഇ) ഒൻപത്. പ്രസ്തുത തസ്തികകളിൽ കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖാന്തരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(എഫ്) കേന്ദ്ര പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിനെ പിന്തുടർന്ന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് വഴിയുള്ള നിയമനങ്ങൾക്കുള്ള പൊതുമാനദണ്ഡങ്ങൾ PLGEA-BPE3/146/2018-PLGEA നമ്പർ സർക്കുലറിൽ രൂപീകരിച്ചിട്ടുണ്ട്. അതിനാൽ റിയാബിന്റെ പൊതുമാനദണ്ഡങ്ങളല്ല കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് പിന്തുടരുന്നത്. പ്രസ്തുത ബോർഡിന്റെ പൊതു മാനദണ്ഡങ്ങൾ എല്ലാം https:/kpesb.kerala.gov.in എന്ന ബോർഡിന്റെ വെബ് സൈറ്റിൽ ഉദ്യോഗാർത്ഥികളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പ്രതിരോധ കപ്പൽ രൂപകൽപ്പനാ കേന്ദ്രം**

19 (1884) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാലിയത്ത് പ്രതിരോധ കപ്പൽ രൂപകൽപ്പനാ കേന്ദ്രത്തിന്റെ (നിർദേശ്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 10-8-2010-ലെ ജി.ഒ. (എം.എസ്.) 332/10/ആർ.ഡി. ഉത്തരവ് പ്രകാരം കോഴിക്കോട് താലൂക്കിൽ കടലുണ്ടി വില്ലേജിൽ ഉൾപ്പെട്ട 40.52 ഏക്കർ ഭൂമി 24-9-2010-ന് പ്രതിരോധ കപ്പൽ രൂപകൽപ്പനാ കേന്ദ്രം ആരംഭിക്കുന്ന ആവശ്യത്തിലേയ്ക്ക് മസഗോൺ ഡോക്ക് ലിമിറ്റഡ് മുംബൈ എന്ന സ്ഥാപനത്തിന്റെ കമ്പനി സെക്രട്ടറിയും, ലീഗൽ അഡ്വൈസറുമായ ശ്രീ. ഇ. എസ്. സെൽവരാജ് എന്നിവർക്ക് കൈമാറിയിട്ടുണ്ട്.

**ആയിരംദിന പരിപാടിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ പദ്ധതികൾ**

20(1885) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ആയിരം ദിന പരിപാടിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ എത്ര പദ്ധതികളാണ് ഉദ്ഘാടനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ ആയിരംദിന പരിപാടിയുടെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ 104 പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

(ബി) ഇതിൽ 86 പദ്ധതികൾ പൂർത്തീകരിച്ചു.

**വാട്ടർ ട്രെയിൻ പദ്ധതി**

21 (1886) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പരിസ്ഥിതിക്ക് ഏറ്റവും അനുയോജ്യമായ പദ്ധതി എന്ന നിലയിൽ വാട്ടർട്രെയിൻ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിൽ (K-Disc) ഏതെങ്കിലും യോഗം കൂടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശവും മിനിട്ട്സും ലഭ്യമാക്കുമോ;

(സി) ഈ മീറ്റിംഗുകളിലെ മിനിട്ട്സിൽ പറഞ്ഞിരുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ഇത് അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കൊച്ചിയിൽ ഇടപ്പള്ളി കനാലിൽ ലുലുമാൾ മുതൽ ചെമ്പുമുക്കുവരെ 2.6 കി.മീ ദൈർഘ്യത്തിൽ വാട്ടർട്രെയിൻ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഇടപ്പള്ളി കനാലിൽ ലുലുമാൾ മുതൽ ചെമ്പുമുക്കുവരെ വാട്ടർട്രെയിൻ പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ;

(എഫ്) 1985-ൽ കേരളത്തിൽ നിന്നുതന്നെയുള്ള എൻജിനീയർ ആവിഷ്കരിച്ച വാട്ടർ ടെയിൻ പദ്ധതിയുടെ ഊർജ്ജക്ഷമത കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി വിലയിരുത്തിയിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വിശദമായ പ്രോജക്ട് തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് രണ്ട് യോഗങ്ങൾ കൂടിയിട്ടുണ്ട്. യോഗ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഒന്നാമത്തെ യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാമത്തെ യോഗ തീരുമാനങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. ഇതുസംബന്ധിച്ച് നാറ്റ്പാകും, കൊച്ചി സർവ്വകലാശാലയും സംയോജിതമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള ടെക്നിക്കൽ ഫീസിബിലിറ്റി പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(എഫ്) കൊച്ചിൻ യൂണിവേഴ്സിറ്റി ഈ പദ്ധതി സംബന്ധിച്ച് വിലയിരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഹരിത കേരള മിഷൻ, ലൈഫ് പദ്ധതികളുടെ പുരോഗതി

22 (1887) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷൻ, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതികളുടെ വിശദാംശം നൽകുമോ; വ്യക്തമാക്കാമോ?

(ബി) ലൈഫ് മിഷൻ പദ്ധതിയിൽ നാളിതുവരെയായി ലക്ഷ്യമിട്ടിരുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ലൈഫ് പദ്ധതിപ്രകാരമാണോ വീട് അനുവദിക്കുന്നത് എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഹരിത കേരള മിഷന്റെ ലക്ഷ്യം എന്തെല്ലാമാണ്; ഇതിന് കീഴിൽ എന്തെല്ലാം പ്രവൃത്തികളാണ് നാളിതുവരെ ചെയ്തിട്ടുള്ളത്, പുതുതായി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തുവരുന്നത് ;

(ഇ) സംസ്ഥാനത്തിന്റെ ഗുരുതര പ്രശ്നമായി മാറിയ ഖര-പ്ലാസ്റ്റിക് മാലിന്യം നിർമാർജ്ജനം ചെയ്യുന്നതിനായി എന്തെങ്കിലും പദ്ധതി ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ പല പദ്ധതികളിലായി പൂർത്തീകരിക്കാത്ത 54491 ഭവനങ്ങൾ കണ്ടെത്തുകയും അതിൽ നാളിതുവരെ 50500 ഭവനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 3991 ഭവനങ്ങളുടെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതമായി കണ്ടെത്തിയ 184255 ഗുണഭോക്താക്കളിൽ 86192 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ 17036 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) അല്ല.

(ഡി) കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഹരിത കേരള മിഷൻ പ്രവർത്തിച്ചുവരുന്നത്. നാടിന്റെ പച്ചയും, മണ്ണിന്റെ നന്മയും, ജലത്തിന്റെ ശുദ്ധിയും, പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള അനവധി പ്രവർത്തനങ്ങൾ ഹരിത കേരളം മിഷൻ നടപ്പിലാക്കിയിട്ടുണ്ട്.

ഹരിത കേരളം മിഷന്റെ കീഴിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്ക് ഹരിതകർമ്മസേന വഴി യൂസർ ഫീ-യുടെ അടിസ്ഥാനത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യം സംഭരിക്കുന്നതിലേയ്ക്ക് എം.സി.എഫ്. (Material Collection Facility)-ഉം എം.സി.എഫ്.-ൽനിന്ന് രണ്ടാം ഘട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തരംതിരിവ് നടത്തി പുനഃചംക്രമണ സാദ്ധ്യതയുള്ള പ്ലാസ്റ്റിക്കുകൾ റീസൈക്ലിംഗ് യൂണിറ്റുകളിലേയ്ക്കും പുനഃചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഷ്രെഡ് ചെയ്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൈമാറുന്നതിനുള്ള ആർ.ആർ.എഫ്.-കൾ സ്ഥാപിച്ചുവരുന്നു.

സംസ്ഥാനത്ത് അജൈവ മാലിന്യ സംസ്കരണത്തിനായി പഞ്ചായത്ത്/ നഗരസഭകൾ, ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ പുനഃചംക്രമണം നടത്തുന്നതിനും ശാസ്ത്രീയമായ സംസ്കരണത്തിനുമാണ് ഉപയോഗിക്കുന്നത്. ഇതിനുപുറമേ ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണവും, ശാസ്ത്രീയ പുനഃചംക്രമണവും നടത്തിവരുന്നു. കൂടാതെ ഇ-മാലിന്യങ്ങളിൽ ഉൾപ്പെടുന്ന ആപൽക്കര മാലിന്യങ്ങളിൽ കമ്പനി ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ട്.

**അങ്കമാലി നിയോജകമണ്ഡലത്തിൽ ഹരിത കേരളം പദ്ധതി**

23 (1888) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയിൽ അങ്കമാലി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകി പൂർത്തീകരിച്ചതെന്ന് ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) പുതിയതായി ഏതെല്ലാം പദ്ധതികളാണ് അങ്കമാലി നിയോജക മണ്ഡലത്തിൽ പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

**ഉപഗ്രഹചിത്രങ്ങൾ ലഭ്യമാക്കുവാൻ നടപടി**

24 (1889) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാന്തിനി, പെരുമ്പയിൽ വീട്, കാക്കശ്ശേരി, ചിറ്റാട്ടുകര പി.ഒ., തൃശ്ശൂർ നൽകിയ അപേക്ഷയിൻമേൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി നടപ്പിലാക്കു ന്നതിനായി ടിയാളുടെ വീട് സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ ഉപഗ്രഹചിത്രങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്റർ (KSRSEC)-നോട് തൃശ്ശൂർ അഗ്രികൾച്ചറൽ ഫീൽഡ് ആഫീസർ 11-1-2019-ന് നൽകിയ അപേക്ഷ (രജി.നമ്പർ 3215) യിൻമേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം ഉണ്ടായിട്ടും പ്രസ്തുത ഉപഗ്രഹചിത്രങ്ങൾ നൽകുന്നതിന് കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഉപഗ്രഹചിത്രങ്ങൾ അടിയന്തരമായി നൽകുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയൺമെന്റ് സെന്ററിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) തൃശ്ശൂർ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ 11-1-2019-ൽ നൽകിയ അപേക്ഷ കെ.എസ്.ആർ.ഇ.സി.-യിൽ 14-1-2019-ൽ റഫറൻസ് നമ്പർ 3215 ആയി ലഭിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിന്മേലുള്ള റിപ്പോർട്ട് 10-6-2019-ൽ തൃശ്ശൂർ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള ശരാശരി 75 മുതൽ 80 വരെ WP(C) അപേക്ഷകൾ ദിവസവും കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ (KSRSEC)-ൽ ലഭിക്കുന്നുണ്ട്. അപേക്ഷകളുടെ രജിസ്ട്രേഷൻ, സ്കാനിംഗ്, ഫീൾഡ് മെഷർമെന്റ് ബുക്കിന്റെ ഡിജിറ്റൈസേഷൻ, ഉപഗ്രഹ ചിത്ര പരിശോധന, ഡൗൺലോഡിംഗ്, രൂപരേഖ തയ്യാറാക്കൽ, വ്യത്യസ്ത ഡാറ്റകളുടെ വിശകലനം, പ്രിന്റിംഗ്, തപാൽ അയയ്ക്കൽ എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് സമയദൈർഘ്യം ഉണ്ടാകാറുണ്ട്.

**ആശ്രാമം ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രം**

25 (1891) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആശ്രാമം ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രത്തിലെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് പൊതുജന അവബോധത്തിനായി നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധത്തിനായുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം കോർപ്പറേഷൻ ബി.എം.സി. പരിധിയിൽ വരുന്ന ആശ്രാമം കണ്ടൽ പ്രദേശത്തെ (ആശ്രാമം മൈതാനം ഒഴിവാക്കി) കേരളത്തിലെ പ്രഥമ ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രമായി 2019 ജൂൺ 5-ന് സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 2002-ലെ ജൈവ വൈവിദ്ധ്യ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രങ്ങളുടെ പരിപാലനത്തിനായി ജൈവവൈവിദ്ധ്യ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

**ചേലക്കര നാട്ട്യൻചിറയിൽ പ്രവർത്തിക്കുന്ന ക്വാറി**

26 (1892) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നാട്ട്യൻചിറയിൽ പ്രവർത്തിക്കുന്ന ക്വാറിയുടെ പ്രവർത്തനാനുമതികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഈ ക്വാറിയിലേയ്ക്ക് നിർമ്മിച്ചിട്ടുള്ള വഴിയിൽ മണ്ണിടിച്ചിലുണ്ടായത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; ഇത് പൊതുവഴിയാണോ; ആണെങ്കിൽ ഈ വഴിയിൽ ഗേറ്റ് സ്ഥാപിച്ചിട്ടുള്ളത് നീക്കം ചെയ്യുമോ;

(സി) ചേലക്കര പോലീസ് സ്റ്റേഷനിൽ ഈ ക്വാറിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചേലക്കര നാട്ട്യൻചിറയിൽ പ്രവർത്തിച്ചിരുന്ന ക്വാറിക്ക് നിലവിൽ പെർമിറ്റ് ഇല്ല. എന്നാൽ, WP(C) No.36329/2015 എന്ന കേസ്സിൽ 23-12-2015-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം, ക്വാറിയോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി കരിങ്കല്ല് നീക്കം ചെയ്യുന്നതിന് തൃശ്ശൂർ ജില്ലാ ജിയോളജിസ്റ്റ് അനുമതി നൽകിയിരുന്നു. പ്രസ്തുത അനുമതിയുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. പൊതുവഴിയല്ല.

(സി) ക്വാറിക്കെതിരെയും, ക്വാറി ഉടമകൾ മദ്രസ്സ റോഡ് ഉപയോഗിക്കുന്നതിനെതിരെയും പരാതികൾ ഉണ്ടായിരുന്നു. ഇതുകൂട്ടരും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും, ബഹുമാനപ്പെട്ട കോടതി മദ്രസ റോഡിലൂടെ നിശ്ചിത സമയങ്ങളിൽ ചെറിയ വാഹനങ്ങൾ മാത്രം പോകുന്നതിന് അനുവദിക്കുകയുമുണ്ടായി.

## പറവൂരിലെ ശാന്തിവനം

27 (1893) <u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിദ്ധ്യം കൊണ്ട് സമ്പന്നമായ പറവൂരിലെ ശാന്തിവനം സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പ്രദേശത്ത് നടക്കുന്ന പരിസ്ഥിതി ആഘാത നിർമ്മാണ പ്രവർത്തനങ്ങൾ ശാന്തിവനത്തിലുണ്ടാക്കുന്ന ആഘാതങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയോ;

(സി) ഇല്ലെങ്കിൽ ശാന്തിവനത്തിൽ നടക്കുന്ന ടവർ നിർമ്മാണം ഈ പ്രദേശത്തിന്റെ ജൈവവൈവിദ്ധ്യത്തെ എപ്രകാരം ബാധിക്കുമെന്ന കാര്യം പഠന വിധേയമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സ്ഥലം സ്വകാര്യ ഭൂമിയിലാണ്. മന്നം ചെറായി 110 കെ.വി. ലൈൻ റൂട്ടിലുള്ള ശ്രീമതി മീനാമേനോന്റെ വസ്തുവിലുള്ള (ശാന്തി വനം) വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവിടെ സ്ഥാപിച്ചിരിക്കുന്നത് narrow based tower ആണ്. ടി വസ്തുവിലെ മരങ്ങൾ മുറിച്ചു മാറ്റാതിരിക്കുന്നതിനായി ടവറിന്റെ ഏറ്റവും താഴത്തെ cross arm-ന്റെ ഉയരം 19.4 മീറ്ററിൽനിന്നും 22.4 മീറ്ററാക്കി ഉയർത്തി. കൂടാതെ തൊട്ടടുത്തുള്ള ടവറിന്റെ താഴത്തെ cross arm 21.4 മീറ്ററിൽനിന്നും 24.6 മീറ്ററിലേയ്ക്ക് ഉയർത്തി. ഇതുമൂലം 48 മരങ്ങൾ മുറിക്കേണ്ടിടത്ത് 3 മരങ്ങൾ മാത്രമേ അധികമായി മുറിച്ചു മാറ്റേണ്ട സ്ഥിതി വന്നിട്ടുള്ളൂ. കൂടാതെ 5 മരങ്ങളുടെ ചില്ലകൾ മാത്രമേ മുറിക്കേണ്ടി വരികയുള്ളൂ.

(ബി&സി) പ്രസ്തുത പ്രദേശം പരിസ്ഥിതി ലോല മേഖലയോ notified വനമേഖലയോ അല്ല. സ്വകാര്യ ഭൂമിയാണ്. ഇവിടെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾകൊണ്ട് ഈ പ്രദേശത്തിന്റെ ജൈവവൈവിദ്ധ്യത്തെയോ പരിസ്ഥിതിയെയോ കാര്യമായി ബാധിക്കുന്നുവെന്ന് കരുതുന്നില്ല. കൂടാതെ വനം വകുപ്പ് ഈ പ്രദേശത്തെ സാങ്കേതികമായി വനമേഖലയായി പരിഗണിക്കാനാവില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

## തീരദേശ പരിപാലന നിയമം

28 (1894) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിലെ ദൂരപരിധി നിർണ്ണയത്തിൽ ഇളവുകൾ അനുവദിച്ചുകൊണ്ടുള്ള എന്തെങ്കിലും നിർദ്ദേശം / ഉത്തരവുകൾ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ;

(ബി) ദൂരപരിധിയിൽ ഭേദഗതി വരുത്തുന്നതിനായി സംസ്ഥാനത്തിനോട് കേന്ദ്രം അഭിപ്രായം ആരാഞ്ഞിരുന്നോ എന്നറിയിക്കാമോ ;

(സി) ഉണ്ടെങ്കിൽ സംസ്ഥാനം നൽകിയ ഭേദഗതി ശിപാർശകൾ ചുരുക്കി വിശദമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. തീരദേശ പരിപാലന നിയമം 2011-ലെ ദൂരപരിധി നിർണ്ണയത്തിൽ ഇളവുകൾ വരുത്തി 18-1-2019-ലെ GSR. 37(E) നമ്പർ വിജ്ഞാപനപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുതിയ തീരദേശ പരിപാലന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ആരാഞ്ഞിരുന്നു. സർക്കാരിന്റെ അഭിപ്രായം 14-6-2018-ലെ ബി3/133/2018/പരി. നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

## ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിയമന സംവരണം

29 (1895) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നടന്ന നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് ലഭിച്ച നിവേദനങ്ങളിൽ ഏതെങ്കിലും റിപ്പോർട്ടുകൾ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയം കേന്ദ്ര സയൻസ് ആന്റ് ടെക്നോളജി വകുപ്പുമായി ഇടപ്പെട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. ഇതിന്റെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ കീഴിൽ വരുന്നതല്ല. കൂടാതെ, ഈ വിഷയം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**റീജിയണൽ കാൻസർ സെന്ററിൽ ശമ്പള പരിഷ്കരണം**

30 (1896) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ശമ്പള പരിഷ്കരണം നടന്നത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ശമ്പളപരിഷ്കരണം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ശമ്പള പരിഷ്കരണം കേന്ദ്രനിരക്കിൽ ആണോയെന്നും എന്നത്തേയ്ക്ക് നടപ്പിലാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ അക്കാഡമിക്, നോൺ അക്കാഡമിക് വിഭാഗത്തിന് (നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനേഴ്സ് എന്നീ വിഭാഗങ്ങൾ ഒഴികെ) 3-11-2009-ലെ G.O.(Ms) No.382/2009/H&FWD അനുസരിച്ച് 1-1-2006 മുതലും, മോണിറ്ററി ബെനിഫിറ്റ് 1-1-2007 മുതലും അനുവദിച്ചുകൊണ്ട് കേന്ദ്ര നിരക്കിലുള്ള ആറാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.

നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനേഴ്സ് എന്നീ വിഭാഗത്തിന് സംസ്ഥാന സർക്കാരിന്റെ പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ 1-7-2014 മുതലും, മറ്റ് അലവൻസുകൾ 1-2-2016 മുതലും അനുവദിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതുസംബന്ധിച്ച് റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്.

## കെ.എ.എസ്. വിജ്ഞാപനം

31 (1897) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്-നായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) വിജ്ഞാപനം എന്നത്തേയ്ക്ക് ഇറക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) കെ.എ.എസ്.നായി എത്ര തസ്തികകൾ നോട്ടിഫൈ ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) കെ.എ.എസ്. നിയമനത്തിനായി വിശേഷാൽ ചട്ടങ്ങൾ 29-12-2017-ലെ എസ്.ആർ.ഒ. 861/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ചട്ടങ്ങളിൽ വരുത്തേണ്ട ചില ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കെ.എ.എസ്. വിശേഷാൽ ചട്ടങ്ങളിൽ Schedule II-ൽ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളുടെ എണ്ണത്തിന്റെ പത്ത് ശതമാനമാണ് കെ.എ.എസ്.-ലേയ്ക്കുള്ള നിയമനത്തിനായി വ്യവസ്ഥ ചെയ്തിരിക്കുന്നത്.

## എക്സ്- സർവ്വീസ് ക്വാട്ടയിലുള്ള പി.എസ്.സി. നിയമനം

32 (1898) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിൽ എക്സ്-സർവ്വീസ് ക്വാട്ടയിൽ എല്ലാ കാറ്റഗറികളിലേയ്ക്കും നിയമനം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) 67/2014, 68/2014 എന്നീ കാറ്റഗറികളിൽ മൃഗസംരക്ഷണ വകുപ്പിൽ എക്സ്-സർവ്വീസ് ക്വാട്ടയിൽ ഒന്നാമത് വന്ന ആളിന് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യക്തിക്ക് ഈ സംവരണ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അർഹതയുള്ള എല്ലാ കാറ്റഗറികളിലും നിയമനം നടത്തുന്നുണ്ട്.

(ബി&സി) മൃഗസംരക്ഷണ വകുപ്പിൽ 67/2014 കാറ്റഗറിക്കുള്ള റാങ്ക് പട്ടികയിൽനിന്നും എക്സ്-സർവ്വീസ് ക്വാട്ടയിലെ wives & children of Ex-service/Deceased Ex-service personnel & wives & children of serving personnel എന്നീ വിഭാഗങ്ങളിലെ ഒന്നാം റാങ്കുകാർക്ക് 4-10-2017-ൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രസ്തുത ഉദ്യോഗാർത്ഥികൾ തന്നെയാണ് 68/2014 കാറ്റഗറിയുടെ റാങ്ക് പട്ടികയിലും ഉൾപ്പെട്ടിരിക്കുന്നത് എന്നതിനാൽ നിലവിലെ ചട്ടപ്രകാരം ടി റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശയിൽനിന്നും മേൽപ്പറഞ്ഞ ഉദ്യോഗാർത്ഥികളെ ഒഴിവാക്കിയിട്ടുണ്ട്.

**സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ വിവരണാത്മക പരീക്ഷ**

33 (1899) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിൽ സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് തസ്തികയിൽ വിവരണാത്മക പരീക്ഷ നടത്തണമെന്ന് ശിപാർശ നൽകിയ ശേഷവും പ്രസ്തുത തസ്തികയിൽ വിവരണാത്മക പരീക്ഷ നടത്താതെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ബി) 1990-നുശേഷം എത്ര പ്രാവശ്യം പ്രസ്തുത തസ്തികയിൽ ഒബ്ജക്ടീവ് പരീക്ഷ മാത്രം നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയുടെ അടുത്ത വിജ്ഞാപനം മുതൽ ശമ്പള കമ്മീഷന്റെ ശിപാർശയനുസരിച്ച് വിവരണാത്മക രീതിയിൽ പരീക്ഷകൾ നടത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

## ഉത്തരം

(എ) സർക്കാർ സർവ്വീസിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നത് പി.എസ്.സി.-യുടെ അധികാര പരിധിയിൽപ്പെടുന്ന വിഷയമാണ്. ഒരു തസ്തികയിലേയ്ക്ക് എപ്രകാരം പരീക്ഷ നടത്തണം എന്ന് തീരുമാനിക്കുന്നതും പി.എസ്.സി. തന്നെയാണ്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ objective multiple choice മാതൃകയിലുള്ള പരീക്ഷ നടത്തുവാനാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചത്.

(ബി) നേരിട്ടുള്ള നിയമനത്തിനും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും മൂന്ന് തവണ വീതം പി.എസ്.സി. ഒബ്ജക്ടീവ് പരീക്ഷ നടത്തിയിട്ടുണ്ട്.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കൈക്കൊള്ളുന്ന തീരുമാനങ്ങൾക്കനുസൃതമായിട്ടാണ് പരീക്ഷ നടത്തുന്നത്.

## ജി.സി.ഡി.എ.-യിലെ നിയമനം

34 (*T1900) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ.(ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി)-യിൽ ഡെപ്യൂട്ടി ടൗൺപ്ലാനർ, ടൗൺപ്ലാനർ എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കാമോ; പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾക്ക് ജനറൽ, ഒ.ബി.സി.,എസ്.സി./എസ്.ടി. എന്നീ വിഭാഗങ്ങൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതയും പരിചയവും എന്തെല്ലാമായിരുന്നു; വിശദമാക്കാമോ; നോട്ടിഫിക്കേഷന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) എസ്.സി./എസ്.ടി.വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിചയ സർട്ടിഫിക്കറ്റ് ആവശ്യമില്ലായെന്ന് പി.എസ്.സി. നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എത്ര പേർക്ക് നിലവിൽ നിയമനം നൽകിയിട്ടില്ല; ഇവർ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്നയാളുകളാണ്; നിയമനം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് ഒരു നിയമനം നൽകിയിട്ടുണ്ട്. ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് നിയമനം നൽകിയിട്ടില്ല. റാങ്ക് ലിസ്റ്റുകളുടെ പകർപ്പ് യഥാക്രമം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഡെപ്യൂട്ടി ടൗൺ പ്ലാനർ, ടൗൺ പ്ലാനർ തസ്തികകൾക്ക് ജനറൽ, ഒ.ബി.സി., എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതയും പ്രവൃത്തി പരിചയവും അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത തസ്തികകളുടെ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) നൽകിയിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ ഒരാൾക്ക് ഒഴിച്ച് റാങ്ക് ലിസ്റ്റിലെ മറ്റാർക്കും ജി.സി.ഡി.എ.-യിൽ നിയമനം നൽകിയിട്ടില്ല. ഇവർ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നയാളാണ്. ജി.സി.ഡി.എ.-യിൽ ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയിലേയ്ക്ക് രണ്ട് ഒഴിവും, ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് മൂന്ന് ഒഴിവുമാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നത്. ടൗൺ പ്ലാനറായി ഒരാളെയും, ഡെപ്യൂട്ടി ടൗൺ പ്ലാനറായി മൂന്ന് പേരെയും നിയമനത്തിനായി പി.എസ്.സി. ശിപാർശ ചെയ്തിരുന്നു. എന്നാൽ ടി തസ്തികയ്ക്ക് ആവശ്യമായിരുന്ന പ്രവൃത്തി പരിചയം ഒരാൾ ഒഴികെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്ന മറ്റ് ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരുന്നില്ല. ടൗൺ പ്ലാനർ, ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികകൾ എന്നത് മേൽനോട്ട തസ്തികകൾ (സൂപ്പർവൈസറി കേഡർ) ആയതിനാൽ പ്രവൃത്തി പരിചയം എന്നത് അനിവാര്യമായിരുന്നു എന്ന കാരണത്താലാണ് നിയമനം നൽകാത്തത്.

## കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) റാങ്ക് ലിസ്റ്റ്

35 (1901) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-12-2016-ൽ നിലവിൽ വന്ന കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) റാങ്ക് ലിസ്റ്റിൽ (517/2011) എത്ര പേരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിൽ നിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകി എന്നറിയിക്കാമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി ഈ വർഷം അവസാനിക്കുമെന്നതിനാൽ ഈ തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) മെയിൻ ലിസ്റ്റിൽ 969 പേരും സപ്ലിമെന്ററി ലിസ്റ്റിൽ 1603 പേരും ഉൾപ്പെട്ടിട്ടുണ്ട്. 194 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള ഒഴിവുകൾ യഥാസമയം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക്/വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനം

36 (1902) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്ന് അവസാനിക്കുമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുവാൻ ഉദ്ദേശമുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലയിലെയും എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് പട്ടികയുടെ കാലാവധി 30-8-2019-ന് അവസാനിക്കുന്നതാണ്.

(ബി)

| ജില്ല | നിയമന ശിപാർശയുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 247 |
| കൊല്ലം | 105 |
| ആലപ്പുഴ | 83 |
| പത്തനംതിട്ട | 56 |
| കോട്ടയം | 91 |
| എറണാകുളം | 149 |
| ഇടുക്കി | 91 |

| (1) | (2) |
|---|---|
| തൃശ്ശൂർ | 107 |
| പാലക്കാട് | 90 |
| മലപ്പുറം | 95 |
| കോഴിക്കോട് | 146 |
| വയനാട് | 41 |
| കണ്ണൂർ | 94 |
| കാസർഗോഡ് | 35 |

(സി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**എൽ.ഡി. സി. റാങ്ക് ലിസ്റ്റും ആശ്രിത നിയമനവും**

37 (1903) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാം ജില്ലകളിൽ നിലവിലുണ്ട്; എന്നാണ് പ്രസ്തുത റാങ്ക് ലിസ്റ്റുകൾ ഓരോന്നും നിലവിൽ വന്നത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ ഓരോന്നിൽ നിന്നും എത്രപേർക്ക് ഇതിനകം നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) എൽ.ഡി.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം വിവിധ ജില്ലകളിൽ ആശ്രിത നിയമന വ്യവസ്ഥയിൽ എത്ര പേർക്ക് നിയമനം നൽകി;

(ഡി) ആശ്രിത നിയമനം നിലവിൽ എത്ര ശതമാനമാണ്; പ്രസ്തുത ശതമാനത്തിൽ കൂടുതൽ പേർക്ക് നിയമനം നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ഇത് ദോഷകരമായി ബാധിക്കുകയില്ലേ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എൽ.ഡി.സി. തസ്തികയിലേയ്ക്കുള്ള പതിനാല് ജില്ലകളിലേയും റാങ്ക് ലിസ്റ്റ് 2-4-2018-ന് നിലവിൽവന്നു.

(ബി)

| ജില്ല | നിയമന ശിപാർശയുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 298 |
| കൊല്ലം | 194 |
| ആലപ്പുഴ | 98 |
| പത്തനംതിട്ട | 127 |
| കോട്ടയം | 175 |
| എറണാകുളം | 138 |
| ഇടുക്കി | 155 |
| തൃശ്ശൂർ | 236 |
| പാലക്കാട് | 221 |
| മലപ്പുറം | 222 |
| കോഴിക്കോട് | 230 |
| വയനാട് | 83 |
| കണ്ണൂർ | 205 |
| കാസർഗോഡ് | 122 |

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി&ഇ) 24-5-1999-ലെ G.O.(P) No.12/99/P&ARD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം നടത്തിവരുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം മരണമടഞ്ഞ ജീവനക്കാരന്റെ ആശ്രിതന് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ (മാതൃ വകുപ്പ്) തന്നെ നിലവിലുള്ളതോ/ഉണ്ടാകുവാൻ സാധ്യതയുള്ളതോ ആയ ഒഴിവിലേയ്ക്ക് നിയമനം നൽകേണ്ടതാണ്. ഇതിന് നിശ്ചിത ക്വാട്ട/ശതമാനം നിശ്ചയിച്ചിട്ടില്ല. മാതൃ വകുപ്പുകളിൽ നിയമനം നൽകുന്നതിന് ഒഴിവില്ലെങ്കിൽ മറ്റ് വകുപ്പുകളിൽ നിയമനം നൽകുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ ലഭിക്കുന്ന അപേക്ഷകളിലേയ്ക്ക് നിയമനം നൽകുന്നതിനായി പൊതുഭരണ (സി.ഇ. സെൽ) വകുപ്പിലേയ്ക്ക് ഓരോ വകുപ്പും താഴെപ്പറയും പ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഓരോ വകുപ്പുകളിലും എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ ഒരു വർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനം ഒഴിവുകളും സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ അസിസ്റ്റന്റ്, ലീഗൽ അസിസ്റ്റന്റ് എന്നീ

തസ്തികകളിൽ ഒരു വർഷം ആകെ ഉണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനം ഒഴിവുകളും ഗ്രാമവികസന വകുപ്പുകളിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വനിതാ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ തസ്തികകളിലെയും, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ലോവർ ഡിവിഷൻ കമ്പൈലർ തസ്തികയിലെയും ഒരു വർഷത്തിൽ ആകെ ഉണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനം ഒഴിവുകളും, പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡൻ എന്നീ തസ്തികകളിൽ ഒരു വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം ഒഴിവുകളും പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## വയനാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

38 (1904) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വയനാട് ജില്ലയിൽ വിവിധ വകുപ്പുകളിലായി നിലവിൽ എൽ.ഡി. ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകൾ ഉണ്ട്; പ്രതീക്ഷിത ഒഴിവുകൾ എത്ര ഉണ്ട്; വിശദമാക്കുമോ;

(ഡി) ജില്ലയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന മുഖ്യമന്ത്രിയുടെ ഉത്തരവ് വകുപ്പ് മേലധികാരികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് നിലവിലെ ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) റാങ്ക് ലിസ്റ്റിന്റെ കാലാവധി 30-8-2019 വരെയാണ്.

(ബി) 54 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി - ഇ) 1-6-2019-ന് നിലവിൽ വന്ന 2 (രണ്ട്) പ്രതീക്ഷിത ഒഴിവുകൾ നിലവിൽ പി.എസ്.സി.-ക്ക് ലഭിച്ചിട്ടുണ്ട്. നിലവിലെ ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ലക്ചറർ ഇൻ മ്യൂസിക് തസ്തികയുടെ റാങ്ക് ലിസ്റ്റ്

39 (1905) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യിൽ കാറ്റഗറി നമ്പർ 592/12 പ്രകാരം ലക്ചറർ ഇൻ മ്യൂസിക് തസ്തികയ്ക്ക് അപേക്ഷ സമർപ്പിച്ച് 13.04.2016-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി;

(ബി) പ്രസ്തുത തസ്തികയ്ക്കുവേണ്ടി പി.എസ്.സി. പത്ത് വർഷമെങ്കിലും കഴിഞ്ഞിട്ടാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതെന്നും ആയതിനാൽ ലിസ്റ്റിൽ ഉൾപ്പെട്ട പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതെ ലിസ്റ്റ് കഴിഞ്ഞ മാസം ക്യാൻസൽ ആയി എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയതിനാൽ പ്രായപരിധി കഴിഞ്ഞ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതിനുവേണ്ടി പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുവാൻ തീരുമാനിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 3 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റദ്ദായ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുവാൻ വ്യവസ്ഥയില്ല.

## സ്റ്റാഫ് നഴ്സ് തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

40 (1906) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയുടെ റാങ്ക് ലിസ്ററ് കേരള പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കാമോ; ഈ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുമൂലം ഈ തസ്തികയിലേയ്ക്ക് നിയമനം നടക്കാതിരിക്കുന്നത് ആശുപത്രികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതിന് അടിയന്തിര പരിഹാരം കണ്ടെത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എല്ലാ ജില്ലയിലെയും റാങ്ക് ലിസ്റ്റ് 16-7-2018-ന് നിലവിൽവന്നു.

(ബി) ജില്ല തിരിച്ചുള്ള ഒഴിവുകൾ താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| തിരുവനന്തപുരം | 49 |
| കൊല്ലം | 38 |
| ആലപ്പുഴ | ഇല്ല |
| പത്തനംതിട്ട | ഇല്ല |
| കോട്ടയം | ഇല്ല |
| എറണാകുളം | മുൻ റാങ്ക് ലിസ്റ്റിൽ PH-ന്റെ അഭാവത്തിൽ മാറ്റിവച്ചിട്ടുള്ള 7 ഒഴിവുകൾ കൂടാതെ 95 ഒഴിവുകൾ നിലവിലുണ്ട്. |
| ഇടുക്കി | ഇല്ല |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | ഇല്ല |
| മലപ്പുറം | ഇല്ല |
| കോഴിക്കോട് | ഇല്ല |
| വയനാട് | ഇല്ല |
| കണ്ണൂർ | 51 |
| കാസർഗോഡ് | 1-1-2017 മുതൽ 30-6-2017 വരെ റിപ്പോർട്ട് ചെയ്ത 38 ഒഴിവുകൾ ബഹു. KAT-ന്റെ O.A. 1540/18 നമ്പർ ഇടക്കാല ഉത്തരവ് പ്രകാരം മാറ്റിവച്ചിട്ടുണ്ട്. പുതിയ റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ ചെയ്യുവാൻ പി.എസ്.സി.-യിൽ അറിയിച്ചിട്ടുള്ള ഒരു ഒഴിവിലേയ്ക്ക് clarification ലഭിക്കേണ്ടതുണ്ട്. |

(സി) റാങ്ക് ലിസ്റ്റ് 16-7-2018-ന് നിലവിൽ വന്നു. റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ നിയമനത്തിനായി പി.എസ്.സി. പരീക്ഷ

41 (1907) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ റവന്യൂ വകുപ്പിലേയ്ക്കുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ നിയമനത്തിനായി പി. എസ്. സി. പരീക്ഷ നടത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ടി തസ്തികയിലേയ്ക്കുള്ള OMR പരീക്ഷ പി.എസ്.സി. 18-11-2017-ൽ നടത്തി. റാങ്ക് പട്ടിക അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.

## എറണാകുളം ജില്ലയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ്

42 (1908) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ-68/14) കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉണ്ടായിട്ടുള്ള മുഴുവൻ ഒഴിവുകളും പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കാറ്റഗറി നമ്പർ 68/14 ആയ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിന്റെ കാലാവധി 2020 മാർച്ച് 6 വരെയാണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഇന്നുവരെ 25 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ 5 ഒഴിവുകൾ ഉള്ളത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളും പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമാനുസൃതം നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷനിൽ എൽ.ഡി. ക്ലാർക്ക് നിയമന റാങ്ക് ലിസ്റ്റ്

43 (1909) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ 2014-ൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(ബി) പി.എസ്.സി. എന്നാണ് ഇതിന്റെ പരീക്ഷ നടത്തിയത്; അറിയിക്കുമോ;

(സി) ഇതിന്റെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ഡി) ഇതിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് 561/14 കാറ്റഗറി നമ്പരായി അപേക്ഷ ക്ഷണിച്ചിരുന്നു.

(ബി & സി) 22-10-2016-ന് നടന്ന പരീക്ഷയുടെ ചുരുക്കപ്പട്ടിക 20-12-2018-ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഡി&ഇ) ടി തസ്തികയുടെ റാങ്ക് പട്ടിക 3-6-2019-ൽ നിലവിൽ വന്നിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ പി.എസ്.സി. നിയമനങ്ങൾ

44 (1910) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ്, എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിലെ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും ഇതുവരെ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) അദ്ധ്യയന വർഷാരംഭമായതിനാൽ ഒഴിവുള്ള എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിൽ ഉടൻ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ടി തസ്തികയുടെ നിയമനശിപാർശ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| തസ്തിക | നിയമന ശിപാർശകളുടെ എണ്ണം |
|---|---|
| LD Clerk | 236 |
| LGS | 120 |
| LPSA | 257 |
| UPSA | 65 |

(ബി) UPSA തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. കോടതി ഉത്തരവിനെത്തുടർന്ന് LPSA തസ്തികയിലേയ്ക്കുള്ള നിയമന ശിപാർശ അയയ്ക്കുന്നത് പി.എസ്.സി. താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

## ആയുർവേദ മെഡിക്കൽ ഓഫീസർ റാങ്ക് ലിസ്റ്റ്

45 (1911) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പി.എസ്.സി. 28-6-2018-ൽ നടത്തിയ ആയുർവേദ മെഡിക്കൽ ഓഫീസർ (കാറ്റഗറി നമ്പർ 66/18) തസ്തികയിലേയ്ക്കുള്ള പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

28-6-2018-ന് ഒരു തസ്തികയിലേയ്ക്കും പി.എസ്.സി. പരീക്ഷ നടത്തിയിട്ടില്ല. Part time HSA-Urdu (NCA-ST) (മലപ്പുറം) തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായിട്ടാണ് 66/18 കാറ്റഗറി നമ്പരായി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

## സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ റാങ്ക് ലിസ്റ്റ്

46 (1912) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ രണ്ടാംതരം സർവ്വേയർ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് വരെയാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ 2019 മേയ് മാസം വരെയുള്ള ഒഴിവുകൾ ഉൾപ്പെടുത്തി എത്രപേർക്ക് കൂടി നിയമനം നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് 2-5-2018-ൽ നിലവിൽ വന്നു. ടി റാങ്ക് പട്ടികയുടെ കാലാവധി 3 വർഷമാണ്. ടി റാങ്ക് പട്ടികയിൽനിന്നും 152 (നൂറ്റി അൻപത്തിരണ്ട്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഒഴിവുകളൊന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ പി.എസ്.സി. നിയമനങ്ങൾ

47 (1913) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിലുള്ള വിവിധ വകുപ്പുകളുടെ എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ്, എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികകളിലെ റാങ്ക് ലിസ്റ്റുകളിൽ നിന്നും ഇതുവരെ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജില്ലയിൽ ഓരോ തസ്തികയിലും എത്ര നിയമനങ്ങൾ നടത്തിയെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിയമനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-6-2019 വരെ പാലക്കാട് ജില്ലയിൽ വിവിധ തസ്തികകളിലേയ്ക്ക് പി.എസ്.സി. നൽകിയ നിയമന ശിപാർശകളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.* മേൽ കാലയളവിൽ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ആകെ ഒഴിവുകളുടെ എണ്ണം 5332 (അയ്യായിരത്തി മുന്നൂറ്റി മുപ്പത്തിരണ്ട്) ആണ്. നിയമന ശിപാർശ ചെയ്യാതെ അവശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി. നടപടി സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

48 (1914) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 414/16 പ്രകാരം കോഴിക്കോട് ജില്ലയിൽ നിലവിൽ വന്ന എൽ.ഡി.ക്ലാർക്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്കാണ് നിയമനം ലഭിച്ചിട്ടുള്ളത്;

(ബി) വിവിധ വകുപ്പുകളിൽ ഒഴിവുണ്ടായിട്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) ഈ ലിസ്റ്റിൽ നിന്നും നിയമന നടപടി വേഗത്തിലാക്കാൻ നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) 230 ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി & സി) ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് തന്നെ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പമേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർവ്വകലാശാല അസിസ്റ്റന്റുമാരുടെ പി.എസ്.സി. നിയമനം

49 (1915) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അസിസ്റ്റന്റുമാരുടെ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത നിയമനങ്ങളുടെ സർവ്വകലാശാല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായതിനാൽ ഒഴിവുള്ള മുഴുവൻ തസ്തികകളിലേയ്ക്കും ഉടൻ നിയമനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശം സർവ്വകലാശാലകൾക്ക് നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള സർവ്വകലാശാല 204 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിലെ നിയമനങ്ങൾ താഴെപ്പറയുന്നു:

- മഹാത്മാഗാന്ധി സർവ്വകലാശാല - 274
- കാലിക്കട്ട് സർവ്വകലാശാല - 75
- കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല - 67
- ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - 30
- കണ്ണൂർ സർവ്വകലാശാല - 164
- നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് - 5
- കേരള കാർഷിക സർവ്വകലാശാല -247
- കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് - 117
- കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് -15
- കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി - 120

(സി) സർവ്വകലാശാലകളിൽ ഒഴിവുള്ള മുഴുവൻ തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സർവ്വകലാശാലകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**തൃശ്ശൂർ ജില്ലയിൽ ഭിന്നശേഷിക്കാരുടെ നിയമനം**

50 (1916) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എത്ര ഭിന്നശേഷിക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പി.എസ്.സി. മുഖേനയും നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ കാറ്റഗറി തിരിച്ചുള്ള വിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ജില്ലയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 134 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേനയും 404 ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി)

| കാറ്റഗറി | പി.എസ്.സി. മുഖേന | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന |
|---|---|---|
| Locomotor Disability/Cerebral Palsy | 47 | 296 |
| Blind/Low Vision | 46 | 37 |
| Hearing Impairment | 41 | 66 |
| Mentally disabled | - | 5 |
| Total | 134 | 404 |

**കെ.എസ്.ആർ.ടി.സി.-യിലെ മെക്കാനിക് ഗ്രേഡ്-2 തസ്തികയിലെ റാങ്ക് ലിസ്റ്റ്**

51 (1917) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ മെക്കാനിക് ഗ്രേഡ്-2 തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നമ്പർ 653/2014) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത കാറ്റഗറിയിലേയ്ക്കുള്ള ഷോർട്ട് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്;

(സി) കെ.എസ്.ആർ.ടി.സി എത്ര ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിച്ച് ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ വന്നിട്ടില്ല.

(ബി) 5-5-2018-ൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(സി) 123 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽഖന്ന സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ്-ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയായ 5.5 എന്നതിനേക്കാൾ

5 എന്നതിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയതിനാൽ കേരള പി.എസ്.സി.-യോട് കോർപ്പറേഷന്റെ എല്ലാ നിയമനങ്ങളും താൽക്കാലികമായി നിർത്തിവയ്ക്കണമെന്നും കോർപ്പറേഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് മാത്രമേ വിവിധ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് തുടർനടപടി സ്വീകരിക്കാവൂ എന്ന് പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിനാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

## ബൈ ട്രാൻസ്ഫർ നിയമനങ്ങളിലെ സംവരണം

52 (1918) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-ലെ ബൈ ട്രാൻസ്ഫർ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിവിധ വകുപ്പുകളിലെ പി.എസ്.സി. മുഖേനയുള്ള ബൈ ട്രാൻസ്ഫർ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എ.എസ്.-ന്റെ രണ്ടും മൂന്നും സ്കീമുകളിൽ ബൈ ട്രാൻസ്ഫർ വ്യവസ്ഥ ഭേദഗതി ചെയ്ത് നേരിട്ടുള്ള നിയമനമാക്കുകയും ആയതിൽ സംവരണം ഏർപ്പെടുത്തുന്നതടക്കമുള്ള ചില ഭേദഗതികൾ പരിശോധിച്ചുവരുന്നു.

(ബി) പരിഗണനയിലില്ല.

## ദീർഘകാല അവധി എടുക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ

53 (1919) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ പ്രവേശിച്ചശേഷം അവധി എടുത്ത് ഇതര സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും ജോലി നോക്കുന്നവർ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് വകുപ്പിൽ നിന്നാണ് കൂടുതൽ ഉദ്യോഗസ്ഥർ ഇത്തരത്തിൽ അവധിയെടുത്ത് ജോലി നോക്കുന്നത്;

(സി) എടുത്ത അവധി കഴിയുന്ന മുറയ്ക്ക് നാട്ടിലെത്തി അവധി ദീർഘിപ്പിച്ച് പെൻഷൻ പറ്റാറാവുന്ന സമയമാകുംവരെ സംസ്ഥാനത്തിന് പുറത്ത് ജോലി ചെയ്തശേഷം നാട്ടിലെത്തി ജോലിയിൽ പുനഃപ്രവേശനം നടത്തി പെൻഷനാവുന്ന രീതിക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിയന്ത്രണം കാര്യക്ഷമമായി നടപ്പിലാക്കാനും ദീർഘകാല അവധി ഒഴിവാക്കി സർക്കാർ ജീവനക്കാരുടെ സേവനം സംസ്ഥാനത്തിനകത്ത് ഉപയോഗപ്രദമാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം**

54 (1920) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നിയമനങ്ങളിൽ പത്ത് ശതമാനത്തിൽ കുറയാത്ത സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) എന്നുമുതലുള്ള നിയമനങ്ങൾക്കാണ് പ്രസ്തുത സംവരണം ബാധകമാക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് നിയമനങ്ങളിൽ പത്ത് ശതമാനത്തിൽ കുറയാത്ത സംവരണം നടപ്പാക്കുന്നവിധം, മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി കമ്മീഷനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വോട്ടർ പട്ടികയിൽനിന്നും ഒഴിവാക്കപ്പെട്ടവർ**

55 (1921) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പൊതു തെരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇങ്ങനെ

ഒഴിവാക്കപ്പെട്ടവരിൽ സമ്മതിദാനാവകാശത്തിന് അർഹരായവർ ഉൾപ്പെട്ടിരുന്നോ; എങ്കിൽ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ ഒഴിവാക്കപ്പെട്ടവർക്ക് നിയമപ്രകാരം നോട്ടീസ് ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കുമോ; ഇപ്രകാരം നോട്ടീസ് നൽകുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(സി) നോട്ടിസ് നൽകാതെ സ്ഥിരതാമസക്കാരായ സമ്മതിദായകരെ ഒഴിവാക്കിയ നടപടിക്കെതിരെ കമ്മീഷൻ എന്ത് നടപടി സ്വീകരിച്ചു;

(ഡി) വോട്ടർ പട്ടികയിൽ ഇരട്ടിപ്പ് സംഭവിച്ചതിൽ ഡാറ്റ എൻട്രി ചെയ്തതിൽ പാകപിഴ സംഭവിച്ചിട്ടുണ്ടോ; ഒരു സമ്മതിദായകന്റെ വിവരം ഉൾക്കൊള്ളിക്കാൻ എത്ര രൂപയാണ് പ്രസ്തുത ഏജൻസിക്ക് നൽകുന്നത്;

(ഇ) ഏത് ഏജൻസിയെയാണ് ഡാറ്റ എൻട്രി ജോലികൾക്ക് നിയോഗിച്ചിരിക്കുന്നത്; ഡാറ്റ എൻട്രി ജോലികൾ പൂർത്തിയാക്കിയശേഷം വെരിഫൈ ചെയ്തിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2019 (Special Summary Revision - SSR 2019)-ന്റെ ഭാഗമായി അന്തിമ വോട്ടർ പട്ടിക 30-1-2019-ൽ പ്രസിദ്ധീകരിച്ചതിനുശേഷം തുടർ പുതുക്കൽ (Continuous Revision) കാലഘട്ടത്തിൽ സമ്മതിദായക പട്ടികയിൽനിന്നും ഒഴിവാക്കപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിട്ടുണ്ട്. സമ്മതിദായക പട്ടികയിൽ പേര് ഇരട്ടിക്കൽ, സമ്മതിദായകൻ താമസം മാറിപ്പോകുക, മരണം സംഭവിക്കുക തുടങ്ങിയ സാഹചര്യങ്ങളിലാണ് ബി.എൽ.ഒ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വോട്ടർമാരെ സമ്മതിദായക പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്. ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടവരിൽ സമ്മതിദാനാവകാശത്തിന് അർഹരായവർ ഉൾപ്പെട്ടതായി ഇലക്ഷൻ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ബി&സി) സമ്മതിദായക പട്ടികയിൽനിന്നും പേര് നീക്കം ചെയ്തു എന്ന് ആരോപിച്ച് ലഭിച്ചിട്ടുള്ള പരാതികൾ ചീഫ് ഇലക്ടറൽ ഓഫീസർ പരിശോധിച്ചുവരികയാണ്. പേര് നീക്കം ചെയ്യപ്പെടുന്നതിനുമുമ്പ് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധനയ്ക്കുശേഷം മാത്രമേ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കണ്ടെത്തുവാനും ഉചിതമായ നടപടി സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ് എന്ന് ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ഡി&ഇ) സംസ്ഥാനത്ത് സമ്മതിദായക പട്ടികയിൽ പേര് ചേർക്കുന്നതിനും മറ്റ് മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കുന്നത്. നാഷണൽ വോട്ടേഴ്സ് സർവ്വീസ് പോർട്ടൽ (NVSP) എന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് പോർട്ടലിലൂടെയാണ് അപേക്ഷ സമർപ്പിക്കുന്നത്.

സമ്മതിദായക പട്ടിക പുതുക്കലും മറ്റ് മാറ്റങ്ങൾ വരുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നത് സ്റ്റേറ്റ് ലെവൽ ഏജൻസിയായ കെൽട്രോൺ ആണ്. സമ്മതിദായക പട്ടിക തയ്യാറാക്കുവാനും പുതുക്കുവാനുമുള്ള നിയമപരമായ അധികാരി ഇ.ആർ.ഒ.-ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ (തഹസിൽദാർ) ആയതിനാൽ സമ്മതിദായക പട്ടികയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഇ.ആർ.ഒ.-യുടെ ചുമതലയിലാണ് നടക്കുന്നത് എന്ന് ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

## പോസ്റ്റൽ വോട്ട്

56 (1922) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ലോക് സഭാ തെരഞ്ഞെടുപ്പിൽ 20 മണ്ഡലങ്ങളിലായി പോലീസുകാർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ആകെ പോസ്റ്റൽ വോട്ട് എത്രയാണ്;

(ബി) അതിൽ എത്രയെണ്ണം വോട്ട് രേഖപ്പെടുത്തി തിരികെ ലഭിച്ചു;

(സി) ബാലറ്റ് പേപ്പറുകൾ തിരികെ ലഭിക്കാത്ത സാഹചര്യത്തെ കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്താണ്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2019-ലെ ലോക് സഭാ തെരഞ്ഞെടുപ്പിൽ പോലീസുകാർ ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് ആകെ 67555 പോസ്റ്റൽ ബാലറ്റ് അനുവദിച്ചിരുന്നു.

(ബി) 52738 പോസ്റ്റൽ ബാലറ്റുകൾ തിരികെ ലഭിച്ചു.

(സി) ഇലക്ഷൻ കമ്മീഷൻ അന്വേഷണം നടത്തിയതുസംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

## എൻ.ഐ.സി. ഇ-ഓഫീസ് സോഫ്റ്റ്‌വെയർ

57 (1923) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരിഭാഗം സർക്കാർ ഓഫീസുകളിലേയും ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് എൻ.ഐ.സി. തയ്യാറാക്കിയ ഇ-ഓഫീസ് സോഫ്റ്റ്‌വെയർ ഒഴിവാക്കി പുതിയ സോഫ്റ്റ്‌വെയർ നടപ്പിലാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) നിലവിൽ എൻ.ഐ.സി. തയ്യാറാക്കിയ ഇ-ഓഫീസ് സംവിധാനം താഴെത്തട്ടിൽവരെ ഏർപ്പെടുത്തിയതിനും മറ്റുമായി ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വിവരം നൽകുമോ;

(സി) നിലവിലുള്ള ഇ-ഓഫീസ് സംവിധാനം ഒഴിവാക്കി പുതിയ സംവിധാനം കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇ-ഓഫീസിന് നിരവധി പോരായ്മകളുണ്ടായിരുന്നതിനാൽ പ്രസ്തുത വിഷയം 19-1-2017-ൽ കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട സംസ്ഥാനതല അപ്പെക്സ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും ഇ-ഓഫീസ് വെർഷൻ 2.0 തയ്യാറാക്കാൻ എൻ.ഐ.സി.-യെ ചുമതലപ്പെടുത്തുകയും സർക്കാർ ഉത്തരവുപ്രകാരം ആയതിനുള്ള നിർദ്ദേശം എൻ.ഐ.സി.-ക്ക് നൽകുകയും ചെയ്തു. 2017 മാർച്ച് മാസത്തിൽ ഇ- ഓഫീസ് പ്രതിസന്ധി രൂക്ഷമായതിനാൽ 25-3-2017-ൽ അന്നത്തെ ചീഫ് സെക്രട്ടറി ഒരു അടിയന്തര യോഗം വിളിക്കുകയും ഇ-ഓഫീസിലെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്നും വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം 18-4-2017-നുമുമ്പ് സമർപ്പിക്കണമെന്നും നിർദ്ദേശം നൽകി. എന്നാൽ ഇ-ഓഫീസിലെ പ്രശ്നങ്ങൾക്ക് പരിഹാരമാവുകയോ പുതിയ വെർഷൻ 2.0 തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എൻ.ഐ.സി. സമർപ്പിക്കാതിരിക്കുകയോ ചെയ്ത സാഹചര്യത്തിൽ പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 5 അംഗ സെക്രട്ടറിതല കമ്മിറ്റി 17-7-2017-ലെ സ.ഉ. (സാധാ)നമ്പർ 161/2017/ITD ഉത്തരവുപ്രകാരം രൂപീകരിച്ചിരുന്നു. 26-7-2017-ൽ കൂടിയ പ്രസ്തുത സമിതികളുടെ ആദ്യയോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകൾക്കും വേണ്ടിയുള്ള ഒരു പുതിയ ഫയൽ

പ്രോസസ്സിംഗ് സോഫ്റ്റ്വെയർ ഓപ്പൺ മാർക്കറ്റിൽനിന്നും വാങ്ങുന്നതിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പുതിയ ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചത്. സോഫ്റ്റ്വെയർ പരിഷ്കരിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ട്രെയിനിംഗ്, ഹാൻഡ് ഹോൾഡ് സപ്പോർട്ട് എന്നിവ നൽകാനാണുദ്ദേശിക്കുന്നത്. ഇ-ഓഫീസ് വഴി സൃഷ്ടിക്കപ്പെട്ട ഫയലുകളും തപാലുകളും പൂർണ്ണമായും പുതിയ സിസ്റ്റത്തിലേയ്ക്ക് മൈഗ്രേറ്റ് ചെയ്യണമെന്നത് ടെണ്ടർ കണ്ടീഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാൽ മാത്രമേ ഏജൻസി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(ബി) 2013 മുതൽ 2019 മാർച്ച് വരെ 32,47,45,387 രൂപ ഇ-ഓഫീസ് പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

(സി) ടെണ്ടറിൽ പങ്കെടുത്തിരിക്കുന്ന ഏജൻസികളുടെ ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷൻ സാങ്കേതിക പരിശോധന നടത്തുന്നതിനായി 5 സാങ്കേതിക വിദഗ്ധരടങ്ങുന്ന ടെക്നിക്കൽ കമ്മിറ്റിയും യൂസർ ലെവൽ പരിശോധന നടത്തുന്നതിന് 20 പേരടങ്ങുന്ന ഒരു യൂസർ ഇവാല്യുവേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത രണ്ട് കമ്മിറ്റികളുടെയും ശിപാർശയുടെയടിസ്ഥാനത്തിൽ മാത്രമേ പുതിയ ഡിജിറ്റൽ വർക്ക്പ്ലേസ് സൊല്യൂഷന്റെ തെരഞ്ഞെടുപ്പ് സാധ്യമാകുവെന്നുള്ളതിനാൽ എല്ലാ തരത്തിലുള്ള പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ടുള്ള സൊല്യൂഷൻ ലഭ്യമാകുന്നതിനുള്ള സാധ്യതയാണുള്ളത്.

## ഒറ്റപ്പാലത്ത് ഐ.ടി. പാർക്ക്

58 (1924) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഐ.ടി. പാർക്ക് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; അതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുമോ;

(ബി) പ്രസ്തുത ഐ.ടി പാർക്ക് കിൻഫ്ര പാർക്കിൽ ആരംഭിക്കുന്നതിനായുള്ള സാധ്യതകൾ സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) ഒറ്റപ്പാലത്ത് ഐ.ടി. പാർക്ക് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## ഇൻഫോപാർക്കിന് ഗേറ്റ്

59 (1925) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇൻഫോപാർക്കിന് ഗേറ്റ് സ്ഥാപിക്കുന്നതിനായുള്ള സ്ഥലം കുന്നത്തുനാട് പഞ്ചായത്ത് സൗജന്യമായി വിട്ടുതന്നിട്ടുള്ളതാണോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുവരെയായി എന്നും കാലതാമസത്തിന് കാരണം എന്തെന്നും വ്യക്തമാക്കാമോ;

(സി) എന്നത്തേയ്ക്ക് ഗേറ്റ് സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ മുൻതീരുമാന പ്രകാരം പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഇൻഫോപാർക്കിന് വിട്ടുനൽകിയിട്ടില്ലാത്തതിനാലും പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രദേശത്ത് യാതൊരു നിർമ്മാണപ്രവർത്തനങ്ങളും നടത്തരുതെന്ന് നിർദ്ദേശിച്ചതിനാലും ടി പ്രദേശത്തെ പ്രവൃത്തികൾ നിർത്തിവയ്ക്കുകയുണ്ടായി. 2018 ഒക്ടോബർ 23 തീയതിയിൽ നടന്ന അടിയന്തര യോഗത്തിലെ തീരുമാനപ്രകാരം പഞ്ചായത്ത് പുറമ്പോക്ക് ഭൂമി പ്രവേശന കവാടം നിർമ്മിക്കുന്നതിനും മറ്റുമായി സൗജന്യമായി വിട്ടുനൽകാൻ കുന്നത്തുനാട് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥലം നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇൻഫോപാർക്കിന് ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്ന മുറയ്ക്ക് പ്രവേശന കവാടവും അനുബന്ധ റോഡും നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## സി-ഡിറ്റ് ജോലികൾക്ക് പുറംകരാർ

60 (1926) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾ കൂട്ടമായി പുറംകരാർ നടപടിയിലൂടെ സ്വകാര്യമേഖലയ്ക്ക് നൽകുന്ന സാഹചര്യമുണ്ടോ;

(ബി) സി-ഡിറ്റ് ചെയ്തുകൊണ്ടിരിക്കുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പോർട്ടൽ നടത്തിപ്പ്, കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടികൾ എന്നീ പ്രവൃത്തികൾ ഇപ്പോൾ ആർക്കാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ സി.സി.ടി.വി. നിരീക്ഷണവും ഇപ്പോൾ സ്വകാര്യ മേഖലയിൽ നൽകിയിരിക്കുകയാണോ; വ്യക്തമാക്കുമോ;

(ഡി) പതിറ്റാണ്ടുകളായി സർക്കാർ, സർക്കാരിതര പദ്ധതികൾ നല്ല നിലയിൽ ചെയ്തുപോന്ന സി-ഡിറ്റിൽ നിന്ന് പദ്ധതികൾ എടുത്തുമാറ്റുന്നതിന്റെ സാഹചര്യമെന്ത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കായി സി-ഡിറ്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് നൂതന സാങ്കേതികവിദ്യകളിൽ പ്രാവീണ്യം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സി-ഡിറ്റ് പുറമെ നിന്നുള്ള ഏജൻസികളുടെ സാങ്കേതിക സഹായം തേടുക മാത്രമാണുണ്ടായിട്ടുള്ളത്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ പോർട്ടൽ നടത്തിപ്പ് ചുമതല സി-ഡിറ്റിനാണ്. കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി പ്രോജക്ടിന്റെ ഭാഗമായി സി-ഡിറ്റ് ഏറ്റെടുത്ത സോഫ്റ്റ്‌വെയർ വികസന ജോലി പൂർത്തിയാക്കി വിന്യസിച്ച് കഴിഞ്ഞിട്ടുണ്ട്.

(സി) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള സി.സി.ടി.വി. സംവിധാനത്തിന്റെ പരിപാലനത്തിന് സി-ഡിറ്റിനെ ചുമതലപ്പെടുത്തുന്നതിനാണ് സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(ഡി) സി-ഡിറ്റിൽനിന്നും പദ്ധതികൾ ഏറ്റെടുത്ത് മാറ്റുന്ന സാഹചര്യം നിലവിലില്ല.

**സി-ഡിറ്റിന്റെ നിലവിലെ പ്രവർത്തനം**

61 (1927) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 30 വർഷമായി സർക്കാർ-സർക്കാരിതര പദ്ധതികൾ സ്തുത്യർഹമായ വിധത്തിൽ നടപ്പിലാക്കുന്നതിന് പ്രധാന പങ്ക് വഹിച്ചിട്ടുള്ള സി-ഡിറ്റിന്റെ നിലവിലെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സി-ഡിറ്റിനെ ഒഴിവാക്കി പല സർക്കാർ പദ്ധതികളും സ്വകാര്യ കമ്പനികൾക്ക് നൽകുന്നതിനുള്ള നീക്കം നടത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പോർട്ടൽ നടത്തിപ്പ് സി-ഡിറ്റിൽ നിന്നും മാറ്റി ഓസ്പിൻ ടെക്നോളജീസ് എന്ന സ്വകാര്യ കമ്പനിക്ക് നൽകിയത് പ്രസ്തുത സ്ഥാപനം സി-ഡിറ്റിനേക്കാൾ കൂടുതൽ കൃത്യതയോടെ വ്യക്തിഗത വിവരങ്ങൾ സൂക്ഷിക്കുമെന്ന് ഉറപ്പുള്ളതുകൊണ്ടാണോ;

(ഡി) പൊതുമേഖലയെ ഒഴിവാക്കി സ്വകാര്യ മേഖലയെ പരമാവധി പ്രോത്സാഹിപ്പിക്കുക എന്നതാണോ സർക്കാർ നയം; മികവിന്റെ കേന്ദ്രമായ സി-ഡിറ്റിനെ തകർക്കുന്നതിനുള്ള നടപടികളിൽ നിന്നും സർക്കാർ പിൻവാങ്ങുമോ ?

<u>ഉത്തരം</u>

(എ&ബി) സി-ഡിറ്റ് തൃപ്തികരമായ നിലയിലാണ് പ്രവർത്തിച്ചുവരുന്നത്. സി-ഡിറ്റ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികളിൽനിന്നും സി-ഡിറ്റിനെ ഒഴിവാക്കി സ്വകാര്യ കമ്പനികൾക്ക് നൽകുന്ന സാഹചര്യമില്ല.

സംസ്ഥാന സർക്കാരിനുവേണ്ടി ഇൻഫർമേഷൻ ടെക്നോളജി മേഖലയിലും കമ്മ്യൂണിക്കേഷൻ രംഗത്തും ഹോളോഗ്രാം നിർമ്മാണത്തിലും നിരവധി പദ്ധതികൾ സി-ഡിറ്റ് ചെയ്തുവരുന്നു. സംസ്ഥാന സർക്കാർ അംഗീകരിച്ച "ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ" എന്ന നിലയിൽ വിവിധ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കുംവേണ്ടി വിവര-കമ്മ്യൂണിക്കേഷൻ സാങ്കേതിക വിദ്യകളുടെ പ്രയോഗം അടിസ്ഥാനമാക്കി നിരവധി പദ്ധതികൾ സി-ഡിറ്റ് ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ സി-ഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ (CMDRF) പോർട്ടൽ നടത്തിപ്പ് ഓസ്പിൻ ടെക്നോളജീസിന് നൽകിയിട്ടില്ല. സി-ഡിറ്റിന് തന്നെയാണ് ഇതിന്റെ ചുമതല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ (CMDRF) പോർട്ടലിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ ഒരു ഭാഗം ജാവാ സാങ്കേതിക വിദ്യയിലുള്ളതാക്കി വികസിപ്പിക്കുന്നതിന് ഓസ്പിൻ ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം സി-ഡിറ്റ് ഉപയോഗിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ഡി) പൊതുമേഖലയെ ഒഴിവാക്കി സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുക എന്നത് സർക്കാരിന്റെ നയമല്ല. സി-ഡിറ്റിനെ ശക്തിപ്പെടുത്തുന്നതിനുള്ള നിരവധി നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## കൊരട്ടി ഇൻഫോപാർക്ക്

62 (1928) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഇൻഫോപാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും പുതിയ കമ്പനികൾ കൂടുതലായി ഇനിയും ഇവിടെ പ്രവർത്തനം ആരംഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാഷണൽ ഹൈവേ, എയർപോർട്ട്, റെയിൽവേ സൗകര്യങ്ങളും ജലലഭ്യതയടക്കമുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുള്ള കൊരട്ടി ഇൻഫോപാർക്കിൽ പുതിയ ഐ.ടി. കമ്പനികളും അനുബന്ധ കമ്പനികളും പ്രവർത്തനം ആരംഭിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) കൊരട്ടി ഇൻഫോപാർക്കിൽ രണ്ടാംഘട്ടം എന്ന നിലയിൽ 3.3 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിൽ അത്യാധുനിക ഐ.ടി. മന്ദിരം 2016 ജനുവരി മാസം ഐ.ടി. കമ്പനികൾക്കായി തുറന്നുനൽകി. ഇതുവരെ ടി ബിൽഡിംഗിൽ 16 കമ്പനികളിലായി 420-ൽപ്പരം ജീവനക്കാർ ജോലി ചെയ്തുവരുന്നു. കൊച്ചിയുടെ ഉപനഗരം എന്ന നിലയിൽ ചെറുകിട കമ്പനികളാണ് ഈ പാർക്കിൽ കൂടുതൽ താൽപ്പര്യം പ്രകടിപ്പിച്ചുവരുന്നത്. ഇത്തരം കമ്പനികൾ വലിയ മുതൽമുടക്കില്ലാതെ സർക്കാർ ഒരുക്കുന്ന പ്ലഗ് ആൻഡ് പ്ലേ സൗകര്യം ഉപയോഗിക്കാനാണ് താൽപ്പര്യപ്പെടുന്നത്. കൊരട്ടിയിൽ സർക്കാർ പണം ചെലവഴിച്ച് ഒരുക്കിയിട്ടുള്ള പ്ലഗ് ആൻഡ് പ്ലേ സ്പേസ് മുഴുവൻ കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. കൂടുതൽ കമ്പനികൾക്ക് സൗകര്യമൊരുക്കുന്ന രീതിയിൽ പ്ലഗ് ആൻഡ് പ്ലേ സൗകര്യങ്ങൾ തയ്യാറാകുന്ന കാര്യം പരിഗണനയിലാണ്.

## സി-ഡിറ്റിനെ ഒഴിവാക്കി സ്വകാര്യ കമ്പനിക്ക് കരാർ

63 (1929) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിനുവേണ്ടി സി ഡിറ്റ് തയ്യാറാക്കിയ സി.എം.ഡി.ആർ. എഫ്., സി.എം.ഒ. പോർട്ടൽ, കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി എന്നീ പ്രോജക്ടുകൾ

വ്യക്തിഗത വിവരങ്ങൾ സഹിതം സ്വകാര്യ കമ്പനിയായ ഓസ്പിൻ ടെക്നോളജീസിന് പുറംകരാർ നൽകിയിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്ഥാപനമായ സി-ഡിറ്റ്-നെ ഒഴിവാക്കി സ്വകാര്യ ഐ.ടി കമ്പനിക്ക് കരാർ നൽകുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

സി.എം.ഡി.ആർ.എഫ്., സി.എം.ഒ. പോർട്ടൽ എന്നിവ സി-ഡിറ്റ് തന്നെയാണ് നടപ്പിലാക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ (CMDRF) പോർട്ടലിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിന്റെ ഒരു ഭാഗം ജാവാ സാങ്കേതിക വിദ്യയിലുള്ളതാക്കി വികസിപ്പിക്കുന്നതിന് ഓസ്പിൻ ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായം സി-ഡിറ്റ് ഉപയോഗിക്കുകയുണ്ടായി. കെ.എസ്.എഫ്.ഇ.-യുടെ പ്രവാസിചിട്ടി പ്രോജക്ടിന്റെ സോഫ്റ്റ്‌വെയർ വികസന പ്രവൃത്തി സി-ഡിറ്റ് ഏറ്റെടുത്ത് പൂർത്തിയാക്കി വിന്യസിച്ച് കഴിഞ്ഞു.

**സൈനികക്ഷേമ പദ്ധതികൾ**

64 (1930) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനികക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിൽ സൈനികക്ഷേമത്തിനായി ഉദ്ഘാടനം ചെയ്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര പേർ സൈനികക്ഷേമ പെൻഷൻ സ്വീകരിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സൈനികക്ഷേമ വകുപ്പിൽ സ്റ്റേറ്റ് മിലിട്ടറി ബെനവലന്റ് ഫണ്ടിൽനിന്നും 29 പദ്ധതികളും അമാൽഗമേറ്റഡ് ഫണ്ടിൽനിന്നും 4 വിഭാഗത്തിലായി 12 പദ്ധതികളും നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതിനുപുറമേ സൈനികക്ഷേമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) വഴി വിമുക്തഭടന്മാരുടെ രജിസ്ട്രേഷൻ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ കേന്ദ്ര, സംസ്ഥാന, പൊതുമേഖലാ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി സംബന്ധമായ പ്രവൃത്തികൾക്ക് വിമുക്തഭടന്മാരെ നിയോഗിച്ചുവരുന്നു.

കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ വനിതാ കേന്ദ്രീകൃത പദ്ധതിയായ യൂണിഫോം ആൻഡ് ഗാർമെന്റ്സ് മാനുഫാക്ചറിംഗ് പ്രോജക്ടും ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് രംഗങ്ങളിൽ പ്രാവീണ്യം നേടിയ വിമുക്തഭടന്മാരെ ഉപയോഗിച്ച് സോളാർ പാനൽ ഇൻസ്റ്റലേഷൻ പ്രോജക്ടും കെക്സ്കോൺ മുഖേന നടപ്പിലാക്കിവരുന്നു.

(ബി) സൈനികക്ഷേമ വകുപ്പ് എല്ലാ ജില്ലകളിലും വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കും വേണ്ടിയുള്ള വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെക്സ്കോൺവഴി തിരുവനന്തപുരം ജില്ലയിൽ വനിതാ കേന്ദ്രീകൃത പദ്ധതിയായ യൂണിഫോം ആൻഡ് ഗാർമെന്റ്സ് മാനുഫാക്ചറിംഗ് പദ്ധതിയും സോളാർ പാനൽ ഇൻസ്റ്റലേഷൻ പദ്ധതിയും 2017-ൽ ആരംഭിച്ചിട്ടുണ്ട്.

(സി) നിലവിൽ നിർദ്ധനരായ രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും പ്രതിമാസം 6000 രൂപ വീതം ധനസഹായം നൽകുന്നുണ്ട്. 1-4-2019-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 176 സേനാനികൾക്കും 1584 വിധവകൾക്കും പ്രസ്തുത ധനസഹായം ലഭിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

## ട്രെയിനിംഗിനിടയിൽ മരണമടഞ്ഞ ജവാന്മാരുടെ ആശ്രിതർക്ക് നിയമനം

65 (1931) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനികസേവനത്തിന്റെ ഭാഗമായി എല്ലാ വർഷവും സൈനിക ആസ്ഥാനങ്ങളിൽ നടത്തുന്ന യുദ്ധസമാനമായ ബി പെറ്റ് (Battlefield Physical

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Efficiency Test) പരിശീലനത്തിൽ പങ്കെടുക്കുമ്പോൾ 2016 ഒക്ടോബറിൽ മരണമടഞ്ഞ ചെങ്ങന്നൂർ, പാണ്ടനാട്, ഗോകുലം രാജേഷ് കുമാറിന്റെ ഭാര്യക്ക് ആശ്രിത നിയമനം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ സൈനികക്ഷേമ വകുപ്പിന്റെ പരിഗണനയിൽ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യുദ്ധസമാനമായ സാഹചര്യമായി കണക്കാക്കി പ്രസ്തുത ട്രെയിനിംഗിനിടയിൽ മരണമടഞ്ഞ ജവാന്മാരുടെ ആശ്രിതർക്ക് നിയമനം ലഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം BPET (Battlefield Physical Efficiency Test) യുദ്ധസമാന സാഹചര്യമായി കണക്കാക്കിയിട്ടില്ല.

## റീ-ബിൽഡ് കേരള

66 (T* 1932) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിലെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ നാശ നഷ്ടമുണ്ടായ കെട്ടിടങ്ങളുടെ ചിത്രങ്ങൾ റീബിൽഡ് കേരളയുമായി ബന്ധപ്പെട്ട വെബ് സൈറ്റിലേക്ക് അപ് ലോഡ് ചെയ്യുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാശനഷ്ടം സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ചെങ്ങന്നൂരിലെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള അപ്പീലുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; അപ്പീലുകൾ പരിഹരിക്കുവാനുള്ള നടപടികൾ വേഗത്തിലാക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 24-10-2018 ഓടുകൂടി മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള സർവ്വേ അവസാനിപ്പിച്ചിരുന്നു. നാശനഷ്ടമുണ്ടായ കെട്ടിടങ്ങളുടെ ചിത്രങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിൽ കാലതാമസമുണ്ടായത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ലഭ്യമായ അപ്പീൽ അപേക്ഷകളിൽ പൂർണ്ണഭവനനാശം സംഭവിച്ചതുമായി ബന്ധപ്പെട്ട് 177 അപേക്ഷകളും 75 ശതമാനത്തിന് താഴെ ഭവനനാശം സംഭവിച്ചതുമായി ബന്ധപ്പെട്ട് 7740 കേസ്സുകളും റീ-ബിൽഡ് ജില്ലാതല അപ്പീൽ കമ്മിറ്റി തീർപ്പാക്കിയിട്ടുള്ളതും ടി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നതുമാണ്. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 31-1-2019 വരെ ലഭിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതാണ്.

## വ്യാപാര മേഖലയുടെ പുനർനിർമ്മാണത്തിനായി നടപടി

67 (1933) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയത്തിൽ വലിയ നഷ്ടം സംഭവിച്ച വ്യാപാരമേഖലയുടെ പുനർനിർമ്മാണത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത മേഖലയിലുണ്ടായ വലിയ നഷ്ടം പരിഹരിക്കുന്നതിന് പലിശ രഹിതവായ്പ ലഭ്യമാക്കുന്നതിനും ഈടാക്കിയ ജി.എസ്.ടി. തിരികെ നൽകുന്നതിനും ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വെള്ളം കയറിയ കടയുടമകൾക്കും 10000 രൂപ വീതം ധനസഹായം അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പ്രളയത്തെത്തുടർന്ന് വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവരും യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാതെ പോയവരുമായവരുടെ അപേക്ഷകൾ പരിഗണിക്കുന്നതിനും അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ആഗസ്റ്റ് മാസമുണ്ടായ മഹാപ്രളയത്തിൽ വലിയ നഷ്ടം സംഭവിച്ച വ്യാപാര മേഖലയുൾപ്പെടെ എല്ലാ മേഖലയുടെയും പുനർനിർമ്മാണത്തിനായി 17-12-2018-ലെ സ.ഉ.(കൈ) നമ്പർ 27/2018/DMD പ്രകാരം ഉജ്ജീവന സഹായ പദ്ധതി എന്ന പേരിൽ ഒരു പ്രത്യേക പുനർനിർമ്മാണ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻപ്രകാരം മഹാപ്രളയത്തിൽ നഷ്ടം സംഭവിച്ച വ്യാപാരികൾക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ വ്യാപാരപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ

ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ കണ്ടെത്തിയ ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായി ഈ പദ്ധതി പ്രയോജനപ്പെടുത്തിവരുന്നു. പ്രളയബാധിതർക്ക് അവരുടെ ജീവനോപാധി പുനരാരംഭിക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് ടേം ലോൺ, വർക്കിംഗ് കാപ്പിറ്റൽ ലോൺ എന്നിങ്ങനെ രണ്ട് ലോണുകൾ അനുവദിക്കുന്നുണ്ട്. ഇതുപ്രകാരം എടുക്കുന്ന ടേം ലോണിന്റെ മാർജിൻ മണിയായി 2 ലക്ഷം രൂപയോ വായ്പയുടെ 25 ശതമാനമോ ഏതാണോ കുറവ് ആ തുക സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

പ്രസ്തുത വായ്പകൾക്ക് വായ്പയുടെ 25 ശതമാനം പരമാവധി 2 ലക്ഷം രൂപവരെ മാർജിൻ മണിയായി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. വർക്കിംഗ് കാപ്പിറ്റൽ ലോൺ മാത്രമായി എടുക്കുന്നവർക്ക് അവരുടെ താൽപ്പര്യമനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേയ്ക്ക് 9 ശതമാനം നിരക്കിൽ താങ്ങ് പലിശ (Interest subvention) സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

(ബി) സർക്കാർ ഇപ്പോൾ നടപ്പിലാക്കിവരുന്ന ഉജ്ജീവന സഹായ പദ്ധതി പ്രകാരം ഇതിന് വ്യവസ്ഥയില്ല.

(സി) പ്രളയ ദുരിതബാധിതർക്ക് സർക്കാർ സഹായം ലഭിക്കാൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-1-2019 വരെയാണ് അനുവദിച്ചിരിക്കുന്നത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

68 (1934) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്ര തുക വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1731,56,16,318 രൂപ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 78,92,69,265 |
| 2 | കൊല്ലം | 70,81,61,796 |
| 3 | പത്തനംതിട്ട | 146,89,16,730 |
| 4 | ആലപ്പുഴ | 41,11,11,297 |
| 5 | കോട്ടയം | 144,84,46,555 |
| 6 | ഇടുക്കി | 107,26,35,900 |
| 7 | എറണാകുളം | 561,57,92,222 |
| 8 | തൃശ്ശൂർ | 339,21,61,300 |
| 9 | പാലക്കാട് | 24,70,55,604 |
| 10 | മലപ്പുറം | 78,72,20,875 |
| 11 | കോഴിക്കോട് | 56,84,46,696 |
| 12 | വയനാട് | 33,55,53,775 |
| 13 | കണ്ണൂർ | 44,75,79,179 |
| 14 | കാസർഗോഡ് | 2,32,65,124 |
| ആകെ | | 1731,56,16,318 |

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ഫണ്ടിന്റെ വിനിയോഗം

69 (1935) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച സംഭാവനകൾ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതുവരെ വിനിയോഗിച്ച ഫണ്ടിന്റെ കണക്ക് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രളയമേഖലയിലെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഫണ്ട് വിനിയോഗ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പ്രളയവുമായി ബന്ധപ്പെട്ട് 10-6-2019 വരെ 4196.38 കോടി രൂപ ലഭ്യമായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെപ്പറയും പ്രകാരമാണ് :

| | |
|---|---|
| പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക | 2672.79 Cr |
| സാലറി ചലഞ്ച് വഴി ലഭ്യമായ തുക | 1097.22 Cr |
| സർക്കാർ ജീവനക്കാരിൽനിന്നും ഉത്സവബത്ത ഇനത്തിൽ ലഭ്യമായ തുക | 117.69 Cr |
| ബിവറേജസ് കോർപ്പറേഷനിൽ നിന്നും അധിക ടാക്സ് ഇനത്തിൽ ലഭ്യമായത് | 308.68 Cr |
| ആകെ | 4196.38 Cr |

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് പ്രളയവുമായി ബന്ധപ്പെട്ട് 10-6-2019 വരെ 1917.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ സൂചിപ്പിക്കും പ്രകാരമാണ് :

| Purpose | അനുവദിച്ച തുക |
|---|---|
| 1 | 2 |
| ആശ്വാസ ധനസഹായം | 4,57,23,43,200 |
| വീട്/വീടും സ്ഥലവും നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായം | 13,17,96,96,700 |
| ചികിത്സാ ധനസഹായം | 12,29,910 |
| കെയർ ഹോം പ്രോജക്ടിനായി കോ-ഓപ്പറേറ്റീവ് രജിസ്ട്രാർക്ക് അനുവദിച്ചത് | 44,98,12,052 |
| ഉപജീവന കിറ്റ് വിതരണം ചെയ്ത ഇനത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ചത് | 42,73,00,000 |

| 1 | 2 |
|---|---|
| കർഷക ആനുകൂല്യം നൽകുന്നതിനായി കടാശ്വാസ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുവദിച്ചത് | 54,00,00,000 |
| മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 29,00,000 |
| ഡയറക്ടർ, എസ്.റ്റി. വകുപ്പ് | 1,91,000 |
| ഭൂമി നഷ്ടപ്പെട്ടവർക്ക് | 62,34,500 |
| ആകെ | 1917.97 Cr |

(സി) 2018-ലെ മഹാപ്രളയബാധിത പ്രദേശങ്ങളിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിനിയോഗിച്ച് നടപ്പാക്കാനുള്ള പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുതലവൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം 28-5-2019-ന് കൂടിയിട്ടുണ്ട്. ഈ യോഗത്തിൽ ഉയർന്നുവന്നിട്ടുള്ള വിവിധ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രളയബാധിത മേഖലകളിൽ ഇനി നടത്താനുള്ള നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊള്ളുന്നതാണ്.

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - നടപടിക്രമങ്ങൾ

70 (1936) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) റോഡപകടങ്ങളിൽപ്പെട്ട് ആശുപത്രികളിലെ ഐ.സി.യു.-ലും വെന്റിലേറ്ററിലും ചികിത്സിക്കപ്പെടുന്ന വിദ്യാർത്ഥികൾക്കും കുട്ടികൾക്കും മറ്റുള്ളവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അടിയന്തരമായി ധനസഹായം ലഭ്യമാക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നുണ്ട്. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസനിധിയിൽനിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനായി Direct Beneficiary Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. അപേക്ഷയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങളുടെയും ബാങ്ക് അക്കൗണ്ട് അടക്കമുള്ള രേഖകളുടെയും സത്യസന്ധതയും ആധികാരികതയും അന്വേഷണം നടത്തി ഉറപ്പുവരുത്തുന്നതിനും എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ ആയത് അപേക്ഷകനുമായി ബന്ധപ്പെട്ട് തിരുത്തി സമർപ്പിക്കുന്നതിനും തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മതിയായ രേഖകൾ പരിശോധിച്ച് 10,000 രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദുരന്തപൂർണ്ണമായ സംഭവങ്ങളിലും സത്വര നടപടി ആവശ്യവുമായ കേസ്സുകളിൽ നിശ്ചിത അപേക്ഷ സ്വീകരിക്കാതെതന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ക്യാബിനറ്റ് തീരുമാന പ്രകാരം അനുവദിക്കുന്നുണ്ട്.

## രാജ്യാന്തര വിപണിയിലെ വിമാന ഇന്ധനവില

71 (1937) ശ്രീ. സി. ദിവാകരൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തര വിപണിയിൽ വിമാന ഇന്ധനവില കുറഞ്ഞിട്ടും നിരക്ക് താഴ്ത്തുന്നതിന് എയർലൈൻ കമ്പനികൾ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദുബായ്, ഷാർജ സെക്ടറുകളിൽ വിമാനക്കമ്പനികൾ ഓഫ് സീസണിൽപോലും സാധാരണ നിരക്കിന്റെ ഇരട്ടിയും അതിലധികവും ഈടാക്കുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ അമിതനിരക്ക് വർദ്ധന ഒഴിവാക്കുന്നതിനായി തിരക്കുള്ള സീസണിൽ വിദേശ വിമാനക്കമ്പനികൾക്ക് നിശ്ചിത ദിവസത്തേയ്ക്ക് കൂടുതൽ സീറ്റ് അനുവദിക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ; ആയത് പാലിക്കപ്പെടുന്നുണ്ടോ;

(ഡി) യാത്രാനിരക്കിലെ കൊള്ള അവസാനിപ്പിക്കുന്നതിനായി എന്തൊക്കെ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) കേരളത്തിൽനിന്ന് ഗൾഫ് നാടുകളിലേയ്ക്കുള്ള വിമാന യാത്രാക്കൂലി ഇക്കഴിഞ്ഞ മാർച്ചിൽ വിവിധ വിമാനക്കമ്പനികൾ വർദ്ധിച്ച നടപടി പിൻവലിക്കാൻ ഇടപെടണമെന്ന് ആവശ്യപ്പെട്ട് 28-3-2019-ൽ കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിരുന്നു. നിരവധി മലയാളികൾ വേനലവധിക്കാലത്ത് യാത്ര നടത്തുന്ന സമയത്താണ് 400% വരെ ടിക്കറ്റ് നിരക്ക് വർദ്ധിപ്പിച്ചത്. യാത്രക്കാർ കൂടുതലുള്ള സാഹചര്യം വിമാനക്കമ്പനികൾ മുതലെടുക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

യാത്രാക്കൂലി വർദ്ധനവ് തടയാൻ അടിയന്തര ഇടപെടലുണ്ടാകുമെന്ന് ഈയിടെ കേന്ദ്ര വ്യോമയാന സെക്രട്ടറിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഉറപ്പ് ലഭിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര വ്യോമയാന സെക്രട്ടറി വിമാനക്കമ്പനികളുടെ യോഗം വിളിക്കാനും തീരുമാനിച്ചിട്ടുണ്ട്. ആഘോഷവേളകളിൽ അന്താരാഷ്ട്ര-ആഭ്യന്തര വിമാന യാത്രാക്കൂലിയിൽ വൻവർദ്ധന വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യം സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽനിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന (KGST)-യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്.

**തിരുവനന്തപുരം-കോഴിക്കോട് വിമാന സർവ്വീസ്**

72 (1938) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നിന്ന് കോഴിക്കോട്ടേയ്ക്കും തിരിച്ചും നിലവിലുള്ള വിമാന സർവ്വീസ് ഔദ്യോഗികാവശ്യങ്ങൾക്ക് യാത്ര ചെയ്യുന്നവർക്ക് ഗുണകരമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് കുറച്ചുകൂടി ഗുണകരമായ രീതിയിൽ ക്രമപ്പെടുത്തുന്നതിന് കേന്ദ്ര വ്യോമമന്ത്രാലയത്തോട് ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിമാനങ്ങളുടെ ലഭ്യതയും കണക്ഷൻ ഫ്ലൈറ്റുകളുടെ ആഗമനം/പുറപ്പെടൽ സംബന്ധിച്ച സമയക്രമവും കണക്കിലെടുത്താണ് വിമാന സർവ്വീസുകൾ ക്രമപ്പെടുത്തിയിരിക്കുന്നത്.

(ബി) തിരുവനന്തപുരം-കോഴിക്കോട്-തിരുവനന്തപുരം വിമാന സർവ്വീസുകൾ ഗൾഫ് മേഖലയിലെ യാത്രാക്കാരെ ലക്ഷ്യം വച്ചുള്ളതാണ്. നിലവിലെ സമയക്രമം പ്രസ്തുത യാത്രക്കാർക്ക് സൗകര്യപ്രദമാണ്.

**കൊച്ചി മെട്രോ നിർമ്മാണത്തിന്റെ പുരോഗതി**

73 (1939) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി എന്തെന്ന് അറിയിക്കുമോ;

(ബി) പേട്ടയിൽ നിന്നും തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ മെട്രോ നീട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശവും പുരോഗതിയും അറിയിക്കുമോ?

ഉത്തരം

(എ) കൊച്ചി മെട്രോ ഘട്ടം 1-ന്റെ ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ 2017 ഒക്ടോബറിൽ തുറന്ന് കൊടുത്തു. മഹാരാജാസ് മുതൽ തൈക്കൂടംവരെ 2019 ജൂലൈയിലും തൈക്കൂടം മുതൽ പേട്ടവരെ 2020 മാർച്ചിലും ജനങ്ങൾക്ക് തുറന്ന് കൊടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഘട്ടം 1-എ - പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണത്തിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്ഥലമേറ്റെടുപ്പ് അവസാന ഘട്ടത്തിലാണ്. നിർമ്മാണ കരാർ നൽകുന്നതിനുള്ള ദർഘാസ് നടപടികളും അവസാന ഘട്ടത്തിലാണ്.

(ബി) ഉണ്ട്.

(സി) കൊച്ചി മെട്രോയുടെ എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഭാഗത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കൊച്ചി മെട്രോ രണ്ടാംഘട്ടം പ്രവൃത്തി**

74 (1940) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി മെട്രോ രണ്ടാം ഘട്ടം കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നും ആരംഭിച്ച് ഇൻഫോപാർക്ക് സെക്കൻഡ് ഫെയ്സിലേയ്ക്ക് നീട്ടുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

കൊച്ചി മെട്രോ ഘട്ടം 2- ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെ (കാക്കനാട് വഴി) നീട്ടുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്നപക്ഷം സ്ഥലമേറ്റെടുപ്പും പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.

**നോൺ ജേർണലിസ്റ്റ് പെൻഷൻ**

75 (1941) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ ജേർണലിസ്റ്റ് പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം എത്ര രൂപയാണ് പെൻഷൻ നൽകുന്നത്;

(ബി) പ്രസ്തുത പെൻഷൻ വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഉണ്ടെങ്കിൽ അത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) നിലവിൽ പ്രസ്തുത പെൻഷനിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെയെന്ന് വ്യക്തമാക്കുമോ;

(ഡി) പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നോൺ ജേർണലിസ്റ്റ് പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 6,000 രൂപയാണ് പെൻഷൻ നൽകുന്നത്.

(ബി) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പെൻഷൻ വർദ്ധിപ്പിക്കണമെന്ന് പ്രഖ്യാപിച്ചിരുന്നു. അപ്രകാരം 16-12-2017-ലെ സ.ഉ. (സാധാ) നമ്പർ 381/2017/ഐ.&പി.ആർ. പ്രകാരം 1-4-2017 മുതൽ പെൻഷൻ തുക 5,000 രൂപയിൽനിന്നും 6,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി&ഡി) നിലവിൽ നോൺ ജേർണലിസ്റ്റ് പെൻഷനിൽ നാല് മാസത്തെ പെൻഷൻ (2018 ഡിസംബർ മുതൽ 2019 മാർച്ച് വരെ) കുടിശ്ശികയാണ്. കുടിശ്ശിക പെൻഷൻ അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## പ്രവാസികളുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്ന നടപടി

76 (1942) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവാസികളുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്ന കാരുണ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മൃതദേഹം നാട്ടിലെത്തിക്കാൻ വിമാനക്കമ്പനികൾ വലിയ തുക ഈടാക്കുന്ന സാഹചര്യത്തിൽ നോർക്ക വഴി ചെലവ് വഹിക്കുന്ന പദ്ധതി എന്നുമുതലാണ് പ്രാബല്യത്തിൽ വരികയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഉദ്യോഗ ദാതാവ്, സ്പോൺസർമാർ, എംബസ്സി, വ്യക്തികൾ, സംഘടനകൾ തുടങ്ങിയവവഴി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സഹായ സംവിധാനങ്ങൾ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ഗൾഫ് രാജ്യങ്ങളിൽ മരണമടയുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനായാണ് നോർക്ക എമർജൻസി റിപാട്രിയേഷൻ ഫണ്ടിന്റെ ഉപപദ്ധതിയായി നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ രണ്ട് പദ്ധതികൾക്കുമായി 72 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. Air India/Air India Express എന്നിവരുമായി ബന്ധപ്പെട്ട കേന്ദ്രീകൃത സംവിധാനം വഴിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആയതിന് നോർക്ക റൂട്ട്സ് എയർ ഇന്ത്യയുമായി ഒപ്പിടാനുള്ള ധാരണാപത്രം (MoU) സർക്കാർ പരിശോധിച്ചുവരുന്നു.

## പ്രവാസി ലാഭവിഹിത പദ്ധതി

77 (T*1943) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് ലക്ഷം രൂപ നിക്ഷേപിച്ചാൽ ആജീവനാന്തം പ്രതിമാസം 5500 രൂപ വരെ പെൻഷൻ ലഭിക്കുന്ന പ്രവാസി ലാഭവിഹിത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇപ്രകാരം സമാഹരിക്കുന്ന തുക കിഫ്ബിയിൽ നിക്ഷേപിക്കുവാനാണോ ഉദ്ദേശിക്കുന്നത് ; ആണെങ്കിൽ ഈ പദ്ധതിയിലൂടെ എത്ര തുക കിഫ്ബിയിലേക്ക് നിക്ഷേപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി വഴിയാണെന്നും പ്രവാസികൾ ഇപ്രകാരം നിക്ഷേപിക്കുന്ന തുകയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുമോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പ്രവാസി നിക്ഷേപം സംസ്ഥാനത്തിന്റെ വികസനത്തിന് ഉപയോഗിക്കുന്ന രീതിയിൽ പ്രവാസികൾക്ക് ഒരു നിശ്ചിത വരുമാനം ലഭിക്കുന്ന തരത്തിൽ നിക്ഷേപാധിഷ്ഠിത പ്രതിമാസ വരുമാന പദ്ധതിയായ 'പ്രവാസി ഡിവിഡന്റ് പദ്ധതി'-ക്ക് സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. വിദേശത്തുള്ളവരും തിരിച്ചുവരുന്നവരും കേരളത്തിന് പുറത്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുമായ പ്രവാസികളുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി സർവ്വതോന്മുഖമായ പുരോഗതി നേടുന്നതോടൊപ്പം പ്രവാസികൾക്ക് ഒരു സ്ഥിര വരുമാനം ലഭിക്കുന്ന സുരക്ഷിതമായ ഒരു നിക്ഷേപ പദ്ധതിയായിട്ടാണ് പ്രവാസി ഡിവിഡന്റ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവാസി ഡിവിഡന്റ് പദ്ധതി നടത്തിപ്പിനായി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കിഫ്ബി മുഖാന്തരം പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച വിശദമായ സ്കീം തയ്യാറാക്കിവരുന്നു.

**വിമാനയാത്രാനിരക്ക്**

78 (1944) <u>ശ്രീ. അനൂപ് ജേക്കബ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീസൺ സമയങ്ങളിൽ ഗൾഫ് രാജ്യങ്ങളിൽനിന്ന് കേരളത്തിലേയ്ക്കും തിരിച്ചുമുള്ള വിമാനയാത്രാനിരക്ക് പ്രത്യേകിച്ച് എയർ ഇന്ത്യയുടെ യാത്രാനിരക്ക് അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നതുമൂലം പ്രവാസികളായ വിമാന യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം അമിതചൂഷണം തടഞ്ഞ് യാത്രാനിരക്ക് നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവധിക്കാലങ്ങളിലും മറ്റ് വിശേഷ ദിവസങ്ങളിലും വിമാന കമ്പനികൾ പ്രവാസികളിൽനിന്നും ഉയർന്ന നിരക്കുകൾ ഈടാക്കുന്നുവെന്നും ഇക്കാര്യത്തിൽ ഇടപെടണമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിമാന യാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്ര വ്യോമയാന മന്ത്രാലയമല്ലെന്നും 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിലപാട്. മാത്രവുമല്ല, ലോകത്തിലെ എല്ലാ വിമാന കമ്പനികളും യാത്രക്കാരുടെ തിരക്കിനനുസരിച്ചാണ് അവരുടെ വിമാന യാത്രാ നിരക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ വിഷയത്തിൽ ഇടപെടുന്നതിന് പരിമിതികളുണ്ട്.

എന്നിരുന്നാലും സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST അഞ്ച് ശതമാനമായി കുറച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ യാത്രാ ക്ലേശം പരിഹരിക്കുന്നതിലേയ്ക്കായി അധിക ആഭ്യന്തര/അന്താരാഷ്ട്ര വിമാന സർവ്വീസുകൾ <u>നടത്തുന്ന</u>തിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

## മലപ്പുറം നോർക്ക റൂട്ട്സ് ഓഫീസിന്റെ ശോചനീയാവസ്ഥ

79 (1945) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നോർക്ക റൂട്ട്സ് ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം ഏറ്റവും കൂടുതൽ പ്രവാസികളുള്ള മലപ്പുറം ജില്ലയിലെ പ്രവാസി ഓഫീസ് വഴി കൃത്യമായി സേവനങ്ങൾ നൽകാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നോർക്ക ഓഫീസിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സത്വരനടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) മലപ്പുറം നോർക്ക റൂട്ട്സ് ഓഫീസിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച ജീവനക്കാരന്റെ സേവന കാലാവധി 9-5-2019-ന് അവസാനിച്ചിരുന്നു. എന്നാൽ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടങ്ങൾ നിലനിന്നതിനാൽ പുതിയ നിയമനം നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായി. ആയതിനാൽ കോഴിക്കോട് മേഖലാ ഓഫീസിൽനിന്നും മലപ്പുറം ജില്ലാ ഓഫീസിലേയ്ക്ക് ജീവനക്കാരെ നിയോഗിച്ച് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ സേവനം നൽകാൻ ശ്രമിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മലപ്പുറം ജില്ലാ ഓഫീസിലേയ്ക്ക് ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പിങ്ക് പോലീസ്

80 (1946) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി രൂപീകരിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലേയ്ക്കെന്ന് വ്യക്തമാക്കാമോ;

(സി) പോക്സോ കേസ്സുകളിൽ പിങ്ക് പോലീസിന്റെ ഇടപെടൽ ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ; കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പോക്സോ കേസ്സുകളിൽ പിങ്ക് പോലീസ് നിയമ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. പൊതുസ്ഥലങ്ങളായ ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ, സ്കൂൾ കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിൽ പ്രധാനമായും പട്രോളിംഗ് നടത്തി സ്ത്രീകൾക്ക് നിർഭയമായി സഞ്ചരിക്കുവാനും ഇടപെടുന്നതിനുമുള്ള അന്തരീക്ഷം ഒരുക്കിക്കൊടുക്കുന്നതിൽ പിങ്ക് പോലീസ് സംവിധാനം സഹായകരമായി തീർന്നിട്ടുണ്ട്.

(ബി) എമർജൻസി റസ്പോൺസ് സപ്പോർട്ട് സിസ്റ്റം പ്രോജക്ട് നടപ്പിലാക്കി വരുന്നതിനാൽ നിലവിൽ പിങ്ക് പോലീസ് പ്രോജക്ട് പ്രവർത്തിക്കുന്ന ജില്ലകൾക്ക് ഉപരി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) പോക്സോ കേസ്സുകളിൽ പിങ്ക് പോലീസിന്റെ ഇടപെടൽ ഉണ്ടാകുന്നുണ്ട്. പോക്സോ കേസ്സുകളിലെ ഇരകൾക്ക് ആവശ്യമായ സഹായം പിങ്ക് പോലീസ് നൽകുന്നുണ്ട്. പോക്സോ കേസ്സുകളിൽ അന്വേഷണം നടത്തുന്നത് കേസ് റിപ്പോർട്ടാകുന്ന പോലീസ് സ്റ്റേഷനുകളിലാണ്.

## പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

81 (1947) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗാർത്ഥികൾക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയാണ് ഈടാക്കുന്നത്;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റിന്റെ കാലാവധി എത്രയാണ്;

(സി) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി കുറഞ്ഞത് രണ്ട് വർഷം ആയി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 555 രൂപ ചെലാൻ പ്രകാരം ഒടുക്കിയ അപേക്ഷയിന്മേലാണ് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. എന്നാൽ യു.എ.ഇ.-യിലേയ്ക്കുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 1000 (ആയിരം) രൂപയാണ് ഫീസ് ഈടാക്കുന്നത്.

(ബി&സി) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി പ്രത്യേകം പ്രതിപാദിച്ചിട്ടില്ല.

## പോലീസിന്റെ സേവനം കാര്യക്ഷമമാക്കാൻ നടപടി

82 (1948) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ സേവനങ്ങൾ നിഷ്പക്ഷമായും സുതാര്യമായും പരമാവധി വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കാൻ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക മാറ്റിവച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസിന്റെ സേവനങ്ങൾ നിഷ്പക്ഷമായും സുതാര്യമായും പരമാവധി വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പോലീസിന്റെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനുവേണ്ടി ആരംഭിച്ചിട്ടുള്ള പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടലാണ് 'THUNA' (The Hand You Need for Assistance). ഇതിലൂടെ പൊതുജനങ്ങൾക്ക് പരാതി നൽകൽ, എംപ്ലോയി വെരിഫിക്കേഷൻ, മൈക്ക് പെർമിഷൻ, എൻ.ഒ.സി. അപേക്ഷ, സ്വഭാവ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, സമ്മേളനങ്ങൾ, പ്രകടനങ്ങൾ, സമരങ്ങൾ എന്നിവയ്ക്കുള്ള അനുമതിക്ക് അപേക്ഷ നൽകാവുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സി.സി.റ്റി.എൻ.എസ്. സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. അത്യാധുനിക സാങ്കേതികവിദ്യയിലുള്ള ബോഡി വോൺ ക്യാമറകൾ, സി.സി.ടി.വി. ക്യാമറകൾ, Vehicle Mounted GPS System, Traffic Signal System, Traffic enforcement ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ തുടങ്ങിയവയിലൂടെ മെച്ചപ്പെട്ട സേവനം പോലീസിൽനിന്നും ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും Track My Trip, Nearest/Jurisdictional Police Station, SOS-Panic Message, Chat Boat for Public Service, Offence Reporting, Citizen Services, Traffic Guru തുടങ്ങിയ Applications integrate ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ജനമൈത്രിയുടെ ഭാഗമായി നടപ്പിലാക്കിയ Women Police visit in Panchayat എന്നതിലൂടെ പോലീസിന്റെ സേവനങ്ങൾ പരമാവധി വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളെ സ്വീകരിക്കാനും സഹായിക്കാനുമായി ഒരു പോലീസ് ഉദ്യോഗസ്ഥനെ പബ്ലിക് റിലേഷൻ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

പോലീസ് സേവനങ്ങൾ വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി Emergency Response Support System (ERSS) ആരംഭിച്ചിട്ടുണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ പോലീസ് വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ആധുനികവൽക്കരണം ഉൾപ്പെടെ പദ്ധതി വിഹിതമായി ആകെ 215.10 കോടി രൂപ വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി പദ്ധതി വിഹിതത്തിൽ 175.10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

നിർമ്മാണ പ്രവർത്തനങ്ങൾക്ക് - 60 കോടി രൂപ

പോലീസ് സ്റ്റേഷനിലെ ഉപാധികൾ ശക്തിപ്പെടുത്തുന്നതിന് - 5.62 കോടി രൂപ

നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് - 4 കോടി രൂപ

ബോട്ട് ഉൾപ്പെടെ വാഹനങ്ങൾ വാങ്ങുന്നതിന് - 25.80 കോടി രൂപ

ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് - 4 കോടി രൂപ

ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുന്നതിന് - 4.18 കോടി രൂപ

ക്രൈം ബ്രാഞ്ച് (സി.ബി.സി.ഐ.ഡി.) മെച്ചപ്പെടുത്തുന്നതിന് - 2.50 കോടി രൂപ

ശാസ്ത്രീയ അന്വേഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് - 7 കോടി രൂപ

സൈബർ ക്രൈം സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന് - 4.50 കോടി രൂപ

ഫലപ്രദമായ ജനക്കൂട്ട നിയന്ത്രണത്തിന് - 3 കോടി രൂപ

ടെലികമ്മ്യൂണിക്കേഷൻസ് സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിന് - 15 കോടി രൂപ

ആംഡ് പോലീസ് ബറ്റാലിയൻ ആധുനികവൽക്കരണത്തിന് - 3 കോടി രൂപ

അടിസ്ഥാന സൗകര്യത്തിനും ആഭ്യന്തര സുരക്ഷയ്ക്കും - 1 കോടി രൂപ

i-APS - 2 കോടി രൂപ

സ്റ്റേഷനുകൾക്ക് അധിക സ്ഥലം, അവശ സൗഹൃദമാക്കുന്നതിന് - 4 കോടി രൂപ

പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് - 3.50 കോടി രൂപ

കമ്മ്യൂണിറ്റി പോലീസിംഗ് - 4 കോടി രൂപ

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി - 16 കോടി രൂപ

ജൻഡർ അവബോധത്തിനും ജൻഡർ സൗഹൃദ പശ്ചാത്തല സൗകര്യങ്ങൾക്കും - 6 കോടി രൂപ

## കുട്ടികളുടെ ഹാജർ, സ്വഭാവ വൈകല്യം എന്നിവ നിരീക്ഷിക്കുന്നതിന് നടപടി

83 (1949) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേകമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വിദ്യാലയങ്ങളുടെ സമീപമുള്ള കച്ചവട സ്ഥാപനങ്ങളെയും തട്ടുകടകളെയും നിരന്തരമായി നിരീക്ഷിക്കുന്നതിനും അവിടെ നിന്നും കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) കുട്ടികളുടെ ഹാജർ, സ്വഭാവ വൈകല്യം എന്നിവ നിരീക്ഷിക്കുന്നതിനും തുടക്കത്തിൽ തന്നെ ക്രമവിരുദ്ധമായ കാര്യങ്ങളിലേയ്ക്ക് അവർ നീങ്ങുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും പ്രത്യേക നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) പുതിയ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വിദ്യാലയങ്ങളുടെ സമീപമുള്ള കച്ചവട സ്ഥാപനങ്ങളെയും തട്ടുകടകളെയും നിരന്തരമായി നിരീക്ഷിക്കുന്നതിനും അവിടെനിന്നും കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും കുട്ടികളുടെ ഹാജർ, സ്വഭാവ വൈകല്യം എന്നിവ നിരീക്ഷിക്കുന്നതിനും തുടക്കത്തിൽതന്നെ ക്രമവിരുദ്ധമായ കാര്യങ്ങളിലേയ്ക്ക് അവർ നീങ്ങുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി 22-5-2019-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി, ആഭ്യന്തരം, ഗതാഗതം, എക്സൈസ്, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പ് മേധാവികളുമായി ചർച്ച നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27-5-2019-ൽ സർക്കുലർ നമ്പർ ജി3/229/19/പൊവിവ. പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ബന്ധപ്പെട്ട അധികാരികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോസ്റ്റൽ ബാലറ്റ് ശേഖരിച്ച നടപടി

84 (1950) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിച്ച വിവിധ തസ്തികകളിൽപ്പെട്ടവരിൽനിന്നും ചില പോലീസ് ഉദ്യോഗസ്ഥർ പോസ്റ്റൽ ബാലറ്റ് ശേഖരിച്ച കാര്യം ആഭ്യന്തര വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനപ്രാതിനിധ്യ നിയമമനുസരിച്ച് രഹസ്യമായിരിക്കേണ്ട വോട്ടുചെയ്യൽ ഇത്തരത്തിൽ പരസ്യമാക്കുന്നതിലൂടെ നടത്തിയ നിയമലംഘനം സർക്കാർ പരിശോധിക്കുമോ;

(സി) പോസ്റ്റൽ ബാലറ്റ് ഇത്തരത്തിൽ ശേഖരിച്ചവർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) പോലീസ് ഉദ്യോഗസ്ഥരുടെ പോസ്റ്റൽ ബാലറ്റ് സംബന്ധിച്ച് ആക്ഷേപമുണ്ടായ അവസരത്തിൽ ഈ ആരോപണങ്ങളിന്മേൽ പ്രാഥമിക അന്വേഷണം നടത്തുകയും വിശദമായ അന്വേഷണത്തിന് ക്രൈംബ്രാഞ്ചിനെ ചുമതലപ്പെടുത്തിയത് പ്രകാരം തൃശ്ശൂർ ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരികയാണ്.

## അന്ധവിശ്വാസ നിർമ്മാർജ്ജന നടപടി

85 (1951) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല കാര്യങ്ങളിലും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വളരെയധികം സ്വാധീനം ചെലുത്തി തുടങ്ങിയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെയ്യാറ്റിൻകരയിൽ ഒരു അമ്മയും മകളും ആത്മഹത്യ ചെയ്തത് അന്ധവിശ്വാസത്തെ തുടർന്നുണ്ടായ പീഡനം കൊണ്ടാണോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നെയ്യാറ്റിൻകര മലൈക്കട എന്ന സ്ഥലത്ത് അമ്മയും മകളും ആത്മഹത്യ ചെയ്തത് കുടുംബ പ്രശ്നങ്ങളുടെ ഭാഗമായിട്ടും കൂടാതെ കുടുംബാംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടായ മാനസിക പീഡനംമൂലവുമാണെന്ന് വെളിവായിട്ടുള്ളതാണ്. പ്രസ്തുത സംഭവത്തിൽ അമ്മയുടെയും മകളുടെയും ആത്മഹത്യയ്ക്ക് ഉത്തരവാദികളായ കുടുംബാംഗങ്ങളെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്ത് (മാരായമുട്ടം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 387/2019 u/s 306, 498(A) 34 IPC) പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

**അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നടപടി**

86 (1952) ശ്രീ. വി. ടി. ബൽറാം:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലായ്മ ചെയ്യുന്നതിന് ഇവയ്ക്കെതിരെ സന്ധിയില്ലാത്ത സമരം നടത്തിയ നവോത്ഥാന സാമൂഹിക പ്രസ്ഥാനങ്ങൾക്ക് തുടർച്ചയില്ലാതായതാണ് സംസ്ഥാനത്ത് ഈയിടെ ഉണ്ടായിട്ടുള്ള ആത്മഹത്യയുടെയും കൊലപാതകത്തിന്റെയും കാരണമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നൂറ് ശതമാനം സാക്ഷരത, കേരള വികസന മാതൃക, സാംസ്കാരിക കേരളം തുടങ്ങിയ അവകാശ വാദങ്ങൾക്ക് പ്രഹരമേല്പിക്കുന്ന തരത്തിലുള്ള വാർത്തകൾ ഓരോ ദിവസവും ഉണ്ടാകുന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) കൊല്ലം ഓയൂരിൽ യുവതിയെ മന്ത്രവാദത്തിന് ഇരയാക്കി കൊലയ്ക്ക് കൊടുത്ത സംഭവവും നെയ്യാറ്റിൻകരയിൽ മന്ത്രവാദത്തിന് ഇരകളായി ഒരു അമ്മയും മകളും ആത്മഹത്യ ചെയ്ത സംഭവവും കേരളം സാംസ്കാരികമായി പിന്നോട്ട് പോകുന്നുവെന്നതിന്റെ സൂചനയല്ലേ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഈ വിഷയം സാമൂഹ്യശാസ്ത്രപരമായതാണ്. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള വിലയിരുത്തൽ അപക്വമായ ഒന്നായി കാണുന്നു.

(ബി) ഉണ്ട്. ഉയർന്നുവരുന്ന പ്രശ്നങ്ങളിൽ നടപടി സ്വീകരിക്കാറുണ്ട്.

(സി) ഈ സംഭവങ്ങളെക്കുറിച്ച് വിശദമായി അന്വേഷിക്കുന്നുണ്ട്.

**ഹർത്താലുകൾക്കെതിരെ നിയമനിർമ്മാണം**

87 (1953) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിന്നൽ ഹർത്താലുകളെ സംബന്ധിച്ച് ഈയിടെ ഹൈക്കോടതി ഡിവിഷൻ ബഞ്ച് നടത്തിയ പരാമർശങ്ങളിൽ പ്രധാനമായത് എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) മിന്നൽ ഹർത്താൽ ഭരണഘടനാവിരുദ്ധമാണെന്ന് കോടതി നിരീക്ഷിക്കുകയുണ്ടായോ;

(സി) എങ്കിൽ കോടതി നിരീക്ഷണത്തിന്റെയും പൊതുതാൽപ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ ഹർത്താൽ നിരോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 7-1-2019-ലെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഇടക്കാല ഉത്തരവ് പ്രകാരം മിന്നൽ ഹർത്താലുകൾ പ്രഖ്യാപിക്കുന്നത് നിയമവിരുദ്ധമെന്ന് പരാമർശിക്കുകയും ഹർത്താൽ പ്രഖ്യാപിക്കുന്ന വ്യക്തികളോ സംഘടനകളോ പൊളിറ്റിക്കൽ പാർട്ടികളോ പൊതുഹർത്താൽ പ്രഖ്യാപിക്കുന്നതിന് മുൻപായി 7 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകണമെന്ന് കോടതി ഇടക്കാല ഉത്തരവിട്ടു. ഈ 7 ദിവസത്തിനിടയിൽ ഹർത്താൽ പ്രഖ്യാപിക്കുന്നതിനെതിരെ എതിർപ്പുള്ളപക്ഷം കോടതിയെ സമീപിക്കാവുന്നതാണ്.

(ബി) മേൽപ്പറഞ്ഞ നിയമാവലി/നിർദ്ദേശം പാലിക്കാതെ പ്രഖ്യാപിക്കുന്ന ഹർത്താലുകൾ നിയമവിരുദ്ധമാണ്. പ്രഖ്യാപിക്കുന്ന ഹർത്താലുകളിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ ഉത്തരവാദി ഹർത്താൽ പ്രഖ്യാപിക്കുന്ന വ്യക്തികളോ സംഘടനകളോ പൊളിറ്റിക്കൽ പാർട്ടികളോ ആയിരിക്കുന്നതാണ്.

(സി&ഡി) മിന്നൽ ഹർത്താൽ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്ന കാര്യം പൊതുവായ ചർച്ചയിലൂടെ തീരുമാനമെടുക്കേണ്ട ഒന്നാണ്.

**കേരള പോലീസിലെ നിയമനങ്ങൾ**

88 (1954) പ്രൊഫ. കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ സബ് ഇൻസ്പെക്ടർ മുതൽ മുകളിലേയ്ക്കുള്ള തസ്തികകളിൽ പ്രൊമോഷൻ മുഖേനയും നേരിട്ടും നിയമനം നൽകുന്നതിന് പ്രത്യേക അനുപാതം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2008 മുതലുള്ള നിയമനങ്ങളിൽ ഈ അനുപാതം പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള പോലീസിലെ സബ് ഇൻസ്പെക്ടർമാരുടെ (KCP കേഡറിൽ) നിയമനത്തിന് 1:1 എന്ന അനുപാതം നിലവിലുണ്ട്.

(ബി) പാലിക്കപ്പെട്ടിട്ടുണ്ട്.

**പോലീസ് സേനയിലേയ്ക്ക് ആദിവാസി യുവതീ യുവാക്കളുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

89 (1955) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലേക്ക് ആദിവാസി യുവതീ യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി കോൺസ്റ്റബിൾ തസ്തികയിലേക്ക് നിയമിക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിസഭ തീരുമാനമെടുത്തത് എന്നാണ്;

(ബി) ആദിവാസി യുവതീ-യുവാക്കളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസിലേക്ക് നിയമിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലുള്ള നിയമനത്തിന് പി.എസ്.സി. നോട്ടിഫിക്കേഷൻ എന്നാണ് പുറപ്പെടുവിച്ചത്;

(ഡി) റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) 17-12-2015-ലെ മന്ത്രിസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 16-1-2016-ലെ സ.ഉ.(അ) നമ്പർ 13/16/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിൽ മലപ്പുറം, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി യുവതീ-യുവാക്കളിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ്വഴി നിയമനം നൽകുന്നതിനായി 75 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു. 27-6-2016-ലെ സ.ഉ. (കൈ) നമ്പർ 183/2016/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഡ്രൈവിനുവേണ്ടി സൃഷ്ടിച്ച തസ്തികകൾ വയനാട് ജില്ല (മുഴുവൻ), പാലക്കാട് (അട്ടപ്പാടി), മലപ്പുറം (നിലമ്പൂർ) എന്നീ പ്രദേശങ്ങൾക്കായി വിഭജിച്ച് നൽകിയും ഇതിൽ ആദിവാസി വിഭാഗത്തിലെ താഴെത്തട്ടിലുള്ള പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തു. ഇതിനെത്തുടർന്നാണ് സംസ്ഥാന പോലീസ് മേധാവി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്. തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ 29-4-2017 തീയതിയിലെ അസാധാരണ ഗസറ്റ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചു. റിക്രൂട്ട്മെന്റ് നടപടികൾ തുടങ്ങിയപ്പോൾ മലപ്പുറം ജില്ലയിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കൂടുതലായി നിവസിക്കുന്നത് കളികാവ്, അരീക്കോട് ബ്ലോക്കുകളിലാണെന്ന് ബോധ്യപ്പെട്ടതിനാൽ മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിനോടൊപ്പം കളികാവ്, അരീക്കോട് ബ്ലോക്കുകളെക്കൂടി ഉൾപ്പെടുത്തി 12-7-2017-ലെ സ.ഉ.(കൈ) നമ്പർ 150/2017/ആഭ്യന്തരം നമ്പർ പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. അട്ടപ്പാടി ബ്ലോക്കിൽ പണിയാൻ, അടിയാൻ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ കുറവായതിനാൽ ആ ബ്ലോക്കിലെ "most primitive" വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി 20-3-2018-ലെ സ.ഉ. (കൈ) നമ്പർ 43/2018/ആഭ്യന്തരം നമ്പർ പ്രകാരം വീണ്ടും ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് പി.എസ്.സി. റിക്രൂട്ട്മെന്റ് നടപടികൾ പൂർത്തീകരിച്ച് 26-3-2018 തീയതിയിൽ നിയമന ശിപാർശ ഉദ്യോഗാർത്ഥികൾക്ക് നൽകി. പ്രസ്തുത റിക്രൂട്ട്മെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആദിവാസി വിഭാഗങ്ങളുടെ സാമ്പത്തിക-സാമൂഹ്യ പിന്നാക്കാവസ്ഥ കണക്കിലെടുത്ത് അവർ ഒടുക്കേണ്ട ബോണ്ട് തുകയും ജാമ്യവ്യവസ്ഥയും ഒഴിവാക്കി നൽകുവാൻ 17-5-2018-ലെ സ.ഉ. (കൈ) നമ്പർ 88/2018/ആഭ്യന്തരം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. വനിതകൾക്കും പുരുഷൻമാർക്കും പ്രത്യേകമായി തയ്യാറാക്കുകയും മൂന്ന് ജില്ലകളിലായി പ്രസിദ്ധീകരിച്ചതുമായ ആറ് റാങ്ക് ലിസ്റ്റുകളിൽ ആകെ 1111 പേർ ഉൾപ്പെട്ടിട്ടുണ്ട്. പി.എസ്.സി. നിയമന ശിപാർശ നൽകിയവരിൽ ഒരാൾ ഒഴികെ 74 പേരുടെയും പരിശീലനം പൂർത്തിയായിട്ടുള്ളതുമാണ്.

## കെവിൻ കൊലക്കേസ്

90 (1956) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെവിൻ കൊലക്കേസിൽ പിരിച്ചുവിടാൻ നോട്ടീസ് നൽകിയ കോട്ടയം ഗാന്ധിനഗർ മുൻ എസ്.ഐ. എം. എസ്. ഷിബുവിനെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിരുന്നോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കെവിനെ ഗുണ്ടാസംഘം തട്ടിക്കൊണ്ടുപോയി എന്ന പരാതി അറിഞ്ഞിട്ടും അതിൽ സത്വര നടപടി സ്വീകരിക്കാതെ ഗുരുതരമായ കൃത്യവിലോപം കാണിച്ച പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുത്തത് ഇതിന്മേലുള്ള അന്വേഷണം പൂർത്തിയായ ശേഷമായിരുന്നോ;

(സി) എങ്കിൽ പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെ യായിരുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു. സബ് ഇൻസ്പെക്ടർ എം.എസ്. ഷിബുവിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ടുള്ള കൊച്ചി റേഞ്ച് ഐ.ജി.-യുടെ ഉത്തരവ് മരിവിപ്പിച്ചുകൊണ്ട് സബ് ഇൻസ്പെക്ടർ എം.എസ്. ഷിബുവിനെ സസ്പെൻഷനിൽ നിലനിർത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി&സി) ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ഫയലുകൾ സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. അത് പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളുന്നതാണ്.

## പോലീസ് സ്റ്റേഷനിലെ സേവന കാലയളവ്

91 (1957) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പോലീസ് സ്റ്റേഷനിൽ പരമാവധി എത്ര വർഷമാണ് ഒരു പോലീസ് ഉദ്യോഗസ്ഥന് സേവനമനുഷ്ഠിക്കാൻ വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വ്യവസ്ഥയ്ക്കു വിരുദ്ധമായി കാസർഗോഡ് ജില്ലയിൽ എത്ര പോലീസുകാർ ജോലി ചെയ്യുന്നുണ്ടെന്നത് സംബന്ധിച്ച സ്റ്റേഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വ്യവസ്ഥയ്ക്ക് വിരുദ്ധമായി പോലീസുദ്യോഗസ്ഥന്മാർക്ക് ഒരേ സ്റ്റേഷനിൽ ജോലി ചെയ്യുന്നതിന് സർക്കാരിന്റെ പ്രത്യേകാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഒരു പോലീസ് സ്റ്റേഷനിലെ വ്യവസ്ഥ പ്രകാരമുള്ള സേവന കാലയളവ് പൂർത്തിയാക്കിയതിനു ശേഷം മറ്റൊരു സ്റ്റേഷനിലേക്കു മാറി വീണ്ടും പഴയ പോലീസ് സ്റ്റേഷനിലേയ്ക്ക് തിരിച്ചുവന്ന് ജോലി ചെയ്യുന്ന എത്ര പോലീസ് ഉദ്യോഗസ്ഥന്മാർ കാസർഗോഡ് ജില്ലയിൽ ഉണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കാസർഗോട് ജില്ലയിൽ സ്വന്തമായോ അല്ലെങ്കിൽ ജീവിത പങ്കാളിയുടെ പേരിലോ വീടുണ്ടായിട്ടും മറ്റു ജില്ലകളിലെ സ്ഥിരതാമസവിലാസം നൽകി കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യുന്ന എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 17-5-2004-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 17/2004 ഉത്തരവ് പ്രകാരം ഒരു പോലീസ് ഉദ്യോഗസ്ഥന് ഒരു പോലീസ് സ്റ്റേഷനിൽ പരമാവധി മൂന്ന് വർഷം വരെ സേവനമനുഷ്ഠിക്കാവുന്നതാണ്. എന്നാൽ ചില പ്രത്യേക അവസരങ്ങളിൽ പ്രസ്തുത കാലാവധി കഴിഞ്ഞും തുടരാൻ അനുവദിക്കാറുണ്ട്.

(ബി) ചുവടെ ചേർത്തിരിക്കുന്ന പോലീസ് സ്റ്റേഷനുകളിൽ മൂന്നുവർഷം കഴിഞ്ഞ് പോലീസ് ഉദ്യോഗസ്ഥർ പ്രവൃത്തിയെടുത്തുവരുന്നുണ്ട്.

| | |
|---|---|
| വിദ്യാനഗർ പോലീസ് സ്റ്റേഷൻ | : 3 |
| ബേഡകം പോലീസ് സ്റ്റേഷൻ | : 1 |
| മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ | : 2 |
| കാസർഗോഡ് പോലീസ് സ്റ്റേഷൻ | : 9 |
| ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ | : 5 |
| വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ | : 2 |
| ബേക്കൽ പോലീസ് സ്റ്റേഷൻ | : 5 |
| കാസർഗോഡ് ട്രാഫിക് പോലീസ് സ്റ്റേഷൻ | : 1 |

(സി) പ്രത്യേക ഉത്തരവുകൾ നൽകിയിട്ടില്ല.

(ഡി) കാസർഗോഡ് ജില്ലയിൽ സേവന കാലയളവ് പൂർത്തിയാക്കിയതിനു ശേഷം മറ്റൊരു സ്റ്റേഷനിലേയ്ക്ക് മാറി വീണ്ടും പഴയ പോലീസ് സ്റ്റേഷനിലേയ്ക്ക് തിരിച്ചുവന്ന് ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| വിദ്യാനഗർ | : 1 |
| ആദൂർ | : 1 |
| ബദിയടുക്ക | : 1 |
| കുമ്പള | : 2 |
| കാസർഗോഡ് | : 6 |
| ചന്തേര | : 1 |
| ബേക്കൽ | : 5 |
| കാസർഗോഡ് ട്രാഫിക് പി.എസ്. | :3 |

(ഇ) നിലവിൽ ആരുമില്ല.

**കെവിൻ വധക്കേസുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്യപ്പെട്ടവർ**

92 (1958) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെവിൻ വധക്കേസുമായി ബന്ധപ്പെട്ട് അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർ ആരെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവർക്കെതിരെയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകാമോ; ഇല്ലെങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവരിൽ ആരെയെങ്കിലും തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഉണ്ടെങ്കിൽ അന്വേഷണം പൂർത്തീകരിച്ചിട്ടാണോ അതോ ഏതെങ്കിലും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ തിരികെ പ്രവേശിപ്പിച്ചതെന്ന് വിശദമാക്കാമോ;

(ഇ) ഇവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. ആയിരുന്ന എം.എസ്. ഷിബു, ഗ്രേഡ് എ.എസ്.ഐ. സണ്ണിമോൻ, ഗ്രേഡ് എ.എസ്.ഐ. ടി.എം. ബിജു, സി.പി.ഒ. അജയ കുമാർ എന്നീ പോലീസ് ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതാണ്.

(സി&ഡി) ഉണ്ട്. സബ് ഇൻസ്പെക്ടർ എം.എസ്. ഷിബുവിനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ടുള്ള കൊച്ചി റേഞ്ച് ഐ.ജി.-യുടെ ഉത്തരവുകൾ സർക്കാർ മരവിപ്പിച്ച് ടിയാനെ സസ്പെൻഷനിൽ നിലനിർത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഇ) ഉണ്ട്. ഇക്കാര്യത്തിൽ ഫയലുകൾ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അത് പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആഭ്യന്തര വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ

93 (1959) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആഭ്യന്തര വകുപ്പിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്;

(ബി) എവിടെയൊക്കെയാണ് പുതുതായി സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കേരള പോലീസ് വകുപ്പിൽ 2742 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമെ സംസ്ഥാനത്തെ സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതും ആയതിൽ എറണാകുളം, തൃശ്ശൂർ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. കോഴിക്കോട് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസുകാരുടെ പരിശീലന സംവിധാനങ്ങൾ**

94 (1960) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പോലീസുകാരുടെ പരിശീലന സംവിധാനങ്ങൾ ആധുനികവൽക്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

പോലീസുകാരുടെ പരിശീലന സംവിധാനങ്ങൾ ആധുനിക വൽക്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരമ്പരാഗത പോലീസ് പരിശീലനത്തിൽനിന്നും മാറ്റം വരുത്തി ശാസ്ത്രീയ പരിശീലന മുറകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പോലീസ് പരിശീലനമാണ് ഇപ്പോൾ തുടർന്നുവരുന്നത്.

2. പൊതുജനങ്ങൾക്കും സമൂഹത്തിന്റെ താഴെക്കിടയിലുള്ള അവശവിഭാഗങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭിക്കുക എന്ന ലക്ഷ്യത്തോടെ പരിശീലന പദ്ധതിയിൽ ട്രെയിനികളുടെ മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

3. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പോലീസ് സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ ട്രെയിനിംഗ് സിലബസ്

പരിഷ്കരിച്ചിട്ടുള്ളതാണ്. പോലീസിന് പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൃത്യനിർവ്വഹണം സുഗമമാക്കുന്നതിനും പോലീസ് പൊതുജനബന്ധം മെച്ചപ്പെടുത്തുന്നതിനും soft skill module ഉൾപ്പെടുത്തി പരിശീലനം നൽകിവരുന്നുണ്ട്.

4. മുൻകാലങ്ങളിൽ വനിതാ പോലീസ് ട്രെയിനികളെ ഉൾപ്പെടെ പരിശീലിപ്പിച്ചിരുന്നത് പുരുഷ പോലീസ് ഉദ്യോഗസ്ഥരാണ്. എന്നാൽ ഇപ്പോൾ ഈ രീതിക്ക് മാറ്റംവരുത്തി കേരള പോലീസ് അക്കാദമിയിൽ വനിതാ ട്രെയിനികൾക്കും പുരുഷ ട്രെയിനികൾക്കും പരിശീലനം നൽകുന്നതിന് പുരുഷ പോലീസ് ഉദ്യോഗസ്ഥരോടൊപ്പം വനിതാ പോലീസ് ഉദ്യോഗസ്ഥരെയും നിയോഗിച്ചുവരുന്നു.

5. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വളർന്നുവരുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ ഇരയുടെ ഭാഗത്തുനിന്ന് ചിന്തിച്ചുകൊണ്ട് പരമാവധി പരിരക്ഷ നൽകുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്.

6. സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യകടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമം തുടങ്ങിയവ ഫലപ്രദമായി തടയുന്നതിനുള്ള പാഠ്യപദ്ധതികൾ സബ് ഇൻസ്പെക്ടർമാരുടെ നിലവിലുള്ള സിലബസ്സിൽത്തന്നെ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങളിൽ National Police Academy പോലെയുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്.

7. ഐ.ടി. ട്രെയിനിംഗ്, സി.സി.ടി.എൻ.എസ്., സൈബർ ഫോറൻസിക്സ്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക്സ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും BPR&D, MHA, National Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരുമായി സഹകരിച്ചും നിരവധി ട്രെയിനിംഗ് കോഴ്സുകൾ നൽകിവരുന്നുണ്ട്. ട്രെയിനിംഗിനും തുടർന്നുള്ള പോലീസ് സേവനങ്ങൾക്കുമുള്ള ന്യൂനതകൾ കണ്ടെത്തി മാറ്റം വരുത്തുന്നതിലേയ്ക്കായി ഒരു റിസർച്ച് & പബ്ലിക്കേഷൻ വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

8. വളർന്നുവരുന്ന ഭീകരാക്രമണവും തീവ്രവാദ ആക്രമണവും നേരിടുന്നതിനായി കേരള പോലീസ് സേനാംഗങ്ങൾക്ക് അത്യാധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്. കൂടാതെ ചെന്നൈ കമാൻഡോ ട്രെയിനിംഗ് സ്കൂളിൽനിന്നും കമാൻഡോ പരിശീലനവും KATS-ൽനിന്നും Jungle Operations-ൽ പരിശീലനവും നൽകിവരുന്നുണ്ട്.

9. നിയമപരമായി ക്രമസമാധാന പ്രശ്നങ്ങളെ ജനാധിപത്യപരമായി നേരിടുന്നതിന് അടിസ്ഥാന പരിശീലന കാലയളവിൽത്തന്നെ അക്കാദമിയിലെ പരിശീലനാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകിവരുന്നുണ്ട്.

10. ഇ-അക്കാദമി എന്ന ലക്ഷ്യത്തോടെ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗിച്ചുകൊണ്ട് പോലീസ് അക്കാദമിയിൽ ക്ലാസ്സുകൾ ഇ-ലേണിംഗ് മൊഡ്യൂളിലേയ്ക്ക് മാറ്റിവരുന്നതും അക്കാദമിയിലെ എല്ലാ പരീക്ഷകളും ഓൺലൈൻ ആക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ലക്ഷ്യത്തോടെ കേരള പോലീസ് അക്കാദമിയിൽ E-Learning സംവിധാനമായ KELS (കേരള പോലീസ് അക്കാദമി ഇ-ലേണിംഗ് സിസ്റ്റം) പദ്ധതിയിലൂടെ പരിശീലനാർത്ഥികൾക്ക് പാഠ്യവിഷയങ്ങളുടെ നോട്ടുകളും മറ്റും സ്മാർട്ട് ഫോൺവഴി നൽകിവരുന്നുണ്ട്.

11. നിയമവിഷയങ്ങളിലും ശാസ്ത്ര വിഷയങ്ങളിലും ലഭ്യമായിട്ടുള്ള എല്ലാ പ്രധാന ഓൺലൈൻ ജേർണലുകളും ഇലക്ട്രോണിക് ബുക്കുകളും ട്രെയിനിംഗ് വീഡിയോകളും ട്രെയിനികൾക്ക് ലഭ്യമാകുന്ന വിധത്തിൽ അക്കാദമി ക്യാമ്പസ് Wifi സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

12. 2018 വർഷം "Year of Training & Learning" ആയി പ്രഖ്യാപിക്കുകയും സംസ്ഥാന പോലീസ് സേനയിൽ ജോലി നോക്കിവരുന്ന ഡി.ജി.പി. മുതൽ സി.പി.ഒ. വരെ തസ്തികയിലുള്ള 52,876 പേർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. ഇതിൽ ഉദ്യോഗസ്ഥരുടെ പൊതുജനങ്ങളോടുള്ള മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാകുന്നതിനും സേവന തൽപ്പരത വർദ്ധിപ്പിക്കുന്നതിനുമുള്ള പാഠ്യവിഷയം ഉൾപ്പെടുത്തിയും ഈ പരിശീലന പദ്ധതി തുടർന്നും നടത്തിവരുന്നുണ്ട്.

13. വർദ്ധിച്ചുവരുന്ന തീവ്രവാദ-മാവോയിസ്റ്റ് ഭീഷണി ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി കേരള പോലീസ് അക്കാദമിയിൽ Counter IED Training Centre പ്രവർത്തനമാരംഭിച്ചു. വിവിധതരം സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അവ നിർവ്വീര്യമാക്കുന്നതിനുമുള്ള സംസ്ഥാനത്തിലെ ആദ്യ സംയോജിത പരിശീലന കേന്ദ്രമാണിത്.

14. 2019 "Year of Cyber Learning" ആയി പ്രഖ്യാപിച്ചിട്ടുള്ളതും സൈബർ കുറ്റകൃത്യങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുക എന്ന പ്രധാനപ്പെട്ട ലക്ഷ്യത്തോടെ സൈബർ ഫോറൻസിക് ട്രെയിനിംഗ് ലാബ് കേരള പോലീസ് അക്കാദമിയിൽ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സൈബർ കുറ്റകൃത്യങ്ങളിൽ ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും പ്രാഥമിക വിശകലനം ചെയ്യുന്നതിനും പോലീസിനെ

പ്രാപ്തമാക്കാനുള്ള സാങ്കേതിക മികവ് ഈ ലാബിനുണ്ട്. സൈബർ കുറ്റകൃത്യങ്ങൾക്ക് എതിരെയുള്ള അന്വേഷണങ്ങൾക്ക് നിയമ-നീതിന്യായ വ്യവസ്ഥയിലുള്ളവരെ പ്രാപ്തരാക്കുന്നതിന് ഉതകുന്നതാണ് ഈ ലാബ്.

15. പോലീസുകാരുടെ പരിശീലന സംവിധാനങ്ങൾ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി പോലീസ് ട്രെയിനിംഗ് കോളേജിൽ കേരള പോലീസ് സേനയുടെ നിലവിലുള്ള ലത്തി-ഡ്രിൽ പരിഷ്കരിച്ച് ലത്തി-ഷീൽഡ്-വെപ്പൺ പരിശീലനം നൽകിവരുന്നു.

16. ഇൻ-സർവ്വീസ് പരിശീലനത്തിൽ സൈബർ ക്രൈം അന്വേഷണം, മൊബൈൽ ഫോറൻസിക്, നെറ്റ്‌വർക്ക് ഫോറൻസിക്, ഹാക്കിംഗ്, എ.ടി.എം. ബാങ്ക് തട്ടിപ്പ്/ഡിജിറ്റൽ എവിഡൻസ് കളക്ഷൻ എന്നീ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി പരിശീലനം നൽകിവരുന്നു.

17. സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച വിഷയങ്ങൾ, കസ്റ്റഡി മാനേജ്മെന്റ്, പൊതുജനങ്ങളോടുള്ള പെരുമാറ്റം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വിഷയങ്ങൾ പരിശീലനത്തിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

18. പോലീസ് ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടി സംബന്ധമായി ഉണ്ടാകുന്ന മാനസിക സമ്മർദ്ദം, ജീവിതശൈലീ രോഗങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനായി പരിശീലനത്തിൽ സ്ട്രെസ്സ് മാനേജ്മെന്റ് കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

## തൃശ്ശൂരിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

95 (1961) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ ഏതെല്ലാം സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ സിറ്റി, റൂറൽ ജില്ലകളിലായി 47 സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. സ്കൂളുകളുടെ വിവരം അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) പുതിയ യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സി.ഒ.റ്റി. നസീറിന് നേരെയുണ്ടായ വധശ്രമം

96 (1962) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ലോക് സഭ തെരഞ്ഞെടുപ്പിൽ വടകര മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയായിരുന്ന സി.ഒ.റ്റി. നസീറിനെ വധിക്കുവാൻ ശ്രമിച്ച കേസ്സിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) രാഷ്ട്രീയ വൈരാഗ്യമാണ് വധശ്രമത്തിന് പിന്നിലെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ;

(സി) തന്നെ വധിക്കുവാൻ ഗൂഢാലോചന നടത്തിയത് ഭരണകക്ഷിയിലെ ഒരു യുവ എം.എൽ.എ.യാണെന്ന നസീറിന്റെ വെളിപ്പെടുത്തൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയോ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുത എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സി.ഒ.റ്റി. നസീറിന്റെ വധശ്രമവുമായി ബന്ധപ്പെട്ട് തലശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 500/19 നമ്പർ കേസ്സിന്മേൽ ഊർജ്ജിത അന്വേഷണം നടന്നുവരികയാണ്. നാളിതുവരെയുള്ള അന്വേഷണത്തിൽ രാഷ്ട്രീയ വിരോധമാണ് ടിയാനെ ആക്രമിക്കാൻ കാരണമെന്ന് കണ്ടെത്തിയിട്ടില്ല. ടി കേസ്സിൽ 3 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്വേഷണം തുടർന്നുവരികയാണ്.

(സി) സി.ഒ.ടി. നസീറിന്റെ മൊഴി 3 തവണ പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യ രണ്ട് തവണ നൽകിയ മൊഴികളിലും ജനപ്രതിനിധിയെ പരാമർശിച്ചിട്ടില്ലായിരുന്നു. എന്നാൽ മൂന്നാമത് നൽകിയ മൊഴിയിൽ ജനപ്രതിനിധിക്ക് കുറ്റകൃത്യത്തിൽ പങ്കുള്ളതായി ആരോപിക്കുകയുണ്ടായി. നാളിതുവരെ നടത്തിയ അന്വേഷണത്തിൽ ഇക്കാര്യം വെളിവായിട്ടില്ല.

## കേരള പോലീസിലെ പോസ്റ്റൽ ബാലറ്റ് അട്ടിമറി

97 (1963) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരള പോലീസിൽ നടന്ന പോസ്റ്റൽ ബാലറ്റ് അട്ടിമറിയുടെ അന്വേഷണം ഏതുവരെയായി;

(ബി) പോലീസ് അസോസിയേഷൻ ഭാരവാഹികൾക്ക് ഇതിൽ പങ്കുള്ളതായ ആരോപണം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ;

(സി) പോസ്റ്റൽ ബാലറ്റ് ഉപയോഗിച്ച പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണമെത്ര;

(ഡി) ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ-സി) പോസ്റ്റൽ വോട്ട് സംബന്ധിച്ചുണ്ടായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരികയാണ്. പോസ്റ്റൽ ബാലറ്റ് ഉപയോഗിച്ച പോലീസ് ഉദ്യോഗസ്ഥരുടെ ആകെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും.

## പെരിയ ഇരട്ടക്കൊലപാതകത്തിന്റെ കേസ്സന്വേഷണം

98 (1964) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയ കല്ലിട്ടിൽ ഇരട്ടക്കൊലപാതകം നടന്നതെപ്പോഴാണെന്നും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതെപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ബി) എഫ്.ഐ.ആർ. ആരുടെ മൊഴി പ്രകാരമാണ് രേഖപ്പെടുത്തിയതെന്നും നമ്പർ എത്രയാണെന്നും പ്രതികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തപ്പോൾ രേഖപ്പെടുത്തിയ പ്രതികളെക്കൂടാതെ പിന്നീട് പ്രതിപ്പട്ടികയിൽ പേരുകൾ ചേർത്തിരുന്നോ എന്നും എങ്കിൽ ആരൊക്കെയാണവരെന്നും വ്യക്തമാക്കാമോ;

(ഡി) ലോക്കൽ പോലീസ് എത്ര ദിവസമാണ് കേസന്വേഷിച്ചതെന്നും ചുമതല ഏതുദ്യോഗസ്ഥനായിരുന്നുവെന്നും പ്രസ്തുത അന്വേഷണത്തിനിടയിൽ ചോദ്യം ചെയ്തവരും അറസ്റ്റിലായവരും ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; ഇതിൽ പോലീസ് അറസ്റ്റ് ചെയ്ത് സ്റ്റേഷൻ ജാമ്യം നൽകിയവരും കോടതിയിൽ ഹാജരാക്കിയ ദിവസം തന്നെ ജാമ്യം കിട്ടിയവരും കോടതി റിമാന്റ് ചെയ്തവരും ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പോലീസിൽ നിന്ന് മാറ്റി കേസന്വേഷണം മറ്റൊരു ഏജൻസിക്ക് നൽകിയിട്ടുണ്ടെങ്കിൽ ഏത് ഏജൻസിയാണതെന്നും ഏതുദ്യോഗസ്ഥന്റെ കീഴിലായിരുന്നു അന്വേഷണമെന്നും അന്വേഷണം പൂർത്തിയായോ എന്നും എത്രപേരെയാണ് ഈ ഏജൻസി ചോദ്യം ചെയ്തതെന്നും അവർ ആരൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; ഇവരിൽ അറസ്റ്റ് ചെയ്ത് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടവരുടെയും കോടതിയിൽ ഹാജരാക്കിയ ദിവസം തന്നെ ജാമ്യം കിട്ടിയവരുടെയും കോടതി റിമാൻഡ് ചെയ്തവരുടെയും വിശദാംശം നൽകാമോ;

(എഫ്) ഈ കേസ്സിൽ പോലീസ് ചോദ്യം ചെയ്തവർക്കും അറസ്റ്റ് ചെയ്തവർക്കും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധം ഉണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് രാഷ്ട്രീയ പാർട്ടി പ്രവർത്തകരാണിവരെന്ന് വ്യക്തമാക്കാമോ;

(ജി) ഈ ഇരട്ടക്കൊലപാതകത്തിന് ഹേതുവായതെന്താണെന്ന് വ്യക്തമാക്കാമോ; ഈ കേസ്സിന്റെ ചാർജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചോ എന്നും എങ്കിൽ എപ്പോഴാണ് സമർപ്പിച്ചതെന്നും ചാർജ് ഷീറ്റിൽ എത്ര പ്രതികളാണുള്ളതെന്നും അവരെ മുഴുവൻ അറസ്റ്റു ചെയ്തോ എന്നും വ്യക്തമാക്കാമോ; കേസന്വേഷണത്തിന്റെ തുടക്കം മുതൽ അവസാനംവരെ അന്വേഷണ സംഘത്തിൽ എത്ര പേരുണ്ടായിരുന്നുവെന്നും ആരെല്ലാമാണവരെന്നും ഇടയ്ക്ക് ആർക്കെങ്കിലും അന്വേഷണസംഘത്തിൽ നിന്ന് മാറേണ്ടിവന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും മാറിയവർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 17-2-2019-ൽ രാത്രി 19.36 Hrs-നും 19.40 Hrs-നും ഇടയിലുള്ള സമയത്താണ് സംഭവം നടന്നത്. FIR രജിസ്റ്റർ ചെയ്തത് 17-2-2019 തീയതിയിൽ 22.40 മണിയ്ക്കാണ്.

(ബി&സി) ശ്രീകുമാർ കെ., S/o കൃഷ്ണൻ (വയസ്സ് 29/2019), കനിയംകുണ്ട് ഹൗസ്, പെരിയ, കാസർഗോഡ് ജില്ല എന്നയാളുടെ മൊഴി പ്രകാരം FIR നമ്പർ 81/19 U/s. 302 IPC പ്രകാരം ബേക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. 14 പേരെ പ്രതിപ്പട്ടികയിൽ ചേർത്തിരിക്കുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 18-2-2019 മുതൽ 25-2-2019 വരെയാണ് ലോക്കൽ പോലീസ് കേസ് അന്വേഷിച്ചത്. ലോക്കൽ പോലീസിന്റെ അന്വേഷണത്തിന്റെ ചുമതല ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.-യായ ശ്രീ. എം. പ്രദീപ് കുമാറിനായിരുന്നു. പ്രസ്തുത കാലയളവിൽ 28 പേരെ ചോദ്യം ചെയ്യുകയും ആദ്യത്തെ 7 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അവർക്ക് പോലീസ് ജാമ്യം നൽകിയിട്ടില്ല. പ്രസ്തുത പ്രതികൾ റിമാന്റിലാണ്.

(ഇ&എഫ്) 26-2-2019 മുതൽ കേസ് ക്രൈം ബ്രാഞ്ചാണ് അന്വേഷിച്ചത്. മലപ്പുറം ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. ശ്രീ. പി. എം. പ്രദീപിന്റെ നേതൃത്വത്തിലാണ് അന്വേഷിച്ചത്. അന്വേഷണം പൂർത്തിയാക്കി 20-5-2019 തീയതിയിൽ ബഹു. ഹോസ്ദുർഗ്ഗ് JFCM-II കോടതിയിൽ അന്തിമ തീർപ്പ് റിപ്പോർട്ട് സമർപ്പിച്ചു. ഈ കേസ്സിന്റെ അന്വേഷണത്തിൽ ക്രൈം ബ്രാഞ്ച് 224 സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ക്രൈം ബ്രാഞ്ച് അറസ്റ്റ് ചെയ്ത 7 പ്രതികളെക്കൂടാതെ മറ്റ് 7 പേരെക്കൂടി അറസ്റ്റ് ചെയ്തു. ഇവരിൽ ആർക്കും സ്റ്റേഷൻ ജാമ്യം നൽകിയിട്ടില്ല. A12, A13, A14 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയ സമയം ബഹു. കൊടതി ജാമ്യം അനുവദിച്ചിരുന്നു. ക്രൈം ബ്രാഞ്ച് അറസ്റ്റ് ചെയ്ത A8 മുതൽ A11 വരെയുള്ള പ്രതികൾ ഇപ്പോഴും റിമാന്റിലാണ്.

(ജി) ഒന്നാംപ്രതി പീതാംബരനെ 5-1-2019-ൽ കല്ലിയോട്ട് ടൗണിൽവച്ച് ഈ കേസ്സിൽ കൊല്ലപ്പെട്ട ശരത് ലാൽ ഉൾപ്പെടെയുള്ളവർ ആക്രമിച്ച് ഗുരുതരമായി പരുക്കേൽപ്പിച്ച വൈരാഗ്യവും കല്ലിയോട്ട് പ്രദേശത്ത് രാഷ്ട്രീയ പ്രവർത്തകർക്കിടയിലെ വൈരാഗ്യവുമാണ് കൊലപാതകത്തിന് ഹേതുവായതെന്നാണ് കരുതുന്നത്.

കേസ്സിന്റെ അന്തിമ തീർച്ച റിപ്പോർട്ട് 20-5-2019-ൽ ബഹു. ഹോസ്ദുർഗ്ഗ് JFCM-II കോടതിയിൽ സമർപ്പിച്ചു. അന്തിമ തീർച്ച റിപ്പോർട്ടിൽ 14 പ്രതികളാണുള്ളത്. അവരെ മുഴുവൻ പേരെയും അറസ്റ്റ് ചെയ്തു. അന്വേഷണ സംഘത്തിൽ പോലീസ് സൂപ്രണ്ട് അടക്കം 31 പേരുണ്ടായിരുന്നു. പേരുവിവരം ചുവടെ ചേർക്കുന്നു:

1. Sri. V.M. Mohammed Rafeeque IPS, Supdt of Police, CB Ernakulam

2. Sri. P.M. Pradeep, DySP-I, CB Malappuram-Investigation Officer

3. Sri. Shaj Jose, DySP-III, CB Kannur
4. Sri. C. K. Sunil Kumar, Inspector of Police (Under order of transfer to CB, Kasargode vide DGO No. 252/PHQ/19 Dated 20-2-19)
5. DI CA Abdul Rahim, CB, Kasargode
6. DSI-Purushothaman V., CB, Kasargode
7. DSI Krishnakumar P., CB, Kasargode
8. SI Philip Thomas, Control Room, Kasargode
9. DSI T.G. Dileep, CB, Malappuram
10. GASI M 4289 P.V. Saleem, CB, Malappuram
11. GASI G 1077 Babu, District Crime Branch, Kasargode
12. GSI G 1041 Manoj, Bakel PS, Kasargode
13. GASI G 1022 Firoz O.T, CB, Kasargode
14. GASI C 4650 Pradeepan, CB, Kannur
15. GASI C 4388 Ramesan, CB, Kannur
16. GASI G 1089 Narayanan, Control Room, Kasargode
17. GASI G 1098 Balakrishnan, Control Room, Kasargode
18. SCPO (G) 1219 Lakshmi Narayanan, Control Room, Kasargode
19. CPO G 2526 Hithesh, DHQ Kasargode (Cyber Expert)
20. ASI C 4488 Manoj Kumar K, Traffic Unit, Kannur - Attached to CB, Ernakulam
21. CPO G 2409 Sreejith K, Bakel PS, Kasargode
22. CPO C 5861 K. Vinod, CB, Malappuram
23. CPO M 4607 Shiju, Vengara PS, Malappuram

24. CPO G 2478 Sumesh Bakel PS, Kasargode
25. SCPO Dvr 6359 Vinodan M.E, CB, Malappuram
26. Sri. Sabu Mathew K.M, Supdt of Police, CB, Kottayam
27. Sri. Rajappan, CI CB, Kottayam
28. Sri. P. Narayanan, CI, Neeleswaram
29. Sri. Jayachandran, SI, IGP Range Office
30. Sri. Joshy C Abraham, GASI 8718, CB Ernakulam
31. Sri. Saji John SCPO E 9618, CB, Ernakulam

ഈ കേസ്സിന്റെ അന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുത്തതിനുശേഷം പെട്ടെന്ന് ഒരു ടീം ഉണ്ടാക്കുന്നതിന്റെ ഭാഗമായി 24-2-2019-ലെ ഉത്തരവ് നമ്പർ G1-1130/2019/CB-TR പ്രകാരം ഈ കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥനായി പി.എം. പ്രദീപ്, ഡിവൈ.എസ്.പി.-യേയും സൂപ്പർവൈസറി ഉദ്യോഗസ്ഥനായി ശ്രീ. വി. എം. മുഹമ്മദ് റഫീഖ് ഐ.പി.എസ്.-നെയും കൂട്ടത്തിൽ മറ്റുള്ള അംഗങ്ങളെയും ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് ഈ കേസ്സിന്റെ സൂപ്പർവൈസറി ഉദ്യോഗസ്ഥനായ ശ്രീ. വി. എം. മുഹമ്മദ് റഫീഖ് ഐ.പി.എസ്., ക്രൈം ബ്രാഞ്ച് എറണാകുളം, അദ്ദേഹത്തിനുണ്ടായിരുന്ന ശാരീരിക പ്രയാസങ്ങൾ കാണിച്ച് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ മാറ്റിക്കൊണ്ട് സംസ്ഥാന പോലീസ് മേധാവിയുടെ 28-2-2019-ലെ പുതിയ ഉത്തരവ് നമ്പർ T5/24499/2019/PHQ പ്രകാരം ഈ കേസ്സിന്റെ അന്വേഷണത്തിനായി ശ്രീ. പി. എം. പ്രദീപ് DySP (I/O) ഉൾപ്പെടെ ഒരു പുതിയ 22 അംഗ സ്ക്വാഡിനെ നിയമിച്ചു. ഇതിൽ എ.ഡി.ജി.പി., ക്രൈം ബ്രാഞ്ചിന് കേസ്സിന്റെ ഓവറോൾ ചാർജ്ജും കേസ്സിന്റെ നേരിട്ടുള്ള സൂപ്പർവിഷൻ നടത്തുന്നതിന് പുതിയ പോലീസ് സൂപ്രണ്ടായി ശ്രീ. കെ. എം. സാബു മാത്യു (ക്രൈം ബ്രാഞ്ച്, കോട്ടയം)വിനെയും ചുമതലപ്പെടുത്തിയിരുന്നു.

## കന്യാസ്ത്രീയെ പീഡിപ്പിക്കുവാൻ ശ്രമിച്ചുവെന്ന പരാതിയിൽ അന്വേഷണം

99 (1966) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേയ് 9-ന് കെ.എസ്.ആർ.ടി.സി. ബസ്സിൽ കന്യാസ്ത്രീയെ പീഡിപ്പിക്കുവാൻ ശ്രമിച്ചുവെന്ന പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. വിജിലൻസ് ഉദ്യോഗസ്ഥർ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(സി) വനിതകൾക്ക് സുരക്ഷിതമായി യാത്രചെയ്യുവാനുള്ള സാഹചര്യം ഇല്ലാതായ അവസ്ഥ ഗൗരവമായി പരിഗണിച്ച് പരിഹാരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തമ്പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1313/2019 u/s 354 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കുറ്റാരോപിതനെതിരെ KCS (CC&A) 1960 Rule 15 പ്രകാരം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. കുറ്റാരോപിതനായ ഡ്രൈവർ കം കണ്ടക്ടറെ അന്വേഷണവിധേയമായി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കെ.എസ്.ആർ.ടി.സി.-യുടെ 13-5-2019-ലെ VLE4/15006/19 നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) സ്ത്രീകൾക്ക് സുരക്ഷിതമായി യാത്ര ഉറപ്പുവരുത്തുന്നതിന് വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. പിങ്ക് പോലീസ് പട്രോൾ സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും (കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകൾ ഒഴികെ) ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കുവേണ്ടി സംസ്ഥാനത്ത് ആകെ 43 വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെ സുരക്ഷയ്ക്കായി പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മുഖേന സംസ്ഥാനത്ത് അടിയന്തര പോലീസ് സഹായം സ്ത്രീകൾക്ക് നൽകുവാൻ സാധിക്കുന്നു.

**കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ**

100 (1967) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കുട്ടികളെ തട്ടിക്കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ എത്ര പ്രതികളെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 643 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി & സി) പ്രസ്തുത കേസ്സുകളിൽ 729 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കുട്ടികൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ**

101 (1968) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ.എസ്. ശബരീനാഥൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് നേരെ ഉണ്ടാകുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) രണ്ടാനമ്മ/അച്ഛന്റെ കീഴിൽ കഴിയുന്ന കുട്ടികളെ സംബന്ധിച്ച എന്തെങ്കിലും വിശദാംശം ശേഖരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം കുട്ടികൾ ശാരീരിക മാനസിക പീഡനത്തിന് വിധേയരാകുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിന് സ്കൂൾ തലത്തിൽ പ്രത്യേക പരിശോധനയും കൗൺസിലിംഗും ഏർപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അച്ഛനോ അമ്മയോ രണ്ടാം വിവാഹം കഴിച്ചിട്ടുള്ള കുടുംബങ്ങളുടെ എണ്ണം അങ്കണവാടികൾ മുഖേന ശേഖരിച്ചുവരുന്ന വാർഷിക സർവ്വേയിൽ 2017-18 വർഷത്തിൽ ശേഖരിച്ചിട്ടുണ്ട്. 2018-19-ന് നടത്തുന്ന വാർഷിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർവ്വേയിൽ ഷെഫീക്ക് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന വൾണറബിലിറ്റി മാപ്പിംഗിലെ സൂചകങ്ങളിൽ അമ്മയുടെയും രണ്ടാനച്ഛന്റെയും കൂടെ താമസിക്കുന്ന കുട്ടികളുടെ എണ്ണവും അച്ഛന്റെയും രണ്ടാനമ്മയുടെയും കൂടെ താമസിക്കുന്ന കുട്ടികളുടെ എണ്ണവും ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇടപെടലുകൾ ആവശ്യമായ കേസ്സുകളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന പ്രത്യേക പരിശോധനയും കൗൺസിലിംഗും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തലത്തിൽ 1012 കൗൺസിലിംഗ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. അവർവഴിയും വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

**നെയ്യാറ്റിൻകര സനൽകുമാർ വധക്കേസ്**

102 (1969) <u>ശ്രീ. പി. സി. ജോർജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ നടന്ന സനൽകുമാർ വധത്തിലെ കേസന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സനൽകുമാറിന്റെ ഭാര്യ വിജിക്ക് സർക്കാർ നഷ്ടപരിഹാരമായി എന്തൊക്കെ സഹായങ്ങൾ ചെയ്തുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വ്യക്തിക്ക് സർക്കാർ ജോലി നൽകണമെന്ന അപേക്ഷയിൻമേൽ എന്ത് തീരുമാനം എടുത്തുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേസ്സിലേയ്ക്ക് തെളിവിനായി എടുത്ത മുതലുകളുടെ രാസപരിശോധനാ ഫലം ലഭിക്കേണ്ടതായിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്. കേസ്സിൽ അഞ്ച് പേർ പ്രതികളാണ്. 4 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒന്നാം പ്രതി മരണപ്പെട്ടു.

(ബി&സി) സനൽകുമാറിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. സർക്കാർ ജോലി നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

### കല്ലട ബസ്സിലെ ജീവനക്കാരുടെ തിരിച്ചറിയൽ പരേഡ്

103 (1970) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരെ മർദ്ദിച്ച കല്ലട ബസ്സിലെ ജീവനക്കാരുടെ തിരിച്ചറിയൽ പരേഡ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത തിരിച്ചറിയൽ പരേഡ് നടത്തിയതെന്ന് അറിയിക്കാമോ;

(ബി) പ്രതികളുടെ തിരിച്ചറിയൽ പരേഡ് നടത്തുവാൻ വൈകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു കൊണ്ടാണ് വൈകിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രതികൾക്ക് സെഷൻസ് കോടതിയിൽ നിന്നും ജാമ്യം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായ അനാസ്ഥ മൂലമാണോ പ്രതികൾക്ക് ജാമ്യം ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രതികളുടെ തിരിച്ചറിയൽ പരേഡ് 20-5-2019-ന് നടത്തിയിട്ടുണ്ട്.

(ബി) പ്രതികളുടെ തിരിച്ചറിയൽ പരേഡ് ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് പ്രകാരം 9-5-2019-ൽ നടത്തുവാൻ നിശ്ചയിച്ചിരുന്നതാണ്. എന്നാൽ അന്നേ ദിവസം ടി കേസ്സിലെ സാക്ഷികളായ വിദ്യാർത്ഥികൾക്ക് ഹാജരാകുവാൻ സാധിക്കില്ലായെന്ന് കാണിച്ച് ടി ആളുകൾ കോടതി മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നതും അതിൻപ്രകാരം ബഹുമാനപ്പെട്ട കോടതി 20-5-2019-ൽ തിരിച്ചറിയൽ പരേഡ് നടത്തുന്നതിന് ഉത്തരവായിരുന്നതും അന്നേ ദിവസംതന്നെ തിരിച്ചറിയൽ പരേഡ് നടത്തിയിട്ടുള്ളതുമാണ്.

(സി) ജാമ്യം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടില്ല.

### വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നൽകിയ കേസ്

104 (1971) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി സബ് ട്രഷറികളിൽ നിന്നും വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നൽകിയ കേസ്സിൽ തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട കേസ്സിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചങ്ങരംകുളം, പൊന്നാനി സബ് ട്രഷറികളിൽനിന്നും വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നൽകിയതായി ഇതുവരെ തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾ പരാതി നൽകിയിട്ടില്ല.

എന്നാൽ പൊന്നാനി സബ് ട്രഷറിയിലെ മുൻജീവനക്കാരനായിരുന്ന സന്തോഷ് എന്നയാൾ ഓഫീസിനകത്ത് കടന്ന് അലമാരയിൽ സൂക്ഷിച്ചിരുന്ന ചില (FD) സർട്ടിഫിക്കറ്റുകൾ മോഷണം ചെയ്തുകൊണ്ടുപോയതുമായി ബന്ധപ്പെട്ട് സബ്ട്രഷറി ഓഫീസറുടെ പരാതി പ്രകാരം പൊന്നാനി പി.എസ്. ക്രൈം നമ്പർ 529/2018 u/s 461, 381 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ടി കേസ്സിലെ പ്രതിയായ സന്തോഷ് എന്നയാളെ 5-11-2018-ൽ അറസ്റ്റ് ചെയ്തിട്ടുണ്ട്.

കേസ്സിൽ മോഷണം പോയിട്ടുള്ളതായ ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ കോൺട്രാക്ടർമാർ ഈടായി നൽകിയത് വട്ടക്കുളം, എടപ്പാൾ എന്നീ ഗ്രാമപഞ്ചായത്തുകളിൽനിന്നും 25 ഓളം സർട്ടിഫിക്കറ്റുകൾ മഹസ്സർ പ്രകാരം ബന്തവസ്സിൽ എടുത്തിട്ടുള്ളതുമാണ്. ഈ കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

## ബിസിനസ്സ് ഇന്ത്യാ ഗ്രൂപ്പിന്റെ സാമ്പത്തിക തട്ടിപ്പ്

105 (1972) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിലെ പ്രൈവറ്റ് ബിസിനസ്സ് സ്ഥാപനമായ ബിസിനസ്സ് ഇന്ത്യാ ഗ്രൂപ്പിന്റെ സാമ്പത്തിക തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിക്ഷേപകർ ഈ സ്ഥാപനത്തിന് നൽകിയിട്ടുള്ള നിക്ഷേപം തിരികെ ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) നിക്ഷേപകനായ ചെങ്ങന്നൂർ പേരിശ്ശേരി ചിറമ്മേൽ വീട്ടിൽ ജോൺസി നൽകിയ പരാതിയിൽ (സി എം ഒ) (180800061/18/സി എം ഒ) സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് മാവേലിക്കര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 171/09 U/s 420, 34 IPC ക്രൈം നമ്പർ 436/11 U/s 420,34 IPC എന്നീ രണ്ട് കേസ്സുകളും ക്ലബ്ബ് ചെയ്ത് ക്രൈം ബ്രാഞ്ച്

അന്വേഷിച്ചിട്ടുള്ളതും കുറ്റപത്രം ബഹു. മാവേലിക്കര ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി 1-ൽ സമർപ്പിക്കുകയും സി.സി.നമ്പർ 459/15 ആയി വിചാരണ നടന്നുകൊണ്ടിരിക്കുന്നതുമാണ്.

ക്രൈം നമ്പർ 1460/13 U/s 403, 405, 418, 421, 422, 423, 424, 463, 464, 468, 120 B, 34 IPC കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥൻ ജില്ലാ പോലീസ് മേധാവിക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) പേരിശ്ശേരി ചിറമേൽ വീട്ടിൽ ജോൺസി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി മാവേലിക്കര പോലീസ് സ്റ്റേഷനിൽ ക്രൈം 171/2009 U/s 420, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുകയും അന്വേഷണം പൂർത്തിയാക്കി 30-9-2014-ൽ കുറ്റപത്രം ബഹു. മാവേലിക്കര ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി 1-ൽ സമർപ്പിച്ചിട്ടുണ്ട്.

## മന്ത്രിക്ക് നൽകിയ നിവേദനത്തിൽ കൃത്രിമം കാണിച്ച് പത്രസമ്മേളനം നടത്തിയെന്ന കേസ്

106 (1973) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ പി.കെ. ഫിറോസ് എന്നയാൾ കൃത്രിമം കാണിച്ച് പത്രസമ്മേളനം നടത്തി എന്ന ജെയിംസ് മാത്യു, എം.എൽ.എ.യുടെ പരാതിപ്രകാരം കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ പി. കെ. ഫിറോസ് എന്നയാൾക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ;

(ബി) ഏത് നിയമപ്രകാരം, ഏത് വകുപ്പനുസരിച്ചാണ് കേസ്സെടുത്തത്;

(സി) പ്രസ്തുത എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വ്യക്തിയെ ചോദ്യം ചെയ്തിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേസ്സെടുത്തിട്ടുണ്ട്. കോഴിക്കോട് സിറ്റിയിലെ വെള്ളയിൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 65/19 U/s 465, 469, 471, 500 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എഫ്.ഐ.ആർ- ന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) ചോദ്യം ചെയ്തിട്ടില്ല. ടി കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

## ശ്രീജിത്ത് എന്ന യുവാവിന്റെ കസ്റ്റഡി മരണം

107 (1974) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴയിലെ ശ്രീജിത്ത് എന്ന യുവാവിന്റെ കസ്റ്റഡി മരണം സംബന്ധിച്ച കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ഈ കസ്റ്റഡി മരണത്തിന്റെ പിന്നിലെ ഗൂഢാലോചന അന്വേഷിച്ച് ഉത്തരവാദികളുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(സി) ഈ കേസ്സിലെ കുറ്റാരോപിതരായ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഈ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ എവിടെയൊക്കെയാണ് നിയമിച്ചിരിക്കുന്നത്;

(ഇ) കേസ് അട്ടിമറിക്കാൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ശ്രമം ഉണ്ടാകുന്നതായ ആക്ഷേപത്തിന്മേൽ എന്തൊക്കെ ബദൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ശ്രീജിത്ത് എന്ന യുവാവിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് വരാപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 321/2018 നമ്പർ കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്. നാളിതുവരെയുള്ള അന്വേഷണത്തിൽ ഗൂഢാലോചന നടന്നതായി വെളിവായിട്ടില്ല. ഈ കേസ്സിൽ ഒന്ന് മുതൽ ഒൻപതുവരെ പ്രതികളായ പോലീസ് ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് 197 CrPC (1)(b) പ്രകാരമുള്ള പ്രോസിക്യൂഷൻ അനുമതി ലഭിച്ചിട്ടുള്ളതും പ്രസ്തുത കേസ്സിലേയ്ക്ക് കുറ്റപത്രം തയ്യാറാക്കി വരുന്നതുമാകുന്നു.

(സി) ടി കേസ്സിലെ 1 മുതൽ 3 വരെയുള്ള പ്രതികൾക്കെതിരെ 323, 325, 342, 302, 34 IPC & 116 KP Act 2011 വകുപ്പുകളും 4-ാം പ്രതിക്കെതിരെ 323, 325, 342, 302, 331, 167, 192, 211, 34 IPC & 116 KP Act 2011 വകുപ്പുകളും 5-ാം പ്രതിക്കെതിരെ 218, 220, 167, 192, 211, 201, 34 IPC & 116 KP Act 2011 വകുപ്പുകളും 6-ാം പ്രതിക്കെതിരെ 342, 218, 167, 211, 220, 34 IPC & 116

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

KP Act 2011 വകുപ്പുകളും 7 മുതൽ 9 വരെയുള്ള പ്രതികൾക്കെതിരെ 342, 220, 34 IPC & 116 KP Act 2011 വകുപ്പുകൾ പ്രകാരവുമാണ് കേസ്സെടുത്തിട്ടുള്ളത്.

(ഡി) ഉണ്ട്. കോസ്റ്റൽ പോലീസ് സ്റ്റേഷൻ ഫോർട്ട് കൊച്ചി, ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ച് എറണാകുളം റൂറൽ, ഡി.എച്ച്.ക്യു. കളമശ്ശേരി എന്നിവിടങ്ങളിലാണ് നിയമിച്ചിട്ടുള്ളത്.

(ഇ) അത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അനധികൃത പാർക്കിംഗ് ഫീസ് പിരിവ്

108 (1975) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.എഫ്.ബി.യിൽ നിന്നുള്ള ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള പാലങ്ങളുടെയും ഫ്ളൈ ഓവറുകളുടെയും വശങ്ങളിലും അടിയിലുമുള്ള സ്ഥലങ്ങളിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് ആഭ്യന്തര വകുപ്പിന്റെ ട്രാഫിക് വാർഡൻമാരെ ഉപയോഗിക്കുന്നത് കെ.ആർ.എഫ്.ബി.യുടെ അനുമതിയോടെയാണോ;

(ബി) അല്ലെങ്കിൽ ഇതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ടോ; അനുമതി പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇപ്രകാരം പരിച്ചെടുക്കുന്ന പാർക്കിംഗ് ഫീസിനത്തിലെ തുക ഏത് അക്കൗണ്ടിലാണ് അടച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) വിവിധ ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നിന്ന് യൂണിഫോമിൽ നിയോഗിക്കുന്ന ട്രാഫിക് വാർഡൻമാർ അല്ലാതെ സ്വകാര്യവ്യക്തികളോ ഏജൻസികളോ ട്രാഫിക് വാർഡൻമാരുടെ വേഷത്തിൽ ജീവനക്കാരെ നിയോഗിച്ച് തലസ്ഥാന നഗരിയിൽ ഉൾപ്പെടെ ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങളിൽ നിന്ന് പാർക്കിംഗ് ഫീസ് പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി പരിശോധിക്കുമോ;

(ഡി) ഇക്കാര്യത്തിൽ സ്വകാര്യ ഏജൻസികൾക്ക് പണപ്പിരിവ് നടത്തുന്നതിന് ആഭ്യന്തര വകുപ്പ് മൗനാനുമതി നൽകുന്നതായുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആഭ്യന്തര വകുപ്പ് പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് ട്രാഫിക് വാർഡൻമാരെ നിയോഗിച്ചിട്ടില്ല.

(സി&ഡി) തലസ്ഥാന നഗരിയിൽ തിരുവനന്തപുരം കോർപ്പറേഷൻ നേരിട്ടാണ് പാർക്കിംഗ് ഫീസ് പിരിക്കുന്നത്. മറ്റ് സ്ഥലങ്ങളിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ**

109 (1976) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കുറച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(സി) 2018 ജനുവരി മുതൽ ഡിസംബർ വരെ വിവിധ റോഡ് അപകടങ്ങളിൽ എത്രപേർ മരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) എത്രപേർക്ക് ഗുരുതരമായി പരിക്കേറ്റുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനായി 'സേഫ് കേരള പദ്ധതി' ആരംഭിക്കുകയും പുതുതായി 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഓരോ ജില്ലയിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു:

റോഡ് സുരക്ഷയ്ക്കായി റോഡ് സുരക്ഷാ അതോറിറ്റിയുടെയും പോലീസ് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ/ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

<u>റോഡ് സുരക്ഷാ അതോറിറ്റി</u>

<u>വാഹനാപകടം കുറയ്ക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു</u> :

(1) <u>ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ</u>

കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക്ക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(2) മാതൃകാ സുരക്ഷാ വീഥി

ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി ചലഞ്ച് ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ മറ്റ് പാതകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(3) ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധന ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

(4) റോഡ് സുരക്ഷാ വാരാചരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനും ഉതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷ ശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ഫെബ്രുവരി 4 മുതൽ 10 വരെയായിരുന്നു.

(5) സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധ പരിപാടി

കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് സുരക്ഷാവാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്. 2019 ജൂൺ 10 മുതൽ 14 വരെ നടത്തുന്ന വാരാചരണത്തിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. അദ്ധ്യാപകർ, പി.റ്റി.എ., സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുന്നതാണ്. കൂടാതെ, സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(6) ശബരിമല സേഫ് സോൺ

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ശബരിമല സേഫ് സോൺ പദ്ധതി.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ട്രാഫിക് പോലീസ്, ലോക്കൽ പോലീസ് എന്നിവർ വാഹന പരിശോധന നടത്തി ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നതും പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് ഹൈവേ പട്രോളിംഗ് ശക്തമാക്കുകയും റോഡപകടങ്ങൾ തടയുന്നതിനായി റഡാർ, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ച് പരിശോധന നടത്തിയും ഊർജ്ജിതമാക്കിവരുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെയും അമിതവേഗത്തിലും അപകടകരമായും ലൈസൻസില്ലാതെയും ഹെൽമെറ്റ് ഉപയോഗിക്കാതെയും സീറ്റ്ബെൽറ്റ് ധരിക്കാതെയും വാഹനം ഓടിക്കുന്നവർക്കെതിരെയും കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിന് പുറമേ നിയമലംഘകർക്കായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. അപകടങ്ങൾ ഒഴിവാക്കാനായി പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അപകട സാധ്യത കൂടിയ സ്ഥലങ്ങളിൽ പോലീസിന്റെ സാന്നിധ്യം ഉറപ്പുവരുത്തണമെന്ന് ജില്ലാ പോലീസ് മേധാവികളോട് നിർദ്ദേശിച്ചിട്ടുണ്ട്. ട്രാഫിക് പോലീസ് സ്റ്റേഷനുകളെ ആക്സിഡന്റ് കേസ്സുകളുടെ അന്വേഷണത്തിൽനിന്നും ഒഴിവാക്കി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റാക്കിയതോടെ ഗതാഗത നിയന്ത്രണത്തിലും നിരീക്ഷണത്തിലും കൂടുതൽ മനുഷ്യ വിഭവശേഷി വിനിയോഗിക്കുന്നുണ്ട്.

റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് പോലീസ് വകുപ്പ് താഴെപ്പറയുന്ന നൂതന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

• ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം ഇൻ കേരള

അപകട സാധ്യതയുള്ള മേഖലകളിൽ എ.എൻ.പി.ആർ. ക്യാമറകൾ, റെഡ് ലൈറ്റ് ക്യാമറകൾ, ഹെൽമറ്റ് ഡിറ്റക്ഷൻ ക്യാമറകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ, മൊബൈൽ സ്പീഡ് ലിമിറ്റ് വയലേഷൻ സിസ്റ്റം തുടങ്ങിയവ സ്ഥാപിച്ച് അമിത വേഗത, റെഡ് ലൈറ്റ് ജംപിംഗ്, സീറ്റ് ബെൽറ്റ് വയലേഷൻ, ട്രിപ്പിൾ റൈഡിംഗ്, അനധികൃതമായ പാർക്കിംഗ്, ഹെൽമറ്റ് റൂൾ വയലേഷൻ, മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുക തുടങ്ങിയ നിയമലംഘനങ്ങൾ ഓട്ടോമാറ്റിക്കായി കണ്ടെത്തുകയും ഇവയെ ബന്ധിപ്പിച്ചുള്ള

കൺട്രോൾ റൂമിൽനിന്നും ചെല്ലാനുകൾ വിതരണം ചെയ്യുകയും എല്ലാവിധ പണമിടപാടും ഡിജിറ്റലായിതന്നെ നിർവ്വഹിക്കാനും കഴിയുന്ന നൂതന പദ്ധതിയാണിത്. 180 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ സേവനദാതാവിനെ തെരഞ്ഞെടുക്കുന്നതിനായി പോലീസ് ഡിപ്പാർട്ട്മെന്റ് ആഗോള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

- ടെക്നോളജി ബെയ്സ്ഡ് ബാങ്കിംഗ് സൊല്യൂഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം

കയ്യിൽ കൊണ്ടുനടക്കാവുന്ന ഡിജിറ്റൽ ഉപകരണം മുഖേന ഇ-ചെലാൻ പ്രിന്റ് ചെയ്ത് നിയമലംഘനം നടത്തുന്നവർക്ക് നൽകുന്ന നടപടിയാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ട്രാഫിക് ഫൈൻ ശേഖരണത്തിന് കൂടുതൽ കാര്യക്ഷമത കൈവരുത്തുക, ഈ പദ്ധതിയിലൂടെ പോലീസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ വേഗത്തിലും കാര്യക്ഷമതയോടെയും ജോലി നോക്കാൻ കഴിയുക, നിയമലംഘകരുടെ വിശദവിവരമുള്ള ഒരു ഡാറ്റാ ബേസ് ലഭ്യമാകുക, പൊതുജനങ്ങൾക്ക് വിവിധ നൂതന സാങ്കേതിക മാർഗ്ഗങ്ങളിലൂടെ പണം അടയ്ക്കാൻ സാധിക്കുക, ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെതന്നെ റീ-കൺസീലിയേഷൻ, അക്കൗണ്ടിംഗ് തുടങ്ങിയവ നടത്താൻ സാധിക്കുക എന്നിവയാണ് ടി പദ്ധതിയുടെ സവിശേഷതകൾ.

ഈ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ പോലീസ് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചുവരികയാണ്.

- ട്രാഫിക് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ

ട്രാഫിക് ട്രെയിനിംഗ്, ട്രാഫിക് അപകടങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവയ്ക്കായി കേരള പോലീസ് അക്കാദമിയിൽ ട്രാഫിക് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

- ബ്ലൂസ് ബസ്

മദ്യം, ഡ്രഗ്സ് എന്നിവ ഉപയോഗിച്ച് വാഹനം ഓടിക്കുന്നത് കണ്ടെത്തുന്നതിനായി ബ്ലൂസ് ബസ് സംവിധാനം നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ പോലീസ് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

- ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ

ഈ പദ്ധതിയിലൂടെ ട്രാഫിക് എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ് വിഭാവനം ചെയ്യുന്നത്. ആയതിലേയ്ക്കായി റിക്കവറി വാഹനങ്ങൾ, ട്രാഫിക് എൻഫോഴ്സ്മെന്റ് വാഹനങ്ങൾ, ഹൈടെക് ട്രാഫിക് ഇൻഫോഴ്സ്മെന്റ് വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്.

<u>ശുഭയാത്ര</u>

എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കേരളത്തിലെ റോഡുകളിൽ വാഹനാപകടങ്ങൾ പരമാവധി കുറച്ച് മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കുന്നതിനും അപകടകരമായ ഡ്രൈവിംഗ് നിയന്ത്രിക്കുന്നതിനുമായാണ് സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര എന്ന നൂതന പദ്ധതിക്ക് രൂപം നൽകിയത്. ഈ പദ്ധതിയിൽ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആധുനിക സാങ്കേതികവിദ്യ പരമാവധി ഉപയോഗിച്ച് ട്രാഫിക് നിയമലംഘനങ്ങൾ പരമാവധി കുറയ്ക്കുകയും പിഴ ഈടാക്കുന്നത് കാര്യക്ഷമമാക്കുക എന്നതും ഇതിന്റെ ഉദ്ദേശ്യങ്ങളിലൊന്നാണ്.

ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമായ ഫണ്ട് വിനിയോഗിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

- കേരളത്തിലെ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സോഫ്റ്റ് (SOFT-Save Our Fellow Travellers) എന്നറിയപ്പെടുന്ന സന്നദ്ധ സേവകരുടെ ഒരു ഗ്രൂപ്പ് / കൂട്ടായ്മ പോലീസ് ഡിപ്പാർട്ട്മെന്റ് രൂപവൽക്കരിക്കുന്നുണ്ട്. റോഡപകടത്തിന് വിധേയമാകുന്ന വ്യക്തികൾക്ക് എത്രയും വേഗം പ്രാഥമിക ശുശ്രൂഷ നൽകുകയും അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സോഫ്റ്റ് എന്ന കൂട്ടായ്മയിലൂടെ വിഭാവനം ചെയ്യുന്നത്. പ്രാഥമിക ഘട്ടം എന്ന നിലയിൽ സോഫ്റ്റ് പദ്ധതി പ്രകാരം തിരുവനന്തപുരം സിറ്റി, റൂറൽ ജില്ലകളിലെ 26 പോലീസ് സർക്കിളിൽനിന്നും 50 പേരെ വീതം തെരഞ്ഞെടുക്കുകയും 1200 പേർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. റോഡപകടവേളയിൽ ത്വരിത നടപടി സ്വീകരിക്കുന്നതിന് പരിശീലനം ലഭിച്ച ഒരു കൂട്ടം സന്നദ്ധ സേവകരുടെ സാന്നിദ്ധ്യം ലഭ്യമാക്കാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പരിപൂർണ്ണ വിജയം കണക്കിലെടുത്ത് രണ്ടാംഘട്ടം എന്ന നിലയിൽ 11 പോലീസ്

ജില്ലകളിൽകൂടി സോഫ്റ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

- ഈ പദ്ധതിയുടെ ഭാഗമായി ശ്രീ. മോഹൻലാലിനെ ബ്രാൻഡ് അംബാസിഡറായി തെരഞ്ഞെടുക്കുകയും നിരവധി ബോധവൽക്കരണ ബോർഡുകൾ കേരളത്തിലുടനീളം സ്ഥാപിച്ചിട്ടുമുണ്ട്.

- ട്രാഫിക് ബോധവൽക്കരണത്തിനായി ശുഭയാത്ര പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡർ ശ്രീ. മോഹൻലാലിനെ ഉൾപ്പെടുത്തി "Subhayathra Exhibition with Goodwill Ambassador on the Theme of Traffic Safety" എന്ന ഒരു എക്സിബിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ട്. ഈ ബോധവൽക്കരണ എക്സിബിഷൻ കേരളത്തിലെ വിവിധ ജില്ലകളിൽ നടത്തിക്കൊണ്ടിരിക്കുന്നു.

- ഈ പദ്ധതിയുടെ ഭാഗമായി ശ്രീ. മോഹൻലാലിനെ ഉൾപ്പെടുത്തി ശുഭയാത്ര എന്ന പേരിൽത്തന്നെ ഒരു ഹ്രസ്വചിത്രം റിലീസ് ചെയ്തിട്ടുണ്ട്. ആയത് കേരളത്തിലെ വിവിധ തീയേറ്ററുകളിലും മറ്റ് ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകളിലും പ്രദർശിപ്പിച്ചുവരുന്നു.

- ട്രാഫിക് ബോധവൽക്കരണത്തിനായി പട്ടം സെന്റ് മേരീസ് സ്കൂളിൽ ഒരു ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചിട്ടുണ്ട്. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഇത്തരത്തിലുള്ള ട്രാഫിക് സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

- കുട്ടികളുടെ ട്രാഫിക് ബോധവൽക്കരണത്തിനായി ശുഭയാത്ര ട്രാഫിക് ബുക്ക് എന്ന ആക്റ്റിവിറ്റി ബുക്ക് നിർമ്മിച്ചിട്ടുണ്ട്. പ്രാഥമിക ഘട്ടം എന്ന നിലയിൽ 100000 ബുക്കുകൾ കേരളത്തിലെ സ്കൂളുകളിൽ വിതരണത്തിനായി 19 പോലീസ് ഡിസ്ട്രിക്ടുകളിൽ ഏൽപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.

- ട്രാഫിക് മേഖലയിൽ മികച്ച സേവനം അനുഷ്ഠിക്കുന്ന പോലീസുകാർക്കായി "DGP's Badge for Excellence in Traffic" എന്ന ഒരു അവാർഡ് നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

- സുരക്ഷിത യാത്രയുടെ ബോധവൽക്കരണത്തിനായി ശുഭയാത്ര എന്ന പേരിൽ ഒരു ട്രാഫിക് ബോധവൽക്കരണ വീഡിയോ ഗെയിം നിർമ്മിച്ചിട്ടുണ്ട്.

- കുട്ടികളുടെ ട്രാഫിക് ബോധവൽക്കരണത്തിനായി ട്രാഫിക് പാർക്കുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

(സി) സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പ്രകാരം 2018 ജനവരി മുതൽ ഡിസംബർ വരെ 4303 പേർ മരണപ്പെട്ടു.

(ഡി) 2018 ജനവരി മുതൽ ഡിസംബർ വരെ 31672 പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്.

**സൈബർ സുരക്ഷ ഉറപ്പാക്കാൻ നടപടി**

110 (1977) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹമാധ്യമങ്ങളിലൂടെ അന്ധവിശ്വാസവും അനാചാരങ്ങളും വർഗ്ഗീയതയും പ്രചരിപ്പിച്ച് വിഭാഗീയത സൃഷ്ടിക്കാൻ ചില കേന്ദ്രങ്ങൾ ആസൂത്രിത ശ്രമം നടത്തുന്നുണ്ടെന്ന സൂചനയുടെ അടിസ്ഥാനത്തിൽ, വിദ്വേഷപ്രചരണം നടത്തുന്നവരുടെ മേൽ നിരീക്ഷണം ഏർപ്പെടുത്താൻ സാധിക്കുമോ;

(ബി) സൈബർ ആക്രമണത്തിലൂടെ സ്ത്രീകളെയും കുട്ടികളെയും കൂടുതൽ അരക്ഷിതരാക്കുന്ന സാഹചര്യത്തിൽ സൈബർ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ;

(സി) സൈബർ ഡോം നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) സമൂഹമാധ്യമങ്ങളിലൂടെ അന്ധവിശ്വാസവും അനാചാരവും വർഗ്ഗീതയും പ്രചരിപ്പിച്ച് സമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കുന്നതിന് സോഷ്യൽ മീഡിയവഴി സന്ദേശങ്ങളും വ്യാജവാർത്തകളും സൃഷ്ടിക്കുന്നവരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ സൈബർ സെൽ, സൈബർ ഡോം എന്നിവ മുഖേന നിരന്തരം സൈബർ പട്രോളിംഗ് നടത്തിവരുന്നതും ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും വ്യാജവാർത്തകളും സന്ദേശങ്ങളും നീക്കം ചെയ്യുവാൻ സോഷ്യൽ മീഡിയ അധികൃതരോട് ആവശ്യപ്പെട്ടും വരുന്നു.

(ബി) ഇതുസംബന്ധിച്ച പരാതി ലഭിച്ചാലുടൻതന്നെ പ്രാഥമികാന്വേഷണം നടത്തി ആവശ്യമെങ്കിൽ കേസ് രജിസ്റ്റർ ചെയ്തും സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് സൈബർ പട്രോളിംഗ് നടത്തിയും സൈബർ ഫോറൻസിക് ടൂളുകൾ

ഉപയോഗിച്ച് അന്വേഷണം നടത്തി തെളിവ് ശേഖരിച്ച് പ്രതികൾക്കെതിരെ ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് നിയമപരമായ ശിക്ഷ ഉറപ്പുവരുത്തുന്നു. കൂടാതെ സൈബർ സുരക്ഷയെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്ര-ദൃശ്യ മാധ്യമങ്ങൾവഴി അറിയിപ്പുകൾ നൽകുകയും വിവിധ സാമൂഹിക സംഘടനകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ മുതലയായവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും ക്ലാസ്സുകളും നടത്തിവരികയും ചെയ്യുന്നു. Child Pornography/Rape/Gang Rape സംബന്ധമായ ദൃശ്യങ്ങൾ ഓൺലൈനായി പ്രചരിപ്പിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നതിനായി Ministry of Home Affairs, Delhi-യുടെ കീഴിൽ Cybercrime.gov.in എന്ന വെബ് വിലാസത്തിൽ ഒരു പോർട്ടൽ പ്രവർത്തിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. സോഷ്യൽ മീഡിയവഴി ബോധവൽക്കരണ ക്യാമ്പയിനുകളും നടത്തിവരുന്നു.

കൂടാതെ സംസ്ഥാന വ്യാപകമായി നടത്തിവരുന്ന "കിഡ്സ് ഗ്ലോവിന്റെ" ഭാഗമായി കുട്ടികൾക്ക് സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗത്തെ സംബന്ധിച്ചും ചതിക്കുഴികളെ സംബന്ധിച്ചും സൈബർ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരം വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്തിവരുന്നു.

(സി) 1. Operations P Hunt എന്ന പേരിൽ ഇന്റർനെറ്റിലൂടെയുള്ള ചൈൽഡ് പോണോഗ്രാഫി തടയുന്നതിനും ഇത്തരം പ്രവൃത്തികൾ നടത്തുന്നവരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

2. ആർ.ബി.ഐ.-യുമായി ചേർന്ന് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകളെ ചെറുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നടന്ന തട്ടിപ്പുകളിൽ തട്ടിപ്പുകാരുടെ കയ്യിൽനിന്നും ഏകദേശം 60 ലക്ഷത്തിൽപ്പരം രൂപ തിരിച്ചുപിടിക്കാൻ സാധിച്ചിട്ടുള്ളതുമാണ്. കേരള പോലീസുമായി സഹകരിച്ച് ഈ സംരംഭം ആർ.ബി.ഐ. മറ്റ് സംസ്ഥാനങ്ങളിലും നടപ്പിലാക്കിവരികയാണ്.

3. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റിന്റെ സുരക്ഷാ സംബന്ധമായ കാര്യങ്ങൾ സൈബർ ഡോം നടപ്പാക്കിവരുന്നു.

4. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളെ നശിപ്പിക്കുന്ന മാൽവെയർ പ്രോഗ്രാമുകളെക്കുറിച്ച് പഠിക്കുന്നതിനും അവയെ ചെറുക്കുന്നതിനും വേണ്ട നടപടികൾ എടുത്തുവരുന്നു.

5. സൈബർ ഡോമുമായി സഹകരിക്കുന്ന കമ്പ്യൂട്ടർ മേഖലയിലെ സ്ഥാപനങ്ങളുടെയും പ്രഗൽഭരായ ഉദ്യോഗസ്ഥരുടെയും വിദ്യാർത്ഥികളുടെയും, കൂടാതെ സേനയിൽനിന്ന് തെരഞ്ഞെടുത്ത കമ്പ്യൂട്ടർ പ്രാഗത്ഭ്യമുള്ള സേനാംഗങ്ങളുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നു.

6. സോഷ്യൽ മീഡിയയിലെ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

7. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള സൈബർ ഡോമിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നതിലേയ്ക്കായി വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു റിസർച്ച് ആന്റ് ഡെവലപ്മെന്റ് വിംഗ് പ്രവർത്തിച്ചുവരുന്നു.

8. കേരള പോലീസിന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ ഒരുക്കുന്നതിനായി KID GLOVE എന്ന പദ്ധതി സംസ്ഥാന തലത്തിൽ നടപ്പിലാക്കിവരുന്നു. കേരളാ പോലീസ് സൈബർ ഡോം സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. നവമാധ്യമങ്ങൾവഴി സൈബർ സുരക്ഷാ ബോധവൽക്കരണ പോസ്റ്ററുകൾ, ജാഗ്രതാ നിർദ്ദേശങ്ങൾ എന്നിവ കേരളാ പോലീസ് സൈബർ ഡോം പ്രവർത്തിച്ചുവരുന്നു.

**സോഷ്യൽ മീഡിയയിലൂടെ ആക്ഷേപിച്ചതിനെതിരായ കേസ്**

111 (1978) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിനും ബാങ്കിനും എതിരെ ആക്ഷേപകരമായ രീതിയിൽ സോഷ്യൽ മീഡിയയിൽ പോസ്റ്ററുകൾ ഇട്ടത് സംബന്ധിച്ച് അടിമാലി പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് 2019 ഏപ്രിൽ മാസത്തിൽ ബാങ്ക് പ്രസിഡന്റ് നൽകിയ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ആരാണ്; അന്വേഷണ പുരോഗതി വിശദമാക്കുമോ;

(സി) ആക്ഷേപകരമായ ഇത്തരം നടപടി സ്വീകരിച്ചവരെ നിയമപരമായി ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇടുക്കി ജില്ലയിൽ വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റിനെതിരെയും ബാങ്കിനെതിരെയും ആക്ഷേപകരമായ രീതിയിൽ ഫേസ് ബുക്കിൽ സാം.ജെ. എന്ന പേരിൽ ആരോ പോസ്റ്റിട്ടത് സംബന്ധിച്ച് 2019 ഏപ്രിൽ 24-ാം തീയതി ടി ബാങ്ക് പ്രസിഡന്റ് അടിമാലി പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിരുന്നു. ടി പരാതി iAPS Petition No.54823/19 ആയി രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ടി പോസ്റ്റിട്ട സാം.ജെ. എന്നയാളെക്കുറിച്ച് അന്വേഷിച്ചതിൽനിന്നും ടി അക്കൗണ്ട് ഡിലീറ്റ് ചെയ്തിട്ടുള്ളതായി കാണപ്പെട്ടു. ടി അക്കൗണ്ടിന്റെ URL Address ലഭ്യമല്ലാത്തതിനാലും അക്കൗണ്ടും മെസ്സേജുകളും ഡിലീറ്റ് ചെയ്യപ്പെട്ടതിനാലും കുറ്റകൃത്യം നടത്തിയ ആളെ നാളിതുവരെ കണ്ടെത്താൻ സാധിക്കാതെ വന്നിട്ടുള്ളതുമാണ്. സാധ്യമായ എല്ലാ മാർഗ്ഗവും ഉപയോഗിച്ച് കുറ്റകൃത്യം ആരാണ് ചെയ്തതെന്ന് കണ്ടെത്താൻ ശ്രമിച്ചുവരുന്നു. അടിമാലി പോലീസ് സ്റ്റേഷൻ എസ്.ഐ. ശ്രീ. ബേസിൽ തോമസാണ് ടി കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ.

(സി) പരാതി പ്രകാരമുള്ള കുറ്റകൃത്യം ആരാണ് ചെയ്തതെന്ന് അന്വേഷണത്തിൽ വെളിവാകുന്ന മുറയ്ക്ക് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചിത്രങ്ങൾ വിദേശ വെബ്സൈറ്റുകൾക്ക് വിൽപ്പന നടത്തുന്ന ഗൂഢസംഘങ്ങൾ

112 (1979) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>

<u>ഡോ. എം. കെ. മുനീർ:</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ നഗ്ന ചിത്രങ്ങളും വീഡിയോകളും എടുത്ത് വിദേശ വെബ് സൈറ്റുകൾക്ക് വിൽപ്പന നടത്തുന്ന ഗൂഢസംഘങ്ങൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുട്ടികളുടെ നഗ്നചിത്രങ്ങളും വീഡിയോകളും അപ്‌ലോഡ് ചെയ്യുകയും ഡൗൺലോഡ് ചെയ്യുകയും മറ്റുള്ളവർക്ക് ഇലക്ട്രോണിക് മീഡിയവഴി പ്രചരിപ്പിക്കുകയും ചെയ്യുന്നവരുടെ വിവരങ്ങൾ International Child Sexual Exploitation-ന്റെ സഹായത്തോടെ ശേഖരിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും P_Hunt എന്ന പേരിൽ കേരളത്തിലുടനീളം റെയ്ഡ് നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളതുമാകുന്നു.

(സി) P_Hunt റെയ്ഡിലൂടെ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. വിശദാംശം ചുവടെ ചേർത്തിട്ടുണ്ട്.

| | No. of cases registered | No. of Persons arrested |
|---|---|---|
| Operation P_Hunt I$^{st}$ Phase | 25 cases | 20 Persons |
| Operation P_Hunt 2$^{nd}$ Phase | 5 cases | 4 Persons |
| Total Nos. | 30 | 24 |

**പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ**

113 (1980) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വനിതാ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ എവിടെയെല്ലാമാണ് വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ വനിതാ പോലീസ് സ്റ്റേഷനുകളില്ലാത്ത പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ നാല് റവന്യൂ ജില്ലകളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട്

114 (1981) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2018-19 സാമ്പത്തികവർഷം പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ള ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പോലീസ് സ്റ്റേഷനുകളിൽ അവശ സൗഹൃദ ടോയ്‌ലെറ്റുകളും റാംപുകളും നിർമ്മിക്കുന്നതിന് 500 ലക്ഷം [@ Rs. 4 Lakhs x 125 Nos. = Rs. 500 Lakhs] – (വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.)*

2) പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ-ശിശു സൗഹൃദ റിസപ്ഷൻ/റസ്റ്റ് റൂമുകൾ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവ നിർമ്മിക്കുന്നതിന് 200 ലക്ഷം [@ Rs. 5 Lakhs x 40 Nos. = Rs. 200 Lakhs] – (വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.)*

3) പോലീസ് സ്റ്റേഷനുകളിൽ വനിതാ സന്ദർശകർക്കായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 80 ലക്ഷം [@ Rs. 5 Lakhs x 16 Nos. = Rs. 80 Lakhs] – (വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.)*

4) പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്തുന്നതിന് 500 ലക്ഷം [@ Rs. 5 Lakhs x 100 Nos. = Rs. 500 Lakhs] – (വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.)*

ഇതുകൂടാതെ 36 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുന്നതിന് അനുമതിയും പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആദ്യഗഡു ഫണ്ടും നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളുടെ ലിസ്റ്റും ഫണ്ട് വിവരവും അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അങ്കമാലി സ്മാർട്ട് പോലീസ് സ്റ്റേഷൻ

115 (1982) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട് പോലീസ് സ്റ്റേഷൻ പദ്ധതിയിൽ അങ്കമാലി പോലീസ് സ്റ്റേഷനെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് അങ്കമാലി പോലീസ് സ്റ്റേഷനിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി അങ്കമാലി പോലീസ് സ്റ്റേഷനിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) അങ്കമാലി പോലീസ് സ്റ്റേഷനിലെ സ്മാർട്ട് പോലീസ് സ്റ്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എപ്പോഴാണ് പൂർത്തീകരിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉൾപ്പെടുത്തിയിട്ടില്ല.

(ബി - ഡി) ബാധകമല്ല.

## കാടാമ്പുഴ പോലീസ് സ്റ്റേഷൻ നിർമ്മാണം

116 (1983) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാടാമ്പുഴ പോലീസ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുവാനാവശ്യമായ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)കാടാമ്പുഴ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി എം.ഒ.പി.എഫ് 2013-14 &2014-15(പ്ലാൻ-കേന്ദ്ര വിഹിതം)ൽ ഉൾപ്പെടുത്തി 80.5 ലക്ഷം രൂപ കെ.പി.എച്ച്.സി.സി.-ക്ക് നൽകി നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളതും നിർമ്മാണ പ്രവൃത്തികൾ തുടർന്ന് വരികയുമാണ്. 62% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടനിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം

117 (1984) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ, 2016-ൽ പുതുതായി അനുവദിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയെത്തി എന്നറിയിക്കാമോ. ആയതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും എന്നറിയിക്കാമോ;

(ബി) മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ട പോസ്റ്റ് ക്രീയേഷന്റെ ഫയലിൽ തീരുമാനം എടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോട്ടയം ജില്ലയിൽ മാഞ്ഞൂരിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ 7-7-2018-ലെ സ.ഉ.(അച്ചടി) നമ്പർ 41/2018/ആഭ്യന്തരം പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ടി പോലീസ് സ്റ്റേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ അംഗബലം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ഗുരുവായൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

118 (1985) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിൽ വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്, ആളൂർ വില്ലേജിൽ സർവ്വേ നമ്പർ 240/01-ൽ 25 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി പോലീസ് വകുപ്പിന് കൈമാറി നൽകുന്നതിന് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവി നടപടികൾ സ്വീകരിച്ചുവരുന്നു.

## തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിൽ ക്വാർട്ടേഴ്സ്

119 (1986) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഓഫീസർ ചാർജ് എടുത്തിട്ടുണ്ടോ;

(ബി) സ്റ്റേഷനിലെ എസ്.ഐ ഉൾപ്പെടെയുള്ളവർക്ക് ക്വാർട്ടേഴ്സ് സൗകര്യം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ അപര്യാപ്തത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രീ. ബാലചന്ദ്രൻ ജി., എസ്.എച്ച്.ഒ ആയി തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിൽ 17-3-2019 തീയതി ചാർജ് എടുത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനും ക്വാർട്ടേഴ്സും ഉൾപ്പെടുന്ന സ്ഥലം കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ അധീനതയിൽ ആയതിനാൽ ക്വാർട്ടേഴ്സിന്റെ അപര്യാപ്തത പരിഹരിക്കാൻ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

## വെഞ്ഞാറമൂട് കേന്ദ്രമാക്കി ഡിവൈ.എസ്.പി. ഓഫീസ്

120 (1987) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വെഞ്ഞാറമൂട് കേന്ദ്രമാക്കി പുതിയ ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

സംസ്ഥാനത്ത് പുതിയ സബ് ഡിവിഷൻ ആരംഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ ശിപാർശയിൽ വെഞ്ഞാറമൂട് ഉൾപ്പെടുന്നില്ല.

## കരുനാഗപ്പള്ളി പോലീസ് ക്വാർട്ടേഴ്സ്

121 (1988) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനോട് ചേർന്ന് എത്ര ക്വാർട്ടേഴ്സുകളാണ് ഉള്ളത്; ഇവിടെ താമസയോഗ്യമായ ക്വാർട്ടേഴ്സുണ്ടോ; വിശദീകരിക്കുമോ;

(ബി) പൂർണ്ണമായും തകർന്ന ക്വാർട്ടേഴ്സുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ക്വാർട്ടേഴ്സ് പ്രദേശത്ത് വളർന്നു നിൽക്കുന്ന പാഴ് വൃക്ഷങ്ങളും ചെടികളും നീക്കം ചെയ്ത് ഈ പ്രദേശം ഉപയോഗപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ;

(ഡി) ഇവിടെ ഫ്ലാറ്റ് മാതൃകയിലുള്ള ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ആകെ 23 ക്വാർട്ടേഴ്സുകളാണുള്ളത്. അതിൽ താമസയോഗ്യമായ രണ്ട് ക്വാർട്ടേഴ്സാണുള്ളത്.

(ബി) താമസയോഗ്യമല്ലാത്തതും അറ്റകുറ്റപ്പണി നടത്താൻ സാധിക്കാത്ത തുമായ ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റുന്നതിലേക്ക് പരിശോധന നടത്തി എസ്റ്റിമേറ്റ് വില കണക്കാക്കുന്നതിന് പി.ഡബ്ല്യു.ഡി അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) പദ്ധതി പരിഗണനയിലാണ്. ആധുനികവും നവീന രീതിയിലുമുള്ള പോലീസ് സ്റ്റേഷൻ, അസി. കമ്മീഷണറുടെ കാര്യാലയം എന്നിവയും മിച്ചം വരുന്ന സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് ഫ്ലാറ്റ് മാതൃകയിൽ ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികളും പരിശോധിക്കുന്നതാണ്.

## പേഴക്കാപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ

122 (1989) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പേഴക്കാപ്പള്ളി കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാന പോലീസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പേഴക്കാപ്പള്ളിയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകിയിട്ടുള്ളത്.

**വയനാട് ജില്ലയിൽ വിവിധ കേസ്സുകളിൽപ്പെട്ട വാഹനങ്ങൾ**

123 (1990) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷനുകളിലായി വിവിധ കേസ്സുകളിൽപ്പെട്ട വാഹനങ്ങൾ കാലങ്ങളായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ പോലീസ് സ്റ്റേഷനിലും എത്ര വാഹനങ്ങൾ ഇത്തരത്തിൽ കിടക്കുന്നുണ്ട് എന്ന വിശദാംശം ലഭ്യമാക്കാമോ;

(സി) കേസ് തീർപ്പായിട്ടും പോലീസ് സ്റ്റേഷനിൽ നിന്ന് നീക്കം ചെയ്യാത്ത വാഹനങ്ങൾ വയനാട് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ അത്തരം വാഹനങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദാംശം ചുവടെ ചേർക്കുന്നു.

| Sl. No. | District | PS | No. of Vehicles |
|---|---|---|---|
| 1 | Wayanad | Kalpetta | 40 |
| 2 | Wayanad | Meappadi | 35 |
| 3 | Wayanad | Vythiri | 12 |
| 4 | Wayanad | Padinjarathara | 13 |
| 5 | Wayanad | Meenangadi | 17 |
| 6 | Wayanad | Kambalakkad | 54 |
| 7 | Wayanad | Panamaram | 34 |
| 8 | Wayanad | Sulthan Bathery | 77 |
| 9 | Wayanad | Ambalavayal | 40 |
| 10 | Wayanad | Pulpally | 18 |
| 11 | Wayanad | Kenichira | 10 |
| 12 | Wayanad | Mananthavadi | 54 |
| 13 | Wayanad | Vellamunda | 46 |
| 14 | Wayanad | Thalappuzha | 5 |
| 15 | Wayanad | Thirunelly | 37 |
| 16 | Wayanad | Thondarnadu | 2 |

(സി) ഉണ്ട്. 29 വാഹനങ്ങൾ നീക്കം ചെയ്യാനുണ്ട്.

(ഡി) ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് വാഹനങ്ങളുടെ ഉടമസ്ഥർക്ക് അറിയിപ്പ് നൽകിയിട്ടുള്ളതും ഉടമസ്ഥർ ഏറ്റെടുക്കാത്ത വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## തൃശ്ശൂർ ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ

124 (1991) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ റൂറൽ ജില്ലാ പോലീസിൽ 32 സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ ഉണ്ട്.

(ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മണർക്കാട് പോലീസ് സ്റ്റേഷനിൽ കസ്റ്റഡി മരണം

125 (1992) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരീപ്പറമ്പ് മഹാത്മ കോളനിയിലെ നവാസ് എന്ന യുവാവ് മണർകാട് പോലീസ് സ്റ്റേഷനിൽ പോലീസ് കസ്റ്റഡിയിലിരിക്കെ മരണപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) കസ്റ്റഡിയിലിരുന്ന പ്രതിയുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ പ്രസ്തുത പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ടി കേസ് സംബന്ധിച്ച അന്വേഷണത്തിൽ നവാസ് സ്ഥിരം മദ്യപാനിയും വീട്ടുകാർക്ക് ശല്യക്കാരനായി പ്രവർത്തിച്ച് വരുന്ന ആളാണെന്നും ടി സംഭവത്തിന്റെ തലേ ദിവസം (20-5-2019) രാത്രി 10.15 മണിയോടെ പോലീസ്

എത്തി ടിയാനെ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ട് വരുന്ന സമയം വരെ ടിയാനും ടിയാന്റെ ട്രാൻസ്ജെൻഡറായ അനുജനും അമ്മയുമായും പലതവണ വീട്ടിലും വീടിന്റെ മുൻഭാഗത്തെ കളിസ്ഥലത്ത് വച്ചും അടിപിടിയും വാക്കേറ്റവും, ചീത്തവിളിയും നടന്നതായും, അടിപിടിക്കിടയിൽ അമ്മയും ട്രാൻസ്ജെൻഡറായ അനുജനും മറ്റ് ബന്ധുക്കളും കാട്ട് കമ്പ് കൊണ്ടും മറ്റും പല പ്രാവശ്യം നവാസിനെ അടിച്ചതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഇപ്പോൾ ട്രാൻസ്ജെൻഡറായി ജീവിച്ച് വരുന്ന അനുജൻ നൗഷാദിനോട് വീട്ടുകാർ കൂടുതൽ സ്നേഹവും, പരിഗണനയും കാണിക്കുന്നുണ്ടെന്നും തന്നെ പല കാര്യത്തിലും അവഗണിച്ച വരുന്നുണ്ടെന്ന തോന്നൽ നവാസിന് ഉണ്ടായിരുന്നു. കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്ന അവസരത്തിൽ വീട്ടുകാരോട് പല പ്രാവശ്യം സ്റ്റേഷനിൽ നിന്ന് ഇറക്കുവാൻ വരണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വീട്ടുകാർ അന്ന് രാത്രി തന്നെ സ്റ്റേഷനിലെത്തി നവാസിനെതിരെ പരാതി കൊടുക്കുകയും ചെയ്തു. പിറ്റേന്ന് രാവിലെ സ്റ്റേഷനിലെ പോലീസുകാരിൽനിന്നും മൊബൈൽ ഫോൺ വാങ്ങി ഭാര്യയെ ഒന്നിലധികം പ്രാവശ്യം ഫോണിൽ വിളിച്ചിട്ടും ഭാര്യ ഫോൺ എടുക്കാതിരുന്ന വിഷമത്താലും പെട്ടെന്നുണ്ടായ നൈരാശ്യത്താലും, പ്രകോപനത്താലും മരിക്കണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടിയാണ് ടിയാൻ ബാത്ത്റൂമിലെ ജനൽ കമ്പിയിൽ ഉടുത്തിരുന്ന മുണ്ട് അഴിച്ച് ഒരറ്റം കെട്ടിയശേഷം കഴുത്തിൽ കുരുക്കിട്ട് സ്വയം കെട്ടിത്തൂങ്ങി മരിച്ചത്.

(സി) പ്രാഥമിക അന്വേഷണത്തിൽ സ്റ്റേഷൻ ഡ്യൂട്ടിയിലുണ്ടായിരുന്ന ജി.ഡി. ചാർജ് എ.എസ്.ഐ., ടി സമയം പാറാവ് ഡ്യൂട്ടിയിലുണ്ടായിരുന്ന സി.പി.ഒ. എന്നിവർ തങ്ങളുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനെത്തുടർന്ന് സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി.-യുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ പോലീസ് മേധാവി ടിയാൻമാരെ അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് വകുപ്പുതല അന്വേഷണത്തിന് ഉത്തരവിടുകയും മേൽനോട്ട പിഴവ് വരുത്തി കൃത്യവിലോപം കാണിച്ചതിന് മണർക്കാട് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.-യ്ക്കെതിരെയും വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.

## തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിലെ മോഷണക്കേസ്സുകളുടെ വിവരം

126 (1993) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേഞ്ഞിപ്പലം പോലീസ് സ്റ്റേഷനിൽ 2016 ജനുവരി മുതൽ 2019 മാർച്ച് വരെ രജിസ്റ്റർ ചെയ്ത മോഷണക്കേസ്സുകളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇത്തരം കേസ്സുകളിൽ പ്രതികളെ പിടികൂടാത്ത എത്ര കേസുകൾ ഉണ്ട്; വിശദവിവരം നൽകാമോ?

ഉത്തരം

(എ&ബി) തേഞ്ഞിപ്പലം പോലിസ് സ്റ്റേഷനിലെ 2016 ജനവരി മുതൽ 2019 മാർച്ച് വരെ 41 മോഷണക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 21 കേസ്സുകളിൽ പ്രതികളെ പിടികൂടിയിട്ടില്ലാത്തതും 20 കേസ്സുകളിൽ പ്രതികളെ പിടികൂടിയിട്ടുള്ളതുമാണ്. കേസ്സുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

**രോഗികൾക്കായി ഗാനമേളകൾ വഴിയുള്ള പണപ്പിരിവ്**

127 (1994) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാതയോരങ്ങളിൽ പാർക്ക് ചെയ്ത വാഹനങ്ങളിൽ നിർദ്ധന രോഗികളുടെ ചിത്രവും പേരും മേൽവിലാസവും രേഖപ്പെടുത്തി, സഹായിക്കാൻ എന്ന പ്രചരണത്തോടെ ഗാനമേളകൾ നടത്തി പണം പിരിക്കുന്നത് ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പണപ്പിരിവിന്റെ മറവിൽ എന്തെങ്കിലും ക്രമക്കേടുകൾ നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഇത്തരം പണപ്പിരിവിന് ഏതെങ്കിലും തരത്തിലുള്ള അനുവാദമോ സമ്മതപത്രമോ രോഗിയിൽ നിന്നോ ബന്ധുക്കളിൽ നിന്നോ വാങ്ങുന്നതായി അറിയാമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. ഇടുക്കി ജില്ലയിലെ വണ്ടൻമേട് പോലീസ് സ്റ്റേഷനിലും പത്തനംതിട്ട പോലീസ് സ്റ്റേഷനിലും ഓരോ ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ രണ്ട് കേസ്സുകളിലും രോഗിയിൽ നിന്നോ ബന്ധുക്കളിൽ നിന്നോ സമ്മതപത്രമോ അനുവാദമോ വാങ്ങിയിട്ടില്ല എന്ന് വെളിവായിട്ടുണ്ട്. ഗാനമേള തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിച്ച് രോഗികൾക്ക് പണം പിരിക്കുന്നതിനുവേണ്ടി ഉച്ചഭാഷിണിയുടെ അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ, പോലീസ് രോഗികളുടേയും പരിപാടി നടത്തുന്നവരുടേയും വസ്തുതകളും വിശദാംശങ്ങളും അന്വേഷിച്ചതിനു ശേഷം മാത്രമേ അനുമതിപത്രം നൽകാറുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എക്സൈസ്, ഫോറസ്റ്റ് ജീവനക്കാർക്ക് പോലീസ് കാന്റീൻ സൗകര്യം

128 (1995) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാംഗങ്ങൾക്ക് നൽകിവരുന്ന സബ്സിഡറി സെൻട്രൽ പോലീസ് കാന്റീൻ സൗകര്യം എക്സൈസ്, ഫോറസ്റ്റ് ജീവനക്കാർക്ക് കൂടി നൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സൗകര്യം എക്സൈസ്,ഫോറസ്റ്റ് വകുപ്പിലെ അംഗങ്ങൾക്ക് കൂടി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കർഷകന്റെ ആത്മഹത്യ

129 (1996) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ രാജമുടി മുല്ലശ്ശേരിയിൽ ജോർജ്ജ് എന്ന കർഷകൻ ആത്മഹത്യ ചെയ്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ&ബി) ഉണ്ട്. 22-5-2019-ൽ മരണപ്പെട്ടിട്ടുള്ള ടിയാന് 32.5 സെന്റ് പട്ടയഭൂമി സ്വന്തമായി ഉണ്ടായിരുന്നതിനാൽ കുരുമുളക്, കൊക്കോ എന്നീ വിളകൾ കൃഷി ചെയ്തിരുന്നു. പ്രളയ സമയത്ത് ടിയാന്റെ കൊക്കോ കൃഷിക്ക് നാശം സംഭവിച്ചിരുന്നുവെങ്കിലും കൃഷിനാശം സംഭവിച്ചതിന്റെ അപേക്ഷ കൃഷി ഭവനിൽ സമർപ്പിച്ചിരുന്നില്ല. ടിയാൻ പിന്നാക്ക വികസന കോർപ്പറേഷന്റെ ചെറുതോണി ബ്രാഞ്ചിൽനിന്നും 1,25,000 രൂപയും, രാജമുടി സർവ്വീസ് സഹകരണ ബാങ്കിൽനിന്നും 25,000 രൂപയും, ESAF, KLM, ജീവൻ കിരൺ സംഘത്തിൽ ഗോൾഡ് ലോൺ ആയി 2,50,000 രൂപയും ലോൺ എടുത്തിട്ടുണ്ട്. ഇതിൽ പിന്നാക്ക വികസന കോർപ്പറേഷനിൽനിന്നും എടുത്ത 1,25,000 രൂപ മാത്രമാണ് കാർഷിക ലോൺ. പ്രസ്തുത ലോണിന് ടിയാന് ജപ്തി നോട്ടീസ് ലഭിച്ചിട്ടില്ല എന്നാണ് അന്വേഷണത്തിൽ ബോധ്യപ്പെട്ടത്.

## സംസ്ഥാന കാർഷികവികസന സഹകരണ ബാങ്കിലെ ക്രമക്കേടുകൾ

130 (1997) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സംസ്ഥാന കാർഷികവികസന സഹകരണ ബാങ്ക് എം.ഡി. ആയിരുന്ന സുരേഷ് ബാബു. ഐ.എ.എസ്. പ്രസ്തുത ബാങ്കിലെ ഭരണ സമിതിക്കെതിരെ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ വിജിലൻസ് വകുപ്പ് എന്ത് നടപടി സ്വീകരിച്ചു;

(ബി) ഈ ബാങ്കിലെ അഴിമതിയെക്കുറിച്ചും ക്രമക്കേടുകളെപ്പറ്റിയും ബാങ്കിന്റെ വിജിലൻസ് സെൽ, സഹകരണ വിജിലൻസ് സെൽ എന്നിവർ നടത്തിയ അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ അറിയിക്കാമോ; അവയിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(സി) റിപ്പോർട്ടുകളിന്മേൽ നാളിതുവരെ നടപടിയൊന്നും എടുത്തിട്ടില്ലെങ്കിൽ ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം നടത്തുവാൻ തീരുമാനം എടുക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി &സി) അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

## ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ ക്രമക്കേട്

131 (1998) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് 2013-16 കാലഘട്ടത്തിൽ വായ്പയെടുത്തതിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ റിപ്പോർട്ടിൽ വിജിലൻസ് അന്വേഷണത്തിന് ശിപാർശയുണ്ടോ;

(സി) ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഫയൽ വിജിലൻസ് (ഇ) വകുപ്പിന് നൽകിയിട്ടുണ്ട്.

## കക്കാട് പി.എച്ച്.സി.-ക്കായി വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്

132 (2000) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാടുകുറ്റി പഞ്ചായത്തിലെ കക്കാട് പി.എച്ച്.സി.യിൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ഒ.പി. ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനായി വിജിലൻസ് ക്ലിയറൻസ് ലഭിക്കുന്നതിന് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിജിലൻസ് ക്ലിയറൻസ് ലഭിക്കാത്തതിനാൽ ആർദ്രം പദ്ധതിയുടെ ഭാഗമായി കക്കാട് പി.എച്ച്.സി.യിൽ അനുവദിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പോലും നടത്തുവാൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിനും വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കാടുകുറ്റി ഗ്രാമപഞ്ചായത്തിൽപ്പെട്ട കക്കാട് എന്ന സ്ഥലത്തെ പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തൃശ്ശൂർ യൂണിറ്റിൽ ക്യൂ.വി. 73/13/ടി.എസ്.ആർ. നമ്പരായി ഒരു സത്വരാന്വേഷണം നടത്തുകയും റിപ്പോർട്ടിന്മേലുള്ള വിജിലൻസ് ഡയറക്ടറുടെ താഴെപ്പറയുന്ന ശിപാർശകൾ വിജിലൻസ് വകുപ്പ് അംഗീകരിക്കുകയും തുടർ നടപടിക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുകയും ചെയ്തു.

1. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും റിക്കവറി.
2. കുറ്റാരോപിതയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കെതിരെ വകുപ്പുതല നടപടി.
3. വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ച് തിരുത്തൽ നടപടികൾ സ്വീകരിക്കുക.
4. കോൺട്രാക്ടറുടെ ലൈസൻസ് റദ്ദാക്കുക.

1, 2 ശിപാർശകളിൽ നടപടി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. മറ്റ് ശിപാർശകളിൽ കൂടി നടപടി പൂർത്തിയാക്കി വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഓപ്പറേഷൻ ജനരക്ഷ വിജിലൻസ് റെയ്ഡ്**

133 (2001) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ 42 ഓഫീസുകളിൽ ഓപ്പറേഷൻ ജനരക്ഷ എന്ന പേരിൽ വിജിലൻസ് റെയ്ഡ് നടത്തിയിരുന്നോ;

(ബി) പ്രസ്തുത റെയ്ഡിൽ കണ്ടെത്തിയ പ്രധാന പോരായ്മകൾ എന്തൊക്കെയാണ്;

(സി) കല്പറ്റയിൽ നിർമ്മിക്കുന്ന സുരഭി എന്ന ബ്രാന്റ് പേരിലുള്ള കുപ്പിവെള്ളം സുരക്ഷിതമല്ലായെന്ന ലാബ് റിപ്പോർട്ട് ലഭിച്ചിട്ടും പ്രസ്തുത കമ്പനിക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ വകുപ്പ് പരാജയപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഇത്തരം കേസ്സുകളിൽ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഓപ്പറേഷൻ ജനരക്ഷ എന്ന പേരിൽ സംസ്ഥാന വ്യാപകമായി ഭക്ഷ്യ, സുരക്ഷാ വകുപ്പിന്റെ ഓഫീസുകളിൽ 15-5-2019-ൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

പ്രസ്തുത മിന്നൽ പരിശോധനയിൽ പ്രാഥമികമായി കണ്ടെത്തിയ പ്രധാന പോരായ്മകൾ താഴെപ്പറയുന്നവയാണ് :

1. ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല.
2. ലൈസൻസുകൾക്കായുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കാതെയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാതെയുമിരിക്കുന്നു.
3. ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുക്കുന്ന സാമ്പിളുകൾ യഥാസമയം പരിശോധനയ്ക്ക് അയയ്ക്കാതെയും ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുന്ന സാമ്പിളുകളുടെ പരിശോധനാ റിപ്പോർട്ട് യഥാസമയം ലഭ്യമാക്കി നടപടി സ്വീകരിക്കാതെയുമിരിക്കുന്നു.

4. ഭക്ഷ്യസുരക്ഷാ നിയമം നിഷ്കർഷിക്കുന്ന യഥാർത്ഥ പിഴ തുകയേക്കാൾ വളരെ കുറച്ച് തുക മാത്രമേ ഈടാക്കുന്നുള്ളൂ.
5. ഓഫീസുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.
6. ഓഫിസ് സമയത്ത് ഉദ്യോഗസ്ഥർ ഓഫീസിൽ കൃത്യമായി ഹാജരാകുന്നില്ല.
7. തങ്ങളുടെ അധികാരപരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തേണ്ട പരിശോധനകൾ നടത്തുന്നില്ല.
8. ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താതെ കണക്കിൽപ്പെടാത്ത തുക ഡ്യൂട്ടി സമയത്ത് ഉദ്യോഗസ്ഥർ കൈവശം സൂക്ഷിക്കുന്നതായും കണ്ടെത്തി.
9. കൃത്യനിർവ്വഹണത്തിനായി ഡിപ്പാർട്ട്മെന്റ് വാഹനം ഉപയോഗിക്കാതെ ഉദ്യോഗസ്ഥർ സ്വകാര്യ വാഹനം ഉപയോഗിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ സുരഭി എന്ന ബ്രാൻഡ് പേരിൽ കുപ്പിവെള്ളം നിർമ്മിക്കുന്നില്ല.

(ഡി) കൃത്യവിലോപം ബോദ്ധ്യപ്പെട്ടാൽ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### കരുനാഗപ്പള്ളി കോടതി സമുച്ചയം

134 (2002) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കോടതി സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി എന്താണെന്നും ഏത് സ്ഥലമാണ് ഇതിനായി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം സംബന്ധിച്ച പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കാൻ നടപടി പൂർത്തികരിച്ച് കോടതി സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിനുകീഴിലുള്ള കരുനാഗപ്പള്ളി താലൂക്കിൽ തഴവ വില്ലേജിൽ ബ്ലോക്ക് II-ൽ റീസർവ്വേ 200/4 ൽപ്പെട്ട 39.50 ആർസ് സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ജുഡീഷ്യൽ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി&സി) പ്രസ്തുത സ്ഥലം സംബന്ധിച്ച് പരിശോധനകൾ പൂർത്തിയാക്കി കരുനാഗപ്പള്ളി തഹസിൽദാർ സമർപ്പിച്ച പ്രൊപ്പോസലിൽ അപാകതകൾ ഉള്ളതിനാൽ ആയത് പരിഹരിച്ച് സ്ഥലത്തിന്റെ സ്കെച്ച്, മഹസ്സർ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ കൊല്ലം സബ് കളക്ടർ മുഖേന നൽകുന്നതിന് കരുനാഗപ്പള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയത് അടിയന്തരമായി തഹസിൽദാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നു.

**അഗ്നിബാധ തടയുന്നതിന് നടപടി**

135 (2003) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ഉൾപ്പെടെയുള്ള പ്രധാന പട്ടണങ്ങളിൽ എല്ലാം അടുത്തകാലത്തായി വൻ തീപിടുത്തങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പട്ടണങ്ങളിലുള്ള വ്യാപാര സ്ഥാപനങ്ങൾക്കും ഗോഡൗണുകൾക്കും വൻ അഗ്നിബാധ ആവർത്തിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കുമോ;

(സി) മേൽ സൂചിപ്പിച്ച പ്രകാരമുള്ള അഗ്നിബാധ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) ഇത്തരം അഗ്നിബാധ തടയുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും നിയമം കൂടുതൽ കർശനമാക്കി ആധുനിക സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തീപിടുത്തങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ഷോർട്ട് സർക്യൂട്ട്മൂലവും വ്യാപാര സ്ഥാപനങ്ങളിൽ അടുക്കുംചിട്ടയുമില്ലാതെ സാധന സാമഗ്രികൾ

വാരിക്കൂട്ടിയിടുന്നതിനാലും പല വ്യാപാര സ്ഥാപനങ്ങളിലും അനധികൃതമായി ഗ്യാസ് ഉപയോഗിക്കുന്നത് കൊണ്ടും, പോർട്ടബിൾ ജനറേറ്ററുകൾ കടയ്ക്കുള്ളിൽ ഉപയോഗിക്കുന്നതിനാലും മതിയായ സുരക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കാത്തതും ഉള്ളവ പ്രവർത്തനരഹിതമായതും തുടങ്ങിയ കാരണങ്ങളാലും തീപിടുത്ത സാദ്ധ്യത കൂടി വരുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

(സി&ഡി) വ്യാപാര സ്ഥാപനങ്ങളിലും കെട്ടിടങ്ങളിലും ഗോഡൗണുകളിലും അഗ്നിബാധ തടയുന്നതിന് മുൻകരുതലിനായി ഫയർ ഓഡിറ്റ് നടത്തിവരുന്നു. നിയമപരമായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങളിൽ അവ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുകയും സ്ഥാപിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും വകുപ്പിൽ നിന്ന് കത്ത് നൽകിയിട്ടുണ്ട്. സ്ഥിരം അഗ്നിശമന സംവിധാനങ്ങൾ ഇല്ലാത്ത കെട്ടിടങ്ങളിൽ ആയത് ഉറപ്പുവരുത്തുന്നതിനും സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ആയത് പരിപാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള അധികാരങ്ങൾ അഗ്നിസുരക്ഷാ വകുപ്പിന് ലഭിക്കുന്ന തരത്തിൽ കേരള ഫയർ ഫോഴ്സ് ആക്ട് നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കോതമംഗലം മണ്ഡലത്തിലെ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

136 (2004) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനു വേണ്ട മുൻഗണനാ പട്ടികയിൽ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്തെ ഉൾപ്പെടുത്തുന്നതു സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ നിരവധി ഫാക്ടറികൾ, പവർഹൗസ്, വ്യവസായ സ്ഥാപനങ്ങൾ മുതലായവ പ്രവർത്തിക്കുന്നതും, ഉരുൾപൊട്ടലും, കാട്ടുതീയും ഉണ്ടാകുന്ന പ്രദേശമെന്ന നിലയിലും, മറ്റ് ഫയർ ആന്റ് റെസ്ക്യൂ നിലയങ്ങളിൽ നിന്നും വളരെ ദൂരത്തിലുള്ള പ്രദേശമെന്ന നിലയിലും വകുപ്പ് തലത്തിൽ തയ്യാറാക്കുന്ന മുൻഗണനാ പട്ടികയിൽ നേര്യമംഗലത്തെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) നേര്യമംഗലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനു വേണ്ട സാധ്യതാ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ഡയറക്ടർ ജനറൽ അയച്ചുനൽകിയ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ച് വരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ഇല്ല.

**അഗ്നിസുരക്ഷാ സംവിധാനങ്ങൾ**

137 (2005) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി തീപിടുത്തം ഉണ്ടാകുകയും വൻ നാശനഷ്ടം സംഭവിക്കുകയും ചെയ്ത സാഹചര്യത്തിൽ അഗ്നിശമന സേന ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ടോ;

(ബി) അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഇല്ലാത്തതും സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കാത്തതുമായ കെട്ടിട സമുച്ചയങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി&സി) കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 8611 കെട്ടിടങ്ങളിൽ നടത്തിയ പരിശോധനയിൽ 4095 കെട്ടിടങ്ങളിൽ അഗ്നിസുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടില്ലാത്തതായും അഗ്നിസുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ തന്നെ 1340 എണ്ണത്തിൽ പ്രസ്തുത സംവിധാനങ്ങൾ പ്രവർത്തനക്ഷമമായിരുന്നില്ല എന്നും കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ കെട്ടിട ഉടമകൾക്ക്/താമസക്കാർക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. നിരവധി കെട്ടിടങ്ങളിലെ പ്രവർത്തനക്ഷമമല്ലാതിരുന്ന സ്ഥിരം അഗ്നിശമനാ സംവിധാനങ്ങൾ നിലവിൽ പ്രവർത്തനക്ഷമ

മാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ നോട്ടീസ് നൽകിയിരുന്ന കെട്ടിടങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിലേയ്ക്കായി നിലവിൽ രണ്ടാം ഘട്ട പരിശോധനകൾ നടന്നുവരുന്നു.

നിയമപരമായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങളിൽ അവ സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുകയും സ്ഥാപിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും വകുപ്പിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്.

## അങ്കമാലി ഫയർ & റെസ്ക്യൂ നിലയം

138 (2006) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഫയർ & റെസ്ക്യൂ നിലയത്തിന് എമർജൻസി ഫയർ ടെണ്ടർ അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ;

(ബി) കാലവർഷം മുന്നിൽ കണ്ട് അങ്കമാലി ഫയർ & റെസ്ക്യൂ നിലയത്തിന് കൂടുതൽ റബ്ബർ ഡിങ്കികളും, ഔട്ട് ബോർഡ് എഞ്ചിനുകളും, സ്കൂബാ സെറ്റും അനുവദിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) എമർജൻസി ടെണ്ടർ വാഹനം അങ്കമാലി നിലയത്തിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) 2019-20 സാമ്പത്തിക വർഷത്തിൽ വകുപ്പിനായി റബ്ബർ ഡിങ്കി വിത്ത് ഔട്ട് ബോർഡ് എഞ്ചിനുകൾ, സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ടുകൾ എന്നിവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. പുതിയ ഉപകരണങ്ങൾ വാങ്ങുന്ന മുറയ്ക്ക് ലഭ്യതയുടെയും അടിയന്തര പ്രാധാന്യത്തിന്റെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ അങ്കമാലി അഗ്നിസുരക്ഷാ നിലയത്തിന് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കായംകുളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് അനുബന്ധ സൗകര്യം

139 (2007) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് നീന്തൽ പരിശീലനത്തിനായി സ്വിമ്മിംഗ് പൂൾ, പുതിയ സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

കായംകുളം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് നീന്തൽ പരിശീലനത്തിനായി സ്വിമ്മിംഗ് പൂൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളിലേക്കായി, പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ മണ്ണ് പരിശോധന, ലാന്റ് സർവ്വേ എന്നിവ നടത്തിയിട്ടുണ്ട്.

**ആലത്തൂർ ഫയർ & റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം**

140 (2008) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ ഫയർ & റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം-1, വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ റീ-സർവ്വേ നമ്പർ 672/6-ൽ ഉൾപ്പെട്ട 20.23 ആർ (50 സെന്റ്) സ്ഥലം കൈമാറി ഉത്തരവായിട്ടുണ്ട്. സ്ഥല കൈമാറ്റ നടപടികൾ പാലക്കാട് ജില്ലാ കളക്ടർ മുഖേന ത്വരിതപ്പെടുത്തി വരുന്നു.

**കാലടിയിലെ ഫയർ സ്റ്റേഷൻ**

141 (2009) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ അങ്കമാലി നിയോജകമണ്ഡലം എം.എൽ.എ. നൽകിയ നിവേദനം പരിഗണിച്ച് കാലടിയിലെ ഫയർ സ്റ്റേഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മുൻഗണനാക്രമം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ശിപാർശ പ്രകാരം ഇനി എത്രാമത്തെ സ്ഥാനമാണ് അങ്കമാലിയിലെ കാലടിക്ക് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് വകുപ്പ് മേധാവി തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ ലിസ്റ്റ് സർക്കാർ പരിശോധിച്ചുവരുന്നു. ആയതിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ചാലക്കുടി ഫയർസ്റ്റേഷന്റെ നവീകരണം

142 (2010) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് പുതിയ വാഹനങ്ങളും ആധുനിക ഉപകരണങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി പുതിയ കെട്ടിടം നിർമ്മിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(ബി) ചുവടെ ചേർക്കുന്ന പുതിയ വാഹനങ്ങളും ആധുനിക രക്ഷാ ഉപകരണങ്ങളും ചാലക്കുടി ഫയർസ്റ്റേഷന് അനുവദിച്ചിട്ടുണ്ട്

| 2018 | | |
|---|---|---|
| ക്രമ നമ്പർ | വാഹനങ്ങൾ/ഉപകരണങ്ങൾ | എണ്ണം |
| 1 | ബ്രീത്തിംഗ് അപ്പാരറ്റസ് സെറ്റ് | 1 |
| 2 | ഡെലിവറി ഹോസ് (സിന്തറ്റിക്) | 20 |
| 3 | ഡെലിവറി ഹോസ് (റബ്ബർ) | 10 |
| 4 | വാട്ടർ മിസ്റ്റ് (ട്രോളി മൗണ്ടഡ്) 50 ലിറ്റർ | 1 |
| 5 | ഹൈ പ്രഷർ പോർട്ടബിൾ പമ്പ് | 1 |
| 6 | ഹെൽമറ്റ് | 38 |
| 7 | ഗം ബൂട്ട് | 38 |
| 8 | റെയിൻ കോട്ട് | 38 |

| 2019 | | |
|---|---|---|
| ക്രമ നമ്പർ | വാഹനങ്ങൾ/ഉപകരണങ്ങൾ | എണ്ണം |
| 1 | ആംബുലൻസ് | 1 |
| 2 | സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ട് | 2 സെറ്റ് |
| 3 | ഫോം ടെണ്ടർ | 1 |

**ഒറ്റപ്പാലം ഫയർ സ്റ്റേഷൻ**

143 (2011) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ വിശദമാക്കാമോ;

(സി) അനുയോജ്യമായ സ്ഥലവും കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഡി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭരണമാനുമതി നൽകിയിട്ടില്ല.

(ബി) ഭരണാനുമതി ലഭ്യമായിട്ടില്ല.

(സി) ഒറ്റപ്പാലം നഗരസഭയുടെ അധീനതയിൽ സർക്കാർ ഭൂമി ലഭിക്കാത്തതിനാൽ സമീപ പ്രദേശങ്ങളിലെ സ്ഥല ലഭ്യതയെക്കുറിച്ച് വകുപ്പ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ ലക്കിടി പേരൂർ-2 വില്ലേജിൽ ഫീൽഡ് നമ്പർ 196-ൽ (സർവ്വേ നമ്പർ 196/2) ലക്കിടി റെയിൽവേ സ്റ്റേഷനുസമീപം 37 സെന്റ് ഭൂമി വകുപ്പ് കണ്ടെത്തിയിരുന്നു. ടി സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന അന്തിമഘട്ടത്തിൽ പ്രസ്തുത സ്ഥലം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് പതിച്ചുനൽകുന്നതിന് മാറ്റിവച്ചു എന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

പ്രസ്തുത സ്ഥലം ലഭ്യമല്ലാത്തതിനാൽ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ലക്കിടി പേരൂർ 1 വില്ലേജിൽ റീ സർവ്വേ നമ്പർ 555, 556-ൽ ഉൾപ്പെട്ട കിൻഫ്ര വ്യവസായ പാർക്കിന്റെ കൈവശമുള്ള സ്ഥലത്തുനിന്ന് 50 സെന്റ് വസ്തു അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിന് വകുപ്പ് കണ്ടെത്തിയിരുന്നു. ആയതിന്റെ നടപടികൾ ത്വരിതപ്പെടുത്തി വരുന്നു. കൂടാതെ ഒറ്റപ്പാലം കേന്ദ്രീയ വിദ്യാലയത്തിന് സമീപം ഒറ്റപ്പാലം മുനിസിപ്പാലിറ്റി വക സ്ഥലവും കെട്ടിടവും നൽകാമെന്ന് മുനിസിപ്പൽ ചെയർമാൻ സമ്മതിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് സമ്മതപത്രമോ അനുബന്ധരേഖകളോ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല.

(ഡി) സ്ഥലത്തിന്റെ ലഭ്യത, ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

**നാവായിക്കുളത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷൻ**

144 (2012) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കല്ലമ്പലം കേന്ദ്രീകരിച്ച് നാവായിക്കുളത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിന് എത്ര സെന്റ് ഭൂമി ഫയർ & റെസ്ക്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 19.34 ആർ സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്.

(ബി) കല്ലമ്പലം കേന്ദ്രമായി അഗ്നിരക്ഷാ നിലയം ആരംഭിക്കുന്നതിന് വകുപ്പ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുമായ നിരവധി ഫയർ സ്റ്റേഷനുകൾ ആരംഭിക്കാനുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സർക്കാർ അംഗീകരിക്കുന്ന മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന പക്ഷം ഭരണാനുമതിക്ക് വിധേയമായി മാത്രമേ പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

## ജയിൽ തടവുകാരുടെ ക്ഷേമവും പുനരധിവാസവും

145 (2013) ശ്രീ. പി. കെ. ശശി:
ശ്രീ. കെ. ദാസൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിൽ തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും സ്വഭാവ പരിവർത്തനത്തിനുമായി നടപ്പിലാക്കിവരുന്ന കർമ്മപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജയിൽ തടവുകാരുടെ കുറ്റവാസന ഇല്ലാതാക്കാനും അവരിൽ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കാനും പര്യാപ്തമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) ജയിൽ തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് ജയിലുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തടവുകാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും സ്വഭാവ പരിവർത്തനത്തിനുമായി തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ തൊഴിൽ പരിശീലന പരിപാടികൾ എല്ലാ വർഷവും നടപ്പിലാക്കിവരുന്നു. അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും തദ്വാര സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിനും സാധിക്കുന്ന വിധത്തിൽ ഈ പരിശീലന പരിപാടികൾ പ്രയോജനപ്രദമായി തീരുന്നു. പ്രധാനപ്പെട്ട തൊഴിൽ പരിശീലന പരിപാടികൾ ചുവടെ ചേർക്കുന്നു.

പ്രൊഫഷണൽ സർട്ടിഫിക്കറ്റ് ഇൻ ഫയർ & സേഫ്റ്റി, ടൂ വീലർ, ഫോർ വീലർ സ്പെഷ്യലിസ്റ്റ്, സോളാർ പാനൽ ഇൻസ്റ്റലേഷൻ & മെയിന്റനൻസ്, ഇലക്ട്രീഷൻ കോഴ്സ്, ഹെയർ കട്ടിംഗ് & ബ്യൂട്ടീഷൻ കോഴ്സ്, ഫുഡ് പ്രോസസ്സിംഗ് കോഴ്സ്, ഇൻഡസ്ട്രിയൽ ഫയർ & സേഫ്റ്റി, വെൽഡിംഗ് കം സ്റ്റീൽ ഫർണീച്ചർ നിർമ്മാണം, കമ്പ്യൂട്ടർ പരിശീലനം, സോപ്പ് നിർമ്മാണം, അലുമിനിയം ഫാബ്രിക്കേഷൻ, സ്റ്റീൽ ഫാബ്രിക്കേഷൻ, ബുക്ക് ബൈൻഡിംഗ്, മെഴുകുതിരി

നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, കുട നിർമ്മാണം, അലങ്കാര പുഷ്പ നിർമ്മാണം, ഹൗസ് ഹോൾഡ് ഐറ്റം റിപ്പയറിംഗ്, ഹാൻഡ് എംബ്രോയിഡറി, ഇലക്ട്രിക്കൽ വയർമാൻ, പ്ലംബിംഗ് & സാനിട്ടറി, ഗ്ലാസ് എച്ചിംഗ് & പെയിന്റിംഗ്, ടെറാകോട്ട ആഭരണ നിർമ്മാണം, മോട്ടോർ വൈൻഡിംഗ്, പ്രൊഫഷണൽ സർട്ടിഫിക്കറ്റ് ഇൻ ഹോട്ടൽ മാനേജ്മെന്റ്, ടെയിലറിംഗ്, മേസ്തിരി പണി, റബ്ബർ ടാപ്പിംഗ്, ചപ്പാത്തി മേക്കിംഗ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അഗ്രികൾച്ചർ ഫാമിംഗ്, ഡിജിറ്റൽ ക്യാമറ ഫോട്ടോഗ്രഫി & വീഡിയോഗ്രഫി, അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഒപ്റ്റിക്കൽ ഫൈബർ ടെക്നീഷ്യൻ & ഡിജിറ്റൽ സർവയ്ലൻസ്, ഓട്ടോമോട്ടീവ് അപ്ഹോൾസ്റ്ററി.

(ബി) അന്തേവാസികളും മനുഷ്യരാണെന്നും ജയിലിൽ അടയ്ക്കപ്പെട്ടതുകൊണ്ട് അവരുടെ മനുഷ്യത്വം നഷ്ടപ്പെടുന്നില്ലായെന്നും സഞ്ചാര സ്വാതന്ത്ര്യം, തൊഴിലിനുള്ള സ്വാതന്ത്ര്യം എന്നിവ ഒഴികെയുള്ള എല്ലാ മാനുഷിക അവകാശങ്ങൾക്കും അർഹതയുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് ജയിലുകളിൽ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. അന്തേവാസികളുടെ സ്വഭാവ പരിവർത്തനവും പുനരധിവാസവും ലക്ഷ്യം വച്ച് ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുവാനും അതിലൂടെ സമൂഹത്തിലെ ഉത്തമ പൗരന്മാരായി ജീവിക്കുന്നതിന് സാധിക്കുന്നതിനുള്ള വിവിധ തൊഴിൽ പരിശീലന പരിപാടികൾ എല്ലാ വർഷവും നടപ്പിലാക്കിവരുന്നു. ഇതുവഴി ജയിൽ അന്തേവാസികളിൽ കുറ്റവാസന ഇല്ലാതാക്കുന്നതിനും മാനുഷിക മൂല്യങ്ങൾ വളർത്തിയെടുത്ത് പൊതുസമൂഹത്തിൽ ജീവിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും സാധിക്കുന്നു. കൂടാതെ തടവുകാരുടെ മനഃപരിവർത്തനത്തിനായി വിവിധ വിഷയങ്ങളിൽ മതപരവുമായ സാന്മാർഗ്ഗിക ബോധനം നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ്, വിനോദത്തിനുള്ള വിവിധ ക്ഷേമ പരിപാടികൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു.

(സി) ശിക്ഷാപ്രതികൾ കഴിയുന്ന പ്രധാനപ്പെട്ട ജയിലുകളിൽ തടവുകാരെ വിവിധ തൊഴിലുകളിൽ നൈപുണ്യം ഉള്ളവരാക്കുന്നതിന് വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. അപ്രകാരം ജയിലുകളിൽ നിന്നും വിവിധ തൊഴിലുകളിൽ പരിശീലനം ലഭിച്ച തടവുകാർക്ക് ജയിൽ മോചനത്തിനുശേഷം ടി തൊഴിലുകളെ ആശ്രയിച്ച് വരുമാനം കണ്ടെത്തുവാനും അതുവഴി അവരുടെ സമൂഹത്തിലുള്ള പുനരധിവാസം സാധ്യമാക്കുന്നതിനും സഹായകരമാകുന്നു. തൊഴിൽ പരിശീലന പരിപാടികൾക്കു പുറമെ കൗൺസിലിംഗ്, വിനോദ പരിപാടികൾ, സാക്ഷരതാ ക്ലാസ്സുകൾ,

സാക്ഷരരായവർക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ, തുല്യതാ ക്ലാസ്, കമ്പ്യൂട്ടർ ക്ലാസ്, ലൈബ്രറി സൗകര്യങ്ങൾ, വർത്തമാന പത്രങ്ങൾ, ടെലിവിഷൻ, എഫ്.എം. റേഡിയോ എന്നിവ അന്തേവാസികൾക്ക് ലഭ്യമാക്കിവരുന്നു. അന്തേവാസികളുടെ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ട് പ്രധാനപ്പെട്ട ജയിലുകളിൽ ക്ഷേമപ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വെൽഫെയർ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. തടവുകാരുടെ വിനോദത്തിനായി എല്ലാ വർഷവും ജയിൽ ക്ഷേമദിനാഘോഷം സംഘടിപ്പിച്ചുവരുന്നു. തടവുകാരുടെ ക്ഷേമം പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഈ പരിപാടിയോട് അനുബന്ധിച്ച് ജയിൽ അന്തേവാസികളുടെ കലാകായിക മത്സരങ്ങളും വിവിധ കലാ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

## ജയിൽ വകുപ്പിലെ ജീവനക്കാരുടെ ജോലി ക്രമീകരണ/അദർ ഡ്യൂട്ടി

146 (2014) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരെ ജോലി ക്രമീകരണ/അദർ ഡ്യൂട്ടി വ്യവസ്ഥയിൽ നിയമിക്കുന്നത് നിയന്ത്രിച്ചുകൊണ്ട് എന്തെങ്കിലും ഉത്തരവ്/സർക്കുലർ നിലവിലുണ്ടോ;

(ബി) എത്ര കാലത്തേയ്ക്കാണ് ജോലി ക്രമീകരണ/അദർ ഡ്യൂട്ടി വ്യവസ്ഥയിൽ നിയമനം അനുവദിച്ച് നൽകുന്നത്;

(സി) ഈ സർക്കാരിന്റെ കാലത്ത് ജയിൽ വകുപ്പിലെ ജീവനക്കാരെ ഇത്തരത്തിൽ മറ്റ് സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എക്സിക്യൂട്ടീവ് / മിനിസ്റ്റീരിയൽ തസ്തികകളിൽ നിയമിച്ചിട്ടുള്ളവരുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെ നിയമിച്ചവരിൽ കാലാവധി ദീർഘിപ്പിക്കാതെ എത്ര പേർ തുടരുന്നു; സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; ഇത്തരം ഡ്യൂട്ടിക്ക് ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് എന്ത് മാനദണ്ഡത്തിലാണ്; വ്യക്തമാക്കുമോ;

(ഇ) മറ്റ് സ്ഥാപനങ്ങളിലേക്ക് ഇത്തരത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ജയിൽ വകുപ്പിന്റെ കാര്യക്ഷമതയെയും സുരക്ഷയെയും ഓഫീസ് പ്രവർത്തനത്തെയും ഗുരുതരമായി ബാധിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) ഇത്തരം നിയമനങ്ങളെ നിയന്ത്രിക്കുന്നത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ, ധനകാര്യ വകുപ്പ്, പൊതുഭരണ വകുപ്പ് എന്നിവർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാരെ അദർ ഡ്യൂട്ടി വ്യവസ്ഥയിൽ നിയമിക്കുന്നത് നിയന്ത്രിച്ചുകൊണ്ട് സർക്കുലർ നിലവിലുണ്ട്.

(ബി) മൂന്ന് മാസം/ആറ് മാസം എന്നീ കാലയളവിലേയ്ക്കാണ് അദർ ഡ്യൂട്ടി വ്യവസ്ഥയിൽ നിയമനം അനുവദിച്ചുനൽകുന്നത്.

(സി) ഈ സർക്കാരിന്റെ കാലത്ത് ജയിൽ വകുപ്പിലെ ജീവനക്കാരെ ജോലി ക്രമീകരണ/അദർ ഡ്യൂട്ടി വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പത്തനംതിട്ട ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനാൽ ടി ജയിലിലെ 7 ഉദ്യോഗസ്ഥർ കാലാവധി നിശ്ചയിക്കാതെ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് അദർ ഡ്യൂട്ടി വ്യവസ്ഥയിൽ തുടരുന്നുണ്ട്. മറ്റു സ്ഥാപനങ്ങളിൽ ആരും തന്നെ കാലാവധി ദീർഘിപ്പിക്കാതെ തുടരുന്നില്ല. ജയിൽ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കാതിരിക്കുന്നതിനും ഭരണപരമായ സൗകര്യങ്ങൾക്കും വേണ്ടിയാണ് ഇത്തരത്തിൽ നിയമനം നടത്താറുള്ളത്. ജോലിക്രമീകരണ/അദർ ഡ്യൂട്ടി വ്യവസ്ഥയിൽ ജീവനക്കാരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ഇ) ജയിൽ വകുപ്പിന്റെ കാര്യക്ഷമതയെയും സുരക്ഷയെയും ഓഫീസ് പ്രവർത്തനത്തെയും ബാധിക്കാത്ത വിധത്തിലാണ് മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ഇത്തരത്തിൽ ജീവനക്കാരെ നിയമിക്കുന്നത്.

(എഫ്) ജയിൽ വകുപ്പിന്റെ ഭരണപരവും സുഗമവുമായ ദൈനംദിന പ്രവർത്തനങ്ങൾക്കായിട്ടാണ് അദർ ഡ്യൂട്ടിയിൽ നിയമനം നൽകിയിട്ടുള്ളത്.

## റിമാൻഡ് പ്രതികളുടെ പരിശോധനയ്ക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം

147 (2015) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികളുടെ റിമാൻഡ് നടപടിക്രമം പൂർത്തിയാക്കുന്നതിന് മുൻപും പരിശോധനകൾ കൃത്യമായി നടത്തുന്നതിന് മുൻപും ആരോഗ്യപരിശോധനാ സർട്ടിഫിക്കറ്റ് നൽകുന്നതിന് പോലീസ് സമ്മർദ്ദം ചെലുത്താറുള്ളത് സംബന്ധിച്ച് ഡോക്ടർമാരുടെ പരാതികൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പോലീസിന്റെ ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റിമാൻഡ് പ്രതികളുടെ പരിശോധനയ്ക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി കൃത്യമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ക്രിമിനൽ നടപടി നിയമസംഹിതയുടെ 54-ാം വകുപ്പ്, പോലീസ് ആക്ടിലെ 50-ാം വകുപ്പ് എന്നിവ അനുസരിച്ചും സംസ്ഥാന പോലീസ് മേധാവിയുടെ 23-3-2011-ലെ സർക്കുലർ അനുസരിച്ചും 11-2-1999-ലെ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ജയിൽ മേധാവി പുറപ്പെടുവിച്ച 8-12-2014-ലെ സർക്കുലർ അനുസരിച്ചും പ്രതികളുടെ മെഡിക്കൽ പരിശോധന സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**തടവുകാർക്ക് തൊഴിൽ പരിശീലനം**

148 (2016) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശിക്ഷാകാലയളവിന് ശേഷം ജീവിതം വഴിമുട്ടുന്ന തടവുകാർക്ക് ശിക്ഷാകാലയളവിൽത്തന്നെ മികച്ച തൊഴിൽ പരിശീലനം നൽകുന്നതിനായി അസാപ് ഉൾപ്പെടെയുള്ള പദ്ധതികൾ ഉപയോഗിച്ച് പരിശീലനം നൽകാൻ നടപടികൾ സ്വീകരിക്കുമോ; ആയത് വിശദമാക്കുമോ?

<u>ഉത്തരം</u>

അസാപ് പദ്ധതികൾ ഉപയോഗിച്ച് തൊഴിൽ പരിശീലനം നിലവിൽ നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ ജയിലുകളിൽ ഗവൺമെന്റ് പോളിടെക്നിക്, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, റൂഡ്സെറ്റ്, റെയ്ഡ്കോ, മണ്ണുത്തി കാർഷിക സർവ്വകലാശാല, ജില്ലാ വ്യവസായ കേന്ദ്രം എന്നിവയുടെ സഹായത്തോടെ തടവുകാർക്ക് വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പരിശീലനം നൽകിവരുന്നു.

**അച്ചടി വകുപ്പിൽ രണ്ടാം ഗ്രേഡ് ഹെൽപ്പർ തസ്തികയിലെ നിയമനം**

149 (2018) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ സാങ്കേതിക വിഭാഗത്തിൽ രണ്ടാം ഗ്രേഡ് ഹെൽപ്പർ തസ്തികയിലേക്ക് കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ്

സ്പെഷ്യൽ റൂൾ ചട്ടങ്ങൾക്ക് വിരുദ്ധമായി അച്ചടി വകുപ്പ് ഡയറക്ടർ നടത്തിയ പ്രമോഷൻ ഉത്തരവ് റദ്ദ് ചെയ്യുന്ന നടപടി ഏത് വരെയായിയെന്നും ചട്ട വിരുദ്ധമായി നടത്തിയ പ്രൊമോഷൻ റദ്ദ് ചെയ്തിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം എത്ര ജീവനക്കാർക്കാണ് പ്രൊമോഷൻ നൽകിയത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ;

(സി) ചട്ടവിരുദ്ധമായി പ്രൊമോഷൻ ലഭിച്ചത് ഏതെല്ലാം തസ്തികകളിലെ ഏതേത് ജീവനക്കാർക്കെന്ന് വ്യക്തമാക്കുമോ?

(ഡി) അച്ചടി വകുപ്പിലെ ഏതെല്ലാം സംഘടനകൾ ഇത് സംബന്ധിച്ച് സർക്കാരിൽ പരാതി നൽകിയിട്ടുണ്ട്; അവർക്ക് മറുപടി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) പരിശോധിച്ചുവരുന്നു.

(ഡി) കേരള ഗവ. പ്രസ്സ് വർക്കേഴ്സ് യൂണിയൻ, കേരള ഗവ. പ്രസ്സ് വർക്കേഴ്സ് കോൺഗ്രസ് എന്നീ സംഘടനകളാണ് സർക്കാരിൽ പരാതി സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പരാതി പരിശോധിച്ചുവരുന്നതേയുള്ളൂവെന്നതിനാൽ ഇവർക്ക് മറുപടി നൽകാൻ കഴിഞ്ഞിട്ടില്ല.

## ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി

150 (2019) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം സംസ്ഥാന താല്പര്യങ്ങൾക്ക് എതിരാണെന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ ഷെയറുകൾ ഏറ്റെടുത്ത് അതിനെ പൊതുമേഖലയിൽ നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ;

(സി) ധനകാര്യ സ്ഥാപനങ്ങളുടെ ഒരു കൺസോർഷ്യം ഉണ്ടാക്കി നിലവിലുള്ള കടബാധ്യത തീർത്തും 450 കോടി രൂപ നവീകരണത്തിനായി ലഭ്യമാക്കിയും കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) HNL-ന്റെ ആസ്തി ബുക്ക് വാല്യൂ നിരക്കിൽ സംസ്ഥാനം സ്വമേധയാ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് 27-10-2018-ൽ ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുള്ളതാണ്. എച്ച്.എൻ.എൽ.-ന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനുള്ള തീരുമാനം നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ എടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സബ്സിഡിയറി കമ്പനിയായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംസ്ഥാന സർക്കാർ സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**ജലപാതകൾ**

151 (2020) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ജലപാതകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വാട്ടർ വേയ്സ് ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനിയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ തിരുവനന്തപുരത്തെ പാർവ്വതി പുത്തനാർ, തൃശ്ശൂർ ഭാഗത്തെ കനോലി കനാലിന്റെ കോട്ടപ്പുറം മുതൽ പൊന്നാനി വരെയുള്ള ഭാഗം, കനോലി കനാലിന്റെ തന്നെ കോഴിക്കോട് നഗരത്തിലുള്ള കല്ലായിപ്പുഴ മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഭാഗം എന്നിവയുടെ ശുചീകരണം KWIL നടത്തിവരുന്നു. മാഹിപ്പുഴയ്ക്കും വളപട്ടണം പുഴയ്ക്കും ഇടയിലുള്ള മൂന്ന് ജലപാതകളുടെ സ്ഥാനനിർണ്ണയം നടത്തി സ്ഥലം ഏറ്റെടുക്കലിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നീലേശ്വരം പുഴയെ ചിറ്റാരിപ്പുഴയുമായി ബന്ധിപ്പിക്കുന്ന 7 കി.മീ. ദൈർഘ്യമുള്ള കൃത്രിമ ജലപാതയുടെ സ്ഥാനനിർണ്ണം പൂർത്തിയാക്കി. കൂടാതെ തിരുവനന്തപുരം മുതൽ ബേക്കൽ വരെയുള്ള ജലപാത 2020-ൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പുമായി ചേർന്ന് നടത്തിവരുന്നു.

**ദേശീയ ജലപാത നിർമ്മാണം**

152 (2021) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവളം മുതൽ ബേക്കൽ വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത ജലപാത എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ടി ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി.മീ. ഭാഗവും ആലപ്പുഴ-കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം - വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ തമിഴ്നാട്ടിലെ ഇരയിമ്മൻത്തുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി.മീ., കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി.മീ. എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തിവരുന്നത്. ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർ വേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ പാർവ്വതി പുത്തനാറിന്റെ 16.045 കി.മീ. ഭാഗത്തെ കനാൽ വികസനം KWIL ന്റെ മേൽനോട്ടത്തിൽ KIIFB ധനസഹായത്തോടെ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പാർവ്വതി പുത്തനാറിന്റെ ശുചീകരണം KWIL ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. പാർവ്വതി പുത്തനാറിന്റെ വീതി 25 മീറ്ററും ഇരുവശങ്ങളിൽ റോഡുകൾ 5 മീറ്റർ

വീതിയും പൈപ്പ് ലൈനും മറ്റും സ്ഥാപിക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കോവളം, ആക്കുളം, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട് ടെർമിനലുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കും പാർവ്വതി പുത്തനാറിന് കുറുകെ കരിക്കകം, പുത്തൻപാലം, പനത്തുറ ഭാഗങ്ങളിൽ ലിഫ്റ്റിംഗ് സംവിധാനത്തോടുകൂടി പാലം നിർമ്മാണത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കരിക്കകത്തും പുത്തൻപാലത്തും മണ്ണ് പരിശോധന പൂർത്തിയായി തുടർനടപടികൾ നടന്നുവരുന്നു. 1.10 കി.മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്ന പദ്ധതി, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ മുഖേന തയ്യാറാക്കിവരുന്നു. വർക്കലയിൽ വർക്കല, അഞ്ച്തെങ്ങ്, താഴെവെട്ടൂർ, നടയറ, രാമന്തളി തുടങ്ങിയ ഭാഗങ്ങളിൽ 4 പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലംതോടിലെ 1, 3, 4, 5 റീച്ചുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. റീച്ച് 2-ന്റെ ദർഘാസ് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ ഭാഗം (ചെ. 411.78 കി. മീ - 450.08 കി. മീ) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനും പയ്യോളി കനാലിന്റെ വികസനത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ -467.69 കി.മീ. ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി - വളപട്ടണത്തിനും ഇടയിലെ 3 'അൺകട്ട് ' ഭാഗങ്ങളിലും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള 'അൺകട്ട് ' ഭാഗത്തും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം - കാസർഗോഡ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗത യോഗ്യമാക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 2022-ൽ തീരുന്ന രണ്ടാം ഘട്ടത്തിൽ പുനരധിവാസം നടപ്പിലാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പിലാക്കുവാനും 2025-ൽ തീരുന്ന 3-ാം ഘട്ടത്തിൽ ദേശീയ ജലപാത നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനത്തിനും സാദ്ധ്യമാകുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം 3 ഘട്ടങ്ങളിലായി സമയബന്ധിതമായി ജലപാതാ വികസനം നടപ്പിലാക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചുവരുന്നത്.

## കൊച്ചി-മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി

153 (2022) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗാലപുരം ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി പൂർണ്ണമായി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രയോജനം ഏതെല്ലാം ജില്ലക്കാർക്ക് ലഭ്യമാകമെന്ന് വ്യക്തമാക്കുമോ; പദ്ധതി പൂർണ്ണമായി എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗെയിലിന്റെ കൊച്ചി-മംഗലാപുരം പൈപ്പ് ലൈനിന്റെ 99% ജോലികളും പൂർത്തിയായി കഴിഞ്ഞു.

കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈനിൽ പ്രധാനമായും 5 നദികൾക്ക് കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണി മാത്രമേ ബാക്കിയുള്ളൂ. നേത്രാവതി നദി (മംഗലാപുരം), ചന്ദ്രഗിരി നദി (കാസർഗോഡ്), ഇരവഴിഞ്ഞി പുഴ, കുറ്റ്യാടി പുഴ, ചാലിയാർ പുഴ (കോഴിക്കോട്) എന്നീ ജലാശയങ്ങളിലെ പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി 2019 ജൂലൈ 31നകം കമ്മീഷൻ ചെയ്യുവാനാണ് വിഭാവന ചെയ്യുന്നത്.

(ബി) സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രയോജനം എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ലഭ്യമാകുന്നതാണ്. എറണാകുളം ജില്ലയിൽ സിറ്റി ഗ്യാസ് പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കൊച്ചി-മംഗലാപുരം ഗെയിൽ-വാതക പൈപ്പ് ലൈൻ പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം മാത്രമേ സിറ്റി ഗ്യാസ് പദ്ധതി മറ്റു ജില്ലകളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

## മഴക്കാല പൂർവ്വ ശുചീകരണം

154 (2023) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗരസഭകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മഴക്കാലത്തിനുമുൻപ് പൂർത്തിയാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. മഴക്കാലത്തിനു മുൻപും പിൻപും നടപ്പിലാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 'ആരോഗ്യരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന പേരിലുള്ള പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന വിവിധ വകുപ്പുകളുടെ ഏകോപന യോഗത്തിൽ മഴക്കാല പൂർവ്വ ശുചീകരണവും പകർച്ചവ്യാധി നിയന്ത്രണവും സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. അതിനെത്തുടർന്ന് മേയ് മാസത്തിൽ ഓരോ ജില്ലകളുടെയും ചാർജ്ജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാർ ജില്ലാതലത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും അവലോകനം ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും സംസ്ഥാനത്തുടനീളം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട ശുചീകരണ, ഉറവിട നശീകരണ കാമ്പയിനുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ ഊർജ്ജിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ആരോഗ്യ വകുപ്പിന്റെ വിവിധ തലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

**എൻ.ആർ.എച്ച്.എം. പദ്ധതി**

155 (2024) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം എത്ര ഡോക്ടർമാർ ജോലി ചെയ്ത് വരുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം 1661 ഡോക്ടർമാർ ജോലി ചെയ്തുവരുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹൃദ്യം പദ്ധതി

156 (2025) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സാസൗകര്യങ്ങൾ ഏതെല്ലാം ആശുപത്രികളിലാണ് നിലവിലുള്ളതെന്നും ഇതുവഴി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ;

(ബി) സർക്കാർ ആശുപത്രികൾക്ക് പുറമേ കൂടുതൽ സ്വകാര്യ ആശുപത്രികളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജന്മനാലുള്ള ഹൃദ്രോഗം അഥവ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലും ഹൃദ്യം പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, എറണാകുളം, ആസ്റ്റർ മെഡിസിറ്റി, എറണാകുളം, ലിസി ആശുപത്രി, എറണാകുളം, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, തിരുവല്ല, മിംസ് ഹോസ്പിറ്റൽ, കോഴിക്കോട് എന്നീ ആശുപത്രികളെ ഹൃദ്യം പദ്ധതിയ്ക്ക് മാത്രം എംപാനൽ ചെയ്തിട്ടുണ്ട്.

ഹൃദ്യം പദ്ധതി വഴി നൽകി വരുന്ന ആനുകൂല്യങ്ങൾ :

1. ഹൃദ്യം പദ്ധതി വഴി 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സ, ശസ്ത്രക്രിയ ഉൾപ്പെടെ സൗജന്യമായി ലഭ്യമാക്കുന്നു.

2. APL/BPL വ്യത്യാസമില്ലാതെ ജനനം മുതൽ 18 വയസ്സുവരെയുള്ള ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന, കേരളത്തിന് അകത്തുള്ള ഏതൊരു കുട്ടിക്കും ഹൃദ്യം പദ്ധതി വഴി ചികിത്സാ സൗകര്യം ലഭ്യമാണ്.

3. ഗർഭാവസ്ഥയിൽ ഹൃദ്രോഗം കണ്ടെത്തുന്ന കുഞ്ഞുങ്ങൾക്കും ഹൃദ്യം പദ്ധതിവഴി സേവനങ്ങൾ ലഭ്യമാണ്.

4. പ്രധാന സർക്കാർ പ്രസവാശുപത്രികളിൽ ജന്മനായുള്ള ഹൃദ്രോഗം നേരത്തെ കണ്ടെത്തുന്നതിന് "ശലഭം" പദ്ധതിയിൽ ഉൾപ്പെടുത്തി 'പൾസ് ഓക്സീമീറ്റർ' പരിശോധന നടത്തിവരുന്നു.

5. ജന്മനാലുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന കുഞ്ഞുങ്ങളെ ഒരു ശിശുരോഗ വിദഗ്ധന്റെ സഹായത്തോടെ ECHO ഉൾപ്പെടെയുള്ള പരിശോധന വഴി എത്രയും നേരത്തെതന്നെ കൃത്യമായി അസുഖം കണ്ടെത്തി ഹൃദ്യം പദ്ധതിവഴി ചികിത്സ സാധ്യമാക്കുന്നു.

(ബി) ജന്മനായുള്ള ഹൃദ്രോഗം അഥവ CHD എന്ന അസുഖത്തിന് വിദഗ്ധ ചികിത്സയും സർജ്ജറിയും ലഭ്യമാകുന്ന ആശുപത്രികളിൽ പ്രത്യേക ചികിത്സാസൗകര്യങ്ങളുടെയും സേവനങ്ങളുടെയും വിദഗ്ധരായ ഡോക്ടർമാർ മറ്റ് വിദഗ്ധരായ ജീവനക്കാരുടെ ലഭ്യതയും അനുസരിച്ചാണ് ഹൃദ്യം പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിരിക്കുന്നത്. കൂടാതെ ശ്രീചിത്ര ആശുപത്രി, മെഡിക്കൽ കോളേജ്, കോട്ടയം എന്നീ ആശുപത്രികളിലെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട വിദഗ്ധരായ ഡോക്ടർമാർ അടങ്ങുന്ന ഒരു ടെക്നിക്കൽ ടീമിന്റെ നേരിട്ടുള്ള പരിശോധനയുടെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ജന്മനായുള്ള ഹൃദ്രോഗ ചികിത്സാ സൗകര്യമുള്ള മറ്റ് ആശുപത്രികളുടെ ഭാഗത്തുനിന്ന് 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റും' ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുടെ/വിദഗ്ധരായ സർജ്ജൻ, ഡോക്ടർ, ജീവനക്കാരുടെ വിശദാംശങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് എംപാനൽ നടപടികൾ ആരംഭിക്കുന്നതിനുള്ള തീരുമാനം സംസ്ഥാന മിഷൻ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

## ഹൃദ്യം ചികിത്സാ പദ്ധതി

157 (2026) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശൈശവത്തിലുള്ള കുട്ടികളുടെ ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സ നൽകുന്ന പദ്ധതിയായ ഹൃദ്യം പദ്ധതി എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത്;

(ബി) ഹൃദ്യം പദ്ധതിയിൽ ചികിത്സാ സൗകര്യം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിൽ ഇതുമായി ബന്ധപ്പെട്ട് ചികിത്സാ സൗകര്യം നിലവിലുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഹൃദ്യം പദ്ധതി 2017 ആഗസ്റ്റ് മാസം 31 മുതൽ ആരംഭിച്ചു.

(ബി) എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ജനനം മുതൽ 18 വയസ്സുവരെയുള്ള ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന കേരളത്തിനകത്തുള്ള ഏതൊരു കുട്ടിക്കും ഹൃദ്യം പദ്ധതി വഴി ചികിത്സാ സൗകര്യം ലഭ്യമാണ്.

(സി) ജന്മനാലുള്ള ഹൃദ്രോഗം അഥവ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സ് വഴിയും ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സ നടത്തിവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം, ആസ്റ്റർ മെഡിസിറ്റി, എറണാകുളം, ലിസി ആശുപത്രി, എറണാകുളം, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, തിരുവല്ല, മിംസ് ഹോസ്പിറ്റൽ, കോഴിക്കോട് എന്നീ ആശുപത്രികളിലും ആർ.ബി.എസ്.കെ. മാർഗ്ഗനിർദ്ദേശ പ്രകാരം ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.

**ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്**

158 (2027) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊതുകുജന്യരോഗങ്ങൾക്കെതിരെ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിനായി രൂപീകരിച്ച ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകളുടെ പ്രധാന ഫീൽഡ് ജോലികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ; ഫീൽഡ് വർക്കർ തസ്തിക അനുവദിക്കുന്നത് ജില്ലയിലെ ജനസംഖ്യക്ക് ആനുപാതികമായാണോ എന്നറിയിക്കാമോ :

(സി) മലപ്പുറം ജില്ലയിലെ വർദ്ധിച്ച ജനസംഖ്യയും കൂടിയ ഭൂവിസ്തൃതിയും കണക്കിലെടുത്ത് കൂടുതൽ ഫീൽഡ് വർക്കർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊതുക് നിരീക്ഷണവും കൊതുക് നിയന്ത്രണവും പ്രധാനമായും ജില്ലയിലെ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കുക, ആവശ്യമെങ്കിൽ

ഗ്രാമപ്രദേശങ്ങളിലും ഇത്തരം കാര്യങ്ങൾ ചെയ്യുക, മന്തുരോഗാണു രക്തപരിശോധന നടത്തി ആവശ്യമെങ്കിൽ ചികിത്സ നൽകുക, മന്തുരോഗബാധിതരെ കണ്ടെത്തി ആവശ്യമായ പരിചരണം ലഭ്യമാക്കുക, മന്തുരോഗ ക്ലിനിക്കുകളിലും മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകളിലും വേണ്ട സഹായങ്ങൾ ചെയ്യുക, ആരോഗ്യ-ജാഗ്രതാ പ്രവർത്തനങ്ങൾ, കാമ്പയിനുകൾ, പ്രാണിജന്യ രോഗവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ/മാസാചരണങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കുക, അങ്ങനെ പ്രാണിജന്യ രോഗ പ്രതിരോധവും നിയന്ത്രണവും നടപ്പിൽ വരുത്തുക തുടങ്ങിയവയാണ് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകളുടെ പ്രധാന ഫീൽഡ് ജോലികൾ.

(ബി) സ്റ്റാഫ് പാറ്റേൺ ഉൾക്കൊള്ളുന്ന ഉത്തരവ് അനുബന്ധം ആയി ചേർക്കുന്നു.* ഫീൽഡ് വർക്കർ തസ്തിക അനുവദിക്കുന്നത് ജില്ലയിലെ ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടല്ല.

(സി) തത്കാലം സർക്കാരിന്റെ പരിഗണനയിലില്ല.*

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

159 (2028) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാവിഭാഗം ജനങ്ങൾക്കുമായി എല്ലാ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട് പുതിയ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങളും ഇതിലൂടെ ലഭിക്കാവുന്ന ആനുകൂല്യങ്ങളും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മാർച്ച് 31, 2019 വരെ നിലവിൽ ഉണ്ടായിരുന്ന ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ്, എസ് ചിസ്, കാരുണ്യ പദ്ധതികൾ ലയിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 2019 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി വഴി തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 40.96 കുടുംബത്തിന് 5,00,000 രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സ ലഭ്യമാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ 2019 മാർച്ച് 31 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ/ചിസ് ഗുണഭോക്താവോ, ആയുഷ്മാൻ ഭാരത് പദ്ധതിയുടെ മാനദണ്ഡ പ്രകാരം സാമൂഹിക സാമ്പത്തിക സെൻസസ് 2011 പ്രകാരം ദുർബല വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖയുള്ളവർക്കോ ആണ് പദ്ധതിയിൽ അംഗമാകാൻ സാധിക്കുന്നത്. പ്രസ്തുത പദ്ധതി വഴി തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കുടുംബത്തിന് 5,00,000 രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സ ലഭ്യമാകും.

**ആരോഗ്യ ഇൻഷ്വറൻസ് രജിസ്ട്രേഷൻ**

160 (2029) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പുതുക്കുന്നതിനായി ഉപഭോക്താക്കൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ; ഈ വിവരങ്ങൾ പൊതുജനങ്ങളെ എങ്ങനെയാണ് അറിയിച്ചതെന്ന് വിശദമാക്കുമോ;

(ബി) വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ പല സെന്ററുകളിലും ഈ പ്രക്രിയ തുടങ്ങിയതുകാരണം കിടപ്പിലായ രോഗികൾ ഉൾപ്പെടെയുള്ള വൃദ്ധജനങ്ങൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മണിക്കൂറുകൾ നീണ്ട ക്യൂവിൽ നിന്നശേഷം രജിസ്ട്രേഷൻ പുതുക്കാനാകാതെ പലരും തിരികെ പോകുന്നത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) രജിസ്ട്രേഷൻ നടപടികൾ പുതുക്കുന്നതിലെ പരാതികൾ പരിഹരിക്കാൻ ജില്ലാടിസ്ഥാനത്തിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ ഇൻഷ്വറൻസ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നിലവിൽ വന്ന 2019 ഏപ്രിൽ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഇൻഷ്വറൻസ് സേവന ദാതാവായ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

നടപ്പുസാമ്പത്തിക വർഷം ആർ.എസ്.ബി.വൈ/ചിസ് (RSBY/CHIS) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയായി മാറുന്നതിനാൽ പുതുക്കാനായി വരുന്നവർ നിലവിലെ ആർ.എസ്.ബി.വൈ/ചിസ് കാർഡോ, ആയുഷ്മാൻ ഭാരത് പദ്ധതിയുടെ മാനദണ്ഡ പ്രകാരം സാമൂഹിക സാമ്പത്തിക സെൻസസ് 2011 പ്രകാരം ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖ ഉള്ളവർക്കോ വ്യക്തിയുടെ ആധാർ കാർഡ്, കുടുംബത്തിന്റെ റേഷൻ കാർഡ് എന്നിവയുമായി പദ്ധതിക്കായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ സജ്ജീകരിച്ച പുതുക്കൽ കേന്ദ്രങ്ങളിൽ ഒരു കുടുംബത്തിനു പുതുക്കൽ ഫീസ് ആയി നിശ്ചയിച്ച അമ്പതു രൂപ നൽകി പുതുക്കാവുന്നതാണ്.

പത്രമാധ്യമങ്ങൾ വഴിയും, കുടുംബശ്രീ പ്രവർത്തകർ വഴി വീട് തോറും അറിയിപ്പ് നൽകിയും പഞ്ചായത്ത് തലത്തിൽ അറിയിപ്പ് നൽകിയുമാണ് പൊതുജനങ്ങളിലേയ്ക്കു കാർഡ് പുതുക്കുന്നത് സംബന്ധിച്ച വിവരം എത്തിക്കുന്നത്.

(ബി) പുതുക്കൽ കേന്ദ്രങ്ങളിൽ ആവശ്യമായ ഒരുക്കത്തിന് ശേഷമാണ് പ്രസ്തുത കേന്ദ്രം പ്രവർത്തനം തുടങ്ങുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള സോഫ്റ്റ്‍വെയർ ഉപയോഗിച്ചാണ് പദ്ധതി പുതുക്കുന്ന പ്രക്രിയ ചെയ്യുന്നത്. എന്നാൽ ഈ സോഫ്റ്റ്‍വെയർ പലതവണ പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥ പുതുക്കൽ പ്രക്രിയയുടെ ആരംഭഘട്ടത്തിൽ സംഭവിച്ചതിനാൽ ഇതു ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതു ഒഴിവാക്കുന്നതിനായി ടോക്കൺ സംവിധാനവും കിടപ്പിലായ രോഗികൾക്ക് ആവശ്യപ്പെടുന്നതനുസരിച്ച് അവരുടെ വീടുകളിൽ പോയി പുതുക്കി നൽകുന്നതിനുള്ള സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിൽ അത്യാവശ്യമായി ചികിത്സ ലഭിക്കേണ്ടവർക്കായി പുതുക്കൽ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാണ്. മാത്രമല്ല കേന്ദ്ര സർക്കാരിന്റെ സോഫ്റ്റ്‍വെയർ കൂടുതൽ കരുത്തുറ്റതാകാനുള്ള നിർദ്ദേശം നൽകുകയും സമയാസമയം ആവശ്യമായ മാറ്റങ്ങൾ സോഫ്റ്റ്‍വെയറിൽ വരുത്താൻ സംസ്ഥാന പദ്ധതി നിർവ്വഹണ ഏജൻസിയായ ചിയാക് നിർദ്ദേശം നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു.

(സി) ജില്ലാ അടിസ്ഥാനത്തിലുള്ള പരാതികൾ പരിഹരിക്കാൻ ടോൾ ഫ്രീ നമ്പറുകൾ എല്ലാ പുതുക്കൽ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുകയും പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി സർക്കാരിന്റെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ചിയാക്കിന്റെ ജില്ലാ പ്രോജക്ട് മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

## ആരോഗ്യ ജാഗ്രതാ പരിപാടി

161 (2030) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി സാംക്രമിക രോഗങ്ങൾ അടക്കം പകരുന്നത് തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടപടികൾ ഊർജ്ജിതമാക്കുമോ;

(ബി) ആരോഗ്യ ജാഗ്രതാ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) സാംക്രമിക രോഗങ്ങൾ തടയുന്നതിനായി പ്രതിദിനം പ്രതിരോധത്തിനായി ആരോഗ്യ വകുപ്പ് നടത്തുന്ന 'ആരോഗ്യ ജാഗ്രത' പരിപാടിയോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം' എന്ന പരിപാടിയും ഊർജ്ജിതമായി നടപ്പിലാക്കിവരികയാണ്.

(ബി) സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലം മുതൽ വാർഡു തലം വരെയുള്ള ആലോചനയോഗങ്ങൾ, ഏകോപന യോഗങ്ങൾ, വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികളുടെ ശാക്തീകരണവും യോഗങ്ങളും, പ്രത്യേക ഗ്രാമസഭകൾ, ആരോഗ്യസേനാ രൂപീകരണം, ശുചിത്വ മാപ്പിംഗ്, വാർഡുതല, തദ്ദേശസ്ഥാപനതല കർമ്മ പദ്ധതികൾ തയ്യാറാക്കൽ, രോഗപ്രതിരോധ കാമ്പയിനുകൾ, ശുചീകരണ പ്രവർത്തനങ്ങൾ, ഡ്രൈഡേ ആചരണം, ബോധവത്കരണ പ്രവർത്തനങ്ങൾ, ഹെൽത്തി കേരള പരിശോധനകൾ എന്നിങ്ങനെ വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ആരോഗ്യസേനാ അംഗങ്ങൾ ഗൃഹസന്ദർശനം, മാലിന്യ നിർമ്മാർജ്ജനം, പരിസര ശുചീകരണം, കുടിവെള്ളം ക്ലോറിനേഷൻ, കൊതുകുറവിട നശീകരണം തുടങ്ങിയ കാര്യങ്ങൾ നടത്തുന്നു. അതോടൊപ്പം ആശുപത്രികൾ വഴി രോഗനിരീക്ഷണം, സ്ഥിരീകരണം, ചികിത്സ, രോഗനിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവയും നടത്തിവരുന്നു. ദുരന്തങ്ങളുണ്ടായാൽ ദുരിതാശ്വാസവും മറ്റ് ദുരന്ത നിവാരണ പ്രവർത്തനങ്ങളും നടത്തുന്നു.

**മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

162 (2031) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ ജില്ലയിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

ആരോഗ്യ ജാഗ്രതയുമായി ബന്ധപ്പെട്ട് ജില്ലയിലെ മെഡിക്കൽ ഓഫീസർമാർക്കും സൂപ്പർവൈസർമാർക്കും 15-2-2019-ന് പരിശീലനം സംഘടിപ്പിച്ചു.

വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാതല ഇന്റർ സെക്ടറൽ മീറ്റിംഗ് 1-2-2019, 9-5-2019 എന്നീ തീയതികളിൽ സംഘടിപ്പിച്ചു. ആരോഗ്യ സന്ദേശ യാത്ര ജില്ലയിൽ ഉടനീളം 7-2-2019 മുതൽ സംഘടിപ്പിച്ചു. വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ സംഘടിപ്പിച്ചു. മൈക്രോപ്ലാൻ, ശുചിത്വ മാപ്പ് എന്നിവ തയ്യാറാക്കി. ആശാ, ആരോഗ്യ സേവന പ്രവർത്തകർക്ക് പരിശീലനം നൽകി. ജില്ലയിൽ പകർച്ചവ്യാധികൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി. ജില്ലയിലെ സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിവിധ രോഗങ്ങളുടെ ചികിത്സാ മാർഗ്ഗരേഖ വിതരണം ചെയ്തു. കൊതുകിന്റെ ഉറവിട നശീകരണ പരിപാടി ജില്ലയിൽ 5-4-2019 മുതൽ 10-4-2019 വരെ വീടുകൾ, സ്ഥാപനങ്ങൾ, ഓഫീസുകൾ, കെട്ടിട നിർമ്മാണ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു. സുരക്ഷിത കുടിവെള്ള കാമ്പയിൻ 26-4-2019, 27-4-2019 എന്നീ തീയതികളിൽ ജില്ലയിൽ നടത്തി. കിണറുകളുടെ ക്ലോറിനേഷൻ, കുടിവെള്ള സ്രോതസ്സുകളുടെ പരിശോധന, വെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികൾ, ഹോട്ടലുകൾ, ബേക്കറികൾ, കൂൾബാറുകൾ, വെള്ളം ശേഖരിച്ച് വയ്ക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിശോധന, ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.

ജില്ലയിലെ 72 പഞ്ചായത്തുകളിലും 6 മുനിസിപ്പാലിറ്റികളിലും ഊർജ്ജിത ശുചീകരണ യജ്ഞം 11-5-2019, 12-5-2019 എന്നീ തീയതികളിൽ നടത്തി.

29-5-2019-ൽ അതിഥി സംസ്ഥാനക്കാരായ തൊഴിലാളികളെ താമസിപ്പിക്കുന്ന സ്ഥലങ്ങളിലും തൊഴിലിടങ്ങളിലും ഇത്തരം തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും പകർച്ചവ്യാധി നിയന്ത്രണത്തിനും വേണ്ടി

ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെയും അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെയും സംയുക്ത ആഭിമുഖ്യത്തിൽ പരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി.

ജലത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്ന രോഗങ്ങൾ, ഭക്ഷ്യ വിഷബാധ എന്നിവ നിയന്ത്രിക്കുന്നതിനായി 25-5-2019-ൽ ജില്ലയിലെ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ടീ ഷോപ്പുകൾ, കാറ്ററിംഗ് സെന്ററുകൾ, കൂൾ ബാറുകൾ, സോഡാ നിർമ്മാണ യൂണിറ്റുകൾ, ഐസ് ഫാക്ടറികൾ, ഹോസ്റ്റലുകളുടെ മെസ്, ഭക്ഷണം പാചകം/ വിതരണം ചെയ്യുന്ന മറ്റു സ്ഥാപനങ്ങൾ, സ്കൂളുകളുടെ അടുക്കള എന്നീ സ്ഥലങ്ങളിൽ പരിശോധന ത്തി.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 28-5-2019-ന് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ആരോഗ്യ സ്ഥിര സമിതി അദ്ധ്യക്ഷന്മാരുടെയും യോഗം ചേർന്ന് പഞ്ചായത്തുതല രൂപരേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിച്ചു.

ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ കുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേഷൻ നടത്തുകയും തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവൂ എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് എലിപ്പനി പ്രതിരോധ മരുന്ന് ആഴ്ചയിലൊരിക്കൽ നൽകുകയും മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ, കർഷകർ തുടങ്ങിയവർ ജോലിക്ക് ശേഷം കൈകാലുകൾ സോപ്പുപയോഗിച്ച് കഴുകുകയും പനി വന്നാൽ സ്വയം ചികിത്സ നടത്താതെ ഉടനെ ഡോക്ടറുടെ സേവനം തേടേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊതുകുജന്യരോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. "ഈഡിസേ വിട" എന്ന പേരിൽ ഡെങ്കിപ്പനിക്ക് എതിരെയുള്ള ഉറവിട നശീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരണം, വെള്ളിയാഴ്ച – സ്കൂളുകൾ, ശനിയാഴ്ച – ആഫീസുകൾ, ഞായറാഴ്ച – വീടുകൾ എന്ന രീതിയിൽ ശക്തമാക്കി.

മലേറിയ കേസ്സുകൾ കണ്ടെത്തുന്നതിനുള്ള സ്ലൈഡ് ലാൻസെറ്റ് എന്നിവ എല്ലാ സ്ഥാപനങ്ങൾക്കും നൽകുകയും പനിയുള്ളവരുടെ പ്രത്യേകിച്ച് അതിഥി തൊഴിലാളികളുടെയും മറ്റ് സംസ്ഥാനങ്ങളിൽ പോയിട്ട് വന്നവരുടെയും രക്ത സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്താൽ ഫോഗിംഗ്,

സ്പ്രേയിംഗ് ചെയ്യുന്നതിനാവശ്യമായ കെമിക്കൽസ് ശേഖരിച്ചിട്ടുണ്ട്. Indoor Space Spray ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ, ഡെങ്കിപ്പനി ബാധിച്ച വ്യക്തികൾക്ക് നൽകുന്നതിനാവശ്യമായ കൊതുകുവല, Mosquito repellent cream എന്നിവ ആരോഗ്യ സ്ഥാപനങ്ങളിൽ നൽകിയിട്ടുണ്ട്. വലിയ ആശുപത്രികളിലെ പനി വാർഡുകൾ, കൊതുക് കടക്കാത്ത രീതിയിൽ ആക്കുകയും മറ്റ് കൊതുക് നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ സ്ഥാപനങ്ങളിലും Rapid Response team രൂപീകരിച്ചു. ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ, മറ്റ് ചികിത്സാ സൗകര്യങ്ങൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ പരിശീലനവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

ശരിയായ ആരോഗ്യ ശീലങ്ങൾ പാലിച്ച് പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന് ആവശ്യമായ സന്ദേശങ്ങൾ യഥാസമയം ജനങ്ങളിൽ എത്തിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ, ബോധവത്കരണ ക്ലാസ്സുകൾ, ഗ്രൂപ്പ് ചർച്ചകൾ, ലഘുലേഖ വിതരണം, പോസ്റ്ററുകൾ, ബാനറുകൾ, എഫ്.എം. റേഡിയോ, പത്രവാർത്തകൾ, സാമൂഹ്യമാധ്യമം എന്നിവ സ്വീകരിച്ചിട്ടുണ്ട്.

**പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾ**

163 (2032) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾക്ക് ഡിഫ്ത്തീരിയ, അഞ്ചാംപനി, വില്ലൻചുമ, മുണ്ടിനീര് എന്നീ അസുഖങ്ങൾ ബാധിക്കുന്നു എന്ന റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം ഇതുവരെ എത്ര കുട്ടികൾക്ക് ഡിഫ്ത്തീരിയ തുടങ്ങിയ അസുഖങ്ങൾ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അസുഖം ബാധിച്ചവർ പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കാത്തവരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രതിരോധ കുത്തിവയ്പ്പ് എല്ലാ കുട്ടികൾക്കും നിർബന്ധമായും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗൗരവമായി പരിഗണിച്ചിട്ടുണ്ട്.

(ബി) 2019 ജനുവരി മുതൽ മേയ് മാസം വരെ ചുവടെ ചേർത്തിരിക്കുന്ന രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കുട്ടികളും മുതിർന്നവരും ഉൾപ്പെടുന്നു.

ഡിഫ്ത്തീരിയ - 94

പെർട്ടുസസ് (വില്ലൻചുമ) - 56

മീസിൽസ് (അഞ്ചാം പനി) - 556

(സി) അസുഖം ബാധിച്ചവരിൽ ഭൂരിഭാഗം പേരും ദേശീയ പ്രതിരോധ കുത്തിവയ്പ് (Universal Immunisation Programme) പ്രകാരം കുത്തിവയ്പുകൾ എടുക്കാത്തവരാണ്. പ്രതിരോധ കുത്തിവയ്പുകൾ എടുക്കാത്തവർക്കും ഭാഗികമായി എടുത്തവർക്കും പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രതിരോധ കുത്തിവയ്പുകൾ സംബന്ധിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തുന്നുണ്ട്.

**ആശുപത്രി ഉപകരണങ്ങളുടെ റിപ്പയർ**

164 (2033) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ കേടാകുന്ന ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനായി ഏതെങ്കിലും സ്വകാര്യ കമ്പനിക്ക് കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിക്കാണെന്നും ഇവരെ നിയമിച്ചിരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നും നിയമനവ്യവസ്ഥ, കാലാവധി എന്നിവയുടെയെല്ലാം വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കമ്പനി റിപ്പയർ ചെയ്ത ഉപകരണങ്ങളിൽ മാറ്റി വെയ്ക്കുന്ന സ്പെയർപാർട്ടുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനം നിലവിലുണ്ടോ; ഇതിനായി ആരോഗ്യ വകുപ്പിലെ സാങ്കേതിക പരിജ്ഞാനം ഉള്ള ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(സി) റിപ്പയർ ചെയ്യുന്നതിനായി പ്രസ്തുത കമ്പനിക്ക് തുക നൽകുന്നത് ആശുപത്രി വികസന ഫണ്ടിൽ നിന്നാണോ സർക്കാർ ഫണ്ടിൽ നിന്നാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് ആരോഗ്യ വകുപ്പിൽ ഓഡിറ്റ് നടത്താറുണ്ടോ; എങ്കിൽ ഓഡിറ്റ് ചെയ്തതിൽ എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഉത്തരം

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ കേടാകുന്ന ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനായി കിർലോസ്കർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് കരാർ നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്റർ മുതൽ ജനറൽ ആശുപത്രി വരെയുള്ള എല്ലാ ആശുപത്രികളിലും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും ഉപയോഗശൂന്യമായതുമായ ബയോ മെഡിക്കൽ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ (ബയോ മെഡിക്കൽ എക്വപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം-BEMP) നടത്തുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിനുള്ള ഗൈഡ്ലൈൻസും ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ദർഘാസ് നടപടികൾ സ്വീകരിച്ചത് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ദർഘാസ് നടപടികൾക്കുവേണ്ടി എൻ.എച്ച്.എം. നിർദ്ദേശിച്ച 7 അംഗ വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി ചർച്ച ചെയ്ത് ആകെ ഉപകരണങ്ങളുടെ എണ്ണവും വിലയും നിർണ്ണയിച്ച് ദർഘാസ് ഡോക്യുമെന്റ് തയ്യാറാക്കി ഇ-ടെൻഡർ മുഖാന്തരം മാനദണ്ഡങ്ങൾ പാലിച്ചാണ് കമ്പനിയെ തെരഞ്ഞെടുത്തിരിക്കുന്നത്. ഈ പദ്ധതിയുടെ കാലാവധി 5 വർഷമാണ്.

(ബി) കേടായ ഉപകരണങ്ങളുടെ സ്പെയർ മാറ്റി കമ്പനി റിപ്പയർ ചെയ്ത ശേഷം അതാത് ആശുപത്രി അധികൃതർ ഉപകരണങ്ങളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് ഒപ്പിട്ടു നൽകുന്നു. ആരോഗ്യ കേരളം തിരുവനന്തപുരത്തുനിന്നും എല്ലാ ജില്ലയിലും ഉപകരണങ്ങളുടെ സാങ്കേതിക വിദഗ്ദ്ധരായ ജൂനിയർ കൺസൾട്ടന്റ് ബയോ മെഡിക്കൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(സി) ആരോഗ്യ കേരളം ബയോ മെഡിക്കൽ എക്വപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം (BEMP) ഫണ്ടിൽ നിന്നാണ് കമ്പനിയ്ക്ക് തുക നൽകുന്നത്.

(ഡി) ഓരോ വർഷവും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ വരുന്ന അക്കൗണ്ട് ജനറൽ ഓഡിറ്റ്, സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്നീ സർക്കാർ സംവിധാനങ്ങൾ പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ട്. ഇതുവരെ ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

## ചെള്ള് പനി പ്രതിരോധ പ്രവർത്തനങ്ങൾ

165 (2034) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ചെള്ള് പനി ബാധിച്ച് മരണം സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) പനി പരത്തുന്ന ചിഗർ മൈറ്റിന്റെ സാന്നിധ്യം മറ്റെവിടെയെങ്കിലും കണ്ടെത്തിയിട്ടുണ്ടോ; പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിശദമായ ഫീവർ സർവ്വേ നടത്തുവാനും പ്രതിരോധ മരുന്നായ ഡോക്സി സൈക്ലിൻ എത്തിക്കുവാനും സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ 54 വയസ്സുള്ള ചേലാമ്പ്രക്കാരിയായ സ്ത്രീ കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് 17-5-2019-ന് സ്ക്രബ് ടൈഫസ് ബാധിച്ച് മരിച്ചതായി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 18-5-2019-ന് മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ ടീം സ്ഥലം സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി 25-5-2019-ന് ടി പ്രദേശത്തെ 82 വീടുകളിൽ സന്ദർശനം നടത്തി, ബോധവത്കരണം നടത്തുകയും 65 പേർക്ക് ഡോക്സി സൈക്ലിൻ പ്രതിരോധ ഗുളികകൾ നൽകുകയും ഉണ്ടായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ആരോഗ്യ പ്രവർത്തകരും ഗൃഹസന്ദർശനം നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ ജനങ്ങൾക്ക് നൽകുകയും ചെയ്തു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ചെള്ളുകളെ ശേഖരിച്ച് പരിശോധനയ്ക്കയച്ചു.

തുടർന്ന് ചെള്ളുകളുടെ നിരീക്ഷണം ഊർജ്ജിതപ്പെടുത്തുകയും ചെള്ളുകടി ഏൽക്കാതിരിക്കാൻ ജനങ്ങൾ റിപ്പലന്റുകൾ ഉപയോഗിക്കുവാനും ശരീരം മുഴുവൻ മറയ്ക്കുന്ന നീണ്ട വസ്ത്രങ്ങൾ ധരിക്കുവാനും നിർദ്ദേശിച്ചു. പനി നിരീക്ഷണം കാര്യക്ഷമമാക്കി.

(ബി) തിരുവനന്തപുരം, വയനാട് ജില്ലകളിലാണ് 2019-ൽ കൂടുതൽ പേർക്ക് ചെള്ളുപനി റിപ്പോർട്ട് ചെയ്തത്. കോഴിക്കോട്, കൊല്ലം, ഇടുക്കി, കോട്ടയം, കണ്ണൂർ

തുടങ്ങിയ ജില്ലകളിലും ചുരുക്കം ചിലർക്ക് ചെള്ളുപനി പിടിപെടുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിലും മേൽപ്പറഞ്ഞ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം തദ്ദേശസ്വയംഭരണ /കൃഷി വകുപ്പുകളുടെ പങ്കാളിത്തത്തോടെ എലി നശീകരണം, പുല്ല്/കുറ്റിച്ചെടികളുടെ നിയന്ത്രണം തുടങ്ങിയവയും നടത്താനുള്ള നടപടികൾ എടുത്തിട്ടുണ്ട്. വ്യക്തിസുരക്ഷാ മാർഗ്ഗങ്ങളും രാസനിയന്ത്രണ മാർഗ്ഗങ്ങളും നടത്തിവരുന്നുണ്ട്.

(സി) ചെള്ള് പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും അതിന് സാധ്യതയുള്ള സ്ഥലങ്ങളിലും പനി നിരീക്ഷണം കാര്യക്ഷമമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. രോഗം വരാൻ സാധ്യതയുള്ള ജനവിഭാഗങ്ങൾക്ക് സൗജന്യമായി ഡോക്സി സൈക്ലിൻ ഗുളികകൾ നൽകി വരുന്നുമുണ്ട്.

**റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റ്**

166 (2035) <u>ശ്രീ. കെ. എൻ. എ ഖാദർ:</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഡിയേഷൻ സുരക്ഷ ഡയറക്ടറേറ്റിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ അംഗീകാരം നേടിയെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിന്റെ നിലവിലെ അവസ്ഥ വെളിപ്പെടുത്തുമോ;

(ബി) ഇതിനായുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ എതിർപ്പുകൾ അറിയിച്ചിട്ടുണ്ടോ; കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡ് ഇതുസംബന്ധിച്ച ചർച്ചയ്ക്കായി ക്ഷണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന റേഡിയേഷൻ സുരക്ഷാ ഡയറക്ടറേറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഇത്തരത്തിലുള്ള ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ശ്രമത്തിൽ നിന്ന് സർക്കാർ പിന്മാറുമോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) 16-6-2017-ൽ നടന്ന സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിൽ സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ കൂടി ഉൾപ്പെടുത്തി ധാരണാപത്രം ഭേദഗതി വരുത്തി സമർപ്പിക്കുന്നതിനായി കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിനോട് ആവശ്യപ്പെട്ടിരുന്നു. എ.ഇ.ആർ.ബി. കരട് ധാരണാപത്രം സർക്കാരിൽ സമർപ്പിക്കാത്തതിനെ തുടർന്ന് സംസ്ഥാന സർക്കാർ തലത്തിൽ ഒരു ധാരണാപത്രം തയ്യാറാക്കി, നടപ്പിൽ വരുത്തുന്നതിനായി 22-2-2018-ൽ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ പരിഗണനയ്ക്കായി അയച്ചു നൽകിയിരുന്നു. സർക്കാർ തയ്യാറാക്കിയ ധാരണാപത്രത്തിലെ ചില വ്യവസ്ഥകൾ എ.ഇ.ആർ.ബി.യുടെ അടിസ്ഥാനമാതൃകയിൽ നിന്നും വ്യതിരിക്തമാണെന്നും 1962-ലെ ആണവോർജ്ജ നിയമം പ്രകാരം എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിൽ മാത്രം നിക്ഷിപ്തമാണെന്നും എ.ഇ.ആർ.ബി. അറിയിച്ചിരുന്നു. എ.ഇ.ആർ.ബി. തയ്യാറാക്കി നൽകിയിരിക്കുന്ന ധാരണാപത്രം പ്രകാരം റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന് യാതൊരുവിധ നിയന്ത്രണാധികാരങ്ങളും ഇല്ലാത്തതാണ്.

(ബി) ധാരണാപത്രം ഒപ്പുവച്ചിട്ടില്ല. ധാരണാപത്രം ഒപ്പുവയ്ക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ എതിർപ്പുകൾ 16-6-2017-ൽ നടന്ന സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗിൽ തന്നെ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിനെ അറിയിച്ചിരുന്നു. ധാരണാപത്രത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഒരു മീറ്റിംഗ് നടത്തുന്നത് ഉചിതമായിരിക്കുമെന്ന് 21-3-2018 തീയതിയിലെ കത്തിൽ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡ് അഭിപ്രായപ്പെട്ടിരുന്നു.

(സി) റേഡിയേഷൻ സുരക്ഷാ ഡയറക്ടറേറ്റിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭിക്കുകയോ കാര്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. സംസ്ഥാനത്ത് റേഡിയേഷൻ സുരക്ഷാ കാര്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ചാലും മറ്റു സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലും റേഡിയേഷൻ സുരക്ഷാ പരിശോധനകൾ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ വിദഗ്ദ്ധർ നടത്തുമെന്ന് എ.ഇ.ആർ.ബി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## ആരോഗ്യ സേവന സ്ഥാപനങ്ങൾ

167 (2036) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആരോഗ്യസേവന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം പ്രാബല്യത്തിൽ വന്ന് അഞ്ച് മാസങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കുന്നതിനും തരംതിരിക്കുന്നതിനും ഇവയുടെ സേവന നിലവാരം നിശ്ചയിക്കുന്നതിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതനുസരിച്ചുള്ള രജിസ്ട്രേഷൻ സംവിധാനത്തിന്റെ പ്രവർത്തനം തുടങ്ങിയോ; ആയതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(സി) പ്രസ്തുത നിയമപ്രകാരമുള്ള സബ് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഘടന വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം മോഡേൺ മെഡിസിന് 1-1-2019 മുതൽ നിലവിൽവന്നു. ഇതിനെ തുടർന്ന് ആദ്യ രണ്ട് ഘട്ടങ്ങളിലായി 9 ജില്ലകളിൽ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിക്കുകയുണ്ടായി. 2 വർഷത്തിന് ശേഷം ഇവയ്ക്ക് സ്ഥിരം രജിസ്ട്രേഷനാവശ്യമായ സേവന നിലവാരം നിശ്ചയിക്കേണ്ട സമിതി രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ജില്ലയിലെ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തുന്നതിനായി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായി ജില്ലാ രജിസ്ട്രേഷൻ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റി രൂപീകരണത്തിനായുള്ള സബ് കമ്മിറ്റി പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുവാനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതാണ്.

## ഡെങ്കിപ്പനി പ്രതിരോധ നടപടികൾ

168 (2037) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് ഡെങ്കിപ്പനി ബാധിതരുടെ എണ്ണം കൂടുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം പ്രതിരോധ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രതിരോധ നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

(ഡി) ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ലെങ്കിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് നേരിയ വർദ്ധന ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലും നഗരസഭാ പ്രദേശത്തും ആരോഗ്യ ജാഗ്രതാ പ്രവർത്തന കലണ്ടർ അനുസരിച്ചുള്ള ഡെങ്കിപ്പനി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ജില്ലാ മെഡിക്കൽ ആഫീസും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും തിരുവനന്തപുരം നഗരസഭയും മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കിവരുന്നു. ആരോഗ്യ ജാഗ്രതാ അവലോകനം ബഹുമാനപ്പെട്ട സഹകരണ ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തി. 4-5-2019-ന് നഗരസഭാ മേയറുടെ അദ്ധ്യക്ഷതയിലും ഇതു സംബന്ധിച്ച് യോഗം നടത്തി. ഡെങ്കിപ്പനി നിരീക്ഷണം, ഈഡിസ് കൊതുക സർവ്വേ, കൊതുകുറവിട നശീകരണം, ഡ്രൈഡേ ആചരണം, സംയോജിത കൊതുക നിയന്ത്രണം, ബോധവത്കരണം എന്നിവ കാര്യക്ഷമമാക്കി. ഡ്രൈ കണ്ടെയിനർ കം കീ കണ്ടെയിനർ, എലിമിനേഷൻ കാമ്പയിൻ, തോട്ടങ്ങളിലെ ഉറവിട നശീകരണ കാമ്പയിൻ, ജലശുദ്ധി കാമ്പയിൻ തുടങ്ങിയവ നടത്തി. മെയ് 16-ന് ദേശീയ ഡെങ്കി ദിനാചരണത്തിന്റെ ഭാഗമായി ഇതര വകുപ്പുകളുടെ ഏകോപന യോഗം, ശിൽപ്പശാല, കൊതുകുറവിട നശീകരണം എന്നിവ നടത്തി. മേയ് 17-ന് തോട്ടങ്ങളിൽ ഉറവിട നശീകരണം, മേയ് 18-ന് നിർമ്മാണസ്ഥലങ്ങളിലും അതിഥി സംസ്ഥാന തൊഴിലാളി കേന്ദ്രങ്ങളിലും പരിശോധന, മേയ് 20, 21 തീയതികളിൽ ഡെങ്കിപ്പനി ഹൈറിസ്ക് സ്ഥലങ്ങളിൽ സംയോജിത കൊതുക നിയന്ത്രണത്തിന്റെ ഭാഗമായി ഉറവിട നശീകരണം, സ്പ്രേയിംഗ്, ഐ.എസ്.എസ്., ഫോഗിംഗ് എന്നിവ നടത്തി. ഇത്തരം പ്രവർത്തനങ്ങൾ ജില്ലകളിൽ ഇപ്പോഴും തുടർന്ന് നടത്തിവരുന്നു.

(സി&ഡി) 2017-നെ അപേക്ഷിച്ച് 2018-ലും 2019-ലും ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്.

2017 ജനുവരി മുതൽ മേയ് 31 വരെ സംസ്ഥാനത്ത് 5016 പേർക്ക് ഡെങ്കിപ്പനി ബാധിച്ചപ്പോൾ 2018-ൽ ഇതേ കാലയളവിൽ 848 പേരെയും 2019-ൽ 403 പേരെയുമാണ് ബാധിച്ചത്. തലസ്ഥാന ജില്ലയിൽ ഇതേ കാലയളവിൽ 2017-ൽ 3055 പേരെ ഡെങ്കിപ്പനി ബാധിച്ചപ്പോൾ 2018-ൽ 92 പേരെയും 2019-ൽ 104 പേരെയുമാണ് ഈ രോഗം ബാധിക്കുകയുണ്ടായത്.

**കാൻസർ രോഗികളുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ്**

169 (2038) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച സുകൃതം പദ്ധതി പ്രകാരം നൽകുന്ന ചികിത്സാ സൗകര്യങ്ങൾ എന്തൊക്കെയാണ്; നിലവിൽ ഏതൊക്കെ ആശുപത്രികളിൽ ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്;

(സി) പദ്ധതി പ്രകാരം തിരുവനന്തപുരം റീജീണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവയ്ക്ക് അനുവദിക്കുന്ന ഫണ്ട് അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനവും 18 വയസ്സിന് മുകളിലും ഉള്ളവരുടെ കാൻസർ ചികിത്സയ്ക്ക് ഏതെങ്കിലും ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്ക് അനുസരിച്ച് രോഗികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജനങ്ങളുടെ ജീവിതശൈലിയിൽ നിന്നും കാതലായ മാറ്റവും പാരിസ്ഥിതികമായ വ്യതിയാനങ്ങളും കാൻസർ രോഗത്തിന് കാരണമായേക്കാമെന്ന പഠന റിപ്പോർട്ടുകൾ നിലവിലുണ്ട്.

(ബി) സുകൃതം പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കാൻസർ രോഗികൾക്ക് ധനസഹായം നൽകിവരുന്നു. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, തലശ്ശേരി, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ ആശുപത്രികളിലൂടെയാണ് സുകൃതം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും കാൻസർ ചികിത്സയ്ക്ക് 3 ലക്ഷം വരെ വാർഷിക വരുമാനം ഉള്ളവർക്ക് പ്രായപരിധി ഇല്ലാതെ 2 ലക്ഷം രൂപ വരെ കാൻസർ ചികിത്സക്ക് നൽകുന്നുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 5 ലക്ഷം രൂപ വരെ ചികിത്സാ സഹായം നൽകുന്നത് പരിഗണനയിലാണ്.

## പൊതുജനാരോഗ്യ പദ്ധതികൾ

170 (2039) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെ ആരോഗ്യ പരിചരണവും ആരോഗ്യ സുരക്ഷയും മിതമായ ചെലവിൽ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) ഗുരുതര രോഗം ബാധിക്കുന്നവരുടെ ചികിത്സയ്ക്ക് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; സ്ത്രീകളുടേയും കുട്ടികളുടേയും ഗർഭിണികളുടെയും ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ജീവിതശൈലീരോഗ നിർണ്ണയത്തിനും പരിചരണത്തിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദമാക്കാമോ;

(ഡി) ക്യാൻസർ കണ്ടുപിടിക്കുന്നതിന് ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി ഒട്ടേറെ പുതിയ ആരോഗ്യ പരിപാടികൾക്ക് സർക്കാർ തുടക്കമിട്ടതിൽ ആർദ്രം മിഷൻ എന്ന പദ്ധതി ആരോഗ്യ മേഖലയെ എല്ലാ

രീതിയിലും മെച്ചപ്പെടുത്തുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും പ്രാഥമിക ചികിത്സാരംഗത്തിന് മുൻഗണന നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. സർക്കാർ ആശുപത്രിയിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ ആവശ്യമായ മാനദണ്ഡങ്ങളോടെ രോഗീസൗഹൃദം ആക്കുകയെന്നതും അതുവഴി ചികിത്സാച്ചെലവ് കുറയ്ക്കുക എന്നതുമാണ് ആർദ്രം മിഷനിലൂടെ പ്രധാനമായി നടപ്പിലാക്കിവരുന്നത്. ഇതു കൂടാതെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംസ്ഥാന ആരോഗ്യ വകുപ്പുമായി യോജിച്ച് വാക്സിൻ കൊണ്ട് തടയാൻ കഴിയുന്ന മാരക രോഗങ്ങൾ വാരാതിരിക്കാനായി ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം പ്രകാരം താഴെ നൽകിയിരിക്കുന്ന വാക്സിനുകൾ സൗജന്യമായി നൽകുന്നു.

1. പോളിയോ
2. ഹെപ്പറ്റൈറ്റിസ് ബി
3. ബി.സി.ജി
4. പെന്റാവാലന്റ്
5. എ.ആർ.
6. ഡി.പി.റ്റി.
7. ഡി.റ്റി.

മേൽപ്പറഞ്ഞ വാക്സിൻ നൽകുന്നതുകൊണ്ട് പ്രസ്തുത രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ആ രോഗങ്ങൾ കൊണ്ടുണ്ടാകാൻ സാധ്യതയുള്ള സങ്കീർണ്ണതകളും (Complications) മരണവും തടയാൻ കഴിയുന്നു.

ജനനീ ശിശു സുരക്ഷാ കാര്യക്രം (JSSK) പദ്ധതി പ്രകാരം ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ, മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ എന്നിവ ലഭ്യമാണ്.

രാഷ്ട്രീയ ബാൽ സ്വാസ്ത്യ കാര്യക്രം (RBSK) പ്രകാരം 29 രോഗവിഭാഗങ്ങൾക്ക് 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.

ആരോഗ്യ കിരണം പദ്ധതിയിൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.

ജനനീ ശിശു സുരക്ഷാ കാര്യക്രം (JSSK) പദ്ധതി പ്രകാരം ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ, മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ മുതലായവ സൗജന്യമായി ലഭിക്കുന്നു. നവകേരള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ജില്ലാ/താലൂക്ക്

ആശുപത്രികളെ ആധുനിക ചികിത്സാ സംവിധാനങ്ങളോടെ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു. രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവ നേരത്തേ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും നിയന്ത്രണ വിധേയമാക്കുന്നതിനുമുള്ള പ്രവർത്തനപരിപാടികൾ, ജില്ല/ജനറൽ ആശുപത്രികളിൽ കാത്ത്ലാബ് സൗകര്യങ്ങളോടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളോടെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. എല്ലാ ജില്ലകളിലും പബ്ലിക് ഹെൽത്ത് ലാബുകൾ തുടങ്ങുന്നതിന്റെ ഭാഗമായി മലപ്പുറം, പത്തനംതിട്ട, വയനാട് ജില്ലകളിൽ പുതിയ പബ്ലിക് ഹെൽത്ത് ലാബുകൾ ആരംഭിച്ചു.

(ബി) ആൻജിയോ പ്ലാസ്റ്റി, കാത്ത്ലാബ് സൗകര്യങ്ങളോടെ ഹൃദ്രോഗ ചികിത്സയും മറ്റ് പ്രധാന സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാതല ആശുപത്രികളിലും ഡയാലിസിസ് സൗകര്യങ്ങളടക്കം കൂടുതൽ സ്പെഷ്യാലിറ്റി പരിചരണങ്ങൾ താലൂക്കുതല ആശുപത്രികളിലും ലഭ്യമാക്കാൻ കഴിയുന്നുണ്ട്.

മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന രോഗികൾക്ക് Society for Medical Assistance to Poor പദ്ധതി മുഖേന ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു. ആയതിന്റെ നിബന്ധനകൾ അനുബന്ധമായി* വച്ചിട്ടുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

ഇതിന്റെ ഭാഗമായി ഗൈനക്കോളജിസ്റ്റുകൾ, നഴ്സുമാർ, പ്രസവമുറിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകി. ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രസവം നടക്കുന്ന ആശുപത്രികളിൽ മെഡിക്കൽ ഉപകരണങ്ങൾ നൽകി. ഗർഭിണികൾക്ക് സർക്കാർ ആശുപത്രികൾക്ക് ഗർഭകാല ചികിത്സ നൽകുന്നു. അയൺ ഫോളിക് ആസിഡ് ഗുളികകളും കാൽസ്യം ഗുളികകളും സർക്കാർ ആശുപത്രികൾ വഴി സൗജന്യമായി നൽകുന്നു.

(സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ആധുനികവത്കരണത്തിന്റെയും നഗരവത്കരണത്തിന്റെയും ഫലമായി ജനങ്ങളുടെ ജീവിത ശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. ആഗോളതലത്തിൽത്തന്നെ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനവിഭാഗങ്ങൾക്കിടയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാമ്പത്തികമോ സാമുദായികമോ പ്രാദേശികമോ ആയ വ്യത്യാസങ്ങളില്ലാതെ മരണനിരക്കും രോഗാതുരതയും സാമ്പത്തികഭദ്രതയും പ്രതികൂലമായി ബാധിച്ചുകൊണ്ട് ജീവിതശൈലീ രോഗങ്ങൾ മുൻനിരയിലേയ്ക്ക് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ജനറൽ ആശുപത്രികളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്. രോഗനിർണ്ണയത്തോടൊപ്പംതന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യം എന്ന ജീവിതശൈലീ രോഗനിയന്ത്രണമെന്ന പദ്ധതി വിഭാവന ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ പ്രീചെക്ക് ക്ലിനിക്കുകളിലൂടെ നടത്തിവരികയും ചെയ്യുന്നു. ഇതിനു പുറമെ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവത്കരണവും നൽകിവരുന്നു. ജീവിതശൈലി രോഗങ്ങൾ കൊണ്ടുള്ള മൂർദ്ധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ യൂണിറ്റുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, സി.ഒ.പി.ഡി. ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ ഇവ നേരത്തെ കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും ജില്ല/താലൂക്ക് കേന്ദ്രങ്ങളിൽ ക്യാൻസർ നിർണ്ണയ നിയന്ത്രണ ക്ലിനിക്കുകൾ ആരംഭിക്കേണ്ടത് ഒരു അനിവാര്യതയാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ്, കാൻസർ കെയർ പദ്ധതിയിലൂടെ എല്ലാ ജില്ലകളിലും കാൻസർ കെയർ പദ്ധതിയിലൂടെ എല്ലാ ജില്ലകളിലും കാൻസർ നിർണ്ണയ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ ക്യാൻസർ കെയർ പദ്ധതിക്ക് തുടക്കമിട്ടിരുന്നു. ആരോഗ്യ വകുപ്പിൽ ക്യാൻസർ ചികിത്സാ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള അസിസ്റ്റന്റ് സർജൻമാർക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ വിദഗ്ദ്ധ പരിശീലനം നൽകിയാണ് ഈ കേന്ദ്രങ്ങളിൽ വിന്യസിച്ചിരിക്കുന്നത്. ഇപ്പോൾ സംസ്ഥാനത്ത് 23 ആശുപത്രികളിൽ

പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിൽ നാളിതുവരെ 60000-ൽപ്പരം കീമോതെറാപ്പി നൽകുന്നതിനും 3000-ൽപ്പരം പുതിയ കേസ്സുകൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇത് മറ്റ് കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## മരുന്നുകളുടെ ഗുണനിലവാരം

171 (2040) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സർക്കാർ ആശുപത്രികളിൽ വിതരണത്തിനെത്തിച്ച മരുന്നുകളിൽ ചിലതിന് ഗുണനിലവാരമില്ലെന്ന പരാതിയെ തുടർന്ന് പിൻവലിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഏതു വിഭാഗത്തിൽപ്പെട്ട മരുന്നാണ് പിൻവലിച്ചത്; ഇത് ഏതു ആശുപത്രിയിലാണ് വിതരണം ചെയ്തത്; വിശദാംശങ്ങൾ നൽകുമോ;

(സി) സർക്കാർ ആശുപത്രികളിൽ വിതരണത്തിനെത്തിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സംസ്ഥാനത്ത് ഇപ്പോൾ എന്തൊക്കെ മാർഗ്ഗങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ&ബി) 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ വിഭാഗങ്ങളിൽപ്പെട്ട മരുന്നുകളുമായി ബന്ധപ്പെട്ട പരാതികൾ ആശുപത്രികളിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെട്ട മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Sl.No. | Drug name | Compliant From | Status |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | OMEPRAZOLE (GASTRO RESISTANT) CAP IP 20 mg 1 No | The Medical Officer PHC, Kanjoor, Ernakulam | Not of Standard Quality |
| 2 | DISPOSIBLE NEEDLE 23G x 1" 1 No. | The senior Medical Officer RPHL, Kozhikode | Not of Standard Quality |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | DISPOSIBLE NEEDLE 23G x 1" 1 No. | The Superintendent, District Hospital Nedumangad, Thiruvananthapuram | Not of Standard Quality |
| 4 | METOPROLOL TAB IP 50 MG 1 No. | The Superintendent, Govt. Medical College Hospital Kozhikode. | Not of Standard Quality |
| 5 | METOPROLOL TAB IP 50 MG 1 No. | The Medical officer in charge, PHC Arattupuzha, Alappuzha | Not of Standard Quality |
| 6 | METOPROLOL TAB IP 50 MG 1 No. | The Medical officer in charge, PHC Punnapra, Alappuzha | Not of Standard Quality |
| 7 | CALCIUM LEUCOVORIN INJ. IP 50mg Vial | The Store Superintendent, Govt. Medical College Hospital, Kottayam. | Not of Standard Quality |
| 8 | CALCIUM LEUCOVORIN INJ. IP 50mg Vial | The Superintendent, Govt.Medical College Hospital, Kozhikode | Not of Standard Quality |

(സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗുണനിലവാര പരിശോധനയുടെ ഭാഗമായി ദർഘാസ് ക്ഷണിക്കുമ്പോൾ തന്നെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും ഫാർമസി കോളേജിൽ നിന്നുമുള്ള വിദഗ്ദ്ധർ ഉല്പാദകരുടെ ഫാക്ടറി സന്ദർശിച്ച് ഔഷധ നിർമ്മാതാക്കൾ അവകാശപ്പെടുന്ന രീതിയിൽ മരുന്ന് ഉൽപ്പാദിപ്പിക്കാനും കാര്യക്ഷമത പരിശോധിക്കാനുമുള്ള സൗകര്യം ഉണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദർഘാസ് ഉടമ്പടിയിൽ പ്രസ്തുത ഔഷധ നിർമ്മാതാക്കളെ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഔഷധ നിർമ്മാതാക്കൾ മരുന്നുകൾ വിതരണം നടത്തുന്നതിന് മുൻപ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് (Drugs & Cosmetics Act) പ്രകാരം ഇൻ-ഹൗസ് (In-House) ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്. കൂടാതെ ഇന്ത്യയിലെ ഏതെങ്കിലും എൻ.എ.ബി.എൽ. അംഗീകൃത ലാബ് (NABL

Accredited lab) അല്ലെങ്കിൽ കേന്ദ്ര മരുന്ന പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച റിപ്പോർട്ടും ഔഷധ നിർമ്മാതാക്കൾ നൽകേണ്ടതാണ്. മേൽ വിവരിച്ച പരിശോധനാ ഫലങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് മരുന്നുകളുടെ സംഭരണവും വിതരണവും നടത്തിവരുന്നത്.

2. ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാരം ഉറപ്പാക്കുന്നതിന് അടുത്ത നടപടിയായി എംപാനൽഡ് ലാബുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി ലാബുകളിലെ പരിശോധനാഫലം ക്വാളിറ്റി കൺട്രോൾ വിഭാഗം നിരന്തരം സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യാറുണ്ട്.

3. ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും 10%-ത്തിൽ കുറയാതെ സാമ്പിളുകൾ ശേഖരിച്ച ശേഷം (DDMS സോഫ്റ്റ്‌വെയർ തെരഞ്ഞെടുക്കുന്നു) മരുന്നുകളുടേയും ഉൽപ്പാദകരുടേയും പേരും മറ്റ് വിവരങ്ങളും ഒഴിവാക്കി കോർപ്പറേഷന്റെ DDMS സോഫ്റ്റ്‌വെയർ നൽകുന്ന സാമ്പിൾകോഡ്/ലേബൽ പതിപ്പിക്കുകയും ഇങ്ങനെ ഡി കോഡ് ചെയ്യുന്ന സാമ്പിളുകളാണ് എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളെ പരിശോധനയ്ക്കായി തെരഞ്ഞെടുക്കുന്നതും DDMS സോഫ്റ്റ്‌വെയർ പ്രകാരമാണ്. എംപാനൽഡ് ലാബുകളിലെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന മരുന്നുകളെ സ്ഥിരീകരണ പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നു. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം (ഓൺ ലൈൻ സോഫ്റ്റ്‌വെയർ പ്രകാരം) നിർത്തലാക്കുകയും ചെയ്യുന്നു. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിനു പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

4. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയശേഷം പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം ഓൺലൈൻ സോഫറ്റ്‌വെയർ പ്രകാരം മരവിപ്പിക്കുകയും (Freeze Memo), പരാതി ലഭിച്ച സ്ഥാപനത്തിൽ നിന്നും ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാന സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം നിർത്തലാക്കുകയും ചെയ്യും. ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകുന്നതാണ്.

5. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് (Statutory Analysis) നടത്തുകയും ചെയ്യുന്നുണ്ട്.

6. ഒരു ഉൽപ്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും മരുന്നുകളുടെ മൂന്ന് ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി പരിശോധനാകേന്ദ്രം അറിയിക്കുന്ന സാഹചര്യത്തിൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

7. ഒരു ഉൽപ്പാദകൻ വിതരണം ചെയ്ത ഏതെങ്കിലും രണ്ടോ അതിലധികമോ ഇനം മരുന്നുകൾ ഇങ്ങനെ കരിമ്പട്ടികയിൽപ്പെട്ടാൽ പ്രസ്തുത മരുന്ന് കമ്പനിയെത്തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്ന് വർഷത്തേയ്ക്ക് കോർപ്പറേഷന്റെ തുടർന്നുള്ള ദർഘാസ് നടപടിയിൽ നിന്നും വിലക്കുകയും ചെയ്യും.

8. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ നിന്നും 10 ശതമാനത്തിൽ കുറയാതെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുന്നതിന് പുറമേ കരിമ്പട്ടികയുടെ പരിധിയിൽ വരുന്ന മരുന്നുകളുടെ മറ്റു ബാച്ചുകളുടെ ലഭ്യമായ സാമ്പിളുകൾ ഗുണനിലവാര പരിശോധന നടത്താനായി കേരള സർക്കാരിന്റെ തിരുവനന്തപുരത്തുള്ള ഗുണനിലവാര പരിശോധനാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നുണ്ട്.

9. ഒരു ഉല്പാദകൻ വിതരണം ചെയ്യുന്ന ഒന്നോ അതിലധികമോ മരുന്നുകൾ കാഴ്ചയിൽ സമാനമാകാനോ നിറത്തിലോ മറ്റ് അടയാളങ്ങളിലോ തെറ്റിദ്ധാരണ ഉളവാക്കി തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടാക്കുവാനോ പാടില്ലെന്ന് നിലവിലെ ദർഘാസ് വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ദർഘാസ് വ്യവസ്ഥ ലംഘിക്കുന്ന പക്ഷം പ്രസ്തുത ഉൽപ്പാദകനിൽ നിന്നും പിഴ ഈടാക്കാറുമുണ്ട്. കോർപ്പറേഷന്റെ 2017-18-ലെ ദർഘാസുമുതൽ കളർ കോഡ് നിർബന്ധമാക്കിയിട്ടുണ്ട്.

10. ശീതസംഭരണ ഊഷ്മാവിലും (2 ഡിഗ്രി-8 ഡിഗ്രി), നാർകോട്ടിക് വിഭാഗത്തിലും സൂക്ഷിക്കുന്ന മരുന്നുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോളറുടെ സഹായത്തോടുകൂടി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിലും ഇതര സെൻട്രൽ ഡ്രഗ്സ് ലബോറട്ടറികളിലും അയയ്ക്കുന്നതിലേയ്ക്കായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11. മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കാനായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. കൂടാതെ അദ്ദേഹത്തിന്റെ കീഴിൽ ഫാർമസിസ്റ്റുമാരേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

12. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ NABL ലബോറട്ടറിയായ Pharma & Allied Testing Laboratory-യെ കോർപ്പറേഷന്റെ എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ആശുപത്രി കെട്ടിടങ്ങൾ**

172 (2041) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ആശുപത്രി കെട്ടിടങ്ങളും പി.എച്ച്.സി. സെന്ററുകളും പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ പറവൂർ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി. കെട്ടിടം പ്രളയത്തിൽ സമ്പൂർണ്ണമായി തകർന്നതിനാൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പി.എച്ച്.സി. കെട്ടിടം അടിയന്തരമായി പൂർത്തീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകാമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്, പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച ആശുപത്രികളുടെ പുനരുദ്ധാരണത്തിന് എൻ.എച്ച്.എം. മുഖേന 2018-19 സാമ്പത്തിക വർഷത്തിൽ 27.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, പറവൂർ ഗ്രാമപഞ്ചായത്തിലെ ഇരിങ്ങല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രം പ്രളയത്തിൽ നശിച്ചതിനാൽ പുതിയ കെട്ടിടം നിർമ്മിക്കാൻ VPS ഗ്രൂപ്പ് കെട്ടിട നിർമ്മാണം സ്പോൺസർ ചെയ്ത് തരാമെന്ന്

അറിയിക്കുകയും എന്നാൽ കെട്ടിടം നിലനിന്നിരുന്ന സ്ഥലത്ത് ഫ്രീഫാബ് കെട്ടിടം നിർമ്മിക്കാനാവശ്യമായ സാമഗ്രികൾ എത്തിക്കുവാൻ മതിയായ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ VPS ഗ്രൂപ്പ് പിന്മാറുകയും ചെയ്തു. ആയതിനാൽ ഇരിങ്ങല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ എൻ.എച്ച്.എം. സപ്ലിമെന്ററി പി.ഐ.പി.-യിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആശുപത്രികളിലെ ജനിതക ഘടന സ്വീക്വൻസിംഗ് സാങ്കേതിക വിദ്യ

173 (2042) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനിതക ഘടനയിലെ മാറ്റം, പോളിമോർഫിസം എന്നിവ കണ്ടുപിടിക്കുന്നതിനുള്ള ജനിതക ഘടന സീക്വൻസിംഗ് സാങ്കേതിക വിദ്യ ഏതെല്ലാം ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത സാങ്കേതിക വിദ്യ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും വിദേശ രാജ്യത്തിന്റെ സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ മലബാർ മേഖലയിലെ ആശുപത്രികളിൽ കൂടി പ്രസ്തുത ചികിത്സാസംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജനിതക ഘടനയിലെ മാറ്റം കണ്ടുപിടിക്കാനുള്ള സാങ്കേതിക വിദ്യ തിരുവനന്തപുരം ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിൽ (എസ്.എ.ടി) ഉണ്ട്.

(ബി) ഒരു വിദേശ രാജ്യത്തിന്റേയും സഹായം ലഭിച്ചിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പകർച്ചപ്പനിമൂലമുള്ള മരണം

174 (2043) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ പകർച്ചപ്പനിമൂലം സംസ്ഥാനത്ത് എത്ര മരണങ്ങളാണ് റിപ്പോർട്ട് ചെയ്തത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് നടപ്പ് വർഷം എലിപ്പനി, ഡെങ്കിപ്പനി, ചെള്ളുപനി എന്നിവ ബാധിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; മേയ് 31 വരെ ഇതിനകം എത്ര മരണങ്ങൾ ഈ പനികൾമൂലം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(സി) സ്വകാര്യ ആശുപത്രികളിൽ ഇതുമൂലം ഉണ്ടായ മരണം സംബന്ധിച്ച വിശദാംശം പ്രത്യേകമായി ലഭ്യമാക്കുമോ?

ഉത്തരം

(എ) 286 മരണങ്ങൾ. പകർച്ചപ്പനി മരണം 2018 ജനുവരി മുതൽ ഡിസംബർ വരെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| രോഗം | മരിച്ചവരുടെ എണ്ണം |
|---|---|
| പനി | 63 |
| ഡെങ്കിപ്പനി | 32 |
| എലിപ്പനി | 99 |
| മലേറിയ | 0 |
| ജപ്പാൻജ്വരം | 2 |
| ടൈഫോയിഡ് | 0 |
| ചെള്ളുപനി | 6 |
| കരിമ്പനി | 1 |
| കുരങ്ങ് പനി | 0 |
| എച്ച്.1. എൻ.1 | 50 |
| ചിക്കൻ പോക്സ് | 17 |
| നിപ | 16 |
| വെസ്റ്റ്നൈൽ പനി | 0 |

(ബി) 2019 ജനുവരി 1 മുതൽ മേയ് 31 വരെ എലിപ്പനി ബാധിതരുടെ എണ്ണം 2017 നെ അപേക്ഷിച്ച് കുറവാണ് എങ്കിലും 2018-നെ അപേക്ഷിച്ച് അൽപ്പം കൂടുതലാണ്. എലിപ്പനിമൂലം ഈ വർഷം 10 പേർ മരണപ്പെട്ടു. 2019-ൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം 2017,2018 നെ അപേക്ഷിച്ച് വളരെ കുറവാണ്. മൂന്ന് പേർ ഈരോഗത്താൽ മരണപ്പെട്ടു. ചെള്ളുപനി ബാധിതരുടെ എണ്ണം മുൻവർഷങ്ങളെക്കാൾ കൂടുതലാണ്. ഇതുമൂലം അഞ്ച് പേർ മരണമടയുകയുണ്ടായി.

(സി) ആധികാരികമായ വിവരങ്ങൾ ലഭ്യമല്ല.

### ശിശുമരണ നിരക്ക് കുറയ്ക്കാൻ നടപടി

175 (2044) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2015-16, 2016-17, 2017-18 വർഷങ്ങളിലുണ്ടായ ശിശുമരണങ്ങളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിലെ ശിശുമരണങ്ങളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ശിശുമരണനിരക്ക് കുറച്ചുകൊണ്ടുവരുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) 2015-16, 2016-17, 2017-18 വർഷങ്ങളിൽ യഥാക്രമം 2705, 2535, 2705 എന്നിങ്ങനെ ആകെ 7945 ശിശുമരണങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്.

(ബി) അനുബന്ധമായി* ചേർക്കുന്നു

(സി) ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസവം നടക്കുന്ന ആശുപത്രികളിൽ NBCC (New Born Care Corner) തുടങ്ങി, തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ NBSU (New Born Stabilization Unit), SNCU (Special New Born Care Unit) എന്നിവ തുടങ്ങി. ആധുനിക മെഡിക്കൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങി നൽകി. നവജാത ശിശുക്കളിലെ മെറ്റബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി New Born Screening Programme നടപ്പിലാക്കി. ശിശുമരണ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

### പകർച്ചവ്യാധികൾമൂലം മരണപ്പെട്ടവരുടെ കണക്ക്

176 (2045) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി 1 മുതൽ മേയ് 15 വരെയും 2019 ജനുവരി 1 മുതൽ മേയ് 15 വരെയും എത്രപേരാണ് പകർച്ചവ്യാധികൾ പിടിപെട്ട് മരണപ്പെട്ടതെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയും 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെയും എത്രപേരാണ് പകർച്ചവ്യാധികൾ പിടിപെട്ട് മരണപ്പെട്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി**

177 (2046) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് നിയന്ത്രിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

ആധുനികവത്കരണത്തിന്റെയും നഗരവത്കരണത്തിന്റെയും ഫലമായി ജനങ്ങളുടെ ജീവിത ശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നു. ആഗോളതലത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനവിഭാഗങ്ങൾക്കിടയിൽ സാമ്പത്തികമോ സാമൂഹികമോ, പ്രാദേശികമോ ആയ വ്യത്യാസങ്ങളില്ലാതെ മരണനിരക്കും, രോഗാതുരതയും, സാമ്പത്തിക ഭദ്രതയും പ്രതികൂലമായി ബാധിച്ചുകൊണ്ട് ജീവിതശൈലീ രോഗങ്ങൾ മുൻനിരയിലേയ്ക്ക് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, ജില്ലാ, ജനറൽ ആശുപത്രികളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിതശൈലീ രോഗ നിർണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്. രോഗ നിർണയത്തോടൊപ്പം തന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യമെന്ന ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ "ആർദ്രം മിഷനിലൂടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറ് ദിവസവും ജീവിതശൈലീ രോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ പ്രീ ചെക്ക് ക്ലിനിക്കുകളിലൂടെ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമേ ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവത്കരണവും നൽകിവരുന്നു. ജീവിതശൈലീ രോഗങ്ങൾ കൊണ്ടുള്ള മൂർധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനും ജില്ലാ, ജനറൽ, താലൂക്ക്, ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ യൂണിറ്റുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക് ഫുട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളുടെ വ്യാപ്തിയും അതിലേയ്ക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിനായി കിരൺ എന്ന പേരിൽ ഒരു ബൃഹത് സർവ്വേയും ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

**ഇ-ഹെൽത്ത് പദ്ധതി**

178 (2047) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഹെൽത്ത് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗം പ്രയോജനപ്പെടുത്തി വിവിധ സർക്കാർ ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ മുതൽ രോഗീ പരിശോധനയും ചികിത്സാക്രമങ്ങളും ഭരണനിർവ്വഹണവും ഉൾപ്പെടെ സമഗ്ര മേഖലകളിലേയും പ്രവർത്തനങ്ങൾ സംയോജിതമായ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസ രഹിതവും രോഗീ സൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പദ്ധതി മുഖേന നടപ്പിലാക്കിവരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് അടിസ്ഥാന രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പദ്ധതിക്കുവേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി

ബന്ധിപ്പിച്ച് ഏതൊരു വ്യക്തിക്കും കേരളത്തിലെ ഏത് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നാലും പ്രസ്തുത വ്യക്തികളുടെ ആരോഗ്യ രേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഏറ്റവും വലിയ പ്രയോജനം. വ്യക്തികളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ച് കേന്ദ്രീകൃത ഇ-ഹെൽത്ത് സംവിധാനത്തിൽ ക്രോഡീകരിക്കുന്നതിലൂടെ സംസ്ഥാനത്തെവിടെയുമുള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള UHID കാർഡ് നൽകാനും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്. UHID കാർഡുമായി ആശുപത്രികളിൽ എത്തുന്നവർക്ക് ചികിത്സതേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡർ (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവരുടെ EHR അടിസ്ഥാനപ്പെടുത്തി രോഗ നിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്.

സംസ്ഥാനത്തെ എല്ലാ ആശുപത്രികളേയും കമ്പ്യൂട്ടർ ശൃംഖല മുഖേന ബന്ധപ്പെടുത്തി അതത് ആശുപത്രികൾക്ക് ആവശ്യമായ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ് വർക്കിംഗ് സ്ഥാപിക്കുന്നതിനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി അഞ്ച് വർഷത്തേയ്ക്കുള്ള വാർഷിക പരിചരണ കരാറും (AMC) ഏർപ്പെടുത്തി പ്രവർത്തന സജ്ജമാക്കുന്നതിനും ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചു വരികയാണ്. ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ മാനേജ്മെന്റ് എന്നീ സംവിധാനങ്ങൾ ഇതിനകം തിരുവനന്തപുരം മെഡിക്കൽ കോളേജിലും, ലാബും ഫാർമസിയും ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ഇ-ഹെൽത്ത് സേവനം തിരഞ്ഞെടുക്കപ്പെട്ട 35 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാണ്. ഇത് 79 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽക്കൂടി ഉടൻ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒ.പി.-കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. 8000 tablet PC ഉപയോഗിച്ച് പരിശീലനം സിദ്ധിച്ച ആരോഗ്യപ്രവർത്തകർ സംസ്ഥാനത്തെ 3298904 കുടുംബങ്ങളിലെ 12364090 ആളുകളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് അടിസ്ഥാന രേഖകൾ ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇ-ഹെൽത്ത് സൊഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടം (Pilot Project) മാത്രമേ പിന്നിട്ടിട്ടുള്ളൂ. വിന്യസിക്കപ്പെട്ട സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകളും ഭേദഗതിയും വരുത്തി (Customization process) കുറ്റമറ്റ ഒരു സാങ്കേതിക സംവിധാനമായി സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

Pilot Project-ൽ നിർദ്ദേശിച്ചിരുന്ന സ്ഥാപനങ്ങൾക്ക് പുറമേ ആർദ്രം പദ്ധതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിന് തീവ്ര നടപടികൾ സ്വീകരിച്ചുവരികയാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന് പുറമേ സർക്കാർ മേഖലയിലുള്ള മറ്റ് ഏഴ് മെഡിക്കൽ കോളേജുകളിലേയ്ക്കും ഇ-ഹെൽത്ത് പ്രോജക്ട് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലേയും ഒ.പി. വിഭാഗം ആധുനീകരിച്ച് വരികയാണ്. അതിനോടൊപ്പം തന്നെ ഇ-ഹെൽത്ത് പ്രവർത്തനങ്ങളും പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ ആലപ്പുഴ, ഇടുക്കി, കണ്ണൂർ, ജില്ലകളിൽ സമ്പൂർണ്ണമായി ഈ പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഘട്ടംഘട്ടമായി ഇ-ഹെൽത്ത് പദ്ധതി എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പരിമിതമായ പദ്ധതി തുകകൊണ്ട് കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ പ്രാദേശിക സർക്കാരുകളും, ജനപ്രതിനിധികളുടെ പ്രാദേശിക വികസന പദ്ധതിയിൽപ്പെട്ട തുക വിനിയോഗിച്ചും വ്യവസായ വാണിജ്യ സ്ഥാപനങ്ങളും വ്യക്തികളും നൽകുന്ന സഹായവും വിനിയോഗിച്ചുകൊണ്ട് ഈ പദ്ധതിയുടെ പരിധിയിലേയ്ക്ക് എല്ലാ സർക്കാർ ആശുപത്രികളേയും കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ആയുഷ് വകുപ്പിന്റെ പദ്ധതികൾ**

179 (2048) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ കോളേജുകളിൽ ആയുഷ് വകുപ്പിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന കരൾ രോഗമുക്തി, ആയുഷ്യം, ജ്യോതിർഗമയ, വരണ്യം, കന്യാജ്യോതി തുടങ്ങിയ പദ്ധതികൾ ഇപ്പോൾ

പ്രതിസന്ധിയിലാണോ; ആണെങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ;

(ബി) ആയുഷ് വകുപ്പിന്റെ ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കാതെ ഈ മേഖലയെ പ്രതിസന്ധിയിലാക്കുന്ന എന്തെങ്കിലും നിലപാട് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മേല്പറഞ്ഞ പദ്ധതികൾ തുടരുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 2018-19 വർഷം പുതിയതായി ആരംഭിച്ച പദ്ധതികളായ ജ്യോതിർഗമയ, വർണ്യം, കന്യാജ്യോതി എന്നിവയും നാഷണൽ ആയുഷ് മിഷൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ കരൾ രോഗമുക്തി, ആയുഷ്യം, എന്നീ പദ്ധതികളും 2019-20 വർഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇതുമായി ബന്ധപ്പെട്ട രോഗങ്ങൾക്കുള്ള ചികിത്സകൾ നിലവിലെ സ്ഥാപനങ്ങൾ വഴി നൽകിവരുന്നുണ്ട്. കൂടുതൽ ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതികൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) കൂടുതൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർത്തലാക്കപ്പെട്ട പദ്ധതികൾ പുനരാരംഭിക്കുന്ന കാര്യവും നാഷണൽ ആയുഷ് മിഷൻ ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ തുടരുന്ന കാര്യവും പരിശോധിക്കുന്നതാണ്.

## വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ നിർധനരായ രോഗികൾക്ക് സൗജന്യമരുന്ന്

180 (2049) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ നിർധനരായ രോഗികൾക്ക് സ്ഥിരമായി കഴിക്കേണ്ട വില കൂടിയ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മരുന്ന് വിതരണം നടത്തുന്നുണ്ടെങ്കിൽ അത് എപ്രകാരമാണെന്നും ഇതിലേയ്ക്കുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) മരുന്ന് വിതരണം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക വകയിരുത്തി പദ്ധതി തയ്യാറാക്കുവാൻ അനുവാദം നൽകാനാവുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ചികിത്സയ്ക്കാവശ്യമായി വരുന്ന 246 ഇനം മരുന്ന പട്ടിക 6-10-2017-ലെ സ.ഉ. (സാധാ) നമ്പർ 2749/2017/ആ.കു.വ. ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ആയവ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ വിതരണം നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ടി മരുന്ന പട്ടികയിൽ വൃക്ക മാറ്റിവക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്കായുള്ള Cyclosporine cap.IP 100mg, Mycophenolate Mofetil Tab IP 500 mg, Tacrolimus Cap IP 1 mg എന്നീ മൂന്നിനം മരുന്നുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഈ മരുന്നുകൾ വൃക്ക മാറ്റിവയ്ക്കൽ ചികിത്സാ സൗകര്യമുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലൂടെ നിലവിൽ സൗജന്യമായി നൽകിവരുന്നുണ്ട്. വൃക്ക രോഗവുമായി ബന്ധപ്പെട്ട രോഗികൾക്ക് രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിന് ആവശ്യമായി വരുന്ന Clonidine Tab IP 100Mcg എന്ന ഗുളിക സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയിലൂടെ ഡയാലിസിസ് ചികിത്സയോടനുബന്ധിച്ച് സൗജന്യമായി നൽകിവരുന്നുണ്ട്.

കൂടാതെ അർബുദ രോഗ ചികിത്സയ്ക്കുള്ള മരുന്നുകളുടെ ഗണത്തിൽപ്പെട്ട AZATHIOPRINE TAB IP 50 mg എന്ന ഗുളിക സർക്കാർ മെഡിക്കൽ കോളേജുകൾക്കുപുറമേ ജില്ലാ ആശുപത്രികൾ മുഖേനയും സൗജന്യമായി നൽകിവരുന്നു.

(സി) വൃക്ക രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുന്നതിനായി കൃത്യമായ പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## ആരോഗ്യ ജാഗ്രതാ പദ്ധതി

181 (2050) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യ ജാഗ്രതാ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മലമ്പനി, കരിമ്പനി, മന്ത്, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ നിർമ്മാർജനം ചെയ്യുന്നതിന് ആവിഷ്കരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(സി) ആരോഗ്യ ജാഗ്രതാ പദ്ധതി നടപ്പിലാക്കിയശേഷം മറ്റ് രോഗങ്ങൾ നിയന്ത്രിക്കുന്നതിനും അവയുടെ വ്യാപനം കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുംവേണ്ടി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന 'പ്രതിദിനം പ്രതിരോധം' എന്ന പ്രതിരോധ-നിയന്ത്രണ കർമ്മ പരിപാടി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നടപ്പിലാക്കുന്നു. ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയോടൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പ്, നഗരകാര്യം, ജലവിഭവം, സാമൂഹ്യനീതി, തൊഴിൽ, വിദ്യാഭ്യാസം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, പൊതുമരാമത്ത്, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, മുതലായ വകുപ്പുകളുടേയും ശുചിത്വമിഷൻ, കുടുംബശ്രീ, ഭക്ഷ്യ സുരക്ഷാ മിഷൻ, കേരള വാട്ടർ അതോറിറ്റി, ഹരിത കേരള മിഷൻ തുടങ്ങിയ ഏജൻസികളുടേയും പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാർ മുതൽ വാർഡുതലം വരെയുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്ന ആലോചനായോഗങ്ങൾ, വിവിധ വകുപ്പുകളുടെ ഏകോപന യോഗങ്ങൾ, വാർഡ്തല ആരോഗ്യ ശുചിത്വ-പോഷണ സമിതികളുടെ ശാക്തീകരണവും, യോഗങ്ങളും, പ്രത്യേക ഗ്രാമസഭകൾ, ആരോഗ്യ സേനാ രൂപീകരണം, ശുചിത്വമാപ്പിംഗ്, വാർഡുതല/തദ്ദേശ സ്ഥാപനതല കർമ്മ പദ്ധതികൾ, അതിന്റെ അടിസ്ഥാനത്തിലുള്ള രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ, ക്യാമ്പയിനുകൾ, പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധനകൾ തുടങ്ങിയവയാണ് ആരോഗ്യജാഗ്രതയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ബി) മലമ്പനി, കരിമ്പനി, മന്ത്, കുഷ്ഠം, ക്ഷയം എന്നീരോഗങ്ങൾ 2020-ഓടെ നിവാരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി നടപ്പിലാക്കിവരുന്നു. ദേശീയ പ്രാണിജന്യരോഗ നിയന്ത്രണ പരിപാടിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മലമ്പനി, കരിമ്പനി, മന്ത് തുടങ്ങിയ രോഗങ്ങളുടെ നിരീക്ഷണം, ചികിത്സ, നിയന്ത്രണം എന്നിവ നടത്തിവരുന്നു. ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടിയുടെ ഭാഗമായുള്ള രോഗബാധിതരെ നേരത്തെ തന്നെ കണ്ടുപിടിച്ച് ചികിത്സ ലഭ്യമാക്കുന്ന 'അശ്വമേധം' ക്യാമ്പയിൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ, കുഷ്ഠരോഗ നിരീക്ഷണം, ചികിത്സ എന്നിവ ഫലപ്രദമായി നടപ്പിലാക്കിവരുന്നു. "എന്റെ ക്ഷയരോഗ മുക്ത കേരളം" ശ്വാസ് തുടങ്ങിയ പദ്ധതികളിലൂടെ ക്ഷയരോഗ നിരീക്ഷണവും ചികിത്സയും ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

(സി) 2018-ൽ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയതിനെത്തുടർന്ന് ആ വർഷം പകർച്ചവ്യാധിയും, അതുമൂലമുള്ള മരണങ്ങളും 2017-നെ അപേക്ഷിച്ച് കുറയ്ക്കുവാൻ സാധിച്ചു.

2018-ൽ പനി ബാധിച്ചവരുടെ എണ്ണം മുൻവർഷത്തെ അപേക്ഷിച്ച് 14.4% കുറയ്ക്കുവാൻ സാധിച്ചു. ഡെങ്കിപ്പനിയിൽ 82%-ഉം, മലമ്പനിയിൽ 24%-ഉം, എച്ച് 1 എൻ 1-ൽ 44% -ഉം, ടൈഫോയിഡ് 8%-ഉം കുറവാണ് ഉണ്ടായത്. പനിമൂലമുള്ള മരണങ്ങളും ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

## സൗജന്യ ആരോഗ്യക്ഷേമ പദ്ധതികൾ

182 (2051) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നടപ്പിലാക്കിവരുന്ന സൗജന്യ ആരോഗ്യക്ഷേമ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

സർക്കാർ ആശുപത്രികളിൽ കുട്ടികൾക്ക് ചികിത്സ നൽകുന്നതിനായി ആരോഗ്യകിരണം, RBSK (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) എന്നിവ നടപ്പിലാക്കിവരുന്നു. ഇത് കൂടാതെ ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുന്നതിനായി JSSK എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സ നൽകുന്നതിനായി JSSK എന്ന പദ്ധതിയിൽ സർക്കാർ ആശുപത്രിയിൽ സൗജന്യ ആരോഗ്യ പരിശോധന, ലബോറട്ടറി പരിശോധന, ചികിത്സ എന്നിവ നൽകിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ സർക്കാർ ആശുപത്രികൾ എന്നിവ മുഖാന്തരം രോഗപ്രതിരോധ കുത്തിവയ്പ്പുകൾ, ദേശീയ രോഗപ്രതിരോധ കുത്തിവയ്പ്പ് പദ്ധതി പ്രകാരം സൗജന്യമായി നൽകിവരുന്നു.

ആയുഷ്മാൻ ഭാരത്- പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (AB-PMJAY) പദ്ധതിയുമായി യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് ഏപ്രിൽ 1, 2019 മുതൽ നടപ്പിലാക്കി.

ആയുഷ്മാൻ ഭാരത്/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഒരു കുടുംബത്തിന് ഓരോ വർഷവും അഞ്ച് ലക്ഷം രൂപയുടെ ചികിത്സാ സഹായം തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭ്യമാക്കും, മാത്രമല്ല ആയുഷ്മാൻ ഭാരത് പദ്ധതിയിൽ അംഗീകാരമുള്ള രാജ്യത്തെ എല്ലാ ആശുപത്രികളിലും ഗുണഭോക്താക്കൾക്ക് ചികിത്സ തേടാവുന്നതാണ്.

## പാലോട് മാലിന്യ പ്ലാന്റ് നിർമ്മാണം

183 (2052) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പാലോട് മാലിന്യ പ്ലാന്റ് സ്ഥാപിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് വനം വകുപ്പ് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത മാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം നൽകുമോ;

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) അനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലം വനം വകുപ്പ് ഭൂമിയല്ല. എന്നാൽ ടി പ്രദേശത്തേയ്ക്ക് പോകുന്ന റോഡ് വനപ്രദേശത്തുകൂടി ആയതിനാൽ ടി പദ്ധതി വന്യജീവികളുടെ സ്വൈരവിഹാരത്തിനും, ആവാസ വ്യവസ്ഥയ്ക്കും കോട്ടം വരുമെന്നതിനാൽ വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല.

(സി) പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. ആയത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ keralapcb.nic.in എന്ന വെബ്സൈറ്റിൽ Public Hearings എന്ന തലക്കെട്ടിൽ ലഭ്യമാണ്.

(ഡി) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

184 (2053) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയാമോ ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര കുടുംബങ്ങൾക്കാണ് ചികിത്സാസഹായം ലഭിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും എത്ര രൂപയുടെ ആരോഗ്യ പരിരക്ഷയാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 2019 മാർച്ച് 31 വരെ വാലിഡ് ആയ ആർ.എസ്.ബി.വൈ/ചിസ് കാർഡ് ഉള്ളവരും 2011-ൽ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) പ്രകാരം പിന്നോക്കാവസ്ഥയിലുള്ള അർഹരായ കുടുംബാംഗങ്ങളും ആണ് 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്നത്.

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നിലവിൽ ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയിൽ അംഗങ്ങളായ ഏകദേശം 41 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 5,00,000 രൂപ വരെയുള്ള സൗജന്യ ആരോഗ്യ പരിരക്ഷ തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭ്യമാകുന്നതാണ്.

## മസ്തിഷ്ക മരണം

185 (2054) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനായി ഡോ. എം. ആർ. രാജഗോപാൽ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിലും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത മാർഗ്ഗരേഖ പുറത്തിറക്കിയശേഷം മൃതസഞ്ജീവനി പദ്ധതിയിൽ എന്തെങ്കിലും പ്രതിബന്ധം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മസ്തിഷ്ക മരണം രേഖപ്പെടുത്തുന്നതിനുള്ള നടപടി കൂടുതൽ കർശനവും സുതാര്യവും ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ-സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് End of Life Care-Advanced Directive എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് Living Will തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായാണ് ഡോ.എം.ആർ. രാജഗോപാൽ ചെയർമാനായി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

(ഡി) 1-2-2017-ലെ സ.ഉ.(കൈ)16/2017/ആ.കു.വ. പ്രകാരം മസ്തിഷ്ക മരണം സ്ഥിരീകരണം സുതാര്യമാക്കുന്നതിനുവേണ്ടി മസ്തിഷ്ക മരണം സ്ഥിരീകരണ നാലംഗ സമിതിയിൽ ഒരു സർക്കാർ ഡോക്ടറെ നിർബന്ധമാക്കുകയും മസ്തിഷ്ക മരണം സ്ഥിരീകരണ സമയത്തുള്ള കാര്യങ്ങൾ വീഡിയോയിൽ പകർത്തുവാനും ഉത്തരവായിട്ടുണ്ട്.

3-4-2018-ലെ സ.ഉ.(കൈ)53/2018 പ്രകാരം മസ്തിഷ്ക മരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട് സർക്കാർ/സ്വകാര്യ മേഖലയിലുള്ള ആശുപത്രികൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ (Standard Operating Procedure) പുറപ്പെടുവിക്കുകയുണ്ടായി.

കൂടാതെ 6-10-2019-ലെ സ.ഉ.(സാധാ)3060/2018/ആ.കു.വ. പ്രകാരം മസ്തിഷ്ക മരണം ഉറപ്പാക്കുന്നത് സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നതിന് ആധികാരികത ഉറപ്പുവരുത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പ് മേധാവികളും, സ്റ്റേറ്റ് അറ്റോർണിയും ഉൾപ്പെടെയുള്ള കമ്മിറ്റിക്ക് രൂപം നൽകുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവറിൽ നിന്നുള്ള സഹായം**

186 (2055) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവറിൽ നിന്ന് ഏത് തീയതി വരെ ലഭിച്ച അപേക്ഷകൾക്ക് ചികിത്സാസഹായം നൽകിയിട്ടുണ്ട്;

(ബി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവറിൽ നിന്ന് സഹായം നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന 2018 ഫെബ്രുവരി വരെ ലഭ്യമായ അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. ലഭ്യമാകുന്ന അപേക്ഷകളിൽ അർഹരായ രോഗികൾക്ക് പ്ലാൻ ഫണ്ടിൽ ഈ പദ്ധതിക്കായി അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് ധനസഹായം അനുവദിക്കുന്നത്. 2018-19-ലെ പ്ലാൻ ഫണ്ടിൽ അനുവദിച്ച 550 ലക്ഷം രൂപയിൽ നിന്നുമാണ് 2018 ഫെബ്രുവരി വരെയുള്ള പെൻഡിംഗിലുള്ള അപേക്ഷകർക്ക് ധനസഹായം നൽകിയത്. നടപ്പുസാമ്പത്തിക വർഷം സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിക്കായി 18-5-2019-ലെ സ.ഉ.(സാധാ) നമ്പർ 1170/2019/ആ.കു.വ. പ്രകാരം 550 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള അർഹതയുള്ള അപേക്ഷകർക്ക് കാലതാമസം കൂടാതെ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ശ്രുതിതരംഗം പദ്ധതി

187 (2056) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രവണവൈകല്യമുള്ള കുട്ടികൾക്കായി നടപ്പിലാക്കുന്ന ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി പ്രകാരം ഗുണഫലം ലഭിച്ച കുട്ടികളുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും നേടിയെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.

(ബി)

| ക്രമ നമ്പർ | ജില്ല | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 15 |
| 2 | എറണാകുളം | 30 |
| 3 | കണ്ണൂർ | 26 |
| 4 | കാസർഗോഡ് | 16 |
| 5 | കൊല്ലം | 15 |
| 6 | കോട്ടയം | 8 |
| 7 | കോഴിക്കോട് | 50 |
| 8 | മലപ്പുറം | 72 |
| 9 | പാലക്കാട് | 27 |
| 10 | പത്തനംതിട്ട | 8 |
| 11 | തൃശ്ശൂർ | 20 |
| 12 | തിരുവനന്തപുരം | 18 |
| 13 | വയനാട് | 10 |
| 14 | ഇടുക്കി | 6 |
| ആകെ | | 321 |

## ന്യൂട്രീഷൻ മിഷൻ പദ്ധതി

188 (2057) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്ത്രീകളിലും കുട്ടികളിലും പോഷക കുറവ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പോഷക കുറവ് പരിഹരിക്കുന്നതിന് നാഷണൽ ന്യൂട്രീഷൻ മിഷൻ, പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണ്;

(സി) ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; അവരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്;

(ഡി) ആദിവാസി വിഭാഗത്തിൽപ്പെട്ട അമ്മമാരിലും കുഞ്ഞുങ്ങളിലും പോഷക കുറവ് ഗുരുതരമാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മിഷൻ പ്രകാരം അവർക്കായി പ്രത്യേക എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. ചുവടെ പറയുന്ന വിവിധ കാരണങ്ങളാൽ പോഷകക്കുറവ് സംഭവിക്കാം:

- പോഷകക്കുറവുള്ള അമ്മമാരിൽ നിന്നും കുഞ്ഞുങ്ങളിലേയ്ക്ക് പോഷകക്കുറവ് ഉണ്ടാകുന്നു.
- മികച്ച ഭക്ഷണ ശീലത്തിന്റെ അഭാവം. സമീകൃതാഹാരത്തിന്റെ കുറവ്.
- വിട്ടുമാറാത്ത രോഗങ്ങളും വ്യാധികളും.
- വിറ്റാമിൻ എ, സിങ്ക്, അയൺ, കാൽസിയം എന്നിവയുടെ അഭാവം.
- കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നൽകാതിരിക്കുന്നതിലൂടെ.
- പൊണ്ണത്തടിയും വ്യായാമക്കുറവും.
- ഭക്ഷണക്രമത്തിൽ പഴങ്ങളുടേയും പച്ചക്കറികളുടേയും അഭാവം തുടങ്ങി നിരവധി വ്യത്യസ്തമായ കാരണത്താൽ പോഷകക്കുറവ് ഉണ്ടാകുന്നു

(ബി) ഉണ്ട്. ഒരു ജീവിതചക്ര സമീപനത്തിലൂടെ തത്സമയ വളർച്ചാ നിരീക്ഷണവും യഥാസമയത്തുള്ള ഇടപെടലുകളും വഴി കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറ് വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവരിലെ ന്യൂനപോഷണം തടയുന്നതിനായി ആവിഷ്കരിച്ച നാഷണൽ ന്യൂട്രീഷൻ മിഷന്റെ ഭാഗമായി സംസ്ഥാനത്ത് മലപ്പുറം, വയനാട്, കണ്ണൂർ,

കാസർഗോഡ് എന്നീ ജില്ലകളിൽ പ്രവർത്തനം നടന്നുവരുന്നു. ബാക്കിയുള്ള പത്ത് ജില്ലകളിൽക്കൂടി പ്രവർത്തനം ആരംഭിക്കുവാനുള്ള ഭരണപരമായ അനുവാദം ലഭിച്ചിട്ടുണ്ട്. അങ്കണവാടികളിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ 33115 അങ്കണവാടികളിലൂടെ ഈ പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിച്ചേരും.

പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| വളർച്ച മുരടിപ്പ് (0-6 വയസ്സ്) | - | 6% കുറയ്ക്കുക. |
| തൂക്കക്കുറവ് (0-6 വയസ്സ്) | - | 6% കുറയ്ക്കുക. |
| വിളർച്ച (സ്ത്രീകളിലും കൗമാരപ്രായക്കാരായ പെൺകുട്ടികളിലും) (15-49 വയസ്സ്) | - | 9% കുറയ്ക്കുക. |
| ന്യൂനപോഷണം (0-6 വയസ്സ്) | - | 6% കുറയ്ക്കുക. |

ഈ ലക്ഷ്യങ്ങൾ മൂന്ന് വർഷം കൊണ്ട് കൈവരിക്കേണ്ടവയാണ്.

(സി) നാഷണൽ ന്യൂട്രീഷൻ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് 'സമ്പുഷ്ട കേരളം' എന്ന പേരിലാണ് നടപ്പിലാക്കുന്നത്. അങ്കണവാടികളിലെ ഗുണഭോക്താക്കളായ ആറ് വയസ്സിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. അങ്കണവാടികളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അവിടത്തെ ഗുണഭോക്താക്കൾ തന്നെയാണ് പ്രസ്തുത പദ്ധതിയുടെയും ഗുണഭോക്താക്കൾ.

(ഡി) കേരളത്തിലെ എല്ലാ അങ്കണവാടികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആദിവാസി വിഭാഗത്തിൽപ്പെട്ട അമ്മമാരും കുഞ്ഞുങ്ങളും ഉൾപ്പെടുന്ന എല്ലാ ഐ.സി.ഡി.എസ്. ഗുണഭോക്താക്കൾക്കും ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നതാണ്.

**പൊതുജനാരോഗ്യ നയം**

189 (2058) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി സി. കെ. ആശ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പൊതുജനാരോഗ്യ നയം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആരോഗ്യ ഡയറക്ടറേറ്റിനെ വിഭജിക്കുന്നതിന് നീക്കമുണ്ടോ; പൊതുമേഖലാ ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) പ്രാഥമികതല ആരോഗ്യ സേവനങ്ങളും ആരോഗ്യസ്ഥാപനങ്ങളും മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ആരോഗ്യ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിച്ച് മെച്ചപ്പെട്ട ഒരു പൊതുജനാരോഗ്യ സമ്പ്രദായം വികസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) പണമില്ലാത്തതിനാൽ ചികിത്സ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആകെ ജനസംഖ്യയുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ ആരോഗ്യരംഗത്ത് സമഗ്ര ഇടപെടൽ നടത്തി രോഗാതുരത, മരണനിരക്ക് എന്നിവ കുറയ്ക്കുകയെന്ന ലക്ഷ്യത്തിലൂന്നിയ സംസ്ഥാന ആരോഗ്യ നയം 28-1-2019-ലെ സ.ഉ.(കൈ) നമ്പർ 20/2019/ആ.കു.വ. പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അരോഗ്യനയത്തിന്റെ അന്തിമലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ചുവടെ പറയുന്നവ നേടിയെടുക്കേണ്ടതാണ്.

1. പകർച്ചവ്യാധികളുടെ നിയന്ത്രണം
2. പ്രാഥമിക തലത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം
3. കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ.
4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ.
5. ദ്വിതീയ തലത്തിൽ രോഗ സങ്കീർണ്ണതകളുടെ നിയന്ത്രണം.
6. ദ്വിതീയ തൃതീയ തല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം.
7. ത്രിതല റഫറൽ സമ്പ്രദായം നടപ്പാക്കൽ.
8. ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ.

ഇത്തരത്തിൽ കേരളത്തിന്റെ ആരോഗ്യ മേഖല മെച്ചപ്പെടുത്തുന്നതിനായി ദീർഘകാല/ഹ്രസ്വകാല പദ്ധതികൾ/ലക്ഷ്യങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

<u>ദീർഘകാല ലക്ഷ്യങ്ങൾ</u>

1. സാർവ്വത്രികവും സൗജന്യവും സമഗ്രവുമായ ആരോഗ്യരക്ഷാ സംവിധാനം ഏർപ്പെടുത്തുക.
2. ശിശു, ബാല, മാതൃ മരണ നിരക്കുകൾ വികസിത രാജ്യങ്ങളിലേതിന് തുല്യമായ തലത്തിലെത്തിക്കുക.
3. ജനങ്ങളുടെ ആരോഗ്യത്തോടെയുള്ള ആയുർദൈർഘ്യം കൂട്ടുക.

<u>ഹ്രസ്വകാല ലക്ഷ്യങ്ങൾ.</u>

1. 1,00,000 ജനസംഖ്യയ്ക്ക് 66 എന്ന ഇപ്പോഴത്തെ മാതൃമരണനിരക്ക് 30 ആയി കുറയ്ക്കുക.
2. ശിശുമരണ നിരക്ക് 12 -ൽ നിന്നും 8 ആക്കുക.
3. നവജാത ശിശുമരണ നിരക്ക് 7- ൽ നിന്നും 5 ആക്കുക.
4. 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 14 -ൽ നിന്നും 9 ആയി കുറയ്ക്കുക.
5. പകർച്ചവ്യാധികളുടെ വാർഷിക രോഗബാധ 50% ആയി കുറയ്ക്കുക. ഇത്തരം ഹ്രസ്വകാല/ദീർഘകാല ലക്ഷ്യങ്ങളിലൂടെ മേൽപ്പറയുന്നവ നേടിയെടുക്കുന്നതിനും, അതിലൂടെ മൊത്തം ജനസംഖ്യയുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റത്തക്ക രീതിയിൽ ആരോഗ്യരംഗത്ത് സമഗ്രമായ ഇടപെടൽ നടത്തി രോഗാതുരതയും, മരണനിരക്കും കുറയ്ക്കുകയെന്ന അന്തിമ ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാൻ സാധിക്കുന്നതാണ്.

(ബി) കേരള സർക്കാർ പുറത്തിറക്കിയ ആരോഗ്യ നയത്തിൽ അങ്ങനെയൊരു നിർദ്ദേശമുണ്ടെങ്കിലും ഇതുസംബന്ധിച്ച അന്തിമ തീരുമാനമെടുത്തിട്ടില്ല.

ആരോഗ്യ വകുപ്പിലെ പൊതുമേഖലാ ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും അവയിൽ അടിസ്ഥാനസൗകര്യ വികസനം ഏർപ്പെടുത്തുകയും ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി/

സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുക വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യം പൊതുമേഖലയിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നുതന്നെ ജനങ്ങൾക്ക് ലഭ്യമാക്കിവരികയാണ്. ജില്ല/ജനറൽ ആശുപത്രികളിൽ കാത്ത് ലാബ് യൂണിറ്റും താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റും ആരംഭിച്ചു. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പൊന്നാനിയിൽ ഇതിനകം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

കിഫ്ബി ഫണ്ട്, നബാർഡ്, എൻ.എച്ച്.എം. ഫണ്ട്, ബഹുമാനപ്പെട്ട എം.എൽ.എ., എം.പി. ഫണ്ട്, മേജർ കൺസ്ട്രക്ഷൻ ആന്റ് സി.എച്ച്.എസ്. അസറ്റ് മെയിന്റനൻസ് ഫണ്ട് മുതലായ ഫണ്ട് ഉപയോഗിച്ച് നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിന്റെ ആദ്യഘട്ടത്തിൽ (2017-2018)-ൽ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന വികസന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അവശ്യ തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ 2018 ഡിസംബർ വരെ 159 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തന സജ്ജമായിട്ടുണ്ട്. മറ്റുള്ളവയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. 2017-2018 കാലഘട്ടങ്ങളിൽ ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ 7 കോടി രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് ലബോറട്ടറികൾ ശക്തിപ്പെടുത്തുകയുണ്ടായി. 2018-19 കാലയളവിൽ ബ്ലോക്കുതല സി.എച്ച്.സി.-കൾ ഒഴികെ മറ്റ് സി.എച്ച്.സി.-കളേയും ഉൾപ്പെടുത്തി 504 ആരോഗ്യസ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ 203 സ്ഥാപനങ്ങൾ ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 28.55 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിലേയ്ക്ക് എൻ.എച്ച്.എം. മുഖേനയാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. 2018-19 കാലഘട്ടങ്ങളിൽ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്ലാൻ ഫണ്ടിൽ 8 കോടി രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് ലബോറട്ടറികൾ ശക്തിപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിലേയ്ക്കായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നേഴ്സ്, 170 ലാബ് ടെക്നീഷ്യൻ, 150 ഫാർമസിസ്റ്റ്, എന്നീ വിഭാഗങ്ങളിലായി ആകെ 830 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) നിലവിൽ ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട ബജറ്റ് വിഹിതം അനുവദിക്കുന്നുണ്ട് എന്നിരുന്നാലും പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് വരും വർഷങ്ങളിൽ ബജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി അവയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഡോക്ടർമാരുൾപ്പെടെ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുക വഴി കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യവും ലബോറട്ടറി സംവിധാനവും പ്രാഥമിക തലത്തിൽ തന്നെ ഏർപ്പെടുത്തുവാൻ സാധിച്ചു. ജില്ല/ജനറൽ ആശുപത്രികളിൽ കാത്ത് ലാബ് ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനവും താലൂക്കുതല ആശുപത്രികളിൽ ഡയാലിസിസ് സംവിധാനം ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സംവിധാനം ആരംഭിക്കുകയും അവയ്ക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തു. മെച്ചപ്പെട്ട ആധുനിക സൗകര്യങ്ങളോടുകൂടിയ ഉപകരണങ്ങൾ ലഭ്യമാക്കി ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങളും പരിശോധനാ സംവിധാനങ്ങളും സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4139 അധിക തസ്തികകൾ ഇതിനോടകം സൃഷ്ടിക്കപ്പെട്ടു. ആർദ്രം രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പകർച്ചവ്യാധി നിയന്ത്രണത്തിന് പ്രത്യേക പദ്ധതി

190 (2059) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വരുന്ന കാലവർഷക്കാലത്ത് എലിപ്പനി, ഡെങ്കിപ്പനി, മലേറിയ, മഞ്ഞപ്പിത്തം, ജാപ്പനീസ് എൻസഫലൈറ്റിസ് തുടങ്ങിയ രോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കുവാൻ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പകർച്ചവ്യാധി നിയന്ത്രണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അതിനായി രൂപീകരിച്ച കർമ്മസേനയുടെ പ്രവർത്തനം വിശദമാക്കുമോ ?

## ഉത്തരം

(എ) കാലവർഷക്കാലത്തും അതിനെത്തുടർന്നും പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടേയും, ഏജൻസികളുടേയും, ആരോഗ്യപ്രവർത്തകരുടേയും, പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ പ്രതിദിനം പ്രതിരോധത്തിനായി ശുചീകരണ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനം ആരോഗ്യ വകുപ്പ് നടത്തിവരികയാണ്. വാർഡ് തലത്തിൽ കർമ്മ പദ്ധതികൾ തയ്യാറാക്കി വാർഡുതല ആരോഗ്യ ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ ബോധവത്കരണവും ശുചീകരണവും കൊതുകിന്റെ ഉറവിട നശീകരണ ക്യാമ്പയിനുകളും സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. കൊതുകിന്റെ ഉണങ്ങിയ ഉറവിടങ്ങളും, പ്രധാന ഉറവിടങ്ങളും നീക്കം ചെയ്യുന്ന ക്യാമ്പയിൻ, ജലശുദ്ധി ക്യാമ്പയിൻ, തോട്ടങ്ങളിലെ കൊതുക് ഉറവിടങ്ങൾ ഇല്ലാതാക്കുന്ന ക്യാമ്പയിൻ തുടങ്ങിയവ കൊതുകുജന്യ, ജലജന്യ രോഗങ്ങളെ പ്രതിരോധിക്കാനായി നടത്തി. എലിപ്പനിക്കെതിരെ ബോധവൽക്കരണം, ഡോക്സിസൈക്ലിൻ പ്രതിരോധ ചികിത്സ, ക്ലോറിനേഷൻ, കൃഷി വകുപ്പും മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് എലിനശീകരണം തുടങ്ങിയവ നടത്തി. കൂടാതെ രോഗനിരീക്ഷണം, ചികിത്സ എന്നിവയും കാര്യക്ഷമമായി നടത്തിവരുന്നു.

(ബി) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണത്തിന് ആരോഗ്യജാഗ്രത എന്ന പേരിൽ സംസ്ഥാനതല കർമ്മ പരിപാടി പ്രവർത്തന കലണ്ടർ ഉൾപ്പെടെ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. കൂടാതെ ജില്ലാ തലത്തിലും വാർഡ് തലത്തിലും ഇത്തരം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

വാർഡ് തലത്തിൽ രൂപീകരിച്ചിരിക്കുന്ന ആരോഗ്യസേന ഗൃഹസന്ദർശനം, ബോധവൽക്കരണം, രോഗനിരീക്ഷണം, കൊതുകുറവിട നശീകരണം, ജലജന്യ രോഗങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഏതെങ്കിലും പ്രദേശത്ത് രോഗം പൊട്ടിപ്പുറപ്പെടുന്ന സാഹചര്യത്തിൽ ആരോഗ്യസേനാ പ്രവർത്തകർ സജീവമായി രോഗനിയന്ത്രണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## എഫ്.എച്ച്.സി.-കളിൽ ജെ.എച്ച്.ഐ. തസ്തിക

191 (2060) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജൂനിയർ ഹെൽത്ത് ഇൻസ്‌പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കി പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുമോ;

(ബി) നിലവിൽ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും എത്ര ജനസംഖ്യയ്ക്ക് ആനുപാതികമായാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ഉള്ളത്; ഈ അനുപാതം പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ആദിവാസി മേഖലയിൽ 3000 പേർക്കും, മറ്റ് സ്ഥലങ്ങളിൽ 5000 പേർക്കും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്ന നിരക്കിലാണ് അനുപാതം നിശ്ചയിച്ചിട്ടുള്ളത്. അത് പുനഃക്രമീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തിയ ആശുപത്രികൾ**

192 (2061) <u>ശ്രീ. കെ. വി. വിജയദാസ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തിയ ആശുപത്രികളുടെ വിവരം മണ്ഡലം തിരിച്ച് നൽകാമോ;

(ബി) സി.എച്ച്.സി., പി.എച്ച്.സി.-കളിൽ ഇതിന്റെ ഭാഗമായി സ്റ്റാഫ്-പാറ്റേൺ ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ;

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് സി.എച്ച്.സി.യിൽ കിടത്തിചികിത്സ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട, തൃശ്ശൂർ, ആലപ്പുഴ, കാഞ്ഞിരപ്പള്ളി, എന്നീ ജനറൽ ആശുപത്രികളിലും കൊല്ലം, കണ്ണൂർ, കാഞ്ഞങ്ങാട് എന്നീ ജില്ലാ ആശുപത്രികളിലും മഞ്ചേരി പാരിപ്പള്ളി, എറണാകുളം മെഡിക്കൽ കോളേജുകളിലും കാത്ത് ലാബ് അനുവദിച്ചു. ആയത് നിർമ്മിക്കുന്നതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിൽ ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി, പത്തനംതിട്ട, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ബി) സി.എച്ച്.സി., പി.എച്ച്.സി.,-കളിൽ കാത്ത് ലാബുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇല്ല.

(സി) സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളേയും ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഘട്ടത്തിൽ ഇവിടത്തെ അടിസ്ഥാന സൗകര്യത്തിലേയും തസ്തികകളിലേയും കുറവുകൾ പരിഹരിച്ച് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ആർദ്രം പദ്ധതി**

193 (2062) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി കൂടുതൽ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇരവിപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതി പ്രകാരം 2017-18 വർഷം സംസ്ഥാനത്തെ 170 ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും 2018-19 വർഷം 504 കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം കൂടുതൽ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇരവിപുരം മണ്ഡലത്തിലെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളും ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. ഇരവിപുരം പ്രാഥമികാരോഗ്യ കേന്ദ്രം - 2017-18
2. പാലത്തറ സാമൂഹ്യാരോഗ്യകേന്ദ്രം - 2018-19
3. മയ്യനാട് സാമൂഹ്യാരോഗ്യകേന്ദ്രം - 2018-19

## ആർദ്രം മിഷൻ

194 (2063) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ രംഗത്ത് ഗുണമേൻമയുള്ള രോഗീസൗഹൃദ സേവനം ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ആർദ്രം മിഷന്റെ ഭാഗമായി ഇതുവരെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് തസ്തികകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ആർദ്രം മിഷന്റെ ഭാഗമായി ആകെ 1721 അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. തസ്തികകൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു:

## കോതമംഗലം താലൂക്കാശുപത്രി

195 (2064) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പതിനാറിലധികം ആദിവാസി കോളനികൾ ഉള്ള കോതമംഗലം മണ്ഡലത്തിലെ പ്രധാന ആതുരാലയമായ കോതമംഗലം താലൂക്ക് ആശുപത്രിക്ക് പ്രത്യേക പരിഗണന നല്കി ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു മെഡിക്കൽ ഇന്റൻസീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ അടിസ്ഥാനത്തിൽ വികസനം നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ കോതമംഗലം താലൂക്ക് ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 2017-18-ൽ ആർദ്രം മിഷന്റെ ഭാഗമായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ദന്തൽ മെക്കാനിക് | - | 1 |
| 2. | സ്റ്റാഫ് നഴ്സ് | - | 2 |
| 3. | ലാബ് ടെക്നീഷ്യൻ | - | 3 |
| 4. | ഇ.സി.ജി. ടെക്നീഷ്യൻ | - | 1 |
| 5. | മെഡിക്കൽ റിക്കാർഡ് ലൈബ്രേറിയൻ | - | 1 |

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ആർദ്രം മിഷനിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ ആശുപത്രികൾ

196 (2065) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ എത്ര ആശുപത്രികൾ റാന്നി നിയോജകമണ്ഡലത്തിൽ ഉണ്ട്; അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം അറിയിക്കാമോ; ഒരേ സമയം ഏതൊക്കെ ജീവനക്കാരുടെ സഹായമാണ് ഇവിടെ നിന്നും ലഭിക്കുക;

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിലെ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ടോ; പുതുതായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കിയ 8 ആശുപത്രികൾ ഉണ്ട്.

1. സാമൂഹികാരോഗ്യ കേന്ദ്രം, എഴുമറ്റൂർ
2. സാമൂഹികാരോഗ്യ കേന്ദ്രം, വെച്ചൂച്ചിറ
3. കുടുംബാരോഗ്യകേന്ദ്രം, കോട്ടാങ്ങൽ
4. കുടുംബാരോഗ്യകേന്ദ്രം, വടശ്ശേരിക്കര
5. പ്രാഥമികാരോഗ്യകേന്ദ്രം, ചെറുകോൽ
6. പ്രാഥമികാരോഗ്യകേന്ദ്രം, റാന്നി-പഴവങ്ങാടി
7. പ്രാഥമികാരോഗ്യകേന്ദ്രം, നാറാണംമൂഴി
8. പ്രാഥമികാരോഗ്യകേന്ദ്രം, തെള്ളിയൂർ

(ബി) കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെയാണ്. ഇവിടെ ഒരേ സമയം ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യമാകുന്നുണ്ട്.

(സി) ഉണ്ട്. Hb AIC Machine, Hematology, Analyzer, Semi Automatic Analyzer, Reagents, Manpower ഇവ ഒരുക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് ചെയ്യാവുന്ന ടെസ്റ്റുകളും മറ്റ് കാർഡ് ടെസ്റ്റുകളും (ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, മലേറിയ തുടങ്ങിയവ) നടത്തിവരുന്നു.

**ആർദ്രം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ**

197 (2066) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന ജനങ്ങൾക്ക് സൗജന്യമായും മിതമായ നിരക്കിലും കൂടുതൽ മെച്ചപ്പെട്ട ചികിത്സാസൗകര്യം ഉറപ്പാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ അതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഏർപ്പെടുത്തിയ സൗകര്യങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അവലോകനം നടത്തിയിട്ടുണ്ടോ; പ്രസ്തുത അവലോകനത്തിൽ കണ്ടെത്തിയ പോരായ്മകൾ എന്തൊക്കെയാണ്; അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഏർപ്പെടുത്തുന്ന കാര്യം ഏത് ഘട്ടത്തിലാണ്;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ പുതുതായി തസ്തിക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സാധിച്ചിട്ടുണ്ട്.

(ബി) ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ ഏർപ്പെടുത്തിയ പദ്ധതിയാണ് ആർദ്രം. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ആരോഗ്യരംഗത്ത് മെച്ചപ്പെട്ട സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിവരുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുക വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യം പ്രാഥമിക തലത്തിൽ തന്നെ ലഭ്യമാക്കുക എന്നതാണ് ആർദ്രം

പദ്ധതി പ്രകാരം ലക്ഷ്യമിടുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ജെ.എസ്.എസ്.കെ., ആർ.ബി.എസ്.കെ., ആരോഗ്യകിരണം, എന്നീ പദ്ധതികൾ വഴി ജനങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാണ്. തെരഞ്ഞെടുക്കപ്പെട്ട ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ തുടങ്ങിയവയിൽ കാത്ത് ലാബ് ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്ട്, ജനറൽ, താലൂക്കതലം വരെയുള്ള ആശുപത്രികളിൽ ഡയാലിസിസ് സൗകര്യവും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ട്രോമാകെയർ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

(സി) ആർദ്രം പദ്ധതി സെക്രട്ടറി തലത്തിലും വകുപ്പ് മന്ത്രിതലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും അവലോകനം നടത്താറുണ്ട്. 2017-18 വർഷം ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതിൽ 160 എണ്ണം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. വലിയ തോതിലുള്ള അടിസ്ഥാന സൗകര്യം കുറവുള്ളവയുടേയും വെള്ളപ്പൊക്കത്തിൽ നശിക്കാൻ ഇടയായവയുടേയും അടക്കമുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ കേന്ദ്രങ്ങളുടെ സേവനം വൈകുന്നേരം 6 മണി വരെ ദീർഘിപ്പിക്കുകയും നേഴ്സുമാരുടെ പ്രീചെക്കപ്പ്, കൗൺസിലിംഗ്, ജീവിതശൈലീ രോഗങ്ങൾക്കുള്ള എൻ.സി.ഡി. ക്ലിനിക്ക്, ആസ്മ, ശ്വാസംമുട്ടൽ എന്നിവയ്ക്കുള്ള ശ്വാസ് ക്ലിനിക്ക്, മാനസികാസ്വാസ്ഥ്യമുള്ളവർക്കുള്ള ആശ്വാസ് ക്ലിനിക്ക് എന്നീ സേവനങ്ങൾ അധികമായി ലഭ്യമാക്കി. ആർദ്രം പദ്ധതി ആവിഷ്കരിച്ചതിലൂടെ മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുവാൻ സാധിച്ചിട്ടുണ്ട്.

(ഡി & ഇ) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ (2018-19) തെരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിൽ 324 കേന്ദ്രങ്ങളുടെ ഭരണാനുമതി നൽകി. 70 എണ്ണത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയും 6 എണ്ണം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 161 എണ്ണം ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സ്ഥിതിയിലാണ്. രണ്ടാംഘട്ടത്തിലേയ്ക്കായി ഡോക്ടർമാരടക്കമുള്ള അധിക സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിൽ ആർദ്രം പദ്ധതി

198 (2067) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ നിന്നും പുതുതായി ഏതെങ്കിലും ആരോഗ്യ സ്ഥാപനങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ആർദ്രം ഒന്നാംഘട്ടത്തിൽ (2017-18) പ്രാഥമികാരോഗ്യ കേന്ദ്രം കുട്ടൻപുഴ, 2018-19-ൽ രണ്ടാംഘട്ടത്തിൽ കോതമംഗലം താലൂക്ക് ആശുപത്രി, സാമൂഹികാരോഗ്യ കേന്ദ്രം നേര്യമംഗലം, പ്രാഥമികാരോഗ്യ കേന്ദ്രം പിണ്ടിമന, ചെറുവട്ടൂർ, കോട്ടപ്പടി, പുന്നേക്കാട് എന്നീ സ്ഥാപനങ്ങളാണ് കോതമംഗലം മണ്ഡലത്തിൽ നിന്നും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി പേഷ്യന്റ് ഫ്രെണ്ട്ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ് ഒ.പി. ട്രാൻസ്ഫർമേഷനുവേണ്ടി 2,08,44,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

നേര്യമംഗലം സാമൂഹികാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്രം പിണ്ടിമന, പോത്താനിക്കാട്, കോട്ടപ്പടി, പുന്നേക്കാട് എന്നീ സ്ഥാപനങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 14,00,000 രൂപയുടേയും പ്രാഥമികാരോഗ്യ കേന്ദ്രം, ചെറുവട്ടൂരിന് 15,50,000 രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രവൃത്തികൾ ആരംഭിച്ചുവരുന്നു.

(സി) ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും ഉൾപ്പെടാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ അടുത്ത ഘട്ടങ്ങളിൽ പരിഗണിക്കപ്പെടും.

**കൊണ്ടോട്ടി മണ്ഡലത്തിലെ ആർദ്രം പദ്ധതി**

199 (2068) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ആർദ്രം പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ആരോഗ്യകേന്ദ്രങ്ങളിൽ അധികമായി ഏർപ്പെടുത്തിയ സൗകര്യങ്ങളും സംവിധാനങ്ങളും അറിയിക്കാമോ;

(സി) ആർദ്രം പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ തുടർന്ന് നടത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(ഡി) ആരോഗ്യ ഉപകേന്ദ്രങ്ങളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ വേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതി നിലവിൽ വന്നശേഷം കൊണ്ടോട്ടി മണ്ഡലത്തിൽ കൊണ്ടോട്ടി സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുകയും താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

1. സ്റ്റാഫ് നഴ്സ് - 4
2. ലാബ് ടെക്നീഷ്യൻ - 1
3. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1
4. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4
5. ആശുപത്രി അറ്റൻഡന്റ് - 1

ആർദ്രം പദ്ധതിയുടെ ഭാഗമായി 2017-18 വർഷം പുളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി. ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന ഒരു ഡോക്ടറേയും ഒരു സ്റ്റാഫ് നഴ്സിനേയും നിയമിച്ചിട്ടുണ്ട്. ടി കേന്ദ്രത്തിൽ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്കുള്ള വെയിറ്റിംഗ് ഏര്യ, ഒ.പി. സൗകര്യം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ 2018-19 വർഷം കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട്, വാഴയൂർ, ചെറുകാവ് എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന്

ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സ് പ്രീ ചെക്കം-കൗൺസിലിങ്ങും, വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാകുന്നതാണ്.

(ഡി) വാഴക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലുള്ള വെട്ടത്തൂർ ഉപകേന്ദ്രം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. കൂടാതെ കൊണ്ടോട്ടി മണ്ഡലത്തിലെ താഴെപ്പറയുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ് സബ്സെന്ററായി ഉയർത്തുന്നതിനുവേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.

| | സബ് സെന്ററിന്റെ പേര് | ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|
| 1 | പേങ്ങാട് | ചെറുകാവ് |
| 2 | വലിയപറമ്പ് | പുളിക്കൽ |
| 3 | പുതുക്കോട് | വാഴയൂർ |
| 4 | ഊർക്കടവ് | വാഴക്കാട് |

**കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം**

200 (2069) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി പ്രകാരം നിലവിൽ വന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അന്ധതയ്ക്ക് കാരണമായ തിമിരം, ഗ്ലോക്കോമ തുടങ്ങിയ രോഗങ്ങൾ പ്രാരംഭദശയിൽ കണ്ടെത്തുന്നതിനുവേണ്ടി ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാണോ;

(ബി) എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നിലവിലുണ്ട്; എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രസ്തുത തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കഴിഞ്ഞ 20 വർഷത്തിനുള്ളിൽ എത്ര ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാസത്തിൽ ഒരു ദിവസം ബന്ധപ്പെട്ട സി.എച്ച്.സി.-യിൽ നിന്ന് ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കിവരുന്നുണ്ട്.

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാഫ് പാറ്റേണിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഉൾപ്പെടുന്നില്ല. എന്നാൽ 5 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നിലവിലുണ്ട്.

1. എഫ്.എച്ച്.സി. വാമനപുരം.
2. എഫ്.എച്ച്.സി. കാഞ്ചിയാർ.
3. എഫ്.എച്ച്.സി. മണലൂർ.
4. എഫ്.എച്ച്.സി.അപ്പപ്പാറ.
5. എഫ്.എച്ച്.സി. നൂൽപ്പുഴ.

പ്രാഥമിക നേത്ര പരിചരണം, കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ വഴി നൽകാനും കൂടുതൽ സേവനം ആവശ്യമുള്ളവർക്ക് റഫറൽ സേവനങ്ങൾ നൽകാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ മാസത്തിൽ ഒരു ദിവസം ബന്ധപ്പെട്ട സി.എച്ച്.സി.യിൽ നിന്ന് ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കിവരുന്നുണ്ട്. വിഷൻ സെന്റർ പ്രവർത്തനത്തിന്റെ ഭാഗമായി തിമിരം, കാഴ്ച പരിശോധന തുടങ്ങിയവ നടത്തി തുടർ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ആരോഗ്യ വകുപ്പിന് കീഴിൽ 13 ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 7 എണ്ണം ജി.ഒ.(എം.എസ്.) നമ്പർ 136/2017/ആ.കു.വ. പ്രകാരം ഈ സർക്കാരിന്റെ കാലത്ത് സൃഷ്ടിച്ചതാണ്.

## സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തിക

201 (2070) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ബ്ലോക്ക് സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും അസിസ്റ്റന്റ് ഡെന്റൽ സർജന്മാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഡെന്റൽ സർജന്മാരുടെ തസ്തികകൾ സൃഷ്ടിക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദന്തൽ യൂണിറ്റുകൾ നിലവിൽ ഇല്ലാതിരുന്ന 11 താലൂക്ക് ആശുപത്രികളിൽ ഒന്നു വീതവും ഓരോ

ജില്ലയിലെ രണ്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും കൂടി 28-ഉം, ഗ്രാമീണ മേഖലകൾ കൂടുതലായുള്ള വയനാട്, ഇടുക്കി, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ രണ്ട് വീതവും ആകെ 47 അസിസ്റ്റന്റ് ദന്തൽ സർജൻമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി ദന്തൽ വിഭാഗത്തിൽ 5 ജൂനിയർ കൺസൾട്ടന്റ് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന് കീഴിൽ ദന്തൽ വിഭാഗത്തിൽ സൃഷ്ടിക്കേണ്ട എല്ലാ തസ്തികകളും ചേർത്ത് ഒരു സമഗ്ര പ്രൊപ്പോസൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

202 (2071) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) ഇനിയും പ്രവർത്തനം തുടങ്ങാത്ത കുടുംബാരോഗ്യകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

### <u>ഉത്തരം</u>

(എ) 2017-18-ൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ തെരഞ്ഞെടുത്തിരുന്നത്. ഇതിൽ 159 കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ എല്ലായിടങ്ങളിലും എഫ്.എച്ച്.സി. പ്രവർത്തിച്ചുവരുന്നുണ്ട്. 2018-19-ൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് നിലവിലുണ്ടായിരുന്നതും, പ്രളയത്തെതുടർന്ന് നാശനഷ്ടങ്ങൾ നേരിട്ട സ്ഥലങ്ങളിലുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്തതും, ആരംഭിക്കാൻ കഴിയാത്തതും. നിർമ്മാണ പ്രവർത്തനം പൂർത്തിയാകാത്ത കുടുംബാരോഗ്യ കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു:

1. ഇരവിപുരം (കൊല്ലം)
2. നിരണം (പത്തനംതിട്ട)
3. നീലംപേരൂർ (ആലപ്പുഴ)
4. തലവടി (ആലപ്പുഴ)
5. പള്ളിപ്പുറം (ആലപ്പുഴ)
6. ആല (ആലപ്പുഴ)
7. ഇളംദേശം (ഇടുക്കി)
8. ഒഴൂർ (മലപ്പുറം)
9. കോട്ടൂർ (കോഴിക്കോട്)
10. കക്കോടി (കോഴിക്കോട്)
11. ആയിഞ്ചേരി (കോഴിക്കോട്)

രണ്ടാംഘട്ടത്തിൽ എഫ്.എച്ച്.സി. ആയി ഉൾപ്പെടുത്തിയ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

## സി. റ്റി. സിമുലേറ്റർ സ്ഥാപിച്ചതിലെ ക്രമക്കേട്

203 (2072) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗത്തിലേക്ക് ഏകദേശം നാല് കോടി രൂപ മുടക്കി 2017-ൽ വാങ്ങി സ്ഥാപിച്ച സി.റ്റി. സിമുലേറ്റർ രണ്ട് വർഷത്തോളം പ്രവർത്തനക്ഷമമാകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മെഷീനിന്റെ സുഗമമായ പ്രവൃത്തി നോക്കാതെ പൂർണ്ണമായി സ്ഥാപിച്ചുകഴിഞ്ഞു എന്ന് കാണിച്ച് റേഡിയോ തെറാപ്പി വിഭാഗം മേധാവി നൽകിയ ഇൻസ്റ്റലേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെഷീൻ വിലയുടെ ബാക്കി തുക (രണ്ടാം ഗഡു) ഏകദേശം 95 ലക്ഷം രൂപയോളം ഫിലിപ്സ് കമ്പനിക്ക് രണ്ട് വർഷം മുമ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇങ്ങനെ വ്യാജ സർട്ടിഫിക്കറ്റ് നൽകുകയും അതുവഴി സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്ത വകുപ്പ് മേധാവിക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) കമ്പനിക്ക് രണ്ടാം ഗഡു നൽകി രണ്ട് വർഷങ്ങൾക്ക് ശേഷവും മെഷീൻ സ്ഥാപിച്ചിട്ടില്ല എന്ന് വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്ത വിവരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ;

(ഇ) വ്യാജ സർട്ടിഫിക്കറ്റ് നല്കി അധികൃതരെ തെറ്റിദ്ധരിപ്പിച്ച് ധനദുർവിനിയോഗം നടത്തിയവർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ടോ;

(എഫ്) ഈ ക്രമക്കേടിനെക്കുറിച്ച് പത്രവാർത്ത വന്നതിനുശേഷം മെഷീൻ പ്രവർത്തനസജ്ജമാക്കിയെങ്കിലും ഇതിന്റെ പിന്നിൽ നടത്തിയ ധനദുർവിനിയോഗത്തിനും പലിശയിനത്തിലുണ്ടായ സാമ്പത്തിക നഷ്ടത്തിനും പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് സമയബന്ധിതമായി കിട്ടേണ്ടിയിരുന്ന ചികിത്സ കിട്ടാതിരുന്നതിനുമെതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അടുത്തിടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 28-9-2017-ൽ രണ്ടാം ഗഡുവായ 94,63,688 രൂപ M/s ഫിലിപ്സ് കമ്പനിക്ക് നൽകിയിട്ടുണ്ട്. സർക്കാർ അനുമതി പ്രകാരം എൽ.സി. കണ്ടീഷൻ അനുസരിച്ച് ആദ്യ ഗഡുവായ 65% ഷിപ്പ്മെന്റ് ഡോക്കുമെന്റ്സും ഇൻവോയിസും കമ്പനി ബാങ്കിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും രണ്ടാമത്തെ ഗഡുവായ 25% കൺസൈൻമെന്റ് ഡിപ്പാർട്ട്മെന്റിൽ ലഭ്യമായ മുറയ്ക്കും ആണ് കമ്പനിക്ക് കൈമാറിയിട്ടുള്ളത്.

(സി & ഡി) പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ പ്രിൻസിപ്പാൾ തലത്തിൽ വകുപ്പ് മേധാവിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അതോടൊപ്പം പ്രിൻസിപ്പാൾ തലത്തിൽ വിശദമായ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസർ, പാരിപ്പള്ളി മെഡിക്കൽ കോളേജിലെ അക്കൗണ്ട്സ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി വകുപ്പുതല അന്വേഷണം നടത്തുന്നുണ്ട്.

(ഇ & എഫ്) വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കാൻ നടപടി

204 (2073) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പ്രവർത്തനം ആരംഭിച്ച മഞ്ചേരി, ഇടുക്കി, കൊല്ലം മെഡിക്കൽ കോളേജുകളിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ (എസ്.എ.ടി) പ്രവർത്തിക്കുന്ന സാത്തീസ് എന്ന സ്ഥാപനത്തിന്റെ നിയന്ത്രണം ആർക്കാണ്; ഇത് അംഗീകൃത സ്ഥാപനമാണോ; പ്രസ്തുത സ്ഥാപനത്തെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയിൽ ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മഞ്ചേരി, കൊല്ലം മെഡിക്കൽ കോളേജുകളിൽ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പുനരാരംഭിക്കുമ്പോൾ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതാണ്.

(ബി) അവിട്ടം തിരുനാൾ ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി (SATHHES) മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ചെയർമാനായും, എസ്.എ.റ്റി. ആശുപത്രി സൂപ്രണ്ട് സെക്രട്ടറിയായും പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം സ്ഥാപിതമായ ഒരു പ്രസ്ഥാനമാണ്.

ജില്ലാ കളക്ടർ ചെയർമാനും, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ വൈസ് ചെയർമാനും, മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് സെക്രട്ടറിയുമായി സർക്കാർ നിയമിക്കുന്ന ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങൾ അടങ്ങുന്ന മെഡിക്കൽ കോളേജ് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഒരു സൊസൈറ്റിയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി. SATHHES-ന്റേയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടേയും പ്രവർത്തനങ്ങളുടെ സ്വഭാവവും, ഭരണ സംവിധാനവും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യത്യസ്തമായതിനാൽ ഇവയുടെ സംയോജനം ഇപ്പോൾ പരിഗണനയിലില്ല.

## കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

205 (2074) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് അധികൃതർ എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഈ വർഷം ജനുവരി മുതൽ സംസ്ഥാനത്ത് മീസിൽസ് രോഗം വ്യാപകമായി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏത് ജില്ലയിലാണ് കൂടുതൽ പേർക്ക് രോഗം ബാധിച്ചതായി കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഇതുമൂലം മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത രോഗം പടരാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുന്നത് സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) മീസിൽസ് രോഗമാണെന്ന സംശയത്തിൽ 552 കേസ്സുകൾ ഈ വർഷം ജനുവരി മുതൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 258 കേസ്സുകൾ മീസിൽസ് ആണെന്ന് ലബോറട്ടറി പരിശോധനയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നിന്നുമാണ് കൂടുതൽ മീസിൽസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ദേശീയ രോഗപ്രതിരോധ കുത്തിവയ്പ്പ് പദ്ധതി പ്രകാരം കുട്ടികൾക്ക് 9-ാം മാസത്തിൽ എം.ആർ. വാക്സിനും, 16-24 മാസത്തിൽ രണ്ടാമത്തെ ഡോസ്

എം.ആർ. വാക്സിനോ/എം.എം.ആർ. വാക്സിനോ നൽകിവരുന്നു. ഇതുകൂടാതെ 2017-ൽ റൂബെല്ല ക്യാമ്പയിന്റെ ഭാഗമായി 9 മാസം മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്ക് ഒരു ഡോസ് എം.ആർ വാക്സിൻ മീസിൽസ് റൂബെല്ല നൽകിയിട്ടുണ്ട്. ആശുപത്രികളിൽ വരുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മറ്റും രോഗം പകരാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങളും വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ പാലിക്കാൻ വേണ്ട ബോധവത്കരണ പരിപാടികളും നടത്തിവരുന്നു.

**മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ആളുമാറി ശസ്ത്രക്രിയ**

206 (2075) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ഏഴ് വയസ്സുള്ള കുട്ടിക്ക് ആളുമാറി ശസ്ത്രക്രിയ നടത്തിയ സംഭവത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുതകുന്ന മാർഗ്ഗനിർദ്ദേശം തയ്യാറാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശസ്ത്രക്രിയ നടത്തിയ ഡോ. സുരേഷ് കുമാറിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഇന്റേൺസ്, റസിഡന്റുമാർ, ഫാക്കൽറ്റികൾ എന്നിവർ നിർവ്വഹിക്കേണ്ട ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കി 10-10-2018-ലെ സ.ഉ. (സാധാ)നമ്പർ 3097/2018/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയം**

207 (2076) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ പോലീസ് സേനാംഗങ്ങൾക്ക് പ്രവേശനത്തിന് മെഡിക്കൽ വിദ്യാർത്ഥികൾക്ക് അനുവദിച്ച നിരക്ക് ബാധകമാണോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ പ്രവേശിക്കുന്നതിനായി മെഡിക്കൽ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്നില്ല. എന്നിരുന്നാലും മറ്റ് യുവജന കായിക സംഘടനകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മിതമായ നിരക്കിൽ ഗ്രൗണ്ട് വിട്ടുനൽകാറുണ്ട്. കൂടാതെ പി.എസ്.സി.യുടെ ശാരീരിക ക്ഷമതാ പരിശോധനകൾക്കായി ഗ്രൗണ്ട് സൗജന്യമായി വിട്ട് നൽകാറുണ്ട്.

## സർക്കാർ ജീവനക്കാർക്കായി പ്രത്യേക ഒ.പി. ക്യൂ സംവിധാനം

208 (2077) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾ 1960-ലെ ചട്ടം 11 പ്രകാരം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സർക്കാർ ജീവനക്കാർക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ചട്ടത്തിൽ നിഷ്കർഷിച്ച പ്രകാരം സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ, പരിമിത അവധി മാത്രമുള്ള ജീവനക്കാരനോ അയാളുടെ ആശ്രിതനോ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗത്തിൽ മുൻഗണന ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവിടത്തെ ജീവനക്കാർക്ക് മാത്രം ഒ.പി. ടിക്കറ്റിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് സംവിധാനം നിലവിൽ വന്ന സാഹചര്യത്തിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ജീവനക്കാർക്കായി പ്രത്യേക ഒ.പി. ക്യൂ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഏർപ്പെടത്തിയിട്ടില്ല.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ വരുന്ന രോഗികളുടെ ബാഹുല്യം കാരണം സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഒ.പി. വിഭാഗത്തിൽ മുൻഗണന നൽകുന്നത് നിലവിൽ പ്രായോഗികമല്ല.

(സി & ഡി) ഇത് സംബന്ധിച്ച പ്രത്യേക ഉത്തരവുകളൊന്നും നിലവിലില്ല.

## നിരണം പി.എച്ച്.സി കെട്ടിടപുനർനിർമ്മാണം

209 (2078) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരണം പി.എച്ച്.സി.-യുടെ തകർന്ന കെട്ടിടം പുനർനിർമ്മിക്കുന്നതിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതിലുള്ള ഉദാസീനത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17-ൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. മാത്യു ടി. തോമസിന്റെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിരണം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 160 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതിനെത്തുടർന്ന് ടി കെട്ടിട നിർമ്മാണത്തിന് മുൻകൂറായി അനുവദിച്ച തുകയുടെ 20% ആയ 32,00,000 രൂപ (മുപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) അനുവദിക്കുകയുണ്ടായി. രണ്ടാംഘട്ട തുകയായ 20% 32,00,000 രൂപ (മുപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) മുൻകൂറായി നൽകാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ നിരണം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്.

## സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക

210 (2079) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ആരംഭിച്ച പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഒപ്റ്റോമെട്രിസ്റ്റ് തസ്തികയുടെ നിലവിലുള്ള കണക്കുകൾ വിശദമാക്കാമോ;

(സി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക അനിവാര്യമാണോ; വിശദമാക്കാമോ;

(ഡി) എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ ഒപ്റ്റോമെട്രിസ്റ്റുമാർക്ക് ദേശീയ അന്ധതാ നിവാരണ പദ്ധതിയുടെ ഭാഗമായി അന്ധതയ്ക്ക് കാരണമായേക്കാവുന്ന ഗ്ലോക്കോമ, തിമിരം, ട്രക്കോമ, ഡയബറ്റിക് റെറ്റിനോപ്പതി എന്നിവ കണ്ടെത്തുന്നതിനായുള്ള പരിശീലനം നൽകുകയും നേത്ര പരിശോധനാ ക്യാമ്പുകൾ നടത്തുകയും ചെയ്തുവരുന്നു.

(ബി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയുടെ നിലവിലെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു

(സി) 6-11-2008 ലെ സ.ഉ.(കൈ)568/08/ആ.കു.വ. ഉത്തരവ് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഒഫ്ത്താൽമിക് അസിസ്റ്റന്റ് തസ്തിക അനുവദിച്ചിട്ടുണ്ട്. ഈ തസ്തികയാണ് ഒപ്റ്റോമെട്രിസ്റ്റ് തസ്തികയായി പുനർനാമകരണം ചെയ്തത്. സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ടെങ്കിലും അതിനനുസരിച്ചിട്ടുള്ള തസ്തിക സൃഷ്ടിക്കൽ പൂർണ്ണമായും നടന്നിട്ടില്ല. എന്നിരുന്നാലും ആകെയുള്ള 224 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 155 എണ്ണത്തിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. തസ്തിക നിലവിലില്ലാത്ത സ്ഥാപനങ്ങളിലും അതിന്റെ അനിവാര്യത മനസ്സിലാക്കി ഡ്യൂട്ടി ഡോക്ടർ നേത്രരോഗികളെ പരിശോധിക്കുകയും ആവശ്യമെങ്കിൽ നേത്രരോഗ വിഭാഗം പ്രവർത്തിക്കുന്ന ആശുപത്രികളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഡി) എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നത് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

**ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ കീഴിലുള്ള നഴ്സിംഗ് തസ്തികകൾ**

211 (2080) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ കീഴിൽ നഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ് തസ്തികകളിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ കീഴിൽ 379 നഴ്സുമാരും, 107 നഴ്സിംഗ് അസിസ്റ്റന്റുമാരും ജോലി ചെയ്യുന്നുണ്ട്. ആശുപത്രി വികസന സമിതികളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ആശുപത്രി വികസന സമിതികളിൽ 475 നഴ്സുമാരും 13 നഴ്സിംഗ് അസിസ്റ്റന്റുമാരും ജോലി ചെയ്യുന്നുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ പ്രസ്തുത ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് അതത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രസ്തുത ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് എച്ച്.ഡി.എസ്.-ന്റെ ഫണ്ട് ലഭ്യതയനുസരിച്ച് എച്ച്.ഡി.എസ്. കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ്.

**കറുകച്ചാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ തസ്തികകൾ**

212 (2081) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയിട്ടുള്ള ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ; ഏതൊക്കെ തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്;

(ബി) കറുകച്ചാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിക്കപ്പെട്ടിട്ടുള്ള ബെഡ്ഡുകൾ എത്രയാണ്; അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ തസ്തികകളിലും ജീവനക്കാരുണ്ടോ എന്ന് വ്യക്തമാക്കാമോ; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലെ നിയമനത്തിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1961 -ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നശേഷം ആരോഗ്യരംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. നിലവിൽ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത

മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും, വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. സി.എച്ച്.സി.-കളിൽ നിലവിൽ സ്റ്റാഫ് പാറ്റേൺ മാറ്റങ്ങൾ നടന്നിട്ടില്ല.

(ബി) നിലവിൽ 30 Bed Strength കറുകച്ചാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഉണ്ട്. കറുകച്ചാൽ സാമൂഹികാരോഗ്യകേന്ദ്രത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഔദ്യോഗിക നാമം | അനുവദിച്ചിട്ടുള്ള തസ്തിക | നിലവിലുള്ള തസ്തിക |
|---|---|---|---|
| 1 | സിവിൽ സർജൻ | 1 | 1 |
| 2 | അസിസ്റ്റന്റ് സർജൻ | 3 | 3 |
| 3 | സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 | 6 | 6 |
| 4 | നഴ്സിംഗ് അസിസ്റ്റന്റ് | 2 | 2 |
| 5 | എച്ച്.എ. ഗ്രേഡ്-2 | 1 | 1 |
| 6 | സീനിയർ ക്ലാർക്ക്/ക്ലാർക്ക് | 2 | 2 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 8 | ഫാർമസിസ്റ്റ് ഗ്രേഡ്-2 | 1 | 1 |
| 9 | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 | 1 | 1 |
| 10 | ഡ്രൈവർ | 1 | 1 |
| 11 | പി.റ്റി.എസ് | 1 | 1 |
| 12 | ഒപ്റ്റോമെട്രിസ്റ്റ് | 1 | 1 |
| 13 | ഹെൽത്ത് സൂപ്പർവൈസർ | 1 | 1 |
| 14 | പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ | 1 | 1 |
| 15 | പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 1 |
| 16 | ജെ.പി.എച്ച്.എൻ. ഗ്രേഡ്-1 | 3 | 3 |
| 17 | ജെ.പി.എച്ച്.എൻ. ഗ്രേഡ്-2 | 1 | 1 |
| 18 | ജെ.എച്ച്.ഐ. ഗ്രേഡ്-1 & ഗ്രേഡ് 2 | 3 | 3 |
| ആകെ | | 31 | 31 |

(സി) അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഇല്ല.

**ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ഇ.എൻ.ടി.**

213 (2082) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ഇ.എൻ.ടി. വിഭാഗത്തിൽ എത്ര ഡോക്ടർമാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇ.എൻ.ടി. ഡിപ്പാർട്ട്മെന്റിലെ കൺസൾട്ടന്റ് പോസ്റ്റ് അവിടെ നിന്നും എടുത്തുമാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ;വ്യക്തമാക്കാമോ ;

(സി) ടി പോസ്റ്റ് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ആശുപത്രിയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ഇ.എൻ.ടി. വിഭാഗത്തിൽ രണ്ട് ഡോക്ടർമാർ നിലവിലുണ്ട്.

| | | |
|---|---|---|
| കൺസൾട്ടന്റ് (ഇ.എൻ.ടി.) | - | 1 |
| ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.) | - | 1 |

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) എം.സി.എച്ച് ബ്ലോക്കിന് മാത്രമായി ഒരു ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിന് കേരള വൈദ്യുതി ബോർഡിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഹൈടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് സോയിൽ ടെസ്റ്റ്, ഇലക്ട്രിക് ലോഡ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ നവീകരണം**

214 (2083) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ നവീകരണത്തിന് ആരോഗ്യ വകുപ്പ് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ച പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭിച്ചോയെന്നും പദ്ധതിയുടെ തുടർനടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ നവീകരണത്തിന് 26-9-2018-ലെ സ.ഉ.(സാധാ)നമ്പർ 2958/2018/ആ.കു.വ. പ്രകാരം 90,50,00,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| Sl.No. | Description | Amount (in Rs.) |
|---|---|---|
| (1) | (2) | (3) |
| 1 | Construction of Admin Block | 2,31,14,572 |
| 2 | Construction of DIAGNOSTIC Block | 10,62,99,887 |
| 3 | Construction of WARD TOWER | 21,28,72,754 |
| 4 | Compound Wall and Gates | 25,21,270 |
| 5 | Road Works & Pedestrian Path | 1,23,25,819 |
| 6 | Drains & Culverts | 1,00,00,000 |
| 7 | MEP -Water Supply & Sanitary | 2,64,30,517 |
| 8 | MEP - HVAC | 1,23,13,590 |
| 9 | MEP - Electrical | 2,98,27,666 |
| 10 | Solar Panels | 50,00,000 |
| 11 | Landscaping | 40,00,000 |
| 12 | Incinerator | 7,00,000 |
| 13 | Biogas plant/Organic Waste convertor | 10,00,000 |
| 14 | Water Purifiers | 7,50,000 |
| 15 | STP | 53,96,573 |
| 16 | ELV-DATA, CATV, CCTV, ELV Cables etc. | 91,21,824 |
| 17 | Firefighting System | 1,92,63,311 |
| 18 | Elevator (1 No-3 stops, 2 Nos-7 stops, 3 Nos-10 stops) | 1,35,00,000 |
| 19 | Signage & Way Finding | 35,00,000 |

| (1) | (2) | (3) |
|---|---|---|
| 20 | Provision for Well, Bore well | 3,00,000 |
| 21 | Automatic doors (4 Nos for Operation Theatre) | 18,00,000 |
| 22 | Interior Furniture & fitments (Except Medical Furniture & Equipments) | 5,00,00,000 |
| 23 | Medical Equipments | 12,25,10,000 |
| 24 | MGPS | 1,16,03,298 |
| Total Cost (without GST) | | 68,41,51,081 |
| Contingencies @3% | | 2,05,24,532 |
| Project Expenses @5% | | 3,42,07,554 |
| Total Project Cost | | 73,88,83,167 |
| Centage charges @ 3.75% of Project Cost | | 2,77,08,119 |
| Total cost Including centage | | 76,65,91,286 |
| GST (18%) | | 13,79,86,432 |
| Total Cost including GST@18% | | 90,45,77,718 |
| (Rounded to Rs. 90.50 Crore) | | |

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നിർമ്മാണം കെ.എസ്.ഇ.ബി.യെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

**കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനങ്ങൾ**

215 (2084) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്നും ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇരുപത്തിനാല് മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാണോ; വിശദമാക്കാമോ?

ഉത്തരം

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗീ സൗഹൃദ സേവനം നൽകുകയും, അതോടൊപ്പം അധിക തസ്തികകളും ടി കേന്ദ്രങ്ങളിൽ അനുവദിച്ച് നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസിംഗ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാരുടേയും, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കൽ, നേഴ്സുമാരുടെ പ്രീ ചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ശ്വാസ് ക്ലിനിക്ക്, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്ക് തുടങ്ങിയവയും പ്രവർത്തിച്ചുവരുന്നു. കൂടാതെ ലാബ് സൗകര്യവും ഇവിടങ്ങളിൽ പുതിയതായി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെയാണ് ഡോക്ടറുടെ സേവനം ലഭ്യമാക്കിവരുന്നത്.

## കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ

216 (2085) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം മിഷന് കീഴിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചിട്ടുള്ളതും മതിയായ ഭൗതിക സൗകര്യങ്ങളുള്ളതുമായ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

സമഗ്ര ആരോഗ്യപരിചരണത്തിന് ഊന്നൽ നൽകി പ്രവർത്തിക്കാൻ ഉദ്ദേശിച്ചുള്ള സ്ഥാപനങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ. രോഗപ്രതിരോധം, ആരോഗ്യവർദ്ധക പ്രവർത്തനങ്ങൾ, പ്രാഥമിക രോഗ ചികിത്സ, റീഹാബിലിറ്റേഷൻ, പാലിയേറ്റീവ് പരിചരണം എന്നിവ അടങ്ങുന്നതാണ് സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ, രോഗീ സൗഹൃദമായ അടിസ്ഥാന സൗകര്യങ്ങൾ, അധിക ഡോക്ടർമാരും സ്റ്റാഫും, ലബോറട്ടറി സൗകര്യം, വൈകിട്ട് 6 മണിവരെ

ഒ.പി. സേവനം, ശ്വാസംമുട്ടൽ, ആസ്ത്മ തുടങ്ങിയവയ്ക്കുള്ള ശ്വാസ് ക്ലിനിക്ക്. ജീവിതശൈലീ രോഗ ക്ലിനിക്ക് (എൻ.സി.ഡി. ക്ലിനിക്ക്), തുടങ്ങിയ സേവനങ്ങളോടെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവിടങ്ങളിൽ കിടത്തി ചികിത്സ ലക്ഷ്യമിടുന്നില്ല. കിടത്തി ചികിത്സ ആവശ്യമുള്ളവരെ താലൂക്ക്/ജില്ല തുടങ്ങിയ മുകൾതട്ടിലുള്ള ഗവൺമെന്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ദുർഘട പിന്നോക്ക പ്രദേശങ്ങളിലും മറ്റും നേരത്തെ കിടത്തി ചികിത്സ ഉണ്ടായിരുന്ന പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ കിടത്തി ചികിത്സാ സേവനങ്ങൾ തുടർന്നും നൽകി വരുന്നു.

## തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം

217 (2086) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഏത് പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഉത്തരം

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുമ്പോൾ മെച്ചപ്പെട്ട രോഗീ സൗഹൃദ സേവനം നൽകുകയും അതോടൊപ്പം അധിക തസ്തികകളും ടി കേന്ദ്രങ്ങളിൽ അനുവദിച്ച് നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസിംഗ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർമാരുടേയും, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കൽ,

നഴ്സുമാരുടെ പ്രീ ചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ടൽ എന്നിവർക്കുള്ള ശ്വാസ് ക്ലിനിക്ക്, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്ക് തുടങ്ങിയവയും പ്രവർത്തിച്ചു വരുന്നു. കൂടാതെ ലാബ് സൗകര്യവും ഇവിടങ്ങളിൽ പുതിയതായി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ നിന്ന് പനങ്ങാട്, നെട്ടൂർ, ഉദയംപേരൂർ എന്നീ സ്ഥാപനങ്ങളെ 2018-19 വർഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, 2017-18-ൽ ഏരൂർ പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ളതുമാകുന്നു.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രം പനങ്ങാട്, നെട്ടൂർ എന്നീ സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് 15,50,000 രൂപയുടേയും ഉദയംപേരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 14,00,000 രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം

218 (2087) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളിലെ നേത്രവൈകല്യങ്ങൾ കണ്ടെത്തുവാൻ എല്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

ഒപ്റ്റോമെട്രിസ്റ്റുമാർ നിലവിലുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും കുട്ടികളുടെ നേത്ര വൈകല്യങ്ങൾ കണ്ടെത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഒപ്റ്റോമെട്രിസ്റ്റുമാർ ഇല്ലാത്ത സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിൽ സമീപ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം പ്രയോജനപ്പെടുത്തി പ്രസ്തുത പരിപാടി നടത്തിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്നതിനാൽ ഈ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെ ഒപ്റ്റോമെട്രിസ്റ്റ് നടത്തിവരുന്നുണ്ട്.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഒ.പി.

219 (2088) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വൈകുന്നേരങ്ങളിൽ ഒ.പി. ആരംഭിച്ചിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഈവനിംഗ് ഒ.പി. പ്രവർത്തിക്കുന്നു എന്ന് വിശദീകരിക്കുമോ;

(സി) ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്ര ഡോക്ടർമാർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ ഈവനിംഗ് ഒ.പി. പ്രവർത്തിക്കുന്നുണ്ടോ എന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തിക സൃഷ്ടിച്ചും എൻ.എച്ച്.എം./ തദ്ദേശസ്വയംഭരണ വകുപ്പ്/എച്ച്.എം.സി. മുഖേന നിയമിച്ചിട്ടുള്ള ഡോക്ടർമാരും മറ്റ് സ്റ്റാഫുകളും വഴി വൈകുന്നേരം 6 മണി വരെ ഒ.പി. സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എഫ്.എച്ച്.സി കെ.എസ്.പുരം, പി.എച്ച്.സി. തഴവ എന്നീ സ്ഥാപനങ്ങളിൽ വൈകുന്നേരം ഒ.പി. പ്രവർത്തിക്കുന്നുണ്ട്.

(സി) സി.എച്ച്.സി. ഓച്ചിറയിൽ 5 ഡോക്ടർമാർ ഉണ്ട്. വൈകുന്നേരം ഒ.പി. നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

## ആംബുലൻസ് വാങ്ങുന്നതിന് നടപടി

220 (2089) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി, തഴവ പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവയ്ക്ക് ആംബുലൻസ് വാങ്ങുന്നതിന് കരുനാഗപ്പള്ളി മുൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക അനുവദിച്ചിരുന്നെങ്കിലും നാളിതുവരെ ആംബുലൻസ് വാങ്ങിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത ആംബുലൻസ് വാങ്ങുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസമെന്താണെന്ന് വിശദീകരിക്കുമോ;

(സി) എത്രയും വേഗം ആംബുലൻസ് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായി 4515-00-800-96 project under LAC-ADS (NP) എന്ന ശീർഷകത്തിൽ ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പിന് മേൽ ശീർഷകത്തിൽനിന്നും പണം പിൻവലിക്കുവാൻ 4-3-2016-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 1165/16/എൽ.എസ്.ജി.ഡി. പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. ആംബുലൻസ് വാഹന നിർമ്മാണ കമ്പനിയിൽനിന്ന് നേരിട്ട് ഡി.ജി.എസ്. ആന്റ് ഡി. റേറ്റ് വാങ്ങുവാനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ഡി.ജി.എസ്. ആന്റ് ഡി. റേറ്റ് നിലവിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ജി.ഇ.എം. പ്രോജക്റ്റ് ഡിസ്ക്രിപ്ഷനിൽനിന്നും മാത്രമേ ആംബുലൻസ് വാങ്ങുവാൻ കഴിയുകയുള്ളൂ എന്നതിനാൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ ആംബുലൻസ് രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി & സി) ആംബുലൻസ് വാങ്ങുന്നതിലേയ്ക്കായി ജി.ഇ.എം.-ൽ രജിസ്റ്റർ ചെയ്യുന്നതിന് ആശുപത്രി സൂപ്രണ്ടിന് 21-3-2019-ൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ, ന്യൂഡൽഹിയിൽ നിന്നും ഇ-മെയിൽ ഐ.ഡി. ലഭിച്ചിട്ടുണ്ട്. എന്നാൽ 27-5-2019 വരെ ഇലക്ഷൻ പെരുമാറ്റ ചട്ടങ്ങൾ നിലവിൽ ഉള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമായിരുന്നില്ല. ജി.ഇ.എം. പ്രകാരം വാഹനം വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകണമെങ്കിൽ വാഹനത്തിന്റെ വിലയിലുള്ള ഡി.ഡി.- ഉൾപ്പെടെ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. എന്നാൽ ഫണ്ട് നിലവിൽ ചീഫ് എഞ്ചിനീയർ എൽ.എസ്.ജി.ഡി.-യുടെ പക്കലാണുള്ളത്. പ്രസ്തുത തുക സ്ഥാപനത്തിന്റെ പേരിൽ ലഭ്യമായെങ്കിൽ മാത്രമേ വാഹനം വാങ്ങുവാൻ കഴിയുകയുള്ളൂ. ഫണ്ട് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഡി.ഡി. ലഭിക്കുന്നതനുസരിച്ച് ജി.ഇ.എം.-ൽനിന്നും ഉടൻ തന്നെ ആംബുലൻസ് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തഴവ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആംബുലൻസ് വാങ്ങുന്നതിന് കരുനാഗപ്പള്ളി മുൻ എം.എൽ.എ. ശ്രീ. സി. ദിവാകരന്റെ ഫണ്ടിൽനിന്നും തുക അനുവദിച്ചിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ വാഹനം വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## എസ്.എ.ടി. ആശുപത്രിയിലെ സുരക്ഷാ ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതി

221 (2090) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ എസ്.എ.ടി. ആശുപത്രിയിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും നേരെയുള്ള സുരക്ഷാ ഉദ്യോഗസ്ഥരുടെ മോശമായ പെരുമാറ്റം കാരണം സംഘർഷങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഈ വിഷയത്തിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മോശമായി പെരുമാറുന്ന സുരക്ഷാ ജീവനക്കാരെക്കുറിച്ച് പോലീസിന്റെ (സ്പെഷ്യൽ ബ്രാഞ്ച്) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ആശുപത്രികളിൽ താൽക്കാലിക സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു സുരക്ഷാ ജീവനക്കാരൻ ഡ്യൂട്ടിയിൽ മോശമായി പെരുമാറിയതിനെത്തുടർന്ന് ഇയാളെ ഉടൻ തന്നെ പോലീസിന് കൈമാറുകയും തുടർന്ന് ജോലിയിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മറ്റൊരു സംഭവത്തിൽ കുഞ്ഞുമായി ആശുപത്രിയിൽ വന്ന ഒരു വനിതയോട് കുഞ്ഞ് ഛർദ്ദിച്ചതിനെത്തുടർന്ന് തുടച്ചുമാറ്റാൻ നിർദ്ദേശിച്ച സുരക്ഷാ ജീവനക്കാരൻ പരസ്യമായി മാപ്പു പറഞ്ഞതിനെത്തുടർന്ന് കർശനമായി താക്കീത് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ മോശം പെരുമാറ്റം റിപ്പോർട്ട് ചെയ്തിട്ടുള്ള സെക്യൂരിറ്റി ജീവനക്കാർക്കെതിരെ ജോലിയിൽ നിന്നും നീക്കം ചെയ്യതുൾപ്പെടെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും രോഗികളോടൊപ്പം വരുന്നവർ പലപ്പോഴും ഉത്കണ്ഠാകുലരും അക്ഷമരും ആകുന്നതും സംഘർഷങ്ങൾക്ക് പശ്ചാത്തലമാകുന്നുണ്ട്. ഇതൊഴിവാക്കാനായി സെക്യൂരിറ്റി ജീവനക്കാർക്ക് നിരന്തരമായി നിർദ്ദേശങ്ങൾ നൽകുകയും സ്ട്രെസ് മാനേജ്മെന്റ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) സ്പെഷ്യൽ ബ്രാഞ്ച് പോലീസിന്റെ റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(ഡി) താൽക്കാലിക സുരക്ഷാ ഉദ്യോഗസ്ഥരുടെ നിയമനം ഔട്ട്സോഴ്സ് ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശം. എന്നാൽ കഴിഞ്ഞ തവണ ഔട്ട്സോഴ്സ് ചെയ്തിരുന്ന ജീവനക്കാർ ശമ്പളം കൂട്ടി നൽകാൻ ആവശ്യപ്പെട്ട് ജോലിയിൽ നിന്നും വിട്ടുനിന്നു. ഇത്തരത്തിലുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി എച്ച്.ഡി.എസ്. ഇന്റർവ്യൂ നടത്തി താൽക്കാലിക സുരക്ഷാ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

## അങ്കമാലി താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം

222 (2091) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ, സർജിക്കൽ വാർഡ് എന്നിവയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് (എസ്.ടി.പി), പവർ ലോൺട്രി, സി.ടി.സ്കാൻ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി) ഈ ആശുപത്രിയിൽ മാലിന്യ സംസ്കരണത്തിനുവേണ്ടി എൽ.എസ്.ജി.ഡി. ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനുള്ള (തുമ്പൂർമൂഴി മോഡൽ) എൽ.എസ്.ജി.ഡി. പ്രോജക്ട് നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. പവർ ലോൺട്രിക്കുവേണ്ടി ഇൻഡന്റ് നൽകിയിട്ടുണ്ട്. സി.ടി. സ്കാൻ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

## വർക്കല മണ്ഡലത്തിലെ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം

223 (2092) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രി കളിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ വർക്കല മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ചെമ്മരുതി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുകയും ടി സ്ഥാപനത്തിന് അധികമായി ഒരു ഡോക്ടറുടേയും രണ്ട് സ്റ്റാഫ് നഴ്സിന്റേയും ഒരു ലാബ് ടെക്നീഷ്യന്റേയും ഒരു ഫാർമസിസ്റ്റിന്റേയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ടി ഫാമിലി ഹെൽത്ത് സെന്റർ രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ സേവനം നൽകിവരുന്നു. കൂടാതെ പ്രീ ചെക്ക് സേവനവും നൽകിവരുന്നു. ചെമ്മരുതി ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫിസിയോതെറാപ്പിസ്റ്റിനെ നിയമിച്ചുകൊണ്ട് സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആധാർ രജിസ്ട്രേഷൻ 90% പൂർത്തിയാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് ഹോസ്പിറ്റൽ മോഡ്യൂൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക്, സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി എന്നിവയും പ്രവർത്തിച്ചുവരുന്നു. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ വർക്കല മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ചെമ്മരുതി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പി.എച്ച്.സി. മടവൂർ/പി.എച്ച്.സി. ഇടവ/ പി.എച്ച്.സി. വെട്ടൂർ/പി.എച്ച്.സി. തോണിപ്പാറ എന്നീ പി.എച്ച്.സി.-കളെ എഫ്.എച്ച്.സി. ആയി ഉയർത്തി ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനത്തിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എൻ.എച്ച്.എം. വഴി സ്വീകരിച്ചുവരുന്നു.

## ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രി

224 (2093) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശുപത്രി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആലത്തൂർ താലൂക്ക് ആശുപത്രിയെ മാതൃകാപരമായി നവീകരിക്കുന്നതിനുള്ള പദ്ധതിപ്രകാരം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി 2019-20 വർഷത്തിൽ ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തിയിട്ടുണ്ട്. ഇതിനായി സ്ഥല പരിമിതി ഉള്ളതിനാൽ ആശുപത്രിയോട് ചേർന്ന് കിടക്കുന്ന 48 സെന്റ് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി സ്ഥാപനത്തിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങുന്നതിന് ജല ലഭ്യത കുറവുള്ളതിനാൽ കിണറും വാട്ടർ ടാങ്കും നിർമ്മിക്കുന്നതിനാവശ്യമായ തുക 2019-20 പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ ഗ്രാമപഞ്ചായത്തിന്റെ വാട്ടർ കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇവിടെ ഫാർമസി, സ്റ്റോർ നവീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുവാനായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## വർക്കല താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ്

225 (2094) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര കേന്ദ്രവും തീർത്ഥാടനകേന്ദ്രവുമായ വർക്കലയിലെ താലൂക്ക് ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന രീതിയിലാണ് കാത്ത് ലാബുകൾ സ്ഥാപിച്ചുവരുന്നത്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല.

**ചാലക്കുടി മണ്ഡലത്തിലെ ആർദ്രം പദ്ധതി**

226 (2096) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ട്രോമാകെയർ & സർജറി വാർഡിന് ഭരണാനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, ട്രോമാകെയർ സംവിധാനത്തിന്റെ പ്രവർത്തനങ്ങൾക്കായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള കൂടുതൽ സൗകര്യങ്ങളും തസ്തികകളും അനുവദിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുവാൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ ചാലക്കുടി താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തപ്പെട്ട സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ചാലക്കുടി മണ്ഡലത്തിലെ താലൂക്ക് ആസ്ഥാന ആശുപത്രി ചാലക്കുടി, ആർദ്രം പദ്ധതിയിൽ താലൂക്ക് ആശുപത്രി വിഭാഗത്തിലും, പി.എച്ച്.സി. പരിയാരം ആർദ്രം ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 28-6-2017-ലെ G.O.(Ms) No.101/2017/H&FWD, പ്രകാരം ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 3 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ, തസ്തികയും 23-6-2017-ലെ G.O(.Ms) No.136/2017/H&FWD, പ്രകാരം

ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, ഇ.സി.ജി. ടെക്നീഷ്യൻ -1, ഡയാലിസിസ് ടെക്നീഷ്യൻ-2, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2-2, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1-1, മെഡിക്കൽ റിക്കാർഡ് ലൈബ്രേറിയൻ-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

എഫ്.എച്ച്.സി. പരിയാരത്ത് 19-1-2017-ലെ G.O.(Ms) No.75/2017/ H&FWD, പ്രകാരം ഒരു അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും 8-5-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 1548/18/ആ.കു.വ. പ്രകാരം 1 ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

16-6-2018-ലെ G.O.(Ms) No.113/2018/H&FWD, പ്രകാരം ആർദ്രം രണ്ടാംഘട്ടത്തിൽ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കക്കാട് (കാതിക്കുടം), കൊടകര, മേലാറ്റൂർ, വെറ്റിലപ്പാറ, നാലുകെട്ട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി പരിവർത്തനം ചെയ്യുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

**മേലാറ്റൂർ പി.എച്ച്.സി.-യിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം**

227 (2097) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മേലാറ്റൂർ പി.എച്ച്.സി.യിൽ മുഴുവൻസമയ ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും ശിപാർശകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെ പ്രസ്തുത പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കാത്തതിന് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മേലാറ്റൂർ പി.എച്ച്.സി.യിൽ മുഴുവൻസമയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) മേലാറ്റൂർ സി.എച്ച്.സി.-യിൽ ഡോക്ടർമാരായി ഒരു സിവിൽ സർജൻ, രണ്ട് അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ ആണ് നിലവിലുള്ളത്. അനുവദനീയമായ മുഴുവൻ തസ്തികയിലും നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം. വ്യവസ്ഥയിലും ഒരു ഡോക്ടർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

### ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രി വികസനം

228 (2098) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-12-2018-ന് 3699/2018/എച്ച്.&എഫ്.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം അൻപത്തിനാല് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള കൊച്ചി കരുവേലിപ്പടിയിലെ ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കിഫ്ബിയുടെ അംഗീകാരം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി നിയോഗിച്ച് 15-12-2018-ലെ 3699/2018/ആ.കു.വ. ഉത്തരവ് പ്രകാരം ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി അൻപത്തിനാല് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് 25-2-2019-ന് കിഫ്ബിയിൽ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) സമർപ്പിച്ചു. ഇതിന്മേൽ പ്രാഥമിക അവലോകന റിപ്പോർട്ട് 9-5-2019-ൽ നിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിൽ നിന്നും ലഭിച്ചശേഷം ധനാനുമതിക്കുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

### അർബുദരോഗ നിയന്ത്രണ പഠനകേന്ദ്രം

229 (2099) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.-യുടെ കീഴിൽ തിരുവനന്തപുരം മംഗലപുരത്ത് പ്രവർത്തിക്കുന്ന അർബുദരോഗ നിയന്ത്രണ പഠനകേന്ദ്രം അടച്ചുപൂട്ടുവാൻ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് ഫ്രാൻസിലെ ലിയോൺ കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ റിസർച്ച് ഓൺ കാൻസർ സെന്റർ നൽകിയിരുന്ന ധനസഹായം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ;

(സി) സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരാണുള്ളത്; അവരുടെ ജോലി നഷ്ടപ്പെടാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കുന്ന പരിശോധനാ സൗകര്യങ്ങൾ ഭാവിയിലും ലഭ്യമാക്കുന്ന തരത്തിൽ ടി കേന്ദ്രത്തിന്റെ പ്രവർത്തനം തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മംഗലപുരത്തുള്ള റീജിയണൽ കാൻസർ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന അർബുദ രോഗ നിയന്ത്രണ പഠനകേന്ദ്രമോ സ്ഥാപനമോ അല്ല. ഒരു ഗവേഷണ പദ്ധതി മാത്രമാണ് അവിടെ പ്രവർത്തിക്കുന്നത്. ഈ ഗവേഷണ പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ ലോകാരോഗ്യ സംഘടനയുടെ കീഴിലുള്ള ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ (IARC) 2019 ജൂൺ വരെയാണ് ഈ പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ പൂർണ്ണമായ ചെലവ് വഹിക്കുന്നത് ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ ആണ്.

ഓരോ ഗവേഷണ പദ്ധതിക്കും നിശ്ചിത കാലപരിധി ഉണ്ട്. അതിനാലാണ് ഈ പദ്ധതി ജൂൺ 30-ന് അവസാനിക്കുന്നത്. എന്നാൽ റീജിയണൽ കാൻസർ സെന്ററിന്റെ അഭ്യർത്ഥന മാനിച്ച് ഈ പദ്ധതി 2019 ഡിസംബർ 31-ാം തീയതി വരെ നീട്ടി നൽകാൻ ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ (IARC) സമ്മതിച്ചിട്ടുണ്ട്.

(സി) ഇരുപത്തിയൊന്ന് ജീവനക്കാരാണ് ഇപ്പോൾ ഈ പദ്ധതിക്കായി പ്രവർത്തിക്കുന്നത്. ഇത്തരം ഗവേഷണ പദ്ധതിയിലേയ്ക്ക് നിശ്ചിത കാലത്തേയ്ക്ക് മാത്രമാണ് ജീവനക്കാരെ നിയോഗിക്കുന്നത്. പദ്ധതിയുടെ കാലാവധി കഴിഞ്ഞാൽ ഇത്തരം ജീവനക്കാർക്ക് റീജിയണൽ കാൻസർ സെന്ററിൽ തുടർന്ന് ജോലി നൽകാറില്ല.

(ഡി) പ്രദേശത്തെ ജനങ്ങൾക്ക് തുടർ പരിശോധനയ്ക്കായി മെഡിക്കൽ ക്യാമ്പുകൾ ഉൾപ്പെടെയുള്ള പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവുകൾ

230 (2100) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഏതെല്ലാം തസ്തികയിൽ ജീവനക്കാരുടെ ഒഴിവ് നിലവിലുണ്ടെന്നും ഓരോ ഒഴിവും നിലവിൽ വന്ന തീയതി എന്നാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ ഒഴിവുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം | നിലവിൽ വന്ന തീയതി |
|---|---|---|---|
| 1 | പബ്ലിക്ക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 | 31-12-2018 |
| 2 | പബ്ലിക്ക് ഹെൽത്ത് നഴ്സ് | 1 | 4-2-2016 |
| 3. | ഹെൽത്ത് ഇൻസ്പെക്ടർ | 1 | 31-5-2019 |
| 4. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 | 1 | 19-1-2019 |
| 5. | ഫാർമസിസ്റ്റ് ഗ്രേഡ്-1 | 1 | 16-2-2017 |
| 6 | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 | 1 | 7-7-2018 |
| 7. | സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 | 1 | 6-2-2019 |
| 8. | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1 | 1 | 10-12-2018 |

(ബി) ഉണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ

1. പബ്ലിക്ക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ, പബ്ലിക്ക് ഹെൽത്ത് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവ പ്രമോഷൻ തസ്തികകളായതിനാൽ സ്ഥാനക്കയറ്റ നടപടികൾ പുരോഗമിച്ചുവരുന്നു.

2. തൃശ്ശൂർ ജില്ലയിൽ 1:1 റേഷ്യോ നിലനിർത്തുന്നതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1-ന് പകരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2-നെ 2019 ജൂണിൽ നിയമിച്ചിട്ടുണ്ട്.

3. ഫാർമസിസ്റ്റിന്റെ ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് Scheduled tribe-ന്റെ Special recruitment-നുവേണ്ടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ലാബ് ടെക്നീഷ്യന്റെ ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 ലുള്ള ഒഴിവ് സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ൽ നിന്നും സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-1 ന്റെ ഒഴിവ് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## പെരുവള്ളൂർ സി.എച്ച്.സി.-യിലെ ജീവനക്കാരുടെ കുറവ്

231 (2101) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവള്ളൂർ സി.എച്ച്.സി.-യിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥർ ഇപ്പോൾ അവധിയിലാണെന്ന് അറിയിക്കാമോ;

(ബി) മഴക്കാലപൂർവ്വ ആരോഗ്യ ജാഗ്രതാപരിപാടി കാര്യക്ഷമമായി നടപ്പിലാക്കുവാൻ ജീവനക്കാരുടെ അപര്യാപ്തത തടസ്സമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെരുവള്ളൂർ സി.എച്ച്.സി.-യിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ ഓരോ ഒഴിവുകൾ നിലവിലുണ്ട്.

പ്രസ്തുത സ്ഥാപനത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ ആരും തന്നെ ഇപ്പോൾ അവധിയിൽ പ്രവേശിച്ചിട്ടില്ല.

(ബി&സി) ഈ സ്ഥാപനത്തിലെ ജീവനക്കാർ മഴക്കാലപൂർവ്വ ആരോഗ്യ ജാഗ്രതാ പരിപാടി കാര്യക്ഷമമായി നടത്തിയിട്ടുണ്ട്.

**കണ്ടാണശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ തസ്തികകൾ**

232 (2102) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കണ്ടാണശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അംഗീകൃത തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഏതെല്ലാം തസ്തികകളിൽ നിലവിൽ ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കണ്ടാണശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അംഗീകൃത തസ്തികകൾ ചുവടെ ചേർക്കുന്നു:

1. മെഡിക്കൽ ഓഫീസർ -1
2. ക്ലാർക്ക് - 1
3. ഓഫീസ് അറ്റൻഡന്റ്-1
4. ഫാർമസിസ്റ്റ്-1
5. നഴ്സിംഗ് അസിസ്റ്റന്റ് - 1
6. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II - 1
7. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II - 1

8. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ-2

9. ലേഡി ഹെൽത്ത് ഇൻസ്പെക്ടർ-1

10. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്-5

11. പാർട്ട് ടൈം ക്ലീനർ - 1

(ബി&സി) കണ്ടാണശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ താഴെപ്പറയുന്ന തസ്തികകളിൽ ഒഴിവുണ്ട്:

1. ഫാർമസിസ്റ്റ്-1 (25-5-2019 മുതൽ)

2. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 1

3. പാർട്ട് ടൈം ക്ലീനർ - 1

ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

233 (2103) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

ഉത്തരം

2019-20 പ്ലാൻ പ്രൊപ്പോസൽ പ്രകാരം ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റിന്റെ കൺസ്ട്രക്ഷൻ വർക്കിനുവേണ്ടി 3,47,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ആരോഗ്യ സർവ്വകലാശാലയിലെ പരീക്ഷാതട്ടിപ്പ്

234 (2104) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ പരീക്ഷാതട്ടിപ്പ് നടക്കുന്നതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീവാല്യുവേഷൻ ഫീസ് ഈടാക്കുന്നതിനുവേണ്ടി വിദ്യാർത്ഥികളെ മനഃപൂർവ്വം തോല്പിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കുമോ;

(സി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി റീവാല്യുവേഷന് അപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്നും റീവാല്യുവേഷൻ ഫീസിനത്തിൽ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ റീവാല്യുവേഷൻ അനുവദിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ അപേക്ഷകളോ ഫീസോ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ചിട്ടില്ല.

**ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫുകൾ**

235 (2105) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫുകളുടെ ജോലി പുനർനിർണ്ണയിക്കാൻ പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം തസ്തികകളായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് സൂപ്പർവൈസർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിച്ച് നൽകിയിട്ടുള്ളത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 9-12-2003-ലെ 254/03 എന്ന ഉത്തരവ് പ്രകാരമാണ്. പ്രസ്തുത വിഭാഗം ജീവനക്കാരിൽ അർപ്പിതമായിരിക്കുന്ന എല്ലാ ചുമതലകളും ഉത്തരവാദിത്വങ്ങളും ഈ ഉത്തരവിൽ വളരെ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പിന്റെ അഭിമാന പദ്ധതിയായ ആർദ്രം നടപ്പിലാക്കിയതിന്റെ ഭാഗമായി ഫാമിലി ഹെൽത്ത് സെന്ററുകളിലെ പബ്ലിക് ഹെൽത്ത് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നീ തസ്തികകളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും യഥാക്രമം 23-8-2018-ലെ

സ.ഉ.(പി)നമ്പർ 116/2018/ആ.കു.വ. 26-8-2018-ലെ സ.ഉ.(പി)നമ്പർ 118/2018/ ആ.കു.വ. 29-8-2018-ലെ സ.ഉ.(പി)നമ്പർ 119/2018/ആ.കു.വ. 1-9-2018-ലെ സ.ഉ.(പി)നമ്പർ 120/2018/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം പുനർ നിർവ്വചിച്ച് നൽകിയിട്ടുണ്ട്.

## ആരോഗ്യ മേഖലയിൽ സൃഷ്ടിച്ച തസ്തിക

236 (2106) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം വയനാട് ജില്ലയിൽ എത്ര തസ്തികകളാണ് ആരോഗ്യ മേഖലയിൽ സൃഷ്ടിച്ചത്; പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിനുകീഴിൽ വയനാട് ജില്ലയിൽ 132 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഡോക്ടർ | 27 |
| ലാബ് ടെക്നീഷ്യൻ | 28 |
| സ്റ്റാഫ് നഴ്സ് | 26 |
| ജൂനിയർ സയന്റിഫിക് ആഫീസർ | 1 |
| ജൂനിയർ ലാബ് അസിസ്റ്റന്റ് | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | 11 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 | 3 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| ഇ.സി.ജി. ടെക്നീഷ്യൻ | 4 |
| ഡയാലിസിസ് ടെക്നീഷ്യൻ | 5 |
| ഡെന്റൽ മെക്കാനിക് | 1 |
| ഡെന്റൽ ഹൈജീനിസ്റ്റ് | 1 |
| ഫിസിയോ തെറാപ്പിസ്റ്റ് | 1 |

| | |
|---|---|
| റേഡിയോഗ്രാഫർ | 4 |
| എക്സ്റേ അറ്റൻഡർ | 3 |
| എം.ആർ.എൽ. | 1 |
| മെഡിക്കൽ റെക്കോർഡ് അറ്റൻഡന്റ് | 2 |
| ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 2 |
| ഫാർമസിസ്റ്റ് | 8 |
| ഒപ്റ്റോമെട്രിസ്റ്റ് | 1 |

കൂടാതെ ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വയനാട് ജില്ലാ ആയുർവേദ ആശുപത്രിയിൽ 3 തെറാപ്പിസ്റ്റ് തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

**ഹോമിയോ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക**

237 (2107) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഹോമിയോ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫ് പാറ്റേൺ**

238 (2108) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം മിഷന് കീഴിൽ രണ്ടാം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചിട്ടുള്ള ആശുപത്രികളിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം തസ്തികകൾ, എത്ര വീതമെന്നതടക്കം വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ആർദ്രം മിഷനുകീഴിൽ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള ആശുപത്രികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ അനസ്തേഷ്യ കൺസൾട്ടന്റിന്റെ നിയമനം

239 (2109) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ ഉണ്ടായിരുന്ന അനസ്തേഷ്യാ കൺസൾട്ടന്റ് തസ്തിക 2010 നവംബർ മാസം പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്ക് ആശുപത്രിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്യപ്പെട്ടതിനെത്തുടർന്നുണ്ടായ അനസ്തേഷ്യാ കൺസൾട്ടന്റിന്റെ അഭാവം ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിലെത്തുന്ന രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ 2 അനസ്തേഷ്യ ജൂനിയർ കൺസൾട്ടന്റുമാർ ഇപ്പോൾ ജോലി ചെയ്തുവരുന്നതിനാൽ രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യം നിലവിലില്ല.

## റേഡിയോഗ്രാഫർ തസ്തിക

240 (2110) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഡിയോഗ്രാഫർ തസ്തികയില്ലാതെ എത്ര ആശുപത്രികളിലാണ് റേഡിയോളജി വിഭാഗം പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ;

(ബി) എ.ഇ.ആർ.ബി. നിയമമനുസരിച്ച് റേഡിയോളജി വിഭാഗം പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഈ സർക്കാർ എത്ര പുതിയ തസ്തികകളാണ് ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ളത് എന്നറിയിക്കാമോ; ഇതിൽ റേഡിയോഗ്രാഫർ തസ്തിക എത്ര എന്നും അറിയിക്കാമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ റേഡിയോളജി വിഭാഗത്തിൽ റേഡിയോഗ്രാഫർമാരുടെ സേവനം ലഭ്യമാണ്. റേഡിയോഗ്രാഫർ തസ്തിക ഇല്ലാതെ റേഡിയോളജി വിഭാഗം പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു:

<u>പത്തനംതിട്ട</u>

1. സാമൂഹികാരോഗ്യകേന്ദ്രം-പെരുനാട്.

<u>ആലപ്പുഴ</u>

1. താലൂക്കാശുപത്രി- തുറവൂർ
2. സാമൂഹികാരോഗ്യകേന്ദ്രം-മുതുകുളം

<u>കോട്ടയം</u>

1. സാമൂഹികാരോഗ്യ കേന്ദ്രം-അതിരമ്പുഴ

<u>എറണാകുളം</u>

1. സാമൂഹികാരോഗ്യകേന്ദ്രം - മുളന്തുരുത്തി
2. സാമൂഹികാരോഗ്യകേന്ദ്രം- കാലടി
3. സാമൂഹികാരോഗ്യകേന്ദ്രം-കടയിരുപ്പ്
4. താലൂക്കാശുപത്രി-പള്ളുരുത്തി
5. താലൂക്കാശുപത്രി- അങ്കമാലി(മാമോഗ്രാം യൂണിറ്റ്)

<u>തൃശ്ശൂർ</u>

1. സാമൂഹികാരോഗ്യകേന്ദ്രം- മുല്ലശ്ശേരി
2. താലൂക്കാശുപത്രി- ചേലക്കര

<u>മലപ്പുറം</u>

1. താലൂക്കാശുപത്രി-വണ്ടൂർ

<u>കോഴിക്കോട്</u>

1. താലൂക്കാശുപത്രി- കുറ്റ്യാടി
2. താലൂക്കാശുപത്രി- നാദാപുരം
3. താലൂക്കാശുപത്രി-പേരാമ്പ്ര
4. സാമൂഹികാരോഗ്യകേന്ദ്രം-മുക്കം
5. സാമൂഹികാരോഗ്യകേന്ദ്രം-നരിക്കുനി

<u>വയനാട്</u>

1. സാമൂഹികാരോഗ്യകേന്ദ്രം-പുൽപ്പള്ളി

<u>കാസർഗോഡ്</u>

1. സാമൂഹികാരോഗ്യകേന്ദ്രം-പെരിയ

(ബി) ടി നിയമം അനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ഡോക്ടർമാർ മറ്റ് പാരാമെഡിക്കൽ ജീവനക്കാരും കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ തസ്തികകളും ഉൾപ്പെടെ ആരോഗ്യ വകുപ്പിൽ 4139 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ റേഡിയോഗ്രാഫറുടെ 35 തസ്തികകളും ഉൾപ്പെടുന്നു.

**ജില്ലാ ആശുപത്രിയായി ഉയർത്തിയ മാവേലിക്കര താലൂക്ക് ആശുപത്രി**

241 (2112) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ആശുപത്രി ജില്ലാആശുപത്രിയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ജില്ലാ ആശുപത്രി നിലവാരത്തിന് അനുസൃതമായ തസ്തികകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ ആർദ്രം പദ്ധതി പ്രകാരം ഒരോ ജില്ലയിലേയും ഓരോ ആശുപത്രിയെയാണ് ജില്ലാതല ആശുപത്രിയായി സമഗ്ര വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ജില്ലാതല ആശുപത്രിയുടെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത് ജനറൽ ആശുപത്രി, ആലപ്പുഴ ആണ്. ആർദ്രം പദ്ധതിയിൽ മാവേലിക്കര ഗവൺമെന്റ് ആശുപത്രി താലൂക്കുതല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇവിടെ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് :

1. ദന്തൽ മെക്കാനിക്ക്-1
2. സ്റ്റാഫ് നഴ്സ് -2 (പി.എച്ച്.സി. നൂറനാട് നിന്നും റീ ഡിപ്ലോയ്മെന്റ് മുഖേന നിയമിച്ചത്)
3. അസിസ്റ്റന്റ് സർജൻ-4
4. സ്റ്റാഫ് നഴ്സ്-10
5. ഫാർമസിസ്റ്റ് ഗ്രേഡ്2-1

6. ഡെന്റൽ സർജൻ-1

7. ലാബ് ടെക്നീഷ്യൻ-1

ഗ്യാപ് അനാലിസിസ് നടത്തി തസ്തികകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അർഹമെന്നു കാണുകയാണെങ്കിൽ മാവേലിക്കര താലൂക്ക് ആശുപത്രിയിലും തസ്തിക പുനഃക്രമീകരണത്തിലൂടെ അധിക സേവനങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.

## സ്റ്റാഫ് നേഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റ്

242 (2113) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് നേഴ്സ് ഗ്രേഡ് II (ആരോഗ്യം) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ 454/2016) എന്ന് നിലവിൽ വന്നെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ കണ്ണൂർ ജില്ലയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയെന്നും അറിയിക്കുമോ;

(സി) ആർദ്രം പദ്ധതിയിൻകീഴിൽ പ്രസ്തുത തസ്തികയിൽ ആളുകളെ നിയമിക്കുന്നുണ്ടോ; എങ്കിൽ കണ്ണൂർ ജില്ലയിൽ പ്രസ്തുത തസ്തികയിൽ എത്ര പേർക്ക് നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ;

(ഡി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പ്രസ്തുത തസ്തികയിൽ കൂടുതൽ നിയമനം നടത്തുമോ; എങ്കിൽ കണ്ണൂർ ജില്ലയിൽ എത്ര നിയമനം ഉണ്ടാകും എന്നറിയിക്കുമോ;

(ഇ) ആർദ്രം പദ്ധതിയിലെ രണ്ടാംഘട്ട നിയമനത്തിന് റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് മുൻഗണന നല്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 16-7-2018-ൽ നിലവിൽ വന്നു.

(ബി) സ്റ്റാഫ് നേഴ്സ് ഗ്രേഡ് II തസ്തികയിൽ കണ്ണൂർ ജില്ലയിൽ 4 ഒഴിവുകളുണ്ട്. 23 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) നിയമിക്കുന്നുണ്ട്. 37 പേർക്ക് കണ്ണൂർ ജില്ലയിൽ നിയമനം നൽകിയിട്ടുണ്ട്.

(ഡി&ഇ) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഓരോ ജില്ലയിലും സൃഷ്ടിക്കപ്പെടേണ്ട തസ്തികകളുടെ എണ്ണം സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

## ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ

243 (2114) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) രണ്ടാംഘട്ട ആർദ്രം പദ്ധതിയുടെ ഭാഗമായി ഫാർമസിസ്റ്റ് കാറ്റഗറിയിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ഫാർമസിസ്റ്റ് ഗ്രേഡ് II വിഭാഗത്തിൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തികയിൽ നാല് ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ എസ്.സി./എസ്.ടി. സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി 2-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ആശുപത്രികൾക്കായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

## അമിത ഫീസ് ഈടാക്കുന്ന സ്വകാര്യ ആശുപത്രികൾക്കും ലാബുകൾക്കുമെതിരെ നടപടി

244 (2115) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കിയതുമൂലം സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുതും വലുതുമായ സ്വകാര്യ

ആശുപത്രികളും ലാബുകളും പാവപ്പെട്ട രോഗികളിൽ നിന്നും അമിത ചാർജ്ജ് ഈടാക്കി ചികിത്സകളും പരിശോധനകളും നടത്തുന്നത് നിയന്ത്രിക്കുവാൻ സാധിക്കുന്നുണ്ടോ;

(ബി) ഓരോ സ്ഥാപനവും വിവിധ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസ് എത്രയാണെന്ന് പ്രദർശിപ്പിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് കമ്മിറ്റി നിശ്ചയിച്ച നിരക്ക് പ്രകാരമുള്ള ഫീസാണോ ഓരോ സ്ഥാപനങ്ങളും ബോർഡിൽ പ്രദർശിപ്പിച്ചിട്ടുള്ളതും ഈടാക്കുന്നതുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) അമിത ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018 പ്രകാരം 1-1-2019 മുതൽ സംസ്ഥാനത്ത് ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 9 ജില്ലകളിലാണ് രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത്. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സേവന നിരക്ക് അതത് സ്ഥാപനങ്ങൾ തന്നെയാണ് നിശ്ചയിക്കേണ്ടത്. സ്ഥിരം രജിസ്ട്രേഷൻ ലഭിക്കുന്ന സ്ഥാപനങ്ങൾ അതത് സ്ഥാപനങ്ങളിലെ സേവനങ്ങൾക്ക് ഈടാക്കുന്ന തുക പ്രദർശിപ്പിക്കേണ്ടതാണ്. സ്ഥാപനങ്ങൾ പ്രദർശിപ്പിക്കുന്ന തുകയിൽ അമിതമായി ഈടാക്കുന്നപക്ഷം അത്തരം സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

**ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താൻ നടപടി**

245 (2116) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പഴം, പച്ചക്കറി, ഭക്ഷ്യവസ്തുക്കൾ എന്നിവയിലെ മായം കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന പഴം, പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന

നടത്തി മായം ചേർത്തതാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പഴം, പച്ചക്കറികളിലെ കീടനാശിനിയുടെ സാന്നിദ്ധ്യവും അളവും കണ്ടെത്തുന്നതിനുള്ള ആധുനിക ഉപകരണമായ GC-MS-MS (Gas Chromatography with Mass Spectrometer) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഭക്ഷ്യസുരക്ഷാ ലാബുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. ഓണം പോലെയുള്ള സന്ദർഭങ്ങളിൽ പഴം, പച്ചക്കറികൾ എന്നിവയിലെ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് വെള്ളായണി കാർഷിക കോളേജിലെ പരിശോധനാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്.

**വ്യാജ വെളിച്ചെണ്ണയുടെ ഉറവിടം കണ്ടെത്താൻ നടപടി**

246 (2117) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെയും അനുബന്ധ ഉല്പന്നങ്ങളുടെയും വില ഉയർന്നതോടു കൂടി വ്യാജ വെളിച്ചെണ്ണയുടെ ഉല്പാദനവും വിതരണവും സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നു എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൻസർ, വൃക്കരോഗം എന്നിവയ്ക്ക് ഇടയാക്കുന്ന പാരഫിൻ ഓയിൽ കലർന്ന എത്ര ബ്രാൻഡ് വെളിച്ചെണ്ണയാണ് കഴിഞ്ഞ വർഷം നിരോധിച്ചത്; അറിയിക്കുമോ;

(സി) നിരോധിച്ച ബ്രാൻഡുകൾ പുതിയ രൂപത്തിലും ഭാവത്തിലും പേരുമാറ്റി വിപണിയിലെത്തുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന വ്യാജ വെളിച്ചെണ്ണയുടെ ഉറവിടം കണ്ടെത്തിയും അതിർത്തികളിൽ ഇതിനായുള്ള പരിശോധനകൾ ശക്തിപ്പെടുത്തിയും അടിയന്തര ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിലകുറഞ്ഞ മറ്റ് ഭക്ഷ്യ എണ്ണകൾ വെളിച്ചെണ്ണയിൽ കലർത്തി നിലവാരം കുറഞ്ഞ വെളിച്ചെണ്ണ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വെളിച്ചെണ്ണയിൽ പാരഫിൻ ഓയിൽ കലർത്തിയതായി പരിശോധനാ ഫലം നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ വെളിച്ചെണ്ണ ബ്രാൻഡുകൾ നിരോധിക്കുമ്പോൾ ഇതേ വെളിച്ചെണ്ണ അതേ വ്യാപാരികൾ വേറെ ബ്രാൻഡ് നെയിമുകളിൽ വിപണനം നടത്തുന്ന എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇത് തടയുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ച് വിൽക്കുന്നവരും മറ്റ് സ്ഥലങ്ങളിൽ നിന്ന് വെളിച്ചെണ്ണ കൊണ്ടുവന്ന് റീ-പാക്ക് ചെയ്ത് വിൽക്കുന്നവരും തങ്ങളുടെ ഉൽപ്പന്നം അതത് ജില്ലകളിലെ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ മുൻപാകെ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇത്തരം ബ്രാൻഡ് രജിസ്ട്രേഷൻ കരസ്ഥമാക്കാതെ വെളിച്ചെണ്ണ വിൽക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. 2018 വർഷത്തിൽ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയ 166 ബ്രാൻഡ് വെളിച്ചെണ്ണകളുടെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ നിരോധിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഭക്ഷ്യ സുരക്ഷാ വകുപ്പിൽ വിജിലൻസ് പരിശോധന**

247 (2118) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഏററവും ഒടുവിലെ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ പ്രധാന വിഷയങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) പ്രസ്തുത വിജിലൻസ് റെയ്ഡിൽ നിന്നും ലഭിച്ച വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് വകുപ്പിന് ലഭ്യമായിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഏത് രീതിയിലുള്ള തുടർനടപടികളാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഏറ്റവും ഒടുവിൽ നടന്ന വിജിലൻസ് പരിശോധനയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

**ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധന കാര്യക്ഷമമാക്കാൻ നടപടി**

248 (2119) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷ്യ സുരക്ഷാവകുപ്പ് നടത്തുന്ന പരിശോധന കാര്യക്ഷമമല്ലെന്ന ആക്ഷേപത്തിന്മേൽ സ്വീകരിച്ചുവരുന്ന പരിഹാര നടപടികൾ വ്യക്തമാക്കുമോ ;

(ബി) പരിശോധനയിൽ ക്രമക്കേടുകളും വൃത്തിരാഹിത്യവും കണ്ടെത്തുന്ന ഹോട്ടലുകൾക്ക് എതിരെ കാര്യമായ നടപടികളൊന്നും സ്വീകരിക്കുന്നില്ല എന്നും ഉദ്യോഗസ്ഥരും ഹോട്ടൽ ഉടമകളും ചേർന്നുള്ള ഒത്തുകളി നടക്കുന്നതായും ഉള്ള ആക്ഷേപങ്ങൾ പരിഹരിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ആഘോഷവേളകളിലും ഉത്സവ സീസണുകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനയിൽ വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും തുടർ പരിശോധനയിൽ അവ ഉറപ്പുവരുത്താറുമുണ്ട്. തുടർ പരിശോധനയിലും 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസ് റദ്ദ് ചെയ്ത് സ്ഥാപനം അടച്ചുപൂട്ടുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭക്ഷ്യ വസ്തുക്കളിലെ മായം**

249 (2120) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ വ്യാപകമായി മായം ചേർക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെളിച്ചെണ്ണ, പാൽ, മത്സ്യം, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവയിൽ മായം ചേർന്നതുമായി ബന്ധപ്പെട്ട് 2018 ജനുവരി മുതൽ 2019 മാർച്ച് 31 വരെ എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ;

(സി) പഴകിയ ഭക്ഷണ സാധനങ്ങൾ, ഭക്ഷ്യയോഗ്യമല്ലാത്ത സാധനങ്ങൾ എന്നിവ വിറ്റതിന്റെ പേരിൽ ഹോട്ടലുകൾ, ബേക്കറി സ്ഥാപനങ്ങൾ എന്നിവയിൽ 2018 ജനുവരി മുതൽ 2019 മാർച്ച് 31 വരെ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാമാക്കുമോ;

(ഡി) ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടുപിടിക്കുന്നതിനുള്ള സൗകര്യങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാമാണുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ പരിശോധനയിൽ നിലവാരം കുറഞ്ഞതും അനുവദനീയമായ രാസപദാർത്ഥങ്ങൾ അളവിൽ കൂടുതൽ കലർത്തിയതായുമുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വെളിച്ചെണ്ണ, പാൽ, മത്സ്യം, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവയിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിച്ചതുമായി ബന്ധപ്പെട്ട് 2018 ജനുവരി മുതൽ 2019 മാർച്ച് 31 വരെ 1150 സ്ഥാപനങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധചട്ടങ്ങളുമനുസരിച്ച് പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ അടക്കമുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പഴകിയ ഭക്ഷണ സാധനങ്ങൾ, ഭക്ഷ്യയോഗ്യമല്ലാത്ത സാധനങ്ങൾ എന്നിവ വിറ്റതിന്റെ പേരിൽ ഹോട്ടലുകൾ, ബേക്കറി സ്ഥാപനങ്ങൾ എന്നിവയിൽ 2018 ജനുവരി മുതൽ 2019 മാർച്ച് 31 വരെ 2108 സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകളിലും ഇവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന 3 മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബുകളിലും പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബിലും ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിനുള്ള സൗകര്യമുണ്ട്.

**ഭക്ഷ്യ വസ്തുക്കളിലെ മായം കലർത്തൽ**

250 (2121) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ആയത് തടയുന്നതിനുമായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് മറ്റ് വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(സി) ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തി വില്പന നടത്തിയതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് കുറ്റക്കാരിൽനിന്നും പിഴ ചുമത്തിയിട്ടുണ്ടെങ്കിൽ പിഴ ഇനത്തിൽ എത്ര രൂപ ഈടാക്കി എന്നതിന്റെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടത്തുന്ന ഉത്സവങ്ങൾ, കുടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ച വ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ/പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശോധനകളിൽ ഗുണനിലവാരമില്ലാത്തതും ആരോഗ്യത്തിന് ഹാനികരവുമാണെന്ന് കണ്ടെത്തുന്ന അവസരങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006-ൽ പരാമർശിക്കുന്ന പ്രകാരം ഭക്ഷ്യവസ്തുക്കൾ തിരിച്ച് വിളിക്കൽ (സെക്ഷൻ 28), ഇംപ്രൂവ്മെന്റ് നോട്ടീസ് (സെക്ഷൻ 34) എന്നീ വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യങ്ങളിലെ രാസപദാർത്ഥ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർ റാണി' ഈ പദ്ധതിയുടെ ഭാഗമായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത ഫോർമാലിൻ/അമോണിയ സ്ട്രിപ്പ് കിറ്റ് ഉപയോഗിച്ച് മത്സ്യത്തിലെ രാസ പദാർത്ഥത്തിന്റെ സാന്നിദ്ധ്യം ഉടനടി കണ്ടെത്താൻ സഹായിക്കുന്നു. എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ ബാർ ഹോട്ടലുകളിൽ സംയുക്തമായി പരിശോധനകൾ നടത്തിവരുന്നു. ജൈവ ഭക്ഷ്യ വസ്തുക്കളുമായി ബന്ധപ്പെട്ട് FSSAI 2018-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഫലവത്തായി നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു.

(സി) 1244 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിച്ചതുമായി ബന്ധപ്പെട്ട് 1244 കേസുകളിൽ 451 കേസ്സുകളിലായി 1,29,17,760 രൂപ (ഒരു കോടി ഇരുപത്തിഒൻപത് ലക്ഷത്തി പതിനേഴായിരത്തി എഴുന്നൂറ്റി അറുപത് രൂപ) പിഴ ഈടാക്കിയിട്ടുണ്ട്.

## ഭക്ഷ്യ വസ്തുക്കളിലെ മായം തടയുന്നതിനുള്ള നടപടികൾ

251 (2122) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ബി) മായം ചേർത്ത വെളിച്ചെണ്ണയുടെ ഏതെല്ലാം ബ്രാൻഡുകളാണ് നിരോധിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(സി) മായം ചേർക്കലുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽപ്പെട്ടവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയും സംഭരിക്കുകയും വിതരണം നടത്തുകയും വിൽപ്പന നടത്തുകയും ചെയ്യുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന പ്രോസിക്യൂഷൻ, അഡ്ജൂഡിക്കേഷൻ ഉൾപ്പെടെയുള്ള കർശനമായ നിയമനടപടികളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിക്കുന്നത്.

(ബി) നിരോധിച്ചിട്ടുള്ള വെളിച്ചെണ്ണയുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഗുണനിലവാരമില്ലാത്ത ഭക്ഷ്യപദാർത്ഥങ്ങൾ വിൽപ്പന നടത്തിയതിന്റെ പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1244 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 451 കേസ്സുകളിലായി 1,29,17,760 രൂപ പിഴ ചുമത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ നടപടി

252 (2123) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രമാക്കി ഓരോ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ വീതവും കൂടാതെ 14 ജില്ലകളിലുമായി 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരും നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യസുരക്ഷാ ഓഫീസർമാരും കൂടാതെ 12 നോഡൽ ഭക്ഷ്യസുരക്ഷാ ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 141 ഭക്ഷ്യ സുരക്ഷാ ഓഫീസർമാർക്ക് പി.എസ്.സി. മുഖാന്തരം പുതുതായി നിയമന ഉത്തരവ് നൽകുകയും അതിൽ 117 പേർ നിയമപ്രകാരമുള്ള മൂന്ന് മാസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കി ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ പ്രവർത്തിക്കുന്നു.

ഭക്ഷ്യസുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിന് NABL അക്രെഡിറ്റേഷനുള്ള മൂന്ന് അനലിറ്റിക്കൽ ലാബുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. കൂടാതെ പത്തനംതിട്ടയിൽ ജില്ലാ ഫുഡ്ടെസ്റ്റിംഗ് ലാബും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്.

ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ മാനദണ്ഡങ്ങൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഫൈൻ ചുമത്തുന്നതും കൂടാതെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ലൈസൻസിംഗ് റെഗുലേഷൻസ് അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിന് നോട്ടീസുകൾ നൽകി, തുടർ പരിശോധനകൾ നടത്തുന്നുണ്ട്. ലാബ് പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ ഭക്ഷണ സാധനങ്ങൾ ഉല്പാദിപ്പിക്കുന്നവർക്കെതിരെയും അവ വിൽക്കുന്നവർക്കെതിരെയും അഡ്ജൂഡിക്കേഷൻ നടപടികളും Unsafe എന്ന റിപ്പോർട്ട് ലഭ്യമാക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ചുവരുന്നു.

## വഴിയോരങ്ങളിലെ ഭക്ഷണശാലകൾ

253 (2124) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിയോരങ്ങളിലും മറ്റും അനധികൃതമായി പ്രവർത്തിക്കുന്ന തട്ടുകടകൾ ഉൾപ്പെടെയുള്ള ലഘു ഭക്ഷണശാലകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കടകൾ ഏകദേശം സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇത്തരം തട്ടുകടകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(സി) ഭക്ഷണം പാകം ചെയ്യാൻ ഉപയോഗിക്കുന്ന എണ്ണ ഉൾപ്പെടെയുള്ള വസ്തുക്കൾ പലതവണ ഉപയോഗിക്കുന്നത് വലിയ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുന്നതിനാൽ ഇതിനെതിരെ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം തട്ടുകടകൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തികളിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിലെ ഭക്ഷണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണ വകുപ്പിലെ ആരോഗ്യ വിഭാഗത്തിന് നിർദ്ദേശം നൽകുകയും പരിശോധന കർശനമാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ഭക്ഷ്യ ഉല്പാദന, സംഭരണ, വിതരണ സ്ഥാപനങ്ങളെയും ഫുഡ് ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ ഉൾപ്പെടുത്തി ലൈസൻസും രജിസ്ട്രേഷനും നൽകിവരുന്നു. ഇത് പൂർണ്ണമായി നടപ്പിൽ വരുത്തിയതിനുശേഷമേ തട്ടുകടകളുടെയും ലഘുഭക്ഷണശാലകളുടെയും കൃത്യമായ കണക്ക് നൽകാൻ സാധിക്കുകയുള്ളൂ.

(ബി) തട്ടുകടകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ എല്ലാ മാസവും മൂന്ന് ദിവസം വൈകുന്നേരം 4.00 മണി മുതൽ രാത്രി 9.00 മണിവരെ എല്ലാ ജില്ലകളിലും സ്ഥിരം രാത്രികാല പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ വഴിയോര കച്ചവടം

നവീകരിക്കുകയും അതുവഴി സുരക്ഷിതമായ ആഹാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിനുവേണ്ടി വഴിയോര കച്ചവടക്കാർക്ക് ഭക്ഷ്യസുരക്ഷയുടെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെ സംഘടിപ്പിച്ചു വരുന്നു. കൂടാതെ കേരള സംസ്ഥാനത്ത് Clean Street Food Hub എന്ന ആശയത്തെ മുൻനിർത്തി ഫുഡ് കോർട്ടുകൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തട്ടുകടകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പരിശോധനകൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിവരുന്നുണ്ട്. തട്ടുകടകളിൽ പ്രവർത്തിക്കുന്നവർക്ക് വ്യക്തിശുചിത്വവും നിലവാരവും ഉയർത്തുന്നതിന് Food Safety Training and Certification (FoSTaC) പരിശീലനം ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങളും നടന്നുവരുന്നു.

പാചക എണ്ണയുടെ ആവർത്തിച്ചുള്ള ചൂടാക്കൽ എണ്ണയിൽ Total Polar Compounds-ന്റെ അളവ് കൂട്ടുന്നതിനാലും ആയത് ആരോഗ്യത്തിന് ഹാനികരമായതിനാലും FSSAI-യുടെ നിർദ്ദേശപ്രകാരം ദിനംപ്രതി 50 ലിറ്ററിനുമുകളിൽ എണ്ണ ഉപയോഗിച്ചുവരുന്ന ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരുടെ ലിസ്റ്റ് തയ്യാറാക്കി വിശദമായ പരിശോധനകൾ നടത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിൽ Special Investigation Team തന്നെ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർക്ക് മാത്രമേ അധികാരമുള്ളൂ.

## നിരോധിക്കപ്പെട്ട ഭക്ഷ്യ ബ്രാൻഡുകൾ

254 (2125) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭക്ഷണത്തിൽ മായം ചേർത്തതുമായി ബന്ധപ്പെട്ട് ഏതെല്ലാം ഭക്ഷ്യ ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങളാണ് നിരോധിക്കപ്പെട്ടത്; വിശദമാക്കുമോ?

ഉത്തരം

2018-ൽ ഭക്ഷ്യസുരക്ഷാ വകുപ്പ് ഗുണനിലവാരമില്ലാത്തതായി കണ്ടെത്തി നിരോധിച്ച ഭക്ഷ്യ ബ്രാൻഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ബ്രാൻഡ് | കമ്പനിയുടെ വിവരങ്ങൾ |
|---|---|
| TIME PASS Lollipops | Abhishek Cottage Industries, Alapakka, Chennai |
| Zubi THE FUN LOLLY, ROSE LOLLY-STRAWBERRYFLING, Forever TOGETHER Zubi THE FUN CANDY | Raveendra Food Pvt. Ltd., Unit A:101, Kummalamman Koil Street, Thondaipet, Chennai-600 081, Unit B, Plot No., 90-D1, SN Chetty Road, Royapuram, Chennai-600 013 |
| വോൾഗ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ | കെൻസ്റ്റാർ എക്സിം, തിരുത്തികോണം, ഇടയ്ക്കോട്, കന്യാകുമാരി ജില്ല, തമിഴ്നാട്. |
| Choco does (Toy injection chocolate) | M/s Ayush Choco Co, plot No, 620 phase IV, Naroda GIDC, Ahmedabad. |
| ശർക്കര | 1. പ്രകാശ് ട്രേഡേഴ്സ്, ചിക്കാടെ, പാണ്ഡവപുര, മാണ്ഡ്യജില്ല,<br>2. അൽഫാൻ സൈൻ, ലൈഫ് സയൻസ്, ബൽഗാവി, കർണ്ണാടക. |
| മിന്റീസ് മിഠായി (ബാച്ച് നം. 18021184) | ലവ്‌ലി ഇൻഡസ്ട്രീസ് കാനേഷ്മാരി, മഗാടി റോഡ്, ബാഗ്ലൂർ - 560 091 |
| Arabian Dates | Lion Dates Impex Pvt. Ltd., Kauvery Road, Trichy. |
| Matta Broken Rice | Manufactured by Manjilas Food Food Tech Pvt. Ltd., Pollachi – 642 003. |
| ഗോതമ്പ് | പാരിസൺ റോളർ ആന്റ് ഫ്ളോർ Cherooty Road, Kozhikode |
| Blu™ Iris Packaged Drinking Water | Blu Industries, Mudakuzha P.O., Akanad, Perumbavoor, Ernakulam District[B.No. 1575/BS/3] |

ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഉത്തരവുപ്രകാരം 31-5-2018, 30-6-2018, 18-12-2018 എന്നീ തീയതികളിൽ ഉൽപാദനം, സംഭരണം, വിതരണം എന്നിവ നിരോധിച്ച 166 ബ്രാൻഡ് വെളിച്ചെണ്ണയുടെയും ജില്ലകളിൽ നിരോധിച്ച ബ്രാൻഡ് വെളിച്ചെണ്ണയുടെയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗുണമേന്മ പാലിക്കാത്ത മിനറൽ വാട്ടർ ബ്രാൻഡുകൾ

255 (2126) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മ പാലിക്കാത്തതിനെ തുടർന്ന് സംസ്ഥാനത്ത് ഏതെങ്കിലും മിനറൽ വാട്ടർ ബ്രാൻഡുകൾ നിരോധിച്ചിട്ടുണ്ടോ;

(ബി) നിരോധിക്കപ്പെട്ടവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കെൻസ്റ്റാർ എക്സിം, തിരുത്തികോണം, ഇടയ്ക്കോട്, കന്യാകുമാരി ജില്ല, തമിഴ്നാട് എന്ന സ്ഥാപനം നിർമ്മിക്കുന്ന വോൾഗ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ എന്ന ബ്രാൻഡ്സു ബ്ലൂ ഇൻഡസ്ട്രീസ് എന്ന കമ്പനിയുടെ Blu™ IRIS PACKAGED DRINKING WATER എന്ന ബ്രാൻഡ്സും നിരോധിച്ചിട്ടുണ്ട്.

## എച്ച്.ഐ.വി. ബാധിതർക്ക് സഹായപദ്ധതികൾ

256 (2127) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എച്ച്.ഐ.വി. ബാധിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) നിലവിൽ എച്ച്.ഐ.വി. ബാധിതർക്ക് നൽകിവരുന്ന സഹായപദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എച്ച്.ഐ.വി. ബാധിതരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ എച്ച്.ഐ.വി. ബാധിതർക്ക് നൽകിവരുന്ന സഹായപദ്ധതികൾ ചുവടെ ചേർക്കുന്നു.

i) ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയുടെ സഹായത്തോടെ എച്ച്.ഐ.വി. അണുബാധിതർക്ക് പോഷകാഹാര വിതരണം എച്ച്.ഐ.വി. അണുബാധിതരുടെ ജില്ലാതല സംഘടനകളിലൂടെ നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ii) കേരളത്തിലെ എ.ആർ.ടി. കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ എച്ച്.ഐ.വി. ബാധിതർക്കും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സഹായത്തോടെ പ്രതിമാസം 1000 രൂപ ധനസഹായമായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി മുഖേന നൽകിവരുന്നു.

iii) എ.ആർ.ടി. കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ എച്ച്.ഐ.വി. ബാധിതർക്കും സൗജന്യ ചികിത്സയും പരിശോധനകളും ലഭ്യമാക്കുന്നു.

iv) എച്ച്.ഐ.വി. അണുബാധിതരായിട്ടുള്ള സ്ത്രീകൾക്ക് ഗർഭാശയ പരിശോധന എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി നടപ്പിലാക്കി വരുന്നു.

v) എച്ച്.ഐ.വി. ബാധിതരായി ജീവിച്ചിരിക്കുന്ന അണുബാധിതരായ കുട്ടികളെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന 'സ്നേഹപൂർവ്വം' വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു.

vi) എച്ച്.ഐ.വി. ബാധിതരായ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അവർക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കി കൊടുക്കുന്നു.

vii) എച്ച്.ഐ.വി. ബാധിതരായ കുടുംബങ്ങളെയും വ്യക്തികളെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കി വരുന്നു.

## കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയ തുകയുടെ റീ-ഇംബേഴ്സ്മെന്റ്

257 (2128) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മോഹനകൃഷ്ണൻ എന്നയാളുടെ മകൻ അഭിനന്ദിന് കേൾവി ശക്തി ലഭിക്കുന്നതിനായുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തിയതിന്റെ തുക റീ-ഇംബേഴ്സ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയുടെ ഫയൽ മന്ത്രിസഭയുടെ അംഗീകാരത്തിനായി 2018 ആഗസ്റ്റ് മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നുവോ;

(ബി) പ്രസ്തുത വിഷയത്തിൽ പരാതിക്കാരന്റെ ആവശ്യം ന്യായമായതിനാൽ ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് മന്ത്രിസഭയുടെ അംഗീകാരം നൽകാവുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി നിരവധി തവണ പരിശോധിച്ചതും അനുകൂല ശിപാർശ നൽകിയതുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കേണ്ടതില്ല എന്ന തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ മകന്റെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് ധനസഹായം ആവശ്യപ്പെട്ട് ശ്രീ. മോഹനകൃഷ്ണൻ വി. പി., മലപ്പുറം സമർപ്പിച്ച ഹർജി സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി തെരഞ്ഞെടുക്കുന്ന കുട്ടികൾക്കാണ് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്. ഒരു കേസ്സിലും പ്രത്യേക പരിഗണന നൽകാറില്ല.

## കറുകച്ചാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

258 (2129) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2010 മുതൽ 2018 വരെ ഇൻപേഷ്യന്റ് വിഭാഗത്തിൽ ചികിത്സ തേടിയവരുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പുതിയ കെട്ടിടം പണിതത് ഏത് ഫണ്ട് ഉപയോഗിച്ചാണെന്നും എന്നാണ് പണി പൂർത്തിയാക്കിയതെന്നും വ്യക്തമാക്കാമോ;

(സി) മെച്ചപ്പെട്ട സൗകര്യത്തിൽ പുതിയ കെട്ടിടം പണിതിട്ടും ഇൻപേഷ്യന്റ് ചികിത്സ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന നിലയിൽ പൂർണ്ണ വളർച്ചയിലെത്താൻ സ്റ്റാഫ്, കെട്ടിടം, വാഹനം എന്നിവയടക്കം എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യമുന്നയിച്ച് ഏതെങ്കിലും പ്രൊപ്പോസലുകൾ ആശുപത്രി അധികൃതർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കറുകച്ചാൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2010 മുതൽ 2018 വരെ കിടത്തി ചികിത്സയ്ക്ക് വിധേയരായ രോഗികളുടെ എണ്ണം താഴെ കൊടുക്കുന്നു:

| വർഷം | രോഗികളുടെ എണ്ണം |
|---|---|
| 2010 | 948 |
| 2011 | 873 |
| 2012 | 863 |
| 2013 | 613 |
| 2014 | 500 |
| 2015 | 394 |
| 2016 | 186 |
| 2017 | 421 |
| 2018 | 203 |

(ബി) എം. എൽ. എ. ഫണ്ട് (LAC-ADF) ഉപയോഗിച്ച് 2016-ലാണ് കെട്ടിടം പണിപൂർത്തീകരിച്ചിട്ടുള്ളത്.

(സി) ഇപ്പോൾ കിടത്തി ചികിത്സ ലഭ്യമാക്കിവരുന്നുണ്ട്.

(ഡി) സർക്കാരിന്റെ 16-6-2017-ലെ G.O.(MS) No.113/2018/ആ.കു.വ. പ്രകാരം കോട്ടയം ജില്ലയിലെ വാഴൂർ റവന്യൂ ബ്ലോക്കിലെ കറുകച്ചാൽ സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തേണ്ട സ്ഥാപനങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആർദ്രം മാനദണ്ഡ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ട ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ ഈ സ്ഥാപനത്തിൽ നിലവിൽ ലഭ്യമാണ്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി എൻ.സി.ഡി. ക്ലിനിക്, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക്, നഴ്സ് പ്രീ. ചെക്ക്, O.P. transformation മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന സ്വീകരിച്ചുവരുന്നു.

## കായംകുളത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

259 (2131) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്; ആയതിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

### ഉത്തരം

കായംകുളം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. കുടുംബാരോഗ്യ കേന്ദ്രം, കണ്ടല്ലൂർ
2. പ്രാഥമികാരോഗ്യ കേന്ദ്രം, ചെട്ടികുളങ്ങര
3. പ്രാഥമികാരോഗ്യ കേന്ദ്രം, ദേവികുളങ്ങര
4. പ്രാഥമികാരോഗ്യ കേന്ദ്രം, പത്തിയൂർ
5. പ്രാഥമികാരോഗ്യ കേന്ദ്രം, കൃഷ്ണപുരം
6. പ്രാഥമികാരോഗ്യ കേന്ദ്രം, ഭരണിക്കാവ്

കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്ന കണ്ടല്ലൂരിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രം ചെട്ടികുളങ്ങരയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് (58 ലക്ഷം) ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 50% വർക്ക് പൂർത്തീകരിച്ചു. കെ.ഇ.എൽ. എന്ന ഏജൻസിയാണ് വർക്ക് ചെയ്യുന്നത്. ദേവികുളങ്ങര, പത്തിയൂർ, കൃഷ്ണപുരം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിവരുന്നു. കെ.ഇ.എൽ. എന്ന ഏജൻസിയാണ് വർക്ക് ചെയ്യുന്നത്. ഭരണിക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രം (ഡി.എൻ.കെ.) എന്ന ഏജൻസിയാണ് വർക്ക് ചെയ്യുന്നത്.

## മാവേലിക്കരയിലെ മാതൃകാകുടുംബാരോഗ്യ കേന്ദ്രങ്ങൾ

260 (2132) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ മാതൃകാകുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തീരുമാനിക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

ഉത്തരം

1. കുടുംബാരോഗ്യ കേന്ദ്രം, പാലമേൽ
2. പ്രാഥമികാരോഗ്യ കേന്ദ്രം, വള്ളികുന്നം
3. പ്രാഥമികാരോഗ്യ കേന്ദ്രം, നൂറനാട്
4. പ്രാഥമികാരോഗ്യ കേന്ദ്രം, താമരക്കുളം
5. പ്രാഥമികാരോഗ്യ കേന്ദ്രം, തഴക്കര

18-6-2017-ൽ പാലമേൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം കഴിഞ്ഞു. ഇവിടെ രാവിലെ 9 മണിമുതൽ വൈകിട്ട് 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം നൂറനാട്, വള്ളികുന്നം, താമരക്കുളം എന്നീ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ഡി.പി.ആർ. തയ്യാറാക്കി കെ.ഇ.എൽ. എന്ന ഏജൻസി വഴി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം

261 (2133) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനത്തിന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികളുടെ വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

റിട്ട് പെറ്റീഷൻ 380/2019 നമ്പർ കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് പുറത്തുള്ള വിദ്യാർത്ഥികൾക്കും സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എം.ബി.ബി.എസ്. പ്രവേശനത്തിന് അപേക്ഷിക്കുന്നതിനുള്ള സൗകര്യം നൽകിയിരുന്നു. ഇപ്രകാരം അപേക്ഷിച്ചിട്ടുള്ളവർക്ക് അവരുടെ സ്ഥിരതാമസ സ്ഥലം കണക്കിലെടുക്കാതെ തന്നെ MBBS കോഴ്സിൽ പ്രവേശനം നൽകുന്നതിനായി NRI ക്വാട്ട ഒഴികെയുള്ള സീറ്റുകളിൽനിന്നും 15 ശതമാനം സീറ്റുകൾ നീക്കി വച്ചുകൊണ്ട് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ്

262 (2134) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഉള്ള ഹൗസ് സർജൻമാർ, പി.ജി. സ്റ്റുഡന്റ്സ് എന്നിവർക്ക് സർക്കാർ മെഡിക്കൽ കോളേജിലെ ഹൗസ് സർജൻമാർക്കും പി.ജി. സ്റ്റുഡന്റ്സിനും നൽകുന്ന അതേ തുക സ്റ്റൈപ്പന്റായി നൽകുന്നതിന് ഉത്തരവ് നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഈ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ അർഹമായ സ്റ്റൈപ്പന്റ് നൽകുന്നില്ല എന്ന പരാതി അന്വേഷിച്ച് അർഹതപ്പെട്ടവർക്ക് പ്രസ്തുത തുക ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഹൗസ് സർജൻമാർ, പി.ജി. സ്റ്റുഡന്റ്സ് എന്നിവർക്ക് സർക്കാർ കോളേജുകളിലെ ഹൗസ് സർജൻമാർ, പി.ജി. സ്റ്റുഡൻസ് എന്നിവർക്ക് അനുവദിക്കുന്ന അതേ നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിന് എല്ലാ സ്വാശ്രയ കോളേജുകളിലേയും പ്രിൻസിപ്പൽമാർക്ക് ആരോഗ്യ സർവ്വകലാശാല നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സർക്കാർ നിരക്കിലുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നതിന് ഉറപ്പുവരുത്തുന്നതിനാവശ്യമായ റെഗുലേഷൻസ് കൊണ്ടുവരുന്നതിനുള്ള അധികാര സ്ഥാനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ്. ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയാണ്.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ നഴ്സിംഗ് കോളേജ്**

263 (2135) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാ ആശുപത്രിയിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

മാവേലിക്കര ജില്ലാ ആശുപത്രിയോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഇല്ല.

**കാസർഗോഡ് മെഡിക്കൽ കോളേജ്**

264 (2136) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 നവംബർ 30-ന് തറക്കല്ലിട്ട കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണത്തിനാവശ്യമായ തുക എത്രയാണെന്നും ഇപ്പോൾ എത്ര രൂപ ചെലവഴിച്ചുവെന്നും പ്രസ്തുത തുക എങ്ങനെയാണ് സമാഹരിച്ചതെന്നും ബാക്കി തുക എപ്പോൾ എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളേജിൽ എപ്പോൾ അഡ്മിഷൻ തുടങ്ങാനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവർത്തനം വിലയിരുത്താൻ കളക്ടർ എത്ര യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ടെന്നും ഏതെല്ലാം തീയതികളിലാണ് യോഗം വിളിച്ചതെന്നും എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളെ ക്ഷണിച്ചിരുന്നോ എന്നും യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളും ആരെല്ലാമായിരുന്നെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്ക്, ലക്ചറർ ഹാൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ആശുപത്രി കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനം 25-11-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോൾ ഒന്നാം നിലയുടെ പണികൾ പുരോഗമിക്കുന്നു.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട തുകയും ചെലവഴിച്ച തുകയുടെയും വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.* നിലവിൽ ലഭ്യമായിട്ടുള്ള തുകകൾ ചെലവാക്കുന്നതിനനുസൃതമായി ബഡ്ജറ്റിൽ തുക വകയിരുത്തുന്നതാണ്.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി മറ്റ് നടപടിക്രമങ്ങൾ പാലിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ അഡ്മിഷൻ തുടങ്ങാൻ സാധിക്കുകയുള്ളൂ.

(ഡി) കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലാ കളക്ടർ 16 യോഗങ്ങൾ വിളിച്ച് ചേർത്തിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ 4 യോഗങ്ങളിൽ ഒഴികെ ബന്ധപ്പെട്ട ജനപ്രതിനിധികളെ ക്ഷണിച്ചിട്ടുണ്ട്. യോഗങ്ങൾ നടന്ന തീയതിയും, പങ്കെടുത്തവരുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## ബി.ഫാം (പ്രാക്ടീസ്) ബ്രിഡ്ജ് കോഴ്സ്

265 (2137) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് വർഷം ഫാർമസിസ്റ്റായി ജോലി ചെയ്യുന്ന ഡി.ഫാം യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾക്ക്, രണ്ട് വർഷം ദൈർഘ്യമുള്ള ബി.ഫാം (പ്രാക്ടീസ്) എന്ന ബ്രിഡ്ജ് കോഴ്സ് പൂർത്തിയാക്കിയാൽ ബി.ഫാം സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി മറ്റ് സംസ്ഥാനങ്ങളിൽ ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബി.ഫാം (പ്രാക്ടീസ്) എന്ന ബ്രിഡ്ജ് കോഴ്സ് തുടങ്ങണമെന്ന ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ 2014-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കോഴ്സ് ആരംഭിക്കുവാൻ മെഡിക്കൽ സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ബി.ഫാം പ്രാക്ടീസ് എന്ന ബ്രിഡ്ജ് കോഴ്സ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേരള ആരോഗ്യ സർവ്വകലാശാലയുടെ 28-12-2013-ലെ അക്കാദമിക് കൗൺസിൽ യോഗം വിശദമായി ചർച്ചചെയ്യുകയും അശാസ്ത്രീയം എന്ന് വിലയിരുത്തി നിരാകരിച്ചിട്ടുള്ളതുമാണ്.

(സി) ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ ബി.ഫാം പ്രാക്ടീസ് റെഗുലേഷൻസ് പ്രകാരം ബി.ഫാം പ്രാക്ടീസ് എന്നത് ഫാർമസി രംഗത്ത് പ്രവർത്തിച്ചുവരുന്ന ബിരുദ യോഗ്യതയില്ലാത്ത (ഫാർമസി ഡിപ്ലോമ യോഗ്യതയുള്ള) രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾക്ക് ബിരുദ യോഗ്യത ലഭ്യമാക്കുന്നതിനുവേണ്ടി കോൺടാക്ട് ക്ലാസ്സുകളും പ്രവൃത്തിപരിചയ പരിപാടികളും ഉൾപ്പെടുന്ന ഒരു കോഴ്സാണ്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് അദ്ധ്യായം XVIII സ്റ്റാറ്റ്യൂട്ട് 2 പ്രകാരം ഫാർമസി ബിരുദ കോഴ്സ് എന്നത് 4 വർഷത്തിൽ കുറയാത്ത റെഗുലർ സമ്പ്രദായത്തിലുള്ള പാഠ്യ പദ്ധതിയായതിനാൽ ബി.ഫാം ഫാർമസി പ്രാക്ടീസ് എന്ന കോൺടാക്ട് ക്ലാസ്സടങ്ങുന്ന കോഴ്സ് തുടങ്ങുന്നതിന് സാധ്യമല്ല എന്ന തീരുമാനമാണ് അക്കാദമിക് കൗൺസിലും ഗവേണിംഗ് കൗൺസിലും എടുത്തിട്ടുള്ളത്.

**ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ**

266 (2138) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ആശുപത്രികളിലും ക്ലിനിക്കുകളിലും ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര കേസ്സുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## ഹോമിയോ ഫാർമസിസ്റ്റുകളുടെ നിയമനം

267 (2139) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികളാണ് ഫാർമസിസ്റ്റ് ഇല്ലാതെ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ ട്രിബ്യൂണൽ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതേവരെ എത്ര ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ പത്ത് ഹോമിയോ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ പ്രൊമോഷൻ വഴി നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതുമൂലം ഹോമിയോ ഫാർമസിസ്റ്റ് പി.എസ്.സി. റാങ്ക് ജേതാക്കളുടെ ഭാവി തകർക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) എൻ.എച്ച്.എം.-ന് കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ പി.എസ്.സി. അംഗീകരിച്ച യോഗ്യതയായ എൻ.സി.പി./സി.സി.പി. കോഴ്സ് പാസ്സായവരുടെ സേവനമാണോ നൽകി വരുന്നത്; ഇവിടെ മതിയായ യോഗ്യത ഇല്ലാത്തവർ സേവനം ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) നിലവിലുള്ള ഹോമിയോ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 101

(ബി) ഇല്ല. അതേസമയം ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുവാൻ ബഹുമാനപ്പെട്ട ട്രൈബ്യൂണൽ ഉത്തരവായിരുന്നു. തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കഴിഞ്ഞിട്ടില്ല.

(ഡി&ഇ) ഹോമിയോപ്പതി വകുപ്പിലെ ഫാർമസിസ്റ്റ് തസ്തികയുടെ സ്പെഷ്യൽ റൂൾ 6-7-2018-ന് നിലവിൽ വരുന്നതിന് മുൻപുള്ള എല്ലാ ഫാർമസിസ്റ്റ് ഒഴിവുകളും PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2019-ലെ ഫാർമസിസ്റ്റ് തസ്തികയിലെ ഒഴിവുകൾ കെ.എസ്.& എസ്.എസ്.ആർ.ഭാഗം-2, ചട്ടം-5-ന് താഴെയുള്ള കുറിപ്പ് (3)-ന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾ പ്രകാരമുള്ള 1:1 റേഷ്യോ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയുടെ Cadre Strength-ൽ പ്രയോഗിക്കുമ്പോൾ പ്രൊമോഷൻ മുഖേന നികത്തുന്നതിന് അർഹമായ cadre strength-നേക്കാൾ കുറവാണ് പ്രൊമോഷൻ മുഖേന നിയമിതരായവരുടെ നിലവിലെ cadre strength എങ്കിൽ പ്രസ്തുത കുറവ് പരിഹരിക്കപ്പെടുന്നതുവരെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുന്നതിന് മാറ്റി വയ്ക്കുവാൻ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ബന്ധപ്പെട്ട പഞ്ചായത്താണ് ഫാർമസിസ്റ്റിനെ നിയമിക്കുന്നത്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) അർഹമായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

**ആയുഷ് പദ്ധതികൾ**

268 (2140) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആയുഷ് വകുപ്പിന്റെ കരൾരോഗമുക്തി, ജീവിത ശൈലീരോഗ ക്ലിനിക്കായ ആയുഷ്യം, കുട്ടികളിലെ അമിതവണ്ണം കുറയ്ക്കുന്നതിനുള്ള കൗമാര സ്ഥൗല്യം, ജ്യോതിർഗമയ, വർണ്യം, കന്യാജ്യോതി എന്നീ പദ്ധതികൾ നിർത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഈ സർക്കാർ തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആയുഷ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം ഹോമിയോപ്പതി, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം എന്നീ വകുപ്പുകളും നാഷണൽ ആയുഷ് മിഷനും നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2018-19 വർഷം പുതിയതായി ആരംഭിച്ച പദ്ധതികളായ ജ്യോതിർഗമയ, വർണ്യം, കന്യാജ്യോതി എന്നിവയും നാഷണൽ ആയുഷ് മിഷൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ കരൾ രോഗമുക്തി, ആയുഷ്യം എന്നീ പദ്ധതികളും 2019-20 വർഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. പദ്ധതികൾ നിർത്തലാക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട രോഗങ്ങൾക്കുള്ള ചികിത്സകൾ നിലവിലെ സ്ഥാപനങ്ങൾ വഴി നൽകിവരുന്നുണ്ട്.

(സി) ഈ സർക്കാർ തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

**തഴക്കര ആയുർവേദാശുപത്രി**

269 (2141) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴക്കര ആയുർവേദാശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഇതിനാവശ്യമായ മെഡിക്കൽ ഓഫീസർ, തെറാപ്പിസ്റ്റ്, നഴ്സിംഗ് അസിസ്റ്റന്റ് തുടങ്ങിയ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ആലപ്പുഴ ജില്ലയിലെ തഴക്കര സർക്കാർ ആയുർവേദ ഡിസ്പെൻസറിയെ 30 കിടക്കകളുള്ള സർക്കാർ ആയുർവേദ ആശുപത്രിയായി ഉയർത്തുന്നതിനും തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നെല്ലിക്കുഴി ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തി**

270 (2142) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭാരതീയ ചികിത്സാ ഡയറക്ടറിൽ നിന്നും ആവശ്യപ്പെട്ട അധിക വിവരങ്ങൾ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ആയുഷ് വകുപ്പിൽ എ 1/234/18 എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ഡി) കോതമംഗലം താലൂക്കിലെ നൂറ് കണക്കിന് രോഗികൾ നിത്യേന എത്തുന്ന പ്രസ്തുത ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിലെ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനായി 25-5-2018 A1/234/2018 കത്ത് പ്രകാരം ആവശ്യപ്പെട്ട പുതുക്കിയ പ്രൊപ്പോസൽ 10-6-2019-ലെ കത്ത് പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട് ആയത് പരിശോധിച്ചുവരുന്നു.

**ആയുർവേദ മരുന്ന് പരിശോധന**

271 (2143) <u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകൾ പരിശോധിച്ച് ലൈസൻസ് നൽകുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടിമൂലം ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിപണിയിൽ എത്തുവാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മരുന്നുകളുടെ പരിശോധന കർശനമാക്കുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) അവ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി&ഡി) ആയുർവേദ സിദ്ധ യുനാനി മരുന്നുകളുടെയും അവയിൽ ചേർക്കുന്ന അസംസ്കൃത വസ്തുക്കളുടെയും പരിശോധന കർക്കശമാക്കുന്നതിനുവേണ്ടി കേന്ദ്ര ആയുഷ് വകുപ്പ് കാലാകാലങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകാറുണ്ട്. ഇവ കൃത്യമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത ഔഷധങ്ങൾക്ക് ആയുർവേദിക് ഫോർമുലറി ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന പരിശോധനകൾ എല്ലാംതന്നെ നടത്തുന്നതിന് തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും മതിയായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**ഗാർഹിക പീഡനങ്ങളുടെയും ആത്മഹത്യകളുടെയും നിരക്ക്**

272 (2144) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതയിൽ മാത്രമല്ല ഗാർഹിക പീഡനത്തിലും ആത്മഹത്യയിലും ഇന്ത്യയിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറി എന്നത് വസ്തുതയല്ലേ;

(ബി) കേരളത്തിൽ ഇത്രമാത്രം ആത്മഹത്യകൾ നടക്കുന്നതിന്റെ കാരണത്തെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ സാമൂഹ്യനീതി വകുപ്പോ വനിതാ വികസന വകുപ്പോ ഇക്കാര്യത്തെക്കുറിച്ച് പഠിച്ച് പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സെൻസസ് 2011 പ്രകാരം കേരളത്തിൽ ആത്മഹത്യാ നിരക്ക് ഒരു ലക്ഷത്തിന് 25.3-ഉം ഇന്ത്യയിൽ 11.2-ഉം ആണ്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്ക് അനുസരിച്ച് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നുണ്ട്.

(ബി) വകുപ്പ് പഠനം നടത്തിയിട്ടില്ല.

(സി) 'ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005' നടപ്പിലാക്കുന്നതിന് 14 ജില്ലകളിലും വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയായവർക്ക് സൗജന്യ കൗൺസിലിംഗ്, സൗജന്യ നിയമ സഹായം, ആവശ്യ ഘട്ടങ്ങളിൽ വൈദ്യസഹായം, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സഹായം, വൊക്കേഷണൽ ട്രെയിനിംഗ് എന്നിവ സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ വഴി നൽകുന്നു. ഗാർഹിക പീഡനത്തിന് ഇരയായവർക്ക് അഭയം നൽകുന്നതിന് 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിന് അവബോധ പരിപാടികൾ വിമൺ പ്രൊട്ടക്ഷൻ ഓഫീസർമാർ വഴി ജില്ലകളിൽ നടപ്പിലാക്കുന്നു.

ഗാർഹിക പീഡനം, സ്ത്രീധന പ്രശ്നം എന്നിവമൂലം നടക്കുന്ന ആത്മഹത്യകളെക്കുറിച്ച് പഠിച്ച് പദ്ധതികൾ വനിത-ശിശു വികസന വകുപ്പ് വഴി ആവിഷ്കരിക്കാവുന്നതാണ്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി സ്ത്രീധന നിരോധനത്തിനായി സ്ത്രീധന നിരോധന മേഖലാ ഓഫീസർമാർ പ്രവർത്തിച്ചുവരുന്നു. സ്ത്രീ ശാക്തീകരണത്തിനായി സ്ത്രീധനം, ഗാർഹിക പീഡനം, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവയ്ക്കെതിരെ വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ 'സധൈര്യം മുന്നോട്ട് ' ക്യാമ്പയിൻ നടന്നുവരുന്നു. സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകി കേന്ദ്ര സർക്കാർ പദ്ധതിയായ "മഹിളാ ശക്തി കേന്ദ്ര" എന്ന പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും ജാഗ്രതാ സമിതികൾ ശാക്തീകരിക്കുന്നതിനായുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി വനിതകളിലെ ആത്മഹത്യാ പ്രവണത നിയന്ത്രിക്കാൻ കഴിയുന്നതാണ്.

## വയോജനങ്ങളുടെ കണക്കെടുപ്പ്

273 (2145) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമാണ്; വയോജനങ്ങളുടെ എണ്ണം സ്ത്രീയും പുരുഷനും എന്ന രീതിയിൽ തരംതിരിച്ച് ലഭ്യമാക്കുമോ ;വിശദമാക്കാമോ;

(ബി) വയോജന ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഒറ്റയ്ക്ക് വീടുകളിൽ താമസിക്കുന്ന വയോജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനും അവർക്ക് ആരോഗ്യപരിരക്ഷ നൽകാനും എന്തൊക്കെ പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ കണക്കെടുപ്പ് പ്രത്യേകമായി നടപ്പിലാക്കിയിട്ടില്ല. 2011-ലെ പൊതുജനസംഖ്യാ കണക്കെടുപ്പ് പ്രകാരം ആകെ സംസ്ഥാന ജനസംഖ്യയുടെ 12.83 ശതമാനമാണ് വയോജനങ്ങളുടെ സംഖ്യ എന്ന് കണക്കാക്കിയിട്ടുണ്ട്. വയോജനങ്ങളുടെ എണ്ണം സ്ത്രീയും പുരുഷനും എന്ന രീതിയിൽ കണക്കാക്കിയിട്ടില്ല.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഒറ്റയ്ക്ക് വീടുകളിൽ താമസിക്കുന്ന വയോജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് 11-3-2010-ലെ 16/2010 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.* വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിന്റെ ഭാഗമായി വയോമിത്രം പദ്ധതി വഴി പാലിയേറ്റീവ് കെയർ സേവനം ഉൾപ്പെടെയുള്ള മെഡിക്കൽ സേവനങ്ങൾ നൽകിവരുന്നുണ്ട്.

**വൃദ്ധസദനങ്ങൾ**

274 (2146) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള വൃദ്ധസദനങ്ങളുടെ എണ്ണം വിശദമാക്കാമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഇവയുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(സി) വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം ജില്ലതിരിച്ച് നൽകാമോ;

(ഡി) വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)

| | |
|---|---|
| സർക്കാർ വൃദ്ധസദനങ്ങൾ | 16 |
| ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നവ | 597 |
| ആകെ | 613 |

(ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി)

| ക്രമ നമ്പർ | ജില്ല | അന്തേവാസികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1152 |
| 2 | കൊല്ലം | 1185 |
| 3 | പത്തനംതിട്ട | 687 |
| 4 | ആലപ്പുഴ | 795 |
| 5 | കോട്ടയം | 2686 |
| 6 | എറണാകുളം | 3266 |
| 7 | തൃശ്ശൂർ | 2673 |
| 8 | മലപ്പുറം | 238 |
| 9 | കോഴിക്കോട് | 789 |
| 10 | കണ്ണൂർ | 1438 |
| 11 | ഇടുക്കി | 863 |
| 12 | പാലക്കാട് | 1102 |
| 13 | വയനാട് | 440 |
| 14 | കാസർഗോഡ് | 479 |

(ഡി) സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ :

- മ്യൂസിക് തെറാപ്പി
- മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി.
- അന്തേവാസികളുടെ ആയുർവേദ ചികിത്സക്കായിട്ടുള്ള വയോ അമൃതം പദ്ധതി
- വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവ്വം ചെലവഴിക്കുന്നതിനും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും ആരംഭിച്ചിട്ടുള്ള Participatory Egger Nursery Programme
- അന്തേവാസികളുടെ ശാരീരിക മാനസികാരോഗ്യത്തിനായി നടപ്പാക്കുന്ന യോഗാ തെറാപ്പി
- സംസ്ഥാനത്തെ വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സെക്കന്റ് ഇന്നിംഗ്സ് പ്രോജക്ട്
- ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന Psychosocial Care in Elderly Persons in Old Age Homes.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

- ഗ്രാന്റിന് അർഹതയുള്ള ക്ഷേമസ്ഥാപനങ്ങളിൽ വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി ഒരു അന്തേവാസിക്ക് പ്രതിമാസം 1100 രൂപ നിരക്കിൽ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നു.
- ക്ഷേമസ്ഥാപനങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അരിയും ഗോതമ്പും നൽകുന്നു.
- ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് കൗൺസിലിംഗ് നൽകുന്നതിനായി കരാർ വ്യവസ്ഥയിൽ 40 കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്.

## സ്കൂൾ കൗൺസലർമാർക്ക് അനുവദനീയമായ അവധി

275 (2147) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസലർമാർക്ക് നിലവിൽ ഏതെല്ലാം അവധികൾ അനുവദിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് 7-8-2017-ലെ നക്ഷത്രചിഹ്നമിടാത്ത 201-ാം നമ്പർ നിയമസഭാ ചോദ്യത്തിന്റെ മറുപടിക്ക് വിരുദ്ധമായി 15-5-2018 ന് വനിത ശിശു വികസന ഡയറക്ടർ ICDS-A6/7422/18-ാം നമ്പർ കത്ത് നൽകിയതിനുള്ള കാരണം അറിയിക്കുമോ;

(സി) ഇവർക്ക് അർഹമായ ആരോഗ്യപരമായ കാരണങ്ങളാലുള്ള 45 ദിവസം വരെയുള്ള ശമ്പള രഹിത അവധി ചില ജില്ലാ ഓഫീസർമാരെങ്കിലും നിഷേധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) ഇത്തരത്തിലുള്ള സമീപനം സ്വീകരിച്ച ഉദ്യോഗസ്ഥരുടെ പേരിൽ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസലർമാർക്ക് 15 ദിവസം വരെ അവധി അനുവദിക്കുന്നു. കൂടാതെ പ്രസവാവധി 179 ദിവസംവരെ അനുവദിക്കുന്നു.

(ബി) പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസർ സൈക്കോ സോഷ്യൽ കൗൺസലർമാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എത്രകാലം ശമ്പളരഹിത അവധി അനുവദിക്കാമെന്നുള്ള കാര്യത്തിൽ വ്യക്തത നൽകണമെന്ന് വനിത-ശിശു വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. സൈക്കോ സോഷ്യൽ കൗൺസലർമാർക്കായി നിലവിലുള്ള സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളുമനുസരിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവധി അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ഇതിനാലാണ് സ്കൂൾ കൗൺസലർമാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശമ്പളരഹിത അവധി അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ലെന്ന് 15-5-18-ലെ ICDS/A6-7422/2018 നമ്പർ കത്ത് നൽകിയത്.

(സി) ഉണ്ട്. സൈക്കോ സോഷ്യൽ പദ്ധതിക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ സ്കൂൾ കൗൺസലർമാർക്ക് ആരോഗ്യപരമായ കാരണങ്ങളാലുള്ള 45 ദിവസം വരെയുള്ള ശമ്പളരഹിത അവധി അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നുമില്ല. ഇതിനാൽ GHSS തോലന്നൂർ സ്കൂൾ കൗൺസലർ ശ്രീമതി ഗ്രീഷ്മ കലാധരൻ 30-4-2019-ന് നൽകിയ അപേക്ഷയിൽ പാലക്കാട് ജില്ലാ സാമൂഹ്യ നീതി ഓഫീസർ ടിയാളുടെ അപേക്ഷ, മാനുഷിക പരിഗണനയ്ക്കായി അപേക്ഷക നേരിട്ട് വനിത-ശിശുവികസന ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് നിരസിക്കുകയുണ്ടായി. തുടർന്ന് ശ്രീമതി ഗ്രീഷ്മ വനിത-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകി 25-5-2019-ലെ ICDS/A6-15941/189 കത്തിലൂടെ ടിയാൾക്ക് ഒരു മാസത്തെ ശൂന്യവേതന അവധി അനുവദിക്കുന്നതിന് പാലക്കാട് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

**ആശ്വാസകിരണം പദ്ധതി**

276 (2148) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഗുണഭോക്താക്കൾക്ക് ഇപ്പോൾ ആനുകൂല്യം നൽകിവരുന്നുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി)തീർപ്പാക്കാത്ത അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഓൺ ലൈൻ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) 113717 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിവരുന്നു.

(ബി&സി) 2011 മുതൽ 2016 മാർച്ച് വരെ കെട്ടിക്കിടന്ന 23804 അപേക്ഷകളടക്കം 2017 മാർച്ച് വരെ ലഭിച്ച 90251 പേർക്കും 2017-2018 കാലയളവിൽ 102952 പേർക്കും 2018-2019 കാലയളവിൽ 1,20,301 പേർക്കും ധനസഹായം നൽകി. ടി ഗുണഭോക്താക്കളിൽ 6584 പേർ മരണപ്പെടുകയും ചെയ്തതിനാൽ ബാക്കിയുള്ള 113717 പേർക്ക് 2018 ജൂലൈ വരെയുള്ള

ധനസഹായം നൽകിയിട്ടുണ്ട്. 2018 ആഗസ്റ്റ് മുതലുള്ള അപേക്ഷകൾ കുടുംബശ്രീയിൽ ഡാറ്റാ എൻട്രിക്ക് നൽകിയിട്ടുണ്ട്. ഇവയിൽ അർഹതയുള്ള ഏകദേശം 17000-ത്തോളം അപേക്ഷകളുണ്ട്. ഇവ ഓൺലൈനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. നിലവിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 113717 ഗുണഭോക്താക്കളിൽ 80500 പേരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ആധാർ വിവരങ്ങൾ എന്നിവ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ വിവരങ്ങൾ ഓൺലൈനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സാമൂഹ്യനീതി വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

277 (2149) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പ് 2018-19 വർഷം പ്ലാൻ ഫണ്ടിൽ നിന്ന് എന്തൊക്കെ വികസനപ്രവർത്തനങ്ങൾക്കാണ് തുക വകയിരുത്തിയിട്ടുള്ളതെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുകയും മറ്റ് വിവരങ്ങളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

സാമൂഹ്യനീതി വകുപ്പ് 2018-19 വർഷം പ്ലാൻ ഫണ്ടിൽ നിന്ന് വികസനപ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുകയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## അങ്കണവാടികളിലെ ഹെൽപ്പർ, വർക്കർ നിയമനം

278 (2150) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്.-ന് കീഴിൽ കേരളത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ഹെൽപ്പർ, വർക്കർ എന്നീ തസ്തികകളിലെ നിയമനത്തിന് നിലവിലുള്ള വ്യവസ്ഥകളും രീതിയും എങ്ങനെയാണ്;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവരുടെ പ്രൊമോഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ എന്താണ്;

(സി) ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ട്രാൻസ്ഫറിന് അർഹതയുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) ഓണറേറിയം ജീവനക്കാരായ അങ്കണവാടി ജീവനക്കാരുടെ നിയമനത്തിന് പ്രത്യേക ചട്ടങ്ങൾ നിലവിലില്ല. കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും ബഹുമാനപ്പെട്ട ഹൈക്കോടതിയും മറ്റ് കോടതികളും പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായാണ് അങ്കണവാടി ജീവനക്കാരുടെ നിയമനങ്ങൾ നടത്തുന്നത്. നിലവിൽ 30-4-2018-ലെ സ.ഉ.(സാധാ) നമ്പർ 254/2018/സാ.നീ.വ., ഉത്തരവിന് വിധേയമായിട്ടാണ് നിയമന നടപടികൾ സ്വീകരിക്കുന്നത്. (അനുബന്ധമായി ചേർത്തിട്ടുണ്ട്)*

(ബി) എസ്.എസ്.എൽ.സി. പാസ്സായതും പത്ത് വർഷം അങ്കണവാടി ഹെൽപ്പർ തസ്തികയിൽ സേവനം അനുഷ്ഠിച്ചതുമായ അങ്കണവാടി ഹെൽപ്പർമാർക്ക്, 25% വർക്കർ തസ്തികയിൽ ഒരു പ്രോജക്ടിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ഉണ്ടാകുന്ന ഓരോ നാലാമത്തെ ഒഴിവിലേയ്ക്കും പ്രൊമോഷൻ നൽകുന്നുണ്ട്. പത്ത് വർഷം അങ്കണവാടി വർക്കർ തസ്തികയിൽ സേവന പരിചയമുള്ള അങ്കണവാടി വർക്കർമാർക്കും പത്ത് വർഷം സേവന പരിചയവും ഡിഗ്രി വിദ്യാഭ്യാസ യോഗ്യതയുമുള്ള അങ്കണവാടി വർക്കർമാർക്കും സൂപ്പർ വൈസർ തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നൽകുന്നുണ്ട്.

(സി) ഉണ്ട്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 5-1-2004-ലെ ഐ.സി.ഡി.എസ്./എ 5/29140/03 നമ്പർ പരിപത്രം പ്രകാരം, അങ്കണവാടി വർക്കർ/ഹെൽപ്പർ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

### വനിത-ശിശുക്ഷേമ വകുപ്പിന്റെ ശാക്തീകരണം

279 (2151) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിത-ശിശുക്ഷേമ വകുപ്പ് രൂപീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിന്റെ അധികാര ശ്രേണി, ജില്ലാതലത്തിലും താലൂക്ക് തലത്തിലുമുള്ള ഘടന എന്നിവ എങ്ങനെയെന്ന് വ്യക്തമാക്കാമോ;

(സി) ബ്ലോക്ക് തലത്തിൽ ഓഫീസുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 30-6-2017-ലെ സ.ഉ.(കൈ) നമ്പർ 24/17/സാ.നീ.വ. നമ്പർ ഉത്തരവു പ്രകാരമാണ് സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായി വനിത-ശിശുവികസന വകുപ്പ് രൂപീകരിച്ചത്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) വകുപ്പ് അദ്ധ്യക്ഷൻ ഡയറക്ടർ, ജില്ലാതലത്തിൽ 14 ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ, 14 ജില്ലാ പ്രോഗ്രാം ഓഫീസർമാർ, 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാർ, ബ്ലോക്ക് തലത്തിൽ 258 ശിശു വികസന പദ്ധതി ഓഫീസർമാർ കൂടാതെ വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായുള്ള സ്ഥാപനങ്ങൾ എന്നിവയും ഉൾക്കൊള്ളുന്നു.

(സി) ബ്ലോക്ക് തലത്തിൽ നിലവിൽ 258 ശിശു വികസന പദ്ധതി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ തസ്തികകൾ ആവശ്യമുള്ള പക്ഷം ആയതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

**കുടുംബ സർവ്വേ**

280 (2152) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സാമൂഹ്യനീതി വകുപ്പ് നടത്തിയ കുടുംബ സർവ്വേ പ്രകാരം എത്ര കുടുംബങ്ങളിലെ കുട്ടികളാണ് സ്വന്തം വീടുകളിൽ പോലും സുരക്ഷിതരല്ല എന്ന് കണ്ടെത്തിയിട്ടുള്ളത്;

(ബി) എത്ര കുടുംബങ്ങളിലെ കുട്ടികൾക്കാണ് രക്ഷിതാവ് സ്വന്തം അച്ഛനോ അമ്മയോ അല്ല എന്ന് കണ്ടെത്തിയിട്ടുള്ളത്;

(സി) എത്ര കുടുംബങ്ങളിലാണ് രക്ഷിതാക്കളിലാരെങ്കിലും മദ്യപരാണ് എന്ന് കണ്ടെത്തിയിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള കുടുംബങ്ങളിലെ കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുവാൻ സാമൂഹ്യനീതി വകുപ്പ് കാലോചിതമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

ഉത്തരം

(എ) 2018-ലെ കുടുംബ സർവ്വേ പ്രകാരം വിഷമസാഹചര്യത്തിൽ കഴിയുന്ന 12 ലക്ഷത്തോളം കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) അത്തരത്തിലുള്ള വിവരശേഖരണം 2017-18 വർഷത്തിലെ കുടുംബ സർവ്വേയിൽ നടത്തിയിട്ടില്ല.

(സി) മദ്യപാനികളായ മാതാപിതാക്കളുള്ള 94685 കുടുംബങ്ങൾ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്.

(ഡി) സുരക്ഷിതമല്ലാത്ത കുടുംബങ്ങളിലെ കുട്ടികളിൽ ഇന്റർവെൻഷൻ ആവശ്യമായ കേസുകളിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവരെ അറിയിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് അങ്കണവാടി പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓട്ടിസം ബാധിച്ചവരുടെ നൈപുണ്യ വികസനം**

281 (2153) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾ നേരിടുന്ന മാനസിക, സാമ്പത്തിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതി പ്രകാരം നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുട്ടികൾക്കായുള്ള തെറാപ്പി സെന്ററുകൾ നിലവാരം കുറഞ്ഞവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓട്ടിസം ബാധിച്ചവരുടെ നൈപുണ്യ വികസനത്തിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ; അവ എത്രമാത്രം പ്രയോജനപ്രദമാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഓട്ടിസം ബാധിച്ച കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ദ്ധ പരിശീലനം, വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഓട്ടിസം കുട്ടികളുടെ ആശയ വിനിമയ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കലും ലഭ്യമാക്കലും, ഓട്ടിസം കുട്ടികളുടെ നൈപുണ്യ വികസനം തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്.

സ്പെക്ട്രം (SPECTRUM) പദ്ധതിയിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. സംസ്ഥാനത്ത് അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പി നൽകുന്ന കേന്ദ്രങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിനായി പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തെറാപ്പിസ്റ്റുകൾ, സേവനങ്ങൾ തുടങ്ങിയവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഓട്ടിസം ബാധിച്ചവരുടെ നൈപുണ്യ വികസനത്തിനായി NGO സഹകരണത്തോടെ തൊഴിൽ പരിശീലനം, Computer Data Entry പരിശീലനം, തെറാപ്പി സൗകര്യമുൾപ്പെടുത്തിയുള്ള പകൽ പരിപാലനം എന്നിവ നൽകിവരുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യയിലൂടെ പരിശീലനം നൽകുന്ന പദ്ധതി നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓട്ടിസം ബാധിതരുടെ നൈപുണ്യ വികസനത്തിനായി ഇവരുടെ രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള നൈപുണ്യ വികസന പരിപാടി "സ്പെക്ട്രം" പദ്ധതിയിലൂടെ നടപ്പാക്കുന്നതിനുള്ള ആസൂത്രണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓട്ടിസം ബാധിച്ച കുട്ടികളുടെ ആശയവിനിമയക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരുടെ നൈപുണ്യവികസനത്തിനും സഹായകരമായ രീതിയിലാണ് മേൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ കൗൺസലർമാരുടെ വിശദാംശങ്ങൾ

282 (2154) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്കൂൾ കൗൺസലർമാർ പ്രവൃത്തിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവരുടെ വിശദാംശം ജില്ല/ഐ.സി.ഡി.എസ്. എന്നിങ്ങനെ തരംതിരിച്ച് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്കൂൾ കൗൺസലർമാരുടെ വിശദാംശം ആരാഞ്ഞുകൊണ്ട് സെക്രട്ടേറിയറ്റിലെ വകുപ്പിൽ നിന്നും വനിത ശിശുക്ഷേമ ഡയറക്ടറേറ്റിൽ കത്ത് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചതെന്നും ആ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും തീയതി സഹിതം അറിയിക്കുമോ;

(ഇ) ഈ കത്തിന് മറുപടി നൽകുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ കാലതാമസത്തിന് കാരണക്കാരായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) 646

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) സൈക്കോ സോഷ്യൽ പദ്ധതിയുടെ വിശദാംശം ആരാഞ്ഞുകൊണ്ട് സെക്രട്ടേറിയറ്റിലെ സാമൂഹ്യനീതി വകുപ്പിൽ നിന്നും വനിത ശിശു വികസന ഡയറക്ടറേറ്റിലേയ്ക്ക് 2 കത്തുകൾ നൽകിയിട്ടുണ്ട്. ഇവ സംബന്ധിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. 26-7-2018-ലെ സാ.നീ.വ.-ഇ 2/226/2018-സാ.നീ.വ. കത്ത് പ്രകാരം സൈക്കോ സോഷ്യൽ പദ്ധതി സംബന്ധിച്ച ഒരു സ്റ്റാറ്റസ് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. 12-3-19-ലെ സർക്കാർ കത്ത് നമ്പർ സാ.നീ.വ.-ഇ 2/412/2018 സാ.നീ.വ. പ്രകാരം 13-ാം കേരള നിയമസഭയിലെ 11-ാം സമ്മേളനത്തിൽ നൽകിയ ഉറപ്പ് നമ്പർ 92-ന് മറുപടി നൽകുന്നതിന് പദ്ധതി നടപ്പാക്കുന്ന സർക്കാർ സ്കൂൾ, എയ്ഡഡ് സ്കൂൾ എന്നിവയുടെ എണ്ണം, അവിടങ്ങളിൽ പ്രവർത്തിക്കുന്ന കൗൺസലർമാരുടെ എണ്ണം എന്നിവ നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്ത് വനിത-ശിശുവികസന വകുപ്പ് ഡയറക്ടർക്ക് 16-3-2019-ന് ലഭിച്ചു.

ഓരോ ജില്ലയിൽ നിന്നും സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നൽകേണ്ടതിനാൽ എല്ലാ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ആയത് ശേഖരിച്ചുവരുന്നു.

(ഇ) ജില്ലാതല പ്രോഗ്രാം ഓഫീസുകളിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്. മുഴുവൻ ജില്ലകളിൽ നിന്നും വിവരങ്ങൾ ലഭ്യമായിട്ടില്ല.

(എഫ്) ഇല്ല.

**അമ്മമാർ ഉപേക്ഷിച്ച കുഞ്ഞുങ്ങൾ**

283 (2155) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്താനാകാത്ത സാഹചര്യംമൂലം സംസ്ഥാനത്ത് 2015 മുതൽ 2018 വരെ അമ്മമാർ ഉപേക്ഷിച്ച കുഞ്ഞുങ്ങളുടെ എണ്ണം എത്ര;

(ബി) പ്രസ്തുത കാലയളവിൽ ശിശുക്ഷേമ സമിതികളിൽ സ്ഥാപിച്ചിട്ടുള്ള അമ്മത്തൊട്ടിലിൽ നിന്ന് എത്ര കുഞ്ഞുങ്ങളെ ലഭിച്ചു;

(സി) നിലവിൽ എത്ര ദമ്പതികളാണ് ദത്തെടുക്കാൻ അപേക്ഷ നൽകി കാത്തിരിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 187. (ആൺകുട്ടികൾ-95, പെൺകുട്ടികൾ-92)

(ബി) 77 കുട്ടികളെ അമ്മത്തൊട്ടിലിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

(സി) 1200 ദമ്പതികൾ

## ചിൽഡ്രൻസ് ഹോമും ഒബ്സർവേഷൻ ഹോമും പ്രവർത്തിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ

284 (2156) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം എന്നിവയുടെ പ്രവർത്തനം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധൂകരിക്കുന്ന വിധത്തിൽ കാര്യക്ഷമമായിട്ടാണോ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റവാസനയുള്ള കുട്ടികളെ പാർപ്പിച്ചിരിക്കുന്ന ഒബ്സർവേഷൻ ഹോമും ചിൽഡ്രൻസ് ഹോമും ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നതുമൂലം കുട്ടികളുടെ സഹവാസംമൂലം ചിൽഡ്രൻസ് ഹോമിലെ കുട്ടികളിലും കുറ്റവാസന ഉണ്ടാകുന്നതിനുള്ള സാധ്യതയെക്കുറിച്ച് നിരീക്ഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഒബ്സർവേഷൻ ഹോമിലെ കുട്ടികളെ നിശ്ചിത കാലാവധിക്കുശേഷം വീട്ടുകാർ തിരിച്ച് കൊണ്ടുപോകാത്തതുമൂലം ചിൽഡ്രൻസ് ഹോമിൽ താമസിപ്പിക്കേണ്ടതായി വരുന്ന സാഹചര്യം നിലവിലുണ്ടോ; ഇപ്രകാരം താമസിപ്പിച്ചതുമൂലം അനിഷ്ടസംഭവങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ചിൽഡ്രൻസ് ഹോമും ഒബ്സർവേഷൻ ഹോമും ഫലപ്രദമായി പ്രവർത്തിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) വനിത-ശിശുവികസന വകുപ്പിന് കീഴിൽ 15 ചിൽഡ്രൻസ് ഹോമുകളും 9 ഒബ്സർവേഷൻ ഹോമുകളും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഈ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് മെയിന്റനൻസ് ഗ്രാന്റായി ഒരു കുട്ടിക്ക് പ്രതിമാസം 2,000 രൂപ നിരക്കിൽ നൽകിവരുന്നു. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി എഡ്യുക്കേറ്റർ, ട്യൂഷൻ ടീച്ചർ, കലാ-കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് അദ്ധ്യാപകർ, കുട്ടികളുടെ മാനസിക നിലവാരം മെച്ചപ്പെടുത്തുന്നതിന് കൗൺസലർ, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ലൈബ്രറി, സ്റ്റഡി റൂം, റിക്രിയേഷൻ റൂം, സിക്ക് റൂം സൗകര്യങ്ങൾ എന്നിവയും മാനസികോല്ലാസത്തിനായി ലഘു ഉല്ലാസയാത്ര, വാർഷിക വിനോദയാത്ര എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

ഒബ്സർവേഷൻ ഹോമുകളിലെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി കൗൺസലർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനവും നൽകിവരുന്നു. കൂടാതെ സ്ഥാപനത്തിലെ കുട്ടികൾക്ക് വിവിധ തൊഴിലധിഷ്ഠിത മേഖലകളിൽ പരിശീലനവും നൽകിവരുന്നു.

(ബി) നിലവിൽ ഒരു ജില്ലയിലും ചിൽഡ്രൻസ് ഹോമും, ഒബ്സർവേഷൻ ഹോമും ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നില്ല.

(സി) ഒബ്സർവേഷൻ ഹോമിലെ കുട്ടികളെ നിശ്ചിത കാലാവധിക്കുശേഷം വീട്ടുകാർ തിരിച്ച് കൊണ്ടുപോകാത്തതുമൂലം ചിൽഡ്രൻസ് ഹോമിൽ താമസിപ്പിക്കേണ്ടതായി വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. എന്നാൽ ഇതുകാരണം അനിഷ്ടസംഭവങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല.

(ഡി) വനിത-ശിശുവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജെ.ജെ. സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപന സൂപ്രണ്ടുമാർ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് ഐ.സി.പി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ തുക അനുവദിച്ചുവരുന്നു.

ജീവനക്കാർ കുറവുള്ള ജെ.ജെ. സ്ഥാപനങ്ങളിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഐ.സി.പി.എസ്. ഗൈഡ് ലൈൻ പ്രകാരം എല്ലാ ജെ.ജെ. സ്ഥാപനങ്ങളിലും കൗൺസലർമാരെ നിയോഗിച്ചിട്ടുണ്ട്. കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി പാർട്ട് ടൈം എഡ്യുക്കേറ്റർ, ട്യൂഷൻ ടീച്ചർമാർ എന്നിവരെയും കലാ-കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിന് ഇൻസ്ട്രക്ടർമാരെയും നിയോഗിച്ചിട്ടുണ്ട്.

## കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് പദ്ധതി

285 (2157) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് വനിത-ശിശു വികസന വകുപ്പ് പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

ഉണ്ട്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുട്ടികളുടെ സംരക്ഷണം, ഉത്തരവാദിത്വ രക്ഷകർത്തൃത്വം എന്നീ കാര്യങ്ങളിൽ മാതാപിതാക്കളെ ബോധവൽക്കരിക്കുന്നതിനും കുട്ടികളുടെ അവകാശ സംരക്ഷണത്തിന്റെ പ്രാധാന്യം ഉറപ്പാക്കുന്നതിനുമായി വനിത-ശിശു വികസന വകുപ്പ് മറ്റ് വകുപ്പുകൾ, സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതു സമൂഹം എന്നിവരെ ഉൾപ്പെടുത്തി 'കരുതൽ സ്പർശം-കൈകോർക്കാം കുട്ടികൾക്കായി' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഈ പദ്ധതി 2019 ജൂൺ 1 മുതൽ 2019 നവംബർ പതിനാല് വരെ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## സ്കൂൾ കൗൺസലർമാർ

286 (2158) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ ജീവനക്കാരായി പ്രവർത്തിച്ചുവരുന്ന സ്കൂൾ കൗൺസലർമാരെ അർഹമായ കാറ്റഗറിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും നിവേദനം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ഫയൽനമ്പർ സഹിതം അറിയിക്കുമോ;

(സി) ഇതിൻമേൽ സ്വീകരിച്ച നടപടികൾ തീയതി സഹിതം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സ്കൂൾ കൗൺസലർമാരെ 26-2-2016-ലെ ജി.ഒ.(പി)നമ്പർ 28/2016/ധന ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സാ.നീ.വ.-ഇ 2/356/2018/സാ.നീ.വ. എന്ന ഫയലിൽ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത നിവേദനത്തിന്മേൽ 12-11-2018-ൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിവരങ്ങളിന്മേൽ 20-12-2018 തീയതിയിൽ വനിത -ശിശുവികസന വകുപ്പ് ഡയറക്ടർ മറുപടി നൽകിയിരുന്നു. എന്നാൽ പ്രസ്തുത മറുപടിയിൽ സർക്കാർ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെട്ടിരുന്നില്ല. തുടർന്ന് ഇക്കാര്യത്തിൽ വിശദമായ മറുപടി നൽകുവാൻ വനിത-ശിശു വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭിച്ചാൽ ഉടൻതന്നെ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആശ്രിത നിയമനം**

287 (2159) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംഗൻവാടി വർക്കർ സേവനകാലത്ത് മരണപ്പെട്ടാൽ ആശ്രിത നിയമനത്തിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഉണ്ട്. 19-6-1996-ലെ സ.ഉ (സാധാ) നമ്പർ119/1996/സാ.ക്ഷേ.വ. പ്രകാരം അംഗൻവാടി ജീവനക്കാർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24-10-2005 തീയതിയിലെ സ.ഉ(സാധാ) നമ്പർ546/2005/സാ.ക്ഷേ.വ. അനുസരിച്ചും 11-6-2008 തീയതിയിലെ സ.ഉ(കൈ) നമ്പർ36/2008/സാ.ക്ഷേ.വ. അനുസരിച്ചും ഭേദഗതി ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അങ്കണവാടി വർക്കർമാർക്ക് യൂണിഫോം**

288 (2160) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാർക്ക് യൂണിഫോം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) മത നിഷ്കർഷ പ്രകാരം വസ്ത്രധാരണം നടത്തുന്നവർക്ക് യൂണിഫോം ധരിക്കുന്നതിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അങ്കണവാടി വർക്കർമാർക്ക് യൂണിഫോം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല. ഇളവ് അനുവദിക്കണമെന്ന് ആവശ്യം നിലവിൽ പരിഗണനയിലില്ല.

**അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർ എന്നിവരുടെ വേതനം**

289 (T* 2161) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർ എന്നിവർക്ക് നൽകുന്ന വേതനം എത്രയാണെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ എത്ര ശതമാനമാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അങ്കണവാടി വർക്കർക്ക് 11,500 രൂപയും മിനി അങ്കണവാടി വർക്കർക്ക് 10,500 രൂപയും ഹെൽപ്പർക്ക് 7,750 രൂപയുമാണ് ഓണറേറിയമായി അനുവദിച്ചുനൽകുന്നത്.

(ബി) ഇതിൽ കേന്ദ്ര വിഹിതമായി വർക്കർക്ക് 23.48% (2,700 രൂപ) മിനി അംഗൻവാടി വർക്കർക്ക് 20% (2,100 രൂപ) ഹെൽപ്പർക്ക് 17.42% (1,350 രൂപ) എന്നീ നിരക്കിൽ ലഭിക്കുന്നു.

**ഇരവിപുരം മണ്ഡലത്തിലെ മാതൃകാ അങ്കണവാടികൾ**

290 (2162) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളെ ആധുനീകരിക്കുന്നതിന്റെ ഭാഗമായി മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് ഇരവിപുരം നിയോജക മണ്ഡലത്തിൽ നിന്നും ഏതെങ്കിലും അങ്കണവാടികളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കാമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇപ്രകാരം തെരഞ്ഞെടുത്ത അങ്കണവാടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്രകാരം തെരഞ്ഞെടുക്കുന്ന അങ്കണവാടികൾക്ക് ക്ലാസ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകൾക്കുള്ള പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയ്‌ലെറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലെറ്റ്, വാഷ് ഏരിയ, കുടിവെള്ളം, ചുറ്റുമതിൽ എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## സ്പെഷ്യൽ സ്കൂളുകൾക്ക് ആശ്വാസ പാക്കേജ്

291 (2163) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂൾ ഉൾപ്പെടെയുള്ള സ്പെഷ്യൽ സ്കൂളുകൾക്കായി സമഗ്രമായ ആശ്വാസ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകൾക്കായി ഒരു സമഗ്ര പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ൽ ചേർന്ന യോഗത്തിൽ ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി, ധന വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടി ആവശ്യമായ മാർഗ്ഗരേഖ തയ്യറാക്കേണ്ടതാണെന്നും ടി മാർഗ്ഗരേഖ ബന്ധപ്പെട്ട മന്ത്രിമാരുടെ അംഗീകാരത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി.

പാക്കേജിനോടനുബന്ധിച്ച് മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ടി വിഷയം ചർച്ച ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി, ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, സാമൂഹ്യനീതി, ധന വകുപ്പ് സെക്രട്ടറിമാരുടെ യോഗം 17-6-2019-ന് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## കുട്ടികൾക്ക് അംഗവൈകല്യം

292 (2164) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നൊട്ടൻമല പ്രദേശത്തെ ഒരു കിലോമീറ്റർ ചുറ്റളവിലെ പല വീടുകളിലെ കുട്ടികൾക്കും അംഗവൈകല്യം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇത് പരിഹരിക്കാൻ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഇതിന്റെ കാരണം കണ്ടെത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) തുടർന്നും ഈ പ്രദേശത്ത് ഇത്തരത്തിൽ സംഭവിക്കാതിരിക്കാൻ സ്വീകരിച്ച ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള പദ്ധതികൾ

293 (2165) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണത്തിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യനീതി വകുപ്പിന് കീഴിൽ പരിശീലനം നൽകിവരുന്നുണ്ടോ;

(സി) ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള പരിശീലനത്തിന് സർക്കാർ/ സർക്കാരിതര സംഘടനകൾ/ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഉത്തരം

(എ) പൊതുവിദ്യാലയങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കായുള്ള ധനസഹായ പദ്ധതിയായ വിദ്യാജ്യോതി, ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോഴ്സുകൾക്കുവരെ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് എന്നീ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

(ബി) ഉണ്ട്.

(സി) കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം (CDMRP) എന്ന പ്രോജക്ടിന്റെ ഭാഗമായി മാനസിക വൈകല്യം, സെറിബ്രൽ പാൾസി, ഓട്ടിസം, പഠന വൈകല്യം, ADHD (Attention Deficit Hyper Activity Disorder), ബഹുവിധ വൈകല്യം എന്നിവ ബാധിച്ചവരുടെ രക്ഷിതാക്കൾക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം 2019-20 സാമ്പത്തിക വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന NIMHANS മുഖേന നടപ്പിലാക്കുന്ന ഭിന്നശേഷിക്കാരുടെ സാമൂഹ്യാധിഷ്ഠിത സഹവാസം എന്ന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകിവരുന്നു. ഇതേ രീതിയിൽ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും ബഡ്സ് സ്കൂൾ ടീച്ചേഴ്സിനും പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആലോചനയിലുണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രത്യേകിച്ചും മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നതിനായി "പേരന്റൽ എംപവർമെന്റ് പ്രോഗ്രാം" എന്ന പേരിൽ ഒരു പരിശീലന പരിപാടി കേരള സാമൂഹ്യ സുരക്ഷാമിഷൻ ആരംഭിച്ചിട്ടുണ്ട്. ഈ പരിപാടി പൈലറ്റായി ഇപ്പോൾ മലപ്പുറം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

സംസ്ഥാനമൊട്ടാകെയുള്ള സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് 2016-ലെ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ നിയമത്തെക്കുറിച്ചും വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ഒരു പൊതു ബോധവൽക്കരണം നടത്തിവരുന്നു. അതിനുപുറമേ ഘട്ടം ഘട്ടമായി 'അമ്മ-കെയർ' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ഈ വർഷം,

ഗർഭിണികളായ അമ്മമാർക്ക് വൈകല്യം എങ്ങനെ തടയാം, നേരത്തെ എങ്ങനെ കണ്ടുപിടിക്കാം എന്ന കാഴ്ചപ്പാടിൽ ഒരു പദ്ധതിക്കും, രക്ഷിതാക്കൾക്ക് ഇത്തരം വൈകല്യമുള്ള കുട്ടികളുടെ പരിചരണം, കഴിവുകൾ കണ്ടെത്തൽ, പരിപോഷിപ്പിക്കൽ എന്നീ ലക്ഷ്യത്തോടുകൂടി 'അമ്മ-ടീച്ചർ' പദ്ധതിയും അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് മുഖേന നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

**ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനങ്ങൾ**

294 (2166) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ഭിന്നശേഷിക്കാർക്കായി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തരം മുച്ചക്രവാഹനങ്ങളും മറ്റ് ഉപകരണങ്ങളും എത്രപേർക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിന് അനുവദിച്ച തുകയും നിയമസഭാമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തരം സംസ്ഥാനത്തൊട്ടാകെ 883 പേർക്ക് മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വീൽചെയർ, ട്രൈ സൈക്കിൾ, ക്രച്ചസ്, വാക്കർ, വാക്കിംഗ് സ്റ്റിക്ക്, എയർബെഡ്, വാട്ടർബെഡ്, കൃത്രിമ കൈകാലുകൾ, ശ്രവണ സഹായി, ലാപ്പ്ടോപ്പ് വിത്ത് ടോക്കിംഗ് സോഫ്റ്റ് വെയർ മുതലായ 96 ഇനം സഹായ ഉപകരണങ്ങൾ 8077 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. മുച്ചക്രവാഹനങ്ങളും മറ്റുപകരണങ്ങളും വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ച 1354.45 ലക്ഷം രൂപയിൽ 290.08 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കോർപ്പറേഷൻ സംസ്ഥാനാടിസ്ഥാനത്തിലാണ് മുച്ചക്രവാഹനത്തിനും ഉപകരണങ്ങൾക്കും അപേക്ഷകൾ സ്വീകരിക്കുന്നത്. അതിനാൽ തന്നെ നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**വയോജനക്ഷേമ പദ്ധതികൾ**

295 (2167) <u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u>
<u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വയോജനങ്ങളുടെ അനുപാതം വർദ്ധിക്കുകയും അതേ സമയം അവരെ സംരക്ഷിക്കേണ്ടവർ അതിന് തയ്യാറാകാതിരിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വയോജന സംരക്ഷണത്തിനും ക്ഷേമത്തിനും ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സർക്കാർ മേഖലയിൽ വയോജന സംരക്ഷണകേന്ദ്രങ്ങൾ വേണ്ടത്രയുണ്ടോ; സ്വകാര്യമേഖലയിൽ പ്രതിഫലം വാങ്ങിയും അല്ലാതെയും നടത്തുന്ന വയോജന സംരക്ഷണ കേന്ദ്രങ്ങൾ മെച്ചപ്പെട്ട സേവനം നൽകുന്നുവെന്ന് ഉറപ്പാക്കാൻ നിരീക്ഷണ സംവിധാനം നിലവിലുണ്ടോ;

(സി) സാമ്പത്തികമായി തീർത്തും ദുർബ്ബലാവസ്ഥയിലുള്ള വയോജനങ്ങൾക്ക് ചികിത്സയ്ക്കും ആരോഗ്യപരിപാലനത്തിനും സൗജന്യസഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമപ്രകാരമുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം മുതിർന്നവരുടെ ക്ഷേമ സുരക്ഷിതത്വത്തിന് അതത് മേഖലകളിലെ പോലീസ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നുണ്ട്. ഓരോ പോലീസ് സ്റ്റേഷനിലും തങ്ങളുടെ പരിധിയിലെ മുതിർന്ന പൗരന്മാരുടെ പ്രത്യേകിച്ച് ഒറ്റയ്ക്ക് താമസിക്കുന്നവരുടെ പട്ടിക സൂക്ഷിക്കുന്നതിനും മാസത്തിലൊരിക്കൽ ഇവരെ സന്ദർശിക്കുന്നതിനും ആവശ്യമെങ്കിൽ സഹായം അഭ്യർത്ഥിച്ചാൽ ആയത് നൽകുന്നതിനുമുള്ള ടി ആക്റ്റിലെ വ്യവസ്ഥ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ റവന്യൂ ഡിവിഷൻ ഓഫീസർമാരെ അദ്ധ്യക്ഷന്മാരാക്കി മെയിന്റനൻസ് ട്രൈബ്യൂണലുകളായി റവന്യൂ ഡിവിഷൻ കാര്യാലയങ്ങളെ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ടി ട്രൈബ്യൂണലുകൾ സിവിൽ കോടതിയുടെ അധികാരത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത്. അപ്രകാരം 27 RDO മാരുടെ കാര്യാലയങ്ങൾ നിലവിൽ മെയിന്റനൻസ് ട്രൈബ്യൂണലുകളായി

പ്രവർത്തിക്കുന്നു. ടി ട്രൈബ്യൂണലുകളിൽ വയോജനങ്ങൾക്ക് നേരിട്ടോ അയാൾ നിയോഗിക്കുന്ന മറ്റൊരു വ്യക്തിക്കോ സംഘടനയ്ക്കോ അഥവാ ട്രൈബ്യൂണലിന് സ്വമേധയായോ നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. അപ്രകാരം വയോജനങ്ങളുടെ പരാതികളിന്മേൽ സമയബന്ധിതമായി നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരളത്തിൽ 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ വിവിധ പരിചരണ സംവിധാനങ്ങളുമായി പ്രവർത്തിച്ചുവരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ 630 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. വൃദ്ധസദനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉറപ്പുവരുത്തുന്നതിനും സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രത്യേകമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനുവൽ നിലവിലുണ്ട്. ആയതിൻപ്രകാരമാണ് വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നത്. കൂടാതെ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരും ഓർഫനേജ് കൺട്രോൾ ബോർഡ് ജീവനക്കാരും ടി ഹോമുകൾ സന്ദർശിച്ച് പരിശോധന നടത്തിവരുന്നുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## സ്വകാര്യ മേഖലയിലുള്ള അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

296 (2168) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യ മേഖലയിലുള്ള പ്രസ്ഥാനങ്ങളും വ്യക്തികളും നടത്തുന്ന അനാഥാലയങ്ങളെ സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ; ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങളുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിൽ സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന് നിയന്ത്രണാധികാരം ഉണ്ടോയെന്നറിയിക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്താറുണ്ടോ; ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന അനാഥാലയങ്ങളെ സംബന്ധിച്ച് കണക്കുകൾ സൂക്ഷിക്കുന്നുണ്ട്. 1920 ക്ഷേമ സ്ഥാപനങ്ങളുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം ചുവടെ കൊടുക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 180 |
| കൊല്ലം | 95 |
| പത്തനംതിട്ട | 94 |
| ആലപ്പുഴ | 78 |
| കോട്ടയം | 195 |
| ഇടുക്കി | 109 |
| എറണാകുളം | 309 |
| തൃശ്ശൂർ | 265 |
| പാലക്കാട് | 134 |
| മലപ്പുറം | 117 |
| കോഴിക്കോട് | 98 |
| വയനാട് | 62 |
| കണ്ണൂർ | 130 |
| കാസർഗോഡ് | 54 |

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഓർഫനേജ് കൺട്രോൾ ബോർഡാണ് അംഗീകാരം നൽകുന്നതും മേൽനോട്ടം വഹിക്കുന്നതും. സാമൂഹ്യനീതി വകുപ്പിനും ഓർഫനേജ് കൺട്രോൾ ബോർഡിനുമാണ് നിയന്ത്രണാധികാരം.

(സി) ഇത്തരം ക്ഷേമസ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്താറില്ല. അംഗീകാരത്തിനും അംഗീകാരം പുതുക്കുന്നതിനുമായി അപേക്ഷ ലഭിക്കുമ്പോൾ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ സ്ഥാപനം സന്ദർശിക്കുകയും പരിശോധന നടത്താറുമുണ്ട്. ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സന്ദർശിക്കുകയും പരിശോധന നടത്തുകയും

ചെയ്യുന്നു. ഇതുകൂടാതെ സംസ്ഥാന ആഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥരും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്താറുണ്ട്. പരിശോധനയിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകാറുണ്ട്.

## വിശപ്പ് രഹിത കേരളം

297 (2169) ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശപ്പ് രഹിത കേരളം പദ്ധതി 'സുഭിക്ഷ' എന്ന് പുനർനാമകരണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ നടപ്പിൽ വരുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ഈ സാമ്പത്തികവർഷം 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## അങ്കമാലി മണ്ഡലത്തിൽ ധാന്യങ്ങൾ നശിച്ചതിന്റെ നഷ്ടപരിഹാരം

298(2170) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ എത്ര രൂപയുടെ ഭക്ഷ്യധാന്യമാണ് കേടായതെന്ന് വിശദമാക്കാമോ;

(ബി) ഇത് ഇൻഷ്വർ ചെയ്തിരുന്നോ; എങ്കിൽ എത്ര രൂപയ്ക്ക് ഏത് കമ്പനിയാണ് ഇൻഷ്വർ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ധാന്യങ്ങൾ നശിച്ചതിന്റെ ക്ലെയിം ആവശ്യപ്പെട്ട് ഇൻഷ്വറൻസ് കമ്പനിക്ക് എന്നാണ് ക്ലെയിം പെറ്റീഷൻ നൽകിയതെന്നും എത്ര രൂപയുടെ നഷ്ടപരിഹാരമാണ് ആവശ്യപ്പെട്ടതെന്നും വിശദമാക്കാമോ;

(ഡി) ഇൻഷ്വറൻസ് കമ്പനി ഇതിനകം എത്ര രൂപയാണ് നഷ്ടപരിഹാരമായി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ പ്രളയത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ അരി, ഗോതമ്പ്, ആട്ട എന്നീ ഇനങ്ങളിലായി 60,45,989.98 രൂപയുടെ ഭക്ഷ്യധാന്യവും സി.എം.ആർ. മില്ലുകളിൽ 19,36,26,437 രൂപയുടെ ഭക്ഷ്യധാന്യവും വിവിധ മാവേലി സ്റ്റോറുകളിൽ 1,71,268.88 രൂപയുടെ ഭക്ഷ്യധാന്യവും കേടായിട്ടുണ്ട്.

(ബി) യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡുമായി സംസ്ഥാനത്തെ എല്ലാ സി.എം.ആർ. മില്ലുകളിലെയും ഭക്ഷ്യധാന്യങ്ങൾ 2733312784 രൂപയ്ക്ക് (ഇരുന്നൂറ്റി എഴുപത്തിമൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) ഇൻഷ്വർ ചെയ്തിരുന്നു.

(സി) 9-10-2018-ൽ 1312763702 രൂപയ്ക്കുള്ള (നൂറ്റിമുപ്പത്തിയൊന്ന് കോടി ഇരുപത്തിയേഴ് ലക്ഷത്തി അറുപത്തിമൂവായിരത്തി എഴുന്നൂറ്റി രണ്ട് രൂപ മാത്രം) ക്ലെയിം ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിരുന്നു.

(ഡി) ആദ്യ ഗഡുവായി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ഡാമേജ്ഡ് റൈസ്**

299 (2171) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നശിച്ച അരി ഡാമേജ്ഡ് റൈസ് എന്ന പേരിൽ കോയമ്പത്തൂരിന് സമീപമുള്ള അരിമില്ലുകളിൽ എത്തിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) പ്രളയത്തിൽ നശിച്ച അരി കാലിത്തീറ്റക്ക് പോലും നൽകരുതെന്ന കോടതി ഉത്തരവ് അവഗണിച്ച് എത്ര ടൺ അരിയാണ് ഇപ്രകാരം വിറ്റത് എന്നറിയിക്കാമോ ;

(സി) പ്രസ്തുത അരി നീക്കം ചെയ്യുവാൻ കരാർ എടുത്തത് ഏത് സ്ഥാപനമാണ്;

(ഡി) കരാർ എടുത്ത ശേഷം അവർ ഇടനിലക്കാർക്ക് ഉയർന്ന വിലയ്ക്ക് മറിച്ച് വിറ്റുവെന്ന ആക്ഷേപം വസ്തുതാപരമാണോ;

(ഇ) ഇതുസംബന്ധിച്ച് സപ്ലൈകോ വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോടതി ഉത്തരവ് അവഗണിച്ച് കേടായ നെല്ലും അരിയും വിറ്റിട്ടില്ല. മില്ലുകളിലെ പ്രളയത്തിൽ നശിച്ച അരിയും നെല്ലും ഇ-ടെണ്ടറിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം (W.P.(C) No. 34566/18) മനുഷ്യ ഉപഭോഗത്തിന് നൽകരുത് എന്ന നിബന്ധനകൾ ഉൾപ്പെടുന്ന സത്യവാങ്മൂലം ലഭ്യമാക്കിയിട്ടാണ് വിട്ടെടുപ്പിന് അനുമതി നൽകിയത്. ഇത്തരത്തിൽ കേടായ നെല്ലും അരിയും മനുഷ്യ ഭക്ഷ്യാവശ്യത്തിന് ഉപയോഗിക്കരുതെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്.

(സി) കേടായ അരി നീക്കം ചെയ്യുവാൻ കരാർ എടുത്ത സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) മില്ലുകളിലെ കേടായ ഭക്ഷ്യധാന്യം കരാർ എടുത്ത M/s.സൈറെസ് ട്രേഡേഴ്സ് എന്ന സ്ഥാപനം കേടായ ഭക്ഷ്യധാന്യം ഇടനിലക്കാർക്ക് മറിച്ചുവിറ്റു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 23-1-2019-ൽ സപ്ലൈകോ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള സംഘം പരിശോധന നടത്തിയിരുന്നു. ടി പരിശോധനയിൽ നമ്പ്യാട്ടുകുടി റൈസ് മിൽ കുവപ്പടി, ഡയമണ്ട് ഫുഡ് പ്രോഡക്ട്സ് എന്നീ മില്ലുകളിൽ ഡാമേജായ അരി സപ്ലൈകോയിൽ നിന്ന് ഇ-ടെണ്ടർ മുഖേന സൈറെസ് ട്രേഡേഴ്സ് എന്ന സ്ഥാപനമാണ് വാങ്ങിയിരിക്കുന്നതെന്നും ഭക്ഷ്യയോഗ്യമായ അരി മാത്രം പ്രോസസ്സ് ചെയ്യുന്ന പളനി മുരുഗൻ മോഡേൺ റൈസ് മില്ലിൽ കേടായ അരി പോളിഷ് ചെയ്ത് നല്ല അരിയാക്കി വിൽക്കുന്നതിനുള്ള ദുരുദ്ദേശത്തോടെ സൂക്ഷിച്ചിരുന്നതെന്നും വെളിവായതിന്റെ അടിസ്ഥാനത്തിൽ ഈ റൈസ് മിൽ 23-1-2019-ന് മൂസറി റവന്യൂ ഡിവിഷണൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓഫീസറുടെയും സപ്ലൈകോ വിജിലൻസ് ഓഫീസറുടെയും സാന്നിദ്ധ്യത്തിൽ ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ സീൽ ചെയ്തിട്ടുള്ളതാണ്. പ്രളയബാധിതമായ അരി/നെല്ല് മനുഷ്യ ഭക്ഷ്യാവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന സത്യവാങ്മൂലം സൈറെസ് ട്രേഡേഴ്സ് ലംഘിച്ചതായി കണ്ടെത്തിയതിനാൽ കരാർ ലംഘനത്തിന് ടി സ്ഥാപനത്തിനെതിരെ ഉചിതമായ ശിക്ഷാ നടപടി സ്വീകരിക്കുവാൻ സപ്ലൈകോ വിജിലൻസ് ശിപാർശ ചെയ്തിരുന്നു.

## ഭക്ഷ്യഭദ്രതാ നിയമപ്രകാരം അനുവദിച്ച ഭക്ഷ്യധാന്യം

300 (2172) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് ഭക്ഷ്യഭദ്രതാ നിയമപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച ഭക്ഷ്യധാന്യത്തിന്റെ ആകെ അളവ് എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം ഓരോ വിഭാഗം റേഷൻ കാർഡിനും പ്രതിമാസം അനുവദിക്കാവുന്ന പരമാവധി അരിയുടെ അളവ് എത്രയാണ്; ഓരോ വിഭാഗത്തിന്റെയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പൊതുവിഭാഗം-സബ്സിഡി വിഭാഗത്തിലും പൊതുവിഭാഗത്തിലും എത്രവീതം റേഷൻ കാർഡുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുവിഭാഗം സബ്സിഡി വിഭാഗത്തിലും പൊതുവിഭാഗത്തിലും ഉൾപ്പെട്ട റേഷൻ കാർഡുകൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച അരിയുടെ അളവ് എത്രയാണ്; വിശദമാക്കുമോ;

(ഇ) പ്രസ്തുത വിഭാഗം കാർഡുടമകൾക്ക് പ്രതിമാസം അനുവദിക്കുന്ന അരിയുടെ ശരാശരി അളവ് എത്രയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണനാ വിഭാഗക്കാർക്ക് വേണ്ടി വരുന്ന 10.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ കഴിച്ച് ബാക്കി വരുന്ന 4 ലക്ഷം മെ.ടൺ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തിവരുന്നത്.

(ബി) എ.എ.വൈ. വിഭാഗത്തിലെ കാർഡുകൾക്ക് 30 കി.ഗ്രാം അരിയും മുൻഗണനാ (പ്രയോറിറ്റി) വിഭാഗത്തിലെ കാർഡുകളിലെ ഓരോ അംഗത്തിനും

4 കി.ഗ്രാം വീതം അരിയും പ്രതിമാസം നൽകാൻ കഴിയും. ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന അരി ഉപയോഗിച്ച് മുൻഗണനേതര-സബ്സിഡി വിഭാഗത്തിലെ ഓരോ അംഗത്തിനും 2 കി.ഗ്രാം വീതം നൽകുന്നതിന് കഴിയുന്നതാണ്. ടൈഡ് ഓവർ വിഹിതത്തിൽ ബാക്കി വരുന്ന അരി, നീക്കിയിരിപ്പുകൂടി കണക്കിലെടുത്ത് മുൻഗണനേതര-നോൺ സബ്സിഡി വിഭാഗത്തിന് കാർഡിന് 6 കി.ഗ്രാം വീതം നൽകിവരുന്നു.

(സി) പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽ 25,85,418 റേഷൻ കാർഡുകളും പൊതുവിഭാഗം-നോൺ സബ്സിഡി വിഭാഗത്തിൽ 23,23,369 റേഷൻ കാർഡുകളും സംസ്ഥാനത്ത് നിലവിലുണ്ട്.

(ഡി) ടൈഡ് ഓവർ വിഹിതമായി പ്രതിമാസം 26835.124 മെ.ടൺ അരിയും 6459.074 മെ.ടൺ ഗോതമ്പും കേന്ദ്രത്തിൽനിന്ന് അനുവദിക്കുന്നുണ്ട്. ആയത് മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നു.

(ഇ) മുൻഗണനേതര-സബ്സിഡി വിഭാഗം കാർഡിലെ ഓരോ അംഗത്തിനും പ്രതിമാസം 2 കി.ഗ്രാം അരി വീതവും (കാർഡിന് ശരാശരി 8 കി.ഗ്രാം) മുൻഗണനേതര-നോൺസബ്സിഡി വിഭാഗത്തിലെ കാർഡുകൾക്ക് പ്രതിമാസം 6 കി.ഗ്രാം അരി വീതവും നൽകിവരുന്നു.

## മുൻഗണനാപട്ടികയിലെ അനർഹർക്കെതിരായ നടപടി

301 (2173) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ അനർഹമായി കയറിക്കൂടിയവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) മുൻഗണനാപട്ടികയിൽ അനർഹമായി ഉൾപ്പെട്ടവരിൽനിന്നും പ്രസ്തുത കാലയളവിൽ കൈപ്പറ്റിയ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കാൻ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ

ശുദ്ധീകരണം നടന്നുവരുന്നു. തദ്ദേശസ്വയംഭരണം മോട്ടോർ വാഹന വകുപ്പുകളുടെ ഡേറ്റായുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.

ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽ നിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടത്തിയ ഒഴിവിലേയ്ക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത ഫീൽഡുതല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇതുവരെ റേഷൻ വാങ്ങാത്ത 70000-ത്തോളം പേർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരെ ഒഴിവാക്കി പകരം അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് മുൻഗണനാ റേഷൻ കാർഡ്

302 (2174) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് മുൻഗണനാ കാർഡ് ലഭിക്കാത്തതിനാൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അടക്കമുള്ള നിരവധി ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾക്ക് മുൻഗണനാ റേഷൻകാർഡ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താക്കൾക്ക് അടിയന്തരമായി റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യ ചികിത്സാ സഹായം നിലവിൽ നൽകിവരുന്നുണ്ട്. മാത്രമല്ല തുടർചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി "സ്റ്റേറ്റ് പ്രയോറിറ്റി" എന്ന് കാർഡിൽ രേഖപ്പെടുത്തി നൽകുന്നുണ്ട്.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡം സംബന്ധിച്ച 18-9-2017-ലെ സ.ഉ. (സാധാ) നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത പരമ്പരാഗത/അസംഘടിത തൊഴിലാളികൾ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**റേഷൻ കാർഡുകൾ ആധാറുമായി ലിങ്ക് ചെയ്യുന്നതിന് നടപടി**

303 (2175) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലക്ഷം റേഷൻ കാർഡുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഓരോ റേഷൻ കാർഡ് ഉടമയ്ക്കും പ്രതിമാസം അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ്, വില എന്നിവ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡ് ഉടമകളുടെ ആധാർ റേഷൻ കാർഡുമായി ലിങ്ക് ചെയ്യുന്ന പ്രവർത്തനങ്ങളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഒന്നിൽകൂടുതൽ റേഷൻ കാർഡുകളിൽ ഉൾപ്പെട്ടവർ ആധാർ ലിങ്ക് ചെയ്യുന്നതിന് വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആധാർ നമ്പർ ലഭ്യമായിട്ടുള്ള മുഴുവൻപേരെയും അവരവരുടെ റേഷൻ കാർഡുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 8572314 റേഷൻ കാർഡുകൾ ഉണ്ട്.

(ബി) റേഷൻ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള SMS സന്ദേശങ്ങൾ റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരുകളിലേയ്ക്ക് അയയ്ക്കുന്നതിനായി 2017 ആഗസ്റ്റ് മാസം മുതൽ കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC-ന്റെ Mobile Service Delivery Gateway (https://services.mgov.gov.in) ഉപയോഗിച്ചുവരുന്നു. നാളിതുവരെ 67.83 കോടി SMS ഗുണഭോക്താക്കൾക്ക് അയച്ചിട്ടുണ്ട്.

ഇതിനുപുറമേ, സിവിൽ സപ്ലൈസ് വകുപ്പിന്റെ Official facebook page ആയ " Department of Food & Civil Supplies, Kerala" -ൽ പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള അറിയിപ്പ് നൽകുന്നുമുണ്ട്.

(സി) ആകെയുള്ള 36504450 റേഷൻ കാർഡംഗങ്ങളിൽ 31182636 പേരുടെയും ആധാർ നമ്പർ സീഡ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അംഗങ്ങളെ സീഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നിലവിൽ റേഷൻ കടകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീൻ വഴിയും താലൂക്ക് സപ്ലൈ ആഫീസുകൾ വഴിയും ആധാർ റേഷൻ കാർഡുമായി ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ആധാർ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായി അക്ഷയ വഴിയും സിറ്റിസൺ ലോഗിനിൽ നേരിട്ടും ആധാർ സമർപ്പിക്കുന്നതിനുള്ള മൊഡ്യൂൾ എൻ.ഐ.സി. മുഖാന്തരം തയ്യാറാക്കിവരുന്നു. കൂടാതെ ആർ.സി.എം.എസ്.-ൽ ഉൾപ്പെട്ടിട്ടുള്ള ഡ്യൂപ്ലിക്കേറ്റ് അംഗങ്ങളെ ഒഴിവാക്കുന്നതിനായും എൻ.ഐ.സി. മുഖേന മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ പുതിയ റേഷൻ കാർഡ് എടുക്കുന്നതിനും റേഷൻ കാർഡിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനും ആധാർ നിർബന്ധമാക്കിയിട്ടുണ്ട്.

## സിവിൽ സപ്ലൈസ് രംഗത്തെ അഴിമതി

304 (2176) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ മുൻഗണനാ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകേണ്ട ഭക്ഷ്യ സാധനങ്ങൾക്ക് ബില്ലുകൾ ഇട്ടശേഷം സ്വകാര്യ മില്ലുകൾക്ക് മറിച്ചുവിറ്റ് റേഷൻ കടക്കാർ അമിതലാഭം നേടുന്നതായും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതായും ഉള്ള ആക്ഷേപങ്ങൾ പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) സിവിൽ സപ്ലൈസ് ഗോഡൗണുകൾ വഴി ടൺകണക്കിന് ഭക്ഷ്യധാന്യങ്ങൾ കടത്തിക്കൊണ്ടുപോയി പോളിഷ് ചെയ്ത് വൻവിലയ്ക്ക് വിൽക്കുന്നത് തടയുവാൻ കർശന നടപടി സ്വീകരിക്കുമോ;

(സി) ഇതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ മാതൃകാപരമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ-പോസ് അധിഷ്ഠിത റേഷൻ വിതരണം നടപ്പിൽ വരുത്തിയ ശേഷം യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കാൻ സാധിക്കുന്നുണ്ട്. 97% കാർഡുടമകളും ആധാർ ആതന്റിക്കേഷൻ/OTP മുഖേനയാണ് റേഷൻ കൈപ്പറ്റുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്റ്റോക്കിംഗിലും വിതരണത്തിലും കൃത്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) വരവ് ചെലവുകൾ SCMS/DMS സോഫ്റ്റ്‌വെയറുകൾ മുഖേന അക്കൗണ്ട് ചെയ്ത് ബിൽ പ്രകാരം വിതരണം ചെയ്യുന്നു.

2) കടത്തുകരാർ നിബന്ധനയിൽ ഉൾപ്പെടുത്തി റേഷൻ കടയുടെ വാതിൽപ്പടിയിൽ തൂക്കം ബോദ്ധ്യപ്പെടുത്തി നൽകി സാക്ഷ്യപത്രം വാങ്ങുന്നു.

3) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ക്രമമായ പരിശോധന പ്രകാരം സ്റ്റോക്ക് വിതരണത്തിലെ കൃത്യതയും ഉറപ്പുവരുത്തുന്നു.

(സി) സിവിൽ സപ്ലൈസ് ഗോഡൗണിലെ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ക്രമക്കേടുനടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ ബി.പി.എൽ./എ.പി.എൽ. കാർഡുകൾ**

305 (2177) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകളിലെ ബി.പി.എൽ./എ.പി.എൽ. നിർണ്ണയത്തിലെ അപാകതകൾ ചൂണ്ടിക്കാട്ടി കായംകുളം നിയോജകമണ്ഡലത്തിൽ നിന്നും ഹരിപ്പാട്, കായംകുളം താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്ര എന്ന് അറിയിക്കുമോ ;

(ബി) ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 989 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പുതിയ റേഷൻ കാർഡുകളിലെ ബി.പി.എൽ./എ.പി.എൽ. നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ലഭ്യമായ അപേക്ഷകളിൻമേൽ പരിശോധന നടത്തി അർഹരായ കുടുംബങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ജോലി പുരോഗമിക്കുന്നു.

**മാരകരോഗം ബാധിച്ചവരുടെ റേഷൻ കാർഡ്**

306 (2178) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗം ബാധിച്ച വ്യക്തികളുള്ള കുടുംബങ്ങളുടെ റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിവരുന്നുണ്ടോ;

(ബി) ഇത്തരത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കോതമംഗലം താലൂക്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ എത്രപേരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം അപേക്ഷകളിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡങ്ങൾ സംബന്ധിച്ച 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത മാരകരോഗം ബാധിച്ച വ്യക്തികളുള്ള കുടുംബങ്ങളുടെ റേഷൻ കാർഡ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കോതമംഗലം താലൂക്കിൽ 38 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇത്തരം അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുണ്ടെന്ന് കാണുന്ന പക്ഷം താലൂക്കിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേയ്ക്ക് ഉൾപ്പെടുത്തുന്നതാണ്.

**ചികിത്സാ ആനുകൂല്യത്തിനായി ബി.പി.എൽ. കാർഡ് അനുവദിക്കൽ**

307 (2179) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗം നേരിടുന്ന കുടുംബങ്ങൾക്ക് ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി എ.പി.എൽ. കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റി കൊടുക്കാനുള്ള നടപടി സ്വീകരിക്കാമോ;

(ബി) ഇത്തരത്തിൽ ആനുകൂല്യം ലഭിക്കുന്നതിനായി എന്തെങ്കിലും സർക്കാർ ഉത്തരവുകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുൻഗണന ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് എ.പി.എൽ-നു പകരമായുള്ള മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ കുടുംബത്തിൽ ആർക്കെങ്കിലും മാരക രോഗങ്ങൾ പിടിപെട്ടിട്ടുണ്ടെങ്കിൽ അപ്രകാരമുള്ളവർക്ക് മുൻഗണനാ വിഭാഗത്തിന് ലഭ്യമാകുന്നതുപോലുള്ള ചികിത്സാ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 5-ലും ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 6-7-2018-ലെ സ.ഉ.(സാധാ)നമ്പർ 2171/2018/ആ.കു.വ. പ്രകാരവും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**പുതുക്കിയ കാർഡുകൾ എ.പി.എൽ. ആകുന്നുവെന്ന പരാതി**

308 (2180) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റേഷൻ കാർഡിൽ എന്തെങ്കിലും മാറ്റം വരുത്തുമ്പോൾ പുതുതായി ലഭിക്കുന്ന കാർഡുകൾ എല്ലാം എ.പി.എൽ. വിഭാഗത്തിൽ ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പുതുക്കിയ കാർഡുകൾ എ.പി.എൽ. ആകുന്നതിന് കാരണം വ്യക്തമാക്കാമോ;

(ബി) സോഫ്റ്റ്‌വെയറിലെ പിശക് കൊണ്ടാണോ ഇത്തരത്തിൽ സംഭവിക്കുന്നത്; ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിരവധി പാവപ്പെട്ട കുടുംബങ്ങൾക്ക് ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് ബി.പി.എൽ. കാർഡ് വേണമെന്നിരിക്കെ ഇത്തരത്തിൽ എ.പി.എൽ. ആയി മാറിയ കാർഡുകൾ അടിയന്തരമായി ബി.പി.എൽ. ആക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) രണ്ട് മുൻഗണനാ കാർഡുകളിൽനിന്നും അംഗങ്ങളെ മാറ്റി പുതിയ റേഷൻ കാർഡുണ്ടാക്കുമ്പോൾ അവർക്ക് മുൻഗണനാ കാർഡ് ലഭിക്കുന്നതാണ്. എന്നാൽ മുൻഗണനേതര കാർഡുകളിൽനിന്നും അംഗങ്ങളെ മാറ്റി പുതിയ കാർഡ് നൽകുമ്പോൾ അവർക്ക് പൊതുവിഭാഗം കാർഡാണ് ലഭ്യമാകുന്നത്. 25,000 രൂപയിൽ കൂടുതൽ മാസവരുമാനമുണ്ടെങ്കിൽ ആ കാർഡ് പൊതുവിഭാഗത്തിലെ ഉൾപ്പെടുകയുള്ളൂ. അല്ലാത്ത പക്ഷം അപേക്ഷ നൽകുന്ന മുറയ്ക്ക് 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ഭ.പൊ.വി.വ. പ്രകാരം പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി യോഗ്യതയുള്ള പക്ഷം മുൻഗണനാ പട്ടികയിൽ അർഹമായ സ്ഥാനത്ത് ഉൾപ്പെടുത്തി ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മുൻഗണനാ വിഭാഗക്കാരുടെ എണ്ണം 15480040 ആയി കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിരിക്കുന്നതിനാലും, പട്ടികയിലുള്ള മാറ്റങ്ങൾ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതിനാലും ചെറിയ കാലതാമസം ഉണ്ടാവുന്നുണ്ട്.

**റേഷൻ കാർഡിന് അപേക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ**

309 (2181) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി റേഷൻ കാർഡിന് അപേക്ഷിക്കേണ്ടത് സംബന്ധിച്ച് ഉത്തരവ്/നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെയോ നിർദ്ദേശങ്ങളുടെയോ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) കോട്ടയം ജില്ലയിൽ എത്ര പേരെ മുൻഗണനാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി; കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് 21-6-2018-ൽ നൽകിയ നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കോട്ടയം ജില്ലയിൽ 11257 പേരെ മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**റേഷൻ കടകളിലെ ഇ-പോസ് മെഷീനുകൾ**

310 (2182) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്നും സംസ്ഥാനത്തൊട്ടാകെ എത്ര ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇ-പോസ് മെഷീനുകളുടെ കൃത്യതയില്ലായ്മ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എത്ര ഇ-പോസ് മെഷീനുകളാണ് ശരിയായി പ്രവർത്തിക്കാത്തത് എന്ന് അറിയിക്കാമോ;

(സി) നിശ്ചിത കാലയളവിൽ കേടാവുന്ന ഇ-പോസ് മെഷീനുകൾ അവ സപ്ലൈ ചെയ്യുന്ന കമ്പനികൾ തന്നെ സൗജന്യമായി പ്രവർത്തനക്ഷമമാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനമൊട്ടാകെയുള്ള 14296 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം നടത്തിവരുന്നു.

(ബി) ഇ-പോസ് മെഷീനുകൾക്ക് തകരാർ വരുന്ന മുറയ്ക്ക് മെഷീൻ നന്നാക്കി നൽകുകയോ പകരം മെഷീൻ നൽകുകയോ ചെയ്യുന്നുണ്ട്. നെറ്റ്‌വർക്ക് പ്രശ്നങ്ങൾ നിലനിൽക്കുന്ന ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഇ-പോസ് മെഷീനുകൾ ശരിയായി പ്രവർത്തിക്കാത്ത സമയങ്ങളിൽ മാനുവലായി റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃത്യതയില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. താലൂക്ക് തലത്തിൽ സർവ്വീസ് എഞ്ചിനീയർമാരുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുറഞ്ഞ വിലയിൽ കുപ്പിവെള്ളം

311 (2183) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ളം കുറഞ്ഞവിലയിൽ വിതരണം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം കുപ്പിവെള്ളം മാവേലി സ്റ്റോറുകൾ, റേഷൻ കടകൾ എന്നിവ മുഖാന്തരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) 1986-ലെ കേരള എസ്സെൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ടിന്റെ ക്ലോസ് (എ) സെക്ഷൻ 2 പ്രകാരം കുപ്പിവെള്ളം അവശ്യവസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. സപ്ലൈകോയുടെ എല്ലാ വിതരണകേന്ദ്രങ്ങൾ വഴിയും കുപ്പിവെള്ളം മിതമായ നിരക്കിൽ വിതരണം നടത്തുന്നുണ്ട്. റേഷൻ കടകൾ വഴിയും കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റേഷൻ കടക്കാർക്ക് വരുമാന പാക്കേജ്

312 (2184) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടക്കാർക്ക് നിശ്ചിത വരുമാനം ഉറപ്പുവരുത്തുന്നതിന് പ്രത്യേക പാക്കേജ് കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റേഷൻ കടകൾക്ക് സംസ്ഥാനത്തെമ്പാടും ഏകീകൃത രൂപവും ഭാവവും കൊണ്ടുവന്നോയെന്ന് അറിയിക്കുമോ;

(സി) റേഷൻ കടയിൽ ധാന്യങ്ങൾ എത്തുന്ന വിവരവും ഉപഭോക്താവിന്റെ പ്രതിമാസ വിഹിതവും ഫോണിൽ ലഭ്യമാകുന്ന സംവിധാനം പൂർണ്ണമായോയെന്നറിയിക്കുമോ;

(ഡി) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 44 ക്വിന്റൽ വരെ പ്രതിമാസ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് സപ്പോർട്ടീവ് പേയ്മെന്റ് ഉൾപ്പെടെ 18,000 രൂപ അടിസ്ഥാന കമ്മീഷൻ ലഭിക്കുന്ന രീതിയിൽ പുതിയ കമ്മീഷൻ പാക്കേജ് 1-12-2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം 45 ക്വിന്റലിന് മുകളിൽ വിൽപ്പന നടത്തുന്ന റേഷൻ വ്യാപാരിക്ക് 18,000 രൂപയ്ക്ക് പുറമേ അധികമായി വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ ലഭിക്കുന്നതായിരിക്കും.

(ബി) റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻ കടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻ കടയ്ക്ക് 2,500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. റേഷൻ കടകൾ നവീകരണം താഴെ പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്.

1. ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.
2. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ്/വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.
3. കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.
4. ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.

(സി) റേഷൻ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള SMS സന്ദേശങ്ങൾ റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരുകളിലേയ്ക്ക് അയയ്ക്കുന്നതിനായി 2017 ആഗസ്റ്റ് മാസം മുതൽ കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC-ന്റെ Mobile Service Delivery Gateway (https://services.mgov.gov.in) ഉപയോഗിച്ചുവരുന്നു. നാളിതുവരെ 67.83 കോടി SMS ഗുണഭോക്താക്കൾക്ക് അയച്ചിട്ടുണ്ട്.

ഇതിനുപുറമേ, സിവിൽ സപ്ലൈസ് വകുപ്പിന്റെ Official facebook page ആയ "Department of Food & Civil Supplies, Kerala"-ൽ പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള അറിയിപ്പ് നൽകുന്നുമുണ്ട്.

(ഡി) റേഷൻകട വഴി വിതരണം ചെയ്യുന്നതിനായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്.സി.ഐ.)-യിൽനിന്നും ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ

ഗുണനിലവാര പരിശോധന എഫ്.സി.ഐ. അധികൃതർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്നും റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യ ധാന്യങ്ങൾ തന്നെയാണ് ലഭ്യമാകുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.-കളും ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും FIFO (First in First Out method) കർശനമായി പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## രാങ്ങാട്ടൂരിൽ പുതിയ റേഷൻ കട

313 (2185) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കലിലെ രാങ്ങാട്ടൂരിൽ ഒരു റേഷൻ കട അനുവദിക്കുന്നതിനായി 8-3-16-ൽ മലപ്പുറം ജില്ലാ കളക്ടർ അയച്ച കത്ത് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച ജില്ലാ കളക്ടറുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ റേഷൻ കട അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) രാങ്ങാട്ടൂർ പ്രദേശത്ത് റേഷൻ കട അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) മലപ്പുറം കോട്ടയ്ക്കലിലെ രാങ്ങാട്ടൂരിൽ ഒരു റേഷൻ കട അനുവദിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ സമർപ്പിച്ച ശിപാർശ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയശേഷം പരിഗണിക്കാനായി മാറ്റിവച്ചിരുന്നു. അപ്രകാരം മാറ്റിവച്ച ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## വാതിൽപ്പടി വിതരണത്തിൽ ഇലക്ട്രോണിക് മെഷീനുകളിലെ കൃത്രിമം

314 (2186) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സംവിധാനം സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതി പരിഹരിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്;

(ബി) മൊത്തവിതരണ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേയ്ക്ക് സാധനങ്ങൾ കൊണ്ടുപോകുമ്പോഴും വാതിൽപ്പടി വിതരണത്തിനായി കടകളിൽ എത്തിച്ച് തൂക്കി നൽകുമ്പോഴും ഇലക്ട്രോണിക് മെഷീനുകളിൽ കൃത്രിമം കാണിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻകട ഉടമകളുടെ ഇതുസംബന്ധിച്ച പരാതി അന്വേഷിച്ചിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്;

(ഡി) റേഷൻ കടകളിൽ നിന്നും ഉപഭോക്താക്കൾക്ക് സാധനങ്ങൾ കൃത്യമായി തൂക്കി നൽകിയെന്ന് ഉറപ്പുവരുത്തുവാൻ ഇ-പോസ് മെഷീനുകളെ അളവ് യന്ത്രങ്ങളുമായി ബന്ധിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ;

(ഇ) എങ്കിൽ ഈ സംവിധാനം എന്നത്തേയ്ക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) റേഷൻ സംവിധാനം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് നേരിട്ട് താലൂക്ക് സപ്ലൈ ഓഫീസ്, ജില്ലാ സപ്ലൈ ഓഫീസ്, സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്, സർക്കാർ എന്നിവിടങ്ങളിൽ പരാതി നൽകാവുന്നതാണ്. pg.civilsupplieskerala.gov.in എന്ന പോർട്ടൽ മുഖേന ഓൺലൈനായും 1967 എന്ന ടോൾ ഫ്രീ നമ്പരിലൂടെയും കാൾസെന്റർ സംവിധാനത്തിലൂടെയും മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനത്തിലൂടെയും പരാതി നൽകാവുന്നതാണ്.

(ബി&സി) വാതിൽപ്പടി വിതരണം നടത്തുമ്പോൾ കൃത്യമായ തൂക്കം ലഭിക്കാറില്ല എന്ന് റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 04/2019 മുതൽ എല്ലാ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാരും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസറിൽ നിന്നും എല്ലാ റേഷൻകടകളിലും തൂക്കം ബോധ്യപ്പെടുത്തിയാണ് വാതിൽപ്പടി വിതരണം നടത്തിയത് എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ അവർക്കുള്ള പ്രതിഫലം നൽകാവൂ എന്ന് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകണമെന്ന് സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി&ഇ) ഉണ്ട്. ഇ-പോസ് മെഷീനുകളെ അളവ് യന്ത്രങ്ങളുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് Request For Proposal (RFP) അംഗീകരിച്ചിട്ടുണ്ട്. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റേഷൻ അരിയുടെ ഗുണമേന്മ**

315 (2187) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ നിന്നും വിതരണം ചെയ്യുന്ന അരിയുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഗുണമേന്മയില്ലാത്ത അരി വിതരണം ചെയ്തതായി എന്തെങ്കിലും പരാതി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) റേഷൻകട വഴി വിതരണം ചെയ്യുന്നതിനായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്.സി.ഐ.)-യിൽനിന്നും ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ. ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ. ഗോഡൗണുകളിലേയ്ക്കും അവിടെനിന്നും റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യ ധാന്യങ്ങൾ തന്നെയാണ് ലഭ്യമാകുന്നതെന്ന് എൻ.എഫ്.എസ്.എ. ഗോഡൗണിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എം.ആർ.ഡി.-കളും ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ജൂനിയർ മാനേജർ എൻ.എഫ്.എസ്.എ. ഗോഡൗണിൽ വച്ച് അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

ടി സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സി.എം.ആർ. അരി മില്ലുകളിൽ വച്ച് പാഡി മാർക്കറ്റിംഗ് ആഫീസറും റേഷനിംഗ് ഇൻസ്പെക്ടറും സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ജൂനിയർ മാനേജരും ചേർന്ന് പരിശോധന നടത്തുന്നു. കൂടാതെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും FIFO (First in First Out method) കർശനമായി പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഗുണമേന്മയില്ലാത്ത അരി വിതരണം ചെയ്തതായി ഏതാനും ജില്ലകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. ടി കേസ്സുകളിൽ അടിയന്തരമായി നടപടികൾ സ്വീകരിച്ച് അത്തരം ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ ഗോഡൗണിലേയ്ക്ക് മാറ്റി പകരം ഭക്ഷ്യയോഗ്യമായവ വിതരണം ചെയ്തിട്ടുണ്ട്.

**റേഷൻ വാതിൽപ്പടി വിതരണ കരാർ ഏറ്റെടുത്തവർ**

316 (2188) ശ്രീ. സി. മമ്മൂട്ടി:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ എത്തിക്കാനുള്ള വാതിൽപ്പടി വിതരണ കരാറുകൾ ബിനാമിപ്പേരിൽ ഒരാൾ തന്നെ പലയിടങ്ങളിൽ ഏറ്റെടുക്കുന്നതായി പരാതി ലഭിച്ചിരുന്നോ; വിശദീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) വാതിൽപ്പടി വിതരണ കരാർ ഏറ്റെടുത്തവരുടെ വീഴ്ചമൂലം റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) കരാർ ലംഘനം നടത്തിയ വിതരണക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിരുന്നു. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, മുകുന്ദപുരം, ചാവക്കാട്, തലപ്പിള്ളി, തൃശ്ശൂർ, കൊടുങ്ങല്ലൂർ താലൂക്കുകളിലും പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലും വാതിൽപ്പടി വിതരണത്തിനുള്ള ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടിനുള്ള ടെണ്ടറിൽ പങ്കെടുത്ത ചിലർ സഖ്യമുണ്ടാക്കി ടെണ്ടർ അന്യായമായി കൈവശപ്പെടുത്താൻ ശ്രമിക്കുന്നുവെന്ന് ആരോപിച്ച് ശ്രീ. ജിസോ ജോർജ്ജിന്റെ പരാതി ലഭിച്ചിരുന്നു.

(ബി) അന്വേഷണം നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, മുകുന്ദപുരം, ചാവക്കാട്, തലപ്പിള്ളി, തൃശ്ശൂർ, കൊടുങ്ങല്ലൂർ താലൂക്കുകളിലും പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിലും ടെണ്ടറിൽ പങ്കെടുത്ത

ശ്രീ. കെ. ബി. അനിൽ കുമാർ, ശ്രീ. സിസിൽ ആന്റണി, ശ്രീ. ജെയിംസ്. സി. സെബാസ്റ്റ്യൻ എന്നിവർ ടെണ്ടറിൽ ഒരേ വാഹനങ്ങളുടെ നമ്പർ രേഖപ്പെടുത്തിയതിൽ നിന്നും ഒരേ അക്കൗണ്ടിൽ നിന്നും നിരത ദ്രവ്യം അടച്ചതിൽ നിന്നും ഒരേ സ്ഥാപനത്തിൽനിന്നും നിരക്കുകൾ രേഖപ്പെടുത്തിയതിൽ നിന്നും 3 പേരുടെയും അപേക്ഷകളിലെ കൈപ്പട ഒന്നായതിനാലും ടെണ്ടർ കൈവശപ്പെടുത്തുന്നതിന് ഇവർ സഖ്യമുണ്ടാക്കിയതായി സംശയിക്കേണ്ടിയിരിക്കുന്നുവെന്നും ടെണ്ടറിൽ നിരക്കുകൾ പരസ്പരം അറിഞ്ഞുകൊണ്ട് രേഖപ്പെടുത്തിയതാണെന്ന് അനുമാനിക്കാമെന്നും ഇവർ സ്വന്തം നിലയിൽ ടെണ്ടറിൽ പങ്കെടുത്തവരല്ലെന്ന് കരുതേണ്ടിയിരിക്കുന്നു വെന്നും ചൂണ്ടിക്കാട്ടി സപ്ലൈകോ വിജിലൻസ് ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ താലൂക്കുകളിലെ ഇ-ടെണ്ടർ റദ്ദ് ചെയ്ത് റീ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) തൊടുപുഴ ഡിപ്പോയ്ക്ക് കീഴിലെ PDS ഗോഡൗണിലെ 2017-18 കാലയളവിലെ കടത്ത് കരാറുകാരനായിരുന്ന ശ്രീ. ഫഹദ് ബിൻ ഫിറോസും തിരൂർ താലൂക്കിലെ വാതിൽപ്പടി വിതരണ കരാറുകാരനായിരുന്ന ശ്രീ. മുഹമ്മദ് ഫൈസലും കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയതിനാൽ ഇവരുമായുള്ള കരാർ റദ്ദ് ചെയ്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**വർക്കല സപ്ലൈ ഓഫീസ് പരിധിയിലുള്ള കുടുംബങ്ങൾ**

317 (2189) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) എൻ.പി.എസ്. (നോൺ പ്രയോറിട്ടി സബ്സിഡി) വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എൻ.പി.എൻ.എസ്.(നോൺ പ്രയോറിട്ടി നോൺ സബ്സിഡി) (പൊതുവിഭാഗം) വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വർക്കല താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ 2019 ജൂണിലെ കണക്ക് അനുസരിച്ച് 4677 എ.എ.വൈ. കാർഡുകളിലായി 22467 അംഗങ്ങളുണ്ട്.

(ബി) മുൻഗണനാ വിഭാഗത്തിൽ 32745 കാർഡുകളിലായി 142290 അംഗങ്ങളുണ്ട്.

(സി) എൻ.പി.എസ്. (നോൺ പ്രയോറിട്ടി സബ്സിഡി) വിഭാഗത്തിൽ 20615 കാർഡുകളിലായി 81630 അംഗങ്ങളുണ്ട്.

(ഡി) എൻ.പി.എൻ.എസ്. (നോൺ പ്രയോറിട്ടി നോൺ സബ്സിഡി) (പൊതു വിഭാഗം) വിഭാഗത്തിൽ 15250 കാർഡുകളിലായി 58383 അംഗങ്ങളുണ്ട്.

**പൊതുവിതരണ സംവിധാനം**

318 (2190) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനം അഴിമതി മുക്തമാക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയ പുതിയ സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) ഇ-പോസ് സംവിധാനം വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ വിശദവിവരങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ)

1. റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി.
2. വാതിൽപ്പടി വിതരണം ആരംഭിച്ചു.
3. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ചു.
4. സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
5. റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
6. റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ പാക്കേജ് 1-12-2018 മുതൽ നടപ്പിലാക്കി.

7. ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
8. പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചുവരുന്നു.
9. എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള ഭക്ഷ്യ ധാന്യങ്ങളുടെ നീക്കം സുതാര്യമാക്കി.

(ബി) ഇ-പോസ് സംവിധാനം വിജയകരമായി നടപ്പിലാക്കിവരുന്നു. ആധാർ അധിഷ്ഠിത വിതരണമായതിനാൽ യഥാർത്ഥ ഉപഭോക്താവിന് അർഹമായ വിഹിതം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ കഴിയും. പോർട്ടബിലിറ്റി സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തെ ഏതു റേഷൻ കടയിൽനിന്നും റേഷൻ വാങ്ങാം എന്ന സൗകര്യം 16.3% കാർഡുടമകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. നേരിട്ടുപോയി റേഷൻ വാങ്ങാൻ കഴിയാത്തവർക്കായി പ്രോക്സി സംവിധാനവും നിലവിലുണ്ട്. നിലവിൽ 97%-ത്തിൽപ്പരം കാർഡുടമകളും ബയോമെട്രിക് സംവിധാനം വഴി റേഷൻ വാങ്ങുന്നുണ്ട്. റേഷൻ പരമാവധി അർഹരിൽ തന്നെ എത്തുന്നുണ്ട് എന്ന് ഇതിൽ നിന്ന് ഉറപ്പാക്കാൻ സാധിക്കും.

### വാതിൽപ്പടി വിതരണ കരാർ നൽകിയതിലെ ക്രമക്കേട്

319 (2191) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്നതിനുള്ള വാതിൽപ്പടി വിതരണ കരാർ നൽകിയതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഒരാൾ തന്നെ പലയിടങ്ങളിലും കരാർ എടുത്തതായി കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇപ്രകാരം ക്രമക്കേട് നടത്തിയതായി കണ്ടെത്തിയത് ;

(സി) ഇതുസംബന്ധിച്ച് ഭക്ഷ്യ വകുപ്പ് മുൻപ് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) വാതിൽപ്പടി വിതരണം ഏറ്റെടുത്ത ഏജൻസി കൃത്യസമയത്ത് സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കരാർ ലംഘനം നടത്തിയ വാതിൽപ്പടി വിതരണ ഏജൻസിക്കെതിരെ നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) നിലവിലെ ടെണ്ടർ വ്യവസ്ഥകൾ പ്രകാരം ഒരാൾക്ക് തന്നെ പലയിടങ്ങളിലും കരാർ ഏറ്റെടുക്കുന്നതിന് തടസ്സമില്ല. ആയതിനാൽ ഒന്നിലധികം സ്ഥലങ്ങളിൽ ഒരാൾ കരാർ ഏറ്റെടുക്കുന്നത് ക്രമക്കേടായി കണക്കാക്കാവുന്നതല്ല.

(ഡി) ടെണ്ടർ മാനദണ്ഡപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ വിതരണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ക്രമീകരണം മാസാദ്യത്തിൽ തയ്യാറാക്കുന്നതിനും ആവശ്യമായ വാഹനങ്ങളുടെ എണ്ണം കരാറുകാർ എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനം ലഭ്യമാക്കിയില്ലെങ്കിൽ പിഴ ഈടാക്കുന്നതിന് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാതിൽപ്പടി വിതരണ കരാറുകാരൻ ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ തൂക്കം ബോധ്യപ്പെടുത്തി നൽകുമ്പോൾ റേഷൻ വ്യാപാരിയിൽ നിന്നും GRS-ൽ (Goods Receipt Sheet) ലഭ്യമാക്കുന്ന അളവിന്റെ നിശ്ചിത മാതൃകയിലെ കൈപ്പറ്റ് രസീത് കൃത്യമായി പരിശോധിച്ച് കടത്തുകൂലി നൽകുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ കൃത്യസമയത്ത് റേഷൻ കടകളിൽ എത്തുന്നുവെന്ന് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുമുണ്ട്.

(ഇ) ഉണ്ട്. തൊടുപുഴ ഡിപ്പോയ്ക്ക് കീഴിലെ PDS ഗോഡൗണിലെ 2017-18 കാലയളവിലെ കടത്ത് കരാറുകാരനായിരുന്ന ശ്രീ. ഫഹദ് ബിൻ ഫിറോസും തിരൂർ താലൂക്കിലെ വാതിൽപ്പടി വിതരണ കരാറുകാരനായിരുന്ന ശ്രീ. മുഹമ്മദ് ഫൈസലും കരാർ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയതിനാൽ ഇവരുമായുള്ള കരാർ റദ്ദ് ചെയ്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പ്രളയത്തിൽ നശിച്ചതും നീക്കം ചെയ്തതുമായ ഭക്ഷ്യയോഗ്യമല്ലാത്ത അരി**

320 (2192) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തിയ അരിച്ചാക്കുകൾ സിവിൽ സപ്ലൈസ് ഗോഡൗണിൽ നിന്ന് നീക്കം ചെയ്തതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയത്തിൽ നശിച്ച 50000 ടൺ അരി കുറഞ്ഞ വിലയ്ക്ക് ഒരു കമ്പനി ഏറ്റെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവരുമായി ബന്ധമുള്ള ഒരു കമ്പനി വിതരണം ചെയ്ത അരിയിലാണ് ഇപ്പോൾ പുഴുക്കളെ കണ്ടെത്തിയതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) 1800 ചാക്ക് അരി ഇക്കാരണത്താൽ ഗോഡൗണിൽ നിന്ന് നീക്കം ചെയ്യുകയുണ്ടായോ;

(ഇ) ഇത്തരത്തിലുള്ള അരി വിപണിയിലെത്തില്ലെന്ന് ഉറപ്പ് വരുത്തുവാൻ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നോ;

(എഫ്) ഇക്കാര്യത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മില്ലുകളിൽ പ്രളയത്തിൽ നശിച്ചത് 26163.239 ടൺ അരിയാണ്. ആയത് ഇ-ടെണ്ടർ മുഖേനയാണ് വിൽപ്പന നടത്തിയിട്ടുള്ളത്.

(സി) സപ്ലൈകോയുമായി കരാറുള്ള മില്ലുടമകളോ അവരുടെ ഏജന്റുമാരോ പ്രളയത്തിൽ കേടായ അരിയുടെയും നെല്ലിന്റെയും ഇ-ടെണ്ടറിൽ പങ്കെടുക്കരുതെന്ന് ഇ-ടെണ്ടർ വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇ-ടെണ്ടറിൽ പങ്കെടുത്ത് ടെണ്ടർ കരസ്ഥമാക്കിയ ചില സ്ഥാപനങ്ങൾ മില്ലുടമകളുടെ ബന്ധുക്കളാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളെ ഒഴിവാക്കിയിരുന്നു. ടെണ്ടർ കരസ്ഥമാക്കിയ മറ്റ് സ്ഥാപനങ്ങൾക്ക് സപ്ലൈകോയുമായി കരാറിലുള്ള മില്ലുടമകളുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധം കണ്ടെത്തിയിട്ടില്ല.

(ഡി) ഇ-ടെണ്ടർ മുഖേന മൂവാറ്റുപുഴ ഡിപ്പോയിൽ ലഭിച്ച 1800 ചാക്ക് അരി നിശ്ചിത ഗുണനിലവാര മാനദണ്ഡം പാലിക്കാത്തതിനാൽ ഡിപ്പോയിൽ നിരസിക്കുകയും ഇത് പിന്നീട് മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയങ്ങൾ പ്രളയത്തിൽ കേടായ അരിയുമായും നെല്ലുമായും ബന്ധമുള്ളതല്ല.

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 29-11-2018-ലെ WP(C) 34566/2018-ാം നമ്പർ അന്തിമ ഉത്തരവ് താഴെ പറയും പ്രകാരമാണ് :

" Despite finding, prima facie, that the terms and conditions of the tender clearly safeguarded against any possible misuse of the damaged rice and paddy subsequent to the tender process, we took note of the apprehension raised by the petitioners and found that certain additional safeguards would be required in order to ensure that the damaged rice and paddy purchased by the successful tenderers, pursuant to the auction

process, did not find its way into the manufacture of edible food products intended for human consumption. We accordingly directed the 2nd respondent in the Writ Petition to produce a format of the undertaking to be obtained from the successful tenderers, at the time of delivering the purchased goods to them" .

(എഫ്) ആരോഗ്യ പ്രശ്നങ്ങളുണ്ടാകുവാനുള്ള സാധ്യത കണക്കിലെടുത്ത് കരാറുകാരുടെയും മില്ലുകളുടെയും വിശദ വിവരങ്ങൾ ഡി.ജി.പി., ഫുഡ് സേഫ്റ്റി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ എന്നിവരെ അറിയിക്കുകയും വിപണിയിലും സംഭരണ ശാലകളിലും നടത്തുന്ന പരിശോധനകളിൽ ഇക്കാര്യം ഉൾപ്പെടുത്തി കർശന നടപടി എടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പരിശോധനകളിലും ഇക്കാര്യം പരിശോധിച്ച് കർശന നടപടി സ്വീകരിക്കുവാൻ വിജിലൻസ് ആഫീസർക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**ആശുപത്രിയിലെ കിടപ്പുരോഗികൾക്ക് അരി നൽകുന്നതിന് നടപടി**

321 (2193) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പ് പുതിയകാവ് നെഞ്ച് രോഗാശുപത്രിയിലെ കിടപ്പുരോഗികൾക്ക് ഭക്ഷണം നൽകുന്നതിനുവേണ്ടി സൗജന്യമായി അരി നൽകിയിരുന്നത് എന്ന് മുതലാണ് നിർത്തിവച്ചത്; അരി വിതരണം നിർത്തിയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഈ ആശുപത്രിയിലേയ്ക്കാവശ്യമായ അരി ലഭ്യമാക്കുന്നതിനും പാവപ്പെട്ട രോഗികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിക്ക് അനുവദിച്ചിട്ടുള്ള എ.പി.എൽ. പെർമിറ്റിന് 1/2019 മുതലാണ് വിതരണം നിർത്തിവച്ചിട്ടുള്ളത്. എസ്റ്റാബ്ലിഷ്മെന്റ്/ എ.പി.എൽ. പെർമിറ്റുകൾക്ക് ഭക്ഷ്യധാന്യം നൽകിയിരുന്നത് മുൻഗണനേതര വിഭാഗത്തിനുള്ള ടൈഡ് ഓവർ വിഹിതത്തിൽ നിന്നുമായിരുന്നു. എന്നാൽ ടി വിഹിതം അപര്യാപ്തമായതിനാൽ ഈ പെർമിറ്റുകൾ താൽക്കാലികമായി പുതുക്കി നൽകിയിരുന്നില്ല.

(ബി) കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, സർക്കാർ ധർമ്മ സ്ഥാപനങ്ങൾ മാനസിക രോഗാശുപത്രികൾ, ത്വക്ക് രോഗ ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളെക്കൂടി സംസ്ഥാനത്തെ ക്ഷേമസ്ഥാപനങ്ങളായ അഗതി മന്ദിരങ്ങൾ, വൃദ്ധ സദനങ്ങൾ മുതലായ സ്ഥാപനങ്ങൾക്കും, എസ്.സി.എസ്.റ്റി. ഒ.ബി.സി. ഹോസ്റ്റലുകൾ എന്നിവയ്ക്കും ഭക്ഷ്യധാന്യങ്ങൾ നൽകുന്ന കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി വെൽഫെയർ പെർമിറ്റ് പ്രകാരം ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം സജീവമായി പരിഗണിച്ചുവരുന്നു.

**ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാനുള്ള സംവിധാനം**

322 (2194) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ വിതരണത്തിന് ഗോഡൗണുകളിൽ എത്തിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

FCI/CMR മില്ലുകളിൽനിന്ന് ആവശ്യമായ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ ഗോഡൗണുകളിൽ സംഭരിക്കുകയും സ്റ്റോക്കിന്റെ ഗുണനിലവാരം സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സ്റ്റോക്കിൽ കീടബാധ ഉണ്ടാകാതിരിക്കുന്നതിന് സ്പ്രേയിംഗ്, ഫ്യൂമിഗേഷൻ മുതലായവ യഥാസമയം നടത്തുകയും എലിശല്യം ഒഴിവാക്കുന്നതിന് നിശ്ചിത മാനദണ്ഡ പ്രകാരം എലിവിഷം ഉപയോഗിക്കുകയും ചെയ്യുന്നു. First in First Out തത്വം പാലിച്ച് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനാൽ കേടാകാനുള്ള സാധ്യത തുലോം കുറവാണ്.

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രവർത്തനങ്ങൾ**

323 (2195) <u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ച് നിർത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സപ്ലൈകോ പുതുതായി മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിച്ചിട്ടുണ്ടോ;

(ഡി) അവശ്യ വസ്തുക്കളുടെ വിലസ്ഥിരത ഉറപ്പുവരുത്തുന്നതിന് സപ്ലൈകോ നടത്തുന്ന വിപണി ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സബ്സിഡി നിരക്കിൽ പതിനാലിനം അവശ്യ സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയിലേതിനെക്കാൾ 10 മുതൽ 20 % വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ ശബരി ബ്രാൻഡിലും എംആർപി.-യേക്കാൾ ശരാശരി 5 മുതൽ 30% വരെ വിലക്കുറവിൽ FMCG (Fast moving consumer goods) സാധനങ്ങളും ലഭ്യമാക്കിവരുന്നു. സബ്സിഡി സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി 2018 ആഗസ്റ്റ് മുതൽ ഓൺലൈൻ സംവിധാനം ഉപയോഗിച്ചുള്ള ബില്ലിംഗ് ഏർപ്പെടുത്തുകയും വിപണന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഗൃഹോപകരണങ്ങളുടെയും കുപ്പി വെള്ളത്തിന്റെയും വിൽപ്പന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുകയും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃ സൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സപ്ലൈകോ പുതുതായി 41 മാവേലി സ്റ്റോറുകളും 8 സൂപ്പർ മാർക്കറ്റുകളും 5 മാവേലി സൂപ്പർ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്.

(ഡി) പൊതുവിപണിയിലേതിനേക്കാൾ ശരാശരി 20% മുതൽ 50% വരെ വിലക്കുറവിൽ സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തി സപ്ലൈകോ കാര്യക്ഷമമായ വിപണി ഇടപെടലുകൾ നടത്തിവരുന്നു. നാഫെഡ് മുഖേനയും ഇ-ഓക്ഷൻ, ഇ-ടെണ്ടർ വഴിയും ഭക്ഷ്യ സാധനങ്ങൾ സംഭരിക്കുന്നതിനാൽ വിപണിയിൽ വില സ്ഥിരത ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്.

## സപ്ലൈകോ ഔട്ട്‌ലെറ്റുകളിലും മാവേലി സ്റ്റോറുകളിലും ഇ-പോസ് സംവിധാനം

324 (2196) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോ ഔട്ട്‌ലെറ്റുകളിലും മാവേലി സ്റ്റോറുകളിലും ഇ-പോസ് സംവിധാനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

സപ്ലൈകോ ഔട്ട്‌ലെറ്റുകളിലും മാവേലി സ്റ്റോറുകളിലും ഇ-പോസ് സംവിധാനം ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## സപ്ലൈകോയുടെ നെല്ല് സംഭരണം

325 (2197) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സപ്ലൈകോയുടെ നെല്ല് സംഭരണ കേന്ദ്രങ്ങൾ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്ന മില്ലുടമകൾ നൽകേണ്ട കസ്റ്റം മിൽ റൈസ്(സി.എം.ആർ.) താഴ്ത്തിയതിനെ തുടർന്ന് സപ്ലൈകോയ്ക്കുണ്ടായ നഷ്ടം എത്രയാണ്; ഇതിന് ഇടയായ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) നെല്ല് സംഭരണത്തിന്റെ ഭാഗമായി സപ്ലൈകോയ്ക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷി ഭവനുകൾ കേന്ദ്രമാക്കി എല്ലാ ജില്ലകളിലും സപ്ലൈകോയുടെ നെല്ല് സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

(ബി) സംസ്ഥാനത്ത് സംഭരിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 64.5% ആയി കുറച്ചതിനെത്തുടർന്ന് 2019 മാർച്ച് 31 വരെ 39.27 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥ വ്യതിയാനവുംമൂലം ഒരു ക്വിന്റൽ നെല്ലിൽ നിന്ന് 68% അരി തിരികെ ലഭിക്കുന്നില്ലായെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിഷയം ശാസ്ത്രീയമായി പരിശോധിച്ച് ആയതിന്റെ നിജസ്ഥിതി കണ്ടെത്തുന്നതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗ തീരുമാനപ്രകാരമാണ് ഒരു ക്വിന്റൽ നെല്ലിൽ നിന്ന് ലഭിക്കേണ്ട അരിയുടെ അളവ് 68% -ൽ നിന്ന് 64.5% ആയി കുറച്ചത്.

(സി) നെല്ല് സംഭരണ പദ്ധതിയുമായി ബന്ധപ്പെട്ട് 2019-20-ലെ ബഡ്ജറ്റിൽ 525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. PRS (Paddy Receipt Sheet) വായ്പ പദ്ധതിയിനത്തിൽ ബാങ്കുകൾക്ക് പലിശയിനത്തിൽ നൽകാൻ ചെലവായ തുകയും നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 64.5% ആയി കുറച്ചതുമൂലമുള്ള സാമ്പത്തിക ബാധ്യതയും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കർഷകർക്ക് സംഭരിച്ച നെല്ലിന്റെ പണം നൽകുന്നതിന് നടപടി**

326 (2198) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം എത്ര ടൺ നെല്ലാണ് സർക്കാർ സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംഭരിച്ച നെല്ലിന്റെ പണം കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2018-19 സീസണിൽ 5-6-2019 വരെ 6.87 ലക്ഷം മെട്രിക് ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത്.

(ബി) സംഭരിച്ച നെല്ലിന്റെ പണം കർഷകർക്ക് സമയബന്ധിതമായി PRS (Paddy Receipt Sheet) ലോൺ മുഖേന ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 16 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇപ്രകാരം സംഭരിച്ച നെല്ലിന്റെ വില താമസം കൂടാതെ തന്നെ കർഷകർക്ക് ലഭ്യമാകുന്നു.

**നാട്ടിക സപ്ലൈകോ ഗോഡൗൺ**

327 (2199) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാട്ടിക നിയോജകമണ്ഡലത്തിലെ നാട്ടിക വില്ലേജിൽ സപ്ലൈകോ ഗോഡൗൺ സ്ഥാപിക്കുന്നതിന് ശിപാർശ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) തീരുമാനം ആയിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) സപ്ലൈകോ ഗോഡൗൺ എന്നത്തേയ്ക്ക് നടപ്പിലാക്കുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സപ്ലൈകോയ്ക്ക് ആവശ്യമായ ഭൂമി കമ്പോള വില ഈടാക്കി പതിച്ചുനൽകുന്നതിനോ പാട്ട വ്യവസ്ഥയിൽ പതിച്ചുനൽകുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) ഭൂമി ലഭിക്കുന്ന മുറയ്ക്ക് ഗോഡൗണുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക**

328 (2200) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത തസ്തികയിൽ താല്ക്കാലികമായി ജോലിചെയ്യുന്നവർ എത്രയാണെന്നും വിശദമാക്കാമോ;

(ബി) ഈ തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; താൽക്കാലികമായി ജോലി ചെയ്യുന്നവരെ സപ്ലൈകോയിൽ സ്ഥിരപ്പെടുത്തുവാൻ പോകുന്നതായ വാർത്തകൾ വസ്തുതാപരമാണോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിലവിൽ 85 ഒഴിവുകളുണ്ട്. പ്രസ്തുത തസ്തികയിൽ താൽകാലികമായി ആരെയും നിയമിച്ചിട്ടില്ല.

(ബി) ഈ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ താൽക്കാലികമായി ആരെയും നിയമിച്ചിട്ടില്ല.

(സി) ഈ തസ്തികയിലെ ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ പി.എസ്.സി.-യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടത്തിവരുന്നു.

## കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ വില

329 (2201) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ വില നൽകാത്തതുമൂലം അവർ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വില നൽകാത്തതിനുള്ള കാരണമെന്താണ്;

(ബി) ഇത്തവണ എത്ര മെട്രിക് ടൺ നെല്ലാണ് സംഭരിച്ചത്; ഓരോ ജില്ലയിലും ഇക്കാര്യത്തിൽ നൽകുവാനുള്ള കുടിശ്ശികയുടെ വിശദാംശം നൽകുമോ;

(സി) കുടിശ്ശിക അടിയന്തരമായി നൽകി കർഷകരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില PRS (Paddy Receipt Sheet) വായ്പാ പദ്ധതിയിലൂടെ നൽകിവരുന്നുണ്ട്. തിരിച്ചടവ് കാലാവധി 3 മാസമായി നിജപ്പെടുത്തിയിട്ടുള്ള ചില ബാങ്കുകളുടെ വായ്പാ തിരിച്ചടവിന് താമസം നേരിടുകയും പ്രസ്തുത ബാങ്ക് വഴി കർഷകർക്ക് നൽകി വരുന്ന ലോണിന് താൽകാലികമായി ചില തടസ്സം നേരിടുകയും ചെയ്യുന്നുണ്ട്.

(ബി) 2018-19 സീസണിൽ 5-6-2019 വരെ 6.87 ലക്ഷം മെട്രിക് ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളത്. കുടിശ്ശികയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) യഥാസമയം ഫണ്ട് അനുവദിച്ച് കുടിശ്ശിക തീർപ്പാക്കി കർഷകരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

330 (2202) ശ്രീ. എം. സ്വരാജ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ബി. സത്യൻ:
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വകുപ്പിന്റെ വിവിധ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അതുവഴി അഴിമതിയും കാലതാമസവും ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) പൊതുജനങ്ങൾക്ക് വകുപ്പിനെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും പരാതികൾ നൽകുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും 14 പുതിയ ഇൻസ്പെക്ടറാഫീസുകൾ ആരംഭിക്കുകയും 14 ഇൻസ്പെക്ടർ തസ്തികകൾ ഉൾപ്പെടെ 63 സ്ഥിരം തസ്തികകളും, 42 ദിവസവേതന തസ്തികകളും സൃഷ്ടിക്കുകയും ചെയ്തു. വകുപ്പിൽ ഇന്റേണൽ ആഡിറ്റ് വിംഗും ഐ.റ്റി. സെല്ലും രൂപീകരിച്ചു. 14 പുതിയ വാഹനങ്ങൾ അനുവദിക്കുകയും വകുപ്പിന്റെ 41 വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. തിരുവനന്തപുരം പട്ടത്ത് വകുപ്പിന്റെ ആസ്ഥാന മന്ദിരവും ലബോറട്ടറി കോംപ്ലക്സും, കൊല്ലത്ത് ജില്ലാ ഓഫീസ് കെട്ടിടവും നിർമ്മാണം പൂർത്തിയായിവരുന്നു.

(ബി) ലീഗൽ മെട്രോളജി വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 14 പുതിയ വാഹനങ്ങൾ അനുവദിച്ചു. വകുപ്പിന്റെ 41 വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തി. ഉപഭോക്താക്കൾക്ക് വകുപ്പിന്റെ സേവനങ്ങളെ സംബന്ധിച്ച സംശയ ദൂരീകരണത്തിനും, പരാതികൾ നൽകുന്നതിനുമായി ടോൾ ഫ്രീ നമ്പർ, കാൾസെന്റർ, 'സുതാര്യം' മൊബൈൽ ആപ്പ് എന്നിവയും പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലും ഇൻസ്പെക്ടറാഫീസുകളും ആരംഭിച്ചു.

(സി) വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ നിന്നും നൽകി വരുന്ന പായ്ക്കർ/ഇംപോർട്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, അളവുതൂക്ക ഉപകരണങ്ങളുടെ നിർമ്മാണ, വിതരണ, റിപ്പയർ ലൈസൻസുകൾ എന്നിവ പൂർണ്ണമായും ഓൺലൈനിലൂടെ നൽകുന്ന ലീഗൽ മെട്രോളജി ഓപ്പറേഷൻസ് മാനേജ്മെന്റ് സിസ്റ്റം (LMOMS) എന്ന പോർട്ടൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. 1-12-2018 മുതൽ ടി സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈനായിട്ടാണ് നൽകിവരുന്നത്. ഇതിലൂടെ ടി സേവനങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിനും, വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) പരാതികൾ നൽകുന്നതിനായി 'സുതാര്യം' എന്ന മൊബൈൽ ആപ്ലിക്കേഷൻ, കാൾ സെന്റർ, ജി.പി.എസ്. അധിഷ്ഠിത വാഹനങ്ങൾ എന്നിവ നിലവിലുണ്ട്. കൂടാതെ വെബ്സൈറ്റ് (lmd.kerala.gov.in) ഇ-മെയിൽ (clm.lmd@kerala.gov.in) ടെലിഫോൺ എന്നിവ മുഖേനയും പൊതുജനങ്ങൾക്ക് പരാതികൾ നൽകാവുന്നതാണ്. ടി പരാതികൾ വേഗത്തിൽ പരിഹരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. കൂടാതെ നവ മാധ്യമങ്ങളായ ഫേയ്സ്ബുക്ക്, ട്വിറ്റർ എന്നിവയിൽ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്.

FaceBook ID:- Department of Legal Metrology @ clmkerala facebook.com/clmkerala

Twitter ID:- Legal metrology, Kerala@CMetrology

0471-155300/9400198198 എന്നിവയാണ് കോൾ സെന്ററിൽ ബന്ധപ്പെടാനുള്ള നമ്പറുകൾ.

**കമ്പോളങ്ങളിലെ ത്രാസുകളുടെ പരിശോധന**

331 (2203) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പ് കമ്പോളങ്ങളിലെ ത്രാസുകളും തൂക്കങ്ങളും പാക്കറ്റുകളുടെ അളവുകളും നിരന്തരമായി പരിശോധിക്കാത്തതുകൊണ്ട് ഉപഭോക്താക്കൾ വഞ്ചിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പിന്റെ ഈ പരിശോധന ചെങ്ങന്നൂരിൽ കർശനമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് 2018-19 വർഷത്തിൽ എത്ര കുറ്റങ്ങളാണ് പ്രസ്തുത വിഷയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല. നിരന്തരമായി പരിശോധനകൾ നടത്തിവരുന്നു.

(ബി) സംസ്ഥാനമൊട്ടാകെ പരിശോധനകൾ നടത്തിവരുന്നു.

(സി) 22042

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

332 (2204) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) കരാർ വ്യവസ്ഥ പ്രകാരം പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ എന്നാണ് പൂർത്തീകരിക്കേണ്ടത്;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ഇപ്പോൾ എന്തൊക്കെ ഇളവുകളാണ് സർക്കാർ അദാനി ഗ്രൂപ്പിന് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കരാർ പ്രകാരം 2019 ഡിസംബർ 3-നാണ് തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടത്. പദ്ധതിയുടെ നിലവിലെ സാഹചര്യങ്ങൾ വിലയിരുത്തി ഇന്റിപെൻഡന്റ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പ്രോജക്ട് പൂർത്തീകരിക്കുന്നതിന് അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കരാർ പ്രകാരം 2019 ഡിസംബർ 3-നാണ് പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടത്.

(സി) ഇളവുകൾ ഒന്നും നൽകിയിട്ടില്ല.

## തുറമുഖ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ടഗ് മാറ്റാൻ നടപടി

333 (2205) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറ്റകുറ്റ പണികൾക്കായി കൊണ്ടുവന്ന തുറമുഖ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ടഗ് ഇടക്കൊച്ചിയിലെ പാമ്പായിമൂലയ്ക്ക് കിഴക്കുവശം വേമ്പനാട് കായലിൽ, മത്സ്യബന്ധനത്തിനും പരിസ്ഥിതിക്കും തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) കോടികൾ വിലവരുന്ന ഈ ടഗ് സംബന്ധിച്ച് തർക്കങ്ങളോ അന്വേഷണമോ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പരിസ്ഥിതിക്ക് കോട്ടവും മത്സ്യബന്ധനത്തിന് തടസ്സവും സൃഷ്ടിക്കുന്ന ഈ ടഗ് ഇവിടെ നിന്ന് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പാമ്പായിമൂലയ്ക്ക് സമീപമായി കാണുന്ന ജലയാനം തുറമുഖ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതല്ല. 1996-ൽ 600 എച്ച്.പി. ശേഷിയുള്ള ഒരു ടഗ് നിർമ്മിക്കാൻ തുറമുഖ ഡയറക്ടർ ഇടക്കൊച്ചിയിലുള്ള ഡെൽറ്റാ മറൈൻ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയത്ത് പണി പൂർത്തിയാക്കി ടി യാനം തുറമുഖ വകുപ്പിന് കൈമാറാൻ പ്രസ്തുത കമ്പനിക്ക് കഴിഞ്ഞില്ല. കരാർ പ്രകാരമുള്ള സമയത്ത് ജലയാനം കൈമാറാത്തതിനാൽ ടി കമ്പനിയുമായുള്ള കരാർ തുറമുഖ ഡയറക്ടർ റദ്ദ് ചെയ്യുകയും ടി സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തു. ടി നടപടിക്കെതിരെ കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായം തീർപ്പാക്കാത്തതിനാലും ടഗ് വകുപ്പിന് കൈമാറിയിട്ടില്ലാത്തതിനാലും തുടർനടപടി സ്വീകരിക്കാൻ കഴിയാത്ത അവസ്ഥയാണ്.

## വലിയതുറ കടൽപ്പാലം നവീകരണം

334 (T*2206) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തിൽ തകർന്ന വലിയതുറ കടൽപ്പാലം നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നവീകരണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജൂൺ-ജൂലൈ മാസങ്ങളിൽ കടൽക്ഷോഭം രൂക്ഷമാകുന്നത് കണക്കിലെടുത്ത് തീരദേശവാസികളുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ&ബി) വലിയതുറ കടൽപ്പാലത്തിന് കാലപ്പഴക്കത്താൽ കേട് സംഭവിച്ചിട്ടുണ്ട്. ഇതിന്റെ നവീകരണത്തിനായി 27-3-2012-ലെ ജി.ഒ. (ആർ.ടി.)നമ്പർ 276/2012/മ.തു.വ. ഉത്തരവ് പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകി, ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള നവീകരണ പ്രവൃത്തികളും പാരപ്പറ്റ് നിർമ്മാണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. സുരക്ഷാ മതിലിന്റെ നിർമ്മാണം പൂർത്തിയാക്കിയശേഷം ബാക്കിയുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. നവീകരണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി CUSAT-ന്റെ നേതൃത്വത്തിൽ വലിയതുറ പാലത്തിന്റെ Strength Analysis നടത്തിയിരുന്നു. വലിയതുറ പോർട്ട് കോമ്പൗണ്ടിന്റെ സംരക്ഷണ പ്രവൃത്തിക്ക് 5-3-2018-ലെ ജി.ഒ.(ആർ.ടി.) നമ്പർ137/2018/മ.തു.വ. ഉത്തരവ് പ്രകാരം 170 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വലിയതുറ കടൽപ്പാലത്തിനോട് ചേർന്നുള്ളതും കടലാക്രമണത്തെ തുടർന്ന് അപകടാവസ്ഥയിലുമായ സുരക്ഷാമതിൽ നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ പാലത്തിന്റെ അപകടാവസ്ഥ പരിഗണിച്ച് പാലത്തിലേയ്ക്കുള്ള പ്രവേശനം നിയന്ത്രിക്കുന്നതിനായി 24 മണിക്കൂറും സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

**ജലയാനങ്ങളിലെ യാത്രികർക്ക് സുരക്ഷയും ഇൻഷ്വറൻസ് പരിരക്ഷയും**

335 (2207) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-4-2010-ൽ കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് രൂപീകരിച്ച് ഇറക്കിയ വിജ്ഞാപനത്തിൽ ഇൻഷ്വറൻസ് ക്ലെയിം പരിഗണിക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ ഇല്ലാത്തതിനാൽ ജലയാനങ്ങളിലെ യാത്രികർക്ക് സുരക്ഷയും ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസ്സുകൾ പരിഗണിക്കാൻ ആക്സിഡന്റ്സ് ക്ലെയിം ട്രിബ്യൂണലിന് അധികാരം നൽകുന്നതിനോ അല്ലെങ്കിൽ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിം ട്രിബ്യൂണലിന്റെ ചുവടുപിടിച്ച് ഒരു പ്രൊപ്പൽഡ് വെഹിക്കിൾ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനോ ഉള്ള നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ചുള്ള A1/46/18/CSIND ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. 1917-ലെ ഇൻലാൻഡ് വെസൽസ് ആക്ട് ചാപ്റ്റർ VI പ്രകാരം ഇൻലാൻഡ് വെസലുകളുടെ ഇൻഷ്വറൻസ് സംബന്ധമായ കാര്യങ്ങൾ മോട്ടോർ വെഹിക്കിൾ 1988-ലെ ആക്ടിനുതുല്യമായാണ് കണക്കാക്കുന്നത്. 2005-ലെ Inland Vessels Amendment Bill പ്രകാരം "The Accident Claims in inland vessels shall be the same provision of Motor Vehicle Act 1988" എന്നാണ് വ്യവസ്ഥയുള്ളത്. ഇത്തരം കേസ്സുകൾ പരിഗണിക്കാൻ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലിന് പ്രത്യേക അധികാരം നൽകേണ്ടതുണ്ടോയെന്നും, പ്രൊപ്പൽഡ് വെഹിക്കിൾ/ വെസൽ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ രൂപീകരിക്കേണ്ടതുണ്ടോ എന്നുമുള്ള വിഷയത്തിൽ തുറമുഖ ഡയറക്ടർ ഗവൺമെന്റ് പ്ലീഡറോട് നിയമോപദേശം തേടിയിരിക്കുകയാണ്. പ്രസ്തുത നിയമോപദേശം ലഭിച്ച ശേഷം A1/46/18/CSIND എന്ന ഫയലിൽ ഈ വകുപ്പിന്റെ അഭിപ്രായം അറിയിക്കുന്നതാണ്.

**കയ്യൂർ കേന്ദ്രീകരിച്ച് മ്യൂസിയം**

336 (2208) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്യൂർ സമരസേനാനികളുടെ സ്മരണ നിലനിർത്തി കയ്യൂർ കേന്ദ്രീകരിച്ച് മ്യൂസിയം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. മ്യൂസിയം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**നീലേശ്വരം രാജകൊട്ടാരം സംരക്ഷിക്കാനുള്ള നടപടി**

337 (2209) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പ് മുഖേന സംരക്ഷിക്കാൻ തീരുമാനിച്ച സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) നീലേശ്വരം രാജകൊട്ടാരം സംരക്ഷിക്കാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനന്തപുരം ക്ഷേത്രം, അരിക്കാടിക്കോട്ട, പുതിയകോട്ട, ചന്ദ്രഗിരിക്കോട്ട, ബന്തടുക്കക്കോട്ട, പൗവ്വൽ കോട്ട, പീലിക്കോട് ഗുഹ, ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം തുടങ്ങിയ എട്ട് നിർമ്മിതികളാണ് കാസർഗോഡ് ജില്ലയിൽ നിലവിൽ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) നീലേശ്വരം രാജവംശത്തിന് കീഴിലുള്ള തെക്കേ കോവിലകം വലിയമഠത്തിൽ പുരാവസ്തു വകുപ്പിന്റെ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കോവിലകം പുരാവസ്തു വകുപ്പിന് വിലയ്ക്ക് നൽകാൻ തയ്യാറാണെന്ന് കോവിലകത്തിന്റെ അവകാശികൾ ഒരു അനൗപചാരിക സമ്മതക്കുറിപ്പും സമർപ്പിച്ചിരുന്നു. ടി കോവിലകം വിലനൽകി ഏറ്റെടുക്കുന്നതിന് നീലേശ്വരം തെക്കേ കോവിലകം സ്ഥിതി ചെയ്യുന്ന റീ സർവ്വേ 57/1, 57/10 സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലത്തിന് ആറൊന്നിന് 4,05,786 രൂപാ നിരക്കിൽ 53.03 ആറിന് ഭൂമി വില 2,15,18,831 രൂപ (രണ്ട് കോടി പതിനഞ്ച് ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റി മുപ്പത്തി ഒന്ന് രൂപാ മാത്രം) വില നിശ്ചയിച്ച് കാസർഗോഡ് ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

കോവിലകത്തിന്റെ പുരാവസ്തു പ്രാധാന്യം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ക്ഷേത്രങ്ങൾ സംരക്ഷിക്കാൻ പുരാവസ്തു വകുപ്പ് നടപടി

338 (2210) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അത്യപൂർവ്വമായ കൊത്തുപണികൾകൊണ്ടും ചുവർചിത്രമെഴുത്തുകൊണ്ടും പ്രശസ്തമായ മടിയൻകൂലോം ഉദിനൂർ ക്ഷേത്രപാലക ക്ഷേത്രം, ചെറുവത്തൂർ വീരഭദ്ര ക്ഷേത്രം എന്നിവ സംരക്ഷിക്കാൻ പുരാവസ്തു വകുപ്പിൽ നിന്നും നടപടി ഉണ്ടാകുമോ എന്നറിയിക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ സ്ഥിതിചെയ്യുന്ന മടിയൻ കുലോക്ഷേത്രം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനായി ടി ക്ഷേത്രത്തിന്റെ റവന്യൂ വിശദവിവരം പുരാവസ്തു വകുപ്പ് ഡയറക്ടർ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ജില്ലാ കളക്ടർ ലഭ്യമാക്കിയ റവന്യൂ വിശദവിവരത്തിൽ അപാകതയുള്ളതിനാൽ ആയത് പരിഹരിച്ച് എഫ്.എം.ബി സ്കെച്ച് പ്ലാൻ എന്നിവ ഉൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കുവാൻ 26-11-2018-ന് വീണ്ടും കത്ത് നൽകിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദിനൂർ ക്ഷേത്ര പാലക ക്ഷേത്രം കൊട്ടാരം 2011 മുതൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.

ചെറുവത്തൂർ വീരഭദ്രക്ഷേത്രം നിലവിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിതസ്മാരകമല്ല. ആയത് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം പരിശോധിച്ച് സംരക്ഷിതയോഗ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

## വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകം

339 (2211) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകമാക്കുവാനുള്ള 19-1-2017-ലെ 19/17/CAD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചശേഷം ഈ വസ്തുവിൽ എന്തെങ്കിലും ക്രയവിക്രയങ്ങൾ നടന്നതായി പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂമി കൈമാറ്റം നടന്നിട്ടുണ്ടെങ്കിൽ ആയത് നിയമാനുസൃതമാണോ എന്ന് പരിശോധിക്കുമോ;

(സി) സംരക്ഷിത സ്മാരകം ആക്കുവാൻ സർക്കാർ ഉത്തരവായശേഷം വെള്ളാരപ്പള്ളി തെക്കേ കോവിലകത്തെ പുരാവസ്തുക്കളിൽ പൊളിച്ചുനീക്കലുകളോ റിപ്പയറിംഗുകളോ നടന്നുവരുന്നതായി പുരാവസ്തു ഡയറക്ടർക്ക് പരാതി ലഭിച്ചതിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആലുവാ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിലെ വെള്ളാരപ്പിള്ളി തെക്കേ കോവിലകം സംരക്ഷിത സ്മാരകമാക്കുവാനുള്ള 19-1-2017-ലെ 19/17/CAD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചശേഷം ഈ വസ്തുവിൽ എന്തെങ്കിലും ക്രയവിക്രയങ്ങൾ നടന്നതായി പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വെള്ളാരപ്പിള്ളി തെക്കേ കോവിലകം കോമ്പൗണ്ടിലെ പുരാവസ്തുക്കളിൽ അറ്റകുറ്റപ്പണികളും പൊളിച്ചുനീക്കലുകളും നടത്തിക്കൊണ്ടിരിക്കുന്നതായി ബഹുമാനപ്പെട്ട എം.എൽ.എ. പുരാവസ്തു വകുപ്പിനെ അറിയിച്ചതിനെതുടർന്ന് വെള്ളാരിപ്പള്ളി തെക്കേ കോവിലകം കോമ്പൗണ്ടിൽ നടത്തുന്നതോ നടത്തുവാൻ ഉദ്ദേശിക്കുന്നതോ ആയ എല്ലാ അനധികൃത നിർമ്മാണ പ്രവൃത്തികളും നിർത്തിവയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ 20-5-2019-ൽ എറണാകുളം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 20-5-2019-ൽ ഈ വിഷയത്തിൽ സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് ഹിൽപ്പാലസ് മ്യൂസിയം ചാർജ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ചാർജ് ഓഫീസർ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

**കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ പുനരുദ്ധാരണം**

340 (2212) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് ഈ സർക്കാർ അനുവദിച്ചിരുന്നതെന്നും എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടപ്പാക്കിയതെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ സംരക്ഷണത്തിനും പരിസര വികസനത്തിനുമായി പലവിധ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. കൊട്ടാരത്തിന്റെ സമഗ്ര സംരക്ഷണത്തിനായി 2-6-2017-ലെ സ.ഉ (സാധാ)നമ്പർ 366/2017/സാം.കാ.വ. പ്രകാരം 42,00,000 രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 10-2-2019-ലെ സ.ഉ (സാധാ)നമ്പർ 61/2019/സാം.കാ.വ. പ്രകാരം അധികമായി 14,79,287 രൂപയുൾപ്പെടെ ആകെ 56,79,287 രൂപ (42,00,000+14,79,287) ഈ സർക്കാർ അനുവദിക്കുകയുണ്ടായി. ടി തുകയിൽ നിന്ന് 49,75,324 രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഇതുകൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 2-6-2017-ലെ സ.ഉ (സാധാ) നമ്പർ 365/2017/സാം.കാ.വ. പ്രകാരം അനുവദിച്ച 60,69,047 രൂപ ഉപയോഗിച്ച് കൃഷ്ണപുരം പാലസിൽ CCTV സ്ഥാപിച്ചിട്ടുണ്ട്.

പരിസര വികസനത്തിന്റെ ഭാഗമായി പുൽത്തകിടിയും നടപ്പാതയും മറ്റും ഒരുക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 10-5-2018-ലെ സ.ഉ. (സാധാ)നമ്പർ 339/2018/സാം.കാ.വ. പ്രകാരം 61,67,116 രൂപ അനുവദിച്ചിരുന്നു. ഇതിൽ 38,87,154 രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 1890, 1965, 1999, 2017, 2095, 2111, 2130 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II അടിയന്തരപ്രമേയം

### പദ്ധതി പ്രവർത്തനങ്ങളുടെ സ്തംഭനാവസ്ഥ

മി. സ്പീക്കർ: ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും 2018-19 വർഷം നീക്കിവച്ച പദ്ധതിത്തുക ചെലവുചെയ്ത് മാർച്ച് 31-നകം ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിട്ടും പണം നൽകാതെ 2019-20-ലെ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പേമെന്റ് നടത്തുവാൻ തീരുമാനിച്ചതുമൂലവും ഈ വർഷത്തെ പദ്ധതി രൂപരേഖ പുനഃക്രമീകരിക്കേണ്ടി വരുന്നതുമൂലവും 2019-20-ലെ പദ്ധതി പ്രവർത്തനങ്ങൾ സ്തംഭിക്കാനിടയാകുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ യാതൊരു പ്രതിസന്ധിയുമില്ല. ഈ പ്രതിസന്ധി പ്രതിപക്ഷത്തിന്റെ ഭാവനാസൃഷ്ടി മാത്രമാണ്. 2018-19-ൽ 85 ശതമാനമാണ് പ്ലാൻ എക്സ്പെന്റിച്ചർ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ അലോട്ട്മെന്റും ഡെവലപ്മെന്റ് ഫണ്ടും ഈ സർക്കാർ വന്നതിനുശേഷം ക്രമാനുഗതമായി 0.5 ശതമാനംവച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും അത് വെട്ടിക്കുറച്ചിട്ടില്ല. ഈ വർഷത്തെ അലോട്ട്മെന്റ് സർവ്വകാല റെക്കോർഡാണ്. അതിന്റെ 85 ശതമാനവും ചെലവാക്കിയിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 2014-15-ൽ 68 ശതമാനവും 2015-16-ൽ 74 ശതമാനവും 2016-17-ൽ 67 ശതമാനവും ആയിരുന്ന പ്ലാൻ എക്സ്പെന്റിച്ചർ 2017-18-ൽ 84 ശതമാനവും 2018-19-ൽ 85 ശതമാനവുമായിരിക്കുകയാണ്. വിശദീകരണ നോട്ടിൽ പറഞ്ഞിട്ടുള്ളതുപോലെ ബില്ലുകൾ ക്യൂവിൽ ആയിട്ടുണ്ട്. 2015-16-ലാണ് eLAMS സമ്പ്രദായം കൊണ്ടുവന്നത്. ആ സമ്പ്രദായം തന്നെയാണ് ഇവിടെയും തുടരുന്നത്. വെയ്സ് ആന്റ് മീൻസ് പോലും കഴിഞ്ഞ വർഷം കൊടുക്കാൻ പറ്റാത്തത് ക്യൂവിൽ വച്ച് ഈ വർഷം കൊടുക്കുന്നത് പുതിയ കാര്യമൊന്നുമല്ല. വിശദീകരണ കുറിപ്പിൽ പറഞ്ഞതുപോലെയല്ല കാര്യം. 837 കോടി രൂപ കൊടുക്കാനുണ്ടെന്ന് പറഞ്ഞത് സമ്മതിച്ചു. നഗരസഭകൾക്ക് 562 കോടി രൂപ കൊടുക്കാനുണ്ടെന്ന് പറഞ്ഞത് ഇരട്ടിപ്പാണ്. IKM-ന്റെയും ട്രഷറിയുടെയും കണക്കുകൾ കൃത്യമായി

ഒത്തുനോക്കിയപ്പോൾ 837 കോടി രൂപയുടെ ബില്ലുകളാണ് ക്യൂവിൽ ഉണ്ടായിരുന്നത്. അതിൽ 808 കോടി രൂപയും കൊടുത്തുകഴിഞ്ഞു. ഇനി 29 കോടി രൂപ മാത്രമാണ് കൊടുക്കാൻ ബാക്കിയുള്ളത്. ബിൽ എപ്പോൾ തരുന്നുവോ ഉടൻ പണം കൊടുക്കുന്നതാണ്. ക്യാരി ഓവറായി 20 ശതമാനം തുക മാത്രമാണ് കൂടുതലായി പ്ലാനിൽ വയ്ക്കുന്നതിന് അനുവാദം കൊടുത്തിട്ടുള്ളൂവെന്നതാണ് ഒരു ആക്ഷേപമായി പറഞ്ഞിട്ടുള്ളത്. യു.ഡി.എഫ്. ഭരണകാലത്ത് ക്യാരിഓവർ ഉണ്ടായിരുന്നില്ല. ഒരു അലോട്ട്മെന്റും ക്യാരിഓവറായി അനുവദിക്കുന്ന സമ്പ്രദായം ഉണ്ടായിട്ടില്ല. ഇപ്പോൾ 20 ശതമാനം വച്ചിരിക്കുന്നു. പ്ലാൻ റിവൈസ് ചെയ്യാൻവേണ്ടി മൊത്തത്തിൽ അഴിച്ചുപണിയേണ്ടി വരുമെന്നുള്ള ആക്ഷേപമുണ്ട്. എന്തിനാണ് അഴിച്ചുപണിയുന്നത്? നൂറ് ശതമാനം അംഗീകരിച്ച പ്ലാൻ ഉണ്ട്. സ്പിൽഓവർ പ്രോജക്ടുകളും മറ്റും നേരത്തെ ഉണ്ടാക്കിവച്ചിട്ടുള്ളതാണ്. അതിൽ ഏതാണ് ഉൾപ്പെടുത്തേണ്ടതെന്ന് നോക്കി ചെയ്താൽ മതി. അഴിച്ചുപണിയുടെ ഭാരമൊന്നും എനിക്ക് മനസ്സിലാകുന്നില്ല. ഇപ്പോൾ ഞാൻ നോക്കിയിട്ട് ഒരു പ്രതിസന്ധിയും കാണുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ കെ.സി. ജോസഫ് പ്രതിസന്ധി എന്താണെന്ന് വിശദീകരിച്ചാൽ അതുസംബന്ധിച്ച് വിശദമായ മറുപടി പറയാം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഒരു financial wizard ആണ്. അങ്ങ് ആടിനെ പട്ടിയാക്കാൻ മിടുക്കനാണ്. അങ്ങേയ്ക്ക് ബോധ്യപ്പെട്ട കാര്യമാണോ ഇവിടെ പറഞ്ഞത്. ഭൂരിപക്ഷം നഗരസഭകളും പഞ്ചായത്തുകളും ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. അങ്ങ് ഭരണകക്ഷി എം.എൽ.എ.-മാരോട് ചോദിച്ചുനോക്കണം. ഇന്നുവരെയുണ്ടാകാത്ത severe crisis ഉണ്ടായിരിക്കുകയാണ്. അങ്ങിത് കാണാതെ പുകമറയുണ്ടാക്കി യാഥാർത്ഥ്യങ്ങളിൽനിന്ന് ഒളിച്ചോടാൻ ശ്രമിക്കരുത്. പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, നഗരസഭ ചെയർമാൻമാരുടെ ചേമ്പർ തുടങ്ങിയവർ പറയുന്നത് അങ്ങ് കാണുന്നില്ലേ? എൽ.ഡി.എഫ്. പ്രസിഡന്റുമാർ, ഞങ്ങൾക്ക് പറയാൻ നിവൃത്തിയില്ല, നിങ്ങൾ എന്തിനാണ് മിണ്ടാതിരിക്കുന്നത് എന്നാണ് ഞങ്ങളോട് ചോദിക്കുന്നത്. കാരണം, അവർ നിങ്ങളുടെ അച്ചടക്കത്തിന്റെ ചട്ടക്കൂടിലാണ്. നിങ്ങളുടെ വായിൽ നാവില്ലല്ലോ; ഞാൻ പറയുന്നത് നിങ്ങൾക്കുവേണ്ടിയാണ്. കാലാകാലങ്ങളിൽവന്ന ഗവൺമെന്റുകളാണ് കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ മെച്ചപ്പെടുത്തിയത്. അങ്ങ് ഞങ്ങളുടെ കാലത്ത് സ്പിൽ ഓവർ ഇല്ല എന്നുപറഞ്ഞത് ശരിയല്ല. സ്പിൽ ഓവർ ഉണ്ടായിരുന്നു. അങ്ങത് പരിശോധിക്കണം. ഞാനും ഡോ. എം. കെ. മുനീറും

ശ്രീ. മഞ്ഞളാംകുഴി അലിയും ഈ വകുപ്പ് കൈകാര്യം ചെയ്ത മന്ത്രിമാരാണ്. 2011-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ആനുവൽ പ്ലാനായിരുന്നു. ഓരോ കൊല്ലവും പ്ലാൻ ഉണ്ടാക്കുന്നത് മാറ്റി പഞ്ചവത്സര പദ്ധതിയാക്കി. നേരത്തേ ഉണ്ടായിരുന്നത്, സാമ്പത്തിക വർഷം ആരംഭിച്ച് ഗ്രാമസഭ കൂടി ചർച്ചചെയ്ത് ഡി.പി.സി. കൂടി വരുമ്പോൾ ആറ് മാസം കഴിയും. ആ സമ്പ്രദായത്തിൽനിന്നും മാറ്റം വരുത്തി. ഇത്തവണ എല്ലാ പഞ്ചായത്തുകളുടെയും പദ്ധതികൾ ലോക്സഭാ ഇലക്ഷന് മുമ്പായി അംഗീകരിച്ചുകഴിഞ്ഞത് വലിയ മാറ്റമാണ്. ലോക്സഭാ ഇലക്ഷൻ കഴിഞ്ഞാൽ പദ്ധതി ആരംഭിക്കുവാൻ കഴിയുമായിരുന്നു.

ഞങ്ങൾ ഈ വിഷയം അവതരിപ്പിച്ചപ്പോൾ രാഷ്ട്രീയപ്രേരിതം ആണെന്നാണ് അങ്ങ് പറഞ്ഞത്. മുഖ്യമന്ത്രിയുടെയും ഇ.പി. ജയരാജന്റെയും ജില്ലയാണല്ലോ കണ്ണൂർ. അവിടത്തെ മേയർ ശ്രീമതി ഇ. പി. ലത കോൺഗ്രസുകാരിയാണോ? സ്പിൽ ഓവർ പദ്ധതികൾക്കായി തനത് വർഷത്തെ ഫണ്ടിൽനിന്നും 20 ശതമാനം തുക എന്ന നിബന്ധന ഒഴിവാക്കിക്കൊണ്ട് അംഗീകാരം കൊടുത്തില്ലെങ്കിൽ പ്രവർത്തനം സ്തംഭനത്തിലാകും എന്നാണ് കണ്ണൂർ മേയർ പറയുന്നത്. നേരത്തെ ലോക്സഭാ ഇലക്ഷന് മുമ്പായി അഡോപ്റ്റ് ചെയ്ത എല്ലാ പദ്ധതികളും റിവൈസ് ചെയ്യേണ്ടിവരുന്നു. കണ്ണൂർ നഗരസഭയ്ക്ക് 2018-19-ൽ ബഡ്ജറ്റ് വിഹിതം 42 കോടി രൂപയാണ്. അവിടത്തെ സ്പിൽഓവർ 14 കോടി 99 ലക്ഷം രൂപയും ക്യൂവിൽ നിൽക്കുന്ന ബില്ലുകൾ 11 കോടി രൂപയുമാണ്. ഏതാണ്ട് ആനുവൽ പ്ലാനിന്റെ പകുതിയിലേറെ സ്പിൽഓവറും ക്യൂവുമായി നിൽക്കുകയാണ്. ഈ പദ്ധതി മുഴുവൻ മാറ്റണ്ടേ? എങ്ങനെയാണ് ക്യൂ ഉണ്ടായത്? ഇവിടെ പല എം.എൽ.എ.-മാരും നേരത്തെ അനുഭവമുള്ളവരാണ്. കഴിഞ്ഞ കൊല്ലംവരെ, മാർച്ച് 31-ാം തീയതി അർദ്ധരാത്രിവരെ കിട്ടിയ മുഴുവൻ ബില്ലുകൾക്കും പേമെന്റ് നടത്തുന്നതായിരുന്നു സമ്പ്രദായം. ആ വർഷത്തെ ബില്ലാണ് കൊടുക്കുന്നത്. അങ്ങ് പരിഷ്കാരം വരുത്തി ഈ ബില്ലുകൾ എല്ലാം ക്യൂവിലാക്കി. ഈ വർഷം ജനുവരി മുതൽ സാമ്പത്തിക നിയന്ത്രണമായിരുന്നു. ഇതുസംബന്ധിച്ച് അങ്ങയുടെ ഉത്തരവുണ്ട്. റോഡ് മാപ്പ് എന്ത് പേരിട്ട് വിളിച്ചാലും ബിൽ മാറി കിട്ടില്ല. ക്യൂ വന്നത് എങ്ങനെയാണ്? ബിൽ കൊണ്ടുകൊടുക്കുമ്പോൾ ട്രഷറിയിൽ പണമില്ലെന്ന് പറയും. കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയൊന്നുമില്ല, എല്ലാം ഭംഗിയാണെന്ന് മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. കേരളം നേരിടാൻ പോകുന്നത് അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ്. അതിന്റെ സൂചനയാണിത്. ഈ അസംബ്ലിയാണ് demands for grants വോട്ട് ചെയ്യുന്നത്. അസംബ്ലിയിൽ വോട്ട് ചെയ്യുന്നതിനായി ചെയർ വായിക്കുന്നത് എന്താണ്? "ഇന്നയിന്ന വകുപ്പുകൾക്കുവേണ്ടി 7-ാം കോളത്തിൽ

പറയുന്ന തുക 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കാമോ" എന്ന പ്രശ്നമാണ് വോട്ട് ചെയ്യുന്നത്. കഴിഞ്ഞ വർഷത്തെ അലോക്കേഷൻ ആ വർഷംതന്നെ ചെലവഴിക്കാൻ വേണ്ടിയാണ് ഞങ്ങൾ വോട്ട് ചെയ്യുന്നത്. ഇത് മാറ്റാൻ അങ്ങേയ്ക്ക് എന്ത് അധികാരമാണുള്ളത്? What is your authority? Are you above the Legislature? ഈ സഭ വോട്ടുചെയ്ത് 2018-19-ലേയ്ക്ക് അനുവദിച്ച പ്ലാൻ ഫണ്ട് അങ്ങ് ചെലവഴിക്കുന്നില്ല. ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടും അങ്ങ് പണം കൊടുക്കുന്നില്ല. അത് ഇക്കൊല്ലത്തെ പ്ലാൻ ഫണ്ടിൽ adjust ചെയ്യുമെന്നാണ് ഇപ്പോൾ അങ്ങ് പറയുന്നത്. ഇന്നലെവരെയുണ്ടാകാത്ത ഒരു കീഴ്വഴക്കമാണിത്. പഞ്ചായത്തുകളുടെ ഫണ്ടിൽ ഏതാണ്ട് 10 ശതമാനത്തിൽ കൂടുതലും ക്യൂവിലാണ്. അങ്ങനെ ക്യൂവിൽ നിർത്തിയ ഫണ്ടുകൾ കഴിഞ്ഞ വർഷം കൊടുക്കേണ്ടതാണ്. കഴിഞ്ഞവർഷം വരെ അതത് സാമ്പത്തിക വർഷം മാർച്ച് 31 ന് മുമ്പ് നൽകിയ എല്ലാ ബില്ലുകളും മാറി പണം കൊടുത്തിരുന്നു. ഇപ്പോൾ ക്യൂവിലുള്ള തുക കൂടി ഇക്കൊല്ലത്തെ പ്ലാൻ ഫണ്ടിൽനിന്ന് കട്ട് ചെയ്യുമെന്നാണ് ഈ വർഷം പറയുന്നത്. ശ്രീ. എ. സി. മൊയ്തീൻ ഇവിടെയുണ്ട്. അദ്ദേഹം വകുപ്പിന്റെ മന്ത്രിയാണ്. അദ്ദേഹത്തോട് അങ്ങ് ചോദിച്ച് നോക്കുക. കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ വർക്കും ക്യൂവിലെ ബിൽ തുകയും കൂടിയാകുമ്പോൾ ഇത്തവണത്തെ പ്ലാൻ ഫണ്ടിന്റെ ഏതാണ്ട് 50 ശതമാനം തുകയും ഒഴുകിപ്പോകും. പ്ലാൻ മുഴുവൻ റിവൈസ് ചെയ്യണം. അത് ചെറിയ കാര്യമാണോ? ഈ സഭ വോട്ട് ചെയ്ത് പാസ്സാക്കിയ ഡിമാന്റിനെ മറികടക്കാൻ അങ്ങേയ്ക്ക് അധികാരമില്ല. You are not above the legislature. കഴിഞ്ഞ വർഷം ചെലവഴിക്കാനായി ഇവിടെ ചർച്ച ചെയ്ത് വോട്ടുചെയ്ത തുക അനുവദിക്കേണ്ടത് അങ്ങയുടെ ചുമതലയാണ്. അങ്ങ് ആ തുകയെല്ലാം ക്യൂവിലേയ്ക്ക് മാറ്റിയിട്ട് ഇക്കൊല്ലത്തേയ്ക്ക് മാറ്റുന്നു. അതൊരിക്കലും ശരിയായ കാര്യമല്ല. ഭരണഘടനാ ലംഘനമാണ് അങ്ങ് ചെയ്യുന്നത്.

ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി അനുവദിച്ചത് 5113 കോടി രൂപ. ചെലവഴിച്ചത് 4460 കോടി രൂപ. ഇവിടെ അനുവദിച്ച പണം മുഴുവൻ ചെലവുണ്ടായിട്ടില്ല. 80 ശതമാനത്തിൽ താഴെയാണ് ചെലവ്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ വർഷം വോട്ടുചെയ്ത അലോക്കേഷനിൽ ബാക്കി തുക കാണണ്ടേ; ആ പണം എവിടെപ്പോയി? കഴിഞ്ഞ വർഷത്തെ തുകയിൽ 20 ശതമാനത്തിലേറെ ചെലവായില്ലല്ലോ. അപ്പോൾ അത് ചൂണ്ടിക്കാണിക്കുന്നത് there is a very severe financial crisis എന്നാണ്. ട്രഷറി പൂട്ടിയെന്ന് പറയുന്നില്ല, പക്ഷേ ട്രഷറിയിൽ പണമില്ല. ഇത് ക്രമീകരിക്കും, റോഡ് മാപ്പ് ഉണ്ടാക്കുമെന്നൊക്കെ അങ്ങ് പറയുന്നു. നിങ്ങളുടെ 5 വർഷം കഴിയുമ്പോൾ ഇപ്പോഴത്തെ കിഫ്ബിയും മസാല ബോണ്ടും ലൈഫ് പദ്ധതിയുടെ തിരിച്ചടവും

എല്ലാംകൂടിയാകുമ്പോൾ ഇവിടെ അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുണ്ടാകും. അങ്ങ് അധികാരമൊഴിയുമ്പോൾ കേരളം വലിയ കടക്കെണിയിലാകാൻ പോകുകയാണെന്നുള്ളത് കാണാതെ പോകരുത്. മുൻവർഷങ്ങളിൽ മാർച്ച് 31-നുമുമ്പ് ചെലവ് കണക്കാക്കി ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾ മാറി പണം കൊടുത്തിരുന്നതുപോലെ, ഇപ്പോൾ ക്യൂ നിൽക്കുന്ന എല്ലാ ബില്ലുകൾക്കും കഴിഞ്ഞ സാമ്പത്തിക വർഷത്തെ അക്കൗണ്ടിൽ ഉൾപ്പെടുത്തി പണം കൊടുക്കണം. You are bound to do it. You cannot transfer the amount to the next financial year. You have no authority to do that.

രണ്ടാമത്തേത്, സ്പിൽഓവറിന്റെ വർക്കുകൾ ക്യാരിഓവർ ചെയ്യുന്നത് സംബന്ധിച്ചാണ്. കഴിഞ്ഞ കാലങ്ങളിൽ ചെയ്യുന്നതുപോലെ അഡീഷണലായി ഫണ്ട് കൊടുക്കണം. അങ്ങനെ ചെയ്താൽ ഈ വർഷത്തെ പദ്ധതിയിൽ മാറ്റം വരുത്തേണ്ട കാര്യമില്ല. ഇപ്പോൾ ജൂൺ മാസമാണ്. ഇനിയും ഗ്രാമസഭയും സമിതികളും എല്ലാം കൂടി പ്ലാൻ അഴിച്ചുപണിത് ഡി.പി.സി.-ക്ക് വരുമ്പോഴേയ്ക്കും ഈ വർഷം ഏതാണ്ട് ആറേഴ് മാസം കഴിയും. അങ്ങ് ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാൻ ശ്രമിക്കരുത്. അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണിത്. പഞ്ചായത്തുകളുടെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. ഇക്കാര്യം ഞാൻ പറയുന്നത് അങ്ങ് വിശ്വസിക്കണ്ട. എൽ.ഡി.എഫ്.-കാരായ മേയർമാരോടും പഞ്ചായത്ത് പ്രസിഡന്റുമാരോടും അങ്ങ് ചോദിച്ചുനോക്കണം. ഈ ഗുരുതരമായ ക്രൈസിസ് അങ്ങയുടെ സൃഷ്ടിയാണ്. അങ്ങയുടെ സാമ്പത്തിക മാനേജ്മെന്റ്, മിസ്മാനേജ്മെന്റാണ് ഇതിന് കാരണം. ട്രഷറിയിൽ പണമില്ല, പണം കൊടുക്കാൻ സാധിക്കുന്നില്ല. അതിൽനിന്നും അങ്ങ് ഒഴിഞ്ഞുമാറാൻ ശ്രമിക്കരുത്. കേരളത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് ആണല്ലോ പീപ്പിൾസ് പ്ലാൻ തുടങ്ങിവച്ചത്. അതിൽ അങ്ങയുടെയും പങ്കാളിത്തമുണ്ട്. പക്ഷേ ഇന്ന് അത്തരം പദ്ധതികൾ വലിയ പ്രതിസന്ധി നേരിടുന്നുവെന്നുള്ളത് അവഗണിച്ച് പോകരുത്. ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യം മനസ്സിലാക്കണം. അങ്ങ് പറഞ്ഞതുപോലെയല്ല കാര്യങ്ങളുടെ സ്ഥിതി. കഴിഞ്ഞ മാർച്ച് 31-ന് ബിൽ മാറികൊടുക്കാൻ ട്രഷറിയിൽ പണമില്ലായിരുന്നു. അത് ക്യൂവിൽ വാങ്ങിവച്ചു. ക്യൂവിലുള്ള ബില്ലുകൾ നേരത്തെ കൊടുക്കണമായിരുന്നു. അത് കൊടുത്തില്ല. അത് ഈ വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്തു. അത് ശരിയല്ല. കേരളത്തിലെ പഞ്ചായത്തുകളെയും നഗരസഭകളെയും പ്രതിസന്ധിയിലാക്കരുത്. അതീവ ഗുരുതരമായ ഈ വിഷയം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വിശദീകരണം കേട്ടതിനുശേഷവും പ്രശ്നമെന്താണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. സ്പിൽഓവറും ക്യാരിഓവറും തമ്മിൽ കൂട്ടിക്കുഴച്ചുകൊണ്ടുള്ള തെറ്റിദ്ധാരണയാണ് അദ്ദേഹത്തിന്റെ ആശയക്കുഴപ്പത്തിന് കാരണം. നിങ്ങളുടെ ഭരണകാലത്തും സ്പിൽഓവർ ഉണ്ടായിട്ടുണ്ട്. ഈ വർഷം പൂർത്തീകരിക്കാത്ത പ്രോജക്ട് സ്പിൽ ഓവർ ആണ്. ക്യാരിഓവർ എന്നുപറഞ്ഞാൽ അതല്ല. ഈ വർഷം ചെലവഴിക്കാത്ത പണം അടുത്ത വർഷത്തെ അക്കൗണ്ടിൽ ഉൾപ്പെടുത്തി അധികം തരാൻവേണ്ടിയുള്ള ഏർപ്പാടാണ് ക്യാരിഓവർ. അത് യു.ഡി.എഫ്. അവസാനിപ്പിച്ച ചരിത്രം ഞാൻ പറഞ്ഞുതരാം. അതിനുശേഷം അങ്ങ് പറഞ്ഞ ചില വാദങ്ങളെക്കുറിച്ച് പറയാം.

അങ്ങ് സൂചിപ്പിച്ചതുപോലെ മാറിമാറി വന്ന സർക്കാരുകളൊക്കെ ഇതിലേയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്. പക്ഷേ എൽ.ഡി.എഫ്., യു.ഡി.എഫ്. ഗവൺമെന്റുകളുടെ റെക്കോർഡുകൾ താരതമ്യപ്പെടുത്തുന്നത് നല്ലതാണ്. 1997-ലെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായിട്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അന്യാദൃശമായ രീതിയിൽ ഇങ്ങനെ പണം നൽകുന്ന സമ്പ്രദായം വന്നത്. അതിന് രണ്ട് രീതികൾ ഞങ്ങൾ സ്വീകരിക്കുകയുണ്ടായി. ഒന്ന്, നാല് അലോട്ട്മെന്റുകളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം നൽകുന്നു. അത് അവരുടെ പ്ലാൻ പി.ഡി. അക്കൗണ്ടിലിടുന്നു. അത് ലാപ്സാകുന്ന പ്രശ്നമില്ല. അവർ അതിൽനിന്നും ചെലവഴിക്കുന്നു. ആദ്യ വർഷം 50 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളുവെങ്കിൽ ബാക്കി 50 ശതമാനം തുകയും ക്യാരിഓവറായി അടുത്ത വർഷത്തേയ്ക്ക് കൊടുക്കും. ഇപ്പോൾ ശ്രീ. കെ. സി. ജോസഫ് പറഞ്ഞിട്ടുള്ള വാദങ്ങൾ തന്നെയാണ് അവിടെയിരുന്നുകൊണ്ട് ആര്യാടൻ മുഹമ്മദ് സാറും പറഞ്ഞിട്ടുള്ളത്. അങ്ങ് അതൊന്ന് വായിച്ചുനോക്കുന്നത് നല്ലതാണ്. What is your Constitutional right എന്നാണ് എന്നോട് ചോദിച്ചത്. ഈ വർഷത്തെ കൺസോളിഡേറ്റഡ് ഫണ്ട് അടുത്ത വർഷത്തേയ്ക്ക് കൊണ്ടുപോകുന്നതിനെപ്പറ്റി ചോദിച്ചു. അതുതന്നെയാണ് ഇപ്പോൾ അങ്ങും എന്നോട് ചോദിക്കുന്നത്. What was your Constitutional right to have eLAMS? eLAMS എങ്ങനെ കൊണ്ടുവന്നു; എന്താണ് Constitutional right; അതും ക്യൂവിൽ വയ്ക്കുന്നതു തന്നെയല്ലേ? ഡിപ്പാർട്ട്മെന്റിലെ ബില്ലുകൾക്ക് ഈ വർഷം കൊടുക്കാൻ പണമില്ല; അടുത്ത വർഷം തരാമെന്നുപറഞ്ഞ് വയ്ക്കുന്നു. അടുത്തവർഷം കൊടുക്കുമ്പോൾ കഴിഞ്ഞ വർഷത്തെ അക്കൗണ്ടിൽ അങ്ങ് പറഞ്ഞതുപോലെ കൊടുക്കാൻ പറ്റുമോ? ഈ വർഷത്തെ ബഡ്ജറ്റ് ഹെഡ്ഡിൽ നിന്നല്ലാതെ പണം മുൻ അക്കൗണ്ടിൽനിന്ന് എടുത്തുകൊടുക്കാൻ പറ്റുമോ; അതെങ്ങനെ ചെയ്യാൻ സാധിക്കും? ഇങ്ങനെ ചെയ്യാനേ പറ്റുകയുള്ളൂ. ഒരു പ്രൊസീഡ്യുവർ എങ്ങനെയാണ് ചെയ്യുന്നുവെന്നുള്ളത് പറയൂ. ഒന്നാമതായി അങ്ങനെ ചെയ്യൂ.

രണ്ട്, ഇങ്ങനെ എല്ലാവർഷവും അക്യുമുലേറ്റ് ചെയ്യാൻ കഴിയില്ലായെന്നും 80 ശതമാനം ചെലവാക്കാനും 20 ശതമാനം ക്യാരി ഓവർ ചെയ്യാനും പറഞ്ഞു. 80 ശതമാനം ചെലവാക്കിയില്ലെങ്കിൽ അത് ലാപ്സാകും. ഇതാണ് നമ്മൾ ചെയ്തുകൊണ്ടിരുന്നത്. 2003-ൽ ചെയ്തത് എന്താണെന്ന് ശ്രീ. കെ. സി. ജോസഫിന് ഓർമ്മയുണ്ടോ? എന്റെ ഓർമ്മ ശരിയാണെങ്കിൽ ഏതാണ്ട് പ്ലാൻ പി.ഡി. അക്കൗണ്ടിലുള്ള 2000-ത്തോളം കോടി രൂപ ഒറ്റയടിക്ക് പിൻവലിച്ച് ക്യാരിഓവർ അവസാനിപ്പിച്ചു. മൂന്നാമതായി, പ്ലാൻ പി.ഡി. അക്കൗണ്ട് അവസാനിപ്പിക്കുകയും പഞ്ചായത്തിന് പണം അഡ്വാൻസ് കൊടുക്കുന്നതിനുപകരം പണം ചെലവാക്കിക്കഴിഞ്ഞ് ബില്ലുമായി വരുമ്പോൾ ബാക്കിയുള്ള പണം ഡിപ്പാർട്ട്മെന്റിനെപ്പോലെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് കൊടുക്കുകയും ചെയ്യുന്ന രീതി കൊണ്ടുവന്നത് നിങ്ങളാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഈ സമ്മേളനത്തിലെ 29-5-2019-ലെ നക്ഷത്രചിഹ്നമിടാത്ത 414-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ അങ്ങ് പറയുന്നത്, "ട്രഷറികളിൽ 28-3-2019 05.00 മണിവരെ ലഭിച്ചിട്ടുള്ളതും 2018-19 സാമ്പത്തിക വർഷത്തിൽ പാസ്സാക്കാൻ സാധിക്കാത്തതുമായ എല്ലാ ബില്ലുകളും ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയിരുന്നു. 2019 മാർച്ച് 31-വരെ പഞ്ചായത്ത് സമർപ്പിച്ച 834.09 കോടി രൂപയുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക നടപ്പുസാമ്പത്തികവർഷത്തെ കണക്കിൽ ഉൾപ്പെടുത്തി നൽകുന്നതാണ്." എന്നാണ്. എന്റെ ചോദ്യം, പേമെന്റ് ഇക്കൊല്ലം കൊടുക്കാം. എന്നാൽ നടപ്പുസാമ്പത്തികവർഷത്തെ പ്ലാൻ അലോക്കേഷനിൽ ഈ തുക കുറയ്ക്കാതിരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങ് ചോദിച്ചതിന് കൃത്യമായി മറുപടി പറയാം. ഞാൻ പറഞ്ഞുവന്നത് പൂർത്തീകരിച്ചുകഴിഞ്ഞിട്ട് ചോദ്യത്തിലേയ്ക്ക് വരാം. ഇതാണ് 2003-ൽ നിങ്ങൾ വരുത്തിയ മാറ്റം. 2006-ൽ എൽ.ഡി.എഫ്. വരികയും പ്ലാൻ പി.ഡി. അക്കൗണ്ട് പുനഃസ്ഥാപിക്കുകയും ക്യാരിഓവർ വീണ്ടും അനുവദിക്കുകയും ചെയ്ത് അത് തിരുത്തി. നിങ്ങൾ വീണ്ടും അധികാരത്തിൽ വന്നപ്പോൾ 2013-14 വരെ അങ്ങനെ പോയി. 2013-14-ൽ സംസ്ഥാന വരുമാനം 10 ശതമാനമേ വർദ്ധിച്ചുള്ളൂ. തുടർന്നുള്ള വർഷങ്ങളിലും 10 ശതമാനത്തിന്റെ വർദ്ധനവാണുണ്ടായത്. 2014-15-ൽ പ്ലാൻ പി.ഡി. അക്കൗണ്ട് നിർത്തുകയും ഡിപ്പാർട്ട്മെന്റുകൾ ചെയ്യുന്നതുപോലെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ബിൽ സമർപ്പിച്ച് നേരിട്ട് വാങ്ങുന്ന സമ്പ്രദായം കൊണ്ടുവരികയും ക്യാരി ഓവർ അവസാനിപ്പിക്കുകയും ചെയ്തു. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് പണം വിത്ഡ്രോ ചെയ്യുന്ന സമ്പ്രദായം ഇന്നും തുടരുന്നുവെന്നല്ലാതെ വേറെയൊന്നുമില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഈ അടിയന്തരപ്രമേയത്തിനിടയിൽ ഒരു ചോദ്യമാണ് ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ ചോദിച്ചതുപോലെ മാർച്ച് 31-ന് ക്യൂവിൽ നിന്ന ബില്ലുകൾ, ഉദാഹരണത്തിന് ചില ജില്ലാ പഞ്ചായത്തുകൾക്ക് 78 കോടി രൂപ, 80 കോടി രൂപ എന്നീ രീതിയിലാണ് ക്യാരിഓവർ ചെയ്തത്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ, കഴിഞ്ഞ മാർച്ച് 31-ന് ക്യൂവിൽ വന്ന ബില്ലുകൾ ക്യാരിഓവർ ചെയ്ത് 2019-20-ലെ അലോക്കേഷനിൽ നിന്ന് ആ പണം കൊടുക്കണമോ; അതല്ല കഴിഞ്ഞ കൊല്ലത്തെ പണം നിങ്ങൾ അഡീഷണലായി കൊടുക്കുമോ? ഇതാണ് ഇപ്പോൾ പഞ്ചായത്തുകൾ അനുഭവിക്കുന്ന വിഷയങ്ങൾ. ഉദാഹരണത്തിന്, ഞങ്ങൾ പ്രതിനിധാനം ചെയ്യുന്ന മലപ്പുറം ജില്ലാ പഞ്ചായത്തിന് 79 കോടി രൂപയുടെ ഷോർട്ടേജാണുള്ളത്. അങ്ങനെ വരുമ്പോൾ നിലവിൽ അവതരിപ്പിച്ച പദ്ധതികളൊക്കെ മാറ്റി ആ 79 കോടി രൂപ ഇക്കൊല്ലത്തെ, 2019-20-ലെ പദ്ധതിയിൽ കൊടുക്കേണ്ടിവരും. അതിനെന്താണ് ഒരു സൊല്യൂഷൻ? അങ്ങ് പറഞ്ഞത് 16 കൊല്ലം മുമ്പുള്ള ചരിത്രമാണ്. നമ്മൾ കറണ്ട് പോളിസി രീതിയിലേയ്ക്ക് പോകുകയാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, മാർച്ച് 23-ന് കൊടുത്ത ബില്ലുകൾപോലും ക്യൂവിലാണ്. കഴിഞ്ഞവർഷം മാർച്ച് 31-ന് അർദ്ധരാത്രി 12 മണിവരെ കൊണ്ടുവന്ന ബില്ലുകൾക്കും കാശുകൊടുത്തിരുന്നു. ഇതിൽ മാർച്ച് 23-ലെ എക്സ്പെൻഡിച്ചറാണ് പറഞ്ഞിട്ടുള്ളത്. അങ്ങ് പറഞ്ഞ എക്സ്പെൻഡിച്ചർ 85 ശതമാനം എന്നുപറയുന്നത് മാർച്ച് 23-ാം തീയതി കൊടുത്ത ബില്ലാണ്; അതിന് കാശ് കൊടുത്തിട്ടില്ല. മാത്രമല്ല, ഇപ്പോൾ കൊടുത്ത ഡയറക്ഷൻ അങ്ങ് പറയുന്ന രീതിയിലല്ല. ഇവിടെ ശ്രീ. പി. കെ. ബഷീർ പറഞ്ഞ കണക്കുപ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 138 കോടി രൂപയിൽ 76 കോടി രൂപയുടെ പദ്ധതി ഉപേക്ഷിച്ചിട്ട് കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ക്യൂവിൽ നിൽക്കുന്ന പണവും സ്പിൽഓവറിൽ വരുന്ന പണവും കിഴിച്ച് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് ഡയറക്ഷൻ കൊടുത്തിട്ടുള്ളത്. എന്നുപറഞ്ഞാൽ മലപ്പുറം ജില്ലാ പഞ്ചായത്തിന് ആകെ കൊടുത്ത 138 കോടി രൂപയിൽ 76 കോടി രൂപയുടെ പദ്ധതി ഉപേക്ഷിക്കണമെന്നത് ഒരൊറ്റ പഞ്ചായത്തിന്റെ കണക്കാണ്. സംസ്ഥാനത്തെ 852 കോടി രൂപയാണ് ഇങ്ങനെ ഉപേക്ഷിക്കേണ്ടി വരുന്നത്. മാർച്ച് 23-ന് കൊണ്ടുവന്ന ബില്ലുപോലും പാസ്സാക്കാതെ ആ പദ്ധതികൾ ഉപേക്ഷിക്കണമെന്നാണ് ഡി.പി.സി.-യിൽ ഡയറക്ഷൻ കൊടുത്തിട്ടുള്ളത്. അതാണ് ഗുരുതരമായ പ്രശ്നം.

ഡോ. ടി. എം. തോമസ് ഐസക്: സർ, 85 ശതമാനമെന്നുപറയുന്നത് സമർപ്പിക്കപ്പെട്ട ബിൽ അല്ല. അത് ട്രഷറിയിൽനിന്ന് പണം പുറത്ത് കൊടുത്തതിന്റെ കണക്കാണ്. ആദ്യം അത് തിരുത്തണം. കഴിഞ്ഞ വർഷത്തെ അലോക്കേഷന്റെ 85 ശതമാനം പണം കൊടുത്തിട്ടുണ്ട്. ഈ വർഷം 20 ശതമാനം ക്യാരിഓവറായി അഡീഷണലായി വയ്ക്കാൻ അനുവദിച്ചിട്ടുണ്ട്. അത് എത്രയാണോ അതിൽനിന്ന് ഈ ബില്ലുകൾ സമർപ്പിച്ചുകഴിഞ്ഞാൽ അവ കൊടുക്കുന്നതിന് തടസ്സമില്ല. 808 കോടി രൂപയിൽ 28 കോടി രൂപ മാത്രമേ പഴയ ബില്ലിന്റേത് കൊടുക്കുവാൻ ബാക്കിയുള്ളൂ. ഈ വർഷത്തെ അലോക്കേഷൻ തീർന്നുകഴിഞ്ഞിട്ടാണ് ബാക്കിയുള്ള കാര്യങ്ങൾ ആലോചിക്കേണ്ടത്. നിങ്ങളുടെ ഭരണകാലത്ത് ക്യാരിഓവർ അവസാനിപ്പിച്ചിരുന്നു. നിങ്ങൾ ഏത് വർഷമാണ് ക്യാരിഓവർ കൊടുത്തിട്ടുള്ളത്? നിങ്ങളുടെ ഭരണകാലത്ത് 68, 73, 67 ശതമാനം വീതമാണ് ചെലവ്. അതുകൊണ്ട് ക്യാരി ഓവറിന്റെ പ്രശ്നമില്ല. ഈ വർഷത്തെ അലോക്കേഷനുള്ളിൽ എല്ലാം തീർന്നു. പിന്നെയും ബാക്കി പണം സർക്കാരിന് കിട്ടിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അങ്ങനെയല്ല; 85 ശതമാനം പണം ചെലവാകുന്നു. ചില പഞ്ചായത്തുകൾക്ക് 20 ശതമാനത്തെക്കാൾ കൂടുതൽ സ്പിൽഓവർ വന്നേയ്ക്കാം. അത് അവരുടെ എഫിഷ്യൻസിയുടെ കാര്യമാണ്. അതുകൊണ്ട് 20 ശതമാനം ക്യാരിഓവർ അനുവദിച്ചിട്ടുണ്ട്. പ്ലാൻ ആകെ പൊളിച്ച് മാറ്റേണ്ട ആവശ്യമില്ല. നൂറ് ശതമാനത്തിന് പ്ലാൻ അപ്രൂവ്ഡാണ്. അതിനോടൊപ്പം നിങ്ങളുടെ 20 ശതമാനം ഏതൊക്കെയാണ് ഉൾപ്പെടുത്തേണ്ടതെന്നുവച്ചാൽ അത് ഉൾപ്പെടുത്താം. ആ 20 ശതമാനത്തിന്റെ ക്യാരിഓവർ അംഗീകരിച്ചിട്ടുണ്ട്. ഒരുകാലത്തും 20 ശതമാനത്തിനപ്പുറം ക്യാരിഓവർ ഈ സംസ്ഥാനത്തുമുണ്ടായിട്ടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് ഇതിനെ വികാരപരമായി കാണേണ്ട കാര്യമില്ല. ഇത് വളരെ സ്പെസിഫിക്കായിട്ടുള്ള ക്വസ്റ്റ്യനാണ്. സ്പിൽഓവറിന്റെ കാര്യവും 85 ശതമാനം കഴിഞ്ഞ വർഷത്തെ എക്സ്പെൻഡിച്ചറിന്റെ കാര്യവും അങ്ങേയ്ക്കറിയാം. കഴിഞ്ഞ വർഷത്തെ സ്പിൽഓവർ കൂടി വന്നിട്ടാണ് 85 ശതമാനം എക്സ്പെൻഡിച്ചർ വരുന്നത്. ഈ വർഷം കഴിഞ്ഞ വർഷത്തെ ക്യൂവിൽനിന്ന എമൗണ്ട് പ്ലസ് സ്പിൽഓവർ വർക്ക് ഇതെല്ലാംകൂടി വരുമ്പോൾ അദ്ദേഹം ഒരു ഉദാഹരണം പറഞ്ഞു, 60 ശതമാനത്തിന് മുകളിൽ ബാലൻസ് വരുന്ന എമൗണ്ട് മാത്രമേ ഈ വർഷത്തെ പദ്ധതി ഫണ്ടിലേയ്ക്ക് വരുന്നുള്ളൂ. കഴിഞ്ഞ വർഷത്തെ പണം എടുത്ത് ഈ വർഷം കൊടുക്കാൻ കഴിയുമോയെന്ന് അങ്ങ് ചോദിച്ചു. കൊടുക്കാൻ കഴിയില്ലായെന്ന് അങ്ങേയ്ക്കും നമുക്കും അറിയാം. ഈ വർഷത്തെ ഫണ്ടിൽനിന്ന് ധനകാര്യ വകുപ്പ് ഒരു പഞ്ചായത്തിന് അല്ലെങ്കിൽ ഒരു മുനിസിപ്പാലിറ്റിക്ക് കൊടുക്കുന്ന പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കാനുള്ള പിന്തുണ കൊടുക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ചോദ്യത്തിന് ഉത്തരം ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ക്യാരിഓവർ സമ്പ്രദായം ഉണ്ടായിരുന്നില്ല. അതിനുപകരം 20 ശതമാനം ക്യാരിഓവർ അനുവദിക്കുന്നുണ്ട്. 20 ശതമാനം ക്യാരിഓവറിൽ നിന്നുകൊണ്ട് പദ്ധതി തയ്യാറാക്കേണ്ടിവരും. അത് തയ്യാറാക്കുന്നതിന് പദ്ധതിയാകെ പൊളിച്ചെഴുതേണ്ട കാര്യമില്ല. ഏതാണോ സ്പിൽഓവറിൽ ഉൾപ്പെടുത്തേണ്ടതെന്ന് വച്ചാൽ അതുൾപ്പെടുത്തിയാൽ മതി.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ മന്ത്രി ശ്രീ. എ. സി. മൊയ്തീൻ ഇവിടെയുണ്ട്. 15-5-2019-ലെ എൽ.എസ്.ജി.ഡി.-യുടെ ഉത്തരവിൽ, '2019 മാർച്ച് അവസാനം ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും പേമെന്റുകളെല്ലാം കഴിയാതെ ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ടുകളും സ്പിൽഓവറായി ഉൾപ്പെടുത്തേണ്ടതാണ്. സ്പിൽഓവർ പ്രോജക്ടുകൾകൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് നോട്ടീസ് സ്വീകരിക്കേണ്ടതാണ് ' എന്നാണ് പറഞ്ഞിരിക്കുന്നത്. ചോദ്യം കൃത്യമാണ്. ഇത്തവണത്തെ പദ്ധതി കട്ട് ചെയ്യാതെ ക്യൂവിൽ നിന്ന ബില്ലുകളുടെ, മാർച്ച് 31-ന് കൊടുക്കേണ്ട ബില്ലുകളുടെ തുക കൊടുക്കുമോ? ചോദ്യം വളരെ സിമ്പിളാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഉത്തരവും വളരെ സിമ്പിളാണ്. 85 ശതമാനം പണം ചെലവാക്കിയിട്ടുണ്ട്. ബാക്കി 15 ശതമാനമാണ് ക്യൂ വന്നാൽപ്പോലും നൽകാനുള്ളത്. 20 ശതമാനം ക്യാരിഓവർ അംഗീകരിച്ചിട്ടുണ്ട്. ഏതെങ്കിലും പഞ്ചായത്തിന് 20 ശതമാനത്തിനപ്പുറം ക്യൂവിൽ നിന്ന ബില്ലുകളുണ്ടെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിക്കാം ..... (ബഹളം).....

മി. സ്പീക്കർ: ഏതെങ്കിലും പഞ്ചായത്തുകളുടെ സ്പിൽഓവർ പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ടെങ്കിൽ പരിഗണിക്കാമെന്ന് അദ്ദേഹം വ്യക്തമാക്കിയല്ലോ. അദ്ദേഹം പറഞ്ഞത് വളരെ വ്യക്തമാണ്. .....(ബഹളം).... പ്ലീസ്... നിങ്ങൾ സീറ്റിൽ പോയിരിക്കൂ ....യെസ്... പ്ലീസ്....

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, പഞ്ചായത്തുകളുടേതല്ലാത്ത ധാരാളം കുഴപ്പങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. പ്രളയത്തിന്റെയും ഇലക്ഷന്റെയും കാലമായിരുന്നു. കൂടാതെ 2018 ഡിസംബർ മുതൽ ഫെബ്രുവരി വരെ ട്രഷറി ക്ലോസായിരുന്നു. ഒരു ബില്ലും ആ സമയത്ത് എടുത്തിട്ടില്ല. ഇത്തരം പ്രതിസന്ധിയിലൂടെവന്ന വിഷയത്തിൽ പഞ്ചായത്തുകളെ

എന്തിന് ബുദ്ധിമുട്ടിക്കണം? അങ്ങ് ഒരു കാര്യം സമ്മതിക്കണം. പണം ഇല്ലാത്തതല്ലേ പ്രശ്നം; ധനകാര്യ വകുപ്പുമന്ത്രിയുടെ അറിവോടുകൂടിയല്ലാതെ ധനകാര്യ വകുപ്പ് ഒരു കത്ത് നൽകില്ലല്ലോ; ഈ വിഷയം വച്ചുകൊണ്ട് മലപ്പുറം ജില്ലാ പഞ്ചായത്ത് കത്ത് നൽകിയപ്പോൾ 'മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ സൂചനയിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.' എന്നാണ് ധനകാര്യ വകുപ്പ് മറുപടി നൽകിയത്. സാമ്പത്തിക പ്രതിസന്ധി കാരണമാണ് ഈ വിഷയമൊക്കെ ഉണ്ടാക്കിയതെന്ന് ധനകാര്യ വകുപ്പ് കുറ്റസമ്മതം നടത്തുമ്പോൾ അങ്ങ് ഇവിടെനിന്ന് പൈസയുടെ കാര്യത്തിൽ പ്രശ്നമില്ലെന്ന് പ്രസംഗിച്ചിട്ട് എന്താണ് കാര്യം, ഇത് രേഖയല്ലേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നിലവിലുള്ള പദ്ധതി ഡിസംബർ മാസത്തിൽ തയ്യാറാക്കിയതാണ്. അഞ്ച് വർഷത്തെ റോളിംഗ് പ്ലാനിനെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ വർഷംതന്നെ പദ്ധതി തയ്യാറാക്കി അപ്രൂവ് ചെയ്തുകഴിഞ്ഞു. ഇനിയുള്ളത് ആ പദ്ധതി പൊളിച്ചു പണിയലല്ല. 20 ശതമാനംകൂടി ക്യാരിഓവർ അനുവദിച്ചതിന്റെ പശ്ചാത്തലത്തിൽ ആ 20 ശതമാനം തുകയിൽ ഏതെല്ലാം സ്പിൽഓവർ പ്രോജക്ടുകളോ നിലവിലുള്ള ബില്ലുകളോ ഉൾപ്പെടുത്തണമെന്ന് തീരുമാനിച്ചാൽ മാത്രം മതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടുന്ന പണം കുറയാൻ പോകുന്നില്ലെന്ന കാര്യം നാം ഓർക്കേണ്ടതാണ്. ഞാൻ നിയമസഭയിൽ വ്യക്തമാക്കിയതുപോലെ ഏതാണ്ട് 1300 കോടി രൂപയുള്ള ഗ്രാമീണ റോഡുകൾക്ക് ഭരണാനുമതി നൽകി, അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കാൻ പോകുകയാണ്. ഇതിനുപുറമെയാണ് കഴിഞ്ഞ ദിവസം വ്യക്തമാക്കിയതുപോലെ സി.എം.ഡി.ആർ.എഫ്.-ൽ നിന്നും ഒരു ഭാഗം ഗ്രാമീണ റോഡുകൾക്കുവേണ്ടി നീക്കിവയ്ക്കുന്നത്. അത്രയും അധിക പണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം അവർ വഴി ചെലവഴിക്കാൻ പോകുകയാണ്. ഇപ്പോൾ 20 ശതമാനം ക്യാരിഓവർ അനുവദിച്ചിട്ടുണ്ട്. ഏതെങ്കിലും പഞ്ചായത്തിന് 20 ശതമാനംകൊണ്ടും അവരുടെ പെൻഡിംഗ് ബില്ലുകൾ തീരുന്നില്ലെങ്കിൽ അത് പരിഗണിക്കാമെന്നാണ് ഞാൻ പറഞ്ഞത്. സ്പിൽഓവർ മുഴുവൻ അനുവദിക്കണമെന്ന് പറഞ്ഞാൽ, എന്നാണ് സ്പിൽഓവർ മുഴുവൻ അനുവദിച്ചിട്ടുള്ളത്? ജനകീയാസൂത്രണം വന്ന കാലം മുതൽ ഇന്നുവരെ സ്പിൽ ഓവർ മുഴുവൻ ക്യാരിഓവർ ചെയ്യാൻ അനുവാദം നൽകിയിട്ടില്ല. ഇല്ലാത്ത കാര്യങ്ങൾ കൊണ്ടുവരണ്ട. പ്രശ്നമുള്ളത് പരിഹരിച്ചുകഴിയുകയും ചെയ്തു. അതുകൊണ്ട് ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ആകെ അവതാളത്തിലാണ്. പഞ്ചായത്ത് അസോസിയേഷൻ പാസ്സാക്കിയ പ്രമേയവും മുനിസിപ്പൽ ചെയർമാന്മാരുടെ ചേംബർ പാസ്സാക്കിയ പ്രമേയവും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ നൽകിയ ഉത്തരവുമെല്ലാം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഗുരുതരമായ പ്രതിസന്ധിയിലാണെന്നാണ് ചൂണ്ടിക്കാണിക്കുന്നത്. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഏറ്റവും വലിയ ആഘാതമേറ്റിട്ടുള്ളത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇത് മനസ്സിലാക്കാതെയാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി 16 വർഷങ്ങൾക്കുമുമ്പ് നടന്ന കാര്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണമാണെന്നുപറഞ്ഞ് മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് നൽകിയ മറുപടി അദ്ദേഹം എന്തുകൊണ്ട് സമ്മതിക്കുന്നില്ല? 2015-16-ൽ യു.ഡി.എഫ്. ഗവൺമെന്റ് സദുദ്ദേശ്യത്തോടെ കൊണ്ടുവന്ന e-LAMS- ഇലക്ട്രോണിക്സ് ലെഡ്ജർ സമ്പ്രദായത്തെപ്പറ്റി അദ്ദേഹം പറഞ്ഞു. അതിനെക്കുറിച്ച് ചിന്ത വാരികയിൽ 8-10-2015-ൽ 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണം തട്ടിയെടുക്കാനാണ് യു.ഡി.എഫ്. സർക്കാർ ഇലക്ട്രോണിക്സ് ലെഡ്ജർ സമ്പ്രദായം കൊണ്ടുവന്നത്, ഈ കുരുട്ടുവിദ്യക്ക് ഒരു പരിവേഷം നൽകാനാണ് അവർ പുതിയ പേര് നൽകിയിട്ടുള്ളത് ' എന്ന് അദ്ദേഹം ഒരു ലേഖനം എഴുതിയിട്ടുണ്ട്. അങ്ങ് മൂന്ന് വർഷമായി ധനകാര്യ വകുപ്പുമന്ത്രിയാണ്. ഈ കുരുട്ടുവിദ്യ എന്തു കൊണ്ടാണ് അവസാനിപ്പിക്കാത്തത് '; 8-10-2015-ൽ യു.ഡി.എഫ്. സർക്കാരിനെ കുറ്റപ്പെടുത്തിക്കൊണ്ട് "അധികാര വികേന്ദ്രീകരണം അട്ടിമറിക്കാനോ" എന്ന് ചിന്ത വാരികയിൽ എഴുതിയ ലേഖനം ആത്മാർത്ഥതയോടെയുള്ളതാണെങ്കിൽ ഈ കുരുട്ടുവിദ്യ മാറ്റി അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കാനാണെന്ന വാദം തിരുത്താൻ തയ്യാറാകണമായിരുന്നു. ഇന്ന് ആരാണ് അധികാര വികേന്ദ്രീകരണത്തെ അട്ടിമറിക്കുന്നത്?

നാലാം ധനകാര്യ കമ്മീഷനെപ്പറ്റിയും ഈ ലേഖനത്തിൽ പറയുന്നുണ്ട്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ടോ; അഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് രണ്ട് വർഷത്തിനുശേഷമാണ് ആക്ഷൻ ടേക്കൺ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചത്. പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന നികുതിയിലെ പ്രധാന ശിപാർശകളിന്മേൽ ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ അതത് വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകണം എന്നതായിരുന്നു പ്രധാന ശിപാർശ. എന്നാൽ ഇതുമാറ്റി ഈ സർക്കാർ രണ്ട് വർഷം മുമ്പുള്ള നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ജനറൽ പർപ്പസ് ഫണ്ടും മെയിന്റനൻസ് ഫണ്ടും നൽകിയിട്ടുള്ളതെന്നത് വളരെ വ്യക്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഡെവലപ്മെന്റ് ഫണ്ട് ഇന്ന് പ്ലാൻ ഫണ്ടിന്റെ ഒരു വിഹിതമാണ്. ഇതുമാറ്റി സംസ്ഥാന നികുതി വിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനമാക്കണമെന്നായിരുന്നു ധനകാര്യ കമ്മീഷൻ ശിപാർശ. അങ്ങ് അത് അംഗീകരിച്ചിട്ടുണ്ടോ; കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് ഫണ്ടുകൾ നൽകുന്നത് നികുതി വരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് എല്ലാവർക്കുമറിയാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് ലഭ്യമാക്കാനുള്ള ഈ ശിപാർശയും അങ്ങ് അംഗീകരിച്ചില്ല. സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ കീഴിലുള്ള ആശുപത്രികൾ, സ്കൂളുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്ക് നൽകുന്ന മെയിന്റനൻസ് ഫണ്ട് പ്രത്യേക മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല നൽകിക്കൊണ്ടിരുന്നത്. ഇതുകാരണം വളരെ കുറഞ്ഞ തുകയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. ഇതിന് മാറ്റം വരുത്തി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആസ്തിയുടെ അടിസ്ഥാനത്തിൽ നൽകണമെന്നതായിരുന്നു മറ്റൊരു ശിപാർശ. അതും നടപ്പിലാക്കിയില്ല. നാലാം ധനകാര്യ കമ്മീഷനെപ്പറ്റി ലേഖനമെഴുതിയ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായപ്പോൾ അഞ്ചാം ധനകാര്യ കമ്മീഷന്റെ പ്രധാനപ്പെട്ട ശിപാർശകളൊന്നും അംഗീകരിച്ചില്ല. e-LAMS-നെ കുറ്റപ്പെടുത്തിക്കൊണ്ട് അങ്ങ് ഇപ്പോഴും പറഞ്ഞു. അങ്ങ് എന്തുകൊണ്ട് മാറ്റിയില്ല; ഇവിടെ മെമ്പർമാർ ഉന്നയിച്ച ആശങ്ക വളരെ ഗുരുതരമാണ്. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വലിയ പ്രതിസന്ധിയാണ്. 20 ശതമാനം പ്ലാൻ ഫണ്ട് കട്ട് ചെയ്തു. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നെ വന്നുകണ്ടിരുന്നു. ആ ജില്ലാപഞ്ചായത്തിനുമാത്രം സ്പിൽഓവർ പ്രകാരം 52 കോടി രൂപ കിട്ടാനുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക്: സർ, വസ്തുതാപരമായ തെറ്റ് പറഞ്ഞപ്പോൾ അത് ചൂണ്ടിക്കാണിക്കാൻവേണ്ടി മാത്രമാണ് ഞാനിത് പറയുന്നത്. സഭയിൽ പലവട്ടം പറഞ്ഞതുപോലെ ഡിപ്പാർട്ട്മെന്റുകളുടെ പ്ലാൻ ഫണ്ട് 20 ശതമാനം കുറച്ചു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേത് കുറച്ചിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, പത്തനംതിട്ട ജില്ലാ പഞ്ചായത്തിനുമാത്രം സ്പിൽഓവർ പ്രകാരം 52 കോടി രൂപ കിട്ടാനുണ്ട്. കഴിഞ്ഞ വർഷത്തേത് (2018-19) മാത്രം 19 കോടി രൂപ കിട്ടാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി 28 കോടി രൂപ മാത്രമേ കൊടുക്കാനുള്ളു എന്നുപറയുന്നത് വസ്തുതാവിരുദ്ധമല്ലേ? ഞാൻ പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ കാര്യമാണ് പറയുന്നത്. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റും മെമ്പർമാരും ഇന്നലെ വന്നിരുന്നു. കണ്ണൂർ കോർപ്പറേഷന്റെ കാര്യം ഇവിടെ ശ്രീ. കെ. സി. ജോസഫ് പറഞ്ഞു. സംസ്ഥാനത്തെ പഞ്ചായത്ത് ഭരണത്തിലുണ്ടായിരിക്കുന്ന ഗുരുതരമായ അവസ്ഥയാണിത്. മാർച്ച് 31-ന്റെ കാര്യം ഇവിടെ പറഞ്ഞു, ഇതുവരെയും അർദ്ധരാത്രിവരെ ബിൽ എടുക്കുമായിരുന്നു. ഇത്തവണ ട്രഷറിയിൽ ആ സംവിധാനമില്ലായിരുന്നു. യഥാർത്ഥത്തിൽ ട്രഷറി പൂട്ടിയിരിക്കുകയായിരുന്നു. ട്രഷറിയിൽ ഫോണെടുക്കാൻപോലും ആളില്ലായിരുന്നു. ട്രഷറി തുറന്നുവച്ചിരുന്നുവെന്ന് മാത്രമേയുണ്ടായിരുന്നുള്ളു. ഇത്തവണ e-LAMS-ലേയ്ക്ക് മാറ്റിയത് 994.60 കോടി രൂപയാണ്. ഇങ്ങനെ മാറ്റിയതിൽനിന്നും പണി പൂർത്തിയായിവരുന്ന തുക കരുതൽ ശേഖരത്തിൽനിന്നും എടുക്കുന്നതിനുപകരം ഇത്തവണത്തെ പദ്ധതി വിഹിതത്തിൽനിന്ന് എടുത്തുകൊടുക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. അതാണ് ശ്രീ. കെ. സി. ജോസഫ് ഇവിടെ പറഞ്ഞത്, അതിനല്ല ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി നൽകിയത്.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ 20 ശതമാനം കുറച്ചതിനെക്കുറിച്ച് പറഞ്ഞു. അതുവേണ്ട, മാർച്ച് 23-ന് കൊടുത്ത ക്യൂ സിസ്റ്റത്തിലുള്ള ബിൽ, മാർച്ച് 31 വരെയുള്ള ബിൽ, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, നഗരസഭകൾക്ക്, കോർപ്പറേഷനുകൾക്ക് ആ പണം കൊടുക്കാൻ, ബാക്കി 2019-20-ലെ പ്ലാനിലാണ് നടക്കുന്നത്. അങ്ങനെയൊരു സംവിധാനമുണ്ടാക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, 20 ശതമാനം തുകയെന്നു പറയുന്നത് 820-നേക്കാൾ കൂടുതൽ വരും. ഞാൻ പറഞ്ഞത് ദേഷ്യം കൊണ്ട് ശ്രീ. പി. കെ. ബഷീർ കേൾക്കാതിരുന്നാൽ എങ്ങനെയാണ്; ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് 20 ശതമാനത്തിൽ ക്യൂ നിന്ന ബില്ലുകൾ ഉൾപ്പെടുന്നില്ലെങ്കിൽ അത് അഡീഷണലായി നൽകുന്ന കാര്യം പരിഗണിക്കാമെന്നല്ലേ ഞാൻ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കഴിഞ്ഞ വർഷത്തെ പണികളുടെ തുക ഈ വർഷത്തെ പദ്ധതിയിൽനിന്നെടുത്താൽ ഈ വർഷത്തെ പദ്ധതി നടപ്പാക്കാൻ കഴിയാതെവരും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെല്ലാം കടുത്ത പ്രതിസന്ധിയിലായിരിക്കുന്നു. എല്ലാ അംഗങ്ങളും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായം അതാണ്. അങ്ങ് വസ്തുനിഷ്ഠമായി കാര്യങ്ങൾ മനസ്സിലാക്കി കറക്ടീവ് സ്റ്റെപ്പെടുക്കണം. അതെടുക്കുന്നില്ലെന്ന് എല്ലാ പഞ്ചായത്തുകൾക്കും പരാതിയാണ്. എല്ലാ ജില്ലാ പഞ്ചായത്തുകളും നിവേദനവുമായി വന്നുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്.-യു.ഡി.എഫ്. വ്യത്യാസമില്ലാതെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നേരിടുന്ന വളരെ ഗുരുതരമായ ഒരു പ്രശ്നമാണിത്. അങ്ങ് ജില്ലാ പഞ്ചായത്തുകളുമായും പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷനുകളുമായും ചർച്ച ചെയ്യണം. അവർക്ക് പറയാനുള്ള കാര്യങ്ങൾകൂടി അങ്ങ് കേൾക്കണം. രാജീവ് ഗാന്ധി അധികാരത്തിലിരുന്ന കാലത്ത് അദ്ദേഹം കൊണ്ടുവരാൻ ആഗ്രഹിച്ചതാണ് അധികാര വികേന്ദ്രീകരണം. അത് അന്നത്തെ യു.പി.എ. ഗവൺമെന്റാണ് കൊണ്ടുവന്നത്. ഇന്ന് രാജ്യത്തൊട്ടാകെ ഫലപ്രദമായി നടക്കുന്ന ഒരു വലിയ കാര്യമാണ്. ജനങ്ങളിലേയ്ക്ക് കൂടുതൽ അധികാരം പകർന്നു കൊടുക്കാനുള്ള ഈ സംവിധാനത്തെ ദുർബ്ബലപ്പെടുത്തുന്ന നടപടിയാണ് ഇന്ന് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അഞ്ചാം ധനകാര്യ കമ്മീഷൻ നടപ്പാക്കാത്ത ശിപാർശകളെപ്പറ്റി ഞാൻ പറഞ്ഞു. എല്ലാം നടപ്പിലാക്കണമെന്നല്ല ഞാൻ പറഞ്ഞത്, അവരെ കൂടുതൽ സാമ്പത്തികമായി ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം. ഗ്രാമീണ റോഡുകൾക്ക് പണം കൊടുക്കുന്നതുകൊണ്ടല്ല, അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും കൊടുത്തിട്ടില്ലേ? അന്ന് 5000 കോടി രൂപ ഗ്രാമീണ റോഡുകൾക്കുവേണ്ടിമാത്രം നീക്കിവച്ച കഴിഞ്ഞകാല ചരിത്രം ഇവിടെയുണ്ട്. അതല്ല ഇവിടെ പറഞ്ഞത്, പ്ലാൻ ഫണ്ട് ഫലപ്രദമായി ചെലവഴിക്കാനുള്ള അവസരമുണ്ടാക്കണം. അതുണ്ടാക്കാതെ അങ്ങ് സ്വീകരിച്ച ഈ നടപടി ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഡോ. ടി. എം. തോമസ് ഐസക്കിനെ ബി.എസ്.എൻ.എൽ. ഫോണിൽ വിളിച്ചാൽ ഇപ്പോൾ ക്യൂവിലാണ് എന്നാണ് മറുപടി. കുറച്ചുദിവസം കഴിയുമ്പോൾ പരിധിക്ക് പുറത്താണെന്ന് പറയുന്ന സ്ഥിതിയാണ് വന്നിരിക്കുന്നത്. വളരെ ഗുരുതരമായ പ്രതിസന്ധിയാണുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യുന്നതിന് തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, 15-5-2019-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവാണ് ഈ പ്രതിസന്ധിക്ക് കാരണം. ഈ ഉത്തരവുപ്രകാരം മാർച്ച് 31-ാം തീയതിക്കുമുമ്പ് പ്രവൃത്തി പൂർത്തിയാക്കി ട്രഷറിയിൽ ബിൽ സമർപ്പിച്ചവയിൽ മാർച്ച് 23-ാം തീയതിക്കുശേഷം സമർപ്പിച്ച ബില്ലുകളെല്ലാം സ്പിൽഓവറായി പ്രഖ്യാപിച്ചു. മാർച്ച് 23-ാം തീയതിക്കുശേഷം സമർപ്പിച്ച ബില്ലുകളെല്ലാം ക്യൂവിലേയ്ക്ക് മാറ്റി. പിന്നീട് 15-5-2019-ന് ഇറക്കിയ ഉത്തരവിൽ ഇവയെല്ലാം സ്പിൽഓവറിൽ ഉൾപ്പെടുത്താനും നടപ്പുവർഷത്തെ പദ്ധതി തുകയിൽനിന്ന് നൽകാനും നിർദ്ദേശിച്ചു. സത്യത്തിൽ 23-ാം തീയതിക്കുശേഷം നൽകിയ ബില്ലുകളെല്ലാം ക്യൂവിലേയ്ക്ക് പോയി. മാർച്ച് 27, 28, 29, 30, 31 എന്നീ തീയതികളിൽ ട്രഷറികളിൽ ബിൽ സ്വീകരിച്ചുമില്ല. 1995 കാലഘട്ടത്തിനുശേഷം ഇതാദ്യമായാണ് ഈ രീതിയിലുള്ള സമീപനമുണ്ടാകുന്നത്. ഇതുവഴി ജില്ലാ പഞ്ചായത്തുകൾക്ക് 190 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 60 കോടി രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് 334 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 127 കോടി രൂപയും കോർപ്പറേഷനുകൾക്ക് 139 കോടി രൂപയുമാണ് നഷ്ടമുണ്ടായത്. ആകെ 852.22 കോടി രൂപയാണ് നഷ്ടം. ഇതിൽ പഞ്ചായത്തുകൾ എന്ത് കുഴപ്പമാണുണ്ടാക്കിയത്? നമ്മൾ തന്നെ പദ്ധതി നിർവ്വഹിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും കൊട്ടിയടച്ചശേഷം നിങ്ങളിതൊന്നും ചെലവഴിച്ചില്ലെന്നുപറഞ്ഞ് പഞ്ചായത്തുകളോട് തട്ടിക്കയറുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, എല്ലാ ബില്ലുകളും കൊടുത്തു. ഇനി 28 കോടി രൂപയേ ബാക്കിയുള്ളൂ. ഇവിടെ തീരാത്ത ബാക്കി പ്രോജക്ടുകൾക്ക് 20 ശതമാനം ക്യാരിഓവറും അനുവദിച്ചു. പിന്നെ എന്താണ് പ്രശ്നം? 20 ശതമാനമെന്നുപറയുന്നത് ഈ തുകയേക്കാൾ വളരെ കൂടുതലാണ്.

ഡോ. എം. കെ. മുനീർ: സർ, ഞാൻ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ കാര്യം മാത്രം പറയാം. നിങ്ങൾ കൊടുത്ത ഉത്തരവുപ്രകാരം ക്യൂവിൽ നിൽക്കുന്ന തുകയും സ്പിൽഓവർ പദ്ധതികളും ഈ വർഷത്തേതിൽനിന്ന് എടുക്കണമെന്നുപറഞ്ഞാൽ മാർച്ച് 31-നുമുമ്പ് ട്രഷറിയിൽ സമർപ്പിച്ച ബില്ലുകൾക്ക് സർക്കാർ നൽകേണ്ട തുക, ക്യൂ ബിൽ, 24 കോടി രൂപ. മാർച്ച് 29-ന് പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾക്ക് വകയിരുത്തേണ്ടത് 71 കോടി രൂപ. ഇത് രണ്ടും കൂടി കൂട്ടിയാൽ 95 കോടി രൂപയായി. അതായത്, 138 കോടി രൂപയാണ് ജില്ലാ പഞ്ചായത്തിന്റെ

ബഡ്ജറ്റ്. അതിൽ നിന്നും 71 കോടി രൂപ പോയാൽ ബാക്കി 67 കോടി രൂപ മാത്രമാണുള്ളത്. കഴിഞ്ഞ മാർച്ചിൽതന്നെ 2019-20-ലേയ്ക്കുള്ള ബഡ്ജറ്റ് അവർ തയ്യാറാക്കിക്കഴിഞ്ഞു. അതിൽനിന്നും ഇത്രയും തുക മാറ്റിവച്ചാൽ അവരുടെ ഏത് പദ്ധതിയാണ് നടപ്പിലാക്കാൻ സാധിക്കുന്നത്? ഇതിനുപുറമെ ലൈഫ്, ആർദ്രം, ഹരിതം തുടങ്ങിയ പദ്ധതികൾക്കുവേണ്ടി തുക മാറ്റിവയ്ക്കണം. ഈ പദ്ധതികൾക്കുവേണ്ടിവരുന്ന തുക മാറ്റിവച്ചാൽ പഞ്ചായത്ത് എന്താണ് ചെയ്യുന്നത്? ഈ വിഷയമുള്ളതുകൊണ്ടാണ് ജില്ലാ പഞ്ചായത്ത് ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തെഴുതിയത്. ആ കത്തിനുള്ള മറുപടിയാണ് ഞാൻ ഇവിടെ വായിച്ചത്. സാമ്പത്തിക പ്രതിസന്ധി കാരണം നിങ്ങൾ പറഞ്ഞ കാര്യമൊന്നും ചെയ്യാൻ സാധിക്കില്ലെന്നാണ്, പഞ്ചായത്തുകൾ വല്ലാത്തൊരു പ്രതിസന്ധിയിലാണ്. പഞ്ചായത്ത് അസോസിയേഷനും മുനിസിപ്പൽ ചേംബറും ഇക്കാര്യത്തിൽ രാഷ്ട്രീയഭേദമെന്യേ ഒരേ സ്വരത്തിലാണ് സംസാരിക്കുന്നത്. ഇതുസംബന്ധിച്ച് പഞ്ചായത്ത് വകുപ്പുമന്ത്രി മറുപടി പറയണം. അങ്ങ് പഞ്ചായത്ത് പ്രസിഡന്റുമാരോടൊപ്പമാണോ ധനകാര്യ വകുപ്പുമന്ത്രിയോടൊപ്പമാണോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ക്യൂവിൽ നിന്ന ബില്ലുകൾക്കുള്ള പണം ഈ വർഷത്തെ അലോക്കേഷനേക്കാൾ കൂടുതൽ തരുമെന്ന് ഞാനിവിടെ പറഞ്ഞുകഴിഞ്ഞു. ജില്ലാ പഞ്ചായത്തുകൾക്ക് ഇരുപത് ശതമാനമല്ല, മുപ്പത് ശതമാനം വരെ ക്യാരിഓവർ അനുവദിച്ചിരിക്കുകയാണ്. സ്പിൽഓവറായി ചെയ്തുതീർക്കാത്ത പ്രോജക്ടുകൾക്ക് അധീഷണലായി ഈ വർഷം പണം നൽകണമെന്നാണ് അങ്ങ് ആവശ്യപ്പെടുന്നത്. അങ്ങ് മന്ത്രിയായിരുന്ന കാലത്ത് ഏതെങ്കിലും ഒരു വർഷം ഇത്തരത്തിൽ അധീഷണലായി പണം നൽകിയിട്ടുണ്ടോ?

<u>ഡോ. എം. കെ. മുനീർ</u>: സർ, പഞ്ചവത്സര പദ്ധതി എന്ന നിലയിലേയ്ക്ക് ഇതിനെ കൊണ്ടുവന്നതും പഞ്ചായത്തുകൾക്ക് നേരത്തെതന്നെ ബഡ്ജറ്റ് തയ്യാറാക്കാൻ അനുവദിച്ചതും എന്തിനാണെന്നുവച്ചാൽ, സ്പിൽഓവർ പോലും വരാത്ത രീതിയിൽ അവരുടെ പണം ചെലവഴിക്കാൻ സാവകാശം നൽകിയാൽ അവർക്ക് ആ തുക കംപ്ലീറ്റായി ചെലവഴിക്കാനുള്ള സാഹചര്യമുണ്ടാകും എന്നുള്ളതുകൊണ്ടാണ്. ഈ മൂന്ന് പ്രതിസന്ധികൾ വന്ന സാഹചര്യത്തിൽ അവരെ പ്രത്യേകമായി പരിഗണിക്കണ്ടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, 2014-15-ൽ 68 ശതമാനം, 2015-16-ൽ 73 ശതമാനം എന്നിങ്ങനെ ഈ പ്രതിസന്ധികളെല്ലാം ഉണ്ടായിട്ടും 2017-18-ൽ 84 ശതമാനവും കഴിഞ്ഞ വർഷം 85 ശതമാനവും പണം ചെലവായിട്ടുണ്ട്.

ഡോ. എം. കെ. മുനീർ: സർ, ഇങ്ങനെ വരാനുള്ള കാരണം ഞങ്ങൾ അവസാന കാലഘട്ടത്തിൽ നടത്തിയിട്ടുള്ള ഒരു പരിഷ്കാരത്തിന്റെ ഭാഗമായിട്ടാണ്.

മി. സ്പീക്കർ: ഇത് വാക്കൗട്ട് പ്രസംഗമാണ്. പ്ലീസ്, മിനിസ്റ്റർ ഇനി ഇടപെടേണ്ട, ഇതിന് ഡിബേറ്റില്ല.

ഡോ. എം. കെ. മുനീർ: സർ, ഇത് പഞ്ചവൽസര പദ്ധതിയാക്കിയതു കൊണ്ടാണ് ഇത്രയധികം ചെലവുചുരുക്കാനുള്ള സാഹചര്യമുണ്ടായത്. പണ്ട് എപ്പോഴാണ് ഓരോ പദ്ധതികളും നടപ്പിലാക്കുന്നത്; നേരത്തേതന്നെ അവർക്ക് പ്രോജ്ക്ട് തയ്യാറാക്കാനും പ്രോജക്ട് പ്രവർത്തനം വർഷാരംഭത്തിൽ തന്നെ തുടങ്ങാനും സാധിക്കുന്നതുകൊണ്ടാണ് ഇത്രയും ശതമാനത്തിലെത്തുന്നത്. അത് ഞങ്ങൾ കൊണ്ടുവന്ന ഒരു പരിഷ്കാരത്തിന്റെ ഭാഗമായിട്ടാണ്. അത് അംഗീകരിച്ച് തരേണ്ടതുണ്ട്. ഇപ്പോൾ അങ്ങ് പറഞ്ഞല്ലോ; കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് എന്തുകൊണ്ട് അങ്ങ് മാറ്റുന്നില്ല എന്ന്. കൺസോളിഡേറ്റഡ് ഫണ്ടിൽ എന്തുകൊണ്ടാണ് ആക്കിയതെന്ന സാമ്പത്തികശാസ്ത്രം അങ്ങേയ്ക്കറിയാമല്ലോ; അതുകൊണ്ടല്ലേ അങ്ങ് ഇത് മാറ്റാത്തത്; ഞങ്ങളെ കുറ്റപ്പെടുത്തുമ്പോഴും ഞങ്ങൾ കൊണ്ടുവന്ന എല്ലാ പരിഷ്കാരങ്ങളും അതുപോലെ തുടരുകയാണ്. അതുകൊണ്ട് ഈ പ്രതിസന്ധിക്ക് കാരണം സാമ്പത്തിക പ്രതിസന്ധി തന്നെയാണ്. പഞ്ചായത്തുകൾ ഇപ്പോൾ ലോക്കൽ സെൽഫ് ഗവൺമെന്റ് എന്നുള്ളതിന് പകരം ഡെവലപ്മെന്റ് ഏജൻസികളായി മാറിയിരിക്കുകയാണ്. ഗവൺമെന്റ് നിർദ്ദേശിക്കുന്ന കാര്യങ്ങൾ ചെയ്യുന്ന ഡെവലപ്മെന്റ് ഏജൻസികളായി ലോക്കൽ സെൽഫ് ഗവൺമെന്റുകളെ മാറ്റിയ ഈ സാഹചര്യം തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി അൽപ്പമെങ്കിലും മനസ്സുകാണിച്ച്, പഞ്ചായത്ത് വകുപ്പുമന്ത്രിയെ രക്ഷപ്പെടുത്തണമെന്ന് മാത്രം പറഞ്ഞുകൊണ്ട്, പഞ്ചായത്ത് വകുപ്പുമന്ത്രി മിണ്ടാതിരിക്കുന്നത് ഞങ്ങൾ പറയുന്നതിനോട് അദ്ദേഹം മാനസികമായി പൊരുത്തപ്പെട്ടിരിക്കുന്നുവെന്നുള്ളതു കൊണ്ടാണ് എന്ന വിശ്വാസത്തിൽ ഇത് ചർച്ചചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നമ്മൾ പല പരീക്ഷണങ്ങളും നടത്തി മുന്നോട്ടുപോകുകയാണ്. ഫലപ്രദമായി എങ്ങനെ കാര്യങ്ങൾ ത്രിതല പഞ്ചായത്തിൽ നടപ്പാക്കാം, അല്ലെങ്കിൽ നഗരസഭകളിൽ നടപ്പാക്കാം എന്ന് പരിശോധിച്ചപ്പോൾ പല പ്രായോഗിക പ്രതിസന്ധികളുമുണ്ടായി. പ്ലാനിംഗും ഇംപ്ലിമെന്റേഷനും താഴെത്തലത്തിൽതന്നെ നടക്കണം. ആരംഭത്തിൽതന്നെ ഉണ്ടാകണം. അങ്ങനെ ഉണ്ടായാൽ പൂർണ്ണമായും ഇത് നടപ്പാക്കാൻ കഴിയും. എല്ലാ ജില്ലാ പഞ്ചായത്തുകളും ഒരുപോലെ കാര്യക്ഷമതയുള്ളതല്ല. അതുകൊണ്ടാണ് അന്തരം വരുന്നത്. ഏതായാലും അവർക്കുവേണ്ടി മാറ്റിവച്ച ഈ തുക അവർക്കുതന്നെ ലഭിക്കത്തക്ക വിധത്തിലുള്ള സംവിധാനമുണ്ടാകണം. എന്ത് നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടാണെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്ന അടിസ്ഥാനപരമായ സമീപനം ഇടതുപക്ഷ ഗവൺമെന്റ് തന്നെയല്ലേ കൊണ്ടുവന്നത്. അതിൽനിന്നും വ്യതിചലിക്കരുത്. ഇത് ഫലപ്രദമായി നടപ്പാക്കാതെ തുക മുഴുവൻ ചെലവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുന്ന ഒരു കാഴ്ചയാണ് നമ്മൾ കാണുന്നത്. സാധാരണ ബഹുമാനപ്പെട്ട മന്ത്രി ശാന്തമായിട്ടാണ് മറുപടി പറയാറുള്ളത്. പക്ഷേ ഇന്ന് അദ്ദേഹം വളരെ ക്ഷുഭിതനായി അടിയന്തര പ്രമേയത്തെ നേരിട്ടത് നമ്മൾ എല്ലാവരും കണ്ടതാണ്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി വിളിച്ചറിയിക്കുന്ന ഒന്നുതന്നെയാണ് ഇന്ന് ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഈ നീക്കം. ഇതുസംബന്ധിച്ച ആശങ്ക പഞ്ചായത്ത് അദ്ധ്യക്ഷന്മാർക്കുണ്ട്. അത് ഇടതുപക്ഷമോ വലതുപക്ഷമോ വ്യത്യാസമില്ലാതെ ഉണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബിൽ എടുക്കുന്നില്ല എന്നുപറഞ്ഞുകൊണ്ട് അനവധി കോളുകൾ ഒരു എം.എൽ.എ. എന്ന നിലയിൽ എനിക്ക് വന്നത് ഞാൻ ഓർക്കുന്നുണ്ട്. ബിൽ സ്വീകരിക്കുന്നില്ല, ഇതുസംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു, ഫോൺ വിളിച്ചാൽ അവിടെ നിന്നും വ്യക്തമായ മറുപടി കിട്ടുന്നില്ല. ഇത് വലിയൊരു സാമ്പത്തിക

പ്രതിസന്ധിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം നീങ്ങുന്നുവെന്നതാണ്. പ്രധാനമായും മാൻഡേറ്ററിയായിട്ടുള്ള ചില പദ്ധതികൾ പഞ്ചായത്തുകൾക്കുണ്ട്. അതിലേയ്ക്ക് തുക വച്ചുകഴിഞ്ഞശേഷം അത് വെട്ടിക്കുറച്ചുകഴിഞ്ഞാൽ ബാക്കിയുള്ള ഡെവലപ്മെന്റ് ആക്ടിവിറ്റീസിനെ സാരമായ നിലയിൽ ഇത് ബാധിക്കും. തൊഴിലുറപ്പ് പദ്ധതിയടക്കം മാലിന്യ സംസ്കരണ പദ്ധതികളെല്ലാം അവതാളത്തിലാകുന്ന നിലയിലേക്കുപോകും. എന്തായാലും ഗവൺമെന്റ് അക്കാര്യത്തിൽ പുനഃപരിശോധന നടത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ ഉന്നയിച്ചിട്ടുള്ള വിഷയം വളരെ ഗുരുതരമായ ഒന്നാണ്. അധികാര വികേന്ദ്രീകരണം നമ്മൾ എല്ലാവരും തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. പക്ഷേ ആ അധികാര വികേന്ദ്രീകരണം പ്രായോഗികമായി നടപ്പാക്കാൻ സാധിക്കാത്ത ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുന്നു. അത് ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തേണ്ടതാണ്. അത് ചർച്ചചെയ്യാൻ പോലും തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ സഭയിൽ കേരളത്തിലെ ജനങ്ങളുടെ ഏറ്റവും ശക്തമായ ഒരാവശ്യം ഉന്നയിക്കുകയാണ്. ഈ വിഷയം ഇതിനുമുമ്പും സഭയിൽ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് റൂൾ 300 പ്രകാരം ഒരു പ്രസ്താവന നടത്തുകയും ചെയ്തിരുന്നു. പക്ഷേ ഇപ്പോഴും സ്ഥിതിഗതികൾ വഷളായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നായി അടച്ചുപൂട്ടിയും സ്വകാര്യവൽക്കരിച്ചും ജനദ്രോഹ

നടപടികൾ തുടരുകയാണ്. തിരുവനന്തപുരം, മാംഗ്ലൂർ അടക്കം രാജ്യത്തെ ആറ് വിമാനത്താവളങ്ങളുടെ നടത്തിപ്പ് അദാനി ഗ്രൂപ്പിന് കൈമാറുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതുസംബന്ധിച്ച ഫയൽ അടുത്ത മാസം കേന്ദ്ര മന്ത്രിസഭാ യോഗം പരിഗണിക്കുമെന്ന് മനസ്സിലാക്കുന്നു. തിരുവനന്തപുരം വിമാനത്താവളം സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള നടപടികളിൽ അടിയന്തര ഇടപെടലുകൾ നടത്തണമെന്നാവശ്യപ്പെട്ട് 2018 ഡിസംബർ 11-ന് ഞാൻ ഈ സഭയിൽ അടിയന്തരചോദ്യം ഉന്നയിച്ചിരുന്നു. ഇതിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് സഭയിൽ പ്രസ്താവനയും നടത്തിയിരുന്നു. ഇതിൽ സംസ്ഥാന സർക്കാരിന്റെ നിലപാടും സർക്കാർ നടത്തിയ ഇടപെടലുകളും വ്യക്തമാക്കിയിരുന്നു. 2003 ഏപ്രിൽ-ഡിസംബർ മാസങ്ങളിൽ അന്നത്തെ കേന്ദ്ര വ്യോമയാന സെക്രട്ടറി, സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൽ ഏതെങ്കിലും അവസരത്തിൽ തിരുവനന്തപുരം എയർപോർട്ടിൽ സ്വകാര്യ പങ്കാളിത്തമുണ്ടാകുകയാണെങ്കിൽ സംസ്ഥാന സർക്കാരുമായി കൂടിയാലോചിക്കുമെന്ന കാര്യം വ്യക്തമാക്കിയിരുന്നു. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ അധിക ഭൂമിയുടെ വില കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുമെന്നും ഓഹരി പങ്കാളിത്തം നൽകുന്ന കാര്യം പരിഗണിക്കാമെന്നും ഉറപ്പുനൽകിയിരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ ലേലം ഉണ്ടാകുകയാണെങ്കിൽ സംസ്ഥാന സർക്കാരിന് പരിധിയില്ലാത്ത റൈറ്റ് ഓഫ് ഫസ്റ്റ് റെഫ്യൂസൽ നൽകണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും ചെയ്തു. ഒന്നും പാലിക്കപ്പെട്ടിട്ടില്ല. വിമാനത്താവളങ്ങൾ രാജ്യത്തിന്റെ അതീവ സുരക്ഷാ പ്രാധാന്യമുള്ള കേന്ദ്രങ്ങളാണ്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ട് സ്വകാര്യ വ്യക്തികൾക്ക് കൈമാറാനുള്ള നടപടി സ്വീകരിക്കുമ്പോൾ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം പൊതുമേഖലയിൽ നിലനിർത്തുന്നതിന് സാദ്ധ്യമായ എല്ലാ ഇടപെടലുകളും നടത്തണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. ഇപ്പോൾ ഒരു പുതിയ രാഷ്ട്രീയ കാലാവസ്ഥ കേരളത്തിൽ സംജാതമായിട്ടുണ്ട്. കേരളത്തിൽ 20 എം.പി.-മാരിൽ എൽ.ഡി.എഫ്.-ന് ഒരു എം.പി.-യാണുള്ളത്. 19 എം.പി.-മാർ യു.ഡി.എഫ്.-നുണ്ട്. ശ്രീ. രാഹുൽ ഗാന്ധിയും കേരളത്തിന്റെ എം.പി.-യാണ്. ഈ സാഹചര്യത്തിലെങ്കിലും കേരളത്തിന്റെ സ്വപ്നമായ, അവകാശമായ, സ്വന്തമായ ഈ വിമാനത്താവളം അദാനിക്ക് കൈമാറുന്ന നടപടിയിൽ ശക്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം. ആവശ്യമായ എല്ലാ കാര്യങ്ങൾക്കും ജനങ്ങൾ തയ്യാറാണ്. ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ വീണ്ടും ആവശ്യപ്പെടുകയാണ്.

11.00 A.M.]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1932-ൽ സ്ഥാപിച്ചതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം പ്രതിരോധിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാനത്തെ ഏൽപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ബിഡ്ഡിനുള്ള നടപടിയുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുകയാണുണ്ടായത്. തുടർന്ന് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (ടിയാൽ) എന്നൊരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും മത്സരാധിഷ്ഠിത ലേലത്തിൽ പങ്കെടുക്കുകയും ചെയ്തു. കമ്പനിക്ക് റൈറ്റ് ഓഫ് ഫസ്റ്റ് റെഫ്യൂസൽ അവകാശം നൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും 10 ശതമാനം മാത്രം നിരക്ക് വ്യത്യാസം എന്ന ഉപാധിയോടെയാണ് ആവശ്യം അംഗീകരിച്ചത്. ഇക്കാരണത്താൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ രൂപീകരിച്ച ഈ പ്രത്യേക കമ്പനിക്ക് ബിഡ് ലഭിക്കുകയുണ്ടായില്ല. മറിച്ച് വിമാനത്താവള നടത്തിപ്പുമായി ബന്ധപ്പെട്ട യാതൊരു മുൻകാല പരിചയവുമില്ലാത്ത സ്ഥാപനമായ അദാനി എന്റർപ്രൈസസിനാണ് ബിഡ് ലഭിച്ചത്. ടി സ്ഥാപനത്തിന് ബിഡ് അവാർഡ് ചെയ്യുന്നതിനെതിരെ സംസ്ഥാന സർക്കാരും കെ.എസ്.ഐ.ഡി.സി.-യും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിൽ കോടതി വിധിക്ക് വിധേയമായിട്ടായിരിക്കും അവാർഡ് എന്ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജഭരണകാലത്ത് കൈമാറിയ 208.06 ഏക്കർ ഭൂമിക്കും സംസ്ഥാന സർക്കാർ കൈമാറിയ 8.29 ഏക്കർ ഭൂമിക്കും പുറമെ സർക്കാർ ഏറ്റെടുത്ത് നൽകിയ 32.56 ഏക്കർ ഉൾപ്പെടെയുള്ള ഭൂമിയിലാണ് വിമാനത്താവളം പ്രവർത്തിക്കുന്നത്. വിമാനത്താവള വികസനത്തിനായി 18 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ഇത്തരത്തിൽ സർക്കാർ ഭൂമിയിൽ നിലനിൽക്കുന്ന വിമാനത്താവളം സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണ്. സംസ്ഥാന സർക്കാരിന്റെ സഹകരണമില്ലാതെ ഒരു സ്വകാര്യ കമ്പനിക്കും വിമാനത്താവളം വികസിപ്പിക്കാനാകില്ല. ആയതിനാൽ സ്വകാര്യ ഏജൻസിക്ക് വിമാനത്താവളം കൈമാറാനാകില്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്. വിമാനത്താവളം അദാനി ഗ്രൂപ്പിനെ ഏൽപ്പിക്കാനുള്ള നടപടികൾ നിർത്തിവച്ച് നടത്തിപ്പ് ചുമതല സംസ്ഥാനത്തിന് നൽകുന്നതിന് അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട്

ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിക്കും 27-2-2019-ന് കത്തയച്ചിരുന്നു. ഇക്കാര്യത്തിൽ ഇനിയും അനുകൂല നിലപാടുണ്ടായിട്ടില്ല. വിമാനത്താവള നടത്തിപ്പ് സംസ്ഥാന സർക്കാരിന് കൈമാറുകയോ നിലവിലുള്ള സംവിധാനം തുടരുകയോ ചെയ്യാൻ സംസ്ഥാന സർക്കാർ തുടർന്നും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതാണ്. ഈ മാസം 15-ാം തീയതി നീതി ആയോഗിന്റെ മീറ്റിംഗ് ഉള്ളതുകൊണ്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ടുതന്നെ ഈ ആവശ്യം ഒന്നുകൂടി ഉന്നയിക്കാൻ ഉദ്ദേശിക്കുന്നുമുണ്ട്.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിന്റെ വളരെ പ്രധാനപ്പെട്ട ഈ വിഷയം അവതരിപ്പിക്കുമ്പോൾപോലും പുതുതായി വിജയം കൈവരിച്ച ആരെയും ഞാൻ ഇവിടെ കാണുന്നില്ല. വാക്കൗട്ട് ചെയ്താൽ തിരിച്ചു വന്നുകൂടേ; ഇത് കേരളത്തിന്റെ ഒരു വിമാനത്താവളത്തിന്റെ കാര്യമാണ്. യു.ഡി.എഫ്.-ന്റെ കാര്യമല്ല. കേരളത്തോട് താൽപ്പര്യമുള്ളവർ ആരും ഇവിടെയില്ലല്ലോ; ആരാണ് ഇവിടെയുള്ളത്; കേരളത്തിന്റെ പ്രശ്നങ്ങളിൽ പുതുതായി രാഷ്ട്രീയ വിജയം കൈവരിച്ചെന്ന് ഇവിടെ രണ്ട് ദിവസമായി കലിതുള്ളിയവരൊക്കെ എവിടെയാണ്; ശബ്ദിക്കാനുണ്ടോ; അഭിപ്രായം പറയാനുണ്ടോ; ഇതാണ് കേരളത്തിന്റെ ദുഃസ്ഥിതി. എനിക്ക് ഒരു കാര്യംകൂടി ഗവൺമെന്റിനോട് ചോദിക്കാനുണ്ട്. കേരളത്തിലെ ഈ വിമാനത്താവളം പോയി. ഒരു പുതിയ വിമാനത്താവളം, ശബരി പ്രോജക്ടെന്നൊക്കെ പറയുന്നത് നടപ്പാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ശാപവാചകം വേണ്ട. ഇത് എവിടെയും പോകില്ല. ഇത് സംസ്ഥാന സർക്കാരിന്റെ കയ്യിൽതന്നെ നിൽക്കും. ആർക്കും അതെടുത്ത് കൊണ്ടുനടക്കാൻ കഴിയില്ല. ശബരിയുടെ കാര്യം പ്രത്യേകം ആലോചിക്കുന്നുണ്ട്.

## (2) ആസിഡ് ആക്രമണം

ശ്രീ. അനൂപ് ജേക്കബ്: സർ, രാജ്യത്തും നമ്മുടെ കേരളത്തിലും ആസിഡ് ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന ഒരു സാഹചര്യം കാണാൻ കഴിയുന്നുണ്ട്. ഇന്ത്യയിൽ ഏകദേശം ആയിരത്തോളം ആസിഡ് ആക്രമണങ്ങൾ ഒരു വർഷം ഉണ്ടാകുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. പലപ്പോഴും 500-ൽ താഴെ മാത്രമേ റിപ്പോർട്ട് ചെയ്യപ്പെടുന്നുള്ളൂ. ഉത്തർപ്രദേശിലും ബീഹാറിലും ബംഗാളിലും ഇത് ഏറ്റവും കൂടുതലായി കാണുന്നു. അടുത്തകാലത്തായി കേരളത്തിലും ഇതിന്റെ പ്രവണത വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയുന്നു. ഇതിന്റെ കണക്കെടുത്ത് പരിശോധിച്ചാൽ, പാകിസ്ഥാൻ, ഇന്ത്യ, ബംഗ്ലാദേശ്,

ശ്രീലങ്ക പോലുള്ള രാജ്യങ്ങളിൽ വളരെയേറെ കൂടുതലാണ്. ബംഗ്ലാദേശിലൊക്കെ ഒരു വർഷം ഏകദേശം മൂവായിരത്തോളം ആക്രമണങ്ങളാണ് ആസിഡ് ഉപയോഗിച്ച് മാത്രം നടത്തുന്നത്. ഡെവലപ്ഡ് കൺട്രീസിലും ഇതിന് വലിയ വ്യത്യാസമില്ല. യു.കെ.-യിലെ കണക്ക് നോക്കിയാൽ അവിടെയും 2016-ൽ 1464 ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തതായി കാണാൻ കഴിയുന്നുണ്ട്. കഴിഞ്ഞ വർഷം 104 ആക്രമണങ്ങളാണ് ലണ്ടനിലും പരിസര പ്രദേശങ്ങളിലുമായുണ്ടായത്. യു.എസ്.-ലെ കണക്കെടുത്താൽ അവിടെ ആസിഡ് ആക്രമണം വളരെ കുറവാണ്. അവിടെ ഈ മാനസിക വൈകല്യമുള്ളവർ നേരെ തോക്കെടുത്ത് പ്രയോഗിക്കുകയാണ്. മാനസിക വൈകല്യമുള്ളവരാണ് പലപ്പോഴും ഇതുപോലുള്ള അതിക്രമങ്ങളിലേയ്ക്ക് നീങ്ങുന്നത്. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്, കൊല്ലുക എന്ന ഉദ്ദേശ്യത്തേക്കാളുപരി ഇതുപോലുള്ള ആളുകളെ പെർമനന്റായി disable ചെയ്യുകയെന്നുള്ളതാണ്. അവരെ മാനസികമായി തകർക്കുകയെന്നുള്ളതാണ് പലപ്പോഴും അക്രമികൾ ലക്ഷ്യം വയ്ക്കുന്നത്. ഇത് ശാരീരികമായും മാനസികമായും സാമൂഹികമായും സാമ്പത്തികമായും ആ വ്യക്തിയെയും കുടുംബത്തെയും തകർക്കുന്ന ഒന്നായി മാറിയിരിക്കുന്നു. നമ്മുടെ നാട്ടിലേയ്ക്ക് വരുമ്പോൾ ഇതിന്റെ ഇരകൾ കൂടുതലും സ്ത്രീകൾതന്നെയാണ്. രാജ്യത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയാണ് അതിക്രമങ്ങൾ ഏറെ വർദ്ധിച്ചതായി പലപ്പോഴും കാണുന്നത്. കേരളത്തെ സംബന്ധിച്ച് നോക്കുമ്പോൾ, " 1980-കളിൽ മഹാരാജാസ് കോളേജിൽ കെ.എസ്.യു. നേതാവായിരുന്ന ശ്രീ. സി. എസ്. അജിത് പ്രകാശ്, ശ്രീ. പി. ഡി. രാജീവ് എന്നിവരെ എസ്.എഫ്.ഐ.-ക്കാർ ആസിഡ് ബൾബ് എറിഞ്ഞ സംഭവം വളരെ വിവാദമായ ഒന്നായിരുന്നു. റിപ്പോർട്ട് ചെയ്യപ്പെട്ട കാര്യങ്ങളിൽ ആദ്യത്തെ ഒന്നായിരിക്കാം അത്. 2009-നുശേഷം ഇതിന്റെ തോത് വളരെയേറെ വർദ്ധിച്ചിട്ടുണ്ട് ".

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എ. എൻ. ഷംസീർ: സർ, ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ അനാവശ്യമായി എസ്.എഫ്.ഐ.-യെ വലിച്ചിഴയ്ക്കുന്നതെന്തിനാണ്; രാഷ്ട്രീയം പറയുന്നതെന്തിനാണ്? .....(ബഹളം)......

ശ്രീ. അനൂപ് ജേക്കബ്: സർ, ഇത് യാഥാർത്ഥ്യമായ കാര്യമാണ്. ഇതിൽ രാഷ്ട്രീയമൊന്നുമല്ല പറഞ്ഞത്. യഥാർത്ഥ കാര്യമാണ് ഇവിടെ പറഞ്ഞത്. ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇവിടെ ഉന്നയിക്കുന്നത്. ആസിഡ് ആക്രമണംപോലുള്ള സാമൂഹികപ്രശ്നം ഉന്നയിക്കുമ്പോൾ ഇങ്ങനെ അസഹിഷ്ണുത കാണിക്കുന്നതെന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒരു സാമൂഹിക വിപത്താണ്.

ശ്രീ. എം. സ്വരാജ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. അനൂപ് ജേക്കബ്: സർ, സാമൂഹികമായ ഒരു വിപത്ത് ഉന്നയിക്കുമ്പോൾ അതിനെ മറ്റൊരു രീതിയിൽ വ്യാഖ്യാനിച്ച് ബഹളം വയ്ക്കുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇക്കാര്യത്തിൽ യാതൊരു രാഷ്ട്രീയവും പറഞ്ഞിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ്, ശ്രീ. എം. സ്വരാജ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. അത് ശ്രദ്ധിക്കൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇതിൽ എന്ത് പോയിന്റ് ഓഫ് ഓർഡറാണുള്ളത്. എന്നെ പറയാൻ അനുവദിക്കണം. ഞാൻ പറഞ്ഞു തീർക്കട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. സ്വരാജ് പോയിന്റ് ഓഫ് ഓർഡർ പറയട്ടെ.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ഇവിടെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം സംസാരിക്കുമ്പോൾ ശ്രദ്ധ ക്ഷണിക്കലുമായി നേരിട്ട് ഒരു ബന്ധവുമില്ലാത്തതും അടിസ്ഥാനരഹിതവുമായ ദുരാരോപണമാണ് എസ്.എഫ്.ഐ.-ക്കെതിരായി ഉന്നയിച്ചിട്ടുള്ളത്. ആസിഡ് ആക്രമണവുമായി കേട്ടുകേൾവി പോലുമില്ലാത്ത സംഭവമാണ് സഭയെ തെറ്റിദ്ധരിപ്പിക്കാനും അതുവഴി സമൂഹത്തിൽത്തന്നെ തെറ്റായ സന്ദേശം കൊടുക്കാനും ഉദ്ദേശിച്ചിട്ടുള്ള ദുരുദ്ദേശപരമായ പ്രയോഗമാണിത്. അത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ് .*

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ....... (ബഹളം).... അവിടെ പോയിന്റ് ഓഫ് ഓർഡർ കൊടുത്ത അതേ രാഷ്ട്രീയം മാത്രമേ ഞാനും പറയുന്നുള്ളൂ. ......(ബഹളം)....... 1980-കളിൽ മഹാരാജാസ് കോളേജിൽ വിദ്യാർത്ഥികളായിരുന്ന, പ്രമുഖ അഭിഭാഷകനായ ശ്രീ. സി. എസ്. അജിത് പ്രകാശിനെയും ശ്രീ. പി. ഡി. രാജീവിനെയും എസ്.എഫ്.ഐ. പ്രവർത്തകർ ആസിഡ് ബൾബ് എറിഞ്ഞതിനെത്തുടർന്ന് ജീവിക്കുന്ന രക്തസാക്ഷിയായി ശ്രീ. സി. എസ്. അജിത് പ്രകാശ് ഇപ്പോൾ കേരള ഹൈക്കോടതിയിലുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് പറയൂ.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 3247/ഇ.ബി./2019/നി.സെ.തീയതി 14-6-2019) സഭാരേഖയിൽ നിലനിർത്തി.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. അനൂപ് ജേക്കബ് പറഞ്ഞത് സത്യസന്ധമായ കാര്യമാണ്. അദ്ദേഹത്തിന് നേരിട്ട് ബോദ്ധ്യമുള്ള കാര്യമാണ് പറഞ്ഞത്. അത് രേഖയിൽനിന്നും നീക്കാൻ പറ്റില്ല. അത് രേഖയിൽതന്നെ ഉണ്ടാകണം. അത് സത്യസന്ധമായ കാര്യമാണ്. ഇല്ലെങ്കിൽ തെളിയിക്കാൻ തയ്യാറാണ്. യൂണിവേഴ്സിറ്റി കോളേജിലും മഹാരാജാസ് കോളേജിലും ചെയ്യുന്ന കാര്യം പറയുമ്പോൾ നിങ്ങൾ എന്തിനാണ് പേടിക്കുന്നത്?

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ശ്രീ. എം. സ്വരാജ് സൂചിപ്പിച്ചതുപോലെയല്ല, ഇത് അടിസ്ഥാനമുള്ള വിഷയംതന്നെയാണ്. ഈ calling attention-നുമായി ബന്ധപ്പെട്ട് ആധികാരികമായിത്തന്നെയാണ് ഞാൻ ഇവിടെ കാര്യങ്ങൾ ഉന്നയിച്ചിരിക്കുന്നത്. ഇവിടെ നടക്കുന്ന ആസിഡ് ആക്രമണങ്ങളെക്കുറിച്ചാണ് വിഷയം ഉന്നയിച്ചിരിക്കുന്നത്. അത്തരത്തിലുള്ള വിക്ടിംസിന് കോമ്പൻസേഷൻ നൽകണമെന്നും അവർക്ക് പെൻഷൻ സ്കീം ഏർപ്പെടുത്തണമെന്നുമുള്ള കാര്യമാണ് പറഞ്ഞത്. Calling attention അവതരിപ്പിക്കുമ്പോൾ കേരളത്തിൽ അതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചില കാര്യങ്ങൾ പറയേണ്ടതായിവരും, അത് സ്വാഭാവികമാണ്. ചില കാര്യങ്ങൾ സൂചിപ്പിക്കുകയും ചെയ്യും. അത് മാത്രമല്ല, ഞാൻ പറയാൻപോകുന്ന ബാക്കിയുള്ള കാര്യങ്ങൾകൂടി നിങ്ങൾ കേൾക്കൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ്, താങ്കൾ ഇങ്ങോട്ട് നോക്കി സംസാരിക്കൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, 2000 വർഷം മുതൽ ഇതിന്റെ തോത് വളരെയേറെ വർദ്ധിക്കുന്നതായി കാണാൻ കഴിയുന്നുണ്ട്. കഴിഞ്ഞ വർഷം കൊട്ടാരക്കരയിൽ ഒരു യുവതി ട്രെയിനിൽ വച്ച് ആസിഡ് ആക്രമണത്തിന് വിധേയയായിട്ടുണ്ട്. മുക്കത്ത് ഒരു വ്യക്തിക്ക് നേരെ ആസിഡ് ആക്രമണം ഉണ്ടായിട്ടുണ്ട്. തിരുവനന്തപുരം കാട്ടാക്കടയിൽ 22 വയസ്സുള്ള ഒരു യുവതി ആസിഡ് ആക്രമണത്തിന് വിധേയയായിട്ടുണ്ട്. ഈ വർഷം ജനുവരിയിലാണ് രാമമംഗലത്ത് ഒരു സ്ത്രീക്കും 4 കുട്ടികൾക്കും നേരെ അതിഭീകരമായ രീതിയിലുള്ള ആസിഡ് ആക്രമണമുണ്ടായത്. ഒരുപക്ഷേ ഇത്രയും വ്യാപകമായ നിലയിൽ ആസിഡ് ആക്രമണമുണ്ടായ സംഭവം ആദ്യമായിട്ടായിരിക്കും. കഴിഞ്ഞ മാസം പാലായിൽ ഇത്തരത്തിൽ ഒരു വിഷയം ഉണ്ടായത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഇത്തരത്തിലുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് വളരെയേറെ ആശങ്ക ഉളവാക്കുന്ന ഒന്നായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഇതിനെതിരെ നടപടികൾ ഉണ്ടാകേണ്ടതാണ്. 2012-ൽ നിർഭയ കേസ്സിനുശേഷം റേപ്, ആസിഡ് ആക്രമണം എന്നിവയ്ക്കൊക്കെ വിധേയരാകുന്ന

സ്ത്രീകൾക്ക് കൂടുതൽ പരിരക്ഷ നൽകുന്ന നടപടികൾ കേന്ദ്ര ഗവൺമെന്റ് ഐ.പി.സി. 326 പ്രകാരം സ്വീകരിക്കുന്നുണ്ട്. ഇത് ജാമ്യമില്ലാ കുറ്റമാണ്. പലപ്പോഴും സംഭവിക്കുന്നത്, ഈ ഇരകൾക്കുണ്ടാകുന്ന നഷ്ടത്തിനനുസരിച്ചുള്ള തുടർനടപടികൾ ഇവിടെ ഉണ്ടാകുന്നില്ലെന്നതാണ്. ഇവർക്കാവശ്യമായ നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഈ വിഷയം കേന്ദ്ര ഗവൺമെന്റുമായി ഏറ്റെടുക്കേണ്ട ഒരു അനിവാര്യത ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പല സന്ദർഭങ്ങളിലുമുള്ള ഇടപെടലുകൾമൂലമാണ് ഇക്കാര്യത്തിൽ പിന്നീട് മാറ്റങ്ങൾ സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞത്. 2013-ൽ സുപ്രീംകോടതി ആസിഡിന്റെ വിൽപ്പന പൂർണ്ണമായും നിരോധിക്കണമെന്നും നിയന്ത്രിക്കണമെന്നും സ്റ്റേറ്റിനും യൂണിയൻ ഗവൺമെന്റിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷെ നിർഭാഗ്യവശാൽ അതൊന്നും പാലിക്കപ്പെടുന്നില്ല. ഇന്നും അതേ നിലയിൽ തന്നെ തുടർന്നുകൊണ്ടിരിക്കുകയാണ്. 2015-ൽ സുപ്രീംകോടതിയുടെ ഇടപെടൽ വന്നത്, ഇത്തരക്കാർക്ക് വിദ്യാഭ്യാസത്തിലും ഗവൺമെന്റ് ജോലികളിലും സംവരണം ഏർപ്പെടുത്തണമെന്ന നിലയിലാണ്. അതിനുശേഷമാണ് Rights of Persons with Disabilities Act, 2016 ഭേദഗതി ചെയ്തുകൊണ്ട് ഇവർക്ക് മൂന്ന് ശതമാനം സംവരണം ഏർപ്പെടുത്തിയത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്, അത് സ്റ്റേറ്റ് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന ഒരു കാര്യമാണ്. പക്ഷെ അവിടെയും ബ്ലൈന്റായി മാറിയാൽ മാത്രമാണ് ഇവരെ ഈ പട്ടികയിൽ ഉൾപ്പെടുത്തുന്നത്. പക്ഷെ, ഇവർ പെർമനന്റായി രൂപംമാറി പോകുന്നു, ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ സാമൂഹികമായ പിന്നോക്കാവസ്ഥയിലേയ്ക്കും മാനസികമായി തളർന്നുപോകുന്ന സാഹചര്യത്തിലേയ്ക്കും ഇവർ വഴുതിവീഴുന്നു. 2018-ൽ ഈ നഷ്ടപരിഹാരം മാൻഡേറ്ററിയാക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിക്കുകയുണ്ടായി. അങ്ങനെ കോടതിയുടെ ഇടപെടലുകളിലൂടെയാണ് ഇക്കാര്യത്തിൽ കുറെ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞത്. ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ പോകുന്ന മൂന്ന് കാര്യങ്ങളിൽ ഒന്നാമത്തേത്, ആസിഡിന്റെ വിൽപ്പന നിയന്ത്രിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. വിൽപ്പന നിയന്ത്രിക്കുകയോ അല്ലെങ്കിൽ ബാൻ ചെയ്യാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിക്കണം. ആസിഡ്, കർഷകർക്ക് ആവശ്യമുള്ളതാണ്. അത് ലൈസൻസിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്. ഒന്ന്, ഇതിന്റെ ശിക്ഷ ഉറപ്പ് വരുത്തുകയെന്നുള്ളതാണ്. ഇതിന് ജാമ്യം കിട്ടാൻ ബുദ്ധിമുട്ടാണ്. പക്ഷെ

വിചാരണ കോടതിയിലേയ്ക്ക് വരുമ്പോൾ പലരും രക്ഷപ്പെടുന്നതായി കാണാൻ സാധിക്കും. ഞാൻ സൂചിപ്പിച്ച പല കേസ്സുകളിലും പ്രതികൾ ശിക്ഷിക്കപ്പെടുന്നില്ലെന്നതാണ് യാഥാർത്ഥ്യം. രണ്ടാമത്തേത്, മെഡിക്കൽ കെയർ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ്. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഫസ്റ്റ് എയ്ഡ് കൊടുക്കുകയെന്നുള്ളതും പിന്നീട് അവർക്ക് ഇൻഫെക്ഷൻ വരാതിരിക്കാനുള്ള ആന്റീബയോട്ടിക്ക് ട്രീറ്റ്മെന്റുകൾ നടത്തുക എന്നുള്ളതുമാണ്. ഇവർക്ക് അണുവിമുക്തമായ അന്തരീക്ഷം കൊടുക്കണം. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനറൽ ഹോസ്പിറ്റലുകളിലും മെഡിക്കൽ കോളേജുകളിലും മാത്രമേ അത്തരം സൗകര്യങ്ങളുള്ളൂ. അങ്ങനെ മതി. പക്ഷെ, അതുതന്നെ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയണം. ഒരു ആസിഡ് ഇരയെ ഞാൻ പോയി കാണുമ്പോൾ അവർ മറ്റുള്ള രോഗികളോടൊപ്പം ഒരു ജനറൽ വാർഡിലാണ് കഴിയുന്നത്. അവർക്ക് നിർബന്ധമായും ഒരു Sterile വാർഡ് ആവശ്യമാണ്. ആസിഡ് ആക്രമണം മാത്രമല്ല, തീപ്പൊള്ളലേറ്റ് വരുന്നവർക്ക് Sterile വാർഡ് ഏറ്റവും അനിവാര്യമായിട്ടുള്ള ഒന്നാണ്. നമ്മുടെ ആശുപത്രികളിൽ പലപ്പോഴും അതിന്റെ അഭാവം കാണുന്നുണ്ട്. പ്ലാസ്റ്റിക് സർജറിയടക്കമുള്ള കാര്യങ്ങൾ ഇരകൾക്ക് വരുമ്പോൾ അത് ചെയ്തുകൊടുക്കാനുള്ള നടപടികളും അതിനാവശ്യമായ സാമ്പത്തിക സഹായവും ചെയ്തുകൊടുക്കാനുള്ള സാഹചര്യമുണ്ടാകണം. ഏറ്റവും പ്രധാനമായും ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്, ഇവർക്ക് ഒരു പെൻഷൻ സ്കീം നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്നുള്ളതാണ്. മനസ്സിലാക്കിയിടത്തോളം ഹരിയാനയിലാണ് ഇത്തരത്തിലുള്ള ഒരു നടപടി സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ സബ്മിഷനിൽ ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ പരിശോധിക്കാമെന്ന് മന്ത്രി മറുപടി നൽകിയിരുന്നു. അതിനെ സംബന്ധിച്ചും ഒരു നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇത് വളരെയേറെ ശ്രദ്ധേയമായ ഒരു വിഷയമാണ്. ഇടയ്ക്ക് ആവശ്യമില്ലാത്ത ഒരു രാഷ്ട്രീയ ആരോപണം ഉന്നയിച്ച് പ്രശ്നമുണ്ടാക്കിയിരുന്നില്ലെങ്കിൽ ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ചത് വളരെ വളരെ ശ്രദ്ധേയമായ ഒരു വിഷയമാകുമായിരുന്നു. രാജ്യത്താകമാനം ആസിഡ് ആക്രമണങ്ങൾ കൂടി വരുന്നുണ്ടെന്ന് പറയുന്നത് ശരിയാണ്. അതിന്റെ ഭാഗമായി കേരളത്തിലും അടുത്ത കാലത്തായി ആസിഡ് ആക്രമണങ്ങളുണ്ടായിട്ടുണ്ട്. ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് ഇടപെടുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയാണ് ഇത്തരത്തിലുള്ള അതിക്രമങ്ങൾ കൂടുതലായുണ്ടാകുന്നത്. മനുഷ്യന്റെ നേരെ നടത്തുന്ന ആക്രമണങ്ങളിൽ ഏറ്റവും പൈശാചികമായിട്ടുള്ള

ഒന്നാണ് ആസിഡാക്രമണം. ഈ ആസിഡ് ആക്രമണത്തിന് വിധേയരാകുന്ന ആളുകൾ മാനസികമായും ശാരീരികമായും തകർന്നുപോകുകയാണ്. ഇത് ഗൗരവമായി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. ആസിഡ് ആക്രമണത്തിന് ഇരയായി ജീവിക്കുന്നവർക്കുള്ള മാനസിക സാമൂഹിക-സാമ്പത്തികാവസ്ഥ ഗുരുതരമാണെന്ന് കണ്ടുകൊണ്ട് അവരുടെ ദീർഘകാല ചികിത്സയ്ക്ക് വേണ്ടിവരുന്ന സാമ്പത്തിക ചെലവുകൾ, സാമൂഹികമായ ഒറ്റപ്പെടൽ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, വരുമാനമില്ലാത്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എല്ലാംതന്നെ ഈ ഗവൺമെന്റ് കണ്ടിട്ടുണ്ട്. ആസിഡ് ആക്രമണങ്ങൾക്കിരയായി ജീവിക്കുന്നവർക്കായി കേരള സർക്കാർ ആശ്വാസനിധി എന്നൊരു പ്രത്യേക പദ്ധതിതന്നെ സാമൂഹ്യനീതി വകുപ്പിന്റെ, ഇപ്പോഴത്തെ വിമൻ ആൻഡ് ചിൽഡ്രൻ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. 10-12-2018-ലെ ഉത്തരവുപ്രകാരമാണ് ആശ്വാസ നിധി പദ്ധതിക്ക് രൂപം നൽകിയത്. ആസിഡാക്രമണം മാത്രമല്ല, ലൈംഗികാതിക്രമങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിക്കേണ്ടിവരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സഹായം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരക്കാർക്ക് ധനസഹായം നൽകുന്നതിനായി കുട്ടികളാണെങ്കിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറും സ്ത്രീകളാണെങ്കിൽ ജില്ലാ വനിതാ സംരക്ഷണ ഓഫീസറും പരിശോധിച്ച് തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടും ശിപാർശയും പരിശോധിച്ച് വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ ധനസഹായം അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. 2018-2019 മുതൽ നടപ്പിലാക്കുന്ന ആശ്വാസനിധി പദ്ധതി മുഖേന ഇടക്കാലാശ്വാസമായി ആസിഡാക്രമണങ്ങൾ അതിജീവിച്ചവർക്ക് ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപവരെയുള്ള തുകയാണ് ഇപ്പോൾ അനുവദിക്കുന്നത്. ഈയിനത്തിൽ 12 പേർക്കായി 18.5 ലക്ഷം രൂപ ഇപ്പോൾത്തന്നെ അനുവദിച്ചുകഴിഞ്ഞു. ആസിഡാക്രമണങ്ങൾ അതിജീവിച്ചിട്ടുള്ളവരിൽ നാൽപ്പത് ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യം ബാധിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് അർഹതാ മാനദണ്ഡത്തിന് വിധേയമായി വികലാംഗ പെൻഷൻ വിഭാഗത്തിൽപ്പെടുത്തി പെൻഷൻ അനുവദിക്കാൻ സാദ്ധ്യതയുണ്ട്; അത് അനുവദിക്കുന്നുമുണ്ട്. അതിനപ്പുറമുള്ള പെൻഷനെപ്പറ്റി ആലോചിക്കേണ്ടതാണ്, ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിയമങ്ങളും നിബന്ധനകളുമെല്ലാമുണ്ട്. അത്തരം കാര്യങ്ങൾകൂടി അതിനകത്ത് വരുന്നതാണ്. ആശ്വാസനിധി വളരെ ആശ്വാസകരമായ ഒരു പദ്ധതിയാണ്. പിന്നെ, ആസിഡ് വിൽപ്പന നിയന്ത്രിക്കുന്നതിനെപ്പറ്റി പറഞ്ഞു. ആസിഡ് കർഷകർക്ക് ആവശ്യമുള്ളതാണ്.

അതുപോലെ സെഡേഷനാവശ്യമായിട്ടുള്ള ചില മരുന്നുകൾ ഇത്തരം കാര്യങ്ങളെല്ലാം നിയന്ത്രണ വിധേയമായാണ് ചെയ്യുന്നത്. എന്നാൽ അതൊക്കെ ദുരുപയോഗം ചെയ്യുന്നുവെന്നുള്ളത് വസ്തുതയാണ്. ആ കാര്യങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പ്രതികൾ ശിക്ഷിക്കപ്പെടുന്നില്ലെന്ന് പറയുന്നുണ്ട്. മിക്കവാറും കേസ്സുകളൊക്കെ അങ്ങനെയായിരുന്നു. പക്ഷെ ഇപ്പോൾ വളരെ ഗൗരവമായി നിർഭയ കേന്ദ്രങ്ങളും മറ്റും ശക്തമാക്കിക്കൊണ്ട് ഇത്തരം കേസ്സുകൾ വളരെ പെട്ടെന്നുതന്നെ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനും അനന്തര നടപടികളിലേയ്ക്ക് എത്തിക്കുന്നതിനും ശ്രമിക്കുന്നുണ്ട്. ആഭ്യന്തര വകുപ്പ് വളരെ ഗൗരവമായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇത്തരം ആക്രമണത്തിന് വിധേയരാകുന്നവർക്കുള്ള അടിയന്തര ആശ്വാസം എത്തിക്കുന്നതിനുള്ള പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. അത് കൈപ്പറ്റുന്നവർക്കും ഈ ആശ്വാസനിധിയിലുള്ള പണം കിട്ടും. ആ പണം വാങ്ങിയെന്നുള്ളതുകൊണ്ട് ഈ പദ്ധതിയിന്മേലുള്ള പണം കിട്ടാതെ പോകുന്നില്ല. ഇപ്പോൾ മുഖ്യമന്ത്രിതന്നെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടാകുന്ന ആക്രമണങ്ങളിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്, വളരെ പെട്ടെന്നുതന്നെ പ്രതികളെ പിടികൂടാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മെഡിക്കൽ കെയർ ഇപ്പോൾത്തന്നെ കൊടുക്കുന്നുണ്ട്. ഇവിടെ പറഞ്ഞ മറ്റൊരു കാര്യം, Sterile വാർഡിനെപ്പറ്റിയാണ്. അതുതന്നെയാണ് ആശുപത്രികളുടെ നവീകരണം കൊണ്ടുദ്ദേശിക്കുന്നത്. പ്രധാനപ്പെട്ട ആശുപത്രികളിലെല്ലാം തീപ്പൊള്ളൽപോലുള്ള പ്രശ്നങ്ങളുമായി വരുമ്പോൾ അവരെ ചികിത്സിക്കാൻ Sterile വാർഡ് തുടങ്ങുന്നതിനായി ഇപ്പോൾ തീരുമാനമെടുത്തിട്ടുണ്ട്. പുതിയ ആശുപത്രികളിലെല്ലാം ആ സംവിധാനം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ മന്ത്രി സൂചിപ്പിച്ച പെൻഷൻ സ്കീം സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആലോചിക്കേണ്ട കാര്യമില്ല, സംസ്ഥാന ഗവൺമെന്റിനുതന്നെ തീരുമാനിക്കാവുന്ന ഒരു വിഷയമാണ്. ഒരു സംസ്ഥാനം അത്തരത്തിൽ ചെയ്തിട്ടുള്ള പ്രീസിഡൻസാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. പിന്നെ വിക്ടിം കോമ്പൻസേഷൻ സ്കീമിൽ 40 ശതമാനത്തിൽ കൂടുതൽ രൂപഭംഗം സംഭവിച്ചാൽ 3 ലക്ഷം രൂപ വരെ കൊടുക്കാമെന്ന് ആക്ടിൽ പറഞ്ഞിട്ടുണ്ട്. മന്ത്രി ഇവിടെ രണ്ട് ലക്ഷം രൂപ എന്ന നിലയിലാണ് പറഞ്ഞത്. അതോടൊപ്പംതന്നെ സംസ്ഥാന ഗവൺമെന്റിന് ആവശ്യാനുസരണം നഷ്ടപരിഹാരം വർദ്ധിപ്പിക്കണമെങ്കിൽ വർദ്ധിപ്പിക്കാമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് അപകടത്തിലുണ്ടാകുന്ന മുറിവിന്റെ തോതനുസരിച്ച് നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇതിൽ വിക്ടിം കോമ്പൻസേഷനു പുറമെയാണ് ആശ്വാസനിധിയുടെ കാര്യം പറഞ്ഞിട്ടുള്ളത്. വിക്ടിം കോമ്പൻസേഷൻ നേരത്തെതന്നെ തീരുമാനിച്ചതാണ്. അത് വാങ്ങുന്നവർക്കും ആശ്വാസനിധിയിൽ വിമൻ ആന്റ് ചിൽഡ്രൻ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ഒരു ലക്ഷത്തിനും രണ്ട് ലക്ഷത്തിനുമിടയിലുള്ള സഹായം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് സർക്കാർ ഇറക്കിയിട്ടുള്ള ഓർഡറിൽ പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ആ തുക കുറഞ്ഞുപോകുന്ന പ്രശ്നമില്ല. ബാക്കി പറഞ്ഞ കാര്യങ്ങളെല്ലാം പരിശോധനയ്ക്ക് വിധേയമാക്കാം. ഇത്രയും കാര്യങ്ങൾ ഇപ്പോൾ നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നതിൽ ആശ്വസിക്കാം.

## IV സബ്മിഷൻ

### (1) <u>കടലാക്രമണം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ അതിരൂക്ഷമായ കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മഴക്കാലമാകുമ്പോൾ തീരപ്രദേശങ്ങളിൽ വ്യാപകമായ തോതിലുള്ള നാശനഷ്ടങ്ങളാണുണ്ടാകുന്നത്. ഇക്കാര്യം കഴിഞ്ഞ ദിവസം ശ്രീ. വി. എസ്. ശിവകുമാർ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ തീരപ്രദേശങ്ങളിലും ഇരവിപുരം ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും വ്യാപകമായ കടലാക്രമണം ഉണ്ടാകുകയാണ്. ആലപ്പുഴ ജില്ലയിലെ ചേർത്തല, അമ്പലപ്പുഴ, ആലപ്പുഴ, ഹരിപ്പാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും കടലാക്രമണം ഉണ്ടാകുകയാണ്. ചെല്ലാനത്തുണ്ടായ സംഭവം എല്ലാ മാധ്യമങ്ങളിലും വന്നുകൊണ്ടിരിക്കുകയാണ്. കൊടുങ്ങല്ലൂർ, കയ്പമംഗലം, പൊന്നാനി, കോഴിക്കോട് എന്നിങ്ങനെ എല്ലാ സ്ഥലങ്ങളിലും കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മഴക്കാലമാകുമ്പോൾ ഉണ്ടാകുന്നൊരു പ്രതിഭാസം എന്നതിനപ്പുറം ഇപ്പോൾ അറബിക്കടലിൽ രൂപംപൂണ്ട 'വായു' ചുഴലിക്കാറ്റ് കാരണം ഇത്തവണ കടലാക്രമണം രൂക്ഷമായിരിക്കുകയാണ്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തിൽ വലിയഴീക്കൽ, പെരുമ്പള്ളി, വട്ടച്ചാൽ, നല്ലാണിക്കൽ എന്നീ തീര പ്രദേശങ്ങളിലും തൃക്കുന്നപ്പുഴ പഞ്ചായത്തിലെ കോട്ടമുറി, പള്ളിപ്പാട്ടുമുറി, ചേലക്കാട്, പാനൂർ എന്നീ സ്ഥലങ്ങളിലും ഒരാഴ്ചയായി അതിശക്തമായ കടലാക്രമണമാണ്. ഇവിടങ്ങളിൽ അടിയന്തരമായി താൽക്കാലിക

കടൽഭിത്തിയും ദീർഘകാലാടിസ്ഥാനത്തിൽ പുലിമുട്ടും സ്ഥാപിക്കണമെന്നുള്ള ആവശ്യം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ നിരവധി തവണ ഞാൻ ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കടലാക്രമണം ചെറുക്കാൻ നിർമ്മിച്ച കടൽഭിത്തികളല്ലാതെ പുതുതായി ഒരു പ്രവൃത്തിയും ഇവിടെ നടന്നിട്ടില്ല. ഇതുസംബന്ധിച്ച് അധികൃതരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിരുന്നതാണ്. അത് പാലിക്കപ്പെട്ടില്ല. ശക്തമായിക്കൊണ്ടിരിക്കുന്ന കടലാക്രമണംമൂലം ആറാട്ടുപുഴയിലെ കെ.എസ്.ഇ.ബി. ഓഫീസ് ഉൾപ്പെടെ നിരവധി കെട്ടിടങ്ങൾക്കും വീടുകൾക്കും നാശനഷ്ടം സംഭവിച്ചു. യുദ്ധകാലാടിസ്ഥാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ ബന്ധപ്പെട്ട വകുപ്പുകൾ മുന്നോട്ടുവരണം. ആവശ്യമുള്ള സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കണം. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകണം. ഇപ്പോൾ ഐ.ഐ.ടി. സ്റ്റഡി കഴിഞ്ഞ് ടെണ്ടർ ചെയ്യുന്നുവെന്ന് പറയുന്നു. പക്ഷേ ഇത്രയും നാളുകളായിട്ടും ഒരിടത്തും കല്ലിടൽ നടപടികൾ പുരോഗമിക്കുന്നില്ല. പുലിമുട്ട് സംബന്ധിച്ച് മദ്രാസ് ഐ.ഐ.ടി.-യുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടും ഇറിഗേഷൻ വകുപ്പ് നടപടികളുമായി മുന്നോട്ടുപോകുന്നില്ല. ഇത് ഗുരുതരമായ പ്രശ്നമാണ്. പലയിടത്തും ടെണ്ടർ ചെയ്താൽപോലും കല്ല് കിട്ടുന്നില്ലെന്ന് പറഞ്ഞ് പ്രവൃത്തി ചെയ്യാതിരിക്കുന്ന കേസ്സുകളുണ്ട്. ഇക്കാര്യം വളരെ ഗൗരവമായി എടുക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. പ്രത്യേകിച്ച് ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് കടലിൽപോയി മത്സ്യബന്ധനം നടത്താൻ കഴിയുന്നില്ല. കടൽക്ഷോഭം വർദ്ധിച്ചതോടുകൂടി തീരദേശത്ത് ജനങ്ങൾ മുഴുവൻ പട്ടിണിയിലാണ്. ഞാൻ സൗജന്യറേഷൻ കൊടുക്കണമെന്ന് പറയുന്നില്ലെങ്കിലും അവർക്ക് ആനുകൂല്യം കൊടുക്കാനുള്ള നടപടികളുണ്ടാകണം. ഇന്നലെ മന്ത്രിസഭ ചില തീരുമാനമെടുത്തുവെന്ന് വായിച്ചു. അടിയന്തരമായി അത് ലഭ്യമാക്കാനും അത്യാവശ്യംവേണ്ട കടൽഭിത്തി നിർമ്മിച്ച് കടൽക്ഷോഭം തടയാനുള്ള നടപടികളും സ്വീകരിക്കണം. ഇന്നലെ എറണാകുളം ജില്ലാ കളക്ടർ ചെല്ലാനത്ത് പോയപ്പോൾ അവിടെയുള്ളവർ അദ്ദേഹത്തെ തടഞ്ഞു. ആളുകളുടെ പ്രയാസം അത്ര വലുതാണ്. വീടുകളെല്ലാം തകർന്നുപോകുന്നു. നമ്മൾ എത്ര വിചാരിച്ചിട്ടും അത് തടയാൻ കഴിയുന്നില്ല. വാസ്തവത്തിൽ കേന്ദ്ര സർക്കാർ തന്നെ ഇതിനാവശ്യമായ ഫണ്ട് നൽകേണ്ടതാണ്. കാരണം, ഇതിനെ അതിർത്തി സംരക്ഷണത്തിന്റെകൂടി ഭാഗമായി കണക്കാക്കേണ്ടതാണ്. ധനകാര്യ കമ്മീഷന് കൊടുത്ത

നിവേദനങ്ങളിൽ നമ്മൾ അക്കാര്യം പറഞ്ഞിട്ടുള്ളതാണ്. അതിർത്തി സംരക്ഷിക്കുന്നതുപോലെയാണ് തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നത്. വാസ്തവത്തിൽ അതിന് കൂടുതൽ പണം കേന്ദ്ര സർക്കാർ നൽകേണ്ടതാണ്. കേരളത്തിന് 555 കിലോമീറ്ററോളം ദൂരം തീരമുള്ളതാണ്. ഒട്ടുമിക്കവാറും എല്ലാ സ്ഥലങ്ങളിലും ഇന്ന് ഗുരുതരമായ കടലാക്രമണമാണുണ്ടാകുന്നത്. ഇറിഗേഷൻ വകുപ്പിന് പണമില്ല. ഇറിഗേഷൻ വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. ഈ നിലയിൽ മുന്നോട്ടുപോയാൽ തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളടക്കമുള്ള പാവങ്ങൾക്ക് വളരെയേറെ പ്രതിസന്ധിയുണ്ടാകും. അവരെ മാറ്റിപ്പാർപ്പിക്കാനും സാധിക്കില്ല. അവർ മത്സ്യബന്ധനത്തിലൂടെ ഉപജീവനം നടത്തുന്നവരാണ്. അവരെ ദൂരെ സ്ഥലങ്ങളിലേയ്ക്കൊന്നും മാറ്റിപ്പാർപ്പിക്കാൻ കഴിയില്ല. ഈ പ്രതിസന്ധി പരിഹരിക്കാനും കടൽഭിത്തിയും പുലിമുട്ടും അടിയന്തരമായി നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

എന്റെ മണ്ഡലത്തിലെ ആറാട്ടുപുഴ പഞ്ചായത്തുതന്നെ ഇല്ലാതാകുന്ന സ്ഥിതിയിലാണ്. രൂക്ഷമായ കടൽക്ഷോഭംമൂലം വലിയ പ്രതിസന്ധി രൂപപ്പെട്ടുവരികയാണ്. അതുകൊണ്ട് ഇപ്പോൾ താൽക്കാലികമായി കുറേ കല്ലിട്ട് കുറച്ച് വീടുകളെങ്കിലും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ഇതുസംബന്ധിച്ച് ഞാനും ഒരു സബ്മിഷൻ നൽകിയിട്ടുണ്ടായിരുന്നു. അതിനെ ഇതിന്റെകൂടെ അസോസിയേറ്റ് ചെയ്യുകയാണ്. എന്റെ മണ്ഡലമായ നേമം നിയോജകമണ്ഡലത്തിൽ ഇതുപോലുള്ള പ്രശ്നമുണ്ട്. പനത്തുറ എന്ന ഭാഗത്ത് എല്ലാ വർഷവും ഇത്തരത്തിലുള്ള പ്രശ്നമുണ്ടാകുന്നുണ്ട്. ഇപ്രാവശ്യം അവിടെ ശക്തമായ കടലാക്രമണംമൂലം പല നഷ്ടങ്ങളുണ്ടായിട്ടുണ്ട്. അവിടെ 9 പുലിമുട്ടുകൾ നിർമ്മിക്കാനുള്ള തീരുമാനമുണ്ടായിരുന്നെങ്കിലും രണ്ടെണ്ണം മാത്രമേ നിർമ്മിച്ചിട്ടുള്ളൂ. ബാക്കിയുള്ളവ നിർമ്മിച്ചിട്ടില്ല. അതുകൊണ്ടാണ് വർഷാവർഷം കടലാക്രമണം ഉണ്ടാകുന്നത്. ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിച്ച ഈ വിഷയം വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഇന്നലത്തെ ക്യാബിനറ്റിൽ അതിനനുസരിച്ചുള്ള തീരുമാനവുമുണ്ടായിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ

തൃക്കുന്നപ്പുഴ, ആറാട്ടുപുഴ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ തീരസംരക്ഷണത്തിന് ജനങ്ങളുടെ സഹകരണത്തോടുകൂടി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ബഡ്ജറ്റ് വിഹിതത്തിനുപുറമേ 5 കോടി രൂപ ഉൾപ്പെടെ സംസ്ഥാനത്തിന് 22.50 കോടി രൂപയുടെ സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലില്ലായ്മയുടെ പ്രശ്നംകൂടി പരിഹരിക്കുക എന്നുള്ള നിലയ്ക്കാണ് ജനങ്ങളുടെ സഹകരണത്തോടുകൂടി ഇത് നടപ്പാക്കാൻ തീരുമാനിച്ചത്. അത് ജനപ്രതിനിധികളുടെ മേൽനോട്ടത്തിൽ തന്നെയാണ് ചെയ്യുന്നത്. ജനങ്ങൾക്ക് അതിന്റെ പ്രയോജനം മുഴുവൻ ലഭിക്കത്തക്ക വിധത്തിലുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് തീരുമാനിച്ചത്. അതുകൂടാതെ ആലപ്പുഴ ജില്ലയിലെ കടൽത്തീരം സംരക്ഷിക്കുന്നതിന് കിഫ്ബിയിലും ബഡ്ജറ്റിലുമായി ജില്ലയിലെ വട്ടച്ചാൽ Ch. 53.400 കിലോമീറ്റർ മുതൽ Ch. 55.20 കിലോമീറ്റർ ഭാഗത്ത് പുലിമുട്ടുകളുടെ 30.67 കോടി രൂപയ്ക്കുള്ള നിർമ്മാണത്തിന് ഡി.പി.ആർ.-ഉം മറ്റ് നടപടികളുമെല്ലാം പൂർത്തിയായി. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ Ch. 55.200 കിലോമീറ്റർ മുതൽ Ch. 56.600 കിലോമീറ്റർ വരെ പുലിമുട്ടുകളുടെ നിർമ്മാണത്തിന് 28.51 കോടി രൂപയും ആലപ്പുഴ ജില്ലയിലെ പാതിയിൽ കാര്യർ ചെയിനേജ് മുതൽ 60.100 കിലോമീറ്റർ മുതൽ Ch. 61.600 കിലോമീറ്റർ വരെ പുലിമുട്ടുകളുടെ നിർമ്മാണത്തിന് 23.63 കോടി രൂപയുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ എല്ലാവരും ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഈ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് മുമ്പായി അതിനാവശ്യമായ സ്ഥലത്തിന്റെ ഫ്രീ സറണ്ടർ, പുനരധിവാസം, അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ എന്നിവയും ആവശ്യമായ കോസ്റ്റൽ റഗുലേഷൻ സോൺ, പരിസ്ഥിതി അനുമതി തുടങ്ങിയവയും പൂർത്തിയാക്കണമെന്ന് ഭരണാനുമതിയിൽ കിഫ്ബി നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. അതിന് എല്ലാവരുടേയും സഹകരണമുണ്ടാകണം.

ഇതുകൂടാതെ അടിയന്തരമായി ജിയോ മണൽച്ചാക്കുകൾ വച്ച് തൽക്കാലം സംരക്ഷിക്കാൻവേണ്ടി എല്ലാ ജില്ലകളിലും അനുവദിച്ച തുകകൾ കൂടി പറയാം. തിരുവനന്തപുരം - 3 കോടി രൂപ, കൊല്ലം - 2.5 കോടി രൂപ, ആലപ്പുഴ - 5 കോടി രൂപ, എറണാകുളം - 3 കോടി രൂപ, തൃശ്ശൂർ - 3 കോടി രൂപ, മലപ്പുറം - 2 കോടി രൂപ, കോഴിക്കോട് - 2 കോടി രൂപ, കണ്ണൂർ - 1 കോടി രൂപ, കാസർഗോഡ് - 1 കോടി രൂപ. അങ്ങനെ 22.50 കോടി രൂപയുടെ അടിയന്തര പ്രവൃത്തികൾ എടുക്കാനുള്ള തീരുമാനമായിട്ടുണ്ട്.

## (2) കോസ്റ്റൽ പോലീസ് സ്റ്റേഷൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, തീരദേശത്തിന്റെ സുരക്ഷ ഉറപ്പു വരുത്തുന്നതിന് സ്ഥാപിച്ച കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ കാലോചിതമായ മാറ്റം വേണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഇപ്പോഴത്തെ നിലയിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ ആരെങ്കിലും ആക്രമിച്ചാൽപ്പോലും ആ സ്റ്റേഷനിൽ കേസ്സെടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്, നോക്കുകുത്തിയായി നിൽക്കാൻ മാത്രമേ കഴിയുകയുള്ളൂ. കോസ്റ്റൽ പോലീസ് സ്റ്റേഷൻ നിൽക്കുന്ന പഞ്ചായത്തിലെ ഏതാനും വാർഡുകളുടെയെങ്കിലും ക്രമസമാധാനച്ചുമതല ഇവർക്ക് നൽകണമെന്നുള്ളതാണ് ഒരാവശ്യം. 20 മുതൽ 27 വരെ പോലീസുകാർ ഓരോ സ്റ്റേഷനിലുമുണ്ട്. ഇവർക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കടലിൽ സഞ്ചരിക്കാൻ കഴിയുന്ന ബോട്ടുകൾ, അവ ഓടിക്കാൻ കഴിയുന്ന തരത്തിൽ സ്രാങ്കുകളുടെ എണ്ണം എന്നിവ വർദ്ധിപ്പിക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിൽ മുനക്കക്കടവ് പോലീസ് സ്റ്റേഷനിലും ഇത്തരത്തിലുള്ള സംവിധാനങ്ങളും സൗകര്യങ്ങളും ഒരുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോസ്റ്റൽ പോലീസ് സ്റ്റേഷൻ അതിർത്തിപ്രദേശങ്ങളിൽ മറ്റ് പോലീസുകാർ ചെയ്യുന്നതുപോലെയുള്ള നടപടികൾ സ്വീകരിക്കാൻ കോസ്റ്റൽ പോലീസിന് അവകാശം വേണമെന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചത്. അക്കാര്യം പരിശോധിച്ചുവരുന്നു. അതുസംബന്ധിച്ച് ഇപ്പോൾ പ്രത്യേക തീരുമാനം കൈക്കൊണ്ടിട്ടില്ല. കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായി നടക്കുന്നുണ്ട്. കടലിലെ പ്രത്യേക അവസ്ഥ പരിഗണിച്ച് കടൽ ജാഗ്രതാ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം കോസ്റ്റൽ ഇന്റലിജൻസ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ശേഖരിക്കുന്ന വിവരങ്ങൾ കോസ്റ്റ് ഗാർഡുമായും ഇന്ത്യൻ നേവിയുടെ ജോയിന്റ് ഓപ്പറേഷൻ സെന്ററുമായും കൈമാറുന്നുണ്ട്. മറ്റൊരു പ്രത്യേകതയുള്ളത്, കോസ്റ്റൽ വാർഡൻമാരായി തീരദേശ മേഖലയിൽനിന്നും തെരഞ്ഞെടുത്ത 177 പേരുടെ പരിശീലനം നടന്നുകൊണ്ടിരിക്കുകയാണ്. അത് ഉടൻതന്നെ പൂർത്തിയാകും. പൂർത്തിയാകുന്ന മുറയ്ക്ക് കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ അവരെയെല്ലാം നിയമിക്കാൻ പോകുകയാണ്. മുനക്കക്കടവ് തീരദേശ പോലീസ് സ്റ്റേഷനിലെ

പോലീസുദ്യോഗസ്ഥർക്ക് ഇതിനോടൊപ്പം സ്റ്റേഷനിൽ ആവശ്യമായ സൗകര്യങ്ങളൊക്കെ സജ്ജീകരിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സുകളിൽ താമസിക്കാനുള്ള സൗകര്യം അപേക്ഷിക്കുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ കോസ്റ്റൽ പോലീസുദ്യോഗസ്ഥർക്കും നൽകുന്നതാണ്.

(3) വാഹനാപകട മരണത്തിലെ ദുരൂഹത

ശ്രീ. പി. ടി. തോമസ്: സർ, ലോകപ്രശസ്ത വയലിൻ മാന്ത്രികനായ ബാലഭാസ്കറിന്റെ ദാരുണമായ മരണം നമ്മളെയെല്ലാം ദുഃഖിപ്പിച്ചതാണ്. 2018 സെപ്റ്റംബർ 28-ന് പുലർച്ചെയാണ് ഈ ദാരുണമായ അപകടമുണ്ടായത്. 2018 ഒക്ടോബർ 2-നാണ് ബാലഭാസ്കറും അതിനുമുൻപുതന്നെ, രണ്ടര വയസ്സുകാരിയായ മകൾ തേജസ്വിനി ബാലയും മരണപ്പെടുകയുണ്ടായത്. ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ഉത്ക്കണ്ഠാജനകമാണ്. തുടക്കംമുതൽ സംശയങ്ങളും ദുരൂഹതകളും നിറഞ്ഞ വലിയ സംഭവമായാണ് ഓരോ ദിവസവും മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. അടുത്തകാലത്ത് കലാഭവൻ സോബി ജോർജ്ജിന്റെ വെളിപ്പെടുത്തൽ മാധ്യമങ്ങളിൽ പുറത്തുവരികയുണ്ടായി. 28-ാം തീയതി തൃശ്ശൂരിൽ ക്ഷേത്രദർശനം കഴിഞ്ഞ് അവിടെ താമസിക്കുന്നതിനുവേണ്ടി അദ്ദേഹം മുറി ബുക്ക് ചെയ്തിരുന്നുവെന്നും പറയുന്നുണ്ട്. ഈ അപകടം നടക്കുന്ന സമയത്തും അതിനുതൊട്ടുമുൻപുമായി നിരവധി തവണ അദ്ദേഹത്തിന്റെ ഫോണിലേക്ക് കോളുകൾ വന്നിരുന്നുവെന്നും മാധ്യമ വാർത്തകളുണ്ട്; ശരിയാണോയെന്ന് എനിക്കറിയില്ല. ഈ അടുത്ത കാലത്ത് സ്വർണ്ണകള്ളക്കടത്തിന് പിടികൂടിയ ചില ആളുകൾ, അവരെ പിടികൂടിയതിനെത്തുടർന്ന്, പ്രകാശ് തമ്പി, വിഷ്ണു തുടങ്ങിയ ആളുകൾ പല രീതിയിലും ബാലഭാസ്കറിന്റെ സഹായികളായിരുന്നുവെന്ന വാർത്തയും പുറത്തുവരുന്നുണ്ട്. ഏറ്റവും അത്ഭുതകരമായി തോന്നുന്നത് പ്രാഥമിക അന്വേഷണത്തിൽ വണ്ടി ഓടിച്ചിരുന്നത് ആരാണെന്നത് പുറത്തുവന്നില്ലെന്നതാണ്. അതിനെ സംബന്ധിച്ചുപോലും വ്യക്തത വരുത്താൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ പിതാവ് ഉണ്ണിയുടെ പ്രസ്താവനകളും അഭിപ്രായങ്ങളും വളരെ ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തിന്റെ സഹധർമ്മിണി ലക്ഷ്മിയുടെ അഭിപ്രായപ്രകടനങ്ങളും പുറത്തുവന്നിട്ടുണ്ട്. കേരളത്തിലെമ്പാടുമുള്ള ജനങ്ങൾക്ക് വലിയ ആശങ്കയുള്ള വിഷയമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കാര്യത്തിന്റെ ഗൗരവം അറിയാവുന്നതാണ്. ഇതിലുള്ള ആശങ്ക മാറ്റാനും അന്വേഷണം വളരെ ശക്തമായി മുന്നോട്ടുകൊണ്ടുപോയി ആരെങ്കിലും ബാലഭാസ്കറിനെ അപകടപ്പെടുത്തിയതാണോ, ഇതിന്റെ പിന്നിൽ എന്തെങ്കിലുമുണ്ടോ തുടങ്ങിയ കാര്യങ്ങൾ കണ്ടുപിടിച്ച് കേരളജനതയുടെ സംശയം ദുരീകരിക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പ്രസ്താവിച്ചതുപോലെ ബാലഭാസ്കറിന്റെ അകാലനിര്യാണം എല്ലാപേർക്കും ഉൽക്കണ്ഠ ഉണ്ടാക്കിയതും ദുഃഖം വളർത്തിയതുമാണ്. ബാലഭാസ്കറും ഭാര്യ ലക്ഷ്മിയും മകൾ തേജസ്വിനി ബാലയും സഞ്ചരിച്ചുവന്ന ഇന്നോവ കാർ 25-9-2018-ന് പുലർച്ചെ 4.15-നാണ് പള്ളിപ്പുറം സി.ആർ.പി.എഫ്. ക്യാമ്പിനുസമീപം ഒരു മരത്തിലിടിച്ച് തേജസ്വിനി ബാല മരണപ്പെടുകയും, ലക്ഷ്മിക്കും ബാലഭാസ്കറിനും ഡ്രൈവർ അർജ്ജുനും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തത്. 2-10-2018-ന് ബാലഭാസ്കർ മരണപ്പെട്ടു. ഈ കാര്യത്തിന് മംഗലാപുരം പോലീസ് ക്രൈം നമ്പർ 1591 u/s. 279, 337, 338, 304(A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. അപകടസമയത്ത് വാഹനം ആരാണ് ഓടിച്ചിരുന്നതെന്നതിനെപ്പറ്റി വ്യത്യസ്ത സാക്ഷിമൊഴികൾ ലഭിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് അപകടവുമായി ബന്ധപ്പെട്ട് സംശയകരമായ സാഹചര്യമുണ്ടോയെന്ന് വിശദമായി പരിശോധിച്ചുവരികയാണ്. നിലവിൽ കേസ്സിന്റെ അന്വേഷണച്ചുമതല ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് നടത്തിവരുന്നു. ബാലഭാസ്കറിന്റെ മാതാപിതാക്കൾ, അപകടസ്ഥലത്ത് രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നവർ തുടങ്ങി മറ്റു സാക്ഷികളെ കണ്ട് ചോദിച്ചും മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരുടെയും വിദഗ്ദ്ധരുടെയും സേവനം ഉപയോഗപ്പെടുത്തിയും തെളിവുശേഖരണം നടത്തിയിട്ടുണ്ട്. ആവശ്യമായ ശാസ്ത്രീയ പരിശോധന നടത്തുന്നതിലേയ്ക്കായി നടപടികൾ എടുത്തിട്ടുണ്ട്. സംഭവസ്ഥലത്ത് ഉണ്ടായിരുന്നതായി കരുതുന്നവരുടെ ഫോൺകോൾ ഡീറ്റെയിൽസ്, യാത്രാമധ്യേ വാഹനം നിർത്തിയ സ്ഥലങ്ങൾ, ബാലഭാസ്കറുമായി അടുത്തബന്ധം പുലർത്തിയിരുന്ന ആൾക്കാർ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഊർജ്ജിതമായ അന്വേഷണമാണ് പോലീസ് നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പുറത്തുകൊണ്ടുവരാൻ തന്നെയാണ് പോലീസ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്, ആ കാര്യത്തിൽ യാതൊരു സംശയവും ഉണ്ടാകേണ്ടതായിട്ടില്ല. ഫലപ്രദമായി അന്വേഷണം നടത്തി യഥാർത്ഥ വസ്തുതകൾ പുറത്തുകൊണ്ടുവരികതന്നെ ചെയ്യും.

(4) ക്ഷേത്ര കലാപീഠം

ശ്രീമതി സി. കെ. ആശ: സർ, ക്ഷേത്ര വാദ്യങ്ങളുടെ പഠനത്തിനായി 1982 മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ വൈക്കം ക്ഷേത്രത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ക്ഷേത്ര കലാപീഠം. നാദസ്വരം, തകിൽ, പഞ്ചവാദ്യം തുടങ്ങിയ ക്ഷേത്ര വാദ്യങ്ങളാണ് ഇവിടെ തികച്ചും

സൗജന്യമായി പഠിപ്പിക്കുന്നത്. അച്ചടക്കത്തിലും പഠനത്തിലും ഭൗതീക സാഹചര്യത്തിലും ഉയർന്നനിലവാരം പുലർത്തുന്ന, ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിൽനിന്നും നാദസ്വരവും തകിലും ആറ്റിങ്ങലിലെ മറ്റൊരു കേന്ദ്രത്തിലേക്ക് ഈ അധ്യയന വർഷം മുതൽ മാറ്റിയിരിക്കുകയാണ്. ഒരു കോഴ്സ് തന്നെ രണ്ട് സ്ഥലങ്ങളിലായി മൂന്ന് വർഷം തുടരുന്ന പഠനത്തിൽ, ഫസ്റ്റ് ഇയർ ആറ്റിങ്ങലിലും സെക്കന്റ് ഇയറും തേർഡ് ഇയറും വൈക്കം മഹാദേവർ ക്ഷേത്രത്തിലെ കലാപീഠത്തിലും നടത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇങ്ങനെയൊരു തീരുമാനം ഉണ്ടായപ്പോൾ ദേവസ്വം ബോർഡ് പ്രസിഡന്റും മെമ്പർമാരുമായി സംസാരിച്ചപ്പോൾ വൈക്കം ക്ഷേത്ര കലാപീഠത്തിൽനിന്ന് ഈ കോഴ്സുകൾ മാറ്റുകയില്ലെന്ന് ജനപ്രതിനിധി എന്ന നിലയ്ക്ക് എനിക്ക് ഉറപ്പുനൽകിയിരുന്നതാണ്. എന്നാൽ ഉറപ്പുകളെല്ലാം ലംഘിച്ചുകൊണ്ട് ഈ തീരുമാനം ഇപ്പോൾ നടപ്പിലാക്കിയിരിക്കുകയാണ്. ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന വൈക്കത്തെ ക്ഷേത്ര കലാപീഠം എന്ന സ്ഥാപനത്തിന്റെ തകർച്ചയ്ക്കേ ഇത് കാരണമാകുകയുള്ളൂ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ക്ഷേത്രകലകൾ പഠിപ്പിക്കുന്നതിന് ദേവസ്വം ബോർഡ് പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഏറ്റവും നല്ല രീതിയിൽ നടക്കുന്ന ഒരു സ്ഥാപനത്തെ തകർത്തുകൊണ്ടാകണോ അതുവേണ്ടത് എന്നുള്ളതാണ് ഞങ്ങളുടെ ഏറ്റവും വലിയ ആശങ്ക. ഏറ്റവും നല്ലരീതിയിൽ നടക്കുന്ന വൈക്കത്തെ ക്ഷേത്രകലാപീഠത്തെ തകർച്ചയിലേയ്ക്ക് കൊണ്ടുപോകുന്നതിന് മാത്രമേ ദേവസ്വം ബോർഡിന്റെ ഈ തീരുമാനത്തിലൂടെ സാധ്യമാകുകയുള്ളൂവെന്നും അങ്ങനെ ഒരു തീരുമാനമെടുത്ത ദേവസ്വം ബോർഡിന്റെ നടപടി മന്ത്രി അടിയന്തരമായി ഇടപെട്ട് വൈക്കം ക്ഷേത്ര കലാപീഠത്തിൽ തുടർന്നും തകിലും നാദസ്വരവും അതോടൊപ്പം പഞ്ചവാദ്യം കോഴ്സുകളും പഠിപ്പിക്കുന്നതിനുള്ള അനുവാദം നൽകുകയും ഇത്തവണ മാറ്റിയ കോഴ്സുകൾ ഉൾപ്പെടെ വൈക്കത്ത് നടത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കിത്തരികയും ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ വിനീതമായി അഭ്യർത്ഥിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, വൈക്കം ക്ഷേത്ര കലാപീഠത്തിൽ തകിൽ, നാദസ്വരം, പഞ്ചവാദ്യം എന്നീ കോഴ്സുകളാണ് ഇപ്പോൾ നടക്കുന്നത്. ഈ കോഴ്സുകൾ ഒന്നും അവിടെനിന്ന് മാറ്റുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടില്ല. ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരത്തിൽ ദീർഘകാലമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ക്ഷേത്ര കലാപീഠം മുൻ ദേവസ്വം ബോർഡ് നിർത്തലാക്കുകയുണ്ടായി. പ്രസ്തുത ക്ഷേത്രകലാപീഠം

പുനരാരംഭിക്കുന്നതിന് ഇപ്പോഴത്തെ ബോർഡ് തീരുമാനിക്കുകയും അവിടെ പുതിയ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വൈക്കം ക്ഷേത്ര കലാപീഠത്തിൽ നിലവിലുള്ള പഠന സംവിധാനങ്ങൾക്ക് യാതൊരു തടസ്സവുമുണ്ടാകാതെയാണ് ആറ്റിങ്ങൾ കലാപീഠം പുനഃസ്ഥാപിച്ചിട്ടുള്ളത്. വിവിധ കോഴ്സുകൾ പഠിപ്പിക്കുന്നതിന് ആവശ്യമായ അദ്ധ്യാപകരെ രണ്ട് കലാപീഠത്തിലും നിയോഗിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്രകലകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക്, കൂടുതൽ ആളുകളെ പഠിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ട സമീപനമാണ് ദേവസ്വം ബോർഡ് ഇപ്പോൾ എടുത്തിരിക്കുന്നത്. ആറന്മുളയിൽ വഞ്ചിപ്പാട്ട് പഠന കേന്ദ്രവും തിരുവല്ലയിൽ കഥകളി പഠന കേന്ദ്രവും ആരംഭിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ കൈക്കൊണ്ടുവരികയാണ്. വൈക്കം ക്ഷേത്രകലാപീഠത്തിന് ദോഷകരമായി ബാധിക്കുന്ന യാതൊരു നടപടികളും കൈക്കൊള്ളരുതെന്ന് ദേവസ്വം ബോർഡിനോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(5) മിനിമം വേതനം

ശ്രീ. സി. കൃഷ്ണൻ: സർ, കേരളത്തിൽ ഖാദി മേഖലയിൽ നൂൽ നൂല്പ്, നെയ്ത്ത് തുടങ്ങിയവകളിലായി 15000-ത്തോളം തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്. രാജ്യത്ത് ആദ്യമായി കേരളത്തിൽ 2006-2011 കാലത്തെ എൽ.ഡി.എഫ്. ഗവൺമെന്റാണ് ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ച് നടപ്പിലാക്കിയത്. 2010-ൽ നിശ്ചയിച്ച കൂലിയാണ് ഇപ്പോഴും അവർക്ക് ലഭിച്ചുവരുന്നത്. 2018-ൽ ഇപ്പോഴത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് ആ കൂലി പുതുക്കി നിശ്ചയിക്കുകയും വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. 10 മാസം കഴിഞ്ഞിട്ടും അത് നടപ്പിലാക്കാൻ കേരളത്തിലെ ഖാദി സ്ഥാപനങ്ങൾ തയ്യാറായിട്ടില്ല. ചില ആലോചനകൾ നടന്നുവെങ്കിലും അത് മാറ്റിവയ്ക്കുകയാണ് ചെയ്തത്. ഇപ്പോൾ നിശ്ചയിച്ച മിനിമം കൂലി നടപ്പിലാക്കിയാൽത്തന്നെ 395 മുതൽ 400 രൂപവരെയാണ് ഖാദി തൊഴിലാളികൾക്ക് അവരുടെ വർക്ക് ലോഡിനെ അടിസ്ഥാനപ്പെടുത്തി ലഭിക്കുക. ആ വിധത്തിൽ തുച്ഛമായ വേതനം ലഭിക്കുന്ന ഖാദി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചത് അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി മേഖലയുടെ വളർച്ച ലക്ഷ്യംവച്ചുകൊണ്ട് വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ഖാദി മേഖലയിൽ 1700-ഓളം പേർക്ക്

പുതുതായി തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ നിലവിൽ ഖാദി ക്ഷേമനിധി ബോർഡിലെ അംഗത്വപ്രകാരം 14733 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ പുതിയ ഖാദി ഉത്പാദന യൂണിറ്റുകൾ, പുതിയ റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ ആരംഭിക്കുകയും തൊഴിലാളികൾക്ക് ആവശ്യമായ ചർക്കകളും തറികളും വിതരണം ചെയ്തുവരികയുമാണ്. തൊഴിലാളികളുടെ ഉത്സവബത്ത 900 രൂപയിൽനിന്നും 1500 രൂപയായി ഈ സർക്കാർ വർദ്ധിപ്പിച്ചു. സംസ്ഥാന സർക്കാർ സംസ്ഥാനത്തെ ഖാദിത്തൊഴിലാളികളുടെ മിനിമം വേതനം 6-8-2018 മുതൽ പ്രാബല്യം നൽകി പ്രഖ്യാപിച്ചിരിക്കുകയാണ്. ഖാദിത്തൊഴിലാളികൾക്ക് പുതുക്കിയ നിരക്ക് അനുസരിച്ച് പീസ് റേറ്റ് വിഭാഗം തൊഴിലാളികൾക്ക് നിലവിലുള്ള 266.30 രൂപയിൽനിന്നും 400.60 രൂപയായും ദിവസവേതന തൊഴിലാളികൾക്ക് 283.46 രൂപയിൽനിന്നും 425 രൂപയായും വർദ്ധിക്കുന്നുണ്ട്. അടിസ്ഥാന വേതനത്തിനുപുറമെ ജീവിത വിലസൂചികയുടെ അടിസ്ഥാനത്തിൽ എല്ലാവിഭാഗം തൊഴിലാളികൾക്കും ക്ഷാമബത്തയ്ക്കും അർഹതയുണ്ടായിരിക്കും. ഇതുവഴി മാസശമ്പളക്കാരുടെ കുറഞ്ഞ വേതനം 5214.50 രൂപയിൽനിന്നും 11098 രൂപയായി ഉയരുന്നു. മാസശമ്പളക്കാർക്ക് 112.85%-ഉം പീസ് റേറ്റ് തൊഴിലാളികൾക്ക് 52.71%-ഉം ദിവസവേതനക്കാർക്ക് 49.90%-ഉം ആണ് വർദ്ധനവ്. നിലവിലുള്ള ഖാദി കോസ്റ്റ് ചാർട്ട് പ്രകാരം ഒരു നൂൽനൂൽപ്പ് തൊഴിലാളിക്ക് ഒരു കഴി നൂലിന് 5.50 രൂപ നിരക്കിൽ വേതനം ലഭിക്കും. പുതിക്കിയ മിനിമം വേതനനിരക്കുപ്രകാരം 14.90 രൂപ കൂലിയും 29 രൂപ ഡി.എ.-യും നൽകേണ്ടതായിട്ടുണ്ട്. അതുപോലെ കോസ്റ്റ് ചാർട്ട് പ്രകാരം മീറ്ററിന് 23.46 രൂപ വേതനം ലഭിക്കുന്ന നെയ്ത്ത് തൊഴിലാളിക്ക് 69.60 രൂപയും 29 രൂപ ഡി.എ.-യും നൽകേണ്ടതുണ്ട്. സർക്കാർ ഇൻകം സപ്പോർട്ട് സ്കീം പ്രകാരമാണ് ഇപ്പോൾ ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നത്. 2016-17 മുതൽ ഇതുവരെയായി ഇൻകം സപ്പോർട്ട് സ്കീമിൽ 82.945 കോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ 14.24 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. 2019 ഫെബ്രുവരി മാസം വരെയുള്ള വേതനം തൊഴിലാളികൾക്ക് നൽകിക്കഴിഞ്ഞു. പുതുക്കിയ മിനിമം വേതനം നൽകാൻ വർഷത്തിൽ 55 കോടി രൂപ ചെലവുവരുമെന്ന് കണക്കാക്കുന്നു. ഖാദി ബോർഡിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതി വളരെ പ്രയാസകരമാണ്. ബോർഡിന്റെ കീഴിൽ നിലവിലുള്ള നൂൽനൂൽപ്പുകാരും നെയ്ത്തുകാരുമായി 6239 പേർക്ക് പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക നൽകാൻ കഴിയാത്തതാണ് ഇന്നത്തെ സ്ഥിതി. ഇതര ഖാദി

സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും പുതുക്കിയ നിരക്ക് അനുസരിച്ച് കൂലി ലഭ്യമാക്കേണ്ടതുണ്ട്. ഖാദി മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും പുതുക്കിയ മിനിമം വേതനം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിനാവശ്യമായ എല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് നടപടികൾ സ്വീകരിച്ചുവരികയാണ്.

(6) ബസ് സർവ്വീസ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കേരളത്തോട് ഏറ്റവും അടുത്തുകിടക്കുന്ന മഹാനഗരമെന്ന നിലയ്ക്ക് ബാംഗ്ലൂരിലേയ്ക്ക് പ്രതിദിനം യാത്രചെയ്യുന്നവരുടെ എണ്ണം പതിനായിരത്തിലേറെയാണ്. ബാംഗ്ലൂരിൽ 12 ലക്ഷം മലയാളികളുണ്ട് എന്നാണ് ഏകദേശ കണക്ക്. പഠനത്തിനും ജോലിക്കും വ്യാപാരത്തിനുമായി വന്നുപോകുന്നവരുടെ എണ്ണവും വളരെയേറെയാണ്. എന്നാൽ ഇവരുടെയൊക്കെ പോക്കുവരവിനുവേണ്ട ട്രെയിനുകളോ ബസ്സുകളോ കേരളത്തിലില്ല. ഇതിനൊരു പരിഹാരം കാണണമെന്ന ബാംഗ്ലൂരിലെ മലയാളികളുടെ മുറവിളിക്ക് ഏറെ പഴക്കമുണ്ട്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ ചെയർമാനായ പ്രവാസിക്ഷേമം സംബന്ധിച്ച നിയമസഭാസമിതി ബാംഗ്ലൂരിൽ പോയപ്പോൾ അവിടെയുള്ള പ്രവാസി മലയാളികളുടെ ബുദ്ധിമുട്ട് നേരിട്ട് മനസ്സിലാക്കിയതാണ്. ഇതിനൊരു പരിഹാരം കാണണമെന്നത് പതിറ്റാണ്ടുകളായിട്ടുള്ള ആവശ്യമാണ്. പ്രതിദിന സർവ്വീസ് ഉൾപ്പെടെ കേരളത്തിൽനിന്നും ആഴ്ചയിൽ ഓടുന്നത് 12 ട്രെയിനുകളാണ്. ഈയിടെ റെയിൽവേ അനുവദിച്ച കൊച്ചുവേളി-കെ.ആർ.പുരം സുവിധാ സ്പെഷ്യലാണ് ഇതിലൊന്ന്. എന്നാൽ ഫ്ലക്സി നിരക്കായതിനാൽ ഇതിന്റെ ടിക്കറ്റ് ചാർജ്ജ് സാധാരണക്കാർക്ക് താങ്ങാനാവുന്നതല്ല. ട്രെയിനിൽ യാത്ര ചെയ്യണമെങ്കിൽപ്പോലും മൂന്ന് മാസം മുമ്പ് ടിക്കറ്റെടുത്ത് കാത്തിരിക്കണം. കേരള-കർണ്ണാടക സർക്കാർ ബസുകളിലും ടിക്കറ്റുകൾ ഒരു മാസം മുമ്പ് ബുക്കുചെയ്തെങ്കിൽ മാത്രമേ യാത്രചെയ്യാനാകൂ. ഈ സാഹചര്യം മുതലെടുത്താണ് സ്വകാര്യ ബസ്സുകൾ ടിക്കറ്റ് കൊള്ളനടത്തുന്നത്. ചില സന്ദർഭങ്ങളിൽ വിമാന ടിക്കറ്റിനേക്കാൾ ചാർജ്ജ് ഈടാക്കുന്ന സ്വകാര്യ ബസ്സുകളുമുണ്ട്. എല്ലാറ്റിനും ഇരയാകേണ്ടിവരുന്നത് ഈ സെക്ടറിൽ ദിനേനയെന്നോണം യാത്രനടത്തുന്ന പാവപ്പെട്ട വിദ്യാർത്ഥികൾ അടക്കമുള്ള യാത്രക്കാരാണ്. സാധാരണ ദിവസങ്ങളിൽ 150 വരെ സ്വകാര്യ ബസുകളാണ് ബാംഗ്ലൂരിൽനിന്നും തിരിച്ചും കേരളത്തിലേയ്ക്ക് സർവ്വീസ് നടത്തുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ ഇത് 200-250 ആയി ഉയരും. കോൺട്രാക്റ്റ് കാര്യേജ് പെർമിറ്റ് എടുത്തിട്ടുള്ള ഇത്തരം ബസ്സുകൾ സ്റ്റേജ് കാര്യേജ് സമ്പ്രദായത്തിൽ സർവ്വീസ് നടത്തുകയും യാതൊരു മാനദണ്ഡവുമില്ലാതെ

ചാർജ്ജ് ഈടാക്കുകയും ചെയ്യുന്നതുകാരണം കെ.എസ്.ആർ.ടി.സി.-യെയും പൊതുജനങ്ങളെയും ഒരുപോലെ കൊള്ളയടിക്കുകയാണ്. ഇത് നിയന്ത്രിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടൽ ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട്ടുകാരനാണ്. ബാംഗ്ലൂർ യാത്രയുടെ ദുരിതം നേരിൽ അറിയണമെങ്കിൽ കോഴിക്കോട് പോയാൽ സാധിക്കുന്നതാണ്. കോഴിക്കോട് കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ ബാംഗ്ലൂർ ബസ് വന്നാൽ ചക്കമുറിച്ചാൽ ഈച്ച പൊതിയുന്നതുപോലെയാണ് ബസ്സിന് ചുറ്റും ആളുകൾ കൂടുന്നത്. ഇരുന്ന് യാത്രചെയ്യാനല്ല, ആ ബസ്സിൽ ഒരിടം കിട്ടാനും നിന്നുകൊണ്ട് യാത്രചെയ്യാനുമാണ് ഇത്രയും തിരക്ക്. 7-8 മണിക്കൂർ നിന്നുകൊണ്ടാണ് യാത്രചെയ്യുന്നത്. ഈ യാത്രാദുരിതത്തിന് പരിഹാരം കാണാൻ സർക്കാരിന് മാത്രമേ കഴിയുകയുള്ളൂ. കെ.എസ്.ആർ.ടി.സി. 50 സർവ്വീസുകൾ കൂടി ആരംഭിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഇതുവരെ നടപടി ഉണ്ടായിട്ടില്ല. യാത്രക്കാരുടെ സുരക്ഷയും ചാർജ്ജിലുള്ള ഏകീകരണവും ഉറപ്പാക്കിക്കൊണ്ടും കർശന നിബന്ധനകൾക്ക് വിധേയമാക്കിയും സ്വകാര്യ ബസ്സുകളെയും പരിഗണിക്കാവുന്നതാണ്. അതിനെല്ലാമപ്പുറം പുതിയ ട്രെയിൻ സർവ്വീസ് അനുവദിച്ചുകിട്ടാനും സർക്കാർ തലത്തിലുള്ള ഇടപെടലുകൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബാംഗ്ലൂരിനെ ആശ്രയിക്കുന്ന വടക്കൻ കേരളത്തിലെ യാത്രക്കാരുടെ പ്രശ്നങ്ങളാണ് ശ്രീ. പാറക്കൽ അബ്ദുല്ല ഇവിടെ സൂചിപ്പിച്ചത്. ഇതിൽ രണ്ട് കാര്യങ്ങളുണ്ട്. അതിലൊന്ന് അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നത് ഉഭയകക്ഷി സമ്മത പ്രകാരമാണ്. ആ കരാർ അടിസ്ഥാനത്തിലുള്ള സർവ്വീസുകൾ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിലേയ്ക്ക് 48 സർവ്വീസുകളാണ് ദിനംപ്രതി നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ 39 സർവ്വീസുകളും വടക്കൻ കേരളത്തിലാണ് എന്ന വസ്തുത നമ്മൾ അംഗീകരിക്കണം. അതുതന്നെ രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ ക്രമാനുഗതമായി അവിടെനിന്നും ഇങ്ങോട്ടും വൈകിട്ട് 3 മണിമുതൽ 30 മിനിട്ട് ഇടവിട്ടും ഈ പറയുന്ന പ്രദേശങ്ങളിൽ നിന്നൊക്കെ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്. എന്നിട്ടും കോഴിക്കോടുനിന്നും പുറപ്പെടുന്ന ബസ്സുകളിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ നല്ല തിരക്ക് അനുഭവപ്പെടുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് ആകർഷകമായ വരുമാനമുണ്ടാക്കുന്ന സർവ്വീസാണ്. എന്നാൽ മറ്റെല്ലാ സ്ഥലങ്ങളിൽനിന്നും അതുപോലെയാണോയെന്ന് നമുക്ക് ഓൺലൈൻ ബുക്കിംഗിലൂടെ മനസ്സിലാക്കാൻ കഴിയും. എത്ര സീറ്റുകളാണ് ബുക്ക്

ചെയ്യുന്നത്, എത്ര സീറ്റുകളാണ് ബുക്കുചെയ്യാൻ കഴിയാത്തത് എന്നറിയാൻ കഴിയും. അങ്ങനെ അധിക സർവ്വീസ് ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ അഡീഷണൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള അനുവാദം ഉഭയകക്ഷി സമ്മതപ്രകാരം ഇപ്പോൾ കിട്ടിയിട്ടുണ്ട്. പ്രത്യേകിച്ച് അവധി ദിവസങ്ങളിലും ആഘോഷ വേളകളിലുമാണ് അത്തരം ആവശ്യങ്ങൾ ഉണ്ടാകുന്നത്. എന്നിരുന്നാലും നമുക്ക് കൂടുതൽ യാത്രാസൗകര്യങ്ങൾ ആവശ്യമാണ് എന്നതിനോട് ഗവൺമെന്റിന് യോജിപ്പുതന്നെയാണുള്ളത്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രയാസമൊന്നുമില്ല. സ്വകാര്യ ബസ്സുകളെ സംബന്ധിച്ച് അവർക്ക് സ്റ്റേജ് കാര്യേജായി നിബന്ധനകൾക്ക് വിധേയമായി സർവ്വീസ് നടത്താൻ അനുവാദം കൊടുക്കൽ പരിഹാരമാർഗ്ഗങ്ങളിൽ ഒന്നാണെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. അങ്ങനെ കൊടുക്കാൻ അനുവാദമില്ല, കോൺട്രാക്റ്റ് കാര്യേജ് അടിസ്ഥാനത്തിൽ മാത്രമേ പോകാൻ പറ്റുകയുള്ളൂ. താങ്കൾ സൂചിപ്പിച്ചതുപോലെ കോൺട്രാക്റ്റ് കാര്യേജുകൾ നിയമം ലംഘിച്ച് സർവ്വീസ് നടത്തുന്നതിന്റെ ഫലമായി കഴിഞ്ഞ രണ്ടുമാസമായി 'നൈറ്റ് റൈഡേഴ്സ് ' എന്ന പേരിൽ സ്പെഷ്യൽ സ്ക്വാഡ് അത്തരം ബസ്സുകളെ പിടിക്കുകയും ഈ രണ്ട് മാസത്തിനിടയിൽ പിഴയിനത്തിൽ മാത്രം രണ്ട് കോടി എഴുപത്തഞ്ച് ലക്ഷം രൂപ സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കർശനമായ അത്തരം നടപടികൾ സർക്കാർ തുടരുകതന്നെ ചെയ്യും. എന്നിരുന്നാലും യാത്രാക്ലേശം പരിഹരിക്കാൻ ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്ന സംവിധാനത്തിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 25 സർവ്വീസുകൾക്ക് അനുവാദം കിട്ടിയിട്ടുണ്ട് ; അങ്ങനെ വരുമ്പോൾ വടക്കൻ കേരളത്തിലെ പ്രയാസങ്ങൾ പ്രത്യേകമായി പരിശോധിക്കുന്നതാണ്.

(7) സീപോർട്ട് - എയർപോർട്ട് റോഡ്

ശ്രീ. അൻവർ സാദത്ത്: സർ, എറണാകുളം ജില്ലയുടെ മുഖച്ഛായ മാറ്റുന്ന സീപോർട്ട്-എയർപോർട്ട് റോഡിന്റെ 2-3 പാക്കേജിൽപ്പെട്ട എൻ.എ.ഡി.-ജംഗ്ഷൻ മുതൽ അസ്സീസി ജംഗ്ഷൻ വരെയും അസ്സീസി ജംഗ്ഷൻ മുതൽ മഹിളാലയം ജംഗ്ഷൻ വരെയുമുള്ള നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബിയിൽനിന്നും 29-6-2018-ൽ 437.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ അനുസരിച്ച് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനാണ് ഇതിന്റെ വർക്ക് കൊടുത്തിരിക്കുന്നത്. നിലവിൽ ഈ റോഡിന്റെ നിർമ്മാണം മന്ദഗതിയിലാണ് മുന്നോട്ടുപോകുന്നത്.

മാത്രമല്ല, ഇതുവരെ എന്തൊക്കെ പ്രവൃത്തികൾ നടന്നുവെന്ന് ഞങ്ങൾക്കും ആ പ്രദേശത്തുള്ള ജനപ്രതിനിധികൾക്കും അതുമായി ബന്ധപ്പെട്ട ആർക്കും അറിയാൻ പറ്റാത്ത സാഹചര്യമാണുള്ളത്. അങ്ങയുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് അതിനുള്ള നടപടികൾ ദ്രുതഗതിയിൽ ആക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. അതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കണം. ഇപ്പോൾ ഫണ്ട് അനുവദിച്ച സ്ഥിതിക്ക് എത്രയുംവേഗം അവിടെ ലാന്റ് അക്വിസിഷൻ അടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കണം. സത്യം പറഞ്ഞാൽ വർഷങ്ങളായി പാവങ്ങളുടെ സ്ഥലം അവിടെ ഫ്രീസ് ചെയ്തിരിക്കുകയാണ്, അവർക്ക് സ്ഥലം വിൽക്കാനും പറ്റുന്നില്ല. ഗവൺമെന്റ് ഏറ്റെടുക്കാത്തൊരു സാഹചര്യവും പ്രതിസന്ധിയും അവിടെയുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി എത്രയുംവേഗം ബന്ധപ്പെട്ടുകൊണ്ട് സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ശ്രീ. അൻവർ സാദത്ത് ഉന്നയിച്ച സീപോർട്ട്-എയർപോർട്ട് റോഡിന്റെ 2-ാം ഘട്ടത്തിന് (6.6 കി.മീറ്ററാണ് ദൈർഘ്യം) കിഫ്ബി വഴി 437.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഏതാണ്ട് 76 ഏക്കർ സ്ഥലമാണ് 6.6 കി.മീ റോഡിനുവേണ്ടി ഏറ്റെടുക്കേണ്ടത്. അതുകൊണ്ടാണ് ചെലവുകൾ ഇത്രയും വന്നിരിക്കുന്നത്. സ്ഥലം ഏറ്റെടുക്കാനുള്ള അർത്ഥനാപത്രം 2018 ഒക്ടോബർ 27-ന് കളക്ടർക്ക് സമർപ്പിക്കുകയും കളക്ടർ ഉടൻതന്നെ സ്ഥലമെടുപ്പ് ഓഫീസറെ നിയമിക്കുകയും ചെയ്തെങ്കിലും ഗവൺമെന്റിന്റെ ഒരു മുൻ ഉത്തരവുപ്രകാരം അർത്ഥനാധികാരിതന്നെ സ്ഥലമെടുപ്പിനുള്ള റവന്യൂ വകുപ്പിന്റെ അനുമതി ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖാന്തരം വാങ്ങണമെന്ന് നിഷ്കർഷിച്ചു. 22-5-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിന് അതിർത്തിക്കല്ലുകൾ ഇപ്പോൾ സ്ഥാപിക്കുകയും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു, കോൺട്രാക്ട് അവാർഡ് ചെയ്തിട്ടുമുണ്ട്. എത്രയും വേഗം കോൺട്രാക്ടറെകൊണ്ട് റോഡ് നിർമ്മിക്കാനുള്ള നടപടികളിലേക്ക് നീങ്ങുന്നതാണ്.

(8) മേൽപ്പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം

ശ്രീ. വി. ടി. ബൽറാം: സർ, 25-5-2017-ൽ ഈ സഭയിൽ ഞാൻ അവതരിപ്പിച്ച ഒരു സബ്മിഷന്റെ കാര്യം ഇവിടെ ആവർത്തിക്കേണ്ടിവരികയാണ്. 2016-17-ൽ കിഫ്ബിവഴി എന്റെ മണ്ഡലത്തിൽ കുറ്റിപ്പുറം-തൃത്താല-പട്ടാമ്പി റോഡ് അനുവദിച്ചിരുന്നു. പട്ടാമ്പിയിലെ പുതിയ പാലം അടക്കമുള്ള ഒരു

പദ്ധതിയാണിത്. യു.ഡി.എഫ്. ഭരണസമയത്ത് 120 കോടി രൂപയുടെ ഇൻ പ്രിൻസിപ്പിൾ സാംഗ്ഷൻ ലഭിച്ചിരുന്നതാണ്. എന്നാൽ പുതിയ ഗവൺമെന്റ് വന്നശേഷം കിഫ്ബി വഴിയാക്കി അത് മാറ്റി. ഞാൻ അന്ന് അവതരിപ്പിച്ച സമയത്ത് അങ്ങ് നൽകിയ മറുപടി ഇപ്പോഴും എന്റെ കയ്യിലുണ്ട്. ആ മറുപടിയിൽ പറഞ്ഞിട്ടുള്ളത്; 'ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്, വിശദമായ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്, അത് ഉടൻതന്നെ സമർപ്പിക്കുന്നതാണ്, ഇതിന്റെ ടെക്നിക്കൽ സാംഗ്ഷൻ വേഗത്തിൽ കിട്ടും, അതിനുശേഷം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിഫ്ബി മുഖാന്തരം ടെണ്ടർ നടപ്പിലാക്കുന്നതാണ് എന്നാണ്. എന്നാൽ പി.ഡബ്ല്യൂ.ഡി. ഇതുവരെ ഡി.പി.ആർ. കിഫ്ബിയിൽ എത്തിച്ചിട്ടില്ല. നിരവധി തവണ ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ ഞാൻ ഫോണിലൂടെയും നേരിട്ടും ഡി.പി.സി. യോഗങ്ങളിലും ആവശ്യപ്പെട്ടിരുന്നു. എന്റെ ഓഫീസിൽനിന്ന് എന്റെ പി.എ. ഇവരോടൊപ്പം പോയി പല ഓഫീസുകളും കയറിയിറങ്ങി, അവർ പറയുന്ന ഓരോ കാര്യങ്ങൾക്കും വേണ്ട കടലാസുകൾ ശരിയാക്കിക്കൊടുത്തിട്ടുമുണ്ട്. ഇതുവരെ ഫൈനൽ ഡി.പി.ആർ. തയ്യാറാക്കാനോ അത് കിഫ്ബിക്ക് സമർപ്പിക്കാനോ പി.ഡബ്ല്യൂ.ഡി.-ക്ക് കഴിഞ്ഞിട്ടില്ല. എത്രയുംപെട്ടെന്ന് അങ്ങ് ഇടപെട്ട് അത് expedite ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്. 2017-18-ലെ ബഡ്ജറ്റിലും കിഫ്ബി വഴി പറഞ്ഞ രണ്ട് പ്രോജക്ടുകളുടെയും അവസ്ഥ ഇതുതന്നെയാണ്. അതിന്റേയും ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. പടിഞ്ഞാറങ്ങാടി-മണ്ണിയംപെരുമ്പലം റോഡ്, മലവട്ടത്താണി റോഡ് എന്നിവയുടെയും ഡി.പി.ആർ. തയ്യാറാക്കുകയോ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ തുടങ്ങുകയോ ചെയ്തിട്ടില്ല. അതോടൊപ്പം കരിയന്നൂർ റെയിൽവേ ഓവർബ്രിഡ്ജ് പദ്ധതിയും 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. അവിടെ ആർ.ബി.ഡി.സി.കെ.-യുടെ ഉദ്യോഗസ്ഥർ വന്ന് നിലവിലെ സൈറ്റ് മാറണമെന്നും കുറച്ചുകൂടി ഉചിതമായിട്ടുള്ള സൈറ്റ് സുശീലപ്പടിയാണെന്നും പറഞ്ഞു. സുശീലപ്പടിയിലേയും കരിയന്നൂരിലേയും ഓവർബ്രിഡ്ജ് ഒരുമിച്ച് നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ വന്നു. ഇവ രണ്ടുംകൂടി ഒരുമിച്ച് നൽകുമെന്നുള്ളത് അങ്ങ് ഈ നിയമസഭയിൽ തന്നെ ഉറപ്പുനൽകിയിട്ടുള്ളതാണ്. പി.ഡബ്ല്യൂ.ഡി. വകുപ്പ് 11-05-2018-ന് ജി.ഒ.(ആർ.ടി.) നമ്പർ 835/2018/പി.ഡബ്ല്യൂ.ഡി. പ്രകാരം name of work മാറ്റി construction of Kariyannoor ROB എന്നത് construction of ROBs at Kariyannoor and Susheelapadi എന്നാക്കിമാറ്റി ഉത്തരവ് ഇറക്കിയതാണ്. പക്ഷെ, പി.ഡബ്ല്യൂ.ഡി.-യുടെ ഉത്തരവ് മാത്രംപോര,

ക്യാബിനറ്റ് സാംഗ്ഷൻ കൂടി വേണമെന്ന് കിഫ്ബി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ nomenclature മാറ്റാൻ ക്യാബിനറ്റിലേയ്ക്ക് കൊടുക്കാൻ വേണ്ടി ഞാൻ കത്ത് നൽകി. അതിന് തീരുമാനം എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 3-12-2018-ന് വീണ്ടും ഇവിടെ സബ്മിഷൻ അവതരിപ്പിച്ചു. അതിന് "കിഫ്ബി പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ച മൊത്തം തുകയുടെ പരിധി രണ്ട് വർഷംകൊണ്ടുതന്നെ എത്തിയതിനാൽ ഈ പദ്ധതികളൊന്നും പുതിയതായി എടുക്കാൻ പറ്റില്ല." എന്ന് അങ്ങ് മറുപടി നൽകി. ഓരോരോ കാരണങ്ങൾ പറഞ്ഞുകൊണ്ട് കിഫ്ബിയിൽനിന്ന് ഞങ്ങളെപോലുള്ള ആളുകളുടെ മണ്ഡലത്തിലെ പദ്ധതികൾ നിരസിക്കുകയാണ്. പല മണ്ഡലങ്ങളിലും 100-ഉം 200-ഉം 500-ഉം കോടി രൂപയുടെ കിഫ്ബി പദ്ധതികൾ നടക്കുമ്പോൾ എന്റെ മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചിട്ടുള്ളത് ഒരു സ്കൂളും ശ്രീ. ഇ.പി. ജയരാജൻ മന്ത്രിയുടെ വകുപ്പിൻകീഴിൽ ഒരു ഗ്രൗണ്ടും മാത്രമാണ്. 14 കോടി രൂപയുടെ വർക്ക് മാത്രമാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്; മൂന്ന് വർഷംകഴിഞ്ഞു. ഇതുപോലുള്ള വലിയ വലിയ പദ്ധതികൾ പ്രഖ്യാപിക്കുകയും ഓരോ സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് അത് നീട്ടിവയ്ക്കുകയും അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണ് കാണുന്നത്. കിഫ്ബിയിലെ പദ്ധതികളുടെ മൊത്തം അടങ്കൽ എത്തിക്കഴിഞ്ഞാൽ പിന്നെ ഇതൊന്നും കിട്ടാത്ത സാഹചര്യം വരും. അതുകൊണ്ട് പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ ഭാഗത്തുനിന്നുള്ള കാലതാമസം ഒഴിവാക്കി എത്രയുംപെട്ടെന്ന് ഇക്കാര്യത്തിന് അനുകൂല തീരുമാനം എടുക്കുന്നതിൽ അങ്ങ് നേരിട്ട് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

12.00 Noon]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നാല് സബ്മിഷനുകളാണ് ഒരുമിച്ച് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. അതിന് സമയപരിധി കുറച്ചുമാത്രമേ ഉള്ളൂ. പട്ടാമ്പി-കുറ്റിപ്പുറം റോഡിന് മുപ്പത് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പക്ഷെ അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഇതേ റോഡിനുതന്നെ മലപ്പുറം ജില്ലയിൽ പ്രൊപ്പോസൽ നൽകി. ആരാണ് ഈ പ്രൊപ്പോസൽ കൊടുത്തത്? 2016-17-ലാണ് റോഡ് അനുവദിച്ചത്. 2017-18-ൽ ഈ പ്രൊപ്പോസൽ വീണ്ടും ബഡ്ജറ്റിൽ കയറ്റിയത് എന്തിനാണ്? അതാണ് പ്രശ്നം വന്നത്. ഒരു വർഷം പോയി. ഇതൊക്കെ മനസ്സിലാക്കിയിരിക്കണം. ശ്രീ. വി. ടി. ബൽറാം ഇങ്ങനെ പറഞ്ഞിട്ട് കാര്യമില്ല. ഇത് തരാതിരിക്കാൻ അവർ നോക്കിയിരിക്കുകയാണ്. അത് കിഫ്ബിയിൽ പണിതാൽ പോരേ? അതിനിടയിൽ ഒരു ഭാഗം മലപ്പുറത്തേത് നിങ്ങൾ ബഡ്ജറ്റിൽ കയറ്റി. ഇപ്പോൾ

അത് ഒഴിവാക്കി. കിഫ്ബിയുമായുള്ള കാര്യങ്ങൾ നിസ്സാരമാണെന്ന് ധരിക്കരുത്. കിഫ്ബി പി.ഡബ്ല്യൂ.ഡി.-യൊന്നുമല്ല. ഓരോന്നിനും അവരുടെ അംഗീകാരം വാങ്ങണം, അത് എല്ലാവർക്കും അനുഭവമുള്ളതാണ്, അതിന് അതിന്റേതായ രീതികളുണ്ട്. ഇങ്ങനെ സംസാരിച്ചുകൊണ്ടിരുന്നാൽ റോഡ് കിട്ടുമോ? കാര്യം മനസ്സിലാക്കണം. പ്രസ്തുത പ്രൊപ്പോസൽ എം.എൽ.എ. അറിയാതെ അടുത്ത വർഷം ബഡ്ജറ്റിൽ എങ്ങനെ കൊണ്ടുവന്നു. ....(ബഹളം)... നിങ്ങളുടെ മണ്ഡലമാണോ എന്നല്ല ചോദിച്ചത്. ....(ബഹളം)... എങ്കിൽപ്പിന്നെ ഞാനിവിടെ ഇരിക്കാം. നിങ്ങൾ പറയൂ..... നിങ്ങൾ പറയുന്ന റോഡിനകത്ത് ഈ റോഡ് കയറിയെന്നാണ് പറയുന്നത്. അപ്പോൾ ഒന്നിലേറെ മണ്ഡലം വഴിയുള്ള റോഡായിരിക്കുമെന്ന് കരുതുന്നു. ഇത് നിങ്ങൾ പറയേണ്ടതല്ലേ; എല്ലാവർക്കും കൊടുക്കാമെങ്കിൽ താങ്കളോട് വല്ല വിരോധവുമുണ്ടോ? കൂടുതൽ സ്നേഹമല്ലേയുള്ളൂ. ഇവിടെയുള്ള പ്രശ്നം മനസ്സിലാക്കുക. ഇങ്ങനെയുള്ള പ്രശ്നം പല മണ്ഡലങ്ങളിലുമുണ്ട്. ഇവിടെ മൂന്ന് മിനിറ്റുകൊണ്ട് നാല് റോഡിന്റെ കാര്യത്തിൽ മറുപടി പറയാനുണ്ട്. നീട്ടിപ്പറയാൻ താൽപ്പര്യപ്പെടുന്ന ആളല്ല ഞാൻ. ഈ റോഡ് മലപ്പുറം തങ്ങൾപ്പടിയിൽ നിന്നാരംഭിച്ച് കുമ്പടി-തൃത്താല വഴി പട്ടാമ്പിയിലെത്തേണ്ട റോഡാണ്. 21.23 കിലോമീറ്ററാണ് ഇതിന്റെ ദൈർഘ്യം. നമ്മുടെ റോഡ് ഒരുമിച്ചാണ് കിടക്കുന്നത്. അത് ഒഴിവാക്കാൻ വേണ്ടി കിഫ്ബിയിൽ പോയി ഒഴിവാക്കിയിട്ടുണ്ട്. ഇപ്പോൾ മലപ്പുറം ജില്ലയും ഒഴിവാക്കി. ബാക്കി ഭാഗം ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞു. ഉടൻതന്നെ കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്. ആ ഒരു തടസ്സം മാറാൻ ഒരു വർഷത്തിൽക്കൂടുതൽ എടുക്കുമെന്നുള്ളതാണ് കാര്യം. അങ്ങനെയാണ് അതിന്റെ നടപടിക്രമം. പി.ഡബ്ല്യൂ.ഡി.-യുടെ ഭാഗത്തുനിന്ന് പ്രത്യേക മിസ്റ്റേക്കൊന്നും ഇക്കാര്യത്തിലുണ്ടായിട്ടില്ല. മിസ്റ്റേക്ക് ഉണ്ടെങ്കിൽ അത് കണ്ടുപിടിക്കുകയും അതിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്ന ആളാണ് ഞാൻ.

രണ്ടാമത്, ചാലിശ്ശേരി-മലവട്ടത്താണി റോഡ്. പ്രസ്തുത റോഡിന് പത്ത് കോടി രൂപ അനുവദിച്ചിരുന്നു. മാറ്റണമെന്ന അഭിപ്രായത്തെത്തുടർന്ന് ഈ റോഡിന്റെ പേര് ചാലിശ്ശേരി-മലവട്ടത്താണി എന്നാക്കി മാറ്റാൻ തീരുമാനിച്ചു. അങ്ങയുടെ കത്തിന്റെ അടിസ്ഥാനത്തിൽ അക്കാര്യം മന്ത്രിസഭാ യോഗത്തിൽ വയ്ക്കുകയാണ്. അതിന് വേറെ പ്രശ്നമൊന്നും ഉള്ളതല്ല. മന്ത്രിസഭ അംഗീകരിക്കും എന്നാണ് പ്രതീക്ഷ. പിന്നെയുള്ളത് മണ്ണിയംപെരുമ്പലം റോഡാണ്. അതിന് പതിനഞ്ച് കോടിരൂപ അനുവദിക്കുകയും ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് ലഭിക്കുകയും ചെയ്തു. എന്നാൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ ആവശ്യമായ കാര്യങ്ങളില്ല എന്നുപറഞ്ഞ് കിഫ്ബി അത് മാറ്റിവച്ചു. വീണ്ടും അവ ഉൾപ്പെടുത്തി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ ടീം ആ

റിപ്പോർട്ട് തന്നിട്ടില്ല. അത് ടെണ്ടർ ചെയ്തുകൊടുക്കുന്നത് പി.ഡബ്ല്യൂ.ഡി. അല്ല, വേറെയേതോ ഏജൻസിയാണ്. ഇൻവെസ്റ്റിഗേഷൻ വളരെ കാലതാമസമാണ് എന്നുള്ളത് നമുക്കറിയാം. അതുപോലെ കരിയന്നൂരിലെയും സുശീലപ്പടിയിലെയും റെയിൽവേ ഓവർബ്രിഡ്ജിന്റെ കാര്യം വളരെ കോംപ്ലിക്കേറ്റഡാണ്. കരിയന്നൂരിനേക്കാൾ സുശീലപ്പടിയിലാണ് മേൽപ്പാലം ഉചിതമെന്ന് കണ്ടെത്തി. അങ്ങനെ കരിയന്നൂർ ഓവർബ്രിഡ്ജ് എന്ന പ്രവൃത്തി കരിയന്നൂർ-സുശീലപ്പടി റെയിൽവേ ഓവർബ്രിഡ്ജ് എന്നാക്കി മാറ്റി കിഫ്ബിക്ക് സമർപ്പിച്ചെങ്കിലും മന്ത്രിസഭയുടെ അംഗീകാരത്തോടുകൂടിയേ പേര് മാറ്റാൻ പറ്റൂ എന്നറിയിച്ചു. അംഗീകാരം ഇല്ലാതെ സമർപ്പിച്ചതിനാൽ തിരിച്ചുവന്നു. തിരിച്ചുവന്നപ്പോൾ പ്രസ്തുത വർക്കിന് പത്ത് കോടി രൂപ വന്നില്ല. പത്ത് കോടി രൂപയിൽത്താഴെയുള്ള ഒരു വർക്കും കിഫ്ബി എടുക്കില്ല. അതൊരു കോംപ്ലിക്കേറ്റഡ് കേസായി നിൽക്കുകയാണ്. മറ്റുള്ളവയൊക്കെ നമുക്ക് പരിഹരിക്കാൻ കഴിയുന്നതാണ്. ഇനി എന്തുവേണമെന്നുള്ളത് ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച്, പത്ത് കോടി രൂപയ്ക്ക് താഴെ ഒരു പ്രത്യേക ബഡ്ജറ്റ് പ്രൊവിഷൻ അനുവദിച്ച് ചെയ്യണം. അല്ലെങ്കിൽ സ്പെഷ്യലായി കിഫ്ബിക്ക് അനുവദിക്കാം. പൊതുവെ പത്ത് കോടി രൂപ അനുവദിക്കുന്നില്ല എങ്കിലും അനുവദിച്ച ഒരു കാര്യം സ്ഥലം മാറ്റിയപ്പോൾ പണം കുറച്ചേ വന്നുള്ളൂ എന്നുള്ളതാണ് പ്രശ്നം.

ശ്രീ. വി. ടി. ബൽറാം: സർ, സുശീലപ്പടി റെയിൽവേ ഓവർബ്രിഡ്ജിന് ഏതാണ്ട് നാൽപ്പത് കോടി രൂപ വരുന്നു. അതിനുള്ള പൈസ ഇല്ല എന്ന് പറയുന്നു.

ശ്രീ. ജി. സുധാകരൻ: സർ, അതാണ് ഞാൻ പറഞ്ഞത്. ആദ്യം പത്ത് കോടി രൂപ അനുവദിച്ചു. പക്ഷേ ഇതിന് പത്ത് കോടി രൂപ മതിയാകില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കിഫ്ബിയുടെ ആൾക്കാർ പല സ്ഥലത്തും പോയി പത്ത് കോടി രൂപയ്ക്ക് മുകളിലും താഴെയും കൊടുക്കാനിരിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, പത്ത് കോടി രൂപയ്ക്ക് താഴെയാണെങ്കിൽ എടുക്കില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കിഫ്ബിയെ പുറത്താക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: സർ, ശ്രീ. വി. ടി. ബൽറാം പറയേണ്ട ഒരു കാര്യം, ഈ പത്ത് കോടിരൂപ എന്നുള്ളത് ആദ്യത്തെ പ്രൊപ്പോസലിനാണോ രണ്ടാമത്തെ പ്രൊപ്പോസലിനാണോ എന്നതാണ്. ഇത് മാത്രം പറഞ്ഞാൽ മതി.

ശ്രീ. വി. ടി. ബൽറാം: സർ, ആദ്യത്തെ പ്രൊപ്പോസലിന് ഏതാണ്ട് ഏഴ് കോടി രൂപ അനുവദിച്ചു. രണ്ടാമത്തേത്, സുശീലപ്പടി റെയിൽവേ ഓവർബ്രിഡ്ജ് കൂടുതൽ പ്രയോജനകരമായ പ്രൊപ്പോസലാണ്. അതിന് 35 കോടി രൂപ അനുവദിച്ചു.

ശ്രീ. ജി. സുധാകരൻ: സർ, ആ 35 കോടി രൂപ കിഫ്ബി അംഗീകരിക്കണം. കിഫ്ബി ഇപ്പോൾ പുതിയ പ്രോജക്ടൊന്നും അംഗീകരിക്കാത്തതുകൊണ്ട് അത് ക്യാബിനറ്റിൽ വരണം. ശിപാർശ ചെയ്യുന്നതിൽ എനിക്ക് യാതൊരു വിഷമവുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെക്കൂടി ഇക്കാര്യം ബോധ്യപ്പെടുത്തണം. ഇതിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. കാരണം, നൂറും നൂറ്റമ്പതും കോടി രൂപ പലയിടത്തും കൊടുത്തിട്ടുണ്ട്. താങ്കളും കുറച്ച് ക്ഷമയോടുകൂടി ശ്രമിക്കണം. എന്റെ ഓഫീസിലേയ്ക്ക് വരിക, നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം.

(9) ഫ്ലാറ്റുടമകൾക്ക് സംരക്ഷണം

ശ്രീ. എം. സ്വരാജ്: സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ മരട് നഗരസഭയിൽപ്പെട്ട അഞ്ച് ഫ്ലാറ്റുകൾ പൊളിച്ചുനീക്കുന്നതിന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഫ്ലാറ്റുകൾ നിർമ്മിക്കുന്ന സമയത്ത് കോസ്റ്റൽ സോൺ റെഗുലേഷൻ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിരുന്നില്ല എന്നതാണ് പ്രസ്തുത വിധിക്ക് ആധാരമായിട്ടുള്ളത്. പരിസ്ഥിതിയുടെ പ്രാധാന്യവും പരിസ്ഥിതി സംരക്ഷണം വിട്ടുവീഴ്ചയില്ലാതെ നടപ്പാക്കേണ്ടതിന്റെ അനിവാര്യതയും ഇന്ന് നമ്മുടെ സമൂഹത്തിന് വളരെ ബോധ്യമുള്ളതാണ്. എല്ലാ നിർമ്മാണപ്രവർത്തനങ്ങളും പരിസ്ഥിതി നിയമങ്ങളുൾപ്പെടെയുള്ള നിയമങ്ങൾ കർശനമായി പാലിച്ചുകൊണ്ടും പരിസ്ഥിതി സൗഹൃദമായിതന്നെയും നടത്തേണ്ടതാണ് എന്ന കാര്യത്തിലും ആരും വിയോജിക്കുകയുമില്ല. എന്നാൽ മരടിലെ ഫ്ലാറ്റുകൾ സംബന്ധിച്ച് അൽപ്പം സവിശേഷമായ ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ഈ ഫ്ലാറ്റുകളുടെയെല്ലാം നിർമ്മാണം പൂർത്തീകരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് നിയമാനുസൃതമാണെന്ന നിലയിൽ കെട്ടിട നമ്പർ കരഗതമാക്കി അതിനുശേഷം വാട്ടർ കണക്ഷനും ഇലക്ട്രിസിറ്റി കണക്ഷനും ലഭിച്ച് ഓപ്പൺ മാർക്കറ്റിൽ "നിയമാനുസൃതമായ ഫ്ലാറ്റുകൾ വിൽപ്പനയ്ക്ക്" എന്ന നിലയിൽ പരസ്യം കൊടുത്ത് ആ പരസ്യത്തിൽ ആകൃഷ്ടരായാണ് 349 കുടുംബങ്ങൾ ഈ ഫ്ലാറ്റുകൾ വിലകൊടുത്ത് വാങ്ങിയിട്ടുള്ളത്. അതിൽ പലരും ജീവിതത്തിലെ ആകെയുണ്ടായിരുന്ന സമ്പാദ്യം കൂട്ടിവച്ച് ഫ്ലാറ്റ് വാങ്ങിയവരാണ്. ചിലർ വലിയ പലിശനിരക്കിൽ വായ്പയെടുത്ത് ഫ്ലാറ്റ് വാങ്ങിയവരാണ്. ഈ

കുടുംബങ്ങളുടെയെല്ലാം ജീവിതകാലത്തെ ഏക സമ്പാദ്യമെന്ന നിലയിലാണ് ഈ ഫ്ലാറ്റുകൾ വാങ്ങി അവർ അവിടെ താമസമാക്കിയിട്ടുള്ളത്. ഇതിൽത്തന്നെ 'കായലോരം' എന്ന ഒരു ഫ്ലാറ്റ് കോസ്റ്റൽ സോൺ നിയമം ഇപ്പോഴത്തെ നിലയിൽ നിലവിൽ വരുന്നതിനുമുമ്പ്, 1990-ൽ നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റാണ്. ആ ഫ്ലാറ്റ് നിർമ്മിക്കുമ്പോൾ അവിടെ ഇങ്ങനെ ഒരു നിയമമേ ഇല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയോടെ, ഈ ഫ്ലാറ്റുകൾ വാങ്ങി താമസിക്കുന്ന 349 കുടുംബങ്ങൾക്ക് തങ്ങളുടേതല്ലാത്ത തെറ്റിനാൽ സ്വന്തം കിടപ്പാടംതന്നെ നഷ്ടപ്പെടുന്ന അവസ്ഥയാണ് സംജാതമായിട്ടുള്ളത്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പുറത്തുവരുന്നതിനുമുമ്പ് ഈ ഫ്ലാറ്റുകൾ നിലനിൽക്കുന്ന മേഖലയെ സോൺ മൂന്നിൽനിന്നും സോൺ രണ്ടിലേയ്ക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായിട്ടാണ് മനസ്സിലാക്കുന്നത്. അതനുസരിച്ചാണെങ്കിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇപ്പോഴത്തെ വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഫ്ലാറ്റുകൾ പൊളിച്ചുനീക്കിയാൽ തൊട്ടടുത്ത ദിവസംതന്നെ അതേപോലെ ഫ്ലാറ്റുകൾ അവിടെ നിർമ്മിക്കുന്നതിന് നിയമപരമായി ഇപ്പോൾ തടസ്സമില്ല എന്നതും വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. എന്നാൽ ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഈ കേസ്സിന്റെ സമയത്ത് സാധിച്ചിട്ടില്ല എന്നതാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അവിടെ താമസിക്കുന്ന 349 കുടുംബങ്ങളും ഈ കേസ്സിൽ കക്ഷികളുമായിരുന്നില്ല. അവരുടെ കിടപ്പാടം നഷ്ടപ്പെടുന്നതുസംബന്ധിച്ച് ഇങ്ങനെ ഒരു കേസ് നടക്കുന്നതായിട്ടുള്ള വിവരം തദ്ദേശസ്വയംഭരണ സ്ഥാപനം ഇതിലെ താമസക്കാരെ അറിയിച്ചിട്ടുമില്ല. അതുകൊണ്ടുതന്നെ അവരുടെ ഭാഗം കോടതിയുടെ മുമ്പാകെ അവതരിപ്പിക്കാൻ അവർക്ക് സാധിക്കാതെ വന്നിരിക്കുകയാണ്. ഈ വിധി ഇതുപോലെ നടപ്പിലാക്കുന്ന ഒരു സാഹചര്യമുണ്ടായാൽ തങ്ങളുടേതല്ലാത്ത തെറ്റിന് ഈ 349 കുടുംബങ്ങൾ ക്രൂശിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. യഥാർത്ഥത്തിൽ നിയമലംഘനം നടത്തിയ ഫ്ലാറ്റ് നിർമ്മാതാക്കളോ ആ നിയമലംഘനത്തിന് ഒത്താശ ചെയ്തുകൊടുത്തിട്ടുള്ള ഉദ്യോഗസ്ഥരോ പോറലേൽക്കാതെ രക്ഷപ്പെടുകയും നിരപരാധികളായിട്ടുള്ള കുടുംബങ്ങൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം വരും. ഇപ്പോഴത്തെ സ്ഥിതി അനുസരിച്ച് ഈ ഫ്ലാറ്റുകൾ പൊളിച്ചുകഴിഞ്ഞാൽ നാളെത്തന്നെ അവിടെ നിയമാനുസൃതം ഫ്ലാറ്റുകൾ പണിയുന്നതിന് നിലവിലുള്ള നിയമമനുസരിച്ച് തടസ്സമില്ലാതാകും. ഇത് പരിസ്ഥിതി സംരക്ഷിക്കാൻ വേണ്ടിയുള്ളതാണ്. പക്ഷേ, പൊളിക്കുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും നമ്മൾ കാണേണ്ടതുണ്ട്. ഇത് പൊളിക്കുന്ന സമയത്ത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകും. ഈ കാര്യങ്ങളെല്ലാം ശരിയായിത്തന്നെ

മനസ്സിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായിട്ടുണ്ട്. അത് വളരെ സന്തോഷകരമായ കാര്യമാണ്. സവിശേഷ സാഹചര്യത്തിൽ, ഈ 349 കുടുംബങ്ങളെ സംരക്ഷിക്കാൻ മനുഷ്യത്വപരമായ ഒരു സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിന്റെ പ്രായോഗിക നടപടികളെക്കുറിച്ച് സർക്കാർ ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ക്യാൻസർ ചികിത്സാവിദഗ്ദ്ധനായ ഡോ. ഗംഗാധരൻ ഉൾപ്പെടെയുള്ള ആളുകൾ എറണാകുളത്തുവച്ച് എന്നെ കണ്ടിരുന്നു. ശ്രീ. എം. സ്വരാജ് പറഞ്ഞ ഇതേ കാര്യമാണ് എന്നോട് അവർ പറഞ്ഞത്. ഫ്ലാറ്റ് വാങ്ങിയപ്പോൾ അവർക്കിത് അറിയില്ലായിരുന്നു. ഇപ്പോൾ നിയമം മാറുകയും ചെയ്തു. ഞാൻ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതുമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് ഇപ്പോൾ വന്നിരിക്കുന്നു. ഇതൊരു പ്രശ്നമാണ്. മദ്രാസ് ഐ.ഐ.ടി.-യുമായി സ്റ്റഡി നടത്തി നടപടികൾ സ്വീകരിക്കുമെന്ന് അങ്ങ് പറഞ്ഞു. യഥാർത്ഥത്തിൽ ഫ്ലാറ്റ് വാങ്ങിയ ആളുകളുടെ തെറ്റ് എന്താണ്. പക്ഷേ അവരുടെ ഭാഗം കോടതി കേട്ടിട്ടുമില്ല. ഇക്കാര്യത്തിൽ നിയമപരമായി എന്താണ് ചെയ്യാൻ പറ്റുകയെന്നത് ഗൗരവമായി ആലോചിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, ഈ പ്രശ്നങ്ങൾ വന്നപ്പോൾതന്നെ ശ്രീ. എം. സ്വരാജും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എം.എൽ.എ.-യുടെ നേതൃത്വത്തിൽ അഞ്ച് ഫ്ലാറ്റുകളുടെ ഓരോ പ്രതിനിധികളും മുനിസിപ്പൽ അധികൃതരും ഈ വിഷയവുമായി ബന്ധപ്പെട്ട് എന്ത് ചെയ്യണമെന്നറിയാത്ത ഒരു സാഹചര്യത്തിൽ എന്നെ വന്ന് കണ്ടിരുന്നു. സുപ്രീംകോടതി വിധി നടപ്പാക്കാൻ കഴിയില്ലെന്ന് സർക്കാരിന് ഒരു നിലപാട് സ്വീകരിക്കാനാകില്ല. നിയമാനുസൃതമായാണ് ഇത് നടന്നിട്ടുള്ളത് എന്ന് കണക്കാക്കിയാണ് ഈ 349 കുടുംബങ്ങൾ അവിടെ കഴിയുന്നത്. അതിൽ പെൻഷൻ പറ്റിയ ആളുകളുമുണ്ട്. ആകെയുള്ള സമ്പാദ്യം കൊടുത്ത് ഫ്ലാറ്റ് വാങ്ങിയവരുണ്ട്. അത്തരം ആളുകളൊക്കെ വലിയ പ്രതിസന്ധിയിലാണിപ്പോൾ. ഇതിന്റെ ഭാഗമായി സർക്കാരിന്റെ നിലപാട് അവരോട് പറഞ്ഞു. പക്ഷേ ഇത് നിർമ്മിച്ചതിനേക്കാൾ പൊളിച്ചുകളയാൻ കൂടുതൽ ചെലവ് വരുമെന്നുള്ളതാണ് പ്രശ്നം. അതുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളുമുണ്ട്. സുപ്രീംകോടതി വിധി നടപ്പാക്കാൻ കഴിയില്ലെന്ന്

പറയുന്നില്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയാണ് സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ച് പ്രസ്തുത വിധി പുറപ്പെടുവിച്ചത്. അപ്പോൾ അത്തരമൊരു സാഹചര്യമുണ്ട് എന്ന് നമ്മൾ മനസ്സിലാക്കണം. പ്രളയവുമായി ബന്ധപ്പെട്ടുള്ള സാഹചര്യം കൂടി കണക്കിലെടുത്തായിരുന്നു അന്നത്തെ സുപ്രീംകോടതി വിധി വന്നത്. അതിൽ എത്രമാത്രം ശരിയുണ്ട്, തെറ്റുണ്ട് എന്നതിലേയ്ക്കൊന്നും പോകുന്നില്ല. നിയമപരമായിത്തന്നെ ഇതിനെ കൈകാര്യം ചെയ്യണം. സർക്കാർ ഈ കാര്യത്തിൽ കിടപ്പാടം നഷ്ടപ്പെടുത്തുന്ന ഒരു നിലപാടിന്റെയും കൂടെയല്ല, ഈ പാവപ്പെട്ട ആളുകളെ സംരക്ഷിക്കണമെന്ന നിലപാട് തന്നെയാണുള്ളത്. അതിന്റെ ഭാഗമായിട്ടാണ് ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന വലിയൊരു പാരിസ്ഥിതിക പ്രത്യാഘാതം പരിശോധിക്കാൻ ചെന്നൈ ഐ.ഐ.റ്റി.-യോട് ആവശ്യപ്പെട്ടിട്ടുള്ളത്. അവരുടെ റിപ്പോർട്ട് കൂടി കിട്ടിയതിനുശേഷമേ ഗവൺമെന്റിന് തുടർനടപടികൾ സ്വീകരിക്കാനാകൂ. ഞാൻ ബന്ധപ്പെട്ട പ്രതിനിധികളോടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും ഇക്കാര്യങ്ങളെക്കുറിച്ച് ഫോണിൽ പറഞ്ഞിരുന്നു. ഡോ. ഗംഗാധരന്റെയുൾപ്പെടെയുള്ള കാര്യങ്ങൾ അങ്ങ് എന്നോട് ഫോണിൽ സൂചിപ്പിച്ചതാണ്. എന്നെ കാണാൻ വന്ന പ്രതിനിധികളോടും ഇക്കാര്യം പറഞ്ഞതാണ്. അതിന്റെ ഭാഗമായിട്ടാണ് അവർ സുപ്രീംകോടതിയിൽ പോയതും വെക്കേഷൻ കോടതി അവരുടെ കേസ് കേൾക്കാൻ തയ്യാറായതും. ഇനി ആ ബെഞ്ച് എങ്ങനെയാണ് കൈകാര്യം ചെയ്യുകയെന്ന് പറയാനാകില്ല. ശ്രീ. എം. സ്വരാജ് പറഞ്ഞതുപോലെ ആ ഫ്ലാറ്റിലെ താമസക്കാരുടെ അഭിപ്രായം കേട്ടില്ല എന്നൊരു പ്രശ്നമുണ്ട്. 1995-നുമുൻപ്, അതായത് ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുമുൻപ് അനുമതി കൊടുത്ത ഒരു കെട്ടിടത്തിനും ഈ വിധി ബാധകമായി വന്നിട്ടുണ്ട്. അപ്പോൾ ആ കാര്യങ്ങളൊക്കെ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി കേസ് കേൾക്കുന്ന സമയത്ത് അനുകൂലമായിട്ടുള്ള ഒരു സമീപനം സർക്കാർ സ്വീകരിക്കുക എന്നുള്ളതാണ്. നിയമവിരുദ്ധമായ പ്രവർത്തനങ്ങളെ അംഗീകരിക്കുകയല്ല. പക്ഷേ ഇത്തരം ഒരു സാഹചര്യം വന്നുപെട്ടിരിക്കുകയാണ്. അപ്പോൾ ചെന്നൈ ഐ.ഐ.റ്റി.-യുടെ പഠനവും സുപ്രീംകോടതിയിൽ ഇനി കേസ് എടുക്കുമ്പോൾ ഇവർക്കുകൂടി സഹായകമാകുന്ന ഒരു നിലപാട് സ്വീകരിക്കാൻ കഴിയുമോയെന്ന കാര്യവും നിയമവകുപ്പുമായി ആലോചിച്ച് ചെയ്യാനാകും. ഇവരെ സംരക്ഷിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ താല്പര്യം. കിടപ്പാടം നഷ്ടപ്പെടുത്തി ഇവരെ വഴിയാധാരമാക്കുക എന്നത് ശരിയല്ല എന്നുള്ളതാണ് സർക്കാരിന്റെ നിലപാട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (10) വന്യമൃഗങ്ങളുടെ ആക്രമണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പീച്ചി-നെന്മാറ ഫോറസ്റ്റ് ഡിവിഷനുകളിലെ അതിർത്തി പ്രദേശങ്ങളിലെയും കിഴക്കഞ്ചേരി പഞ്ചായത്തിലെ പാലക്കുഴി, കണച്ചിപ്പരുത, പനങ്കുറ്റി പ്രദേശങ്ങളിലെ മുന്നൂറിലധികം കർഷകരുടെ കണ്ണീരൊപ്പുന്നതിനുമാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ഈ പ്രദേശങ്ങളിൽ ആനക്കൂട്ടം കൃഷിയും പുലികൾ വളർത്തുമൃഗങ്ങളെയും നാമാവശേഷമാക്കിക്കൊണ്ടിരിക്കുകയാണ്. കടം വാങ്ങി കൃഷിയിറക്കിയ കർഷകർക്കുൾപ്പെടെ ഈ സീസണിൽ മാത്രം ലക്ഷങ്ങളുടെ നഷ്ടമുണ്ടായി. കഴിഞ്ഞ ആറ് മാസത്തിനകം രണ്ട് തവണ ജനപ്രതിനിധികളുടെയും വനംവകുപ്പ് ഉദ്യോഗസ്ഥരുടെയും കർഷകരുടെയും സംയുക്ത യോഗങ്ങൾ വിളിച്ചുചേർക്കുകയുണ്ടായി. ആ യോഗങ്ങളിൽ വനം വകുപ്പിന്റെ ചുമതലയിൽ നടത്താൻ തീരുമാനിച്ച പല തീരുമാനങ്ങളും ഏതാണ്ട് പളനിയിലെ ക്ഷൗരം പോലെ നടപ്പാക്കപ്പെടുകയാണ്. 18 കിലോമീറ്റർ ദൈർഘ്യമുള്ള സോളാർ ഫെൻസിംഗ് നിർമ്മിക്കാൻ തീരുമാനിച്ചതിൽ ആദ്യഘട്ടത്തിൽ പാസ്സായത് 5 കിലോമീറ്ററിനാണ്. അതിന്റെ ചുമതല രണ്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കെങ്കിലും ചെയ്യുന്നത് ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പകുതിച്ചുമതലയിലാണ്. ഇതെന്ത് പരിഹാരക്രിയയാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നാല് കിലോമീറ്റർ ചുറ്റളവുള്ള നാട്ടുപറമ്പിലെ നാല് വശത്ത് നാലടി വീതി നീളത്തിൽ വേലി കെട്ടിയാലും ആടും മാടും കയറും. അതാണ് ഇവിടെ നടക്കുന്നത്. രജനീഷ് എന്ന ചെറുപ്പക്കാരൻ പാട്ടത്തിനെടുത്ത ഭൂമിയിൽ 20000 വാഴ നട്ടു. വിളവെടുക്കാൻ രണ്ടാഴ്ച ബാക്കി നിൽക്കുമ്പോഴാണ് ഒറ്റ ദിവസംകൊണ്ട് 3000 വാഴ ആന വിഴുങ്ങിയത്. ആത്മഹത്യയുടെ വക്കിലെത്തിയ ഈ കർഷകനെ സഹായിക്കാൻ എന്റെ മണ്ഡലത്തിൽ നടപ്പാക്കുന്ന 'നിറ പദ്ധതി'-യുടെ ഭാഗമായി ഞങ്ങൾ ഒരു യന്ത്രം സ്ഥാപിച്ചു. അത് പാലക്കാടുള്ള ഒരു കർഷകൻ വികസിപ്പിച്ചെടുത്തതാണ്. എലിഫന്റ് റിപ്പലെന്റ് എന്ന് പേരുള്ള ഈ ഉപകരണം വന്യജീവികൾ വരുമ്പോൾ പുറപ്പെടുവിക്കുന്ന കാട്ടുകടന്നലിന്റെയും കടുവയുടെയും ശബ്ദം, അത് വളരെ ഫലപ്രദമാണ്. പക്ഷേ, സർക്കാർ അംഗീകൃത വസ്തുവല്ലാത്തതുകൊണ്ട് ഫണ്ട് ഇതിനുവേണ്ടി ചെലവഴിക്കാൻ കഴിയാത്ത പ്രശ്നമുണ്ട്. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ വനാതിർത്തിയിൽ സോളാർ ഫെൻസിംഗ് നിർമ്മാണം പൂർണ്ണമായും നടപ്പാക്കണമെന്നും പ്രാദേശികമായി വികസിപ്പിച്ച ആനപ്രതിരോധയന്ത്രം സ്ഥാപിക്കാൻ ഫണ്ട് അനുവദിക്കണമെന്നും കർഷകർക്കുണ്ടായ നഷ്ടം അടിയന്തരമായി നികത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, കിഴക്കഞ്ചേരി പഞ്ചായത്തിൽ പാലക്കുഴി മേഖലകളിൽ അനുഭവപ്പെടുന്ന മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് ആലത്തൂർ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 23-1-2019-ൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം ചേരുകയും ചർച്ചകൾക്കുശേഷം രൂക്ഷമായ മനുഷ്യ-വന്യജീവി സംഘർഷം അനുഭവപ്പെടുന്ന പാലക്കുഴി-പോത്തുചാടി ഔട്ട്പോസ്റ്റ് മുതൽ കൊളകര വരെ വനം വകുപ്പ് സൗരോർജ്ജ വേലി സ്ഥാപിക്കണമെന്നും താണിച്ചുവട് മുതൽ പുല്ലമ്പരുത വരെയുള്ള പ്രദേശത്ത് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ആനപ്രതിരോധ കിടങ്ങ് നിർമ്മാണം നടത്തണമെന്നും വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. മേൽ തീരുമാനപ്രകാരം 22-2-2019-ൽ പോത്തുചാടി ഔട്ട്പോസ്റ്റ് മുതൽ കൊളകര സ്റ്റേഷൻ വരെയുള്ള ആറ് കിലോമീറ്റർ ദൂരത്തിൽ ഒരു കിലോമീറ്റർ സൗരോർജ്ജ വേലി പീച്ചി വന്യജീവി ഡിവിഷൻ 2018 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുകയും ബാക്കിയുള്ള ദൂരം സൗരോർജ്ജ വേലി നിർമ്മിക്കുന്നതിന് നെന്മാറ വനം ഡിവിഷൻ ടെണ്ടർ ജോലികൾ പൂർത്തീകരിച്ച് പണികൾ നടന്നുവരികയുമാണ്. 27-5-2019-ന് പ്രസ്തുത സ്ഥലത്തെ ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും നാട്ടുകാരും ചേർന്ന് ജനകീയ പങ്കാളിത്തത്തോടുകൂടി പ്രസ്തുത സൗരോർജ്ജ വേലികൾ പരിപാലിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പീച്ചി വന്യജീവി ഡിവിഷന് കീഴിലെ ആലത്തൂർ റെയ്ഞ്ചിന്റെ അതിർത്തി പങ്കിടുന്ന പാത്രക്കണ്ടം, പോത്തുചാടി, ആനക്കുഴി എന്നീ പ്രദേശങ്ങളിൽ 7.25 കിലോമീറ്റർ സോളാർ പവർ ഫെൻസിംഗ് കഴിഞ്ഞ സാമ്പത്തികവർഷം നിർമ്മിച്ചു. ഈ സാമ്പത്തികവർഷം 2.75 കിലോമീറ്റർ കൂടി സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിനും മറ്റുനാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നത് ഇ-ഡിസ്ട്രിക് മുഖേനയുള്ള ഓൺലൈൻ സംവിധാനം വഴിയാണ്. വന്യജീവികൾ നാട്ടിലിറങ്ങി വളർത്തുമൃഗങ്ങളെ പിടികൂടിയതുമായി ബന്ധപ്പെട്ട് നെന്മാറ ഡിവിഷനിൽ മൂന്ന് അപേക്ഷകൾ ലഭിക്കുകയും ആയതിനുള്ള നഷ്ടപരിഹാരത്തുക അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. കൃഷിനാശം സംബന്ധിച്ച അപേക്ഷകളിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കാലതാമസം കൂടാതെ നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ രാത്രികാല പട്രോളിംഗ് നടത്തുന്നുണ്ട്. ഇതുകൂടാതെ കാട്ടാന ജനവാസ മേഖലയിലേയ്ക്ക് പ്രവേശിക്കാതിരിക്കാൻ പാലക്കുഴി മുതലായ

മേഖലകളിൽ ആന്റി-ഡിപ്രഡേഷൻ വാച്ചർമാരെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കിഴക്കഞ്ചേരി ഭാഗങ്ങളിൽ വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് പഞ്ചായത്തും കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട് സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. സബ്മിഷനിലൂടെ ഉന്നയിക്കപ്പെട്ട പ്രകാരം വന്യജീവികളെ തുരത്തുന്നതിനു വേണ്ടിയിട്ടുള്ള സൗണ്ട് റിപ്പലന്റ് സംവിധാനം പല പ്രദേശങ്ങളിലും പരീക്ഷിച്ചിട്ടുണ്ടെങ്കിലും വിജയപ്രദമായിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. കിഴക്കഞ്ചേരി പ്രദേശത്ത് പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം ഒരു സൗണ്ട് റിപ്പലന്റ് സംവിധാനം സ്ഥാപിച്ചുവെങ്കിലും പ്രസ്തുത സ്ഥലങ്ങളിൽ വീണ്ടും കാട്ടാന ഇറങ്ങുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ സൗരോർജ്ജ വേലി അല്ലെങ്കിൽ ആന പ്രതിരോധ കിടങ്ങ് നിർമ്മിക്കുന്നതാകും കൂടുതൽ അഭികാമ്യമെന്ന് കരുതുന്നു.

(11) സസ്യ ഉദ്യാന സംരക്ഷണം

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, ഞാൻ വളരെ പ്രധാനപ്പെട്ടതും കാലഘട്ടത്തിന് ആവശ്യമായതുമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കോഴിക്കോട് ചാലിയത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള പത്ത് ഏക്കർ സ്ഥലത്ത് 2011-ൽ ആരംഭിച്ച 'ഇട്ടി അച്ചുതൻ സ്മാരക ഹോർത്തൂസ് മലബാറിക്കസ് സസ്യസർവ്വസ്വം' എന്ന സസ്യഉദ്യാനം ഇപ്പോൾ കാടുപിടിച്ച് നാശോന്മുഖമായിരിക്കുകയാണ്. പതിനേഴാം നൂറ്റാണ്ടിൽ കൊച്ചിയിലെ ഡച്ച് ഗവർണറായിരുന്ന ഹെൻട്രിക് ആഡ്രിയൻ വാൻ റീഡ് (Hendrik adriaan van reede) തെക്കൻ കേരളത്തിലെ പ്രശസ്ത വൈദ്യനായിരുന്ന ഇട്ടി അച്ചുതന്റെ സഹായത്തോടെ പശ്ചിമഘട്ട മലനിരകളിലെ ഔഷധ സസ്യങ്ങളെക്കുറിച്ച് തയ്യാറാക്കി, ലാറ്റിൻ ഭാഷയിൽ 12 വാല്യങ്ങളായി പ്രസിദ്ധീകരിച്ച ഗ്രന്ഥമാണ് 'ഹോർത്തൂസ് മലബാറിക്കസ്'. കോഴിക്കോടുകാരനായ ഡോ. കെ. എസ്. മണിലാൽ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തിട്ടുള്ള ആ മഹാഗ്രന്ഥത്തിൽ പ്രതിപാദിക്കുന്ന 742 തരം ഔഷധസസ്യങ്ങളുടെ ഒരു ഉദ്യാനമാണ് ചാലിയത്ത് വിഭാവന ചെയ്തത്. അവിടെ 440 തരം സസ്യങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്തു. ആയിരക്കണക്കിന് വിദ്യാർത്ഥികളും ഗവേഷകരും സഞ്ചാരികളും ഇവിടെ സന്ദർശിച്ചു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ ഉദ്യാനം അവഗണിക്കപ്പെട്ടു. ഉദ്യാനം കാടുകയറി നശിച്ചു. മിക്ക സസ്യങ്ങളും കരിഞ്ഞുണങ്ങി. താൽക്കാലിക ജോലിക്കാരായിരുന്ന ആറുപേരെ പിരിച്ചുവിട്ടു. കേരളത്തിന്റെ ചരിത്രവും ആയുർവേദ പാരമ്പര്യവും

ഓർമ്മപ്പെടുത്തുന്നതും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും സഞ്ചാരികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതുമായ ഈ ഉദ്യാനത്തെ വീണ്ടെടുക്കാൻ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ചാലിയത്ത് വനം വകുപ്പിന്റെ പരിധിയിൽ 20 ഹെക്ടർ വരുന്ന പ്രദേശത്തെ 10 ഏക്കർ സ്ഥലത്തെ 18 പ്ലോട്ടുകളിലായി 2010-ലാണ് ഇട്ടി അച്ചുതൻ സ്മാരക ഹോർത്തൂസ് മലബാറിക്കസ് സസ്യസർവ്വസ്വം പദ്ധതി തുടങ്ങിയത്. 2011 ഫെബ്രുവരിയിൽ പദ്ധതി പൂർത്തീകരിക്കുകയും ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന 742 ഔഷധ സസ്യങ്ങളിൽ ലഭ്യമായ 500-ൽപ്പരം ചെടികൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്മൃതിവനം, നക്ഷത്രവനം, രാശിവനം, ചൂരൽപ്ലോട്ട്, വെജിറ്റബിൾ ഡയബറ്റിക് ജലസസ്യങ്ങൾ, ബട്ടർഫ്ലൈ ഗാർഡൻ എന്നിങ്ങനെ വിവിധയിനം സസ്യങ്ങൾ അടങ്ങിയതാണ് പദ്ധതിപ്രദേശം. കാലാവസ്ഥാവ്യതിയാനവും മണ്ണിന്റെ ഫലഭൂയിഷ്ഠതക്കുറവും ആവർത്തന പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയില്ലായ്മയുംകൊണ്ട് കാലാകാലങ്ങളിൽ ചെയ്യേണ്ട പരിചരണ പ്രവൃത്തികൾക്ക് കഴിഞ്ഞ കുറച്ച് വർഷങ്ങളായി തടസ്സം നേരിട്ടതുകൊണ്ടാണ് തോട്ടത്തിൽ കുറേയേറെ സസ്യങ്ങൾ നശിച്ചുപോയത്. പ്രസ്തുത തോട്ടം പുനരുദ്ധരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി 2018-19 വർഷത്തിൽ ഹോർത്തൂസ് മലബാറിക്കസ്സിന്റെ പരിചരണത്തിനായി ഒരു ലക്ഷം രൂപയുടെ അടങ്കൽ പാസ്സാക്കുകയും ടെണ്ടർ നടപടി സ്വീകരിച്ച് ടി സ്ഥലത്ത് അടിക്കാടുകൾ വെട്ടിമാറ്റുകയും ചെടികൾക്ക് ചുറ്റുമുള്ള പുല്ലുകൾ ചെത്തി തടം വൃത്തിയാക്കുകയും കുളങ്ങൾ ശുചീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുക നിലവിലെ നഴ്സറിയുടെ പുനരുദ്ധാരണം എന്നിവയ്ക്ക് കരാറുകാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ആഗസ്റ്റ് മാസത്തിനുള്ളിൽ ഈ പ്രവൃത്തികൾ കരാറുകാർ ചെയ്തുതീർക്കുന്നതാണ്. കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും ഗവേഷണ വിദ്യാർത്ഥികളും അദ്ധ്യാപകരും ഇട്ടി അച്ചുതൻ സ്മാരക ഹോർത്തൂസ് മലബാറിക്കസ് സസ്യസർവ്വസ്വം പതിവായി സന്ദർശിക്കാറുണ്ട്. ഇവർക്ക് കാടിനെക്കുറിച്ചുള്ള ക്ലാസ്സുകൾ ഉൾപ്പെടെ ഔഷധച്ചെടികൾ നേരിൽ കാണുന്നതിനും അതിന്റെ ഉപയോഗത്തെക്കുറിച്ചും വിജ്ഞാനം പകർന്നു നൽകുന്നുണ്ട്. ഇന്റർപ്രെട്ടേഷൻ സെന്റർ, ഹോർത്തൂസ് മലബാറിക്കസ് ഗ്രന്ഥങ്ങളുടെ വാല്യങ്ങൾ എന്നിവ നല്ല രീതിയിൽ സംരക്ഷിച്ചുവരുന്നുണ്ട്. 2010-ൽ ഇക്കോടൂറിസം ഫണ്ടിൽനിന്നും സ്ഥാപിച്ച അക്വേറിയം, സ്നേക്ക് ഷെൽറ്റർ എന്നിവയ്ക്ക് കാലപ്പഴക്കം കാരണം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയത്

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ വർഷത്തിൽത്തന്നെ ചെയ്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പംതന്നെ തൊട്ടടുത്ത നാളുകളിൽ ഈ പദ്ധതി പ്രദേശം ഞാൻ നേരിട്ട് സന്ദർശിച്ച് അവിടത്തെ എം.എൽ.എ.-യുമായി ബന്ധപ്പെട്ട്, നിർദ്ദേശങ്ങൾ സ്വരൂപിച്ച് ബാക്കി നടപടികൾ സ്വീകരിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 271/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 29/2019/ഹോം | 26-3-2019 | അല്ല |
| 2 | 272/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 929/2019/ഹോം | 26-3-2019 | അല്ല |
| 3 | 273/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 929/2019/ഹോം | 26-3-2019 | അല്ല |
| 4 | 274/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 929/2019/ഹോം | 26-3-2019 | അല്ല |
| 5 | 275/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 929/2019/ഹോം | 26-3-2019 | അല്ല |
| 6 | 297/2019 | ജി.ഒ.(എം.എസ്) നമ്പർ 48/2019/ഹോം | 17-4-2019 | അല്ല |
| 7 | 319/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 1162/2019/ഹോം | 26-4-2019 | അല്ല |
| 8 | 322/2019 | ജി.ഒ.(ആർ.റ്റി.) നമ്പർ 1159/2019/ഹോം | 26-4-2019 | അല്ല |
| 9 | 326/2019 | ജി.ഒ.(പി) നമ്പർ 10/2019/ഹോം | 3-5-2019 | അല്ല |
| 10 | 331/2019 | നമ്പർ 60903/ എസ്എസ്എ 2/ 2016/ഹോം | 8-5-2019 | അല്ല |

ii.വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ടെക്നോപാർക്ക് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | 2017-18 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | മലബാർ സിമന്റ്സ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള സിറാമിക്സ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |
| 7 | സെയിൽ - എസ്.സി.എൽ. കേരള ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 9 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 10 | കേരള സ്റ്റേറ്റ് ഹാന്റ് ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |
| 11 | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 13 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | 2005-06<br>2006-07 | വാർഷിക റിപ്പോർട്ട് | അതെ |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 904/2018 | ജി.ഒ.(പി.) നമ്പർ 86/2018/ആർഡി. | 17-12-2018 | അതെ |
| 2 | 341/2019 | സ.ഉ.(പി.) നമ്പർ 25/2019/റവന്യൂ | 8-5-2019 | അല്ല |
| 3 | 350/2019 | ജി.ഒ.(പി.) നമ്പർ 28/2019/ആർഡി. | 20-5-2019 | അല്ല |

IV.ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

V. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 337/2019 | ജി.ഒ.(പി.) നമ്പർ 74/2019/റ്റി.ഡി. | 10-5-2019 | അല്ല |
| 2 | 338/2019 | ജി.ഒ.(പി.) നമ്പർ 75/2019/റ്റി.ഡി. | 10-5-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനി ലിമിറ്റഡ് | 2016-17 | വാർഷിക കണക്കുകൾ | അതെ |

VI. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 339/2019 | ജി.ഒ.(പി.) നമ്പർ 12/2019/എ.ഡി. | 13-5-2019 | അല്ല |
| 2 | 348/2019 | ജി.ഒ.(പി.) നമ്പർ 13/2019/എ.ഡി. | 14-5-2019 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 1996-97 മുതൽ 2013-14 വരെ | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

VII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ | 2004-05 മുതൽ 2008-09 വരെ | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

VIII. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 294/2019 | ജി.ഒ.(പി.) നമ്പർ 13/2019/ എച്ച്.&എഫ്.ഡബ്ല്യൂ.ഡി. | 28-3-2019 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ | 2010-11 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ | 2011-12 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള ആരോഗ്യ സർവ്വകലാശാല | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | കേരള ആരോഗ്യ സർവ്വകലാശാല | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും | അതെ |

IX. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

X. തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 327/2019 | ജി.ഒ.(പി.) നമ്പർ 73/2019/റ്റി.ഡി. | 6-5-2019 | അല്ല |
| 2 | 329/2019 | ജി.ഒ.(പി.) നമ്പർ 36/2019/എൽ.ബി.ആർ. | 27-4-2019 | അല്ല |
| 3 | 344/2019 | ജി.ഒ.(പി.) നമ്പർ 38/2019/എൽ.ബി.ആർ. | 18-5-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2016-17 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 2013-14<br>2014-15 | ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 | ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | 2015-16<br>2016-17 | വാർഷിക റിപ്പോർട്ട് | അതെ |

XI. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 354/2019 | ജി.ഒ.(പി) നമ്പർ 11/2019/സി.എ.ഡി. | 24-5-2019 | അല്ല |
| 2 | 355/2019 | ജി.ഒ.(പി) നമ്പർ .12/2019/സി.എ.ഡി. | 24-5-2019 | അല്ല |
| 3 | 356/2019 | ജി.ഒ.(പി) നമ്പർ .13/2019/സി.എ.ഡി. | 25-5-2019 | അല്ല |

XII. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 291/2019 | ജി.ഒ.(പി.) നമ്പർ37/2019/കോ-ഓപ്പ്. | 26-3-2019 | അല്ല |
| 2 | 321/2019 | ജി.ഒ.(പി.) നമ്പർ 49/2019/കോ-ഓപ്പ്. | 12-4-2019 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 328/2019 | ജി.ഒ.(പി.) നമ്പർ 45/2019/കോ-ഓപ്പ്. | 8-4-2019 | അല്ല |
| 4 | 333/2019 | ജി.ഒ.(പി.) നമ്പർ 50/2019/കോ-ഓപ്പ്. | 29-4-2019 | അല്ല |
| 5 | 334/2019 | ജി.ഒ.(പി.) നമ്പർ36/2019/കോ-ഓപ്പ്. | 22-3-2019 | അല്ല |
| 6 | 353/2019 | ജി.ഒ.(പി.) നമ്പർ. 58/2019/കോ-ഓപ്പ്. | 24-5-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 3 | മലബാർ ദേവസ്വം ബോർഡ് | 2017-18 | ഭരണ റിപ്പോർട്ട് | അതെ |

XIII. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 312/2019 | ജി.ഒ.(പി.) നമ്പർ 31/2019/ എൽഎസ്ജിഡി. | 24-4-2019 | അല്ല |
| 2 | 313/2019 | ജി.ഒ.(പി.) നമ്പർ 32/2019/ എൽഎസ്ജിഡി. | 24-4-2019 | അല്ല |

XIV. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 351/2019 | ജി.ഒ.(പി.) നമ്പർ. 22/2019/എഫ്.&പി.ഡി. | 21-5-2019 | അല്ല |

XV. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ) | 2012-13 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഫീഡ്സ് ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ട് | അതെ |

XVI. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കോഴിക്കോട് സർവ്വകലാശാല | 2009-10 മുതൽ 2016-17 വരെ | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | മഹാത്മാ ഗാന്ധി സർവ്വകലാശാല | 2016-17 | വാർഷിക കണക്കുകൾ | അതെ |
| 3 | കേരള സർവ്വകലാശാല | 2016-17 | ഓഡിറ്റ് റിപ്പോർട്ടും വാർഷിക കണക്കുകളും | അതെ |
| 4 | കോഴിക്കോട് സർവ്വകലാശാല | 2018 | വാർഷിക റിപ്പോർട്ട് | അല്ല |

XVII. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

## VI റിപ്പോർട്ടുകളുടെ സമർപ്പണം

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട്

ശ്രീ. എൻ. വിജയൻ പിള്ള: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച് സമിതിയുടെ പതിനാറാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിലെ കാലതാമസം

ശ്രീ. പി. സി. ജോർജ് : സർ, അംഗങ്ങൾ ചോദ്യം ചോദിച്ചാൽ ഉത്തരം പറയാനുള്ള ബാധ്യത മന്ത്രിമാർക്കുണ്ട്. നമ്മുടെ റൂൾസ് ആന്റ് പ്രൊസീഡ്യുവർ അനുസരിച്ച് " 27- Unless the Speaker otherwise directs, not less than [ten] clear days notice of a question shall be given" ഇതാണ് questions and short notice-ൽ Rule 27 പറയുന്നത്. റൂൾ 47(2) " If an answer to a question is not given in time as specified in sub rule(1) or if the given answer is an interim reply, the final reply as the case may be to that question shall be given at the earliest but not later than fifteen days from the date on which question is placed in the list. ഇതാണ് നമ്മുടെ റൂൾസ് ആന്റ് പ്രൊസീഡ്യുവറിൽ പറയുന്നത്. നമ്മുടെ മന്ത്രിമാർ എം.എൽ.എ.-മാരായിട്ടല്ല ഇവിടെ വന്നത്, നേരെ സ്വർഗ്ഗത്തിൽ നിന്ന് പൊട്ടിവീണ മന്ത്രിയാണെന്നാണ് ഇവരുടെ തോന്നൽ എന്നെനിക്ക് തോന്നുന്നു. ഒരു മന്ത്രിയെയും വ്യക്തിപരമായി അപമാനിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മന്ത്രിമാർ സ്ഥിരമായി ഡിലേ സ്റ്റേറ്റ്മെന്റ് കൊടുക്കുകയാണ്. ആ ഡിലേ സ്റ്റേറ്റ്മെന്റ് മുഴുവൻ ഒരുപോലെയാണ്. ചൊവ്വാഴ്ചത്തേത് ഞാൻ നോക്കിയപ്പോൾ 45 ഡിലേ സ്റ്റേറ്റ്മെന്റാണ് തന്നിരിക്കുന്നത്. ഇന്നലത്തേത് നോക്കിയപ്പോൾ 55 ഡിലേ സ്റ്റേറ്റ്മെന്റാണ്. രണ്ടും എന്റെ കയ്യിലുണ്ട്. മന്ത്രിയുടെ പേര് പറയാതെ അതിലെ ഒരു ഡിലേ സ്റ്റേറ്റ്മെന്റ് ഞാൻ പറയാം, പതിനാലാം കേരള നിയമസഭയുടെ രണ്ടാം

സമ്മേളനത്തിൽ 17-10-2016-ലെ മറുപടി നൽകേണ്ടിയിരുന്ന 2771-ാം നമ്പർ (ബി, സി, ഡി) ചോദ്യത്തിന് ഭരണപരമായ കാരണത്താലാണ് യഥാസമയം മറുപടി നൽകാതിരുന്നത്. ആയതിനാൽ ബോധപൂർവ്വമായി യാതൊരു കാലതാമസവും വരുത്തിയിട്ടില്ല എന്നാണ് തന്നിരിക്കുന്നത്. ഇതുപോലെയുള്ള മറുപടിയാണ് മുഴുവനും തന്നിരിക്കുന്നത്. മന്ത്രിമാർക്ക് എന്തുപറ്റി? ഇത് അനുവദിക്കാൻ പറ്റില്ല. 5-12-2018-ൽ മുഖ്യമന്ത്രിക്ക് നൽകിയ ചോദ്യത്തിനും മറുപടി വന്നിട്ടില്ല. അതുപോലെ 55 എണ്ണം എന്റെ കയ്യിലുണ്ട്. ഇന്നലെ വന്ന ഒരു മറുപടിയിൽ നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 26-4-2017-ന് മറുപടി പറയേണ്ടതിൽ ക്ഷമിക്കണമെന്നുപറഞ്ഞ് കത്ത് തന്നിരിക്കുകയാണ്. ഇതെല്ലാം ഇവിടെ കൂടിക്കിടക്കുകയാണ്, ഇതെന്തൊരു ന്യായമാണ്. വിവരാവകാശപ്രകാരം ഒരു ചോദ്യം കൊടുത്താൽ മുപ്പതാം ദിവസം ഉത്തരം ലഭിക്കും. ഉത്തരം തന്നില്ലെങ്കിൽ വകുപ്പ് സെക്രട്ടറി 25,000 രൂപ ഫൈൻ അടയ്ക്കേണ്ടിവരും. ആ നിയമം ഈ സംസ്ഥാനത്തുള്ളപ്പോഴാണ് മന്ത്രിമാർ ഇങ്ങനെ ചെയ്യുന്നത്. ഇതെന്താണ്; നിയമസഭയെ നോക്കുകുത്തിയാക്കുകയാണോ? മന്ത്രിമാർ അവരുടെ കടമ നിർവ്വഹിക്കണ്ടേ; നിങ്ങൾ ഓഫീസിൽ ചോദ്യത്തിന് ഉത്തരമുണ്ടാക്കുന്നതിന് ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്തണ്ടേ; ആ ഉദ്യോഗസ്ഥന്റെ ബാധ്യതയല്ലേയിത്? ഇതുപോലെ അംഗങ്ങളെ അപമാനിക്കരുത്. ഒരാളുടേയും പേര് ഞാൻ പറയുന്നില്ല, എല്ലാ മന്ത്രിമാരും ഇതിനകത്തുണ്ട്. ഇനിയെങ്കിലും ഞങ്ങളെയും നിയമസഭയെയും അപമാനിക്കുന്ന ഈ പരിപാടി നിർത്തിവയ്ക്കാൻ അങ്ങ് ശക്തമായ് റൂളിംഗ് നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം വളരെ ഗൗരവവും ഗുരുതരവുമാണ്. നേരത്തെതന്നെ ഇത്തരം പ്രശ്നം ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ അവരവരുടെ ഓഫീസുകളിലും ബന്ധപ്പെട്ട വകുപ്പ് തലത്തിലും ഉത്തരങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് റൂൾ ചെയ്തിരുന്നു. ആ റൂളിംഗിന്റെ അടിസ്ഥാനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നതും ശരിയാണ്. ഡിലേ സ്റ്റേറ്റ്മെന്റ് കൊടുക്കുന്ന രീതിയുണ്ടെന്ന് അങ്ങ് പറഞ്ഞതും ശരിയാണ്. അങ്ങ് പറഞ്ഞ കാര്യം ശരിയാണെങ്കിലും ഒരു കാര്യംകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു ചോദ്യത്തിനുള്ള മറുപടി, അതൊരു ഇടക്കാല മറുപടിയാണെങ്കിൽ പ്രസ്തുത ചോദ്യത്തിനുള്ള അന്തിമമറുപടി എത്രയും നേരത്തെ നൽകേണ്ടതുണ്ട്. എന്നാൽ ആ ചോദ്യം ലിസ്റ്റിൽ ചേർത്ത തീയതി മുതൽ പതിനഞ്ച് ദിവസം വൈകാൻ പാടില്ലാത്തതുമാണ്. ഇതാണ് അങ്ങ്

ചൂണ്ടിക്കാണിച്ചത്. അതിന്റെ അടിയിൽ ഇത്തരം ചോദ്യങ്ങൾ ഉപചട്ടം (2) കീഴിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നൽകാൻ കഴിയാത്തപക്ഷം ബന്ധപ്പെട്ട മന്ത്രി അതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ടൊരു പ്രസ്താവന നടപ്പുസമ്മേളനത്തിലോ അല്ലെങ്കിൽ സഭയുടെ അടുത്ത സമ്മേളനത്തിലോ ഏതാണോ ആദ്യംവരുന്നത് അതിൽ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. അപ്പോൾ ഡിലേ സ്റ്റേറ്റ്മെന്റ് എന്നുപറയുന്നത് സഭയോടുള്ള ഒരു അറിയിപ്പാണ്, ആദരവാണ് അങ്ങനെയും കാണണം. ഏതായാലും അനന്തമായ ഡിലേ അംഗീകരിക്കാനാകില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമായി പരിശോധിക്കും. ഒരു റിവ്യൂ നടത്തി സഭയെ അറിയിക്കും. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായ മാറ്റങ്ങളുണ്ട് എന്ന് അംഗീകരിച്ചുകൊണ്ടുതന്നെ ഇതിൽ വരുന്ന അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ചെയർ വീണ്ടും റൂൾ ചെയ്യുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ )

## VIII ധനകാര്യം

### 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| IX | വാഹന നികുതികൾ | 48,68,72,000 | ...... | 97,37,43,000 | ...... | 97,37,43,000 |
| XXXIII | മത്സ്യബന്ധനം | 155,58,04,000 | 83,23,33,000 | 311,16,08,000 | 166,46,67,000 | 477,62,75,000 |
| XLI | ഗതാഗതം | 25,95,05,000 | 409,95,68,000 | 51,90,11,000 | 819,91,36,000 | 871,81,47,000 |

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ഖണ്ഡനോപക്ഷേപങ്ങൾ**

ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മോട്ടോർ വാഹന വകുപ്പിലെ അഴിമതികളും ക്രമക്കേടുകളും അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (റോഡ് സുരക്ഷാപദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചയുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (റോഡപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (റോഡപകടങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം വിതരണം ചെയ്യുന്നതിലുള്ളതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അന്തർസംസ്ഥാന ബസ് ഓപ്പറേറ്റർമാർ നികുതി അടയ്ക്കാതെ വാഹന സർവ്വീസ് നടത്തുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അന്തർസംസ്ഥാന ബസ് ഓപ്പറേറ്റർമാരിൽനിന്നും നികുതി കുടിശ്ശിക ഈടാക്കുന്നതിന് ഹൈക്കോടതി വിധി ഉണ്ടായിട്ടും പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ഉടനടി ചികിത്സ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വാഹനങ്ങൾ വാങ്ങുമ്പോൾ ഈടാക്കുന്ന ഒറ്റത്തവണ നികുതി വർദ്ധിപ്പിക്കാനുള്ള തീരുമാനമുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ദേശീയപാതകളിൽ സ്ഥാപിച്ചിരിക്കുന്ന നിരീക്ഷണ ക്യാമറകൾ പ്രവർത്തനരഹിതമാണെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ജി.പി.എസ്. നിരീക്ഷണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വാഹന പരിശോധനയിൽ പോലീസുകാർ ഈടാക്കുന്ന തുക ഖജനാവിൽ അടയ്ക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മോട്ടോർ വാഹന മേഖല പ്രതിസന്ധി നേരിടുമ്പോൾ സർക്കാർ അടിക്കടി നികുതി വർദ്ധിപ്പിച്ചുകൊണ്ട് പ്രസ്തുത മേഖലയെ കൂടുതൽ തളർത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഐ.ഒ.സി. കർണാടക അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്ന് ഈടാക്കുന്നതിനേക്കാൾ അധികം നികുതി കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ഈടാക്കുന്നത് കാരണം കോടികളുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നതും ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,37,43,000 രൂപയിൽനിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. വി. ടി. ബൽറാം

## ധനാഭ്യർത്ഥന നമ്പർ XXXIII മത്സ്യബന്ധനം നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നിയമനിർമ്മാണം നടത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് അർഹമായ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യത്തിൽ മായം ചേർക്കുന്നത് കണ്ടെത്തി തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തി വിൽക്കുന്നത് തടയുന്ന "ഓപ്പറേഷൻ സാഗർ റാണി" നിർജ്ജീവാവസ്ഥയിലാക്കിയതായി പറയപ്പെടുന്ന നടപടി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ കർമ്മപദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (തീരക്കടലിൽ കൃത്രിമ പാര് നിക്ഷേപിച്ച് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തുതീർക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാന തീരദേശവികസന കോർപ്പറേഷന്റെ വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യഫെഡ്ഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കണം എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യ മാർക്കറ്റുകളിലെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വളത്തിനും കോഴിത്തീറ്റയ്ക്കുമായി ചെറുമീനുകളെ പിടിക്കുന്നതിനാൽ മത്സ്യസമ്പത്തിൽ ശോഷണം സംഭവിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിച്ച് നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മത്സ്യബന്ധന മേഖലയിൽ ഉപയോഗിക്കുന്ന ഇന്ധനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളുടെ മാതൃകയിൽ നികുതിയിളവോ സബ്സിഡിയോ ലഭ്യമാക്കുന്ന കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാത്തതിനെ തുടർന്ന് മത്സ്യമേഖലയിലുണ്ടായിരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u> : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശവാസികളുടെ സമഗ്രവികസനത്തിന് കേന്ദ്രത്തിന് സമർപ്പിച്ച 7340 കോടി രൂപയുടെ പാക്കേജിൽനിന്നും ഒന്നും നേടിയെടുക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (2018-19-ലെ ബഡ്ജറ്റിൽ തീരദേശമേഖലയുടെ സമഗ്രവികസനത്തിന് പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 477,62,75,000 രൂപയിൽനിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. മോൻസ് ജോസഫ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. വി. ടി. ബൽറാം

## ധനാഭ്യർത്ഥന നമ്പർ XLI ഗതാഗതം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും രക്ഷിക്കാൻ ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന സുശീൽ ഖന്ന റിപ്പോർട്ട് തള്ളിക്കളയണം എന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധനച്ചെലവ് കുറയ്ക്കാൻ ഇലക്ട്രിക്കൽ ബസ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.യു.ആർ.ടി.സി. ബസ്സുകൾ അറ്റകുറ്റപ്പണി നടത്താത്തതുമൂലം വരുമാനച്ചോർച്ച ഉണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അന്തർസംസ്ഥാന കോൺട്രാക്ട് കാര്യേജുകളിലെ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സ്വകാര്യ കോൺട്രാക്ട് കാര്യേജ് ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.-ക്ക് സമാന്തരമായി സർവ്വീസ് നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിന് സി.എൻ.ജി. ബസ് സർവ്വീസുകൾ ഓടിക്കുമെന്ന തീരുമാനം നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ചെലവുകുറഞ്ഞ ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ ജലഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസുകളിൽ ഓർഡിനറി ബസ് സർവ്വീസുകൾ പിൻവലിച്ചുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അർഹമായ ക്ഷാമബത്ത അനുവദിക്കുന്നതിനും ശമ്പളപരിഷ്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് എടുത്ത സ്കാനിയ ബസ്സുകളുടെ വാടക നൽകുന്നതിൽ കുടിശ്ശിക വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മോട്ടോർ വാഹന വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. ദീർഘദൂര ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ഒഴിവാക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സി.-യിൽ 1500-ഓളം പേർക്ക് മാത്രം പി.എസ്.സി. വഴി നിയമനം നൽകിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (29-2-2016-ൽ അവസാനിച്ച കെ.എസ്.ആർ.ടി.സി. ശമ്പളപരിഷ്കരണ കരാർ മൂന്ന് വർഷം കഴിഞ്ഞിട്ടും പുതുക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അമിതവേഗം അടക്കമുള്ള ട്രാഫിക് ലംഘനങ്ങൾമൂലം സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (എൽ.എൻ.ജി. ബസ്സുകൾ പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകാത്തതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കെ.എസ്.ആർ.ടി.സി.-യുടെ ഫ്ലീറ്റ് യൂട്ടിലൈസേഷൻ ദേശീയ നിലവാരത്തേക്കാൾ വളരെ താഴ്ന്ന നിലയിലായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 871,81,47,000 രൂപയിൽനിന്ന് നൂറു രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. വി. ടി. ബൽറാം

ശ്രീ. മോൻസ് ജോസഫ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. അനൂപ് ജേക്കബ്

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ ഷംസുദ്ദീൻ)

ശ്രീ. സി. കൃഷ്ണൻ: സർ, വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. സംസ്ഥാനത്തെ മത്സ്യമേഖലയും തീരദേശവും ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു തലത്തിലൂടെയാണ് കടന്നുവന്നത്. കേരളത്തിന്റെ ഖ്യാതി നമ്മുടെ മത്സ്യത്തൊഴിലാളികൾ രാജ്യാന്തരങ്ങളിൽ എത്തിച്ചിട്ടുള്ള ഒരു കാലമാണ്. ഇക്കഴിഞ്ഞ മഹാപ്രളയവും അതിനുമുമ്പുണ്ടായിട്ടുള്ള ഓഖി ദുരന്തവും, അതിനെ പ്രതിരോധിക്കാൻ തീരദേശവാസികളും പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികളും വഹിച്ച പങ്ക് എത്ര അഭിനന്ദിച്ചാലും മതിയാവാത്തതാണ്. ആ പങ്കാളിത്തത്തെത്തുടർന്ന് മുഖ്യമന്ത്രിയും കേരളവും, കേരളത്തിലെ മത്സ്യത്തൊഴിലാളികളെ "കേരളത്തിന്റെ സൈന്യം" എന്നാണ് വിശേഷിപ്പിച്ചത്. രാജ്യത്തിനകത്തും പുറത്തും ശ്രദ്ധിക്കപ്പെട്ട ഒരു കാര്യമാണിത്. യഥാർത്ഥത്തിൽ നമ്മുടെ മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ നമ്മുടെ നാടിന്റെ അഭിമാനമാണ് സംരക്ഷിച്ചത്. ആ നിലയ്ക്കുള്ളവരാണ് തീരദേശത്ത് അധിവസിക്കുന്നവർ. 590 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് കേരളത്തിന്റെ കടലോരം. നമ്മുടെ മത്സ്യസമ്പത്തിന്റെ 72 ശതമാനവും ലഭിക്കുന്നത് ഈ മേഖലയിൽനിന്നാണ്. ഇത് ദേശീയതലത്തിൽ 40 ശതമാനം മാത്രമാണ്. 2006-07-കാലയളവിൽ 5.98 ലക്ഷം ടൺ ഉണ്ടായിരുന്ന മത്സ്യസമ്പത്ത് ഉൽപ്പാദനം 2016-2017-ൽ 5.23 ലക്ഷം ടണ്ണായി കുത്തനെ കുറയുകയാണുണ്ടായത്. മത്സ്യസമ്പത്ത് ക്രമത്തിൽ കുറഞ്ഞുവരുന്ന ഒരനുഭവമാണ് ഇവിടെ രേഖപ്പെടുത്തുന്നത്. ഒരുകാലത്ത് സമുദ്ര മത്സ്യോല്പാദനത്തിൽ കേരളം ഒന്നാമതായിരുന്നു. ഇപ്പോൾ കേരളം പശ്ചിമ ബംഗാളിന്റെയും ആന്ധ്രാപ്രദേശിന്റെയും ഗുജറാത്തിന്റെയും പിന്നിലായി നാലാം സ്ഥാനത്താണ് നിലകൊള്ളുന്നത്. ഈ പരിമിതിയെ അതിജീവിക്കാനുള്ള നയങ്ങളും ഒട്ടേറെ നടപടികളും സംസ്ഥാന ഗവൺമെന്റും ഫിഷറീസ് വകുപ്പും

സ്വീകരിച്ചുവരുന്നുവെന്നത് അഭിമാനകരമായിട്ടുള്ള കാര്യമാണ്. തീരദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഒരു പ്രത്യേക നിയമനിർമ്മാണത്തിന്റെ കാര്യം എൽ.ഡി.എഫ്. ഗവൺമെന്റ് നേരത്തെ മുന്നോട്ടുവച്ചിട്ടുണ്ട്. ഇപ്പോൾ വീണ്ടും അതിന്റെ ചില നടപടികളിലേയ്ക്ക് പോകുന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇത് തീരദേശത്തിന്റെ പ്രത്യേകതയും പിന്നാക്കാവസ്ഥയും പരിഗണിച്ചുകൊണ്ടാണ്. സമഗ്രമായ ഭൂപരിഷ്കരണ നിയമത്തിലൂടെ കൃഷിഭൂമി കൃഷിക്കാരന് സ്ഥാപിച്ചുകൊണ്ടുള്ള നടപടികൾ ഒരുകാലത്ത് നമ്മുടെ രാജ്യത്ത് സ്വീകരിക്കുകയുണ്ടായി. 'കൃഷി ഭൂമി കൃഷിക്കാരന് എന്നുള്ളത്, ആ കാലത്ത് ഒരു മുദ്രാവാക്യമായിരുന്നു. അതുപോലെതന്നെ, 'വനത്തിലുള്ള അവകാശം വനവാസികൾക്ക് എന്ന മുദ്രാവാക്യം ദീർഘകാലമായി ഉയർന്നുവന്നു. ഒരു പ്രത്യേക ഘട്ടത്തിൽ വനത്തിൽ അധിവസിക്കാനുള്ള അവരുടെ ആവാസകേന്ദ്രം സംരക്ഷിക്കാനുള്ള അവകാശം ആദിവാസികളിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള നിയമനിർമ്മാണം നടന്നിട്ടുണ്ട്. അതിൽ വെള്ളം ചേർക്കാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. അതുപോലെതന്നെ ഇവിടെ ഉയർന്നുവന്നിട്ടുള്ള ഒരു ആശയം 'കടൽ കടലിന്റെ മക്കൾക്ക് എന്നുള്ളതാണ്, കടലിലേയ്ക്ക് പ്രവേശിക്കാനുള്ള അവരുടെ അവകാശമാണ്. അതുപോലെതന്നെ കടലിൽനിന്ന് പിടിക്കുന്ന മത്സ്യത്തിന്റെ ഉടമസ്ഥാവകാശം, അതിന്റെ ആദ്യ വിൽപ്പന മത്സ്യത്തൊഴിലാളികൾ ക്കായിരിക്കണം. മാത്രമല്ല, മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികൾക്കായിരിക്കണം. ആ തരത്തിൽ കടലിലേയ്ക്ക് പ്രവേശിക്കാനുള്ള അവകാശവും അവർ ഉണ്ടാക്കുന്ന സമ്പത്തിന്റെ അവകാശവും അവരിൽതന്നെ നിക്ഷിപ്തമാകുന്ന നിയമനിർമ്മാണം നടത്തുമെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരു നയമായി അംഗീകരിച്ചിട്ടുണ്ട്. ആ നയം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് ആശാവഹമായിട്ടുള്ള കാര്യമാണ്. ഈ കാര്യത്തിൽ കാലതാമസമുണ്ടാകാൻ പാടില്ല. നമ്മുടെ മത്സ്യമേഖലയെയും മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് ഇത്തരം നിയമനിർമ്മാണം കൊണ്ടുവരുന്നത് അത്യാവശ്യമാണ്. അതുപോലെതന്നെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഉൾനാടൻ മത്സ്യബന്ധനമേഖല ഇതിൽ പ്രധാന പങ്ക് വഹിക്കുന്നതാണ്. മത്സ്യസമ്പത്തിൽ ഉൾനാടൻ മേഖലയിലെ നമ്മുടെ വിഹിതം 28 ശതമാനത്തിൽ താഴെയായി ഇപ്പോഴും നിൽക്കുകയാണ്. പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടൊരു കാര്യമാണ്. കടൽ മത്സ്യസമ്പത്തിന്റെ ശോഷണം നടന്നുകൊണ്ടിരിക്കുന്ന കാലത്ത് ഉൾനാടൻ മേഖലയിൽനിന്നാണ് കൂടുതൽ മത്സ്യം സമ്പാദിക്കാൻ സാധിക്കുക. അത് സാധിക്കണമെങ്കിൽ ഉൾനാടൻ ജലാശയങ്ങളുടെ

മത്സ്യത്തിന്റെ ആവാസം അല്ലെങ്കിൽ അവയുടെ പ്രജനന ആവാസ കേന്ദ്രം സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റും ഫിഷറീസ് വകുപ്പും പ്രത്യേക നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട് എന്നത് അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്. ഇതുവഴി നടപ്പുസാമ്പത്തിക വർഷം 40 ലക്ഷം മെട്രിക് ടൺ മത്സ്യം കൂടുതൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. 'ഉൾനാടൻ ജലാശയങ്ങളിൽ' എന്നൊരു നിർദ്ദേശമാണ് മുന്നോട്ടുവച്ചിട്ടുള്ളത്. അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞാൽ വലിയ നേട്ടമായിരിക്കും. അതുപോലെ മറ്റൊരു മേഖലയാണ് മത്സ്യകൃഷിയുമായി ബന്ധപ്പെട്ട ജലകൃഷി. കടലിലും ഉൾനാടൻ മേഖലയിലും മത്സ്യസമ്പത്ത് കുറഞ്ഞുവരുമ്പോൾ, അതിനുശോഷണം സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ പ്രത്യേകം പ്രാധാന്യം നൽകി വളർത്തിക്കൊണ്ടുവരാൻ സാധിക്കുന്ന ഒന്നാണ് മത്സ്യകൃഷി/ജലകൃഷി. ഈ കാര്യത്തിൽ ഒട്ടേറെ പദ്ധതികളിലൂടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് എന്നുള്ളത് സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. അതോടൊപ്പംതന്നെ ഇന്ന് ജല കൃഷിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അവർക്ക് മത്സ്യവിത്ത് യഥാവസരത്തിൽ ലഭിക്കുന്നില്ല എന്നുള്ളതാണ്. ഇതര സംസ്ഥാനങ്ങളിൽനിന്നുകൊണ്ടുവരുന്ന മത്സ്യവിത്ത് അണുബാധയുള്ളവയാണ്. അതിനെ നിലനിർത്താൻ സാധിക്കുന്നില്ല എന്ന പ്രശ്നം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ട്. ഇത്തവണ സംസ്ഥാന ഗവൺമെന്റും ഫിഷറീസ് വകുപ്പും അതിനുവേണ്ടി പൊതുമേഖലയിലും മറ്റുമേഖലയിലുമെല്ലാം ഹാച്ചറികൾ തുടങ്ങി മത്സ്യവിത്ത് ഉൽപ്പാദിപ്പിക്കാനും അത് കൃഷിക്കാർക്ക് വിതരണം ചെയ്യാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയാൻ സാധിച്ചു. വളരെ ശ്ലാഘനീയമായിട്ടുള്ള കാര്യമാണത്. ബഡ്ജറ്റിൽ അതിനുവേണ്ടി പണം വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആ തരത്തിലുള്ള നിരവധി നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പംതന്നെ ഈ രംഗത്ത് നേരിടുന്ന പ്രതിസന്ധികളെ എങ്ങനെയാണ് അതിജീവിക്കാൻ സാധിക്കുക എന്നുള്ളത് സംബന്ധിച്ച് ആവശ്യമായ പഠനഗവേഷണം ഇനിയും ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിന് വിവിധ ഏജൻസികൾ ദേശീയ തലത്തിലും സംസ്ഥാന തലത്തിലുമെല്ലാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. കേരളത്തിൽ അതിന്റെ പ്രവർത്തനങ്ങൾ ചിട്ടയായി മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ട പരിശ്രമങ്ങൾ നടന്നുവരുന്നുവെന്നുള്ളത് സന്തോഷകരമായിട്ടുള്ള കാര്യമാണ്. പഠന ഗവേഷണ രംഗത്തൊക്കെ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്ന കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന കുഫോസ് ഫിഷറീസ് സർവ്വകലാശാല അതിൽ വലിയൊരു പങ്ക് വഹിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന് അവശ്യമായ നടപടികൾ സ്വീകരിക്കണം. ഇപ്പോൾ അതിന്റെ ഭാഗമായിട്ടാണ് കൊല്ലത്തും

കണ്ണൂർ ജില്ലയിലെ പയ്യന്നൂരിലും ഓരോ കേന്ദ്രം തുടങ്ങാൻ ഈ ഗവൺമെന്റിന്റെ കാലത്ത് തീരുമാനിക്കുകയും അതിന് ഫണ്ട് വകയിരുത്തുകയും ചെയ്തിട്ടുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടു പോകുന്നതിന് ഫിഷറീസ് സർവ്വകലാശാലയും ഫിഷറീസ് വകുപ്പും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ നമ്മുടെ തീരദേശ മേഖലയെ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പിൽ ഒട്ടേറെ ചെറിയ ചെറിയ പദ്ധതികളുണ്ട്. സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ള തീരദേശപാത ഉൾപ്പെടെയുള്ള പദ്ധതികളുമായി മുന്നോട്ടുപോയാൽ ടൂറിസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി, അല്ലെങ്കിൽ ആ മേഖലയിൽ വലിയ സംഭാവന ചെയ്യുന്നതിന് ഏറെ സഹായകമാകും. ഇപ്പോൾ ധാരാളം ആളുകൾ കടലും കായലുമൊക്കെ കാണുന്നതിനും ആസ്വദിക്കുന്നതിനുമായി വരുന്നുണ്ട്. 590 കിലോമീറ്ററിൽ കൂടുതൽ ദൈർഘ്യമുള്ള തീരദേശ പാതയിൽ ഇപ്പോൾ വിഭാവനം ചെയ്യുന്നത് 14 മീറ്റർ വീതിയിലുള്ള റോഡ് എന്നാണ്. 12 മീറ്റർ റോഡിന് 2 മീറ്റർ സൈക്കിൾവേയാണ്. സൈക്കിൾവേ അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് വേണ്ടിയാണ്. തീരദേശമേഖലയിലെ ഗതാഗതം സുഗമമാക്കുന്നതോടുകൂടിത്തന്നെ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കാനും അവിടത്തെ ജനജീവിതം മെച്ചപ്പെടുത്താനും സാധിക്കത്തക്ക നിലയിലുള്ള ഒരു പദ്ധതിയാണ് തീരദേശ ഹൈവേ. അത് ഈ മത്സ്യമേഖലയ്ക്ക് വലിയ തോതിൽ പ്രചോദനം നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകേണ്ടതാണ്. ടൂറിസംമേഖലയും ആ തരത്തിൽ വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് മത്സ്യമേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കുംവേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാസമിതി ചില സംസ്ഥാനങ്ങൾ സന്ദർശിച്ചപ്പോൾ കേരളത്തിലുള്ളതുപോലുള്ള പദ്ധതികളും സൗകര്യങ്ങളും മറ്റൊരു സംസ്ഥാനത്തുമുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. ഒരു പ്രത്യേക വകുപ്പോ മന്ത്രിയോ ഒന്നുമില്ലാത്ത സംസ്ഥാനങ്ങളാണുള്ളത്. അതിൽനിന്ന് വ്യത്യസ്തമായി കേരളത്തിന്റെ പാരമ്പര്യം നിലനിർത്താനും ഉയർത്താനും ഒട്ടേറെ പദ്ധതികൾ ആവിഷ്കരിക്കാൻ സാധിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള ഒന്നാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നിട്ടുള്ള കടാശ്വാസ കമ്മീഷൻ. അതിന്റെ കാലപരിധി 2007 ഡിസംബർ 31 എന്നുള്ളത് 2008 ഡിസംബർ 31 എന്നാക്കിയത് കടക്കെണിയിൽപ്പെട്ടുഴലുന്ന മത്സ്യത്തൊഴിലാളികൾക്ക് വലിയ ആശ്വാസമായി.

ഇതിന് സമാനമായിട്ടുള്ള മറ്റൊരു നിയമം അല്ലെങ്കിൽ പദ്ധതി വേറെ എവിടെയുമുണ്ടെന്ന് തോന്നുന്നില്ല. ഇപ്പോൾ 52 ദിവസം ട്രോളിംഗ് നിരോധനമാണ്. ഈ പഞ്ഞമാസങ്ങളിൽ തൊഴിലാളികൾക്ക് തൊഴിലില്ല. ആ ഘട്ടത്തിൽ ഉപയോഗിക്കത്തക്ക നിലയിൽ 3600 രൂപയായിരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി വർദ്ധിപ്പിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയും ഫിഷറീസ് വകുപ്പ് അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇപ്പോൾ 4500 രൂപ ഈ പഞ്ഞമാസക്കാലത്ത് അവർക്ക് ഓരോരുത്തർക്കും വാങ്ങാൻ സാധിക്കത്തക്ക നിലയിൽ ആ പദ്ധതി നടപ്പിലാക്കിയെന്നത് ഏറെ സഹായകരമായിട്ടുള്ള ഒരു കാര്യമാണ്. അതുപോലെ മത്സ്യത്തൊഴിലാളികളുടെ മറ്റ് ആശ്വാസ പദ്ധതികളായ ഇൻഷ്വറൻസ് പദ്ധതി, വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പദ്ധതി, അവരുടെ താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങി നിരവധി പദ്ധതികൾ ഈ ബഡ്ജറ്റിലൂടെയും അല്ലാതെയും നടപ്പിലാക്കിയിട്ടുണ്ട്. ഈ തരത്തിലുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരും പ്രത്യേകിച്ച് ഫിഷറീസ് വകുപ്പുമന്ത്രിയും ഈ കാര്യങ്ങളിൽ താൽപ്പര്യമെടുത്തുകൊണ്ട് പ്രവർത്തനങ്ങൾ നടത്തുന്നത് ഏറ്റവും സന്തോഷകരമായിട്ടുള്ള കാര്യമാണ്. ഇപ്പോൾ ഈ സഭ സമ്മേളിക്കുമ്പോഴും നമ്മുടെ തീരദേശ മേഖലയിലാകെ കടലാക്രമണ ഭീതിയുടെ അന്തരീക്ഷം നിലനിൽക്കുന്നുണ്ട്. നിരവധി വീടുകളും ആളുകളും കടലാക്രമണത്തിൽ പെട്ടുപോയിട്ടുണ്ട്. 22.5 കോടി രൂപ ഗവൺമെന്റ് അനുവദിച്ചത് കടലാക്രമണത്തെ പ്രതിരോധിക്കുന്നതിന് അടിയന്തരനടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവെന്നുള്ളതിന്റെ തെളിവാണ്. ഈ വിധത്തിൽ മത്സ്യമേഖലയേയും മത്സ്യത്തൊഴിലാളികളേയും നമ്മുടെ നാടിനേയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ശക്തമായി നടത്തേണ്ടതുണ്ട്. ഈ സമ്മേളനം നടക്കുമ്പോൾ എല്ലാവരുടേയും ചർച്ചയിൽ ഉയർന്നുവരുന്ന രാഷ്ട്രീയ പ്രശ്നങ്ങളുണ്ട്. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, താങ്കൾക്ക് അനുവദിച്ച സമയം അവസാനിച്ചിരിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പരാജയം ഏറ്റുവാങ്ങേണ്ടി വന്നിട്ടുള്ള കാര്യം എല്ലാവർക്കും അറിയാം. എന്നാൽ 404 സീറ്റുണ്ടായിരുന്ന കോൺഗ്രസിന് 52 സീറ്റിലേയ്ക്ക് ചുരുങ്ങേണ്ടി വന്നുവെന്നുള്ളത് ദയനീയമായ പരാജയമാണ്. ഇടതുപക്ഷ പ്രസ്ഥാനത്തിന്, തൊഴിലാളി വർഗ്ഗപ്രസ്ഥാനത്തിന് ഈ പരാജയത്തെ അതിജീവിക്കാൻ

സാധിക്കുമെന്നുള്ളത് കഴിഞ്ഞകാല ചരിത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈ തെരഞ്ഞെടുപ്പിനെത്തുടർന്ന് നീതി ആയോഗിന്റെ ഒരു പ്രഖ്യാപനം വന്നിട്ടുണ്ട്. അതിൽ ഇവിടെ മഹാസ്ഫോടനം നടക്കാൻ പോകുന്നു, 27 പൊതുമേഖലാ സ്ഥാപനങ്ങൾ വൻകിടക്കാർക്കായി സ്വകാര്യവൽക്കരിക്കാൻ പോകുന്നു, 44 തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതാൻ പോകുന്നു എന്നതാണ്. കേന്ദ്രസർക്കാരിന് ഭൂരിപക്ഷമുണ്ട്, ജനങ്ങളുടെ mandate ഉണ്ടെന്നുപറഞ്ഞ് തുടർനടപടികളിലേയ്ക്ക് പോകുമ്പോൾ കഴിഞ്ഞ ജനുവരിയിൽ 22 കോടി തൊഴിലാളികളാണ് കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരായി സമരരംഗത്തേയ്ക്ക് വന്നത്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം ശ്രീ. സി. കൃഷ്ണൻ, അങ്ങ് പ്രസംഗം ഉപസംഹരിക്കണം.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, ശക്തമായ സമരങ്ങൾ ഇനിയും ഉയർന്നുവരും. അതിലൂടെ ഈ തെരഞ്ഞെടുപ്പിലുണ്ടായ പരാജയത്തെ അതിജീവിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഒരിക്കൽ കൂടി ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ഭരണത്തിനുശേഷം യാത്രക്കാർ പെരുവഴിയിലും ജീവനക്കാർ കട്ടപ്പുറത്തും മന്ത്രി ആനപ്പുറത്തുമെന്ന അവസ്ഥയിലാണ്. യു.ഡി.എഫ്. ഗവൺമെന്റ് അഞ്ച് വർഷക്കാലംകൊണ്ട് 2500 പുതിയ ബസ്സുകളാണ് കേരളത്തിൽ നിരത്തിലിറക്കിയത്. ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മൂന്ന് വർഷംകൊണ്ട് നിരത്തിലിറക്കിയത് വെറും 101 ബസ്സുകൾ മാത്രമാണ്. ദീർഘദൂര സർവ്വീസുകളായ സൂപ്പർ ക്ലാസ് സർവ്വീസുകൾക്ക് ഉപയോഗിക്കുന്നത് പുതിയ ബസ്സുകളാണ്. ഈ പുതിയ ബസ്സുകൾ 2 വർഷം സൂപ്പർ ക്ലാസായി സർവ്വീസ് നടത്തിയശേഷം ലോക്കൽ/ഫാസ്റ്റ് ബസ്സുകളായി സർവ്വീസ് നടത്തുന്നതായാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഒരു പുതിയ ബസ്സിന് ഓർഡർ നൽകിയാൽ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി വരാൻ കുറഞ്ഞത് 2 വർഷത്തെ കാലതാമസമുണ്ട്. എന്നാൽ ഇതുവരേയും പുതിയ ബസ്സുകൾ വാങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. അടുത്ത സർക്കാർ അധികാരത്തിൽ വരുമ്പോൾ സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്താനുള്ള ബസ്സുകൾ ഇല്ലാത്ത ഒരവസ്ഥ കേരളത്തിലുണ്ടാകുമെന്ന് ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ബസ്സുകൾ വാങ്ങിയില്ലെങ്കിലും ഇപ്പോൾ Maha Voyage എന്ന കമ്പനിയിൽനിന്ന് 10 വോൾവോ ബസ്സുകളും 10 ഇലക്ട്രിക് ബസ്സുകളും വാടകയ്ക്കെടുത്തിരിക്കുകയാണ്.

അതുകൊണ്ട് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നാണോ, കേരള സ്റ്റേറ്റ് ആന്റ് പ്രൈവറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നാണോ ഇതിനെ വിളിക്കേണ്ടത് എന്നതാണ് എന്റെ സംശയം. ഈ കമ്പനി ഒരു എൻ.സി.പി. നേതാവിന്റെ ഉടമസ്ഥതയിലുള്ളതാണെന്നാണ് പറയപ്പെടുന്നത്. അതുസംബന്ധിച്ച് കൃത്യമായി അറിയാത്തതിനാൽ അക്കാര്യം ഞാൻ ആധികാരികമായി പറയുന്നില്ല. മൂന്ന് വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുമെന്നാണ് ആദ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. എന്നിട്ട് ലാഭത്തിലായോ; ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത് കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ കടബാധ്യതകളും ഏറ്റെടുക്കുമെന്നാണ്. കെ.എസ്.ആർ.ടി.സി. രൂപീകരിച്ചത് 1965 ഏപ്രിൽ മാസം 1-ാം തീയതിയാണ്. 2016-ൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരമൊഴിയുമ്പോൾ 50 വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ കടം 2,130 കോടി രൂപയാണ്. ഈ ഗവൺമെന്റ് മൂന്ന് വർഷം ഭരിച്ചപ്പോൾ കടബാധ്യത 4,320 കോടി രൂപയായി മാറി. യു.ഡി.എഫ്.-ന്റെ കാലത്ത് 2500 പുതിയ ബസ്സുകൾ വാങ്ങി. 20000 പേർക്ക് നിയമനം നൽകി, 4000 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി. ഇവയെല്ലാം ചെയ്തിട്ടും 2130 കോടി രൂപയിൽ കടബാധ്യത നിർത്താൻ സാധിച്ചു. ഇവർ അധികാരത്തിൽ വന്നതിനുശേഷം 1161 സ്ഥിരം ജീവനക്കാരുൾപ്പെടെ 9000 ജീവനക്കാരെ പിരിച്ചുവിട്ടു. ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടാണ് കണ്ടക്ടർമാരെ പിരിച്ചുവിട്ടത് എന്നുപറയുന്നു. നിലവിൽ ഒഴിവുകൾ ഉണ്ടായിരുന്നിട്ടും പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താത്തതിനെത്തുടർന്നാണ് അന്ന് ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചത്. യഥാസമയം നിയമനം നടത്തിയിരുന്നെങ്കിൽ അവർ ഹൈക്കോടതിയെ സമീപിക്കുകയില്ലായിരുന്നു. കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിലേയ്ക്ക് എത്തിക്കുന്ന ഒരു സാഹചര്യവും ഉണ്ടാകുമായിരുന്നില്ല. ഈ സർക്കാർ പിരിച്ചുവിട്ടത് 3861 പേരെയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതുപ്രകാരം തിരിച്ചെടുത്തത് 1451 പേരെയാണ്. എല്ലാ ഇടതുപക്ഷ മുന്നണി സർക്കാരിന്റെ കാലത്തും സുശീൽ ഖന്ന എന്നുപറയുന്നയാളിനെ ഇവിടെ കൊണ്ടുവരും. ശ്രീ. സുശീൽ ഖന്ന ഇവിടെ വന്ന് ഓരോ റിപ്പോർട്ടുകൾ സമർപ്പിക്കും. ഇപ്പോൾ അദ്ദേഹം പറഞ്ഞിരിക്കുന്നത് ആസ്തികൾ വിറ്റ് കടം തീർക്കണമെന്നാണ്. ആസ്തികൾ വിറ്റ് കടം തീർക്കണമെന്ന് പറയാൻ ശ്രീ. സുശീൽ ഖന്നയെ ഇവിടെ കൊണ്ടുവരേണ്ടതുണ്ടോ? ലക്ഷങ്ങൾ ചെലവാക്കി അദ്ദേഹത്തിന് വിമാന ടിക്കറ്റും ഫൈവ് സ്റ്റാർ ഹോട്ടലിലെ താമസവും ഒരുക്കി എന്നല്ലാതെ യാതൊരു പ്രയോജനവും ഇവിടെ ഉണ്ടായിട്ടില്ല. കെ.എസ്.ആർ.ടി.സി.

ജീവനക്കാർക്ക് 2016-ലെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. ഒരു ശമ്പളപരിഷ്കരണം അവർക്ക് നഷ്ടമായിരിക്കുകയാണ്. സർക്കാർ ജീവനക്കാർക്ക് അടുത്ത ശമ്പള കമ്മീഷനെ നിയമിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നുവരുന്ന സന്ദർഭത്തിൽ ഒരു ശമ്പള കമ്മീഷൻ പൂർണ്ണമായി കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നഷ്ടമായിരിക്കുന്നു. 6 ഗഡു ഡി.എ. കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ജീവനക്കാർക്കുള്ള യൂണിഫോം പോലും വിതരണം ചെയ്യാത്തൊരു അവസ്ഥയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. എത്തിയിരിക്കുകയാണ്. ജീവനക്കാരെ നമ്മൾ ആദരിക്കണം. ഇത്രയധികം പ്രതികൂലമായ നടപടികൾ ട്രാൻസ്പോർട്ട് ജീവനക്കാർക്ക് നേരെയുണ്ടായിട്ടും അവർ ഒരു പണിമുടക്കിലേയ്ക്ക് പോയില്ലായെന്നുപറയുമ്പോൾ മന്ത്രിക്കും സർക്കാരിനും ഉള്ളതിനേക്കാൾ ഉത്തരവാദിത്വം കെ.എസ്.ആർ.ടി.സി.-യോട് അവിടത്തെ ജീവനക്കാർക്കുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. മുദ്രാവാക്യം വിളിക്കാൻ പാടില്ല, ധർണ്ണ നടത്താൻ പാടില്ല എന്നൊക്കെ പറയുന്നത് ഇടതുപക്ഷ മുന്നണി സർക്കാർ അധികാരത്തിലിരിക്കുമ്പോഴാണ്. 8 മണിക്കൂർ ജോലിക്കും 8 മണിക്കൂർ വിശ്രമത്തിനും വേണ്ടി സമരം ചെയ്ത ഒരു പ്രസ്ഥാനത്തിലെ ആളുകൾ ഇന്ന് 12 മണിക്കൂർ ജീവനക്കാരെക്കൊണ്ട് ജോലിയെടുപ്പിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് 32 ലക്ഷം യാത്രക്കാരാണ് പ്രതിദിനം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അത് 28 ലക്ഷം യാത്രക്കാരായി ചുരുങ്ങിയിരിക്കുകയാണ്. പുതിയ ബസ്സുകൾ വാങ്ങാതെ, ജീവനക്കാരെ ദ്രോഹിച്ചുകൊണ്ട്, യാത്രക്കാരെ പെരുവഴിയിലാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ഈ സർക്കാർ ദയാവധത്തിന് വിട്ടിരിക്കുകയാണ്.

ഇന്നിവിടെ ചർച്ച ചെയ്തതുപോലെ കേരളമാകെ തീരദേശങ്ങളിൽ കടലാക്രമണം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ കടലാക്രമണത്തിന്റെ പശ്ചാത്തലത്തിൽതന്നെ കഴിഞ്ഞ ഓഖി ദുരന്തത്തെക്കുറിച്ച് കൂടി നമ്മൾ ചർച്ച ചെയ്യേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ബിഗ് സല്യൂട്ട് കൊടുത്ത ഒരു സർക്കാരാണ്, നമ്മൾ എല്ലാവരും സല്യൂട്ട് കൊടുക്കുന്നു. സർക്കാരിന്റെ കണക്കുപ്രകാരം 65000 ജീവനുകളാണ് അവർ രക്ഷപ്പെടുത്തിയത്. ഇതുപോലെയുള്ള ദുരന്തത്തിൽ ഒരു ജീവൻ നഷ്ടമായാൽ ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയോളം അവർക്ക് നൽകും. അങ്ങനെ കണക്കാക്കിയാൽ തന്നെ 65,000 പേർക്ക് ഏകദേശം 6,500 കോടി രൂപ നമ്മൾ കൊടുക്കേണ്ടതായിരുന്നു. പണത്തിന്റെ അടിസ്ഥാനത്തിൽ ജീവന് വിലയിടാൻ സാധിക്കില്ല. അങ്ങനെയുള്ള മത്സ്യത്തൊഴിലാളികൾക്ക് വെറും 3000 രൂപ പാരിതോഷികം പ്രഖ്യാപിച്ച് അവരെ അവഹേളിച്ച ഒരു സർക്കാരാണിതെന്ന് കൂടി ഞാൻ സൂചിപ്പിക്കുകയാണ്.

1.00 P.M.]

2018-19-ലെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. നമ്മളെല്ലാവരും അതിൽ സന്തോഷിച്ചു. ഇന്ന് ആ പാക്കേജ് എവിടെയാണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 4-2-2019-ൽ എനിക്ക് നൽകിയൊരു മറുപടിയിൽ പറഞ്ഞിരിക്കുന്നത്, ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജീവനോപാധി പഠനങ്ങൾ സംബന്ധിച്ച് IRMA(Institute of Rural Management, Anand) മുഖാന്തരവും Basic human needs, Coastal infrastructure, Human Development, Social Security, Quality of Public Service, Self Help Groups ഇങ്ങനെയുള്ള കാര്യങ്ങളിലെല്ലാം പഠനം നടത്താൻവേണ്ടി TISS (Tata Institute of Social Sciences)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇന്നുവരെ അതിന്റെ ഡി.പി.ആർ. തയ്യാറാക്കുകയോ എന്തെങ്കിലുമൊരു നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ? കഴിഞ്ഞ ബഡ്ജറ്റ് അതിനെ പൂർണ്ണമായും വിസ്മരിച്ചുകൊണ്ടാണ് അവതരിപ്പിച്ചിരുന്നത്. കേരളത്തിലെ 65,000-ഓളം ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾക്ക് ഇടതുപക്ഷ മുന്നണി സർക്കാർ 2000 കോടി രൂപയുടെ വഞ്ചനയാണ് സമ്മാനിച്ചിരിക്കുന്നത്. ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്തൊരു സാഹചര്യമുണ്ടായിരിക്കുന്നു. ജൂൺ മുതൽ നവംബർ മാസം വരെ കാലവർഷവും കടലാക്രമണവും കാലാവസ്ഥാ മുന്നറിയിപ്പുമുൾപ്പെടെയുള്ള പല കാരണങ്ങൾകൊണ്ട് അവർക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുന്നു. ആ ദിവസങ്ങളിൽ അവരുടെ വീട് പട്ടിണിയിലാണ്, വീടുകളിൽ അടുപ്പുകൾ പുകയുന്നില്ല. അവർക്ക് സാമ്പത്തിക സഹായം ചെയ്യണ്ടേ? സൗജന്യ റേഷൻ കൊടുക്കുന്നതുകൊണ്ട് മാത്രം പരിഹാരമാകുമോ? ഒരു കുടുംബത്തിന് സൗജന്യ റേഷനുവേണ്ടി 58 രൂപ കൊടുത്താൽ മതിയാകുമോ? ഇതുകൊണ്ടൊന്നും പോരാ, അവരുടെ കുടുംബം പുലരണമെങ്കിൽ സാമ്പത്തിക സഹായം സർക്കാർ കൊടുത്തേ മതിയാകൂ. അതുപോലെതന്നെ മത്സ്യത്തൊഴിലാളികളുടെ റേഷൻ കാർഡുകൾ, മുൻഗണനാ കാർഡുകൾ എന്നിവ നൽകാൻ തയ്യാറാകണം. വകുപ്പ് വേറെയാണെങ്കിലും മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുള്ള ചർച്ചയായതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. അതുപോലെ തീരദേശ പട്ടയങ്ങൾ നൽകാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 19 സീറ്റുകളിൽ യു.ഡി.എഫ്. ജയിച്ചത് എന്തോ വലിയ അപരാധം പോലെയാണ് ഇടതുപക്ഷ മുന്നണി സർക്കാർ പറയുന്നത്. ഇടയ്ക്കിടയ്ക്ക് പുട്ടിന് പീരയിടുന്നതുപോലെ പറയും 'തെറ്റുകളുണ്ടെങ്കിൽ ഞങ്ങൾ പരിശോധിക്കും' എന്ന്. ഇവർ പറയുന്നത് കേട്ടാൽ അവർക്ക് ഒരു തെറ്റും സംഭവിച്ചിട്ടില്ലെന്ന് തോന്നും. എന്ത് പറഞ്ഞാലും അവർക്കൊരു ന്യായീകരണമുണ്ട്. തെരഞ്ഞെടുപ്പിന്റെ ഉത്തരവാദിത്വം ശ്രീ. പിണറായി വിജയനാണെന്ന് ആരെങ്കിലും പറഞ്ഞാൽ ഉടനെ അദ്ദേഹത്തെ സംരക്ഷിക്കാൻ വേണ്ടി സംരക്ഷണ വലയമുണ്ടാക്കും. പോയിപ്പോയി ഇവർ എന്തെല്ലാം ചെയ്തിരിക്കുകയാണ്. ഹിറ്റ്ലറെയും മുസോളിനിയെയും ശ്രീ. നരേന്ദ്ര മോദിയെയും വരെ ശ്രീ. പിണറായി വിജയന് സംരക്ഷണമൊരുക്കുന്ന കവചമായി ഇടതുമുന്നണി അവതരിപ്പിച്ചിരിക്കുകയാണ്. കേരളത്തിൽ ഇടതുമുന്നണിക്ക് ഏറ്റവും കൂടുതൽ പരാജയങ്ങൾ സമ്മാനിച്ച മുഖ്യമന്ത്രിയാണ് ശ്രീ. പിണറായി വിജയൻ എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പാർട്ടി സെക്രട്ടറിയായിരുന്നപ്പോഴും മുഖ്യമന്ത്രിയായിരുന്നപ്പോഴും, 2006-ലെ തെരഞ്ഞെടുപ്പിൽ വിജയിച്ചതിനുശേഷം പിന്നീട് ഇടതുമുന്നണി വിജയിക്കുന്നത് കഴിഞ്ഞ തെരഞ്ഞെടുപ്പിലാണെന്ന് നിങ്ങൾ ഓർക്കണം. 2006-ലെ തെരഞ്ഞെടുപ്പിനുശേഷം പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബഹുഭൂരിപക്ഷവും യു.ഡി.എഫ്. വിജയിച്ചു. 2015-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വിജയിച്ചു. 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലെ പരാജയത്തിനുശേഷം മൂന്ന് നിയമസഭാ ഉപതെരഞ്ഞെടുപ്പുകളിലും ഐക്യജനാധിപത്യ മുന്നണി വിജയിച്ചു. 2011-ലെ അസംബ്ലി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വൻഭൂരിപക്ഷത്തോടെ വിജയിച്ചു. നെയ്യാറ്റിൻകരയും അരുവിക്കരയും ഉൾപ്പെടെ എല്ലാ ഉപതെരഞ്ഞെടുപ്പുകളിലും യു.ഡി.എഫ്. വിജയിച്ചു. ഓരോ തെരഞ്ഞെടുപ്പിലും പരാജയപ്പെടുമ്പോൾ ബഹുമാനപ്പെട്ട പിണറായി വിജയനുവേണ്ടി എല്ലാവരും ഒരുമിച്ച് അണിനിരക്കുന്നൊരു കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇപ്പോൾ അതിനായി ഹിറ്റ്ലറെയും മുസ്സോളിനിയെയും ശ്രീ. നരേന്ദ്ര മോദിയെയും വരെ കൂട്ടുപിടിച്ചിരിക്കുന്നു. ബംഗാളിലും ത്രിപുരയിലും നിങ്ങൾ പരാജയപ്പെട്ടു. ജനാധിപത്യത്തിൽ പരാജയവും വിജയവും സംഭവിക്കാം, പരാജയം ഒരു തെറ്റാണെന്ന് ഞാൻ പറയുന്നില്ല. ഏറ്റവും കൂടുതൽ തെരഞ്ഞെടുപ്പിൽ വിജയിച്ചൊരു പാർട്ടി കോൺഗ്രസ്സാണ്. ഏറ്റവും കൂടുതൽ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടൊരു പാർട്ടി ബി.ജെ.പി.-യുമാണ്. എനിക്ക് നിങ്ങളോട് ചോദിക്കാനുള്ളത്, ഞങ്ങളെല്ലാം പരാജയപ്പെടുമ്പോൾ പറയുന്നത്, വർദ്ധിച്ച വീര്യത്തോടുകൂടി ഞങ്ങൾ

തിരിച്ചുവരും എന്നാണ്. മദ്ധ്യപ്രദേശിൽ മൂന്ന് തവണ പരാജയപ്പെട്ടുവെങ്കിലും പിന്നീട് മദ്ധ്യപ്രദേശിലും രാജസ്ഥാനിലും ഛത്തീസ്ഘട്ടിലും ഞങ്ങൾ അധികാരത്തിൽ വന്നു. പക്ഷേ പോളിറ്റ് ബ്യൂറോ അംഗങ്ങൾ മുതൽ ബ്രാഞ്ച് കമ്മിറ്റി അംഗങ്ങൾ വരെ നിരന്നിരിക്കുന്ന ഈ സഭയിൽ ഞങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നു, മാനസികമായിട്ടുള്ള സംതൃപ്തിക്കുവേണ്ടിയെങ്കിലും പശ്ചിമബംഗാളിലും ത്രിപുരയിലും നിങ്ങൾ അധികാരത്തിൽ തിരിച്ചുവരുമെന്ന് പറയുവാൻ കഴിയുമോ? ഇന്നുവരെ ഞങ്ങൾ തിരിച്ചുവരുമെന്ന് പറയുവാൻപോലും ഇടതുപക്ഷ മുന്നണിക്ക് സാധിച്ചിട്ടില്ല. 'അറബിക്കഥ' എന്ന സിനിമയിൽ ശ്രീ. ശ്രീനിവാസൻ അറേബ്യയിൽ ജോലിക്കുപോയി, ടോയ്‌ലെറ്റിൽ കയറിനിന്ന് അദ്ദേഹം 'ഇൻക്വിലാബ് സിന്ദാബാദ്' എന്ന് വിളിക്കുന്നൊരു കാഴ്ചയുണ്ടായിരുന്നു. ഞാൻ ഇടതുപക്ഷക്കാരോട് പറയുന്നു, ടോയ്‌ലെറ്റിൽ കയറി നിന്നെങ്കിലും ഞങ്ങൾ ബംഗാളും ത്രിപുരയും തിരിച്ചുപിടിക്കുമെന്ന് പറയാൻ നിങ്ങൾക്ക് സാധിക്കണം. ഈ ഡിമാന്റ് ചർച്ചകളെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, നടപ്പ് സാമ്പത്തിക വർഷത്തേയ്ക്കുള്ള വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം തുടങ്ങിയ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. എനിക്കുമുമ്പ് ശ്രീ. എം. വിൻസെന്റ് ഇവിടെ ചില കാര്യങ്ങൾ സംസാരിക്കുകയുണ്ടായി. അദ്ദേഹം കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ആർ.എസ്.എസ്.-കാരാൽ മരണപ്പെട്ടയാളാണ് ഗൗരി ലങ്കേഷ്. ഇത്തരം നടപടികൾക്കെതിരെ പോരാടിയ, ഫാസിസത്തിനെതിരായി തൂലികയെടുത്ത് പോരാടിയ ഒരു മഹത് വ്യക്തിയാണ് ഗിരിഷ് കർണ്ണാട്. ആർ.എസ്.എസ്.-കാർക്കെതിരായി അതിശക്തമായ പോരാട്ടം നയിച്ച, സിനിമയിലും നാടകത്തിലുമെല്ലാംതന്നെ വലിയൊരു പോരാട്ടം നയിച്ചൊരു വ്യക്തിയാണ് ഗിരിഷ് കർണ്ണാട്. ഈ സഭയിൽ അദ്ദേഹത്തിനുവേണ്ടി എല്ലാവരും ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. കത്വ (Kathua)-യിൽ കൂട്ടബലാൽസംഗം നടത്തിയവർക്കെതിരെയുള്ള വിധിയാണ് വന്നത്. ഈ വിധിയിൽ നാം പരിശോധിക്കേണ്ടത്, ബി.ജെ.പി. അടക്കമുള്ള മന്ത്രിമാരുൾപ്പെടെ പ്രതിസ്ഥാനത്തുനിന്ന് മുദ്രാവാക്യം വിളിക്കുന്ന സാഹചര്യമുണ്ടായിട്ടും അതിനെതിരായി സ്വന്തം സമൂഹത്തിൽ നിന്നുതന്നെ എതിർപ്പുകളുണ്ടായിരുന്നു. അതുപോലെ, മുസ്ലീം സമുദായത്തിലുള്ളൊരു കുട്ടിക്കുവേണ്ടി വാദിക്കുന്നുവെന്ന് ബി.ജെ.പി.-ക്കാരൻ ആക്രോശിച്ചിട്ടുപോലും അഡ്വക്കേറ്റ് ദീപികാ സിംഗ്

അതിൽനിന്ന് പിൻവാങ്ങാതെ പോരാട്ടം നയിച്ച ധീരചരിത്രത്തിന്റെ ഏടുകൾ പത്രത്തിൽ നമുക്ക് കാണാൻ കഴിയും. ഭരണഘടന നൽകുന്ന എല്ലാ അവകാശങ്ങളെയും ആവിഷ്കാര സ്വാതന്ത്ര്യങ്ങളെയും ഹനിക്കുന്ന രീതിയിലേയ്ക്കാണ് നമ്മുടെ രാജ്യം ഇന്ന് പൊയ്ക്കൊണ്ടിരിക്കുന്നത്. ശ്രീ. നരേന്ദ്ര മോദിയുടെ രണ്ടാം വരവ് നമ്മൾ തിരിച്ചറിയേണ്ടതാണ്. കൽബുർഗിയും നരേന്ദ്ര തബോൽക്കറും ഗൗരി ലങ്കേഷും ഉൾപ്പെടെയുള്ളവർ കൊല ചെയ്യപ്പെട്ടപ്പോൾ നാം തിരിച്ചറിയേണ്ട വസ്തുത ഇന്ന് വീണ്ടും ഭീകര രൂപത്തിലുള്ള പ്രശ്നങ്ങൾ നമുക്കിടയിലേയ്ക്ക് കടന്നുവരുന്നു എന്നതാണ്. ശ്രീ. യോഗി ആദിത്യനാഥിനെതിരായി ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടതിന്റെ പേരിൽ തടവറയിലേയ്ക്ക് പോകേണ്ടിവന്ന ശ്രീ. പ്രശാന്ത് കനോജിയയെ നാം മറക്കേണ്ടതില്ല. ഇതെല്ലാംതന്നെ ഉദാഹരണങ്ങളായി നമ്മുടെ മുന്നിൽ നിൽക്കുകയാണെന്ന് കോൺഗ്രസുകാർ തിരിച്ചറിയേണ്ടതാണ്. ശ്രീമതി പ്രജ്ഞാ സിംഗ് ഠാക്കൂർ മഹാത്മാ ഗാന്ധി അല്ല ഗോഡ്സെയാണ് രാജ്യസ്നേഹിയെന്ന് പറഞ്ഞപ്പോൾ അതിനെതിരായി പ്രതികരിച്ച ഡോ. സുരിയായിയെ നമുക്ക് മറക്കാൻ കഴിയില്ല. നാളെകളിൽ കൊലചെയ്യപ്പെടേണ്ട ലിസ്റ്റുകളിലേയ്ക്ക് ആർ.എസ്.എസ്.-കാരനാൽ എഴുതിവയ്ക്കപ്പെട്ട പേരുകളിൽ ഒന്നായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ആവിഷ്കാര സ്വാതന്ത്ര്യമാണ് ഇവിടെ ഹനിക്കപ്പെടുന്നതെന്ന് നാം തിരിച്ചറിയണം. കോടതികളും ഇലക്ഷൻ കമ്മീഷനും പോലീസ് സ്റ്റേഷനുകളും മിലിറ്ററികളുമെല്ലാംതന്നെ ആർ.എസ്.എസ്-കാരൻ കയറി ഇറങ്ങുന്ന സ്ഥലമായി മാറുന്നുവെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷം ഭാഗികമായെങ്കിലും വിദ്യാഭ്യാസ മേഖല ഉൾപ്പെടെ ഈ മേഖലകളിലെല്ലാം കാവിവൽക്കരണം കൊണ്ടുവന്നിട്ടുണ്ട്. ആർ.എസ്.എസ്.-കാരൻ ഭരിക്കുന്ന സ്ഥലങ്ങളിൽ മുസ്ലീം സമുദായത്തിലുള്ളവർക്കോ, ക്രിസ്ത്യാനിക്കോ, കമ്മ്യൂണിസ്റ്റുകാരനോ, ദളിതനോ ഒരു പരാതി കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് പോലീസ് സ്റ്റേഷനുകൾ മാറിക്കൊണ്ടിരിക്കുന്നു എന്നുള്ളത് നമ്മൾ മനസ്സിലാക്കേണ്ടതാണ്. നമുക്ക് നീതി ലഭിക്കേണ്ട, നമ്മുടെ ഭരണഘടനയെ സംരക്ഷിക്കപ്പെടേണ്ട കീഴ്ക്കോടതിയുൾപ്പെടെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നാളെകളിൽ ജഡ്ജിമാരെ നിയമിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിലേയ്ക്ക് ആർ.എസ്.എസ്.-കാർ കടക്കുമ്പോൾ തീർച്ചയായും നമ്മൾ മനസ്സിലാക്കേണ്ടത് ഈ അഞ്ച് വർഷത്തിനുള്ളിൽ ഫാസിസം ഭാഗികമായിട്ടല്ല, പൂർണ്ണതയിലേയ്ക്ക് പോകുമെന്നുള്ളതാണ്. എതിർക്കുന്നവനെ ഇല്ലായ്മ ചെയ്യുക, അവന്റെ നാവറുക്കുക, കൊലചെയ്യുക, അവന്റെ എഴുത്തുകൾ നിർത്തുക, അവൻ അഭിനയിക്കുന്നുണ്ടെങ്കിൽ അഭിനയം നിർത്തുക എന്നീ കാര്യങ്ങൾ ചെയ്ത് ആർ.എസ്.എസ്. പറയുന്ന

രീതിയിലേയ്ക്ക് മാധ്യമങ്ങളും പോകുന്ന സാഹചര്യമാണ് കടന്നുവരുന്നതെന്ന കാര്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. ഇവിടെ ആക്രോശിക്കുമ്പോൾ കോൺഗ്രസുകാർ മനസ്സിലാക്കേണ്ടത് ദേശീയതലത്തിലേയ്ക്ക് ഇത്തരം സാഹചര്യങ്ങളെ കൊണ്ടുവന്നതാരെന്നുള്ളതിന് നിങ്ങൾ ഉത്തരം പറയേണ്ടി വരുമെന്നുകൂടി ഞാൻ പറയാനാഗ്രഹിക്കുകയാണ്. ഇന്ത്യാരാജ്യം കമ്മ്യൂണിസ്റ്റുകാർ ഭരിച്ചിട്ടില്ല, ഇനി ഭരിക്കും എന്നുള്ളതിൽ തർക്കവും വേണ്ട. കാരണം വർഗ്ഗീയതയ്ക്ക് എതിരായുള്ള പോരാട്ടങ്ങളുള്ളിടത്തോളം കാലം കമ്മ്യൂണിസ്റ്റുകാരൻ ഇന്ത്യാരാജ്യം ഭരിക്കേണ്ട അവസ്ഥയിലേയ്ക്ക് എത്തുമെന്നുള്ളതിൽ യാതൊരു തർക്കവും വേണ്ടെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒ.എൻ.വി. പറഞ്ഞതുപോലെ ഈ ഇന്ത്യാരാജ്യം,

"എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ
എന്നേയ്ക്കുമായി അസ്തമിച്ചു പോയ്
ഇനി നമ്മളിലൊരാളിന്റെ നിദ്രയ്ക്കു മറ്റെയാൾ
കണ്ണിമ ചിമ്മാതെ കാവൽ നിന്നീടണം"

എന്ന അവസ്ഥാവിശേഷത്തിലേയ്ക്ക് ഇന്ത്യാരാജ്യത്തെ കോൺഗ്രസുകാരാണ് കൊണ്ടുവന്നതെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. നെഹ്റുവാണ് കൊണ്ടുവന്നതെന്നും ഇന്ദിരാഗാന്ധിയാണ് കൊണ്ടുവന്നതെന്നും ഞങ്ങൾ പറയില്ല. നരസിംഹറാവുവിന്റെ പുത്തൻ സാമ്പത്തിക നയവും അതുപോലെ ഡിവൈഡിംഗ് റൂൾ എന്ന രീതിയിലേയ്ക്ക് ഇന്ത്യാരാജ്യത്തെ കൊണ്ടുവരുന്നതിന് ഏറ്റവും ഭംഗിയായി ബാബറി മസ്ജിദ് തകർത്തുകൊണ്ട് വാൾമാർട്ടുകാരനെയും മെർക്കാ കമ്പനിക്കാരനെയും വിമാനകമ്പനിക്കാരനെയും ഔഷധി കമ്പനിക്കാരനുമുൾപ്പെടെ ആസിയാൻ കരാറുകളെല്ലാം നടപ്പാക്കി ഇന്ത്യാരാജ്യത്തേയ്ക്ക് വിദേശ സ്വകാര്യ കുത്തകകളെ കൊണ്ടുവന്നത് ആരാണ്? അതിന് മറയിടാൻ വേണ്ടി ബാബറി മസ്ജിദ് തകർക്കപ്പെട്ട സാഹചര്യങ്ങളുണ്ടാക്കിയതാരാണ്? കൃത്യമായി ബ്രിട്ടീഷുകാരൻ എങ്ങനെയാണോ ഭരിച്ചിരുന്നത് ആ രീതിയിലേയ്ക്ക് ഇന്ത്യൻ ജനതയെ ഡിവൈഡ് ചെയ്തുകൊണ്ട് സമൂഹത്തിലെ മുസ്ലീം ജനവിഭാഗങ്ങൾ മാറ്റിനിർത്തപ്പെടുന്ന രീതിയിലേയ്ക്ക് ശിലാന്യാസം നടത്തുന്നതിന് അവസരം ഒരുക്കിക്കൊടുത്തത് രാജീവ് ഗാന്ധിയാണ്. അതിന് ഉത്തരവാദിത്വം കോൺഗ്രസുകാർക്കാണ്. ചാതുർവർണ്യ വ്യവസ്ഥിതിയിലേയ്ക്ക് ഇന്ത്യാരാജ്യത്തെ കൊണ്ടുപോകാനാഗ്രഹിക്കുന്ന, മനുസ്മൃതി ഭരണഘടനയാക്കുന്ന ആർ.എസ്.എസ്.-കാരിലേയ്ക്ക് നയിക്കുന്നതിന് നല്ലൊരു പങ്ക് വഹിച്ചത് ആരാണെന്നുള്ള ചോദ്യത്തിന് ഉത്തരം കോൺഗ്രസുകാരനെന്ന് പറയാൻ ഞങ്ങൾക്ക് യാതൊരു മടിയുമില്ല. ആ തെറ്റുകൾ ഏറ്റുപറയാൻ കോൺഗ്രസുകാർ തയ്യാറാകുകയും തെറ്റുകൾ

ഏറ്റുപറഞ്ഞുകൊണ്ട് നാളെകളിൽ തിരിച്ചുവരുമെന്ന് പറയാൻ നിങ്ങൾക്ക് കഴിവുണ്ടാകണമെന്നും ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. അല്ലാതെ ആർ.എസ്.എസ്.-കാർ പിടിക്കുന്ന കൊടിക്ക് പുറകിൽനിന്നുകൊണ്ട് ഞങ്ങളും പുറകിലുണ്ടെന്ന് പറയുന്ന കോൺഗ്രസുകാരൻ ആർ.എസ്.എസ്.-ന്റെ ബ്രാഹ്മണിസത്തിലേയ്ക്ക് പോകുന്നതിന്റെ ചുവയായിട്ട് മാത്രമേ നിങ്ങളുടെ രാഷ്ട്രീയത്തെ കാണാൻ കഴിയുകയുള്ളൂ. ഹിന്ദുവാണെന്നും ബ്രാഹ്മണനാണെന്നുമല്ല, നമ്മൾ മതേതരത്വവാദിയാണെന്ന് ശ്രീ. രാഹുൽ ഗാന്ധിയെപ്പോലുള്ള ആളുകളെ കൊണ്ട് പറയിപ്പിക്കാനുള്ള ചങ്കൂറ്റംകൂടി കോൺഗ്രസുകാരന് ഉണ്ടാകേണ്ടതാണ്. ഇന്ത്യൻ രാഷ്ട്രീയത്തിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടമാണ് വേണ്ടത്. എവിടെയാണ് തെറ്റ് പറ്റിയതെന്ന് കോൺഗ്രസുകാർ തിരിച്ചറിയണമെന്നാണ് ഞങ്ങൾ സൂചിപ്പിക്കുന്നത്. നിങ്ങളുടെ നാശം കാണണമെന്ന് ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. ഒരു ദേശീയ പാർട്ടിയെന്ന നിലയിൽ അതിനെ കണ്ടുകൊണ്ടുതന്നെ ഈ സമൂഹമധ്യത്തിലേയ്ക്ക് ജനങ്ങളുടെ വിഷയം എടുത്തുകൊണ്ട് ബാബറി മസ്ജിദ് തകർക്കുമ്പോൾ പ്രതികരിക്കാൻ കഴിയണമായിരുന്നു. ക്രിസ്ത്യൻ പാതിരിമാരെ ചുട്ടുകരിച്ചപ്പോൾ പ്രതികരിക്കാൻ കഴിയണമായിരുന്നു. ഗോദ്ര സംഭവങ്ങളുണ്ടായപ്പോൾ ദേശീയ അടിസ്ഥാനത്തിൽ പ്രതികരിക്കാൻ കഴിയണമായിരുന്നു. ഇതൊന്നും കഴിയാതെ ഈ രാജ്യത്തെ ഒറ്റുകാരായി നിന്നിട്ടുള്ളത് കോൺഗ്രസുകാരാണ്. പാവപ്പെട്ടവനെ പാവപ്പെട്ടവനാക്കി മാറ്റിയതും വിദേശ സ്വകാര്യ കുത്തകകളെ വളർത്താൻ നല്ലൊരു പങ്ക് വഹിച്ചതും നിങ്ങളാണ്. ഈ കടലോരത്തിൽ വിദേശകപ്പലുകൾ കൊണ്ടുവന്ന് പാവപ്പെട്ടവന് കയറിക്കിടക്കാൻ കൂരയില്ലാതെ പണിയെടുത്ത് ജീവിക്കാനുള്ള സാഹചര്യങ്ങൾ നിഷേധിക്കപ്പെടുന്ന രീതിയിലേയ്ക്ക് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ പട്ടിണിയിലേയ്ക്ക് കൊണ്ടുവരുന്നതിൽ പങ്ക് വഹിച്ചത് ഞങ്ങളാരുമല്ല, അത് നിങ്ങളാണ് എന്നുള്ളതിൽയാതൊരു തർക്കവുമില്ല. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഈ ഇടതുപക്ഷ ഗവൺമെന്റ് പ്രാപ്തമാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കൂടെനിന്നാണ് ഞങ്ങളെല്ലാം പ്രവർത്തിക്കുന്നത് എന്നുള്ളതുകൊണ്ടുതന്നെ അവരെ സൈന്യാധിപർ എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അതിൽ യാതൊരു തർക്കവുമില്ല. എന്റെ നിയോജകമണ്ഡലമായ കൊടുങ്ങല്ലൂരിൽ കണ്ണൂരിൽ നിന്നുവന്നിട്ടുള്ള മനുഷ്യസ്നേഹികളായ മത്സ്യത്തൊഴിലാളികളാണ് പതിനായിരക്കണക്കിനുവരുന്ന ആളുകളെ സംരക്ഷിച്ച തെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചിക്കുകയാണ്. കൊടുങ്ങല്ലൂർ മേഖലയിൽ ഇന്ന് കടൽ കയറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും തീർച്ചയായിട്ടും ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന വിശ്വാസത്തിൽ പൂർണ്ണമായും ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 3 വർഷം പൂർത്തിയായ സർക്കാരിന് ജനവിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന വിധിയെഴുത്താണ് നമ്മുടെ മുൻപിലുള്ളത്. പാർലമെന്റ് തെരഞ്ഞെടുപ്പായിരുന്നെങ്കിലും സംസ്ഥാന സർക്കാരിന്റെ വിലയിരുത്തൽ കൂടിയാണ് തെരഞ്ഞെടുപ്പിൽ ഉണ്ടായത്. ഇന്ന് വാഹന നികുതി, മത്സ്യബന്ധനം, ഗതാഗതം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളാണ് ചർച്ച ചെയ്യുന്നത്. ഈ മൂന്ന് വർഷക്കാലയളവിൽ നമ്മുടെ പൊതുഗതാഗതത്തിന്റെ മുഖമായ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനോ നവീകരിക്കുന്നതിനോ കാര്യമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. നമ്മുടെ തീരദേശ മേഖലയിൽ ഇന്ന് വറുതിയും പട്ടിണിയുമാണ്. അത് ദിവസങ്ങളായി വാർത്താ മാധ്യമങ്ങളിലും വർത്തമാന പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലുമൊക്കെ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ പ്രളയദുരന്തത്തിൽ കയ്യുംമെയ്യും മറന്ന് സഹായിച്ച് നമ്മുടെ അഭിമാനം സംരക്ഷിച്ചു. പക്ഷേ ഇന്ന് മത്സ്യത്തൊഴിലാളികൾ പലവിധ പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. മത്സ്യലഭ്യത കുറഞ്ഞുവരുമ്പോൾ ശാസ്ത്രീയമായ പഠനമോ പരിശോധനയോ നടക്കുന്നില്ല. കാലാവസ്ഥാ വ്യതിയാനം, സമുദ്രപരിധി ലംഘിച്ചുകൊണ്ടുള്ള വിദേശ കപ്പലുകളുടെ മത്സ്യം പിടിക്കൽ എന്നിവവഴി പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ദുരിതങ്ങളും പ്രയാസങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാകണം. ട്രോളിംഗ് നിരോധനവും കാലവർഷവുംകൂടി വന്നപ്പോൾ തീരദേശമേഖലയിലുള്ള മത്സ്യത്തൊഴിലാളികൾ വലിയ പ്രയാസമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിന് മത്സ്യത്തൊഴിലാളികൾ ഇരയാകുന്നത് തടയാൻ കാര്യക്ഷമമായ നിയമഭേദഗതികൾ കൊണ്ടുവരണം. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നുംതന്നെ നടപ്പിലാകുന്നില്ല. ഓഖിയുടെ പേരിൽ ഫണ്ട് പിരിവ് നടത്തിയെന്നല്ലാതെ കാര്യക്ഷമമായ ഒരു പദ്ധതിയും നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. മത്സ്യത്തൊഴിലാളി മേഖലയിൽ നബാർഡിന്റെയും മറ്റ് ഏജൻസികളുടെയും സഹായത്താൽ തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കേണ്ട പദ്ധതിയും ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. നിലവിൽ മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിന്റെ പരിധി 2008 വരെ എടുത്തിട്ടുള്ള കടങ്ങൾക്ക് മാത്രമാണ്. ഈ പരിധി 2014 വരെയെങ്കിലും ദീർഘിപ്പിക്കേണ്ടതാണ്. എന്നാൽ മാത്രമേ പാവങ്ങളായ മത്സ്യത്തൊഴിലാളികളെ പട്ടിണിയിൽനിന്ന് കരകയറ്റാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള പരിധി 75,000 രൂപ എന്നുള്ളത് 2 ലക്ഷം രൂപയായി ഉയർത്തണം. യു.ഡി.എഫ്. സർക്കാരിന്റെ അവസാനകാലത്ത്

ഫിഷറീസ് വകുപ്പ് മുഖേന ഭവനനിർമ്മാണ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് 50,000 രൂപ വരെ ധനസഹായം നൽകിയിരുന്നു. അത് ഈ സർക്കാർ നിർത്തലാക്കി. പുതുതായി ഈ സർക്കാർ ഭവനനിർമ്മാണ പദ്ധതിയുടെ പേരിൽ കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ വീടും സ്ഥലവും ഉള്ളവർക്ക് അത് ഉപേക്ഷിച്ച് 200 മീറ്റർ അകലത്തിൽ ഭൂമിവാങ്ങാൻ തയ്യാറുള്ളവർക്കുമാത്രം ഭവനനിർമ്മാണത്തിന് സഹായം നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. കടലുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ തീരം വിട്ടുപോകാൻ തയ്യാറല്ലാത്തതിനാൽ ഈ പദ്ധതി അപ്രായോഗികമാണ്. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന എഞ്ചിനുകൾക്ക് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സിവിൽ സപ്ലൈസ് വഴി 170 ലിറ്റർ മണ്ണെണ്ണ നൽകിയിരുന്ന സ്ഥാനത്ത് ഈ സർക്കാർ 40 ലിറ്റർ മാത്രമാണ് നൽകുന്നത്. കൂടാതെ മത്സ്യഫെഡുവഴി 200 ലിറ്റർ മണ്ണെണ്ണ 48 രൂപയ്ക്ക് 25 രൂപ സബ്സിഡിയോടുകൂടി യു.ഡി.എഫ്. സർക്കാർ നൽകിയിരുന്നു. എന്നാൽ ഈ സർക്കാർ 40 ലിറ്റർ മണ്ണെണ്ണ മാത്രം സിവിൽ സപ്ലൈസ് വഴി നൽകുമ്പോൾ 68 രൂപയ്ക്കാണ് മത്സ്യഫെഡിൽനിന്ന് അളവ് വർദ്ധിപ്പിക്കാതെ നൽകുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യാനങ്ങളുടെ രജിസ്ട്രേഷൻ ഫീസ് 100 രൂപയിൽനിന്നും 2500 രൂപയായിട്ടാണ് ഈ സർക്കാർ ഉയർത്തിയിട്ടുള്ളത്. ഒരു ന്യായീകരണവുമില്ലാതെയാണ് ഈ അമിത വർദ്ധനവ് പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെമേൽ കെട്ടിവച്ചിട്ടുള്ളത്. ഇൻബോർഡ് വള്ളങ്ങൾ 50,000 രൂപ വീതം ഓരോ വർഷവും ഫിഷിംഗ് പെർമിഷനുവേണ്ടി നൽകണം. കടലോര മേഖലയിൽ കാലവർഷം വരുമ്പോൾ, ശക്തമായി കാറ്റടിക്കുമ്പോൾ കരഭാഗം കടലെടുക്കും. ഇത് തടയുന്നതിനും കടൽക്ഷോഭം കുറയ്ക്കുന്നതിനുംവേണ്ടി പരമ്പരാഗതമായി തീരങ്ങളിൽ തിരകളെ പിടിച്ചുനിർത്താൻ ഏർപ്പെടുത്തിയിരുന്ന സംവിധാനങ്ങളാണ് പുലിമുട്ട് നിർമ്മാണം. കടലിലേയ്ക്ക് 100 മീറ്റർ നീളത്തിൽ കല്ലിട്ട് തിരയെ പിടിച്ചുനിർത്തുന്ന സംവിധാനമായ പുലിമുട്ട് നിർമ്മാണവും തീരമേഖലകളിലെ കടൽഭിത്തി നിർമ്മാണവും ഇപ്പോൾ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. നിർമ്മിച്ചവയാകട്ടെ ദുർബ്ബലവുമാണ്. ഇതോടെ സംസ്ഥാനത്തിന്റെ മിക്ക തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളും കരയിടിച്ചിലിന്റെയും കടൽക്ഷോഭത്തിന്റെയും ഇരകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ന്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതുമായി ബന്ധപ്പെട്ട ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. പുലിമുട്ട് നിർമ്മാണവും കടൽഭിത്തി നിർമ്മാണവും ജലവിഭവ വകുപ്പാണ് ചെയ്യേണ്ടത്. ഓരോ ജില്ലയ്ക്കും അതിനുവേണ്ടി

അനുവദിച്ച സംഖ്യ സംബന്ധിച്ച് മന്ത്രി ഇവിടെ പറയുകയുണ്ടായി. മലപ്പുറം ജില്ലയ്ക്ക് വെറും രണ്ട് കോടി രൂപയാണ് അനുവദിച്ചത്. ഈ കാലവർഷക്കെടുതിയിൽ രണ്ടുകോടി രൂപ കൊണ്ട് പുലിമുട്ട് നിർമ്മാണവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും എങ്ങനെ ചെയ്യാൻ സാധിക്കുമെന്നുള്ളത് നമുക്ക് ചിന്തിക്കാൻപ്പോലും കഴിയില്ല. അതുപോലെതന്നെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരമേഖലയിൽ, പ്രത്യേകിച്ച് ആലപ്പുഴ ജില്ലയിലെ ചെല്ലാനം, മലപ്പുറം ജില്ലയിലെ പുതുപൊന്നാനി, വെളിയംകോട്, കൂട്ടായി, പരപ്പനങ്ങാടി, അരിയല്ലൂർ, ആനങ്ങാടി, കടലുണ്ടി നഗരം, താനൂരിലെ ഇടക്കടപ്പുറം, ചീരൻ കടപ്പുറം, പുതിയ കടപ്പുറം, അഞ്ചുടി കടപ്പുറം എന്നിവിടങ്ങളിൽ കടൽക്ഷോഭം കാരണം തീരദേശവാസികൾ വീടുപേക്ഷിച്ചുപോകേണ്ട അവസ്ഥയിലാണ്. പ്രത്യേകിച്ച് താനൂർ അസംബ്ലി മണ്ഡലത്തിൽ. ഇന്ന് രാവിലെയും അവിടെയുള്ള മുനിസിപ്പൽ ചെയർമാൻ അടക്കമുള്ളവർ എന്നെ വിളിച്ചിരുന്നു. അത്രമാത്രം കെടുതികളാണ് ഈ കാലവർഷക്കെടുതിമൂലം കടലോര മേഖലയിലെ മൽസ്യത്തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലമായ വള്ളിക്കുന്നിലെ അരിയല്ലൂർ ബീച്ചിൽ തീരദേശ റോഡുകളുൾപ്പെടെ കടലെടുത്തുപോയി. വീടുകളിലേയ്ക്ക് കടൽ കയറിത്തുടങ്ങി. ഈ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ കടൽക്ഷോഭത്തിൽ നിന്ന് രക്ഷിക്കാൻ കടൽഭിത്തി നിർമ്മാണവും പുലിമുട്ട് നിർമ്മാണവുമുൾപ്പെടെയുള്ള നടപടികൾ വേണമെന്ന് ഞാൻ പലതവണ സർക്കാരിനോട് ആവശ്യപ്പെട്ടതാണ്. ഒരു നടപടിയും ഉണ്ടായിട്ടില്ല. അവിടെ വീടുകളിലുള്ള കിണറുകളിലേയ്ക്ക് കടലിലെ ഉപ്പുവെള്ളം കയറി. ശുദ്ധജലത്തിനുവരെ തീരദേശവാസികൾ ബുദ്ധിമുട്ടുകയാണ്. തീരദേശ മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സർക്കാർ സത്വരനടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. നിലവിലുള്ള പദ്ധതികൾ കാലഹരണപ്പെട്ടതാണ്. അടിയന്തരമായി ഇവ പുനരുദ്ധരിക്കാനും തൊട്ടടുത്ത് കടലുണ്ടി പഞ്ചായത്തിലെത്തിനിൽക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി വള്ളിക്കുന്ന് പഞ്ചായത്തിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനും നടപടിയുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാനപേക്ഷിക്കുകയാണ്. കടലോര കായലോര ജില്ലകളിലെ പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം ലഭിക്കാത്തതുമൂലം ഒരുതരത്തിലുള്ള ആനുകൂല്യവും ലഭിക്കാത്ത സാഹചര്യമാണ്. തീരദേശ മേഖലയിൽ പതിറ്റാണ്ടുകളായി ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയം നൽകുന്നതിന് നടപടി വേണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം അവസാനിക്കുകയാണ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: ഞാൻ അവസാനിപ്പിക്കാം. കേരളം പ്രളയദുരന്തത്തിൽ അകപ്പെട്ടപ്പോൾ കൈപിടിച്ചുയർത്തിയ കേരള സൈന്യമായ മത്സ്യത്തൊഴിലാളികൾ ദിവസങ്ങളായി ജീവിതത്തിനും മരണത്തിനുമിടയിലാണ്. പ്രളയമെടുത്ത നാളുകളിൽ നമ്മെ രക്ഷിക്കാൻ മാലാഖമാരായി വന്നെത്തിയത് അവരാണ്. ഈ മത്സ്യത്തൊഴിലാളികൾക്ക് അനുകമ്പയും സഹാനുഭൂതിയും ഏറ്റവുമധികം ആവശ്യമുള്ള സമയമാണിപ്പോൾ. നമ്മുടെ നാടിന് ചെയ്ത സേവനത്തിന്റെയും സഹായത്തിന്റെയും ചെറിയൊരംശമെങ്കിലും അവർക്ക് തിരിച്ച് ചെയ്യാനായാൽ അവർ എത്തപ്പെട്ട ഈ ദുരന്ത സാഹചര്യത്തിൽനിന്ന് അവരെ രക്ഷിക്കാൻ സാധിക്കുമെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതിന് പര്യാപ്തമായതും പ്രായോഗികമായതുമായ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, കേരളത്തിൽ മത്സ്യത്തൊഴിലാളികളുള്ള മിക്കവാറും എല്ലാ ജില്ലകളിലെയും എല്ലാ ഹാർബറുകളും നവീകരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താനും അവ വിൽപ്പന നടത്താനും സഹായിക്കുന്ന തരത്തിൽ കഴിഞ്ഞ കാലത്തൊന്നുമില്ലാത്ത സംവിധാനങ്ങൾ ഇന്ന് കേരളത്തിൽ വന്നിരിക്കുകയാണ്. മത്സ്യത്തൊഴിലാളികൾ കുറേക്കാലമായി അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം, വിദേശ ട്രോളറുകൾ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കാവുന്ന വിലപിടിച്ച മത്സ്യങ്ങൾ പിടിച്ചു കൊണ്ടുപോകുന്നു എന്നതാണ്. പലപ്പോഴായി കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റുകളോട് ആവശ്യപ്പെട്ടിട്ടും അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. കടൽക്ഷോഭം നടന്നുകൊണ്ടിരിക്കുന്ന അവസരത്തിലാണ് നമ്മൾ ഇത് ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി തീരദേശത്ത് കടൽഭിത്തി നിർമ്മിക്കാനാവശ്യമായ കരിങ്കൽ ലഭ്യമാക്കുന്നതിന് ഓരോ ജില്ലയിലും എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചു. ഭാവിയിൽ കൂടുതൽ വേണ്ട ഘട്ടത്തിൽ ഗവൺമെന്റ് അതുസംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും പറഞ്ഞു. ഞാനിത് പറയുന്നത്

ഇത് വർഷംതോറും ഉണ്ടാകുന്നതാണ്. കടൽക്ഷോഭം ഉണ്ടാകുമ്പോൾ അതിൽനിന്ന് മത്സ്യത്തൊഴിലാളികളെ രക്ഷിക്കാൻ നമ്മൾ കരിങ്കൽ ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കും. ആ കടൽഭിത്തി നിർമ്മിക്കുന്നത് ഓരോ കൊല്ലവും ഉണ്ടാകുന്നു. കരിങ്കൽ ക്വാറിയുള്ള പ്രദേശങ്ങളിൽ പ്രക്ഷോഭമാണ്. ഇന്നലെ വടകരയിൽ കാൻസർ രോഗികളെ സഹായിക്കുന്ന 'തണൽ' എന്ന സ്ഥാപനത്തിനടുത്ത് കടൽക്ഷോഭംമൂലം വെള്ളപ്പൊക്കമുണ്ടായി. അവിടെ വലിയ കല്ല് കെട്ടണമെന്ന് ഉദ്യോഗസ്ഥർ പറയുന്നു. വലിയ കരിങ്കൽ കിട്ടാനില്ലാത്ത പ്രശ്നങ്ങളുമുണ്ട്. കേരളത്തിലെ വകുപ്പുമന്ത്രി ഫലപ്രദമായി പ്രവർത്തിക്കുന്നതിന്റെ ഫലമായി കഴിഞ്ഞ കാലത്തൊന്നും ലഭിച്ചിട്ടില്ലാത്ത തരത്തിലുള്ള സൗകര്യങ്ങൾ ഇന്ന് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം, അവർക്ക് ലഭിക്കുന്ന ജോലി ഇതെല്ലാം പരിശോധിച്ചാൽ കേരളത്തിൽ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിനുണ്ടാകുന്ന വളർച്ച, സാമ്പത്തികമായതടക്കം അവരിലുണ്ടാക്കുന്ന മുന്നേറ്റം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എനിക്ക് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോട് ഒരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. വടകരയിലെ എം.എൽ.എ. എന്ന നിലയ്ക്ക് വടകര-കുറ്റ്യാടി-തൊട്ടിൽപ്പാലം-വയനാട്-ബാംഗ്ലൂർ എന്നിവിടങ്ങളിൽ കൂടുതൽ ബസ്സുകൾ ഓടിച്ചാൽ വലിയ ലാഭമുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി ആലോചിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. എനിക്ക് അനുവദിച്ചിരിക്കുന്ന സമയം കുറവാണ്. ബഹുമാനപ്പെട്ട നേതാക്കളെല്ലാം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. സമയമില്ലാത്തതു കൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായിരുന്നു ഇൻഡ്യ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ എന്ത് അഭിപ്രായവ്യത്യാസമുണ്ടായിരുന്നെങ്കിലും ഇൻഡ്യയിൽ ജനാധിപത്യം സംരക്ഷിക്കപ്പെട്ടുപോന്നു. പിന്നീട് ഒരു ഘട്ടം വന്നു, പ്രഗത്ഭരായ ഇൻഡ്യയുടെ ദേശീയ നേതാക്കളൊക്കെ ജയിലിലായി. ജയപ്രകാശ് നാരായണനെപ്പോലെ അധികാരം ആഗ്രഹിക്കാത്ത, പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉപപ്രധാനമന്ത്രിയാകാനാവശ്യപ്പെട്ടിട്ടും അതിന് തയ്യാറാകാത്ത ജയപ്രകാശ് നാരായണനടക്കമുള്ളവരെ ജയിലിൽ അടച്ച്, അദ്ദേഹത്തിന്റെ വൃക്കയ്ക്ക് തകരാറുണ്ടായിട്ടും ചികിത്സിക്കാൻ അനുവദിക്കാതെ ഇൻഡ്യയിലെ സ്വാതന്ത്ര്യ

സമ്പാദനത്തിലെ പ്രധാനപ്പെട്ട വലിയ തലമുറയിലെ നേതാക്കളെ നശിപ്പിച്ചു. കുറേ വർഷം കഴിഞ്ഞ് പ്രധാനപ്പെട്ട ദേശീയ നേതാക്കൾ മുഴുവൻ ഇന്ത്യയ്ക്ക് നഷ്ടപ്പെട്ടു. പിന്നീടുവന്ന രാഷ്ട്രീയ നേതൃത്വം ഏത് വിഭാഗത്തിൽപ്പെട്ടവരായിരുന്നു? ഇന്ന് ഇന്ത്യൻ ജനാധിപത്യത്തിന് ഭീഷണിയുണ്ട്. മതപരമായോ സമാധാനപരമായോ അല്ലാതെ സംഘർഷപരമായ രൂപത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനത്തിന് അവസരമുണ്ടാക്കിക്കൊടുത്തിരിക്കുന്നു. അതിന്റെ പ്രധാനപ്പെട്ട പങ്ക് കോൺഗ്രസ് വഹിക്കേണ്ടിവരും. ഇന്ത്യൻ ജനാധിപത്യം സംരക്ഷിക്കപ്പെടുന്നതിന് സഹായകരമായ രൂപത്തിൽ കാര്യങ്ങൾ വരണം. ഈ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതിനെതിരായി ജനങ്ങൾ അണിനിരന്ന അവസരത്തിൽ അതിന്റെ കൂടെ നിന്നവരാണ് കമ്മ്യൂണിസ്റ്റുകാർ. ബംഗാളിലെങ്ങനെ ത്രിപുരയിലെങ്ങനെ എന്നൊക്കെ ഇവിടെ ചോദിച്ചു. അടിയന്തരാവസ്ഥ കഴിഞ്ഞശേഷം ഇന്ത്യയിൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങി വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിങ്ങൾക്കെത്ര സീറ്റുകിട്ടി? ജയിലുകളിൽകിടന്ന് പുറത്തുവന്നവർ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ പ്രകടന പത്രികയുണ്ടാക്കി തെരഞ്ഞെടുപ്പിനെ അഭിമുഖീ കരിച്ചതിന്റെ ഫലമായി  സംഘടനയുണ്ടാക്കാൻ സാധിക്കാത്ത ഘടകമായിരുന്ന അന്നുണ്ടായിരുന്നവെന്നതുകൊണ്ടുമാത്രം നിങ്ങൾക്ക് തിരിച്ചുവരാൻ സാധിച്ചു. ഒരു കക്ഷിയോടും ഒരു പ്രത്യേക സാഹചര്യത്തിൽ വന്ന് നിങ്ങൾ നാളെ എന്താകുമെന്ന് ചോദിച്ചാൽ അതൊന്നും പറയാൻ സാധിക്കില്ല. തൊഴിലാളി വർഗ്ഗത്തിനും ജനാധിപത്യത്തിനുംവേണ്ടി പ്രവർത്തിക്കുന്ന ശക്തികൾ രാജ്യത്ത് തിരിച്ചു വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏകാധിപത്യത്തിന്റെ പാതയിലേയ്ക്ക് നീങ്ങുന്ന, അക്രമം അധികാരത്തിൽ വരാനുള്ള ഒരു മാർഗ്ഗമായി സ്വീകരിക്കുന്നവർ ആരായാലും അവർക്കെതിരെ  നമ്മുടെ രാജ്യത്തെ ജനങ്ങൾ രംഗത്തുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഇന്നും അന്തസ്സായ നിലയിൽത്തന്നെയാണ്. പാർലമെന്റിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് കേരളത്തിൽ പലഘട്ടങ്ങളിലും നടന്നപ്പോൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിലല്ല കേരളത്തിലെ പാർലമെന്റ് സ്ഥാനാർത്ഥികൾ വിജയിച്ചത്. കേരളത്തെ സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ശക്തമായ അടിത്തറയുണ്ട്. ഭാവിയിൽവരുന്ന ഏത് തെരഞ്ഞെടുപ്പുകളെയും ആ രൂപത്തിൽതന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നേരിടാൻ സാധിക്കും. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ സമസ്ത മേഖലകളിലും ഉണർവ്വിന്റെയും ഉയർപ്പിന്റെയും ഊർജ്ജവും ചൈതന്യവും എത്തിച്ച സർക്കാരാണിത്. കേരളത്തിന്റെ സ്വന്തം പട്ടാളമായ മത്സ്യത്തൊഴിലാളികൾക്ക് ആത്മാഭിമാന ബോധം ഉയർത്തുന്ന തരത്തിൽ ക്രിയാത്മകമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. യാന്ത്രികമായ പ്രഖ്യാപനങ്ങളല്ല, യാഥാർത്ഥ്യ ബോധത്തോടുകൂടി വസ്തുതകൾ മനസ്സിലാക്കി ക്രിയാത്മകമായിട്ടുള്ള പ്രവർത്തനങ്ങളാണ് മത്സ്യത്തൊഴിലാളി മേഖലയിൽ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മത്സ്യസമ്പത്ത് സംരക്ഷിക്കുക, തീരം സംരക്ഷിക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങി വിവിധ തട്ടുകളിലുള്ള പ്രവർത്തനംവഴിയാണ് മത്സ്യത്തൊഴിലാളി മേഖലയെ ഇത്തരത്തിലേയ്ക്ക് മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുള്ളത്. കേരളത്തിൽ 4.84 ലക്ഷം മത്സ്യ സമ്പത്താണുണ്ടായിരുന്നതെങ്കിൽ ഇന്ന് 6.09 ലക്ഷമായി അത് വർദ്ധിപ്പിക്കാനായിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കാതെ മത്സ്യത്തൊഴിലാളികളെ എങ്ങനെയാണ് സംരക്ഷിക്കുന്നത്; അപ്പോൾ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിൽ നിലവിലുണ്ടായിരുന്ന സ്ഥിതി മനസ്സിലാക്കി കെ.എം.എഫ്.ആർ.എ. (കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്റ്റ്) ഭേദഗതി ചെയ്തു. അതുപോലെ മത്സ്യക്കുഞ്ഞുങ്ങളെ വളത്തിനുവേണ്ടി തമിഴ്നാട്ടുകാർക്ക് വിൽക്കുന്ന അവസ്ഥ ഇല്ലാതാക്കാൻ 58 ഇനം മത്സ്യങ്ങൾക്ക് എം.എൽ.എസ്. (മിനിമം ലീഗൽ സൈസ്) നിശ്ചയിച്ചു. മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നവർക്കുള്ള ശിക്ഷ 25,000 രൂപയിൽനിന്നും രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ക്രിയാത്മകമായി ഇടപെട്ടതിന്റെ ഭാഗമായിട്ടാണ് മത്സ്യസമ്പത്ത് സംരക്ഷിക്കാൻ കഴിഞ്ഞത്. അതിന്റെ പ്രയോജനം സ്വാഭാവികമായും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കും. മറ്റൊന്ന് തീരസംരക്ഷണം. തീരസംരക്ഷണത്തിന് ഇന്ത്യാ ഗവൺമെന്റ് ഇന്ത്യയൊട്ടാകെ ഇതുവരെ നടപ്പിലാക്കി പ്രഖ്യാപിച്ചിട്ടുള്ളത് 401 കോടി രൂപയുടെ പദ്ധതിയാണെങ്കിൽ കേരളത്തിൽ തൊള്ളായിരം കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയത് ഈ ഗവൺമെന്റാണ്. എന്റെ മണ്ഡലത്തിൽതന്നെ താന്നി മുതൽ കൊല്ലം ബീച്ചുവരെ 36 കോടി രൂപയാണ് തീരപ്രദേശത്തെ പുലിമുട്ട് നിർമ്മാണത്തിനായി ഈ ഗവൺമെന്റ് അനുവദിച്ചുതന്നത്. മാത്രമല്ല, അത് ടെണ്ടർ ചെയ്തുകഴിഞ്ഞു. അത്തരത്തിൽ വളരെ ക്രിയാത്മകമായിട്ടാണ് തീരസംരക്ഷണത്തിനുവേണ്ടി ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. മറ്റൊന്ന്, മത്സ്യത്തൊഴിലാളികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ്. അവരുടെ ഭവന നിർമ്മാണത്തിനുള്ള

ധനസഹായം രണ്ട് ലക്ഷം രൂപയിൽനിന്നും നാല് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലെ ട്രോളിംഗ് പീരിഡിൽ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക 2700 രൂപയിൽനിന്നും 4500 രൂപയാക്കി വർദ്ധിപ്പിച്ചു. സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക വർദ്ധിപ്പിച്ചുനൽകുമ്പോൾ കഴിഞ്ഞ മൂന്ന് വർഷമായി കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട തുക ലഭിച്ചിട്ടില്ല. 58 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളപ്പോഴാണ് കേന്ദ്ര വിഹിതം കുറയ്ക്കാതെതന്നെ സംസ്ഥാന ഗവൺമെന്റ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. അതുപോലെ 2013 വരെയാണ് കേന്ദ്രത്തിൽനിന്നും മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസിനുള്ള വിഹിതം ലഭിച്ചിരുന്നതെങ്കിൽ അതിനുശേഷം നാളിതുവരെ ലഭിച്ചിട്ടേയില്ല. ഈ വസ്തുതകൾ ജനങ്ങളോട് പറയണ്ടേ? അതുപോലെ ഭവന നിർമ്മാണത്തിന് സംസ്ഥാന സർക്കാർ നാല് ലക്ഷം രൂപ നൽകുമ്പോൾ 1,20,000 രൂപയാണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം. അതിൽതന്നെ 50 ശതമാനമാണ് കേന്ദ്ര ഗവൺമെന്റ് തരുന്നത്. കഴിഞ്ഞ മൂന്ന് വർഷമായി ആ വിഹിതവും അവർ നൽകുന്നില്ല. ഈ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ടാകുമ്പോഴും കേന്ദ്ര വിഹിതത്തിനുവേണ്ടി കാത്തിരിക്കാതെ ഈ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 18685 കുടുംബങ്ങളെ കടൽത്തീരത്തുനിന്നും മാറ്റി പുനരധിവസിപ്പിക്കുന്ന പദ്ധതികൾക്ക് തുടക്കം കുറിച്ചു. അതിൽ 348 കുടുംബങ്ങളെ ഇതിനോടകം മാറ്റിപ്പാർപ്പിച്ചു. അതുപോലെ മുട്ടത്തറയിൽ 18 കോടി രൂപ ചെലവഴിച്ചാണ് 192 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുള്ളത്. പഴയകാലത്ത് സർക്കാരിന്റെ പുനരധിവാസമെന്നുപറഞ്ഞാൽ ജനങ്ങൾ അതിനോട് വിമുഖത കാണിച്ചിരുന്നുവെങ്കിൽ ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് ആത്മവിശ്വാസവും സന്തോഷവും പകരുന്ന തരത്തിൽ മുട്ടത്തറയിലെ ഫ്ലാറ്റ് സമുച്ചയം ഉയർന്നുനിൽക്കുകയാണ്. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുമ്പോൾ അവർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളുണ്ടാക്കിക്കൊടുക്കുകയെന്നത് പ്രവൃത്തിയിൽക്കൂടി തെളിയിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതുപോലെ മത്സ്യത്തൊഴിലാളി മേഖലയിൽ 90 ശതമാനം മാർക്ക് വാങ്ങിയ കുട്ടികൾക്ക് സൗജന്യമായി എൻട്രൻസ് കോച്ചിംഗ് കൊടുത്ത് എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിക്കുമ്പോൾ അവരെ സൗജന്യമായി പഠിപ്പിക്കുന്നു. ഈ ഗവൺമെന്റ് ഈ പദ്ധതി പ്രഖ്യാപിച്ചതിനുശേഷം മത്സ്യത്തൊഴിലാളികളുടെ മക്കളിൽ 40 പേരാണ് ഇപ്പോൾ കേരള ഗവൺമെന്റിന്റെ സഹായത്തോടുകൂടി എം.ബി.ബി.എസ്.-ന് പഠിച്ചുകൊണ്ടിരിക്കുന്നത്. അതൊരു ചെറിയ കാര്യമാണോ? ഇങ്ങനെ വിവിധ മേഖലകളിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ ഇവിടെ ഓഖിയുടെ

പേരിൽ ധാരാളം പേർ വേദനിക്കുകയും സമരം നടത്തുകയും പ്രക്ഷോഭങ്ങൾ നടത്തുകയും ചാനലുകളിൽ ചർച്ച നടത്തുകയും ചെയ്തു. അവരെല്ലാം പൊടിയും തട്ടി പോയി. ഓഖി ദുരന്തത്തിനിരയായവരെ മറക്കാതെ അവരുടെ മക്കളുടെ വിദ്യാഭ്യാസച്ചുമതല ഏറ്റെടുക്കുകയും ഓഖി ദുരന്തത്തിൽ മരിച്ച 42 പേരുടെ കുടുംബത്തിന് സർക്കാർ ജോലി നൽകി സംരക്ഷിക്കുകയും ചെയ്തു ഗവൺമെന്റാണിത്. അങ്ങനെ ജോലി നൽകിയ 42 പേർ എസ്.എസ്.എൽ.സി.-ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. എസ്.എസ്.എൽ.സി.-ക്ക് മുകളിൽ യോഗ്യതയുള്ള 11 പേർക്കുകൂടി നിയമനം നൽകുന്നതിനുള്ള പ്രവർത്തനം ദ്രുതഗതിയിൽ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ എസ്.സി./എസ്.ടി. വിഭാഗത്തിനുള്ള എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികൾക്കും ബാധകമാക്കി. ആ കാറ്റഗറിയിൽ അവരെ ഉൾപ്പെടുത്തി എല്ലാവിധ ആശ്വാസ പദ്ധതികൾക്കും അപേക്ഷിക്കാൻ കഴിയുന്ന തരത്തിൽ മാറ്റംവരുത്തിയൊരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്.

അതുപോലെതന്നെയാണ് ഗതാഗതം. ഗതാഗത സംവിധാനത്തെ എല്ലാവരും കുറ്റപ്പെടുത്തുന്നു. കെ.എസ്.ആർ.ടി.സി. മുങ്ങുന്ന കപ്പലാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? പക്ഷെ അവിടെനിന്നും പെൻഷൻ പറ്റിപ്പോയവർക്കുൾപ്പെടെ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി കൃത്യമായി പെൻഷൻ എത്തിച്ച് 2246 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകി, 9.2 ശതമാനത്തിന് 3000 കോടി രൂപ ബാങ്ക് വായ്പ സംഘടിപ്പിച്ച് കൊടുത്തുകൊണ്ട്, 60 കോടി രൂപയുടെ മാസാമാസമുള്ള തിരിച്ചടവിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിച്ച് മുന്നോട്ടുപോകുന്നതിന് സഹായകരമായ നിലപാട് സ്വീകരിച്ച ഗവൺമെന്റാണ് ഇന്ന് കേരളത്തിൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. പാരിസ്ഥിതിക പ്രശ്നങ്ങളുൾപ്പെടെ മനസ്സിലാക്കിക്കൊണ്ട്, ഇലക്ട്രിക് മോട്ടോറൈസ്ഡ് വാഹനങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് മുൻതൂക്കം നൽകി പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യും അതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിയുമാണ് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. ഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി. മാത്രമല്ല, ബോട്ട് സർവ്വീസുമുണ്ട്. ബോട്ട് സർവ്വീസിൽ എ.സി. ബോട്ട് ഉൾപ്പെടെ ഇറക്കി ജലഗതാഗതവും വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇതിനോടനുബന്ധമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ആർക്കാണ് എതിർക്കാൻ കഴിയുക?

പിന്നെ തെരഞ്ഞെടുപ്പ് വിജയവും രാഷ്ട്രീയവും. ഇവിടെയിപ്പോൾ ചിലർ ശൈലി മാറ്റണമെന്ന് പറയുന്നു. ഏത് ശൈലിയാണ് മാറ്റേണ്ടത്? ഇവിടത്തെ പാവപ്പെട്ടവന്റെ മക്കൾക്ക് സമ്പന്നന്റെ മക്കൾ പഠിക്കുന്നതിനെക്കാൾ മെച്ചപ്പെട്ട ഇൻഫ്രാസ്ട്രക്ചറുള്ള പഠന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന ഗവൺമെന്റിന്റെ ഈ ശൈലിയാണോ മാറ്റേണ്ടത്. ഞങ്ങൾ അതിനെ നിലപാടെന്ന് പറയും, മറ്റുചിലർ അതിനെ ശൈലിയെന്ന് പറയും. ഈ ശൈലി മാറ്റണോ? പാവപ്പെട്ടവരുടെ മക്കൾ പഠിക്കുന്ന സ്കൂളുകളെല്ലാം മെച്ചപ്പെട്ട നിലയിലേയ്ക്ക് ആക്കുന്നുവെന്ന് മാത്രമല്ല, സാധാരണക്കാരന്റെ മക്കൾക്ക് മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ലഭിക്കുന്നു. അവരുടെ രക്ഷകർത്താക്കളെ ഇവിടത്തെ സ്വകാര്യ മാനേജ്മെന്റുകളുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നു. ഇവിടെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ മെച്ചപ്പെട്ടില്ലായിരുന്നുവെങ്കിൽ സാധാരണക്കാരന്റെ മക്കളെ സ്വകാര്യ സ്കൂളുകളിൽ വിടേണ്ടിവരുമായിരുന്നു. അവിടെ അഡ്മിഷന് ഡൊണേഷനും മാസാമാസം ഫീസും കൊടുക്കണം. കേരളത്തിലെ ലക്ഷക്കണക്കിന് രക്ഷകർത്താക്കളെ മാസാമാസം ഫീസ് കൊടുക്കുന്നതിൽനിന്നും സംരക്ഷിച്ച, അവരുടെ സമ്പത്ത് സംരക്ഷിച്ച ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. ഈ ശൈലിയാണോ മാറ്റേണ്ടത്? ആരോഗ്യ മേഖലയിൽ, ജില്ലാ ആശുപത്രികളിൽ ആൻജിയോപ്ലാസ്റ്റി സർജറി ഉൾപ്പെടെ നടക്കുമെന്നുള്ളത് കേരളക്കാരുടെ സ്വപ്നത്തിൽപ്പോലും ഉണ്ടായിരുന്ന കാര്യമല്ലായിരുന്നുവെങ്കിൽ ഇന്ന് അതും ഈ ഗവൺമെന്റ് പ്രാവർത്തികമാക്കിയിരിക്കുകയാണ്. അത് പ്രാവർത്തികമാക്കി ഇവിടത്തെ സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരനെ മോചിപ്പിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ദൃഢനിശ്ചയത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്ന ഈ ശൈലിയാണോ മാറ്റേണ്ടത്. അതുപോലെതന്നെ 50 ലക്ഷത്തോളം വരുന്ന ഇവിടത്തെ പാവപ്പെട്ട പെൻഷൻ വാങ്ങുന്ന വിധവകൾ, വികലാംഗർ, വാർദ്ധക്യം ബാധിച്ചവർ തുടങ്ങിയവർക്ക് പെൻഷൻ വാങ്ങുന്നതിന് അനുഭവിച്ചിരുന്ന ബുദ്ധിമുട്ട് നമുക്കറിയാവുന്നതാണ്. അതിനെല്ലാം മാറ്റം വരുത്തിക്കൊണ്ട് സാധാരണക്കാരനെ, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ തള്ളപ്പെട്ട വിധവകളും വികലാംഗരും വാർദ്ധക്യം ബാധിച്ചവരുമായ ലക്ഷക്കണക്കിന് ജനങ്ങളെ ദൈവത്തെപ്പോലെ കണ്ട് പെൻഷൻ തുക അവരുടെ വീടുകളിലേയ്ക്കെത്തിച്ചുകൊടുക്കുന്ന ശൈലിയാണോ മാറ്റേണ്ടത്. ഇവിടെ അട്ടപ്പാടിയിലെ മധുവിനെക്കുറിച്ച് ചർച്ചചെയ്യാൻ ഒരുപാടുപേരുണ്ടായിരുന്നു. എല്ലാവരും മധുവിനെ മറന്നു, പക്ഷെ മധുവിനെ മറക്കാതെ മധുവിന്റെ സഹോദരിക്ക് ജോലി കൊടുത്ത ഗവൺമെന്റിന്റെ ഈ ശൈലിയാണോ

മാറ്റേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലോക്കപ്പ് മർദ്ദനത്തിന് ഇരയായ ശ്രീജിത്തിന്റെ കുടുംബത്തെ സംരക്ഷിച്ചതും ചികിത്സ ലഭിക്കാതെ മരണപ്പെട്ട അന്യസംസ്ഥാനക്കാരനായ മുരുകന്റെ കുടുംബത്തിന് 10 ലക്ഷം രൂപ നൽകിയതുമായ ശൈലിയാണോ മാറ്റേണ്ടത്. പക്ഷേ പ്രധാനമന്ത്രിയാക്കാമെന്നുപറഞ്ഞ് വിശ്വസിപ്പിച്ച് ഒരു പ്രതിപക്ഷനേതാവിനെ പ്പോലും കൊടുക്കാൻ കഴിയാതെ ജനങ്ങളെ പറ്റിച്ച ആ ശൈലിയാണ് മാറ്റേണ്ടത്. പ്രധാനമന്ത്രിയായില്ലെന്ന് മാത്രമല്ല, പതിറ്റാണ്ടുകളായി കൈവശമിരുന്ന സ്വന്തം മണ്ഡലംപോലും സംരക്ഷിക്കാൻ കഴിയാത്ത നേതാവ് ഇന്ത്യ സംരക്ഷിക്കുമെന്ന് കേരളത്തിലെ ജനങ്ങളെ വിശ്വസിപ്പിച്ച ആ ശൈലിയല്ലേ മാറ്റേണ്ടത്. ഏപ്രിൽ 23-ന് കേരളത്തിലെ ജനങ്ങൾക്ക് അബദ്ധം പറ്റിയെങ്കിൽ മേയ് 23-ന് അവർക്ക് പറ്റിയത് അബദ്ധമാണെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു. ഒരു ചക്ക വീണ് മുയൽ ചത്തു എന്നുള്ളതുകൊണ്ട് എപ്പോഴും ചക്ക വീഴും മുയൽ ചാകുമെന്ന് യു.ഡി.എഫ്. സ്വപ്നം കാണേണ്ട. നിങ്ങളുടെ കാപട്യം കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ബി.ജെ.പി.-ക്കെതിരായി നിൽക്കാൻ ഞങ്ങൾക്ക് മാത്രമേ കഴിയൂവെന്ന തരത്തിൽ നിങ്ങൾ നടത്തിയ പ്രചരണങ്ങൾ ഒരു പരിധി വരെ ജനങ്ങൾ വിശ്വസിച്ചു. അതിന്റെ ഫലമായി നിങ്ങൾക്ക് താല്ക്കാലിക നേട്ടം ഉണ്ടായിട്ടുണ്ട്. അതുപോലെ വിശ്വാസികളെ ഒരു പരിധിവരെ നിങ്ങൾക്ക് പറ്റിക്കാൻ കഴിഞ്ഞു. യഥാർത്ഥത്തിൽ വിശ്വാസികളെ വഞ്ചിച്ചതാരാണെന്ന് വരും നാളുകളിൽ ജനങ്ങൾ തിരിച്ചറിയും. അപ്പോൾ നിങ്ങളുടെ സ്ഥാനം എവിടെയായിരിക്കുമെന്ന് അറിയില്ല. ഞാൻ കേരളത്തിലെ സ്ഥിതിയാണ് പറഞ്ഞത്. ഇന്ത്യയിൽ നിങ്ങൾ പുറകോട്ട് പോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷെ നിങ്ങൾക്ക് ഇപ്പോഴും അന്ധമായ മാർക്സിസ്റ്റ് വിരോധമാണ്. ഇവിടെ സംസാരിക്കുന്നവർ ബംഗാളും ത്രിപുരയുമാണ് പറയുന്നത്. ബംഗാളിലും ത്രിപുരയിലും ഇടതുപക്ഷം ദുർബ്ബലമായപ്പോൾ ശക്തിപ്പെട്ടത് ആരാണ്; ആ സ്ഥിതിവിശേഷം ഇന്ത്യയിലുണ്ടാകാൻ നിങ്ങൾ ആഗ്രഹിക്കുന്നോ; അതാണോ നിങ്ങളുടെ നിലപാട്; അത് വ്യക്തമാക്കുവാൻ നിങ്ങൾക്ക് കഴിയണം. ഇന്ത്യയിൽ ഇനി കോൺഗ്രസിന് മാത്രമായി ഒരിക്കലും ബി.ജെ.പി.-യെ പ്രതിരോധിക്കാൻ കഴിയില്ല. 37 ശതമാനം മാത്രം വോട്ട് വാങ്ങിയ ബി.ജെ.പി. അധികാരത്തിൽ എത്തിയത് മതേതര ശക്തികളുടെ കൂട്ടായ്മ ഇല്ലാത്തതുകൊണ്ടാണ്. ആ കൂട്ടായ്മ ഉണ്ടാക്കുന്നതിൽ മുൻകയ്യെ ടുക്കേണ്ടിയിരുന്നത് ആരായിരുന്നുവെന്ന് ഇന്ത്യയിലെ ജനങ്ങൾക്കറിയാം. അത് നിർവ്വഹിക്കാതെ ബി.ജെ.പി.-യുടെ കൈകളിലേയ്ക്ക് അധികാരം എത്തിച്ചതിന്റെ ദുരന്തം ഇനിയും നമ്മൾ അനുഭവിക്കേണ്ടതായിവരും. അത് മനസ്സിലാക്കി

തങ്ങളുടെ തെറ്റുകളും കുറ്റങ്ങളും തിരുത്തി മതേതര വിശ്വാസികളുടെ കൈകളിലേയ്ക്ക് ഇന്ത്യയെ എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ ഇനിയെങ്കിലും ഏർപ്പെടാൻ, തെറ്റുകൾ തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയണം. ഇടതുപക്ഷത്തെ കണ്ണുമടച്ച് എതിർക്കുകയെന്ന സമീപനം നിങ്ങൾ തിരുത്തണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം തീർച്ചയായും ഞങ്ങൾക്ക് വന്നിട്ടുള്ള പോരായ്മകൾ തിരുത്തിക്കൊണ്ട്, ജനങ്ങളുടെ വിശ്വാസം വീണ്ടെടുത്തുകൊണ്ട്, വമ്പിച്ച ഭൂരിപക്ഷത്തോടെ ജനങ്ങളുടെ ഹൃദയത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് അവരുടെ പിന്തുണ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിൽ ഇനിയുള്ള നാളുകളിൽ ഞങ്ങൾ ഏർപ്പെടും. അതിലൊരു സംശയവുമില്ല, ഞങ്ങൾ അതിൽ വിജയിക്കുകതന്നെ ചെയ്യും എന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ പ്രധാനപ്പെട്ട വകുപ്പുകളെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥന ചർച്ചകളാണ് ഇവിടെ നടക്കുന്നത്. പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ വലിയ അന്തരമുണ്ട്. 2019-20 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ 'കേരളം ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക്' എന്ന തലക്കെട്ടോടുകൂടി നടത്തിയ പ്രസംഗം എല്ലാവരും ശ്രദ്ധിച്ചിട്ടുള്ള ഒരു പ്രഖ്യാപനമായിരുന്നു. അത് നമ്മുടെ സമൂഹത്തിലുണ്ടാകുന്ന മാറ്റത്തെക്കുറിച്ചുള്ള വിലയിരുത്തലായിരുന്നു. 2022 ആകുമ്പോൾ സംസ്ഥാനത്തെ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം പത്ത് ലക്ഷമാക്കാൻ നടപടി സ്വീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. ഇന്നത്തെ സ്ഥിതി പരിശോധിക്കുമ്പോൾ നമ്മൾ കാണുന്നതെന്താണ്? ഒരു മാതൃക സൃഷ്ടിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യെ ഇലക്ട്രിക് ബസ്സുകളിലേയ്ക്ക് മാറ്റുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യം ഇന്ന് ചർച്ച ചെയ്യപ്പെടുമ്പോൾ, ഇവിടെ ഉണ്ടായിരിക്കുന്ന മുൻകരുതലുകളുടെ തടസ്സങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്. പ്രഖ്യാപനം തുടക്കത്തിലേ പാളി, അതാണ് കെ.എസ്.ആർ.ടി.സി.-ക്ക് പറയാനുള്ള കഥ. കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി പത്ത് ഇലക്ട്രിക് ബസ്സുകളാണ് മുംബൈ ആസ്ഥാനമായ കരാർ കമ്പനിയിൽനിന്നും വാടകയ്ക്കെടുത്തത്. ഇപ്പോൾ ടാക്സ് അടയ്ക്കാൻ നിർവ്വാഹമില്ലാതെ ഇലക്ട്രിക് ബസ്സുകൾ നിർത്തലാക്കിയിരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇതിൽ ആത്മാർത്ഥതയുണ്ടോ? പ്രഖ്യാപനത്തിലും പ്രവൃത്തിയിലും വന്ന അന്തരം കേരളത്തിലെ പൊതുസമൂഹം മനസ്സിലാക്കുകയാണ്. തിരുവനന്തപുരത്തുനിന്ന് എറണാകുളത്തേയ്ക്ക് പോയ ഉദ്ഘാടന ബസ് സർവ്വീസ് തന്നെ ചേർത്തല എക്സ്റേ ജംഗ്ഷനിൽ ബാറ്ററി ചാർജ്ജ് തീർന്ന് വഴിയിലായി. അത് വാഹനത്തിന്റെ

പ്രശ്നമാണ്. ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ എടുക്കേണ്ട കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഒരു വലിയ സംരംഭം വിജയിപ്പിക്കാൻ അടിസ്ഥാനപരമായി ഒരുക്കേണ്ട കാര്യങ്ങളെക്കുറിച്ച് അവഗണിച്ചതാണ് പറ്റിയ തകരാറെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ബസ് ഓടണമെങ്കിൽ ചാർജ്ജ് ചെയ്യണം. ചാർജ്ജ് ചെയ്യാനുള്ള സൗകര്യമൊരുക്കാതെ പത്ത് ബസ് വാടകയ്ക്കെടുത്തത് തെറ്റായിട്ടാണ് ഞാൻ കാണുന്നത്. ഇലക്ട്രിക് ബസ് ഓടിയാലും ഇല്ലെങ്കിലും വാടകയിനത്തിൽ കൊടുക്കേണ്ട തുകയ്ക്ക് ഒരു കുറവും വന്നിട്ടില്ല. ആ ബസ് വാടകയ്ക്കെടുത്തതുകൊണ്ട് നമുക്കുണ്ടായ നേട്ടങ്ങളും ആ പരിഷ്കാരം നടപ്പാക്കാൻ ശ്രമിച്ചിട്ട് നടപ്പാക്കാൻ സാധിക്കാതെ പോയതിലുള്ള വിഷമവും തീർച്ചയായും പൊതുസമൂഹത്തിലുണ്ട്. കൊട്ടിഘോഷിച്ച ആ പദ്ധതി ഇന്ന് എവിടെ എത്തി നിൽക്കുന്നു? തുടർനടപടിയായി 1500 ബസ്സുകളിറക്കാൻ വേണ്ടി പഠനം നടത്താൻ മന്ത്രിയും സംഘവും വിദേശത്ത് പോയി. അതിനുവേണ്ടി ശ്രമിക്കുന്നതൊക്കെ നല്ല കാര്യങ്ങൾ തന്നെയാണ്. പക്ഷെ ഇവിടെ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്താതെ ഇത്തരം കാര്യങ്ങളിലേയ്ക്ക് ഇറങ്ങിത്തിരിച്ചാലുള്ള ഭവിഷ്യത്തുകളുടെ ആദ്യ ചിത്രമാണ് ആ ഇലക്ട്രിക് ബസ് സർവീസ് നടത്തിയതിലൂടെ കാണാൻ കഴിഞ്ഞത്. ഇതിനൊക്കെ മാറ്റം വരുത്തണം.

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടത്തിന്റെ കണക്ക് ശ്രീ. എം. നൗഷാദ് പറഞ്ഞപ്പോൾ ഞാൻ ശ്രദ്ധിച്ചു. ഗവൺമെന്റിൽനിന്നും ബാങ്കിൽനിന്നും വായ്പയെടുത്ത് കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ ശ്രമിക്കുന്നു. പക്ഷെ കെ.എസ്.ആർ.ടി.സി.-യെ നിലനിർത്താൻ കഴിയുന്നുണ്ടോ? നഷ്ടം കുറയ്ക്കാൻ എടുത്ത തീരുമാനമെന്താണ്; നഷ്ടത്തിലുള്ള സർവ്വീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചു. അങ്ങനെ 1200 സർവ്വീസുകളാണ് കേരളത്തിലൊട്ടാകെ നിർത്തലാക്കാൻ തീരുമാനിച്ചത്. എം-പാനൽ ജീവനക്കാരെ ജോലിക്ക് എടുക്കേണ്ടെന്ന് തീരുമാനിച്ചു. ഇതെല്ലാം കേരളത്തിൽ കണ്ട കാഴ്ചകളാണ്. ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിൽ ചില പാളിച്ചകൾ ഉണ്ടായിരിക്കുന്നു. സർവ്വീസുകൾ വെട്ടിക്കുറയ്ക്കാൻ കർശന നിർദ്ദേശം കൊടുത്തു. അവധി ദിവസങ്ങളിൽ വരുമാനം കുറഞ്ഞ ഇരുപത് ശതമാനം സർവ്വീസ് നടത്തേണ്ടെന്ന് തീരുമാനിച്ചു. 5,000 രൂപയിൽ താഴെയുള്ള ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യേണ്ടെന്ന് തീരുമാനിച്ചു. സാമൂഹിക പ്രതിബദ്ധതയോടുകൂടി നടത്തപ്പെടേണ്ട സർവ്വീസാണ് കുടിയേറ്റ മേഖലയിലും മലയോര മേഖലയിലും സാധാരണക്കാർക്കുവേണ്ടിയുള്ള ബസ് സർവ്വീസ്. അത് നിർത്തലാക്കുന്നത് മുഖാന്തരം കെ.എസ്.ആർ.ടി.സി.-യുടെ പബ്ലിക് യൂട്ടിലിറ്റി എന്ന സങ്കൽപ്പംതന്നെ ഇല്ലാതെ പോകുന്നു. അതിന്റെ പേരിലുള്ള വിഷമം ഗ്രാമങ്ങളിലെ ജനങ്ങൾ

അനുഭവിക്കുന്നുണ്ട്. നഷ്ടം സഹിച്ചുകൊണ്ട് ഇത് ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള അന്തരീക്ഷം സൃഷ്ടിക്കണം. ലാഭകരമാക്കാൻ മറ്റ് മാർഗ്ഗങ്ങൾ കണ്ടെത്തണം. ഇടുക്കിയിലെ കട്ടപ്പനയും മൂലമറ്റവും എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഡിപ്പോകളാണ്. കട്ടപ്പനയിൽ 53 സർവ്വീസുകൾ നടത്തുന്നുണ്ട്. ഞാൻ അത് വളരെ ഭംഗിയായി മോണിറ്റർ ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വന്ന് അന്വേഷിക്കണം. അത് നഷ്ടമില്ലാതെ കൊണ്ടുപോകാൻ സാധിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ ശരാശരി ലഭിക്കേണ്ട വരുമാനം ലഭിക്കാൻ സാധിക്കുന്നില്ല. അതിൽ ചില മോഡിഫിക്കേഷന്റെ ആവശ്യമുണ്ട്. ഇന്ന് സർവ്വീസ് നടത്തുന്ന വാഹനം നാളെ ഇല്ലാതെ വരുന്ന സ്ഥിതിവിശേഷമല്ല ഉണ്ടാകേണ്ടത്. മലബാറിലേയ്ക്ക് ദീർഘദൂര സർവ്വീസുകൾ നടത്തുമ്പോൾ ട്രാഫിക് സർവ്വേ അനലൈസ് ചെയ്യണം. ഒരു വാഹനം ഓടിയാൽ അതിന്റെ ലാഭം കണക്കാക്കാൻ എന്തെല്ലാം സിസ്റ്റം നമ്മുടെ പക്കലുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിക്കാതെ ഒരു നിശ്ചിത മേഖലവരെ ഒന്നിലധികം വാഹനങ്ങൾ കോൺവോയിയായി പോവുകയും മലയോരങ്ങളിൽ ചെല്ലുമ്പോൾ മാത്രം വേർപിരിഞ്ഞുപോവുകയും ചെയ്യുന്ന സ്ഥിതിവിശേഷമല്ല നമുക്കാവശ്യം. ഓപ്പറേഷൻ നടത്തുന്നതിലുള്ള പാളിച്ചകളാണ് മാറ്റേണ്ടത്. കഴിഞ്ഞ പ്രളയത്തിൽ കട്ടപ്പന ഡിപ്പോ പൂർണ്ണമായും നശിച്ചുപോയി. താത്കാലികമായി എം.എൽ.എ.-യുടെയും എം.പി.-യുടെയും ഫണ്ടുപയോഗിച്ച് അത് നിലനിർത്തിയിട്ടുണ്ട്. അവിടത്തെ ഓപ്പറേഷൻ അനിവാര്യമാക്കാൻ ഒരു ഡിപ്പോ നിർമ്മിക്കണം. തമിഴ്നാടിനോടു ചേർന്നുകിടക്കുന്ന സ്ഥലമാണ് കട്ടപ്പന. ഇന്റർ സ്റ്റേറ്റ് സർവ്വീസ് നടത്തുമ്പോൾ തേനി - കമ്പത്തേയ്ക്കുള്ള സർവ്വീസുകളും കൂടുതലായി നടത്താൻ കഴിഞ്ഞാൽ ആ ഡിപ്പോ കൂടുതൽ ലാഭകരമാക്കാം. ബാംഗ്ലൂരിലേയ്ക്കും കോയമ്പത്തൂരിലേയ്ക്കും മധുരയിലേയ്ക്കുമുള്ള ഇന്റർ സ്റ്റേറ്റ് സർവ്വീസുകൾ ആരംഭിക്കാൻ കഴിഞ്ഞാൽ വളരെ ലാഭം നേടാൻ കഴിയും. ആ നിലയിൽ ഓരോ പ്രദേശത്തെയും യൂട്ടിലൈസ് ചെയ്യാൻ കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ കഴിയും. ഓരോ സോണിലും എന്ത് ചെയ്യാൻ കഴിയുമെന്ന് കണ്ടെത്തി സോൺ അടിസ്ഥാനത്തിൽ ശക്തി പകർന്നുകൊടുക്കണം. ജീവനക്കാരുടെ കാര്യത്തിൽ വർക്കിംഗ് അറേഞ്ച്മെന്റല്ല ഉചിതം. ഓരോ സോണിലും ഉൾപ്പെട്ട ജീവനക്കാരെ അവിടെത്തന്നെ ട്രാൻസ്ഫർ ചെയ്യണം. അവരുടെ സേവനം ഒരു വർഷമോ രണ്ട് വർഷമോ അവിടെ ലഭിക്കണം. സ്ഥിരമായി ജോലി ചെയ്യാനുള്ള സാഹചര്യമുണ്ടാക്കിക്കൊടുത്താൽ അവർക്ക് ആത്മാർത്ഥതയോടെ ജോലി ചെയ്യാൻ കഴിയും. അങ്ങനെ ജീവനക്കാരുടെ ഷോർട്ടേജ് പരിഹരിക്കാൻ കഴിയും.

മി. ചെയർമാൻ: ശ്രീ. റോഷി അഗസ്റ്റിൻ അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വിദ്യാർത്ഥികളുടെ കൺസെഷൻ ഒരു പ്രധാന വിഷയമാണ്. മലയോര മേഖലയിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.-യിൽ കൺസെഷൻ ലഭിക്കാൻ ബുദ്ധിമുട്ടാണ്. ഓരോ കാരണം പറഞ്ഞ് അത് മുടക്കുകയാണ്. അത് മുടക്കാതെ അവർക്ക് അർഹതപ്പെട്ടതാണെങ്കിൽ കൊടുക്കണം. അതുകൊണ്ട് വലിയ ലാഭവും നഷ്ടവും ഉണ്ടാകാനില്ല. അതിന് പോളിസികളിൽ ആവശ്യമായ മാറ്റം വരുത്തണം. മലയോര മേഖലയോടുകാണിക്കുന്ന താത്പര്യത്തിനനുസരിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ഡിമാന്റിൽ മാറ്റം വരുത്തണം. തമ്പാനൂരും തിരുവല്ലയിലും അങ്കമാലിയിലും കെ.എസ്.ആർ.ടി.സി.-ക്ക് ഷോപ്പിംഗ് കോംപ്ലക്സുകളുണ്ട്. അത് പൂർണ്ണമായും പ്രവൃത്തിപഥത്തിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ? അത്തരം സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യമെന്നാണ് എന്റെ വിലയിരുത്തൽ. ഓപ്പറേറ്റ് ചെയ്യാനുള്ള സൗകര്യവും ഓഫീസിനുള്ള സൗകര്യവും ജീവനക്കാർക്ക് താമസിക്കാൻ സൗകര്യവുമുള്ള ഒരു നടപടിയാണുണ്ടാകേണ്ടത്. ഇത്തരത്തിലുള്ള ദുർച്ചെലവുകളൊഴിവാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ പരിഷ്കരണത്തിന്റെ പാതയിൽ കൊണ്ടുവരേണ്ടതാണ്. ആ നിലയിൽ മുന്നോട്ടുവരേണ്ട സാഹചര്യമാണ് സൃഷ്ടിക്കേണ്ടത്. അല്ലാതെ വൻകിട കെട്ടിടങ്ങൾ നിർമ്മിക്കുകയല്ല വേണ്ടത്. പുതിയ വാഹനങ്ങൾ വാങ്ങാനും പുതിയ സർവ്വീസ് നടത്താനും കഴിയുന്നില്ലെന്ന് ഇവിടെ സൂചിപ്പിച്ചു. അതിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തണം. കെ.എസ്.ആർ.ടി.സി.-യെ നവീകരണത്തിന്റെ പാതയിൽ പ്രതിബദ്ധതയോടുകൂടി സർവ്വീസ് നടത്താൻ അതത് മേഖലയിലെ ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിച്ചാൽ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. അത്തരത്തിലുള്ള ആലോചനകൾ മതിയായ രീതിയിൽ സ്വീകരിക്കാൻ കഴിയാതെവന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. ഇലക്ട്രിക് ബസ്സിന്റെ കാര്യത്തിൽ ഞാൻ അത് ഇവിടെ സൂചിപ്പിച്ചു. എന്ത് ചെയ്യുന്നതിനുമുമ്പും കരുതൽ നടപടി എടുക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചകൊണ്ടുതന്നെ കെ.എസ്.ആർ.ടി.സി.-ക്ക് വന്നിരിക്കുന്ന നഷ്ടം ഒരുപരിധിവരെ ഉയർന്നുവരുന്നുവെന്നാണ് കാണുന്നത്. അത് പരിഹരിക്കാൻ ഗവൺമെന്റിൽനിന്നും ബാങ്കിൽനിന്നും കടമെടുക്കുന്ന പോളിസികൊണ്ട് എത്രകാലം മുന്നോട്ടുപോകാൻ കഴിയുമെന്ന് ചിന്തിക്കേണ്ടതായിട്ടുണ്ട്. കാര്യക്ഷമമായ ഇടപെടൽ വീണ്ടുമുണ്ടാകണം. അത്തരം കാര്യങ്ങളിൽ വന്നിട്ടുള്ള വീഴ്ചകൾ പരിഹരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കുപ്രസിദ്ധമായ വിമോചന സമരത്തിന്റെ മറവിലാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ താഴെയിറക്കിയത്. അന്നത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ വ്യക്തിത്വത്തിന് കളങ്കം വരുത്തുക, ചരിത്രപുരുഷനെ താഴെയിറക്കുക എന്നതായിരുന്നു ലക്ഷ്യം. അന്നുമുതലാണ് ഇന്ത്യയിലെ അവിശുദ്ധ രാഷ്ട്രീയ കൂട്ടുകെട്ട് തുടങ്ങുന്നത്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയായ ഇ.എം.എസ്.-നെ താഴെയിറക്കാനും അതിനുകൂട്ടുനിന്ന് പ്രവർത്തിച്ച ഇന്ത്യൻ പാർലമെന്ററി സംവിധാനവും അന്നത്തെ കോൺഗ്രസ് നേതാവായ ഇന്ദിരാ ഗാന്ധിയും ദീൻ ദയാൽ ഉപാദ്ധ്യായയുമെല്ലാം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ തകർക്കാൻ കേരളത്തിൽ തമ്പടിച്ചിരുന്നു. എന്നിട്ട് ആ തെരഞ്ഞെടുപ്പിൽ എന്താണ് ഉണ്ടായത്? ഇങ്ങനെയൊരു പാർലമെന്ററി ദേശീയ കോൺഗ്രസ് - കോർപ്പറേറ്റ് നേതാക്കൾ കേരളത്തിൽ തമ്പടിച്ച്, കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ പ്രസ്ഥാനത്തെ തകർക്കാനുള്ള നീക്കത്തെ അതീവ ജാഗ്രതയോടെയാണ് ഇ.എം.എസ്. നമ്പൂതിരിപ്പാട് കണ്ടത്. ആ ജാഗ്രതയ്ക്ക് ഒട്ടും മങ്ങലേറ്റില്ല. ശക്തമായ ഭൂരിപക്ഷത്തോടെ, 7361 വോട്ടിന്റെ ഭൂരിപക്ഷത്തോടെ പട്ടാമ്പിയിൽനിന്ന് ഇ.എം.എസ്. നിയമസഭയിലെത്തുകയാണുണ്ടായത്. ആ സന്ദർഭത്തിൽ കേരളത്തിന്റെ ചരിത്രതാളുകളിൽ അദ്ദേഹം എഴുതിയതാണ് കൃഷിഭൂമി കർഷകനെന്ന്. ഒരുതുണ്ട് ഭൂമി ഒരു വ്യക്തിക്ക് എഴുതിക്കൊടുത്ത് അവിടെ കൂരവച്ച് കിടക്കാൻ ഇ.എം.എസ്. കൊണ്ടുവന്ന നയവും നടപടിയുമാണ് ഭൂപരിഷ്കരണ നിയമം. അത് ഈ കേരള ചരിത്രത്തിന്റെ താളുകളിലുണ്ടെങ്കിൽ ഇടതുപക്ഷ പ്രസ്ഥാനത്തിനേറ്റ തോൽവിയിൽനിന്നും നമ്മൾ തിരിച്ചുവരുമെന്നത് യാഥാർത്ഥ്യമാണ്. അതാണ് ഇ.എം.എസ്. കാണിച്ച ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിജയം. ദീൻ ദയാൽ ഉപാദ്ധ്യായയും ഇന്ദിരാഗാന്ധിയുമൊക്കെ അന്നും കേർപ്പറേറ്റുകളെ വളർത്തുന്നതിനുള്ള സമീപനം ചരിത്രത്തിലുണ്ടെങ്കിൽ പ്രതിപക്ഷാംഗങ്ങളായ കോൺഗ്രസ് എം.എൽ.എ.-മാരെ, നിങ്ങൾ ഈ വിജയത്തിൽ വലിയ സന്തോഷം കൊള്ളേണ്ട, ഞങ്ങൾ ശക്തമായി തിരിച്ചുവരും. പഞ്ചായത്തിലേയ്ക്കും നിയമസഭയിലേയ്ക്കും ശക്തമായ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് ഒരുങ്ങും. കേരളത്തിലെ വലിയ ഒരു ഭരണത്തിന്റെ സർട്ടിഫിക്കറ്റ്, ജനാധിപത്യ വിശ്വാസത്തിന്റെ പ്രോഗ്രസ് റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പ്രകാശനം ചെയ്തു. ആ സർട്ടിഫിക്കറ്റിനെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. രമേശ് ചെന്നിത്തല പത്രസമ്മേളനത്തിലൂടെ എതിർത്ത് സംസാരിച്ചത് ഞാൻ കേട്ടു. ഞാൻ പ്രതിപക്ഷനേതാവിനോട് ചോദിക്കുന്നു, നിങ്ങളും അഞ്ച് വർഷം കേരളം

ഭരിച്ചില്ലേ; അപ്പോൾ ഞാൻ ഈ നിയമസഭയിലുണ്ടായിരുന്നു. എന്ത് സർട്ടിഫിക്കറ്റാണ് ഈ കേരള ജനതയ്ക്ക് നിങ്ങൾ നൽകിയിട്ടുള്ളത്? ഏത് രീതിയിലുള്ള വികസന താല്പര്യങ്ങളാണ് കേരളത്തിലെ മൂന്നര കോടി ജനങ്ങളുടെ മുന്നിൽ സമർത്ഥിച്ചത്? അതുകൊണ്ട് പ്രതിപക്ഷനേതാവ് ഒന്നുകൂടി പരിശോധിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഇന്നലെ ഇറക്കിയ പ്രോഗ്രസ് റിപ്പോർട്ടിനെ മനസാ വാചാ അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ ആദ്യത്തെ താളുകളിൽ 'കടലിന്റെ മക്കൾ ഇനി കേരളത്തിന്റെ പോലീസ്' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് പ്രഖ്യാപനത്തിൽ മാത്രമല്ല, അവർക്ക് നിയമന ഉത്തരവും കൈമാറി. ദേശാഭിമാനിയിലും മാതൃഭൂമിയിലും വന്ന റിപ്പോർട്ടാണിത്. എനിക്ക് ഇന്ന് പ്രസംഗമുണ്ടെന്നറിഞ്ഞ സമയം മുതൽ ലൈബ്രറിയിൽനിന്നും പത്ര കട്ടിംഗുകൾ ഞാൻ എടുക്കുകയായിരുന്നു. തീരദേശ വികസനവും ഇതുമായി ബന്ധപ്പെട്ടുള്ള ഈ സർക്കാരിന്റെ വികസന നേട്ടങ്ങളെയും സംബന്ധിച്ച് ഇവിടെ ഒരു എം.എൽ.എ. പ്രസംഗിച്ചാൽ അത് നിയമസഭാ രേഖയാണ്. കാരണം, മാധ്യമങ്ങൾ നുണ പറയില്ലല്ലോ. 'കടലിന്റെ മക്കൾ ഇനി കേരളത്തിന്റെ പോലീസ്' എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന കടലാസിൽ ഒതുങ്ങിയില്ല. തീരദേശ മേഖലയിൽനിന്ന് 179 പേരെയാണ് പോലീസ് സേനയിലേയ്ക്ക് തെരഞ്ഞെടുത്തത്. പ്രളയമുണ്ടായപ്പോൾ ജനങ്ങൾക്ക് വളരെയധികം ആത്മവിശ്വാസം പകർന്നുകൊണ്ട്, രക്ഷാപ്രവർത്തനത്തിന് നേതൃത്വം കൊടുത്ത മത്സ്യത്തൊഴിലാളികൾക്ക് പോലീസ് സേനയിൽ നിയമനം നൽകിയ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ നിയമന ഉത്തരവാണ് ഈ പത്രകട്ടിംഗിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ ഗവൺമെന്റിന് മത്സ്യത്തൊഴിലാളി മേഖലയോട് ഇതിലേറെ ചെയ്യാൻ സാധിക്കുന്നതെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ എം.എൽ.എ.-മാരും ഒരു നിമിഷം ചിന്തിക്കുക, ജനാധിപത്യ അധികാര കസേരകൾ നമുക്ക് അലങ്കാരമല്ല. ചെയ്യാൻ കഴിയുന്ന അധികാരതലങ്ങൾ പൂർണ്ണമായും വിനിയോഗിക്കാൻ ഗവൺമെന്റും മറ്റ് ജനപ്രതിനിധികളും നമ്മുടെ സമൂഹത്തിലേയ്ക്ക് സജ്ജരായി ഇറങ്ങിവരുന്നു. പ്രളയത്തിൽ രക്ഷാപ്രവർത്തനത്തിന് ജീവൻപോലും ത്യജിച്ച് മത്സ്യത്തൊഴിലാളികൾ കേരള സർക്കാരിന് പിന്തുണയും സഹായവുമെത്തിച്ചു. ജീവൻപോലും വെടിയുന്ന ആ മത്സ്യത്തൊഴിലാളികളുടെ ആത്മവിശ്വാസത്തെയാണ് മുഖ്യമന്ത്രി സ്വീകരിച്ചത്. കേരളം ഭരിക്കുന്നതാരാണെന്ന് അവർ നോക്കിയല്ല, ഇവിടത്തെ ജനങ്ങളാണെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി

മത്സ്യത്തൊഴിലാളികൾ അവരുടെ കർമ്മപ്രവർത്തനം വളരെ ഭംഗിയായി നിർവ്വഹിച്ചു. അതിനൊരു ഉപകാരമാണ് സർക്കാർ കൊടുത്ത ഈ നിയമനങ്ങൾ. കോസ്റ്റൽ വാർഡൻ എന്ന തസ്തികയിലാണ് നിയമനം കൊടുത്തത്. 174 പേർ പ്രളയരക്ഷാ പ്രവർത്തനരംഗത്തുണ്ടായിരുന്നതിൽ 5 പേർ വനിതകളും 5 പേർ ബിരുദധാരികളും 75 പേർ പ്ലസ്ടു വിജയിച്ചവരും 99 പേർ പത്താം ക്ലാസ് പാസ്സായവരുമാണ്. ഇവർക്കിപ്പോൾ നാലുമാസം തൃശ്ശൂർ പോലീസ് അക്കാദമിയിൽ പരിശീലനം നൽകും. പരിശീലനം കഴിഞ്ഞാൽ ഇവരെ തീരദേശ പോലീസ് സ്റ്റേഷനിൽ കോസ്റ്റൽ ഗാർഡുകളും മറ്റുമായി നിയമിക്കും. ആഭ്യന്തര പദവി അലങ്കരിക്കുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്ത ഒരു നയമാണിത്. മത്സ്യബന്ധനമേഖലയിൽ തൊഴിലെടുക്കുന്നവർക്ക് ഇതിലേറെ സവിശേഷമായിട്ടുള്ള കാര്യങ്ങൾ ഇനിയെന്താണുള്ളത്? അത്തരം തൊഴിലെടുക്കുന്ന ഈ കുടുംബങ്ങളെ സംരക്ഷിക്കാൻ ഒരു കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ ഗവൺമെന്റിന് കഴിയുമെങ്കിൽ തീർച്ചയായും ഇ.എം.എസ്.-ന്റെ ഭരണത്തെ ഈ സർക്കാർ മാതൃക യാക്കുന്നുവെന്നുള്ളതല്ലേ നമ്മൾ സ്മരിക്കേണ്ടത്. 590 കി.മീറ്റർ ദൈർഘ്യമുള്ള നമ്മുടെ കടലോരമേഖലയിൽ തൊഴിലെടുക്കുന്ന 12.5 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഈ സർക്കാർ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; എനിക്ക് ഗതാഗതവും നികുതിയുമായി ബന്ധപ്പെട്ടുത്തി ചില വിഷയങ്ങൾ സംസാരിക്കാനുണ്ടെങ്കിലും ഞാൻ തീരദേശത്തുനിന്നുംവരുന്ന എം.എൽ.എ. ആയതുകൊണ്ട് പറയട്ടെ, കഴിഞ്ഞ 8 വർഷത്തിൽ ഈ മത്സ്യബന്ധന മേഖലയിൽ അവസാന 3 വർഷത്തിനുള്ളിലുണ്ടായ മാറ്റങ്ങൾ ഒരുപാടുണ്ട്. അതൊന്നും മറച്ചുവയ്ക്കാൻ സാധിക്കില്ല. തീരദേശ മത്സ്യത്തൊഴിലാളികൾ പുലർച്ചെ 3 മണിക്ക് ജീവൻപോലും ത്യജിച്ചുകൊണ്ടാണ് ആഴക്കടലിൽ മത്സ്യബന്ധനം നടത്താൻ പോകുന്നത്. രണ്ട് ദിവസം കഴിഞ്ഞാണ് അവർ തിരിച്ച് കരയിലെത്തുന്നത്. അവരുടെ കുടുംബത്തെ പോറ്റാനും അവരുടെ കുട്ടികളുടെ ഉപരിപഠനവും മറ്റ് ദൈനംദിന ജീവിതത്തിനും ഈ തൊഴിലല്ലാതെ വേറെ തൊഴിൽ അവർക്കറിയില്ല. അങ്ങനെയുള്ള മത്സ്യത്തൊഴിലാളികൾക്കായി ഫീഷറീസ് വകുപ്പിന്റെ 'സഫലം' എന്ന പദ്ധതിയിൽ ആയിരം മത്സ്യത്തൊഴിലാളി വനിതകളുടെ സംരംഭങ്ങൾ പ്രവർത്തനമാരംഭിക്കാൻ പോകുകയാണ്. അതിന്റെ നിർവ്വഹണം മുഖ്യമന്ത്രി നിർവ്വഹിച്ചു. തീരമൈത്രി സംരംഭങ്ങൾ ഇവിടെ വർഷംതോറും 20 കോടി രൂപ ലാഭവിഹിതമായി നൽകുകയാണ്. ഒരു പ്രതീക്ഷയ്ക്കെന്നോണം സംഘങ്ങളിലെ മുഴുവൻ അംഗങ്ങൾക്കും ലഭിക്കാവുന്ന

രീതിയിൽ ഈ പദ്ധതി ആരംഭിക്കുവാൻ പോകുകയാണ്. ഈ വർഷം ഈ പദ്ധതികൊണ്ട് 100 കോടി രൂപ ലക്ഷ്യമിടുന്നുവെന്നാണ് വകുപ്പുമന്ത്രി പ്രതിപാദിച്ചിരിക്കുന്നത്. മത്സ്യബന്ധന വകുപ്പുമന്ത്രി എന്ന നിലയിൽ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയെ ഞാൻ ഫോണിൽ വിളിച്ചിരുന്നു. കാരണം, എന്റെ മണ്ഡലത്തിൽ തമ്പാൻകടവ് മുതൽ തളിക്കുളം സ്നേഹതീരം വരെയുള്ള കടൽമേഖലയിൽ കടലാക്രമണം അതിരൂക്ഷമാണ്. ജനപ്രതിനിധികളും മത്സ്യത്തൊഴിലാളികളും മണൽ ചാക്ക് തിട്ടകൾ കൂട്ടിയിട്ട് തിരമാലകളടിക്കാതെയും റബ്ബറൈസ് ചെയ്ത തീരദേശ റോഡുകൾ നശിക്കാതിരിക്കാനും വളരെ കിണഞ്ഞ് പരിശ്രമിക്കുന്ന രംഗം നേരിട്ട് വന്നുകാണണമെന്ന് ഞാൻ മന്ത്രിയെ ടെലഫോൺ വഴി അറിയിച്ചു. തൃശ്ശൂരിൽ ഒരു പരിപാടിയിൽ പങ്കെടുക്കാൻ എത്തിയപ്പോൾ നാട്ടികയിലെ ഈ കടലാക്രമണ പ്രദേശമായ ചാവക്കാടും മുനമ്പത്തും പോകണമെന്ന് പറഞ്ഞു. അതിരൂക്ഷമായ ഈ പ്രശ്നം മന്ത്രി നേരിട്ടുകണ്ട സന്ദർഭത്തിൽ റോഡുകളുടെ അവസ്ഥ തിരിച്ചറിയുകയും മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന ഈ പ്രദേശത്തെ റോഡുകൾ ഈ വർഷം മുതൽ അപ്ഗ്രേഡ് ചെയ്യുമെന്ന് വാക്ക് നൽകുകയും ചെയ്തു. കടൽഭിത്തിയുമായി ബന്ധപ്പെടുത്തി അടിയന്തര ഡിസൈൻ തയ്യാറാക്കാൻ ബന്ധപ്പെട്ട ഇറിഗേഷൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ഇപ്പോൾ ജി.എസ്.ടി.-യും കൂടി വന്നതുകൊണ്ട് കടൽഭിത്തി കെട്ടുന്ന 11 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലേയ്ക്കും നബാർഡിന്റെ സ്കീമിലേയ്ക്കും അടിയന്തരമായി കൊടുക്കാനുള്ള നടപടികൾ മന്ത്രി സ്വീകരിച്ചു. അന്നുതന്നെ ഏകദേശം 2.5 കോടി രൂപയുടെ തീരദേശ റോഡുകൾ അപ്ഗ്രേഡ് ചെയ്യുകയും ടെണ്ടർ ചെയ്ത് അതിന്റെ നടപടികളിലേയ്ക്കും ഗതാഗത സൗകര്യമൊരുക്കുന്നതിന് ബന്ധപ്പെട്ട തീരദേശ ഹാർബർ എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇന്ന് അതെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. വലപ്പാടുള്ള ഒരു ആയുർവ്വേദ ആശുപത്രിക്കും ഫണ്ട് നൽകി. അവിടെ അവസാനഘട്ടത്തിലായ പണി പൂർത്തീകരിച്ച് ഈ ആഗസ്റ്റ് മാസത്തോടുകൂടി ആയുർവേദ ആശുപത്രിയും പ്രവർത്തനമാരംഭിക്കും. ഇത്രയും വിഭാവനം ചെയ്ത്, മത്സ്യബന്ധനമേഖലയുടെ കാര്യങ്ങൾ കൃത്യമായി പഠിച്ച് ചെയ്യാൻ കഴിവുറ്റ ഒരു ജനകീയ മന്ത്രി ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ, ജനങ്ങൾക്ക് സംതൃപ്തിയേകുന്നത് അവരുടെ പൊതുവിഷയത്തിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. കഴിഞ്ഞ 5 വർഷം ഫിഷറീസ് മേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം വികസനങ്ങൾ നടന്നുവെന്ന് പ്രതിപക്ഷനേതാവിന് സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുമോ?

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീമതി ഗീതാ ഗോപി: സർ, ഈ മേഖലയിൽ അത്തരം ഒരു സമീപനം സർക്കാരിനുണ്ട്. ഈ പഞ്ഞമാസക്കാലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകിവരികയാണ്. 900 രൂപയും 1500 രൂപയും വച്ച് മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നതിന് കേന്ദ്രം വേണ്ടത്ര രീതിയിൽ സഹായിക്കുന്നില്ല. കേന്ദ്ര സഹായമായി ലഭിക്കേണ്ട 58 കോടി രൂപ, സംസ്ഥാന സർക്കാർ ഓൺ ഫണ്ടെടുത്തും മറ്റ് ഫണ്ടുകളുപയോഗിച്ചും നൽകിവരികയാണ്. കേരളത്തിന്റെ മത്സ്യനയത്തെക്കുറിച്ച്, മത്സ്യസമ്പത്തുമായി ബന്ധപ്പെട്ടുള്ള നിയമങ്ങൾ സംബന്ധിച്ച്, മറ്റ് സംസ്ഥാനങ്ങൾ കേരളത്തെക്കണ്ട് പഠിക്കണമെന്ന് കേന്ദ്രം പറഞ്ഞു. അങ്ങനെ പറഞ്ഞ കേന്ദ്രത്തിന്റെ സമീപനം ഇക്കാര്യത്തിലും ബോധ്യപ്പെടുത്തണമെന്നുകൂടി ഞാൻ ഈയവസരത്തിൽ അറിയിക്കുകയാണ്. മത്സ്യഭവനുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനത്തിന് കേന്ദ്രം ചില്ലിക്കാശു പോലും നൽകിയില്ല. മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയെത്തി.

മി. ചെയർമാൻ: ശ്രീമതി ഗീതാ ഗോപി അങ്ങയുടെ സമയം കഴിഞ്ഞു. പ്രസംഗം അധികമായി, അവസാനിപ്പിക്കണം.

ശ്രീമതി ഗീതാ ഗോപി: സർ, ഒരു മിനിട്ടിൽ അവസാനിപ്പിക്കാം. ഞാൻ മത്സ്യത്തൊഴിലാളി മേഖലയിൽനിന്നും വരുന്ന എം.എൽ.എ. ആണ്. ഇൻഷ്വറൻസ് സംവിധാനത്തിൽ 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ നമ്മുടെ സർക്കാർ കൊടുത്തു. അതിന്റെ ഒരു വിഹിതം കേന്ദ്രസർക്കാർ തരേണ്ടതാണ്. അത് കേന്ദ്രത്തോടാവശ്യപ്പെടണം. അതുപോലെ കഴിഞ്ഞ 3 വർഷമായി പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ ഈ സാഹചര്യങ്ങൾ ഒരുക്കുന്നത്. നാണ്യവിളകൾക്കൊപ്പം സാമ്പത്തിക സ്രോതസ്സ് വർദ്ധിപ്പിക്കാനും ഈ സർക്കാരിന്റെ മത്സ്യനയം മുന്നോട്ടു കൊണ്ടുപോകാനും അത് പ്രാവർത്തികമാക്കാനും വകുപ്പ് മുന്നിൽത്തന്നെയുണ്ട്. അത് കോൺഗ്രസിന്റെ നയമല്ല. നേരത്തെ ശ്രീ. വി. ആർ. സുനിൽ കുമാർ ഇവിടെ ആസിയാൻ കരാറിനെക്കുറിച്ചുപറഞ്ഞു. ആഗോള രാജ്യങ്ങൾക്ക് ഇന്ത്യൻ മഹാസമുദ്രത്തിന്റെ മത്സ്യസമ്പത്ത് വിറ്റഴിച്ചു. അന്ന് ഡോ. മൻമോഹൻ സിംഗായിരുന്നു പ്രധാനമന്ത്രി. അന്ന് പ്രതികരിക്കേണ്ടതായിരുന്നു. ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരിക്കുമ്പോൾ മീനാകുമാരി കമ്മീഷനെതിരെ അന്നും എൽ.ഡി.എഫ്. മത്സ്യത്തൊഴിലാളികളോടൊപ്പം നിന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങയുടെ പ്രധാനമന്ത്രി ഇന്ത്യ

ഭരിക്കുമ്പോൾ ഇന്ത്യൻ മഹാസമുദ്രത്തിന്റെ മത്സ്യസമ്പത്ത് ആഗോള രാജ്യങ്ങളായ ജർമ്മനിയും ജപ്പാനും ഭീമൻ വലകൾ കടലിൽ വിരിച്ച് മത്സ്യങ്ങൾ ശീതീകരിച്ച് വിദേശ രാജ്യങ്ങൾക്ക് കടത്തുമ്പോൾ എന്തുകൊണ്ട് എതിർത്തില്ല, കോൺഗ്രസ് കേന്ദ്രം ഭരിക്കുമ്പോൾ എന്തുകൊണ്ട് പ്രതികരിച്ചില്ല. മത്സ്യത്തൊഴിലാളി വകുപ്പ് രൂപീകരിക്കുമെന്ന് ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ കൊണ്ടുവന്ന് നാട്ടിക മണ്ഡലത്തിൽ ഒരു പ്രചരണം നടത്തി. അന്ന് അദ്ദേഹത്തിന്റെ പാർട്ടിക്ക് കഴിഞ്ഞില്ല. ഇന്ന് അദ്ദേഹത്തിന് കഴിയുമോ? മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സംരംഭം ശാക്തീകരിക്കുകയും മത്സ്യനയം നടപ്പിലാക്കുകയും കേരളത്തിന്റെ ഫിഷറീസ് മേഖലയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഈ സർക്കാർ നയത്തെ, ഈ ഡിമാന്റിനെ ഞാൻ അംഗീകരിക്കുകയാണ്.

2.00 P.M.]

ശ്രീ. പി. സി. ജോർജ്: സർ, ദൈവം തമ്പുരാൻ വിചാരിച്ചാലും കെ.എസ്.ആർ.ടി.സി.-യെ നന്നാക്കാൻ കഴിയില്ലെന്ന് ഒരു ഗതാഗത വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത് ഞാൻ കേട്ടതാണ്. ഞാൻ ആ അഭിപ്രായത്തോട് യോജിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ സർവ്വകലാവല്ലഭൻ അല്ലെങ്കിലും വളരെ നിഷ്പക്ഷമായി ഇപ്പോഴുള്ള കെ.എസ്.ആർ.ടി.സി. എം.ഡി.-ക്കും എക്സിക്യൂട്ടീവ് ഡയറക്ടർമാർക്കും പൂർണ്ണമായ അധികാരം കൊടുത്തുകൊണ്ട്, അവിടത്തെ തൊഴിലാളികളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് ഈ വകുപ്പ് കൈകാര്യം ചെയ്യാൻ തയ്യാറായാൽ കെ.എസ്.ആർ.ടി.സി. ലാഭത്തിലാകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ആ മന്ത്രിയുടെ പ്രഖ്യാപനം ഒന്ന് തിരുത്തിക്കുറിക്കാനുള്ള അവസരം മന്ത്രി എ. കെ. ശശീന്ദ്രന് വരാൻ പോവുകയാണ്. ആ ജോലി ഏറ്റെടുക്കണമെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്.

കേരളത്തിൽ ഏറ്റവും വലിയ സമ്പത്തുള്ള പൊതുമേഖലാ സ്ഥാപനം കെ.എസ്.ആർ.ടി.സി. ആണ്. ഈ വസ്തുവകകൾ മുഴുവൻ കെ.എസ്.ആർ.ടി.സി. പണം കൊടുത്ത് വാങ്ങിയതല്ല. ജനങ്ങൾ നൽകിയതാണ്, അത് മനസ്സിലാക്കണം. നിർബന്ധമായും ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. അതായത്, ഈ സ്ഥലങ്ങളിൽ കെട്ടിടങ്ങൾ ഒന്നും കെട്ടിപ്പൊക്കരുത്. തിരുവല്ലയിൽ കെട്ടിയ കെട്ടിടവും പെരുമ്പാവൂരിലെ കെട്ടിടവും വെറുതെ കിടക്കുകയാണ്. തിരുവനന്തപുരത്ത് പുതിയ കെട്ടിടം നിർമ്മിക്കേണ്ടായിരുന്നു എന്നാണ് എന്റെ അഭിപ്രായം. B.O.T. ആണെങ്കിലും വേണ്ടാത്ത കാര്യം ചെയ്ത്

കെ.എസ്.ആർ.ടി.സി.-യുടെ പണം കളയരുത്. ഞാൻ എം.എൽ.എ. ഫണ്ടിൽനിന്നും ഒന്നരക്കോടി രൂപ ചെലവഴിച്ചാണ് ഈരാറ്റുപേട്ട ബസ് സ്റ്റാന്റ് നിർമ്മിച്ചത്. അത് കെ.എസ്.ആർ.ടി.സി.-യുടെ സ്ഥലമല്ല, അരുവിത്തുറ പള്ളിക്കാർ കൊടുത്തതാണ്. ഞങ്ങൾ തന്നെയാണ് ആ സ്ഥലം കൊടുത്തത്. ഈരാറ്റുപേട്ട ബസ് സ്റ്റാന്റുമായി ബന്ധപ്പെട്ട പരാതിയിന്മേൽ എം.ഡി. തിങ്കളാഴ്ച കമ്മിറ്റി കൂടി തീരുമാനമെടുത്തതിനാൽ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ ശക്തമായ ഇടപെടലുകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വാഹനങ്ങൾക്ക് ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ് വരുന്നുണ്ട്. ഒരു വാഹനം എടുത്താൽ ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ് സർക്കാരിനുതന്നെ വ്യക്തികൾക്ക് നൽകാവുന്നതാണ്. ആ വാഹനം കൊടുക്കുമ്പോൾ പുതിയ നമ്പർ പ്ലേറ്റ് തന്നെ മാറിയെടുക്കാൻ കഴിഞ്ഞാൽ സർക്കാരിന് എത്രയോ ലാഭമുണ്ടാക്കാം. അങ്ങനെ വരുമാനമുണ്ടാക്കാൻ കഴിയുമോയെന്ന് ആലോചിക്കണം.

കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകളെല്ലാം മറ്റൊരു കോർപ്പറേഷന് കീഴിലാക്കി മാറ്റണം. അതിൽ തൊഴിലാളികൾക്ക് തർക്കമുണ്ടെങ്കിലും അവരോട് പറഞ്ഞു മനസ്സിലാക്കണം. അങ്ങനെ രണ്ടോ മൂന്നോ കോർപ്പറേഷനുകളാക്കി മാറ്റിയാൽ കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ കഴിയും. അതിനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. ചെയർമാൻ</u> : പ്ലീസ്.......പ്ലീസ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, 15-ഉം 16-ഉം മിനിറ്റ് സമയം അനുവദിച്ച അംഗങ്ങൾപോലും മൂന്ന് മിനിറ്റ് അധികം എടുക്കുമ്പോൾ രണ്ട് മിനിട്ട് സമയം അനുവദിച്ച എനിക്ക് 43 സെക്കന്റ് കൂടുതലായപ്പോൾ അങ്ങ് 'പ്ലീസ്' എന്ന് പറയുന്നതിനോട് അഭിപ്രായ വ്യത്യാസമുണ്ട്. അങ്ങനെ പറയേണ്ടി വന്നതിൽ ക്ഷമ ചോദിക്കുന്നു.

വാഹന നികുതി വർദ്ധിപ്പിച്ചാലും കുഴപ്പമില്ലായെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇതുപോലെ അപകടങ്ങൾ ഉണ്ടായിട്ടുള്ള കാലഘട്ടം ഉണ്ടായിട്ടില്ല. ബാലഭാസ്കറിന്റെ മരണം ഉൾപ്പെടെ ഇവിടെ പറയുകയുണ്ടായി. അപകടം ഉണ്ടാകുന്നതിനുള്ള കാരണം എന്താണ്? അപകടങ്ങൾ നിയന്ത്രിക്കാൻ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് ഉത്തരവാദിത്വമില്ലേ? വെഹിക്കിൾ ഡിപ്പാർട്ട്മെന്റാണ് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നതെന്ന് ഞാൻ

മനസ്സിലാക്കിയിട്ടുണ്ട്. രാത്രികാലങ്ങളിൽ വാഹനങ്ങൾ പരിശോധിച്ച് തെറ്റുകളുണ്ടെങ്കിൽ കണ്ടുപിടിച്ച് തിരുത്തുവാനുമുള്ള നടപടിയിലേയ്ക്ക് പോകണം. അക്കാര്യത്തിൽ കർശനമായ നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ശബരിമല സീസണിൽ ഒരപകടം പോലുമില്ലാതെ വാഹനങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞത് വെഹിക്കിൾ ഡിപ്പാർട്ട്മെന്റിനുതന്നെയാണ്. പോലീസിന്റെ സഹായമില്ലാതെയാണ് വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് ചെയ്തത്. അവർക്ക് കഴിവുണ്ട്. അവരെക്കൂടി പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് അപകടരഹിത സംസ്ഥാനമായി കേരളത്തെ മാറ്റാൻ ഈ വകുപ്പിന് കഴിയണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ)

<u>ശ്രീ. കെ. ദാസൻ</u>: സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ വാഹന നികുതികൾ, മത്സ്യബന്ധനം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ലോക പ്രശസ്തനായ ഇറ്റാലിയൻ നവോത്ഥാന ചിത്രകാരൻ ലിയാനാർഡോ ഡാവിൻസിയുടെ പ്രസിദ്ധമായ ചിത്രമാണ് 'മൊണാലിസ'. മൊണാലിസയുടെ ചിരി ലോകമെമ്പാടുമുള്ള ചിത്ര കലാസ്വാദകരുടെ മനസ്സിൽ എക്കാലവും തങ്ങിനിൽക്കുന്നതാണ്. ഈ ചിത്രത്തെക്കുറിച്ച് ധാരാളം നിരൂപണങ്ങൾ പുറത്തുവന്നിട്ടുണ്ട്. അക്കൂട്ടത്തിൽ ഒരു നിരൂപകന്റെ വിലയിരുത്തൽ ഇങ്ങനെയാണ്; 'കടൽ നിറയെ മഷി കൊണ്ട് എഴുതിയാലും വിവരണാതീതമായി നിൽക്കുന്ന മൊണാലിസയുടെ ചിരി' എന്നാണ്. മൂന്നുവർഷക്കാലത്തെ പ്രവർത്തനംകൊണ്ട് ജനഹൃദയങ്ങളിൽ സ്ഥായീപ്രതിഷ്ഠ നേടിയ പിണറായി സർക്കാരിനെ വിശേഷിപ്പിക്കാൻ ആ നിരൂപകന്റെ വാക്ക് ഞാൻ കടമെടുക്കുകയാണ്. 'കടലോളം മഷികൊണ്ട് എഴുതിയാലും വിവരണാതീതമായി നിൽക്കുന്ന ഈ സർക്കാരിന്റെ വികസന നേട്ടങ്ങൾ'.

തീരദേശജനത ചരിത്രപരമായിട്ടുള്ള വൈവിദ്ധ്യമാർന്ന പിന്നോക്കാവസ്ഥയെ നേരിടുകയാണ്. കടലമ്മയോട് മല്ലടിച്ച് മക്കളുടെ കണ്ണുനീരൊപ്പാൻ പെടാപ്പാട് പെടുന്ന കടലിന്റെ മക്കൾ വികസനത്തിന്റെ മുഖ്യധാരയിൽനിന്ന് പുറംതള്ളപ്പെട്ടവരാണ്. എന്തുകൊടുത്താലും നന്നാവാത്ത കൂട്ടരെന്ന സമീപനമാണ് പൊതുവെ മുൻ ഗവൺമെന്റ് ഈ മേഖലയോട് വച്ചുപുലർത്തിയത്. ഇടതുപക്ഷ സർക്കാരുകളാണ് തീരദേശ ജനതയുടെ പട്ടിണിയും പരിവട്ടവും മാറ്റിത്തീർക്കുന്നതിനുവേണ്ടി പുതുമയാർന്ന പരിപാടികൾ ആവിഷ്കരിച്ചത്. സഖാവ് പിണറായി വിജയൻ നേതൃത്വം നൽകിയ സർക്കാർ പാർശ്വവൽക്കരിക്കപ്പെട്ട

തീരദേശ ജനതയെ മുഖ്യധാരയിലേയ്ക്ക് കൈ പിടിച്ചുയർത്താൻ നടത്തിയ ഇടപെടലുകളും പ്രവർത്തനങ്ങളും തീരദേശത്തിന്റെ സ്വന്തം സർക്കാരായി ഈ സർക്കാരിനെ മാറ്റിത്തീർത്തിട്ടുണ്ട്. തീരദേശ ജനതയ്ക്കായി നടപ്പിലാക്കിയിട്ടുള്ള ബഹുമുഖ പ്രവർത്തനങ്ങളോടൊപ്പം ഇന്നലെ നടന്ന മന്ത്രിസഭായോഗത്തിന്റെ തീരുമാനവും അതിലുൾപ്പെടുന്നതാണ്. മഴക്കാലമാണിത്, കടലമ്മ കലിതുള്ളി നിൽക്കുന്ന കാലം. തീരദേശവാസികൾ ഭയത്തിന്റെ കരിമ്പടത്തിനുള്ളിൽ വിതുമ്പിയും വിങ്ങിയും കഴിയുന്ന നാളുകളിൽ, ഒറ്റയ്ക്കല്ല നിങ്ങൾ, ഈ സർക്കാർ ഒപ്പമുണ്ടെന്ന് പ്രഖ്യാപിച്ചുകൊണ്ട് അടിയന്തര കടലാക്രമണ പ്രതിരോധത്തിന് ഇരുപത്തിരണ്ടര കോടി രൂപ അനുവദിക്കാൻ ഇന്നലെ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചത് ഈ സർക്കാരിന്റെ കരുതലിന്റെ നേർചിത്രമാണ് അനാവൃതമാക്കുന്നത്. എന്റെ മണ്ഡലത്തിലെ അടിയന്തര പ്രവൃത്തിക്കുവേണ്ടി 14 ലക്ഷം രൂപ അനുവദിച്ച് ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ചിരിക്കുകയാണ്. ഇതുൾപ്പെടെ ഈ സർക്കാരെടുത്ത എല്ലാ തീരുമാനങ്ങളും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയത്തിന്റെ ഭാഗമായാണ് നടപ്പിലാക്കിയത്. തെരഞ്ഞെടുപ്പ് കാലത്ത് ഞങ്ങൾ പ്രകടന പത്രികയിലൂടെ ജനങ്ങളോട് അക്കമിട്ട് നിരത്തിയിട്ടുള്ള എല്ലാ വാഗ്ദാനങ്ങളും വള്ളിപോലും തെറ്റാതെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് മത്സ്യമേഖലയിലെ 40-ഓളം പരിപാടികൾ ഒന്നൊന്നായി നടപ്പിലാക്കി വരികയാണ്. കെ.എം.എഫ്.ആർ. നിയമത്തിൽ ഭേദഗതി വരുത്തി ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചത്, പൊതുജലാശയങ്ങളിൽ 640 ലക്ഷം മത്സ്യ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചത്, ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ യാനങ്ങൾ ആധുനികവത്കരിക്കാൻ 320 ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചത്, കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ സ്ഥാപിക്കാൻ 46.94 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കിയത്, മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് 50 മീറ്റർ പരിധിക്കകത്ത് ഭവനനിർമ്മാണത്തിന് സി.ആർ.ഇസഡ്. നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് അത് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചത് തുടങ്ങിയവ ചില ഉദാഹരണങ്ങൾ മാത്രമാണ്. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബി.പി.എൽ. റേഷൻ കാർഡ് ലഭ്യമാക്കുകവഴി പഞ്ഞമാസ കാലത്ത് പട്ടിണിയിൽ ആകുമായിരുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസത്തിന്റെ തണലൊരുക്കുകയും ചെയ്തു. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് 2700 രൂപ മാത്രമായിരുന്ന സമാശ്വാസ പദ്ധതി ഇന്ന് 4500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

കേന്ദ്ര വിഹിതം ലഭ്യമാകാതിരുന്നിട്ടുപോലും യഥാസമയം ധനസഹായമെത്തിച്ച് എൽ.ഡി.എഫ്. സർക്കാർ തീരദേശ ജനതയോടുള്ള പ്രതിബദ്ധത പ്രകടമാക്കിയിട്ടുണ്ട്. മത്സ്യബന്ധനത്തിനിടെ വള്ളവും വലയും മറ്റ് മത്സ്യബന്ധനോപകരണങ്ങളും നഷ്ടപ്പെടുന്നത് നിസ്സഹായതയോടെ നോക്കിനിന്നിരുന്ന മത്സ്യത്തൊഴിലാളികൾ, തങ്ങളുടെ ജീവനോപാധികൾ ഒന്നൊന്നായി കടലെടുക്കുന്നതുകണ്ട് നെഞ്ചുപൊട്ടി കരഞ്ഞവർക്ക് ആശ്വാസത്തിന്റെ പുതുകിരണങ്ങൾ സമ്മാനിച്ചുകൊണ്ട്, മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. പ്രതിസന്ധികളുടെ കാലത്ത് എങ്ങനെയെല്ലാം കൂടെനിൽക്കാമോ അങ്ങനെയെല്ലാം തീരദേശ ജനതയെ നെഞ്ചോട് ചേർത്തുപിടിച്ച സർക്കാരാണിത്. അരക്ഷിത ബോധത്താൽ ഭയചകിതനായ കുട്ടിയെ അമ്മ മാറോടണച്ച് ആശ്വസിപ്പിക്കുംപോലെ ഓഖി ദുരന്തകാലത്ത് സർക്കാർ ദുരിതബാധിതരെ മാറോടണച്ചു. ഓഖിയിൽ മരണപ്പെടുകയോ കാണാതാകുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനുപുറമേ ആശ്രിതരായ 42 പേർക്ക് മുട്ടത്തറയിലെ ഫാക്ടറിയിൽ ജോലി നൽകുന്നതിനും മത്സ്യഫെഡ്ഡിനെക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിപ്പിക്കുകയുണ്ടായി. ഈ ഗണത്തിൽ വരുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ 318 പേർക്ക് ഡിഗ്രി തലംവരെ സൗജന്യ വിദ്യാഭ്യാസം നൽകുകയാണ് നമ്മുടെ സർക്കാർ. ഡിഗ്രി കഴിഞ്ഞ മക്കൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകളും സൗജന്യ പരിശീലനവും ഉറപ്പാക്കിയിട്ടുണ്ട്. മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് 6.76 കോടി രൂപയാണ് സർക്കാർ നഷ്ടപരിഹാരം നൽകിയത്. ഓഖി ദുരന്തത്തിൽപ്പെട്ടുഴലുന്ന തീരദേശവാസികൾക്ക് സഹായഹസ്തമായി മുന്നിട്ടിറങ്ങിയ സർക്കാരിനെ അവഹേളിക്കാനും കളിയാക്കാനുമാണ് നിങ്ങൾ ശ്രമിച്ചത്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് മങ്ങലേല്പിക്കാൻ ആരെയെല്ലാം കൂട്ടുപിടിക്കാമോ അവരെയെല്ലാം കൂട്ടുപിടിക്കുന്നതിന് നിങ്ങൾ ഒരു മടിയും കാണിച്ചില്ല. ദുരിതബാധിതരെ സന്ദർശിക്കാനെത്തിയ മുഖ്യമന്ത്രിയെ തടയുന്ന നിലവരെ നിങ്ങളുടെ നേതൃത്വത്തിൽ നടന്നു. തമിഴ്നാട്ടിൽനിന്നുൾപ്പെടെ ജീവൻ തിരിച്ചുകിട്ടിയവർ അനന്തപുരിയിൽവന്ന് മുഖ്യമന്ത്രിയെ കണ്ട് നന്ദി അറിയിക്കുകയും ഞങ്ങളുടെ കൺകണ്ട ദൈവമാണ് കേരളത്തിലെ മുഖ്യമന്ത്രിയെന്ന് ആശ്വാസത്തിന്റെ കണ്ണീർകണങ്ങളോടെ പറഞ്ഞപ്പോൾ നിങ്ങൾ കളിയാക്കൽ തുടർന്നു കൊണ്ടേയിരുന്നു. താല്കാലികമായ നേട്ടം നിങ്ങൾ കൊയ്തിട്ടുണ്ടാകാം. പക്ഷേ നിങ്ങളുടെ മനസ്സിന്റെ ദുഷിപ്പ് ഇപ്പോൾ തീരദേശ ജനത തിരിച്ചറിയുന്നുണ്ട്.

2018-ലെ സമാനതകളില്ലാത്ത പ്രളയവും 2017-ലെ ഓഖിയും കേരള ജനതയുടെ മനസ്സിൽ മായാത്ത മുറിവായി കിടക്കുന്ന സംഭവമാണ്. 2004-ൽ കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോഴാണ് സുനാമിയുണ്ടായത്. മുന്നൂറോളം ആളുകളുടെ ജീവനാണ് അന്ന് പൊലിഞ്ഞുപോയിട്ടുള്ളത്. തീരദേശത്ത് വ്യാപകമായ നാശം വിതച്ചാണ് സുനാമി കടന്നുപോയത്. അന്ന് അധികാരത്തിലിരുന്ന നിങ്ങൾ എന്ത് ചെയ്തുവെന്ന് തീരദേശ ജനങ്ങൾക്കറിയാവുന്നതാണ്. നിങ്ങളുടെ വഞ്ചനാത്മകമായ നിലപാടിന് അവർ നൽകിയ ചുട്ട മറുപടികൂടിയാണ് പിണറായി സർക്കാർ. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതോടെ ചിതറിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് തീരമൈത്രി എന്നൊരു പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. ആ പദ്ധതി ഇപ്പോൾ ജീവനോപാധികൾ ഒരുക്കുന്നതിൽമാത്രം ഒതുങ്ങി നിൽക്കുന്നില്ല. അതിൽനിന്നും വ്യത്യസ്തമായി സ്ത്രീകളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കൽ, നൈപുണ്യ വികസനം മുതലായ നവീന പരിപാടികൾക്കുകൂടി ഊന്നൽ നൽകിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പദ്ധതി വിജയകരമാക്കാൻ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയുടെ നേതൃത്വത്തിൽ വലിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുകൊണ്ട് ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നുള്ള ശുഭാപ്തി വിശ്വാസത്തിലാണ് ഗവൺമെന്റ് നിൽക്കുന്നത്. വിവിധതരം സാമ്പത്തിക ചൂഷണത്തിന് വിധേയമാകുന്ന ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവർക്ക് വായ്പ നൽകുന്നവരുടെ ചൂഷണമാണ് ഇക്കൂട്ടത്തിൽ പ്രധാനം. പ്രവർത്തന മൂലധനമില്ലാത്തതാണ് മിക്ക മത്സ്യത്തൊഴിലാളികളും കടബാധ്യതരാകാൻ ഇടയാകുന്നത്. അത് തിരിച്ചറിഞ്ഞതുകൊണ്ടാണ് തീരമൈത്രി പദ്ധതിവഴി പലിശരഹിത വായ്പ നൽകാൻ സർക്കാർ തയ്യാറായത്. പലിശരഹിത റിവോൾവിംഗ് ഫണ്ടിന് ഒരു ലക്ഷം രൂപവരെ ഗുണഭോക്താക്കൾക്ക് സർക്കാർ നൽകിവരുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായത്തിൽ വൻ കുതിച്ചുചാട്ടമാണ് ഈ സർക്കാർ വരുത്തിയത്. ഉദാഹരണത്തിന്, ഭവനനിർമ്മാണം 2 ലക്ഷം രൂപയിൽനിന്നും 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസും അനുബന്ധ തൊഴിലാളികളുടെ ഇൻഷ്വറൻസും 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളി പെൻഷൻ 600 രൂപയിൽനിന്ന് ഇരട്ടിയായി വർദ്ധിപ്പിച്ച് 1200 രൂപയാക്കി. 2019-2020 വർഷത്തെ ബഡ്ജറ്റിൽ തീരദേശവികസനങ്ങൾക്കായി 1000 കോടി രൂപയിലേറെ മാറ്റിവച്ചു, നേരത്തെ മാറ്റിവച്ചിരുന്ന 2000 കോടി രൂപയും ചേർത്ത്

3000 കോടി രൂപയുടെ തീരദേശ വികസനമാണ് ഇവിടെ നടക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് തീരദേശവാസികളുടെ പുനരധിവാസമാണ്. അതിന് അടിയന്തരമായി 100 കോടി രൂപ ഇതിനകം വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. 200 മീറ്റർ എന്ന പരിധിക്കുപുറത്തേയ്ക്ക് മാറി താമസിക്കാൻ സന്നദ്ധരാകുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീടുവച്ച് കൊടുക്കാൻ 10 ലക്ഷം രൂപ ധനസഹായം നൽകുന്നതുൾപ്പെടെ തീരദേശ മേഖലയുടെ സമഗ്ര പുരോഗതിക്ക് വഴിവിളക്കായിമാറുന്ന നിരവധി നിർദ്ദേശങ്ങളടങ്ങിയതാണ് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ്.

അടുത്തതായി ഗതാഗത മേഖലയെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. സുപ്രീംകോടതി വിധിയെത്തുടർന്ന് കേരളത്തിൽ നടപ്പാക്കാൻ തീരുമാനിച്ചതാണ് ജി.പി.എസ്. സമ്പ്രദായം (Global Positioning System). ഏതാണ്ട് 30 ലക്ഷത്തോളം വാഹനങ്ങൾ കേരളത്തിലുണ്ടെന്നാണ് കണക്ക്. ജി.പി.എസ്. ഘടിപ്പിക്കുക എന്നുള്ളത് കോടതിവിധിയാണെങ്കിലും അത് നടപ്പാക്കുന്നതിൽ ആരും എതിര് നിൽക്കുമെന്ന് തോന്നുന്നില്ല. എന്നാൽ ഒറ്റയടിക്ക് അത് നടപ്പാക്കുമ്പോൾ തൊഴിലാളികൾക്ക് ചില പ്രയാസങ്ങൾ നേരിടുമെന്നുള്ളത് സ്വാഭാവികമാണ്. സർക്കാർ ഉടമസ്ഥതയിലുള്ള കെൽട്രോൺ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് ജി.പി.എസ്. വാങ്ങുന്നതിനും അത് നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. ഇതുമായി ബന്ധപ്പെട്ട് തൊഴിലാളി യൂണിയനുകളെ വിളിച്ച് ചർച്ച ചെയ്ത് അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കെ.എസ്.ആർ.ടി.സി. ഇന്ന് ഏതാണ്ട് ലാഭകരമായി മാറുകയാണ്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കിയ കാര്യം വലിയ വാർത്തയായിട്ടൊന്നും ഇന്ന് പല മാധ്യമങ്ങളും കൊണ്ടുനടന്നിട്ടില്ല. എന്നാൽ അടുത്തകാലത്ത് ഒരു സിനിമ 100 കോടി രൂപയുടെ വരുമാനമുണ്ടാക്കിയപ്പോൾ കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളെല്ലാം വലിയ അക്ഷരത്തിലുള്ള തലക്കെട്ട് കൊടുത്താണ് അത് പ്രചരിപ്പിച്ചത്. എത്രയോ കാലമായി നഷ്ടത്തിൽനിന്ന് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന ഈ പൊതുമേഖലാ സ്ഥാപനത്തെ ലാഭകരമാക്കി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്ന് ജീവനക്കാർക്ക് ആ മേഖലയിൽനിന്നും ശമ്പളം കൊടുക്കാൻ തീരുമാനിച്ചപ്പോൾ മുഖ്യധാരാ മാധ്യമങ്ങൾ അത് പ്രചരിപ്പിക്കാൻ മടികാണിച്ചു എന്നുള്ളതും നാം കാണേണ്ടതായിട്ടുണ്ട്.

റോഡ് ഗതാഗതംപോലെ ഏറ്റവും പ്രധാനമാണ് ജല-റെയിൽ ഗതാഗത സംവിധാനങ്ങൾ. കേരളത്തിന്റെ ഗതാഗത മേഖലയിൽ വലിയ പൊളിച്ചെഴുത്ത് നടത്തിക്കൊണ്ട് കോവളം മുതൽ ബേക്കൽ വരെ 585 കിലോമീറ്റർ ദൈർഘ്യമുള്ള ജലപാത ഒരുക്കാനുള്ള തയ്യാറെടുപ്പ് സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരള വാട്ടർവെയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ജലപാത നിർമ്മാണത്തിന്റെ ചുമതല ഏറ്റെടുത്തുകഴിഞ്ഞിരിക്കുന്നു. 2020-ഓടെ ജലപാത പൂർത്തീകരിക്കപ്പെടുന്ന ധന്യനിമിഷങ്ങൾ കേരളത്തിന്റെ വികസന കുതിപ്പിന് പുതിയ പൊൻതൂവൽ ചാർത്തും. റെയിൽ ഗതാഗത മേഖലയിൽ നവീനമായ പദ്ധതിക്ക് തുടക്കമിടുകയാണ്. തിരുവനന്തപുരത്തുനിന്നും നാല് മണിക്കൂർകൊണ്ട് കാസർഗോഡ് എത്താവുന്നത്ര വേഗതയിലുള്ള ട്രെയിനുകൾ ഓടിക്കാൻ പാകത്തിൽ പുതിയൊരു സമാന്തര എലിവേറ്റഡ് ഗ്രീൻ ഫീൽഡ് റെയിൽപ്പാതയുടെ നിർമ്മാണം 2020-ൽ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ തയ്യാറായി വരുന്നുണ്ട്. ഇതുസംബന്ധിച്ചുള്ള പഠനം പൂർത്തീകരിച്ചുകഴിഞ്ഞു. ഏതാണ്ട് 55000 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി നടപ്പിലാകുന്നതോടുകൂടി നിലവിൽ ഗതാഗത മേഖലയിൽ അനുഭവപ്പെടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാകും. ദൈവം തമ്പുരാൻ ഇറങ്ങിവന്നാലും കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ കഴിയില്ലെന്നാണ് നിങ്ങൾ വിധിയെഴുതിയത്. ആർക്കും ഇതിനെ രക്ഷപ്പെടുത്താൻ കഴിയില്ലെന്ന് അന്നത്തെ ഗതാഗത വകുപ്പുമന്ത്രി ഈ സഭയിൽ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ മൂന്ന് വർഷക്കാലത്തെ ശ്രമകരമായ പ്രവർത്തനങ്ങൾക്കൊടുവിൽ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലേയ്ക്ക് കൊണ്ടുവരാൻ തുടങ്ങിയിരിക്കുന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾവഴി 2019 ജനുവരി മാസത്തിൽ ജീവനക്കാരുടെ ശമ്പളം കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം ഫണ്ടിൽനിന്ന് നൽകാൻ സാധിച്ചുവെന്നത് ചരിത്രനേട്ടമാണ്.

സർവ്വതലസ്പർശിയും സാമൂഹ്യനീതിയിൽ അധിഷ്ഠിതവുമായ വികസനമാണ് പിണറായി സർക്കാരിന്റെ ലക്ഷ്യം. അത് കൈവരിക്കുന്നതിന് അഴിമതിരഹിതമായ നേതൃത്വവും ഉദ്യോഗസ്ഥവൃന്ദവും ഉണ്ടാകണം. ഒരഴിമതിക്കാരും രക്ഷപ്പെടാൻ പോകുന്നില്ലെന്ന വ്യക്തമായ സന്ദേശം നൽകിയാണ് ഈ സർക്കാർ മുന്നേറുന്നത്. അഴിമതിയുടെ ലാഞ്ചന തൊട്ടുതീണ്ടിയിട്ടില്ലാത്ത മുഖ്യമന്ത്രിയും മന്ത്രിമാരുമാണ് കേരളത്തിന്റെ ഭരണചക്രം തിരിക്കുന്നതെന്ന് അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാൻ ഞങ്ങൾക്ക് കഴിയും. അഴിമതിയുടെ ചെളിക്കുണ്ടിൽ അഭിരമിച്ച് കഴിഞ്ഞ മന്ത്രിപുംഗവന്മാർ

നാടുവാണിരുന്ന ഭൂതകാലം മലയാളമനസ്സ് മറക്കാറായിട്ടില്ല. മൂന്ന് വർഷംമുമ്പ് കേരളത്തിലധികാരത്തിലിരുന്ന യു.ഡി.എഫ്. സർക്കാർ മലയാളികളെ അവഹേളിതമാക്കിയെങ്കിൽ ആത്മാഭിമാനം വീണ്ടെടുത്ത് നട്ടെല്ലുയർത്തി ഞാൻ മലയാളിയാണെന്ന അഭിമാനത്തോടുകൂടി വിളിച്ചുപറയാൻ കെൽപ്പുള്ളവരാക്കി എന്നതാണ് പിണറായി സർക്കാരിന്റെ നേട്ടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം.

മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം ഫണ്ടിൽനിന്ന് ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പാകത്തിൽ ആ സ്ഥാപനത്തെ ഉയർത്തിയപ്പോൾ ചില സ്ഥലങ്ങളിൽ വാഹനങ്ങൾ നഷ്ടത്തിലോടുന്നു എന്നുള്ള കാരണം പറഞ്ഞ് റൂട്ട് ക്യാൻസലാക്കിയിട്ടുണ്ട്. ആ റൂട്ടുകൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചില റൂട്ടുകളിൽ പുതിയ ബസ് സർവ്വീസുകൾ നടത്തേണ്ടതായിട്ടുണ്ട്. കൊയിലാണ്ടി മണ്ഡലത്തിൽനിന്ന് വയനാട്ടിലെ മാനന്തവാടിയിലേയ്ക്ക് പോകാൻ പേരാമ്പ്ര, കുറ്റ്യാടി വഴി ഒരു കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആവശ്യമാണ്. ജീവനക്കാർക്ക് മാനന്തവാടിയിലേയ്ക്ക് പോകാനും തിരിച്ചുവരാനും അത് വളരെ പ്രയോജനകരമാണ്. അത്തരമൊരു ബസ് സർവ്വീസിന് അംഗീകാരം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കേണ്ടതുണ്ട്.

എന്റെ മണ്ഡലത്തിൽനിന്ന് വടകര എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് പോകാനുള്ള കുട്ടികളുടെ പ്രയാസം കണക്കിലെടുത്ത് പള്ളിക്കര-കീഴൂർ- അട്ടക്കുണ്ട് വഴി മണിയൂരിലേയ്ക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കാനാവശ്യമായ തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, 2019-20 സാമ്പത്തികവർഷത്തേയ്ക്കുള്ള മത്സ്യബന്ധനം, ഗതാഗതം, വാഹന നികുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കേരള ജനതയ്ക്ക് താങ്ങും തണലുമായിനിന്നുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷക്കാലം പിണറായി സർക്കാർ നടത്തിയ പ്രവർത്തനം വളരെ പ്രശംസനീയമാണ്. ഈ കാലയളവിൽ 2017-ലെ ഓഖിയും 2018-ലെ പ്രളയവുമായി രണ്ട് പ്രകൃതിദുരന്തങ്ങളെ നേരിടേണ്ടി വന്നിട്ടുണ്ട്. ഓഖി ദുരന്തം കേരളത്തിന്റെ തീരദേശമേഖലയെ വല്ലാതെ കുഴപ്പിച്ചതാണ്. നിരവധി മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടത് തീരദേശജനതയ്ക്ക് വലിയ ആഘാതമാണ് ഏല്പിച്ചത്. അതുമായി ബന്ധപ്പെട്ട് മരണപ്പെട്ടതും കാണാതായതുമായ മത്സ്യത്തൊഴിലാളികൾക്ക് 20 ലക്ഷം രൂപയാണ് ഈ സർക്കാർ നൽകിയത്. തമിഴ്നാട്ടിൽ ഈ സംഭവമുണ്ടായപ്പോൾ അവർ പറഞ്ഞത് കേരളത്തെ

കണ്ടുപഠിക്കണമെന്നാണ്. കാരണം, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ദീർഘകാലം പഠിക്കാനുള്ള സംവിധാനമാണ് ഈ ഗവൺമെന്റ് ഏർപ്പെടുത്തിയത്. മാത്രമല്ല, ആ മേഖലയിൽ പുതിയ പാക്കേജുകൾ പ്രഖ്യാപിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

കൊച്ചിയിലെ ചെല്ലാനം ഒരു മത്സ്യഗ്രാമമാണ്. ചെറിയൊരു കാറ്റ് ഉണ്ടായാൽപ്പോലും കടൽ കയറുന്ന പ്രദേശമാണത്. അവിടെ കഴിഞ്ഞ പത്തുമുപ്പത് വർഷങ്ങളായി കടൽഭിത്തിയുടെയുംമറ്റും നിർമ്മാണങ്ങളൊന്നും നടക്കുന്നില്ലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും ഇറിഗേഷൻ വകുപ്പുമന്ത്രിയും ഇടപെട്ടുകൊണ്ട് കടൽഭിത്തി സംരക്ഷിക്കാനുള്ള ഒരു പരിപാടി തയ്യാറാക്കുകയുണ്ടായി. എന്നാൽ അത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചില്ല. വർഷകാലം പിടിപെട്ടപ്പോൾ ചെല്ലാനം ഉൾപ്പെടെ കേരളത്തിന്റെ എല്ലാ ഭാഗത്തും വെള്ളം കയറി. അവിടെ ജനങ്ങൾക്ക് താമസിക്കാൻ പറ്റിയ സാഹചര്യമല്ല ഇപ്പോഴുള്ളത്. അതുകൊണ്ട് ചെല്ലാനത്തെ പ്രത്യേക പാക്കേജിൽ പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 2018-ൽ പ്രളയമുണ്ടായപ്പോൾ കേരള ജനത ഒന്നായി നിന്നതുകൊണ്ട് നിരവധി മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു. കേരളത്തിൽ കാസർഗോഡും തിരുവനന്തപുരവും ഒഴിച്ചുള്ള എല്ലാ ജില്ലകളിലും വെള്ളം കയറി. എറണാകുളമാണ് ഏറ്റവും കൂടുതൽ വെള്ളം കയറിയ ജില്ല. ജനം ഞെട്ടിവിറച്ചുനിൽക്കുമ്പോൾ കേരളത്തിലെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ നിങ്ങൾ വിഷമിക്കേണ്ട; നിങ്ങളോടൊപ്പം സർക്കാരുണ്ട് എന്നുപറഞ്ഞുകൊണ്ട് അവർക്ക് ആത്മധൈര്യം കൊടുത്തു. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട് ക്യാമ്പുകളിൽ താമസിച്ചവർ തിരിച്ച് വീടുകളിലേയ്ക്ക് പോകുമ്പോൾ അവർക്ക് ഈ ഗവൺമെന്റ് താൽക്കാലിക സംവിധാനത്തിൽ താമസിക്കാൻ 10,000 രൂപവീതം കൊടുത്തു. വീടുകൾ നഷ്ടപ്പെട്ടവരുടെ വീടുപണികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ 1000 വീടുകളുടെ പദ്ധതി പൂർത്തിയാക്കിക്കൊണ്ട് പറവൂരിൽ മുഖ്യമന്ത്രി താക്കോൽദാനം നിർവ്വഹിച്ചു. ഈ പ്രളയത്തിൽ നമുക്കുണ്ടായിട്ടുള്ളത് വലിയ നഷ്ടമാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇവിടെ വന്നുകണ്ടിട്ട് തുച്ഛമായ തുകയാണ് തന്നത്. അക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് രാഷ്ട്രീയം കാണുകയും യു.എ.ഇ. ഗവൺമെന്റ് നമുക്ക് തരാമെന്നുപറഞ്ഞ പൈസ ലഭ്യമാക്കാനും സമ്മതിച്ചില്ല. കേരളംപോലുള്ള സംസ്ഥാനങ്ങളിൽനിന്ന് നിരവധി ആൾക്കാർ യു.എ.ഇ.-യിലും മറ്റുംപോയി കഷ്ടപ്പെട്ട് പണിയെടുത്ത് സമ്പാദിക്കുന്നതിനോടൊപ്പംതന്നെ ആ നാടിന്റെ

വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാകുകയും ചെയ്യും. അതുകൊണ്ടാണ് അവർ സഹായിക്കാൻ മുന്നോട്ടുവന്നത്. അങ്ങനെയുള്ള രാഷ്ട്രീയ പകപോക്കൽ ബി.ജെ.പി. കേരളത്തോടുകാണിച്ചു. നമ്മുടെ മന്ത്രിമാർ നാനാരാജ്യങ്ങളിലെ മലയാളികളോട് സംഭാവന അഭ്യർത്ഥിക്കാൻ പോയപ്പോൾ അത് നിഷേധിക്കുകയാണ് ബി.ജെ.പി. ഗവൺമെന്റ് ചെയ്തത്. ആ ബി.ജെ.പി.-യോടൊപ്പം തന്നെയാണ് കോൺഗ്രസും. കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി കേരള ജനതയോട് നിങ്ങളുടെ ഒരു മാസത്തെ ശമ്പളം സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് തരാൻ പറയുകയും അതിലൂടെ നമുക്ക് കേരളത്തെ പുനർനിർമ്മിക്കണമെന്നും പറഞ്ഞപ്പോൾ എല്ലാ ജീവനക്കാരും തയ്യാറായി വന്നു. പക്ഷെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. ഉമ്മൻ ചാണ്ടിയുൾപ്പെടെയുള്ളവർ യു.ഡി.എഫ്.-ന്റെ സർവ്വീസ് സംഘടനകളെക്കൊണ്ട് ശമ്പളം കൊടുപ്പിക്കില്ലായെന്ന് പരസ്യമായി പറഞ്ഞു. കേരളത്തിലെ വികസനത്തെപ്പറ്റി എല്ലാവരും ഒറ്റക്കെട്ടായി നിന്ന് പറയുമ്പോൾ അവരുടെ സമീപനം ഇങ്ങനെയെന്നാണ് നാം മനസ്സിലാക്കേണ്ടത്.

അതുപോലെതന്നെ കേരളത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കൊച്ചുകുട്ടികൾ അവരുടെ കുടുക്ക പൊട്ടിച്ച പൈസ മുതൽ നാനാമേഖലയിൽനിന്നുള്ള ആളുകൾവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകിയ വിവരം നമുക്കറിയാം. കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി മുഖ്യമന്ത്രി അഭ്യർത്ഥിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് ജനങ്ങൾ നിന്നകാര്യം നമുക്കറിയാം. അതുപോലെ കേരളത്തിന്റെ വികസനത്തിനാവശ്യം കിഫ്ബി എന്നാണ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് വിവരിക്കുന്നത്. കേരളത്തിന്റെ വികസനം ഒരുപാട് മുന്നോട്ടുകൊണ്ടുപോകേണ്ടതും നിരവധി വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുമുണ്ട്. അതിന് കിഫ്ബിയിലൂടെ ഫണ്ട് സമാഹരിച്ച് വികസന പ്രവർത്തനങ്ങൾക്ക് കൊടുക്കാൻ കഴിയും. ഇപ്പോൾ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ഇന്റർനാഷണൽ നിലവാരത്തിൽ സ്കൂളുകൾ പണിയാൻ ഫണ്ട് കൊടുത്തിരിക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാരിൽ കിഫ്ബിയെ ആക്ഷേപിച്ചവരുണ്ട്. അവരുടെ മണ്ഡലങ്ങളിലും കിഫ്ബി ഉപയോഗിച്ചുള്ള പണംകൊണ്ട് പണി നടക്കുകയാണ്. അതിനെ അവർ എതിർക്കുന്നില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞതും കിഫ്ബിയിലേയ്ക്ക് പണം സംഭരിക്കാൻവേണ്ടി മുഖ്യമന്ത്രി വിദേശത്തുപോയി. കിഫ്ബിയിലേയ്ക്ക് സംഭരിക്കുന്ന പണം കേരളത്തിന്റെ വികസനമാണ്, ഈ നാടിന്റെ വികസനമാണ്.

അതിനെയെല്ലാം എതിർത്തവരാണിവർ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വികസനമെന്തായിരുന്നു? ഒരു ചലച്ചിത്രം പിടിക്കുമ്പോൾ അതിന്റെ കളക്ഷൻ വരുന്നത് 100 കോടി ക്ലബ്ബ്, 200 കോടി ക്ലബ്ബ് എന്നൊക്കെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ മന്ത്രിമാരെല്ലാം 100 കോടി ക്ലബ്ബിൽ കടന്നുവെന്നാണ് പത്രങ്ങൾ പറയുന്നത്. ഈ പ്രോഗ്രസ് റിപ്പോർട്ട് (റിപ്പോർട്ട് ഉയർത്തിക്കാണിക്കുന്നു) സഖാവ് പിണറായി വിജയൻ കഴിഞ്ഞ 10-ാം തീയതി പ്രസിദ്ധീകരിച്ചതാണ്. എൽ.ഡി.എഫ്. തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ ജനങ്ങളുടെ മുന്നിൽ വയ്ക്കുന്ന കുറേ കാര്യങ്ങളുണ്ട്. ഓരോ വർഷവും അതിന്റെ പ്രോഗ്രസ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നുവെന്നുള്ളതാണ്. അതാണ് പ്രോഗ്രസ് റിപ്പോർട്ട്. ആ റിപ്പോർട്ടിനെ ആക്ഷേപിച്ചവർക്ക് എന്ത് ചെയ്യാൻ കഴിയും?

യു.ഡി.എഫ്.-ന് അവരുടെ ഭരണകാലത്തുള്ള പ്രോഗ്രസ് റിപ്പോർട്ട് വയ്ക്കാൻ കഴിയുമോ; വയ്ക്കാൻ കഴിയുമെങ്കിൽ ഒന്നാമത്തെ പ്രോഗ്രസ് റിപ്പോർട്ട് സോളാറുമായി ബന്ധപ്പെട്ട് സരിത വയ്ക്കേണ്ടതായിരിക്കും. ഒരു വനിതാ വ്യവസായി വ്യവസായവുമായി ബന്ധപ്പെട്ട് സമീപിച്ചപ്പോൾ അവരുടെ പണവും മാനവും പോയി. രണ്ടാമത്തെ പ്രോഗ്രസ് റിപ്പോർട്ട്, ബാർ കോഴ സംബന്ധിച്ചാണ്. ഇപ്പോൾ അവരുടെ പ്രോഗ്രസ് പാലാരിവട്ടം പാലം വരെ എത്തിയിരിക്കുന്നു. അടുത്ത പ്രോഗ്രസ് റിപ്പോർട്ട് കുട്ടികളെ പഠിപ്പിക്കാൻവേണ്ടി വിദ്യാഭ്യാസ ലോണെടുത്ത മാതാപിതാക്കളുടെ ആത്മഹത്യ സംബന്ധിച്ച് എഴുതിവയ്ക്കേണ്ടിവരും. ഈ ഗവൺമെന്റിന്റെ കാലത്ത് കർഷക ആത്മഹത്യയില്ല. മറ്റൊന്ന് രണ്ടരക്കൊല്ലത്തെ ക്ഷേമ പെൻഷൻ കുടിശ്ശിക ഇവരുടെ പ്രോഗ്രസ് റിപ്പോർട്ടിൽ എഴുതിവയ്ക്കേണ്ടി വരും എന്നതാണ്. ഇതാണ് യു.ഡി.എഫ്.-ന്റെ പ്രോഗ്രസ് റിപ്പോർട്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് ചെയ്തകാര്യങ്ങൾ, ജനങ്ങൾക്ക് കൊടുത്ത വാഗ്ദാനങ്ങൾ പാലിക്കുന്ന ആ പ്രോഗ്രസ് റിപ്പോർട്ട് നിങ്ങൾ വായിച്ചുനോക്കണം. അതിൽ എന്തെങ്കിലുമുണ്ടെങ്കിൽ തുറന്നുപറയണം, അതാണ് നിങ്ങൾ ചെയ്യേണ്ടത്; അല്ലാതെ ആക്ഷേപിക്കുകയല്ല വേണ്ടത്.

കഴിഞ്ഞദിവസം ഞാൻ പത്രത്തിൽ ഒരു വാർത്ത വായിച്ചു. 73 വയസ്സുള്ള രാധയെന്ന് പറയുന്ന ഒരു അമ്മൂമ്മ അവരുടെ കൊച്ചുമകനോട് 'മോനേ, എന്റെ പെൻഷൻ കിട്ടി, എനിക്ക് സന്തോഷമായി, എന്റെ അമ്മയുടെ കാലത്ത് ഇതൊന്നുമില്ലായിരുന്നു, പണ്ടൊക്കെ പെൻഷൻ വല്ലപ്പോഴും മാത്രമേ കിട്ടുമായിരുന്നുള്ളൂ, ഇപ്പോൾ കൃത്യമായി കിട്ടുമെന്ന് എനിക്കുറപ്പായി' എന്ന് പറയുകയാണ്. ക്ഷേമപെൻഷന്റെ കാര്യത്തിൽ ഈ നാട്ടിലെ ഒരു അമ്മൂമ്മ പറയുന്നതാണ്. കൃത്യമായി ക്ഷേമപെൻഷൻ കൊടുക്കാൻ കഴിഞ്ഞ ഒരു

ഗവൺമെന്റാണിത്. പ്രോഗ്രസ് റിപ്പോർട്ടിനെക്കുറിച്ച് ആക്ഷേപിക്കുന്നവർ മനസ്സിലാക്കേണ്ട ഒരു പ്രധാന കാര്യമാണത്. ലോഹിതദാസ് തിരക്കഥയെഴുതിയ ഭരതൻ സംവിധാനം ചെയ്ത മമ്മൂട്ടിയും മുരളിയും അഭിനയിച്ച ഒരു സിനിമയുണ്ട്. അത് കേരളത്തിലെ കടലിന്റെ കഥപറയുന്ന സിനിമയാണ്. കടലിന്റെ കഥപറയുന്ന വേറെയും സിനിമകളിറങ്ങിയിട്ടുണ്ട്. പക്ഷെ, ഇത് ഒരു മത്സ്യത്തൊഴിലാളി അവന്റെ അമ്മയില്ലാത്ത മകളെ വളർത്തുകയാണ്. ആ കുട്ടിയെ ഡോക്ടറാക്കണമെന്നതാണ് ആ മത്സ്യത്തൊഴിലാളിയുടെ ആഗ്രഹം. കടപ്പുറത്തിന്റെ സാഹചര്യവും ജീവിതരീതിയുംകൊണ്ട് ആ കുട്ടിക്ക് പത്താംക്ലാസ്സിനപ്പുറത്തേയ്ക്ക് കടക്കാൻ കഴിഞ്ഞില്ല. അങ്ങനെ വേദനിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മനസ്സ് ഇപ്പോൾ പ്രായോഗികമാക്കിയത് നമ്മുടെ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയാണ്. ഏറ്റവും നന്നായി പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ബ്രില്യന്റ് പോലുള്ള കോച്ചിംഗ് സെന്ററിൽ സൗജന്യമായി എൻട്രൻസ് കോച്ചിംഗ് നൽകി. 2017-18-ൽ 46 കുട്ടികളെയാണ് കോച്ചിംഗിന് അയച്ചത്. അതിൽ നീറ്റ് പരീക്ഷയെഴുതിയ 8 കുട്ടികൾക്ക് എം.ബി.ബി.എസ്.-ന് മെരിറ്റിൽ അഡ്മിഷൻ ലഭിച്ചു. ബാക്കി കുട്ടികൾക്ക് ബി.ഡി.എസ്., ഹോമിയോ, ആയുർവ്വേദം തുടങ്ങിയ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുകയും ചെയ്തു. കടപ്പുറത്തെ ജനങ്ങളുടെ വേദന മനസ്സിലാക്കി മത്സ്യത്തൊഴിലാളികളുടെ മക്കളും ഉന്നത നിലവാരത്തിലേയ്ക്ക് ഉയരണം എന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് ഇത്തരം നടപടികൾ സ്വീകരിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. 2018-19-ൽ 56 കുട്ടികളാണ് പരീക്ഷ എഴുതിയിരിക്കുന്നത്. ഈ വർഷവും എൻട്രൻസ് കോച്ചിംഗ് നൽകാനുള്ള കുട്ടികളുടെ അപേക്ഷ ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. ഈ രീതിയിൽ ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്.

മത്സ്യത്തൊഴിലാളി മേഖലയിൽ തീരദേശ അടിസ്ഥാന സൗകര്യങ്ങൾക്ക് 103 കോടി രൂപയും തീരദേശ റോഡുകളുടെ വികസനത്തിന് 200 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മത്സ്യഫെഡിന് 100 കോടി രൂപയാണ് അടിയന്തരമായി അനുവദിച്ച് നൽകിയിട്ടുള്ളത്. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിന് സംസ്ഥാനത്താദ്യമായി പദ്ധതിയാവിഷ്കരിച്ച് കുടുംബം ഒന്നിന് 6 ലക്ഷം രൂപ നിരക്കിൽ 3 സെന്റ് ഭൂമിവരെ വാങ്ങുന്നതിന് 48 കോടി രൂപയാണ് അനുവദിച്ചത്. ആദ്യഘട്ടത്തിൽ 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു. കടലാക്രമണത്തിൽ ഭൂമി മുഴുവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി തിരുവനന്തപുരം

മുട്ടത്തറയിൽ 18 കോടി രൂപ ചെലവിൽ 540 ചതുരശ്ര വിസ്തീർണ്ണത്തിൽ 197 ഫ്ലാറ്റുകളടങ്ങുന്ന വലിയ സമുച്ചയം നിർമ്മിച്ചുകൊടുത്തു. അടിസ്ഥാനവർഗ്ഗമായ മത്സ്യത്തൊഴിലാളികൾക്ക് ചെയ്തിട്ടുള്ള പ്രധാനകാര്യങ്ങളിൽ ഒന്നാണിത്. ഓഖി ദുരന്തബാധിതരുടെ മക്കൾക്ക് പഠിക്കാനുള്ള ചെലവുകൾ മുഴുവൻ സർക്കാർ വഹിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയിട്ടുള്ള ടൺ കണക്കിന് മാലിന്യം നീക്കംചെയ്യുന്ന 'ശുചിത്വ സാഗര പദ്ധതി' ലോകശ്രദ്ധ പിടിച്ചുപറ്റിയതാണ്. ഐക്യരാഷ്ട്ര സംഘടനയുടെയും വേൾഡ് ഇക്കണോമിക് ഫോറത്തിന്റെയും പ്രത്യേക പരാമർശം ഫിഷറീസ് വകുപ്പിന് നേടിയെടുക്കാൻ സാധിച്ചുവെന്നതാണ് ഏറ്റവും പ്രധാനം. മത്സ്യമേഖലയിലെ പുതിയ തലമുറയ്ക്ക് അവസരം ലഭിക്കണമെങ്കിൽ ഏക പോംവഴി വിദ്യാഭ്യാസമാണ്. സാധാരണഗതിയിലുള്ള വിദ്യാഭ്യാസ പ്രോത്സാഹന നടപടികൾ കൊണ്ടുമാത്രം ഇത് കൈവരിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കി പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ഉറപ്പാക്കും. 'വിദ്യാതീരം' പദ്ധതിയിലുൾപ്പെടുത്തി പ്രത്യേക പരിശീലനം നൽകിയതിന്റെ ഫലമായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 30-ൽപ്പരം ഡോക്ടർമാർ ഉൾപ്പെടെയുള്ളവർ പ്രൊഫഷണൽ കോഴ്സുകളിൽ വന്നു എന്നുള്ളത് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകുന്നുവെന്ന് നമുക്കറിയാം. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സംസ്ഥാനാന്തര ബസ് ലോബിയെ കടിഞ്ഞാണിടണം. ഇത്തരം ബസ്സുകളിൽ യാത്രാനിരക്ക് ഏകീകരണം, ബസ്സുകളുടെ അമിതവേഗം നിയന്ത്രിക്കാൻ വേഗപ്പൂട്ട്, ജി.പി.എസ്. എന്നിവ നിർബന്ധമാക്കി സംസ്ഥാന സർവ്വീസ് ഏറ്റവും മികച്ചതും പ്രധാനവുമാക്കണം. സ്വകാര്യ ബസ്സുകളുൾപ്പെടെയുള്ള പൊതുഗതാഗത വാഹനങ്ങൾക്ക് ഡ്രൈവർ നിയന്ത്രിക്കുന്ന വാതിലുകൾ സ്ഥാപിക്കണമെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. കെ. ജെ. മാക്സി പ്രോഗ്രസ്സ് റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. എന്റെ കയ്യിലും പ്രോഗ്രസ് റിപ്പോർട്ടുണ്ട്, പല വിധത്തിലുള്ള പ്രോഗ്രസ് റിപ്പോർട്ടുകളെക്കുറിച്ചും അറിയാം. നമ്മളെല്ലാവരും സ്കൂളുകളിലും കോളേജുകളിലുമൊക്കെ പഠിച്ചവരാണ്. അങ്ങനെ പഠിക്കുമ്പോൾ നമ്മുടെ രക്ഷിതാക്കൾ പ്രോഗ്രസ് റിപ്പോർട്ടിൽ ഒപ്പിടാൻ

വരാറുണ്ട്. എന്റെ മക്കളുടെ പ്രോഗ്രസ് റിപ്പോർട്ടിൽ ഒപ്പിടാൻ ഞാനും സ്കൂളിൽ പോയിട്ടുണ്ട്. quarterly എക്സാമിനും half yearly എക്സാമിനും നമ്മുടെ കുട്ടികൾ എത്രമാർക്ക് വാങ്ങിയെന്ന് കാണിക്കാനാണ് പ്രോഗ്രസ് റിപ്പോർട്ട് ക്ലാസ് ടീച്ചർ നമുക്ക് തരുന്നത്. കഴിഞ്ഞ പരീക്ഷകളിൽ എത്ര മാർക്ക് വാങ്ങിയെന്നാണ് പ്രോഗ്രസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. അല്ലാതെ വരാനിരിക്കുന്ന പരീക്ഷകളിൽ ഇത്ര മാർക്ക് നിങ്ങളുടെ കുട്ടിക്ക് കിട്ടുമെന്ന് ഒരു പ്രോഗ്രസ് റിപ്പോർട്ടിലും പറയാറില്ല. ഈ പ്രോഗ്രസ് റിപ്പോർട്ടിൽ കുറെയധികം കാര്യങ്ങൾ പറയുന്നുണ്ട്. ഇപ്പോൾ ചെയ്ത കാര്യങ്ങളല്ല, ഭാവിയിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. നൽകും, സ്ഥാപിക്കും, ലഭ്യമാക്കും, ഉറപ്പുവരുത്തും, പ്രോൽസാഹിപ്പിക്കും, കൊണ്ടുവരും, രൂപവൽക്കരിക്കും, പരിഷ്കരിക്കും, സംവിധാനമുണ്ടാക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. ഏതായാലും ഭാവിയിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളല്ലെന്ന് എല്ലാവർക്കുമറിയാം.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇവരുടെ കോട്ടകളിൽ ഇത്ര വോട്ട് കിട്ടുമെന്നുള്ള ആത്മവിശ്വാസം എന്തുകൊണ്ടാണ് ഉണ്ടായിരുന്നത്? ഞങ്ങളുടെ ബൂത്തിൽനിന്നും ഇത്ര വോട്ട് കിട്ടുമെന്നുപറഞ്ഞ് ബ്രാഞ്ച് സെക്രട്ടറിയാണ് റിപ്പോർട്ട് നൽകുന്നത്. ഈ ബൂത്തിൽനിന്നും ഇത്ര വോട്ട് കിട്ടുമെന്ന് പറഞ്ഞ് റിപ്പോർട്ട് നൽകുന്ന ആ ബ്രാഞ്ച് സെക്രട്ടറിപോലും അവരുടെ സ്ഥാനാർത്ഥിക്ക് വോട്ട് നൽകിയില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ആലത്തൂർ നിയോജകമണ്ഡലത്തിലെ സി.പി.ഐ. (എം) പ്രതിനിധിയിരുന്ന നെല്ലിയാമ്പതിയിലെ ഒരു ബൂത്തിലെ മുഴുവൻ വോട്ടും യു.ഡി.എഫ്. സ്ഥാനാർത്ഥിയായ കുമാരി രമ്യാ ഹരിദാസിനാണ് കിട്ടിയത്. ആ ബൂത്തിലെ സി.പി.ഐ. (എം) ബൂത്ത് ഏജന്റുപോലും വോട്ട് ചെയ്തില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പല കാര്യങ്ങളും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു</u>: സർ, പോയിന്റ് ഓഫ് ഓർഡർ. അങ്ങ് പറഞ്ഞത് നെല്ലിയാമ്പതിയിലെ 138-ാം നമ്പർ ബൂത്താണ്. ആ ബൂത്തിൽ കഴിഞ്ഞ തവണ ആകെ ചെയ്തിട്ടുള്ളത് 42 വോട്ടുകളാണ്. അതിൽ 2 വോട്ട് എൽ.ഡി.എഫ്.-നും 15 വോട്ട് യു.ഡി.എഫ്.-നും 25 വോട്ട് ബി.ജെ.പി.-ക്കുമാണ് ലഭിച്ചത്. ഇപ്രാവശ്യം ബി.ജെ.പി.-ക്ക് കിട്ടിയ വോട്ടും ചേർത്ത് അവിടെയുള്ള മുഴുവൻ വോട്ടും കോൺഗ്രസ് വിലയ്ക്കെടുത്തു. തോട്ടം മേഖലയിലെ പ്രതിസന്ധി കാരണം ഞങ്ങളുടെ തൊഴിലാളികൾക്ക് പുറത്തുപോകേണ്ട സ്ഥിതിയും വന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇതിലൊരു പോയിന്റുമില്ല, ഓർഡറുമില്ല. ഇവർ ഇപ്പോൾ സെക്ഷൻ 303, 304 എന്നൊക്കെ പറഞ്ഞു. ഇവർക്ക് ആകെ അറിയാവുന്ന സെക്ഷൻ 302 ആണ്.

ശീതീകരിച്ച ഈ ഹാളിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ മഞ്ചേശ്വരം മുതൽ പാറശ്ശാലവരെ പരന്നുകിടക്കുന്ന നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന മത്സ്യത്തൊഴിലാളികളെക്കുറിച്ചാണ് എനിക്ക് ഓർമ്മ വരുന്നത്. ഞാൻ തീരദേശത്തുനിന്നുള്ള ഒരു എം.എൽ.എ. ആണ്. ശനിയാഴ്ച എങ്ങനെ നാട്ടിൽ പോകുമെന്ന ഭയമാണ് എന്റെ മനസ്സിലുള്ളത്. കാരണം, മത്സ്യത്തൊഴിലാളികൾ വീടുവിട്ട് പല ദുരിതാശ്വാസ ക്യാമ്പുകളിൽ ദുരിത പൂർണ്ണമായാണ് ജീവിക്കുന്നത്. ഇപ്പോൾ നമ്മൾ അഭിമാനപൂർവ്വം പറയുന്നത്, മത്സ്യത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തിന്റെ ആർമി എന്നാണ്, നമ്മുടെ സംസ്ഥാനത്തിന്റെ സൈന്യമാണെന്നാണ്. പ്രളയകാലത്ത് നമ്മുടെ സംസ്ഥാനത്തെ രക്ഷിച്ച മത്സ്യത്തൊഴിലാളികളോട് നന്ദി കാണിക്കാൻ സാധിക്കുന്നുണ്ടോയെന്ന് നമ്മൾ ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. തകഴിയുടെ ചെമ്മീൻ എന്ന നോവലിലെ പരീക്കുട്ടിയെയും ചെമ്പൻകുഞ്ഞിനെയും നമുക്കറിയാം. പരീക്കുട്ടി കടംകൊടുത്ത പണംകൊണ്ടാണ് ചെമ്പൻകുഞ്ഞ് വള്ളവും വലയും വാങ്ങിയത്. പരീക്കുട്ടി മീൻ വാങ്ങാൻ ചെന്നപ്പോൾ പണമുണ്ടെങ്കിൽ മാത്രമേ മീൻ തരികയുള്ളൂവെന്നാണ് ചെമ്പൻകുഞ്ഞ് പറഞ്ഞത്. അതൊരു നന്ദികേടായിരുന്നു. ആ നന്ദികേടാണ് സർക്കാർ ഇപ്പോൾ മത്സ്യത്തൊഴിലാളികളോട് കാണിക്കുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 12 ലക്ഷത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് കേരളത്തിലുള്ളതെന്ന് ബഹുമാന്യയായ മന്ത്രിക്കറിയാം. അതിൽ രണ്ടര ലക്ഷം പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എല്ലായ്പ്പോഴും അവർ കടക്കെണിയിലാണ്. അതിൽനിന്നും അവരെ രക്ഷിക്കാൻ എന്തുകൊണ്ടാണ് നമുക്ക് സാധിക്കാത്തത്? കടലിൽനിന്നും കരയ്ക്കെത്തിക്കുന്ന മത്സ്യത്തെ അവർ കൊള്ളപ്പലിശക്കാർക്ക് കൊടുക്കുന്നു. എന്തുകൊണ്ട് ആ മത്സ്യം കൊള്ളപ്പലിശക്കാർക്ക് കൊടുക്കേണ്ടിവരുന്നു? പഞ്ഞമാസങ്ങളിൽ ഇടനിലക്കാരിൽനിന്നും അവർ കൊള്ളപ്പലിശയ്ക്ക് പണം കടം വാങ്ങുന്നു. ആ പണം അവർക്ക് തിരിച്ചുകൊടുക്കാൻ സാധിക്കുന്നില്ല. അവർക്ക് തിരിച്ചുകൊടുക്കാൻ സാധിക്കുന്നത് കടലിൽനിന്നും കൊണ്ടുവരുന്ന മത്സ്യമാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ചെറുകിട വായ്പകൾ നൽകുന്ന പദ്ധതി ആവിഷ്കരിക്കണം. മത്സ്യത്തിന്റെ ലഭ്യതയെക്കുറിച്ച് എല്ലാവരും ഇപ്പോൾ പറയുന്നുണ്ട്. മത്സ്യത്തിന്റെ ലഭ്യതക്കുറവ് വരുമ്പോൾ

മത്സ്യത്തൊഴിലാളികളുടെ വീടുകൾ പട്ടിണിയിലാകുന്നു. ആ സമയത്ത് നമുക്ക് അവരെ സഹായിക്കാൻ സാധിക്കണം. ജൂൺ-ജൂലൈ മാസങ്ങളിലെ ട്രോളിംഗ് നിരോധനത്തെക്കുറിച്ച് നമുക്കറിയാം. ഈ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുന്നുണ്ട്. പക്ഷേ ഇത് നൽകുന്നത് ബോട്ടിലെ തൊഴിലാളികൾക്ക് മാത്രമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഒന്നും നൽകാൻ സാധിക്കുന്നില്ല. വള്ളവും വലയും യന്ത്രങ്ങളും നഷ്ടപ്പെട്ടാൽ ഇൻഷ്വറൻസ് തുക ഒഴിച്ച് ബാക്കിയാണ് നഷ്ടപരിഹാരമായി നൽകുന്നത്. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബി.പി.എൽ. കാർഡ് സംവിധാനം അനിവാര്യമാണ്. മൂന്ന് നേരം ഭക്ഷണം കഴിക്കാനില്ലാത്ത മത്സ്യത്തൊഴിലാളികൾക്കുപോലും എ.പി.എൽ. കാർഡാണുള്ളതെന്ന വസ്തുത ബഹുമാനപ്പെട്ട മന്ത്രി അറിയണം. കേരളത്തിൽ 306 മത്സ്യഗ്രാമങ്ങളുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കണം. 18000 മത്സ്യത്തൊഴിലാളികൾ ഇന്നും നമ്മുടെ സംസ്ഥാനത്ത് ഭവനരഹിതരാണ്. അവർക്കായി ഭവന പദ്ധതി നടപ്പാക്കണം. സുനാമി ഫ്ലാറ്റുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് പറയുമ്പോൾ പല മണ്ഡലങ്ങളിൽ സുനാമി ഫ്ലാറ്റുകളുണ്ടെങ്കിലും അവയിൽ പലതും വാസയോഗ്യമല്ല. അതിൽ ചില ഫ്ലാറ്റുകളിൽത്തന്നെ ബിനാമികൾ കയറിക്കൂടിയിരിക്കുകയാണ്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തി അർഹതയുള്ളവർക്ക് സുനാമി ഫ്ലാറ്റ് നൽകാനുള്ള സംവിധാനമുണ്ടാക്കണം. മണ്ണെണ്ണയെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു, യു.ഡി.എഫ്.-ന്റെ കാലത്ത് 13 ബങ്കുകളാണ് തുറന്നത്. കുറഞ്ഞ നിരക്കിൽ ഇന്ധനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കടലിൽ പോകുന്നവരെക്കുറിച്ചുള്ള വിശദാംശങ്ങൾ സൂക്ഷിക്കാനുള്ള ഒരു സംവിധാനം നമുക്ക് ആവശ്യമാണ്. അതില്ലാത്തതുകൊണ്ട് ഓഖി ദുരന്ത സമയത്തുണ്ടായ പ്രയാസം നമുക്കെല്ലാവർക്കുമറിയാം. കടലിൽ അപകടമുണ്ടായാൽ ഏത് ബോട്ടിൽ ആരാണുള്ളതെന്ന് കരയിലുള്ളവർക്ക് അറിയാനുള്ള മാർഗ്ഗമില്ല. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്ന ഇത്തരം സംവിധാനങ്ങളുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. സുരക്ഷാ ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകണം. മത്സ്യത്തൊഴിലാളികളെപ്പോലെത്തന്നെ അനുബന്ധത്തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ കിട്ടേണ്ടത് അനിവാര്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിച്ചുവയ്ക്കാൻ ഫ്രീസർ സൗകര്യം ഒരുക്കിക്കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മത്സ്യമാർക്കറ്റുകളുടെ ശുചിത്വവും നവീകരണവും ഉറപ്പുവരുത്തണം.

മത്സ്യമാർക്കറ്റുകളിൽ പോയി മത്സ്യം വാങ്ങാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണ് പലയിടങ്ങളിലുമുള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാം. കണ്ണിവലിപ്പം കുറഞ്ഞ ട്രോളർ വലകളുപയോഗിച്ച് വൻകിട മീൻപിടിത്തക്കാർ അടിത്തട്ടിൽനിന്നും മത്സ്യം വാരിക്കോരി കൊണ്ടുപോകുമ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസം മന്ത്രിക്ക് നല്ലതുപോലെ അറിയാം. അതിനൊരു പരിഹാരം ആവശ്യമാണ്. 2017 മാർച്ച് 31 വരെയുണ്ടായിരുന്ന കടാശ്വാസ പദ്ധതി, ഒരു വർഷംകൂടി നീട്ടിയെന്ന് മനസ്സിലാക്കുന്നു. അതിനുശേഷം കടക്കെണിയിലായവരുടെ സ്ഥിതി നമ്മൾ മനസ്സിലാക്കണം. കടൽഭിത്തിയെക്കുറിച്ച് ഞാൻ പറയേണ്ട ആവശ്യമില്ല. കാസർഗോഡ് കസബാ കടപ്പുറം വായനശാലയുടെ നിർമ്മാണം തീരദേശ കോർപ്പറേഷൻ പൂർത്തിയാക്കി. അവിടെ അഞ്ച് ലക്ഷം രൂപയുടെ പുസ്തകങ്ങളും ഉപകരണങ്ങളും വാങ്ങാൻ സർക്കാർ ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അൻപത് ലക്ഷം രൂപ ചെലവഴിച്ച് തളങ്കര വില്ലേജിൽ ഫിഷറീസ് സ്റ്റേഷൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് പണി പൂർത്തിയാക്കിയത്. അതിന്റെ ഉദ്ഘാടനം ഇതുവരെ നിർവ്വഹിച്ചിട്ടില്ല. കാസർഗോഡ് ഫിഷിംഗ് ഹാർബർ 2010-ൽ മുൻ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മ തറക്കല്ലിട്ടു. 2015-ൽ പണി പൂർത്തിയായി. 29.75 കോടി രൂപ ചെലവഴിച്ചാണ് നിർമ്മിച്ചത്. പക്ഷേ അതിന്റെ ചാനലിൽ വീതി കുറവായതിനാൽ 50 കോടി രൂപയുടെ എസ്റ്റിമേറ്റ് ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. 17.5 കോടി രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളത്. ബാക്കി തുക കൂടി അനുവദിച്ച് കാസർഗോഡ് ഫിഷറീസ് ഹാർബർ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുകയും അത് ഉദ്ഘാടനം ചെയ്തുകാണാനുള്ള അവസരം ശ്രീ. എസ്. ശർമ്മയ്ക്ക് ഉണ്ടാക്കിക്കൊടുക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്.

ഞാൻ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ഒന്നും പറയുന്നില്ല. 2019 ജനുവരി 29-ന് മാതൃഭൂമി പത്രത്തിൽ വന്ന മുഖപ്രസംഗം, നമ്മുടെ പൊതുഗതാഗത രംഗത്ത് നിർണ്ണായക ശക്തിയായ കെ.എസ്.ആർ.ടി.സി.-ക്ക് ചരമക്കുറിപ്പ് എഴുതാനുള്ള തിടുക്കം കോടതിയുടെ വിമർശനങ്ങളിൽപ്പോലും പ്രകടമാണ്. ഇപ്പോൾത്തന്നെ 4000 കോടി രൂപ കടംവീട്ടേണ്ട അവസ്ഥയാണെന്ന് സർക്കാർ അറിയിച്ചപ്പോൾ അങ്ങനെയെങ്കിൽ കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടുകയാണ് വേണ്ടത് എന്നായിരുന്നു ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അഭിപ്രായം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട നെല്ലിക്കുന്ന് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത് കെ.എസ്.ആർ.ടി.സി.-യെക്കുറിച്ചാണ്. കേരളത്തിലെ ജനങ്ങൾ പൊതുഗതാഗത സർവ്വീസിനെ ഏറെ സ്നേഹിക്കുന്നവരാണ്. കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കണമെന്നാണ് അവർ ആഗ്രഹിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ്..... ശ്രീ. എൻ. എ. നെല്ലിക്കുന്നിന് നിശ്ചയിച്ചിരിക്കുന്ന സമയം കഴിഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, അങ്ങ് കാസർഗോഡുകാരനാണെങ്കിലും മലപ്പുറത്ത് സ്ഥിരമായി വരുന്ന ആളാണ്. മലപ്പുറത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോ വളരെ ശോചനീയാവസ്ഥയിലാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി തറക്കല്ലിട്ട മലപ്പുറത്തെ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് മൂന്ന് വർഷമായിട്ടും ഒന്നും ചെയ്തിട്ടില്ല.

മി. ചെയർമാൻ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം....പ്ലീസ്.......

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട മന്ത്രി കെ.എസ്.ആർ.ടി.സി.-യെ നവീകരിക്കാൻ ധാരാളം സംവിധാനങ്ങൾ കൊണ്ടുവരുന്നുണ്ടെന്നറിഞ്ഞു. ഞാൻ അദ്ദേഹത്തിന് എല്ലാ വിജയങ്ങളും നേരുന്നു. ഇപ്പോൾ എൽ.ഡി.എഫ്.-നുണ്ടായിട്ടുള്ള പരാജയത്തെക്കുറിച്ച് സഭയിൽ പറയുമ്പോൾ അവർ തിരിച്ചുവരുമെന്ന് പറഞ്ഞു. വിപ്ലവമെന്നാൽ അകത്തളങ്ങളിൽ നാമെട്ടുക്കേണ്ട ഉന്നതമായ ജീവിതബോധമാണെന്ന തിരിച്ചറിവ് എൽ.ഡി.എഫ്. അംഗങ്ങൾക്ക് വേണമെന്നാണ് എനിക്ക് പറയാനുള്ളത്. തിരിച്ചറിവിലൂടെ തിരിച്ചടി നൽകുമെന്നാണ് നിങ്ങൾ പറയുന്നത്. എല്ലാ ബസ്സുകളും പോയിക്കഴിഞ്ഞു സുഹൃത്തുക്കളേ, ഇനി ഒരു ബസ്സും നിങ്ങൾക്കായി വരില്ല. എല്ലാ ബസ്സും പോയിക്കഴിഞ്ഞതിനുശേഷം ബസ് ഇനിയും വരുമെന്ന പ്രതീക്ഷയിൽ ബസ് സ്റ്റാന്റിൽ ആകാശം നോക്കി നിൽക്കുന്ന നിസ്സഹായനായ യാത്രക്കാരന്റെ അവസ്ഥയിലാണ് നിങ്ങളെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. വെള്ളം മുഴുവൻ ഒഴുകിപ്പോയശേഷം അണ കെട്ടുന്നതുകൊണ്ട് എന്ത് പ്രയോജനമാണുള്ളതെന്ന് നിങ്ങൾക്കറിയില്ലെങ്കിൽ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയോട് ചോദിച്ചുനോക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇരുപതിൽ ഒരു സീറ്റ് മാത്രം കിട്ടിയ നിങ്ങളാണ് ഞങ്ങളെ കടന്നാക്രമിക്കുന്നത്. ദുർബ്ബല സംഘടനയായ മുസ്ലീം ലീഗിനെ നിരന്തരം വിമർശിക്കാൻ ഒരുമ്പെട്ടപ്പോൾ അന്ന്

ഞങ്ങളുടെ പ്രിയപ്പെട്ട നേതാവ് സി.എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞ ഒരു കാര്യമുണ്ട്. സാനിറ്റോറിയത്തിലെ ക്ഷയരോഗി ഗാമയെ ഗുസ്തിപിടിക്കാൻ വെല്ലുവിളിക്കുന്നു. അതുതന്നെയാണ് അപ്പുറത്തിരിക്കുന്ന ആളുകളോട് എനിക്ക് പറയാനുള്ളത്. എന്നും നിങ്ങൾ സാനിറ്റോറിയത്തിൽ കഴിയേണ്ടവരല്ല. ശരീരപുഷ്ടിയും ആരോഗ്യവുമുണ്ടാക്കുന്ന ടോണിക് കഴിച്ച് വർദ്ധിത വീര്യത്തോടെ സാനിട്ടോറിയത്തിൽനിന്ന് പുറത്തുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. നമുക്കെല്ലാവർക്കുംകൂടി വലിയ ഒരു ഉത്തരവാദിത്വം ഈ നാട്ടിൽ നിർവ്വഹിക്കാനുണ്ട്. മനുഷ്യന്റെ സംസ്കാരത്തിന്റെ, ഭാഷയുടെ, ജനതയുടെ, ചരിത്രത്തിന്റെ, സ്വതന്ത്രതയും തനിമയും തേടാൻ നമുക്ക് ഒരുമിച്ച് മുന്നേറേണ്ടതുണ്ട്. ഇന്ത്യ, ജാതി-മത-വർഗ്ഗീയ-ഫാസിസത്തിന്റെ വക്താക്കളുടേതായി മാറുമ്പോൾ ഹിംസയും അഹങ്കാരവും കൈവെടിഞ്ഞ് വീണ്ടുവിചാരത്തോടെ വീണ്ടെടുപ്പുണ്ടാക്കാമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

3.00 P.M.]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. ആൻസലൻ: സർ, 2019-20 സാമ്പത്തികവർഷത്തേയ്ക്കുള്ള മത്സ്യബന്ധനം, ഗതാഗതം, വാഹന നികുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട രണ്ട് വകുപ്പുകളുടെ ചർച്ചയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. തീരദേശത്ത് മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി കഴിയുകയും ജീവിതത്തിന്റെ മറ്റ് മേഖലകളെക്കുറിച്ച് വലിയ ആശവയ്ക്കാതെയും ജീവിക്കുന്ന ഒരു വിഭാഗമാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി വിഭാഗം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അവരുടെ ജീവിത യാഥാർത്ഥ്യങ്ങൾ പഠിക്കുകയും ആ വിഭാഗത്തെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഒട്ടനവധി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അക്കാര്യങ്ങളെക്കുറിച്ച് ഭരണപക്ഷ എം.എൽ.എ.-മാർ ഇവിടെ വിശദമായി പ്രതിപാദിച്ചുകഴിഞ്ഞു. എന്റെ മണ്ഡലത്തിലെ ചെറിയൊരു ഭൂപ്രദേശം, ഒന്നര കിലോമീറ്റർ ദൂരം ആറ് പഞ്ചായത്ത് വാർഡുകൾ ചേർന്ന കടലോര പ്രദേശമുണ്ട്. വളരെ പ്രശസ്തമായ പൊഴിയൂർ ഉൾപ്പെടുന്ന, തമിഴ്നാടിന്റെ അതിർത്തി പങ്കിടുന്ന പ്രദേശമാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിയ പദ്ധതികൾ ആ ചെറിയ പ്രദേശത്തുപോലും എന്തെന്നില്ലാത്ത മാറ്റമുണ്ടാക്കി എന്നത് നേരിട്ടനുഭവിക്കാൻ കഴിയുന്ന ഒരാളാണ്

ഞാൻ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയ ഒട്ടനവധി പ്രവർത്തനങ്ങളുടെ ഘട്ടത്തിലാണ് ഓഖി ദുരന്തം നമ്മെ ബാധിക്കുന്നത്. ഓഖി ദുരന്തത്തിൽ ആ പ്രദേശത്തെ ഏകദേശം പതിനഞ്ചോളംവരുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് കാണാതാവുകയും മൂന്ന് പേരുടെ ശവശരീരം മാത്രം ലഭിക്കുകയും ചെയ്തു. ആ പതിനഞ്ച് കുടുംബങ്ങളെയും ഈ ഗവൺമെന്റ് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. 20 ലക്ഷം രൂപ വീതം ഓരോ കുടുംബത്തിനും സമാശ്വാസം കൊടുക്കുകയും ഏകദേശം 31-ഓളം വരുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രൈമറിതലം മുതൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനാവശ്യമായ തുക വകകൊള്ളിക്കുകയും പരിക്കേറ്റവരെ സംരക്ഷിക്കുകയും അവരുടെ ജീവനോപാധിയായ വള്ളവും വലയുമടക്കമുള്ള ഉപകരണങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം തിട്ടപ്പെടുത്തി കൊടുക്കുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ടാൽ തുച്ഛമായിട്ടുള്ള നഷ്ടപരിഹാരം മാത്രമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നൽകിക്കൊണ്ടിരുന്നത്. ലക്ഷക്കണക്കിന് രൂപ വിലപിടിപ്പുള്ള യാനങ്ങൾ നഷ്ടപ്പെട്ടാൽ അതിലെ പത്തിലൊന്ന് ശതമാനംപോലും നഷ്ടപരിഹാരം കൊടുക്കുന്ന ഒരു സ്ഥിതി ഉണ്ടായിരുന്നില്ല. ഓഖിയുമായി ബന്ധപ്പെട്ട് പുനരധിവാസത്തിനായി മാതൃകാപരമായ പ്രവർത്തനങ്ങളാണ് ഗവൺമെന്റ് കാണിച്ചിട്ടുള്ളത്. സമുദ്രമത്സ്യം സംരക്ഷിക്കുന്ന കാര്യത്തിൽ കേരള ഗവൺമെന്റ് എടുത്തിട്ടുള്ള നിലപാടുകൾ മാതൃകയാണെന്ന് ഇന്ത്യാഗവൺമെന്റ് പ്രഖ്യാപിച്ചു. കടലിൽ പോലും മത്സ്യക്കൂട് കൃഷി നടത്തുന്ന പുതിയ ആശയങ്ങൾ, മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും അത് നിലനിർത്തുന്നതിനാവശ്യമായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. നമുക്കറിയാം, ഇവിടെ ഒന്നും നടന്നില്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്രോഗ്രസ് റിപ്പോർട്ട് എന്താണെന്ന് അവസാനം പറയുകയുണ്ടായി. പ്രിയപ്പെട്ട എൻ.എ. നെല്ലിക്കുന്ന്, വൈകുന്നേരം ഈ സഭ കഴിഞ്ഞതിനുശേഷം ഒരു വണ്ടിയെടുത്ത് വലിയതുറയിൽ പോയി കണ്ടാൽ മനസ്സിലാകും. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 5 വർഷക്കാലവും സ്കൂളിന്റെ വരാന്തയിൽ അലമുറയിട്ട് കരഞ്ഞിട്ടുള്ള 192 കുടുംബങ്ങളും അവരുടെ കുട്ടികളും നിവൃത്തിയില്ലാതെ റോഡ് ഉപരോധിച്ചിട്ടുണ്ട്. ഇന്ന് ആ കുടുംബങ്ങളെ കടലോര പ്രദേശത്തുനിന്ന് മാറ്റി സുരക്ഷിതമായ കെട്ടിടം സ്ഥാപിച്ചുകൊണ്ട് പാർപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എന്റെ മണ്ഡലമായ പൊഴിയൂരിൽ 128 കുടുംബങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് രണ്ടര ഏക്കർ ഭൂമി വാങ്ങി ഏകദേശം 12 കോടി 82 ലക്ഷം രൂപ മുടക്കിക്കൊണ്ട് പുതിയ ഫ്ലാറ്റ് സമുച്ചയത്തിന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി തറക്കല്ലിട്ട്

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിങ്ങൾ ആദ്യം പ്രോഗ്രസ് റിപ്പോർട്ട് വായിക്കുക. എല്ലാം കിട്ടിയതിനുശേഷം ഒന്നും കിട്ടിയില്ല എന്നുപറയുന്ന തരത്തിലുള്ള ചിലയാളുകളുടെ സ്വഭാവത്തിലേയ്ക്ക് മാത്രമേ യു.ഡി.എഫ്.-ന് പ്രോഗ്രസ് റിപ്പോർട്ടിനെ കാണാൻ സാധിക്കൂ. എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ 222-ാമത്തെ ഹെഡ്ഡിംഗിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ കൃത്യമായി കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ആ നിലപാട് സ്വീകരിച്ച് കേരളത്തിലെ നാൽപ്പതിനായിരത്തോളം വരുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇന്ന് മുടക്കമില്ലാതെ പെൻഷൻ കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 2018 ഫെബ്രുവരി മാസം ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയെ വെല്ലുവിളിച്ചുകൊണ്ട് ചോദിച്ചു; നിങ്ങൾ സമയം പറയണമെന്ന്. കേരളത്തിലെ കരുത്തനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാർച്ച് മാസം മുതൽ അവർക്ക് പെൻഷൻ കിട്ടുമെന്ന് പറഞ്ഞു. അങ്ങനെ 2018 മാർച്ച് മാസം മുതൽ കേരളത്തിലെ നാൽപ്പതിനായിരത്തോളം വരുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കുകയാണ്. നിങ്ങൾ ഓരോന്നായി വായിക്കുക. വായിച്ച് മനസ്സിലാക്കുമ്പോൾ പ്രോഗ്രസ് റിപ്പോർട്ടിന്റെ മേന്മ എന്താണെന്ന് മനസ്സിലാക്കാൻ കഴിയും. മറ്റ് കാര്യങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. ഒരുപാട് കാര്യങ്ങൾ മത്സ്യത്തൊഴിലാളി മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ രംഗത്ത് വിദ്യാതീരം പദ്ധതി നടപ്പിലാക്കി. 48 കോടി രൂപയാണ് അതിന് ഗവൺമെന്റ് അനുവദിച്ചത്. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തേയ്ക്ക് മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ കുട്ടികളെ കൈപിടിച്ച് ഉയർത്തുന്നതിനാവശ്യമായ നിലപാട് സ്വീകരിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ പഞ്ഞമാസക്കാലത്ത് ഒരു പൈസപോലും വർദ്ധിപ്പിച്ചില്ല. പക്ഷേ 2700 രൂപയിൽനിന്ന് 4500 രൂപയിലേയ്ക്ക് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസത്തിൽ പ്രത്യേക സ്കീം കൊടുത്തത് ഈ ഗവൺമെന്റാണ്. ഈ മാറ്റത്തെക്കുറിച്ച് എന്തുകൊണ്ടാണ് നിങ്ങൾ കാണാത്തത്? മരണാനന്തര സഹായം 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. ഇൻഷ്വറൻസ് രേഖപ്പെടുത്തിയ യാനങ്ങൾക്ക് നാമമാത്രമായ നഷ്ടപരിഹാരമേ ലഭിക്കുകയുള്ളൂ. 10 ലക്ഷം രൂപയുടെ ബോട്ട് തകർന്നാൽ 50,000 രൂപ പോലും ലഭിക്കുകയില്ല. ഇവിടെ അതിന് സമമായിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷ ഈ ഗവൺമെന്റ് ഉറപ്പുവരുത്തുന്നതിനാവശ്യമായിട്ടുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മത്സ്യത്തൊഴിലാളികൾക്കും മത്സ്യമേഖലയ്ക്കുംവേണ്ടി ഒട്ടനവധി പദ്ധതികളും

നിലപാടുകളും സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഇനി മറ്റു ചില കാര്യങ്ങളെ സംബന്ധിച്ചാണ് പറയാനുള്ളത്. മണ്ണെണ്ണയുടെ കാര്യത്തിൽ ചില പ്രശ്നങ്ങളുണ്ട്, അത് ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതും പരിഹരിക്കേണ്ടതുമാണ്. മത്സ്യത്തൊഴിലാളികൾ യന്ത്രത്തിൽ ഉപയോഗിക്കുന്ന മണ്ണെണ്ണയ്ക്ക് സബ്സിഡി നമ്മൾ കൊടുക്കുന്നുണ്ട്. അത് ഉദ്യോഗസ്ഥതലത്തിൽ കുറച്ച് താമസം വരുന്നുണ്ട്, പലപ്പോഴും കൃത്യസമയത്ത് സബ്സിഡി ലഭിക്കുന്നില്ല. തമിഴ്നാട്ടിൽ ചെയ്യുന്ന മാതൃകയിൽ സബ്സിഡി കുറച്ചുകൊണ്ട്, ആ തുക ബാങ്കുകൾക്ക് നൽകുന്ന രൂപത്തിലേയ്ക്ക് വരണം. സബ്സിഡി കുറച്ചുള്ള വിലയ്ക്ക് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭ്യമാക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. മത്സ്യബന്ധന എഞ്ചിന്റെ പെർമിറ്റ് നിശ്ചയിക്കുന്നത് രണ്ടുമൂന്ന് വകുപ്പുകൾ ചേർന്നുകൊണ്ടാണ്. ആ വകുപ്പുകൾ ചേർന്നുകൊണ്ട് നാലും അഞ്ചും വർഷങ്ങൾ കഴിഞ്ഞാൽ മാത്രമേ എഞ്ചിന്റെ പെർമിറ്റ് ലഭിക്കുകയുള്ളൂവെന്ന സ്ഥിതിവിശേഷമുണ്ട്. എഞ്ചിൻ എടുക്കുമ്പോൾതന്നെ പെർമിറ്റ് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മത്സ്യ ത്തൊഴിലാളികളിൽ ചെറിയൊരു വിഭാഗം മാത്രമാണ് സമ്പന്നരും വിദേശത്ത് പണിയെടുക്കുന്നവരും ഉദ്യോഗസ്ഥരുമായ ആളുകൾ. എന്നാൽ വലിയൊരു വിഭാഗം മത്സ്യത്തൊഴിലാളികൾ കടലിലെ ഉപജീവനംകൊണ്ട് ജീവിക്കുന്നവരാണ്. മത്സ്യത്തൊഴിലാളികളുടെ റേഷൻ കാർഡിനെക്കുറിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ഇപ്പോൾ ഇവിടെ പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. അനൂപ് ജേക്കബും അടക്കമുള്ള കഴിഞ്ഞ സർക്കാർ ലക്കം ലഗാനമില്ലാതെ തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റിന്റെ ഭാഗമായി വന്നിട്ടുള്ള പോരായ്മയാണത്. മത്സ്യത്തൊഴിലാളി അടക്കമുള്ള സാധാരണക്കാരുടെ റേഷൻ കാർഡ് പൊതുവിഭാഗത്തിലേയ്ക്ക് തള്ളപ്പെട്ടിട്ടുണ്ട്. ആ പോരായ്മകൾ പരിഹരിക്കുന്നതിന്, യഥാർത്ഥത്തിലുള്ള ദരിദ്രരായ മത്സ്യത്തൊഴിലാളികൾക്ക് ബി.പി.എൽ. കാർഡ് കൊടുക്കുന്നതിന് പൊതുവായിട്ടുള്ള തീരുമാനം ഫിഷറീസ് വകുപ്പിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ധാരാളം ആക്ഷേപങ്ങളും വ്യത്യസ്തമായ പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. യഥാർത്ഥ മത്സ്യത്തൊഴിലാളികളായ പാവപ്പെട്ടവർക്ക് പൂർണ്ണമായും ഭവനം ലഭിക്കുന്നതിനാവശ്യമായിട്ടുള്ള നിലപാടുകൾ സ്വീകരിക്കുന്നതിന് കുറെക്കൂടി ജാഗ്രതയോടുകൂടിയ പ്രവർത്തനം നടത്തേണ്ടതുണ്ട്. അതുപോലെതന്നെ കടലാക്രമണവുമായി ബന്ധപ്പെട്ടുകൊണ്ട് തീരത്ത് ഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തേണ്ടതുണ്ട്.

ഫിഷറീസ് മേഖലയിലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ് ഗുണമേന്മയുള്ളതും വിഷാംശമില്ലാത്തതുമായ മത്സ്യം ലഭിക്കുന്നില്ല എന്നത്. ഇന്ന് ലഭിക്കുന്ന മത്സ്യങ്ങളിൽ വലിയൊരളവും പുറംനാടുകളിൽനിന്നുവരുന്ന 6-7 മാസം പഴക്കമുള്ള മത്സ്യങ്ങളാണ്. ഇത് ഉദര രോഗങ്ങൾക്കും ക്യാൻസർ അടക്കമുള്ള മാരക രോഗങ്ങൾക്കും കാരണമായി മാറുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന മത്സ്യങ്ങളാണ് തീരപ്രദേശത്തുനിന്നും ഉൾപ്രദേശങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നത്. ഫോറൻസിക് വിഭാഗവും ഹെൽത്ത് വിഭാഗവും ഫിഷറീസ് വിഭാഗവും ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽപ്പോലും വളരെ ഭയാനകമാണ്. രണ്ടുമൂന്നാഴ്ച മുമ്പ് കള്ളിക്കാട് എന്നുപറയുന്ന സ്ഥലത്ത് ഒരു പ്രാദേശിക മാർക്കറ്റിൽനിന്നും ഒരാൾ മീൻ വാങ്ങിക്കൊണ്ടുപോയി കട്ട് ചെയ്തപ്പോൾ അതിൽ നിറയെ പുഴുക്കൾ നിറഞ്ഞിരിക്കുന്ന ഒരവസ്ഥയുണ്ടായി. യഥാർത്ഥത്തിൽ കടലിൽനിന്നു ശേഖരിക്കുന്ന മത്സ്യം നമ്മുടെ മാർക്കറ്റുകളിൽ എത്തിച്ച് ഫിഷിംഗ് സ്റ്റാളുകൾ മുഖാന്തരം അൽപ്പം കൂടിയ വിലയ്ക്കാണെങ്കിലും നല്ല മത്സ്യം ആളുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വിഷാംശം കലരാത്ത മത്സ്യം ലഭ്യമാക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണം. ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

കേരളത്തിലെ ട്രാൻസ്പോർട്ട് വ്യവസായത്തെ വെന്റിലേറ്റർ സ്ഥാപിച്ച് കച്ചവടം ചെയ്യേണ്ടതാണെന്നും അത് നന്നാക്കാൻ കഴിയില്ല എന്നും പ്രഖ്യാപിച്ചിട്ടുള്ളവരാണ് അപ്പുറത്തിരിക്കുന്ന ചില മുൻ മന്ത്രിമാർ. ഉയർന്ന പലിശയ്ക്ക് ഓരോ ട്രാൻസ്പോർട്ട് ഡിപ്പോയും പണയപ്പെടുത്തി മാസശമ്പളവും പെൻഷനും കൊടുത്ത് അഹങ്കരിച്ച് അതിൽ ഊറ്റം കൊള്ളുന്നവരാണ് മുൻ യു.ഡി.എഫ്. ഗവൺമെന്റ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്തുകൊണ്ട് ഏകദേശം 3200 കോടി രൂപയ്ക്ക് ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് 60 കോടി രൂപ ഒരു മാസം ലാഭമുണ്ടാക്കി ട്രാൻസ്പോർട്ട് വ്യവസായത്തെ മെച്ചപ്പെട്ട രൂപത്തിലേയ്ക്ക് മുന്നോട്ടുകൊണ്ടുവരികയാണ്. ആ ട്രാൻസ്പോർട്ട് വ്യവസായത്തിൽ ഇനിയും പരിഷ്കരണങ്ങൾ ആവശ്യമായിട്ടുണ്ട്.

ഇത്തരുണത്തിൽ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നെയ്യാറ്റിൻകര താലൂക്ക് എന്നുപറയുന്നത് ദേശസാൽകൃത റൂട്ടാണ്. അവിടെ നിരവധി സർവ്വീസുകൾ ആവശ്യമുള്ളതാണെന്ന് ഈ സഭയിൽ ഞാൻ നേരത്തെയും ഉന്നയിച്ചിട്ടുള്ളതാണ്. ഇടറോഡുകളിൽ ബസ് സർവ്വീസ് ആവശ്യമായി വരുന്നുണ്ട്. ഈ നിയമസഭാ കാലാവധിക്കുതന്നെ മന്ത്രിയുടെ

സാന്നിദ്ധ്യത്തിൽ അവിടത്തെ ജനപ്രതിനിധികൾ, സി.എം.ഡി. അടക്കമുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം വിളിച്ചുചേർത്ത് അവിടെയുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തണം. തൊട്ടടുത്ത തമിഴ്നാട്ടിലാണെങ്കിൽ കളക്ഷന്റെ ഇത്ര ശതമാനം സ്റ്റേറ്റ് ട്രാൻസ്പോർട്ടിന് നൽകണമെന്ന് പ്രൈവറ്റ് ബസ്സുകാരുമായി എഗ്രിമെന്റ് വച്ചുകൊണ്ട് ഇടറോഡുകളിൽ മിനി ബസ്സുകൾ, കട്ട് ചേസ് ബസ്സുകൾ എന്നിവ യഥേഷ്ടം ഓടുന്നുണ്ട്. ഇവിടത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനും ആ രൂപത്തിൽ ഒരു പുതിയ പദ്ധതി തയ്യാറാക്കുന്നതിനുമുള്ള നിലപാട് സ്വീകരിക്കണം. അതുപോലെ പത്ത്- മുപ്പത്തിയഞ്ച് വർഷക്കാലമായി നെയ്യാറ്റിൻകര താലൂക്കിൽ സമാന്തര സർവ്വീസുണ്ട്. ട്രാൻസ്പോർട്ട് ബസ്സിന് സേവനം നൽകാൻ കഴിയാത്ത പ്രദേശത്ത് സമാന്തര സർവ്വീസുകളുടെ പ്രവർത്തനമുണ്ട്. ഇപ്പോൾ ആ സമാന്തര സർവ്വീസുകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയാണ്. ഏകദേശം ആയിരക്കണക്കിന് കുടുംബങ്ങൾ അതുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. അവരുടെ നിലനിൽപ്പിനെ അടിസ്ഥാനമാക്കി കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിച്ചുകൊണ്ടുതന്നെ ആവശ്യമായ ചർച്ചകൾ നടത്തി ആ വിഭാഗത്തെ സംരക്ഷിക്കുന്നതിനുള്ള നിലപാടുണ്ടാകണം. ബംഗാളിലും ത്രിപുരയിലും നിങ്ങൾ തിരിച്ചുവരുമോയെന്ന് പ്രിയപ്പെട്ട അംഗം വിൻസെന്റ് ചോദിച്ചു. നിങ്ങൾ ചരിത്രത്തെക്കുറിച്ച് പഠിക്കണം. തമിഴ്നാട്ടിൽ കെ. കാമരാജ് മുഖ്യമന്ത്രിയായതിനു ശേഷം 52 വർഷമായിട്ടും തിരിച്ചുവരാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; അര നൂറ്റാണ്ടിനുമുമ്പ് പുറത്താക്കപ്പെട്ട തമിഴ്നാട്ടിൽ തിരിച്ചുവരാൻ കോൺഗ്രസ്സിന് കഴിഞ്ഞിട്ടില്ല. അവിടെ മാത്രമല്ല, ഒറീസ്സയിൽ 30 വർഷത്തിനുമുമ്പ് പുറത്തുപോയി, തിരിച്ചുവന്നിട്ടില്ല. ഗുജറാത്തിൽ 26 വർഷത്തിനുമുമ്പ് പുറത്തുപോയി, തിരിച്ചു വന്നിട്ടില്ല. പശ്ചിമബംഗാളിൽ 42 വർഷത്തിനുമുമ്പ് പുറത്തുപോയി, തിരിച്ചു വന്നിട്ടില്ല. ത്രിപുരയിൽ 27 വർഷം മുമ്പ് പുറത്തുപോയി, തിരിച്ചുവന്നിട്ടില്ല. ആന്ധ്രാപ്രദേശിന്റെ ഒരു ഭാഗത്ത് തിരിച്ചുവന്നിട്ടില്ല. 35 വർഷത്തിനുമുമ്പ് ബീഹാറിൽനിന്നും പുറത്തുപോയി, തിരിച്ചുവന്നിട്ടില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും പ്രവർത്തിച്ചിരുന്നതും ശ്രീമതി സോണിയാ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയും പ്രവർത്തിക്കുന്നതുമായ ഉത്തർപ്രദേശിനകത്ത് ഏകദേശം 35 വർഷം മുമ്പ് പുറത്തുപോയി, തിരിച്ചുവന്നിട്ടില്ല. ജമ്മു കാശ്മീരിൽ കോൺഗ്രസ് അധികാരത്തിൽനിന്നും പുറത്തുപോയിട്ട് 32 വർഷമായി. ഹരിയാനയിൽ 21 വർഷം മുമ്പ് പുറത്തായി. രാജസ്ഥാനിലും ഛത്തീസ്ഗഢിലും

മധ്യപ്രദേശിലും തിരിച്ചുവന്നതിന്റെ അഹങ്കാരം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യയിൽ ഒറ്റയ്ക്ക് അധികാരത്തിൽ വരുമെന്ന് വെല്ലുവിളിച്ചുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധിയെ അവിടെനിന്നും കേരളത്തിൽ കൊണ്ടുവന്ന് ഇടതുപക്ഷത്തെ തകർത്ത് തരിപ്പണമാക്കി, ബി.ജെ.പി.-ക്ക് അവസരം ഒരുക്കിക്കൊടുത്ത്, രാഷ്ട്രീയം കളിച്ച കോൺഗ്രസിന്റെ എ.ഐ.സി.സി. പ്രസിഡന്റ് പറയുകയാണ്, എനിക്ക് ഇനി എ.ഐ.സി.സി. പ്രസിഡന്റ് സ്ഥാനം വേണ്ടെന്ന്. എന്താണ് അദ്ദേഹം പറഞ്ഞത്; രാജസ്ഥാനിലെ മുഖ്യമന്ത്രി മകനെ മത്സരിപ്പിച്ച് ആ മണ്ഡലത്തിൽ കേന്ദ്രീകരിച്ചു, ഛത്തീസ്ഗഢിലെ മുഖ്യമന്ത്രി മകനെ മത്സരിപ്പിച്ചു, മധ്യപ്രദേശിലെ മുഖ്യമന്ത്രി മകനെ മത്സരിപ്പിച്ചു. ഇന്ത്യയിലെ എ.ഐ.സി.സി. പ്രസിഡന്റ് ബി.ജെ.പി.-ക്കെതിരായ നിലപാട് സ്വീകരിക്കുമ്പോൾ ഒപ്പംനിന്നുപോകാൻ കഴിയാതെ മകനെ എം.പി. ആക്കാൻ വേണ്ടിയുള്ള നിലപാട് സ്വീകരിച്ച അവസരവാദ രാഷ്ട്രീയത്തിന്റെ കുപ്പായമിട്ടിട്ടുള്ള, ബി.ജെ.പി.-യുടെ കൂടാരത്തിലേയ്ക്ക് എപ്പോഴും വലിഞ്ഞുകയറാൻ നിൽക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനം, ഇന്ത്യയിലെ പ്രതിപക്ഷ സ്ഥാനമെങ്കിലും നേടാൻ കഴിയുന്ന രൂപത്തിലേയ്ക്ക് 45-ൽനിന്നും 10 സീറ്റുകൂടി അധികം നേടാൻ കഴിയാത്ത രൂപത്തിലേയ്ക്ക് തകർന്ന തരിപ്പണമായ കോൺഗ്രസാണ് ഇവിടെ സി.പി.ഐ.(എം.)-നെ പ്രതിരോധിക്കുന്നത്. ഞങ്ങളുടെ തെരഞ്ഞെടുപ്പ് പരാജയം; മഹാനായ ഇ.എം.എസ്. നേതൃത്വം നൽകിയ 1977-ലെ തെരഞ്ഞെടുപ്പിൽ 20 സീറ്റിലും ഇടതുപക്ഷം തോറ്റിട്ടുണ്ട്. 121 നിയമസഭാ മണ്ഡലങ്ങളിലും ഇടതുപക്ഷം തോറ്റിട്ടുണ്ട്. അന്ന് തിരുവിതാംകൂർ മേഖലയിൽനിന്ന് ആകെ ജയിച്ച് നിയമസഭാംഗമായത് സഖാവ് കല്ലറ വാസുദേവൻ പിള്ള മാത്രമാണ്. ഈ തെരഞ്ഞെടുപ്പുകൾകൊണ്ട് ഇടതുപക്ഷത്തെ പരാജയപ്പെടുത്താമെന്ന് കരുതണ്ട. ഇപ്പോൾ പോപ്പി കുടയുടെ ഒരു പരസ്യമുണ്ട്, 'സന്തോഷംകൊണ്ട് എനിക്ക് ഇരിക്കാൻ വയ്യേന്ന്'. മുസ്ലീം ലീഗുകാരെ സംബന്ധിച്ചിടത്തോളം ഇരിക്കണോ, കിടക്കണോ, ഓടണമോ എന്നറിഞ്ഞുകൂടാ. 3 സീറ്റ് കിട്ടിയിട്ടുണ്ട്. മുസ്ലീം ലീഗെന്ന പാർട്ടി എത്ര സീറ്റിൽ മത്സരിച്ചെന്ന് അറിഞ്ഞുകൂടാ. ഇന്ത്യാ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലായി മുസ്ലീം ലീഗ് 12 സീറ്റിൽ മത്സരിച്ചു. 3 സ്ഥലത്തേ ജയിച്ചുള്ളൂ. തമിഴ്നാട്ടിൽ ജയിച്ചതിൽ മുസ്ലീം ലീഗിന് സി.പി.ഐ.(എം.)-ന്റെ വോട്ടും കിട്ടിയിട്ടുണ്ട്. അതെല്ലാം നേടിയാണ് ജയിച്ചത്. നിങ്ങൾ അഹങ്കരിക്കണ്ട. കമ്മ്യൂണിസ്റ്റുകാർ ഈ രാജ്യത്തെ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ ഏറ്റെടുത്ത് പോരാട്ടം നടത്തി വലതുപക്ഷത്തെ കീഴ്പ്പെടുത്തിക്കൊണ്ട് ഇന്ത്യാ രാജ്യത്തിനകത്ത് ഇടതുപക്ഷത്തിന്റെ കൊടി ഉയർത്തിക്കൊണ്ടുവരുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്:</u> സർ, 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ഗതാഗതം, മത്സ്യബന്ധനം, വാഹന നികുതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഇവിടെ ബഹുമാന്യനായ കെ. ആൻസലൻ വളരെ രൂക്ഷമായി കോൺഗ്രസ്സിനെതിരെ സംസാരിക്കുകയുണ്ടായി. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് സ്വന്തം മണ്ഡലത്തിൽ 28000 വോട്ടിനാണ് നിങ്ങൾ പിന്നോട്ട് പോയിരിക്കുന്നതെന്നാണ്. ആ 28000 വോട്ട് എങ്ങനെയെങ്കിലും കവർ ചെയ്തെടുത്ത് സ്വന്തം നിലനിൽപ്പ് ആദ്യം നോക്കുക; എന്നിട്ടുമതി മറ്റുള്ളവരെ ഉപദേശിക്കുകയും വിമർശിക്കുകയും ചെയ്യുന്നത്. ഞങ്ങളുടെ കാര്യമൊക്കെ ഞങ്ങൾ നോക്കും. എ.ഐ.സി.സി. പ്രസിഡന്റ് രാജി വയ്ക്കുമെന്നൊക്കെ പറഞ്ഞു. നിങ്ങളുടെ സീതാറാം യെച്ചൂരി ഞാൻ രാജി വയ്ക്കാൻ തയ്യാറാണെന്ന് പറഞ്ഞില്ലേ? ആ മാന്യതപോലും ഇവിടത്തെ മുഖ്യമന്ത്രി കാണിക്കുന്നില്ലല്ലോ. ശ്രീ. രാഹുൽ ഗാന്ധി രാജിവയ്ക്കാമെന്ന് പറഞ്ഞത് അദ്ദേഹത്തിന്റെ ശുദ്ധമനഃസ്ഥിതിയും രാഷ്ട്രീയമായ അന്തസ്സും ഉയർത്തിക്കാണിച്ചുകൊണ്ടുള്ള പ്രവൃത്തിയാണ്.

കെ.എസ്.ആർ.ടി.സി. ഇന്ന് വളരെ ദയനീയമായ അവസ്ഥയിലാണ് ഇത്തവണ ഞങ്ങൾ വിചാരിച്ചു, എല്ലാം ശരിയാക്കുമെന്ന് പറഞ്ഞ് അധികാരത്തിലേറിയപ്പോൾ കെ.എസ്.ആർ.ടി.സി. ശരിയാക്കുമെന്ന്. കെ.എസ്.ആർ.ടി.സി.-യെ ഓരോ ദിവസം കഴിയുമ്പോഴും ശരിയാക്കിക്കൊ ണ്ടിരിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ചില വ്യക്തമായ കാര്യങ്ങൾ പറയാനുണ്ട്. എന്റെ മണ്ഡലത്തിൽ ഞാൻ രണ്ടാം വട്ടം എം.എൽ.എ. ആയപ്പോൾ ആദ്യം 5 കോടി രൂപ കൊടുത്തു. അവിടത്തെ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് വളരെ മോശമായി കിടക്കുന്നതിനാൽ നല്ല രീതിയിൽ നവീകരിച്ചുകൊണ്ടുവരാനാണ് 5 കോടി രൂപ കൊടുത്തത്. 3 വർഷം തികയാറായപ്പോഴാണ് അതിന്റെ പ്രവൃത്തി ടെണ്ടർ ചെയ്ത് മറ്റ് നടപടിയിലേയ്ക്ക് പോയത്. ഇപ്പോഴത്തെ എം.ഡി. അതിൽ ഇടപെട്ട് ഞങ്ങളുമായി സംസാരിച്ചതിനുശേഷം അതിന്റെ പ്രവൃത്തികളുമായി മുന്നോട്ടുപോകുന്നുണ്ട്. അത് നല്ല കാര്യം തന്നെയാണ്. കെ.എസ്.ആർ.ടി.സി. രക്ഷപ്പെടണം. എല്ലാവരും ജീവനക്കാരെ പുകഴ്ത്തിയൊക്കെ പറയുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരെക്കൊണ്ട് നല്ല രീതിയിൽ പണിയെടുപ്പിച്ചാൽത്തന്നെ രക്ഷപ്പെടാൻ സാധിക്കും. കാരണം, കഴിഞ്ഞ ദിവസം ഒരു കാര്യം അറിയാൻ സാധിച്ചു.

കെ.എസ്.ആർ.ടി.സി.-യിൽ ലീവെടുക്കുമ്പോൾ ഒരു ലീവ് ലെറ്റർപോലും കൊടുക്കാതെ ലീവിൽ പോകുന്ന സാഹചര്യമാണുള്ളത്. വേറെ ഏതെങ്കിലും ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിൽ ഇങ്ങനെയുണ്ടോ, ഇല്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പരിശോധിക്കുന്നത് നല്ലതെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. കേരളത്തിലെ പൊതുഗതാഗതം വലിയ പ്രതിസന്ധി നേരിടുകയാണ്. കെ.എസ്.ആർ.ടി.സി. രക്ഷപ്പെടണമെന്ന് ആരെങ്കിലും പറഞ്ഞാൽ അയാൾക്ക് വട്ടാണെന്നാണ് ജനങ്ങൾ പറയുക. കാരണം, ജനം ഇതിലുള്ള പ്രതീക്ഷ അത്രമാത്രം കൈവിട്ടിരിക്കുകയാണ്. അത്രയേറെ പരിതാപകരമായ കാര്യമാണ്. സംസ്ഥാനത്തെ പൊതുഗതാഗത രംഗം പാടെ തകർന്നിരിക്കുകയാണ്. കേരളത്തിലെയും കേരളത്തിന് പുറത്തെയും നഗരങ്ങളിൽ എത്തിച്ചേരാൻ ആളുകൾ ഇന്ന് സ്വകാര്യ ബസ്സുകളെ ആശ്രയിക്കുന്നു. കല്ലട ബസ്സിന്റെ ഉടമസ്ഥനെപ്പോലൊരു കുത്തക മുതലാളിക്ക് പാതിരാത്രിയിൽ ഗുണ്ടായിസം കാണിക്കാൻ പ്രേരണയും പ്രോത്സാഹനവും നൽകുന്നത് ഇതാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കാരണം, കെ.എസ്.ആർ.ടി.സി.-യിലെ കെടുകാര്യസ്ഥതയാണ്. അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും സംസ്ഥാനത്തെ വിവിധ നഗരങ്ങളിലേയ്ക്കും സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ് മുതലാളിമാരോട് മത്സരിക്കാനുള്ള ശക്തിപോലും കെ.എസ്.ആർ.ടി.സി.-യിലെ കെടുകാര്യസ്ഥതമൂലം ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഒരു മാറ്റമെന്ന പേരിൽ കൊണ്ടുവന്ന കെ.എസ്.ആർ.ടി.സി.-യുടെ മിന്നൽ ബസ്സുകൾ നിർത്തലാക്കിയെന്നാണ് അറിയാൻ കഴിയുന്നത്. സ്കാനിയ ബസ്സുകളും ഇപ്പോൾ ഓടുന്നില്ല. തിരുവനന്തപുരത്തുനിന്നും 3 മണിക്കൂർകൊണ്ട് എറണാകുളത്ത് എത്താൻ കഴിയുന്ന മിന്നൽ ബസ്സുകൾ ജനങ്ങൾക്ക് അനുഗ്രഹമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. രാത്രി 8.30 കഴിഞ്ഞാൽ കേരളത്തിന്റെ തലസ്ഥാനത്തുനിന്നും വടക്കോട്ട് ഒറ്റ ട്രെയിനും ഓടുന്നില്ലെന്ന് ഓർക്കണം. കല്ലടയെപ്പോലുള്ള സ്വകാര്യ മുതലാളിമാർ ഈ അവസരം മുതലെടുത്ത് കേരളത്തിന് പുറത്തേയ്ക്കും അകത്തേയ്ക്കുമൊക്കെ സർവ്വീസ് നടത്തി ജനങ്ങളെ പിഴിയുകയാണ്. ബാംഗ്ലൂർ, ചെന്നൈ പോലുള്ള നഗരങ്ങളിലേയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ആയിരക്കണക്കിന് മലയാളികളാണ് ഈ നഗരങ്ങളിലേയ്ക്ക് ദിവസേനയെന്നോണം യാത്ര ചെയ്യുന്നത്. അവിടെയെല്ലാം ട്രാൻസ്പോർട്ടിന്റെ ഗുണ്ടാമുതലാളിമാരുടെ ദയാദാക്ഷിണ്യത്തിന് സർക്കാർ വിട്ടുകൊടുക്കുകയാണെന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇവിടെ കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ശ്രീ. അൻവർ സാദത്ത് പറഞ്ഞത് കെ.എസ്.ആർ.ടി.സി. നന്നാവുമെന്ന് പറയുന്നത് ആരെങ്കിലും കേട്ടാൽ പറയുന്ന ആളിന് കുഴപ്പമുണ്ടെന്ന് തോന്നും എന്നത് സത്യമാണ്. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴുള്ള പ്രശ്നം എല്ലാ റൂട്ടുകളും വെട്ടിച്ചുരുക്കുകയാണ് എന്നുള്ളതാണ്. ഒരുദാഹരണം പറയാം, പെരുമ്പാവൂരും ആലുവയും അടുത്തടുത്താണ്. പെരുമ്പാവൂർ ഡിപ്പോയിൽനിന്നും രാവിലെ പുറപ്പെടുന്ന രണ്ട് സൂപ്പർഫാസ്റ്റ് ബസ്സുകൾ തൃശ്ശൂരിലേയ്ക്ക് കൊണ്ടുപോയി. അതുപോലെ മൂവാറ്റുപുഴ ഡിപ്പോയിൽനിന്നും മറ്റ് ഡിപ്പോകളിൽ നിന്നുമെല്ലാം ബസ്സുകൾ പല സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോയി. അത് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് ബസ്സുകൾ ഒരു മാസത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ കൊണ്ടുപോയതെന്നാണ്. രണ്ട് ബസ്സുകൾ തൃശ്ശൂരിൽനിന്നും പെരുമ്പാവൂർ വഴി തിരുവനന്തപുരത്തേയ്ക്ക് എത്തിക്കൊണ്ടിരുന്നതാണ്. പെരുമ്പാവൂരിൽനിന്നും നാല് മണിക്കും അഞ്ച് മണിക്കും പുറപ്പെട്ടിരുന്ന ബസ്സുകളിൽ നിറയെ ആളുകളുണ്ടായിരുന്നു. തൃശ്ശൂരിൽ കൊണ്ടുപോയതിനുശേഷം അവിടെനിന്നും ആ വണ്ടി സമയത്ത് പുറപ്പെടുകയുമില്ല.

<u>മി. സ്പീക്കർ</u> : അങ്ങ് ചുരുക്കിപ്പറയൂ.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ പറയട്ടെ, അദ്ദേഹം വഴങ്ങിയതാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് വല്ല കുഴപ്പമുണ്ടോ, ഞാൻ ഇരിക്കണമോ?

<u>മി. സ്പീക്കർ</u>: അങ്ങനെ വഴങ്ങിത്തന്നാൽ ദീർഘമായ പ്രസംഗം നടത്താൻ കഴിയുമോ? അങ്ങേയ്ക്ക് അതിൽ ഇടപെട്ടുകൊണ്ട് ഒരു ചോദ്യം ചോദിക്കാനേ കഴിയൂ. ഒരാൾക്ക് കൊടുത്ത പ്രസംഗത്തിൽ മറ്റൊരു അംഗത്തിന് പ്രസംഗം നടത്താൻ കഴിയുമോ? അങ്ങനെയുള്ള ചട്ടമൊന്നുമില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അദ്ദേഹം വഴങ്ങിത്തന്നാൽ പിന്നെയെന്താണ് പ്രശ്നം? ഞാൻ കാര്യം പറയാം, അതിനുശേഷം ഈ ബസ് വരുന്നില്ലെന്നുമാത്രമല്ല, മറ്റ് ഡിപ്പോയിലേയ്ക്ക് മാറ്റുകയും ചെയ്തു. ഇങ്ങനെയുള്ള പ്രശ്നങ്ങൾ എറണാകുളം ജില്ലയിൽ പലയിടത്തുമുണ്ട്. ഇത് ഞാൻ അദ്ദേഹവുമായി സംസാരിച്ച വിഷയമാണ്. ഇക്കാര്യത്തിൽ അങ്ങയുടെ മണ്ഡലത്തിലും ഇടപെട്ടിട്ടുണ്ടോയെന്നാണ് അറിയേണ്ടത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, എല്ലാ മണ്ഡലങ്ങളിലും പലപ്പോഴും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ട്രിപ്പുകൾ വെട്ടിക്കുറയ്ക്കുന്നു, നിരന്തരം ഷെഡ്യൂളുകൾ മുടങ്ങുന്നതുപോലുള്ള സംഭവങ്ങൾ യാത്രക്കാരെയും പൊതുസമൂഹത്തെയും അലട്ടുന്ന വലിയ പ്രശ്നമാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതിൽ ഒരു യഥാർത്ഥ്യമുണ്ട്. കെ.എസ്.ആർ.ടി.സി. കൊട്ടുംകുരവയുമായി ആരംഭിച്ച പതിനഞ്ചോളം ഇലക്ട്രിക് ബസ്സുകളുണ്ട്. ഇപ്പോൾ ആ പതിനഞ്ചെണ്ണവും കട്ടപ്പുറത്താണ്. ആദ്യ ഓട്ടത്തിൽത്തന്നെ വൈദ്യുതിചാർജ് തീർന്ന് ബസ്സുകൾ റോഡിൽ കിടക്കേണ്ടതായിവന്നു. ഇലക്ട്രോ ഗ്രീൻടെക് എന്ന സ്വകാര്യ കമ്പനിയുടെ ബസ്സുകളായിരുന്നു ഇതെല്ലാം. കമ്പനിക്ക് വാടക കൊടുത്തില്ലെന്ന് പറഞ്ഞാണ് ബസ്സുകൾ നിർത്തിയത്. ദീർഘവീക്ഷണത്തോടു കൂടിയല്ലാത്ത നടപടികളാലാണ് ഇങ്ങനെയുള്ള പ്രശ്നങ്ങളിൽപ്പെട്ട് നിർത്തലാക്കേണ്ട സാഹചര്യമുണ്ടാകുന്നത്. അതുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടി നമുക്ക് മുന്നോട്ടുപോകാൻ സാധിക്കണം.

കേരളത്തിലെ മത്സ്യബന്ധന മേഖലയാകെ വറുതിയുടെ പിടിയിലാണ്. തീരപ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണമാണുള്ളത്. കാലവർഷം ആരംഭിച്ചതോടുകൂടി തീരദേശ മേഖലയിലെ ആളുകളുടെ നിലവിളികൾ ഉയരുന്നതായിട്ടാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കടലാക്രമണം തടയാൻ ഈ സർക്കാർ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. കടലിൽ കല്ലിടുന്ന ഏർപ്പാട് ഇനി വേണ്ടെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തോമസ് ഐസക് പറയുന്നത്. അതുകൊണ്ട് പലയിടത്തും പുലിമുട്ടുകളും കടൽ ഭിത്തികളും ഇല്ലാത്ത അവസ്ഥയാണുള്ളത്. കിടപ്പാടം കടലെടുത്തുകൊണ്ടുപോകുമ്പോൾ നിലവിളികളോടെ അത് കണ്ടുനിൽക്കാനേ മത്സ്യത്തൊഴിലാളികൾക്ക് കഴിയുന്നുള്ളൂ. നമ്മുടെ മത്സ്യത്തൊഴിലാളികളോട് കേരളം എന്നും കടപ്പെട്ടിട്ടുള്ളതാണ്. പ്രളയ ദുരന്തമുണ്ടായ സന്ദർഭത്തിൽ ഞങ്ങളൊക്കെ വിറങ്ങലിച്ചുനിന്നപ്പോൾ, വലിയ പ്രയാസത്തിലായപ്പോൾ ആ മത്സ്യത്തൊഴിലാളികളാണ് ഞങ്ങളുടെ പ്രദേശത്ത് വന്ന് പാവപ്പെട്ട ജനങ്ങളെ രക്ഷപ്പെടുത്തിയതെന്നത് നമുക്കെല്ലാവർക്കുമറിയാം. കടലാക്രമണമുണ്ടായ സ്ഥലങ്ങളിൽ ദുരന്തമനുഭവിക്കുന്നവരെ കാണുന്നതിനായി ഞങ്ങളുടെ പ്രിയപ്പെട്ട എം.പി.-മാരായ ശ്രീ. ഹൈബി ഈഡനും ശ്രീ. ബെന്നി ബെഹനാനുമടക്കമുള്ളവർ ചെന്നപ്പോൾ അവരോട് പറഞ്ഞ വികാരം അവർ ഞങ്ങളോട് പങ്കുവയ്ക്കുന്ന ഒരു സാഹചര്യമുണ്ടായി. കഴിഞ്ഞ ദിവസം എറണാകുളം ജില്ലാ കളക്ടർ ചെല്ലാനത്തെ ദുരന്തമേഖലയിൽ പോയപ്പോൾ പ്രദേശവാസികൾ ജില്ലാ കളക്ടറോട് തട്ടിക്കയറുന്ന ഒരു സാഹചര്യമുണ്ടായി. വെറുതെയല്ല, അവരുടെ പ്രയാസം കൊണ്ടാണ് ഇവിടെ ചില

പ്രദേശങ്ങളിൽ അവർക്ക് കടൽഭിത്തി നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ആ കടൽഭിത്തി എല്ലാ വർഷവും യഥാസമയം മെയിന്റനൻസ് ചെയ്യാത്തതിന്റെ ഭാഗമായിട്ടാണ് തകർന്നുപോയത്. അതുകൊണ്ട് എല്ലാ വർഷവും യഥാസമയം കടൽഭിത്തി മെയിന്റനൻസ് ചെയ്യാനുള്ള സാഹചര്യമുണ്ടാകണമെന്ന് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. എല്ലാ രീതിയിലും മത്സ്യത്തൊഴിലാളികളെ വലിയ പ്രയാസത്തിലാക്കുന്നു. പ്രളയം വന്നപ്പോൾ ഞങ്ങളോട് പറഞ്ഞത്, ആശങ്ക വേണ്ടെന്നാണ്. ഞങ്ങളും എല്ലാവരോടും പറഞ്ഞു ആശങ്ക വേണ്ടെന്ന്. അവസാനം കഴുത്തിനൊപ്പം വെള്ളം ഉയർന്നപ്പോഴാണ് ആശങ്കയെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. അന്ന് പ്രളയം കഴിഞ്ഞപ്പോൾ ഗവൺമെന്റ് പല കാര്യങ്ങളും പറഞ്ഞു. ഇന്നും ആലുവയിലുള്ള ഞങ്ങളുടെ പ്രദേശങ്ങളിൽ പ്രളയ ദുരന്തത്തിൽ പ്രയാസപ്പെടുന്ന ആളുകളുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. എസ്. ശർമ്മയുടെ സബ്മിഷനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, പ്രളയ ദുരന്തത്തിൽപ്പെട്ടവരുടെ വീടുകൾക്ക് സഹായം നൽകുന്നതിനായി വീണ്ടും അപേക്ഷ സ്വീകരിക്കുമെന്നാണ്. പ്രളയ ദുരന്തത്തിൽപ്പെട്ട് തകർന്ന വീടുകൾക്കുള്ള അപേക്ഷ ഇന്നും പഞ്ചായത്തുകളിലും വില്ലേജുകളിലും ലഭിക്കുന്നുണ്ട്. അതിന് ഒരു അറിയിപ്പോ ഒരു ഓർഡറോ ഉണ്ടായിട്ടില്ല. അവിടെ പ്രളയത്തിൽപ്പെട്ട് വീടുകളുൾപ്പെടെ എല്ലാം നഷ്ടപ്പെട്ട ആളുകളുണ്ട്. വീണ്ടും അപേക്ഷകൾ സ്വീകരിക്കുമെന്ന് പറയുന്നതല്ലാതെ അതിനുള്ള ഒരു ഡയറക്ഷൻ കൊടുക്കുകയോ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് പ്രളയ ദുരന്തത്തിൽപ്പെട്ടവരെ വേണ്ടവിധം സംരക്ഷിക്കണം. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് എന്താണ് സംഭവിച്ചത്? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സംഭവിച്ചത് വിശ്വാസികൾക്കെതിരെയുള്ള പ്രശ്നം. ഈ പ്രളയ ദുരന്തത്തിൽ ജനങ്ങളോട് കാണിച്ച മുഖംതിരിഞ്ഞ സമീപനത്തോടുള്ള ശക്തമായ തിരിച്ചടിയാണ് നിങ്ങൾക്ക് ഈ തെരഞ്ഞെടുപ്പിൽ കിട്ടിയതെന്ന് മനസ്സിലാക്കാൻ സാധിക്കും. എന്റെ നിയോജകമണ്ഡലത്തിൽ 32000 വോട്ടിന്റെ ഭൂരിപക്ഷം കിട്ടി. എല്ലാ വിഭാഗത്തിൽപ്പെടുന്ന ആളുകളുടെയും വോട്ട് ഞങ്ങൾക്ക് കിട്ടി. നിങ്ങളുടെ ഗവൺമെന്റിനെതിരെ ശക്തമായ എതിർപ്പാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഒന്ന് വിശ്വാസി സമൂഹം എതിരായി, മറ്റൊന്ന് പ്രളയ ദുരന്തത്തിൽപ്പെട്ടവർ എതിരായി. എല്ലാ രീതിയിലും ജനങ്ങൾ എതിരായിട്ടും ഇപ്പോൾ പറയുന്നത് ഞങ്ങൾ ബി.ജെ.പി.-ക്കെതിരെ ശക്തമായ പ്രവർത്തനം നടത്തിയതിന്റെ റിസൾട്ടാണ് നിങ്ങൾക്ക് കിട്ടിയതെന്ന്. എന്താണ് നിങ്ങൾ പറയുന്നത്? 'നിങ്ങൾ ശക്തമായി പ്രവർത്തിച്ചതിന്റെ റിസൾട്ട് എന്ന പ്രതിഭാസം', ഈ പ്രതിഭാസം ഞങ്ങൾ ആദ്യമായിട്ടാണ് കേൾക്കുന്നത്. സാധാരണ മറ്റ് പല ന്യായീകരണങ്ങളാണ്

പറയുന്നത്. ഇത് വേറെ ഒരു ന്യായീകരണവുമില്ലാത്തതിനാൽ നിങ്ങൾ പ്രവർത്തിച്ചതുകൊണ്ട് ഞങ്ങൾ ജയിച്ചുവെന്ന് പറഞ്ഞാൽ ഞങ്ങൾക്കാർക്കും മനസ്സിലാകുന്നില്ല. ഇങ്ങനെയുള്ള മുടന്തൻ ന്യായങ്ങൾ പറഞ്ഞ് നിങ്ങളുടെ അണികളെ പിടിച്ചു നിർത്താനാണെന്ന് മനസ്സിലാക്കാൻ സാധിക്കും. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കേണ്ടത് കമ്മ്യൂണിസ്റ്റ് പാർട്ടി ഇനിയും പല കാര്യങ്ങളും ചിന്തിക്കാനും പ്രവർത്തിക്കാനുമുണ്ട്, നിങ്ങൾ പറഞ്ഞ കാര്യങ്ങളിൽതന്നെ ഉറച്ചുനിൽക്കാതെ, ജനങ്ങളെ മനസ്സിലാക്കി മുന്നോട്ടുപോയില്ലെങ്കിൽ ഒരു സംശയവും വേണ്ട, ഇനിയും നിങ്ങൾ ദയനീയാവസ്ഥയിലേയ്ക്ക് പോകും. ശബരിമല വിഷയത്തിൽ നിങ്ങൾ വിചാരിച്ചു, ഇവിടെ ബി.ജെ.പി.-ക്ക് കൊയ്ത്തുണ്ടാകും, ഇതോടെ കോൺഗ്രസിന്റെ കാര്യം തീർന്നുവെന്ന്. പക്ഷെ നേരെ തിരിച്ചാണ് സംഭവിച്ചത്. നിങ്ങളുടെ വോട്ടുകൾക്കാണ് ഏറെ നഷ്ടമുണ്ടായത്. എന്റെ മണ്ഡലത്തിൽ ശ്രീ. ബെന്നി ബെഹനാൻ നന്ദി പറയാൻ വന്നപ്പോൾ ഈ വിഷയവുമായി ബന്ധപ്പെട്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹപ്രവർത്തകരായ, ഡി.വൈ.എഫ്.ഐ. പ്രവർത്തകരാണ് പല സ്ഥലങ്ങളിലും പൂച്ചെണ്ടുകൾ കൊടുത്തത്. അതുകൊണ്ട് നിങ്ങൾ ഞങ്ങളെ കുറ്റം പറയാതെ സ്വയം നന്നാകാനും നിങ്ങളുടെ തെറ്റുകൾ തിരുത്തുവാനും തയ്യാറാകണം. അതല്ലാതെ ശ്രീ. രാഹുൽ ഗാന്ധിയെയും ഞങ്ങളുടെ മറ്റ് നേതാക്കന്മാരെയുമൊക്കെ കുറ്റപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാതിരിക്കുന്നതാണ് നല്ലത് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാരോടും ആദ്യമായി എന്റെ നന്ദി അറിയിക്കുകയാണ്. മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചകളിൽ കെ.എസ്.ആർ.ടി.സി.-യിൽ മാത്രമായി ആ ചർച്ച പരിമിതപ്പെട്ടുപോയി എന്ന ഒരു പരിഭവം മാത്രം ഞാൻ നിങ്ങളെയെല്ലാവരെയും അറിയിക്കുന്നു.

2016 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ സെക്രട്ടേറിയറ്റിനുമുന്നിൽ കെ.എസ്.ആർ.ടി.സി.-യുടെ 30000-ത്തോളം പെൻഷൻകാർ സത്യാഗ്രഹം നടത്തിയിരുന്നു. ആ പെൻഷൻകാരോട്, കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുമെന്നും ഒരു മികച്ച സ്ഥാപനമാക്കി മാറ്റുമെന്നൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല; ഞങ്ങൾ അവരോട് നിങ്ങളുടെ പെൻഷൻ മുടങ്ങാതെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. പ്രോഗ്രസ് റിപ്പോർട്ട് കയ്യിലുള്ളവർ ആ ഭാഗമൊന്ന് വായിച്ചുനോക്കുന്നത് നന്നായിരിക്കും.

ഇവിടെ സൂചിപ്പിച്ചതുപോലെ പെൻഷൻ തുക സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് മുടങ്ങാതെ കൊടുത്തുകൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ചിടത്തോളം അതൊരു വലിയ നേട്ടമായി കാണുകയാണ്. കാരണം, 30000-ത്തോളം പെൻഷൻ പറ്റിയ ജീവനക്കാരുടെ ജീവൽപ്രശ്നത്തിനാണ് ശാശ്വതമായ പരിഹാരമുണ്ടാക്കിയത്. അവിടെനിന്നാണ് ഞങ്ങൾ തുടങ്ങുന്നത്. കടബാധ്യത സംബന്ധിച്ച് ശ്രീ. എം. വിൻസെന്റ് ഇവിടെ സംസാരിക്കുകയുണ്ടായി. കടബാധ്യത ഉണ്ടായിട്ടുണ്ട്, അത് ശരിയാണ്. സാമ്പത്തിക ശാസ്ത്രത്തിന്റെ എ, ബി, സി, ഡി അറിയുന്ന എല്ലാവർക്കും അതറിയാം. അതായത്, 100 കോടി രൂപ കടം വാങ്ങിയാൽ 12 കൊല്ലമാകുമ്പോൾ അത് 500 കോടി രൂപയാകും. വെറുതെ കിട്ടുന്നതല്ലല്ലോ; കടമെന്നത് പലിശയ്ക്കാണ്, പലിശയ്ക്ക് കടം വാങ്ങിയാണ് ശമ്പളം കൊടുത്തുകൊണ്ടിരുന്നത്. വലിയ നേട്ടമാണെന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല, പക്ഷേ ഇപ്പോൾ കടം വാങ്ങിക്കാതെയാണ് ശമ്പളം കൊടുക്കുന്നത്. ഇതൊരു നേട്ടമൊന്നും ആയിരിക്കില്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് 'മാതൃഭൂമി'യെ കൂട്ടുപിടിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. 'മാതൃഭൂമി' സദുദ്ദേശ്യത്തോടെയാണ് പറഞ്ഞത്. എന്നാൽ അത് അടച്ചുപൂട്ടുന്നതാണ് നല്ലതെന്ന വാദം അദ്ദേഹം ഏറ്റെടുത്ത് ഇവിടെ പറഞ്ഞത് കഷ്ടമായിപ്പോയി എന്നേ ഞാൻ പറയുകയുള്ളൂ.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാനും സദുദ്ദേശ്യത്തോടെയാണ് പറഞ്ഞത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, സദുദ്ദേശ്യത്തോടെയാണെന്ന് ഒരു എം.എൽ.എ. പറഞ്ഞാൽ അത് അംഗീകരിക്കുകയല്ലാതെ അതിനോട് എന്തിനാണ് ഏറ്റുമുട്ടാൻ നിൽക്കുന്നത്; അങ്ങ് പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. സദുദ്ദേശ്യമായാൽ മതി. കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് 'മാതൃഭൂമി' അത് പറഞ്ഞത്. ആര് നടത്തിയ നിയമനങ്ങളെ സംബന്ധിച്ചാണ് കോടതി അങ്ങനെ പറഞ്ഞത്; പിൻവാതിൽ നിയമനം എന്ന് ആരാണ് പറഞ്ഞത്; ഏത് കാലത്താണ്; ഞങ്ങൾ ഒരു പിൻവാതിൽ നിയമനമെങ്കിലും നടത്തിയിട്ടുണ്ടോ; 'മാതൃഭൂമി'യുടെ മുഖപ്രസംഗത്തിന് ആധാരമായത് കോടതി പറഞ്ഞതാണല്ലോ; പിൻവാതിൽ നിയമനമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ് കോടതി പറഞ്ഞത്. അങ്ങനെയാണ് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലായതും കെടുകാര്യസ്ഥതയിലേയ്ക്ക് എത്തിയതും. എന്നാണത്; അന്നത്തെ മന്ത്രിസഭയിലെ

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് ഇരുന്നത് ഇപ്പോൾ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇരിക്കുന്ന കസേരയിലാണ്. ഇത് നന്നാവില്ലെന്ന് ഇവിടെനിന്ന് ശപിച്ചത് അദ്ദേഹമാണ്. ആ ശാപവാക്കുകൾ ഏറ്റെടുത്തുകൊണ്ടാണോ തുടർന്ന് നമ്മൾ സഞ്ചരിക്കേണ്ടത്; അതല്ല, പ്രതീക്ഷാനിർഭരമായ ഒരു നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് കഴിയാവുന്ന കാര്യങ്ങൾ ചെയ്ത് ഈ സ്ഥാപനത്തെ മെച്ചപ്പെടുത്തുകയാണോ ചെയ്യേണ്ടത്; ഏതാണ് വേണ്ടത്; നിങ്ങൾ പറഞ്ഞതുപോലെ ചെയ്യാം. ഇത് നന്നാവില്ലെന്നുപറഞ്ഞ് ഇട്ടെറിഞ്ഞ് പോവുകയാണോ വേണ്ടത്; നന്നാക്കാൻ നമ്മൾ ശ്രമിക്കുകയാണ്. അതാണ് കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

മിന്നൽ ബസ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് ശ്രീ. അൻവർ സാദത്ത് പറയുകയുണ്ടായി. അദ്ദേഹം ഒരു കാര്യം പറഞ്ഞു. പക്ഷേ ഞാനത് സന്തോഷത്തോടുകൂടി നിരസിക്കുന്നു. ലീവ് ലെറ്റർ പോലും കൊടുക്കാതെ ലീവെടുത്ത് സ്വന്തം കാര്യങ്ങൾ നോക്കുന്ന ജീവനക്കാരാണ് കെ.എസ്.ആർ.ടി.സി.-യിലുള്ളതെന്ന അദ്ദേഹത്തിന്റെ പരാമർശം ഞാൻ അംഗീകരിക്കുന്നില്ല. അത്തരത്തിലുള്ള ജീവനക്കാർ പറഞ്ഞുതരുന്ന കണക്കനുസരിച്ചാണ് ഇവിടെ സംസാരിക്കുന്നതെങ്കിൽ അത് ഖേദകരമാണ്. അങ്ങനെ ചെയ്യാൻ പാടില്ല. ഡിപ്പോയിലെ ഉദ്യോഗസ്ഥർ വന്നുപറയുന്ന കാര്യമനുസരിച്ച് എം.എൽ.എ.-മാർ ദയവായി സംസാരിക്കരുതെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ ആലുവ ബസ് സ്റ്റാന്റിന്റെ മുൻപിൽ 15 മിനിട്ട് നിന്നാൽ ഒരാൾക്ക് തിരുവനന്തപുരത്തേയ്ക്കും തൃശ്ശൂരിലേയ്ക്കും ബസ് കിട്ടും. തിരുവനന്തപുരത്തുനിന്ന് തൃശ്ശൂരിലേയ്ക്ക് എം.സി. റോഡ് വഴിയും എൻ.എച്ച്. വഴിയും 15 മിനിട്ട് ഇടവിട്ട് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ എന്നുള്ളത് പരിശോധിച്ച് പറയണം. അങ്ങനെ ചെയ്യുന്നുണ്ട്. എന്തുകൊണ്ടാണ് അങ്ങനെ വേണ്ടിവന്നത്; ഓരോ പ്രാദേശിക പ്രദേശങ്ങളിൽനിന്നും തിരുവനന്തപുരത്തേയ്ക്കോ തൃശ്ശൂരിലേയ്ക്കോ ഗുരുവായൂരിലേയ്ക്കോ ബസ് വേണമെന്ന് പറയും. പിന്നീട് അത് കോൺവോയ് ആയാണ് ഓടുന്നത് എന്ന് നിങ്ങളിൽ പലരും പരാതി പറഞ്ഞിട്ടുണ്ട്. എം.സി. റോഡിലോ എൻ.എച്ച്.-ലോ നിന്നാൽ അഞ്ചും ആറും ബസ്സുകൾ കോൺവോയ് ആയി പോകുന്നു, നാലും അഞ്ചും യാത്രക്കാരുമായി പോകുന്നു. റൂട്ടുകൾ ക്രമീകരിക്കലാണ് ഈ പ്രശ്നത്തിന് പരിഹാരം. അതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ പിന്തുണയോടുകൂടിയാണ് ആ ക്രമീകരണ നടപടികൾ ആരംഭിച്ചിട്ടുള്ളത്. 5200

ബസ്സുകൾ ഓടിയ സമയത്തെ കണക്ക് ഇവിടെ പറഞ്ഞു. 4100 ബസ്സുകൾ ഓടിയപ്പോൾ 6.50 കോടി രൂപയാണ് പ്രതിദിന വരുമാനം. വരുമാനം വർദ്ധിപ്പിക്കാൻ ശാസ്ത്രീയമായ പുനഃസംവിധാനമാണ് കെ.എസ്.ആർ.ടി.സി. നടത്തിക്കൊണ്ടിരിക്കുന്നത്.

അന്തർസംസ്ഥാന സർവ്വീസുകൾ സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിനും ശ്രീ. അൻവർ സാദത്തും പറയുകയുണ്ടായി. പ്രസ്തുത വിഷയം സംബന്ധിച്ച് തമിഴ്നാടുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ട്. എറണാകുളത്തുനിന്നും തിരുവനന്തപുരത്തുനിന്നും ചെന്നൈയിലേയ്ക്കുള്ള സർവ്വീസുകൾ ആരംഭിക്കുന്നതാണ്. കമ്പം, തേനി മേഖലയിലും തമിഴ്നാടുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകൾ ആരംഭിക്കുന്നുണ്ട്.

പിന്നെയുള്ളത് സാമ്പത്തിക ബാധ്യതയെ സംബന്ധിച്ചാണ്. അത് കൂടിയിട്ടുണ്ടെന്ന കാര്യം നിഷേധിക്കുന്നില്ല. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്താൻ ശ്രമിക്കുകയാണ്. രണ്ടുമൂന്ന് പ്രശ്നങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉൾനാടൻ മേഖലകളിലേയ്ക്ക് പോകുന്ന പല സർവ്വീസുകളും നിർത്തലാക്കിയിട്ടുണ്ടെന്നത് ഒരുപരിധിവരെ ശരിയാണ്. രാവിലെയും വൈകുന്നേരവും മാത്രം ആളുകളെ കിട്ടുന്ന സർവ്വീസാണത്. അങ്ങനെ വരുമ്പോൾ, മൂന്ന് ഡ്യൂട്ടിയും ഡീസൽ ചെലവും കഴിഞ്ഞാൽ ഡീസൽ അടിക്കാൻപോലും കാശില്ലാത്ത സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്. എന്നാൽ, മറ്റ് സർവ്വീസുകളൊന്നും ഇല്ലാത്ത പ്രദേശങ്ങളിൽ പുനഃപരിശോധിക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, നാട്ടിൻപുറമൊന്നുമല്ലാത്ത സ്മാർട്ട് സിറ്റിയും ഇൻഫോപാർക്കുമുള്ള എറണാകുളം സിറ്റിയിലെ തൃക്കാക്കര നിയോജക മണ്ഡലത്തിൽ നല്ല ലാഭമാണ്. അവിടെ ധാരാളം ബസ്സുകൾ നിർത്തി. അവ പുനഃസ്ഥാപിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന മേഖലകളിൽ ഏതെങ്കിലും സ്ഥലത്ത് സർവ്വീസ് നിർത്തിയിട്ടുണ്ടെങ്കിൽ അത് പുനഃപരിശോധിച്ച്, ശാസ്ത്രീയമായ റൂട്ട് ട്രാഫിക് സർവ്വേ നടത്തിയതിനുശേഷം മാത്രമേ ഇനി പുതിയ സർവ്വീസുകൾ തുടങ്ങുകയുള്ളൂ.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, 15 മിനിട്ട് ഇടവിട്ട് ആലുവയിൽനിന്ന് വാഹനമുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. ഞാൻ പെരുമ്പാവൂരിന്റെ എം.എൽ.എ. ആയതുകൊണ്ട് ഇടയ്ക്ക് ഇക്കാര്യം ഇവിടെ

ഉന്നയിച്ചതാണ്. പെരുമ്പാവൂരിൽനിന്ന് രാവിലെ നാല് മണിക്കും അഞ്ച് മണിക്കും ഓരോ ബസ്സുകൾ ഉണ്ടായിരുന്നു. ഈ വണ്ടി രണ്ടും തൃശ്ശൂരിലേയ്ക്ക് കൊണ്ടുപോയി. അന്ന് ഞാൻ എല്ലാവരോടും പറഞ്ഞതാണ്, തൃശ്ശൂരിൽനിന്നും ഈ വണ്ടി നേരത്തെ വരും, കൃത്യസമയത്ത് ഇവിടെയെത്തുമായിരുന്നു. ഇപ്പോൾ വണ്ടി സമയത്തെത്തുന്നില്ല. ആ വണ്ടി മാറ്റി; ചെറിയ വണ്ടികളെല്ലാം പ്രശ്നമാണ്. ധാരാളം സ്ഥലങ്ങളിൽ വണ്ടികൾ നിർത്തലാക്കുകയും ചെയ്തു.

മി. സ്പീക്കർ: ഓരോ ഡിപ്പോയിലേയും വണ്ടികളുടെ കണക്ക് ഇപ്പോൾ അദ്ദേഹത്തിന് പറയാൻ സാധിക്കുമോ; അങ്ങനെയൊരു ചർച്ചയിലേയ്ക്ക് പോകേണ്ടതില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എല്ലാ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും ഡിപ്പോകൾ ഉള്ളതുകൊണ്ട് എല്ലാവർക്കും പറയാനുണ്ടാകും. ക്രമീകരണത്തിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അതൊക്കെ പരിശോധിച്ചതിനുശേഷം പരിഷ്കരിക്കാം. അത് മാത്രമേ ചെയ്യുകയുള്ളൂ. നമുക്കിതുവരെ കിട്ടിയ വരുമാനം പരിശോധിച്ച് അതുംകൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ സർവ്വീസുകൾ നടത്തുകയുള്ളൂ, അതാണ് നിലപാട്. മറ്റൊന്ന്, ഇലക്ട്രിക് ബസുകൾ വാടകയ്ക്കെടുത്തതും ഓടിച്ചതും സംബന്ധിച്ചാണ്. അന്തർസംസ്ഥാന റൂട്ടുകളിലേയ്ക്ക് ബസ്സുകൾ ഓടുന്നത് സംബന്ധിച്ച് ഇവിടെ ശ്രീ. എം. വിൻസെന്റ് ദുഃസൂചനയോടെയാണ് പറഞ്ഞത്. വാടകയ്ക്കെടുത്ത 10 ബസ്സുകളും ലാഭകരമായിത്തന്നെയാണ് അന്തർസംസ്ഥാന റൂട്ടുകളിൽ സർവ്വീസ് നടത്തുന്നത്. എന്നാൽ ഇ-വെഹിക്കിൾ പോളിസിയിലേയ്ക്ക് സർക്കാർ മാറിയപ്പോൾ പരീക്ഷണാർത്ഥം അത് നടത്തണം. അനുഭവത്തിൽനിന്നാണ് പാഠം പഠിക്കുക, അതുകൊണ്ടുതന്നെ 10 ബസ്സുകൾ വാടകയ്ക്കെടുത്തു. വിജയമോ പരാജയമോ എന്നറിയാതെ കടമെടുത്ത് കാശ് മുടക്കി ബസ്സുകൾ വാങ്ങിയാൽ സാമ്പത്തിക ബാധ്യത കൂടുകയേയുള്ളൂ. അതുകൊണ്ടാണ് പരീക്ഷണാർത്ഥം 10 ബസ്സുകൾ വാടകയ്ക്കെടുത്തത്. ശബരിമലയിൽ ആ സർവ്വീസുകൾ നടത്തി. വളരെ മെച്ചപ്പെട്ട രീതിയിൽ, ജനങ്ങൾക്ക് വളരെ പ്രിയങ്കരമായ വിധത്തിലാണ് അത് നടത്തിയത്. എന്നാൽ ലോംഗ് റൂട്ടിലേയ്ക്ക് തിരുവനന്തപുരത്തുനിന്നും എറണാകുളത്തേയ്ക്ക് എം.സി. റോഡുവഴിയും എൻ.എച്ച്. വഴിയും സർവ്വീസ് നടത്തിയപ്പോൾ ഫലപ്രദമായി സർവ്വീസ് നടത്താൻ കഴിഞ്ഞിട്ടില്ല, അത് ആദ്യത്തെ അനുഭവമാണ്. അതിന് ചാർജ്ജിംഗ് സ്റ്റേഷനുകൾ സംബന്ധിച്ച് ശാസ്ത്രീയമായ ഒരു നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. ബസ്സിന്റെ ടാക്സ് അടയ്ക്കാത്തതുകൊണ്ടാണ് ആ ബസ്സുകൾ ഓടാത്തത്. ടാക്സ്

അടയ്ക്കാത്ത ബസ് ഓടിക്കാൻ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് സമ്മതിക്കുകയില്ല. കെ.എസ്.ആർ.ടി.സി. അല്ല ടാക്സ് അടയ്ക്കേണ്ടത്. ടാക്സ് അടയ്ക്കാതെ മുടങ്ങിക്കിടക്കുമ്പോൾ വാടക കൊടുക്കുകയില്ല. അതിന് അവർ പറയുന്നത്, വാടക കൊടുക്കാത്തതുകൊണ്ടാണ് ബസ് ഓടിക്കാത്തതെന്നാണ്. അവർ ടാക്സ് അടച്ചിട്ടില്ല. ടാക്സ് അടച്ച വണ്ടിക്കുമാത്രമേ നമുക്ക് വാടക കൊടുക്കാൻ സാധിക്കുകയുള്ളൂ. ആ വണ്ടി മാത്രമേ റോഡിൽ ഓടിക്കാൻ സാധിക്കുകയുള്ളൂ, അതാണ് വിഷയം. ആ വിഷയം പരിഹരിക്കുന്നതിന് അവരുമായി ചർച്ച ചെയ്യുന്നുണ്ട്. അതാണ് അക്കാര്യം സംബന്ധിച്ച് പറയാനുള്ളത്.

വൈദ്യുതി ഉൽപ്പാദിപ്പിച്ചുകൊണ്ടുള്ള ഇ-വെഹിക്കിൾ പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. കേരളത്തിൽ ആദ്യമായി ഇലക്ട്രിക് ഓട്ടോറിക്ഷകൾ റോഡിൽ ഇറക്കുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഓട്ടോമൊബൈൽസ് ഇ-ഓട്ടോറിക്ഷകൾ നിർമ്മിച്ചുതുടങ്ങി. കേരളത്തിലെ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടാണ് ആ നടപടികൾ പൂർത്തിയാക്കുക. അവിടെ ഇരുചക്ര വാഹനങ്ങളും നിർമ്മിക്കുന്നുണ്ട്.

ഇന്ത്യയിൽ ആദ്യമായി ജലഗതാഗത മേഖലയിൽ ആദ്യത്തെ സൗരോർജ്ജ ബോട്ട് കേരളത്തിലാണ് ഉണ്ടായത്. ഇപ്പോൾ ഞങ്ങൾ വാട്ടർ ടാക്സിയിലേയ്ക്ക് പോകുകയാണ്. ശ്രീ. ജെയിംസ് മാത്യുവിന്റെയും ശ്രീ. രാജേഷിന്റെയും നേതൃത്വത്തിൽ പറശ്ശിനിക്കടവിൽ ഒരു ടൂറിസം ബോട്ട് നടത്തി; ആദ്യം 1000 രൂപയിൽ താഴെമാത്രം വരുമാനമുണ്ടായിരുന്ന ആ ബോട്ടിന് ഇപ്പോൾ 10000-11000 രൂപ വരുമാനമുണ്ടാകുന്നുണ്ട്. ആ മേഖലയിൽ വാട്ടർ ടാക്സി, വാട്ടർ ബസ് ഉൾപ്പെടെയുള്ള പരീക്ഷണങ്ങൾ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പുതിയ സർവ്വീസുകൾ കൊച്ചിയിലും തവണക്കടവിലുമൊക്കെ ആരംഭിക്കുന്നുണ്ട്. ഓരോ മേഖലയിലും ശ്രദ്ധേയമായ ചുവടുവയ്പുകൾ നടത്തുന്നുണ്ട്. പക്ഷെ കൊട്ടിഘോഷിച്ച് കെ.എസ്.ആർ.ടി.സി.-യും മോട്ടോർ വാഹന വകുപ്പും വലിയ നേട്ടങ്ങൾ കൊയ്തുവെന്നൊന്നും ഞാൻ പറയുന്നില്ല. ഞാൻ ഇപ്പോഴും പ്രതീക്ഷിക്കുന്നത് വലിയൊരു പ്രതിസന്ധിയിൽനിന്നും കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാൻ സാധിക്കുമെന്നുതന്നെയാണ്. ദയവായി എം.എൽ.എ.- മാർ അക്കാര്യത്തിൽ സഹകരിക്കണം.

ശ്രീ. ആർ. രാജേഷ്: സർ, കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകൾ പല സ്ഥലത്തും പഞ്ചായത്തുകൾ പൊന്നുംവിലയ്ക്കെടുത്താണ് സ്ഥാപിച്ചിരിക്കുന്നത്. അവയൊക്കെ പോക്കുവരവ് ചെയ്യാനുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. ആർ. രാജേഷ് പറഞ്ഞതും നേരത്തേ മറ്റുചില ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ച വിഷയം തന്നെയാണ്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുള്ള പല ഡിപ്പോകളും ഇപ്പോഴും പ്രവർത്തനം പൂർത്തിയാക്കാതെയോ ഭാഗികമായി പൂർത്തിയാക്കിയോ കിടക്കുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈഞ്ചയ്ക്കലിൽ 5 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ട് നാലഞ്ച് വർഷമായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പ്രോജക്ട് തയ്യാറാക്കിയെങ്കിലും അതുനടന്നില്ല. തിരക്ക് കുറയ്ക്കാൻവേണ്ടി ഇന്റർ സ്റ്റേറ്റ് ബസ് സർവ്വീസുകൾ അവിടെനിന്നും ആരംഭിക്കാമെന്ന് പറഞ്ഞുകൊണ്ടാണ് അത്തരത്തിലുള്ള പ്രോജക്ട് തമ്പാനൂരിൽ ചെയ്തത്. അതിലും ഒന്നും നടക്കുന്നില്ല, എന്താണെന്ന് പരിശോധിച്ചിട്ട് അടിയന്തരമായി അവിടെ ഡിപ്പോ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മൂന്നാർ ഉൾപ്പെടെ ഇങ്ങനെ കേരളത്തിന്റെ പലഭാഗങ്ങളിലും ഡിപ്പോകളുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നില്ല.

ശ്രീ. എം. വിൻസെന്റ്: സർ,....

മി. സ്പീക്കർ: ചർച്ച കഴിഞ്ഞല്ലോ;

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. എം. വിൻസെന്റ്, എല്ലാ എം.എൽ.എ.-മാർക്കും ചോദിക്കാൻ കാര്യങ്ങൾ ഉണ്ട്. ഞാൻ പറഞ്ഞ് നിർത്താം, കാരണം സമയം വളരെ പരിമിതമാണ്.

മി. സ്പീക്കർ: ചർച്ചയുടെ സമയത്ത് കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് ഒന്നും പറയാതിരിക്കുകയും മറുപടി പറയുന്നതിനിടയ്ക്ക് അതുസംബന്ധിച്ച് പറയുന്നത് ശരിയല്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എം.എൽ.എ.-മാരുടെ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ഡിപ്പോകളുടെ പ്രവർത്തനം പല കാരണങ്ങളാൽ തടസ്സപ്പെട്ടിട്ടുണ്ട്. അതിൽ ഏറ്റവും മികച്ച ഉദാഹരണങ്ങളിൽ ഒന്നായിരുന്നു പാലക്കാട് ശ്രീ. ഷാഫി പറമ്പിൽ മാതൃകാപരമായ ഒരു നിലപാട് സ്വീകരിച്ച് 7 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത്. പക്ഷേ അത് വർഷങ്ങളായി. ഇപ്പോൾ

പറഞ്ഞതുപോലെ ഓരോന്നായി പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്, അത് ടെണ്ടർ ചെയ്തിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് ആ വർക്ക് എടുത്തിട്ടുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണെന്നാണ് ഞാൻ മനസ്സിലാക്കിയത്.

ശ്രീ. എം. വിൻസെന്റ്: സർ,....

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ, ഇനി ഒരു മന്ത്രി സംസാരിക്കാനുണ്ട്, ഒരു നിയമനിർമ്മാണം കൂടിയുണ്ട്. ചർച്ചയുടെ സമയത്ത് ഉന്നയിക്കേണ്ട കാര്യങ്ങൾ ആ സമയത്ത് ഉന്നയിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, വിദ്യാർത്ഥികളെ സംബന്ധിച്ച് കൺസെഷൻ പതിക്കുന്ന ഓർഡിനറി ബസ്സുകൾ ക്രമാതീതമായി കുറച്ചിരിക്കുകയാണ്. എല്ലാ രക്ഷാകർത്താക്കളും പരാതി പറയുകയാണ്, രാവിലെ കുട്ടികളെ സ്കൂളിൽ കൊണ്ടുവിടാൻ പോകുമ്പോൾ ഇന്ന് ബസ് വന്നില്ലെന്നുപറഞ്ഞ് അവിടെനിന്ന് എം.എൽ.എ.-മാരെ വിളിക്കുകയാണ്,

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം 15 മിനിട്ടോ 20 മിനിട്ടോ ഇവിടെ സംസാരിച്ചതാണ്, അങ്ങ് രാഷ്ട്രീയം പറഞ്ഞുകൊണ്ട് പറയാൻ ഉദ്ദേശിച്ചത് വിട്ടുപോയിട്ടുണ്ടാകും. അതിന് ഈ അവസരമല്ല ഉപയോഗിക്കേണ്ടിയിരുന്നത്. എങ്കിലും പറയട്ടെ, ആ കാര്യത്തിൽ സമയബന്ധിത പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് പകുതി പൂർത്തിയായ പദ്ധതികൾ പൂർത്തീകരിക്കാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള പ്രദേശങ്ങളിലെ എം.എൽ.എ.-മാരുമായി ആശയവിനിമയം നടത്തി പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ രണ്ടുമൂന്ന് സ്ഥലങ്ങളിൽ ചർച്ചകൾ പൂർത്തിയായിക്കഴിഞ്ഞു, നമുക്കെല്ലാം ചേർന്ന് ഈ പൊതുവാഹന മേഖലയെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്താമെന്നേ ഞാൻ പറയുന്നുള്ളൂ.

ജി.പി.എസ്. ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ. ദാസൻ, ഇവിടെ പറയുകയുണ്ടായി. ജി.പി.എസ്. ഘടിപ്പിക്കാൻ തീരുമാനിച്ചത് കേരള സർക്കാരല്ല. കഴിഞ്ഞ വർഷം കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന് ആധാരമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുണ്ടായിരുന്നു. കഴിഞ്ഞ ജൂൺ മാസം മുതൽ ജി.പി.എസ്. ഘടിപ്പിക്കണമെന്ന നിർദ്ദേശമാണ് എല്ലാ വാഹന ഉടമകൾക്കും നൽകിയിട്ടുള്ളത്. ഇത് ബാധിക്കുന്നത് വാഹന ഉടമകൾക്ക് മാത്രമാണ്. എം.എൽ.എ. ഇവിടെ പറഞ്ഞപ്പോൾ തൊഴിലാളികൾ എന്നുപറഞ്ഞു, ഇത് തൊഴിലാളികളെ ബാധിക്കുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അതങ്ങ് കൊണ്ടുവന്ന നിയമമാണെന്നൊന്നും പറഞ്ഞില്ല, ശ്രീ. കെ. ദാസൻ പറഞ്ഞെങ്കിൽ അത് ശരിയാണ്. കാരണം, ടാക്സി ഡ്രൈവേഴ്സിന്റെ ആളുകൾ എന്നെ കാണുകയുണ്ടായി, അവരുടേതാണ് ആ വാഹനം, അല്ലാതെ മുതലാളിമാരുടേതല്ല. ഇതിന് അല്പം സാവകാശം കൊടുക്കണമെന്നാണ് എന്റെയൊരു നിർദ്ദേശം. ഒരു ടാക്സി ഓടിക്കുന്ന ഡ്രൈവർക്ക് ജി.പി.എസ്. വയ്ക്കാതെ, സ്പീഡ് ഗവർണർ ഇല്ലാതെ ഓടിക്കാൻ പറ്റുകയില്ലെന്ന കർശന നിർദ്ദേശത്തിന്റെ ഫലമായി എല്ലായിടത്തും ചെക്കിംഗ് നടക്കുകയാണ്. അവരെല്ലാവരും അടുത്ത ദിവസം സമരം ചെയ്യാൻ പോകുകയാണ്. അതുകൊണ്ട് ആയതിന് ഒരു സമയം കൊടുക്കുക, ആ സമയത്തിനുള്ളിൽ ഘടിപ്പിക്കുക എന്ന നിർദ്ദേശമാണ് പ്രായോഗികമെന്ന് ഞാൻ അങ്ങയെ ഓർമ്മിപ്പിക്കട്ടെ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങയുടെ വിലപ്പെട്ട നിർദ്ദേശം ഞാൻ അവഗണിക്കുകയല്ല, അതിലൊരു ചെറിയ കാര്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. ഇതിന് ഒരു കൊല്ലം സാവകാശം കൊടുത്തതാണ്, 1-ാം തീയതി മുതൽ 15-ാം തീയതിവരെ സാവകാശം കൊടുത്തു. നിയമപ്രകാരം ഇതിന്റെ കാലാവധി ദീർഘിപ്പിച്ചതായി ഒരുത്തരവ് രേഖാമൂലം പുറപ്പെടുവിക്കാൻ സാധ്യമല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത്ര തീയതി മുതൽ നടപ്പിലാക്കണമെന്ന് പറഞ്ഞാൽ, ഇത്ര തീയതിവരെ നീട്ടി എന്നൊരു ഉത്തരവ് ട്രാൻസ്പോർട്ടിന് കൊടുക്കാൻ സാധിക്കുകയില്ല. എന്നിരുന്നാലും ടാക്സി ഡ്രൈവർമാർ പറഞ്ഞതുപോലെ, അവർ മുതലാളിമാരല്ലെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്, നമുക്കൊക്കെ അറിയാവുന്നതുമാണ്. സ്വന്തമായി ഒരു കാർ വാങ്ങി അതിന് ടാക്സി പെർമിറ്റ് എടുത്ത് ഉപജീവനം നയിക്കുന്നവരാണ് അവർ. എന്നാൽ ഈ സമരത്തിൽ പങ്കെടുക്കുന്നത് ഓട്ടോറിക്ഷാ തൊഴിലാളികളാണ്, ഓട്ടോറിക്ഷയിൽ ഇത് ഘടിപ്പിക്കണ്ട. ഓട്ടോറിക്ഷാ തൊഴിലാളികളെങ്കിലും ഈ സമരത്തിൽനിന്ന് പിൻവാങ്ങേണ്ടതല്ലേ? ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയാണ് സമരം പ്രഖ്യാപിച്ചിട്ടുള്ളത്. എന്നിരുന്നാലും പ്രതിപക്ഷനേതാവ് ഈ പ്രശ്നം ഉന്നയിച്ചതുകൊണ്ട് ആ കാര്യത്തിൽ ഒരു ചർച്ച നടത്തി സാവകാശം കൊടുക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്ന കാര്യം തീർച്ചയായും ഗൗരവമായി പരിശോധിക്കുന്നതാണ്.

അപകടങ്ങളെക്കുറിച്ച് പറയുമ്പോൾ, രണ്ട് ദിവസംമുമ്പ് പാലക്കാട്ട് ആംബുലൻസ് ഇടിച്ചാണ്, ആംബുലൻസിലെ 8 പേർ മരിച്ചത്. ആംബുലൻസ് എന്തിനുള്ളതാണ്; ആംബുലൻസിൽ എങ്ങനെയാണ് 8 പേർ കയറുക; ആംബുലൻസിൽ 8 പേർ കയറാൻ പാടില്ലല്ലോ; രോഗിയും രോഗിയെ

സഹായിക്കാൻവേണ്ടി രണ്ടോ മൂന്നോ പേരുമല്ലേ കയറാൻ പറ്റുകയുള്ളൂ, ആംബുലൻസുകളെ ദുരുപയോഗപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ടെന്നാണ് മനസ്സിലാകുന്നത്. ആദ്യം വേണ്ടത് ആംബുലൻസ് ഡ്രൈവർമാർക്ക് മതിയായ പരിശീലനമാണ്. അതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടത്തും. ആംബുലൻസുകളുടെ ഓട്ടം സംബന്ധിച്ച് പ്രത്യേകിച്ച് പറയേണ്ടതില്ല. കാരണം, ഹൈസ്പീഡിലാണ് പോകുന്നത്. രോഗികളെ കഴിയുന്നത്ര വേഗത്തിൽ എത്തിക്കേണ്ട ഉത്തരവാദിത്വം അവർക്കുള്ളതുകൊണ്ട് ചുവന്ന ലൈറ്റ് കത്തിച്ച് ശബ്ദമുണ്ടാക്കിയാണ് പോകുന്നത്. അവരുടെ സ്പീഡ് നിയന്ത്രിക്കാൻ നമുക്ക് പറ്റില്ല, കാരണം, സ്പീഡ് നിയന്ത്രിച്ചാൽ താമസമുണ്ടാകും. ആ മേഖലയിൽ എങ്ങനെയാണ് ഒരു ചിട്ടയുണ്ടാക്കാൻ കഴിയുക എന്നത് സംബന്ധിച്ച് ആംബുലൻസ് ഉടമസ്ഥൻമാരുടെ സംഘടനകളുമായി സംസാരിച്ച് ഒരു മാർഗ്ഗരേഖയുണ്ടാക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ആംബുലൻസുമായി ബന്ധപ്പെട്ട് മലയാളികളുടെ ഡ്രൈവിംഗ് കൾച്ചർ ഏറെ മാറേണ്ടതായിട്ടുണ്ട്. പലസ്ഥലത്തും ആംബുലൻസിന് ഒരു വഴിയൊരുക്കാൻപോലും നമ്മുടെയാളുകൾ ഇപ്പോഴും തയ്യാറാകാത്ത സാഹചര്യമുണ്ട്. ആംബുലൻസ് വരുമ്പോൾ വഴിമാറുന്നില്ലെന്നുമാത്രമല്ല, വേഗത്തിൽ പോകുന്ന ആംബുലൻസിനെ ഫോളോ ചെയ്ത് ബ്ലോക്കിനെ എങ്ങനെ ഒഴിവാക്കാം എന്നുവരെ റോഡിൽ പരിശീലനം നടത്തുന്ന ആളുകൾ നമ്മുടെ ഇടയിലുണ്ട്.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആംബുലൻസുകൾ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് നിലവിൽ ഒരു മാർഗ്ഗരേഖയോ നിയമാവലിയോ ഒന്നുംതന്നെയില്ല. അതിനൊരു മാനദണ്ഡവും മാർഗ്ഗരേഖയും ഉണ്ടാകണം. ആംബുലൻസിൽ പോകുന്ന രോഗികളുടെ സുരക്ഷിതത്വംകൂടി ഉറപ്പുവരുത്താൻ ആവശ്യമായ നടപടികളുമായാണ് മുമ്പോട്ടുപോകുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ നേരത്തേ പറഞ്ഞ ഈഞ്ചയ്ക്കൽ ഡിപ്പോയുടെ കാര്യം വ്യക്തമാക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈഞ്ചയ്ക്കൽ ഡിപ്പോ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാം. അതാത് സ്ഥലത്തെ എം.എൽ.എ.-മാരുമായി പ്രത്യേകം ചർച്ച ചെയ്യാമെന്നാണല്ലോ പറഞ്ഞത്. ഒരുപാട് കാര്യങ്ങൾ പറയുന്നില്ല.

ഇവിടെ ഉന്നയിച്ച ചില പ്രശ്നങ്ങളിൻമേൽ പരാമർശം നടത്തി എന്നതല്ലാതെ ആരെയും വേദനിപ്പിക്കാനോ ഏതെങ്കിലും തരത്തിൽ കുറ്റപ്പെടുത്താനോ ഞാൻ ഉദ്ദേശിക്കുന്നില്ല. കെ.എസ്.ആർ.ടി.സി. നശിക്കുകയില്ല, കെ.എസ്.ആർ.ടി.സി. ജനങ്ങളുടെ പ്രിയപ്പെട്ട വാഹനമായി, വാഹനസംവിധാനമായി, പൊതുസംവിധാനമായി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകതന്നെ ചെയ്യും. അതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. ഈ ഉറപ്പിന്റെയുംകൂടി അടിസ്ഥാനത്തിൽ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

4.00 P.M.]

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, സമയം ഏറെ വൈകി, ഇനി ഒരു ബില്ലുകൂടിയുണ്ട്. പക്ഷേ അത്യാവശ്യം ചില കാര്യങ്ങൾ പറയാതെ പോകാനും പറ്റില്ല. മത്സ്യമേഖലയെക്കുറിച്ച് കുറേ ചർച്ചകളും നിർദ്ദേശങ്ങളും ഇവിടെ വരികയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു; നിർദ്ദേശങ്ങൾ സ്വീകരിക്കുകയാണ്. ഇവിടെ എല്ലാവരും ആശങ്കപ്പെട്ടതുപോലെ സമൂഹത്തിലെ ഏറ്റവും പിന്നോക്കമായ ജീവിതാവസ്ഥയിൽ കഴിയുന്ന തൊഴിലാളികളാണ് മത്സ്യത്തൊഴിലാളികൾ. കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.8 ശതമാനമാണ് ആ മേഖലയിലെ ഉൽപ്പാദനം. പ്രാഥമിക മേഖലയുടെ 13 ശതമാനം മത്സ്യരംഗത്താണ്. തൊഴിലാളികൾ പിടിക്കുന്ന മത്സ്യം കയറ്റുമതി ചെയ്ത് നമ്മുടെ സംസ്ഥാനം 5919 കോടി രൂപ വിദേശനാണ്യം നേടുന്നുണ്ട്. ഇതിന് മുഖ്യ പങ്ക് വഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം, ഈ മൂന്ന് വർഷംകൊണ്ട് തകർന്നില്ല, മൂന്ന് വർഷം കൊണ്ട് ക്രമേണ ഉയരുകയാണ് ചെയ്തത്. നമ്മുടെ സംസ്ഥാനത്തിന്റെ ആളോഹരി വാർഷിക വരുമാനത്തിന്റെ 50 ശതമാനത്തിൽ താഴെയാണ് മത്സ്യത്തൊഴിലാളികളുടെ വരുമാനം. ഞാൻ 2015-16-ന്റെ കണക്കുമാത്രമേ എടുക്കുന്നുള്ളൂ. ഇതിൽ ഒരു മത്സ്യത്തൊഴിലാളിയുടെ വാർഷിക വരുമാനം 71,908 രൂപയായിരുന്നു. അന്ന് ഒരു ശരാശരി കേരളീയന്റെ വരുമാനം 1.64 ലക്ഷം രൂപയാണ്. ഇപ്പോൾ 2018-19-ലേയ്ക്ക് എത്തുമ്പോൾ 1,07,049 രൂപയായി മത്സ്യത്തൊഴിലാളിയുടെ ശരാശരി വരുമാനം ഉയർന്നു. സംസ്ഥാനത്തെ ആളുകളുടെ ശരാശരി വരുമാനം 1,00,099 രൂപയായി. അപ്പോൾ 50 ശതമാനത്തിൽ താഴെയായിരുന്നത് ഇക്കഴിഞ്ഞ വർഷങ്ങൾകൊണ്ട് 50 ശതമാനത്തിന് മുകളിലേയ്ക്ക് ലേശമെങ്കിലും ഉയർന്നു, ചെറിയൊരു നേട്ടമാകാം.

എങ്കിലും വരുമാനത്തിൽ ചെറിയ വ്യത്യാസമുണ്ടായി എന്നത് സൂചിപ്പിക്കുകയാണ്. മത്സ്യമേഖലയിലെ ഉൽപ്പാദനരംഗത്ത്, സമുദ്രമത്സ്യ സമ്പത്തിന്റെ അളവിൽ കുറവ് വരികയാണെന്ന് ചില മെമ്പർമാർക്ക് ഒരു ധാരണ വന്നു. അത് ശരിയായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ കുറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം മത്സ്യമേഖലയിൽ എടുത്ത ചില നിയമഭേദഗതികളടക്കം, സി.എം.എഫ്.ആർ.ഐ. അടക്കമുള്ള ശാസ്ത്രസമൂഹം കേരളത്തിന് നൽകിയിട്ടുണ്ടായിരുന്ന ശിപാർശ മത്സ്യബന്ധന മേഖലയിൽ കർശനമായ ചില നിയന്ത്രണങ്ങൾ എടുക്കേണ്ടതുണ്ടെന്നാണ്. 58-ഓളം മത്സ്യ ഇനങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിക്കണം, കണ്ണി വലിപ്പം എന്തായിരിക്കണം തുടങ്ങിയ കുറേയധികം ശിപാർശകൾ ശാസ്ത്രസമൂഹം ഭരണകൂടത്തിന് നൽകിയിരുന്നെങ്കിലും കഴിഞ്ഞ ഗവൺമെന്റ് അത് നടപ്പിലാക്കിയിരുന്നില്ല. 58 ഇനത്തിൽ, അന്ന് നടപ്പിലാക്കിയത് 14 ഇനത്തെയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ശാസ്ത്രസമൂഹം നൽകിയ ശിപാർശകളെല്ലാംതന്നെ തുറന്നമനസ്സോടുകൂടി പ്രയോഗത്തിൽ വരുത്തി. അതിന്റെ ഭാഗമായി കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി ചെയ്തു. അപ്പോൾ ചെറുമത്സ്യങ്ങളെ പിടിക്കുന്ന ട്രോളേഴ്സിനെ, ബോട്ടുടമകളെ കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വന്നു. ബോട്ടുടമകൾ എറണാകുളത്തൊക്കെ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ഓഫീസ് കയ്യേറുന്നതുവരെ കാര്യങ്ങൾ എത്തി. ഗവൺമെന്റ് ഒട്ടും പിന്മാറിയില്ല. നിയമവിരുദ്ധമായ രീതിയിൽ മത്സ്യസമ്പത്തിനെ തകർക്കുന്ന മത്സ്യബന്ധന രീതികൾ തടയുക എന്നത് കർശനമായി നടപ്പിലാക്കുകയും square mesh codend അടക്കം വയ്ക്കുക, എം.എൽ.എസ്. (മിനിമം ലീഗൽ സൈസ്) കൃത്യമായി പാലിക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ഇപ്പോൾ മത്സ്യസമ്പത്തിൽ കുറച്ച് വർദ്ധനവാണ് വന്നിരിക്കുന്നത്. 2016-17-ൽ 4.88 ലക്ഷം ടണ്ണായിരുന്ന മത്സ്യസമ്പത്ത് 2018-19 എത്തുമ്പോൾ 6.09 ലക്ഷം ടണ്ണായി ഉയർന്നിരിക്കുകയാണ്. ഒന്നേകാൽ ലക്ഷം ടൺ മത്സ്യസമ്പത്ത് രണ്ട് വർഷത്തിനിടയിൽ വർദ്ധിക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വന്നത് മത്സ്യമേഖലയിൽ നടപ്പിലാക്കിയ ശാസ്ത്രീയമായ ഇടപെടലിലൂടെയാണ്. ഇതിനെല്ലാം മത്സ്യത്തൊഴിലാളികളുടെ സഹകരണം കൂടി ഉറപ്പാക്കിയിരുന്നു. ഇവിടെ ചർച്ചയിൽ ചില അംഗങ്ങൾ മത്സ്യസമ്പത്ത് കുറയുന്നുവെന്ന് പറയുകയുണ്ടായി, അത് തിരുത്തണം. മത്സ്യസമ്പത്ത് കൂടിവരികയാണ്. കടലിന്റെ അടിത്തട്ടാകെ ഇളക്കിമറിച്ച ദുരന്തമാണ് ഓഖി. ഇത് മത്സ്യസമ്പത്തിന്റെ ആവാസവ്യവസ്ഥയെ എങ്ങനെ ബാധിക്കും,

മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ എങ്ങനെ ബാധിക്കും തുടങ്ങിയ കടുത്ത ആശങ്ക ഗവൺമെന്റിനുണ്ടായിരുന്ന ഘട്ടത്തിലാണ് ഇത്തരം നിലപാടിലേയ്ക്ക് പോയത്. നല്ല റിസൽട്ടാണ് കിട്ടിയത്. മത്സ്യസമ്പത്ത് വർദ്ധനവിലേയ്ക്ക് വരുന്നു. ചാള മത്സ്യം ലഭ്യമല്ലാത്ത സ്ഥിതിയിലേയ്ക്ക് വന്നിരുന്നു. കഴിഞ്ഞ വർഷവും ഈ വർഷവും ചാള, കൊഴുവ, അയല തുടങ്ങിയ ഉപരിതല മത്സ്യങ്ങൾ ധാരാളമായി ലഭ്യമാകുന്ന സ്ഥിതി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരത്തിൽ മാറ്റം വരുത്താനിടയാക്കിയിട്ടുണ്ട്. അത്തരമൊരു മാറ്റത്തിന് നേതൃത്വം കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞു എന്നുതന്നെയാണ് ഞാൻ അഭിമാനത്തോടുകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. മത്സ്യ വകുപ്പിന്റെ പ്രധാനപ്പെട്ട ചുമതല എന്നുപറയുന്നത് മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ-സാമ്പത്തിക സുരക്ഷ ഉറപ്പാക്കൽ, മത്സ്യകൃഷിയിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നിവയാണ്. 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടി നിർദ്ദേശിച്ചിരുന്ന ഏകജാലക സംവിധാനത്തിലൂടെ എല്ലാ മത്സ്യഗ്രാമങ്ങളിലും മത്സ്യഭവനുകൾ, ഇപ്പോഴുള്ള 222-ഓളമുള്ള മത്സ്യഗ്രാമങ്ങൾ, അവിടെ രണ്ടും മൂന്നും മത്സ്യഗ്രാമങ്ങൾ കൂട്ടിച്ചേർത്ത് ഒരു മത്സ്യഭവൻ എന്നീ പ്രൊപ്പോസലുകൾ ഉണ്ടായിരുന്നതാണ്. നിർഭാഗ്യവശാൽ ഈ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലം പിന്നിടുമ്പോഴും അത് നമുക്ക് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ പഞ്ചായത്തിലും കൃഷിഭവനുണ്ട്. മത്സ്യഭവൻ 90 എണ്ണം വേണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടും ഇന്നും 30 എണ്ണത്തിലാണ് നിൽക്കുന്നത്. ഈ ഗവൺമെന്റ് തീർച്ചയായും പരിഗണിക്കുമെന്ന തരത്തിലേയ്ക്കാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. അങ്ങനെയൊരു സ്ഥിതികൂടി വന്നുകഴിഞ്ഞാൽ നമുക്ക് മത്സ്യോൽപ്പാദന രംഗത്തും ഉൾനാടൻ മത്സ്യകൃഷിയിലും മികച്ച ഇടപെടൽ നടത്താൻ കഴിയും. അതിലേയ്ക്കാണ് ഗവൺമെന്റ് പൊയ്ക്കൊണ്ടിരിക്കുന്നത്. കേരള ഗവൺമെന്റിനുതന്നെ മത്സ്യകൃഷിക്ക് 23 ഹാച്ചറികളുണ്ട്. നാട്ടിലെമ്പാടും ഒട്ടേറെപേർ ഹാച്ചറി നടത്തുന്നുണ്ട്. ആന്ധ്രയിൽനിന്നും തമിഴ്നാട്ടിൽനിന്നും മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടുവരുന്നുണ്ട്. യാതൊരു ഗുണനിലവാരവുമില്ലാത്ത മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടുവരുന്നതിന് കേരളത്തിൽ യാതൊരു തടസ്സവുമുണ്ടായിരുന്നില്ല. ചരിത്രത്തിൽ ആദ്യമായി 2014-ൽ സീഡ് ആക്ട് പാസ്സാക്കിയിരുന്നു. നിയമം കൊണ്ടുവരിക, ചട്ടം കൊണ്ടുവരിക, പ്രയോഗത്തിൽ വരുത്താതിരിക്കുക എന്ന സ്ഥിതിയിൽനിന്നും ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് മാറ്റമാണുണ്ടാകുന്നത്. ശക്തമായി ഇടപെട്ടുകൊണ്ട് ആവശ്യമായ ചട്ടം പ്രയോഗത്തിൽ വന്നു. സീഡ് ആക്ടിന്റെ ഭാഗമായി സീഡ് സെന്ററും 3 റീജിയണൽ സെന്ററുകളും വരികയാണ്. ഇന്നലത്തെ ക്യാബിനറ്റ്

7 തസ്തിക അനുവദിച്ച് തന്നതോടുകൂടി ഹാച്ചറികളുടെ ഗുണനിലവാരം പരിശോധിക്കാനും മത്സ്യക്കുഞ്ഞുങ്ങളുടെ ക്വാളിറ്റി ഉറപ്പാക്കിക്കൊണ്ട് മത്സ്യവർദ്ധനവിലേയ്ക്ക്, അക്വാകൾച്ചർ രംഗത്ത് ഒരു കുതിച്ചുചാട്ടത്തിനുതന്നെ ഇടയാക്കുന്ന തരത്തിലേയ്ക്കാണ് ഗവൺമെന്റ് പോകാനുദ്ദേശിക്കുന്നത്. ഇപ്പോൾ ലക്ഷ്യം വയ്ക്കുന്നത് ഇന്നത്തേതിന്റെ ഇരട്ടിയായി മത്സ്യസമ്പത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ്. അതിന്റെ വിശദാംശത്തിലേയ്ക്ക് വരാം. ഭവന നിർമ്മാണം, വിദ്യാഭ്യാസം, ആരോഗ്യ മേഖലകളിലാണ് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ശക്തമായി ഇടപെടുന്നത്; ഭവന നിർമ്മാണരംഗത്ത് വലിയ ഇടപെടലുകളാണ് ഈ ഗവൺമെന്റ് നടത്തുന്നത്. ഈ ഗവൺമെന്റ് വരുമ്പോൾ 2 ലക്ഷം രൂപ വരെയായിരുന്നു മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിന് പദ്ധതി. 1.2 ലക്ഷം രൂപയായിരുന്നു യൂണിറ്റ് കോസ്റ്റ്. കേന്ദ്ര ഗവണ്മെന്റ് അതിന്റെ 50 ശതമാനം സബ്സിഡിയായി കേരളത്തിന് തരേണ്ടതാണ്. കഴിഞ്ഞ രണ്ട് വർഷത്തിലേറെയായി മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിന് ഒരു പൈസയും കേന്ദ്ര ഗവൺമെന്റ് തരുന്നില്ല. എന്നിട്ടുപോലും കേരള ഗവൺമെന്റ് രണ്ട് ലക്ഷം രൂപയിൽനിന്ന് നാല് ലക്ഷം രൂപയായി തുക വർദ്ധിപ്പിക്കാനും 50 മീറ്ററിനകത്തുള്ളവരെ മാറ്റിപാർപ്പിക്കാനും ഭൂമിയും വീടുമില്ലാത്തവരുടെ പുനരധിവാസത്തിനായി 10 ലക്ഷം രൂപയുടെ പദ്ധതിയുമാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷം മുതൽ തീരദേശത്തേതു കഴിച്ചിട്ടുള്ള വീടുകൾ ലൈഫ് പദ്ധതിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ലൈഫ് പദ്ധതിയിലേക്ക് പോകുമ്പോൾ പ്രശ്നങ്ങളും ഒട്ടേറെ സങ്കീർണ്ണതകളുടെയും ആശങ്ക പലർക്കുമുണ്ട്. ലൈഫ് പദ്ധതിയിൽത്തന്നെ കഴിഞ്ഞ വർഷം 1220 വീടുകൾ കൊടുക്കാൻ കഴിഞ്ഞു. 10 ലക്ഷം രൂപയുടെ ഭവനനിർമ്മാണ പദ്ധതിയിൽ ഈ വർഷം 1200 വീടുകളാണ് ഞങ്ങൾ ടാർജറ്റ് വച്ചിരിക്കുന്നത്. 750 വീടുകളാണ് കഴിഞ്ഞ വർഷം കൊടുത്തത്. ഇതിൽ ബഹുഭൂരിപക്ഷം ആളുകളും വീട് പൂർത്തീകരിച്ചുകഴിഞ്ഞു. ഫ്ലാറ്റ് നിർമ്മാണത്തിൽ വലിയൊരു മുന്നേറ്റമാണ് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. ഇവിടെ കടൽക്ഷോഭത്തിന്റെ കാര്യം എല്ലാവരും പറഞ്ഞു. ശ്രീ. വി. എസ്. ശിവകുമാറിന്റെ മണ്ഡലത്തിൽ കടൽകയറി വീട് നഷ്ടപ്പെട്ടവർ കഴിഞ്ഞ നാല് വർഷമായി വഴിയാധാരമായിരുന്നു. അവർക്ക് പുനരധിവാസം കൊടുത്തിരുന്നില്ല. ഈ ഗവൺമെന്റ് വന്നിട്ടാണ് വലിയതുറയിലുള്ളവരെ പുനരധിവസിപ്പിച്ചത്. യാഥാർത്ഥ്യം അറിയണം. ഭൂമിക്ക് വേണ്ടി ശ്രമിച്ചിരുന്നു, അത് കിട്ടിയില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, 6 ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിനും 4 ലക്ഷം രൂപ വീടുവയ്ക്കുന്നതിനുമാണ് ഇപ്പോൾ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. തിരുവനന്തപുരം കോർപ്പറേഷനകത്ത് 6 ലക്ഷം രൂപയ്ക്ക് സ്ഥലം വാങ്ങാൻ കഴിയില്ല. പൂന്തുറ പ്രദേശത്ത് 5 പേരാണ് ഈ കാശ് വാങ്ങിയത്. അവർ ഒന്നൊന്നര വർഷമായി സ്ഥലം വാങ്ങുന്നതിനുവേണ്ടി നടക്കുകയാണ്. കോർപ്പറേഷൻ അതിർത്തിയിൽ അത് കിട്ടില്ല. അതുകൊണ്ട് 10 ലക്ഷം രൂപ എന്നുള്ളത് കുറച്ചുകൂടി വർദ്ധിപ്പിക്കുന്നതിന് നടപടിയുണ്ടാകണം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, തിരുവനന്തപുരം കോർപ്പറേഷനിൽ തന്നെ വലിയതുറയിൽ വീട് നഷ്ടപ്പെട്ട് സ്കൂളിൽ താമസിച്ച 13 പേർ 10 ലക്ഷം രൂപയിൽ 6 ലക്ഷത്തിന്റെ ഭൂമി വാങ്ങി വീട് വച്ചു; അതിന്റെ പണി പൂർത്തീകരിച്ച് കഴിഞ്ഞു. ചില സ്ഥലത്തൊക്കെ വാങ്ങാൻ കഴിയും; വാങ്ങാൻ കഴിയാത്ത പ്രശ്നങ്ങളുള്ള ചിലയിടത്ത് പരിഹാരം കാണാൻ കളക്ടറെ ചുമതലപ്പെടുത്തി ഒരു കമ്മിറ്റി വച്ചു. ഇപ്പോൾ 450 വീടുകൾക്കായി തിരുവനന്തപുരം ജില്ലയിൽ തന്നെ ഭൂമി വാങ്ങിയിട്ടുണ്ട്. തീരെ ഇല്ലായെന്നല്ല, കുറെയൊക്കെ നടക്കുന്നുണ്ട്. പക്ഷെ ഫ്ലാറ്റിന്റെ കാര്യത്തിൽ, വലിയതുറയിൽ ഒരു വർഷംകൊണ്ടാണ് 192 ഫ്ലാറ്റുകൾ വച്ചുകൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞത്. ഒന്ന്, രണ്ട് ലൈനുകളിലുള്ളവരെയാണ് മാറ്റി പാർപ്പിച്ചത്. സ്കൂളിൽ താമസിച്ചിരുന്നത് 12 കുടുംബങ്ങളാണ്. ബാക്കിയുള്ളത് വലിയതുറ മുതൽ ശംഖുംമുഖം അതിർത്തിവരെയുള്ള ഒന്നും-രണ്ടും ലൈനുകളിലുള്ളവരെ മാറ്റി പാർപ്പിച്ചതാണ്. ഇപ്പോഴത്തെ കടൽക്ഷോഭം വന്നപ്പോൾ ഈ ഒന്നും-രണ്ടും ലൈനുകളിലുള്ളവരെ മാറ്റിപ്പാർപ്പിച്ച സ്ഥലവും പോയി മൂന്നാമത്തേതും കടലേറുന്ന തരത്തിലേയ്ക്ക് കാര്യം വന്നു. ഇവിടെ പലരും കടലേറ്റത്തെക്കുറിച്ച് പറഞ്ഞു, എല്ലാവരും പറയുന്നതു കേട്ടാൽ തോന്നും ഈ സർക്കാർ വന്ന് കടൽക്ഷോഭത്തെ വിളിച്ചു വരുത്തുകയാണെന്ന്. ശ്രീ. എം. വിൻസെന്റിന്റെ പ്രസംഗം കേട്ടു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി അവിടെ വന്നു. അദ്ദേഹത്തിന് നേരിട്ട് ബോധ്യപ്പെട്ട കാര്യമാണ്. ഇത് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെയാണെന്നുപറഞ്ഞ് ഫിഷറീസ് വകുപ്പ് മാറി നിൽക്കരുത്. അവിടെ പോയി നോക്കണം. ദുരിതമനുഭവിക്കുന്നവർ മുഴുവനും മത്സ്യത്തൊഴിലാളികളാണ്. ദയനീയമായ സ്ഥിതിവിശേഷമാണ്. ഫിഷറീസ് വകുപ്പുമന്ത്രി ഇനിഷ്യേറ്റീവ് എടുത്ത് കാര്യങ്ങൾ ചെയ്യണം. അല്ലാതെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പാറ ഇടാമെന്ന് പറഞ്ഞാൽ അത് നടക്കില്ല. പാറ കണ്ടെത്തി നാളെയോ മറ്റെന്നാളോ അടിയന്തരമായി അക്കാര്യം ചെയ്യണം.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഇറിഗേഷൻ വകുപ്പും ഫിഷറീസ് വകുപ്പും യോജിച്ചുകൊണ്ടുതന്നെയാണ് ഇത്തരം കാര്യങ്ങൾ ചെയ്യാൻ പോകുന്നത്. മാറിനിൽക്കുകയല്ല. ചെയ്ത കാര്യം പറഞ്ഞോട്ടെ; ഇപ്പോൾ നമ്മുടെ കാലവർഷം തുടങ്ങി കടൽ പ്രക്ഷുബ്ധമായി. ഇത് രണ്ടും ഒരുമിച്ചാണ് വന്നത്. 'വായു' എന്ന പേരിൽ വലിയൊരു ചുഴലിക്കാറ്റാണ് ആന്ധ്ര-ഗുജറാത്തിലേയ്ക്ക് വന്നിരിക്കുന്നത്. എന്തായാലും കുറെ വർഷങ്ങൾക്കുശേഷമാണ് കാലവർഷത്തോടൊപ്പം ഇത്രയും രൂക്ഷമായി കടൽക്ഷോഭത്തിലേയ്ക്ക് കാര്യങ്ങൾ വന്നത്. ഇതിനെ മുൻകൂട്ടി കണ്ടുകൊണ്ടുതന്നെയാണ് നടപടികളിലേയ്ക്ക് നീങ്ങുന്നത്. 590 കി.മീ ദൈർഘ്യമുള്ള കേരളതീരത്ത് 350-ഓളം കി.മീറ്റർ അങ്ങേയറ്റം പ്രശ്നബാധിത പ്രദേശമാണ്. കേരളം രൂപീകൃതമായിട്ട് 60 വർഷത്തോളമായല്ലോ; ഇത് പൊടുന്നനെയുണ്ടായ സംഭവമല്ല. കാലാകാലങ്ങളിലുള്ള സങ്കീർണ്ണമായ പ്രശ്നമാണ്. ഞാൻ ആരെയും കുറ്റം പറയുന്നതല്ല. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മാറി നിൽക്കുന്നുമില്ല. ഈ പ്രശ്നത്തിന്റെ സങ്കീർണ്ണത മനസ്സിലാക്കിക്കൊണ്ടാണ് മലയെല്ലാം ഇടിച്ചുപൊട്ടിച്ച് കടൽതീരത്ത് കൊണ്ടുപോയി ഇട്ടത്. എന്നിട്ട് ആ പാറയെല്ലാം കടലെടുത്തുകൊണ്ടുപോയി. ഇത് പരിഹാരമില്ലാത്ത പ്രശ്നമായി തുടരുകയാണ്. പുതിയൊരു ടെക്നോളജി ഇക്കാര്യത്തിൽ ഉണ്ടായേ മതിയാകൂ എന്നുള്ളതുകൊണ്ടാണ് വിശാഖപട്ടണത്തും ചെന്നൈയിലും പരീക്ഷിച്ചിട്ടുള്ളൊരു കാര്യം ഇപ്പോൾ കേരളത്തിൽ കടലുണ്ടിയിലും ഞങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചത്. അത് ഓഫ് ഷോർ ബ്രേക്ക് വാട്ടർ ആണ്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ചെന്നൈ NIT പഠനം നടത്തി. ഡി.പി.ആർ. തയ്യാറാക്കി ഇപ്പോൾ തിരുവനന്തപുരത്ത് പൂന്തുറ, വലിയതുറ, ശംഖുംമുഖം എന്നീ സ്ഥലങ്ങളിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ ചെയ്യാൻ എല്ലാ ഡാറ്റാസും ആയിട്ടുണ്ട്. കടലിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ ഇടാൻ കെട്ടിടം നിർമ്മിക്കുന്നതുപോലെ പെട്ടെന്ന് ചെയ്യാൻ പറ്റില്ല. തിരമാലയുടെ അളവ്, അതിന്റെ പ്രത്യാഘാതം ഇതെല്ലാം ദീർഘമായി പഠിച്ചുകൊണ്ടുമാത്രമേ ഈ കാര്യങ്ങൾ ചെയ്യാൻ പറ്റുകയുള്ളൂ. പെട്ടെന്നൊരു പരിഹാരം എന്നുപറയുന്നത് തീരദേശത്ത് പ്രായോഗികമല്ല. രണ്ട് വർഷക്കാലത്തെ നിരന്തരമായ പഠനത്തിന്റെ ഭാഗമായിട്ടാണ് ഓഫ് ഷോർ ബ്രേക്ക് വാട്ടറുമായി ബന്ധപ്പെട്ട കാര്യങ്ങൾ കിഫ്ബിയിൽ അപ്‌ലോഡ് ചെയ്തത്. കഴിഞ്ഞ ബോർഡ് മീറ്റിംഗിൽ അപ്രൂവ് ചെയ്യുമെന്നാണ് ഞാൻ വിചാരിച്ചത്. അതിൽ അവർ വീണ്ടും ഒരു കറക്ഷൻ ചോദിച്ചു. അത് കറക്ട് ചെയ്തു. ഇപ്പോൾ അടുത്ത കിഫ്ബി ബോർഡ് മീറ്റിംഗിൽ ഇത് അംഗീകരിച്ചുകിട്ടുമെന്നാണ് കരുതുന്നത്. അങ്ങനെ കിട്ടിയാൽ സെപ്റ്റംബറോടുകൂടി തിരുവനന്തപുരത്ത് തീരദേശ സംരക്ഷണത്തിന്റെ നിർമ്മാണ

പ്രവർത്തനം തുടങ്ങും. ഇപ്പോൾ അപ്രൂവ് ചെയ്താലും വലിയ കടൽക്ഷോഭത്തിനിടയ്ക്ക് ചെയ്യാൻ പറ്റില്ല. ഈ മഴക്കാലം കഴിഞ്ഞിട്ടേ പണി തുടങ്ങാൻ സാധിക്കുകയുള്ളൂ. സെപ്റ്റംബർ മാസത്തോടുകൂടി ആ നിർമ്മാണം തുടങ്ങും. അത് വിജയകരമാണെന്ന് കണ്ടാൽ ചെല്ലാനത്തും വളരെ രൂക്ഷമായിട്ടുള്ള കടലാക്രമണ പ്രദേശങ്ങളിലുമെല്ലാം അത് പ്രായോഗികമാക്കാമെന്നാണ് കരുതുന്നത്. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മാറി നിൽക്കുന്നതല്ല. നിലവിൽ അടിയന്തരമായി മണൽ ചാക്ക് നിറയ്ക്കുക എന്ന മാർഗ്ഗമേയുള്ളൂ. അതിൽ രണ്ട് ഗുണമാണുള്ളത്. കാലാകാലങ്ങളായി ചെയ്തുവന്നതുപോലെ കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്ത്; ടെൻണ്ടർ ചെയ്ത്; സമയമെടുത്ത് പകുതിക്ക് ചെയ്യുന്ന തരത്തിലല്ല. ഈ പ്രക്ഷോഭകാലത്ത് കടലിൽ പോകാൻ കഴിയാത്ത തൊഴിലാളികൾക്ക് മണൽ നിറയ്ക്കൽ ഒരു തൊഴിലുമാകും. അത്തരത്തിൽ ലേബർ ചാർജ്ജ് നേരിട്ട് മൽസ്യത്തൊഴിലാളികൾക്ക് കൊടുത്ത് മണൽ നിറയ്ക്കാനാണ് തീരുമാനിച്ചത്. ചെല്ലാനത്തും അങ്ങനെയാണ് തീരുമാനിച്ചത്. അതിനാണ് കേരളത്തിന്റെ 9 ജില്ലകളിലും 22.5 കോടി രൂപ കൊടുത്തത്. അടിയന്തരമായി തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടുകൂടി തീരസുരക്ഷ പ്രായോഗികമാക്കുകയാണ്. തിരുവനന്തപുരത്ത് ഇന്ന് കുറച്ചുപേർ ബോധപൂർവ്വം തർക്കമുണ്ടാക്കി. ദയവുചെയ്ത് അങ്ങ് അതിന് കൂട്ടുനിൽക്കരുത്. തൽക്കാലം നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, പൂന്തുറയിലുമൊക്കെ ചില സംവിധാനങ്ങൾ വരുന്നു, അത് വരട്ടെ. പക്ഷേ ഇപ്പോഴുള്ള ദുരന്തം അവസാനിപ്പിക്കാൻ മണലിട്ടാൽ സാധിക്കില്ല. ഞാൻ രണ്ട് ദിവസം മുമ്പ് കളക്ടറേറ്റിൽ ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുകൂട്ടി, മണലിടുന്നതിന് തീരുമാനിച്ചു. മണൽ ലോറിയുമായിട്ട് വന്നപ്പോൾ അവരെ മുഴുവൻ തിരിച്ചയച്ചു. മണലിട്ടാൽ നിൽക്കില്ല. അത്രത്തോളം കടലാക്രമണമാണ് അവിടെയുണ്ടാകുന്നത്. ഇതിനകത്ത് ചെയ്യാനുള്ള ഒരു കാര്യം എന്താണെന്ന് പറഞ്ഞാൽ, എങ്ങനെയെങ്കിലും കുറച്ച് പാറ കണ്ടെത്തി അവിടെ തൽക്കാലമായി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പാറ പൊട്ടിക്കൽ എന്നുള്ള കാര്യം നടക്കില്ല. ചെറിയ ചാക്കുകളല്ല, നീളമുള്ള ചാക്കുകളിൽ മണലിടാനാണ് ഉദ്ദേശിക്കുന്നത്. അല്ലാതെ പാറപൊട്ടിച്ചുകൊണ്ടുവന്നിടുക എന്നുള്ളത് സാധിക്കില്ല. പ്രായോഗികമായി ചിന്തിക്കേണ്ട കാര്യമാണ്. ചിന്തിച്ചേ പറ്റൂ. നിങ്ങളും

തൊഴിലാളികളോടൊപ്പം കലാപത്തിന് നിന്നിട്ട് ഒരു കാര്യവുമില്ല. അവർക്ക് തൊഴിൽ കിട്ടുമെന്നുപറഞ്ഞാൽ അവർ തന്നെ ഉത്തരവാദിത്തം ഏറ്റെടുക്കും. വേറെ കോൺട്രാക്റ്റർ ചെയ്യുമ്പോഴാണല്ലോ പ്രശ്നം വരുന്നത്.

മി. സ്പീക്കർ: ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ച നടക്കുമ്പോൾ ഉന്നയിക്കേണ്ട കാര്യമാണിത്. ആ സമയത്ത് ആഗോള രാഷ്ട്രീയം പറഞ്ഞിട്ട് എന്താ കാര്യം?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇവിടെ നമ്മൾ ഒരുമിച്ചുനിന്നാലേ പറ്റൂ. കടൽക്ഷോഭം ആരെങ്കിലും ഉണ്ടാക്കുന്നതല്ല. ഭരണ-പ്രതിപക്ഷം പറഞ്ഞ് തൊഴിലാളികളെ ഇളക്കി വിട്ടിട്ട് ഒരു കാര്യവുമില്ല. ഇക്കാര്യത്തിൽ എല്ലാവരും ഒരുമിച്ചുനിന്ന് തൽക്കാലം ചെയ്യേണ്ട കാര്യങ്ങളേ കരണീയമായിട്ടുള്ളൂ. പ്രായോഗിക നിലപാട് എടുക്കലാണ് ഏറ്റവും പ്രധാനം. .......(ബഹളം).....

മി. സ്പീക്കർ: ഇത് ശരിയാവില്ല. മിനിസ്റ്റർ.....

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതുകൊണ്ടുതന്നെയാണ് നമ്മൾ കളക്ടർമാരെ ചുമതലപ്പെടുത്തിയത്. ഇന്ന് വൈകിട്ട് ജലവിഭവ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി തുടങ്ങിയവരുമായി വീണ്ടും ചർച്ചയുണ്ട്. നാളെ അടിയന്തരമായി കളക്ടർമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളടക്കം അവിടെ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടുകൂടി സുരക്ഷാ പദ്ധതി നടപ്പിലാക്കും. ഇതിലൂടെയുള്ള ഗുണം രണ്ടാണ് ഒന്ന്, കോൺട്രാക്ടർമാരെ ഒഴിവാക്കാൻ പറ്റുന്നു രണ്ട്, കടലിൽ പോകാതിരിക്കുന്ന തൊഴിലാളിക്ക് അഡീഷണലായിട്ട് ഒരു തൊഴിലുമാകുന്നു. അവരുടെതന്നെ നേതൃത്വത്തിൽ തീരം സംരക്ഷിക്കുകയും ചെയ്യാം. തൽക്കാലം അതേ മാർഗ്ഗമുള്ളൂ. അതുകൊണ്ട് സഹകരിക്കുക എന്നുള്ളതാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. ഞാൻ മറ്റ് വിഷയത്തിലേയ്ക്ക് പോകുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ പറയരുത്. ഞാനും ഈ കടൽക്ഷോഭം അനുഭവിക്കുന്ന പ്രദേശത്തെ ഒരു എം.എൽ.എ. ആണ്. അവിടെ കഴിഞ്ഞ തവണ ഡോ. ടി. എം. തോമസ് ഐസക്, ഇതുപോലെ കയർഫെഡിന്റെ മണൽച്ചാക്ക് നിറച്ചിട്ടിട്ട് ഒരാഴ്ച പോലും നിന്നില്ല. ഒരു തിരയടിക്കുമ്പോൾ അത് പൊളിഞ്ഞുപോകുകയാണ്. അടിയന്തരമായി, വൾനറബിൾ ഏരിയാസ് നോക്കി കല്ലിട്ടില്ലെങ്കിൽ ആളുകളുടെ വീടുമുഴുവൻ പോകും. ആലപ്പുഴ ജില്ല, പ്രത്യേകിച്ച് തീരപ്രദേശങ്ങളിൽ ഞങ്ങൾ

അനുഭവിക്കുന്ന പ്രശ്നം വളരെ ഗുരുതരമാണ്. വിചാരിക്കുന്നതുപോലെ അത്ര എളുപ്പമല്ല. ദയവായി കല്ലിടാനുള്ള നടപടികൾ സ്വീകരിച്ചേ മതിയാകൂ. എല്ലായിടത്തുമല്ലെങ്കിലും വൾനറബിൾ ഏരിയാസിലെങ്കിലും അതിടണം. വീടുകൾ പൊയ്ക്കൊണ്ടിരിക്കുകയാണ്. മണൽച്ചാക്ക് ഒരാഴ്ച പോലും നിൽക്കില്ല.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് പറഞ്ഞ ഗൗരവത്തോടുകൂടിത്തന്നെ പറയുകയാണ്, നമ്മൾ എത്ര ശ്രമിച്ചാലും കല്ല് ലഭ്യമല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. അവിടെ മണൽച്ചാക്ക് നിലനിന്നില്ല. പക്ഷേ, ഇപ്പോൾ ചെല്ലാനത്ത് അങ്ങ് പോകുകയാണെങ്കിൽ കാണാൻ സാധിക്കും. നമ്മുടെ ഈ ടേബിളിന്റെ മൂന്ന് മടങ്ങ് വലിപ്പമുള്ള മണൽച്ചാക്കാണ് അവിടെ ഇട്ടിട്ടുള്ളത്. ഒരു wave-ന് അതിനെ മറിക്കാനൊന്നും പറ്റില്ല. അത്ര വലുതാണ്. പമ്പ് ചെയ്താണ് ചെളി നിറയ്ക്കുന്നത്. അങ്ങ് ഒന്ന് കാണുന്നത് നല്ലതാണ്. പക്ഷേ geobag എന്നുപറയുമ്പോൾ സാധാരണ ചാക്കാണ് നമ്മുടെ മനസ്സിൽ വരുന്നത്. അവ നിൽക്കില്ല എന്നുള്ളത് വളരെ വ്യക്തമാണ്. ചെല്ലാനത്ത് ഞാൻ കണ്ടത് ഇത്തരത്തിലുള്ള wave-നെ തടയാൻ പറ്റുന്നവ തന്നെയാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, നമ്മൾ എത്ര ആഗ്രഹിച്ചാലും ഉടനടി കല്ല് പൊട്ടിച്ചുകൊണ്ടുവരാൻ സാധിക്കില്ല, അതിന് കല്ല് ലഭ്യമല്ല. അതുകൊണ്ട് പ്രായോഗികമായി നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാം. .....(ബഹളം)......

ശ്രീ. വി. എസ്. ശിവകുമാർ: സർ, കല്ല് കിട്ടുന്നില്ല എന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇന്നലെ തുറമുഖ വകുപ്പ് ഉദ്യോഗസ്ഥർ എന്നോട് കുറച്ച് കല്ല് അറേഞ്ച് ചെയ്തുതരാമെന്ന് പറഞ്ഞു. അവർ ഇന്ന് അവിടെ പോയിരിക്കുകയാണ്.

മി. സ്പീക്കർ: ഇതെന്താണ്.... മിനിസ്റ്റർ, ഇതിന് വഴങ്ങാൻ പറ്റില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നെടുമങ്ങാട് പോയപ്പോൾ അവിടെ ലോറി ക്യൂ നിൽക്കുകയാണ്. കാരണം, മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ലോറി നിൽക്കുകയാണ്. അപ്പോൾ ഗവൺമെന്റ് വിചാരിച്ചാൽ പാറ കിട്ടും. അടിയന്തരമായി വാഹനം ഇന്ന് അയച്ച്, ക്യൂവിൽ നിൽക്കുകയാണെന്ന് തുറമുഖ

വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നോട് പറഞ്ഞു. കാരണം, അത്യാവശ്യ കാര്യത്തിനുവേണ്ടി ആരും ഇനിഷ്യേറ്റീവ് എടുക്കുന്നില്ല എന്നുള്ളതാണ് സത്യം. ഉദ്യോഗസ്ഥന്മാർക്ക് എന്തുചെയ്യാൻ പറ്റും?

മി. സ്പീക്കർ: മിനിസ്റ്റർ സംസാരിക്കൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, അപ്പോൾ കളക്ടറോ മറ്റ് ആരെങ്കിലുമോ ഇടപെട്ടാൽ പാറ കിട്ടും.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പ്രായോഗികമായി ചെയ്യാൻ പറ്റുന്നത് ചെയ്യാൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അക്കാര്യത്തിൽ അടിയന്തര ഇടപെടലാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ലംപ്സംഗ്രാന്റിന്റെ കാര്യത്തിൽ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ ചില പ്രൊപ്പോസലുകൾ വയ്ക്കുകയുണ്ടായി. അദ്ദേഹം ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അറിയുന്നില്ല എന്ന് കരുതുന്നു. ഇൻഷ്വറൻസ് വേണം, കുട്ടികൾക്ക് സഹായം കൊടുക്കണം തുടങ്ങിയ ചില കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. ഇൻഷ്വറൻസ് ഏർപ്പെടുത്തിക്കഴിഞ്ഞു. അതൊക്കെ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നാല് കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. ആദ്യമായാണ് യാനങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നത്. പരമ്പരാഗത തൊഴിലാളിക്ക് യാനങ്ങളുടെ ഇൻഷ്വറൻസിൽ തൊണ്ണൂറ് ശതമാനവും ഗവൺമെന്റാണ് അടയ്ക്കുന്നത്. അതിനാണ് നാല് കോടി രൂപ വച്ചിരിക്കുന്നത്. ബോട്ടുകൾക്ക് 50% തൊഴിലുടമയും 50% ഗവൺമെന്റും അടയ്ക്കുന്നു. അങ്ങനെയാണ് ആദ്യത്തെ ഇൻഷ്വറൻസ്. 'വിദ്യാതീരം' പദ്ധതിവഴി ഗവൺമെന്റ് വലിയ ഇടപെടലാണ് നടത്തുന്നത്. ലംപ്സംഗ്രാന്റ് കുട്ടികൾക്ക് കൊടുക്കുന്നുണ്ട്. ഈ ഗവൺമെന്റ് വരുന്ന സമയത്ത് പതിനെട്ട് കോടി രൂപയായിരുന്നു വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് കുടിശ്ശിക. ഇപ്പോൾ ഒരു കുടിശ്ശികയുമില്ല. 2016-17-ൽ 19.99 കോടി രൂപ കുട്ടികൾക്ക് കൃത്യമായി കൊടുത്തു. 2017-18-ൽ പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കുട്ടികളുടെ എണ്ണവും തുകയും ഉയർന്നു. ആ വർഷം 25.25 കോടി രൂപയും 2018-19-ൽ 29.17 കോടി രൂപയും ലംപ്സംഗ്രാന്റ് ഇനത്തിൽ നൽകി. അങ്ങനെ 74.41 കോടി രൂപ ഈ ഗവൺമെന്റ് കുട്ടികളുടെ ലംപ്സംഗ്രാന്റായി കൊടുത്തു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ കുട്ടികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അടച്ചതിനുശേഷം സ്കൂൾ തുറക്കുമ്പോഴുള്ള ലംപ്സംഗ്രാന്റ് കൊടുത്തിരുന്നില്ല. ഇപ്പോൾ മുഴുവൻ ലംപ്സംഗ്രാന്റും നേരിട്ട് കുട്ടികളുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. ഏതെങ്കിലും സ്കൂളിൽ

കിട്ടാതെയുണ്ടെങ്കിൽ സ്കൂൾ മാനേജ്മെന്റ് കൃത്യമായി ക്ലെയിം ചെയ്യാത്തതിന്റെ പ്രശ്നമായിരിക്കും. ലംപ്സംഗ്രാന്റ് കൊടുക്കുന്നതിൽ ഗവൺമെന്റ് വളരെ കൃത്യതയോടുകൂടിയാണ് പോകുന്നത്. കൂടാതെ നേരത്തെ സൂചിപ്പിച്ചതുപോലെ, ഞങ്ങൾ 'വിദ്യാതീരം' പദ്ധതി നടപ്പിലാക്കി, മത്സ്യത്തൊഴിലാളികളിൽ മിടുക്കരായ മക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി. ഈ ഗവൺമെന്റിന്റെ മൂന്ന് വർഷത്തിനിടയിൽ 24 കുട്ടികൾക്കാണ് MBBS-ന് അഡ്മിഷൻ കിട്ടിയിരിക്കുന്നത്. BDS, BAMS, BHMS തുടങ്ങിയ കോഴ്സുകളിൽ 14 കുട്ടികൾ അഡ്മിഷൻ നേടി. 71 കുട്ടികൾക്ക് പരിശീലനം കൊടുത്ത് പുതുതായി അഡ്മിഷൻ കിട്ടുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ വന്നിട്ടുണ്ട്. വളരെ മെച്ചപ്പെട്ട രീതിയിലാണ് വിദ്യാഭ്യാസ രംഗം, ഭവനനിർമ്മാണം, ആരോഗ്യ രംഗം എന്നിവയുടെ പ്രവർത്തനം. ആരോഗ്യ രംഗത്ത് നമ്മൾ തീരദേശത്തെ എല്ലാ സ്കൂളുകളും എടുത്തിരിക്കുകയാണ്. തീരദേശത്തെ വലിയൊരു ഇടപെടൽ നടക്കാൻ പോകുന്നത് മാർക്കറ്റിന്റെ രംഗത്താണ്. മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽ നിന്നൊഴിവാക്കാൻ പറ്റുന്ന തരത്തിലുള്ള വായ്പാസംവിധാനം തുടങ്ങിയ കാര്യങ്ങൾ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ ഗവൺമെന്റ് മത്സ്യഫെഡ് വഴി 420 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. അതിൽ മേജർ പദ്ധതിയായ പലിശ രഹിത വായ്പ, ഈ വർഷം മുതൽ introduce ചെയ്യുകയാണ്. ഇതുവരെ അങ്ങനെ ഉണ്ടായിരുന്നില്ല. മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽനിന്ന് രക്ഷിക്കാൻവേണ്ടി പലിശരഹിത വായ്പയ്ക്കായി എൻ.സി.ഡി.സി.-യുടെ സഹായത്തോടുകൂടി ഈ വർഷം 36 കോടി രൂപയുടെ പദ്ധതിയാണ് തുടക്കം കുറിക്കുന്നത്. ബോട്ടിൽ പോകുന്ന തൊഴിലാളിക്ക് ലേലക്കാശ് ഇതുവരെ ഇരുപത്തയ്യായിരം രൂപയാണ് മത്സ്യഫെഡ് പലിശരഹിത വായ്പയായി കൊടുത്തത്. ഇപ്പോൾ അത് അൻപതിനായിരം രൂപയായി ഉയർത്തിയിരിക്കുകയാണ്. അവർ ആരിൽനിന്നും കടം വാങ്ങി കടക്കെണിയിൽ പോകേണ്ട കാര്യമില്ല. അതിനുതകുന്ന തരത്തിൽ മത്സ്യത്തൊഴിലാളികളുടെ സഹകരണ പ്രസ്ഥാനം വളരെ ശക്തമായി ഇടപെടുന്ന തരത്തിലേയ്ക്കാണ് കാര്യം വന്നിരിക്കുന്നത്. മത്സ്യബോർഡ് വഴിയുള്ള വിവിധ ആനുകൂല്യങ്ങൾക്കായിത്തന്നെ 214 കോടി രൂപയാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ഇതുവരെ ചെലവഴിച്ചത്. തീരമൈത്രി പദ്ധതിയുമായി ബന്ധപ്പെട്ട് ഇന്ന് വൈകിട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു പ്രോഗ്രാം നിയമസഭാലോഞ്ചിൽ നടത്തുന്നുണ്ട്. രണ്ടായിരത്തോളം ഗ്രൂപ്പുകൾ - നമ്മുടെ മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾ-സ്വയംതൊഴിൽ കണ്ടെത്തലിലേയ്ക്ക് വന്നിരിക്കുകയാണ്. അവരുടെ കലാപരിപാടികൾ ഇന്ന് വൈകിട്ട് കാണാം. 13.21 കോടി രൂപയാണ് ഇക്കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ കിഫ്ബി വഴി സ്കൂൾ, ഹോസ്പിറ്റൽസ് എന്നിവ

നടപ്പിലാക്കിയിട്ടുള്ളതാണ്. ഹാർബറിന്റേതായി 621 കോടി രൂപയുടെ പദ്ധതിയാണ് അപ്‌ലോഡ് ചെയ്തിരിക്കുന്നത്. ആയിരവും രണ്ടായിരവും എവിടെ എന്നൊക്കെ ശ്രീ. എം. വിൻസെന്റ് ചോദിച്ചു. ആയിരത്തിലേറെ കോടി രൂപയാണ് വിവിധ മേഖലകളിൽനിന്നായി കഴിഞ്ഞ വർഷം സോർട്ട് ചെയ്തിട്ടുള്ളത്. പുതിയ പ്രോജക്ട് നടപ്പിലാക്കുന്നുണ്ട്. ആ പ്രോജക്ടിനെക്കുറിച്ചാണ് പറഞ്ഞത്. ഇപ്പോഴത്തെ പദ്ധതികളെല്ലാം നിർത്തിവച്ചിട്ടില്ല. ബഡ്ജറ്റിന് പുറത്താണ് ഞാൻ ഇപ്പറഞ്ഞത്. ബഡ്ജറ്റ് എന്നുപറയുന്നത് കഴിഞ്ഞ വർഷം 412 കോടി രൂപയാണ്. ഇപ്പോൾ ഭവന നിർമ്മാണ പദ്ധതി ലൈഫിലേയ്ക്ക് പോയപ്പോൾ 320 കോടി രൂപയായി ചുരുങ്ങി. പക്ഷേ ബഡ്ജറ്റിനുപുറത്ത് നബാർഡ്, എൻ.സി.ഡി.സി., കിഫ്ബി എന്നിവ വഴി പരമാവധി സോഴ്സ് ഉപയോഗിച്ചുകൊണ്ടാണ് നമ്മൾ മത്സ്യമേഖലയിലെ പദ്ധതി നടപ്പിലാക്കുന്നത്. ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഏറ്റവും സുപ്രധാനമായ ഒരു പദ്ധതി ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കലാണ്. അത് രണ്ട് തരത്തിലാണ് ഉദ്ദേശിക്കുന്നത്. ഒന്ന് വേമ്പനാട് കായലും അഷ്ടമുടിക്കായലും. 25000 ഹെക്ടറുണ്ടായിരുന്ന വേമ്പനാട് കായൽ കയ്യേറി, ഇപ്പോൾ 16845 ഹെക്ടറായി ചുരുങ്ങി. അഷ്ടമുടിക്കായൽ 36 സ്ക്വയർ കിലോമീറ്റർ ഉണ്ടായിരുന്നത് പകുതിയിലേറെ കയ്യേറി. ഇപ്പോൾ 6424 ഹെക്ടറാണ് അഷ്ടമുടിക്കായലിന്റെ വിസ്തൃതി. ഈ രണ്ട് കായലിലെയും കയ്യേറ്റം തടഞ്ഞുകൊണ്ട് മത്സ്യസമ്പത്ത് സംരക്ഷിക്കാൻ കഴിയുന്ന തരത്തിൽ സ്വാഭാവിക പ്രജനന കേന്ദ്രങ്ങൾ അവിടെ ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. കരിമീൻ വളരെ പാരന്റൽ കെയർ ഉള്ള മത്സ്യമാണ്. ഓരോ മത്സ്യവും ആയിരത്തിലധികം കുഞ്ഞുങ്ങളെ വീതം മുട്ടയിട്ട് വളർത്തുന്നതാണ്. പക്ഷേ നമ്മൾ അതിനെ പിടിച്ചുകൊണ്ടുപോകുക വഴി അമ്മ മത്സ്യത്തിനെയും ഈ ആയിരം കുഞ്ഞുങ്ങളെയും നശിപ്പിക്കും. അതുകൊണ്ട് വേമ്പനാട് കായലിൽ 40 ഹെക്ടർ പ്രദേശത്ത് 20 കേന്ദ്രങ്ങൾ സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുകയാണ്. അഷ്ടമുടിക്കായലിൽ 10 കേന്ദ്രങ്ങളാണ് ഉദ്ദേശിക്കുന്നത്. ഇവിടെ അതിന്റെ സംരക്ഷണത്തിനായി മത്സ്യത്തൊഴിലാളികളുടെ കുടുംബത്തെത്തന്നെ ഗാർഡ് ആയി നിശ്ചയിച്ചുകൊണ്ട് മത്സ്യസമ്പത്ത് ഇരട്ടിയായി വർദ്ധിപ്പിക്കാനുള്ള ഫലപ്രദമായ ഇടപെടൽ നടത്തുന്നതാണ്. കൈപ്പാടി പൊക്കാളി ജലാശയങ്ങൾ 30000 ഹെക്ടറാണുള്ളത്. ഇന്ന് ആകെ കൃഷി ചെയ്യുന്നത് 2000 ഹെക്ടറിൽ താഴെയാണ്. ബാക്കി കൃഷി ചെയ്യുന്നില്ല. കഴിഞ്ഞ വർഷം ഈ ഗവൺമെന്റ് വന്നതിനുശേഷം 26% മത്സ്യോൽപ്പാദനത്തിന്റെ വർദ്ധനവ് ഈ രംഗത്ത് വന്നിട്ടുണ്ട്. മുന്നേറ്റമുണ്ടെങ്കിലും അത് നമ്മൾ ആഗ്രഹിക്കുന്ന തരത്തിലില്ല. കൈപ്പാടി പൊക്കാളി

ജലാശയങ്ങളിലും അഷ്ടമുടി, വേമ്പനാട് കായലുകളിലെയും മത്സ്യകൃഷിയെ സംരക്ഷിക്കാനും കുട്ടനാട് പാടശേഖരങ്ങൾ, തണ്ണീർമുക്കം ബണ്ട് തുറക്കേണ്ടതുണ്ട്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പറഞ്ഞത്, കൃഷിയെ സംരക്ഷിക്കുകയും അതോടൊപ്പം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കണമെന്നുമാണ്. അതിന് കഴിയുന്ന തരത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ തണ്ണീർമുക്കം ബണ്ട് തുറക്കണമെന്നാണ് ശിപാർശ. നമ്മൾ ഇതുവരെ അത് നടപ്പിലാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ സെഷനിൽതന്നെ ഒരു യോഗം വിളിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്തു മന്ത്രിയും ഞങ്ങളെല്ലാം കൂടി ചേർന്ന് തീരുമാനമെടുക്കുന്നതാണ്. മത്സ്യകൃഷിയും കായലിന്റെ പാരിസ്ഥിതിക അവസ്ഥയും സംരക്ഷിക്കാനായി കൃഷിയിൽത്തന്നെ മാലിന്യമൊഴുക്കിക്കളയാൻ തണ്ണീർമുക്കം ബണ്ട് ഒരു വർഷം തുറന്നിടേണ്ടത് ആവശ്യമാണ്. കുട്ടനാടൻ പാടശേഖരങ്ങളിൽനിന്ന് ബണ്ട് തുറന്നുവിട്ടാൽ ഒഴുക്കിൽപ്പെട്ടുവരുന്ന ജൈവമാലിന്യങ്ങളെല്ലാം കക്കയെ മൊത്തത്തിൽ നശിപ്പിക്കുകയാണ്. കക്കയുടെ ഏറ്റവും വലിയ പ്രത്യേകത, കക്ക സ്വാഭാവികമായി പരിസ്ഥിതിയെ സംരക്ഷിക്കുന്ന ജീവിയാണ്. ഒരു കക്ക ഒരു മണിക്കൂറിൽ 5 മില്ലീമീറ്റർ ജലമാണ് ശുദ്ധീകരിക്കുന്നത്. ലക്ഷക്കണക്കിന് കക്കകളുണ്ട്. കക്കകൾ വേമ്പനാട് കായലിന്റെ പാരിസ്ഥിതികമായ ശുദ്ധീകരണത്തിന് പ്രകൃത്യാ തന്നെയുള്ള, പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു വിഭവമാണ്. നമ്മൾ അതിനെയാണ് കുട്ടനാടൻ പാടശേഖരങ്ങളിലെ മലിനജലം ഒഴുക്കി അതിലൂടെ അവയെ നശിപ്പിക്കുന്നത്. ഇപ്പോൾ തണ്ണീർമുക്കം ബണ്ടിന്റെ വടക്കുഭാഗത്ത് മാത്രമേ കക്കയുള്ളൂ. അവിടെനിന്ന് ആ കക്കയെടുത്ത് തെക്കുഭാഗത്ത് ഇടാൻ നമ്മൾ ഉദ്ദേശിക്കുന്നുണ്ട്. കക്ക സംരക്ഷണം, കരിമീൻ സംരക്ഷണം ഇത് രണ്ടും ശാസ്ത്രീയമായി നടത്തിക്കൊണ്ട് തൊഴിലാളികളുടെകൂടി സഹകരണം ഉറപ്പാക്കുന്ന മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുകയും അതിനായി ഒരു നിയമം തന്നെ കൊണ്ടുവരാനും പോകുകയാണ്. ഇപ്പോൾ ബില്ല് സഭയുടെ പ്രോപ്പർട്ടിയാണ്. ആ ബില്ലടക്കം പാസ്സാക്കിക്കൊണ്ട് ഉൾനാടൻ മത്സ്യസമ്പത്തിന്റെയും ഉൾനാടൻ മത്സ്യകൃഷിയുടെയും ആസൂത്രിതമായ വർദ്ധനവിലേയ്ക്ക് കാര്യങ്ങൾ പോകേണ്ടതുണ്ട്. ഇത് നമുക്ക് വളരെ വലിയ സ്കോപ്പുള്ളതാണ്. കേരളത്തിന്റെ പുരോഗതിക്ക് മത്സ്യമേഖലയ്ക്ക് വലിയ സംഭാവന നൽകാൻ കഴിയും. നിർഭാഗ്യവശാൽ നമ്മൾ അതിനെ അവഗണിക്കുന്നുവെന്നതാണ് വളരെ പ്രധാനപ്പെട്ട കുറവ്. അവിടെ വേണ്ട ഇടപെടൽ നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സഹായത്തോട് കൂടിത്തന്നെയാണ് അത് ചെയ്യാനുദ്ദേശിക്കുന്നത്.

ഹാർബറിനെ സംബന്ധിച്ചാണ് എനിക്ക് അടുത്തതായി പറയാനുള്ളത്. കേരളത്തിൽ 24 ഹാർബറുകളാണുള്ളത്. 14 ഹാർബറുകളാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും വലിയ പ്രശ്നം. തോട്ടപ്പള്ളി, അർത്തുങ്കൽ, ചെത്തി എന്നീ മൂന്ന് ഹാർബറുകളാണുള്ളത്, മൂന്നും ഇതുവരെയായിട്ടും പ്രവർത്തനം പൂർത്തീകരിക്കാനായിട്ടില്ല. തോട്ടപ്പള്ളി എപ്പോഴും പ്രശ്നമാണ്. ഇപ്പോൾ ഞങ്ങൾ പതിമൂന്നര കോടി രൂപ ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിൽ വച്ച് വർക്ക് ടെണ്ടർ ചെയ്തിരിക്കുകയാണ്. തോട്ടപ്പള്ളിയിൽ ഇനി 28 കോടി രൂപ കൂടി വേണം. ഈ വർഷത്തെ ബഡ്ജറ്റിൽ പണം ഉൾപ്പെടുത്തി പ്രവർത്തനം പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അർത്തുങ്കൽ ഹാർബറിന് 70 കോടിയോളം രൂപ വേണം. അവിടെ ഐ.ഐ.റ്റി.-യുടെ പഠനമൊക്കെ കഴിഞ്ഞിട്ടാണ് കല്ലിട്ടത്, ആ കല്ലെല്ലാം മുങ്ങിപ്പോയി. ഇനി അർത്തുങ്കൽ ഹാർബറിലേയ്ക്ക് പുതുതായിട്ടാണ് പോകേണ്ടത്. അതിന് ഞങ്ങൾ സ്പെഷ്യൽ പാക്കേജായ 70 കോടി രൂപയിൽ ഈ വർഷം 35 കോടി രൂപ കൊടുക്കും. അർത്തുങ്കൽ ഹാർബർ നിർമ്മാണം ഈ വർഷം തന്നെ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. താന്നൂരും വെള്ളയിലുമാണ് മറ്റൊരു പ്രധാന പ്രശ്നം. താന്നൂരും വെള്ളയിലും നിർമ്മാണം എവിടെയും എത്താതെ കിടക്കുകയാണ്. ആ രണ്ടിടത്തെയും പൊന്നാനിയിലെ ഷോർ പ്രൊട്ടക്ഷനുമുൾപ്പെടെ മൂന്നും ഈ വർഷം നബാർഡിന്റെ സ്കീമിൽപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷംതന്നെ തലായിയും ചേറ്റുവയും ഉദ്ഘാടനം ചെയ്തു. മഞ്ചേശ്വരവും കൊയിലാണ്ടിയും എത്രയുംപെട്ടെന്ന് ഉദ്ഘാടനം ചെയ്യുന്ന തരത്തിൽ നിർമ്മാണം അതിവേഗം നടക്കുകയാണ്. ഹാർബർ രംഗത്തും പശ്ചാത്തല സൗകര്യം ഉറപ്പാക്കുന്നതിൽ വളരെ വലിയ നീക്കത്തിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം ഹാർബർ ഇന്നലെ കടൽ ക്ഷോഭത്തിൽ ഒരു ഭാഗത്ത് ഭിത്തി തകരാറായിരിക്കുകയാണ്. എഞ്ചിനീയർമാരെ അവിടെ അയച്ച് പരിശോധിക്കണം. ആ ഹാർബർ പൂർത്തീകരിക്കാൻ മന്ത്രി ഒരു യോഗം വിളിച്ചിരുന്നു. അതിന്റെ തുടർനടപടികളുമായി മുന്നോട്ടുപോയില്ല. ഹാർബർ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് പറഞ്ഞത് വിഴിഞ്ഞത്തിന്റെ കാര്യമാണ്. ആ പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ചുറ്റുമതിൽ പൂർത്തീകരണം 1962-ൽ തുടങ്ങിയതാണ്. ഇപ്പോൾ എന്തായാലും അത് പൂർത്തീകരിക്കും. അതിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങുകയാണ്. കൊയിലാണ്ടിയും കാസർഗോഡും പൂർത്തീകരണത്തിലേയ്ക്ക് അടുക്കുകയാണ്. മഞ്ചേശ്വരമാണ് ഇനി നമ്മൾ എടുക്കുന്നത്. ഹാർബറുകളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്ന നടപടികളിലേയ്ക്കാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്.

മറ്റൊരു കാര്യം വിപണനത്തെക്കുറിച്ചാണ്. ക്വാളിറ്റി ഉറപ്പാക്കുന്നതിനെക്കുറിച്ച് ചില അംഗങ്ങൾ ഇവിടെ പറഞ്ഞു. തീർച്ചയായിട്ടും നമ്മുടെ ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ വളരെ വലിയ ഇടപെടലാണ് വേണ്ടത്. ആ ബില്ലും സഭയുടെ പ്രോപ്പർട്ടിയാണ്, ഈ സെഷനിൽ കൊണ്ടുവരാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്തായാലും അതിവേഗം നിയമ നിർമ്മാണത്തിലേയ്ക്ക് പോകണം. Quality control auctioning and marketing wing - അങ്ങനെയൊരു നിയമനിർമ്മാണം വഴിയേ ഗുണനിലവാരമുള്ള മത്സ്യം ഹാർബറിൽ നിന്നും മാർക്കറ്റിലേയ്ക്ക് എത്തിക്കാനാകൂ. അത് ഫിഷറീസ് ഡിപ്പാർട്ട്മെന്റും മത്സ്യഫെഡും തദ്ദേശസ്വയംഭരണ വകുപ്പും ബന്ധപ്പെട്ടുള്ളതാണ്. മാർക്കറ്റുകൾ അവരുടെ കീഴിലാണ്. ബിൽ കൊണ്ടുവരുന്നതിനുമുൻപ് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് കൂടിയാലോചിച്ചുകൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മൂന്ന് വകുപ്പുകൾ ചേർന്നുകൊണ്ടുമാത്രമാണ് ബിൽ നടപ്പാക്കാൻ സാധിക്കുക. അങ്ങനെയൊരു നിയമനിർമ്മാണം വരുന്നതുവഴി മാത്രമേ ഗുണനിലവാരമുള്ള മത്സ്യം നമ്മുടെ മാർക്കറ്റുകളിൽ ലഭ്യമാകൂ. ഇന്നത്തെ മാർക്കറ്റിന്റെ സ്ഥിതി മൂക്കുപൊത്താതെ അതുവഴി പോകാൻ സാധിക്കില്ല എന്നതാണ്. നിലവാരമുള്ള ഒരു മാർക്കറ്റ് ഉണ്ടാക്കുക എന്നതാണ് ഡിപ്പാർട്ട്മെന്റ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കിഫ്ബിയിൽ 149 കോടി രൂപയുടെ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. അത് പൂർണ്ണമായി അപ്‌ലോഡ് ചെയ്തിട്ടില്ല; ആ തരത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഗുണ നിലവാരമുള്ള മത്സ്യമാർക്കറ്റാണ് ഉറപ്പാക്കേണ്ടത്. ഗുണനിലവാരത്തോടുകൂടിയും ശുചിത്വത്തോടുകൂടിയും മത്സ്യം എല്ലാവർക്കും ലഭ്യമാക്കേണ്ടതുണ്ട്. മത്സ്യം എല്ലാവർക്കും ഇഷ്ടമാണ്. പക്ഷേ ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന മത്സ്യം ഗുണനിലവാരമുള്ളതല്ല. അതുകൊണ്ട് ക്വാളിറ്റി ഉറപ്പാക്കുന്ന തരത്തിൽ ഹാർബറുകളിൽതന്നെ മത്സ്യം സൂക്ഷിക്കാനും കോൾഡ് ചെയിൻ ഉറപ്പാക്കാനുമുള്ള പദ്ധതി കൊണ്ടുവരുന്നുണ്ട്. അതുകൂടി വന്നുകഴിഞ്ഞാൽ ഹാർബറിൽനിന്നും മത്സ്യഫെഡ് വഴി മത്സ്യം ലേലം ചെയ്യുക; മത്സ്യത്തൊഴിലാളിക്കുതന്നെ ന്യായമായ

വില ഉറപ്പാക്കുക; നേരിട്ട് മാർക്കറ്റിലെത്തിക്കുക; അവിടെ ഗുണനിലവാരം ഉറപ്പാക്കി ജനങ്ങൾക്ക് വാങ്ങാൻ കഴിയുക; ഇങ്ങനെ ചെയിനായി മത്സ്യമാർക്കറ്റ് കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് ഒട്ടേറെ കാര്യങ്ങളിൽ മുന്നോട്ടുപോകാൻ ഗവൺമെന്റിന് സാധിച്ചു. സമയബന്ധിതമായി ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് എല്ലാവരുടെയും പിന്തുണയും സഹകരണവുമാണ് അഭ്യർത്ഥിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

## IX പ്രത്യേക പരാമർശം

ജി.പി.എസ്. ഘടിപ്പിക്കുന്നതിന് സാവകാശം

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ജി.പി.എസ്. ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സാവകാശം നൽകണമെന്നൊരു നിർദ്ദേശം ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ദാസനും പ്രതിപക്ഷനേതാവും മുന്നോട്ടു വയ്ക്കുകയുണ്ടായി. ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചു. സാവകാശം നൽകാൻ നിർദ്ദേശം നൽകാമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സമര പ്രഖ്യാപനം നടത്തുന്നവരോട് സമരം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. കൂടാതെ ജി.പി.എസ്. ഘടിപ്പിക്കുന്ന സാമ്പത്തികഭാരം ഒരു പ്രശ്നമായി അവരിൽ ചിലർ ഉന്നയിച്ചിരുന്നു. കൊല്ലത്തുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ എന്ന കമ്പനി ജി.പി.എസ്. ഉണ്ടാക്കുന്നുണ്ട്. ഗഡുക്കളായി അവ നൽകാനുള്ള തീരുമാനവും വ്യവസായ വകുപ്പ് എടുത്തിട്ടുണ്ട്. ആ തീരുമാനവും സഭയെ അറിയിക്കുകയാണ്.

## ധനകാര്യം - (തുടർച്ച)

## ധനാഭ്യർത്ഥന നമ്പർ IX- വാഹന നികുതികൾ

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, പി. കെ. അബ്ദു റബ്ബ്, മഞ്ഞളാംകുഴി അലി, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ്, റോജി എം. ജോൺ, പി. ടി. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. പി. സജീന്ദ്രൻ, അൻവർ സാദത്ത്,

കെ. സി. ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, വി. ടി. ബൽറാം എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ

11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്

35. ശ്രീ. ഡി. കെ. മുരളി

36. ശ്രീ. മുരളി പെരുനെല്ലി

37. ശ്രീ. സി. കെ. നാണു

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. യു. ആർ. പ്രദീപ്

40. ശ്രീ. കെ. ഡി. പ്രസേനൻ

41. ശ്രീമതി യു. പ്രതിഭ

42. ശ്രീ. പുരുഷൻ കടലുണ്ടി

43. ശ്രീ. പി. ടി. എ. റഹീം

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. എസ്. രാജേന്ദ്രൻ

47. ശ്രീ. ആർ. രാജേഷ്

48. ശ്രീ. റ്റി. വി. രാജേഷ്

49. ശ്രീ. കെ. രാജു

50. ശ്രീ. രാജു എബ്രഹാം

51. ശ്രീ. ആർ. രാമചന്ദ്രൻ

52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

53. ശ്രീ. മുല്ലക്കര രത്നാകരൻ

54. പ്രൊഫ. സി. രവീന്ദ്രനാഥ്

55. ശ്രീ. എസ്. ശർമ്മ

56. ശ്രീ. എ. കെ. ശശീന്ദ്രൻ

57. ശ്രീ. സി. കെ. ശശീന്ദ്രൻ

58. ശ്രീ. വി. ശശി

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. എ. എൻ. ഷംസീർ

61. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

62. ശ്രീ. ജി. സുധാകരൻ

63. ശ്രീ. വി. ആർ. സുനിൽ കുമാർ

64. ശ്രീ. വി. എസ്. സുനിൽ കുമാർ

65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

66. ശ്രീ. കെ. സുരേഷ് കുറുപ്പ്

67. ശ്രീ. എം. സ്വരാജ്

68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

69. ശ്രീ. പി. തിലോത്തമൻ

70. ശ്രീ. തോമസ് ചാണ്ടി

71. ഡോ. ടി. എം. തോമസ് ഐസക്

72. ശ്രീ. പി. ഉണ്ണി

73. ശ്രീമതി വീണാ ജോർജ്ജ്

74. ശ്രീ. കെ. വി. വിജയദാസ്

75. ശ്രീ. ഇ. കെ. വിജയൻ

76. ശ്രീ. പിണറായി വിജയൻ

77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. മഞ്ഞളാംകുഴി അലി

5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. പി. ജെ. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. വി. എസ്. ശിവകുമാർ

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. സി. എഫ്. തോമസ്

31. ശ്രീ. പി. ടി. തോമസ്

32. ശ്രീ. പി. ഉബൈദുള്ള

33. ശ്രീ. എം. ഉമ്മർ

34. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIII- മത്സ്യബന്ധനം

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, പി. കെ. അബ്ദു റബ്ബ്, മഞ്ഞളാംകുഴി അലി, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ്, റോജി എം. ജോൺ, പി. ടി. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. പി. സജീന്ദ്രൻ, അൻവർ സാദത്ത്, കെ. സി. ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, വി. ടി. ബൽറാം, മോൻസ് ജോസഫ്, പാറക്കൽ അബ്ദുല്ല, അബ്ദുൽ ഹമീദ്. പി. എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്

16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. വി. ജോയി
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. സി. കൃഷ്ണൻ
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. കെ. കുഞ്ഞിരാമൻ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. വി. കെ. സി. മമ്മത് കോയ
30. ശ്രീ. മാത്യു ടി. തോമസ്
31. ശ്രീ. കെ. ജെ. മാക്സി
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. എ. സി. മൊയ്തീൻ
34. ശ്രീ. മുഹമ്മദ് മുഹസിൻ പി.
35. ശ്രീ. എം. മുകേഷ്
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്

40. ശ്രീ. യു. ആർ. പ്രദീപ്
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ

64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്

9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. പി. ജെ. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. സി. എഫ്. തോമസ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. പി. ഉബൈദുള്ള

33. ശ്രീ. എം. ഉമ്മർ

34. ശ്രീ. എം. വിൻസെന്റ്

അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XLI-ഗതാഗതം**

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, പി. കെ. അബ്ദു റബ്ബ്, സി. മമ്മൂട്ടി, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, പാറക്കൽ അബ്ദുല്ല, അബ്ദുൽ ഹമീദ് പി., എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, കെ. സി. ജോസഫ്, വി. ടി. ബൽറാം, വി. പി. സജീന്ദ്രൻ, റോജി എം. ജോൺ, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, പി. ടി. തോമസ്, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ഇ. പി. ജയരാജൻ

22. ശ്രീ. ജോൺ ഫെർണാണ്ടസ്

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. സി. കൃഷ്ണൻ

26. ശ്രീ. കെ. കൃഷ്ണൻകുട്ടി

27. ശ്രീ. കെ. കുഞ്ഞിരാമൻ

28. ശ്രീ. കോവൂർ കുഞ്ഞുമോൻ

29. ശ്രീ. വി. കെ. സി. മമ്മത് കോയ

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ പി.

35. ശ്രീ. എം. മുകേഷ്

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി

38. ശ്രീ. സി. കെ. നാണു

39. ശ്രീ. എം. നൗഷാദ്

40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. കെ. ഡി. പ്രസേനൻ

42. ശ്രീമതി യു. പ്രതിഭ
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. എം. രാജഗോപാലൻ
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. എ. എൻ. ഷംസീർ
62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
63. ശ്രീ. ജി. സുധാകരൻ
64. ശ്രീ. വി. ആർ. സുനിൽ കുമാർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ

66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ശ്രീ. തോമസ് ചാണ്ടി
72. ഡോ. ടി. എം. തോമസ് ഐസക്
73. ശ്രീ. പി. ഉണ്ണി
74. ശ്രീമതി വീണാ ജോർജ്ജ്
75. ശ്രീ. കെ. വി. വിജയദാസ്
76. ശ്രീ. ഇ. കെ. വിജയൻ
77. ശ്രീ. പിണറായി വിജയൻ
78. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. അനിൽ അക്കര
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. വി. ടി. ബൽറാം

11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
13. ശ്രീ. ടി. വി. ഇബ്രാഹിം
14. ശ്രീ. പി. ജെ. ജോസഫ്
15. ശ്രീ. സി. മമ്മൂട്ടി
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. ഉമ്മൻ ചാണ്ടി
20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
21. ശ്രീ. രമേശ് ചെന്നിത്തല
22. ശ്രീ. റോജി എം. ജോൺ
23. ശ്രീ. റോഷി അഗസ്റ്റിൻ
24. ശ്രീ. കെ. എസ്. ശബരീനാഥൻ
25. ശ്രീ. വി. പി. സജീന്ദ്രൻ
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. ഷാഫി പറമ്പിൽ
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. സി. എഫ്. തോമസ്
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ
34. ശ്രീ. എം. വിൻസെന്റ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 78 |
| പ്രതികൂലിക്കുന്നവർ | - | 34 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## X നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിനെ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

മെഡിക്കൽ അഡ്മിഷന്റെ കാര്യത്തിൽ ഈ സർക്കാരിന്റെ കാര്യക്ഷമതക്കുറവ് പലതവണ തെളിഞ്ഞിട്ടുള്ളതാണ്. ഈ ബില്ലിന്റെ ഉദ്ദേശ്യം എന്താണ്, നിയമങ്ങൾ ഉണ്ടാക്കുന്നതിൽ ഈ ഗവൺമെന്റിന്റെ നിലപാടെന്താണ്? ഈ ബിൽ കൊണ്ടുവന്നപ്പോൾ തന്നെ സർക്കാരിന്റെ കാര്യക്ഷമതക്കുറവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയിൽ ഒരു റൂളിംഗ് നൽകുകയുണ്ടായി. ധനകാര്യമെമ്മോറാണ്ടം സംബന്ധിച്ച ഈ ബില്ലിലെ തെറ്റുതിരുത്തണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്കുതന്നെ പറയേണ്ടിവന്നു. നിയമ വകുപ്പ് അറിഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് കൊടുത്ത ഒരു

പണിയാണ് ഇതിന്റെ ധനകാര്യമെമ്മോറാണ്ടം. ഇതിൽ ഹൈക്കോടതി വിധി വന്നത് 2017-ലാണ്. ആ വിധിയ്ക്ക് ഭേദഗതി കൊണ്ടുവരുന്നത് 2019-ലാണ്. അതുകൊണ്ടുതന്നെ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള പ്രവേശന മേൽനോട്ടത്തിനുള്ള ഫീസ് നിർണ്ണയത്തിനോ അല്ലെങ്കിൽ പ്രവേശന മേൽനോട്ടത്തിനോ നീതിപൂർവ്വമായ ഒരു ഇടപെടൽ ഈ നിയമംകൊണ്ട് സാധിക്കില്ല. വളരെ ഭംഗിയായി ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് അടുത്തൊരു പത്തുപതിനഞ്ച് ദിവസമായി നിപ വൈറസിനെ പേടിച്ച് വവ്വാലിനെ തിരഞ്ഞ് പോകുന്ന ആരോഗ്യ വകുപ്പുമന്ത്രി. അതിനിടയ്ക്കാണ് മെഡിക്കൽ ബില്ലും എൻട്രൻസ് കാര്യത്തിലെ സീറ്റ് വർദ്ധനവുമൊക്കെ വന്നത്. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ വന്ന വാർത്ത - 'സാമ്പത്തിക സംവരണത്തിനുള്ള മെഡിക്കൽ സീറ്റ് വർദ്ധന തിരുത്തി തലയൂരി, സീറ്റ് കൂട്ടാൻ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും അനുമതി പത്രം'. അത് വിവാദമായപ്പോൾ ആരോഗ്യ വകുപ്പ് റദ്ദാക്കി. 'മെഡിക്കൽ കൗൺസിൽ സീറ്റ് വർദ്ധന നിർദ്ദേശിച്ചത് സർക്കാർ മെഡിക്കൽ കോളേജുകളിൽ മാത്രം. ഇല്ലാത്ത സീറ്റിന് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് അനുമതി പത്രം, വിവാദമായി, പിൻവലിച്ചു.' - മാതൃഭൂമി പത്രത്തിൽ കൊടുത്തിരിക്കുന്നതാണ്. - അനുമതി പത്രം ലഭിച്ചവയിൽ അംഗീകാരമില്ലാത്ത രണ്ട് കോളേജുകൾ. നിങ്ങൾക്ക് എവിടെയാണ് സൂക്ഷ്മതയുള്ളത്; സർക്കാർ എന്താണ് പറഞ്ഞത്, മെഡിക്കൽ കൗൺസിൽ എന്താണ് പറഞ്ഞത്. മേയ് 20-ാം തീയതി അയച്ച കത്തിൽ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മാത്രമാണ് ഇത് ബാധകമെന്ന് വ്യക്തമാക്കിയിരുന്നത്. സ്വാശ്രയ കോളേജിലെ പത്ത് ശതമാനം സീറ്റിലും സാമ്പത്തിക സംവരണം നടപ്പാക്കിയാൽ അവരുടെ ഉയർന്ന ഫീസ് ആര് നൽകുമെന്നുള്ള ഒരു ധാരണയുമില്ല. പിന്നെന്തിനാണ് സർക്കാർ രണ്ട് ദിവസത്തിനുള്ളിൽ രണ്ട് അനുമതി പത്രം കൊടുക്കാൻ പോയത്? ആദ്യം ചൊവ്വാഴ്ച ഒരു അനുമതി പത്രം കൊടുത്തു. എട്ട് ന്യൂനപക്ഷ ഇതര സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്ക് ചൊവ്വാഴ്ച വൈകിട്ട് ആരോഗ്യ പ്രിൻസിപ്പൽ സെക്രട്ടറി അനുമതി പത്രം നൽകുന്നു. അപ്പുറത്തിരിക്കുന്ന ഇടതുപക്ഷക്കാർ, അഴിമതിക്കെതിരെ പ്രസംഗിക്കുകയും ശക്തമായി പോരാടുകയും ചെയ്യുന്ന നിങ്ങൾ എന്താണ് ചെയ്തതെന്ന് പറയണം. കോഴ വിവാദത്തിൽപ്പെട്ട വർക്കല എസ്.ആർ. മെഡിക്കൽ കോളേജ്, വേണ്ടത്ര സൗകര്യമില്ലാത്തതിനാൽ വിദ്യാർത്ഥികളെ മറ്റ് കോളേജുകളിലേയ്ക്ക് മാറ്റിയ പാലക്കാട് കേരള മെഡിക്കൽ

കോളേജ് എന്നിവയ്ക്ക് സർക്കാർ അനുമതി പത്രം നൽകി. രണ്ടാമതായി ന്യൂനപക്ഷ കോളേജുകളെ ഒഴിവാക്കി. ഇന്നലെ ഉച്ചയ്ക്ക് പതിനാല് ന്യൂനപക്ഷ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കുകൂടി അപേക്ഷിക്കാൻ അനുമതി നൽകി. രണ്ടാമത്തെ കത്ത് ഇന്നലെ ഉച്ചയോടെ ഇറക്കി. ചൊവ്വാഴ്ചത്തെ കത്തിന്റെ തീയതിയും നമ്പറും വച്ചാണ് രണ്ടാമത് തയ്യാറാക്കുന്നത്. എന്നാൽ മെഡിക്കൽ കൗൺസിലിന് അപേക്ഷ നൽകേണ്ട സമയപരിധി ചൊവ്വാഴ്ച വൈകിട്ട് അവസാനിച്ചിരുന്നു. ആദ്യ കത്തും സമയപരിധി കഴിഞ്ഞാണ് ഇറക്കിയതെങ്കിലും അതിലുള്ള പല കോളേജുകളും ഇക്കാര്യം മുൻകൂട്ടി മനസ്സിലാക്കി അധികം സീറ്റിന് അപേക്ഷിച്ചു. രണ്ടാമത്തെ കത്തിലുള്ള പല മാനേജ്മെന്റുകളും ഇക്കാര്യം അറിഞ്ഞില്ല. അതിനാണ് മൂന്നാമത്തെ കത്തിലെ തിരുത്ത്. അങ്ങ് ഇത് മനസ്സിലാക്കണം. ഞങ്ങൾ അപ്പുറത്തിരിക്കുമ്പോൾ അങ്ങ് ഇവിടെയിരുന്ന് വളരെ ശക്തമായി സ്വാശ്രയ കാര്യങ്ങളൊക്കെ ശാസ്ത്രീയമായി ഒരു അദ്ധ്യാപകനെന്ന നിലയ്ക്ക് പഠിപ്പിച്ച ആളാണ്. മെഡിക്കൽ കൗൺസിൽ നിർദ്ദേശിക്കുന്ന സീറ്റ് വർദ്ധന സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മാത്രമാണ് ബാധകമെന്ന് അപ്പോഴാണ് സർക്കാരിന് ബോധ്യമായത്. സർക്കാർ കോളേജുകൾക്ക് മാത്രമാണ് സീറ്റ് വർദ്ധന ബാധകമെന്നും സ്വാശ്രയ മെഡിക്കൽ കോളേജുകൾ തങ്ങളുടെ അവകാശവാദം മെഡിക്കൽ കൗൺസിലിനെ അറിയിക്കണമെന്നും പറഞ്ഞാണ് രണ്ടാമത്തേത്. നിങ്ങളൊന്ന് ആലോചിച്ച് നോക്കണം. അംഗീകാരമില്ലാത്ത രണ്ട് കോളേജ് എന്ന് പറയാൻ കാരണം, സാമ്പത്തിക സംവരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് പത്ത് ശതമാനം സീറ്റ് സംവരണത്തിന് തീരുമാനിച്ചത്. അത് പ്രകാരമുള്ള കാര്യങ്ങളല്ലേ നോക്കേണ്ടത്. എങ്ങനെയാണ് ആരോഗ്യ വകുപ്പ് ഇത്രയും ഓർഡറുകൾ ഇറക്കുക. ഇതിൽ വേറെയും സംഭവമുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇപ്പോൾ കാര്യമായ ഒരു ഭേദഗതി കൊണ്ടുവന്നത് കമ്മിറ്റിയിൽ ക്വാറം വേണ്ടായെന്നതാണ്. ക്വാറം ഇല്ലാതിരിക്കാനുള്ള കാരണം, കമ്മിറ്റി വിളിച്ചുകൂട്ടിയിട്ട് ക്വാറം തികയുന്നില്ലായെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പറഞ്ഞു. ഈ കമ്മിറ്റിയെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നത് ഗവൺമെന്റാണ്. എന്നിട്ട് ക്വാറം തികയാത്തതുകൊണ്ടാണ് കമ്മിറ്റി കൂടാത്തതെന്ന് പറഞ്ഞപ്പോൾ ഹൈക്കോടതി ക്വാറം തന്നെ വേണ്ടായെന്ന് പറഞ്ഞു. അങ്ങനെ ക്വാറം വേണ്ടായെന്നുള്ളതാണ് ഒരു ഭേദഗതി. അതായത്, ഗവൺമെന്റ് വിളിച്ചുകൂട്ടിയ ആളുകൾ വരാത്തതുകൊണ്ട് ക്വാറം തന്നെ വേണ്ടായെന്നുള്ളതാണ് ഒരു ഭേദഗതിയെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് മനസ്സിലായിട്ടില്ലേ?

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ മനസ്സിലാക്കി. ഒരാമുഖമെന്നനിലയിൽ പറയുന്നതാണിത്. സഭയിലെ അംഗങ്ങൾക്ക് മുഴുവൻ അറിയില്ല; എട്ട് കോളേജിലും മെഡിക്കൽ കൗൺസിലിന്റെയും ആരോഗ്യ സർവ്വകലാശാലയുടെയും അംഗീകാരമില്ലാത്ത, ഞാൻ നേരത്തെ സൂചിപ്പിച്ച, പാലക്കാട്, ചെർപ്പുളശ്ശേരി, വർക്കല, എസ്.ആർ. എന്നിവ അതിൽ കയറിക്കൂടിയത് എങ്ങനെയാണെന്ന്, മന്ത്രി മറുപടി പറയണം. ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. എങ്ങനെയാണ് കയറിക്കൂടിയത്; ഇതിൽ കയറിക്കൂടാൻ ഉത്തരവിട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം. ചിലപ്പോൾ എല്ലാം നിങ്ങൾക്ക് അറിയണമെന്നില്ല, നിങ്ങൾ തിരക്കിലായിരിക്കും, ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുകയല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഒരു കണ്ണേറ് നിങ്ങൾക്ക് പറ്റിയിരിക്കുന്നുവെന്ന്. എല്ലാം ശരിയാക്കാമെന്നുവിചാരിച്ച് ഒരു ദിവസം തന്നെ ഇങ്ങനെ മൂന്ന് ഉത്തരവ് ഇറക്കിയതിന്റെ വിരോധാഭാസം ഒന്നാലോചിച്ച് നോക്കണം. എല്ലാം പഠിച്ച ആളുകളല്ലേ നിങ്ങൾ? ഈ ബില്ലിലെ 15-ാം നമ്പർ നിയമത്തിൽ ചില വ്യവസ്ഥകൾ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതി 2-11-2017-ൽ ഒരു വിധി പുറപ്പെടുവിച്ചു. അതിലെ 15-ാം നമ്പർ നിയമത്തിലെ ചില വ്യവസ്ഥകളാണ് റദ്ദാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി വി. എസ്. സുനിൽ കുമാർ ഇത് കേൾക്കണം. നിങ്ങളാണ് കഴിഞ്ഞ പ്രാവശ്യം എപ്പോഴും സ്വാശ്രയ മെഡിക്കൽ കാര്യങ്ങളെല്ലാം പറഞ്ഞ് സമരം ചെയ്യുകയും ഇവിടെവന്ന് ബഹളം വയ്ക്കുകയും ചെയ്തത്. അതുകൊണ്ട് താങ്കൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം. ഈ ബില്ലിൽ പ്രവേശനവും ഫീസും നിയന്ത്രിക്കുന്നത് തികച്ചും വ്യത്യസ്തമായ രണ്ട് സംഗതികളാകയാൽ ഓരോന്നിനും പ്രത്യേകം കമ്മിറ്റികൾ ആകുന്നത് ഉചിതമെന്നാണ് കോടതി നിരീക്ഷിച്ചത്. ജഡ്ജ്മെന്റിൽ നിലവിലുള്ള പത്തംഗ കമ്മിറ്റിയുടെ ഘടന പുനഃപരിശോധിക്കുന്നതിനും കോടതി നിർദ്ദേശിക്കുകയുണ്ടായി. ഹൈക്കോടതി 15-ാം നമ്പർ നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് റദ്ദാക്കിയത്; ഒന്ന്, താൽക്കാലിക ഫീസ് നിർണ്ണയം സംബന്ധിച്ച 8(1)(B) വകുപ്പ്. അതിൽ താൽക്കാലികമായി ഫീസ് നിർണ്ണയിക്കുവാനും 90 ദിവസത്തിനകം അന്തിമ ഫീസ് നിർണ്ണയിക്കുവാനും സമിതിയെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ അധികാര പരിധി മറികടന്നുള്ളതാണെന്ന് കോടതി കണ്ടെത്തി. രണ്ട്, സർക്കാരും കോളേജുകളും തമ്മിൽ കരാർ ഉണ്ടാക്കാവുന്ന 17-ാം വകുപ്പ്. ഇത് അധികാരപരിധി മറികടന്നുള്ളതാണെന്ന് കോടതി കണ്ടെത്തി. മൂന്ന്, പത്തംഗ സമിതിക്ക് യോഗം ചേരുവാൻ ക്വാറം നാലുപേരാണെന്ന് നിശ്ചയിച്ചത് വകുപ്പുകളുടെ പ്രവർത്തനവും ബാദ്ധ്യതയും സംബന്ധിച്ച സമിതിയുടെ ലക്ഷ്യത്തിന് വിരുദ്ധമാണെന്ന് കോടതി

കണ്ടെത്തി. നാല്, താൽക്കാലിക ഫീസ് നിർണ്ണയം ക്രമപ്പെടുത്തുന്ന പത്തൊൻപതാം വകുപ്പ് നിയമവിരുദ്ധമാണെന്ന് കോടതി കണ്ടെത്തി. ഫീസ് നിർണ്ണയ സമിതിയെ ഇല്ലാതാക്കി, ഫീസ് നിർണ്ണയത്തിൽ സർക്കാരിന്റെ അധികാരം ഇല്ലാതാക്കുവാനാണ് സ്വാശ്രയലോബി ഹൈക്കോടതിയിൽ ശ്രമിച്ചത്. സമിതികളിൽ കൂടുതലും സർക്കാർ പ്രതിനിധികളാണെന്നും സ്വതന്ത്ര സ്വഭാവം ഉറപ്പാക്കണമെന്ന സുപ്രീംകോടതി ഉത്തരവുകൾ ലംഘിച്ചുവെന്നും ഹൈക്കോടതിയിൽ സ്വാശ്രയലോബി വാദിച്ചു. ജംബോ കമ്മിറ്റി പാടില്ലായെന്ന് സുപ്രീംകോടതി ഉത്തരവുണ്ടായിരിക്കെ ജംബോ കമ്മിറ്റിയെ നിയോഗിച്ചതും കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഡയറക്ഷൻ ഉണ്ടായിട്ടും ജംബോ കമ്മിറ്റിയെ നിയമിക്കാൻ പാടുണ്ടോ? ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് 2-11-2017-ൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്തുകൊണ്ടുള്ള നിയമം ഇപ്പോൾ കൊണ്ടുവന്നത്. എല്ലാത്തിനും ബഹളം വയ്ക്കാൻ സാധിക്കില്ല. ഇത് പ്രധാന കാര്യമാണ്. പത്തംഗ സമിതിയെ പ്രവേശന മേൽനോട്ട സമിതി, ഫീസ് നിർണ്ണയ സമിതി എന്നീ രണ്ട് സമിതികളാക്കിയാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇത് മൂന്നാറിലെ കയ്യേറ്റമല്ല, മെഡിക്കൽ ബില്ലാണ്. രണ്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷൻ റിട്ടയർ ചെയ്ത ഒരു ജഡ്ജിയെത്തന്നെ നിയമിക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് ധനകാര്യ മെമ്മോറാണ്ടത്തിന്റെ ശുദ്ധിപത്രത്തിൽ പറയുന്നുണ്ട്. അതുപോലെ രണ്ട് കമ്മിറ്റിയിലും നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽനിന്നുള്ള പ്രതിനിധിയും ഒരേ വ്യക്തിതന്നെയായിരിക്കണമെന്ന് സർക്കാർ ഇവിടെ നിഷ്കർഷിക്കുന്നു. ഇത് 2-11-2017-ലെ ഹൈക്കോടതി വിധിയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമാണ്. ഹൈക്കോടതി വിധിയുടെ ഒരു ഭാഗം ഞാനിവിടെ സൂചിപ്പിക്കാം. " While the function of the Fee Regulatory Committee is quasi judicial the function of Administrative Regulatory Committee is more administrative. Their aims, objects and obligations are different and therefore they cannot be clubbed in the manner as it has been done." ഇതിന്റെ അർത്ഥമെന്താണെന്ന് നിങ്ങൾക്ക് മാത്രമല്ല ഞങ്ങൾക്കും മനസ്സിലാകും. ഈ ക്ലോസ് വച്ചിട്ട് മന്ത്രി പറയണം. ഭേദഗതി നിയമത്തിലൂടെ കൊണ്ടുവന്നിട്ടുള്ള രണ്ട് കമ്മിറ്റികളിലും അഞ്ച് അംഗങ്ങൾ വീതമാണുള്ളത്. അവരിൽ മൂന്നംഗങ്ങൾ രണ്ട് കമ്മിറ്റികളിലും അംഗങ്ങളാണ്. അവിടെയാണ് പ്രശ്നം. ഈ ജഡ്ജ്മെന്റ് വന്നതിനുശേഷം ഇപ്പോൾ കൊണ്ടുവന്ന ബില്ലിൽ രണ്ട് കമ്മിറ്റിയിലും മൂന്ന് അംഗങ്ങളുണ്ട്. ഹൈക്കോടതി നിരീക്ഷണത്തിന് നേരെ വിപരീതമായ തീരുമാനമാണ്

ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. പ്രവേശന മേൽനോട്ട സമിതിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ വളരെ പരിമിതമാണ്. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് പത്ത് ലക്ഷം രൂപയാണ് പിഴയായി നിർദ്ദേശിക്കുന്നത്. ഈ സംഖ്യ വളരെ കുറവാണ്. ഇത് വർദ്ധിപ്പിക്കണം. സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കാൻ സർവ്വകലാശാലയോട് ശിപാർശ ചെയ്യാനുള്ള അധികാരം കോടതികളിൽ ചോദ്യം ചെയ്യപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ശക്തമായ നിബന്ധനകൾ ഉൾക്കൊണ്ടുവേണം ഈ ഭേദഗതി ബിൽ കൊണ്ടുവരേണ്ടതെന്ന് ഞാൻ നിർദ്ദേശിക്കുന്നു. ഈ ഭേദഗതികൾ ഇതിന് സഹായമല്ല, ഈ ബിൽ കുറ്റമറ്റതാകുകയില്ല എന്ന വിയോജനം രേഖപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ ഭേദഗതി നിയമം വീണ്ടും കോടതി കയറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ ബില്ലും കോടതി കയറും. സർക്കാരിന്റെ വക്കീലൻമാരും സുപ്രീംകോടതിയിലെ ഏറ്റവും സീനിയർ വക്കീലൻമാരും സ്വാശ്രയകേസ്സിനുവേണ്ടി വാദിക്കുമ്പോൾ ഇനിയും നമ്മൾ അവിടെ തോൽക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പുനഃപരിശോധിക്കണം. ഇതൊരു കുറ്റമറ്റ ബില്ലായിരിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഞാനെന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സംസ്ഥാനത്തിന്റെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ വളരെയധികം പ്രശസ്തിയുള്ള 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിലെ മൂന്നാം വകുപ്പ് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിലെ നിർദ്ദേശം സ്വീകരിച്ചുകൊണ്ടാണ് ഈ ആക്ട് ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയെ മാനിച്ചുകൊണ്ട് ഗവൺമെന്റ് എടുത്ത തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ്. ഭേദഗതികൾ കൊണ്ടുവരുമ്പോൾ, സഭയിൽ ബിൽ അവതരിപ്പിക്കുമ്പോൾ അതിനോട് എത്രമാത്രം ആത്മാർത്ഥത ബന്ധപ്പെട്ട ഭാഗത്തുനിന്നുണ്ടായി എന്ന കാര്യത്തിൽ സംശയിക്കേണ്ടിയിരിക്കുന്നു. ഈ ബിൽ കൊണ്ടുവന്ന് അവതരിപ്പിച്ച മന്ത്രിയെപ്പോലും സംശയിപ്പിച്ചിട്ടുണ്ടെന്ന കാര്യത്തിൽ എനിക്ക് തർക്കമില്ല. അതിന് ഏറ്റവും വലിയ തെളിവാണ് ശ്രീ. വി. പി. സജീന്ദ്രൻ കൊണ്ടുവന്ന ക്രമപ്രശ്നവും അതിന് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ റൂളിംഗും. ക്രമപ്രശ്നത്തിൽ ഉന്നയിക്കപ്പെട്ട കാര്യം വീണ്ടും പരിശോധനയ്ക്ക് വിധേയമാകണമെന്നും ഇതിന്റെയടിസ്ഥാനത്തിൽ പുതുക്കിയ ധനകാര്യമെമ്മോറാണ്ടം ഈ ബിൽ

അന്തിമമായി പാസ്സാക്കുന്ന തീയതിക്ക് മുമ്പായി സഭയ്ക്ക് ലഭ്യമാക്കണമെന്നും ചെയർ റൂൾ ചെയ്തു. അതൊരു പ്രധാനപ്പെട്ട കാര്യമായിത്തന്നെ സഭയുടെ രേഖകളിലെന്നും നിഴലിക്കും. അതുപോലെത്തന്നെ ഭേദഗതി വരുത്തേണ്ടതായി തോന്നിയ ഒരു ഭാഗം ക്ലാസ് എട്ടിൽ പ്രവേശന മേൽനോട്ട സമിതിയുടെ അധികാരങ്ങളും ചുമതലകളും എന്ന ഭാഗത്ത് സി(2)ൽ ഈ ആക്ടിലെയോ അതിന് കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു സ്ഥാപനത്തിലെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ സീറ്റുകളും സംബന്ധിച്ച് നടത്തിയ പ്രവേശനം അസാധുവാണെന്ന് പ്രഖ്യാപിക്കുക എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുശേഷം ആ സ്ഥാപനം അങ്ങനെയുള്ള വിദ്യാർത്ഥിയുടെ പ്രവേശനം ഉടനടി റദ്ദാക്കുന്നതിനും വിദ്യാർത്ഥിയുടെ എൻറോൾമെന്റ് ബന്ധപ്പെട്ട സർവ്വകലാശാല റദ്ദാക്കുന്നതിനും വിദ്യാർത്ഥി അതിനകം ഹാജരാക്കിയിട്ടുള്ള ബന്ധപ്പെട്ട പരീക്ഷകളിലെ അയാളുടെ പരീക്ഷാഫലം റദ്ദ് ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുകയെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. Clause 8 (c)യിൽ പറഞ്ഞിരിക്കുന്നതുപ്രകാരം ചട്ടലംഘനം ഉണ്ടായിട്ടില്ലായെന്ന് ഒരു വിദ്യാർത്ഥി പ്രവേശനത്തിന് മുമ്പുതന്നെ പ്രവേശനമേൽനോട്ട സമിതി ഉറപ്പുവരുത്തണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. അത് നേരത്തേതന്നെ മനസ്സിലാക്കേണ്ട കാര്യമാണ്. അങ്ങനെ വ്യവസ്ഥ ചെയ്തിരുന്നെങ്കിൽ ആ തെറ്റ് നമുക്ക് ഒഴിവാക്കാൻ സാധിക്കുമായിരുന്നു. അല്ലാതെ ഒരു വിദ്യാർത്ഥിക്ക് പ്രവേശനം ലഭിച്ച് പഠനം തുടങ്ങി രണ്ട്-മൂന്ന് വർഷം കഴിഞ്ഞ് നടപടി സ്വീകരിക്കാൻ പോയാൽ അത് ആ വിദ്യാർത്ഥിയുടെ ഭാവിയെ ബാധിക്കില്ലേ? നിയമവിരുദ്ധമായി ചർച്ച ചെയ്യാൻ ആരെയും പ്രോത്സാഹിപ്പിക്കുന്നില്ല. പക്ഷേ പ്രവേശനമേൽനോട്ട സമിതിയുടെ പ്രവർത്തനം കുറ്റമറ്റതും ഫലപ്രദമായും നടത്തേണ്ടതാണ്. സ്വാശ്രയ അല്ലെങ്കിൽ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കൊണ്ടുവന്നിട്ടുള്ള ആക്ടുകൾ മിക്കവാറുംതന്നെ കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും അത് പരാജയപ്പെടുകയും ചെയ്യുന്നു. ഈ ഭേദഗതി ബില്ലിന് ദുരുപയോഗമുണ്ടാകരുതെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഞാൻ പറഞ്ഞത്. Clause 3 (A)ൽ ഫീസ് നിയന്ത്രണ സമിതിയുടെ രൂപീകരണം സംബന്ധിച്ച് 3A ഇനം (E)ൽ സമിതി തെരഞ്ഞെടുക്കുന്ന സ്വതന്ത്രനായൊരു വ്യക്തി അംഗമെന്ന് പറയുന്നുണ്ട്. ഈ വ്യക്തി ആരായിരിക്കുമെന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള 3A-യുടെ ഇനം (E)ൽ ചെയർപേഴ്സനുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ധൻ എന്ന ഭേദഗതിയിൽ അവ്യക്തത നിലനിൽക്കുകയാണ്. വിദഗ്ധൻ

എന്നുപറയുന്നത് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ വിദഗ്ധനായ ആളെത്തന്നെ വേണം. ഇക്കാര്യം ബില്ലിൽ പ്രത്യേകം പരാമർശിക്കണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. പ്രവേശനമേൽനോട്ട സമിതി ശക്തി പ്പെടുത്തുന്ന വിഷയത്തിൽ, അതിലെ അംഗങ്ങളെ പുനഃക്രമീകരണം ചെയ്യുന്ന കാര്യത്തിൽ പരിഗണനയുണ്ടാകണം. ഭേദഗതി ബില്ലിൽ ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ ഒഴിവാക്കിയിരിക്കുന്നു, ഇത് പുനഃപരിശോധിക്കണം. പ്രധാനപ്പെട്ട ഭേദഗതി കൊണ്ടുവരുമ്പോൾ പ്രവേശനമേൽനോട്ട സമിതിയെ ദുർബ്ബലമാക്കരുത്. സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശന സമിതിക്ക് മേൽനോട്ടം വഹിക്കാൻ ഇവരുടെ സേവനം അത്യന്താപേക്ഷിതമാണെന്ന് പരിഗണിക്കേണ്ടതുണ്ട്. ഈ ബിൽ വളരെയേറെ ചിന്തിച്ച് കൊണ്ടുവന്നിട്ടുള്ളതാണ് അതിന്റെ സദുദ്ദേശ്യം നിലനിൽക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ ബിൽ കുറ്റമറ്റതായിത്തന്നെ കൊണ്ടുവരാൻ ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ടാണ് ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള വിഷയങ്ങളിൽ ഞാൻ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ജോർജ് എം. തോമസിനുവേണ്ടി (ശ്രീ. റ്റി. വി. രാജേഷ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിൽ സ്വാശ്രയ പ്രൊഫഷണൽ മേഖലയാകെ കുഴഞ്ഞു മറിഞ്ഞുകിടന്ന അന്തരീക്ഷത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. കഴിഞ്ഞ സർക്കാർ സ്വാശ്രയ മാനേജ്മെന്റുകളുടെ വക്താക്കളായിട്ടാണ് 5 വർഷക്കാലവും കേരളം ഭരിച്ചത്. കേരളത്തിലെ മിടുക്കന്മാരും മിടുക്കികളുമായിട്ടുള്ള ഉയർന്ന റാങ്ക് വാങ്ങിയ വിദ്യാർത്ഥികൾക്കുപോലും പ്രൊഫഷണൽ വിദ്യാഭ്യാസം അസാധ്യമാക്കുന്ന വിധത്തിൽ മാനേജ്മെന്റുകളെ സഹായിക്കുന്ന നടപടികളാണ് തുടരെത്തുടരെ സ്വീകരിച്ചത്. അതിൽനിന്ന് വ്യത്യസ്തമായി നിലവിലുള്ള കോടതിവിധികളുടെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം സാധ്യമാക്കാനുള്ള ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ

രാജ്യത്ത് കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി സ്വകാര്യ/സ്വാശ്രയ പ്രൊഫഷണൽ മേഖലയിലെ വിദ്യാർത്ഥി പ്രവേശനവും ഫീസും അവസാനിക്കാത്ത ഒരു വ്യവഹാരമായി തുടരുകയാണ്. ഉണ്ണികൃഷ്ണൻ കേസ്സിനെത്തുടർന്നുണ്ടായിട്ടുള്ള ഓരോ വിധികളും സൂക്ഷ്മമായി പരിശോധിച്ചാൽ വിദ്യാഭ്യാസ മേഖലയിലുള്ള കേന്ദ്ര സർക്കാരിന്റെ സമീപനവും ഉന്നത നീതിപീഠത്തിന്റെ സമീപനവും വളരെ വ്യക്തമാണ്. പൊതുവിൽ ദൗർഭാഗ്യകരമെന്നുപറയട്ടെ, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സാമൂഹികനീതി പൂർണ്ണമായും ഇല്ലാതാക്കുന്ന നടപടികളാണ് കോടതി വിധിയുടെ ഭാഗമായി സംജാതമാകുന്നത്. ഇപ്പോൾ സംസ്ഥാന സർക്കാരിന് ഈ കാര്യത്തിൽ വളരെ പരിമിതികളുണ്ട്. നിലവിലുള്ള കോടതിവിധിയെ മറികടന്ന് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാൻ പറ്റില്ല. അതുകൊണ്ടാണ് സർക്കാർ ഇത്തരത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്. ആ ഭേദഗതിയിലൂടെ വിദ്യാർത്ഥി പ്രവേശനത്തിന്റെ കാര്യത്തിലും ഫീസ് നിർണ്ണയത്തിന്റെ കാര്യത്തിലും ഒരു കാരണവശാലും അന്യായമായി ഒന്നും കേരളത്തിൽ നടക്കില്ലായെന്ന് ഉറപ്പുവരുത്താൻ പിൻബലവും സഹായകരവുമായിട്ടുള്ള ഒരു ഭേദഗതിയാണ് സർക്കാർ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഞാൻ അതിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഈ കാര്യത്തിൽ യു.ഡി.എഫ്.-ന് യാതൊരു വിധത്തിലുള്ള ആത്മാർത്ഥതയും ഇല്ലായെന്ന് നമുക്കെല്ലാവർക്കും അറിയാം. T.M.A Pai case, Inamdar case തുടങ്ങി നിരവധി കേസ്സുകൾ എടുത്തുനോക്കിയാൽ കേന്ദ്ര സർക്കാരിന് ഇക്കാര്യത്തിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്നു എന്നുകാണാം. ഇപ്പോൾത്തന്നെ NEET വന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. 100 ശതമാനം സീറ്റിലും മെറിറ്റടിസ്ഥാനത്തിലായിരിക്കണം പ്രവേശനം. ഇനി ക്വാട്ട ഉണ്ടെങ്കിലും ആ ക്വാട്ടയിൽ ഇന്റർ-സേ മെറിറ്റാണ് പാലിക്കേണ്ടത്. ഇവിടെ സാമൂഹികനീതി ഉറപ്പാക്കാൻ NEET സംവിധാനത്തിലൂടെ സാധിക്കില്ല. സാമൂഹികനീതി ഉറപ്പാക്കണമെങ്കിൽ ദുർബ്ബല പിന്നോക്ക ജനവിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് മെറിറ്റോറിയസായ കുട്ടികൾക്ക്, ഈ കോളേജിൽ കടന്നുവരാനുള്ള അവസരം ഉണ്ടാകണം. NEET വന്നതുകൊണ്ട് അത് സാദ്ധ്യമാകില്ല. കേവലം മെറിറ്റ് മാത്രമാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. അതുകൊണ്ട് സാമൂഹികനീതി ഉണ്ടാകില്ല. സാമൂഹികനീതി ഉറപ്പാക്കാനാവശ്യമായ നടപടികൾ ഉണ്ടാകണം. സുപ്രീംകോടതിയിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിധികളും അതിനെത്തുടർന്നുണ്ടാകുന്ന അവ്യക്തതകളുമെല്ലാം പരിഹരിക്കുന്നവിധത്തിൽ സമഗ്രമായ ഒരു കേന്ദ്ര നിയമത്തിലൂടെ മാത്രമേ, നമ്മുടെ രാജ്യത്ത് സ്വകാര്യ/സ്വാശ്രയ മേഖലയിൽ ഇന്ന് നിലനിൽക്കുന്ന അനഭിലഷണീയമായ, അനാരോഗ്യപരമായ പ്രവണതകൾക്ക്

പൂർണ്ണമായും അന്ത്യം കുറിക്കാൻ കഴിയു. കേരളത്തിലെ ഇടതുപക്ഷ സർക്കാരിന്റെ നിലപാടുകൾ വളരെ വ്യക്തമാണ്. പരിമിതികളുള്ളിൽനിന്നു കൊണ്ട് ദുർബ്ബലജനവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനാവശ്യമായ സാഹചര്യമൊരുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനുള്ള ശ്രമം സർക്കാർ ഇപ്പോഴും നടത്തുകയാണ്. കേരളത്തിലിപ്പോൾ സർക്കാർ കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കാനാവശ്യമായ നിലപാട് സർക്കാർ സ്വീകരിച്ചു. പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുമെന്ന് യു.ഡി.എഫ്. പലതവണ പ്രഖ്യാപിച്ചതാണ്. ഈ സഭയിൽതന്നെ നിരവധി തവണ ശ്രീ. ഉമ്മൻ ചാണ്ടി പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന് വ്യക്തമാക്കിയതാണ്. ഏറ്റെടുക്കുമെന്ന് 5 വർഷവും പറഞ്ഞതല്ലാതെ ഏറ്റെടുക്കാൻ തയ്യാറായില്ല. ഈ സർക്കാർ പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുത്തിരിക്കുന്നു. ഉത്തര മലബാറിലെ ജനങ്ങളുടെ വികാരവും അഭിലാഷവും പരിഗണിച്ച് വളരെ സുപ്രധാനമായ ഒരു തീരുമാനം കൈക്കൊണ്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ആരോഗ്യ വകുപ്പുമന്ത്രിയെയും ഞാൻ അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. അതിന്റെ ഭാഗമായി പരിയാരം മെഡിക്കൽ കോളേജിലിപ്പോൾ 100 ശതമാനം സീറ്റിലും വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജിന് തുല്യമായ ഫീസിൽ പഠിക്കാൻ സാധിക്കും. കഴിഞ്ഞ തവണ യു.ഡി.എഫ്. സർക്കാർ സ്വാശ്രയ വിഷയത്തിന്റെ പേരിൽ ഇവിടെ സമരം നടത്തിയതാണ്. യു.ഡി.എഫ്. സർക്കാർ 5 വർഷം ഭരിച്ചപ്പോൾ ഈ കാര്യത്തിൽ വിദ്യാർത്ഥികൾക്ക് അനുകൂലമായിട്ടുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. നിരവധി സർക്കാർ മെഡിക്കൽ കോളേജുകൾ യു.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ചു. സർക്കാർ മെഡിക്കൽ കോളേജുകൾ എന്നുപറയുമ്പോൾ, ജില്ലാ ആശുപത്രി എന്ന ബോർഡ് മാറ്റി അതിനെ സർക്കാർ മെഡിക്കൽ കോളേജ് എന്ന ബോർഡ് വയ്ക്കുക മാത്രമാണ് ചെയ്തത്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ അനുഭവം എന്തായിരുന്നുവെന്ന് ബഹുമാനപ്പെട്ട അംഗത്തിനറിയാം. അദ്ദേഹം ഇവിടെയുണ്ട്. എന്തൊക്കെ സൗകര്യം അവിടെ ഏർപ്പാടാക്കിയിരുന്നു; ഇടുക്കി മെഡിക്കൽ കോളേജിന്റെ സ്ഥിതി എന്തായിരുന്നു; ജില്ലാ ആശുപത്രികളുടെ ബോർഡ് മാറ്റി സർക്കാർ മെഡിക്കൽ കോളേജ് എന്ന ബോർഡ് വച്ച് കോളേജുകൾ ആരംഭിക്കുന്ന ഒരു സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്.

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി മെഡിക്കൽ കോളേജിനെക്കുറിച്ചുള്ള തെറ്റിദ്ധാരണ മാറ്റണം. അതായത് നമ്മളിപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത് മഞ്ചേരി മെഡിക്കൽ കോളേജിന്റെ ബോർഡ് മാറ്റിയെന്നാണ്. ഞാൻ ഇവിടെ പല തവണ പറഞ്ഞതാണ്. ബോർഡ് മാറ്റിയ മഞ്ചേരി മെഡിക്കൽ കോളേജിലെ

എം.ബി.ബി.എസ്. ഫസ്റ്റ് ബാച്ച് സംസ്ഥാനത്തെ ഏറ്റവും നല്ല റിസൽട്ടുള്ള ഒന്നാമത്തെ ബാച്ചായി. അവസാന വർഷത്തിൽ ആ കുട്ടികൾ പുറത്തുവന്നത് മറ്റ് മെഡിക്കൽ കോളേജുകളിലുള്ളതിനേക്കാൾ നല്ല റിസൽട്ടോടുകൂടിയാണ്. ആദ്യംതന്നെ ഫസ്റ്റ് ഇയറിന് എല്ലാ സൗകര്യവും ഉണ്ടാക്കാനാവില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അറിയാം. പടിപടിയായി നടപ്പിലായിട്ടുണ്ട്. അതുകൊണ്ട് ഇനിയെങ്കിലും മഞ്ചേരി മെഡിക്കൽ കോളേജിൽ ബോർഡ് മാറ്റി വച്ചതിൽ അതിശയമുണ്ടാക്കേണ്ട. അങ്ങ് അത് പിൻവലിക്കണം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഒരു മെഡിക്കൽ കോളേജിന് 21 ഡിപ്പാർട്ട്മെന്റും സ്ഥലവും കെട്ടിടവും ഫാക്കൽറ്റിയും വേണം. ഇങ്ങനെയുള്ള എന്തെങ്കിലും സൗകര്യം ഒരുക്കിയിട്ടാണോ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മഞ്ചേരി മെഡിക്കൽ കോളേജ് ആരംഭിച്ചത്. സൗകര്യം ഒരുക്കിക്കൊടുത്തത് ഈ സർക്കാർ വന്നതിനുശേഷമാണ്. അത് നമ്മൾ മനസ്സിലാക്കണം. മെറിറ്റിൽ വരുന്ന കുട്ടികളാണ്. സർക്കാർ എൻട്രൻസ് എഴുതി മെറിറ്റിൽവരുന്ന കുട്ടികളുടെ റാങ്കിന്റെ മികവ് കാണിച്ച് തങ്ങളുടെ കാലത്തുണ്ടായിട്ടുള്ള വീഴ്ച മറച്ചുവയ്ക്കാൻ ശ്രമിക്കരുത്. അതൊന്നും ഇവിടെ ചെലവാകില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. ഉമ്മർ: സർ, കോഴിക്കോട് മെഡിക്കൽ കോളേജും 50 വർഷം പിന്നിട്ട മെഡിക്കൽ കോളേജുകളെക്കാൾ മുന്നിലാക്കി. നിങ്ങൾ ഈ ബോർഡ് മാറ്റിവച്ചുവെന്ന് പറയുന്ന മെഡിക്കൽ കോളേജിൽ എങ്ങനെയാണ് 100 ശതമാനം വിജയം ഉണ്ടാകുന്നത്? ബഹുമാനപ്പെട്ട അംഗം ദയവുചെയ്ത് ഇനിയെങ്കിലും തെറ്റിദ്ധാരണ പരത്തരുത്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ നന്നായി സഹായിക്കുന്നുണ്ട്. അത് വേറെ കാര്യം. പക്ഷേ അന്ന് ചെയ്യേണ്ട കാര്യങ്ങൾ അന്ന് ചെയ്തില്ലെങ്കിൽ, ഫസ്റ്റ് ഇയർ പരീക്ഷ നടക്കുമ്പോൾ ഈ മന്ത്രിയും ഈ ഗവൺമെന്റും അല്ലല്ലോ; തെറ്റിദ്ധാരണ പരത്തൽ ഇനിയെങ്കിലും നിങ്ങൾ മതിയാക്കി കാര്യങ്ങൾ മനസ്സിലാക്കണം. അങ്ങ് ഒരു ദിവസം മഞ്ചേരിയിൽ വന്നാൽ അവിടത്തെ മെഡിക്കൽ കോളേജ് കാണിച്ചുതരാം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി മെഡിക്കൽ കോളേജിന്റെയും സ്ഥിതി ഇതുതന്നെയാണ്. കോളേജ് ആരംഭിച്ച 2014-15, 2015-16 വർഷം അവിടെ ക്ലാസ്സ് ആരംഭിച്ച് പരീക്ഷ എഴുതിയ കുട്ടികൾ 100 ശതമാനവും വിജയിച്ച് നല്ല മെറിറ്റ് ഉണ്ടായിരുന്നു. പക്ഷേ അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മ കാണിച്ച്

MCI (Medical Council of India) ഇൻസ്പെക്ഷനുശേഷം അംഗീകാരം റദ്ദാക്കി. സത്യത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അംഗീകാരം നഷ്ടപ്പെടുന്നത്. ഞാൻ രാഷ്ട്രീയവൽക്കരിക്കുന്നില്ല, കേരളത്തിലെ ഒരു സ്ഥാപനംപോലും, അത് എഞ്ചിനീയറിംഗ് കോളേജ് ആയാലും മെഡിക്കൽ കോളേജ് ആയാലും സമ്പൂർണ്ണശേഷിയോടുകൂടി ആരംഭിച്ചിട്ടുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. എല്ലാ മെഡിക്കൽ കോളേജുകളിലെയും സ്ഥിതി പ്രാരംഭഘട്ടത്തിൽ അങ്ങനെ തന്നെയായിരുന്നു. അത്യാവശ്യ സൗകര്യങ്ങളോടുകൂടി ആരംഭിച്ച് സൗകര്യങ്ങൾ പടിപടിയായി കൊണ്ടുവന്ന ചരിത്രമേ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തുള്ളൂ. ആ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ, ഇപ്പോൾ വീണ്ടും ഗവൺമെന്റ് സഹായിക്കുന്നുണ്ട്. ഭംഗിയായി കാര്യങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. ആ കാര്യത്തിലൊന്നും എതിരഭിപ്രായങ്ങളില്ല. ഇപ്പോൾ വീണ്ടും ഈ വർഷം പ്രവേശനം നടത്താമെന്ന് കരുതി മുന്നോട്ടുപോയിരിക്കുകയാണ്. അതിനെ രാഷ്ട്രീയമായികണ്ട് സംസാരിക്കുന്നത് ശരിയല്ല. സദുദ്ദേശ്യത്തോടുകൂടി ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൊണ്ടുവന്ന ആ മെഡിക്കൽ കോളേജുകൾ നിലനിർത്തിക്കൊണ്ടുപോകേണ്ട ബാധ്യത തുടർന്നുവന്ന ഗവൺമെന്റിനുണ്ട്. നാട്ടിലെ ജനങ്ങൾക്കും മെഡിക്കൽ വിദ്യാർത്ഥികൾക്കും പ്രയോജനകരവും ഗുണകരവുമാണത്. ആ ആശയം ഉൾക്കൊണ്ടുകൊണ്ടുവേണം ബഹുമാനപ്പെട്ട അംഗം സംസാരിക്കാൻ.

5.00 P.M.]

ശ്രീ. എ. എൻ. ഷംസീർ: സർ, മെഡിക്കൽ എൻട്രൻസ് ലിസ്റ്റിൽ വളരെ ഉയർന്ന റാങ്കുള്ളവരാണ് ഗവൺമെന്റ് മെഡിക്കൽ കോളേജ് തെരഞ്ഞെടുക്കുന്നത്. ഏറ്റവും മിടുക്കരായ വിദ്യാർത്ഥികളായതിനാൽ അവർ സ്വാഭാവികമായും ഏത് പരീക്ഷയും പാസ്സാകും. അത് മഞ്ചേരി മെഡിക്കൽ കോളേജിന്റെയോ ഇടുക്കി മെഡിക്കൽ കോളേജിന്റെയോ പത്രാസ്സാണ് എന്ന് പറയേണ്ട കാര്യമില്ല.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട റ്റി.വി.രാജേഷ് പറഞ്ഞതുപോലെ ജില്ലാ ഹോസ്പിറ്റലിൽ തന്നെയാണ് ഫസ്റ്റ് ഇയർ ക്ലാസ് തുടങ്ങിയത്. ഇപ്പോഴുള്ള പുതിയ കെട്ടിടങ്ങളോ മറ്റിതര സൗകര്യങ്ങളോ അന്നില്ലായിരുന്നു. അക്കാഡമിക് ഇയർ എന്നുള്ള നിലയിൽ മാത്രമാണ് പഠനവും പരീക്ഷയും നടന്നിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഈ പറഞ്ഞ ജില്ലാ ഹോസ്പിറ്റലുകളിലെല്ലാം പുതിയ കെട്ടിടങ്ങളും തുടർന്നുള്ള സൗകര്യങ്ങളും ഒരുക്കിയത്. അക്കാര്യത്തിൽ യാതൊരു തർക്കത്തിനും ഇടയില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, മെഡിക്കൽ എൻട്രൻസിന് ഫസ്റ്റ് ഓപ്ഷൻ കൊടുക്കുന്നത് തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ്. സെക്കന്റ് ഓപ്ഷൻ കൊടുക്കുന്നത് കോഴിക്കോട് മെഡിക്കൽ കോളേജിലാണ്. തേർഡ് ഓപ്ഷനായി കോട്ടയം മെഡിക്കൽ കോളേജോ തൃശ്ശൂർ മെഡിക്കൽ കോളേജോ ആലപ്പുഴ മെഡിക്കൽ കോളേജോ തെരഞ്ഞെടുത്തശേഷം അവസാനത്തെ ഓപ്ഷൻ ആണ് മഞ്ചേരി മെഡിക്കൽ കോളേജിന് കൊടുക്കുന്നത്. ആ മഞ്ചേരി മെഡിക്കൽ കോളേജിലെ കുട്ടികളുടെ മിടുക്കുകൊണ്ടുതന്നെയാണ് ഉന്നത വിജയം കൈവരിച്ചത്. അത് നിങ്ങൾ അംഗീകരിച്ചുകൊടുക്കുകതന്നെ വേണം. മറ്റൊരു കാര്യം, കണ്ണൂരിലെ ധർമ്മടം ഉൾപ്പെടെ അനേകം ജില്ലകളിൽനിന്നുള്ള കുട്ടികൾ മഞ്ചേരി മെഡിക്കൽ കോളേജിൽ പഠിക്കുന്നുണ്ട്. അതല്ലാതെ മുസ്ലീം ലീഗുകാരുടെ കുട്ടികൾ മാത്രമാണ് പഠിക്കുന്നതെന്ന രീതിയിൽ കാണരുത്. മഞ്ചേരി മെഡിക്കൽ കോളേജിലെ കുട്ടികൾ കേരള മെഡിക്കൽ എൻട്രൻസിൽ ഓപ്ഷൻ കിട്ടിയ കുട്ടികളാണ്. പിന്നെ മഞ്ചേരിയിലെ കുട്ടികളുടെ മിടുക്ക് കൊണ്ടുതന്നെയാണെന്ന് അംഗീകരിക്കാൻ നിങ്ങൾക്ക് എന്താണിത്ര പ്രയാസം.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, കേരള സംസ്ഥാനത്ത് മെഡിക്കൽ എൻട്രൻസിലെ ആദ്യത്തെ 1000 റാങ്ക് എടുത്താൽ ഒന്നാം സ്ഥാനം കോഴിക്കോട് ജില്ലയ്ക്ക്, 126 ആണ്. മലപ്പുറം ജില്ലയ്ക്ക് 128 ആണ്. ഇവിടെ ബഹുമാനപ്പെട്ട എം. ഉമ്മർ സൂചിപ്പിച്ചതുപോലെ കേരളത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്ന നല്ല റാങ്കുള്ള കുട്ടികൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഫസ്റ്റ് ഓപ്ഷനായി നൽകും. കോഴിക്കോട് മെഡിക്കൽ കോളേജ് രണ്ടാമത്തെ ഓപ്ഷനായി നൽകും. ആലപ്പുഴ മെഡിക്കൽ കോളേജോ കോട്ടയം മെഡിക്കൽ കോളേജോ മൂന്നാമത്തെ ഓപ്ഷനായി നൽകും. പിന്നെ, നിങ്ങളുടെ രാഷ്ട്രീയ ശത്രുവും എതിരാളിയും ആയിരുന്ന, പിന്നീട് പൂമാലയിട്ട് നിങ്ങൾ സ്വീകരിച്ച അദ്ദേഹത്തിന്റെ മകന് സീറ്റ് നൽകിയ, പരിയാരം മെഡിക്കൽ കോളേജ്, ഇതാണ് പിന്നെയുള്ള നല്ലൊരു മെഡിക്കൽ കോളേജ്. കുട്ടികൾ അവിടെയൊക്കെയാണ് ഓപ്ഷൻ കൊടുക്കുന്നത്. 2012-13-ൽ 5 മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചു. അന്ന് ഏറ്റവുമധികം ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടായിരുന്ന, ഏറ്റവുമധികം അടിസ്ഥാന സൗകര്യമുണ്ടായിരുന്ന മലപ്പുറം ജില്ലയിലെ ഒരു ജില്ലാ ആശുപത്രിയെയാണ് മെഡിക്കൽ കോളേജായി ഉയർത്തിയത്. അതുകൊണ്ടുതന്നെ അവിടെ സൗകര്യങ്ങളുണ്ട്. ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മക്കളെ അദ്ദേഹം ആൻഡമാനിൽ വിട്ട് പഠിപ്പിക്കുകയാണ്. പക്ഷെ അവരെ ഇവിടെയാണ് പഠിപ്പിച്ചിരുന്നതെങ്കിൽ നല്ല സൗകര്യങ്ങൾ ലഭിക്കുമായിരുന്നു. നമുക്ക് ആ ഡിബേറ്റ് വേറെ ചർച്ച ചെയ്യാം. ഇപ്പോൾ പ്രസ്തുത ബില്ലിനെക്കുറിച്ച് സംസാരിക്കാം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, മെഡിക്കൽ കോളേജ് ആരംഭിച്ചത് ജില്ലാ ആശുപത്രിയിലായിരുന്നു. അതിന്റെ കെട്ടിട നിർമ്മാണവും ആരംഭിച്ചുവെന്ന് നമുക്കറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളാണ് ഇപ്പോൾ പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് വന്നശേഷവും തുടർച്ചയായി തുക അനുവദിച്ചിട്ടുണ്ട്. അതല്ലാതെ കെട്ടിട നിർമ്മാണം ആരംഭിച്ചത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണെന്ന് തെറ്റായി രേഖയിൽ ഉൾപ്പെടുത്താൻ പാടില്ലല്ലോ;

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, മഞ്ചേരിയിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ യാതൊരു സംവിധാനവും അന്നത്തെ സർക്കാർ ഒരുക്കിയിരുന്നില്ല എന്നതാണ് ഞാൻ പറഞ്ഞത്. മെറിറ്റിൽ അഡ്മിഷൻ നേടിയ കുട്ടികൾ റാങ്ക് വാങ്ങുന്നു, ഉന്നതവിജയം നേടുന്നു എന്നതിൽ അതിശയ പ്പെടേണ്ടതില്ല. യു.ഡി.എഫ്. സർക്കാർ കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് തുടങ്ങുമെന്ന് പ്രഖ്യാപിച്ചു. പക്ഷേ അതിനുവേണ്ടിയുള്ള യാതൊരു സൗകര്യവും ഒരുക്കിയിരുന്നില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഇടുക്കി മെഡിക്കൽ കോളേജിന്റെ സ്ഥിതി എന്തായിരുന്നു? പ്രസ്തുത മെഡിക്കൽ കോളേജ് ആരംഭിച്ച് 2 വർഷം കഴിഞ്ഞപ്പോൾ പൂട്ടി. അവിടെ പഠിച്ചിരുന്ന കുട്ടികളെ മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലേയ്ക്ക് മാറ്റേണ്ടിവന്നതിന്റെ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട റോഷി അഗസ്റ്റിന് അറിയില്ലേ; ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ ആദ്യം അതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടത്. കഴിഞ്ഞ സർക്കാർ ആരംഭിച്ച ഒരു മെഡിക്കൽ കോളേജ് പോലും ഈ സർക്കാർ വേണ്ടെന്ന് വച്ചിട്ടില്ല. ഈ സർക്കാർ ആദ്യം ചെയ്തത് മെഡിക്കൽ കോളേജിനാവശ്യമായ കെട്ടിടമൊരുക്കുക എന്നുള്ളതാണ്. പിന്നെ ഫാക്കൽറ്റികൾ രൂപീകരിച്ചു, ഉപകരണങ്ങൾ സജ്ജമാക്കി അതിനുശേഷം കോളേജ് എന്നതായിരുന്നു ഈ ഗവൺമെന്റിന്റെ സമീപനം. അല്ലെങ്കിൽ I.M.C (Indian Medical Council)-ന്റെ അംഗീകാരം ലഭിക്കില്ല. ഇടുക്കി മെഡിക്കൽ കോളേജിൽ I.M.C-യുടെ Inspection നടന്നപ്പോൾ കോളേജ് തന്നെ പൂട്ടേണ്ട അവസ്ഥ വന്നു. മഞ്ചേരി മെഡിക്കൽ കോളേജിന് എപ്പോഴാണ് അംഗീകാരം കിട്ടിയത്? ഇത്തരത്തിലുള്ള അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതിനാൽ ഇപ്പോഴുള്ള സർക്കാരിന്റെ ഇക്കാര്യത്തിലുള്ള കാഴ്ചപ്പാടുകൾ വളരെയധികം അഭിനന്ദനാർഹ മാണെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. കേരളത്തിലെ സ്വാശ്രയ മേഖലയ്ക്കകത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. ടി. തോമസ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഗവൺമെന്റിന്റെ പിടിപ്പുകേട് കൊണ്ടാണ് ഈ ബിൽ ഇങ്ങനെ അവതരിപ്പിക്കേണ്ടിവന്നതെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനറിയാം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ രൂക്ഷമായ വിമർശനത്തിന് തടയിടാൻവേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണിത്. കോടതി വളരെ വ്യക്തമായി ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നിങ്ങനെ ഈ ബില്ലിലെ തെറ്റുകൾ ചൂണ്ടിക്കാണിച്ചു. കേരള സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവേശനം ക്രമപ്പെടുത്തുന്നതിനും ഫീസ് നിശ്ചയിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും മറ്റ് പിന്നാക്ക സമുദായത്തിലുംപ്പെട്ട വിദ്യാർത്ഥികൾക്ക് സീറ്റ് സംവരണം ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുംവേണ്ടി 2017-ൽ കേരള മെഡിക്കൽ വിദ്യാഭ്യാസ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും ബിൽ ഈ സഭ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ആക്ടിലെ വകുപ്പുകളെ ചോദ്യം ചെയ്ത് സ്വകാര്യ മെഡിക്കൽ കോളേജ് സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സമർപ്പിച്ച 30032/2017 (D) നമ്പർ റിട്ട് ഹർജിയും അനുബന്ധ റിട്ട് ഹർജിയും തീർപ്പാക്കിക്കൊണ്ട് 2-11-2017-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തെത്തുടർന്ന് പല വകുപ്പുകളും റദ്ദ് ചെയ്യുകയുണ്ടായി. ഇതിനെ മറികടക്കുകയെന്നതാണ് ഈ ബില്ലിന്റെ യഥാർത്ഥത്തിലുള്ള ഉദ്ദേശ്യം. എങ്ങനെ മറികടക്കണം എന്ന രീതിയിൽ ഒരു ബിൽ അവതരിപ്പിക്കേണ്ടിവന്നതിലെ വീഴ്ച സമയക്കുറവുമൂലം ഞാൻ വിശദീകരിക്കുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി കമ്മിറ്റി മീറ്റിംഗിനുള്ള ക്വാറം, താൽക്കാലിക ഫീസ് നിശ്ചയിക്കുന്നതിനുള്ള അധികാരം, താൽക്കാലിക ഫീസ് നിശ്ചയിച്ചത് സാധൂകരിക്കുന്നതിനുള്ള വ്യവസ്ഥ, സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള വ്യവസ്ഥ തുടങ്ങിയവയാണ് റദ്ദാക്കിയത്. പ്രവേശനം നിയന്ത്രിക്കുന്നതും ഫീസ്

നിയന്ത്രിക്കുന്നതും തികച്ചും വ്യത്യസ്തങ്ങളായ രണ്ട് സംഗതികളാകയാൽ ഇവ രണ്ടും പ്രത്യേകം കമ്മിറ്റികളാകുകയാണ് ഉചിതമെന്ന് നിരീക്ഷിച്ച കോടതി നിലവിലുള്ള പത്തംഗ കമ്മിറ്റിയുടെ ഘടന പുനഃപരിശോധിക്കണമെന്ന് നിർദ്ദേശിച്ചതിനെത്തുടർന്നാണ് ഈ ബിൽ വന്നത്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. വി. പി. സജീന്ദ്രൻ ചൂണ്ടിക്കാണിച്ച ക്രമപ്രശ്നത്തിന് മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ആരോഗ്യ വകുപ്പുമന്ത്രിയുടേയും ഈ സഭയുടേയും മുമ്പിൽ വ്യക്തമായ ചില നിർദ്ദേശങ്ങൾ നൽകി. ആ നിർദ്ദേശങ്ങൾപോലും ലംഘിച്ചുകൊണ്ടാണ് ഇപ്പോഴും ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ 134-ാം നമ്പർ ഒഫീഷ്യൽ അമെന്റ്മെന്റ്. ഒഫിഷ്യൽ അമെന്റ്മെന്റിൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നു; ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിന് പകരം ചേർക്കാനുദ്ദേശിക്കുന്ന 3 എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കുക: " 3 ബി സമിതികളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ -3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന സമിതികളുടെ ചെയർപേഴ്സൺ ഒരേ ജഡ്ജി തന്നെയായിരിക്കേണ്ടതും സമിതികളിലേയ്ക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽനിന്നും നാമനിർദ്ദേശം ചെയ്യപ്പെടേണ്ട പ്രതിനിധിയും ഒരേ ആൾ തന്നെ ആയിരിക്കേണ്ടതുമാണ്.

എന്നാൽ അപ്രകാരം നിയമിക്കപ്പെടുന്ന ചെയർപേഴ്സണ് ഒരു പദവിക്ക് അർഹമായ ഓണറേറിയത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ."

ഇവിടെ രണ്ട് കമ്മിറ്റികളുടെയും ചെയർമാനെ ഒരാളാക്കി രണ്ട് സിറ്റിംഗ് നടത്താം ഒറ്റ ഓണറേറിയം മാത്രമേ വാങ്ങാവൂ എന്നുപറഞ്ഞൊരു ഔദ്യോഗിക ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുകയാണ്. ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവുണ്ടെങ്കിൽ അതുകാണിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശവും ലംഘിക്കപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ, ഒരു സംശയവും വേണ്ട, ഈ നിയമഭേദഗതി കോടതിയിൽ തള്ളിപ്പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ധനകാര്യ മെമ്മോറാണ്ടം സംബന്ധിച്ച ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം എന്തുകൊണ്ട് അംഗീകരിക്കുന്നില്ല; രണ്ട് ജഡ്ജിമാർ വേണമെന്നുള്ളതുപോലെ ഫീസ് തീരുമാനിക്കാനും പ്രവേശനത്തിനും രണ്ട് സമിതി വേണം. ഇതാണ് കോടതിവിധിയുടെ അന്തഃസത്ത. അതിനുപകരം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കുറുക്കുവഴി തേടുകയാണ്. രണ്ടിനുംകൂടി ഒരു ജഡ്ജിയെ വച്ച്

രണ്ടുപേരോട് രണ്ട് വ്യത്യസ്ത സമയത്ത് അവിടെയിരുന്നൊരു ചായ കുടിച്ചോ ഇവിടെയിരുന്നൊരു ചായ കുടിച്ചോ പക്ഷേ, നിങ്ങൾ ഒറ്റ സിറ്റിംഗ് ഫീസ് മാത്രമേ വാങ്ങാൻ പാടുള്ളൂ എന്നുപറയുകയാണ്. അത് കോടതിയിൽ തള്ളിപ്പോകും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഈ സഭയുടെ പൊതുവായ ധാരണയെ മുന്നിൽക്കണ്ട് ബഹുമാനപ്പെട്ട സ്പീക്കർ സദുദ്ദേശ്യത്തോടെ ധനകാര്യമെമ്മോറാണ്ടത്തിൽ സൂചിപ്പിക്കേണ്ടതല്ലേ എന്ന ചോദ്യത്തിന് മറുപടിയാകില്ല. അതുകൊണ്ട് ഇത് തീർച്ചയായും അപകടകരമായൊരു പ്രവണതയാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന് ഒട്ടേറെ നല്ല ഗുണങ്ങളുണ്ട്. പക്ഷേ ഈ അടുത്ത കാലത്തായി ബഹുമാനപ്പെട്ട മന്ത്രി പല പ്രശ്നങ്ങളിലും ചാടിക്കൊണ്ടിരിക്കുന്നതിന്റെ അവസാനത്തെ ഉദാഹരണമാണിത്. ഇന്നത്തെ പത്രത്തിൽ ഒരുദാഹരണം വന്നിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുവാൻവേണ്ടി വഴിവിട്ട് കേന്ദ്ര ഗവൺമെന്റ് പറയാത്ത കാര്യങ്ങൾ പറഞ്ഞ് രണ്ട് കത്തിടപാടുകൾ നടത്തി. അതിലൊന്ന് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുവാനും രണ്ടാമത്തേത് അറിയാത്ത ഭാവത്തിൽ ന്യൂനപക്ഷ കോളേജുകളെ സഹായിക്കാനെന്നുപറഞ്ഞുമുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി അറിയാതെയാണോ അതോ ഉദ്യോഗസ്ഥന്മാരുടേയാണോ എന്നറിയില്ല. ഏതായാലും എന്റെ സ്നേഹിതൻ ശ്രീ. റ്റി. വി. രാജേഷ്- നെപ്പോലുള്ള ആളുകൾ പുരപ്പുറത്ത് കയറിയിരുന്ന് ഗീർവാണമടിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ്പോലും പറയാത്ത കാര്യം സ്വാശ്രയ കോളേജ് മുതലാളിമാർക്ക് കൊടുക്കാൻവേണ്ടി കത്തയയ്ക്കാൻ എങ്ങനെ ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നിയെന്നറിയില്ല. ബഹുമാനപ്പെട്ട പിണറായി വിജയൻ ഗവൺമെന്റിന്റെ പ്രോഗ്രസ്സ് കാർഡാണോ ഇത്? പ്രോഗ്രസ്സ് കാർഡ് അല്ല, ബോഗസ് കാർഡാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആരും ശ്രദ്ധിച്ചിരുന്നില്ലെങ്കിൽ അതങ്ങനെ പൊയ്ക്കോട്ടെ എന്ന് വിചാരിക്കും. ബഹുമാന്യനായ എ. കെ. ആന്റണി രണ്ട് സ്വാശ്രയ കോളേജുകൾക്ക് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന ആശയം കേരളത്തിൽ കൊണ്ടുവന്നത് വളരെ നല്ലൊരു കാര്യമായിരുന്നു. പക്ഷേ പല കോണുകളിൽനിന്നും അതിനെ അട്ടിമറിക്കാനുള്ള ശ്രമം നടന്നപ്പോഴും അദ്ദേഹം ആ കാര്യത്തിൽ ഉറച്ചുനിന്നു. ബഹുമാനപ്പെട്ട മന്ത്രി ഓർക്കണം; ഈ നിയമത്തിനകത്ത് ഒരു കാര്യം പ്രത്യേകം പറയുന്നുണ്ട്; 8 സി (i) അനുസരിച്ച് ഫീസ് കൂടുതൽ ഈടാക്കിയാൽ അന്വേഷണം നടത്തുവാനുള്ള അധികാരം എങ്ങനെ നടക്കും? സ്വാശ്രയ കോളേജിന്റെ അടുത്തുപോകാൻ ഈ ഗവൺമെന്റിന് കഴിയുന്നുണ്ടോ? അങ്ങനെ പോകുവാൻ കഴിയുമായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽനിന്നും ഇത്തരമൊരു വിധി വാങ്ങേണ്ട സ്ഥിതി

ഉണ്ടാകുമായിരുന്നോ? ഈ സഭയെപ്പോലും തെറ്റിദ്ധരിപ്പിച്ചില്ലേ; കരുണ കണ്ണൂർ മെഡിക്കൽ കോളേജിനുവേണ്ടി കേരളത്തിലെ ജനാധിപത്യ ബോധത്തെ പണയംവച്ച ബഹുമാനപ്പെട്ട മന്ത്രിയാണ് നിങ്ങൾ. ബഹുമാനപ്പെട്ട സുപ്രീംകോടതി അതാണ് വളരെ രൂക്ഷമായി പറഞ്ഞത്. ഒരു വിപ്ലവ ഗവൺമെന്റ്, ബഹുമാനപ്പെട്ട പിണറായി വിജയൻ ഗവൺമെന്റിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽനിന്നും അടികിട്ടിയ കാര്യം പറയുവാൻ കൊള്ളാവുന്ന കാര്യമാണോ, ആരെ സഹായിക്കാനായിരുന്നു? അതിന്റെ ചുവടുപിടിച്ചുതന്നെയാണ് ഇപ്പോഴും നിങ്ങൾ പോകുന്നത്. അതുകൊണ്ട് അപകടകരമായ ഇത്തരം പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട പിണറായി വിജയൻ ഗവൺമെന്റിന്റെ പ്രോഗ്രസ്സ് കാർഡിന് ഒട്ടും ഗുണകരമാവില്ല എന്ന് വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഇടുക്കി മെഡിക്കൽ കോളേജിനെപ്പറ്റി പറഞ്ഞു. ഈ സ്വാശ്രയ കോളേജുകളിലേയ്ക്ക് മെഡിസിനും എഞ്ചിനീയറിംഗിനും പോകുന്ന കുട്ടികൾ ജാലിയൻ വാലാബാഗിലകപ്പെട്ട ദേശസ്നേഹികളെപ്പോലെയാണെന്ന് ഒരു മാധ്യമ പ്രവർത്തകൻ ഈ അടുത്ത കാലത്ത് വിശേഷിപ്പിക്കുകയുണ്ടായി. ജാലിയൻ വാലാബാഗിലകപ്പെട്ട ദേശസ്നേഹികളായ സ്വാതന്ത്ര്യസമര സേനാനികൾ അവിടെ ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയേറ്റാണ് വീണതെങ്കിൽ ഇവിടെ കനത്ത ഫീസെന്ന ബുള്ളറ്റ് ഏറ്റ് പ്രവേശനത്തിനായി കാത്തിരിക്കുന്ന പതിനായിരക്കണക്കിന് മാതാപിതാക്കളും കുട്ടികളും വെടിയേറ്റുവീഴുന്ന കാഴ്ചയാണ് ഇന്ന് ഇത്തരം സ്വാശ്രയ കോളേജുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. ഗവൺമെന്റ് കോളേജുകൾ മെച്ചപ്പെടുത്തുവാനുള്ള നടപടികളിൽ എന്താണിത്ര വൈഷമ്യം. ഇവിടെ എന്റെ സ്നേഹിതൻ റോഷി അഗസ്റ്റിനും ബഹുമാന്യരായ എം. ഉമ്മറും പി. കെ. ബഷീറുമൊക്കെ പറഞ്ഞല്ലോ; ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ഇടുക്കി മെഡിക്കൽ കോളേജിൽ എന്താണ് നടന്നത്: ഞാൻ അന്ന് അവിടത്തെ എം. പി. ആണ്. ആദ്യ ബാച്ചിൽ 98% -വും രണ്ടാമത്തെ ബാച്ചിൽ 94%-വും മാർക്ക് വാങ്ങി കുട്ടികൾ വിജയിച്ചിരുന്നു. രണ്ട് ബാച്ച് കഴിഞ്ഞപ്പോൾ ആകെ ഒരു അത്ഭുതം മാത്രമേ നടന്നുള്ളൂ, ബഹുമാനപ്പെട്ട പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പി. ടി. തോമസ്, നമുക്ക് ഒരുപാട് വകുപ്പുകൾ ഇനിയും ചർച്ച ചെയ്യാനുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, ഈ ബില്ലിനെ സംബന്ധിച്ച് ഞങ്ങളാരും രാഷ്ട്രീയം പറഞ്ഞിട്ടില്ല. ഇത് ഒരു ആശുപത്രിയെയോ, മെഡിക്കൽ കോളേജിനെയോ, ഒരു ഗവൺമെന്റിനെയോ ചെറുതാക്കുവാനോ വലുതാക്കുവാനോ ഉള്ള

ബില്ലൊന്നുമല്ലല്ലോ. ഞാൻ മഞ്ചേരി മെഡിക്കൽ കോളേജിനുവേണ്ടി നിന്ന ഒരു ജനപ്രതിനിധിയാണ്. അതിനുവേണ്ടിയുള്ള സഹായ സഹകരണങ്ങൾ ചെയ്യുന്നുമുണ്ട്. അവസാനം പറഞ്ഞുനിർത്തിയത് മഞ്ചേരി മെഡിക്കൽ കോളേജിൽ സൗകര്യമൊന്നുമുണ്ടായിരുന്നില്ലെന്നാണ്. ഓരോ വർഷവും M.C.I (Medical Council of India) വന്ന് പരിശോധിച്ചിട്ടുണ്ട്. 12 ഓപ്പറേഷൻ തിയേറ്ററുകൾ അവിടെ ഉണ്ടായിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, സൗകര്യമുണ്ടാകുന്നത് നല്ലതല്ലേ?

ശ്രീ. എം. ഉമ്മർ: സർ, അങ്ങനെ പറഞ്ഞിട്ടില്ല. ഇപ്പോഴും അവിടെ അടിസ്ഥാന സൗകര്യമില്ലെന്നുപറഞ്ഞ് നിർത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ഭരണകക്ഷിയിലെ ഒരു മെമ്പർ പറഞ്ഞു. 12 ഓപ്പറേഷൻ തിയേറ്ററുകൾ അവിടെ സജ്ജമായിരുന്നു. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗങ്ങൾ അത് തൃപ്തികരമാണെന്ന് പറഞ്ഞു. മറ്റ് എന്തെങ്കിലും കുറവുണ്ടെങ്കിൽ ചീഫ് സെക്രട്ടറി, അതുപോലെതന്നെ ഹെൽത്ത് സെക്രട്ടറി അണ്ടർടേക്കിംഗ് കൊടുക്കുകയാണ്. ഒരു ഹെൽത്ത് സെക്രട്ടറിയും മഞ്ചേരി ആശുപത്രിക്ക് അണ്ടർടേക്കിംഗ് ചെയ്ത് അഫിഡവിറ്റ് കൊടുത്തതുകൊണ്ട് ഇതുവരെ ജയിലിൽ പോയില്ല. അതുമുഴുവൻ പാസ്സാക്കിക്കൊണ്ടുവന്ന് ഇപ്പോൾ ഈ അഞ്ചാമത്തെ വർഷം എം.സി.ഐ. വന്ന് അംഗീകാരം നൽകി. ഇപ്പോഴും ഈ ഗവൺമെന്റ് വന്ന് നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം ഒരടിസ്ഥാന സൗകര്യവും ഉണ്ടായിട്ടില്ല. പഴയ ഗവൺമെന്റ് നൽകിയ സൗകര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഫൈനൽ അംഗീകാരം നൽകിയത്. ഇപ്പോൾ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്, ബഹുമാനപ്പെട്ട മന്ത്രി ധാരാളം സൗകര്യങ്ങൾ നൽകുന്നുണ്ട്. പക്ഷേ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഫൈനൽ അംഗീകാരം കിട്ടിയത് അന്നത്തെ അടിസ്ഥാന സൗകര്യത്തിന്റെ പേരിൽ ആണെന്നുള്ളത് മനസ്സിലാക്കണം. ബഹുമാനപ്പെട്ട ഭരണകക്ഷി മെമ്പർമാർ മഞ്ചേരിയിൽ അടിസ്ഥാന സൗകര്യമില്ല, ടോയ്‌ലെറ്റിന്റെ പുറത്താണ് ലാബ് എന്ന് എഴുതിവച്ചിരിക്കുന്നത് എന്ന് ഇനിയെങ്കിലും പറയരുത്.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. എം. ഉമ്മർ ഇവിടെ ചൂണ്ടിക്കാണിച്ചത് അദ്ദേഹത്തിനുത്ര അടുപ്പമുള്ള മഞ്ചേരി മെഡിക്കൽ കോളേജിനെ തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചതിന്റെ ഹൃദയ വേദനയാണ് അദ്ദേഹത്തിന്റെ വാക്കുകളിലൂടെ പുറത്തുവന്നിരിക്കുന്നത്, അത് സത്യമാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, മെഡിക്കൽ സീറ്റ് കിട്ടി കുട്ടികൾ പുറത്തിറങ്ങി എന്നുപറയുന്നത് കോഴ്സ് പൂർത്തിയാക്കിയാണോ അതോ ആദ്യവർഷം കഴിഞ്ഞ് രണ്ടാം വർഷത്തിലേയ്ക്ക് കടക്കുന്നതാണോ എന്നുകൂടി വ്യക്തമാക്കി പോകുന്നതാണ് നല്ലത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അത് കൃത്യമായി ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനും എന്താണ് സംഭവിച്ചതെന്ന് എല്ലാവർക്കുമറിയാമല്ലോ. കേരളത്തിൽ ഗവൺമെന്റ് ഉടമസ്ഥതയിൽ വന്ന ഇടുക്കി മെഡിക്കൽ കോളേജാകട്ടെ, മഞ്ചേരി മെഡിക്കൽ കോളേജാകട്ടെ; ഇപ്പോൾ എം. പി. ആയി പോയ എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. അടൂർ പ്രകാശ് വളരെയേറെ പ്രയത്നിച്ചുകൊണ്ടുവന്ന കോന്നി മെഡിക്കൽ കോളേജാകട്ടെ; അല്ലെങ്കിൽ ഏറ്റെടുക്കാനിരുന്ന പരിയാരം മെഡിക്കൽ കോളേജാകട്ടെ; ബഹുമാനപ്പെട്ട മുൻമന്ത്രി വി. എസ്. ശിവകുമാർ പ്രത്യേക താൽപ്പര്യമെടുത്തുകൊണ്ടുവന്ന തിരുവനന്തപുരത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജാകട്ടെ; ഇതെല്ലാം ഗവൺമെന്റ് തലത്തിലല്ലായിരുന്നോ? ഇവിടത്തെ ഏതെങ്കിലുമൊരു സ്വാശ്രയ മുതലാളിക്ക് കൊടുക്കുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം ആ കോളേജുകൾ പ്രവർത്തിക്കുവാൻ കൊടുക്കേണ്ടായിരുന്നോ? ഏത് കോളേജിൽ എം.സി.ഐ.-യുടെ അന്വേഷണം വന്നാലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നൊരന്വേഷണം വന്നാലും നാളെ അത് പൂട്ടാൻ പറയും. നിങ്ങൾ പൂട്ടിക്കുവാൻവേണ്ടി കൂടെ നിന്നുവെന്നുള്ളതാണ്. അവിടെ ഒരു ജനപ്രതിനിധിയെപ്പോലും അന്ന് വിളിച്ചുവരുത്തിയില്ല. ഞാൻ അന്ന് എം.പി. ആയിരുന്നു. ശ്രീ. എസ്. രാജേന്ദ്രനും ശ്രീ. റോഷി അഗസ്റ്റിനും ബഹുമാന്യനായ പി. ജെ. ജോസഫും ഉണ്ടായിരുന്നു. ഈ ജനപ്രതിനിധികളോടൊന്ന് സംസാരിച്ച് എം.സി.ഐ. നിർദ്ദേശിക്കുന്ന ഈ നിബന്ധനകൾ മറികടക്കാൻ ഞങ്ങൾക്ക് കഴിയുമായിരുന്നു. ഡോ. പി. ജി. രാമകൃഷ്ണപിള്ള നിങ്ങൾക്ക് അഭിപ്രായ വ്യത്യാസമുള്ളയാളല്ലല്ലോ? അദ്ദേഹത്തെ സ്പെഷ്യൽ ഓഫീസറാക്കി. ഒരു മെഡിക്കൽ കോളേജ് ഇടുക്കിയിലെ ജനങ്ങളുടെ ദീർഘകാലത്തെ ആഗ്രഹമായിരുന്നു. കെട്ടിടം നിർമ്മിക്കാൻ ടെണ്ടർ ചെയ്തു, സ്ഥലം കണ്ടെത്തി എല്ലാ നടപടികളും നടത്തി. നിങ്ങൾക്ക് ഒരൊറ്റ മുദ്രാവാക്യമേ ഉണ്ടായിരുന്നുള്ളൂ. നിങ്ങൾ വന്ന് കുറച്ചുനാൾ കഴിഞ്ഞാണ് മെഡിക്കൽ കോളേജ് വന്നതെന്ന് ചരിത്രത്തിൽ രേഖപ്പെടുത്തണം. അങ്ങനെ രേഖപ്പെടുത്തുന്ന പ്രോഗ്രസ്സ് കാർഡാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം ഇറക്കിയത്. അങ്ങനെ പ്രോഗ്രസ്സ് കാർഡുണ്ടാക്കുന്നതിനുമാത്രം ഒരു മെഡിക്കൽ കോളേജിനെ തകർക്കരുത്, അത്തരം സമീപനമാണ് കോന്നി, മഞ്ചേരി, പരിയാരം, കൂടാതെ തിരുവനന്തപുരത്തെ രണ്ടാമത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജിനോടും

ചെയ്തത്. എല്ലാ നല്ല കാര്യങ്ങളും അംഗീകരിച്ചുകൊണ്ടുതന്നെ ശ്രീമതി ശൈലജ ടീച്ചറോട് ഞാൻ പറയുന്നു, കേരളത്തിൽ ഗവൺമെന്റ് മെഡിക്കൽ കോളേജിനെക്കാൾ ഞങ്ങൾക്ക് താൽപ്പര്യം സ്വാശ്രയ കോളേജുകൾക്കാണെന്നുള്ള മനോഭാവം ദൗർഭാഗ്യവശാൽ ഇടതുപക്ഷ ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്, അതുമാറ്റണം. അത് അപകടകരമായൊരു സൂചനയാണെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സമയക്കുറവുമൂലം മറ്റ് കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. നിങ്ങളുടെ പ്രോഗ്രസ്സ് കാർഡിൽ വലിയൊരു ളുവലല്ല ഇതൊക്കെയെന്ന് തിരിച്ചറിയണം, കേരളത്തിലെ ജനങ്ങൾ വിഡ്ഢികളൊന്നുമല്ല, ഗവൺമെന്റ് മെഡിക്കൽ കോളേജുകളെ പിന്നോട്ടുവലിക്കാനും സ്വകാര്യ മെഡിക്കൽ കോളേജുകളെ മുന്നോട്ടുനയിക്കാനും നിങ്ങൾ നടത്തുന്ന ഗൂഢ ശ്രമങ്ങൾക്ക് ഇന്നല്ലെങ്കിൽ നാളെ തിരിച്ചടികിട്ടും. ബിൽ അവതരിപ്പിക്കുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു ഒഫീഷ്യൽ അമെന്റ്മെന്റ് ബില്ലിൽ കൊണ്ടുവരേണ്ടിവന്നുവെന്നുപറഞ്ഞാൽ, ഈ ബില്ലിന്റെ അർത്ഥമെന്താണ്? അത് ദൂരവ്യാപകമായ ഫലമുണ്ടാക്കുന്നതാണെന്നും കോടതി വരാന്തയിൽ വച്ചുതന്നെ തോറ്റുതുന്നം പാടേണ്ടിവരുമെന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

മി. സ്പീക്കർ: മിനിസ്റ്റർ സംസാരിക്കുന്നതിനുമുൻപ് അങ്ങ് റൂളിംഗിനെ സംബന്ധിച്ച് പരാമർശിച്ചതുകൊണ്ട് ഒരു വ്യക്തത നൽകുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. സമിതി രണ്ടായി പിരിയുമ്പോൾ രണ്ട് ചെയർമാൻമാർ ഉണ്ടാകും, അതുകൊണ്ട് സ്വാഭാവികമായി രണ്ട് ചെയർമാൻമാരുടേയും സാമ്പത്തിക ബാധ്യത വരാൻ സാധ്യതയുണ്ട്. അത് ധനകാര്യ വിശകലനത്തിൽ ചൂണ്ടിക്കാണിക്കണം. അല്ലാത്തപക്ഷം രണ്ട് ചെയർമാൻമാരും ഒരാളാണെന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് അങ്ങനെ പ്രത്യേകമായി ചൂണ്ടിക്കാണിക്കണം എന്നായിരുന്നു റൂളിംഗ്. അതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ട് റൂളിംഗ് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി മാറ്റം വരുത്തിയെന്നുള്ളതാണ് സത്യം. അതിനൊരു അവ്യക്തത വേണ്ട.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നീതി ഉറപ്പാക്കുന്നതിനുവേണ്ടി, സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിനുള്ള നിയമം കേരള നിയമസഭ ആദ്യമായാണ് പാസ്സാക്കുന്നത്. 2017-ലെ 15-ാം നമ്പർ

ആക്ടാണിത്. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിലും സ്വകാര്യ മേഖലകളിലും ഇത്തരം എക്സ്പ്ലോയിറ്റേഷനും കാപ്പിറ്റലൈസേഷനുമൊക്കെ നിയന്ത്രിക്കുന്നതിന് 2006-ൽ ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ കൊണ്ടുവന്ന നിയമമാണ്. ആ നിയമത്തെ കോടതിയിൽ സ്വകാര്യ മാനേജ്മെന്റ് ചോദ്യം ചെയ്യുകയും ആ നിയമത്തിലെ പ്രധാനപ്പെട്ട വകുപ്പുകൾ കോടതി റദ്ദാക്കുകയും ചെയ്തു. അതിൽ അസാധുവായി പ്രഖ്യാപിച്ച 3, 7, 8 (b&c) 10 എന്നീ വകുപ്പുകൾ കോടതി റദ്ദാക്കുകയുണ്ടായി. എങ്കിലും മാതൃനിയമം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മെഡിക്കൽ മേഖലയിലുള്ള സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ഒരു നിയമം കൊണ്ടുവരണമെന്നാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആലോചിച്ചത്. അങ്ങനെയാണ് 2017-ലെ 15-ാം നമ്പർ ആക്ട് കൊണ്ടുവന്നത്. ഇവിടെ ബഹുമാന്യരായ പ്രതിപക്ഷ അംഗങ്ങളെല്ലാം സംസാരിക്കുമ്പോൾ കോടതി വരാന്തയിൽ എടുത്തെറിയപ്പെട്ടുമെന്നൊക്കെ വളരെ ആഹ്ലാദത്തോടുകൂടി പറഞ്ഞു. കോടതിയിൽ പോകും; സ്വകാര്യ മാനേജ്മെന്റുകൾ ഉള്ളിടത്തോളം കാലം ഇന്നോളം സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ് കോടതിയിൽ പോവുക എന്നുള്ളത്. സ്വാഭാവികമായും ഈ ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിനെതിരായി സ്വകാര്യ മാനേജ്മെന്റ് കോടതിയിൽ പോവുകയുണ്ടായി. എന്നാൽ, മുമ്പ് ചെയ്യുന്നതുപോലെ അവിടെനിന്ന് കേസ് തോറ്റുകൊടുക്കുകയെന്ന സമീപനം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സമയം വൈകിയതിനാൽ പഴയ എല്ലാ കഥയും ഞാൻ ഇപ്പോൾ ഇവിടെ അനാവരണം ചെയ്യുന്നില്ല. മനഃപൂർവ്വം കേസ് തോറ്റുകൊടുത്ത എത്രയോ അനുഭവങ്ങൾ, അതുസംബന്ധിച്ച ആളുകളുടെ പേരടക്കം പറയാൻ സാധിക്കും. അതൊന്നും ഇവിടെ പറയുന്നില്ല, അതിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റ്. നമ്മളെല്ലാം ഒരുമിച്ചുചേർന്ന് ഇത്തരം കാര്യങ്ങൾ തിരുത്തുക എന്നുള്ളതാണ് ഏറ്റവും കരണീയമായിട്ടുള്ളത്. വളരെ സദുദ്ദേശ്യത്തോടുകൂടിയാണ് 2017-ലെ 15-ാം നമ്പർ ആക്ട് ഈ ഗവൺമെന്റ് കൊണ്ടുവന്നത്. അതിൽ ഒരു ക്ലാസ് കോടതി എടുത്തുകളഞ്ഞത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അത് 17-ാം നമ്പർ ക്ലാസാണ്. പ്രസ്തുത ക്ലാസ് മാനേജ്മെന്റുമായി കൺസെൻഷ്വൽ എഗ്രിമെന്റ് ഉണ്ടാക്കാനുള്ള സാധ്യതയുള്ളതായിരുന്നു. അത് കോടതി റദ്ദാക്കിക്കളഞ്ഞു. കൂടാതെ 19-ാം നമ്പർ ക്ലാസും എടുത്തുകളഞ്ഞു. ചെറിയ ചെറിയ ചില കാര്യങ്ങൾ 17-ാം നമ്പർ ക്ലാസിലാണ് പ്രധാനമായും കോടതി പറയുന്നത്. വളരെ വിശദമായി പറയുന്നില്ലെങ്കിലും നമുക്കെല്ലാം അറിയുന്നൊരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്, 2016-17-ലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. 2016-ൽ അധികാരത്തിൽ വരുന്ന സമയത്ത് കേരള എൻട്രൻസ് ലിസ്റ്റ്

ഉണ്ടായിരുന്നു. 2016-17-ലെയും 2017-18-ലെയും 2018-19-ലെയും അഡ്മിഷനാണ് സ്വകാര്യ കോളേജുകളടക്കം ഈ ഗവൺമെന്റ് നടത്തിയത്. 2016-17-ലെ അഡ്മിഷൻ നടത്തുമ്പോഴാണ് നീറ്റ് മെറിറ്റ് വന്നത്. അതായത്, സെൻട്രൽ മെറിറ്റ് ലിസ്റ്റിൽനിന്ന് മാത്രമേ കുട്ടികളെ എടുക്കാവൂ എന്നും സംസ്ഥാനങ്ങളുടെ മെറിറ്റ് ലിസ്റ്റ് അംഗീകരിക്കില്ലായെന്ന് സുപ്രീംകോടതിയും കേന്ദ്രഗവൺമെന്റും പറഞ്ഞു. കൂടാതെ, M.C.I. (Medical Council of India)-യും നിർദ്ദേശിച്ചു. അതിനെതിരായി നമ്മൾ കോടതിയിൽ പോയി. കാരണം, KEAM മെറിറ്റ് ലിസ്റ്റ് അനുസരിച്ച് നമ്മൾ കൺസെൻഷ്വൽ എഗ്രിമെന്റ് ഉണ്ടാക്കിക്കഴിഞ്ഞു. അതായത്, 50% മെറിറ്റ് സീറ്റ് എന്നും 50% മാനേജ്മെന്റ് സീറ്റ് എന്നും മാനേജ്മെന്റുമായി എഗ്രിമെന്റിൽ ഒപ്പിട്ടിരുന്നു. ബഹുമാനപ്പെട്ട മെമ്പർമാർ മറന്നുപോകാൻ പറ്റാത്തൊരു കാര്യം അതിലുണ്ട്. അതായത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ബഹുമാന്യനായ എ.കെ.ആന്റണി 50:50 എന്ന അനുപാതം കൊണ്ടുവന്നത്. അതൊന്നും ഞാൻ തള്ളിക്കളയുന്നില്ല. പക്ഷേ അങ്ങനെ കൊണ്ടുവന്നപ്പോഴും സംസ്ഥാനത്തെ 23 സ്വാശ്രയ കോളേജുകളും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് അനുവദിച്ചത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരൊറ്റ സ്വാശ്രയ മെഡിക്കൽ കോളേജും അനുവദിച്ചിട്ടില്ല എന്ന് ഞാൻ ഉറപ്പിച്ച് പറയുകയാണ്. അനുവദിച്ചത് വലിയ തെറ്റായിപ്പോയി എന്ന് സ്ഥാപിക്കാനല്ല ഞാൻ പറയുന്നത്. ആ 23 കോളേജുകളിൽ ആറോ-ഏഴോ കോളേജുകളുമായാണ് സാധാരണ എഗ്രിമെന്റ് ഒപ്പിട്ടുകൊണ്ടിരുന്നതെന്ന് നമുക്ക് പഴയ കടലാസുകളെല്ലാം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അങ്ങനെ ഒപ്പിട്ടാൽ 50% മെറിറ്റ് സീറ്റിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന മെറിറ്റ് ഫീസിൽ പഠിക്കാൻ അനുവദിക്കുമ്പോൾ ബാക്കി 50% സീറ്റിൽ ഒരു നിയന്ത്രണവും വച്ചിരുന്നില്ല. അവിടെ ഇഷ്ടംപോലെ ഫീസ് ഈടാക്കാം, മാത്രമല്ല, അതിന്റെ പിൻവാതിലിലൂടെ മെറിറ്റ് ലിസ്റ്റിന്റെ ഏറ്റവും താഴെ നിന്ന് കുട്ടികളെ നിശ്ചയിക്കുകയും ചെയ്യാം. ചിലപ്പോൾ ബയോളജിക്കും കെമിസ്ട്രിക്കും മിനിമം 10 മാർക്കുപോലും വിഷയാടിസ്ഥാനത്തിൽ കിട്ടാത്തവരാണ്. ആകെ നോക്കുമ്പോൾ അവർ പാസായിട്ടുണ്ട്. അങ്ങനെയുള്ള കുട്ടികളെ എടുത്തിട്ടുള്ള മാനേജ്മെന്റുകളുടെ കഥകൾ നമ്മൾ ചരിത്രത്തിൽ രേഖപ്പെടുത്തിയതാണ്. അങ്ങനെ കുട്ടികളെ എടുക്കുമ്പോൾ സ്വാഭാവികമായും മാനേജ്മെന്റിന് കോടികളാണ് capitation fee കിട്ടിയിരുന്നത്. ഇതൊന്നും കേരളം മറക്കുന്നതല്ല, അങ്ങനെയുള്ള അഴിമതിയാണ് 50:50 എന്നതിൽ വന്നത്. എന്നാൽ 2016-17-ൽ മാനേജ്മെന്റുമായി സംസാരിച്ച് എഗ്രിമെന്റ് ഒപ്പുവച്ചപ്പോൾ 20 കോളേജുകളെകൊണ്ട് ഒപ്പിടുവിക്കുവാൻ സാധിച്ചു. സ്വാഭാവികമായും ആ ചർച്ചയുടെ ഭാഗമായി ഇരുപത്തയ്യായിരത്തിനും രണ്ടര

ലക്ഷത്തിനുമിടയിൽ പഠിക്കുന്ന കുട്ടികളുടെ 50% സീറ്റിൽ 50% ഫീസ് ഞങ്ങൾ ഫിക്സ് ചെയ്തു. നിർബന്ധമായും അവരെക്കൊണ്ട് സമ്മതിപ്പിച്ചു, 35%-ന് 11 ലക്ഷം രൂപയായിരുന്നു. ബാക്കി 15% എൻ.ആർ.ഐ. സീറ്റാണ്, അതിന് 15 ലക്ഷം രൂപയായിരുന്നു. അന്ന് ഇവിടെ ഞാൻ രാജിവയ്ക്കണമെന്നുപറഞ്ഞ് വലിയ ബഹളമായിരുന്നു. ഞാനതെല്ലാം മറക്കുകയാണ്. കാരണം പ്രതിപക്ഷം എതിർക്കുന്നത് സ്വാഭാവികമാണ്. പ്രതിപക്ഷത്തിന് എതിർക്കാൻ എന്തെങ്കിലും കാര്യമുണ്ടാകും, അവർ എതിർക്കുന്നു. പക്ഷേ ഈ മാനേജ്മെന്റുമായി ഉണ്ടായിരുന്ന കൺസെൻഷ്വൽ എഗ്രിമെന്റിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ മെറിറ്റ് സീറ്റ് കുട്ടികൾക്ക് കിട്ടിയ വർഷമെന്ന് രേഖപ്പെടുത്തിയ വർഷം അതായിരുന്നുവെന്ന് മറക്കരുത്. ഏറ്റവും കൂടുതൽ കുട്ടികൾ ഗവൺമെന്റ് മെറിറ്റ് സീറ്റിൽ പഠിക്കുന്ന വർഷമായിരുന്നു അത്. എന്നാൽ 2017-18 ആകുമ്പോൾ ചിത്രം മാറുന്നു. ഇനി കൺസെൻഷ്വൽ എഗ്രിമെന്റ് ഇല്ലെന്ന് വളരെ കർശനമായി സുപ്രീംകോടതി പറഞ്ഞു. കൂടാതെ നമ്മുടെ ബില്ലിലെ കൺസെൻഷ്വൽ എഗ്രിമെന്റിലെ 17-ാം വകുപ്പും ബഹുമാനപ്പെട്ട സുപ്രീംകോടതി എടുത്തുകളഞ്ഞപ്പോൾ എഗ്രിമെന്റ് സാധിക്കില്ല, പിന്നെന്താണ് നമുക്ക് കരണീയമായിട്ടുള്ളത്? നീറ്റ് മെറിറ്റ് നിർദ്ദേശിക്കുന്നതുപോലെ, എം.സി.ഐ.-യും സുപ്രീംകോടതിയും നിർദ്ദേശിക്കുന്നതുപോലെ, ഏകീകൃത ഫീസിലേയ്ക്ക് പോവുകയാണ് ചെയ്തത്. സുപ്രീംകോടതി ഗൈഡ്‌ലൈൻ അനുസരിച്ച് ഫീ-റെഗുലേറ്ററി കമ്മിറ്റി ഏകീകൃത ഫീസ് നിശ്ചയിക്കുന്ന അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ഇത് ഗവൺമെന്റിനോ ഫീ-റെഗുലേറ്ററി കമ്മിറ്റിക്കോ തോന്നിയതുപോലെ നിശ്ചയിച്ചതല്ല. അതിന് ഒരു ഗൈഡ്‌ലൈൻ ഉണ്ട്, അങ്ങനെയാണ് ഏകീകൃത ഫീസ് നിശ്ചയിക്കേണ്ടത്. ഓരോ കോളേജിനും വ്യത്യസ്തമായാണ്. അതനുസരിച്ച് കോളേജിന്റെ ചെലവും മറ്റ് കാര്യങ്ങളുമൊന്നും ഞാനിവിടെ പറയുന്നില്ല. കോടതിയുടെ വിധിപ്പകർപ്പുകളെല്ലാം എന്റെ കൈയിലുണ്ട്, അതെല്ലാവർക്കും അറിയാവുന്നതാണ്. ഓരോ കേസിലേയും ഇനാംദാർ കേസായാലും മറ്റേത് കേസായാലും അങ്ങനെ ഫീസ് നിശ്ചയിക്കുമ്പോൾ; എങ്ങനെയാണ് മാനേജ്മെന്റിന്റെ ഫീസ് നിശ്ചയിക്കണമെന്ന മാനദണ്ഡമനുസരിച്ചാണ് ക്വാസി ജുഡീഷ്യൽ ബോഡിയായിട്ടുള്ള ഫീ-റെഗുലേറ്ററി കമ്മിറ്റി, അതായത് സുപ്രീംകോടതിയുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കുന്ന കമ്മിറ്റി നിശ്ചയിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് 2017-18-ലെയും 2018-19-ലെയും സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ ഫീസ് നിശ്ചയിക്കുന്നത്. നമ്മൾ നിശ്ചയിച്ച ഏകീകൃത ഫീസ് 6 ലക്ഷം രൂപയിൽ താഴെയാണ്. നീറ്റ് എഗ്രിമെന്റ് പുറത്തുവന്നതോടുകൂടി മെറിറ്റിൽ 25,000-ത്തിന്റെ സീറ്റില്ല. പിന്നീട്

11 ലക്ഷം രൂപയായി. അഡ്മിഷൻ കിട്ടുന്ന ആളുകളടക്കം കൊടുക്കേണ്ടത് ഈ 6 ലക്ഷം രൂപയിൽ താഴെയുള്ള ഫീസാണ്. പലരും ഇതൊന്നും പഠിക്കാതെയാണ് വിമർശിക്കുന്നത്.

ഏതായാലും 11 ലക്ഷം രൂപ ഫീസ് കൊടുക്കേണ്ട ഒറ്റ കുട്ടിയും ഇപ്പോൾ സ്വാശ്രയ കോളേജുകളിലില്ല. സ്വാഭാവികമായും സ്വാശ്രയ മാനേജ്മെന്റുകൾക്ക് ദേഷ്യമുണ്ടായി. ഞാൻ സ്വാശ്രയ മാനേജ്മെന്റിനുവേണ്ടി എന്തൊക്കെയോ ശ്രമിച്ചുവെന്ന് നിങ്ങൾ പറഞ്ഞല്ലോ, എന്നാൽ ആരെയാണ് ശത്രുതാ മനോഭാവത്തോടുകൂടി കാണുന്നതെന്ന് അവരോട് സ്വകാര്യത്തിൽ സംസാരിക്കുമ്പോൾ മനസ്സിലാകും. ഒരു കോടി രൂപയോളം ക്യാപ്പിറ്റേഷൻ ഫീസും 50 ശതമാനം സീറ്റിൽ 14 മുതൽ 24 ലക്ഷം രൂപവരെ എത്രയാണെന്നുവച്ചാൽ വമ്പിച്ച തോതിൽ ഫീസും വാങ്ങാൻ കഴിയുന്ന സ്വാശ്രയ മാനേജ്മെന്റിന് ഇപ്പോൾ വാങ്ങാൻ സാധിക്കുന്നത് എല്ലാ സീറ്റിലും 6 ലക്ഷം രൂപയിൽ താഴെയാണെന്ന് ബഹുമാനപ്പെട്ട പി. ടി. തോമസ് മനസ്സിലാക്കണം. 4.75 ലക്ഷം രൂപ, 5 ലക്ഷം രൂപ, 5.25 ലക്ഷം രൂപ എന്നിങ്ങനെ ഫീസ് ഫിക്സേഷൻ വെവ്വേറെയാണ്. അത്രയും ഫീസ് മാത്രമാണ് വാങ്ങാൻ സാധിക്കുന്നത്. നല്ല ദേഷ്യം അവർക്കുണ്ട്. അതുകൊണ്ട് ഫീ-റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് കുറയ്ക്കണമെന്നാവശ്യപ്പെട്ട് അവർ കോടതിയിൽ പോയി. കോടതി സർക്കാരിനെ ശകാരിച്ചിട്ടൊന്നുമില്ല. ശ്രീ. പി. ടി. തോമസ് അങ്ങനെ വെറുതെ കരുതുന്നതാണ്. കോടതി ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിധിന്യായം എന്റെ പക്കലുണ്ട്. നിശ്ചയിച്ച ഫീസ് കോടതി വർദ്ധിപ്പിച്ചിട്ടുമില്ല. നാളെ വർദ്ധിപ്പിക്കുമെന്ന് എനിക്ക് പറയാൻ സാധിക്കില്ല, കാരണം, പലപ്പോഴായി വ്യത്യസ്ത കോടതി വിധികളുണ്ടായിട്ടുണ്ട്. ഒരു ഘട്ടത്തിൽ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് സർക്കാർ നിശ്ചയിച്ച ഫീസ് സ്വീകാര്യമല്ല, എല്ലാ സീറ്റിലും 25,000 രൂപയും 2.50 ലക്ഷം രൂപയും വാങ്ങാൻ സാധിക്കില്ല, മുഴുവൻ സീറ്റിലും 10 ലക്ഷം രൂപയിൽ കൂടുതൽ ഫീസ് വേണമെന്നുപറഞ്ഞ് കോടതിയിൽ പോയപ്പോൾ 10 ലക്ഷം രൂപ ഫീസ് വാങ്ങാൻ കോടതി വിധിച്ചു. അതിനെ എതിർത്ത സർക്കാരിനോട് കോടതി നിങ്ങൾക്കെന്താണ് അവകാശമെന്നാണ് ചോദിച്ചത്. പണം മുടക്കുന്നതും കെട്ടിടം നിർമ്മിക്കുന്നതും അദ്ധ്യാപകരെ നിശ്ചയിക്കുന്നതും സ്വകാര്യ സ്വാശ്രയ കോളേജുകളായതുകൊണ്ട് അവരാണ് ഫീസ് നിശ്ചയിക്കേണ്ടതെന്ന് ഒരു ഘട്ടത്തിൽ പറഞ്ഞിരുന്നു. ഞങ്ങൾ അതിനെതിരെ അപ്പീൽ നൽകി സമർത്ഥമായി വാദിച്ചു. അങ്ങനെ വാദിച്ചപ്പോൾ ആ ഫീസ് താൽക്കാലിക ഫീസ് ആണെന്നും ഫീ-റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്നതായിരിക്കും അന്തിമ ഫീസെന്നും കോടതി പറയുകയുണ്ടായി. ഈ

ഗവൺമെന്റ് വന്നതിനുശേഷം കോടതിയിൽ നന്നായി വാദിച്ച് സമർത്ഥിച്ചിട്ടാണ് കുട്ടികൾക്ക് അനുകൂലമായ വിധി ഉണ്ടാക്കിയെടുത്തിട്ടുള്ളതെന്ന് ദയവായി മനസ്സിലാക്കണം. 2017-18-ഉം 2018-19-ഉം കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും നീതിപൂർവ്വകമായ ഫീസ് നിർണ്ണയവും അലോട്ട്മെന്റും നടന്നിട്ടുള്ള വർഷങ്ങളാണ്. അലോട്ട്മെന്റ് നടക്കുമ്പോൾ ബാക്കിവന്ന എൻ.ആർ.ഐ. സീറ്റുപോലും ജനറൽ ക്വാട്ടയിലേയ്ക്ക് മെർജ് ചെയ്ത ഈ ഗവൺമെന്റ് മറ്റേതൊരു ഗവൺമെന്റിനും മാതൃകയായി നിൽക്കുകയാണ്. ആരും അങ്ങനെ ചെയ്യാറില്ല. ബാക്കി കച്ചവടത്തിന് വിട്ടുകൊടുത്താൽ അതിന് മാനേജ്മെന്റിന്റെ നന്ദിയുണ്ടാകും. ഞങ്ങൾക്ക് മാനേജുമെന്റിന്റെ നന്ദി ആവശ്യമില്ല, ഈ നാട്ടിലെ കുട്ടികൾക്ക് പഠിക്കാൻ നീതിപൂർവ്വകമായ അവസരം സ്വകാര്യ മെഡിക്കൽ കോളേജിലായാലും എത്രത്തോളം ഉണ്ടാക്കാൻ സാധിക്കുമോ അത്രത്തോളം ഉണ്ടാക്കുന്നതിലാണ് താൽപ്പര്യം. അന്ന് അതുവരെ വിമർശിച്ചിരുന്ന മുഖ്യധാരാ പത്രങ്ങൾ മുഴുവൻ ഞങ്ങളെ അഭിനന്ദിച്ചു. ശ്രീ. പി. ടി. തോമസ്, പഴയ പത്രമെടുത്തുനോക്കിയാൽ അക്കാര്യം മനസ്സിലാക്കാൻ സാധിക്കും. ഇത്രയും എൻ.ആർ.ഐ. സീറ്റുകൾ ബാക്കി വന്നപ്പോൾ അത് സ്വകാര്യ മാനേജ്മെന്റിന് നിയമനത്തിന് വിട്ടുകൊടുക്കാതെ ജനറൽ ക്വാട്ടയിൽ മെർജ് ചെയ്തുവെന്നത് സീറ്റ് കാത്തുനിൽക്കുന്ന കുട്ടികൾക്ക് ഏറെ സന്തോഷമായ കാര്യമായിരുന്നു. അത് രക്ഷിതാക്കൾക്കും കുട്ടികൾക്കുമറിയാം. സ്വാശ്രയ മാനേജ്മെന്റ് വന്നതിനുശേഷം ഇത്രയും നീതിപൂർവ്വകമായ അലോട്ട്മെന്റ് നടന്നിട്ടുള്ള കാലമുണ്ടായിട്ടില്ലെന്ന് പലരും സ്വകാര്യമായി സംസാരിക്കുമ്പോൾ എന്നോട് പറയാറുണ്ട്. അതുകൊണ്ട് നമ്മളെന്ത് പുകമറ സൃഷ്ടിച്ചാലും സത്യം സത്യമായി നിലനിൽക്കും. ഇനി മാനേജ്മെന്റിനെ സഹായിക്കാൻ ഈ നിയമം എന്തിനുകൊണ്ടുവന്നു, എന്നൊക്കെ സബ്ജക്ട് കമ്മിറ്റി മെമ്പറായ ശ്രീ പി. കെ. ബഷീർ പറഞ്ഞോ എന്നറിയില്ല, പക്ഷേ ശ്രീ. പി. ടി. തോമസ് അങ്ങനെ പറഞ്ഞു. 2017-ലെ 15-ാം നമ്പർ ആക്ടിലെ ചില ക്ലാസുകളെടുത്തുകഴിഞ്ഞപ്പോൾ ആ നിയമത്തിൽ ഫീ-റെഗുലേറ്ററി കമ്മിറ്റിയും അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയും ഒരു കമ്മിറ്റിയായി നിശ്ചയിച്ചിരുന്നു. കാരണം, മിക്കവാറും അതിലെ അംഗങ്ങളെല്ലാം ഒന്നാണ്. രണ്ടുതവണ മാത്രമേ കമ്മിറ്റി ചേരാൻ പാടുള്ളൂവെന്ന് സുപ്രീംകോടതി നേരത്തെതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഒരു കമ്മിറ്റി ചേർന്ന് ആ കമ്മിറ്റിയുടെ ധർമ്മം പൂർത്തിയാക്കിയതിനുശേഷം അതിന്റെകൂടെ ചേരാതെ മറ്റൊരു തവണ മാത്രമേ രണ്ടാമത്തെ കമ്മിറ്റി ചേരാൻ പാടുള്ളൂ. ആ ഗൈഡ്ലൈൻ കണ്ടപ്പോൾ സ്വാഭാവികമായും നിയമ വകുപ്പിൽനിന്നും നിയമം ഡ്രാഫ്റ്റ് ചെയ്ത സമയത്ത് രണ്ടുംകൂടി ഒറ്റ കമ്മിറ്റി പോരേ, ഒരു കമ്മിറ്റി ഒരു പർപ്പസിന് ചേരുന്നു, അടുത്ത തവണ ആ കമ്മിറ്റിതന്നെ മറ്റൊരു പർപ്പസിന്

ചേരുന്നു, അങ്ങനെയായാൽ എന്താണ് കുഴപ്പം എന്ന് തോന്നിയിട്ടാണ് നിയമ വകുപ്പ് പത്തംഗ കമ്മിറ്റിയായി അതിനെ ഡ്രാഫ്റ്റ് ചെയ്തത്. അല്ലാതെ ആരെയും ദ്രോഹിക്കാനോ അല്ലെങ്കിൽ എന്തെങ്കിലും ദുരുദ്ദേശ്യപരമോ ആയ കാരണങ്ങളാലല്ല. 2017-ലെ നിയമത്തിൽ 10 അംഗ കമ്മിറ്റി വന്നു. ആ കമ്മിറ്റി ഫീസ് നിശ്ചയിച്ചു. അതിലാണ് നാല് അംഗങ്ങൾ മാത്രമേ ഫീസ് നിശ്ചയിക്കുമ്പോൾ വന്നിട്ടുള്ളൂവെന്നതിനാൽ അത് നിലനിൽക്കില്ലെന്ന് കോടതി പറഞ്ഞത്. ക്വാറം ഇതിനകത്ത് പറയേണ്ടതില്ല. പത്തംഗ കമ്മിറ്റിയായതുകൊണ്ട് ഞങ്ങൾ ക്വാറം പറഞ്ഞു. കമ്മിറ്റികൾ ക്വാറം പറയുന്നത് ശരിയല്ലെന്ന് പറഞ്ഞ് ക്വാറം പറഞ്ഞ ഭാഗം കോടതി റദ്ദാക്കി.

ശ്രീ. എം. ഉമ്മർ: സർ, ഇതിൽ 10 അംഗങ്ങളുണ്ടെങ്കിൽ ഒരാൾ വന്നാലും കമ്മിറ്റി ചേരാൻ സാധിക്കുമോ; ക്വാറം പ്രത്യേകം പറയാത്തതുകൊണ്ട് ഒരാൾ ചേർന്നാൽപ്പോലും ക്വാറമായി കണക്കാക്കാമോ? കമ്മിറ്റി ചേർന്ന് ചെയർമാനില്ലെങ്കിൽ മറ്റംഗങ്ങൾ ചേർന്ന് അദ്ധ്യക്ഷനെ തെരഞ്ഞെടുക്കണമെന്ന് ഇതിൽപ്പറയുന്നുണ്ട്. ഒരാൾ മാത്രം വന്നാലും ക്വാറം ആകും എന്നുള്ളതുകൊണ്ട് അദ്ധ്യക്ഷനെ തെരഞ്ഞെടുക്കുമ്പോൾ ആ ആൾതന്നെ അദ്ധ്യക്ഷൻ എന്നുപറയേണ്ടിവരില്ലേ? മിനിമം അംഗങ്ങളുടെ കാര്യത്തിൽ വ്യക്തത വേണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ കമ്മിറ്റിയുടെ ഫോർമേഷൻ നമുക്ക് തോന്നിയതുപോലെയല്ല. കോടതിയുടെ നിർദ്ദേശമാണ്. അതുകൊണ്ട് കോടതി അങ്ങനെയൊരു ക്വാറം നിശ്ചയിക്കാൻ പറഞ്ഞിട്ടില്ലെങ്കിൽ അങ്ങനെ നിശ്ചയിക്കാൻ നമുക്ക് അധികാരമില്ലെന്നുതന്നെ കരുതണം. ഒരാൾ മതിയാകില്ലെന്ന് കോടതി പറഞ്ഞതിൽനിന്നുതന്നെ വ്യക്തമല്ലേ? പത്തംഗത്തിൽ നാലംഗങ്ങൾ ചേർന്ന് തീരുമാനിച്ച ഫീസ് അംഗീകരിക്കുന്നില്ല എന്ന് കോടതി പറയുമ്പോൾ മുഴുവൻ അംഗങ്ങളും വേണമെന്ന് കോടതി കാണുകയാണ്. അതുമാത്രമല്ല, ഇതൊരു വലിയ കമ്മിറ്റിയാണ്. ഇതിനുപകരം രണ്ട് ചെറിയ കമ്മിറ്റികളാകുന്നതാണ് നല്ലതെന്ന് കോടതി പ്രഖ്യാപിക്കുകയും ചെയ്തു. അവസാനത്തെ വിധിയല്ല, അതിന് തൊട്ടുമുമ്പ് 2-11-2017-ലെ വിധിയിലാണ് രണ്ട് കമ്മിറ്റികളാകാം എന്നുപറഞ്ഞത്.

ശ്രീ. എം. ഉമ്മർ: സർ, മിനിട്ട്സ് ഞാൻ വായിച്ചുനോക്കിയതാണ്. ക്വാറം നിഷ്കർഷിക്കാതിരുന്നതിനാൽ കമ്മിറ്റി കൂടാത്തത് ക്വാറം തികയാത്തതു കൊണ്ടാണെന്ന് ഗവൺമെന്റ് വാദമുണ്ടായപ്പോൾ ക്വാറം ആവശ്യമില്ലെന്ന് പറഞ്ഞു. അതുകൊണ്ട് ഒരാളായാലും ക്വാറം ആകുമോ എന്നുള്ളതിൽ ബഹുമാനപ്പെട്ട മന്ത്രി വ്യക്തത വരുത്തണം. കോടതി പറഞ്ഞാലും നിയമം ഡ്രാഫ്റ്റ് ചെയ്യുന്നതും പാസ്സാക്കുന്നതും നമ്മളാണ്. ഒരു അദ്ധ്യക്ഷനെ

തെരഞ്ഞെടുക്കണമെങ്കിൽ വേറെ ആളുകൾ വേണ്ടേ? അപ്പോൾ മിനിമം രണ്ട് എന്നെങ്കിലുമുള്ള ഒരു വ്യക്തത വേണം. ഒരു നിയമം പാസ്സാക്കുമ്പോൾ നമുക്കൊരു സാറ്റിസ്ഫാക്ഷൻ വേണ്ടേ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 5 അംഗ കമ്മിറ്റിയും 6 അംഗ കമ്മിറ്റിയും എന്നിങ്ങനെ ഇപ്പോൾ രണ്ട് കമ്മിറ്റികളായി മാറ്റി. അവർ മുഴുവൻ പങ്കെടുക്കുന്നത് ഉചിതമെന്നതാണ് കോടതി വിധിയുടെ സാരംശം. നമ്മൾ വീണ്ടും കോടതി വേണ്ടെന്നുപറഞ്ഞ ക്വാറം പ്രഖ്യാപിച്ചിട്ട് പോകുന്നത് ശരിയായിരിക്കില്ല. ഇപ്പോൾ 10 അംഗങ്ങളുള്ള വലിയ കമ്മിറ്റിയല്ല. ഇതിൽ മിക്കവാറും മൂന്നുപേർ ഉദ്യോഗസ്ഥരാണ്. ഒരംഗത്തിന് എന്തെങ്കിലും വലിയ അസൗകര്യം കാരണം പങ്കെടുക്കാൻ സാധിച്ചില്ലെങ്കിൽ അത് കോടതിയെ ബോധ്യപ്പെടുത്താൻ നമുക്ക് സാധിക്കും. എന്നാൽ പത്തംഗ കമ്മിറ്റിയിൽ നാല് അംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നതാണ് കോടതിയുടെ വിമർശനത്തിന് വിധേയമായത്. അതുകൊണ്ട് നേരത്തെ വിധിയിൽ കോടതി പറഞ്ഞിട്ടുള്ള രണ്ട് കമ്മിറ്റികൾ ആകുന്നതാണ് ഉചിതം എന്നുള്ള സെൻസ് നമ്മൾ സ്വീകരിച്ചു. മാനേജ്മെന്റുകൾ ഇടയ്ക്കിടയ്ക്ക് കോടതിയിൽ പോകുമല്ലോ, ഇതിൽ ഏറ്റവും അവസാനം വിധി വന്നത് 28-2-2019-ലാണ്. ഈ ഉത്തരവനുസരിച്ച് എല്ലാ അംഗങ്ങളും ചേർന്ന യോഗത്തിലല്ല ഫീസ് നിശ്ചയിച്ചതെന്ന കാരണത്താലാണ് ഫീസ് റദ്ദാക്കിയത്. റദ്ദാക്കിയിട്ടുമില്ല, ആ ഫീസ് ഇപ്പോൾ അംഗീകരിക്കാൻ സാധിക്കില്ലെന്നും പ്രോപ്പറായി നിശ്ചയിച്ച് വീണ്ടും അറിയിക്കാവുന്നതാണെന്നും കോടതി വളരെ വ്യക്തമായി പറഞ്ഞു. ഈ ഫീസ് അംഗീകരിക്കാതിരിക്കുന്നില്ല. ഫ്രെഷായി നിശ്ചയിച്ചിട്ട് കോടതി മുമ്പാകെ ബോധിപ്പിക്കണം. അതുവരെ ഇത് താൽക്കാലിക ഫീസായി അംഗീകരിക്കാവുന്നതാണെന്ന് കോടതി പറഞ്ഞു. കോടതി മാനേജ്മെന്റുകൾക്ക് അനുകൂലമായല്ല ഇത്തവണ വിധി പറഞ്ഞത് എന്നുള്ളത് വളരെ അഭിമാനകരമായ കാര്യമാണ്. മാനേജ്മെന്റിന് അനുകൂലമാണെങ്കിൽ കോടതി ഇതല്ല പറയുന്നത്. കോടതി സർക്കാരിനെ ഈ കാര്യത്തിൽ ഒരുപാട് ശകാരിച്ചിട്ടൊന്നുമില്ല. പല സർക്കാരുകൾ വരുമ്പോഴും പലപ്പോഴും ശകാരിക്കാറുണ്ട്. ഞങ്ങൾക്കുമെല്ലാം ശകാരം കിട്ടിയിട്ടുണ്ട്. എന്നാൽ ഈ വിധിന്യായത്തിൽ കോടതി സർക്കാരിനെ ശകാരിച്ചിട്ടില്ലെന്ന് മാത്രമല്ല, ഇത് പ്രോപ്പറല്ല, 10 അംഗങ്ങളിൽ 4 അംഗങ്ങൾ മാത്രം ചേർന്നെടുത്ത തീരുമാനം ശരിയല്ല, അതുകൊണ്ട് ഫ്രെഷായി കമ്മിറ്റി ചേർന്ന് തീരുമാനമുണ്ടാക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ നേരത്തെ രണ്ട് കമ്മിറ്റികളാകുന്നതായിരിക്കും ഉചിതമെന്ന് കോടതി പറഞ്ഞതുകൊണ്ട് ഈ ഭേദഗതിയിലൂടെ രണ്ട് കമ്മിറ്റികളായിത്തന്നെ വളരെ സദുദ്ദേശ്യപരമായി നിശ്ചയിച്ചതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. എം. ഉമ്മർ ചൂണ്ടിക്കാണിച്ചതുപോലെ ക്വാറം സംബന്ധിച്ച ഒരു അനിശ്ചിതത്വം യഥാർത്ഥത്തിൽ നിലവിലില്ലേ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങനെ യാതൊരു അനിശ്ചിതത്വവും നിലവിലില്ല. കോടതി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഫ്രെഷായി കമ്മിറ്റി ചേരുകയെന്നുവച്ചാൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് തന്നെയാണ്. ഇവിടെ സൂചിപ്പിച്ചത് രണ്ട് അദ്ധ്യക്ഷന്മാരാകുമ്പോൾ അത് ശരിയാകുമോ എന്നതാണ്. ഇതിലെല്ലാം കോടതി പറഞ്ഞത് നോക്കിയാണ് നമ്മൾ ചെയ്തിരിക്കുന്നത്. ഒന്ന്, 2006-ലെ അന്നത്തെ നിയമമനുസരിച്ച് രണ്ട് കമ്മിറ്റികളായിരുന്നു. ആ രണ്ട് കമ്മിറ്റികളുടെയും ചെയർമാൻ ഒരാളായിരുന്നു. ജയിംസ് കമ്മിറ്റിയെന്ന് അറിയപ്പെടുന്ന കമ്മിറ്റിയിൽ ജസ്റ്റിസ് ജയിംസ് ആയിരുന്നു രണ്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷൻ. മറ്റൊന്ന്, ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ ഖണ്ഡിക 67 വായിച്ചുനോക്കണം. രണ്ട് സമിതികൾ ഉണ്ടായിരിക്കുന്നതാണ് ഉചിതമെന്ന് നിരീക്ഷിച്ചപ്പോൾ കോടതി പറഞ്ഞിട്ടുള്ളത് 'It would be appropriate to have two separate Committees may be some of the members are common or it may be a similar Committee for the two Committees work at the different time zones' എന്നാണ്. ഇതിൽ ഹെൽത്ത് സെക്രട്ടറി രണ്ട് കമ്മിറ്റിയിലും അംഗമാകണം. ഈ കമ്മിറ്റിയിൽ അംഗമായതുകൊണ്ട് മറ്റേ കമ്മിറ്റിയിൽ അംഗമാകുന്നുണ്ടെന്ന് പറയാൻ സാധിക്കുമോ? മെഡിക്കൽ കൗൺസിലിലുള്ള ഒരേ അംഗത്തിന് രണ്ട് കമ്മിറ്റിയിലും അംഗമാകാം. ഇത് കോടതി വളരെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. അതെല്ലാം അനുസരിച്ചുതന്നെയാണ് രണ്ട് കമ്മിറ്റിയുടെയും ചെയർപേഴ്സണും എം.സി.ഐ.-യുടെ മെമ്പറും ഒരാളായിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകാനിടയായത് ബിൽ കൊണ്ടുവരുന്ന സമയത്ത് ബില്ലിൽ ഇക്കാര്യം സ്പെസിഫൈ ചെയ്തില്ല എന്നുള്ളതാണ്. രണ്ട് ചെയർമാനാണോ ഇതിൽ, അങ്ങനെയാണെങ്കിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം എവിടെയാണ്, കമ്മിറ്റ്മെന്റ് എവിടെയാണ് സൂചിപ്പിക്കേണ്ടത് എന്നിങ്ങനെ സ്വാഭാവികമായും സംശയമുണ്ടാകും. അത് ബഹുമാനപ്പെട്ട സ്പീക്കറെ അറിയിച്ചപ്പോൾ അദ്ദേഹം റൂളിംഗ് പറഞ്ഞിട്ടുണ്ട്. റൂളിംഗിനെ ധിക്കരിക്കുകയല്ല ചെയ്തിട്ടുള്ളതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

വളരെ വൈകിയതുകൊണ്ട് ഒരുപാട് കാര്യങ്ങൾ പറയുന്നില്ല. എന്നാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മെഡിക്കൽ അഡ്മിഷനിൽ കാര്യക്ഷമതയില്ലെന്നാണ് ശ്രീ. പി. കെ. ബഷീർ പറഞ്ഞത്. ചരിത്രമെടുത്ത് ശ്രീ. പി. കെ. ബഷീർ

വായിച്ചുനോക്കുക, അഡ്മിഷൻ കിട്ടിയ കുട്ടികളുടെ രക്ഷിതാക്കളോട് ചോദിച്ചുനോക്കുക. ഇത്ര കാര്യക്ഷമമായി അഡ്മിഷൻ നടന്ന വർഷമുണ്ടായിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷവും അതിനുവേണ്ടി ശ്രമിക്കുകയാണ്. ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞു. സാമ്പത്തിക സംവരണത്തെക്കുറിച്ച് പറഞ്ഞ കാര്യം ബില്ലുമായി ബന്ധപ്പെട്ടതല്ലെങ്കിലും സഭയിൽ വന്നിട്ടുള്ളതാണ്. അതിന് മറുപടി പറയാതിരിക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. സീറ്റിന് 10 ശതമാനം സംവരണം നൽകണമെന്നൊരു അറിയിപ്പാണ് ആദ്യം തന്നത്. ആ അറിയിപ്പനുസരിച്ച് തിങ്കളാഴ്ചയ്ക്കുമുമ്പ് മറുപടി കൊടുക്കണമെന്ന കർശന നിബന്ധനയുണ്ടായി. അപ്പോൾ, ഇതുവരെ മറുപടി കൊടുത്തിട്ടില്ല, കേരളം മാത്രം ബാക്കിയാകുന്നു, ആയിരക്കണക്കിന് സീറ്റുകൾ നഷ്ടപ്പെടാൻ പോകുകയാണെന്നൊക്കെ പറഞ്ഞ് ഏതൊക്കെയോ പത്രങ്ങളിൽ വാർത്ത വന്നു. ഉടനെ പരിശോധിച്ച് കിട്ടിയ അറിയിപ്പനുസരിച്ച് എല്ലാ മെഡിക്കൽ കോളേജുകളുടെ പേരും വച്ച് ഞങ്ങൾ സന്നദ്ധരാണെന്ന് അറിയിച്ചു. അതിന് ഒരുപാട് ആലോചിക്കേണ്ടിവന്നു. കാരണം, 10 ശതമാനം സീറ്റ് വർദ്ധിക്കുന്ന സമയത്ത് അതിനാവശ്യമായ ഫാക്കൽറ്റി വേണം, മറ്റ് സൗകര്യങ്ങൾ വേണം. നേരത്തെ ഇവിടെ പല മെമ്പർമാരും പറഞ്ഞതുപോലെ എം.സി.ഐ. വന്ന് പരിശോധിച്ചിട്ട് നമ്മൾ എന്തെല്ലാം ശരിയാക്കിയാലും ഒരു ക്വറിയിട്ടിട്ടുപോകും. അതുപോലെ പത്ത് ശതമാനം കൂടി എടുക്കുമ്പോൾ മുഴുവൻ സീറ്റുകളുടെയും അംഗീകാരം നഷ്ടപ്പെടുമോ? നമ്മൾ പലയിടത്തും കഷ്ടിച്ചു നിൽക്കുകയാണെന്ന സത്യം തുറന്നുപറയാമല്ലോ. അതാണ് കേരളത്തിന്റെ പല മെഡിക്കൽ കോളേജുകളുടെയും അവസ്ഥ. അപ്പോൾ ഈ 10 ശതമാനം സീറ്റുംകൂടി എടുത്തിട്ട് അത് പരിശോധിക്കാൻ വരുമ്പോൾ മൊത്തം കോളേജിന്റെയും അംഗീകാരം നഷ്ടപ്പെടുകയാണെങ്കിൽ, ആ പത്ത് ശതമാനം എടുക്കേണ്ടതുണ്ടോയെന്ന് ഞങ്ങൾ ആലോചിച്ചിരുന്നു. പക്ഷേ കുട്ടികളുടെ സീറ്റ് നഷ്ടപ്പെടേണ്ടെന്ന് കരുതി ഞങ്ങൾ സന്നദ്ധരാണെന്ന് കാണിച്ച് കത്തയച്ചു. അപ്പോഴാണ് മെഡിക്കൽ കോളേജുകളുടെ പേര് അയയ്ക്കണമെന്ന് പറഞ്ഞ് എം.സി.ഐ.-യുടെ വിശദമായ കത്തുവന്നത്. സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മാത്രമാണ് എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതുകേട്ടപ്പോൾ ഞങ്ങൾക്ക് വളരെ സന്തോഷമായി. അതുവച്ച് ഞങ്ങൾ വീണ്ടും മറുപടി കൊടുത്തു. അതാണ് ശ്രീ. പി. കെ. ബഷീർ തെറ്റിദ്ധരിച്ചത്.

ശ്രീ. പി. കെ. ബഷീർ: സർ, മെഡിക്കൽ കൗൺസിൽ പറഞ്ഞത് സർക്കാർ കോളേജുകൾ മാത്രം മതിയെന്നാണെങ്കിൽ പിന്നെ എന്തിനാണ് സ്വാശ്രയ കോളേജുകൾക്കുകൂടി കൊടുത്തതെന്നാണ് ഞാൻ ചോദിച്ചത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അത് അങ്ങ് നേരെ കേൾക്കാത്തതുകൊണ്ടാണ്. അതിനുള്ള മറുപടി ഞാൻ വ്യക്തമായി പറഞ്ഞു കഴിഞ്ഞു. ഇനി രണ്ടാമത് പറയേണ്ട കാര്യമില്ല. പിന്നെ ചില മെഡിക്കൽ കോളേജുകളിൽനിന്ന് കുട്ടികളെ മാറ്റിയ കാര്യവും അംഗീകാരമില്ലാത്ത കോളേജ് നമ്മുടെ ലിസ്റ്റിൽപ്പെട്ടുവെന്നുമൊക്കെ ഇവിടെ പറഞ്ഞു. അതൊരു ബാച്ചാണ്. ആ കോളേജിലെ മറ്റ് കുട്ടികളൊക്കെ അവിടെ പഠിക്കുന്നുണ്ട്. ആ ബാച്ചിന്റെ അംഗീകാരം നഷ്ടപ്പെട്ടുവെന്ന് കരുതി കോളേജിനെ ചിത്രത്തിൽനിന്നും എടുത്തുകളയാൻ നമുക്ക് അധികാരമില്ലെന്ന് മനസ്സിലാക്കണം. പുതിയ മെഡിക്കൽ കോളേജുകളെക്കുറിച്ചിവിടെ പറഞ്ഞു. അത് പലതവണ പറഞ്ഞിട്ടുള്ളതാണ്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് എന്നുള്ളത് ഈ കൊച്ചു സംസ്ഥാനത്തിന് എത്രത്തോളം സാധിക്കുമെന്നും അതിന്റെ ആവശ്യമുണ്ടോയെന്നുള്ളതും മറ്റൊരു വിഷയമായി ചർച്ച ചെയ്യണം. മെഡിക്കൽ കോളേജുകളുടെ ഉദ്ദേശ്യം നല്ല രീതിയിലുള്ള ഗവേഷണവും പഠനവുമാണ്. അതിന് നിലവിലുള്ള മെഡിക്കൽ കോളേജുകളെ വികസിപ്പിച്ചാലും സാധിക്കും. മെഡിക്കൽ കോളേജുകൾക്ക് നല്ല സ്ഥലം വേണം. നേരത്തെയുള്ള അഞ്ച് എസ്റ്റാബ്ലിഷ്ഡായിട്ടുള്ള മെഡിക്കൽ കോളേജുകളുടെ ഭാവിയുംകൂടി നമ്മൾ കാണണം. തിരുവനന്തപുരം മെഡിക്കൽ കോളേജിന് മുന്നൂറ്റിയമ്പതിലേറെ ഏക്കർ സ്ഥലമുണ്ടായിട്ടും ഒരു മെഡിക്കൽ കോളേജായി വളർന്നുവന്നപ്പോൾ അവിടെ സ്ഥലം തികയുന്നില്ല. 25 ഏക്കറിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങിയാൽ ഭാവിയിൽ അതിനപ്പുറത്ത് പത്തോ മുന്നൂറോ ഏക്കർ സ്ഥലം ലഭിക്കുമോയെന്ന് നോക്കണ്ടേ? അതൊന്നും നോക്കാതെ തുടങ്ങിയതിനെക്കുറിച്ചാണ് പറഞ്ഞത്. അല്ലാതെ നിങ്ങൾ തുടങ്ങിയതിനെ കുറ്റം പറഞ്ഞതല്ല. ഞാനും ശ്രീ. എം. ഉമ്മറും മലപ്പുറത്തെ എം.എൽ.എ. എന്ന നിലയിൽ, അവിടത്തെ മെഡിക്കൽ കോളേജിൽ കുട്ടികൾക്കൊരു ക്വാർട്ടേഴ്സുണ്ടാക്കാൻ എന്തുമാത്രം ബുദ്ധിമുട്ടുന്നുണ്ടെന്നറിയാമോ? എം.സി.ഐ. പറയുന്ന കാര്യങ്ങളൊക്കെ നമ്മൾ ചെയ്യണ്ടേ? അതിന് ആ മെഡിക്കൽ കോളേജിൽ അല്പമെങ്കിലും സ്ഥലമുണ്ടോ? അവസാനം ശ്രീ. എം. ഉമ്മർ എം.എൽ.എ.-യുടെ സഹായത്തോടുകൂടി ഏഴ് ഏക്കർ സ്ഥലം കണ്ടുപിടിച്ച് ഗവൺമെന്റ് ഇപ്പോൾ അത് അക്വയർ ചെയ്യാൻ ഓർഡർ ഇട്ടിരിക്കുകയാണ്. അപ്പോൾ ഇത് നമ്മൾ കാണേണ്ട വിഷയമാണ്. സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ജില്ലയിലുണ്ടായാൽ ജനങ്ങളുടെ ചികിത്സാവശ്യങ്ങളെല്ലാം നിർവ്വഹിക്കാൻ സാധിക്കും. ഡോ. എം. കെ. മുനീർ ഞാൻ പറയുന്നതിനെക്കുറിച്ചാണ് അസഹിഷ്ണുത കാണിക്കുന്നതെങ്കിൽ എനിക്കിവിടെ ചോദിച്ചതിനൊന്നും മറുപടി പറയാതിരിക്കാൻ കഴിയില്ല. സമയം വൈകിയെങ്കിൽ

പിന്നെ പ്രതിപക്ഷത്തുള്ളവരോട് പ്രസംഗിക്കുമ്പോൾ ഇതൊന്നും പറയരുതെന്ന് പറയണം. ഈ ഫ്ലോറിൽ വന്നിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടി പറയാതെ ഉത്തരവാദപ്പെട്ട ആളെന്ന നിലയിൽ എനിക്ക് പോകാൻ കഴിയില്ല. സഭാതലത്തിൽ പറഞ്ഞതെല്ലാം രേഖകളല്ലേ? അതിന് ഞാൻ മറുപടി പറഞ്ഞില്ലെങ്കിൽ നിങ്ങൾ പറഞ്ഞത് മാത്രമല്ലേ രേഖയിലുണ്ടാകുകയുള്ളൂ. അതുകൊണ്ട് അസ്വസ്ഥത പ്രകടിപ്പിച്ചിട്ട് യാതൊരു കാര്യവുമില്ല. സമയം പോകുന്നത് എനിക്കും നിങ്ങൾക്കുമെല്ലാം ഒരുപോലെ ബാധകമാണ്. അല്ലെങ്കിൽ നിങ്ങൾ ഒന്നും പറയരുതായിരുന്നു. ഞാൻ പറഞ്ഞുവന്നത്, ഒരു മെഡിക്കൽ കോളേജും പൂട്ടുകയല്ല, അത് നന്നാക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. സമയക്കുറവുകൊണ്ട് ഇടുക്കിയിലും മഞ്ചേരിയിലുമൊന്നും ചെയ്ത കാര്യങ്ങൾ ഞാൻ പറയുന്നില്ല. അവിടെയെല്ലാം ഞങ്ങൾ-നിങ്ങൾ എന്ന മനോഭാവമില്ലാതെ അവിടത്തെ എം.എൽ.എ.-മാരുമായി സഹകരിച്ചുകൊണ്ടാണ് പോകുന്നത്. പക്ഷെ ഉള്ളത് ഉള്ളതുപോലെ നമുക്ക് പറയേണ്ടിവരും. വീണ്ടും കോടതിയിൽ പോകുമെന്ന് പറഞ്ഞത് ശരിയാണ്. അത് ഉറപ്പായിട്ടും പോകും. അതൊന്നും നമുക്ക് പിടിച്ചുവയ്ക്കാൻ കഴിയുന്ന കാര്യമല്ല. അവരുള്ളിടത്തോളം കാലം അവർ കോടതിയിൽ പോകും. നമുക്ക് ശക്തിയായി വാദിക്കുക മാത്രമേ അതിനകത്ത് ചെയ്യാൻ കഴിയൂ എന്നതാണ് പ്രധാനമായും പറയാനുള്ളത്. ഇനിയെന്തെങ്കിലും സംശയമുണ്ടെങ്കിൽ ഭേദഗതി വരുന്ന സമയത്ത് സൂചിപ്പിക്കാം. എന്തായാലും വളരെ ഉചിതമായ സമയത്താണ്, ഒട്ടും താമസിച്ചിട്ടില്ല, ഫെബ്രുവരി മാസത്തിൽ വന്നിട്ടുള്ള കോടതിവിധി അനുസരിച്ചാണ് ഈ ബിൽ കൊണ്ടുവന്നത്. ഓർഡിനൻസ് ഇറക്കിയിരുന്നു. ആ ഓർഡിനൻസിന് അംഗീകാരം തേടിപ്പോയപ്പോൾ പെരുമാറ്റച്ചട്ടം വരുന്നതുകൊണ്ട് ഇലക്ഷൻ കമ്മീഷന്റെ അനുവാദം വേണമെന്ന് പറഞ്ഞത്. ഇലക്ഷൻ കമ്മീഷന്റെ അനുവാദം കിട്ടിയപ്പോൾ പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വരികയും ചെയ്തു. ആയതിനാൽ നമുക്ക് ഓർഡിനൻസ് പ്രാബല്യത്തിൽ കൊണ്ടുവരാൻ സാധിച്ചില്ല. അതുകൊണ്ട് ആദ്യത്തെ അസംബ്ലിയിൽത്തന്നെ ഭേദഗതികളടക്കം ബില്ലായി കൊണ്ടു വരികയാണ്. ഇത് സ്വാശ്രയ മാനേജ്മെന്റിന്റെ അലോട്ട്മെന്റടക്കം നിയന്ത്രിക്കാനുള്ള ബില്ലാണ്. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

കണ്ണൂർ - കരുണ കോളേജിനുവേണ്ടി അവിഹിതമായി എന്തോ ചെയ്തുവെന്ന് ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇപ്പോൾ ഇവിടെയുണ്ട്. കുട്ടികൾ ആത്മഹത്യ ചെയ്യുമെന്നുപറഞ്ഞ് ഭീഷണിമുഴക്കിയ ഘട്ടത്തിൽ ആ കുട്ടികളെ സംരക്ഷിക്കാൻ സാധ്യതയുള്ളൊരു നിയമം കൊണ്ടുവരാൻ കഴിയുമോയെന്ന് ആലോചിച്ച് ഈ സഭയിൽ ഭരണപക്ഷവും

പ്രതിപക്ഷവുമെല്ലാവരും ഒരുമിച്ച് ചേർന്ന് ഏകപക്ഷീയമായി ചെയ്തൊരു കാര്യത്തെ, കാര്യമെല്ലാം കഴിഞ്ഞപ്പോൾ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ മാനേജ്മെന്റിനെ സഹായിക്കാൻ ഈ സർക്കാർ എന്തോ ചെയ്തുവെന്ന് പറയുന്നത് അത്ര ശരിയായൊരു കാര്യമൊന്നുമല്ല. അങ്ങനെയൊന്നും പറയരുത്. ഏതായാലും വളരെ സദുദ്ദേശ്യത്തോടുകൂടി ഈ ഭേദഗതി ബിൽ കൊണ്ടുവരികയാണ്. അതിൽ കുറേ ക്ലാസുകളുണ്ട്. ഓരോന്നായി എടുക്കുമ്പോൾ കാര്യം മനസ്സിലാകും. ഈ ആക്ട് പാസ്സാക്കാൻ എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുകയാണ്. സബ്ജക്ട് കമ്മിറ്റിയിലൊക്കെ മെമ്പർമാർ നല്ല സഹകരണമായിരുന്നു. ഇവിടെ അവതരിപ്പിച്ചു കൊണ്ട് പറയാതിരിക്കാൻ കഴിയാത്തതിനാൽ അവർ പറയുകയാണുണ്ടായത്. നല്ല സഹകരണത്തോടുകൂടിയാണ് സബ്ജക്ട് കമ്മിറ്റിയും സഭയിലേയ്ക്കും ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ്, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. ഖണ്ഡം 2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എ)-ൽ "എന്നാൽ" എന്നതിനുശേഷം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

119. ഖണ്ഡം 2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എ)-ൽ "രൂപീകരിച്ച" എന്ന വാക്കിനുപകരം "രൂപീകരിച്ചിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. ഖണ്ഡം 2(എ) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എ)-ൽ "രൂപീകരിച്ച" എന്ന വാക്കിനുപകരം "രൂപീകരിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡി)-ൽ "രൂപീകരിച്ച" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "രൂപീകരിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡി)-ൽ "നിയന്ത്രണ" എന്നതിനുപകരം "നിർണ്ണയ" എന്ന് ചേർക്കുക.

128. ഖണ്ഡം 2 (സി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എഫ്എ)-ൽ "നിയന്ത്രണ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "നിർണ്ണയ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

125. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡി)-ൽ "നിയന്ത്രണ" എന്നതിനുപകരം "നിശ്ചയിക്കൽ" എന്ന് ചേർക്കുക.

130. ഖണ്ഡം 2 (സി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എഫ്എ)-ൽ "നിയന്ത്രണ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "നിശ്ചയിക്കൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

126. ഖണ്ഡം 2(ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡി)-ൽ "നിയന്ത്രണ സമിതിയും" എന്നതിനുശേഷം "ഉൾപ്പെട്ട സമിതികൾ" എന്ന് ചേർക്കുക.

131. ഖണ്ഡം 2 (സി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(എഫ്എ)-ൽ "രൂപീകരിച്ച" എന്ന വാക്കിനുപകരം "രൂപീകരിച്ചിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. ഖണ്ഡം 2 (ബി) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡി)-ക്കുശേഷം (ഡിഎ) ആയി താഴെപറയുന്നത് ചേർക്കുക:

"(ഡിഎ) "സമിതികളുടെ ചെയർപേഴ്സൺ" എന്നാൽ 3, 3 എ എന്നീ വകുപ്പുകൾ പ്രകാരം രൂപീകരിക്കുന്ന സമിതികളുടെ ചെയർപേഴ്സൺ, ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജഡ്ജിയായ ഒരാൾ തന്നെയാകുന്നു എന്നർത്ഥമാകുന്നു."

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129. ഖണ്ഡം 2 (സി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എഫ്എ)-ൽ "നിയന്ത്രണ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "നിശ്ചയിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം 2 (സി) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (എഫ്എ)-ക്ക് ശേഷം (ജി) ആയി താഴെ പറയുന്നത് ചേർക്കുക:

"(ജി) "നിർണ്ണയിക്കപ്പെടാവുന്ന" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടാവുന്നത് എന്നർത്ഥമാകുന്നു;"

മി. സ്പീക്കർ: 118-ാം നമ്പർ ഭേദഗതി 117-ാം നമ്പർ ഭേദഗതിക്കും 120-ാം നമ്പർ ഭേദഗതി 119-ാം നമ്പർ ഭേദഗതിക്കും സമാനമായതിനാൽ 118, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 124, 128 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 125, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 126, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ഞാൻ താഴെപ്പറയുന്ന ഒദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

133. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ യുടെ ഇനം (ഇ) താഴെപ്പറയും പ്രകാരം മാറ്റുക:

" (ഇ) ചെയർപേഴ്സണുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദഗ്ധൻ"

സർ, എന്റെ 134-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയോടെ അവതരിപ്പിക്കുന്നു.

134. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 3 എ വകുപ്പിനു ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കുക:

"<u>3 ബി സമിതികളെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ</u>.- 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന സമിതികളുടെ ചെയർപേഴ്സൺ ഒരേ ജഡ്ജി തന്നെയായിരിക്കേണ്ടതും സമിതികളിലേയ്ക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടേണ്ട പ്രതിനിധിയും ഒരേ ആൾ തന്നെ ആയിരിക്കേണ്ടതുമാണ്:

എന്നാൽ അപ്രകാരം നിയമിക്കപ്പെടുന്ന ചെയർപേഴ്സണ് ഒരു പദവിയ്ക്ക് അർഹമായ ഓണറേറിയത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.”

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

136. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ "പ്രക്രിയയുടെ" എന്ന വാക്കിന് പകരം "നടപടികളുടെ " എന്ന വാക്ക് ചേർക്കുക.

209. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (ബി)ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

“ (സി) ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി -അംഗം"
(എക്സ്-ഒഫീഷ്യോ)

210. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (ബി)ക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

“ (സി) ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി -അംഗം"
(എക്സ്-ഒഫീഷ്യോ)

“ (ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ -അംഗം"
(എക്സ് ഒഫീഷ്യോ)

226. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (ഇ) ഒഴിവാക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

139. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ "പ്രക്രിയയുടെ" എന്നതിന് പകരം "പ്രക്രിയകളുടെ " എന്ന് ചേർക്കുക.

154. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (സി)-ൽ " നിയമ സെക്രട്ടറി" എന്നത് " നിയമ വകുപ്പ് സെക്രട്ടറി" എന്ന് മാറ്റുക.

172. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (എഫ്)-ൽ "വർഗ്ഗത്തിലോ പെട്ട" എന്നതിന് പകരം "വർഗ്ഗത്തിലോ ഉൾപ്പെട്ട" എന്ന് ചേർക്കുക.

193. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ "ചുമത്താവുന്ന" എന്ന വാക്കിനു പകരം "ഈടാക്കാവുന്ന" എന്ന വാക്ക് ചേർക്കുക.

198. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ "ചുമത്താവുന്നഫീസ് " എന്ന വാക്കിനുശേഷം "നിരക്ക് " എന്ന വാക്ക് ചേർക്കുക.

240. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ ഇനം (ഇ) ക്ക് ശേഷം താഴെപ്പറയുന്ന ഇനം (എഫ്) ചേർക്കുക.

"(എഫ്) പ്രവേശന പരീക്ഷാ കമ്മീഷണർ - അംഗം"

(എക്സ് ഒഫീഷ്യോ)

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

142. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ "നൽകുന്നതിനും" എന്നതിനു പകരം "പുറപ്പെടുവിക്കുന്നതിനും" എന്ന് ചേർക്കുക.

145. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ " ഗസറ്റ് " എന്ന വാക്കിനു മുമ്പായി " കഴിയുന്നത്ര വേഗം" എന്ന വാക്കുകൾ ചേർക്കുക.

146 ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ " താഴെപ്പറയുന്ന" എന്ന വാക്കിനു പകരം " ചുവടെ ചേർക്കുന്ന" എന്ന വാക്കുകൾ ചേർക്കുക.

147. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ " താഴെപറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു പ്രവേശന മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്, അതായത്:- " എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം " പ്രവേശന മേൽനോട്ട സമിതി എന്ന് വിളിക്കപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്. സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്," എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

152.ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (ബി)-ൽ " വകുപ്പ്" എന്നവാക്കിനു പകരം " വകുപ്പിന്റെ ചുമതലയുള്ള" എന്ന വാക്കുകൾ ചേർക്കുക.

155. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (സി)-ൽ "നിയമ സെക്രട്ടറി" എന്നതിനു പകരം "നിയമവകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി" എന്ന് ചേർക്കുക.

166. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (ഇ)-ൽ "പ്രവേശന" എന്ന വാക്കിനു മുൻപ് "കേരള" എന്ന വാക്ക് ചേർക്കുക.

184. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 3-ാം വകുപ്പിൽ ഇനം (ജി) ആയി താഴെപ്പറയുന്നത് ചേർക്കുക:

" (ജി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അംഗം"
(എക്സ്-ഒഫീഷ്യോ)

191. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3എ-ൽ "ലഭിക്കുന്ന" എന്ന വാക്കിനു പകരം "നേടുന്ന" എന്ന വാക്ക് ചേർക്കുക.

200. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ "താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഫീസ് നിയന്ത്രണ സമിതി രൂപീകരിക്കേണ്ടതാണ് ; അതായത് :-" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ഫീസ് നിയന്ത്രണ സമിതി എന്ന് വിളിക്കപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്. സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്," എന്ന് ചേർക്കുക.

203. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (എ)-ൽ "ഹൈക്കോടതിയിൽ" എന്ന വാക്കിനു മുമ്പായി "ഏതെങ്കിലും " എന്ന് ചേർക്കുക.

221. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (ഡി)-ൽ "ചെയ്യുന്ന" എന്ന വാക്കിനു ശേഷം "കുറഞ്ഞത് പത്ത് വർഷം പ്രവൃത്തി പരിചയമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

230. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (ഇ)-ൽ "തിരഞ്ഞെടുക്കുന്ന സ്വതന്ത്രനായ" എന്നതിനു പകരം "നാമനിർദ്ദേശം ചെയ്യുന്ന" എന്ന് ചേർക്കുക.

237. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (ഇ) താഴെപ്പറയും പ്രകാരം മാറ്റുക:

"(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വ്യക്തി -അംഗം "

239. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (ഇ) ക്ക് ശേഷം താഴെപ്പറയുന്ന ഇനം (എഫ്) ചേർക്കുക: എഫ് സർക്കാർ

" (എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പട്ടികജാതിയിലോ - അംഗം."
പട്ടിക ഗ്രോത്രവർഗ്ഗത്തിലോ ഉൾപ്പെട്ട ഒരു
വിദ്യാഭ്യാസ വിദഗ്ദ്ധൻ

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ " താഴെപ്പറയുന്ന" എന്ന വാക്കിനുശേഷം " ആറ്" എന്ന വാക്ക് ചേർക്കുക.

201. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ "താഴെപ്പറയുന്ന" എന്ന വാക്കിനു ശേഷം "അഞ്ച് " എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ൽ "നൽകുന്നതിനും" എന്നതിനുശേഷം "അതുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനും " എന്നീ വാക്കുകൾ ചേർക്കുക.

169. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (എഫ്)-ൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്," എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

227. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എയുടെ ഇനം (ഇ)-ൽ "സമിതി" എന്നതിനു മുമ്പായി "പ്രവേശന മേൽ നോട്ട " എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (ബി)-ൽ " ആരോഗ്യ കുടുംബക്ഷേമ" എന്ന വാക്കുകൾക്ക് പകരം " ആരോഗ്യവും കുടുംബക്ഷേമവും" എന്ന വാക്കുകൾ ചേർക്കുക.

162. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (ഡി)-ൽ " ചെയ്യുന്ന" എന്ന വാക്കിനു ശേഷം "," എന്ന ചിഹ്നം ചേർക്കുക.

163. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (ഡി)-ൽ "ഇൻഡ്യയുടെ" എന്ന വാക്കിനു പകരം "ഇന്ത്യയുടെ" എന്ന വാക്ക് ചേർക്കുക.

177. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (എഫ്)-ൽ "ഒരു" എന്ന വാക്കിനുശേഷം "മെഡിക്കൽ" എന്ന വാക്ക് ചേർക്കുക:

190. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ "സ്ഥാപനങ്ങളിൽ" എന്ന വാക്കിനുപകരം "സ്ഥാപനങ്ങളിലെ മെഡിക്കൽ വിദ്യാഭ്യാസ കോഴ്സുകളിൽ" എന്ന വാക്കുകൾ ചേർക്കുക.

207. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (ബി)-ൽ "ആരോഗ്യ കുടുംബക്ഷേമ" എന്ന വാക്കുകൾക്ക് പകരം "ആരോഗ്യവും കുടുംബക്ഷേമവും" എന്ന വാക്കുകൾ ചേർക്കുക.

208. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (ബി)ക്കുശേഷം താഴെപ്പറയുന്ന ഇനം കൂട്ടിച്ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(സി) ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി (എക്സ്-ഒഫീഷ്യോ) - അംഗം"

213. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (സി)-ൽ "ഇൻഡ്യയുടെ" എന്ന വാക്കിന് പകരം "ഇന്ത്യയുടെ" എന്ന വാക്ക് ചേർക്കുക.

218. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (ഡി)-ൽ "സർക്കാർ" എന്ന വാക്കിനു മുമ്പായി "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (എ) താഴെപ്പറയും പ്രകാരം മാറ്റുക:

" (എ) സുപ്രീം കോടതിയിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ വിരമിച്ച ഒരു ജഡ്ജി - ചെയർപേഴ്സൺ "

158. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (സി)-ക്കു ശേഷം താഴെ പറയുന്ന ഇനം ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

" (ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ - അംഗം"
(എക്സ്-ഒഫീഷ്യോ)

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 ന്റെ ഇനം (സി)-ക്ക് പകരം താഴെപ്പറയുന്നത് ചേർക്കുക: "

(സി) കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ പ്രൊ വൈസ് ചാൻസലർ - അംഗം"

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

159. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (ഡി)-ൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നത് ഒഴിവാക്കുക.

232. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (ഇ)-ൽ "സ്വതന്ത്രനായ ഒരു വ്യക്തി" എന്നതിനു പകരം "മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ഒരു വിദഗ്ധൻ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (ഡി)-ൽ " സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഒരു പ്രതിനിധി" എന്ന വാക്കുകൾക്ക് പകരം "മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

165. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (ഡി) താഴെപ്പറയും പ്രകാരം മാറ്റുക:

" (ഡി) മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ പ്രതിനിധികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി - അംഗം"

181. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 ന്റെ ഇനം (എഫ്) താഴെപ്പറയും പ്രകാരം മാറ്റുക:

" (എഫ്)പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോ പെട്ട വിദ്യാഭ്യാസവിദഗ്ധരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം"

235. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (ഇ)- താഴെപ്പറയും പ്രകാരം മാറ്റുക:

" (ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സ്വതന്ത്രനായ ഒരു വ്യക്തി - അംഗം"

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

167. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (ഇ) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

" (ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ പ്രാവീണ്യമുള്ള ഒരു വ്യക്തി - അംഗം"

വിദഗ്ധൻ എന്നുപറയുമ്പോൾ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ പ്രാവീണ്യമുള്ള വ്യക്തി എന്നാക്കണമെന്നതാണ് എന്റെ ഭേദഗതി. മെഡിക്കൽ ബിൽ ആയതിനാൽ ഏതെങ്കിലും വിദഗ്ധൻ വരുന്നതിനെക്കാൾ മെഡിക്കൽ മേഖലയിലുള്ള വിദഗ്ധൻ വരണമെന്നുള്ളതാണ്.

180. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3- ന്റെ ഇനം (എഫ്) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

" (എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പട്ടികജാതിയിലോ പട്ടിക ഗോത്ര വർഗ്ഗത്തിലോ പെട്ട മെഡിക്കൽ

വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള ഒരു വിദഗ്ധൻ - അംഗം"

217. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (ഡി) ആയി താഴെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ - അംഗം"

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

174. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3-ന്റെ ഇനം (എഫ്)-ൽ "ഒരു വിദ്യാഭ്യാസ വിദഗ്ധൻ" എന്ന വാക്കുകൾക്കു പകരം "കുറഞ്ഞത് ഇരുപത് വർഷം പ്രവൃത്തി പരിചയമുള്ള ഒരു മെഡിക്കൽ വിദ്യാഭ്യാസ വിദഗ്ധൻ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

189. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ "സ്വകാര്യ" എന്ന വാക്കിനു പകരം "സ്വാശ്രയ" എന്ന വാക്കു ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

196. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ "ചുമത്താവുന്ന" എന്ന വാക്കിനുപകരം "വസൂലാക്കാവുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (ഡി)-ൽ "ചെയ്യുന്ന" എന്നതിന് ശേഷം "ഒരു വിദഗ്ധനായ" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (ഇ)-ൽ "സമിതി തിരഞ്ഞെടുക്കുന്ന" എന്നതിനു പകരം "മെഡിക്കൽ മാനേജ്മെന്റ് രംഗത്ത് ഇരുപത് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ള" എന്നു ചേർക്കുക.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

238. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-യുടെ ഇനം (ഇ) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

" (ഇ) ചെയർപേഴ്സണുമായി കൂടിയാലോചിച്ച്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും സർക്കാർ മെഡിക്കൽ കോളേജിൽ നിന്ന് വിരമിച്ച പ്രിൻസിപ്പൽ അല്ലെങ്കിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് വിരമിച്ച സൂപ്രണ്ട് - അംഗം"

മി. സ്പീക്കർ: താഴെപ്പറയുന്ന കാരണങ്ങളാൽ മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

137, 138 എന്നീ നമ്പർ ഭേദഗതികൾ 136-ാം നമ്പർ ഭേദഗതിക്കും 157-ാം നമ്പർ ഭേദഗതി 158-ാം നമ്പർ ഭേദഗതിക്കും 160-ാം നമ്പർ ഭേദഗതി 159-ാം നമ്പർ ഭേദഗതിക്കും 170, 171 എന്നീ നമ്പർ ഭേദഗതികൾ 169-ാം നമ്പർ ഭേദഗതിക്കും 173-ാം നമ്പർ ഭേദഗതി 172-ാം നമ്പർ ഭേദഗതിക്കും 175, 176 എന്നീ നമ്പർ ഭേദഗതികൾ 177-ാം നമ്പർ ഭേദഗതിക്കും 183-ാം നമ്പർ ഭേദഗതി 184-ാം നമ്പർ ഭേദഗതിക്കും 192, 194, 195 എന്നീ നമ്പർ ഭേദഗതികൾ 193-ാം നമ്പർ ഭേദഗതിക്കും 223, 224, 225 എന്നീ നമ്പർ ഭേദഗതികൾ 226-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. 186, 187, 188 എന്നീ നമ്പർ ഭേദഗതികൾ മാർജിനൽ ശീർഷകത്തിലുള്ളതായതിനാൽ ക്രമപ്രകാരമല്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 151, 207, 213 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 133-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും 134-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയോടെയും ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 151, 207, 213 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 136, 209, 210, 226 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 139, 154, 172, 193, 198, 240 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 142, 145, 146, 147, 152, 155, 166, 184, 191, 200, 203, 221, 230, 237, 239 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 148, 201 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 144, 169, 227 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 162, 163, 177, 190, 208, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 159, 232 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 165, 181, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 167, 180, 217 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 150, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 4(എ)-ൽ " സമിതികളുടെ" എന്ന വാക്കിനു പകരം "പ്രവേശന മേൽനോട്ട സമിതിയുടേയും ഫീസ് നിയന്ത്രണ സമിതിയുടേയും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

242. പ്രധാന ആക്റ്റിലെ വകുപ്പ് 4(3)-ൽ " അംഗങ്ങൾ, സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കേണ്ടതും" എന്ന വാക്കുകൾക്ക് പകരം "അംഗങ്ങൾക്കും സമിതി തിരഞ്ഞെടുക്കുന്ന അംഗത്തിനും സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കാവുന്നതും" എന്ന വാക്കുകൾ ചേർക്കുക.

243. പ്രധാന ആക്റ്റിലെ വകുപ്പ് 4(5)-ൽ "ഒരംഗത്തിന്" എന്നതിനു പകരം "ഒരംഗത്തിനും സമിതി തിരഞ്ഞെടുക്കുന്ന അംഗത്തിനും" എന്ന് ചേർക്കുക.

251. പ്രധാന ആക്റ്റിലെ വകുപ്പ് 4(8)-ൽ "അംഗങ്ങളുടെയും" എന്ന വാക്കിനു ശേഷം " സമിതി തിരഞ്ഞെടുക്കുന്ന അംഗത്തിന്റെയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

244. പ്രധാന ആക്റ്റിലെ വകുപ്പ് 4(6)-ൽ " യാതൊരു പ്രവർത്തിയോ" എന്നീ വാക്കുകൾക്കു പകരം " ഏതെങ്കിലും പ്രവർത്തികളോ" എന്നീ വാക്കുകളും " അതിന്റെ" എന്ന വാക്കിനു പകരം " അവയുടെ" എന്ന വാക്കും ചേർക്കുക.

247. പ്രധാന ആക്റ്റിലെ വകുപ്പ് 4(7)-ൽ " അതിന്റെ" എന്ന വാക്കിനു പകരം " അവയുടെ" എന്ന വാക്കും " അതിന്റേതായ" എന്ന വാക്കിനു പകരം " അവയുടേതായ" എന്ന വാക്കും ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

245. പ്രധാന ആക്റ്റിലെ വകുപ്പ് 4(7)-ൽ "അതിന്റെ" എന്ന വാക്കിനു പകരം "അവയുടെ" എന്ന വാക്ക് ചേർക്കുക.

248. പ്രധാന ആക്റ്റിലെ വകുപ്പ് 4(7)-ൽ "അതിന്റേതായ" എന്ന വാക്കിനു പകരം " അവയുടേതായ" എന്ന വാക്ക് ചേർക്കുക.

50. പ്രധാന ആക്റ്റിലെ വകുപ്പ് 4(7)-ൽ "ക്രമപ്പെടുത്തേണ്ടതാണ്" എന്ന വാക്കിനു പകരം " രൂപീകരിക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: 246, 249 എന്നീ നമ്പർ ഭേദഗതികൾ 247-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതിയിൽ " അതിന്റെ" എന്ന വാക്കിനുപകരം " അവയുടെ" എന്ന വാക്ക് മാത്രം സ്വീകരിക്കുന്നു. ആദ്യമുള്ള രണ്ട് വാക്കുകൾ സ്വീകരിക്കുന്നില്ല. ഈ ഒരു തിരുത്തലോടുകൂടി 244-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. അദ്ദേഹത്തിന്റെ 247-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതിയിൽ "അതിന്റെ" എന്ന വാക്കിനുപകരം "അവയുടെ" എന്ന തിരുത്തലോടുകൂടിയും 247-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 242, 243, 251 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 245, 248 250 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

253. പ്രധാന ആക്ടിലെ വകുപ്പ് 5(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.:

"(1) സമിതികൾ, ആവശ്യമുള്ളപ്പോഴെല്ലാം ബന്ധപ്പെട്ട ചെയർപേഴ്സൺ തീരുമാനിക്കുന്ന പ്രകാരമുള്ള സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതാണ്".

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

254. ഖണ്ഡം 5(സി)-ൽ "അതതു" എന്ന വാക്കിന് പകരം "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

255. ഖണ്ഡം 5(ഡി) ഒഴിവാക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257. പ്രധാന ആക്ടിലെ വകുപ്പ് 5(3)-ൽ "നാല്" എന്ന വാക്കിനു പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. പ്രധാന ആക്ടിലെ വകുപ്പ് 5(3) താഴെപ്പറയും പ്രകാരം മാറ്റുക:

"(3) സമിതികളുടെ യോഗത്തിന്റെ ക്വാറം മൂന്ന് ആയിരിക്കേണ്ടതാണ്".

മി. സ്പീക്കർ: 256-ാം നമ്പർ ഭേദഗതി 255-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

259. പ്രധാന ആക്റ്റിലെ വകുപ്പ് 6(1)-ൽ "കൂട്ടുചേർന്ന" എന്ന വാക്കിനു പകരം "ഏതെങ്കിലും തരത്തിൽ ബന്ധമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 6-ൽ, " സമിതികളിലെ" എന്ന വാക്കിനു പകരം " പ്രവേശന മേൽനോട്ട സമിതിയുടെയോ ഫീസ് നിയന്ത്രണ സമിതിയുടെയോ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ 261-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

261. പ്രധാന ആക്റ്റിലെ വകുപ്പ് 7(2)-ന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ സമിതികൾക്ക് പൊതുവായി ഒരു ഓഫീസും ഉദ്യോഗസ്ഥരും ജീവനക്കാരും മാത്രം പ്രവർത്തിക്കേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 261-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു. ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6.00 P.M.]

എട്ടാം വകുപ്പ്

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

262. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "വിരുദ്ധമായ" എന്നതിനു പകരം "വിരുദ്ധമായി" എന്ന് ചേർക്കുക.

286. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "അന്വേഷണം നടത്തുന്ന" എന്ന വാക്കുകൾക്ക് പകരം "പ്രസ്തുത" എന്ന വാക്ക് ചേർക്കുക.

321. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി) യുടെ ഇനം(iii)-ൽ "അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

334. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1)(സി) (iv)-ൽ " പിൻവലിക്കാൻ" എന്ന വാക്കിനു ശേഷം " ആരോഗ്യ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

263. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "വിരുദ്ധമായ" എന്നതിനു പകരം "വിരുദ്ധമായി നൽകിയ" എന്ന് ചേർക്കുക.

275. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "ഫീസ്" എന്നതിനു പകരം "ഫീസോ മറ്റെന്തെങ്കിലും തുകയോ" എന്ന് ചേർക്കുക.

285. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "അന്വേഷണം നടത്തുന്ന" എന്ന വാക്കുകൾക്ക് പകരം "മറ്റേതെങ്കിലും" എന്ന വാക്ക് ചേർക്കുക.

337. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1) (സി) (iv)-ന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ ക്രമക്കേടുകൾ കണ്ടെത്തുന്ന വർഷത്തിലേത് ഒഴികെയുള്ള മുൻ വർഷത്തെ വിദ്യാർത്ഥികളുടെ കോഴ്സിന്റെ അംഗീകാരം പിൻവലിക്കാൻ പ്രസ്തുത സമിതിക്ക് യാതൊരുവിധ അധികാരവും ഉണ്ടായിരിക്കുന്നതല്ല."

353. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)യുടെ ഇനം (എ)-ൽ "സാക്ഷിയെ" എന്നതിനു പകരം "വ്യക്തിയെ" എന്ന് ചേർക്കുക.

358. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)യുടെ ഇനം (ഡി)-ൽ "കമ്മീഷനുകളെ" എന്ന വാക്കിനു പകരം "പരിശോധനാ സംഘത്തെ" എന്ന് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

264. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "ഒരു " എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. വിൻസെന്റ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

265. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "സ്വമേധയായോ" എന്നതിനു മുമ്പായി "വാർത്തകളുടെ അടിസ്ഥാനത്തിൽ" എന്നു ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

266. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "സ്വമേധയായോ" എന്ന വാക്കിന് ശേഷം "സംസ്ഥാനത്തെ" എന്ന വാക്ക് ചേർക്കുക.

274. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "നിശ്ചയിക്കപ്പെട്ട" എന്ന വാക്കിനു പകരം "ഫീസ് നിയന്ത്രണ സമിതി നിശ്ചയിച്ച" എന്ന വാക്കുകൾ ചേർക്കുക.

279. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "ക്യാപ്പിറ്റേഷൻ ഫീസോ" എന്ന വാക്കുകൾക്ക് ശേഷം "ഡൊണേഷനോ" എന്ന വാക്ക് ചേർക്കുക.

282. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "കൊള്ളലാഭമോ" എന്ന വാക്കിന് ശേഷം "മറ്റേതെങ്കിലും തരത്തിലോ രൂപത്തിലോ" എന്ന വാക്കുകൾ ചേർക്കുക.

287. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "ആവശ്യത്തിലേക്കായി" എന്ന വാക്കിന് ശേഷം "പ്രസ്തുത" എന്ന വാക്ക് ചേർക്കുക.

289. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(ബി)-ൽ "അല്ലെങ്കിൽ" എന്ന വാക്കിന് ശേഷം "ഒരു" എന്ന വാക്ക് ചേർക്കുക.

292. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(ബി)-ൽ "ഖണ്ഡപ്രകാരമുള്ള" എന്ന വാക്കുകൾക്ക് പകരം " ഖണ്ഡപ്രകാരം അനുയോജ്യമായ" എന്ന വാക്കുകൾ ചേർക്കുക.

293. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(ബി)-ൽ "ഒരു" എന്ന വാക്ക് ഒഴിവാക്കുക.

317. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം(ii) -ൽ "അയാളുടെ" എന്ന വാക്കിന് പകരം "പ്രസ്തുത വിദ്യാർത്ഥിയുടെ" എന്ന വാക്കുകൾ ചേർക്കുക.

320. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി) യുടെ ഇനം(iii)-ൽ "അതിന് " എന്ന വാക്കിനു പകരം " സമിതിക്ക് " എന്ന വാക്ക് ചേർക്കുക.

336. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)(iv)-ൽ " ശിപാർശ ചെയ്യുക" എന്ന വാക്കുകൾക്ക് പകരം " നിർദ്ദേശിക്കുക" എന്ന വാക്കുകൾ ചേർക്കുക.

340. ഖണ്ഡം 8(1)(സി)(v) ഒഴിവാക്കുക.

342. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)(v)-ൽ "അതിന്" എന്ന വാക്കിന് പകരം "സമിതിക്ക്"എന്ന വാക്ക് ചേർക്കുക.

346. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)-ൽ "പ്രവേശനം" എന്ന വാക്കിനു ശേഷം "പൂർണ്ണമായും" എന്ന വാക്ക് ചേർക്കുക.

352. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)യുടെ ഇനം (എ)-ൽ "ഏതെങ്കിലും സാക്ഷിയെ" എന്ന വാക്കുകൾക്ക് മുമ്പ് "സമിതി മുമ്പാകെ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

272. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "ആക്റ്റിന്റെ" എന്നതിന് പകരം "നിയമത്തിന്റെ" എന്ന് ചേർക്കുക.

276. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "വസൂലാക്കുകയോ" എന്നതിനു പകരം "ഈടാക്കുകയോ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

273. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1) (എ)-ൽ "ആക്റ്റിന്റെ" എന്നതിനു പകരം "ആക്റ്റിലെ" എന്ന് ചേർക്കുക.

283. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1) (എ)-ൽ "ചെയ്യുന്നതിൽ" എന്നതിനു പകരം "ചെയ്യുന്നതിന്മേൽ" എന്ന് ചേർക്കുക.

343. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)(v)-ൽ "നടപടികൾ" എന്നതിനു ശേഷം "സ്വീകരിക്കുക" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

278. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "വസൂലാക്കുകയോ" എന്ന വാക്കിനു പകരം "ചുമത്തുകയോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

280. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "ക്യാപ്പിറ്റേഷൻ ഫീസോ" എന്നതിന് ശേഷം "ബിൽഡിങ്ങ് ഫണ്ടോ" എന്ന് ചേർക്കുക.

294. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(ബി)-ൽ "ഉചിതമായ" എന്നതിനു പകരം "യുക്തമായ" എന്ന് ചേർക്കുക.

297. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)-ൽ " വ്യവസ്ഥകൾ" എന്ന വാക്കിനു പകരം " വ്യവസ്ഥകൾക്ക് വിരുദ്ധമായി" എന്ന് ചേർക്കുക.

305. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം (i)-ൽ " പത്തുലക്ഷം" എന്നത് "ഇരുപതുലക്ഷം" എന്ന് മാറ്റുക.

323. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം(iii)-ൽ " അങ്ങനെയുള്ള" എന്നതിനുശേഷം " ഒരു നിശ്ചിത " എന്ന് ചേർക്കുക.

350. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(2)-ൽ "സുതാര്യവുമായ" എന്നതിന് ശേഷം "മാനദണ്ഡപ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

281. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "കൊള്ളലാഭമോ സ്വീകരിക്കുകയോ ചെയ്യുന്നതിൽ അന്വേഷണം നടത്തുന്നതിനും അന്വേഷണം നടത്തുന്ന ആവശ്യത്തിലേക്കായി സ്ഥാപനത്തിൽ പരിശോധന നടത്തുന്നതിനും;" എന്നതിന് പകരം "മറ്റ് ഏതെങ്കിലും പേരിൽ ഏതെങ്കിലും തുകയോ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് അന്വേഷണം നടത്തുന്നതിനും അതിന് വേണ്ടി സ്ഥാപനത്തിൽ പരിശോധന നടത്തുന്നതിനും അങ്ങനെ ഏതെങ്കിലും തുക ഈടാക്കിയതായി കണ്ടെത്തിയാൽ അക്കാര്യം ഉചിതമായ നടപടിയ്ക്കായി ഫീസ് നിയന്ത്രണ സമിതിയെ അറിയിക്കുന്നതിനും;" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

288. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(ബി)-ൽ "ബന്ധപ്പെട്ട സർവ്വകലാശാലയുടെയോ" എന്ന വാക്കുകൾക്ക് പകരം "ആരോഗ്യ സർവ്വകലാശാലയുടെയോ" എന്ന വാക്കുകൾ ചേർക്കുക.

322. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി) യുടെ ഇനം (iii)-ൽ "അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

271. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "ഈ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസിൽ കൂടുതൽ ഫീസ് വസൂലാക്കുകയോ ക്യാപ്പിറ്റേഷൻ ഫീസോ കൊള്ളലാഭമോ സ്വീകരിക്കുകയോ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

291. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(ബി)-ൽ "വകുപ്പ് " എന്നതിന് പകരം " ഏതെങ്കിലും അന്വേഷണ ഏജൻസിയോ" എന്നീ വാക്കുകൾ ചേർക്കുക.

325. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം (iii)-ൽ "നിർത്തിവയ്ക്കുവാനോ" എന്നതിനുശേഷം " പുനഃക്രമീകരിക്കുവാനോ " എന്ന് ചേർക്കുക.

335. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി) (iv)-ൽ " സർവ്വകലാശാലയോടോ" എന്നതിന് മുമ്പായി " സർക്കാരിനോടോ" എന്ന വാക്ക് ചേർക്കുക.

357. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)യുടെ ഇനം (സി)-ൽ "സത്യവാങ്മൂലത്തിന്മേൽ" എന്നതിനു പകരം "സത്യപ്രസ്താവനയിന്മേൽ" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

296. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(ബി)-ൽ "സ്വീകരിക്കുന്നതിനും" എന്ന വാക്കിനു പകരം "സ്വീകരിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് " എന്നീ വാക്കുകൾ ചേർക്കുക.

299. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)-ൽ " സ്ഥാപനം" എന്ന വാക്കിനു മുമ്പായി " ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

312. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം(ii)-ൽ

(1) "വിരുദ്ധമായി" എന്ന വാക്കിനു ശേഷവും "സീറ്റുകളും സംബന്ധിച്ച" എന്നീ വാക്കുകൾക്ക് ശേഷവും " ," എന്ന ചിഹ്നം ചേർക്കുക.

(2) "വിദ്യാർത്ഥിയുടെ" എന്ന വാക്ക് വരുന്നിടത്തെല്ലാം "വിദ്യാർത്ഥികളുടെ" എന്ന വാക്കും "വിദ്യാർത്ഥി" എന്ന വാക്കിനു പകരം "വിദ്യാർത്ഥികൾ" എന്ന വാക്കും ചേർക്കുക.

(3) "അയാളുടെ" എന്ന വാക്കിനു പകരം "അവരുടെ" എന്ന വാക്കും ചേർക്കുക.

351. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "വകുപ്പിൻ" എന്ന വാക്കിനു പകരം "ആക്റ്റിൻ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

298. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)-ൽ "അങ്ങനെയുള്ള" എന്ന വാക്കിനു പകരം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

269. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(എ)-ൽ "നടത്തുകയോ ഈ ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസിൽ കൂടുതൽ ഫീസ് വസൂലാക്കുകയോ ക്യാപ്പിറ്റേഷൻ ഫീസോ കൊള്ളലാഭമോ സ്വീകരിക്കുകയോ ചെയ്യുന്നതിൽ അന്വേഷണം നടത്തുന്നതിനും അന്വേഷണം നടത്തുന്ന ആവശ്യത്തിലേക്കായി സ്ഥാപനത്തിൽ പരിശോധന നടത്തുന്നതിനും" എന്നീ വാക്കുകൾക്കു പകരം "നടന്നില്ലെങ്കിൽ അത് അന്വേഷിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കുക.

308. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം (i)-ൽ " പത്തുലക്ഷം രൂപ വരെ പണമായുള്ള" എന്നതിനു പകരം " വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി അധികമായി ഈടാക്കിയ തുക" എന്ന് ചേർക്കുക.

319. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം (iii)-ൽ "ഏതെങ്കിലും മെഡിക്കൽ കോഴ്സിലേക്ക് അതിന് " എന്നതിനു പകരം "ചട്ടങ്ങളും വകുപ്പുകളും ലംഘിച്ചതായി കണ്ടെത്തുന്ന മെഡിക്കൽ കോഴ്സിലേക്ക് സമിതിക്ക് " എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

311. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം (i)-ൽ "പൊതുകര" എന്ന വാക്കിനു പകരം "വസ്തുകര" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

329. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം (iii) താഴെപ്പറയും പ്രകാരം മാറ്റുക:

" (iii) ഏതെങ്കിലും മെഡിക്കൽ കോഴ്സിലേക്ക് അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള കാലയളവിലേയ്ക്ക് പ്രവേശനം നിർത്തിവയ്ക്കുന്നതിന് ഉത്തരവ് നൽകുകയോ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം കുറയ്ക്കാൻ സർക്കാരിനോ സമുചിത അധികാര സ്ഥാനത്തിനോ ശിപാർശ നൽകുകയോ ചെയ്യുക;"

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

307. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1)(സി)യുടെ ഇനം (i)-ൽ "പത്തുലക്ഷം" എന്നതിനുപകരം "ഇരുപതുലക്ഷം" എന്നാക്കുക.

331. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (1)(സി)-ൽ, (iv), (v) എന്നീ ഇനങ്ങൾ ഒഴിവാക്കുകയും (സി)ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്നവ ചേർക്കുകയും ചെയ്യുക.

"(ഡി) സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കാൻ സർവ്വകലാശാലയോടോ സമുചിത അധികാരസ്ഥാപനത്തോടോ ശിപാർശ ചെയ്യുക;

(ഇ) അതിന് യുക്തമെന്നു തോന്നുന്ന മറ്റെന്തെങ്കിലും നടപടികൾ."

മി. സ്പീക്കർ: 277-ാം നമ്പർ ഭേദഗതി 276-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. എ. പ്രദീപ്കുമാറിന്റെ 313-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

313. ഖണ്ഡം 8 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(1)(സി)യുടെ ഇനം (ii) -ൽ "സീറ്റുകളും സംബന്ധിച്ച്" എന്നതിന് പകരം "സീറ്റുകളിലേക്കും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 286-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 262, 321, 334 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 263, 275, 285, 337, 353, 358 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 266, 274, 279, 282, 287, 289, 292, 293, 317, 320, 336, 340, 342, 346, 352 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 272, 276 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 273, 283, 343 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 280, 294, 297, 305, 323, 350 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 288, 322 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 271, 291, 325, 335, 357 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 296, 299, 312, 351 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 269, 308, 319 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 331-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

361. ഖണ്ഡം 9 (എ)-ൽ " നിയന്ത്രണ" എന്നതിന് പകരം " നിർണ്ണയ" എന്ന് ചേർക്കുക.

366. ഖണ്ഡം 9 (ബി) (I)-ൽ- " നിയന്ത്രണ" എന്ന വാക്കിനു പകരം "നിർണ്ണയ" എന്ന വാക്ക് ചേർക്കുക.

368. ഖണ്ഡം 9 (ബി) (ii)-ൽ- " നിയന്ത്രണ" എന്ന വാക്കിനു പകരം "നിർണ്ണയ" എന്ന വാക്ക് ചേർക്കുക.

372. ഖണ്ഡം 9(സി)-ൽ "നിയന്ത്രണ" എന്നതിനുപകരം "നിർണ്ണയ" എന്ന് ചേർക്കുക.

374. ഖണ്ഡം 9(ഡി)-ൽ "നിയന്ത്രണ" എന്നതിനുപകരം "നിർണ്ണയ" എന്ന് ചേർക്കുക.

376. ഖണ്ഡം 9(ഇ)(i)-ൽ "നിയന്ത്രണ" എന്നതിനുപകരം "നിർണ്ണയ" എന്ന് ചേർക്കുക.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

369. ഖണ്ഡം 9 (ബി) (ii)-ൽ- " ആവശ്യപ്പെടാവുന്നതാണ്" എന്ന വാക്കിനു പകരം "ആവശ്യപ്പെടാവുന്നതും അതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളും ചുമത്താവുന്ന ഫീസ് നീതിയുക്തമായി നിശ്ചയിക്കേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

370. ഖണ്ഡം 9 (ബി) (iii) ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

371. ഖണ്ഡം 9 (ബി) (iv) ഒഴിവാക്കുക.

മി. സ്പീക്കർ: ഭേദഗതി ലിസ്റ്റിൽ 360-ാം നമ്പർ ഭേദഗതി എട്ടാം വകുപ്പിന്റെ ഭാഗമായിട്ടാണ് വന്നിട്ടുള്ളത്. അതിൽ തിരുത്തൽ വരുത്തി ഒൻപതാം വകുപ്പിന്റെ ഭാഗമാക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

360. ഖണ്ഡം9 (ഇ) (iii) പ്രകാരം (ബി) ഖണ്ഡമായി പുനരക്ഷരം ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 8(4)(സി)-യിൽ " കൊള്ളലാഭത്തിനുവേണ്ടി" എന്നതിനുപകരം "മറ്റ് ഏതെങ്കിലും പേരിൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

378. ഖണ്ഡം 9 (എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ (5)-ൽ "സ്ഥാപനത്തിന് പറയാനുള്ളത് പറയുവാനുള്ള" എന്ന വാക്കുകൾക്ക് പകരം "സ്ഥാപനത്തിന്റെ വാദങ്ങൾ അവതരിപ്പിക്കുവാനുള്ള" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 9 (എഫ്) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ (5)-ൽ "സ്ഥാപനത്തിന് " എന്നതിനുശേഷം "വിശദീകരണം "എന്ന വാക്ക് ചേർക്കുക.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 9 (ഡി)-ൽ "നിയന്ത്രണ " എന്നതിനുപകരം "നിർണ്ണയ "എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 361, 366, 368, 372, 374, 376 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 370-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 378-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

382. ഖണ്ഡം 10(എ)-ൽ "നിയന്ത്രണ" എന്നതിനുപകരം "നിർണ്ണയ" എന്ന് ചേർക്കുക.

384. ഖണ്ഡം 10(ബി)-ൽ "നിയന്ത്രണ" എന്നതിനുപകരം "നിർണ്ണയ" എന്ന് ചേർക്കുക.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

383. പ്രധാന ആക്ടിലെ 11(1) വകുപ്പിൽ ഇനം (ഇ) ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.
" (ഇ) സ്ഥാപനത്തിന്റെ അദ്ധ്യയന നിലവാരം" ;

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 382, 384 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

(ഭേദഗതിയില്ല)

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

385. പ്രധാന ആക്റ്റിലെ വകുപ്പ് 16(2)-ന്റെ ഇനം (എ)-ൽ "ചെയർപേഴ്സന്റേയും" എന്ന വാക്കിനുപകരം "ചെയർപേഴ്സൺമാരുടെയും" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: 386-ാം നമ്പർ ഭേദഗതി 385-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി

സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

(ഭേദഗതിയില്ല)

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

(ഭേദഗതിയില്ല)

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

101. പീഠികയിൽ "ഭേദഗതി" എന്ന വാക്കിനു മുമ്പായി "വീണ്ടും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

105. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നത് "അനുയോജ്യമായിരിക്കുകയാൽ" എന്ന് മാറ്റുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

106. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ഉചിതമായതിനാൽ" എന്ന് ചേർക്കുക.

109. തത്വ പ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്നതിന് പകരം "ഇനി പറയും" എന്ന് ചേർക്കുക.

111. ഖണ്ഡം 1(1) താഴെപ്പറയും പ്രകാരം മാറ്റുക

" (1) ഈ നിയമത്തിന് 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി നിയമം എന്ന് പേര് പറയാം."

112. ഖണ്ഡം 1(1)-ന് ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നത് പുനരക്കം ചെയ്യുക:

"(2) ഇതിന് കേരള സംസ്ഥാനത്ത് ഒട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്."

ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

107. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിനുപകരം "ആവശ്യമായിരിക്കയാൽ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

114. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: 102-ാം നമ്പർ ഭേദഗതി 103-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 102-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ശ്രീ. പി. സി. ജോർജ് 102-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല. ഞാൻ സഭയിലുള്ളപ്പോൾ എന്റെ ഭേദഗതിയല്ലേ സ്വീകരിക്കേണ്ടത്?

മി. സ്പീക്കർ: 103-ാം നമ്പർ ഭേദഗതി 102-ാം നമ്പർ ഭേദഗതിക്ക് തുല്യമാണെന്ന് പറഞ്ഞപ്പോൾ അങ്ങ് ഭേദഗതി മൂവ് ചെയ്തില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: അങ്ങല്ലേ അത് തുല്യമാണോയെന്ന് നോക്കേണ്ടത്?

മി. സ്പീക്കർ: 103-ാം നമ്പർ ഭേദഗതി താങ്കൾക്ക് മൂവ് ചെയ്യാവുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

103. പീഠികയിൽ "ഭേദഗതി" എന്ന വാക്കിനു മുമ്പായി " ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി" എന്നീ വാക്കുകൾ ചേർക്കുക.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സഭ അംഗീകരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 101-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 106, 109,111, 112 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ പ്രവേശനവും അതോടൊപ്പം ഫീസ് നിശ്ചയിക്കുന്നതിനും എസ്.സി./എസ്.ടി., ഒ.ബി.സി. എന്നീ വിഭാഗങ്ങൾക്ക് സീറ്റ് റിസർവ് ചെയ്യുന്നതിനുംവേണ്ടി നിയമസഭ പാസ്സാക്കിയ നിയമം കോടതിയിൽ ചോദ്യം ചെയ്തപ്പോൾ ചെറിയൊരു ഭേദഗതി മാത്രമാണ് ഇപ്പോൾ കൊണ്ടുവരുന്നത്. ഒരു കമ്മിറ്റിക്കുപകരം രണ്ട് കമ്മിറ്റി വേണം, ക്വാറം നിശ്ചയിക്കണം ഇതാണ് ബില്ലിന്റെ യഥാർത്ഥ രൂപം. രണ്ട് കാര്യങ്ങളാണ് എനിക്ക് പറയാനുള്ളത്; ഒന്ന് കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസത്തെ കൂടുതൽ ശക്തിപ്പെടുത്തണം. നീറ്റ് വന്നതോടുകൂടി ഇതിനൊരു ഏകീകൃത സ്വഭാവം ഇന്ത്യയിലൊട്ടാകെ ഉണ്ടായിരിക്കുകയാണ്. അതുപോലെ ഗുണനിലവാരം മെച്ചപ്പെടുത്തണം. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് പ്രധാന പ്രശ്നം. മെഡിക്കൽ വിദ്യാഭ്യാസത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. എം.സി.ഐ.(മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ)-യുടെ അംഗീകാരത്തിനുവേണ്ടി മാത്രം ടീച്ചേഴ്സിനെ ട്രാൻസ്ഫർ ചെയ്ത് താത്കാലിക അംഗീകാരം നേടുന്ന പ്രവണത ഇപ്പോഴും സ്വാശ്രയ മെഡിക്കൽ കോളേജിലും ഗവൺമെന്റ് മെഡിക്കൽ കോളേജിലും നിലവിലുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തി അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്വാളിറ്റി എഡ്യൂക്കേഷൻ ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണം. എന്നാൽ മാത്രമേ ഇന്നത്തെ സാഹചര്യത്തിൽ ഡോക്ടർമാർക്ക് കോമ്പീറ്റ് ചെയ്യാനും രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യം കൊടുക്കാനും ഉന്നതപഠനത്തിനുള്ള അവസരം മെഡിക്കൽ വിദ്യാർത്ഥികൾക്കുണ്ടാവുകയുമുള്ളൂവെന്നതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ബിൽ പൊതുവേ സ്വാഗതാർഹമാണ്. ഇത് കോടതി നിർദ്ദേശിച്ചതനുസരിച്ച് വന്നിട്ടുള്ള ബില്ലാണ്.

മി. സ്പീക്കർ: 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ 14-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.10-ന് പിരിഞ്ഞു.)